PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1952

Monday, the 7th July, 1952

Vol. VI **OFFICIAL REPORT** **No. 7**

The Assembly met in the Assembly Chamber, Trivandrum at Eleven of the Clock on Monday, the 7th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

Sriee Pandaravaka Lands.

* 342. [1] **Shri P. S. Nataraja Pillai:** Will the Minister for Revenue be pleased to state:

(*a*) the area of wet lands in the Thovala taluk which are classified as Sri Pandaravaka lands (Maniamkaram lands);

(*b*) the tax realised per acre from these lands in paddy and money;

(*c*) the tax per acre imposed on other wet lands in this taluk; and

(*d*) the reasons for imposing different rates of tax on wet lands in the same taluk?

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) 484 acres 91 cents 132 1|2 sq. links.

(*b*) There is no tax realised by Government from this type of land. The average rate realised per acre is approximately two kottas and it depends largely on the tenure of the lands concerned.

(*c*) Rs. 1-9-0.

(*d*) Basic tax is not imposed on Sree Pandaravaka lands as they belong to the Sree Padmanabhaswami Temple which have been exempted from taxation under the basic tax Proclamation.

Shri P. S. Nataraja Pillai: May I know whether the amount now realised from Sree Pandaravaka land by the Revenue Department under the powers of the Revenue Recovery Regulation is tax or rent?

യാതനക്കാർ.

* ൩൪൩. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ വിഭാഗത്തെ സ്റ്റേറ്റകോൺഗ്രസ്സ് പ്രക്ഷോഭണത്തിന്റെ ഫലമായി മരിച്ചവരും അംഗഭംഗം ഭവിച്ചവരും മുറിവേററവരും എത്ര;

(ബി) ഇവരുടെ പേരുകൾ എന്തെല്ലാം;

(സി) അവർക്കോ അവരുടെ ബന്ധുക്കൾക്കോ ഭൂമി പതിച്ചുകൊടുക്കുകയോ മറെറന്തെങ്കിലും സഹായം ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആർക്കെല്ലാം?

ரெவன்யூ இலாகா மந்திரி (ஸ்ரீ. எ. சிதம்பரநாத நாடார்):

(எ) இறந்தவர்கள்—22.
அங்க ஹீனமானவர்கள்—28.
காயம் ஏற்பட்டவர்கள்—54.

(பி, ஸி, டி) விவரங்கள் அடங்கிய ஒரு ஸ்டேட்மென்ட் மேசை மேல் வைக்கப்பட்டிருக்கின்றது. †

ശ്രീ. ആർ. ഗംഗാധരൻ: മേശപ്പുറത്തു വച്ചിരിക്കുന്ന ഉത്തരം പെട്ടെന്ന് നോക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഉപചോദ്യങ്ങൾ ചോദിക്കാൻ സാധിക്കുന്നില്ലായെന്നുള്ളത് അറിയാമോ?

Mr. Speaker: When a statement is asked for in reply to a question of the kind put by the hon. Member, he must surely anticipate a long statement. The information obtained therefrom may be utilised on a future occasion to put further questions on the matter.

ശ്രീ. ആർ. ഗംഗാധരൻ: സ്റ്റേറ്റകോൺഗ്രസ്സ് പ്രക്ഷോഭണകാലത്തു കൊല്ലം ലാക്കപ്പിൽകിടന്നു മരിച്ച ഒരു പാണ്ടിയൻനാടാന്റെ കുടുംബാംഗങ്ങൾക്ക് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ?

Shri A. Chidambaranatha Nadar: I claim notice.

ശ്രീ. പി. വി. അവിരാത്തരകൻ: യാതനക്കാർക്ക് ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടെന്നു കേട്ടു. യാതനയുടെ മാനദണ്ഡം എന്താണെന്നു പറയാമോ?

Shri A. Chidambaranatha Nadar: It is a vague one.

ശ്രീ. പി. വി. അവിരാത്തരകൻ: കോൺഗ്രസ്സിനെ ഒററുകൊടുക്കുക എന്നുള്ളതു യാതനയാകുമോ?

Mr. Speaker: It is hypothetical.

ശ്രീ. കെ. ജെ. താമസ്സ്: കോൺഗ്രസ്സ് പ്രക്ഷോഭണകാലത്ത് കോൺഗ്രസ്സ് സംഘടനക്ക് എതിരായി പ്രവർത്തിച്ചിട്ടുള്ളവരുടെപേരിൽ യാതനക്കുവേണ്ടി ഭൂമി പതിച്ചുകൊടുത്തിട്ടില്ലേ?

---

† See Appendix I.

ஸ்ரீ. ஏ. சிதம்பரநாத நாடார்: அதற்கு, விசாரித்துத் தான் பதில் சொல்ல முடியும்.

ശ്രീ. കെ. ജെ. താമസ്: കാൺഗ്രസ്സിൽചേൎന്ന് പ്രവൎത്തിക്കുകയും എന്നാൽ ഈ ഇടക്കാലത്ത് കാലുമാറുകയും ചെയ്തവൎക്ക് ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ?

Shri A. Chidambaranatha Nadar: I claim notice.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: യാതനകളുടെ പേരിൽ ആൎക്കെങ്കിലും ഭൂമി പതിച്ചുകൊടുത്തിട്ടില്ലെങ്കിൽ അവയെ തിരിച്ചെടുക്കാൻ സാധിക്കയില്ലേ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: இனிமேலால் யாதனை என்ற பெயரால் யாருக்கும் பூமி பதித்துக் கொடுப்பதில்லை என்று சர்க்கார் தீர்மானித்திருப்பதை இந்த சபையில் நான் தெரிவித்துக்கொள்ள ஆசைப்படுகிறேன்.

ശ്രീ. എ. കുഞ്ഞൻനാടാർ: യാതനക്കാൎക്ക് പതിച്ചുകൊടുത്തിട്ടുള്ള കുളങ്ങളെ തിരിച്ചെടുത്തിട്ട് പകരം നല്ല ഭൂമി പതിച്ചുകൊടുക്കാൻ പോകുന്നു എന്ന് കേൾക്കുന്നതു ശരിയാണോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அதற்கு திடமென்று ஒரு விடை சொல்வதற்கு இப்போது முடியாது.

ശ്രീ. ടി. വി. താമസ്: കൊടുക്കാനുള്ളവൎക്കെല്ലാം കൊടുത്തതിനു ശേഷമാണോ മന്ത്രി ഇനി ആൎക്കും ഭൂമി പതിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നില്ലായെന്നു പറയുന്നതു്?

(ഉത്തരമില്ല)

വില്ലേജുറോഡു്.

* ൩൪൪. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കത്തു കാക്കോട്ടുനിന്നും ഇറങ്ങുന്ന കടവിലേയ്ക്കു് ഒരു വില്ലേജുറോഡു് വെട്ടിയിട്ടുണ്ടോ;

(ബി) റോഡുപണി പൂൎത്തിയായതു് എന്നു്;

(സി) റോഡിനു് എത്ര രൂപാ ചെലവായി;

(ഡി) പ്രസ്തുത റോഡു്, റയിൽവെലൈൻ കടക്കുന്നിടത്തു ലെവൽ ക്രാസിംഗ് സ്ഥാപിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം എന്തു്;

(എഫ്) ലെവൽക്രാസിംഗ് സ്ഥാപിച്ചു കിട്ടണമെന്നു കാണിച്ചു് സ്ഥലനിവാസികളുടെ പരാതി കിട്ടിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ:)

(എ) ചാവടി ഇറങ്ങുതടവു റോഡു് ആണെങ്കിൽ ആ റോഡു് വെട്ടിയിട്ടുണ്ടു്.

(ബി) ൧൧൨൩-ൽ അതിന്റെ പണി പൂർത്തിയായി.
(സി) ൧൧, ൯വ്യ്വ രൂപ ആകെ ചെലവായി.
(ഡി) ഇല്ല.
(ഇ) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.
(എഫ്) ഉണ്ട്.

ഗ്രാമോദ്ധാരണ സഹകരണസംഘങ്ങൾ.

*൩൪൫. [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇവിടെ എത്ര ഗ്രാമോദ്ധാരണ സഹകരണസംഘങ്ങൾ ഉണ്ട്;
(ബി) ഏതെല്ലാം സ്ഥലങ്ങളിൽ;
(സി) ഓരോന്നിനും എത്ര രൂപവീതം ഗ്രാൻറ കൊടുക്കുന്നു;
(ഡി) സംഘങ്ങളുടെ ഉദ്ദേശം എന്തു്;
(ഇ) ഓരോ സംഘവും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ:)
(എ) ൧൦.
(ബി), (സി), (ഡി), (ഇ) ഇവയുടെ ഉത്തരങ്ങളെ സംബന്ധിച്ചുള്ള † പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഈ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നില്ലായെന്നുള്ളതിനെപ്പററി പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ അല്ലെന്നു കാണിച്ച് പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ആ പരാതികളിന്മേൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ: നടപടി നടത്താതിരിക്കാനുള്ള കാരണം എന്താണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവയെപ്പററി അന്വേഷണങ്ങൾ നടത്തിവരുന്നതേയുള്ളു.

ശ്രീ. കൊച്ചുകുഞ്ഞു്: മേൽപറഞ്ഞ സംഘങ്ങളുടെ പേരിൽ പല ഒളിച്ചുകളികളും നടന്നുവരുന്നതായിട്ട് അറിയാമോ?

Mr. Speaker: What exactly, it is cannot be answered.

ശ്രീ. കൊച്ചുകുഞ്ഞു്: സംഘത്തിന്റെ ആവശ്യത്തിലേക്കുവേണ്ടിയാണെന്നുപറഞ്ഞു് പതിപ്പിച്ചിട്ടുള്ള ഭൂമി മററ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതായിട്ടു അറിയാമോ?

---

† See Appendix II.

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ.

ശ്രീ. കൊച്ചുകുഞ്ഞു്: ഗ്രാമോദ്ധാരണത്തിന്റെ പേരിൽ ഋണമുണ്ടാകുന്നതു് അതർഹിക്കാത്തവർക്കു് ആണെന്നുള്ളതു ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഗവണ്മെന്റിനു ബോദ്ധ്യമായിട്ടില്ല.

ശ്രീ. കെ. ജെ. താമസ്: മേൽ പറഞ്ഞ ഏതെങ്കിലും സംഘത്തിനു കൃഷിക്കുവേണ്ടി കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭൂമി പതിച്ചു കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ ചോദ്യത്തിനു ഉത്തരം പറയണമെങ്കിൽ നോട്ടീസ് വേണം.

ശ്രീ. ഈ. കൃഷ്ണൻനായർ: ഗ്രാമോദ്ധാരണസംഘങ്ങൾവഴി അഭിവൃദ്ധിപ്പെട്ടുവരുന്ന കുടിൽവ്യവസായങ്ങൾ എന്തെല്ലാമാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു് വേറൊരു ചോദ്യമായി ചോദിച്ചാൽ ഉത്തരം ശേഖരിച്ചു് നൽകാം.

Dispensary.

※ 346. [5] **Shri K. Madhavan Unnithan:** † Will the Minister for Medicine be pleased to state:

(*a*) when the Government have received representations from the public of Thumpamon in Pandalam Thekkekara Pakuthi, Mavelikara for the establishment of a dispensary at Thumpamon; and

(*b*) whether the public had offered to donate a share of the building cost?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) No.

(*b*) Does not arise.

Viswakarma Community.

※ 347. [6] **Dr. M. Sivaraman Nair:** Will the Minister for Local Self Government be pleased to state:

(*a*) whether the Tamil Viswakarma Community in the State who live in large numbers at Chengannur is included in the Backward Community list; and

(*b*) if so, what relief regarding education, appointment etc., was given to them till now?

Minister for Local Self Government **(Shri K. Kochukuttan):**

(*a*) Viswakarma Community is included under List III "Other Backward Communities."

† As the Member was absent, this question was put by Shri J. T. Moraes, with the permission of the Chair.

(*b*) Students belonging to this community are given the following concessions:—

(1) Full fee concession on production of the required poverty certificate;

(2) Exemption from payment of miscellaneous fees to those who are entitled to full fee concession; and

(3) a guarantee that Government would make good any loss up to the limit of caution money in the case of college students. Regarding reservation of appointments or posts, the matter is under the consideration of Government.

ഡാക്ടർ എം. ശിവരാമൻനായർ : എന്റെ ചോദ്യം തമിഴ് വിശ്വകർമ്മ സമുദായത്തെപ്പററിയാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ : തമിഴ് വിശ്വകർമ്മ സമുദായമെന്നും, മലയാളവിശ്വകർമ്മ സമുദായമെന്നും രണ്ടായി പരിഗണിച്ചിട്ടില്ല.

Chengannur Dispensary.

⁂ **348 [7] Dr. M. Sivaraman Nair :** Will the Minister for Medicine and Public Health be pleased to state whether it is a fact that the present equipment and personnel in the Government Dispensary, Chengannur, are totally inadequate ?

Minister for Medicine and Public Health **(Shri V. Madhavan) :** No.

ഡാക്ടർ എം. ശിവരാമൻ നായർ : ചെങ്ങന്നൂർ ഗവണ്മെൻറ ആശുപത്രിയിൽ സ്റ്റാഫും മററ ഉപകരണങ്ങളും യഥാർത്ഥത്തിൽ കുറവായതു കൊണ്ട് അവയെ പരിഹരിക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ ;

ശ്രീ. വി. മാധവൻ : ഒരു ആശുപത്രിക്ക് ആവശ്യമുള്ള സകലതും അവിടെ ഉണ്ടെന്നാണ് എനിക്കു അറിയാൻ കഴിഞ്ഞിട്ടുള്ളതു്. ഇനിയും കൂടുതൽ എന്തെങ്കിലും ആവശ്യമുള്ളതായി മെംബർക്ക് തോന്നുന്നുവെങ്കിൽ അതു് മറെറാരു ചോദ്യം മുഖാന്തരം ചോദിക്കാവുന്നതാണ്.

മെഡിക്കൽകാളേജു പ്രിൻസിപ്പാൾ.

⁂ ൩൪൯ [൮] ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കാളേജിലേയ്ക്കു ഒരു പുതിയ പ്രിൻസിപ്പാളിനെ നിയമിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന്റെ ശമ്പളവ്യവസ്ഥകൾ എന്തെല്ലാം ;

(സി) അദ്ദേഹത്തിന്റെ നിയമനം എന്നുമുതലാണ് നടപ്പിൽ വരുന്നതു്?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ) : (എ) മെഡിക്കൽ കാളേജിലേയ്ക്കു ഒരു പുതിയ പ്രിൻസിപ്പാളിനെ നിയമിക്കാൻ ആലോചനയുണ്ട്.

(ബി) അദ്ദേഹത്തിന്റെ ശമ്പളവും അലവൻസും മററും ലോകാരോഗ്യ സംഘടനയിൽനിന്നും കൊടുക്കുന്നതാണ്.

(സി) നിയമനത്തെ സംബന്ധിച്ചിടത്തോളവും, എന്നുമുതല്ക്കാണ് നടപ്പിൽ വരുന്നത് എന്നുള്ള കാര്യത്തെപ്പററിയും വ്യക്തമായി പറയാറായിട്ടില്ല.

ശ്രീ. ടി. എ. മജീദ്: ഈ സംസ്ഥാനത്തുനിന്നും അദ്ദേഹത്തിനു എന്തെങ്കിലും പ്രതിഫലം വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ശമ്പളമായിട്ടൊന്നും വേണമെന്നു ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. ടി. എ. മജീദ്: പിന്നെ എന്താണ് ആവശ്യപ്പെട്ടിട്ടുള്ളത്?

ശ്രീ. വി. മാധവൻ: അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ താമസസ്ഥലം, കാറ്, പ്യൂൺസ് മുതലായവ കൊടുക്കേണ്ടിവരും.

ശ്രീ. ടി. എ. മജീദ്: നിയമനകാര്യത്തെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നുവെന്നു പറഞ്ഞു. എന്നാൽ അതിലേയ്ക്കു വല്ല നടപടികളും എടുക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ: നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: ഈ ഗവണ്മെൻറ് ആവശ്യപ്പെട്ടതനുസരിച്ചാണോ അദ്ദേഹത്തെ അയയ്ക്കുന്നത്?

ശ്രീ. വി. മാധവൻ: അതെ.

ശ്രീ. എ. താണുപിള്ള: അദ്ദേഹത്തെ നിയമിക്കുന്നതു ഈ ഗവണ്മെൻറാണോ, ലോകാരോഗ്യ സംഘടനയിൽനിന്നാണോ?

ശ്രീ. വി. മാധവൻ: ഈ ഗവണ്മെൻറുതന്നെയാണു നിയമിക്കുന്നത്. ഈ ഗവണ്മെൻറിൻെറ ആവശ്യപ്രകാരം ഇൻഡ്യാ ഗവണ്മെൻറു ലോകാരോഗ്യ സംഘടനയോടു ആവശ്യപ്പെട്ടതിൻപ്രകാരമാണ് അദ്ദേഹത്തെ അയയ്ക്കുന്നത്.

ശ്രീ. എ. താണുപിള്ള: അദ്ദേഹത്തെ സംബന്ധിച്ചിടത്തോളവും മററു സർവീസിലുള്ള ഉദ്യോഗസ്ഥന്മാരുടെ മേലുള്ള പരിപൂർണ്ണമായ നിയന്ത്രണാധികാരം ഈ ഗവണ്മെൻറിനുണ്ടായിരിക്കുമോ?

ശ്രീ. വി. മാധവൻ: ഈ ഗവണ്മെൻറിൻെറ ഉദ്യോഗസ്ഥനായിരിക്കുന്നിടത്തോളം കാലം നിയന്ത്രണാധികാരമുണ്ടായിരിക്കും.

Shri R. Kesava Pillai: Was there any qualified applicant from this State?

ശ്രീ. വി. മാധവൻ: അതിനെപ്പററി നോക്കിയിട്ടേ പറയാൻ സാധിക്കുകയുള്ളു. ഈ ഗവണ്മെൻറു പ്രസിദ്ധനായിട്ടുള്ള ഒരാളെ, പുതുതായി മെഡിക്കൽകാളേജു തുടങ്ങുന്ന സ്ഥിതിക്ക്, പ്രിൻസിപ്പാളായി നിയമിക്കണമെന്ന് ഉദ്ദേശിച്ചു. അതനുസരിച്ചാണ് ഇൻഡ്യാഗവണ്മെൻറു മുഖാന്തിരം ലോകാരോഗ്യസംഘടനയിലേക്കു എഴുതിയത്.

ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററി: അദ്ദേഹത്തിൻെറ ഉത്തരവാദിത്വം ഈ ഗവണ്മെൻറിനോടാണോ, ലോകാരോഗ്യസംഘടനയോടാണോ എന്നു പറയാമോ?

Mr. Speaker : That has already been answered. As long as he is the Principal of the College, he will be under the control of this Government.

ശ്രീ. കെ. സി. നൈനാൻ : അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകൾ എന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. വി. മാധവൻ : അദ്ദേഹത്തിനു പരീക്ഷായോഗ്യതകൾ വളരെയുണ്ടു്. പല ഉയർന്ന പരീക്ഷകളും അദ്ദേഹം ജയിച്ചിട്ടുണ്ടു്. വൈദ്യസംബന്ധമായ പല ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. റിസർച്ചുകൾ നടത്തീട്ടുണ്ടു്. ഈ നിലയിൽ എല്ലാവിധത്തിലും അദ്ദേഹം പ്രഖ്യാതനാണു്.

ശ്രീ. കെ. സി. നൈനാൻ : ഇപ്പോൾ അദ്ദേഹത്തിനു ജോലി എന്താണെന്നു പറയാമോ ?

ശ്രീ. വി. മാധവൻ : അതു നോക്കിയിട്ടേ പറയാനൊക്കുകയുള്ളു.

ശ്രീ. കെ. സി. നൈനാൻ : അദ്ദേഹത്തിനു ഇപ്പോൾ എത്ര വയസ്സുപ്രായമുണ്ടെന്നു പറയാമോ ?

ശ്രീ. വി. മാധവൻ : അൻപത്തിരണ്ടു വയസ്സുപ്രായമുണ്ടെന്നാണറിയുന്നതു്.

ശ്രീ. കൊച്ചുകുഞ്ഞു് : അദ്ദേഹത്തിനെ നേരിട്ടു മന്ത്രിക്കറിയാമോ?

ശ്രീ. വി. മാധവൻ : നേരിട്ടു കണ്ടിട്ടില്ല. അദ്ദേഹം ഈ നാട്ടുകാരനല്ല, ഒരു യൂറോപ്യനാണു്.

തഴവാ മുസ്ലീംപള്ളി.

* നം. ൭൦. [ൻ] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) അനേകവർഷങ്ങളായി പ്രാർത്ഥന നടന്നുവരുന്ന തഴവാ മുസ്ലീംപള്ളിയിൽ വെള്ളിയാഴ്ച 'ജുമ' ആ പ്രാർത്ഥന നടത്താൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ടു് ഒരു അപേക്ഷ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) അപേക്ഷ ലഭിച്ചിട്ടു് എത്ര വർഷമായി;

(സി) ആ അപേക്ഷയിന്മേൽ എന്തു നടപടി നടത്തി ;

(ഡി) വകുപ്പുമന്ത്രി ഇതുവരെയായും ഇതു സംബന്ധിച്ചു് ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ടു്. ഇപ്പോൾ നിലവിലിരിക്കുന്ന ഒരു തയ്ക്കാവു ഒരു മുസ്ലീംപള്ളിയായി ഉയർത്തുന്നതിനും, അതോടനുബന്ധിച്ചു് ഒരു ശവക്കോട്ട പണിയുന്നതിനും അനുവദിക്കണമെന്നുകാണിച്ചു് ഒരു അപേക്ഷ കിട്ടിയിട്ടുണ്ടു്.

(ബി) ഒരുവർഷത്തോളമായി.

(സി) അപേക്ഷ നിരസിച്ചു.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ററി. എ. മജീദ് : നിരസിച്ചതിനു് കാരണമെന്താണെന്നു് പറയാമോ ?

ശ്രീ. വി. മാധവൻ: അനുവദിക്കേണ്ടതല്ലെന്നു് ഗവണ്മെൻറിനു് ബോദ്ധ്യംവന്നതുകൊണ്ടാണു് നിരസിച്ചതു്. അവിടെയുള്ള മുസ്ലീങ്ങൾ തന്നെ രണ്ടു കക്ഷികളായി തിരിഞ്ഞു എതിർപ്പുകൾ ഉണ്ടാക്കിയിട്ടുണ്ടു്. കൂടാതെ മററു പലരുടെയും എതിർപ്പുകൾ ഉണ്ടു്. സമാധാനലംഘനമുണ്ടാകുമെന്നുംമററും റിപ്പോർട്ടുകളും നിവേദനങ്ങളും ഗവണ്മെൻറിനു ലഭിച്ചതുകൊണ്ടാണു് നിരസിച്ചതു്.

ശ്രീ. ടി. എ. മജീദ്: സമാധാനലംഘനം ഉണ്ടാകുമ്പോൾ അതിനെ തടയുന്നതിനു് ഇവിടെ ഒരു പോലീസു വകുപ്പില്ലേ?

ശ്രീ. വി. മാധവൻ: ഉണ്ടു്. പോലീസിനു കഴിയുമോ എന്നുള്ളതല്ല പ്രശ്നം.

ശ്രീ. ടി. എ. മജീദ്: പ്രാർത്ഥനാസ്വാതന്ത്ര്യം, അനുവദിക്കുന്നതിനു് ഭരണഘടനയിൽ വ്യവസ്ഥയുള്ളതായി അറിയാമോ?

ശ്രീ. വി. മാധവൻ: നിരുപാധികമായി വ്യവസ്ഥയില്ല.

ശ്രീ. ഒ. സി. നൈനാൻ: ഏതിനോടനുബന്ധിച്ചാണു് അനുവാദം കൊടുക്കുന്നതു്?

ശ്രീ. വി. മാധവൻ: മുൻപു തിരുവിതാംകൂറിൽ അതിനൊരു വിളംബരമുണ്ടായിരുന്നു. ഇപ്പോൾ കാൺസ്റ്റിറ്റ്യൂഷൻ വന്നതിനുശേഷം ആ നിയമത്തിനു വളരെ അയവുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ: പീനൽകോഡിൽ പരസ്യാരാധനയ്ക്കുണ്ടായിരുന്ന വ്യവസ്ഥകൾ നീക്കിക്കളഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. വി. മാധവൻ: ഇപ്പോൾ തിരുവിതാംകൂർ പീനൽകോഡല്ല നടപ്പിലിരിക്കുന്നതു്. ഇൻഡ്യൻ പീനൽകോഡാണു്. ഇൻഡ്യൻ പീനൽകോഡിൽ വ്യവസ്ഥ ഒന്നുമില്ല.

ശ്രീ. ഒ. സി. നൈനാൻ: ഗവണ്മെൻറു പിന്നെ എന്തുനിയമം അനുസരിച്ചാണു് അനുവാദം കൊടുക്കുന്നതു്?

ശ്രീ. വി. മാധവൻ: ആവശ്യപ്പെടുന്നതനുസരിച്ചു് പബ്ലിക്കു് ആർഡറിനു വിഷമമില്ലാത്ത തരത്തിൽ കൊടുക്കും.

ശ്രീ. കാമ്പിശേരിൽ കരുണാകരൻ: ഇൻസ്പെക്ടർജനറൽ ആഫ് പോലീസും കൊല്ലം ഡിസ്ട്രിക്ട് കളക്ടരും ഇതനുവദിച്ചുകൊടുക്കേണ്ടതാണെന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഡിസ്ട്രിക്ട് കളക്ടർ അനുവദിക്കാൻ പാടില്ലെന്നാണു് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. ഐ. ജി. എതിരുണ്ടെന്നും എന്നാൽ ഗവണ്മെൻറു അനുവാദം കൊടുക്കുന്നപക്ഷം സമാധാനലംഘനം ഉണ്ടാകാതെ നോക്കാമെന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ടു്.

ശ്രീ. ടി. എ. മജീദ്: അങ്ങനെയൊരു ഉറപ്പു കിട്ടിയതിനുശേഷമാണോ നിഷേധിച്ചിട്ടുള്ളതു്.

Mr. Speaker: Next question, please.

പഞ്ചായത്തു തെരഞ്ഞെടുപ്പു്.

* നം ൭ ൧. [൧ ൦] ശ്രീ. ടി. എ. മജീദ്: താഴെപറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പുതിയ പഞ്ചായത്തു തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള ജോലികൾക്കായി സ്പെഷ്യൽസ്റ്റാഫിനെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) മുനിസിപ്പാലിററികളിൽ വാർഡുകൾ പുനർവിഭജനം ചെയ്യുന്നതു സംബന്ധിച്ചുള്ള ജോലികൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നു പറയാമോ ;

(സി) വാർഡു തിരിച്ചുള്ള വോട്ടറന്മാരുടെ പട്ടിക എപ്പോൾ പ്രസിദ്ധപ്പെടുത്താൻ കഴിയും ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇല്ല.
(ബി) ജോലികൾ ആരംഭിച്ചിട്ടില്ല.
(സി) ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ് : ഇതൊന്നും ചെയ്യാതെ ഈ വർഷംതന്നെ തെരഞ്ഞെടുപ്പു നടത്താൻ സാധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതെല്ലാം ചെയ്തിട്ട് ഈ വർഷംതന്നെ തെരഞ്ഞെടുപ്പു നടത്താനാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്.

ശ്രീ. എൻ. രാജഗോപാലൻനായർ : ഈ ജോലികൾക്ക് നിയമിക്കുന്നതിനായി നാലുപേരെ ഇൻറർവ്യൂ നടത്തിയിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ജോലിക്കായിട്ടല്ല ഇൻറർവ്യൂ നടത്തിയതു്.

ശ്രീ. എൻ. രാജഗോപാലൻനായർ : അവരെ എവിടെയെങ്കിലും നിയമിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിയമിച്ചിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : പൊതു തെരഞ്ഞെടുപ്പിൻെറ വോട്ടേഴ്സ് ലിസ്റ്റാണ് ഇതിനും സ്വീകരിക്കുന്നതെങ്കിൽ അതനുസരിച്ചല്ലേ വാർഡു വിഭജിക്കേണ്ടതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വാർഡിൻെറ കാര്യം പറഞ്ഞിട്ടുള്ളതു് പഞ്ചായത്തിൻേറതല്ല, മുനിസിപ്പാലിററിയുടേതാണ്.

ശ്രീ. എൻ. രാജഗോപാലൻനായർ : പൊതുതെരഞ്ഞെടുപ്പിൻെറ വോട്ടേഴ്സ ലിസ്ററാണ് സ്വീകരിക്കുന്നതെങ്കിൽ അതനുസരിച്ചല്ലേ ഇതിനു വാർഡുകൾ തിരിക്കേണ്ടതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വാർഡുകൾ പുനർവിഭജനം ചെയ്യേണ്ടിവരും.

ശ്രീ. എൻ. രാജഗോപാലൻനായർ : അതിലേക്കൊരു സ്പെഷ്യൽ സ്റ്റാഫിനെ നിയമിക്കുന്നതു് നല്ലതല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ ; സ്റ്റാഫ് ആവശ്യമുണ്ടെങ്കിൽ നിയമിക്കും. വാർഡു് വിഭജിക്കുന്നതിനും മററും ആവശ്യമായ നിയമ നിർമ്മാണം വേണം. അതിലേക്കു ബിൽ അവതരിപ്പിച്ചിട്ടുണ്ട്.

അണ്ടൂർക്കോണം ഡിസ്പെൻസറി.

*൩൭൨. [൧൧] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഇപ്പോൾ അണ്ടൂർക്കോണത്തു സ്ഥാപിച്ചിരിക്കുന്ന ഗവണ്മെൻറു ഡിസ്പെൻസറിയെ ഒരു മേജർ ആശുപത്രിയാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാരിൽനിന്നും വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി. ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. വി. ശ്രീധരൻ: ആ ആശുപത്രിയിൽ വേണ്ടത്ര കിടക്കകൾ ഇല്ലെന്ന് ഗവണ്മെൻറിനറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

കുടിയിറക്കു നിരോധനം.

*൩൭൩. [൧൨] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴക്കൂട്ടത്തു കാര്യവട്ടം എന്ന സ്ഥലത്തു അധഃകൃതസമുദായത്തിൽപ്പെട്ട ൨൧ കർഷകത്തൊഴിലാളികുടുംബങ്ങളെ ഒരു മാധവൻപിള്ള പോലീസിൻെറ സഹായത്തോടുകൂടി കുടിയിറക്കിയതായി ഗവണ്മെൻറിനു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഈ കുടിയിറക്കു തടയുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாதநாடார்):

(ஏ) கழக்கூட்டம் பகுதியில் காரியவட்டம் என்ற இடத்தில் தாழ்த்தப்பட்ட வகுப்பில் உள்ள 21 கர்ஷகத் தொழிலாளி குடும்பங்களை ஒரு மாதவன் பிள்ளை என்பவர் போலீஸின் உதவியுடன் குடியிறக்கியதாக சர்க்காருக்கு பாரதி கிடைத்ததுண்டு.

(பி) இந்த குடியிறக்கை தடை செய்வதற்கு சர்க்கார் வேண்டிய நடவடிக்கைகள் எடுத்ததுண்டு. 14–6–52–ல் மந்திரி ஸ்ரீமான் கொச்சுகுட்டன் அவர்களும், நானுமாக ஸ்தலத்திற்கு சென்று அவர்களுக்கு அடுத்த பகுதியில் மூன்று ஏக்கர் ஸ்தலம் கொடுத்து வீடுகள் கட்டுவதற்கு வேண்டிய நடவடிக்கைகளும் எடுத்ததுண்டு.

ശ്രീ. വി. ശ്രീധരൻ: ഈ കാർഷികതൊഴിലാളികളുടെ പേരിൽ പോലീസ് ഒന്നുരണ്ടു കേസുകൾ ചാർജുചെയ്തിട്ടുള്ളതായി അറിയാമോ?

Mr. Speaker: That does not arise from this question.

ശ്രീ. എൻ. രാജഗോപാലൻനായർ: ഒരു കോടതിവിധി കൂടാതെ ഇത്തരം കാര്യങ്ങളിൽ പോലീസ് ഇടപെടുന്നതു ശരിയാണോ?

Shri A. Chidambaranatha Nadar: It is a matter of opinion.

ശ്രീ. എൻ. രാജഗോപാലൻനായർ: അനധികൃതമായിട്ട് ആരെങ്കിലും സ്ഥലം കൈവശപ്പെടുത്തി വച്ചിട്ടുണ്ടെങ്കിൽ അതിന് ഈ നാട്ടിൽ നിയമമില്ലേ? പോലീസ് ഇടപെടുന്നതു തെററല്ലേ?

Shri A. Chidambaranatha Nadar: Yes.

ശ്രീ. എം. ഗോപാലൻനായർ: വസ്തുവിൽ അഴിമതി നടത്തുന്നതിനും കോടതിമുഖേന വിധിസമ്പാദിക്കാമെന്ന് അറിയാമോ?

Shri A. Chidambaranatha Nadar: I know that.

ശ്രീ. എം. ഗോപാലൻനായർ: പിന്നെ പോലീസുകാർ എങ്ങനെയാണ് ഇടപെടുന്നത്?

Shri A. Chidambaranatha Nadar: Because it is a cognizable offence; that is all.

മുനിസിപ്പാലിററി തെരഞ്ഞെടുപ്പ്.

**൩൭൪. [൧൩] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) തിരുവിതാംകൂർ-കൊച്ചിയിലെ മുൻസിപ്പാലിററികളിലെ അടുത്ത തെരഞ്ഞെടുപ്പ് എന്നു നടത്തണമെന്നു നിശ്ചയിച്ചിട്ടുണ്ടോ?

(ബി) സ്റ്റേററ് അസംബ്ലിയിലേയ്ക്കും പാർലമെൻറിലേയ്ക്കുമുള്ള വോട്ടറവാരുടെ യോഗ്യത തന്നെയായിരിക്കുമോ മുനിസിപ്പാലിററികളിലെവോട്ടറന്മാരുടെ യോഗ്യത?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) നിശ്ചയിച്ചിട്ടില്ല.

(ബി) ഈ കാര്യം ഗവണ്മെൻറിൻെറയും ഈ സഭയുടെയും ആലോചനയിൽ ഇരിക്കുന്നു.

മുനിസിപ്പൽ തോട്ടികൾ.

**൩൭൭. [൧൪] ശ്രീ. എ. എൽ. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ലാക്കാളേജ്ഹോസ്റ്റലിനു സമീപം പാക്കുന്ന മുനിസിപ്പൽ തോട്ടികളെ അവിടെ നിന്നും മാററി താമസിപ്പിക്കുന്നതിനു ഗവണ്മെൻറ വല്ല നടപടികളും എടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ്.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഈ കാര്യം ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുന്നു.

(ബി) ലാക്കാളേജ്, ലാക്കാളേജുഹോസ്റ്റൽ, സെൻറ് തെരീസ്യാസ് കാൺവെൻറ മുതലായ സ്ഥാപനങ്ങൾ ഇതിന സമീപം സ്ഥിതി ചെയ്യുന്നതുകൊണ്ടും വിദ്യാർത്ഥികളുടെ പരാതിനിമിത്തവുമാണ് ഗവണ്മെൻറ് ഈ കാര്യത്തെപ്പററി ആലോചിക്കുന്നതു്.

Edappalli Estate.

※ 356. [15] **Shri E. P. Varghese :** Will the Minister for Land be pleased to state:

(*a*) why the Edappalli Estate is excluded from the imposition of basic tax;

(*b*) what is the amount of land revenue collected from the Edappalli Estate annually;

(*c*) who collects the land revenue ;

(*d*) does the Government get any portion of it and if so, how much;

(*e*) whether the Government have received complaints from the people of Edappalli that basic tax only shall be collected from them ; and

(*f*) whether the land holders of the Edappalli Estate are assessed to agricultural income tax ?

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) The Edappalli Estate is a free-hold. All free-holds are exempted from the purview of the basic tax scheme under the Basic Tax Proclamation.

(*b*) No information is available with Government as the collection is made by the Edavaga authorities.

(*c*) Edappalli Chief.

(*d*) No.

(*e*) Yes.

(*f*) Yes.

Shri E. P. Varghese : Why do the tenants of the Edappalli Chief have to pay land revenue as well as agricultural income tax ?

Shri A. Chidambaranatha Nadar : Because rent to the Edappalli Chief and agricultural income tax are separate items.

Shri E. P. Varghese : My question is why is land revenue as well as agricultural income tax collected from them and not this basic tax ?

Shri A. Chidambaranatha Nadar : It is not so.

Shri E. P. Varghese : Is not the Edappalli Chief collecting land revenue ?

Shri A. Chidambaranatha Nadar : He collects only the rent due to him.

Shri E. P. Varghese : Is this rent collected for him by the Government ?

Shri A. Chidambaranatha Nadar : No.

കാളനൈസേഷൻ പദ്ധതി.

*൩൯൧. [൧൬] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഗവണ്മെൻറിൻെറ കാളനൈസേഷൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചുവോ?

(ബി) കാളനൈസേഷൻ പദ്ധതിയിലുൾപ്പെടുത്തണമെന്നു കാണിച്ച് എത്ര അപേക്ഷകൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനുവേണ്ടി വേർതിരിച്ചിട്ടുള്ള പ്രദേശങ്ങൾ ഏവ?

(ഡി) ഈ പ്രദേശങ്ങൾ ഇപ്പോൾ ആരുടെയെങ്കിലും കൈവശമാണോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ആരംഭിച്ചു.

(ബി) ഉദ്ദേശം ൯൦൦൦൦ അപേക്ഷകൾ.

(സി)

പുതുവെട്ടിമുറി റിസർവ്വിൽ		൨൯൦	ഏക്കർ
ആഴൂർ	,,	൪൩൦	,,
വാഴാനി	,,	൨൦൦	,,
വെങ്ങോല	,,	൧൭൨	,,
കണ്ണമല, പനക്കവയൽ, മുട്ടപ്പള്ളി		൨൯൦	,,
അഞ്ചൽ	,,	൧൯	,,
കല്ലാർ	,,	൩൦൦	,,

റിസർവ്വ വനങ്ങളിൽ നിന്നും കൃഷിക്കായി വിട്ടുകൊടുത്തിട്ടുള്ളതും കൊടുക്കാവുന്നതുമായ എല്ലാ പ്രദേശങ്ങളും കോളനൈസേഷൻ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ പ്രദേശങ്ങൾ മിക്കവാറും കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭക്ഷ്യോല്പാദനപദ്ധതിപ്രകാരം കൊടുത്തിട്ടുള്ളതാണ്.

ശ്രീ. പി. ചാക്കോ: ഈ സ്ഥലങ്ങൾ എത്ര കൊല്ലത്തേക്കാണ് ഭക്ഷ്യോൽപ്പാദനപദ്ധതിപ്രകാരം കൊടുത്തിട്ടുള്ളതെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മിക്കവാറും മൂന്നുകൊല്ലത്തേക്കാണു കൊടുത്തിട്ടുള്ളത്. ഈ ൧൭൯൨-ൽ കാലാവധി അവസാനിക്കും.

ശ്രീ. പി. ചാക്കോ: കാലാവധി അവസാനിക്കുമ്പോൾ ഇന്നു താമസിക്കുന്ന ആളുകളെ ഇറക്കിയിട്ടാണോ പദ്ധതി ആരംഭിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: വസ്തു ഉടമസ്ഥന്മാരാണ് അവിടെ താമസിക്കുന്നതെങ്കിൽ അവരെ ഇറക്കിയിട്ടു വീട് ഇല്ലാത്തവർക്കു കൊടുക്കാൻ നടപടി നടത്തും.

ശ്രീ. പി. ചാക്കോ: ഓരോ കുടുംബത്തിന് എത്ര ഏക്കർ വീതം കൊടുക്കാനാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ അതിനെപ്പററി ഒന്നും ഉദ്ദേശിച്ചിട്ടില്ല.

ശ്രീ. പി. സി. ആദിച്ചൻ: കാളനൈസേഷൻ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സ്ഥലങ്ങൾ ഗവണ്മെൻറ് തിരിച്ചെടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിവില്ല.

ശ്രീ. കെ. ജെ. താമസ്: വണ്ടൻമേട്ട് കാളനൈസേഷൻ പദ്ധതി പരിത്യജിച്ചിരിക്കുകയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പരിത്യജിച്ചിട്ടില്ല.

ശ്രീ. കെ. ജെ. താമസ്: വായിച്ചുകൂട്ടത്തിൽ ആ പേരു കേട്ടില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. അതിനെപ്പററി അന്വേഷിച്ചുവരുകയാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സ്വന്തമായി ഭൂമിയില്ലാത്തവരായിട്ടുള്ളവർ ഇങ്ങനെ ഭൂമി കൈവശം വച്ചിട്ടുണ്ടെങ്കിൽ അവരെ ഈ കാളനൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സ്വന്തമായി ഭൂമിയില്ലാത്തവരാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ അവരുടെ കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

എക്സൈസുഡിപ്പാർട്ടുമെൻറ്.

*ന. ഉ. വ്യ. [ഫ ൧] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് എക്സൈസുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) ഇവിടത്തെ ഗവണ്മെൻറിൻെറ കീഴിൽ ജോലിനോക്കിക്കൊണ്ടിരുന്ന എത്ര എക്സൈസു ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരെ, കേന്ദ്ര ഗവണ്മെൻറ സർവ്വീസിലേക്കു എടുത്തിട്ടുണ്ട്?

(ബി) അവരെ കേന്ദ്രഗവണ്മെൻറസർവ്വീസിലേക്ക് എടുത്തപ്പോൾ അവരുടെ ശമ്പളവ്യവസ്ഥകളെ സംബന്ധിച്ച് ഏതെങ്കിലും കരാറുകൾ കേന്ദ്രഗവണ്മെൻറ് ഇവിടത്തെ ഗവണ്മെൻറുമായി തീർച്ചയാക്കിയിട്ടുണ്ടോ;

(സി) ഈ ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും കേന്ദ്രഗവണ്മെൻറ സർവ്വീസിൽനിന്നു തിരികെ പോരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

(ഡി) ഈ ഉദ്യോഗസ്ഥന്മാരെ കേന്ദ്രഗവണ്മെൻറ് സർവ്വീസിലേക്കു വിട്ടിട്ടുള്ളതു്, അവരുടെ സമ്മതപ്രകാരമാണോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ)

(എ) ൨൯ പേർ.

(ബി) ഇല്ല. എന്നാൽ അവർ കേന്ദ്രഗവണ്മെൻറിൻെറ സർവ്വീസിൽ ലയിക്കുന്നതുവരെ ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം നൽകുന്നതാണ് എന്നു പ്രത്യേകമായി വ്യവസ്ഥചെയ്തിരുന്നു.

(സി) മുപ്പത്തിരണ്ടുപേർ അപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഒരുവർഷക്കാലത്തേക്ക് അവരെ ഡെപ്യൂട്ടേഷനായി ഗണിക്കുന്നതാണെന്നും അതിനു ശേഷം അതേപ്പററി പരിചിന്തിക്കുന്നതാണെന്നുമുള്ള വ്യവസ്ഥകൾക്കു വിധേയമായി അവരുടെ സമ്മതത്തോടുകൂടിയാണ് വിട്ടിട്ടുള്ളതു്.

<u>ശ്രീ. ജോസഫ് വാഴപ്പിള്ളി:</u> അവർ കേന്ദ്രഗവണ്മെൻറു സർവ്വീസിലേക്കു പോയിട്ട് ഒരുവർഷമായിട്ടുണ്ടോ?

<u>ശ്രീ. വി. മാധവൻ:</u> കഴിഞ്ഞിട്ടുണ്ടെന്നാണ് അറിവു്.

<u>ശ്രീ. ജോസഫ് വാഴപ്പിള്ളി:</u> അവരിൽ ആരെങ്കിലും തിരിയെ പോരണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. മാധവൻ:</u> അതു ഞാൻ (സി)-യുടെ ഉത്തരത്തിൽ പറഞ്ഞു. ഏതാനുംപേർ ആവശ്യപ്പെട്ടിട്ടുണ്ടു്.

<u>ശ്രീ. ജോസഫ് വാഴപ്പിള്ളി:</u> അതേപ്പററി ഗവണ്മെൻറ് എന്തു നടപടി നടത്തി?

<u>ശ്രീ. വി. മാധവൻ:</u> അതേപ്പററി ഗവണ്മെൻറാലോചിച്ചു കൊണ്ടിരിക്കയാണ്.

<u>ശ്രീ. ജോസഫ് വാഴപ്പിള്ളി:</u> ഇങ്ങനെ തീരുമാനം ചെയ്യാതിരിക്കുന്നതുകൊണ്ടു് അവരുടെ സർവീസും മാററാനുകൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണെന്നു് ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. മാധവൻ:</u> ഗവണ്മെൻറ് അതേപ്പററി ഗാഢമായി ആലോചിക്കുകയാണ്.

<u>ഇരുപ്പൂക്കരം.</u>

*നം. ൭൯. [൧൬൭] <u>ശ്രീ. ജോസഫ് വാഴപ്പിള്ളി:</u> താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ, ഏതെങ്കിലും ഭാഗങ്ങളിൽനിന്നു് ഇരുപ്പൂക്കരം ഈടാക്കുന്നതിനു് ഗവണ്മെൻറ് നടപടി നടത്തുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിൽ ഗവണ്മെൻറിനു കൊല്ലത്തിൽ എന്തു വരുമാനം പ്രതീക്ഷിക്കുന്നു?

<u>ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):</u>

(ஏ) திருச்சூர் டிஸ்ட்ரிக்ட்டில் இருப்பூ கரம் வசூலிப்பதற்கு சர்க்கார் நடவடிக்கைகள் எடுத்ததுண்டு.

(பி) இந்த இனத்தில் சுமார் 8,0C0 ரூபாய் சர்க்காருக்கு வருடந் தோறும் கிடைத்ததுண்டு. ஆனால்.1123-ம் ஆண்டு கொச்சி சர்க்கார் பிறப்பித்த ஆர்டர் ஒன்று சம்பந்தமாக உணவுப் பெருக்குத் திட்டம் அனுசரித்து இனிமேல் அதை வசூல் செய்யப்படாது என்று ஓர் உத்தரவு பிறப்பித்ததுண்டு. அந்த உத்தரவு இன்றும் நடைமுறையில் இருந்துகொண்டு தான் இருக்கின்றது.

2|135|V.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഇരുപ്പുക്കരം ഈടാക്കുന്നതിനു ഗവണ്മെന്റ് നടപടി എടുക്കുന്നുണ്ടോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: இப்பொழுது இல்லை.

Gmployment Exchange

*൩൭൦. [൭൩] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റീസെററിൽമെന്റവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) Employment Exchange ഡിപ്പാർട്ടുമെന്റിനു വേണ്ടി പ്രതിവർഷം എത്ര രൂപ ചെലവാക്കുന്നുണ്ട്?

(ബി) Employment Exchange-ൽ തനതു വർഷത്തിൽ എത്ര പേർ ഉദ്യോഗാർത്ഥികളായി ഉണ്ടായിരുന്നു?

(സി) അതിൽ എത്രപേർക്കു ജോലി കൊടുത്തിട്ടുണ്ട്?

(ഡി) ഗവണ്മെന്റ് പണം മുടക്കി നടത്തുന്നതും പങ്കു വഹിക്കുന്നതുമായ ഫാക്ടറികളിലെ വിദഗ്ദ്ധന്മാരും അല്ലാത്തവരുമായ തൊഴിലാളികളെ ഈ Exchange വഴിയാണോ recruit ചെയ്യുന്നതു്? ആണെങ്കിൽ എത്രയാളുകൾക്ക് അങ്ങനെ ജോലി കൊടുത്തിട്ടുണ്ട്?

(ഇ) കൊല്ലം-എറണാകുളം റയിൽറോഡ് പണിക്ക് തൊഴിലാളികളെ Employment Exchange-ൽക്കൂടി റിക്രൂട്ടു ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ:)

(എ) ഈ സ്റ്റേററിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിനു വേണ്ടി പ്രതിവർഷം ഏകദേശം ൩൯൨൦൦ രൂപ ചെലവാക്കുന്നുണ്ട്.

(ബി) തനതുവർഷത്തിൽ (൩-൭-൪-൪൨ വരെ) എംപ്ലോയിമെന്റ എക്സ്ചേഞ്ചിൽ ൭൨൦൯൪ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അതിൽ ൩൨൭ പേർക്ക് എക്സ്ചേഞ്ചു മുഖാന്തിരം ജോലി കൊടുത്തിട്ടുണ്ട്.

(ഡി) കഴിഞ്ഞവർഷം ഗവണ്മെന്റ പണം മുടക്കി നടത്തുന്നതും പങ്കു വഹിക്കുന്നതുമായ ഫാക്ടറികളിൽ ജോലി കൊടുത്തിട്ടുള്ളതിന്റെ വിവരം ഇങ്ങനെയാണ്. ലിസ്റ്റ വേണമെങ്കിൽ വായിക്കാം.

Mr. Speaker: The list will be laid on the table.†

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: (ഇ)-യുടെ ഉത്തരം പറഞ്ഞില്ല.

ശ്രീ. വി. മാധവൻ: കൊല്ലം-എറണാകുളം-റെയിൽവേ സംബന്ധിച്ചുള്ള പണികൾക്കായി എംപ്ലായിമെന്റ് എക്സ്ചേഞ്ചു മുഖേന ആളുകളെ റിക്രൂട്ടുചെയ്യണമെന്നുള്ളതിലേക്ക് ഈ ഗവണ്മെന്റ് റയിൽവേ അധികാരികളുമായി കത്തിടപാടുകൾ നടത്തിവരികയാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈ ഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പിലേക്കുള്ള ചെലവ് ഈ ഗവണ്മെന്റാണോ കേന്ദ്രഗവണ്മെന്റാണോ വഹിക്കുന്നതു്.

† See Appendix III, page 201.

ശ്രീ. വി. മാധവൻ: ൪൦ ശതമാനം സ്റ്റേറ്റ്ഗവണ്മെന്റും ൬൦ ശതമാനം സെൻട്രൽഗവണ്മെന്റുമായിട്ടാണ് നടത്തുന്നത്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഉത്തരം പറഞ്ഞിരിക്കുന്നതിൽനിന്നും ൩൯൭൦൦ രൂപ ഈ സ്റ്റേറ്റ്ഗവണ്മെന്റ് ചെലവാക്കുന്നതാണോ?

ശ്രീ. വി. മാധവൻ: അതേ.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇത്ര വമ്പിച്ച ഒരു തുക രണ്ടു ഗവണ്മെന്റുകളും ചെലവാക്കിക്കൊണ്ടിരിക്കെ ൩൪൨ പേർക്കുമാത്രം ഈ ഡിപ്പാർട്ടുമെന്റ മുഖേന ജോലി കൊടുക്കാൻ സാധിച്ചിട്ടുള്ളതുകൊണ്ടു് ഈ ഡിപ്പാർട്ടുമെന്റ നടത്തിക്കൊണ്ടുപോകാതിരിക്കുന്നതല്ലേ നല്ലതു് എന്നുള്ള കാര്യം ഗവണ്മെന്റ ശ്രദ്ധിക്കുമോ?

ശ്രീ. വി. മാധവൻ: ജനങ്ങളുടെയിടയിൽ, സമ്മതം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണിതു്. കുറെക്കൂടി പുരോഗമിക്കുമ്പോൾ അതുകൊണ്ടുള്ള പ്രയോജനവും കൂടുതലായി ഉണ്ടാകുന്നതാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഡിപ്പാർട്ടുമെന്റുകളിൽ താൽക്കാലികമായുണ്ടാകുന്ന വേക്കൻസികളിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം നടത്താൻ ഗവണ്മെന്റ ശ്രദ്ധിക്കുമോ?

ശ്രീ. വി. മാധവൻ: ഡിപ്പാർട്ടുമെന്റ നിയമനങ്ങൾ നടത്തുന്നതു് പബ്ലിക്ക്സർവീസ്കമ്മീഷൻ മുഖേനയാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഡിപ്പാർട്ടുമെന്റുകളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകൾക്കു് ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാർ എംപ്ലോയിമെന്റ് എക്സ്ചേഞ്ചുമുഖേന നിയമനം നടത്താൻ ഗവണ്മെന്റ നിർദ്ദേശിക്കുകയാണെങ്കിൽ അപ്രകാരം നിയമനം നടത്തുമോ?

ശ്രീ. വി. മാധവൻ: എംപ്ലായിമെന്റ് എക്സ്ചേഞ്ചിൽ നിന്നും അപേക്ഷകരെ കിട്ടാവുന്നതാണ്. അതേപ്പററിയും ഗവണ്മെന്റ ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷന്മാരുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്?

ശ്രീ. എ. കുഞ്ഞൻനാടാർ: മദ്രാസിലും മററു ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷന്മാർ എംപ്ലോയിമെന്റ് എക്സ്ചേഞ്ചു് മുഖാന്തിരം ആവശ്യപ്പെടുന്നുണ്ടെന്നറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. എൻ. രാഘവക്കുറുപ്പു്: കേന്ദ്രഗവണ്മെന്റും ഈ ഗവണ്മെന്റും പണം മുടക്കിയിട്ടുള്ളതും പങ്കുവഹിക്കുന്നതുമായ ഫാക്ടറികളിലും അല്ലാതെയുള്ള ഫാക്ടറികളിലും ജോലിക്കായി ഈ എംപ്ലോയിമെന്റ് എക്സ്ചേഞ്ചുമുഖേന ആളുകളെ നിയമിക്കുന്നതിനു സാദ്ധ്യമല്ലേ?

ശ്രീ. വി. മാധവൻ: ഗവണ്മെന്റ പണംമുടക്കിയിട്ടുള്ളതും പങ്കുവഹിക്കുന്നതുമായ ഫാക്ടറികളിലും അല്ലാത്തുള്ള ഫാക്ടറികളിലും എക്സ്ചേഞ്ചുമുഖേന നിയമനം നടത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: അങ്ങനെ ആക്കെങ്കിലും ജോലി കൊടുത്തിട്ടുണ്ടോ?

Mr. Speaker: That is answered. The statement is laid on the table. That statement will reveal whether employments have been given.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സപ്ലിമെൻററി കച്ഛസ്റ്റൻ ചോദിക്കുന്നതിലേക്ക് ഈ ഗവണ്മെൻറ് പണം മുടക്കിയിട്ടുള്ളതും പങ്കു വഹിക്കുന്നതുമായ ഫാക്ടറികളിൽ എത്ര ആളുകളെ നിയമിച്ചു എന്നുള്ളത റിയേണ്ടതാണ്. എത്രപേരെ നിയമിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. വി. മാധവൻ: ആകെയുള്ള ലിസ്ററ് മേശപ്പുറത്തു വച്ചിട്ടുണ്ട്. ഓരോ ഫാക്ടറിയിലും എത്രപേരെ നിയമിച്ചു എന്ന് പ്രത്യേകമായി ഒരു ചോദ്യം ചോദിച്ചിട്ടില്ലാത്തതുകൊണ്ട് അതിന് ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈ മേശമേൽ ഉള്ള ഉത്തരം കണ്ടതിനു ശേഷം ഈ ചോദ്യം ചോദിക്കാൻ അനുവദിക്കുമോ?

Mr. Speaker: In the next session.

കയ്യേറിയ പുറംപോക്കുകൾ.

* ൩൬൧. [൨൦] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഗവണ്മെൻറുവക പുറമ്പോക്കുകൾ കയ്യേറിയതിനെതിരായി കർശനനടപടി എടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ജൂൺ ൧൦൨൭-ൽ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്സ്നോട്ട് സ്വന്തമായി കുടികിടപ്പില്ലാത്തവരും ഗവണ്മെൻറുവക പുറമ്പോക്കുസ്ഥലങ്ങളിൽ കുടിയേറിപ്പാർത്തുവരുന്നവരുമായ അധഃകൃതർക്കു ബാധകമാണോ?

(ബി) പ്രസ്തുത പ്രസ്സ്നോട്ടിനെ തുടർന്ന് പുറമ്പോക്കുസ്ഥലങ്ങളിൽ നിന്നു അധഃകൃതരെ കുടിയിറക്കാൻ വില്ലേജുദ്യോഗസ്ഥന്മാർ ശ്രമിച്ചുവരുന്നതായി എറവു വില്ലേജിൽനിന്ന് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ബാധകമാണ്.

(ബി) ഉണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: സ്വന്തമായി കുടികിടപ്പ് ഇല്ലാത്തവരും പുറമ്പോക്കുസ്ഥലങ്ങളിൽ കയ്യേറി താമസിച്ചു വരുന്നവരുമായ അധഃകൃതരെ കയ്യേറിയതിനെതിരായി ഒഴിപ്പിക്കുന്നതല്ലെന്ന് കഴിഞ്ഞ അസംബ്ളിയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സ്വന്തമായി സ്ഥലമില്ലാത്തതായ അധഃകൃതരുടെ കാര്യത്തെക്കുറിച്ച് പ്രത്യേകം പരിഗണിക്കുന്നതാണെന്ന് പറഞ്ഞിരിക്കും. എന്നാൽ ചില റോഡു പുറമ്പോക്കുകളിൽ ടാങ്കുപുറമ്പോക്കുകളിലുള്ളവരെ ഒഴിപ്പിച്ചിരിക്കും.

ശ്രീ. കെ. പി. പ്രഭാകരൻ : അങ്ങിനെ ഭൂമിയില്ലാത്ത അധഃകൃതരെ ഇറക്കിവിടുന്നതായി ഗവൺമെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്വന്തമായി ഭൂമിയില്ലാത്ത ഹരിജനങ്ങളെ കുടിയിറക്കുന്നതായി അവർ അപേക്ഷകൾ തരുന്നപക്ഷം അതേപ്പററി ഗവൺമെൻറ് വേണ്ടതു ചെയ്യുന്നതാണ്.

ஸ்ரீ. ஏ. சாம்ராஜ்: வேறு ஸ்தலம் கண்டுபிடித்து அவர்களை குடியேற்றி விட்டுத்தான் அவர்கள் அங்கிருந்து ஒழிப்பிக்கப்பட்டார்களா ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്വേഷിച്ചു സ്ഥലം കണ്ടുപിടിച്ചതിനു ശേഷമല്ല കുടിയിറക്കുന്നതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : റോഡു പുറമ്പോക്കുകൾ എന്നുപറഞ്ഞു് റവന്യൂപുറമ്പോക്കുസ്ഥലങ്ങളാണ് ഒഴിപ്പിച്ചുവരുന്നതെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ശ്രീ. എൻ. രാജഗോപാലൻ നായർ : അങ്ങനെ ചെയ്യുന്നുണ്ടെന്നു് പരാതികിട്ടിയാൽ അതേപ്പററി അന്വേഷിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്വേഷിക്കാം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : റോഡിനുസമീപമല്ലാത്ത സ്ഥലങ്ങളും റോഡുപുറമ്പോക്കായി ഒഴിപ്പിച്ചുവരുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു റോഡിൻെറ പരിരക്ഷക്കാവശ്യമായതല്ലെന്നു കണ്ടാൽ അവരെ ഒഴിപ്പിക്കുകയില്ല.

Nurses in Chittur Hospital.

*** 362 [21] Shri Ambat Eachara Menon :** Will the Minister for Medicine and Public Health be pleased to state:

(*a*) what is the allotted number of nurses for the Chittur Hospital;

(*b*) how many were there on June 1951 and how many are there now ; and

(*c*) did the Government withdraw two of the nurses from there and if so, why ?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) There is no allotted strength of Nurses for any Institution. Nurses are posted according to the requirements of the various Institutions.

(*b*) In June 1951, there were 7 nurses and now there are five.

(c) Yes, Two nurses were withdrawn from Chittur Hospital to be posted to Shri Avittam Thirunal Hospital where their services were urgently required. There is also a paucity of qualified nurses.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: ഈ നഴ്സുമാരെ അവിടെ നിന്നും മാററിയപ്പോൾ അവിടെ നഴ്സുകൾ വളരെ കുറവാണെന്നും അവരെ മാററരുതെന്നും ഡാക്ടർ എഴുതി അയച്ചില്ലേ?

ശ്രീ. വി. മാധവൻ: ആ കുറവ് പരിഹരിക്കണമെന്ന് എഴുതി അയച്ചിരിക്കാം.

Road Concreting.

※ 363. [22] **Shri Ambat Eachara Menon:** Will the Minister for Local Self Government be pleased to state:

(a) have the attention of the Government been engaged in concreting the roads of Chittur Municipality from a very long time since ;

(b) was the estimate for the work prepared two years ago;

(c) had the Government promised to meet the expense for the same by half grant and half loan— the matter to be met by reserving the eight thousand rupees now given to the Municipality for the maintenance of trunk roads ; and

(d) has the work been taken up; if not, why ?

Minister for Local Self Government **(Shri K. Kochukuttan):**

(a) The proposal for concreting the roads in the Chittur Municipality was once considered by Government.

(b) The estimate was prepared in the year 1949.

(c) Yes, Government propose to meet the expense on half grant and half loan basis.

(d) The work was not taken up as the financial position of the Municipality did not reveal the capacity to repay the loan proposed.

ശ്രീ. അമ്പാട്ട ഈച്ചരമേനോൻ: ഇതിനു മുൻപ് ഒരവസരത്തിൽ ഗവണ്മെൻറിൽനിന്നും ൭൦൦൦ രൂപ കൊടുക്കാമെന്ന് സമ്മതിച്ചിരുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സമ്മതിച്ചിരുന്നു. എന്നാൽ മുനിസിപ്പാലിററിക്ക് അതു തിരിയെ കൊടുക്കാൻ സാദ്ധ്യമല്ല എന്നു ബോദ്ധ്യമായതുകൊണ്ട് കൊടുത്തിട്ടില്ല.

ശ്രീ. അമ്പാട്ട ഈച്ചരമേനോൻ: ഇനിയെങ്കിലും ആക്കാര്യത്തെപ്പററി ഗവണ്മെൻറന്വേഷിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേപ്പററി അന്വേഷിക്കാം.

ആയുർവ്വേദഗ്രാൻറ്.

✻ ൩൩൪. [൨൩] ശ്രീ. ററി. ററി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കുറിച്ചി എസ്. പി. കോളനിയോടനുബന്ധിച്ച് ഒരു ആയുർവ്വേദവൈദ്യശാലയ്ക്കു ഗ്രാൻറ നൽകുവാൻ, ഗവൺമെൻറനുവാദം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അനുമതി നിറുത്തിവച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ കാരണമെന്താണ്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഇല്ല.

(ബി) യും (സി) യും ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

സഹകരണസംഘങ്ങൾ.

✻ ൩൩൫. [൨൪] ശ്രീ. ററി. ററി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഹരിജൻ കാളനികളിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സഹകരണസംഘങ്ങൾ ഏതെല്ലാം കോളനികളിൽ സ്ഥാപിച്ചു നടത്തിവരുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന കാളനികളിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ചു നടത്തിവരുന്നുണ്ട്.

(൧) പാക്കോട്ടുകാളനി.
(൨) കുളക്കടകാളനി.
(൩) സചിവോത്തമപുരം കാളനി.
(൪) വെളിയത്തുനാട്ടുകാളനി.
(൫) ശിവരാമപുരം കാളനി.
(൬) പെരുമ്പള്ളിശ്ശേരി കാളനി.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി : സഹകരണസംഘങ്ങൾക്ക് ഡിപ്പാർട്ടുമെൻറിൽനിന്നും പ്രാരംഭപ്രവർത്തനങ്ങൾക്കായി ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഏതെങ്കിലും സഹകരണസംഘങ്ങൾക്കു നൽകിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നൽകിയിട്ടുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ : ഇത്രയും കാളനികൾമാത്രം തെരഞ്ഞെടുത്തതു് എന്തടിസ്ഥാനത്തിലാണു്?

Mr. Speaker : Is it a question arising out of this question?

കുമരംപേരൂർ കുട്ടിവനം.

* ൩൬൬. [൨൫] ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പത്തനംതിട്ട താലൂക്കിൽ ചേന്ന വടശേരിക്കര കുമരംപേരൂർകുട്ടിവനം റിസർവ്വിൽനിന്നും ഒഴിവാക്കി റവന്യൂവകുപ്പിൽ ചേർത്തിട്ട് എത്ര കാലമായി?

(ബി) പ്രസ്തുത സ്ഥലം, ഭൂമിയില്ലാത്തവരായ ഹരിജനങ്ങൾക്കു് നൽകാനുള്ള അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ഏതെങ്കിലും നടപടികൾ എടുക്കാൻ ഇടയായിട്ടുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்) :

(எ) பத்தனம்திட்டை தாலுகாவைச் சேர்ந்த வடசேரிக்கரை குமரம்பேரூர் குட்டிவனத்தை ரிசர்வ் வனம் அல்லாமல் செய்யவோ அல்லது அதை ரெவன்யூ டிப்பார்ட்மெண்டில் ஏற்பிக்கவோ செய்யவில்லை.

(பி) உண்டு.

(ஸி) தற்போது சர்க்காரின் நயம் வனங்களை பிறருக்கு கொடுப்பதில்லை என்று இருப்பதால் அது சம்பந்தமாக நடவடிக்கைகள் அவசியம் இல்லை.

ശ്രീ. കൊച്ചുകുഞ്ഞു് : ഈ സ്ഥലം കാളനൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനു ഉദ്ദേശിച്ചിട്ടുണ്ടോ?

Shri A. Chidambaranatha Nadar : I want notice.

Nagercoil T. B. Hospital.

* **367 [26] Shri T. S. Ramaswami :** Will the Minister for Medicine be pleased to state :

(*a*) are there proper sanitary arrangements in the wards of the Nagercoil T. B. Hospital;

(*b*) whether it is a fact that due to the delay in making proper sanitary arrangements in the wards, the whole locality is exposed to dangerous infections ;

(*c*) is it a fact that eight persons from the Hospital Staff have fallen victims to this dangerous disease ?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) Only the General Ward 1 & 2, the Pay Wards and the administration block have been provided with sanitary arrangements.

(*b*) Lack of sanitary arrangements may be one of the contributory causes.

(*c*) Yes, 7 persons.

Shri T. S. Ramaswami : What is the reason for not providing sanitary arrangements for the other wards ?

ശ്രീ. വി. മാധവൻ : അതുതന്നെയാണ് ബി-ക്കുള്ള ഉത്തരം. അതിനുള്ള സൗകര്യങ്ങൾ ഉണ്ടായിട്ടില്ല. താമസിയാതെതന്നെ ഇതെല്ലാം ചെയ്തുകൊടുക്കുന്നതാണ്.

ശ്രീ. പി. എസ്. നടരാജപിള്ള : ഇതിനുവേണ്ട സൗകര്യങ്ങൾ എന്തെല്ലാമാണ്?

ശ്രീ. വി. മാധവൻ : സാമഗ്രികൾ എല്ലാം ലഭിക്കണം അത്രേയുള്ളു. കുറേശ്ശ കുറേശ്ശയായി എല്ലാം ചെയ്തുവരുന്നുമുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള: അവിടത്തെ ജോലിക്കാർതന്നെ രോഗം പിടിപെട്ടു മരിക്കുമ്പോൾ സൗകര്യമില്ലെന്നുവിചാരിച്ച് ഇങ്ങനെ ചെയ്യാതിരിക്കുന്നതു ന്യായമാണോ?

ശ്രീ. വി. മാധവൻ : സൗകര്യമെന്നു പറഞ്ഞതു് സാധനങ്ങളെ ഉദ്ദേശിച്ചാണ്. അവ കിട്ടുന്നതനുസരിച്ച് എല്ലാം നടത്തിവരുന്നുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : ടി. ബി. ഹോസ്പിററലിൽ ഈ ആവശ്യങ്ങൾക്ക് പ്രത്യേകം പണം കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : ടി. ബി. ഹോസ്പിററൽ എന്ന ഇനത്തിൽ പ്രൊവൈഡ് ചെയ്തിട്ടുണ്ടോ എന്ന് ബഡ്ജററ നോക്കിയാൽ കാണാവുന്നതാണ്.

ശ്രീ. പി. എസ്. നടരാജപിള്ള: ഈ ഇനത്തിനു പ്രത്യേകമായി പണം കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : അതു് ഒരു പ്രത്യേകം ചോദ്യമായി ചോദിച്ചാൽ പറയാമായിരുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ : അവിടത്തെ സാനിട്ടറി അറേൻജ്മെ

ൻറ്സ് ശരിയാകാത്തതുകൊണ്ടു് ടൗണിലെ ആളുകൾക്കുംകൂടി രോഗം പിടിപെടുന്നുവെന്നറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. പി. വി. അവിരാത്തരകൻ: അവിടത്തെ സാനിട്ടറി അറേൻജ്മെൻറിൻെറ കുഴപ്പംകൊണ്ടു് ഒരു ജയിൽപ്പുള്ളി ഒളിച്ചോടിപ്പോയതായി അറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

Shri P. S. Nataraja Pillai: I want to know whether the Minister has called for estimates for making sanitary arrangements in this hospital?

ശ്രീ. വി. മാധവൻ: നടപടി എടുത്തുവരുന്നുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സാനിട്ടറി അറേൻജ്മെൻറ് ഒന്നുംതന്നെ അവിടെ ചെയ്തിട്ടില്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: കുറേശ്ശ കുറേശ്ശ ചെയ്തുവരുന്നുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവിടെ രോഗികളുടെ കഫം മാററുക മുതലായ സാനിട്ടറി അറേൻജ്മെൻറ്സ് ഇതുവരെ യാതൊന്നും ചെയ്തിട്ടില്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: കഫം മുതലായവ ദൂരെദിക്കിൽ കൊണ്ടു ചെന്നു് ദഹിപ്പിക്കുന്നുണ്ടെന്നറിയാം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവിടത്തെ ജോലിക്കാർക്കുപോലും രോഗം പിടിപെടുന്നുണ്ടെന്നറിയാമോ?

ശ്രീ. വി. മാധവൻ: അവിടെ എല്ലാം കംപ്ലീററാണെന്നു് ഞാൻ പറഞ്ഞില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവിടെ ഉദ്യോഗസ്ഥന്മാർക്കു് താമസസൗകര്യങ്ങൾ നൽകുന്നുണ്ടു്, ശമ്പളക്കൂടുതൽ നൽകുന്നുണ്ടു്, ഇവയൊക്കെയല്ലാതെ സാംക്രമികരോഗം പിടിപെടാതിരിക്കുവാൻ വല്ല നടപടിയും നടത്തുന്നുണ്ടോ?

ശ്രീ. വി. മാധവൻ: അതാണു ഞാൻ നേരത്തെ പറഞ്ഞതു്. രോഗികളുടെ കഫവും മറെറല്ലാം ദൂരെ കൊണ്ടുപോയി ദഹിപ്പിക്കുക മുതലായ പ്രീകോഷൻസ് ചെയ്യുന്നുണ്ടെന്നു്.

ശ്രീ. ടി. എസ്. രാമസ്വാമി: അവിടത്തെ അറേൻജ്മെൻറുകളിൽ ഈമാതിരിയുള്ള സാനിട്ടറി അറേൻജ്മെൻറ്സിനു് പ്രിയാരിററി കൊടുക്കാമോ?

ശ്രീ. വി. മാധവൻ: അതർഹിക്കുന്ന മുൻഗണന കൊടുക്കുന്നുണ്ടു്.

ശ്രീ. ടി. എസ്. രാമസ്വാമി: അവിടത്തെ അറേൻജ്മെൻറിൻെറ കുഴപ്പംകൊണ്ടു് ആറുപേർ മരിച്ചതായിട്ടറിയാമോ?

ശ്രീ. വി. മാധവൻ: മരിച്ചതു് സാനിട്ടറി അറേൻജ്മെൻറിന്റെ കുഴപ്പംകൊണ്ടാണോ എന്നു് അറിഞ്ഞില്ല.

ശ്രീ. ടി. എസ്. രാമസ്വാമി: അതിനെ സംബന്ധിച്ച് റിപ്പോർട്ട് വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: റിപ്പോർട്ടൊന്നും വന്നിട്ടില്ല.

ശ്രീ. ടി. എസ്. രാമസ്വാമി: മദനപ്പള്ളി ഹോസ്പിറ്റലിൽ സാനിട്ടറി അറേൻജ്മെൻറ്സ് എല്ലാം ശരിയായിരിക്കുന്നതുകൊണ്ടു് അവിടെ ഇങ്ങനെയൊന്നും സംഭവിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: മദനപ്പള്ളി ആശുപത്രിയെസംബന്ധിച്ച് അന്വേഷിച്ചിട്ടില്ല.

ശ്രീ. കൊച്ചുകുഞ്ഞു്: ഈ രോഗം പരക്കാതിരിക്കുന്നതിനു വേണ്ട നടപടി എടുക്കുമോ?

ശ്രീ. വി. മാധവൻ: വേഗത്തിൽ എടുത്തുകൊണ്ടിരിക്കുകയാണു്.

Staff of the Tuberculosis Hospital.

*368. [27] **Shri T. S. Ramaswami:** Will the Minister for Medicine be pleased to state whether the Government have proposed an insurance scheme to cover the risk of the staff of the Tuberculosis Hospitals?

Minister for Medicine and Public Health (**Shri V. Madhavan**): The members of the staff of the T. B. Hospitals are given risk allowances as compensation for the risk involved in the discharge of their duties. Many of the members are not to be there permanently. In the circumstances, Government do not think it necessary to arrange such an insurance scheme.

ശ്രീ. ടി. എസ്. രാമസ്വാമി: കണ്ടിജൻസി സ്റ്റാഫിൽ ആറ പേർ മരിച്ചിട്ടുള്ളതായി കണ്ടിട്ടുള്ളതുകൊണ്ടു് ഇങ്ങനെ അവിടെ ജോലി ചെയ്യുന്നവർക്കു് കൂടുതൽ റിസ്ക് അലവൻസ് കൊടുക്കുന്ന കാര്യം ആലോചിക്കാമോ?

ശ്രീ. വി. മാധവൻ: പര്യാലോചിക്കാം.

Shri P. S. Nataraja Pillai: Why is this risk allowance given for the staff?

ശ്രീ. വി. മാധവൻ: എന്തിനുവേണ്ടിയാണെന്നു് എല്ലാവർക്കും അറിയാവുന്നതാണു്. അപായകരമായ ജോലിയായതുകൊണ്ടു് കൂടുതൽ മുൻകരുതലോടു കൂടി ഇരിക്കേണ്ടിയിരിക്കുന്നതുകൊണ്ടു് അങ്ങനെ റിസ്ക് അലവൻസ് കൊടുത്തുവരുന്നു.

Shri P. S. Nataraja Pillai: Then, Sir, should not sufficient precautions be taken to see that the staff there does not get infected with this infectious disease?

ശ്രീ. വി. മാധവൻ: സാംക്രമികരോഗങ്ങളെ സംബന്ധിച്ചിടത്തോളം അതു പകരാതിരിക്കുന്നതിനു് എത്രത്തോളം ചെലവു ചെയ്യാമോ അത്രത്തോളം ചെലവു ചെയ്യുന്നുണ്ടു്.

വില്ലേജു പഞ്ചായത്തുകൾ.

* നമ്പർ. [൮ വ്യ] ശ്രീ. ഓ. സി. നൈനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വില്ലേജുപഞ്ചായത്തുകളുടെ അതിർത്തികൾ എല്ലാം നിർണ്ണയിച്ചു കഴിഞ്ഞിട്ടുണ്ടോ?

(ബി) വാർഡുവിഭജനങ്ങൾ പൂർത്തിയായോ?

(സി) അതു സംബന്ധിച്ചുള്ള ഗസററുപരസ്യം ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്നു്?

(ഡി) വില്ലേജുപഞ്ചായത്തിന്റെ തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ടോ; തീയതി നിശ്ചയിക്കുന്നതിനുള്ള താമസം എന്താണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഇല്ല. പ്രാരംഭനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. അതു പൂർത്തിയാകാത്തതുകൊണ്ടു്.

ശ്രീ. ഓ. സി. നൈനാൻ: വാർഡുവിഭജനം ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിയായിരിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ.

റവന്യൂ സൂപ്പർവൈസേഴ്സ്.

* നം. ൧൦. [൮ ൻ] ശ്രീ. ഓ. സി. നൈനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) റവന്യൂ സൂപ്പർവൈസേഴ്സിന്റെ ജോലിയിൽ വളരെ അനാസ്ഥയുണ്ടെന്നതിനെപ്പററി ഗവണ്മെൻറിനു് പരാതി ലഭിച്ചിട്ടുണ്ടോ?

(ബി) ഇവരുടെ ജോലി ആരു പരിശോധിക്കുന്നു?

(സി) ഇവരുടെ ജോലിയെ സംബന്ധിച്ചു Arrear statements വരുത്തി മേലുദ്യോഗസ്ഥന്മാർ പരിശോധിക്കുന്നുണ്ടോ?

(ഡി) തിരുവല്ലാത്താലൂക്കിൽ വസ്തു അളന്നു കല്ലിടുന്നതിനുള്ള അപേക്ഷകൾ എത്ര കൊല്ലമായിട്ടു് തീരാതെ കിടപ്പുണ്ടെന്നു പറയാമോ; ഏററവും പഴക്കമുള്ള അപേക്ഷ ഏതാണ്ടത്തേതാണു്?

(ഇ) സിവിൽക്കോർട്ടിൽനിന്നും ഇവരുടെ സഹായത്തിന് എഴുതി അയച്ചാൽ അതു ലഭിക്കുന്നതിനു പ്രയാസം നേരിടുന്നുവെന്ന കാര്യം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ ?

(എഫ്) ആകെ എത്ര റവന്യൂ സൂപ്പർവൈസർമാരുണ്ട് ?

(ജി) ഇവരുടെ പരീക്ഷായോഗ്യത എന്താണെന്നാണ് വച്ചിരിക്കുന്നതു് ?

<u>ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):</u>

(ஏ) ரெவன்யூ சூப்பர்வைஸர்கள் ஜோலியில் மிகவும் அலக்ஷியத்தன்மை காண்பிப்பது பற்றி சர்க்காருக்கு இதுவரையிலும் பராதி கிடைத்ததில்லை.

(பி) லான்ட் ரெவன்யூ அதிகாரிகளும், சர்வே சூப்பரண்டும்.

(ஸி) உண்டு.

(டி) சுமார் ஏழு வருடங்கள் வரை பழக்கப்பட்ட விண்ணப்பங்கள் தீராமல் இருக்கின்றன. கூடுதல் பழக்கம் உள்ள விண்ணப்பங்கள் 1121-ம் ஆண்டு உள்ளவைகளாகும்.

(இ) இல்லை.

(எப்) 30.

(ஜி) (1) சாதாரண யோக்கியதை ஈ. எஸ். எல். ஸி.

(2) பிரத்தேக யோக்கியதை, ரெவன்யூ டெஸ்ட், அக்கவுண்டு டெஸ்ட், சர்வே ஹையர், சர்வே லெவலிங் ஹையர்.

Shri O. C. Ninan: Who is the Revenue Officer that reviews the arrears statement ?

Mr. Speaker: The answer was given. The Survey Officer and the Revenue Officer.

Shri O. C. Ninan: Sir, I want to know who that Revenue Officer is?

Shri A. Chidambaranatha Nadar: The Board of Revenue.

Shri O. C. Ninan: Have they submitted any report with reference to the arrears?

Mr. Speaker: That has already been answered.

Special Allowance.

✻ 371. [30] **Shri Varunny Pulikkal:** Will the Minister for Forests be pleased to state :

(*a*) whether special tract allowance is given to Government Servants who are working in hilly tracts ;

(*b*) what was the rate of such allowance in Cochin State before integration of the States and what was the rate in Travancore area before integration ;

(*c*) is it a fact that special hill tract allowance was reduced in Cochin area officers after the integration?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) Yes.

(b) (i) Cochin — 50 per cent. of pay.

(ii) *Travancore* — (1) Officers whose salary is not less than Rs. 175 per mensem :

10% of salary subject to the condition that the local allowance should not exceed in any case Rs. 35|— per mensem.

(2) Officers whose salary is less than Rs. 175|— per mensem but is not less than Rs. 50|— per mensem :

20% of salary provided that the salary plus local allowance shall not in any case exceed Rs. 192½ per mensem.

(3) Officers whose salary is less than Rs. 50|— per mensem but not less than Rs. 20|— per mensem:

30% of salary provided that the salary plus local allowance shall not in any case exceed Rs. 60|— per mensem :

(4) Officers whose salary is less than Rs. 20|— per mensem :

50% of salary provided that the salary plus local allowance shall not in any case exceed Rs. 26|— per mensem and provided that the allowance of no officer shall be less than such as to raise the rate of his monthly income to a minimum of Rs. 10|—.

(c) As a necessary corollary to the unification of scales of pay, the rates of Special Tract (Hilly tract) Allowance have also been unified and standardised with due regard to all aspects of this question. In the case of certain officers to whom special tract allowance was previously admissible according to Cochin rules, unification of the rates of the allowance might have entailed some reduction, but the unified scales of pay in the case of most officers of pay, there may not have been reduction in their total monthly emoluments.

Shri Varunny Pulikkal: Does the Government know that officers have to spend more money to prevent themselves from getting malaria?

Shri A. Chidambaranatha Nadar: Government are aware of that and hence these allowances are given to the officers.

Shri Varunny Pulikkal: If that allowance was given what was the special reason to reduce that allowance in the Cochin area after the integration?

Mr. Speaker: That may be considered.

ശ്രീ. ഏ. കുഞ്ഞൻ നാടാർ : കൊച്ചിക്കാർക്ക് തിരുവിതാംകൂറുകാരേക്കാൾ കൂടുതൽ എല്ലാ കാര്യത്തിലും അലവൻസു കൊടുക്കാൻ ഭയവുണ്ടാകുമോ ?

Mr. Speaker: That need not be answered.

Tahsildars.

*372. [31] **Shri M. Gopalan Nair:** Will the Chief Minister be pleased to state :

(a) whether there was a proposal to promote Sheristadars as Tahsildars ;

(*b*) the objections if any to promote Sheristadars as Tahsildars; and

(*c*) is there discontent in the department on account of recruitment of Tahsildars from other departments?

Minister for Home Affairs **(Shri T. M. Varghese):**

(*a*) Yes. There was a proposal regarding some of them.

(*b*) No. There cannot be any objection on principle.

(*c*) Naturally, some sections in the department are not in favour of this step.

ശ്രീ. എം. ഗോപാലൻ നായർ: ഏ-യിലെ പ്രപ്പോസൽ കിട്ടിയിട്ട് എത്ര കാലമായി?

ശ്രീ. ടി. എം. വർഗീസ്: ഏതാനും ആഴ്ചകളെ ആയിട്ടുള്ളു. ൧൯൫൭-ൽ ആണ് കിട്ടിയിട്ടുള്ളത്.

ശ്രീ. എം. ഗോപാലൻ നായർ: തഹശീൽദാരന്മാരെ റിക്രൂട്ട ചെയ്യുന്നതാരാണ്?

ശ്രീ. ടി. എം. വർഗീസ്: റവന്യൂബോർഡിന്റെ ശുപാർശ അനുസരിച്ച് ഗവണ്മെന്റ ചെയ്യും.

ശ്രീ. എം. ഗോപാലൻ നായർ: റവന്യൂഡിപ്പാർട്ടുമെന്റിൽനിന്ന് തഹശീൽദാരന്മാരെ റിക്രൂട്ടചെയ്യുന്നതിനു ഒരു നിശ്ചിത പേഴ്സന്റേജ് വയ്ക്കാമോ?

Shri E. P. Varghese : Sir, I urge upon the Government the necessity to stop all local procurement of food grains. According to the latest Administration Report that is available to us, I find that our State needs about 5. 68 lakhs tons of food grains for maintaining a ration of 12 ounces per adult. According to the highest estimate, our local procurement brings us only 90 thousand tons of food grains, which is a little less than 1/5 of the

[Shri E. P. Varghese]

total need. For the rest we are to depend on other countries. A good portion of that is supplied to us by the Central Government. That is the situation at present. It is high time we thought of stopping local procurement because it does not go far to the supply of grains. The cost involved in that process is high and corruption that results from it is enormous. There is a loud cry from all parts of the country that procurement is a fruitful source of corruption. It is time Government listened to this cry and at least as an experimental measure for some time stopped the local procurement of food grains. Free movement of grains should be allowed in the State. Local procurement may be abolished.

Shri A. Thanu Pillai: Is it the Member's suggestion that all local procurement may be abolished ?

Shri E. P. Varghese: Yes.

Shri A. Thanu Pillai: If so, will it be right to ask the Government of India to make procurement from other States to supply us?

Shri E. P. Varghese: Yes.

Shri A. Thanu Pillai: My question is, will the Government of India be justified to ask other States as Madhya Bharat or Orissa to procure and supply us? For, the Central Secretariat does not produce paddy.

Shri E. P. Varghese: We are asking the Centre to supply us only the deficit which comes to about 4.78 lakhs of tons.

Shri A. Thanu Pillai: May I ask the hon. Member, when we refrain from procuring anything even from persons who produce lakhs of parahs, will we be justified in asking the Central Government to make other procurement, and supply us?

Shri E. P. Varghese: Certainly, we can ask them to supply our deficit after making allowance for what we could locally procure. We are not asking them to supply all our requirements. Why should they care whether we locally procure or not. We are only asking for the deficit. What I suggest is, we should stop local procurement. Consumption may be reduced to the limited extent to which we can get from outside, namely, 4.78 lakhs tons. This may be divided for ration purposes. I also want to allow free movement of paddy within the State. As I said, by procurement we are not able to get even 1/5 of our requirements and note that the expenditure for that comes to over 15 lakhs of rupees. Added to that, there is a large amount of corruption and demoralisation prevalent in the country. I would prefer our people to be half-fed to being demoralised. Just imagine what a waste of public money there is. Officers who are engaged in procurement are corrupt. It is not their fault as discretion is given to them in the matter of procurement. When the Government affords them temptation at the very doors, Officers become corrupt for no fault of theirs only. So, what I say is, if this procurement system is stopped, source of corruption ceases

By that we are not going to become the worse for it. At present along with the stock available here, import is resorted to. From the Administration Report of 1949, which is the only latest report at our disposal, it is seen that 12 ounces of ration can be given w th 5.68 lakhs of tons of food grains. So I would suggest, with what we get from outside we may continue ration in that proportion and for the rest depend upon free movement of paddy in the State. My honest belief is we can expect a better state of affairs even without procurement. We do not even now know how much is procured in our State. There is lot of corruption and black market going on in this matter. That shows there is excess of paddy available in the land. With the stoppage of procurement and free movement of paddy, price of paddy will come down in the free market. What I now see is, Government have come down with a sort of district-war lifting of controls. In three zones free movement of rice is allowed and there is not much danger in that. What I would suggest now is, along with ration prevailing in the country, free movement of paddy can be allowed throughout the State from one end to the other. Fair price shops also may be opened as is done in Madras. The point to be taken note of is to allow only ration proportionate to the quantity received from the Central Government, if it is 8 ounces that alone should be supplied; if it is a little less, then that quantity. The balance may be allowed to be got from the open market. That should be the sort of arrangement to be carried out.

The House rose for lunch at 1. p. m. and reassembled at 2 p. m. with Mr. Speaker in the Chair.

Shri E. P. Varghese (*contd.*): Sir, there is no problem facing the Government and the people today that bristles with so many difficulties as the food supplies question. I am not quite sure whether we would have another opportunity to discuss food production or whether the whole demand is to be covered by the present motion.

Mr. Speaker: Production is under heading (b). If there is time, that subject can be discussed.

Shri A. Thanu Pillai: But whether we will reach that subject is the question.

Well, the first point I wish to urge is that the whole question of food should be comprehensively viewed. That has not been done. We have got here rice and other subsidiary foods. Now, so far as supplies are concerned, we concern ourselves only with the question of grains, rice, locally produced and imported from outside, wheat imported from outside. So far as food supplies are concerned, these are the only two things with which we had been dealing till now. Even at the start, I will make one observation. We must concern ourselves equally diligently with other items of food as well, for instance, milk, eggs and such other things. Of course, there is fish. Now we have got a Food Production Board. I do not know whether that subject will be reached today. Anyway we should, in the present difficult situation, either have no board at all or have a board entrusted with

[Shri A. Thanu Pillai]

the duty of comprehensively viewing the food problem and dealing with it, tackling it with effect. That we do not have. Our main food is rice. I do not think we can deal with the question of the supply of rice, unless we deal effectively with the land question as such. A good deal has been sa d about the Government's land policy and all that. When we find that our food production is so deficient, that must be one additional reason apart from other considerations, for us to grapple with the question of land ownership, possession, cultivation and so on. That we have not done. That is the first thing that we should direct our attention to. The land should, as far as possible, be in the possession of the actual workers and the workers must be made to feel that they are working, at any rate, for their benefit as much as for the benefit of others. Now, it is a well-known fact that now-a-days labourers who do work in the land have lost their interest in their work. I know from my own personal experience that the work that used to be got done by two workers a few years ago can now be got done only by five workers. Anybody who has anything to do with land and labour in the country knows that, and I attribute it to the psychological aspect. The labourer does not feel that he is working for himself, but that he is working for others only. That feeling is growing daily and the effect of that feeling should be got rid of. We can do it only if we tackle the question of land. Probably this is not the occasion to deal with that issue in greater detail.

In regard to the question of food supplies, many suggestions have been made. There are very many aspects of the matter, but one outstanding feature of this problem, so far as our experience goes, is that it has led to a lot of corruption. That is a fact that cannot be denied. Now we get rice from outside. We have also got some rice produced here. We have not got sufficiently correct data about it. Sir C. P. Ramaswami Aiyar started by saying that we produce only 40 per cent. of our requirements, and we want to get 60 per cent. from outside. We have all along been relying on those figures that his Government then published. I do not mean to say that the figures are far wrong. Anyway the ratio between the two does not seem to alter substantially. As a matter of fact, in spite of our Grow More Food activities, even now we are not in a position to say that the 40: 60 ratio has become changed to 45: 55 ratio. The Food Minister or the Agriculture Minister will not be in a position to say that. Anyway at least from now we must begin to reduce that gulf, by increasing the one figure and lowering the other. But we must have accurate figures to start with.

Our rice ration is somewhere near five ounces a day.

Shri Panampilli Govinda Menon: Six ounces.

Shri A. Thanu Pillai: I mean rice that is fit to go into the cooking pot. That is really only five ounces. (*President's Bell*). I will try to wind up, Sir. But I have not yet taken up ten minutes.

So we have these six ounces. Still we find, Sir, that large quantities of rice are available in the black market. If you go to Nemom, or even to Karamana, you can purchase hundreds of

paras of locally produced, good rice. Where does all that come from ? We talk a good deal of black marketing. There it is. It does exist. As my friend suggested, we must either tighten this control or at least take such steps as are calculated to reduce visible corruption. There has been a process of demoralisation going on in the country, and it is increasing. So let us try to tighten this control. The system at present followed is called the levy system. The cultivators are not allowed free sale. What are they to do with the grain left with them? There is free movement in certain places. I do not know whether they allow free trade also, or only free movement is allowed. In a case like this, free movement is meaningless unless free trade goes along with it. If it is so, let them say that. But as far as possible, let us tighten and make our rules more clearly enforced. That is one thing that I want. My friend Mr. Varghese suggested that there should be no procurement here. I personally think that would be dangerous. Unless we ourselves produce more than we require, how can we ask other provinces to produce for us? I do not want to make you ring the bell again, Sir, and therefore I resume my seat.

ശ്രീ. സി. അച്യുതമേനോൻ : സർ, ഇന്നു് ഈ ഭക്ഷ്യധാന്യനിയന്ത്രണം തുടരണമോ വേണ്ടയോ എന്നുള്ളതാണു് ഏററവും പ്രധാനപ്പെട്ട ഒരു പ്രശ്നമായി നിൽക്കുന്നതു്. മദ്രാസിൽ സി. രാജഗോപാലാചാരി വിനിയന്ത്രണം ഏർപ്പെടുത്തിയതിന്റെ ഫലമായി അതിന്റെ പ്രത്യാഘാതം മദ്രാസിൽ മാത്രമല്ല ഇൻഡ്യയിലെ മറെറല്ലാ പ്രദേശങ്ങളിലും പോലെ തന്നെ ഇവിടെയും എത്തിക്കഴിഞ്ഞിട്ടുണ്ടു്. ജനങ്ങളിൽ ഒരു വലിയ വിഭാഗം ഈ പരീക്ഷണത്തെ വലുതായ ആശയോടും പ്രതീക്ഷയോടുംകൂടി നോക്കിനിൽക്കുന്നുണ്ടു് എന്നു സമ്മതിക്കാൻ ഞാൻ ഒരുക്കമാണു്. പക്ഷെ ഈ വിനിയന്ത്രണം എത്രമാത്രം ആപൽക്കരമായിട്ടുള്ള ഒരു പരീക്ഷണമാണെന്നാണു് എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു്.

സർ, ജനങ്ങളുടെ ഭക്ഷണത്തിന്റെ ആവശ്യം മുഴുവൻ നിർവ്വഹിക്കത്തക്ക പരിതഃസ്ഥിതി വന്നുകഴിഞ്ഞതിനു ശേഷമാണു് ഈ വിനിയന്ത്രണം നടപ്പിൽ വരുത്തിയതെങ്കിൽ നമുക്കു് ആശ്വസിക്കാമായിരുന്നു. എന്നാൽ കേവലം പത്തുശതമാനമോ ആറുശതമാനമോ മാത്രമേ കമ്മിയുള്ളു എന്നു പറയുന്ന മദ്രാസിനു് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കു ചെയ്തതിനു ശേഷമാണു് അവിടെ ഒരു പരീക്ഷണമെന്ന നിലയിൽ വിനിയന്ത്രണം നടപ്പിലാക്കിയതു്. എന്നാൽ നമ്മുടെ സംസ്ഥാനം മദ്രാസുപോലെയല്ല. ഇന്നു ജനങ്ങൾക്കു് ഭക്ഷണം കൊടുക്കുന്നതു് ഒരു നിശ്ചിതതോതിലല്ല. മുമ്പു് നാം ആവശ്യപ്പെട്ടിരുന്നതു് ഒരാൾക്കു് ശരാശരി ൧൬ ഔൺസു് അല്ലെങ്കിൽ ൧൨ ഔൺസു് ഭക്ഷണസാധനമാണു്. അതു നാം വളരെ വാശിയോടുകൂടി പറഞ്ഞിരുന്നു. ഇപ്പോൾ അതു മിക്കവാറും ൮ ഔൺസു് ആയും ചുരുക്കിക്കഴിഞ്ഞിട്ടുണ്ടു്. ഈ എട്ടു് ഔൺസുപോലും ഇൻഡ്യയിൽ കിട്ടാതെയുള്ള ഒരു രാജ്യം നമ്മുടെ സംസ്ഥാനമല്ലാതെ മറെറതെങ്കിലുമുണ്ടോ ? അങ്ങിനെയുള്ള ഒരു പരിതഃസ്ഥിതിയിൽ നിയന്ത്രണം നീക്കുന്നു എന്നു പറഞ്ഞു് വളരെ സൂത്രത്തിൽ, വളരെ നിരുത്തരവാദപരമായ രീതിയിൽ, ജനങ്ങൾക്കു് ആഹാരം കൊടുക്കാതെ ഒഴിഞ്ഞുമാറുന്നതിനുള്ള ഒരു വിദ്യയാണു

[ശ്രീ. സി. അച്യുതമേനോൻ]

ഇതു്. ഇതു് കുററമാണു്. നാം അതൊരിക്കലും സമ്മതിക്കാൻ പാടില്ല. അങ്ങിനെയൊരു അഭിപ്രായം ഈ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് കൈക്കൊള്ളുകയാണെങ്കിൽ മദ്രാസിനേക്കാൾ എത്രയോ ആപൽക്കരമായ ഒരു പരിതഃസ്ഥിതിയാണ് ഇവിടെയുണ്ടാകാൻ പോകുന്നതു്.

മദ്രാസ്സ് പ്രദേശത്തു് പ... ശതമാനം കമ്മിയാണെന്നു പറയുമ്പോൾ ഇവിടെ അതായതു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ൬൦ ശതമാനത്തോളം കമ്മിയാണെന്നു പറയുന്നു. ഈ കണക്കു് എത്രത്തോളം ശരിയാണെന്നു അറിഞ്ഞുകൂടാ; ഇവിടെ അതു നിഷേധിക്കപ്പെടുകയുണ്ടായി. ഏതായാലും അൻപതു ശതമാനത്തോടും അറുപതു ശതമാനത്തോടും അടുത്ത ഒരു ശതമാനം കമ്മി ഇവിടെയുണ്ടു്. അതുകൊണ്ടു് മദ്രാസ് സംസ്ഥാനത്തേയും തിരുവിതാംകൂർ സംസ്ഥാനത്തേയും ഒരേ അടിസ്ഥാനത്തിൽ കണക്കാക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് മദ്രാസിലെ പരീക്ഷണം ഇവിടേയും നടപ്പാക്കുന്നതു ശരിയല്ല. അങ്ങിനെ പരീക്ഷിക്കുകയാണെങ്കിൽ നാട്ടുകാരെ മുഴുവൻ പട്ടിണിയിട്ടു് ഒരു ബംഗാൾ ക്ഷാമം ഇവിടെ രണ്ടാമതാവർത്തിക്കാൻ പോകുകയാണ് എന്നു ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. ഞാനിതു പറയുമ്പോൾ, എന്റെ സ്നേഹിതനായ ഭക്ഷ്യമന്ത്രി പറയും, ഞാൻ കാററാടിയന്ത്രത്തോടു മല്ലിടുന്ന ഡാൺക്വിക്സോട്ടാണെന്നു്; കൺട്രോൾ ഇവിടെ ആരു നിർത്താൻ പോകുന്നു എന്നു് അദ്ദേഹം ചോദിക്കും. പക്ഷേ എനിക്കതു സംബന്ധിച്ചു പറയാനുള്ളതു് അദ്ദേഹമങ്ങിനെ പറയുന്നുണ്ടെങ്കിലും ഇവിടെ കൺട്രോൾ നീക്കുകയില്ലെന്നു എനിക്കു് വിശ്വാസമാകുന്നില്ല എന്നാണു്. തൃശ്ശൂരും കോട്ടയവും കൊല്ലവും ഡിസ്ട്രിക്ടുകളിൽ അതതിനകത്തുള്ള നെല്ലും അരിയും എല്ലാം ഇഷ്ടം പോലെ കൊണ്ടുപോകാമെന്നു് ഇപ്പോൾ ഉത്തരവായിരിക്കുന്നു. ഇതു് കരിഞ്ചന്തക്കു് സഹായകമായിട്ടാണു തീരാൻ പോകുന്നതു്. അതുകൊണ്ടു് ഈ നയത്തെ ഇവിടെയുള്ളവർ എല്ലാരും കൂടിച്ചേർന്നു എതിർത്തു് ശരിയായ ഒരു നയം രൂപീകരിച്ചില്ലെങ്കിൽ അതു രാജ്യത്തിനു് വലിയ ആപത്തായിത്തീരുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഈ കാര്യത്തെപ്പററി പലരും സംസാരിച്ചുകഴിഞ്ഞു: എല്ലാവക്കും അവരവരുടെ ആഹാരത്തിനുള്ള റേഷൻ ആറൗൺസായാലും എട്ടൗൺസായാലും കിട്ടത്തക്കവണ്ണം ഈ കൺട്രോളും റേഷനും നിലനിൽക്കേണ്ടതാണു്.

വേറൊന്നു പറയാനുള്ളതു് ഒരു മിനിമം റേഷനു ഗ്യാരൻറി വേണമെന്നുള്ളതാണു്. എട്ടാണെങ്കിൽ എട്ടു്, ആറേ ഉള്ളുവെങ്കിൽ അതെങ്കിലും ഒരു നിശ്ചിതതോതിൽ തുടർന്നു കൊണ്ടുപോകണം. അല്ലാതെ ഇന്നു് എട്ടൗൺസ്, നാളെ ആറൗൺസ്, മററന്നാൾ നാലര ഔൺസ് അങ്ങിനെ ഒരു ക്ലിപ്തവുമില്ലാതെ തുടർന്നുകൊണ്ടുപോകുന്നതു് ആശാസ്യമല്ല. അതു ജനങ്ങളെ വ്യാമോഹിപ്പിക്കാൻ മാത്രമാണു്. അങ്ങനെ ഒരു നിശ്ചിത അളവിൽ റേഷൻ തുടർന്നു കൊണ്ടുപോകാൻ ഈ ഗവണ്മെൻറിനു് ഇതുവരെ സാധിച്ചിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഒരു എട്ടു് ഔൺസെങ്കിലും യാതൊരു മുടക്കം കൂടാതെ ഒരുകൊല്ലം തുടർച്ചയായി കൊടുത്തുകഴിഞ്ഞതിനുശേഷം നിങ്ങൾ എന്തു പദ്ധതി വച്ചാലും ഞങ്ങൾ അതിനെപ്പററി ആലോചിക്കാൻ തയ്യാറാണു്. അതു ചെയ്യില്ലെങ്കിൽ ഒരു പദ്ധതികൊണ്ടും പ്രയോജനമില്ല. അതുപോലെ തന്നെ

പുറമെ നിന്നു ഭക്ഷ്യധാന്യം വരുത്തുക, ഇവിടെ പ്രൊക്യൂർമെൻറ് വേണ്ടെന്നു വയ്ക്കുക എന്നൊരഭിപ്രായം ഞാൻ കേൾക്കുകയുണ്ടായി. ശ്രീ ഇ. പി. വർഗീസ് പറഞ്ഞു ഇവിടെ പ്രൊക്യൂർമെൻറ് വേണ്ട എന്നു്. അങ്ങനെയാണെങ്കിൽ പുറത്തുനിന്നും വരുന്ന ഭക്ഷ്യധാന്യം കൊണ്ടു മാത്രം നമ്മുടെ റേഷൻ നിലനിറുത്തുവാൻ സാധിക്കുകയില്ല. പതിനായിരവും ലക്ഷവും പറ നെല്ലു് കൈവശമുള്ളവരുടെ കൈയിൽ നിന്നും അതു വാങ്ങിക്കാതെ അവരെ അതു കരിഞ്ചന്തയിൽ വിൽക്കാൻ അനുവദിക്കുന്ന നമുക്കു് ഇന്ത്യയുടെ മററു ഭാഗങ്ങളിൽ നിന്നു നെല്ലെടുത്തു് നമുക്കു തരണമെന്നു പറയുവാൻ ധാർമ്മികമായ ന്യായമില്ല. എന്നാൽ ഒരു കാര്യം ചെയ്യുന്നതു നന്നായിരിക്കും. ഈ നെല്ലു് മാത്രം വിററു് ഉപജീവനം കഴിച്ചുവരുന്ന സാധുക്കളെ ഇതിൽനിന്നും ഒഴിവാക്കേണ്ടതാണു്. ചിലപ്പോൾ അവരുടെ കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനോ അല്ലെങ്കിൽ കുറെ തുണി വാങ്ങിക്കാനോ അവർക്കു കുറച്ചു നെല്ലു വിൽക്കേണ്ടിവന്നേക്കും. അങ്ങനെ കുറച്ചു നെല്ലു് സ്വതന്ത്ര മാർക്കററിൽ വിൽക്കുന്നതു് കരിഞ്ചന്തയായി കണക്കാക്കിക്കൂടാ. ചെറുകർഷകരെ സംബന്ധിച്ചിടത്തോളം ഒരു നിശ്ചിത അളവുവരെ അവരുടെ ഉൽപ്പന്നം വിൽക്കാൻ അവക്കു സ്വാതന്ത്ര്യം വേണം. ഇങ്ങനെയാണെങ്കിൽ ഉൽപാദകക്കു് പ്രോത്സാഹനവും ലഭിക്കും. അതുകൊണ്ടു് ഞാൻ പറയുന്നതു് നെല്ലു വിൽക്കുന്നതിനു് ഒരു പരിധി നിശ്ചയിച്ചു് ചെറുകർഷകക്കു് അവരുടെ സ്വന്തം നെല്ലു് വിൽക്കുന്നതിനനുകൂലമായ ഒരു പരിതഃസ്ഥിതി സംജാതമാക്കണമെന്നാണു്. പക്ഷെ അതു ജന്മിമാക്കു് മുതലെടുക്കാനുള്ള രീതിയിലായിരിക്കയും പാടില്ല.. ചെറുകർഷകക്കു് കൊടുക്കുന്ന സ്വാതന്ത്ര്യം വൻകിട ഭൂവുടമകൾക്കുണ്ടാകാൻ പാടില്ല. അതിനനുസരണമായി ഒരു സ്കീം തയ്യാറാക്കണം. അതിൻെറ വിശദാംശങ്ങളെപ്പററി ചർച്ചചെയ്യാനായി പാർട്ടിവ്യത്യാസം കൂടാതെ എല്ലാ പാർട്ടിയിലുമുള്ളവരേയും വിളിച്ചുകൂട്ടി അവരുമായി ആലോചിക്കാൻ ഗവണ്മെൻറ് ഒരുക്കമാണെങ്കിൽ രാജ്യത്തെ ആകമാനം ബാധിക്കുന്ന— പ്രത്യേകിച്ചു് സാധാരണക്കാരനെ ബാധിക്കുന്ന- ഈ പ്രശ്നത്തിൽ സഹകരിക്കാനും വിശദമായ നിർദ്ദേശങ്ങൾ ആ അവസരത്തിൽ സമർപ്പിക്കാനും ഞങ്ങൾ തയ്യാറാണു്.

Shri A. Thanu Pillai: May I make one observation. Since a very important matter has been brought up, I think that further discussion may be continued only after the Government Benches explain their stand with regard to this matter.

Mr. Speaker: That will be going back on the decision that we took, all the motions to be moved under Sub-heads (a) and (b) and sufficient time to be given to the Minister in charge to reply in a general way. What I propose to do is to put the cut motions on different heads and ultimately to put the demand also to vote.

Shri A. Thanu Pillai: My suggestion is not that the hon. Minister should not exercise his right of reply at the end, but to make clear Government's position at this stage, so that further speeches may be made unnecessary.

Shri Panampilli Govinda Menon: On what particular point Sir?

Shri A. Thanu Pillai: Control.

Mr. Speaker: Different hon. Members will raise different points and more points may hereafter be raised. Therefore, even if the Minister is called upon to reply now, that will not cover all the points raised by hon. Members.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സർ, മദ്രാസിൽ വിനിയന്ത്രണം ഏർപ്പെടുത്തുകയും ഇൻഡ്യയുടെ മററുഭാഗങ്ങളിൽ അതു സ്വാഗതം ചെയ്യുകയും ചെയ്തതോടുകൂടി തിരുവിതാംകൂർ-കൊച്ചിയിലും ഭക്ഷ്യനയത്തിൽ എന്തെങ്കിലും മാററംവരുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. അതിന്റെ പ്രാരംഭമെന്നവണ്ണം, അങ്ങനെ എന്തെങ്കിലും മാററംവരുത്താൻ ഉദ്ദേശിക്കുകയാണെങ്കിൽ അതു ഈ സഭയിൽ ഭക്ഷ്യമന്ത്രി വ്യക്തമാക്കിയാൽ ഈ നയത്തെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായം കൂടി പ്രകടിപ്പിക്കുന്നതിനു കഴിയുമായിരുന്നു. അദ്ദേഹം അതു ചെയ്തില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം അറിഞ്ഞാൽ അതുപോലെ നയം ഉണ്ടാക്കാൻ ശ്രമിക്കാം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഈ പ്രശ്നത്തെപ്പററി അഭിപ്രായം പറയുന്നതിന് ആകെ അഞ്ചുമിനിട്ടുമാത്രമേ തന്നിട്ടുള്ളു എങ്കിലും ഉള്ള സമയംകൊണ്ടു എന്റെ അഭിപ്രായം ഏറെക്കുറെ മനസ്സിലാക്കുന്നതിനു ശ്രമിക്കാം. ഇവിടെ ഇന്നു ചീഫ്മിനിസ്റ്ററായിരിക്കുന്ന ശ്രീ. ഏ. ജെ. ജാൺ, ധനകാര്യമന്ത്രിയായിരിക്കുമ്പോൾ, നമ്മുടെ ഭക്ഷ്യനിലയെ സംബന്ധിച്ചു ചില കണക്കുകൾ അന്നത്തെ അസംബ്ലിയിൽ അദ്ദേഹം പറഞ്ഞിട്ടുണ്ടു്. ൧൨ ഔൺസു ഭക്ഷ്യധാന്യങ്ങൾ വീതം ഒരാൾക്കു് നൽകുന്ന പക്ഷം, ഈ രാജ്യത്തെ ജനങ്ങൾക്കു ൯൨൯,൦൦൦ ടൺ അരി ആവശ്യമാണെന്നാണ് അദ്ദേഹം പറഞ്ഞതു്. അതിൽ ഇവിടെ ഉണ്ടാകുന്നതു് ൨൭൫൦൦൦ ടൺ മാത്രമാണ്. ഇതു ആകെ ആവശ്യമുള്ളതിന്റെ ൪൦ ശതമാനമാണ്. എന്നാൽ ഇന്നു ജനസംഖ്യ ൯൨ ലക്ഷമായി വർദ്ധിച്ചിരിക്കുകയാണ്, ആ സ്ഥിതിക്കു നമുക്കു ൧൨ ലക്ഷം ടൺ അരിയിൽ കുറയാതെ ആവശ്യമുണ്ടു്. കോടിക്കണക്കിനു രൂപാ ഭക്ഷ്യോല്പാദനവർദ്ധനവിനു ചെലവിട്ടിട്ടുണ്ടെങ്കിലും ഉൽപ്പാദനം ഒട്ടും വർദ്ധിച്ചിട്ടില്ലെന്നു മുഖ്യമന്ത്രിതന്നെ സമ്മതിച്ചിട്ടുണ്ടു്. അപ്പോൾ നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങളുടെ മുഖ്യഭാഗം കേന്ദ്രത്തിൽ നിന്നും കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്. മദ്രാസിലും ബീഹാറിലും ഏർപ്പെടുത്തിയിരിക്കുന്ന വിനിയന്ത്രണം നമുക്കു വെളിയിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനുള്ള സാദ്ധ്യതകളെ കുറയ്ക്കുകയാണു ചെയ്തിരിക്കുന്നതു്. മിച്ചപ്രദേശങ്ങളിൽ വിനിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഫലമായി അവിടങ്ങളിൽ നിന്നും സംഭരണത്തിനുള്ള സാദ്ധ്യതകൾ കുറയുന്നതാണ്. ഇപ്പോൾതന്നെ നമുക്കാവശ്യമുള്ളതിന്റെ പകുതിപോലും നൽകുവാൻ കേന്ദ്രഗവണ്മെന്റിനു കഴിയുന്നില്ല. മിച്ചപ്രവിശ്യകളിൽ നിന്നും സംഭരണംകുറയുന്ന സാഹചര്യങ്ങളിൽ ഇപ്പോൾ ലഭിക്കുന്നതുപോലും ഇല്ലാതാകുന്നതിനാണു സാദ്ധ്യത. ഈ സ്ഥിതിക്കു നാം നമ്മുടെ നിലയെപ്പററി ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇൻഡ്യക്കു

വെളിയിൽനിന്നും പഴയപോലെ ആഹാരസാധനങ്ങൾ വരുത്തുന്നതിനു ഇന്നു നിവൃത്തിയില്ല. അതു മുഴവൻ കേന്ദ്രഗവണ്മെൻറിൻെറ നിയന്ത്രണത്തിലാണു്. ഇൻഡ്യയിൽതന്നെ സ്റ്റേററുകളും സ്റ്റേററുകളും തമ്മിലുള്ള വ്യാപാരവും നിരോധിച്ചിരിക്കുകയാണു്. നമ്മുടെ അടുത്ത പ്രവിശ്യയായ മദ്രാസിൽ അരിയുണ്ടെങ്കിലും നമുക്കു നേരിട്ടുവാങ്ങുവാൻ ഇന്നു അനുവാദമില്ല. ഇൻഡ്യ ഒട്ടാകെ ഭക്ഷ്യനിയന്ത്രണം ഏർപ്പെടുത്തുന്നതിനുമുൻപു നമുക്കു് അരി നൽകിയിരുന്നതു മദ്രാസായിരുന്നു. ഇന്നു അവിടെ അധികമുണ്ടായിരുന്നാലും നമുക്കു വാങ്ങുവാൻ ആവില്ല. അതുകൊണ്ടു് ഉടനടി സ്റ്റേററുകളും സ്റ്റേററുകളും തമ്മിൽ ഭക്ഷ്യധാന്യങ്ങളിലുള്ള വ്യാപാരനിയന്ത്രണം ഉടനടി എടുത്തുകളയുന്നതിനു് നാം ഒന്നായി ആവശ്യപ്പെടണം. അതുപോലെതന്നെ നമുക്കു ഭക്ഷ്യധാന്യങ്ങൾ നൽകുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ കേന്ദ്രഗവണ്മെൻറിനെ അനുവദിച്ചുകൂടാ. ഇൻഡ്യ ഏകവും അവിഭാജ്യവും എന്നു പറയുകയും അതെ അവസരത്തിൽ ഇൻഡ്യയുടെ ഒരു കോണിലുള്ളവർ മാത്രം പട്ടിണിയിലേക്കു വലിച്ചെറിയപ്പെടുകയും ചെയ്യുകയെന്നുള്ളതു് മേല്പറഞ്ഞ തത്വവുമായി പൊരുത്തമുള്ളതല്ല. ഇവിടെ നിന്നും ലോകകമ്പോളത്തിൽ വിലമതിപ്പുള്ള വളരെയധികം കാർഷിക വ്യാവസായികോല്പന്നങ്ങൾ പ്രതിവർഷം കയററി അയയ്ക്കുന്നുണ്ടു്. ഇതിൽ നിന്നുകിട്ടുന്ന ഡാളറിൻെറ പകുതി മതിയാകും നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനു്. അതിനാൽ നമ്മുടെ മുഴവൻ കഴിവുകളും ഉപയോഗിച്ചു് കേന്ദ്രഗവണ്മെൻറിൽ നമുക്കാവശ്യമുള്ള അരി ലഭിക്കുന്നതിനു സമ്മർദ്ദം ചെലുത്തണം. അങ്ങനെ ലഭിക്കുന്നതും ഇവിടെനിന്നു സംഭരിക്കുന്നതുമായ ധാന്യംകൊണ്ടു ജനങ്ങൾക്കു സ്റ്റാററ്യൂട്ടറി റേഷൻ ഉറപ്പു നൽകണം. അല്ലാതെ ഇവിടെയും വിനിയന്ത്രണം ഏർപ്പെടുത്തുവാൻ ഒരുമ്പെട്ടാൽ അതു അപകടമാണു്.

ഈ ഗവണ്മെൻറു നിയന്ത്രണം നീക്കുന്നുവെന്നു കേട്ടപ്പോൾ സാധാരണക്കാരുടെ ഉള്ളിൽ കടന്നുകൂടിയതു ബംഗാളിലും ബീഹാറിലും മുൻപുണ്ടായ ക്ഷാമത്തെപ്പററിയുള്ള ഭീതിയാണു്. മദ്രാസിൽ വിനിയന്ത്രണം ഏർപ്പെടുത്തിയതുകൊണ്ടു ഇവിടെയും വിനിയന്ത്രണം ഏർപ്പെടുത്തുകയാണെങ്കിൽ എന്താണു സംഭവിക്കുകയെന്നുള്ളതു കണ്ടറിയേണ്ട ഒരു കാര്യമാണു്. ഒന്നാമതു് മദ്രാസിലെയും ബീഹാറിലെയും സ്ഥിതിയല്ല ഇവിടെയുള്ളതു്. മദ്രാസിൽ ൩ ശതമാനം മാത്രം കമ്മിയുണ്ടായിരിക്കെ, തിരുവിതാംകൂർ-കൊച്ചിയിൽ ൩൦ ശതമാനമാണു് കമ്മി. പഴയ ധനകാര്യമന്ത്രിയുടെ റിപ്പോർട്ടു അനുസരിച്ചുതന്നെ മദ്രാസിൽ ൩ ശതമാനവും, മൈസൂറിൽ ൧൫ ശതമാനവും ഹൈദരാബാദിൽ ൩ ശതമാനവും ഇവിടെയാണെങ്കിൽ ൩൦ ശതമാനവുമാണു കമ്മിയുള്ളതു്. മദ്രാസിൽ വിനിയന്ത്രണം ഏർപ്പെടുത്തിയെങ്കിലും ബീഹാറിലും അതുപോലെയുള്ള മററു പ്രദേശങ്ങളിലും നേരത്തെതന്നെ നിയന്ത്രണം ഇല്ലായിരുന്നുവെന്നു പ്രധാനമന്ത്രിതന്നെ പറഞ്ഞിട്ടുണ്ടു്. ഇന്നു അമേരിക്ക പണം തന്നാലും ആ പണംകൊണ്ടു ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ വാങ്ങിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യങ്ങളാണു ഇവിടെയുള്ളതു്. കൺട്രോൾ ഏർപ്പെടുത്തിയ കാലം മുതൽ ഇന്നുവരെയുള്ള നയം നോക്കിയാൽ കാൺഗ്രസിനു് ഈ കാര്യത്തിൽ ഒരു ശരിയായ നയം കൈക്കൊണ്ടു ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ആവശ്യത്തിനു മതിയാ

[ശ്രീ. എം. എൻ. ഗോവിന്ദൻനായർ]

കത്തക്കവണ്ണമുള്ള അരി കിട്ടിയില്ലെങ്കിൽ പട്ടിണി കിടക്കേണ്ടതു സാധാരണ ജനങ്ങളാണ്. ഈ യാഥാർത്ഥ്യം മറച്ചുവച്ചതുകൊണ്ടു യാതൊരു കാര്യവുമില്ല വേറൊരുകാര്യംകൂടി ഓർമ്മിക്കേണ്ടതാണ്. ഇംപോർട്ടഡ് റൈസിനു ആദ്യകാലം മുതൽ ഏററവും കൂടുതൽ വിലകൊടുക്കുന്നരാജ്യമാണ് നമ്മുടേതു്. മദ്രാസിലും മൈസൂറിലുമെല്ലാം ൧൫ രൂപയ്ക്കകത്തു വിലയുണ്ടായിരിക്കെ, ഇവിടെ ൧൭ രൂപാ ൧൨ അണയാണ്. സബ്സിഡിയെപ്പററി ഇവിടെ ഒന്നു രണ്ടുപ്രാവശ്യം പറയുകയുണ്ടായി; നമുക്കു വരുന്ന നഷ്ടത്തിന്റെ ൭൫ ശതമാനം സബ്സിഡി ഇൻഡ്യാഗവണ്മെൻറ തരുന്നുണ്ടെന്നു്. ഇതുനമുക്കുമാത്രമുള്ളതല്ല. ഇൻഡ്യാഗവണ്മെൻറ മററ പ്രാവിൻസുകൾക്കെല്ലാം കൊടുക്കുന്നതുപോലെ നമുക്കും തന്നുവെന്നേയുള്ളു. പിന്നെ ഈ സബ്സിഡിതന്നെ തരുന്നതു എന്നുമുതലാണ്. നമ്മുടെ നല്ല വരുമാനമുള്ള മിക്ക വരവിനങ്ങളും അവർ എടുത്തിട്ട് മററ പ്രാവിൻസുകൾക്കു കൊടുക്കുന്നതുപോലെ നമുക്കും സബ്സിഡി തരുന്നുണ്ടു്. അതും ഈ ഒന്നുരണ്ടുകൊല്ലമായി മാത്രം ആ സബ്സിഡി പോലും നിറുത്തുവാൻ ആലോചനയുണ്ടെന്നു കേൾക്കുന്നു. അതനുസരിച്ചു ചില കത്തുകളും കേന്ദ്രഗവണ്മെൻറ ഇങ്ങോട്ടു അയച്ചിരുന്നതായി പഴയ ധനകാര്യമന്ത്രിയുടെ പ്രസ്താവനയിൽ കാണുന്നുണ്ടു്. ഇതു വകവച്ചുകൊടുക്കാവുന്നതല്ല.

നമ്മുടെ ആവശ്യത്തിനു വേണ്ട ഭക്ഷണസാധനങ്ങൾ നാം വെളിയിൽനിന്നു വരുത്തുന്നതു് എത്രയുണ്ടോ ആ കുറവു പരിഹരിക്കുവാൻ, നാം പരിശ്രമിക്കണം

ഇതിനു മുമ്പ് ഈ സഭയിൽതന്നെ ഒരു ബഹുമാനപ്പെട്ട മെംബർ യൂണിററിന്റെ കാര്യം ചോദിച്ചപ്പോൾ ൪൬-ൽ ആകെ ഇന്ന സ്റ്റേററിൽ എത്രയുണ്ടെന്നുള്ളതിന്റെ ഒരു കണക്കു തന്നിട്ടുണ്ടു്. അതിനു ശേഷം ഇതുവരെയായിട്ടും ആ കണക്കു വർദ്ധിച്ചിട്ടില്ല. യഥാർത്ഥത്തിൽ നമുക്കു ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ എത്രയാണെന്നു കണക്കു നോക്കിയാൽ ൧൧ ലക്ഷം ടൺ വേണ്ടിവരും. അതിൽ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നതുപോകെ ബാക്കിയുള്ളതു് കേന്ദ്രത്തിൽനിന്നു കിട്ടുവാൻ ഈ സഭ ഒന്നായി ആവശ്യപ്പെടുകയും അതിനുവേണ്ടി പ്രക്ഷോഭണം നടത്തുകയും ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

അതുപോലെതന്നെ ഫുഡ്പ്രൊഡക്ഷന്റെ കാര്യത്തെ സംബന്ധിച്ചു് എന്റെ ചെറിയ ഒരു അനുഭവം വച്ചുകൊണ്ടു പറയാം.

Mr. Speaker: That is coming under sub-head (b) Food Production. Now we are at control. Anyhow, your time is up.

ശ്രീ. ആർ. കേശവപിള്ള : എത്ര ആളുകൾക്ക് എത്ര ഔൺസു വീതമെന്നു പറഞ്ഞിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : എഴുപത്തിയെട്ടര ലക്ഷം ആളുകൾക്കായിട്ട ൯൨൯,൦൦൦ ടൺ വേണമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കണക്കാക്കിയിട്ടുണ്ടു്.

ശ്രീ. ആർ. കേശവപിള്ള : ൧൬ ഔൺസുപ്രകാരമുള്ള കണക്കാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ൧൨ ഔൺസു വച്ചുള്ള കണക്കാണ്. ൧൬ ഔൺസ് എന്നുള്ളതു് അരിയെസംബന്ധിച്ചു മാത്രമുള്ളതാണ്. (ബെൽ)

ഞാൻ ഇതിനെ സംബന്ധിച്ച് കൂടുതൽ ഒന്നും പറയുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, നമ്മുടെ രാജ്യത്തു ഭക്ഷ്യോൽപ്പാദനം 30 ശതമാനത്തിലധികം കമ്മിയാണെന്നു ഇവിടെ സമർത്ഥിച്ചു കഴിഞ്ഞു. ഇവിടത്തെ ഭക്ഷണസാധനങ്ങളുടെ റേഷനിംഗിലുള്ള കള്ളങ്ങളും ദൂഷ്യങ്ങളുംകൊണ്ടു സാധാരണയാളുകൾക്കുപോലും അതിൻെറ സംഭരണരീതിയിലും വിതരണരീതിയിലും വെറുപ്പു വന്നിട്ടുണ്ടെന്നുള്ളതു ഒരു വാസ്തവമാണ്. വിനിയന്ത്രണം നടപ്പിൽ വരുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ടെന്നു അറിഞ്ഞപ്പോൾതന്നെ ഇവിടെയുള്ളവരിൽ പല വിഭാഗക്കാരും അതിനെ ആശയോടുകൂടി ഉററു നോക്കുന്നുണ്ട്. ഭക്ഷ്യനിയന്ത്രണത്തിൻെറ തത്വത്തിലുള്ള ദൂഷ്യമല്ല, അതിൻെറ നടത്തിപ്പിലുള്ള ദൂഷ്യമാണ് അതിനു കാരണം. തിരുവിതാംകൂർ-കൊച്ചി കാൺഗ്രസ്സ് ഗവണ്മെൻറ് ഇവിടത്തെ സാധാരണ ജനങ്ങളുടെ കഷ്ടതകളെപ്പററി മനസ്സിലാക്കി ശരിയായ വിധത്തിൽ ഭക്ഷ്യധാന്യങ്ങൾ വിതരണംചെയ്യാത്തതുകൊണ്ടാണ് ആ പ്രക്ഷോഭണങ്ങൾ അന്തമായററം കൂട്ടതലായി തീർന്നിട്ടുള്ളതു്. ഇവിടെ റേഷൻസമ്പ്രദായം തുടങ്ങിയതായ കാലംമുതൽക്കുതന്നെ ഇന്നാട്ടിൽനിന്നു എൺപതിനായിരം ടൺ ധാന്യം ശേഖരിക്കേണ്ടതാണെന്നു ഗവണ്മെൻറ കണക്കാക്കിയിട്ടുണ്ട്. ഗ്രോ മോർ ഫുഡ് പദ്ധതിയിൻ വർദ്ധിച്ചുവന്നതിനു ശേഷംപോലും ഇതുവരെയായി എൺപതിനായിരം ടൺ അരി ശേഖരിക്കുവാനുള്ള മാർഗ്ഗത്തിൽ എത്തിച്ചേരുവാൻ നമ്മുടെ ഗവണ്മെൻറിനു സാധിക്കാത്തതു എന്തുകൊണ്ടാണെന്നു ആലോചിച്ചാൽ, നമുക്കു ആവശ്യമുള്ള ഭക്ഷണസാധനങ്ങളുടെ നിയന്ത്രണം കേന്ദ്രത്തിൻെറ കയ്യിൽ വിട്ടുകൊടുത്തതുകൊണ്ടാണെന്നു മനസ്സിലാകും.

ഒരു സംഗതി ഇവിടെ പറയുവാൻ എനിക്കാഗ്രഹമുണ്ട്. ഇതൊരു പാർട്ടിപ്രശ്നമായി എടുക്കരുതെന്നു ഞാൻ ട്രഷറി ബഞ്ചിലിരിക്കുന്ന എൻെറ ബഹുമാന്യസ്നേഹിതന്മാരോടു ആവശ്യപ്പെടുന്നു. ഈ ഭക്ഷണപ്രശ്നം എല്ലാ പാർട്ടികളിലെ അംഗങ്ങളും ഉൾക്കൊള്ളുന്ന ഒരു പ്രത്യേക കമ്മിററിക്കു്, ഈ അസംബ്ലിയിൽനിന്നും തിരഞ്ഞെടുക്കുന്ന ഒരു കമ്മിററിക്കു വിട്ടുകൊടുക്കണം. അവരുടെ മേൽനോട്ടത്തിൽ ഉണ്ടാക്കുന്ന ലോക്കൽബോർഡുകൾമുഖാന്തരംവേണം പ്രൊക്യൂവർമെൻറ നടത്തുവാൻ, എന്നാൽമാത്രമെ അതു ശരിക്കു നടക്കുകയുള്ളു.

ശ്രീ. കെ. എം. കോര: പ്രൊക്യൂവർമെൻറ മാത്രം മതിയോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: പ്രൊഡക്‌ഷനും പ്രൊക്യൂവർമെൻറും നാട്ടിൻെറ നന്മയെ ആസ്പദമാക്കി മുന്നോട്ടു പോയാൽ മാത്രമെ ഇവിടത്തെ ഭക്ഷണപ്രശ്നം പരിഹരിക്കപ്പെടുകയുള്ളു.

അതേ സമയംതന്നെ ഒരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. ഇപ്പോഴത്തെ റേഷനിംഗിൽ കുറെ ഗോതമ്പ്—എത്ര ഔൺസെന്നു നിശ്ചയമില്ല—നിർബന്ധിതമായി വാങ്ങണമെന്നു വച്ചിട്ടുണ്ട്, എന്നുതന്നെയല്ല, ഗോതമ്പു റേഷൻ കൂട്ടുകയും ചെയ്തു. ഗോതമ്പിനു ബ്ലാക്കുമാർക്കററിൽ വില കുറച്ചു കിട്ടുന്നുണ്ടെന്നുള്ളതു ഒരു വാസ്തവം മാത്രമാണ്. അതുകൊണ്ടു ഗോതമ്പു വാങ്ങണമെന്നുള്ള നിർബന്ധിതനയം നിറുത്തലാക്കണം.

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

മറെറാരു കാര്യംകൂടി ഈ സഭയെ അറിയിക്കാനുണ്ട്. ഈ നാട്ടിലെ സാധു കർഷകരും ഇടത്തരം കൃഷിക്കാരും ഈ പ്രൊക്യൂവർമെൻറ സിസ്റ്റംകൊണ്ടും, നെല്ലിനു കിട്ടുന്ന വിലക്കുറവുകൊണ്ടും വളരെ അതൃപ്തരായി കഴിഞ്ഞുകൂടുകയാണ്. അങ്ങനെയുള്ള സാധു കൃഷിക്കാരുടെയും ഇടത്തരം കൃഷിക്കാരുടെയും കഷ്ടതകൾക്ക ആശ്വാസം നൽകുന്നതിനുള്ള ഒരു പദ്ധതി കൈക്കൊണ്ടു ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ടുള്ള ഒരു കമ്മിററിയുണ്ടാക്കി, ഒരു പുതിയ ഭക്ഷ്യനയം സ്വീകരിച്ചാൽമാത്രമെ ഇന്നത്തെ ഭക്ഷണപ്രശ്നത്തിനു പരിഹാരമുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബർ ഇടത്തരം കൃഷിക്കാരെന്നു പറഞ്ഞതു് ഏകദേശം എത്ര ഏക്കർ ഉള്ളവരെയാണ് ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: കൃത്യമായി പറയുവാൻ നിവ്വാഹമില്ല. എന്നിരുന്നാലും ഉദ്ദേശം 600 പറ നെല്ലിനകമായി കിട്ടുന്നയാൾ ഇടത്തരം കർഷകനാണ്. നാലോ അഞ്ചോ ഏക്കർ ഭൂമിയിൽ കൃഷി ചെയ്യുന്ന കൃഷിക്കാരെ ഉദ്ദേശിച്ചാണ് ഞാൻ പറയുന്നതു്.

ഈ വിധത്തിൽ ഈ അസംബ്ലി തിരഞ്ഞെടുക്കുന്ന ഒരു കമ്മിററിയുടെ അധികാരപരിധിക്ക ഇവിടത്തെ ഭക്ഷണപ്രശ്നം വിട്ടുകൊടുത്തു അവരുടെ മേൽനോട്ടത്തിൽ പ്രവത്തിച്ചാൽമാത്രമെ ഇതിനു പരിഹാരമുണ്ടാകയുള്ളൂ. അതുകൊണ്ടു ഇതിലേയ്ക്കു ഒരു കമ്മിററി വച്ചു അവരുടെ നിർദ്ദേശമനുസരിച്ചു മുന്നോട്ടു പോകണമെന്നാണ എനിക്ക ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു്.

ശ്രീ. പി. ഭാസ്കരൻ നായർ: നമ്മുടെ നാടിനെ ഏററവും കൂടുതൽ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു കാര്യമാണ് ഭക്ഷണപ്രശ്നം. ഇവിടത്തെ നെല്ലെടുപ്പിൻെറ അസഹനീയതകൊണ്ടും, നെല്ലെടുപ്പുരീതിയിലെ അനീതികൊണ്ടും കഷകരും സാമാന്യജനങ്ങളും ഏററവും അധികം ക്ലേശിക്കുന്നുണ്ട്. ചെറുകൃഷിക്കാരെ സംബന്ധിച്ചിടത്തോളം നെല്ലെടുപ്പല്ല, അവരുടെ കൊള്ളയടിപ്പാണ നടത്തുന്നതെന്നു നാട്ടിൻെറ നാനാഭാഗങ്ങളിലും പരാതിയുണ്ട്. അതിനുകാരണം കേവലം ഉദ്യോഗസ്ഥവൃന്ദത്തെമാത്രം ആലംബമാക്കി ഈ പദ്ധതി നടപ്പാക്കുവാൻ ഗവണ്മെൻറ ശ്രമിക്കുന്നതത്രെ. ഈ നെല്ലെടുപ്പുരീതിതന്നെ ജനസ്വാധീനമുള്ള കമ്മിററികൾക്ക വിട്ടുകൊടുത്തു് ആ ജനകീയകമ്മിററികൾ മുഖാന്തിരം നെല്ലെടുപ്പു നടത്തുകയാണെങ്കിൽ ഇത്രയും പരാതികൾ ഉണ്ടാകുമായിരുന്നില്ല. മദ്രാസിൽ നിയന്ത്രണം നീക്കിയതുകൊണ്ട് ഇവിടെയും ഭക്ഷ്യധാന്യങ്ങളുടെ നിയന്ത്രണം നീക്കാമെന്നുള്ള ചിന്താഗതി ഇവിടെ ചിലരുടെ ഇടയിൽ കാണുന്നുണ്ട്. വാസ്തവത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ മറെറാരു സക്കാരിനെ അനുകരിക്കുകയെന്നുള്ളതു് കമ്മിപ്രദേശമായ തിരുവിതാംകൂർ-കൊച്ചിക്ക് ഒട്ടും യോജിച്ചതല്ല. അതുകൊണ്ട് ഇന്നത്തെ നിലയിൽ ഈ സംസ്ഥാനത്തു് നിയന്ത്രണം നീക്കുകയെന്നുള്ള സംഗതി ചിന്തനീയമല്ല. എന്നാൽ ഒരുകാര്യം തീർച്ചയായും ചെയ്യേണ്ടതുണ്ട്. ചെറിയ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവക്കാശ്വാസം നൽകുന്നതിനുവേണ്ടി

കുറച്ചു് അയവുള്ള ഒരു നയം സ്വീകരിക്കണം. എന്നാൽ ഭൂമിയിൽ നേരിട്ടു് അദ്ധ്വാനിക്കാത്ത യാതൊരു ജന്മിയേയും നെല്ലെടുപ്പിൽനിന്നു് ഒരിക്കലും ഒഴിവാക്കാൻ അനുവദിച്ചുകൂടാ. ആ വിധത്തിൽ ഗവണ്മെന്റു് ചെറിയ കൃഷിക്കാരുടെ കാര്യത്തിൽ ആശ്വാസനടപടി കൈക്കൊണ്ടു് ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും, ഇപ്പോഴത്തെ വിതരണരീതിയിൽ ഒരു നവീനപദ്ധതി സ്വീകരിക്കുകയും ചെയ്യേണ്ടതാണു്.

ശ്രീ. കെ. എം. കോര: നേരിട്ടു കൃഷിചെയ്യാത്ത ജന്മിമാർക്കു് അവരുടെ കുടുംബാവശ്യത്തിലേയ്ക്കല്ലാതെ വേറെ വല്ല ആവശ്യങ്ങൾക്കും നെല്ലു് കൊടുക്കുന്നുണ്ടോ?

ശ്രീ. പി. ഭാസ്കരൻ നായർ: ഇപ്പോൾ അങ്ങനെ കൊടുക്കുന്നുണ്ടു്. മേലാൽ അങ്ങനെ കൊടുക്കരുതെന്നാണു ഞാൻ പറയുന്നതു്. അവരുടെ ആവശ്യത്തിനുള്ള നെല്ലു് കൊടുക്കേണ്ടതു അത്യാവശ്യമാണു്. തോരാത്ത നല്ല മഴയുണ്ടെങ്കിൽ, റേഷൻ നെല്ലായിട്ടേ നൽകുകയുള്ളു എന്നു് ഇവിടെ നിർബന്ധമുള്ളതുപോലെ തോന്നിപ്പോകുന്നു. കോട്ടയത്തിനടുത്തു് പാമ്പാടിയിൽ അടുത്തു കഴിഞ്ഞ ആഴ്ചകളിൽ വിതരണംചെയ്ത നെല്ലു് ഞാൻ കണ്ട [illegible]യിൽ നാലിലൊരു [illegible]ത്തിൽ കൂടുതൽ പതിരുതന്നെ [illegible]യുന്നു. ആ വസ്തുത [illegible]ഭയിലെ വിജയപുരം മെംബർ ഡാക്ടർ പി. ടി. തോമസ് നേരിട്ടറിഞ്ഞിട്ടുള്ളതാണു്. അത്രയധികം പതിരു നെല്ലിൽ കലർത്തി വിതരണം ചെയ്യുന്ന സമ്പ്രദായം ഉടനടി തടയേണ്ടതാണു്. ഇതിനെല്ലാം മേൽനോട്ടം വഹിക്കുവാനുള്ള ചുമതല ജനങ്ങളുടെ പ്രാതിനിദ്ധ്യമുള്ള കമ്മിററികൾക്കു് വിട്ടുകൊടുത്താൽ ജനങ്ങളിൽനിന്നുള്ള ഈ പരാതി വളരെ മാറിക്കിട്ടും. അതിനുള്ള നടപടികൾ സത്വരം കൈക്കൊള്ളണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജനകീയ കമ്മിററികളെ തെരഞ്ഞെടുക്കേണ്ടതു് എന്തടിസ്ഥാനത്തിലാണു്?

ശ്രീ. പി. ഭാസ്കരൻനായർ: പ്രായപൂർത്തി അടിസ്ഥാനത്തിൽത്തന്നെ തിരഞ്ഞെടുക്കണം.

റേഷനിംഗ് ഇവിടെ ശരിയായി നടത്തുന്നതിനു് കൂടുതൽ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിയാലല്ലാതെ ഇന്നത്തെ ദയനീയസ്ഥിതിയിൽനിന്നു നമുക്കു് കരകയറുവാൻ നിവൃത്തിയില്ല. ഇതു് ഒരു പാർട്ടി പ്രശ്നമാക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതു് നമ്മുടെ മുഴുവൻ ജനതയേയും ഒരുപോലെ നേരിടുന്ന ജീവൽപ്രശ്നമാണു്. നാം ഒത്തൊരുമിച്ചു് ഒററയാളെന്നപോലെ ഈ പ്രശ്നം പരിഹരിക്കാൻ പരിശ്രമിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், உணவு பிரச்சினை என்பது ஒரு பெரிய பிரச்சினை. இதைவிட பெரிய பிரச்சினைகிடையாது. தற்போது நமது நாட்டு மக்களுக்கு உண்ண உணவில்லை. திருவிதாங்கூர்-கொச்சிக்கு வேண்டிய உணவில் 40 சதமானந்தான் இங்கு உற்பத்தியாகிறது. பாக்கி 60 சதமானம் உணவை நாம் அயல் நாடுகளிலிருந்து எதிர்பார்க்கிறோம். இங்கு உணவு உற்பத்தியைப் பெருக்கத் திட்டங்கள்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

வருத்திருந்தபோதிலும், இதுவரையில் உணவு உற்பத்தி பெருகினதாகக் காணவில்லை. ஏனென்றால் இன்னும் வேறிடங்களிலிருந்து முன்பு கொண்டுவந்ததுபோல் உணவு பொருள்கள் கொண்டுவர வேண்டியதாயிருக்கிறது. மக்களுக்கு மிக அவசியமானது உணவு. ஆனால் உணவு பிரச்சினையை விட அதை தீர்க்கவந்த கண்ட்ரோல், அதை விட அதிக தொல்லை கொடுக்கும் பிரச்சினையாகிவிட்டது. ஸார், பதினைந்து லக்ஷம் ரூபாய் ஜனங்களிடமிருந்து பிரித்து இந்த 40சதமானம் உணவை இந்நாட்டில் விளையக்கூடிய உணவை எடுத்து வருகிறது. ஏழை கிருஷிகர்களிடமிருந்து அதிகாரிகள் நெல் அளப்பதையும், வாங்குவதையும் பார்த்தால் மனிதனைப் பிறந்தவன் யாரும் சகிக்கமாட்டார்கள். ஸார், நானும் ஒரு கிருஷிகன். நெற்கிருஷி செய்யப்படும் ஊரிலிருந்து வருகிறேன். நான் ஒரு கிருஷிகன் என்ற முறையில் அங்கு என்ன நடக்கிறது என்பதை சொல்ல ஆசைப்படுகிறேன். அங்கே ஆயிரம், இரண்டாயிரம் கோட்டை நெல் அளக்கக் கூடிய பெரிய நில உடமஸ்தர்களிருக்கிறார்கள். இவர்களிடமிருந்து நியாயமான அளவு நெல் எடுக்கப்படுவதில்லை. அவர்களிடம் நெல்லெடுப்பு உத்தியோகஸ்தர்களுக்கு அணுகவே முடியாது. ஸார், அவர்களிடம் போகவே நடுங்குகிறார்கள். சாதாரண கிருஷிகன்—நான்கு அல்லது ஐந்து ஏக்கா பாட்டத்துக்குப் பயிரிடும் ஏழை கிருஷிகர்களிடமிருந்து பலாத்காரம் செய்து, இந்த ஏழைகளின் உணவுக்குக் கூட கொடுக்காமல் உணவு தானியத்தை எடுத்துக்கொண்டு போகிறார்கள். இரவு பகலாக தங்கள் நெற்றி வியர்வையை நிலத்தில் சிந்தி பயிர் செய்யும் ஏழை விவசாயிகளுக்கு நல்ல நெல் கிடையாது. அவர்களுக்கும் ரேஷன், அப்படியே நெல் கொடுத்தாலும் அது பொடியும், சாவியுந்தான். ஸார், நெல்லெடுக்கும் அதிகாரிகள், வயல்களில் நெல் அறுவடையானவுடனே, அங்கு வந்து, அந்தப் பச்சை நெல்லை அளந்து சாக்குகளில் கட்டி ஸ்டோர்களில் போட்டு பூட்டுகிறார்கள். அறுவடையான நெல்லை எப்படிப் பக்குவப்படுத்தவேண்டுமென்பது கிருஷிகர்களுக்குத்தான் தெரியும். அறுவடையான நெல்லை வெயிலில் நன்றாகக் காய வைக்கவேண்டும். அதல்லாமல் பச்சை நெல்லாக சாக்குகளில் அடைத்து அறைகளில் பூட்டிவிட்டால், அது உளுத்து யாதொரு பிரயோஜனமுமில்லாமல் போய்விடும். இதே உளுத்த நெல்லைத்தான் திருவனந்தபுரம், மற்றயிடங்களுக்கு ஏற்றி அனுப்புகிறார்கள். ஸார், இந்த நெல்லெடுக்கும் அதிகாரிகளிடம் கைக்கூலியும், லஞ்சமும் தாண்டவமாடுகின்றன. நெல்லெடுக்கும் ஏதாவது ஒரு சிறிய அதிகாரி 30அல்லது 50 ரூபாய் சம்பளம் வாங்கும் அதிகாரி, ஒன்று அல்லது இரண்டு வருடங்கள் இந்த உத்தியோகத்தில் இருந்தால் போதும். அவர் திடீரென்று ஒரு லக்ஷாதிப்பிரபுவாய் விடுவார். ஸார், நூறு பறை நெல் அளக்கிறார் என்று வைத்துக்கொள்வோம். இவர்கள் அளக்கும் முறையில் ஏகதேசம் பத்து பறை நெல் மிச்சம் வரும். எத்தனையோ லக்ஷம் பறை நெல் அளந்து எடுக்கிறார்கள். எவ்வளவு நெல் மிச்சம் வரும் என்று பாருங்கள். இது யாருடைய நெல்? ஏழை கிருஷிகர்களுடைய நெல். ஸார், நான் சொல்வது நல்ல முறையில் நெல் அளக்

கவேண்டும். சரியான கன்ட்ரோல் இருக்க வேண்டும். அல்லது இவைகளை எடுத்து விடவேண்டும். எடுக்கக்கூடிய நெல்லையும் சரியான முறையில் எடுக்கவேண்டும். சரியான முறையில் சப்ளை செய்ய வேண்டும். ஸர், தற்போது நாஞ்சிநாட்டில் நடப்பது பகல் கொள்ளை. இன்று நடக்கும் ஊழலுக்கும், லஞ்சத்திற்கும் இந்தக் கன்ட்ரோல் தான் காரணம். யார் யார் Blackmarket அடிக்கிறார்களோ அவர்கள் யாவரும் இந்த சமுதாய துரோகிகள். ஸர், Production–ஐயும் சரியாகயிருக்கவேண்டும், procurement-யும் சரியாக நடத்தவேண்டும். ஸர், இந்நாட்டில் ஆயிரக்கணக்கான பூமிகள் யாதொரு சாகுபடியும் செய்யாமலிருக்கின்றன நம்நாட்டில் ஏராளம் கிருஷித்தொழிலாளிகளுமிருக்கின்றனர். இந்த நிலங்களை நிலமற்ற கிருஷித்தொழிலாளர்களுக்கு கொடுத்து கிருஷி செய்யச் சொன்னால் நிச்சயமாக நமது நாட்டில் இனியும் நாற்பதல்ல ஐம்பது சதமானம் கூடுதல் உணவு உற்பத்தி செய்யலாம். ஸர் ஸி. பி. ராமசாமி அய்யர் இங்கு திவானாகயிருக்கும்போது வங்கத்தில் பஞ்சம். அப்பொழுது காந்திஜி திருவிதாங்கூரில், கிழங்குவகைகளும், பழவகைகளும், மீனும் கிடைக்கும் திருவிதாங்கூரில் பஞ்சம் வரவே வராது என்று கூறியது எனக்கு ஞாபகத்திற்கு வருகிறது. கன்ட்ரோல் தற்போது ஒரேயடியாய் Blackmarket ஆய்விட்டது. அரிசி சைக்கிள்களில் வருகிறது. இன்று காலையில் கூட நான் வரும்போது பார்த்தேன். இதையெல்லாம் இந்த அரசாங்கம் பார்த்துக்கொண்டிருக்கிறது. ஸர், கவர்ன்மென்று சட்டம் என்றால் அது முதலாளிகளுக்கும், தொழிலாளிக்கும் ஒன்று போலிருக்கவேண்டும். முதலாளிகளுக்கு ஒரு சட்டமும், தொழிலாளிகளுக்கு ஒரு சட்டமுமாக இருக்கக்கூடாது. உணவு பிரச்சினை தீரவேண்டுமானால், நம்நாட்டிலே கிருஷியைப் பெருக்கி கன்ட்ரோலையும் சரியாக்கவேண்டும். திட்டமிட்ட உற்பத்தியும் விநியோகமும் வேண்டும். ஒரு சரியான Land policy, distribution எல்லாவற்றையும் பொறுத்திருக்கிறது. ஸர், இந்த விஷயங்களையெல்லாம் ஆலோசித்துப் பார்த்து உணவு பிரச்சினையைத் தீர்க்க அரசாங்கம் வேண்டுவன செய்ய வேண்டுமென்று கேட்டுக்கொள்கிறேன்.

ശ്രീ. എം. സി. മാത്യു: ഗവണ്മെൻറിൻെറ ഭക്ഷ്യനയത്തെ സംബന്ധിച്ചും ഇന്നത്തെ പ്രൊക്യൂവർമെൻറിലുള്ള പല പരാതികളെക്കുറിച്ചും ഇവിടെ പല മെമ്പറന്മാരും പ്രസ്താവിച്ചു. അതു് ഞാൻ ആവർത്തിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. പക്ഷെ ഒരുകാര്യം ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. എത്ര സദുദ്ദേശത്തോടുകൂടിത്തന്നെയായാലും ഗവണ്മെൻറു് സെക്രട്ടറിയേററിൽനിന്നോ സിവിൽസപ്ലൈസ് കമ്മീഷണർ ആഫീസിൽനിന്നോ ഒരു ഉത്തരവു് അയച്ചാൽ അതു് നടപ്പിലാക്കേണ്ട കീഴ് ഉദ്യോഗസ്ഥന്മാർ അതു് ശരിയായി നടപ്പാക്കുന്നില്ല. അതിനു് തീർച്ചയായും ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതാണു്. ഈ പ്രൊക്യൂവർമെൻറുമൂലം ഇന്നു് കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകൾക്കു് പരിഹാരം വേണമെന്നുണ്ടെങ്കിൽ ഒന്നുകിൽ പ്രൊക്യൂവർമെൻറു പരിപൂർണ്ണമായി നിറുത്തണം, അല്ലെങ്കിൽ പ്രൊക്യൂർമെൻറിലുള്ള അഴിമതികൾ പരിപൂർണ്ണമായി അവസാനിപ്പിക്കണം. പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞതുപോലെ പ്രൊക്യൂവർമെൻറുകൊണ്ടു് ഇവിടെ ലഭിക്കുന്നതു് ഇവി

[ശ്രീ. എം. സി. മാത്യു]

ടത്തെ ആവശ്യത്തെ പരിഗണിക്കമ്പോഠം തീരെ തുച്ഛമായ ഒരു തുകയാണു്. ഏതാണ്ടു് മുക്കാൽ ഔൺസോ ഒരൗൺസോ മാത്രം വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യധാന്യങ്ങളേ നമുക്കു കിട്ടുന്നുള്ളു. ഈ പ്രൊക്യൂവർമെൻറമൂലം കൃഷികൻ അനുഭവിക്കുന്ന കഷ്ടത എത്രമാത്രമാണെന്നു് ആലോചിച്ചുനോക്കിയാൽ പ്രൊക്യൂവർമെൻറതന്നെ ഇന്നു് അനാവശ്യമായിട്ടാണു് ഇരിക്കുന്നതു്. പുറത്തുനിന്നും നമുക്കു് അരി കിട്ടുന്നുണ്ടെങ്കിലും അതു് നമ്മുടെ ആവശ്യത്തിനു് മതിയാകാതെയാണിരിക്കുന്നതു്. പുറത്തുനിന്നും കൂടുതൽ അരി ലഭിക്കുവാൻ പരിശ്രമിക്കണമെന്നു് പല മെമ്പറന്മാരും പറഞ്ഞതിനെ ഞാൻ അനുകൂലിക്കുന്നു. പുറത്തുനിന്നും അരി കിട്ടുന്നതു് ഇൻഡ്യാഗവണ്മെൻറിനെ ആശ്രയിച്ചാണിരിക്കുന്നതു്. ഇൻഡ്യാഗവണ്മെൻറു് പുറത്തുനിന്നും വരുത്തുന്ന അരിയുടെ ഒരു വീതം മാത്രമേ നമുക്കു കിട്ടുകയുള്ളു. നാം ഇൻഡ്യാഗവണ്മെൻറിൻെറ അടുത്തു് എത്രതന്നെ വാദിച്ചാലും എനിക്കു തോന്നുന്നതു് ഇൻഡ്യാഗവണ്മെൻറു് നമുക്കു തരുന്ന അരി ഇവിടെ ആവശ്യമുള്ളതിൽ ഒരോഹരി മാത്രമേ ആകുന്നുള്ളു എന്നാണു്. പിന്നെ ജനങ്ങഠം അരി മാത്രമേ ഉപയോഗിക്കുകയുള്ളു എന്ന നിലവിട്ടിട്ടു് മററു ഭക്ഷ്യസാധനങ്ങളുംകൂടി ആഹാരസാധനമായി ഉപയോഗിക്കുവാനുള്ള പ്രോത്സാഹനം ജനങ്ങഠംക്കു് കൊടുക്കണം. ഇവിടത്തെ കപ്പ, അതുപോലെ പുറത്തുനിന്നു നമുക്കു കിട്ടുന്ന ഗോതമ്പു് മുതലായ സാധനങ്ങഠം ന്യായമായ രീതിയിൽ, ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനു് ജനങ്ങഠംക്കു് വേണ്ട പ്രോത്സാഹനം നൽകുകയാണെങ്കിൽ അതു് ഭക്ഷ്യപ്രശ്നത്തിനു് ഒരു പരിഹാരമായിരിക്കും. ഇങ്ങനെ പുറത്തുനിന്നു കിട്ടുന്ന അരി നമ്മുടെ ആവശ്യത്തിനു് മതിയാകാതെ അപ്പോഴപ്പോഠം കിട്ടുന്ന അരിയുടെ തോതനുസരിച്ചു് ഇവിടെ വിതരണം ചെയ്തുകൊണ്ടിരിക്കുമ്പോഠം ഇവിടത്തെ ജനങ്ങഠംക്കു് ഭക്ഷ്യസാധനങ്ങഠം കൊടുക്കുവാനുള്ള ഉത്തരവാദിത്വം ഈ ഗവണ്മെൻറിനുള്ളിടത്തോളംകാലം നമുക്കു് ഇവിടെനിന്നു് പ്രൊക്യൂവർ ചെയ്യാതെ തരമില്ല. അതിനു് ഒരു ഈസി ലവി സമ്പ്രദായം അനുസരിച്ചു് ഇവിടെ പ്രൊക്യൂവർമെൻറ നടത്തിയാൽമതി. വിളവെടുപ്പുകാലത്തു് ഉദ്യോഗസ്ഥന്മാർ വില്ലേജിൽചെന്നു് കൃഷിക്കാരനെ വിഷമിപ്പിക്കാതിരിക്കുവാൻവേണ്ടി കൃഷിക്കാരൻ എടുക്കുന്ന വിളവിൽ ഇത്ര നെല്ലുവീതം ഗവണ്മെൻറിലേയ്ക്കു് കൊടുക്കണം എന്ന ഒരു ഈസി ലവി സമ്പ്രദായം ഏർപ്പെടുത്തി അതനുസരിച്ചുള്ള നെല്ലു് ഗവണ്മെൻറിലേക്കെടുക്കുകയും ബാക്കി കൃഷിക്കാരൻെറ കയ്യിലുള്ള നെല്ലു് അവനു ഇഷ്ടംപോലെ വിൽക്കുവാനുള്ള അവകാശം കൊടുക്കുകയും ചെയ്യണം. അപ്രകാരം ഗവണ്മെൻറിലേയ്ക്കെടുക്കുന്ന നെല്ലു് വല്ല അടിയന്തിരാവസ്ഥയും വരികയാണെങ്കിൽ, അരി കിട്ടാതെ വരികയാണെങ്കിൽ, ആ അവസരത്തിൽ ഉപയോഗിക്കുന്നതിനുവേണ്ടി സൂക്ഷിച്ചുവയ്ക്കണം.

ശ്രീ. ഈ. പി. വർഗ്ഗീസു്: നെല്ലു് എത്രനാഠം അങ്ങനെ സൂക്ഷിച്ചു വയ്ക്കാൻ സാധിക്കും?

ശ്രീ. എം. സി. മാത്യു: തീർച്ചയായും ഒരു കൊല്ലംവരെ സൂക്ഷിക്കുവാൻ സാധിക്കും. ഒരുകൊല്ലംവരെ സൂക്ഷിക്കേണ്ടിവരികയാണെങ്കിൽ ആ നെല്ലു് അടുത്ത കൊല്ലത്തെ റേഷനോടുകൂടി വിൽക്കുകയും വീണ്ടും ആ കൊല്ലത്തിൽ നമുക്കു സ്റ്റാക്കുചെയ്യുന്നതിനു് അവസരം കിട്ടുകയും ചെയ്യും. നെല്ലു സൂക്ഷിച്ചു വയ്ക്കുന്നതു് മോശമാകുമെന്നുള്ളതുകൊണ്ടു് പ്രൊക്യൂവർ

മെൻറ വേണ്ട എന്നാണെങ്കിൽ അതിനോട്ട് യോജിക്കുവാൻ എനിക്ക നിവൃത്തിയില്ല. ഇൻഡ്യാഗവണ്മെൻറിൻെറ അടുത്തുനിന്ന കിട്ടുമെന്ന് നാം പ്രതീക്ഷിക്കുന്ന അത്ര അരി കിട്ടിയില്ലെങ്കിൽ, അല്ലെങ്കിൽ കിട്ടാൻ താമസം നേരിടുകയാണെങ്കിൽ, ആ സമയത്തു് ഇവിടെ വിതരണം ചെയ്യുവാനുള്ള അരി ഗവണ്മെൻറു സ്റ്റോക്കുചെയ്യണം. ഇപ്പോഴത്തെ നെല്ലെടുപ്പുകൊണ്ടു് ഈ രാജ്യത്തെ കൃഷകൻ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു് കൃഷകൻ ഉൽപ്പാദിപ്പിക്കുന്ന നെല്ലിൽ ഒരുവീതം ഗവണ്മെൻറിലേയ്ക്കു് തരണം എന്ന ഒരു വ്യവസ്ഥ ഏർപ്പെടുത്തി ആ വ്യവസ്ഥയിൽ നെല്ലെടുക്കണം.

സർ, കപ്പയുടെ കാര്യം ചില മെമ്പറന്മാർ ഇവിടെ പറയുകയുണ്ടായി. കപ്പയുടെ നിയന്ത്രണം പിൻവലിക്കുന്നതുകൊണ്ടു് യാതൊരു ബുദ്ധിമുട്ടും ഇവിടെ ഉണ്ടാകുവാൻ പോകുന്നില്ല. കപ്പ ഇവിടത്തെ ജനങ്ങൾക്ക് ആവശ്യമുള്ളതിൽ കൂടുതൽ ഇവിടെ ഉണ്ടാകുന്നുണ്ടു്. വളരെ കപ്പ ഇപ്പോൾ ഇവിടെ നഷ്ടപ്പെട്ടു പോകുന്നുണ്ടു്. കപ്പ വിളയുന്ന സ്ഥലത്തുനിന്നും പറിച്ചെടുത്താൽ അതിനു് ഇപ്പോൾ ഉള്ള വില അതിൻെറ കൂലിച്ചെലവിനപേക്ഷിച്ചും മതിയാകയില്ലെന്നുവച്ചു് അതു് പറിച്ചെടുക്കുന്നില്ല. ഇങ്ങനെയുള്ള ഒരു രാജ്യത്തുനിന്നും കപ്പ പുറത്തേയ്ക്കു് വിതരണം ചെയ്യണം എന്നു പറയുമ്പോൾ അതു് തടയണം എന്നു പറയുന്നതു് ഇവിടത്തെ കപ്പകൃഷിക്കാരെ വിഷമിപ്പിക്കണമെന്നും ഭക്ഷ്യപ്രശ്നത്തിനു് പരിഹാരമുണ്ടാക്കുവാൻ പാടില്ലെന്നും ഉള്ള ആളുകളാണു്. അപ്രകാരം ഈ സഭയിലുള്ള മെംബറന്മാർ ആരും പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

[3 P. M.]

ശ്രീ. എൻ. രാജഗോപാലൻ നായർ : സർ, ഭക്ഷ്യപ്രശ്നത്തിനെ സംബന്ധിച്ചിടത്തോളവും ഒരു വ്യക്തമായ പരിപാടി ഞങ്ങളുടെ പാർട്ടിക്കുണ്ടെന്നുള്ളതു് ഇതിനകം വ്യക്തമാക്കിയിട്ടുണ്ടു്. ഭക്ഷണക്ഷാമത്തിനു പരിഹാരമായി മദ്രാസിൽ നടപ്പാക്കിയിരിക്കുന്ന വിനിയന്ത്രണത്തെ ലക്ഷ്യമാക്കിക്കൊണ്ടുപുതിയ ഒരു സമ്പ്രദായം ഇവിടേയും ഉണ്ടാകുമെന്നുള്ളതു ഞങ്ങൾ സംശയിച്ചിരുന്ന ഒരു കാര്യമാണു്. എന്നാൽ മദ്രാസിൽ നിയന്ത്രണം ഉണ്ടായപ്പോൾതന്നെ ഇവിടെയും അതിനെ അനുകരിക്കുന്ന ഒരു രീതിയാണു കാണുന്നതു്. സർ, ഭക്ഷണക്ഷാമത്തെ സംബന്ധിച്ചിടത്തോളം ഒരു സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തണമെന്നും നെല്ലെടുപ്പിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ രീതി മാററി പുതിയ ഒരു രീതി ആവിഷ്കരിക്കണമെന്നുമാണു് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. നെല്ലെടുപ്പിൽ ഉണ്ടായിരിക്കുന്ന ക്രമക്കേടുകളെപ്പററി ഞങ്ങൾ കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. യഥാർത്ഥ കർഷകനു ഈ സമ്പ്രദായം പലവിധ നഷ്ടമാണു ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതു്. അവൻെറ അത്യദ്ധ്വാനത്തിൻെറ ഫലമായിട്ടു സമ്പാദിച്ചിട്ടുള്ളതുകൊണ്ടു ശരിയായ രീതിയിൽ കൃഷി ചെയ്യുകയും അല്പം കഴിയുമ്പോൾ അവൻെറ നിലത്തിൽ പുഴ വീഴുകയും പിന്നീടു ചാഴി വീഴുകയും അതു കഴിയുമ്പോൾ പാർവ്വത്യകാരു വീഴുകയും ചെയ്യും. ഇതെല്ലാം കഴിഞ്ഞു് അദ്ധ്വാനത്തിൻെറ ഫലമായി അവനു കിട്ടുന്നതു നിസ്സാരമായ വല്ല ലാഭവുമായിരിക്കും. നേരെമറിച്ചു് വലിയ ഭൂസ്വത്തുടമസ്ഥന്മാരുടെ

[ശ്രീ. എൻ. രാജഗോപാലൻ നായർ.]

നിലങ്ങളിലാകട്ടെ ഈ ഉപദ്രവങ്ങൾ അതായതു് പുഴ വീണാൽതന്നെയും പാർവത്യകാർ ഒരിക്കലും അവിടെ വീഴുകയില്ല. അത്തരം വൻതോതിലുള്ള നിലമുടമസ്ഥന്മാരിൽനിന്നും വളരെ കുറവായിട്ടു മാത്രമാണു നെല്ലു കിട്ടുന്നതു്. ചിലപ്പോൾ അവർ വലിയ ഉദ്യോഗസ്ഥന്മാരായിരിക്കും. അങ്ങിനെ ആയാൽ നെല്ലെടുക്കാൻവേണ്ടി ആ സ്ഥലങ്ങളിൽ പാർവത്യകാർ എത്തിനോക്കുകപോലുമില്ല. പാർവ്വത്യകാരന്മാരും മററുദ്യോഗസ്ഥന്മാരുംകൂടി സാധുക്കളെ ഭീഷണിപ്പെടുത്തി ഗവണ്മെൻറു മിഷീനറിയിൽകൂടി എടുക്കുന്ന നെല്ലു് പുറത്തുവരുമ്പോൾ പതിരായി രൂപാന്തരപ്പെടുന്നു. ഇതാണു സംഭരണത്തിന്റെ അവസ്ഥ. സർ, ഈ സമ്പ്രദായത്തിൽ സാധുക്കൾക്കു നല്ല നെല്ലിനു പകരം പതിരു ചേർന്ന നെല്ലാണു റേഷൻ കിട്ടുന്നതു്. ഇങ്ങനെ റേഷൻ കൊടുക്കുന്നതിൽനിന്നും സാധുക്കൾക്കുണ്ടാകുന്ന വിഷമതകൾക്കു യാതൊരു പരിഹാരവും ഗവണ്മെൻറുണ്ടാക്കുന്നില്ല. കഴിഞ്ഞ തവണത്തെ അസംബ്ലിയിൽത്തന്നെ ഈ കാര്യത്തെപ്പററി പല മെമ്പറന്മാരും സംസാരിക്കുകയുണ്ടായി. എന്നിട്ടും ഗവണ്മെൻറു കാര്യമായി യാതൊന്നും പ്രവർത്തിച്ചുകാണുന്നില്ല. മാത്രമല്ല റേഷൻ കടക്കാർ ഉപഭോക്താക്കൾക്കു കൊടുക്കാനുള്ള റേഷൻ മുഴുവൻ കൊടുക്കാതെ ബ്ലാക്കിൽ വിററു പണം സമ്പാദിക്കയുമാണു ചെയ്യുന്നതു്. ഉദാഹരണമായി ചിറയിൻകീഴ് നഗരൂർ എന്ന സ്ഥലത്തു മൂന്നു റേഷൻ കച്ചവടക്കാർ ഉണ്ടു്, ഒരു കേശവപിള്ള, വാസുപിള്ള, ഒരു ഉത്തമൻ. ഈ മൂന്നു ഉത്തമന്മാരുംകൂടിച്ചേർന്നു് യൂണിററിനു് അരഅണവീതം വില കൂട്ടി വിററു വീതിച്ചെടുത്തു. ഇങ്ങനെ അവർ വിററതു് ൯ ൦ ൦ ൦ യൂണിററരിയാണു്. അതിന്മേൽ ഉണ്ടായ പൊതുജനങ്ങളുടെ പരാതികളെ അടിസ്ഥാനപ്പെടുത്തി ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി പരിശോധിച്ചു് പരാതി വാസ്തവമാണെന്നു ധരിച്ചതിന്റെ ഫലമായി അവരുടെ ലൈസൻസു് റദ്ദു് ചെയ്യുകയുണ്ടായി. കുറെ കഴിഞ്ഞപ്പോൾ, ബഹുമാനപ്പെട്ട എന്റെ ചാലക്കുടി മെംബർ ഉൾപ്പെട്ട മന്ത്രിസഭ ഈ കച്ചവടക്കാർക്കു് വീണ്ടും ലൈസൻസു് കൊടുക്കുകയാണുണ്ടായതു്. അതേ ഉത്തമന്മാർതന്നെയാണു് ഇന്നും അവിടെ റേഷൻകച്ചവടം നടത്തുന്നതു്. സർ, ഇതൊക്കെയാണു് റേഷൻവിതരണകാര്യത്തിൽ വന്നുകൂടിയിട്ടുള്ള ക്രമക്കേടുകൾ, അല്ലെങ്കിൽ അഴിമതികൾ. അതുകൊണ്ടാണു ഞങ്ങളുടെ പാർട്ടി പറയുന്നതു്, വിതരണസമ്പ്രദായം കാര്യക്ഷമമായി നടത്തുന്നതിനു ഒരു സ്ററാററ്യൂട്ടറി വ്യവസ്ഥ ആവശ്യമാണെന്നു്. മാത്രമല്ല, അതിനുവേണ്ടി ഒരു കമ്മിററിയെത്തന്നെ നിയമിക്കുകയുംവേണം. ഇതിങ്ങിനെയിരിക്കട്ടെ. സർ, മറെറാരു കാര്യം നമ്മുടെ ടെക്സ്റ്റൈൽ കൺട്രോളിനെപ്പററിയാണു്. നമ്മുടെ സംസ്ഥാനം കൈത്തറികളും കൈത്തറിനെയ്ത്തും ധാരാളമുള്ള ഒരു രാജ്യമാണു്. നെയ്ത്തുകാരുടെ തൊഴിലിനു മുടക്കംവരാതിരിക്കണമെങ്കിൽ അവർ ആവശ്യപ്പെടുമ്പോൾ നൂലു വിതരണം നടത്തണം. വിതരണം നടത്തുന്നതിനോടൊപ്പം അവർ ഉണ്ടാക്കുന്ന തുണിത്തരങ്ങൾ പുറരാജ്യങ്ങളിലേയ്ക്കു അയയ്ക്കുന്നതിനുള്ള സൗകര്യംകൂടി ഉണ്ടാക്കിക്കൊടുക്കണം. സർ, ഇപ്പോഴാകട്ടെ, നൂൽവിതരണകാര്യത്തിൽ നെയിത്തുകാരോടു മുതലാളിമാർ കാണിക്കുന്ന അഴിമതികൾ ചില്ലറയൊന്നുമല്ല. ഈ സാധു നെയിത്തുകാർക്കു മുതലാളിമാരുടെ പിടിയിൽനിന്നും വേർപെട്ടു നിൽക്കാനുള്ള ഒരു പരിതഃസ്ഥിതിയല്ല ഗവണ്മെൻറുണ്ടാക്കിവച്ചി

രിക്കുന്നതു്. മുതലാളിമാരെ സംരക്ഷിക്കുന്ന ഒരു മനോഭാവമാണു ഇന്നു ഗവണ്മെൻറിനുള്ളതു്. ഇന്നത്തെ ടെക്‌സ്റ്റൈയിൽ കൺട്രോളിനെപ്പററിയാണെങ്കിൽ, ഒരു ക്‌ളിപ്തമായ തുക മുതലാളിമാർക്കു ഗവണ്മെൻറിൽനിന്നും വാഗ്ദാനം ചെയ്യുന്നുവെന്നുള്ളതാണു കൺട്രോളിൻെറ യഥാർത്ഥ്യം. അതുകൊണ്ടു ഭക്ഷ്യധാന്യങ്ങളിൽ അവയുടെ വിതരണത്തിനുവേണ്ടി ഒരു കമ്മിററിയെ നിയമിക്കണമെന്നു പറയുന്നതിനോടൊപ്പംതന്നെ നൂലും തുണിയും വിതരണത്തിൽ ഫ്രീ ഇറക്കുമതി കയററുമതിക്കു് അനുവാദം ഉണ്ടായിരിക്കണമെന്നുമാണു എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളതു്. ടെക്‌സ്റ്റൈയിൽ കൺട്രോൾ എടുത്തുകളയണം. അങ്ങനെയായാൽ ഈ കമ്മിററികൾ മുഖാന്തിരം നാട്ടിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ഭക്ഷണസാധനങ്ങളുടെയും തുണിയുടെയും വിതരണകാര്യത്തിൽ പൊതുജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾക്കു സാരമായ കുറവു സംഭവിക്കുന്നതാണു്. ഇത്രയും പറഞ്ഞുകൊണ്ടു എൻെറ മോഷനെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സർ, ഈ അവസരത്തിൽ ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഇവിടെ പല ബഹുമാനപ്പെട്ട മെംബറന്മാരും കപ്പയുടെ നിയന്ത്രണത്തെ സംബന്ധിച്ചു് പറയുകയുണ്ടായി. പച്ചക്കപ്പയായാലും ഉണക്കക്കപ്പയായാലും നിയന്ത്രണം നീക്കുന്നതോടുകൂടി അവ പുറരാജ്യങ്ങളിലേയ്ക്കു അയയ്ക്കപ്പെടുന്നു. ആ കാര്യത്തിൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ടു്. അതായതു് നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന ഇക്കാലത്തു് ഗവണ്മെൻറു കുടിൽവ്യവസായപദ്ധതിമൂലം അതു പരിഹരിക്കുന്നതിനു കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടിരിക്കയാണു്. എന്നാൽ ഇങ്ങനെ പുറരാജ്യങ്ങളിലേയ്ക്കു് ഈ കപ്പ അതേരൂപത്തിൽ അയയ്ക്കുന്നതിനു പകരം അവയുടെ സ്റ്റാർച്ചു് എടുത്തു് അയയ്ക്കുന്നതായാൽ നാട്ടിൽ തൊഴിലും തന്മൂലം വിചാരിക്കുന്നതിൽ കൂടുതൽ ആദായവും ഉണ്ടാകുന്നതാണു്. ഈ സംസ്ഥാനത്തു ആവശ്യത്തിലധികം കപ്പയുണ്ടാകുന്നുണ്ടെന്നുള്ളതു വ്യക്തമാണു്. ആ സ്ഥിതിക്കു നാം ഒരിക്കലും കപ്പ രൂപാന്തരപ്പെടുത്താതെ അയയ്ക്കുന്നതു നമുക്കു വലിയ നഷ്ടമാണു്. അതിനാൽ ഈ നിർദ്ദേശത്തെപ്പററി ഗവണ്മെൻറു പര്യാലോചിക്കണമെന്നു് അപേക്ഷിക്കുന്നു. അടുത്തതു്, നെല്ലെടുപ്പിൻെറയും അവയുടെ വിതരണത്തിൻെറയും കാര്യത്തെപ്പററിയാണു്. ഈ കാര്യത്തെപ്പററിയും ഒന്നുരണ്ടു മെംബറന്മാർ സംസാരിക്കയുണ്ടായി. ചെറുകൃഷിക്കാരെ ഉപദ്രവിക്കാതിരിക്കയും അതേ അവസരത്തിൽ കൃഷിയിൽ അവർക്കു് ഉത്സാഹം ഉണ്ടാകുന്നതിനുംവേണ്ടി അവരെ നെല്ലെടുപ്പിൽനിന്നും ഒഴിവാക്കേണ്ടതാണെന്നാണു് ഇവിടെ പ്രസ്താവിച്ചുകേട്ടതു്. ഒന്നോ രണ്ടോ ഏക്കർസ്ഥലത്തുമാത്രം കൃഷിചെയ്യുന്നവരെ ഒഴിവാക്കണമെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ അഞ്ചും, ആറും ഏക്കർസ്ഥലം കൃഷിചെയ്യുന്നവർ ചെറുകൃഷിക്കാരാണെന്നു പറഞ്ഞു ഒഴിവാക്കേണ്ടതാണെന്നു മി. കുറുപ്പു് അഭിപ്രായപ്പെട്ടതു് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഈ തരത്തിലുള്ളവരെയെല്ലാം ഒഴിവാക്കാൻ തുടങ്ങിയാൽ നെല്ലെടുപ്പിൽ എത്രത്തോളം വിജയം കിട്ടുമെന്നുള്ളതു് മി. കുറുപ്പു് ചിന്തിച്ചുനോക്കേണ്ടതാണു്. നമുക്കു നെല്ലെടുപ്പിനെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തമായ പരിപാടി ആവശ്യമാണു്. അതായതു് ഒരേക്കറിനു ഇത്ര നെല്ലു് എന്നു ഒരു ക്‌ളിപ്തവ്യവസ്ഥയുണ്ടായിരി

[ശ്രീ. ജോസഫ് വാഴപ്പിള്ളി]

ക്കണം. കർഷകനിൽനിന്നും ഗവണ്മെൻറ ഈ വ്യവസ്ഥപ്രകാരം നെല്ലെടുത്തതിനുശേഷം ബാക്കി എത്രതന്നെ ഉണ്ടായിരുന്നാലും അതു മുഴുവൻ സംസ്ഥാനത്തിൻെറ ഏതു ഭാഗത്തു കൊണ്ടുപോകുന്നതിനും വിൽക്കാനുമുള്ള സ്വാതന്ത്ര്യം കർഷകനു കൊടുക്കണം. എടുക്കുന്ന നെല്ല് ഗവണ്മെൻറ സൂക്ഷിക്കയും ആവശ്യമെന്നു തോന്നുമ്പോൾ വിതരണംചെയ്കയും ചെയ്യാം. റേഷൻ വാങ്ങുന്ന നെല്ലിൽ പതിരുകാണുന്നു എന്ന പരാതിയും ഇവിടെ കേൾക്കാനിടയായി. സർ, അതു ഏറെക്കുറെ വാസ്തവമാണ്. ഒരുപക്ഷെ, നെല്ലെടുക്കുന്നതു മഴക്കാലത്തായിരിക്കും, മററു ചിലപ്പോൾ ഉണക്കാത്ത നെല്ലായിരിക്കും എടുക്കുന്നതു്. ഇങ്ങനെ പല കാരണങ്ങളാൽ നെല്ലിൽ പതിരുവന്നേയ്ക്കും. ഉദ്യോഗസ്ഥന്മാർക്കു നെല്ലെടുപ്പിൽ വേണ്ടതുപോലെ ശ്രദ്ധിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കയില്ല. ഈ കാരണങ്ങളാലാണ് നെല്ലിൽ പതിരുണ്ടാകുന്നതു്. അതുകൊണ്ടു് ഈ നെല്ലെടുപ്പിനെ സംബന്ധിച്ചുള്ള ചുമതലകൾ ഒരു നല്ല ഏജൻസിക്കു വിട്ടുകൊടുക്കയും അവർ എടുക്കുന്ന നെല്ലിനു പകരം അരിയായി ഏല്പിക്കണമെന്നു വ്യവസ്ഥ ചെയ്കയും ചെയ്താൽ പതിരുണ്ടെന്നുള്ള പരാതിയും തീരും; ഗവണ്മെൻറിനു നഷ്ടമുണ്ടാകയുമില്ല. നെല്ലെടുപ്പ് ഒരു ഏജൻസിക്കു വിട്ടുകൊടുക്കണമെന്ന് അഭിപ്രായപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെംബർ പറയുണ്ടായി അങ്ങനെ അവർക്കു കൊടുക്കുന്നതായാൽ ഒരിക്കൽ നെല്ലു പുഴുങ്ങുവാനുപയോഗിക്കുന്ന വെള്ളംകൊണ്ടുതന്നെ രണ്ടാമതും നെല്ലു പുഴുങ്ങുമെന്നും തൻമൂലം അരിക്കു രുചിഭേദം ഉണ്ടാകുമെന്നു ഇടയുണ്ടെന്നുമാണ്. എന്നാൽ ഒരിക്കൽ ഉപയോഗിക്കുന്ന വെള്ളം വീണ്ടും ഉപയോഗിക്കുന്നതുകൊണ്ടു് കൂടുതൽ പോഷകാംശം ഉണ്ടായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. സർ, സ്വാതന്ത്ര്യമായി നെല്ലും അരിയും വിൽക്കാനുള്ള നിലവന്നാൽ ഇന്നു് റേഷൻ അരിവാങ്ങിക്കുന്നവരിൽ കുറെയധികം പേരും അതു വാങ്ങാതെ നാടൻഅരി വാങ്ങാൻ തുടങ്ങുകയും തൻമൂലം നമുക്കു കിട്ടിക്കൊണ്ടിരിക്കുന്ന കോട്ടാ മിച്ചപ്പെടുത്തുകയും ചെയ്യാം. മദ്രാസിൽ റേഷൻ നിറുത്തിയ കാരണത്താൽ 25 ശതമാനം റേഷൻഅരി മിച്ചംവന്നിട്ടുണ്ട്. മദ്രാസിനെ അനുകരിച്ചു് ഇവിടെയും പ്രവത്തിക്കുന്നതായാൽ വിചാരിക്കുന്നതിൽ കൂടുതൽ ഫലപ്രാപ്തിയുണ്ടാകുമെന്നുള്ളതു് തീർച്ചയാണ്. റേഷൻഅരി വാങ്ങാതെ കുറെയധികം ആളുകൾ മാക്കററിൽനിന്നും അരിവാങ്ങിക്കാൻ തുടങ്ങും.

അങ്ങനെ ഏതെല്ലാം ആളുകൾ റേഷൻ വാങ്ങാതിരിക്കുന്നു എന്നു കണ്ടുപിടിച്ചു അവരുടെ കാർഡുകൾ ക്യാൻസൽചെയ്യാൻ സാധിക്കുന്നതാണ്. അങ്ങനെ വരുമ്പോൾ കാർഡുപ്രകാരം റേഷൻവാങ്ങുന്നവക്കു കൂടുതൽ ഭക്ഷ്യധാന്യങ്ങൾ കൊടുക്കുന്നതിനും സാധിക്കുന്നതാണ്. ഈ കാര്യത്തിൽ ഗവണ്മെൻറ ഒരു ശരിയായ പ്ലാൻ രൂപീകരിക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. ഈവക കാര്യങ്ങൾ ഗവണ്മെൻറിൻെറ സത്വരമായ ശ്രദ്ധയിൽപ്പെട്ടുകാണാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. സീ. ജി. സദാശിവൻ : സർ, ഭക്ഷ്യക്ഷാമംമൂലം ഈ രാജ്യത്തു പട്ടിണിമരണങ്ങൾ നടന്നുകൊണ്ടിരുന്ന ഒരവസരത്തിൽ, വിശേഷിച്ചും എൻെറ നിയോജകമണ്ഡലമായ ചേർത്തല താലൂക്കു ഒരു രണ്ടാംബംഗാൾ എന്ന പേരു കേട്ടിരുന്ന ഒരവസരത്തിൽ ഇന്നു മന്ത്രിക്കസേരയിലിരിക്കുന്ന

ചില കാൺഗ്രസ്സ് നേതാക്കന്മാരും, അതുപോലെതന്നെ ഈ സഭയിലെ മററുചില അംഗങ്ങളും ഞങ്ങളുടെ താലൂക്കിൽവന്ന് പറയുകയുണ്ടായി, നിങ്ങളെല്ലാം കാൺഗ്രസ്സിനെ ശക്തിപ്പെടുത്തി അതിനെ അധികാരത്തിൽ കൊണ്ടുവരണമെന്ന്. സർ, കാൺഗ്രസ്സിനെ അധികാരത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി ചേർത്തല താലൂക്കുകാർ അനുഭവിച്ച ത്യാഗത്തെപ്പററി ഈയവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കാൺഗ്രസ്സ് ഇന്നധികാരത്തിൽവന്നിട്ട് നാലുകൊല്ലത്തിലധികമായി. ഇപ്പോഴും അതുപോലെയുള്ള ഒരു പട്ടിണിയുടെ കരിനിഴൽ ഞങ്ങളുടെ താലൂക്കിനെ ആകെ ബാധിച്ചിരിക്കുകയാണ്. ഈ കാൺഗ്രസ്സ് ഗവണ്മെൻറിനോടു ഏതു കാര്യം പറയുമ്പോഴും പണമില്ലെന്നും, ഞങ്ങൾക്കു അധികാരമില്ലെന്നും കേന്ദ്രത്തിനേ അതിനധികാരമുള്ളുവെന്നും പറഞ്ഞുവരുന്നതായിട്ടാണു കാണുന്നതു്. കാൺഗ്രസ്സുകാർ ഈ രാജ്യത്തധികാരത്തിൽ വന്നപ്പോൾ, ഒരു ജനകീയകമ്മിററിയുണ്ടാക്കി ഫലപ്രദമായ രീതിയിൽ നെല്ലെടുപ്പു നടത്തുമെന്നു വിചാരിച്ചു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ എത്രയോ ലക്ഷം രൂപ ഈയൊരു ഇനത്തിലേയ്ക്കു ചെലവിടുന്നതിൽ ലാഭിക്കാമായിരുന്നു. സംഭരണത്തിനു എത്ര ലക്ഷം രൂപ ചെലവാകുന്നു എന്നൊരു ചോദ്യം ഞാൻ അയച്ചിരുന്നുവെങ്കിലും അതിനു മറുപടി കിട്ടിയിട്ടില്ല. നെല്ലെടുപ്പിലുള്ള അഴിമതികളെപ്പററിയെല്ലാം ഇവിടെ പല ബഹുമാനപ്പെട്ട മെംബറന്മാരും സംസാരിച്ചുകഴിഞ്ഞു അതിനാൽ കൂടുതലായി ഞാൻ ആ വിഷയത്തെപ്പററിയൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഏതായാലും ഓരോ പകുതിയിലും ജനകീയകമ്മിററിയുണ്ടാക്കി നെല്ല് സംഭരണം നടത്തിയിരുന്നുവെങ്കിൽ, ഈ വിഷയത്തിൽ യാതൊരു വിധത്തിലുള്ള അഴിമതികളും നടക്കുകയില്ലായിരുന്നുവെന്നുള്ളതു വളരെ വ്യക്തമായ ഒരു പരമാർത്ഥം മാത്രമാണ്. ഇന്നു, സ്ഥലത്തുകാരനല്ലാത്ത ഒരു പ്രവൃത്തിയാർ ഏതെങ്കിലും ഒരു സ്ഥലത്തു ചെല്ലുമ്പോൾ സ്വാഭാവികമായി വലിയവലിയ ജന്മികളുടെയും കൃഷിക്കാരുടെയും മുൻപിൽ സങ്കോചത്തോടുകൂടിയല്ലാതെ നിയമം പാലിക്കുവാൻ തയാറാകുകയില്ല. അങ്ങനെ വരുന്നതുകൊണ്ടു അവരുടെ ശക്തി പാവപ്പെട്ടവരുടെ മേലാണു കേന്ദ്രീകരിക്കുന്നതു്. അതിരിക്കട്ടെ, ഏതായാലും ആ ഉദ്യോഗസ്ഥന്മാർക്കു ശരിയായ കണക്കുകൾ ശേഖരിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. അതാതു സ്ഥലത്തു ജനകീയക്കമ്മിററികൾ ഉണ്ടായിരുന്നുവെങ്കിൽ ആർക്കെല്ലാം അധികം നെല്ലുണ്ടെന്നുള്ളതും ഓരോരുത്തരിൽനിന്നും എത്ര നെല്ല് എടുക്കാൻ കഴിയുമെന്നും, ആർക്കെല്ലാം വിട്ടുവീഴ്ച ചെയ്യണമെന്നുമുള്ളതെല്ലാം അവർക്കു അറിയുവാൻ കഴിയുമായിരുന്നു. ആർക്കുംതന്നെ ഈ കമ്മിററികളെ കബളിപ്പിച്ചു ഒളിച്ചുവയ്ക്കാൻ സാധിക്കുമായിരുന്നില്ല. പല പദ്ധതികളും ഒന്നിച്ചിരുന്നാലോചിച്ചു ആസൂത്രണം ചെയ്യണമെന്നു ഇവിടെ പറയുകയുണ്ടായി. നിശ്ചയമായും ഈ പദ്ധതികൾ ജനകീയക്കമ്മിററികൾ മുഖേന നടപ്പിലാക്കിയാലല്ലാതെ അതു വിജയിക്കുവാൻ പോകുന്നില്ല. അതുകൊണ്ടു അഴിമതിക്കാരും ദുഷ്പ്രഭുക്കന്മാരുമായ ഉദ്യോഗസ്ഥന്മാരെ വിശ്വസിക്കാതെ തങ്ങളെ അധികാരത്തിലെത്തിച്ച ജനങ്ങളെ വിശ്വസിച്ച് ജനകീയക്കമ്മിററികളുണ്ടാക്കി അവരെ ഈ കാര്യം ഏല്പിക്കാൻ തയാറാകുമെങ്കിൽ നമ്മുടെ എല്ലാ പരിപാടികളും ശരിയായ നിലയിൽ നിർവഹിക്കാൻ കഴിയുമെന്നാണു എനിക്കു പറയുവാനുള്ളതു്."

ശ്രീ. വാസുദേവൻപിള്ള: സർ, നെല്ലെടുപ്പുപദ്ധതിമൂലം തിരുവിതാംകൂർവിഭാഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിഷമാവസ്ഥകളെപ്പററി ഒരു വാക്കു പറയണമെന്നു മാത്രമെ ഞാൻ ഇപ്പോൾ വിചാരിക്കുന്നുള്ളു. നെല്ലെടുപ്പിനു തിരുവിതാംകൂർഭാഗത്തു ചില പ്രത്യേക വ്യവസ്ഥകളുണ്ട്. കൊച്ചിയുമായി അതിനു വളരെ വ്യത്യാസമുണ്ട്. തിരുവിതാംകൂറിൽ പർച്ചേസ് ആഫീസേഴ്സും പാർവ്വത്യകാരന്മാരും ഉൾപ്പെട്ട ഒരു സംഘം ഉദ്യോഗസ്ഥന്മാരാണ് നെല്ലെടുപ്പു നടത്തുന്നത്. കൊച്ചിയിലാണെങ്കിൽ, കൺട്രാക്ററ് കൊടുത്തു കാൺട്രാക്ററർമാർമുഖേനയാണ് അതു നടത്തുന്നതു്. ആ നിലയിൽ ഭംഗിയായി നെല്ലെടുപ്പു നടക്കുന്നതു് കൊച്ചിയിലാണെന്നു ഈ രണ്ടു സ്ഥലത്തെയും വിവരങ്ങളെപ്പററി അറിയാവുന്നവർക്കു മനസ്സിലാക്കാൻ കഴിയും. ഇവിടെ നെല്ലെടുപ്പു നടത്തുന്ന ഉദ്യോഗസ്ഥന്മാരിൽ വളരെയധികം അഴിമതികളുണ്ടെന്നു ഈ സഭയിലെ ബഹുമാനപ്പെട്ട പല മെംബറന്മാരും സംസാരിച്ചുകഴിഞ്ഞിരിക്കുന്നു. അതു ഏകദേശം ഒരു പരമാർത്ഥമാണെന്നു ഗവണ്മെൻറിനുപോലും ഇപ്പോൾ ബോദ്ധ്യമായിരിക്കുമെന്നാണ് എൻെറ വിശ്വാസം. അതിനാൽ ഈ പദ്ധതി പരിപൂർണ്ണമായി പരിഷ്കരിക്കേണ്ടതു നമ്മുടെ ഗവണ്മെൻറിൻെറ കടമയാണ്. ഇവിടെ നെല്ലെടുപ്പിനെപ്പററി പല ബഹുമാനപ്പെട്ട മെംബറന്മാരും പ്രസംഗിച്ചുവെങ്കിലും ഏതു രീതിയിലാണ് നെല്ലെടുപ്പുപദ്ധതി പരിഷ്കരിക്കേണ്ടതെന്നുള്ളതിനെപ്പററി വളരെ വിശദമായി ആരും പ്രസ്താവിച്ചുകേട്ടില്ല. എനിക്കും അതിനെപ്പററി ശരിയായി ഒരു നിർദ്ദേശം ഈ സഭയുടെ മുൻപിൽ വയ്ക്കാനില്ല. എന്നാൽ എൻെറ മനസ്സിൽ തോന്നിയിരിക്കുന്ന ഒരഭിപ്രായം ഈ സഭയുടെ മുൻപിൽ വയ്ക്കാമെന്നു ഞാൻ വിചാരിക്കുന്നു. കൊച്ചിയിലെ കാൺട്രാക്ററസിസ്റ്റം ഇവിടെയും ഏർപ്പെടുത്തുന്നതു അഭിലഷണീയമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

ശ്രീ. അമ്പാട്ട് ഈച്ചര മേനോൻ: അവിടെ കാൺട്രാക്ററസിസ്റ്റം ഇല്ല. ട്രാൻസ്പോർട്ടിംഗ് മാത്രമെ കാൺട്രാക്ററ കൊടുത്തിട്ടുള്ളു.

ശ്രീ. വാസുദേവൻ പിള്ള: കൊച്ചിയിൽ നെല്ലു ശേഖരിക്കുന്നതു ഒരു കൺട്രാക്ററമുഖേന കമ്പി അരിയാക്കി വാങ്ങുന്നുവെന്നാണ് ഞാൻ ധരിച്ചിരിക്കുന്നതു്. നെല്ലെടുപ്പുപദ്ധതി വിജയപ്രദമാക്കാൻ ഉതകുന്ന ഒരു വ്യവസ്ഥയാണു അതെന്നു ഞാൻ വിചാരിക്കുന്നു. ഇവിടെ നടക്കുന്ന പർച്ചേസുസിസ്റ്റംകൊണ്ടു കൃഷിക്കാർക്കു വളരെയധികം വിഷമം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: ഒരു കൺസപ്തമായ ലെവിയാണെങ്കിൽ വിഷമം വരുമോ?

ശ്രീ. വാസുദേവൻപിള്ള: വരികയില്ല. ഇവിടത്തെ ഇപ്പോഴുള്ള സിസ്റ്റം പരിഷ്കരിച്ചു ഒരു കൺസപ്തമായ ലെവിയുണ്ടാക്കി അതു ശേഖരിക്കുന്നതിനു ഏജൻസി ഏർപ്പാടുചെയ്താൽ അതു നന്നായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഈ പർച്ചേസ് ആഫീസേഴ്സും പാർവ്വത്യകാരന്മാരും നെല്ലെടുപ്പു നടത്തുന്നതു മാറേറണ്ടതാണ്. അങ്ങനെയൊരു സിസ്റ്റമുണ്ടാക്കി നെല്ലുള്ളവരിൽനിന്നും വ്യവസ്ഥപ്രകാരം നെല്ലു ശേഖരിക്കേണ്ടതു അത്യാവശ്യമാണ്.

അടുത്തതായി, വിതരണത്തെപ്പററിയാണു എനിക്കു രണ്ടു വാക്കു പറയാനുള്ളതു്. ഇന്നു നെല്ലുള്ളവക്കും റേഷൻ നൽകുന്ന ഒരേർപ്പാടു ഈ നാട്ടിലുണ്ടു്. അവരുടെ റേഷൻകാർഡു ക്യാൻസൽചെയ്തു നെല്ലും അരിയും അവക്കു വിതരണം ചെയ്യാതിരിക്കുന്ന ഒരു വ്യവസ്ഥ ഇവിടെ നടപ്പിലില്ല. അതും നടപ്പിലാക്കേണ്ടതു വളരെ അത്യാവശ്യമാണു്. എന്റെ ഒരു മാന്യസ്നേഹിതൻ ഒരാൾക്കു എത്ര നെല്ലു കൈവശം വച്ചുകൊണ്ടിരിക്കാൻ അനുവദിക്കണമെന്നുള്ളതിനെപ്പററി ഒരഭിപ്രായം പറയുന്നതു ഞാൻ കേട്ടു. ഏകദേശം ൫൦൦ പറ നെല്ലുവരെ ഒരാൾക്കു കൈവശം വച്ചുകൊണ്ടിരിക്കാമെന്നു സാധുക്കൾക്കുവേണ്ടി വാദിക്കുന്ന ആ ബഹുമാനപ്പെട്ട സ്നേഹിതൻ പറയുകയുണ്ടായി. അതു തീർച്ചയായും അധികമാണെന്നാണു് എന്റെ അഭിപ്രായം. സാധാരണ ഒരു കുടുംബത്തിനു ൫൦൦ പറ നെല്ലിന്റെ ആവശ്യമില്ല. അതിനാൽ അത്ര നെല്ലു കൈവശംവച്ചുകൊണ്ടിരിക്കാൻ അനുവദിക്കുന്നതു ഒരിക്കലും ശരിയല്ല. സാമാന്യമായി ഒരു കുടുംബത്തിനു ആവശ്യംവരുന്ന നെല്ലു കഴിച്ചു ബാക്കി പർച്ചേസു ചെയ്യേണ്ടതു അത്യാവശ്യമാണു്. ആ നിലയിൽ ഇന്നു നിലവിലിരിക്കുന്ന പർച്ചേസുസിസ്റ്റവും ഡിസ്ട്രിബ്യൂഷൻസിസ്റ്റവും പരിഷ്കരിക്കേണ്ടതു അത്യാവശ്യമാണു്. സാമാന്യമായി ആറൗൺസു അരിയെങ്കിലും ഒരാൾക്കു കൊടുക്കേണ്ടതാണു്. ആ ആറൗൺസു അരി കൊടുക്കത്തക്ക ഒരു പരിതഃസ്ഥിതിയുണ്ടാക്കാൻ നമ്മുടെ ഗവണ്മെന്റു് പരിശ്രമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. [illegible] തോമസ്സ്: സർ, ഭക്ഷ്യധാന്യങ്ങളുടെമേലുള്ള നിയന്ത്രണങ്ങൾ എല്ലാം [illegible] ഞാൻ ഈ അവസരം ഉപയോഗിക്കണമെന്നു വാദിക്കാൻവേണ്ടിയാണു [illegible]ബോൾ നാം ആദ്യമായി ഓർക്കേണ്ടതു എ[illegible]ത്തിനെപ്പററി ചിന്തിക്കു[illegible] ഏർപ്പാടു നമ്മുടെ രാജ്യത്തു നടപ്പിൽവന്നതെന്നാണു്. [illegible] കൺട്രോൾ യുദ്ധത്തിന്റെ അനന്തരഫലമായുണ്ടായ ഒരു ദുരന്തഫലമാണു [illegible] ഏർപ്പാടു്. അന്നു അതിന്റെ ആവശ്യമുണ്ടായിരുന്നു. അന്നു ഒരു വിദേശഗവണ്മെന്റായിരുന്നു ഇൻഡ്യയെ ഭരിച്ചുകൊണ്ടിരുന്നതു്. ഈ രാജ്യത്തുനിന്നും ഭക്ഷണസാധനങ്ങൾ അന്നു പട്ടാളക്കാരുടെ ആവശ്യത്തിനുവേണ്ടി പുറത്തയച്ചുകൊണ്ടിരുന്നു. അങ്ങനെ കൃത്രിമമായുണ്ടാക്കിയ ദൗർലഭ്യത്തിന്റെ ഫലമായി ഈ രാജ്യത്തു കൺട്രോളിന്റെ ആവശ്യം വന്നുചേർന്നു. എന്നാൽ ഇന്നതിന്റെ ആവശ്യമില്ല. പല കാരണങ്ങളാലാണു് ഞാൻ ഈ അഭിപ്രായം പുറപ്പെടുവിക്കുന്നതു്. ഒന്നാമതായി കൺട്രോൾ നിലവിലുള്ളപ്പോൾ ഒരാളിനു് സത്യസന്ധതയോടുകൂടി ജീവിക്കാൻ സാദ്ധ്യമല്ല. കാൺഗ്രസ്സുകാരാണെങ്കിൽ സത്യവും അഹിംസയും മുദ്രാവാക്യമായി സ്വീകരിച്ചിട്ടുള്ളവരാണു്.

ശ്രീ. പി. കെ. രാമചന്ദ്രദാസ്സ്: കൺട്രോൾ നിറുത്തിയിട്ടു് ജന്മിക്കു തോന്നിയ വിലയ്ക്കു വിൽക്കുന്നതാണോ സത്യസന്ധത ?

ശ്രീ. കെ. ജെ. താമസ്സ്: സത്യസന്ധതയെന്നു പറയുന്നതു അതല്ല. തോന്നിയ വിലയ്ക്കു വിൽക്കാതിരിക്കാൻ നമുക്കൊരു സീലിംഗ് പ്രൈസ്സ് നിശ്ചയിക്കാമെന്നുള്ളതാണു്. കരിഞ്ചന്ത എന്നൊരേർപ്പാടുള്ളപ്പോൾ ഇന്നത്തെ സ്ഥിതിക്കു ഒരാൾക്കു അതിനെ ആശ്രയിക്കാതെ കഴിഞ്ഞുകൂടാൻ സാദ്ധ്യമല്ല. ഈ ആദർശം പ്രസംഗിക്കുന്ന നാമെല്ലാംതന്നെ

[ശ്രീ. കെ. ജെ. താമസ്സ്.]

കരിഞ്ചന്തയിൽനിന്നും അരി വാങ്ങിയല്ലേ നമ്മുടെ ആവശ്യം നിർവഹിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. ചില മന്ത്രിമാർ അസുഖങ്ങളായ ചോദ്യം വരുമ്പോൾ ഒഴിഞ്ഞുമാറുന്നതായി കാണാം. ഈ മന്ത്രിയോടു എത്ര ഔൺസു അരിയാണു വാങ്ങുന്നതെന്നു ചോദിച്ചാൽ ഞാൻ അളന്നു നോക്കാറില്ല എന്നാണുത്തരം. അതാണു ഞാൻ സത്യസന്ധതയില്ലാ എന്നു പറഞ്ഞതു്. മഹാത്മജി ഇവിടെ കൺട്രോൾ നീക്കാൻവേണ്ടി വാദിച്ചിട്ടുള്ളതിന്റെ ഉദ്ദേശം ഇതുതന്നെയാണു്. സത്യസന്ധത ജനങ്ങൾക്കു ഉണ്ടായിരിക്കേണ്ട ഒരു കാര്യമാണു്. അങ്ങനെ സത്യസന്ധതയോടുകൂടി ജീവിക്കാൻ ഇന്നത്തെ കരിഞ്ചന്തയ്ക്കും അഴിമതിക്കും പ്രേരണ നൽകുന്ന ഈ ഭക്ഷ്യനിയന്ത്രണം പരിപൂർണ്ണമായി ഇല്ലാതാക്കേണ്ടതാണു്.

രണ്ടാമതായി ഇവിടെ കൊണ്ടുവന്നിരിക്കുന്ന കണക്കുകൾ ശരിയല്ലെന്നാണെനിക്കു പറയാനുള്ളതു്. ഇതു സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തെ കണക്കുകളാണു്. അന്നു് അറുപതുശതമാനം കമ്മിയായിട്ടു് ഒരു കണക്കുണ്ടാക്കി എന്നേയുള്ളു. കിരാതത്വത്തോടൊപ്പം ബുദ്ധിയുംകൂടി ഉണ്ടായിരുന്ന സർ സി. പി. രാമസ്വാമിഅയ്യർ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിലേയ്ക്കായി ഇൻഡ്യാഗവണ്മെന്റിനു സമർപ്പിക്കുന്നതിനുണ്ടാക്കിയിട്ടുള്ള ഒരു കണക്കാണിതെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നുവരെ ശരിയായ ഒരു സ്റ്റാറ്റിസ്റ്റിക്സ് ഈ കാര്യത്തിൽ നമ്മുടെ രാജ്യത്തില്ല. സർ, സി. പി. രാമസ്വാമിഅയ്യർ പോയതിനുശേഷം കാൺഗ്രസ്സ് ഗവണ്മെന്റു വന്നു. അതോടുകൂടി ഗ്രോ മോർ ഫുഡ്ഡുംപോലും സ്കീമുകൾ നടപ്പിൽ വരുത്തി. അത്രയുമായിട്ടും ൪൦ ശതമാനമെ കൂടീട്ടില്ല എന്നു പറയുന്നതു ശരിയാണെന്നു വിശ്വസിക്കുന്നില്ല. കാൺഗ്രസ്സിനുള്ള കണക്കു് ശരി[illegible] ഗ്രോമോർ ഫുഡ് പദ്ധതികൾ പലതും ഗവണ്മെന്റ[illegible]ച്ചിട്ടുള്ളതുകൊണ്ടു് തീർച്ചയായും കുറെക്കൂടിയെങ്കിലും വർദ്ധിച്ചുകാണും. അതുകൊണ്ടു് അങ്ങനെ വലുതായ കമ്മി ഇവിടെയുണ്ടാകാനിടയില്ല. ഉണ്ടെങ്കിലും മദ്രാസിൽ ശ്രീ. സി. രാജഗോപാലാചാരി ഈ പ്രശ്നത്തെ അഭിമുഖീകരിച്ചതുപോലെ ഇവിടെയും ഈ പ്രശ്നത്തെ അഭിമുഖീകരിക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്. അങ്ങനെ വിനിയന്ത്രണം നടപ്പിലാക്കുകയാണെങ്കിൽ കർഷകനു് കൂടുതൽ ഉത്തേജനമായിരിക്കും. ഇന്നു ഗവണ്മെന്റു കർഷകനുത്തേജനം നൽകുന്നില്ല. ഇന്നു വിനിയന്ത്രണം ഏർപ്പെടുത്തുകയാണെങ്കിൽ അതിനേക്കാൾ കൂടുതൽ ഉത്തേജനം ഗവണ്മെന്റിൽനിന്നും കർഷകനു നൽകാനില്ലെന്നാണു് എനിക്കു പറയാനുള്ളതു്. പരസ്പരം വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യെങ്കിൽ മാത്രമെ ജനകീയഭരണം വിജയിക്കാൻ പോകുന്നുള്ളു. കർഷകന്റെ കഴുത്തിൽ ഈ കൺട്രോൾ ആകുന്ന കയർ മുറുക്കുന്നിടത്തോളം കാലം ജനകീയഭരണം വിജയിക്കുകയില്ല. നമുക്കു കർഷകരെ വിശ്വസിക്കാം. വ്യാപാരികളെ വിശ്വസിക്കാം. നമ്മുടെ ജനങ്ങളെ വിശ്വസിക്കാം. അങ്ങനെ വിശ്വസിച്ചുകൊണ്ടു മദ്രാസിൽ ശ്രീ. രാജഗോപാലാചാരി ചെയ്തിട്ടുള്ളതുപോലെ ഇവിടെയും പരീക്ഷണാർത്ഥം വിനിയന്ത്രണം ഏർപ്പെടുത്തിയാൽ ഒരു ദോഷവും വരാൻപോകുന്നില്ല.

മലബാറിൽ വസിക്കുന്ന ഒരാളാണു ഇപ്പോൾ ഞാൻ. മദ്രാസിൽ സി. രാജഗോപാലാചാരി ഈ വിനിയന്ത്രണം ഏർപ്പെടുത്തിയതിനു

ശേഷം അവിടത്തെ ഭക്ഷ്യനില തൃപ്തികരമായ വിധത്തിൽ മെച്ചപ്പെട്ടുവരികയാണ്. ചില ജന്മികൾ ഇത്രയും അറയിൽ സൂക്ഷിച്ചുവച്ചിരുന്ന നെല്ല് ഇപ്പോൾ പുറത്തെടുത്തുകൊണ്ടിരിക്കുന്നു. സാധാരണയായി ഭക്ഷ്യക്ഷാമമുണ്ടാകുന്നത് മിഥുനം കർക്കടകം ഈ മാസങ്ങളിലാണ്. അന്നു കൂടുതൽ വിലയ്ക്കു വിൽക്കുന്നതിനായി അറകളിൽ നെല്ലു സംഭരിച്ചു വയ്ക്കുന്ന പതിവാണു അവിടങ്ങളിലുള്ളത്. എന്നാൽ ഇപ്പോൾ വിനിയന്ത്രണം ഏർപ്പെടുത്തിയതോടുകൂടി കൂടിയ വിലയ്ക്കു വിൽക്കാൻ സാദ്ധ്യമല്ലാതെ വന്നതുകൊണ്ട് കുറഞ്ഞ വിലയ്ക്കു ധാരാളമായി വെളിയിൽ വിൽക്കുന്നുണ്ട്.

അതുകൊണ്ടു പ്രതിപക്ഷ മെമ്പറന്മാരുടെ എതിർപ്പിനെ ഭയപ്പെട്ട് ഇവിടത്തെ മന്ത്രിസഭ ഈ കാര്യത്തിൽ ഒരൊത്തുതീർപ്പിനൊന്നും പോകരുതെന്നും തന്റേടത്തോടും ധൈര്യത്തോടും വിനിയന്ത്രണം ഏർപ്പെടുത്തണമെന്നും ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. മഹാത്മാഗാന്ധിയുടെ അന്ത്യശ്വാസവേളയിലും ഈ നിയന്ത്രണം പരിപൂർണ്ണമായി എടുത്തുകളയണമെന്നു പറഞ്ഞിട്ടുള്ള കാര്യവും ഞാൻ ഇവിടെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇതേക്കുറിച്ചു മഹാത്മാഗാന്ധി ചെയ്തിട്ടുള്ള ഒരു പ്രസംഗഭാഗം ഞാൻ വായിക്കാം.

"Our Ministers are of the people, from the people. Let them not arrogate to themselves greater knowledge than those experienced men who do not happen to occupy ministerial chairs, but who hold the view strongly that the sooner the control is removed the better."

അതുകൊണ്ടു മന്ത്രിസഭ ശ്രമിക്കുമെന്നു [illegible]െങ്കിലും ഇതു നടപ്പി[illegible] ഈ എന്നുവച്ച് നാം പട്ടിണികിടന്നു മരിക്കുന്നു. അതു നടപ്പിലാക്ക[illegible] രാജ്യം അറബിക്കടലിൽ താഴുവാൻ പോകുന്നില്ല. [illegible]കുന്നില്ല. നമ്മുടെ

ശ്രീ. പി. സദാശിവൻ പിള്ള : ഒട്ട് ഔൺസ് അരി എ[illegible]

ഈ നാട്ടിലെ പട്ടിണിപ്പാവങ്ങൾക്കു കൊടുക്കാൻ നിങ്ങൾക്കു കഴിയുമോ എന്ന ചോദ്യം മുഖത്തെഴുതിയപ്പെട്ട ഒരു പാർട്ടിയിലെ അംഗമെന്നുള്ള നിലയ്ക്കാണ് ഞാനീ പ്രമേയമിവിടെ അവതരിപ്പിക്കുന്നത്. എന്നാൽ ഒരു കാര്യം എനിക്കു ഇവിടെ പറയാനുണ്ട്. അസാദ്ധ്യമായ വാഗ്ദാനങ്ങൾ പുറപ്പെടുവിച്ച് ജനങ്ങളെ വിഭ്രമം കൊള്ളിക്കുവാൻ ഞങ്ങൾ ഒരുങ്ങുന്നില്ല. പ്രകടനപത്രികയിൽ ഒന്ന് മററു കക്ഷികളുമായി കൂട്ടുപിടിക്കുമ്പോൾ മറെറാന്ന്, വിജയസാദ്ധ്യതകൾ ഉണ്ടാകുമ്പോൾ മറെറാന്ന് ഇങ്ങനെ സമയമനുസരിച്ച് സ്വരം മാറി ജനങ്ങളെ കബളിപ്പിച്ച് കാര്യങ്ങൾ നേടുന്ന ഒരു നയം സ്വീകരിക്കാൻ ഞങ്ങളുടെ പാർട്ടി ഒരുങ്ങുന്നില്ല. എനിക്കീ അവസരത്തിൽ വളരെ വിനീതമായി അപേക്ഷിക്കുവാനുള്ളത് ഈ രാജ്യത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഈ ആഹാരപ്രശ്നം രാഷ്ട്രീയ ചൂഷണത്തിനുള്ള ആയുധമായി ഉപയോഗിക്കരുതേ എന്നു മാത്രമാണ്. ഇത് ഈ നാട്ടിലെ എല്ലാ പാർട്ടികളേയും ഒന്നുപോലെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. സൃഷ്ടിപരമായ നിർദ്ദേശങ്ങളാണ് ഇന്ന് ഈ നിയമസഭയിലുള്ള അംഗങ്ങളും ട്രഷറി ബെഞ്ചും മററു ഓരോരുത്തരും ആവശ്യപ്പെടുന്നത്.

[ശ്രീ. പി. സദാശിവൻ പിള്ള.]

ഇവിടെ വളരെക്കാലമായി ഭക്ഷ്യനിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണു്. അതു് അയവു വരുത്തണമോ പരിപൂർണ്ണമായി ഉപേക്ഷിക്കണമോ എന്നു് നാം ഇന്നു വിധികല്പിക്കേണ്ടിയിരിക്കുന്നു. എനിക്കു് അതേപ്പററി പറയാനുള്ളതു് മദ്രാസിലും, ബീഹാറിലും മററു പ്രവിശ്യകളിലും ഏർപ്പെടുത്തിയിട്ടുള്ള വിനിയന്ത്രണം ഒരുപക്ഷെ വിജയപൂർവ്വം പ്രവർത്തിക്കുന്നു എങ്കിലും ഈ രാജ്യത്തെ സ്ഥിതിവിവരങ്ങൾ വച്ചുകൊണ്ടു് ഭക്ഷ്യനിയന്ത്രണം പരിപൂർണ്ണമായി നീക്കുന്നതു് ആപൽക്കരമായിരിക്കും എന്നാണു്. ഈ രാജ്യത്തെ സ്ഥിതിവിവരക്കണക്കനുസരിച്ചു് തിരുവിതാംകൂർ-കൊച്ചി ൬൦ ശതമാനത്തിൽപ്പരം ഭക്ഷ്യധാന്യങ്ങൾ കമ്മിയായിട്ടുള്ള ഒരു രാജ്യമാണു്. ഇപ്രകാരം കമ്മിയായിട്ടുള്ള ഒരു രാജ്യത്തു് അധിവസിക്കുന്ന ആളുകൾക്കു് ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യണമെന്നുണ്ടെങ്കിൽ നാം മററു പ്രവിശ്യകളേയും മററു രാജ്യങ്ങളേയും ആശ്രയിക്കേണ്ടതുണ്ടു്. അങ്ങനെ മററു രാജ്യങ്ങളിൽനിന്നും കൊണ്ടുവരപ്പെട്ട ഭക്ഷ്യധാന്യങ്ങൾ എങ്ങനെ വിതരണം ചെയ്യണം, അതിനെ നീതിപൂർവ്വമായി എങ്ങനെ ക്രമീകരിക്കുവാൻ കഴിയും എന്നുള്ളതിനെപ്പററി ആലോചിക്കുമ്പോൾ നിശ്ചയമായും കരുതലോടുകൂടിയ ഒരു നിയന്ത്രണനയം ഇവിടെ ഉണ്ടായിരിക്കേണ്ടതു് ഏററവും ആവശ്യമാണെന്നു നമുക്കു കാണുവാൻ കഴിയും. ഇവിടെ നിയന്ത്രണനയം സ്വീകരിച്ചതുമൂലം ജനങ്ങളെ കൂടുതൽ വ്യസനിപ്പിക്കുന്നതിനും കൂടുതൽ പ്രയാസപ്പെടുത്തുന്നതി[illegible]കൊണ്ടു ക്ലേശിപ്പിക്കുന്നതിനുമുള്ള ഒരു നയമായി [illegible] ഒരഭിപ്രായം എനി പോക[illegible] പാടില്ലാ എന്നു് വ[illegible]തന്മാർ പറഞ്ഞതുപോലെ ഒരു ക്കുണ്ടു്. എൻെറ ബ[illegible]ച്ചതുകൊണ്ടു് ഇവിടത്തെ പാവപ്പെട്ട കർഷ ലവി സം[illegible]ധാന്യങ്ങൾ രാജ്യമൊട്ടുക്കു കൊണ്ടുപോകുന്നതിനും ക്രയവിക്രയം ചെയ്യുന്നതിനുമുള്ള അവകാശം നമ്മുടെ ഗവണ്മെൻറു് അനുവദിച്ചുകൊടുക്കേണ്ടതാണു്.

എന്നാൽ അതോടുകൂടിത്തന്നെ ഇവിടത്തെ ഗവണ്മെൻറു് ഇക്കാര്യത്തിൽ ഒരു സമൂലപരിവർത്തനം വരുത്തേണ്ടതു് ഏററവും ആവശ്യമായിത്തീർന്നിരിക്കുന്നു. ഒന്നാമതായി ചെയ്യേണ്ടതു് ഇവിടത്തെ ഭക്ഷ്യധാന്യകാർഡിൻെറ വിതരണംതന്നെ ഒന്നു പുനഃപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. ജനകീയഭരണം വന്നതിനുശേഷവും ഇതിലേയ്ക്കൊരു സെൻസസ്സു് എടുക്കുകയോ പുനഃപരിശോധന ചെയ്യുകയോ ഉണ്ടായിട്ടില്ല. ഇവിടെ ഭക്ഷ്യധാന്യവിതരണം പരിഷ്ക്കരിക്കപ്പെടുന്ന ഈയവസരത്തിൽ എനിക്കു പറയുവാനുള്ളതു് അതു വളരെ ബുദ്ധിപൂർവ്വകമായി കൈകാര്യം ചെയ്യണമെന്നാണു്. ഭക്ഷ്യക്ഷാമം നിലവിലിരിക്കുന്ന ഈ രാജ്യത്തു് അധിവസിക്കുന്ന ജനങ്ങൾക്കു് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചുമതല ഗവണ്മെൻറു് നിശ്ചയമായും ഏറെറടുക്കേണ്ടതാണു്. ഈ ചുമതല ഗവണ്മെൻറു് ഏറെറടുക്കുമ്പോൾ ഓപ്പൺ മാർക്കററുകളിൽനിന്നു് വാങ്ങാൻ കഴിവുള്ളവർക്കു് കാർഡു കൊടുക്കാതിരിക്കുകയും കഴിവില്ലാത്തവരെ സംബന്ധിച്ചിടത്തോളം ആ ചുമതല ഗവണ്മെൻറുതന്നെ തുടർന്നു വഹിക്കുകയും ചെയ്യണമെന്നുള്ളതാണു് എൻെറ അഭിപ്രായം. ഈ രാജ്യത്തു് സ്റ്റാററൂട്ടറി റേഷനിംഗ് എടുത്തുകളയേണ്ട ആവശ്യമില്ല എന്നുള്ള വ്യക്തമായ അഭിപ്രായ

മാണ് എനിക്കുള്ളത്. അതോടുകൂടിത്തന്നെ ഹയർ ഇൻകം ഉള്ളവർക്ക് അതായത് ൫൦൦൦ രൂപയിൽ കൂടുതൽ വരവുള്ളവർക്കും ആദായനികുതിയും കാർഷികാദായനികുതിയും കൊടുക്കുന്നവർക്കും പരസ്യവിപണികളിൽനിന്നും വാങ്ങിച്ച് ആഹാരകാര്യം നിർവഹിക്കാവുന്നതാണ്. എന്നാൽ പരസ്യവിപണികളിൽനിന്നും ഭക്ഷണസാധനങ്ങൾ വാങ്ങാൻ നിവൃത്തിയില്ലാത്തവർക്ക് ആഹാരസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചുമതല ഗവണ്മെന്റുതന്നെ ഏറ്റെടുക്കണം. ആ ചുമതലകളിൽനിന്നും ഗവണ്മെന്റ് ഒഴിഞ്ഞുമാറരുതെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. അങ്ങിനെ ബുദ്ധിപൂർവ്വമായി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് ഗവണ്മെന്റ് തുടർന്നുകൊണ്ടുതന്നെ പോകുന്നതിനു തയ്യാറാവണം.

ഈ രാജ്യത്തെ പ്രോക്യൂവർമെന്റ് നയം അനായാസേന ഇന്നു ഗവണ്മെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള മാതിരി നടപ്പിലാക്കിക്കൊള്ളട്ടെ. ഈ നെല്ലെടുപ്പുപദ്ധതി പരിഷ്ക്കരിക്കുന്നതോടൊപ്പംതന്നെ ഇവിടെ റൈസ് മില്ലുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുവാൻ പോകുന്നു എന്നു കേട്ടു. അത് അപകടമാണെന്നാണ് എനിക്കു പറയാനുള്ളത്. ഇതിന്റെ അർത്ഥം ഇന്നു നിലവിലിരിക്കുന്ന ഒരു മോണോപ്പൊളി മാററി മറെറാരു മൊണോപ്പൊളി സൃഷ്ടിച്ചുവയ്ക്കുന്നു എന്നുള്ളതാണ് ഇതിന്റെ ഫലം. ഒന്നുകിൽ ഇവിടെയുള്ള റൈസ് മില്ലുകളുടെ നിയന്ത്രണങ്ങൾ മുഴുവൻ പിൻവലിക്കട്ടെ അല്ലെങ്കിൽ റൈസ് മില്ലുകൾ അൽപ്പംപോലും അനുവദിക്കാതിരിക്കട്ടെ. ഗവണ്മെന്റിലേയ്ക്കെടുക്കുന്ന നെല്ല് റൈസ്മില്ലിൽ കൊടുക്കുകയാണെങ്കിൽ പതിരു കുറയുമെന്നു പറയുന്നതുകേട്ടു. എന്നാൽ റൈസ്മില്ലിൽ കൊടുക്കുന്നതുകൊണ്ട് കൂടുതൽ തകരാറുകൾ ഉണ്ടാകുമെന്നാണ് എനിക്കു തോന്നുന്നത്. ഗവണ്മെന്റിലേയ്ക്കെടുക്കുന്ന നെല്ല് റൈസ് മില്ലിൽ കൊടുക്കുന്നതിനു പകരം കർഷകൻ കൊടുക്കേണ്ട നെല്ല് അരിയാക്കിത്തരണമെന്ന് ഏർപ്പാടുചെയ്യുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. അങ്ങനെ അരിയായി കർഷകൻ ഗവണ്മെന്റിലേയ്ക്കു കൊടുക്കുന്നതിനു ഏർപ്പാടുചെയ്യുകയാണെങ്കിൽ നെല്ലു വിതരണം ചെയ്യുമ്പോൾ പതിരുണ്ടെന്നുള്ള പരാതിക്കും ഇടവരികയില്ല.

സർ, ഇനി ഫുഡ് പ്രൊഡക്ഷൻ ബോർഡിനെപ്പററി രണ്ടുവാക്കു പറയണമെന്നുണ്ട്. ഫുഡ്പ്രൊഡക്ഷനെപ്പററി ഇവിടെ പല ആളുകളും പറയുന്നതു കേട്ടു. അതേപ്പററി ഇപ്പോൾ സംസാരിക്കുന്നതിനു സമയം തരുന്നപക്ഷം ഇനിയും അതേപ്പററി മറെറാരവസരത്തിൽ സംസാരിക്കേണ്ടതില്ലായിരുന്നു.

<u>ഡാക്ടർ എൻ. എസ്സ്. പിള്ള</u>: സർ, കൺട്രോൾ എന്നു പേരും പറഞ്ഞ് ഈ നാട്ടിൽ നടക്കുന്ന അഴിമതിക്ക് അവസാനമില്ല. ഈ കൺട്രോൾ കൊണ്ടുവന്നത് ആളുകൾക്ക് നല്ല അരി ആവശ്യത്തിനു കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. എന്നാൽ നല്ല അരി അപൂർവ്വം ചിലർക്കു മാത്രമെ ലഭിക്കുന്നുള്ളു എന്നാണ് പറയുന്നത്. കഴിഞ്ഞ കാൺഗ്രസ്സുകാലത്ത് ഈ കാൺഗ്രസ്സുകാർ ഇങ്ങേ അററംമുതൽ അങ്ങേ അററംവരെ പറഞ്ഞുകൊണ്ടിരുന്നു, ഞങ്ങളെ ഭരണത്തിൽ കൊണ്ടുവരികയാണെങ്കിൽ ഇവിടത്തെ ജനങ്ങൾക്ക് പല ഗുണങ്ങളും ചെയ്യുമെന്ന്. അതിന്റെ ഫലമായിട്ടാണ് പതിരുള്ള നെല്ലും, കല്ലുള്ള അരിയും കൊടുക്കുന്നത്. ആരു തന്നെ ഭരണം നടത്തിയാലും ഇപ്പോൾ കാൺഗ്രസ്സിനെ ആരും ഭയപ്പെടേണ്ടതില്ല എന്ന നിലയിൽ എത്തിക്കഴിഞ്ഞു.

[ഡാക്ടർ എൻ. എസ്സ്. പിള്ള.]

ഇന്നീ കൺട്രോൾ ഏർപ്പാടു നടത്തിക്കൊണ്ടുപോകുന്ന ഉദ്യോഗസ്ഥന്മാരുടെ പേരു് ജി. പി. തഹശീൽദാർ എന്നാണു്. അതായതു് ഗ്രെയിൻ പർച്ചേഴ്സ് തഹശീൽദാർ എന്നർത്ഥം. എന്നാൽ ഇന്നു് അതിന്റെ അർത്ഥം മാറിയിരിക്കുന്നു—ജി. പി. ഗ്രെയിൻ പ്രാഫിററ് മേക്കിംഗ് തഹശീൽദാർ. അവരുടെ അനുവാദം കൂടാതെ റേഷൻ ഷാപ്പുകൾ നടത്തുന്നതിനനുവാദം കിട്ടുകയില്ല. അതിലേക്കനുവാദത്തിനപേക്ഷിച്ചാൽ ആ തഹശീൽദാർക്കു കയ്ക്കൂലി കൊടുത്തില്ലെങ്കിൽ അപേക്ഷകനെപ്പററി അനുകൂലമായ അഭിപ്രായം എഴുതി അയയ്ക്കുകയില്ല. ഇന്നു ഡിപ്പാർട്ടുമെൻറിലുള്ള ജി. പി. തഹശീൽദാരന്മാരിൽ ൧൦ ശതമാനവും കയ്ക്കൂലി വാങ്ങുന്നു എന്നുള്ള കാര്യം ഞാൻ ധൈര്യത്തോടുകൂടി ഉത്തരവാദത്തോടുകൂടി വിളിച്ചുപറയുന്നു. അങ്ങനെ ഒരുകാര്യം പറയുന്നതു ഇവിടത്തെ ഫുഡ് മിനിസ്റ്റർക്കും ചീഫ് മിനിസ്റ്റർക്കും അഭിമാനകരമാണോ? ഒന്നുകിൽ ഫുഡ്മിനിസ്റ്ററും ചീഫ്മിനിസ്റ്ററും ഈ അഴിമതിയെ അടിച്ചോടിക്കണം, അല്ലെങ്കിൽ സ്ഥാനം രാജിവച്ചൊഴിയണം.

ചിറയിൻകീഴ് താലൂക്കിൽ നടന്ന ഒരു സംഭവം ഉദാഹരണമായി പറയാം. അവിടത്തെ ജി. പി. തഹശീൽദാരുടെ അടുക്കൽ ഒരാൾ പഞ്ചസാര വാങ്ങിക്കാൻ ചെന്നു.

ശ്രീ. കെ. കരുണാകരൻ : ജി. പി. തഹശീൽദാർക്കു് പഞ്ചസാര കച്ചവടം ഉണ്ടോ?

ശ്രീ. ഡാക്ടർ എൻ. എസ്സ്. പിള്ള : അതിനുത്തരം ഞാനിപ്പോൾ പറയുന്നില്ല. അങ്ങനെ വാങ്ങിക്കാൻ ചെന്നപ്പോൾ കൊടുക്കുവാൻ സാധിക്കുകയില്ലെന്നു പറഞ്ഞു. പിന്നെ ആ ആളുതന്നെ പേരുമാററി വേറൊരാളുടെ പേരു വച്ചുകൊണ്ടു് അതായതു് ആ ജി. പി. തഹശീൽദാരുടെ ജാതിയിലുള്ള ഒരാളുടെ പേരുവെച്ചുകൊണ്ടു പോയപ്പോൾ പഞ്ചസാരയ്ക്കുള്ള ചിററുകൊടുത്തു. ഇങ്ങനെയാണു് അവിടത്തെ ജി. പി. തഹശീൽദാർ പ്രവർത്തിച്ചുവന്നതു്. കൈക്കൂലി മാത്രമല്ല, ജാതിനോക്കിപോലും കാര്യങ്ങൾ നടത്തുന്ന സംപ്രദായം മാതൃകാരാജ്യമെന്നു നാം അഭിമാനിക്കുന്ന തിരുവിതാംകൂറിൽ, ഭാരതഭൂമിയിലെ സംസ്കാരസമ്പന്നമായ രാജ്യമെന്നു നാം അഭിമാനിക്കുന്ന ഈ തിരുവിതാംകൂറിൽ, നടക്കുന്നതു് നമുക്ക് അഭിമാനപ്രദമാണോയെന്നു് ആലോചിക്കണം.

കൺട്രോളിനെപ്പററി സഖാവ് രാമസ്വാമി പറഞ്ഞതിനോടു ഞാൻ പരിപൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

ശ്രീ. ഈ. കൃഷ്ണൻ നായർ : സർ, ഭക്ഷ്യധാന്യത്തിന്റെ സംഭരണം സംബന്ധിച്ചും, വിതരണം സംബന്ധിച്ചും, ഈ സഭയിൽതന്നെ ധാരാളം സംസാരിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ ഞാൻ അതിലെ വിശദാംശങ്ങളിലേയ്ക്കു് കടക്കുന്നില്ല. സംഭരണവും വിതരണവും സംബന്ധിച്ചു് പലവിധത്തിലുള്ള അനീതിയും കൈക്കൂലിയും ഉണ്ടെന്നുള്ളകാര്യം എല്ലാവരും സമ്മതിക്കുന്ന ഒന്നാണു്. എന്നാൽ അതു് ഇല്ലാതാക്കി ഈ പദ്ധതി നവീകരിച്ചു് എങ്ങനെയാണു് തൃപ്തികരമായ രീതിയിൽ നടത്തിക്കൊണ്ടുപോകുകയെന്നുള്ളതിനെ സംബന്ധിച്ചു് ഗവണ്മെൻറു ഇതുവരെ ആലോചിച്ചിട്ടില്ലായെന്നാണു് തോന്നുന്നതു്. ഇന്നു്

ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ പറയുകയുണ്ടായി കൺട്രോൾ മുഴുവൻ എടുത്തുകളയണമെന്നു്. എനിക്കു് അതിനെസംബന്ധിച്ചു പറയാനുള്ളതു് അങ്ങനെ കൺട്രോൾ എടുത്തുകളയുന്നതു് ബുദ്ധിപൂർവ്വമായ ഒരു പ്രവൃത്തിയായിരിക്കുകയില്ല എന്നാണു്. ഈ രാജ്യത്തു് അധിവസിക്കുന്ന ജനങ്ങളിൽ ഭൂരിഭാഗവും പാവപ്പെട്ട കൃഷിക്കാരാണു്. അവർക്കു് റേഷൻ കിട്ടിയില്ലെങ്കിൽ ജീവിക്കാൻതന്നെ യാതൊരു നിവൃത്തിയും ഇല്ല. എന്നാൽ ഇന്നത്തെ ഏർപ്പാടു അനുസരിച്ചു് അവർക്കു വേണ്ട റേഷൻ കിട്ടുന്നുണ്ടു്. അതുകൊണ്ടു് കൺട്രോൾ വേണ്ടെന്നു വയ്ക്കുകയാണെങ്കിൽ സാധുജനങ്ങൾ പട്ടിണിയിൽ ആയിപ്പോകും. രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും ആഹാരത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ ലഭിക്കുമെന്ന ഒരു കാലഘട്ടത്തിൽ മാത്രമെ കൺട്രോൾ എടുത്തുകളയുവാൻ പാടുള്ളു. എന്നാൽ ഈ അവസരത്തിൽ ഒരു കാര്യംകൂടി ഓർക്കേണ്ടതുണ്ടു്. ഇടനാടുകളിലും കിഴക്കൻ പ്രദേശങ്ങളിലും അധിവസിക്കുന്നതു് അധികവും കർഷകത്തൊഴിലാളികളാണു്. അവർ റേഷൻധാന്യങ്ങൾ വാങ്ങിക്കുന്നതിനു് വൈമുഖ്യം കാണിക്കുന്നുണ്ടു്. അവർക്കുള്ള റേഷൻ മുഴുവനുമോ കുറെയേറെയോ പലപ്പോഴും അവർ വാങ്ങിക്കാതെയാണിരിക്കുന്നതു്. ഈ വാങ്ങിക്കാത്ത റേഷൻ, റേഷൻകച്ചവടക്കാർ ബ്ലാക്കുമാർക്കററിൽ വിൽക്കുന്നുണ്ടു്. അതിനാൽ എനിക്കു് ഒന്നു പറയുവാനുള്ളതു് ഈ സ്ഥലങ്ങളിലെ റേഷൻ അല്പം കുറച്ചിട്ടു് അതു് കായലോരങ്ങളിലും മററു തീരപ്രദേശങ്ങളിലും താമസിക്കുന്ന തൊഴിലാളികൾക്കു് കൊണ്ടുപോയി കൊടുക്കണം. ഈ കച്ചവടക്കാർതന്നെ ഇടനാടുകളിലും മററും ഉള്ള വാങ്ങിക്കാത്ത റേഷൻധാന്യങ്ങളെ തീരപ്രദേശങ്ങളിൽ കൊണ്ടുചെന്നു ബ്ലാക്കുമാർക്കററുകളിൽ വിൽക്കുന്നുണ്ടു്. അതായതു് സാധാരണ റേഷൻധാന്യത്തിന്റെ വിലയുടെ രണ്ടുഇരട്ടിയും മൂന്നുഇരട്ടിയും വിലകൊടുത്താലെ തീരപ്രദേശത്തുള്ള സാധുതൊഴിലാളികൾക്കു് ആഹാരസാധനം കിട്ടുകയുള്ളു. അതുകൊണ്ടു് ഇതിനു ഒരു പരിഹാരമായിട്ടാണു് ഇടനാടുകളിലും മററും ഉള്ള റേഷൻ അളവിൽ കുറവുവരുത്തിയിട്ടു് തീരപ്രദേശങ്ങളിൽ അവ വർദ്ധിപ്പിക്കണം എന്നു പറഞ്ഞതു്. അങ്ങനെ ചെയ്യുന്നതുകൊണ്ടു യാതൊരു കുഴപ്പവും വരാനില്ല.

ഇനി നെല്ലെടുപ്പിനെസംബന്ധിച്ചു് രണ്ടുവാക്കു പറയുവാനുണ്ടു്. ഇവിടെ ഇപ്പോൾ ഉള്ളതു് ലെവിസമ്പ്രദായം ആണു്. ലെവിസമ്പ്രദായം അനുസരിച്ചു് സാധുകർഷകരെപ്പോലും ഇതിൽനിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട ഒരു മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി, ശ്രീ. രാഘവക്കുറുപ്പാണെന്നു തോന്നുന്നു ൫൦൦ പറ നെല്ലു് ആദായം കിട്ടുന്നവരെ ഇതിൽനിന്നും ഒഴിവാക്കണമെന്നു്: അതു് ശരിയായ ഒരു നയം അല്ല. ൫൦൦ പറ നെല്ലുള്ളവരെ ഒഴിവാക്കുകയാണെങ്കിൽ പിന്നെ നെല്ലെടുക്കാൻ ഈ രാജ്യത്തു് കുറച്ചുപേരെ കാണുകയുള്ളു. ചെറുകർഷകരെ ഇതിൽനിന്നും ഒഴിവാക്കണം എന്നുമാത്രമാണു് എനിക്കു പറയുവാനുള്ളതു്. ഇപ്പോഴത്തെ സമ്പ്രദായം അനുസരിച്ചു് ഒരേക്കർ നിലത്തിൽനിന്നും എടുക്കാവുന്ന നെല്ലു് ൩൦ പറയാണു്. വലിയ ഭൂഉടമ ഉള്ളവരിൽനിന്നും ലെവിസമ്പ്രദായം അനുസരിച്ചു് ഉള്ള നെല്ലു് എടുത്തിട്ടു് അവരുടെ ആവശ്യം കഴിഞ്ഞു് ബാക്കിയുള്ള സർപ്ലസ് മുഴുവനും അവരിൽനിന്നും എടുക്കണം. ഇങ്ങനെ നെല്ലെടുപ്പിൽ ഒരു ഭേദഗതി

[ശ്രീ. ഇ. കൃഷ്ണൻനായർ.]

വരുത്തുകയാണെങ്കിൽ നന്നായിരിക്കും. നെല്ലെടുപ്പ് പ്രാദേശിക കമ്മിററികൾമുഖാന്തരം നടത്തണമെന്നുകൂടി എനിക്കഭിപ്രായം ഉണ്ട്. ഇപ്രകാരമെല്ലാം ചെയ്യുകയാണെങ്കിൽ നെല്ലെടുപ്പ് വിജയപ്രദമായി തീരും എന്നുള്ളതിന് യാതൊരു സംശയവും ഇല്ല.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ : ഉൽപ്പാദകരുടെയും ഉപഭോക്താക്കളുടെയും താൽപ്പര്യങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തി രണ്ടു കൂട്ടരോടും നീതിചെയ്യുന്ന ഒരു ഭക്ഷ്യനയം രൂപീകരിക്കണമെന്ന കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്. ഇന്നു നിലവിലുള്ളതു് കർഷകരോട് വളരെ കക്കശമായ രീതിയിൽ പെരുമാറുന്ന ഒരു വ്യവസ്ഥയാണ്. ചെറിയ കർഷകരായാലും ശരി, വലിയ കർഷകരായാലുംശരി, അവരുടെ കയ്യിലുണ്ടാകുന്ന മിച്ചനെല്ലു മുഴുവനും ഗവണ്മെൻറിലേയ്ക്കു് എടുക്കണം എന്നതാണ് ഇന്നത്തെ വ്യവസ്ഥ. ഇതു് നടപടിയിൽ വരുമ്പോൾ മിച്ചം മാത്രമല്ല, അവനവൻെറ ചെലവരിക്കുള്ള നെല്ലുപോലും സക്കാരിലേയ്ക്കു് നേരിട്ടോ, ജന്മികൾ മുഖേനയോ അളക്കേണ്ട ഒരു പരിതഃസ്ഥിതിയിലാണ് ഇന്നു കർഷകർ നിൽക്കുന്നതു്. ഈ പരിതഃസ്ഥിതിക്ക് ഒരു മാററം വരുത്തുന്നതായാൽ ഭക്ഷ്യോൽപ്പാദനത്തിനു ശരിയായ പ്രോത്സാഹനവും പ്രചോദനവും ഉണ്ടാകണമെന്നുള്ളതു് മിക്കവാറും എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. ഇന്നത്തെ സമ്പ്രദായത്തിനു മാററം വരുത്തി നെല്ലു വിൽക്കുവാനുള്ള അവകാശം സക്കാരിന്നെന്നപോലെ കർഷകനും നൽകണമെന്നതാണ് എനിക്കും എന്നെപ്പോലെയുള്ള മററു പല മെംബറന്മാക്കും തോന്നുന്നതു്. അങ്ങനെ ഒരു സ്വതന്ത്രമാക്കററിൽ കർഷകൻ നെല്ലു വിൽക്കുകയാണെങ്കിൽ ആ മാക്കററു മുഖേന അവക്കു കൂടുതൽ ആദായം കിട്ടുകയും അങ്ങനെ അവക്ക് ഒരു പ്രോത്സാഹനം ലഭിക്കുകയും ചെയ്യുമെന്നുള്ളതു് വ്യക്തമായി കാണാവുന്നതാണ്. അതോടൊപ്പംതന്നെ ഉപഭോക്താക്കളോടു നീതിചെയ്യണം എന്നുള്ളതുകൊണ്ടു് ഭൂമിയിലുണ്ടാകുന്ന വിളവിൻെറ ഒരു പ്രധാനഭാഗം, നാട്ടിൽ ഭൂമിയില്ലാത്തവക്കു അരി നൽകുവാൻവേണ്ടി, സക്കാരിലേയ്ക്കു് എടുക്കണം എന്നുള്ളതും നിർബന്ധിക്കണം. അതായതു്, സക്കാരിലേയ്ക്കു് നിശ്ചിതതോതിലുള്ള നെല്ല് കർഷകൻ കൊടുക്കണം. ബാക്കിയുള്ളതു് സ്വതന്ത്രമാക്കററിൽ വിൽക്കാൻ കർഷകനെ അനുവദിക്കുകയും ചെയ്യേണ്ടതാണ്. ഇതിൻെറ ഫലമായി ഒരു പക്ഷെ നെല്ലെടുപ്പിനു കുറെ കുറവുവന്നു എന്നു വന്നേയ്ക്കാം. പക്ഷെ ഉൽപ്പാദനം വളരെ വർദ്ധിക്കും. മദ്രാസിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവംതന്നെ നമുക്ക് ഇതിനു പ്രചോദനം നൽകേണ്ടിയിരിക്കുന്നു. പക്ഷെ, അത്രത്തോളം പോകാൻ സ്റ്റേററിനു സാദ്ധ്യമല്ലാത്തതുകൊണ്ടു് ഇവിടത്തെ പരിതഃസ്ഥിതിയനുസരിച്ചു് അതിൽ സ്വല്പം വ്യത്യാസപ്പെടുത്തണമെന്നേയുള്ളു. മദ്രാസിനെ അനുകരിച്ചു് പരിപൂർണ്ണമായ വിനിയന്ത്രണത്തെ ഞാൻ ശുപാർശ ചെയ്യുന്നില്ല.

ഇന്നത്തെ വാദപ്രതിവാദങ്ങളിൽനിന്നു് ഒരു സംഗതി വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രതിപക്ഷത്തുള്ള സ്നേഹിതന്മാർ അവരുടെ പഴയ നിർബ്ബന്ധശീലത്തിന്നു സ്വല്പം അയവു വരുത്തിയിട്ടുണ്ടെന്നു് കാണാൻ കഴിയും. മദ്രാസിലെ നയം ഇവിടെയും അനുവത്തിച്ചേയ്ക്കുമോ എന്നുള്ള ഭയംകൊണ്ടാണ് അവർ പലതും ഇവിടെ പറ

ത്തെ തു്. ഭൂമിയിൽ വിളയുന്ന ഓരോമണി നെല്ലും സർക്കാരിലേക്കെടുക്കണമെന്നു വാദിച്ചുകൊണ്ടിരുന്നവർ അഞ്ചു ഏക്കർക്കാരെയും ൫൦൦ പറക്കാരെയും നെല്ലെടുപ്പിൽനിന്നും ഒഴിവാക്കാൻ സമ്മതിച്ചിട്ടുണ്ടു്. എല്ലാവർക്കും വയറു നിറച്ചു ചോറു കൊടുക്കണമെന്നു് വാദിച്ചുകൊണ്ടിരുന്ന ഇവർ ആറു് ഔൺസു് അരി കൊടുത്താൽ മതിയെന്നു സമ്മതിച്ചു തുടങ്ങിയിട്ടുണ്ടു്. ഗവണ്മെൻറുമായി യാതൊരുവിധത്തിലും ഒത്തുതീർപ്പില്ലാതെ സമരം പ്രഖ്യാപിച്ചുകൊണ്ടിരുന്ന ഇവർ ധാന്യസംഭരണകാര്യത്തിലും ധാന്യ വിതരണകാര്യത്തിലും കമ്മിററികൾമുഖേന ഗവണ്മെൻറുമായി സഹകരിക്കാൻ തയ്യാറായിട്ടുണ്ടു്. ഫ്രീമാർക്കററിൽ വിൽക്കുവാൻ അനുവദിച്ചുകൂടെന്നും കരിഞ്ചന്തയിൽ കൊള്ള നടക്കുന്നു എന്നും പറഞ്ഞുകൊണ്ടിരുന്ന ഇവർ സ്വാതന്ത്ര്യമാർക്കററു അനുവദിക്കണം എന്നും മററും പറഞ്ഞു തുടങ്ങിട്ടുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : സ്വാതന്ത്ര്യമാർക്കററിൽ വിൽക്കണമെന്നു പറയുന്നതു് കരിഞ്ചന്തയിൽ വിൽക്കണം എന്നാണോ?

ശ്രീ. ടി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ : സ്വാതന്ത്ര്യമാർക്കററു വേണമെന്നു ഇപ്പോൾ പറയുന്നു. കരിഞ്ചന്തയെപ്പററി പറയാറുള്ളപ്പോൾ ഇതു പറയാറില്ല. ഏതായാലും ഈ നയം മാററം ആ പാർട്ടിയെ സംബന്ധിച്ചാവുകകൊണ്ടു് ഒരു ആപൽസൂചനയാണോ എന്നു എനിക്കു തോന്നിപ്പോകുന്നുണ്ടു്. ഏതായാലും ഈ കാര്യത്തിൽ അവർക്കു ഒരു മാററം വന്നിട്ടുള്ളതായി സമ്മതിക്കേണ്ടിയിരിക്കുന്നു. അതു് ജനാഭിപ്രായത്തിൻെറ പ്രതിഫലനമാണെന്നാണു് വിചാരിക്കേണ്ടിയിരിക്കുന്നതു്. എന്തെങ്കിലും പറഞ്ഞുകൊണ്ടു് കർഷകരെയോ സാധാരണക്കാരെയോ സമീപിക്കാൻ ഇനി സാദ്ധ്യമല്ലെന്നു് അവരും മനസ്സിലാക്കിക്കഴിഞ്ഞുവെന്നാണു് ഞാൻ ഇതിൽനിന്നും മനസ്സിലാക്കുന്നതു്.

Shri O. C Ninan : I move to reduce the allotment of Rs. 4,200 for pay of officers under B (1)—Food Production Bord—by Re 1.

Mr. Speaker : I would request hon. Members to keep to the time limit of 5 minutes.

[4. P. M.]

ശ്രീ ഒ. സി നൈനാൻ : നമ്മുടെ രാജ്യത്തു ഫുഡ്പ്രൊഡക്ഷൻ ബോർഡു സ്ഥാപിച്ചതിനുശേഷം കൃഷി വളരെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണു്. ഫുഡ്പ്രൊഡക്ഷൻബോർഡു സ്ഥാപിച്ചതിനുശേഷം അനേകം ചെറിയ ചെറിയ തോടുകളും ചാലുകളും നന്നാക്കി വെള്ളം സംഭരിക്കുന്നതിനുള്ള സൗകര്യം ലഭിച്ചിട്ടുണ്ടു്. എന്നാൽ അവരുടെ ശുപാർശകൾ എല്ലായ്പോഴും ഗവണ്മെൻറു സ്വീകരിച്ചു ആവശ്യമനുസരിച്ചുള്ള ജോലികൾ അപ്പോഴപ്പോൾ ചെയ്തുകൊടുക്കുന്നില്ലെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഫുഡ്പ്രൊഡക്ഷൻബോർഡു ഏതെങ്കിലും സ്ഥലത്തുപോയി പരിശോധിച്ചശേഷം. വെള്ളം ശേഖരിച്ചു നിറുത്തുന്നതിനാവശ്യമായ വേലകൾ നടത്തുന്നതിനും അതിലേയ്ക്കുള്ള എസ്റ്റിമേററുകൾ തയ്യാറാക്കുന്നതിനും മററും ആളുകളെ കാലതാമസം വരുന്നുണ്ടു്. അതിനാൽ വലുതായ നഷ്ടങ്ങൾ നമ്മുടെ നാട്ടിനുണ്ടു്. ഫുഡ് പ്രൊഡക്ഷൻ ഉദ്ദേശിച്ചിട്ടാണെങ്കിൽ കൃഷിക്കാവശ്യമായവിധം ചെറിയ ചെറിയ തോടുകളും ഉണ്ടാക്കേണ്ടതാണു്.

[ശ്രീ. ഒ. സി. നൈനാൻ.]

അതുപോലെതന്നെ ഫുഡ്പ്രൊഡക്ഷൻബോർഡിൽനിന്നു ശുപാർശചെയ്യുന്ന സ്ഥലങ്ങളിൽ വളംഡിപ്പോകൾ ഏർപ്പെടുത്തി സൗജന്യമായ നിരക്കിൽ കൃഷിക്കാർക്കു വളം വിതരണം ചെയ്യണം. ഈ വിഷയത്തിൽ ഗവൺമെൻറു കുറെയൊക്കെ ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. കൂടുതലായി ചെയ്താൽ നമ്മുടെ രാജ്യത്തു ഭക്ഷണത്തിനുള്ള നെല്ലും അതുപോലെതന്നെ മററു കൃഷികളും വർദ്ധിക്കുന്നതിനുള്ള സൗകര്യമുണ്ടാകും. നെല്ലിനുമാത്രമല്ല വളം കൊടുക്കേണ്ടതു്. നെൽകൃഷി പോലെയുള്ള ഒന്നാണു കപ്പകൃഷി. കപ്പകൃഷിക്കു സൗജന്യമായ നിലയിൽ വളം വിതരണം ചെയ്തതായി അറിവില്ല. നെല്ലും കപ്പയും ഒന്നുപോലെ നമ്മുടെ രാജ്യത്തെ ഭക്ഷണസാധനങ്ങളായതുകൊണ്ടു കപ്പകൃഷിക്കും ആവശ്യമായ വളം സൗജന്യനിരക്കിൽ കൊടുത്തു സഹായിക്കേണ്ടതാണെന്നുമാത്രം ഞാനിവിടെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

Shri K. Balakrishna Menon: Sir, I support the motion. The idea is only to invite the attention of Government to the failure in not extending the pumping facilities and to bring to the notice of Government the extreme necessity of extending it to all river systems in the State. I desire to apprise the Government that so far as the Cheruthuruthy river is concerned there is a great facility for pumping. Absolutely no sort of pumping facilities are provided by Government there. It would be worth the while to do it, because I hold the view that there is a possibility for intensive cultivation. Sir, it is Puncha cultivation alone and not the other two crops which we are having now that will help us for intensive cultivation. Because in the light of the monsoon we are getting, any application of manure, artificial, will only end in waste. All will be washed away. For Punja, summer cultivation, it is the other way round. So that if intensive cultivation is to be resorted to, and if the Government propose to have an increase in yield, it is only right, Government should bestow all attention on the Puncha cultivation on lands. If pumping facilities and especially electric connections are extended to such places as Cheruthuruthy and Wadakkancheri, the yield can be increased to an appreciable extent. This is all that I have to say.

ശ്രീ. പി. സദാശിവൻപിള്ള: ഇതിൽ പറയുന്ന സംഗതിയെ സംബന്ധിച്ചു ഗവൺമെൻറുഭാഗത്തുനിന്നും മറുപടി കിട്ടിക്കഴിഞ്ഞിട്ടുള്ളതുകൊണ്ടു ഞാൻ തൽക്കാലം സംസാരിക്കുന്നില്ല.

Shri A. Thanu Pillai: Sir, we hear of this Food Production Board. At one time it was established evidently with a view to providing a gentleman who was in the Ministry with a place outside the Ministry, when he went out for some political reason or other. Then also we objected. We said, any way the creation of a Board of this kind should not be justified simply because an ex-Minister had to be provided with a decent place somewhere. At that time, he happened also to be a Member of this House. Even then, objection was raised that a person holding an office of profit could not continue as a Member of this House, and somehow that gentleman had to keep out of

that Board. Of course, I do not mean any disparagement so far as my friend Mr. Ikkanda Warrier is concerned. I have all respect for him. Anyway, the Board continues now. I think it is composed entirely of some officers. Now, Sir, we do not know what that Board is to be. As was pointed out this morning by Mr. Nataraja Pillai, we would very much like to be enlightened on the activities of the Government Departments and also Boards of this kind from time to time. It was the practice, Sir, so far as Travancore was concerned, and I understand that it was the same practice in Cochin also— to supply Administration Reports not only of the entire State, but also of the various Departments to the Members of the Legislature every year. But now for the last two years we have not been supplied with anything of that kind. It was stated by the hon. Minister this morning that the latest Administration Report is available as also those of the departments, but they relate to the year 1949-50. About the reports for 1950 and 1951 we know nothing.

The Board came into existence, I think, during the last two years. We do not know what this Board is to be. What I know is that it is composed of the heads of some Departments. What they are doing we do not know. Why should we add to the expenditure? Any scheme dealing with Food production should deal with cattle improvement, Veterinary, Poultry-breeding, etc. We want not only rice, but we want milk, we want eggs, we want other things. Here is a Board which deals with the distribution of lands. Of course, Government wanted to distribute all available lands among their supporters and that was how this Board came into being. When Mr. Ikkanda Warrier had to be provided, he was made the President of the Board. The things still continue. Now, I can understand a Board of this kind composed of representatives of the people who know the country and its requirements and also official members dealing with Food Production as a whole, doing the same effective work looking around and seeing how the things have to be correlated, and coordinated where control has to be exercised, how the leakage of public money can be avoided, etc. Here is a Board composed of a few officers who can at best deal with the distribution of lands. Why is governmental work being continued exactly as in the case of that other body, what we call the 'Revenue Board'?

So, Sir, I am not at all satisfied that there is any purpose in continuing this Board. So let it go. At the same time I will insist that it should be a comprehensive food production scheme. What is the provision made by the State to ensure milk supply? Our cattle are degenerating. We have no milk. That is an aspect of Food Production which is grossly ignored. I find some provision for cattle breeding in the budget. But that is quite inadequate. We want milk. Without milk, our people are going down in point of health. So, much greater attention should be bestowed to the milk provision. Where is the pasture land for our cattle? That is a thing of the past. So, these aspects of the food production should be attended to,

[Shri A. Thanu Pillai.]

Then, we must have eggs. I say every Travancore-Cochin citizen should eat at least one egg a day. The few eggs produced here are being sent out. There was prohibition, Sir, to sending out eggs from the State formerly, I think during the last two years. That has been removed. It may be argued 'why? We get money'. Why? We can get money for other things, for tapioca, if we sell it outside. Similarly we should give facilities for our people at least to get as nutritious a food as is available in the State. So, the egg export is a matter that has to be reconsidered. The health of our people is going down. Eat one egg a day, at least—how many people do it? So, Government should take into account all these factors and see that there is some kind of agency which would deal with matters of this kind. I can understand that. But here is a Board composed of a few officials for lands being distributed to their favourites. Now, they say they have stopped it.

I am not at all satisfied that this provision is necessary. Therefore, I move that this may be omitted.

Shri P. S. Nataraja Pillai : Sir, I too think that there is no necessity to provide Rs. 58,000 for the pay of the officers of the Board. The genesis of the Board was explained here and I do not want to go into that matter. But it was decided in 1950 that there must be an officer ? For what ? It was felt necessary that there should be an officer to co-ordinate the Grow More Food activities and this is what we have. Government said "We have appointed a Special Officer for Food Production whose duty it will be to co-ordinate the Grow More Food Schemes". But in 1950 they changed it into a Board. So many things in our country are connected with the political changes. I leave it at that.

What is the function of the Board, and what is it doing today? To-day that Board has a Secretary, no Chairman, and it is called a Board. Some money is provided. It is not a co-ordinating agency at all, but rather functions as a connecting link between the different departments of the Government. What is the real function they are doing is unknown to this House. One definite thing which it was doing was inviting applications and disposing of applications for lands. They used to make recommendations for assigning lands to particular individuals or societies. That kind of work was being done by this Board. I do not know whether that system still continues. At any rate, they were doing real harm to the country. I know, Sir, that under the sanction of this Board lands were given on lease on Kuthagapattom to various persons. That has really affected the cultivation in these areas. Sir, in the three southernmost taluks, even the lands used as grazing ground for cattle were leased out.

It is one of the most important and absolutely necessary thing in that area, that is grazing ground for the cattle. Those lands were leased out under the Grow More Food Scheme. Under that scheme private individuals and capitalists have begun

to take possession of it making profits out of it. Similarly there were big encroachments in certain areas and it is found that influential capitalists are behind it. The Government machinery finds itself incapable even of taking statutory action under the Land Encroachment Act. The Government machinery has no sufficient strength to see that these people who are encroaching on Government lands are evicted. That happens in South and North Travancore alike. So, this intermediary institution is practically useless and unnecessary in the present context. It does not serve any useful purpose. It has not done anything to co-ordinate the activities of the Grow More Food Campaign' If it is manure supply, it is purely under the control of the Agricultural Department. If it is land assignment, it is purely under the control of the Land Revenue Department. If it is Irrigation works, it is under the P. W. Department. Then, what function does this Board do? We do not know. Perhaps it may be an useful institution for certain interested individuals. Therefore, it is absolutely unnecessary to continue to spend this much amount on this Department and, I also support the motion for the omission of the grant.

Shri Chengarappally P. Narayanan Potti: Sir. I move :

'To reduce the allotment of Rs. 3,70,300 for Food Production by Rs. 100'

സർ, ഞങ്ങളുടെ നാട്ടിലുള്ള, ഇക്കഴിഞ്ഞ ഒന്നുരണ്ടു കൊല്ലമായി പ്രവർത്തനം നടത്തുന്ന, കുട്ടനാട്ട് ഡവലപ്പ്മെൻറ സ്കീം പ്രകാരമുള്ള കരിനിലകൃഷിയെ സ്പർശിച്ച് ചിലതു പറയുവാനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്. കഴിഞ്ഞ ഒരു ദിവസം എൻെറ ഒരു ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചു മടവീണതുകൊണ്ടാണ് ൧൯൫൩-ൽ, ൧൯൫൦-ൽ ഉണ്ടായിരുന്നതിനേക്കാൾ അവിടെ നെൽവിളവു കുറഞ്ഞുപോയതെന്ന്. പുറക്കാട്ടു പകുതിയിൽ ൨,൦൦൦ ഏക്കറോളം വരുന്ന കരിനിലം പുതിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ ബണ്ടുകെട്ടി കൃഷിചെയ്തിരുന്നു. അതിനുവേണ്ടി അനേകായിരം രൂപ ചെലവുചെയ്തു എന്നു ഗവണ്മെൻറ പറഞ്ഞിരുന്നു. അന്നുവരെ ആഘോഷത്തോടുകൂടി ഉൽഘാടനം ചെയ്യുകയും ചില മന്ത്രിമാർ അവിടെ ചെന്ന് പ്രസംഗിക്കുകയും പിന്നീട് അതിൻെറ പടവും മററും പ്രചരണത്തിനുവേണ്ടി തിരുവിതാംകൂർ-കൊച്ചി ഇൻഫർമേഷനിൽ പരസ്യപ്പെടുത്തുകയും ചെയ്തതായി കേട്ടിട്ടുണ്ട്. ജലപ്പരപ്പ് ജനപ്പരപ്പായും അതു് പച്ചപ്പരപ്പായും മാറിയിട്ടുണ്ടെന്ന് മന്ത്രിമാർ പ്രസംഗിച്ചതായും കേട്ടിട്ടുണ്ട്. ആ ബണ്ട് കുറേക്കൂടി വികസിപ്പിച്ചിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. കഴിഞ്ഞകൊല്ലം ൨ ബ്ലോക്കായിരുന്നതു് ഇക്കൊല്ലം ൩ ബ്ലോക്കായിട്ടുണ്ട്. കഴിഞ്ഞകൊല്ലം കുറെ നിലത്ത വികസിപ്പിച്ചതു് ഭക്ഷ്യോൽപ്പാദനത്തിനു വേണ്ടിയാണോ പ്രയോജനപ്പെട്ടതു് എന്നതു് വ്യക്തമാക്കേണ്ട ഒരു കാര്യമാണ്. ഇക്കൊല്ലം തന്നെ ബണ്ടു ലേലം ചെയ്ത അവസരത്തിൽ വ്യാവസായിക താല്പര്യത്തിനുവേണ്ടിയുള്ള കണ്ട്രാക്ടർമാരായിരുന്നു ലേലത്തിനു വന്നിരുന്നത്.

ശ്രീ. പി. സദാശിവൻപിള്ള: പരസ്യലേലമായിരുന്നോ?

<u>ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി</u> : പരസ്യ ലേലമായിരുന്നു. ഞാൻ ആരേയും കുററം പറയുകയല്ല. കേവലം വ്യാവസായിക മനോഭാവത്തോടുകൂടി കൺട്രാക്ട് എടുത്തുനടത്തുന്ന ആളുകളായിരുന്നു അന്ന് അധികവും അവിടെ ഉണ്ടായിരുന്നതു് എന്നു പറഞ്ഞാൽ അതിൽ പങ്ക് മററ ഉദ്യോഗസ്ഥന്മാർക്കും ഉണ്ടെന്നു അറിയാം. അവർക്കു പണികൊടുക്കുന്നതിൽ വിരോധമില്ല. അവർക്കു പണി കൊടുത്താൽ നമ്മുടെ ഉദ്ദേശത്തിൽ പ്രയോജനപ്പെടുകയില്ല. ഒരു കെട്ടിടം അല്ലെങ്കിൽ ഒരു റോഡു് കൺട്രാക്ററ് എടുത്തു് പണിയുന്ന ആളുകളെ അനേകായിരം ഏക്കർ കൃഷിചെയ്തു് ഗവണ്മെൻറിൻെറ ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാക്കേണ്ട ഒരു മഹാകാര്യത്തിൻെറ ചുമതല ഏല്പിക്കുക എന്നുവന്നാൽ അതു വളരെ പരിതാപകരമായിട്ടുള്ളതാണ്. അതാണ് ഞങ്ങൾ പറയുന്നതു് ഈ രാജ്യത്തു് ൧൯൫൦-ൽ ൮൧ ലക്ഷംപറനെല്ലു് ആണെങ്കിൽ ൧൯൫൧-ൽ ൭൧ ലക്ഷമായി കുറഞ്ഞു എന്നു്. അവിടെ മടകൾ വീണിട്ടില്ല. ൧൫ മേനിയും ൨൦ മേനിയും വിളയുന്ന സ്ഥലങ്ങൾ അവിടെയുണ്ടെന്നു ഞങ്ങൾക്കറിയാം.

<u>ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള</u> : മുമ്പു് അവിടെ എത്ര പറ വിളവുണ്ടായിരുന്നു ?

<u>ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി</u> : കുട്ടനാട്ടു് ബണ്ടു് ഇട്ടതിനു ശേഷമുള്ളകഥയാണു് ഞാൻ പറഞ്ഞതു്. ഇത്ര അധികം നെല്ലുണ്ടായിട്ടും ചില ആളുകളുടെ കയ്യിൽനിന്നും ഗവണ്മെൻറിലേക്കെടുക്കുന്ന കാര്യത്തിൽ പ്രയോജനപ്പെട്ടില്ലെന്നുള്ളതു് ഒരു ചോദ്യത്തിനു് ഉത്തരമായി ഗവണ്മെൻറ പറഞ്ഞതിൽനിന്നു് വ്യക്തമാകുന്ന സംഗതിയാണു്.

<u>ശ്രീ. പി. സദാശിവൻ പിള്ള</u> : കഴിഞ്ഞകൊല്ലം ൪൦ ആയിരം പറ നെല്ലു് പ്രൊക്യൂർ ചെയ്തിട്ടുണ്ടെന്നു അറിയാമോ ?

<u>ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി</u> : ൮൦ ലക്ഷം പറ നെല്ലു് പ്രൊക്യൂർചെയ്തു എന്നു ഞാൻ പറഞ്ഞതു് കഴിഞ്ഞ ഒരു ദിവസം മുഖ്യമന്ത്രി ഒരു ചോദ്യത്തിനു് ഉത്തരം പറഞ്ഞതിനെ ആസ്പദമാക്കിയാണു്. അതു് ശരിയാണോ എന്നു എനിക്കു അറിഞ്ഞുകൂടാ. ഏതായാലും ഇങ്ങനെ ഒരു ഉത്തരം തന്നിട്ടുണ്ടെന്നു് എനിക്കറിയാം. അതിനേക്കാൾ കൂടുതൽ ബഹുമാനപ്പെട്ട കടപ്ര മെംബർ പറഞ്ഞതു് വിശ്വസിക്കണമെങ്കിൽ അങ്ങനെയും ചെയ്യാം. ഒരു കാര്യംകൂടി എനിക്കു പറയുവാനുണ്ടു്. പദ്ധതി ഉണ്ടാക്കേണ്ടതാണു്, അതിനു പണവും ചെലവാക്കേണ്ടതാണു്. പക്ഷേ ഏതാനും ആളുകളുടെ കീശവീർപ്പിക്കുവാൻ മാത്രം അതു് പ്രയോജനപ്പെടരുതു്. നാട്ടുകാരുടെ ഗുണത്തിനുവേണ്ടി ആ പദ്ധതി ആസൂത്രണം ചെയ്യേണ്ടതു് ഗവണ്മെൻറിൻെറ കടമയാണു്. ഞാൻ പറഞ്ഞ സംഗതി കൃഷിക്കാരുടെ കോൺഗ്രസുകാരനും കോൺഗ്രസുകാരുടെ കൃഷിക്കാരനുമായ ശ്രീമാൻ കോരയും മററും സമ്മതിക്കുന്ന ഒരു സംഗതിയാണു്. സർ, ഞങ്ങളൊരുമിച്ചു് കുട്ടനാട്ടിൻെറ പുഞ്ചവരമ്പുകളിൽ ഓലക്കുടയുമേന്തി, തോർത്തുമുണ്ടും ഉടുത്തു്, ചേറണിഞ്ഞുനടക്കുന്ന കൃഷിക്കാരായതുകൊണ്ടാണു് അദ്ദേഹത്തിൻെറകാര്യം ഞാൻ ഇവിടെ എടുത്തു പറഞ്ഞതു്. കൃഷിചെയ്യണമെന്നു് ആഗ്രഹമുള്ള ആളുകൾ ഉണ്ടു്. ശരിയായി കൃഷിചെയ്തു നാട്ടിലെ ഉൽപ്പാദനം വർദ്ധിപ്പിക്കണം എന്ന ആഗ്രഹ

മുള്ള ആളുകൾ ഉണ്ടു്. അങ്ങനെയുള്ള ആളുകൾ ഇരിക്കുമ്പോൾ വ്യാവസായികമായി മാത്രം താല്പര്യമുള്ള ബിസിനസ്സുകാരായ ആളുകളെ ഇങ്ങനെയുള്ള സ്കീമിനെ വിശ്വസിച്ചു് ഏല്പിക്കരുതു് എന്നാണു് എനിക്കു പറയുവാനുള്ളതു്. കുറെ ആളുകൾക്കു് പണം ഉണ്ടാക്കുവാൻ മാത്രം അതു് പ്രയോജനപ്പെടരുതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഏങ്ങനെയാണു് കുറെ ആളുകൾ വന്നു പണം ഉണ്ടാക്കി എന്നു പറഞ്ഞതു് ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : കൃഷിനടത്തി പണം ഉണ്ടാക്കുന്നതിൽ എനിക്കു് ആക്ഷേപം ഇല്ല. കൺട്രാക്ററിനു വന്ന ആളുകൾ വ്യാവസായികമായിമാത്രം താൽപ്പര്യമുള്ള ബിസിനസ്സുകാരായിരുന്നുവെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ വാദപ്രതിവാദത്തിൽ ഉന്നയിച്ച അതിപ്രധാനമായ കാര്യങ്ങളിലേക്കു പ്രവേശിക്കുന്നതിനുമുമ്പു് രണ്ടുമൂന്നു ചെറിയ കാര്യങ്ങളെപ്പററിയുണ്ടായ പ്രസ്താവനയെപ്പററി പറഞ്ഞുകൊള്ളട്ടെ. ആദ്യമായി കപ്പയുടെ കാര്യമാണു്. കപ്പയുടെ കയററുമതി നിരോധനത്തെപ്പററി ഇവിടെ ഒന്നുരണ്ടു് അംഗങ്ങൾ പറഞ്ഞു. കഴിഞ്ഞ പത്തുകൊല്ലമായിട്ടു് തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും കപ്പ കയററുമതി ചെയ്യുന്നതിനു് നിരോധനമുണ്ടായിരുന്നു. ഈ നിരോധനം ഏല്പെടുത്തിയിരുന്നതു് ഈ രാജ്യത്തെ ജനങ്ങളുടെ ഭക്ഷ്യസ്ഥിതി മോശമായതുകൊണ്ടാണു്. എന്നാൽ കഴിഞ്ഞ ഏതാനും കൊല്ലമായിട്ടു് ഈ നാട്ടിലെ കപ്പകൃഷിക്കാരുടെ അടുത്തുനിന്നു് നിവേദനം ഉണ്ടാവുകനിമിത്തം ആ കാര്യത്തെപ്പററി ആലോചിക്കുവാൻ ഒരു കമ്മിററിയെ നിയോഗിച്ചു. ആ കമ്മിററിയുടെ ഉപദേശപ്രകാരം കപ്പ കയററുമതി ചെയ്യുന്നതിനുണ്ടായിരുന്ന നിരോധനം എടുത്തുകളഞ്ഞു. ഇങ്ങനെ നിരോധനം എടുത്തുകളഞ്ഞതിനുശേഷം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് വളരെ പഞ്ഞമുള്ള കാലമായ ഇടവം, മിഥുനം, കർക്കടകം ഈ മാസം എത്തുമ്പോൾ താൽക്കാലികമായിട്ടു് വീണ്ടും നിരോധനം ഏല്പെടുത്തിയിട്ടുണ്ടു്. ഈ കൊയ്ത്തുകാലംവരുമ്പോൾ, കൃഷിക്കാരുടെ ഇടയിൽ സമൃദ്ധിയുണ്ടാകുന്ന കാലംവരുമ്പോൾ, വീണ്ടും നിരോധനം പിൻവലിക്കുന്നകാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഉണ്ടു്. മിക്കവാറും അതു് പിൻവലിക്കും.

ചില ബഹുമാനപ്പെട്ട മെംബറന്മാർ ഗോതമ്പു റേഷൻെറ കാര്യം പറഞ്ഞു. നമ്മുടെ സംസ്ഥാനത്തുള്ളതു് 6 ഔൺസു് റേഷനാണു്. പ്രായപൂർത്തിവന്ന ഒരു വ്യക്തിക്കു് അയാൾക്കുള്ള റേഷൻഷാപ്പിൽനിന്നു് റേഷൻ വാങ്ങുമ്പോൾ 10 ഔൺസു് അരിയും 10 ഔൺസു് ഗോതമ്പുമായി 6 ഔൺസു് റേഷനാണു് കൊടുക്കുന്നതു്. അരിക്ഷാമം ഇവിടെയുണ്ടു്. അതു പരിഹരിക്കുന്നതിനു് 10 ഔൺസു് ഗോതമ്പു് റേഷൻഷാപ്പിൽനിന്നും ആർക്കും മേടിക്കുവാൻ കഴിയും.

ശ്രീ. ഈ പി. വർഗീസു്: ഗോതമ്പിൽ മൈലോ ചേർക്കുന്നുണ്ടെന്നു ഗവണ്മെൻറിനു് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗോതമ്പിൽ മൈലോ ചേർക്കുന്നില്ല. അങ്ങനെ ഒരാൾക്കു് അനുവദിച്ചിട്ടുള്ള 10 ഔൺ...

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഗോതമ്പിൽ ൨ ഔൺസു ഗോതമ്പു് നിർബന്ധമായിട്ടു വാങ്ങണമെന്നു് നിബന്ധനയുണ്ടു്. ആ നിബന്ധനയെപ്പററി പരാതിയുള്ളതായി ഗവണ്മെൻറിനു് അറിയാം. ആ നിബന്ധന നീക്കുന്നതിനു പല തടസ്സങ്ങളും ഉണ്ടു്. എന്നാൽ ആ നിബന്ധന നീക്കിയാൽ കൊള്ളാമെന്നു് ഗവണ്മെൻറിനു ആഗ്രഹമുണ്ടു്. അതിലേക്കുവേണ്ടി രണ്ടുദിവസംമുമ്പു് ഗവണ്മെൻറിൽനിന്നും പുറപ്പെടുവിച്ച കല്പനപ്രകാരം നിർബന്ധമുള്ള ൨ ഔൺസു ഗോതമ്പു മാററി ഒരു ഔൺസു് ആക്കിയിട്ടുണ്ടു്. അങ്ങനെ വന്നതിനു ശേഷമുള്ള ഡവലപ്പ്മെൻറ്സു് പരിശോധിച്ചതിന്റെ ശേഷം ആ നിർബന്ധം എടുത്തുകളയാൻ സാധിക്കുമെന്നുണ്ടെങ്കിൽ അതിനു് ഗവണ്മെൻറ ഒരുക്കമാണു്.

ശ്രീ. എ. താണുപിള്ള: ൧ ഔൺസു് ഗോതമ്പുവരെ വാങ്ങാമെന്നു വ്യവസ്ഥ ചെയ്തതിനുശേഷം ഗോതമ്പു ഇനത്തിൽ മാസം എന്തു ചെലവായിട്ടുണ്ടു് എന്നുള്ളതിനു കണക്കുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരുമാസം ൯,൦൪൯-ഓളം ടൺ ഗോതമ്പു ചെലവാകുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള: അതു് എത്ര ടൺ അരി ചെലവായിട്ടുള്ളതുകൊണ്ടാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏകദേശം ൨൫,൦൦൦ ടൺവരെ ചെലവാകണം.

ഗോതമ്പിന്റെ കാര്യത്തിലുള്ള നിർബന്ധം റേഷൻകാർഡുകാർക്കു് തൃപ്തിയുള്ളതല്ലാ എന്നു ഗവണ്മെൻറിനു് അറിയാം. പക്ഷെ ഗോതമ്പു വേണ്ട, അരി മതി എന്നു പറഞ്ഞാൽ നമുക്കു് വേണ്ടിടത്തോളം അരി തരുവാൻ കേന്ദ്രഗവണ്മെൻറിനു് സാധിക്കുകയില്ല.

പിന്നെ ഇവിടെ വിമർശനമുണ്ടായതു് നെല്ലെടുപ്പു്, റേഷനിംഗ് ഈ കാര്യങ്ങളെപ്പററിയാണു്. എനിക്കു് ഇതിനെക്കുറിച്ചുള്ള വാദപ്രതിവാദം കേട്ടപ്പോൾ വളരെ വലിയ സന്തോഷംതോന്നി. നമ്മുടെനാട്ടിലെ ജനങ്ങളെ കാര്യമായിട്ടു ബാധിക്കുന്ന ഒരു വിഷയത്തിൽ ഇത്ര അത്ഭുതകരമായ ഐക്യം ഈ നിയമസഭയിലെ നാനാഭാഗങ്ങളിലുംനിന്നുണ്ടായല്ലോ എന്നു ഞാൻ ഓർത്തു. വിനിയന്ത്രണം പാടില്ലാ എന്നുള്ള ഒരു അഭിപ്രായമാണു് ഇവിടെ ഉണ്ടായിട്ടുള്ളതു്. ശ്രീ. ഇ. പി. വർഗ്ഗീസു് നെല്ലെടുപ്പു് തീരെ നിറുത്തണമെന്നും, ശ്രീ. കെ. ജെ. തോമസു് മദ്രാസിലെമാതിരി വളരെ പുരോഗമനപരമായ വിനിയന്ത്രണം നടപ്പിൽ വരുത്തണമെന്നും പറഞ്ഞു. മദിരാശിയിൽ രണ്ടുകാര്യങ്ങളാണു് ചെയ്തിരിക്കുന്നതു്. നെല്ലെടുപ്പുവേണ്ടെന്നുവച്ചു. അതുപോലെ ജനങ്ങൾക്കു റേഷൻ കൊടുക്കുവാനുള്ള ചുമതലയും ഗവണ്മെൻറിനു വേണ്ട എന്നുവച്ചു. അതു രണ്ടിനേയും കൂടിയിട്ടാണു് വിനിയന്ത്രണം എന്ന വാക്കു് ഉപയോഗിച്ചതു്. അങ്ങനെയുള്ള വിനിയന്ത്രണമാണു് ഇവിടെയും വേണ്ടതു് എന്നുണ്ടെങ്കിൽ അതിനോടു് യോജിക്കുവാൻ ഗവണ്മെൻറിനു് നിവൃത്തിയില്ല. തിരുവിതാംകൂർ-കൊച്ചിയിൽ റേഷനിംഗ് വേണ്ടെന്നു വയ്ക്കുവാനും ഗവണ്മെൻറ ഒരുക്കമല്ല. റേഷനിംഗ് വേണ്ടെന്നുവയ്ക്കുവാൻ തിരുവിതാംകൂർ-കൊച്ചിയിലെ ഗവണ്മെൻറ തീരുമാനിക്കുകയാണെങ്കിൽ ഈ രാജ്യത്തിലെ ജനങ്ങൾക്കു്

റേഷൻ കൊടുക്കേണ്ട കാര്യത്തിൽ ഗവണ്മെൻറിന് തീരെ ശ്രദ്ധയില്ലാ ത്തതുകൊണ്ടാണ് ഗവണ്മെൻറ അങ്ങനെ തീരുമാനിച്ചതു് എന്നുള്ള അഭി പ്രായത്തിലായിരിക്കും എത്തിച്ചേരുക. ഒരു വർഷത്തിൽ ഇവിടെയുണ്ടാ കുന്ന നെല്ലിനെക്കുറിച്ചു വേണ്ടിടത്തോളം കണക്കു ഗവണ്മെൻറിന് ഇല്ലെന്നു ശ്രീ. തോമസ് അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറഞ്ഞു. എന്നാൽ ഒരിക്കലും നിഷേധിക്കുവാൻ പാടില്ലാത്ത ചില കണക്കുകൾ ഗവണ്മെൻറിനു ഉണ്ട്. ഈ കൊല്ലം ൪,൨൫,൦൦൦ ടൺ ഭക്ഷ്യ ധാന്യങ്ങളാണ് നമ്മുടെ സംസ്ഥാനത്തേക്ക് ഇൻഡ്യാഗവണ്മെൻറ അനു വദിച്ചിട്ടുള്ളതു്. ൪,൨൫,൦൦൦ ടൺ ഭക്ഷ്യധാന്യങ്ങളിൽ കുറെ അരിയും കുറെ ഗോതമ്പും ഉണ്ട്. ൪,൨൫,൦൦൦ ടൺ ഇൻഡ്യാഗവ ണ്മെൻറ തരുന്നതും ഇവിടെനിന്നും എടുക്കുന്നതും ആയ നെല്ലും ആണ് നാം റേഷനായി കൊടുക്കുന്നതു്. ഇവിടെനിന്നു എടുക്കുന്ന നെല്ലിന് കണക്കുണ്ട്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നെല്ലിൻെറ കണക്കു പറയുക യാണെങ്കിൽ അതു് തെററാണെന്നു പറഞ്ഞാൽ അതു ശരിയാണെന്നു പ്രത്യക്ഷത്തിൽ തെളിയിക്കുവാൻ സാദ്ധ്യമല്ല. പക്ഷെ എത്ര നെല്ല് ഇവിടെനിന്നു സക്കാരിലേക്കു എടുത്തു എന്നുള്ളതിനു കണക്കുണ്ട്. ൭൦,൦൦൦ ടൺ ആണ് ഇവിടെനിന്നും എടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ എടുക്കുവാൻ സാധിച്ചിട്ടുള്ളതു് ൯൦,൦൦൦-മോ ൬൦,൦൦൦-മോ ടൺ ആണ്. നെല്ലെടുപ്പിൽ കുറേ ക്കൂടി നിഷ്കൃഷ്ടവച്ചാൽ കുറേക്കൂടി കിട്ടുമായിരിക്കും. "കുന്നൻകുഴിയാൽ ഗോപുരം നീങ്ങുമോ" എന്നു പറഞ്ഞതുപോലെ നമ്മുടെ നിഷ്കൃഷ്ടകൊണ്ട് അത്രത്തോളം കിട്ടുമോ എന്നു സംശയമാണ്. നമ്മുടെ നെല്ലെടുപ്പു സമ്പ്ര ദായം വളരെ നിഷ്കർഷയോടും ഊർജ്ജിതത്തോടുംകൂടി നടത്തിയാൽതന്ന യും വളരെ കൂടുതലൊന്നും നമുക്കു പ്രൊക്യൂർചെയ്യാൻ സാധിക്കയി ല്ല. ൧൧൨൨-ലും, ൧൧൨൩-ലും ഒരു മണിനെല്ലുപോലും കൊച്ചിയിലെ ഒളി കമ്പോളത്തിൽ കിട്ടാനില്ലായിരുന്ന അവസരത്തിൽ ൨൦,൦൦൦-നു മേൽ ൩൦,൦൦൦ പറ നെല്ലാണ് അവിടെ എടുക്കാൻ സാധിച്ചിട്ടു ള്ളതു്. ഇതു് എനിക്കു അറിവുള്ള സംഗതിയാണ്. ഓരോ കൃഷിക്കാര ൻെറയും കൃഷിയാവശ്യത്തിനും കുടുംബാവശ്യത്തിനും മാത്രം കൊടുക്കുകയും ബാക്കിയുള്ളതെല്ലാം ഗവണ്മെൻറ എടുക്കുകയും ചെയ്തിട്ട് ഇവിടെ നമുക്കു എടുക്കാൻ സാധിക്കാവുന്നതു് ൬൦,൦൦൦ ടൺ നെല്ലാണ്. ഇതിനു പുറമേ ൪,൨൦,൦൦൦ ടൺ അരി വെളിയിൽനിന്നും നമുക്കു കിട്ടിയി ട്ടുകൂടി ആവശ്യത്തിനു മതിയാകുന്നില്ല. ആ സ്ഥിതിയ്ക്കു റേഷനിംഗ് വേണ്ടെന്നുവച്ചാൽ നമ്മുടെ സ്ഥിതി എന്തായിരിക്കുമെന്നുള്ളതു ഓരോ മെംബറും ചിന്തിച്ചുനോക്കേണ്ടതാണ്. അതുകൊണ്ട് റേഷനിംഗ് തുട രാൻതന്നെയാണ് ഗവണ്മെൻറ നിശ്ചയിച്ചിട്ടുള്ളതു്. മദ്രാസിൽ വിനി യന്ത്രണം നടപ്പിലാക്കി. എന്നാൽ ഇവിടത്തെ സ്ഥിതി അതല്ല. ഇത്ര ത്തോളം ഡെഫിസിററ ഏരിയായല്ല മദ്രാസ്. അതുകൊണ്ട് ബഹുമാന പ്പെട്ട തൃശ്ശൂർ മെംബർ ഈ കാര്യത്തിൽ വലിയ ആശങ്ക പ്രകടിപ്പിക്കേ ണ്ടതില്ല. പിന്നീടുള്ളതു നെല്ലെടുപ്പിൻെറ കാര്യമാണ്. ഈ കാര്യ ത്തിൽ ബഹുമാനപ്പെട്ട രണ്ടു മെംബറന്മാരെ ഒഴിവാക്കുകയാണെങ്കിൽ നിയമസഭയിൽ അത്ഭുതകരമായ അഭിപ്രായ ഐക്യമാണുള്ളതു്. ഒരു കർഷകൻെറ കൃഷിക്കും ഭക്ഷണത്തിനും ഉള്ളതു കഴിച്ചു് ബാക്കിയെല്ലാം സക്കാരിൽനിന്നും എടുത്തുകൊണ്ടുപോകുന്ന ഒരവസ്ഥ, ഇൻഡ്യയിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മറ്റെല്ലാ സ്ഥലങ്ങളിലും, വിശേഷിച്ച് തിരുവിതാംകൂർ-കൊച്ചിയിൽ പ്രത്യേകിച്ചും, മണ്ണിനോടും കൃഷിഭൂമിയോടും ജീവനതുല്യം താൽപ്പര്യം പ്രകടിപ്പിക്കുന്ന ജനതയ്ക്കു വളരെ ഖേദമുണ്ടാക്കും. ജീവനതുല്യം സ്നേഹിക്കുന്ന കൃഷിഭൂമിയിൽനിന്നും ഉണ്ടാക്കിയ നെല്ല് അവനു തീരെ സമ്മതമില്ലാത്ത ഒരു വിലവച്ച് ഗവൺമെൻറ് കൊണ്ടുപോകുന്നതു് കർഷകനെ വിഷമിപ്പിക്കുന്ന ഒരു ഏർപ്പാടായിരുന്നു. ഇന്നത്തിൽ വളരെ വിഷമതകളോടുകൂടിയാണെങ്കിൽതന്നെയും നെല്ലെടുക്കാൻ സാധിച്ചതു് ഡിഫൻസ് ഓഫ് ഇൻഡ്യാ ആക്ട് എന്നൊരു ആക്ടിൻെറ വെളിച്ചത്തിലാണ്. തിരുവിതാംകൂർ-കൊച്ചിയിലെ നെല്ലെടുപ്പിൻെറ കാര്യത്തിലും ഈ ആക്ട് ഉപയോഗപ്പെടുത്തിയിരുന്നു. യുദ്ധാവസാനത്തോടുകൂടി ക്ഷാമനിവാരണമുണ്ടാകുമെന്നും ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ചിടത്തോളം രാജ്യം സ്വയം പര്യാപ്തമാകുമെന്നുമാണ് വിചാരിച്ചിരുന്നതു്. എന്നാൽ യുദ്ധം അവസാനിച്ചതിനുശേഷം വർഷങ്ങളും കുറെ കഴിഞ്ഞിട്ടും പ്രതീക്ഷിച്ച വ്യത്യാസങ്ങളൊന്നും കാണുന്നില്ല. കാരണം നെല്ലുണ്ടാകുന്ന രാജ്യങ്ങളിൽതന്നെ ആഭ്യന്തരമായ പല കലാപങ്ങളും കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കയാണ്. ഇങ്ങനെയിരിക്കെ, നമുക്കു കിട്ടാൻ സാധ്യതയുള്ള സ്ഥലങ്ങളോ എവിടെ ആയിരുന്നാലും അവിടങ്ങളിൽനിന്നും അരിയും നെല്ലും വാങ്ങി സംസ്ഥാനത്തു വിതരണം ചെയ്യുകയാണ്. രാജ്യത്തിൻെറ ഓരോ പകുതിയിലും, ഓരോ കരയിലും ഉള്ളവക്കു ഒരു ദിവസവും മുട്ടാതെ റേഷൻ കൊടുക്കണം. ഇന്നു നമുക്കു അരി കിട്ടിക്കൊണ്ടിരിക്കുന്നതു കുറെ ഭാഗം ഇൻഡ്യയിൽനിന്നും, കുറെ ഭാഗം പുറത്തുനിന്നുമാണ്. ഇൻഡ്യക്കകത്തുനിന്നും കിട്ടുന്ന അരിക്ക് ഗുണക്കൂടുതലും വിലക്കുറവും ഉണ്ട്. എന്നാൽ പുറത്തുനിന്നും കിട്ടുന്ന അരിക്ക് വില കൂടുതലെന്നു മാത്രമല്ല, കൊണ്ടുവരുന്നതിനു ചെലവും കൂടുതലാണ്. ഒറീസ്സ, വിന്ധ്യാ, റീവ ഈ രാജ്യങ്ങളിൽനിന്നും കിട്ടുന്ന അരി ഈ സംസ്ഥാനത്തു വന്നുചേരുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകളേയും ചെലവുകളേയുംപററി ചിന്തിക്കേണ്ടതാണ്. ൩൦,൦൦൦ ടൺ അരി ഒറീസയിൽനിന്നു നമുക്കു കിട്ടുമെന്നിരിക്കട്ടെ. ഒരു വാഗണിൽ ൨൦ ടൺ വീതം ൨൦ വാഗൺ ഉള്ള ഒരുസ്പെഷ്യൽ ട്രെയിൻ അതിലേക്കു ഉപയോഗിക്കുന്നു എന്നു വിചാരിക്കുക. അങ്ങിനെയായാൽ ൩൦,൦൦൦ ടൺ അരി ഇവിടെ കൊണ്ടുവരുന്നതിനു ൧൫൦ സ്പെഷ്യൽ ട്രെയിൻ ഉപയോഗിക്കേണ്ടിവരും. അതായതു് ഒന്നിടവിട്ട ദിവസങ്ങളിൽ എത്രത്തോളം പ്രയാസം ഇതിൽ നേരിടുന്നു എന്നു ഞാൻ പറയാതെതന്നെ ഊഹിക്കാവുന്നതാണ്.

<u>ശ്രീ. സി. അച്യുതമേനോൻ:</u> ഒരു ടൺ എന്നു പറയുന്നതു എത്ര പറ അരിയാണ്.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> ൭൫·൨ പറ അരിയാണ് ഒരു ടൺ. ഏകദേശം ൧൦൦ പറ എന്നും കണക്കാക്കാം. സർ, ഇത്രയും വലിയ ഒരു പ്രയത്നത്തിൻെറ ഫലമായി കൊച്ചി തുറമുഖത്തു വരുന്ന അരിയാണ് സംസ്ഥാനത്തിൻെറ നാനാഭാഗത്തും വിതരണം ചെയ്യേണ്ടിയിരിക്കുന്നതു്. എന്നിട്ടും തികയാത്തതുകൊണ്ട് റേഷൻ കുറയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. ഇങ്ങനെ ഇവിടെനിന്നും എടുക്കുന്നതും വെളിയിൽ

ശ്രീ. ടി. എം. വർഗ്ഗീസ്: ഓരോരുത്തരും അവരവരുടെ ജോലി ചെയ്യുകയാണ് ചെയ്യുന്നത്. പക്ഷേ, ഒരേതരത്തിലുള്ള ജോലിയായിരുന്നേക്കാം.

ശ്രീ. എൻ. രാജഗോപാലൻനായർ: പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ ഇതേ ജോലിചെയ്യുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഇവർ എതെങ്കിലും ജോലി ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു് രഹസ്യമാണ്.

ശ്രീ. എ. താണുപിള്ള: ഇവിടത്തെ പോലീസുമായി യോജിച്ചാണോ അവർ ജോലിചെയ്യുന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഏതായാലും അവരിൽനിന്നും ഭിന്നിച്ചു ജോലിചെയ്യുന്നില്ല.

മത്സ്യത്തൊഴിലാളികൾ.

* ൩൪൩. [൧൭] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക ഗവണ്മെൻറ് എന്തെങ്കിലും ആനുകൂല്യം ചെയ്തുകൊടുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണ് ആ ആനുകൂല്യങ്ങൾ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഉണ്ടു്.

(ബി) മത്സ്യത്തൊഴിലാളികൾക്ക ഗവണ്മെൻറ ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ താഴെ വിവരിക്കുന്നു.

(൧) മത്സ്യം ഉണക്കുന്നതിനാവശ്യമായ ഉപ്പു സൗജന്യനിരക്കിൽ തീരപ്രദേശത്തുള്ള ഉപ്പുചാപ്പുകൾ (fish curing yards) വഴിയായി വിതരണം ചെയ്യുന്നു.

(൨) മീൻപിടിക്കുന്നതിനുപയോഗിക്കുന്ന വള്ളങ്ങൾ, ചങ്ങാടങ്ങൾ മുതലായവയ്ക്കുള്ള തടികൾ റിസർവ്വ് വനങ്ങളിൽനിന്നു സൗജന്യനിരക്കിൽ കൊടുത്തുവരുന്നു.

(൩) മത്സ്യബന്ധനത്തിന്നാവശ്യമായ വലകൾ ഉണ്ടാക്കുന്നതിനും, പഴയവലകളുടെ കേടുപാടു തീർക്കുന്നതിനും ആവശ്യമായ നൂൽ മത്സ്യത്തൊഴിലാളികൾക്ക് കൺട്രോൾ വിലയ്ക്കു വിതരണം ചെയ്തുവരുന്നു.

(ജ) മത്സ്യം പിടിത്തത്തിനു കുത്തകപ്പാട്ടവ്യവസ്ഥയിൽ കാൺട്രാക്ടുകൊടുത്തിരുന്ന തിരുവിതാംകൂർവിഭാഗത്തെ ജലാശയങ്ങളിൽ മത്സ്യബന്ധനംചെയ്തു വന്നിരുന്നവർക്കു കാൺട്രാക്ടന്മാരിൽനിന്നും ഉണ്ടായിക്കൊണ്ടിരുന്ന വിഷമതകളെ പരിഗണിച്ചു, ടി ലേലസമ്പ്രദായം നിറുത്തൽചെയ്തു ഡിപ്പാർട്ടുമെൻറിൽനിന്നു നേരിട്ടു ലൈസൻസുകൊടുക്കുന്ന സമ്പ്രദായം നടപ്പിലാക്കി.

(ഝ) മത്സ്യത്തൊഴിലാളികളുടെ സംഘടനകൾക്കു ഉൾനാട്ടിലെ ജലാശയങ്ങളിൽനിന്നു് (Inland waters) മത്സ്യം പിടിക്കുന്നതിനുള്ള അവകാശം സൗജന്യനിരക്കിൽ അനുവദിച്ചു കൊടുത്തുവരുന്നു.

(ഞ) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെ ഉദ്ദേശിച്ചു ഫിഷറിസ്കൂളുകൾ സ്ഥാപിച്ചു നടത്തിവരുന്നു.

ശ്രീ. രാമകൃഷ്ണൻ: ഫിഷറിസ്കൂൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടു്?

ശ്രീ. എ. ജെ. ജാൺ: തിരുവിതാംകൂറിലും കൊച്ചിയിലും.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ചിരുന്ന വല ചീത്തയായിപ്പോയതുകൊണ്ടു് വല നന്നാക്കുന്നതിനു തുക വേണമെന്നു് വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് നോക്കി പറയാനേ സാധിക്കുകയുള്ളൂ.

~~ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: അവർക്കു് സൗജന്യറേഷൻ വേണമെന്നു് നിവേദനം കിട്ടിയിട്ടുണ്ടോ?~~

~~ശ്രീ. എ. ജെ. ജാൺ: ഉണ്ടെന്നാണു് തോന്നുന്നതു്.~~

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇതു് കൊടുക്കുന്നതു് ആരുടെ ശുപാർശയെ അടിസ്ഥാനപ്പെടുത്തിയാണു്?

ശ്രീ. എ. ജെ. ജാൺ: ശുപാർശയെ അടിസ്ഥാനമാക്കിയല്ല. സഹകരണസംഘങ്ങൾ വഴി കൊടുക്കുകയാണു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: എല്ലാസ്ഥലത്തും ഇവർക്കു് സഹകരണസംഘങ്ങൾ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: മിക്കവാറും സ്ഥലങ്ങളിലുണ്ടു്.

പണിമുടക്കുകൾ.

* നം ർ. [൧൩] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൦, ൧൯൫൧ ഈ വർഷങ്ങളിൽ തിരുവിതാംകൂർ-കൊച്ചിയിൽ എത്ര പണിമുടക്കുകൾ നടന്നിട്ടുണ്ട്;

(ബി) അവയിൽ ആകെ എത്ര തൊഴിലാളികൾ പങ്കെടുത്തു;

(സി) അവമൂലം നഷ്ടപ്പെട്ടിട്ടുള്ള 'മാൻ പവർ ഡേസ്' എത്ര;

(ഡി) അവയിൽ ആകെ എത്ര തൊഴിലാളികളെ അറസ്റ്റുചെയ്തു;

(ഇ) അവയിൽ എത്രയെണ്ണത്തിൽ ലേബർ ഡിപ്പാർട്ടുമെൻറു വിജയപ്രദമായി ഇടപെട്ടിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൦—൫൧ ഈ വർഷങ്ങളിൽ തിരുവിതാംകൂർ-കൊച്ചിയിൽ ആകെ ൪൭൨ പണിമുടക്കുകൾ ഉണ്ടായിട്ടുണ്ട്.

(ബി) എല്ലാററിനുംകൂടി ൧,൨൦,൯൯൧ തൊഴിലാളികൾ പങ്കെടുത്തിട്ടുണ്ട്. ഒരു ഫാക്ടറിയിൽതന്നെ ഒന്നിലധികം തവണ പണിമുടക്കുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ചിലപ്പോൾ ഈ തുകയിൽ വല്ല സ്ഥലത്തും ഇരട്ടിപ്പുവന്നേക്കാം.

(സി) ഈ പണിമുടക്കുമൂലം നഷ്ടപ്പെട്ട Man-power-days ൧൯൫൦-ൽ ൨൪൧൦൧൪-ലും ൧൯൫൧-ൽ ൬൧൩൭൪൬൦-ം ആണ്.

(ഡി) ഇങ്ങനെ പണിമുടക്കിൽ ചേൎന്നു എന്ന കാരണംകൊണ്ട് തൊഴിലാളികളിൽ ആരെയും അറസ്ററു ചെയ്തിട്ടില്ല.

(ഈ) ഈ പണിമുടക്കിൽ ൩൬൦ എണ്ണത്തിൽ ലേബർ ഡിപ്പാർട്ടുമെൻറു വിജയപൂർവ്വം ഇടപെട്ടിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഈ പണിമുടക്കുകൾ ഉണ്ടായിട്ടുള്ളതു് അധികവും തൊഴിലാളികളുടെ തെററുകൊണ്ടോ മുതലാളിമാരുടെ തെററുകൊണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അധികവും തൊഴിലാളികളുടെ തെററുകൊണ്ടാണ്. മുതലാളിമാരുടെ തെററുകൊണ്ടും ഉണ്ടാകാം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: അങ്ങനെ പണിമുടക്കിനു കാരണക്കാരായ മുതലാളിമാരുടെ മേൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു തൊഴിൽശാലയിലെ തൊഴിലാളികൾ പണിമുടക്കിയാൽ തൊഴിൽശാല നടത്തിക്കൊണ്ടുപോകാനുള്ള മാർഗ്ഗങ്ങളുണ്ട്. നേരേമറിച്ചു പണിമുടക്കിനു കാരണമാക്കിയെന്ന കാരണത്താൽ ആ മുതലാളിയെ മാററി വേറൊരു മുതലാളിയെ സൃഷ്ടിക്കുവാനുള്ള നിയമം ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: പണിമുടക്കിൽ ചേൎന്ന കാരണം കൊണ്ടു തൊഴിലാളികളിൽ ആരെയും അറസ്ററുചെയ്തിട്ടില്ലെന്നു പറയുകയുണ്ടായി. പിന്നെന്തു കാരണത്താലാണു അവരെ അറസ്ററു ചെയ്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പണിമുടക്കിയ തൊഴിലാളികഠം കുററകരമായ എന്തെങ്കിലും പ്രവൃത്തികഠം ചെയ്തിട്ടുണ്ടെങ്കിൽ അവരെ അറസ്ററു ചെയ്തിട്ടുണ്ട്. പിക്കററിംഗ് നടത്തുകയും അതോടൊപ്പം wrongful restraint തുടങ്ങിയുള്ള പ്രവൎത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തവരെ അറസ്ററുചെയ്തിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : പിക്കററു ചെയ്തവരെ അറസ്ററുചെയ്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതോടുകൂടി അവർ കുററകരമായ പ്രവൎത്തനങ്ങളിൽ ഏർപ്പെട്ടിരിക്കും.

ശ്രീ. വി. ശ്രീധരൻ : തൊഴിലാളികഠം ചെയ്യുന്ന തീരുമാനത്തെ മുതലാളിമാർ ലംഘിച്ചതുകൊണ്ടു പണിമുടക്കുണ്ടായിട്ടുണ്ടോ?

Mr. Speaker : The question is disallowed.

ശ്രീ. വി. ശ്രീധരൻ : ലേബർ ഡിപ്പാർട്ടുമെൻറു ഇടപെട്ടു ചെയ്തിട്ടുള്ള തീരുമാനങ്ങഠം ഏതുതരത്തിലാണ്?

Mr. Speaker ; The question is disallowed.

ശ്രീ. ഏ. സാംരാജ് : നിയമം ലംഘിച്ചു എത്ര തൊഴിലാളികളെ അറസ്ററുചെയ്തിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുവേണം.

ശ്രീ. കെ. കരുണാകരൻ : ഒത്തുതീർപ്പുവ്യവസ്ഥ ലംഘിച്ചതിനു ഉത്തരവാദപ്പെട്ട ആരുടെയങ്കിലും പേരിൽ പ്രാസിക്യൂഷൻ നടപടി നടത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒത്തുതീർപ്പുവ്യവസ്ഥ ...മായി നടപ്പിൽ വരുത്തുമ്പോഠം, അതിനെ സാങ്കേതികമായി ലംഘിച്ചാൽപോലും ചിലപ്പോഠം പ്രാസിക്യൂട്ടു ചെയ്തില്ലെന്നുവരും.

ശ്രീ. ഏ. സാംരാജ് : അങ്ങനെ പ്രാസിക്യൂഷൻ നടത്തിയിട്ടുള്ള കേസുകഠം എത്രയുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുവേണം.

ശ്രീ. കൊച്ചുകുഞ്ഞ് : തൊഴിലാളികളും മുതലാളികളും തമ്മിലുള്ള സമ്പർക്കത്തിനു ദോഷമായ വിധത്തിൽ മുതലാളിമാർ പ്രവൎത്തിച്ചാൽ അവരുടെ പേരിൽ നടപടി എടുക്കവാൻ പാടില്ലെന്നു നിർബന്ധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുതലാളിമാർ ലേബർ നിയമത്തിനു വിപരീതമായി അശ്രദ്ധയോടുകൂടി പ്രവൎത്തിച്ചാൽ നടപടി എടുക്കമെന്നുള്ള പുതിയ വ്യവസ്ഥകഠം ഉണ്ടാക്കിവരുന്നുണ്ട്.

ശ്രീ. കൊച്ചുകുഞ്ഞ് : തൊഴിലാളികളെ അറസ്ററുചെയ്തതിനു ശേഷമാണോ, ലേബർ ഡിപ്പാർട്ടുമെൻറു ഇടപെടുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തൊഴിലാളികഠം സ്ട്രൈക്കു ചെയ്യാതിരിക്കുമ്പോഠം അതിന്റെ ആവശ്യം വരുന്നില്ല.

ശ്രീ. ഒ. സി. മെനനാൻ : സാധാരണ പണിമുടക്കുകളിൽ ഏതെങ്കിലും പൊളിററിക്കൽ പാർട്ടിയുടെ നേതൃത്വംകൂടി ഉള്ളതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം.

ശ്രീ. ടി. വി. താമസ് : പിക്കററചെയ്യുന്നതു് wrongful restraint ആയിത്തീരുമ്പോൾ ലേബർ ഡിപ്പാർട്ടുമെൻറ അതിൽ ഇടപെടാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ലേബർ ഡിപ്പാർട്ടുമെൻറല്ല അറസ്ററചെയ്യുന്നതു്. പോലീസ് ഡിപ്പാർട്ടുമെൻറാണു്.

ശ്രീ. ടി. വി. താമസ് : പിക്കററിംഗിനെ സംബന്ധിച്ചിടത്തോളം അതു wrongful restraint ആണെന്നു നിശ്ചയിക്കുന്നതെങ്ങനെയാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫാക്ടറിയുടെ മുൻവശത്തു നിന്നുകൊണ്ടു അതിൻെറ മുൻപിൽക്കൂടി മററ തൊഴിലാളികളെ കടത്തിവിടാതെ തടയുക, അകത്തേക്കു കയറുന്ന വാതിലിൻെറ മുൻപിൽ വിലങ്ങനെ കിടക്കുക ഇതൊക്കെയാണു അതിലേക്കു എളുപ്പത്തിൽ പറയാവുന്ന ഉദാഹരണങ്ങൾ.

ശ്രീ. ടി. വി താമസ് : ഇതുവരെ wrongful restraint ഇല്ലാതെ പണിമുടക്കുനടത്തുന്ന തൊഴിലാളികളിൽ ആരെയും അറസ്ററ ചെയ്തിട്ടില്ലേ?

Mr. Speaker: If vague questions are asked, only vaguer answers can be given. The question is disallowed.

ശ്രീ. ഏ. താണുപിള്ള : ഈ ൪വ്വ കേസുകൾ ഉണ്ടായതിൽ ലേബർ ഡിപ്പാർട്ടുമെൻറ ഇടപെടാത്ത കേസുകൾ എത്രയുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൩൧൦ എണ്ണത്തിൽ വിജയകരമായി ഇടപെട്ടുവെന്നു ഞാൻ മുൻപു പറയുകയുണ്ടായി.

ശ്രീ. ഏ. താണുപിള്ള : ൩൧ എണ്ണമെന്നാണു ആദ്യം മറുപടിയിൽ പ്രസ്താവിച്ചതു്. ഇപ്പോൾ ൩൧൦ എണ്ണം എന്നു പറയുന്നു. മുപ്പത്തിയേഴോ, മുന്നൂററിയെഴുപതോ ഏതാണു ശരി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൩൧ എന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അതു തെററാണു്. ൩൧൦ ആണു ശരി.

ശ്രീ. ഏ. താണുപിള്ള : ഒരു പ്രകാരത്തിലും ഇടപെടാത്ത ബാക്കി കേസുകൾ എത്രയുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൪വ്വ എണ്ണത്തിൽ ൩൧൦ പോകെ ബാക്കിയുള്ള കേസുകൾ ഒന്നും അവസാനിച്ചിട്ടില്ല.

ശ്രീ. ഏ. താണുപിള്ള : വിജയകരമായി ഇടപെട്ടു എന്നു പറഞ്ഞ കേസുകളിൽ ട്രിബ്യൂണലായി തീർന്ന കേസുകളും ഉൾപ്പെട്ടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാര്യങ്ങൾ തമ്മിൽ പറഞ്ഞു ഒത്തുതീർപ്പിൽ അവസാനിച്ച കേസുകൾ എല്ലാംപെട്ടും.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : നിയമലംഘനം ചെയ്ത പ്രാസിക്യൂഷൻ നടത്തിയ കേസുകൾ കോടതിയിൽ ചെന്നാൽ അനാവശ്യമായ കാലതാമസം വരുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പല കാരണങ്ങളാലും താമസം നേരിടാം. കോടതിയിൽനിന്നു മാത്രമുണ്ടാകുന്ന താമസമല്ലാതെ പ്രതിയുടെ അമാന്തത്താലും വാദിയുടെ അമാന്തം കൊണ്ടും സാക്ഷികളുടെ കാരണത്താലും പല പ്രകാരത്തിൽ താമസം വന്നേയ്ക്കും.

ശ്രീ. ടി. എസ്സ്. രാമസ്വാമി : ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നുള്ള അനാസ്ഥകൊണ്ടു കാലദൈർഘ്യം വരുന്നുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഏതെങ്കിലും ഒരു സംഗതി ബഹുമാനപ്പെട്ട മെമ്പർ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ അന്വേഷിക്കാം.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : പണിമുടക്കുണ്ടാകാതിരിക്കുവാൻ വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുണ്ടാകാതിരിക്കുവാനാണു ലേബർ ഡിപ്പാർട്ടുമെൻറ വച്ചിട്ടുള്ളതു്. എന്നിട്ടും ചിലപ്പോൾ ചിലതെല്ലാം ഉണ്ടാകുന്നുണ്ടു്. പണിമുടക്കുണ്ടായതിനുശേഷമാണു മിക്കവാറും ലേബർ ഡിപ്പാർട്ടുമെൻറ് അറിയുക.

ശ്രീ. കൊച്ചുകുഞ്ഞു് : തുടർന്നുള്ള പണിമുടക്ക രാജ്യത്തിനാപൽക്കരമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പണിമുടക്ക കഴിയുന്നതും കുറയ്ക്കുന്നതാണു് നല്ലതു്. എന്നാൽ പണിമുടക്ക നടത്തുന്നതുകൊണ്ടുമാത്രം വലിയ ആപത്തുണ്ടാകാൻ പോകുന്നില്ല.

ജീവിതനിലവാരം.

※ നംബർ ൫. [൧] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ 'കൺസ്യൂമർ ആഫ് ലിവിംഗ് ഇൻഡക്സ്'' തയാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന ഏർപ്പാടു് തിരുവിതാംകൂർ-കൊച്ചിയിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവരുടെ ജീവിതനിലവാരത്തെപ്പറ്റി മനസ്സിലാക്കുന്നതിനു് പര്യാപ്തമായ മററ വല്ല സ്റ്റാററിസ്റ്റിക്സും ലേബർ ഡിപ്പാർട്ടുമെൻറ് തയ്യാറാക്കിവരുന്നുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തൊഴിലാളികളുടെ മാത്രമല്ല, ജനങ്ങളുടെ ജീവിതനിലവാരസൂചിക കൊച്ചീവിഭാഗത്തെ സംബന്ധിച്ചിടത്തോളം തയ്യാറാക്കി ഇപ്പോൾ പ്രസിദ്ധപ്പെടുത്താറുണ്ടു്.

(ബി) തിരുവിതാംകൂർവിഭാഗത്തിൻെറയും ജീവിതനിലവാര സൂചികസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്ക ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുവാനുള്ള നടപടികഠം എടുത്തുതുടങ്ങിയിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠൻ പണ്ടാരത്തിൽ: മിനിമം വേജസ് കമ്മിററി സ്ഥാപിച്ചിട്ടുള്ള ഈ രാജ്യത്ത് കാസ്ററ് ആഫ് ലിവിംഗ് കൊണ്ടു ജീവിതാവശ്യത്തിനു വേണ്ട സാധനങ്ങഠം വില കൊടുത്തു വാങ്ങാൻ നിവൃത്തിയില്ലാത്ത തൊഴിലാളികളുടെ കാസ്ററ് ആഫ് ലിവിംഗ് ഇൻഡക്സ് തയാറാക്കുന്ന കാര്യത്തിൽ ഗവണ്മെൻറ എന്തെങ്കിലും തീരുമാനം എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാസ്ററ് ആഫ് ലിവിംഗ് ഇൻഡക്സ് എന്നുള്ളതു് തൊഴിലാളികഠക്കു മാത്രമുള്ളതല്ല. ജനങ്ങളുടെ ആകെയുള്ള ജീവിതഭാരം എങ്ങനെയാണ് കൂടുതലായിത്തീന്നിട്ടുള്ളതെന്നു കാണുന്നതിനു ഒരു കണക്കു വേണം.

ശ്രീ. ഇ. കൃഷ്ണൻനായർ: തൊഴിലാളികഠക്കുമാത്രമുള്ള കാസ്ററ് ആഫ് ലിവിംഗ് ഇൻഡക്സ് വേണമെന്നാണ് ബഹുമാനപ്പെട്ട മെംബർ ആവശ്യപ്പെടുന്നതു്. ബഹുമാനപ്പെട്ട മന്ത്രി പറയുന്ന ആകെയുള്ള ജനങ്ങളുടെ കാസ്ററ് ആഫ് ലിവിംഗ് ഇൻഡക്സ് തയാറാക്കുന്നുണ്ടെന്ന്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതിനെ ആക്ഷേപിക്കുന്നില്ല. കാസ്ററ് ആഫ് ലിവിംഗ് ഇൻഡക്സ് എന്നുവച്ചാൽ എന്താണെന്നു ശരിയായി ധരിക്കാത്തതുകൊണ്ടാണ് ഇങ്ങനെ തൊഴിലാളികഠക്കുമാത്രമായി ഒരു കാസ്ററ് ആഫ് ലിവിംഗ് ഇൻഡക്സ് വേണമെന്നു പറയുന്നതു്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇതിൻെറ സ്ററാററിസ്ററിക്സ് പ്രസിദ്ധപ്പെടുത്തുന്നതാരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ്.

ശ്രീ. എൻ. രാജഗോപാലൻനായർ: അതു പ്രസിദ്ധപ്പെടുത്തുന്നതിനു കാലതാമസം വരുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. അധിക കാലതാമസം കൂടാതെതന്നെ പ്രസിദ്ധപ്പെടുത്തും.

ശ്രീ. എൻ. രാജഗോപാലൻനായർ: കാസ്ററ് ആഫ് ലിവിംഗും മിനിമം വേജസും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാസ്ററ് ആഫ് ലിവിംഗും ഡീയർനസ് അലവൻസുമായി ബന്ധമുണ്ടാകും.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇവിടെ സാധാരണ എങ്ങനെയാണ് ബേസിക് കാസ്ററ് ആഫ് ലിവിംഗ് ഇൻഡക്സ് നിശ്ചയിക്കുക പതിവ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫന്നഡന്‍-ലെ രണ്ടാം ലോകമഹായുദ്ധത്തിനു മുൻപ് നിശ്ചയിച്ച കാസ്ററ് ആഫ് ലിവിംഗ്

ഉണ്ട്. അതിന മുൻപും അതിന ശേഷവുമുള്ള പായിൻറുകളുടെ കൂട്ടതൽ കുറവനസരിച്ചാണ് കാസ്ററ് ആഫ് ലിവിംഗ് സാധാരണ കൂട്ടക പതിവ്.

ശ്രീ. എൻ. രാജഗോപാലൻനായർ: സ്റ്റാററിസ്ററിക്സ് എടുക്കമ്പോഴുള്ള റിപ്പോർട്ടുകൾ ശേഖരിച്ചതിനുശേഷമാണോ, പ്രസിദ്ധപ്പെടുത്തുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ടുകൾ ശേഖരിക്കുക എന്നുള്ളതു ഒരു continuous പ്രോസസ്സാണ്. അതു് എന്നും ശേഖരിച്ചുകൊണ്ടിരിക്കേണ്ട ഒരു വിവരമാണ്. അതു അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും.

ശ്രീ. കെ. കരുണാകരൻ: അതാതു മാസങ്ങളിലെ ജീവിതത്തോതു് അതാതു മാസങ്ങളിലല്ലേ പ്രസിദ്ധപ്പെടുത്തേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ, അങ്ങനെയാണ് അതിൻെറ അർത്ഥം.

യു. എസ്സ്. ഐ. എസ്സ്. ശാഖ.

* നം. [൫൫] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചീസംസ്ഥാനത്തു് ഇപ്പോൾ എത്ര അമേരിക്കക്കാരുണ്ട്;

(ബി) അവർ എന്തു പ്രവത്തനത്തിലിടപെട്ടിരിക്കുകയാണ്;

(സി) ഈ ഗവണ്മെൻറ് അവക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൾകുന്നുണ്ടോ;

(ഡി) യു. എസ്സ്. ഐ. എസ്സി-ൻെറ ഒരു ശാഖ ഇവിടെ സ്ഥാപിക്കുവാൻപോകുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്സ്):

(എ) ൪൫.

(ബി) ഒരു അമേരിക്കൻ വനിത, ഒരു നാട്ടുകാരൻെറ ഭാര്യയാണ്. അമേരിക്കൻ പൗരത്വം സ്വീകരിച്ച ഒരു നാട്ടുകാരനും അയ്യാളുടെ അമേരിക്കൻ ഭാര്യയുംകൂടി ഇൻഡ്യ സന്ദശിക്കുവാനായിട്ട് ഇവിടെവന്നിട്ടുണ്ട്. മററുള്ളവർ, മതപ്രചരണം, വിദ്യാഭ്യാസം, വൈദ്യസഹായം എന്നീ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുകയാണ്. മററവർ ഇവിടെ ഭാര്യയും ഭത്താവുമൊന്നിച്ചുവന്നിട്ടുണ്ട്. സന്ദർശനത്തിനാണ്. അവരുടെ പ്രവത്തനം എന്താണെന്നറിവായിട്ടില്ല. അതേപ്പററി ഒരന്വേഷണം നടത്തുന്നതു് ഗവണ്മെൻറിൻെറ ഭരണപരമായ ചുമതലയിൽപ്പെട്ടതല്ല.

(സി) അവക്കു പ്രത്യേകമായി ഒരാനുകൂല്യവും ഗവണ്മെൻറ് ചെയ്യുന്നില്ല.

(ഡി) ഗവണ്മെൻറിന് അതിനെക്കുറിച്ച് യാതൊരു അറിവുമില്ല.

ശ്രീ. ടി. വി. തോമസ്സ്: ബഹുമാനപ്പെട്ട മന്ത്രി ഈ ചോദ്യത്തിന ഇങ്ങനെയുള്ള ഒരു ഉത്തരം പറയുന്നതു് ഈ സഭയെ ആക്ഷേപിക്കുകയല്ലേ? ഭാര്യയും ഭർത്താവുംകൂടി ഇവിടെ താമസിച്ചുകൊണ്ടു് അവർ എന്തു പ്രവർത്തനത്തിലാണു് ഇടപെട്ടിരിക്കുന്നതെന്നുള്ള ചോദ്യത്തിന ഭാര്യയും ഭർത്താവും കൂടിയുള്ള പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കാനുള്ള ചുമതല ഗവണ്മെൻറിൻെറ ഭരണപരമായ സംഗതിയിൽപ്പെട്ടതല്ല എന്നാണു് മറുപടി പറഞ്ഞതു്.

Mr. Speaker: Such occasional humour may—

ശ്രീ ടി. എം. വർഗ്ഗീസ്സ്: അവർ ഭാര്യയും ഭർത്താവുംകൂടി ഇവിടെ വന്നിട്ടുള്ളതു് രാജ്യം സന്ദർശിക്കുവാനാണെന്ന ഗവണ്മെൻറിന ബോദ്ധ്യമായ സ്ഥിതിക്കു് അതേപ്പററി കൂടുതൽ അന്വേഷിക്കുന്നതിന ആവശ്യമോ സന്ദർഭമോ ഉണ്ടായിട്ടില്ലാത്തതുകൊണ്ടാണു് അങ്ങിനെയുള്ള അന്വേഷണം ഭരണപരമായ ചുമതലയിൽപ്പെട്ടതല്ലെന്ന പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ്സ്: എവിടെനിന്നാണു് എന്തിനാണു് അവർ ഭാര്യയുംഭർത്താവും മക്കളുമായി ഇവിടെ വന്നു് കുടുംബമായി താമസിക്കുന്നതെന്നും, അവരുടെ പ്രവർത്തനങ്ങളെന്തെല്ലാമാണെന്നും അന്വേഷിക്കേണ്ട ചുമതല ഗവണ്മെൻറിൻെറ ഭരണപരമായ കാര്യങ്ങളിൽപ്പെട്ടതല്ലെന്നുള്ള ശ്രീ. ടി. എം. വർഗ്ഗീസിൻെറ ഒക്കേഷണൽ ഹ്യൂമർ ഈ അസംബ്ലിയെ അവമാനിക്കുകയാണു് ചെയ്തിട്ടുള്ളതെന്നു് അദ്ദേഹം മനസ്സിലാക്കേണ്ടതാണു്. ഇതുപോലുള്ള ഭാഷ ഓപ്പസിഷൻബഞ്ചിലിരിക്കുന്ന ഞങ്ങൾക്കും ഉപയോഗിക്കുവാൻ അറിയാമെന്ന അദ്ദേഹം ഓർക്കേണ്ടതാണു്.

ശ്രീ. വി. ശ്രീധരൻ: ഈ രാജ്യത്തെ നിയമം ഇവിടെ പുറത്തുനിന്നു വന്നു താമസിക്കുന്നവർക്കുകൂടി ബാധകമാകുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്സ്: ബാധകമാകും.

ശ്രീ. ടി. കെ. ദിവാകരൻ: ഏതെങ്കിലും വിദേശികൾ ഇവിടെ വന്നു താമസിക്കുന്നെങ്കിൽ അവരെപ്പററി അന്വേഷിക്കാനുള്ള ചുമതല ഗവണ്മെൻറിനില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്സ്: അവരുടെ വരവിൻെറ ഉദ്ദേശം ഗവണ്മെൻറു് മനസ്സിലാക്കുന്നതനുസരിച്ചു് അന്വേഷിക്കുകയോ അന്വേഷിക്കാതിരിക്കുകയോ ചെയ്യാം.

ശ്രീ. ടി. കെ. ദിവാകരൻ: ആ നിലയിൽ ആ ഭാര്യയുടേയും ഭർത്താവിൻേറയും കാര്യങ്ങളെപ്പററി അന്വേഷിക്കേണ്ടതില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്സ്: സന്ദർശനം മാത്രമാണു് അവരുടെ ഉദ്ദേശമെന്നു മനസ്സിലായതുകൊണ്ടു് അതനുസരിച്ചുള്ള അന്വേഷണമേ നടത്തിയിട്ടുള്ളു, അതന്വേഷിക്കുന്നുണ്ടു്.

ശ്രീ. ടി. വി. തോമസ്സ്: ആ ഭാര്യാഭർത്താക്കന്മാരുടെ പ്രവർത്തനം ഏതു ജാതിയിലുള്ളതാണെന്ന അന്വേഷിച്ചിട്ടുണ്ടോ? (ഉത്തരമില്ല.)

ശ്രീ. എൻ. രാഘവക്കുറുപ്പ്: വിദേശത്തുനിന്ന് ഇവിടെ വന്നു താമസിക്കുന്ന ഈ ഭാര്യയുടെയും ഭർത്താവിന്റെയും പ്രവർത്തനങ്ങളെക്കുറിച്ചു ഗവണ്മെന്റ് അന്വേഷിച്ചതിൽ അവർ എന്തു പ്രവൃത്തികളാണ് ചെയ്യുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഞാൻ ഉത്തരം പറഞ്ഞതു് വ്യക്തമായി, ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഈ ചോദ്യം വരികയില്ലായിരുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ട ചുമതല ഗവണ്മെന്റിനില്ലെന്നാണ് ആദ്യം പറഞ്ഞതു്. പിന്നീട് ശ്രീ. ദിവാകരന്റെ ചോദ്യത്തിന് അതിനു ചുമതലയുണ്ടെന്നു പറഞ്ഞു. അങ്ങനെ അന്വേഷിച്ചതിൽ അവർ എന്തു ജോലിയാണു ചെയ്യുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ ഭാര്യയും ഭർത്താവും സ്ഥലം സന്ദർശിക്കാൻ വന്നിരിക്കയാണ്. സന്ദർശനം സംബന്ധിച്ചും അവരുടെ സ്ഥിതി അനുസരിച്ചുള്ള സൗകര്യങ്ങളും മററുമാണ് അന്വേഷണവിഷയം. സന്ദർശനം അല്ലാതെ മററുദ്ദേശങ്ങളൊന്നും അവർക്കില്ലെന്നു ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടെന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബഹു: മന്ത്രി ഇവിടം സന്ദർശിക്കുവാനായിട്ടു വന്നിട്ടുള്ള വിദേശികളെക്കുറിച്ച് അന്വേഷിക്കേണ്ട ചുമതല ഗവണ്മെന്റിനില്ലെന്ന് ആദ്യം പറഞ്ഞു.

Mr. Speaker: Order, order. There is no meaning in making much of that affair. Any other questions ?

ശ്രീ. സി. അച്യുതമേനോൻ: ഇങ്ങനെ രാജ്യം സന്ദർശിക്കുവാനായി വന്നിട്ടുള്ള വിദേശികളിൽ അമേരിക്കക്കാരുടെ രഹസ്യപ്പോലീസുകാരുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അറിവില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ; ഇവിടം സന്ദർശിക്കുവാനായി വന്നിട്ടുള്ളവരിൽ വല്ല കമ്മ്യൂണിസ്റ്റുകാരുമുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഗവണ്മെന്റിന്റെ അറിവിൽ പെട്ടിട്ടില്ല.

റേഷൻവില.

*നമ്പ്ര A. [ഫൻ] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഇപ്പോഴുണ്ടായിരിക്കുന്ന തൊഴിലില്ലായ്മയും വിലയിടിവും പരിഗണിച്ച് ഭക്ഷ്യധാന്യ റേഷൻവില കുറയ്ക്കുവാൻ ഗവണ്മെന്റിനു വല്ല ആലോചനയുമുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഭക്ഷ്യധാന്യറേഷന്റെ വില കുറയ്ക്കുവാനുള്ള ആലോചനയൊന്നും ഇപ്പോൾ ഇല്ല.

ശ്രീ. വി. ശ്രീധരൻ; റേഷൻ സാധനങ്ങളുടെ വില കുറയ്ക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെന്റിനു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നത്തേക്കാളും വില കുറക്കുവാൻ ഗവണ്മെന്റിനു ബുദ്ധിമുട്ടുണ്ട്.

Mr. Speaker: Order, order. Next question please.

ശ്രീ. പി. വി. അവിരാത്തരകൻ: സർ, എന്റെ ചോദ്യം ഞാൻ അയച്ചമാതിരിയല്ല ഇവിടെ വന്നിരിക്കുന്നത്.

Mr. Speaker: Since the original question was not admissible, the admissible portion of the question has been allowed and truly the Member has been enabled to put the question. If he does not want, he need not put the question.

Shri P. V. Avira Tharakan: I put question No. 20, Sir.

Foreign Visitors to Travancore-Cochin.

* 397. [20] **Shri P. V. Avira Tharakan:** Will the Minister for Political and External Affairs be pleasd to state :

(*a*) how many foreigners have visited Travancore-Cochin;

(*b*) if any body, the number from each nationality; and

(*c*) the purpose of their visit and their business ?

Chief Minister **(Shri A. J. John):**

(*a*), (*b*), and (*c*) Since no period is mentioned, it is not possible to prepare an answer.

Agricultural Income-Tax.

* 398. [21] **Shri P. V. Avira Tharakan:** Will the Minister for Agricultural Income-Tax be pleased to state the amount of agriculture income-tax levied for the year 1950-1951 on coconut. rubber, pepper, tea, coffee and paddy cultivations ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

Separate figures are not available. The total amount of Agricultural Income-Tax levied for the year 1950-1951 is Rs. 49,45,952-12-2. Agricultural Income-tax is charged on the total income of an assessee consisting of income from different agricultural products. Therefore, it is not possible to furnish seperately the tax levied on the products mentioned in the question.

ശ്രീ. പി. വി. അവിരാത്തരകൻ: ഫുഡ് കൾട്ടിവേഷനെ ഇതിൽനിന്ന് ഒഴിവാക്കണമെന്ന് ഗവണ്മെന്റിന് നിവേദനം കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിവേദനം കിട്ടിയിട്ടുള്ളതായി ഓർക്കുന്നുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ: അതിനെ ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ഗവൺമെൻറ ജീവനക്കാരും ഹിന്ദിപഠനവും

*൩൯൯. [൨൨] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചീഫ്മന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഗവൺമെൻറജീവനക്കാർ എല്ലാവരും ഹിന്ദി നിർബന്ധമായി പഠിക്കണമെന്നും, പരീക്ഷ പാസ്സായിക്കൊള്ളണമെന്നും സർക്കാർ ശാസനമുണ്ടായിട്ടുണ്ടോ;

(ബി) ജോലിയുടെ പ്രത്യേക സ്വഭാവമോ, പ്രായസംബന്ധമായ ദൌർബല്യമോ പരിഗണിച്ചു ഗവൺമെൻറ ജീവനക്കാരിൽ ആരെയെങ്കിലും ഈ നിബന്ധനയിൽ നിന്നു് ഒഴിവാക്കിയിട്ടുണ്ടോ;

(സി) ഈ ആജ്ഞ പുറപ്പെടുവിച്ചിട്ടുള്ളതു് കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശാനുസരണമാണോ;

(ഡി) മന്ത്രിമാർ ഹിന്ദി പഠിച്ചു പരീക്ഷ ജയിച്ചവരായിരിക്കണമെന്നു വല്ല നിബന്ധനയുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഗവൺമെൻറ ജീവനക്കാരെല്ലാവരും ഹിന്ദി നിർബന്ധമായി പഠിക്കണമെന്നും പരീക്ഷപാസ്സായിരിക്കണമെന്നും സർക്കാർ ശാസനം ഉണ്ടായിട്ടില്ല.

(ബി)-യും (സി)-യും ഉദിക്കുന്നില്ല.

(ഡി) മന്ത്രിമാർ ഹിന്ദി പഠിച്ചു് പരീക്ഷ ജയിച്ചവരായിരിക്കണമെന്നും നിബന്ധനയില്ല.

ശ്രീ. പി. ഭാസ്കരൻനായർ: ഇങ്ങനെയുള്ളൊരു വാർത്ത പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതായി—

Mr. Speaker: Questions are not allowed to be put on the basis of information collected from newspapers. If the Member takes responsibility for the statement, he can put the question.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: പത്രങ്ങളിലെ വാർത്തയെപ്പററി ഒരു സംഗതി പറയുകയാണു്.

Mr. Speaker: Is it a point of order ?

പായിൻറ് ആഫ് ആഡർ പറഞ്ഞാൽ അതിനു് റൂളിംഗ് തരാം. പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിനെ ആസ്പദമാക്കി അതിനെ വിശ്വസിച്ചു ചോദ്യങ്ങൾ ചോദിക്കുവാൻ പാടില്ലെന്നാണു് പറഞ്ഞതു്.

ശ്രീ. പി. ഭാസ്കരൻ നായർ: സർക്കാർ ജീവനക്കാർ പരീക്ഷ പാസ്സാകാതെ ഹിന്ദി പഠിച്ചിരിക്കണമെന്നു ശാസനം ഉണ്ടായിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: ഇല്ലെന്നാണു് ഉത്തരം.

ശ്രീ. എ. താണുപിള്ള: ഇവിടെ നിന്നു ഐ. എ. എസ്സ്-ലേയ്ക്കു് എടുത്തിട്ടുള്ള ആളുകൾ ഹിന്ദി പഠിക്കണമെന്നു നിർബന്ധമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നിർബന്ധമില്ല.

തിരുവിതാംകൂർ സിമൻറ് ഫാക്ടറി.

❋ ൪൦൦. [൨൩] ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ;

(എ) ട്രാവൻകൂർ സിമൻറ് ഫാക്ടറിയിൽ തിരുവിതാംകൂർ-കൊച്ചീഗവണ്മെൻറ് എത്ര ശതമാനം ഷെയർ എടുത്തിട്ടുണ്ട്; അതിന് എന്തു സംഖ്യ മുടക്കിയിട്ടുണ്ട്;

(ബി) വ്യാവസായികകടമായി ഗവണ്മെൻറിൽനിന്ന് പ്രസ്തുത കമ്പനിക്ക് എന്തു തുക നൽകിയിട്ടുണ്ട്;

(സി) സിമൻറനിർമ്മാണത്തിനായി വേമ്പനാട്ടുകായലിൽ നിന്നും ഫാക്ടറിയിലേക്കു വാരിഎടുക്കുന്ന കക്കായ്ക്കു റോയൽററി (royalty) എന്തെങ്കിലും കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) സിമൻറഫാക്ടറി മാനേജർക്ക് എന്താണ് പ്രതിമാസ ശമ്പളം;

(ഇ) ശമ്പളത്തിനുപുറമെ മാനേജർക്ക് ഫാക്ടറിയിലേക്കു കായലിൽനിന്നു വാരുന്ന കക്കായ്ക്കു ടണ്ണൊന്നിന് ഒരു രൂപായും അവിടെ നിർമ്മിക്കുന്ന സിമൻറിൽ ചാക്കൊന്നിന് ഒരണയുംവീതം കമ്മീഷൻ അനുവദിച്ചിട്ടുണ്ടോ;

(എഫ്) ഒരു ദിവസം ശരാശരി എത്ര ടൺ കക്കാ വാരിയെടുക്കുന്നെന്നും എത്ര ചാക്കു സിമൻറ് അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്നും പറയാമോ;

(ജി) ൧൧൨൫-൨൬-ൽ ടി കമ്പനിക്ക് ആകെ ലാഭമെത്ര; അററാദായമെന്തു്;

(എച്ച്) പ്രസ്തുത ഫാക്ടറിയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു;

(ഐ) ൧൧൨൫-൨൬-ൽ അവിടത്തെ തൊഴിലാളികൾക്ക് ബോണസ്സ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഇനത്തിൽ എന്തു സംഖ്യ നൽകപ്പെട്ടിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂർ സിമൻറഫാക്ടറിയിൽ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ ൩൨ ശതമാനം ഷെയറുകൾ എടുത്തിട്ടുണ്ട്. ഈ വകയിൽ ൨൬ ലക്ഷംരൂപാ ഇൻവെസ്ററചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പനിക്ക് കടമായി ൧൦ ലക്ഷം രൂപാ നൽകിയിട്ടുണ്ട്.

(സി) സിമൻറ നിർമ്മാണത്തിനായി വേമ്പനാട്ടുകായലിൽ നിന്ന് ഫാക്ടറിയിലേയ്ക്കു വാരിയെടുക്കുന്ന കക്കായ്ക്കു ടണ്ണിന് ൪ അണ വീതം റോയൽററി വസൂലാക്കുന്നുണ്ട്.

(ഡി) ൩൦൦൦ രൂപായാണ്.

(ഇ) ശമ്പളത്തിനുപുറമെ മാനേജർക്ക് കായലിൽനിന്നു വാരിയെടുക്കുന്ന കക്കായ്ക്കു കമ്മീഷൻ കൊടുക്കുന്നില്ല.

(എഫ്) ഒരുദിവസം ശരാശരി ൧൪൫.൫ ടൺ കക്കാ വാരുന്നുണ്ട്. പ്രതിദിനം ശരാശരി ൩൫൬൬ ചാക്ക് സിമന്റ് ഉണ്ടാക്കുന്നുണ്ട്.

(ജി) ൧൯൫൦-൫൧-ൽ ൫,൦൧,൨൧൩ രൂപാ ൫ അണ ൯ പൈ അററാദായം ഉണ്ടായിട്ടുണ്ട്.

(എച്ച്) ഈ ഫാക്ററിയിൽ ൪൫൦ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

(ഐ) ൧൯൫൦-൫൧-ൽ അവിടത്തെ തൊഴിലാളികൾക്ക് ൩൫,൦൦൦ രൂപാ ബോണസ്സ് ഇനത്തിൽ നൽകിയിട്ടുണ്ട്.

ശ്രീ. പി. ഭാസ്കരൻനായർ: ഈ ൫൦ ലക്ഷം കടം കൊടുത്തിട്ടുള്ളതിൽ ൫ ലക്ഷം unsecured ലോണായിട്ടാണൊ കൊടുത്തിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കു അതു പറയണമെങ്കിൽ നോട്ടീസു വേണം. എന്റെ അറിവു ഈ സംഖ്യ മുഴുവൻ (secured) ആണെന്നാണ്.

ശ്രീ. പി. ഭാസ്കരൻനായർ: കായലിൽ നിന്നു കമ്പനി വാരിയെടുക്കുന്ന കക്കായ്ക്കു ടണ്ണിനു ൧൨ അണ വെച്ച് ഗവണ്മെന്റ പണ്ടു ആവശ്യപ്പെട്ടിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പണ്ടു അങ്ങിനെ ആവശ്യപ്പെട്ടിട്ടുണ്ടൊ എന്ന് നോട്ടീസുകൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. ഭാസ്കരൻനായർ: നാലണയാണോ പറഞ്ഞുനിന്നു് ഈടാക്കിവരുന്നതെന്ന് ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം റോയൽററി നാലണ കുറവാണ് എന്നാണെങ്കിൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. ഏ. കുഞ്ഞൻനാടാർ: ഗവണ്മെന്റ ഫാക്ടറിയിൽ ൩൨ ശതമാനം ഷെയറുകൾ എടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതു് ആകെയുള്ള ഷെയറുകളുടെ ൩൨ ശതമാനമോ ഇതേവരെ ചെലവായിട്ടുള്ള ഷെയറുകളുടെ ൩൨ ശതമാനമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് രണ്ടുവിധത്തിലും ശരിയാണ്.

ശ്രീ. ഒ. സി. നൈനാൻ: ഈ കമ്പനിയിൽ ഗവണ്മെന്റിനെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ ആരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നോട്ടീസുകൂടാതെ ഇപ്പോൾ പറയാൻ പ്രയാസമാണ്. ഇൻഡസ്ട്രീസ് ഡയറക്ടരോ ഡവലപ്പുമെന്റ സെക്രട്ടറിയോ ആണെന്നാണ് എന്റെ ഓർമ്മ.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : കായലിൽനിന്നു വാരുന്ന കക്കായ്ക്കു ടൺ ഒന്നിനു് ഒരു രൂപയും കമ്പനിയിൽ നിർമ്മിക്കുന്ന സിമൻറു ചാക്കു് ഒന്നിനു് ഒരണയുംവീതം മാനേജർക്കു് കമ്മീഷൻ അനുവദിച്ചിട്ടുണ്ടോ എന്നു ചോദിച്ചതിനു് കായലിൽനിന്നു വാരിയെടുക്കുന്ന കക്കായ്ക്കു കമ്മീഷൻ കൊടുക്കുന്നില്ല എന്നു പറഞ്ഞു. സിമൻറിനു് കൊടുക്കുന്നുണ്ടോ എന്നുള്ള കാര്യം പറഞ്ഞില്ല. സിമൻറുചാക്കിന്മേൽ വല്ല കമ്മീഷനും കൊടുക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മീഷൻ ഒന്നും ഇല്ല.

ശ്രീ. പി. ഭാസ്കരൻനായർ : കായലിൽനിന്നു കക്കാ വാരിക്കുന്നതു് ആരാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഗവൺമെൻറിൽപെട്ട കാര്യമല്ല.

ശ്രീ. പി. ഭാസ്കരൻനായർ : ഗവൺമെൻറിൻെറ ആളുകൾ കക്കാ വാരുന്ന സ്ഥലത്തില്ലെങ്കിൽ വാരുന്ന കക്കായുടെ ടണ്ണേജ് എത്രയാണെന്നു എങ്ങിനെ അറിയും ? ടണ്ണേജ് അറിയാതെ എങ്ങിനെയാണു് റോയൽററി നിശ്ചയിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെങ്ങിനെയാണെന്നുള്ളതു് നോട്ടീസുകൂടാതെ ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. ഭാസ്കരൻനായർ : അതിനു് വേണ്ടുന്ന അറേഞ്ചുമെൻറ ചെയ്തിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോഴത്തെ അറേഞ്ചുമെൻറിൽ എന്തെങ്കിലും കുഴപ്പമുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചാൽ ആ കുഴപ്പം ഉണ്ടോ എന്നു നോക്കാം.

ശ്രീ. എ. താണുപിള്ള : ൫൦ ലക്ഷം രൂപാ ഈ കമ്പനിക്കു കടം കൊടുത്തിരിക്കുന്നതു് എന്തു വ്യവസ്ഥയിലാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് പ്രത്യേകം നോട്ടീസു കൂടാതെ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. എ. താണുപിള്ള : ആ സംഖ്യയ്ക്കു കിട്ടുന്ന പലിശ എന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാധാരണ പലിശ നാലര ശതമാനമാനമാണ്. അതുതന്നെയായിരിക്കും എന്നാണെൻെറ വിശ്വാസം.

ശ്രീ. പി. ഭാസ്കരൻനായർ : ഫാക്ടറിമാനേജർക്കു് ഇത്ര വലിയ ശമ്പളം കൊടുക്കുവാൻ വല്ല പ്രത്യേകകാരണവുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സിമൻറനിർമ്മാണത്തിൽ അദ്ദേഹത്തിനുള്ള യോഗ്യതയും പരിചയവും പരിഗണിച്ചിട്ടാണു് ൩,൦൦൦ രൂപാ അദ്ദേഹത്തിനു ശമ്പളംവെച്ചിട്ടുള്ളതു്.

ശ്രീ. പി. ഭാസ്കരൻനായർ: ഇതിനെക്കാൾ കുറഞ്ഞ ശമ്പളത്തിനു് ആളെ കിട്ടുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറഞ്ഞ ശമ്പളത്തിനു് സിമൻറ നിർമ്മാണത്തിൽ പരിചയവും യോഗ്യതയും ഉള്ള ആളെ കിട്ടുമോ എന്നു സംശയമാണു്.

Shri C. Sankar: Is the Minister aware that the cement manufactured in this factory is sold at a much higher rate than the Tinnevelly cement?

Shri Panampilli Govinda Menon: That is a matter of history.

Mr. Speaker: Order, order. Next question please.

ഫാക്ടറിആക്ടിലെ വ്യവസ്ഥ ലംഘനം.

* ൪൦ എ. [൨൪] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) ഫാക്ടറിആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതിനു് കോട്ടയം സിമൻറഫാക്ടറി മാനേജരെ പ്രോസിക്യൂട്ടു ചെയ്യണമെന്നു പിരിഞ്ഞു പോയ ലേബർ കമ്മീഷണർ ശ്രീ. പി. എൻ. കൃഷ്ണപിള്ള ഉത്തരവിട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു മേൽനടപടിയാണു് നടത്തിയിട്ടുള്ളതെന്നു് വിശദീകരിക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ-ബി) ഇല്ല. എന്നാൽ ഫാക്ടറി ആക്റ്റിലെ ചില നിബന്ധനകൾ ലംഘിച്ചു തൊഴിലാളികളെ ക്ലാസിഫൈചെയ്യുന്നതിൽ തെററ വരുത്തി എന്ന കാര്യത്തിൽ പ്രോസിക്യൂട്ടു് ചെയ്യാതിരിക്കാൻ കാരണം ആവശ്യപ്പെട്ടുകൊണ്ടു ഫാക്ററി മാനേജർക്കു ലേബർഡിപ്പാർട്ടുമെൻറിൽ നിന്നും ഒരു കത്തു് അയയ്ക്കുകയുണ്ടായി. അതിനുശേഷം അതേവിഷയം തന്നെ ഗവൺമെൻറിൻെറ ആഭിമുഖ്യത്തിൽ ആർബിട്രേഷനു് വിട്ടുകൊടുത്തുകൊണ്ടു് ആ കാര്യത്തിൽ ഒരു തീരുമാനം വരുന്നതുവരെ അതിനെ സംബന്ധിച്ചു് മേൽ നടപടി എടുക്കുവാൻ ഗവൺമെൻറ ആലോചിച്ചിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഫാക്ടറി ഇൻസ്പെക്ടർ രണ്ടു തവണ ഈ മാനേജരുടെ മേൽ ഫാക്ടറി ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചതിനു് കംപ്ലയിൻറ ഫയൽ ചെയ്തിരുന്നതായി ഗവൺമെൻറിനു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസു വേണം.

ശ്രീ. ടി. വി. തോമസ്: ആർബിട്രേഷനിൽ തീരുമാനിക്കുന്നതുവരെ ഈ കാര്യം നടപടികൾ ഒന്നും നടത്താതെ വച്ചുകൊണ്ടിരിക്കുമെന്നാണോ പറഞ്ഞതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫാക്ടറി ആക്ററിലെ നിബന്ധനകൾ ലംഘിച്ചിട്ട് ഫാക്ടറി തൊഴിലാളികളായിരുന്നോ കൺടാക്ററിൽപ്പെട്ട തൊഴിലാളികൾ ആയിരുന്നോ എന്നാണ് തർക്കം. ആ കാര്യത്തിൽ ഒരു തീരുമാനം ചെയ്യുന്നതിന് ഒരു ആർബിട്രേഷനെ നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. തോമസ് : ആർബിട്രേഷൻെറ തീരുമാനത്തിന് അതു വിട്ടുകൊടുക്കുവാൻ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു Tripartite കാൺഫറൻസിൽവച്ചാണ് അതു തീരുമാനിച്ചത്. ആ തീരുമാനപ്രകാരം ആർബിട്രേഷന് വിട്ടുകൊടുത്തു.

WRITTEN ANSWERS.

കോട്ടയം ടൗണിലുള്ള കോടതികൾ.

※ ൪൦൨. [൨൫] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കോട്ടയം ടൗണിലുള്ള സിവിലും ക്രിമിനലും ആയിട്ടുള്ള കോടതികൾ എല്ലാംകൂടി ജില്ലാക്കോടതി സ്ഥിതിചെയ്യുന്ന പുരയിടത്തിലേയ്ക്കു മാററി സ്ഥാപിക്കണമെന്ന നിവേദനമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ?

പൊതുമരാമത്തുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ.) ഉണ്ട്.

State Cars.

※403. [26] **Shri N. Raghava Kurup:** Will the Chief Minister be pleased to state whether State cars are hired for use of private parties; if so under what circumstances?

Chief Minister **(Shri A. J. John):** No.

Government Ceramic Factory.

※404. [27] **Shri M. M. Abdul Khader:** Will the Minister for Industries be pleased to state the profits or losses of the Government Ceramic Factory has been making each year since 1945?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** A statement showing the profits, the Government Ceramic Factory has been making since 1945, is placed on the table.*

Strike in the Manali Tile Factories.

※405. [28] **Shri M. M. Abdul Khader:** Will the Minister for Industfries be pleased to state:

(a) how long did the strikes in the Manali tile factories last;

* Please see Appendix II,

(*b*) whether the Government did interfere? If so when; and

(*c*) whether the police were sent out to break the strike?

Minister for Finance and Civil Supplies, **(Shri Panampilli Govinda Menon)**: (*a*) One month and five days.

(*b*) The Labour Department intervened in the matter on 24-2-1952.

(*c*) No.

Compensation claims under Motor Vehicles Act.

*406. [29] **Shri M. M. Abdul Khader**: Will the Minister for Finance be pleased to state:

(*a*) the number of compensation claims settled under the Motor Vehicles Act;

(*b*) the date of the accident, lodging of the claim and the date of settlement in each case; and

(*c*) the number of such claims now pending?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)**: (*a*) 80.

(*b*) (As per statement attached hereto)*

(*c*) 20.

Contingency Fund to schools.

*407 [30] **Shri M. M. Abdul Khader**: Will the Minister for Education be pleased to state:

(*a*) the amount of contingency fund allotted annually to Government primary and middle schools:

(*b*) what is the criteria for the variation of amounts between different schools?

Chief Minister **(Shri A. J. John)**: (*a*) The amounts provided annually under Contingencies will vary year by year due to the opening of new schools and higher classes and additional divisions in the existing schools. The provision estimated for 1952-53 is as follows:—

Government Middle Schools	Rs. 3,11,200
Government Primary Schools	
1. Non-Compulsory	„ 5,15,900
2. Compulsory	„ 10,75,500

(*b*) The variation of amounts between different schools will depend upon several factors, *viz.* nature of the building (whether rented, thatched or tiled etc.) locality in which the school is situated, the number of pupils on rolls in the schools, the number of teachers on the staff etc.

*See Appendix III.

വില്പനനികുതി.

✽ ൪൦൮. [൩൨] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ?

വില്പനനികുതി സിംഗിൾ പായിന്റിൽ മാത്രം വസൂലാക്കാൻ തക്കവണ്ണം വില്പനനികുതി ആക്റ്റ് ഭേദഗതി ചെയ്യുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഇല്ല.

Ceramic Inuustry.

✽409. [33] **Shri E. P. Varghese**: Will the Minister for Industries and Commerce be pleased to state:

(*a*) whether the Ceramic Factory at Kundara is working on profit: if so since when; and

(*b*) what has been the profit or loss from the Ceramic Factory during the last 4 years *i. e.* 1948, 1949, 1950 and 1951?

Minister for Finance and Civil Supplies, **(Shri Panampilly Govinda Menon)**: (*a*) Yes. From the year 1120.

(*b*) A statement showing the profit earned by the Factory from the year 1120 is placed on the table.*

Export of Tapioca.

✽ 410. [35] **Shri K. Madhavan Unnithan**: Will the Minister for Food be pleased to state:

(*a*) whether Government have received complaints from tapioca cultivators regarding the reimposition of restriction on the export of tapioca and tapioca products; and

(*b*) if so what action is being taken?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)**: (*a*) No.

(*b*) Does not arise in view of answer to part (a).

മിനിമംവേജസ് ആക്ട്.

✽ ൪൧൧. [൩൬] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

മിനിമംവേജസ് ആക്ട് അടിസ്ഥാനമാക്കി എന്തെങ്കിലും നടപടി ഇതിനകം ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ;

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): മിനിമംവേജസ് ആക്ട് പ്രകാരം ബീഡിത്തൊഴിലാളികളുടെയും തോട്ടം തൊഴിലാളികളുടെയും മിനിമംവേജസ് ഗവണ്മെന്റ് നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ട്.

---

*See Appendix IV.

താഴെ പറയുന്ന വ്യവസായങ്ങളിലെ മിനിമംവേജ് നിശ്ചയിക്കാൻ കമ്മിററികഠം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

1. Employment in Oil Mills.
2. Employment under local authority.
3. Employment in Public Motor Transport.
4. Employment in Manufacture of Coir.
5. Employment in Cashew Industry.

ശേഷമുള്ള വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം മിനിമംവേജസ് ആക്ടിലെ ൩ (എ) ബി വകുപ്പുപ്രകാരം മിനിമംവേജ് നിർദ്ദേശങ്ങഠം ഗസററിൽ പ്രസിദ്ധപ്പെടുത്തി നിശ്ചയിക്കുവാനാണ് ഉദ്ദേശിക്കുന്നതു്.

കയർവ്യവസായം.

※ ൪൧൨. [൩൭] ശ്രീ. ജോസഫ് വാഴപ്പിള്ളി : താഴെ പറയുന്ന ചോദ്യങ്ങഠംക്ക് വ്യവസായവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ :

(എ) കയർവ്യവസായത്തെ പുനരുദ്ധരിക്കുന്നതിനു് ഗവണ്മെൻറ എന്തെങ്കിലും നടപടികഠം സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതു് എന്തെല്ലാം ;

(സി) കയർ വ്യവസായത്തിന്റെ മാന്ദ്യത്തിനുള്ള കാരണങ്ങഠം വിശദമായി അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങഠം എന്തെല്ലാമാണ് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഉണ്ടു്.

(ബി) കയർസഹകരണപദ്ധതി നടപ്പിലാക്കുകയും തൊണ്ടു നിയന്ത്രണ ഉത്തരവും കയർ റാട്ടു് രജിസ്റ്ററിംഗും ലൈസൻസിംഗും ഉത്തരവുകഠം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടു്. കേന്ദ്രഗവണ്മെൻറിനോടു് കയറും കയററസാമാനങ്ങളും വിദേശ കച്ചവട ഉടമ്പടികളിൽ കൊള്ളിക്കണമെന്നും അവയ്ക്കു വിദേശവിപണികഠം കണ്ടുപിടിക്കാൻ വിദേശരാജ്യങ്ങളിലുള്ള കേന്ദ്രഗവണ്മെൻറ ട്രേഡ്ഏജൻറന്മാരോടു് ആവശ്യപ്പെടണമെന്നും, പ്രതിരോധം മുതലായ കേന്ദ്രവകുപ്പുകളിലേക്ക് ആവശ്യമുള്ള കയറും കയററസാമാനങ്ങളും ഇവിടെനിന്നു് വാങ്ങിക്കണമെന്നും, കയററവ്യവസായത്തെ പുനരുദ്ധരിക്കാൻ സഹായധനം തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) അമേരിക്ക, ഇംഗ്ലണ്ടു്, ആസ്ത്രേലിയ തുടങ്ങിയ വിദേശരാജ്യങ്ങഠം അവയുടെ ഇറക്കുമതി കുറച്ചതുകൊണ്ടു്.

Public Offices in rented buildings.

※413. [38] **Shri N. P. Varghese**: Will the Chief Minister be pleased to state:

(a) the number of Public Offices in Moovattupuzha Town, housed in rented buildings.

(b) what is the amount spent as rent for public offices in Moovattupuzha Town per year.

(c) Is there any proposal for constructing Government building for housing public offices?

Minister for Works and Communications (**Shri Kalathil Velayudhan Nair**): (a) 16.

(b) Rs. 6,305-4-0.

(c) There is a proposal to construct a building for housing the Office of the Executive Engineer, Moovattupuzha. The question of constructing buildings for other offices in Moovattupuzha is under consideration.

Suspension of Police Officer.

*414. [38] **Shri M. William**: Will the Minister for Law and Order be pleased to state:

(a) has the Inspector General of Police suspended or recommended for suspension any police officer above the rank of Sub-Inspector; if so who are they and for what period they are suspended?

(b) have such officers received medals and rewards for their meritorious services?

Minister for Home Affairs (**Shri T. M. Varghese**):

(a) Three officers above the rank of Sub-Inspectors have been suspended since 1-7-50. Their names, rank and period spent under suspension and the grounds thereof are also furnished in the statement appended.

(b) Yes. Shri Mohammed Hassan has received a medal for meritorious services rendered by him.

STATEMENT.

S. No.	Name of Officer.	Rank.	Period of suspension.	Reasons.
1	Shri N. Thankaswami Nadar.	Asst. Supdt. of Police.	21-3-51 A. N.	In connection with Cr. Nos. 39, 40 and 42 of Kottayam station *viz.* Peroor cases.
2	Shri E. P. Bhanu.	Circle Inspector of Police.	25-3-51 A. N.	Do. Do.
3	Shri M. Mohammed Hassan.	Do.	10-10-51 F.N. to 21-5-52 A. N.	Pending enquiry into charges of slackness and failure to take prompt action to check communal disturbances at Neendakara and damage to temple.

Transport Commissioner.

*415. [40] **Shri M. William**: Will the Minister for Law and Order be pleased to state:

(a) whether the Motor Vehicles Act contemplates the appointment of a Transport Commissioner;

(b) if so, whether any Commissioner has been appointed and who is that Commissioner;

(c) is there any other State where the post of Inspector-General of Police and Transport Commissioner is combined in the same person?

Minister for Home affairs (**Shri T. M. Varghese**) (a) No.

(b) No Commissioner has been appointed.

(c) No information is available here.

പ്രകൃതിശാസ്ത്രക്ലാസ്സ്.

* ൪൧൬. [൪൧] ശ്രീ. എം. വി. ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

അക്കൌണ്ട് ചെയ്തിട്ടുള്ള പല ഹൈസ്കൂളുകളിലും മിഡിൽസ്കൂളുകളിലും അംഗീകരണം കൊടുത്തിട്ടില്ല എന്ന കാരണത്താൽ സാധുക്കളായ വിദ്യാർത്ഥികൾക്ക് പ്രകൃതിശാസ്ത്രക്ലാസ്സ് ഇപ്പോൾ സിദ്ധിക്കുന്നില്ലെന്നുള്ളത് വാസ്തവമാണോ?

മുഖ്യ മന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

വാസ്തവമാണ്.

വായനശാലകൾ.

* ൪൧൭. [൪൨] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചിയിൽ ഗവണ്മെന്റ ഗ്രാൻറ വാങ്ങുന്നതായി ഇപ്പോൾ എത്ര വായനശാലകൾ ഉണ്ട്; ഗ്രാൻറ നിശ്ചയിക്കുന്നത് ആരാണ്? ഗ്രന്ഥശാലാസംഘം അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങളിൽ എത്ര ശതമാനം വായനശാലകൾ വാങ്ങുന്നുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

൨൯൩. വായനശാലകൾ ഗവണ്മെന്റിൽനിന്നും നിയമിക്കുന്ന കമ്മിററി പരിശോധിച്ച് അവയുടെ ഗ്രേയിഡ് നിശ്ചയിച്ച് ഓരോന്നിനും എന്തു തുക കൊടുക്കണമെന്ന് ശുപാർശചെയ്യും. ഗവണ്മെന്റ് ആ ശുപാർശയെ അംഗീകരിച്ച് ഗ്രാൻറ് നൽകും. അനുവദിച്ച ഗ്രാൻറിന്റെ ൫൦ ശതമാനം ഗ്രന്ഥശാലാസംഘം അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങൾ വാങ്ങാൻ വിനിയോഗിക്കേണ്ടതാണ്.

ഗ്രാൻറവാങ്ങുന്ന വായനശാലകൾ.

* ൪൧൮ [൪൩] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

[ഡാക്ടർ എൻ. എസ്സ്. പിള്ള]

ഗ്രന്ഥശാലാസംഘം അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങൾ വാങ്ങാതെയും മററുപുസ്തകങ്ങൾ വാങ്ങിയും ഗവണ്മെൻറു ഗ്രാൻറുവാങ്ങുന്ന ഗ്രന്ഥശാലകളുടെ എണ്ണം എത്ര? പൊതുവേയുള്ള അറിവു വർദ്ധനയ്ക്കുവേണ്ടി സാഹിത്യഗ്രന്ഥങ്ങൾ വാങ്ങുന്നതിനായി ആണ്ടുതോറും ഗവണ്മെൻറു എന്തു തുക ചിലവാക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഒന്നുമില്ല.

പൊതുവേയുള്ള അറിവു വർദ്ധിക്കുന്നതിന് സാഹിത്യഗ്രന്ഥങ്ങൾ വാങ്ങാൻവേണ്ടിയാണ് ഗ്രന്ഥശാലകൾക്ക് സഹായധനം കൊടുക്കുന്നതു്. സാധാരണ ൨൦,൦൦൦ രൂപാ ഗ്രന്ഥശാലകൾക്ക് സഹായധനം കൊടുക്കുന്നുണ്ടു്. കഴിഞ്ഞയാണ്ടിൽ (൧൯൫൧-൫൨)-ൽ ൨൩,൩൪൦ രൂപാ കൊടുത്തു.

സാഹിത്യകാരന്മാർ.

* ൪൧൯. [൪൪] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ഭാഷാഭിവൃദ്ധിക്കായി വിവിധ സാഹിത്യശാഖകളിൽ പ്രവർത്തിക്കുന്ന സാഹിത്യകാരന്മാർക്ക് ഗവണ്മെൻറു വല്ല പ്രോത്സാഹനവും കൊടുക്കുന്നുണ്ടോ? അക്കാര്യത്തിൽ ഗവണ്മെൻറിൻെറ നയം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

സാഹിത്യകാരന്മാർക്കും മററും പ്രത്യേകം പ്രോത്സാഹനം കൊടുക്കേണ്ട ആവശ്യകതയെപ്പററി ഗവണ്മെൻറിന് ആലോചിക്കേണ്ടി വന്നിട്ടില്ല.

അദ്ധ്യാപകന്മാർക്കുള്ള ശമ്പളം.

* ൪൨൦. [൪൫] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ;

(എ) ഡിപ്പാർട്ടുമെൻറു ഹൈസ്കൂളുകളിൽ ഭാഷാദ്ധ്യാപകന്മാർക്ക് നൽകിവരുന്ന ശമ്പളവും അലവൻസും എന്തു്;

(ബി) മാനേജുമെൻറ് ഹൈസ്കൂളുകളിൽ ഭാഷാദ്ധ്യാപകന്മാർക്ക് നൽകിവരുന്ന ശമ്പളവും അലവൻസും എന്തു്;

(സി) മേൽപറഞ്ഞ ഡിപ്പാർട്ടുമെൻറും മാനേജുമെൻറും ഹൈസ്കൂളുകളിലെ ഭാഷാദ്ധ്യാപകന്മാരുടെ ശമ്പള സ്കെയിലിലുള്ള വ്യത്യാസം പരിഹരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഡിപ്പാർട്ടുമെൻറു സ്കൂളുകളിലെ ഭാഷാദ്ധ്യാപകരുടെ ശമ്പളനിരക്കും അലവൻസും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുണ്ടു്.†

(ബി) രൂപാ ൩൦—൩/൨-൭൦. അലവൻസ് (ഡി. എ.) ശമ്പളത്തിൻെറ ൧൫ ശതമാനം മിനിമം ൧൫ രൂപാ.

(സി) ഈ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

---

† Please See Appendix V.

മിനിമംവേജ്.

*൪൨൧ [൪൭] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മിനിമംവേജ് നടപ്പാക്കുന്നതിനു എതിരായി പെരിങ്ങോട്ടുകരയിലെ പ്രൈവറ്റ് ബീഡിക്കമ്പനി പൂട്ടിയതിനെ തുടർന്നു സത്യാഗ്രഹമനുഷ്ഠിച്ചുവരുന്ന തൊഴിലാളികളുടെ മെമ്മോറാണ്ടം ഗവൺമെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സത്യാഗ്രഹം അവസാനിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറ് എന്തു നടപടി എടുത്തു?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മെമ്മോറാണ്ടം ലഭിച്ചിട്ടില്ല. ഒരു കമ്പിസന്ദേശം ലഭിച്ചിരുന്നു.

(ബി) ഈ വ്യവസായശാല പൂട്ടിയതു് മിനിമംവേജ് ആക്ടിനെ പരാജയപ്പെടുത്തുവാനല്ല. ബീഡിയുടെ ചിലവു കുറഞ്ഞതുകൊണ്ടാണ്. തൊഴിലുടമ ൧൪ ദിവസത്തെ നോട്ടീസുകൊടുത്തെങ്കിലും തൊഴിലാളികൾ ഉടൻതന്നെ പണിമുടക്കുകയാണുണ്ടായതു്. പ്രസ്തുത തൊഴിൽ തക്കം ഒത്തുതീർപ്പിൽ അവസാനിപ്പിക്കുന്നതിനുവേണ്ടി ൨൨-൭-൫൨-ൽ ആലുവാ അസിസ്റ്റൻറ ലേബർ കമ്മീഷണർ ഒരു ത്രികക്ഷിസമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായെങ്കിലും അതു പരാജയപ്പെടുകയാണുണ്ടായതു്. ലോക്കൌട്ടു മൂലം ജോലിയില്ലാതായിത്തീർന്ന ൧൮ പേരിൽ ൫ പേർ ഒഴികെ മററുള്ളവർ മററു കടകളിൽ ജോലിയിൽ പ്രവേശിച്ചതിനാലും വിവിധ രാഷ്ട്രീയകക്ഷികളിൽപ്പെട്ട ൯ തൊഴിലാളികൾ തമ്മിലുള്ള ഒരു വടംവലിയായി സമരം തുടർന്നതിനാലും ഒത്തുതീർപ്പുശ്രമങ്ങൾ പിന്നീടു ഉപേക്ഷിച്ചു.

റേഷൻ.

*൪൨൨. [൪൮] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നിർബ്ബന്ധഗോതമ്പുറേഷൻ നിയമമാക്കാൻ കാരണമെന്തു്;

(ബി) ഗോതമ്പിൻെറ വില ഇടങ്ങഴിക്ക് ൮ അണയിൽനിന്ന് ൰ അണ ൯ പൈസയായി വർദ്ധിപ്പിക്കാൻ വല്ല കാരണവുമുണ്ടോ;

(സി) ഈ വില വർദ്ധനകൊണ്ടു് എത്ര സംഖ്യ കൂടുതൽ കിട്ടുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നതു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അരിയുടെ കുറവു പരിഹരിക്കുന്നതിനും, മതിയായ പോഷകാംശങ്ങളടങ്ങിയ ആഹാരം ഉപഭോക്താവിനു് ലഭ്യമാക്കുന്നതിനുവേണ്ടി ഗോതമ്പു് റേഷൻെറ ഒരു ഭാഗം നിർബന്ധിതമാക്കിയിരുന്നു.

(ബി) ഉണ്ടു്. ൧-൨-൧൯൫൨ മുതൽ ഇൻഡ്യാഗവൺമെൻറ ഗോതമ്പിൻെറവില മണ്ണൊന്നിനു് രൂപാ ൧൮-൯-൦-ൽനിന്നും രൂപാ ൨൦-൮-൦ ആയി വർദ്ധിപ്പിച്ചു.

(സി) ലാഭനഷ്ടത്തിന്റെ പരിഗണന കൂടാതെ വില നിശ്ചയി ക്കുന്നതുകൊണ്ട് ഗവണ്മെന്റിന് ഈ വകയിൽ ഒരു ലാഭവും കിട്ടാ നില്ല.

Special Training or studies.

✻423. [50] **Shri A. A. D. Luiz:** Will the Minister for Education be pleased to state the total number of candidates sent for special training or studies to other countries during the past three years and whether any member of the Anglo-Indian community has been selected at any time?

Chief Minister **(Shri A. J. John):** 24 candidates were sent; No Anglo-Indian has been sent.

Fee concession for Anglo-Indian.

✻424. [51] **Shri A. A. D. Luiz:** Will the Minister for Education be pleased to state who is the authority empowered at present to issue certificates of nationality for Anglo-Indians desiring school fee concessions?

Chief Minister **(Shri A. J. John):** The Officers of the Revenue Department, not below the rank of a Tahsildar.

മീൻപിടിത്തം.

✻ ൪൨൫. [൫൨] ശ്രീ. ഏ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷ്ണൻകോട്ട പുല്ലൂറവ് ബണ്ടിന്റെ പരിസരങ്ങളിൽ മീൻപിടിക്കുന്നതിനുള്ള കുത്തകാവകാശം ആർക്കെങ്കിലും നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ആളുകൾക്ക് ;

(സി) അവർക്കുമാത്രം ഈ അവകാശം നൽകാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ടി ബണ്ടുമൂലം ദോഷംവന്ന ഊന്നികളുടെ ഉടമസ്ഥന്മാരായ വ്യക്തികളും, ഉടമസ്ഥാവകാശമുള്ള രണ്ടു സഭകളുടെ പ്രതിനിധികളും ഉൾപ്പെടെ എട്ടുപേർക്കാണ്.

(സി) ഉണ്ട്. കൃഷ്ണൻകോട്ട പുല്ലൂറ ബണ്ടുവന്നതോടുകൂടി ഒഴുക്കില്ലായ്കയാൽ വലകെട്ടി മത്സ്യം പിടിക്കുവാൻ തീരെ സൗകര്യമില്ലാതെ നിരുപയോഗമായിത്തീർന്ന ഊന്നികളുടെ ഉടമസ്ഥന്മാർക്കും ഒഴുക്കിന്റെ മാന്ദ്യംകൊണ്ട് മത്സ്യം കയറി ഇറങ്ങുന്നതിനുള്ള തൈവഴി അടഞ്ഞതുകൊണ്ട് മുൻപുണ്ടായിരുന്ന ആദായത്തിൽ കുറവുവന്ന "കക്കോട്ടു" അല്ലെങ്കിൽ കൃഷ്ണൻകോട്ട ഊന്നികളുടെ ഉടമസ്ഥന്മാർക്കും നഷ്ടപരിഹാരം ചെയ്യുന്നതിനാണ് അപ്രകാരം അനുവദിച്ചിട്ടുള്ളത്.

സ്കൂൾഫീസ്.

✻ ൪൨൬. [൫൩] ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(ഡി) തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും ഇപ്പോഠം നിലവിലുള്ള സ്കൂഠംഫീസ് ഏകീകരിക്കുന്നതു സംബന്ധിച്ച് വല്ല പരിപാടിയും ഗവണ്മെൻറ തയ്യാറാക്കീട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പരിപാടിയനുസരിച്ചു ഏതെങ്കിലും വിഭാഗത്തിലെ ഫീസ് ഇപ്പോഠം നിലവിലുള്ളതിനെക്കാഠം വർദ്ധിക്കാൻ ഇടയുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

(എ) തയ്യാറാക്കീട്ടില്ല. എന്നാൽ ഇതു ആലോചനയിൽ ഇരിക്കുന്നു.

(ബി) ഇതു് ഇപ്പോഠം നിർണ്ണയിച്ചു പറയാറായിട്ടില്ല.

ഗ്രാൻറ്.

※ ൪൨൧ [൭൪] ശ്രീ. ററി. ററി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങഠംക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വായനശാലകഠംക്ക നൽകുന്ന ഗ്രാൻറ് തുക വർദ്ധിപ്പിച്ചു പ്രോത്സാഹിപ്പിക്കുവാൻ ഗ്രന്ഥശാലാസംഘം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അഭ്യർത്ഥനയിൽ എന്തുനടപടികഠം എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ഇതു് ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. പി. എൻ. കൃഷ്ണപിള്ളയുടെ രാജി.

※ ൪൨൨ [൭൫] ശ്രീ. ററി. ററി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങഠംക്ക് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ലേബർ കമ്മീഷണർ ശ്രീ. പി. എൻ. കൃഷ്ണപിള്ള സർവീസിൽനിന്നും രാജിവച്ചു പിരിയുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കാരണങ്ങഠം എന്താണ് ?

ധനകാര്യവും സിവിഠംസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഇല്ല.

(ബി) ഉത്തരം ഉദിക്കുന്നില്ല.

പെൻഷൻപററിയ ഉദ്യോഗസ്ഥന്മാക്ക് ഡിയർനസ് അലവൻസ്.

※ ൪൨൩ [൭൨] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങഠംക്ക ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പെൻഷൻപററിയ ഉദ്യോഗസ്ഥന്മാക്ക് കൊച്ചിയിൽ കൊടുക്കുന്നതുപോലെ ഡിയർനസ് അലവൻസ് കിട്ടുന്നില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പരാതിയിന്മേൽ ഗവണ്മെൻറ എന്തു നടപടി നടത്തി ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ഈ പരാതി ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

കയർവ്യവസായ സ്തംഭനം.

❋ ൪൩൦. [൫൯] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കയർവ്യവസായസ്തംഭനംകൊണ്ട് ബുദ്ധിമുട്ടുന്നവരുടെ സ്റ്റേററിലെ സംഖ്യ എത്ര ;

(ബി) വ്യവസായസ്തംഭനനിവാരണത്തിന് ഗവണ്മെൻറ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. (പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉദ്ദേശം അഞ്ചുമുതൽ ഏഴു ലക്ഷംവരെ.

(ബി) ൧൧-൩-൧൨൭-ലെ പ്രസ്നോട്ട് നോക്കുക.

ശമ്പളവിതരണം.

❋ ൪൩൧. [൬൦] ശ്രീ. വാറുണ്ണി പുളിക്കൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർക്ക് ഓരോ മാസത്തിലും ഇന്ന തീയ്യതിക്ക് ശമ്പളം കൊടുക്കുമെന്ന് എന്തെങ്കിലും ഒരു നിശ്ചിത വ്യവസ്ഥയുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

കോഡ്കൾ അനുസരിച്ചു തൻമാസത്തെ ശമ്പളം പിറേറമാസം ൧-ാംതീയതി തീരുവ ്ു ളളതാമെന്നുള്ളതും ആയത് ഉടനെ കൊടുക്കേണ്ടതുമാണ്.

സാധാരണയായി ൧-ാംതീയതിതന്നെ കൊടുക്കേണ്ടതാണ്.

I. P. S. & I. A. S. Services.

❋ **432 [61] Shri A. Samraj:** Will the Chief Minister be pleased to state:

(a) How many officers from the state were selected for the I. P. S. and I. A. S. respectively;

(b) How many fresh recruits under I. P. S. have been appointed in the State?

Chief Minister. **(Shri A. J. John) :**

(a) I. P. S. 2.

I. A. S. 4.

(b) 1.

കൺസിലിയേഷൻ.

❋ ൪൩൩. [൬൩] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ലേബർവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ :

(എ) സംസ്ഥാനത്തു് ഇൻഡസ്ട്രിയൽഡിസ്പ്യൂട്ട്സ് ആക്ടിൻ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള കൺസിലിയേഷൻ ആഫീസറന്മാർ എത്രപേരുണ്ടു്. അവരുടെ കേന്ദ്രആഫീസ് ഏതെല്ലാം സ്ഥലത്താണു്;

(ബി) തൊഴിൽത്തക്കങ്ങൾ നീണ്ടുപോകുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) കൊല്ലം കേന്ദ്രമാക്കി ഒരു അസിസ്റ്റൻറു് ലേബർകമ്മീഷണരെ (കൺസിലിയേഷൻ ആഫീസറായും കൂടി അധികാരപ്പെടുത്തിയിട്ടുള്ള) നിയമിക്കണമെന്നു തൊഴിലാളി സംഘടനകളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരം നിയമിക്കാതിരിക്കുന്നതിനു് എന്തെങ്കിലും കാരണമുണ്ടോ ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അഞ്ചുപേരുണ്ടു്. ലേബർകമ്മീഷണരും നാലു അസിസ്റ്റൻറ ലേബർ കമ്മീഷണരുമാണു്, ഈ അഞ്ചു കൺസിലിയേഷൻ ആഫീസർമാർ. ലേബർ കമ്മീഷണരുടെ കേന്ദ്രആഫീസ് തിരുവനന്തപുരത്തും മററ നാലുപേരുടെയും തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ആലുവാ എന്നീ സ്ഥലങ്ങളിലുമാണു്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) സി-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഡി. ഉദിക്കുന്നില്ല.

പത്രങ്ങൾക്കുള്ള സഹായധനം.

❋ ൪൩൪. [൬൪] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ഏതെങ്കിലും ദിനപത്രങ്ങൾക്കോ വാരികകൾക്കോ സർക്കാരിൽനിന്നും സഹായധനം കൊടുക്കുന്നുണ്ടോ ;

(ബി) അവ ഏതേതിനെല്ലാമാണെന്നും എന്തു തുക വീതമാണെന്നും പറയുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് യാതൊരു ദിനപത്രങ്ങൾക്കും വാരികകൾക്കും സർക്കാരിൽനിന്നും സഹായധനം കൊടുക്കുന്നില്ല.

(ബി) മേൽപ്പറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ആയുധ പരിശീലനം.

* ൪൩൫. [൬൬] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യത്തിന് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ;

ഗവണ്മെന്റ സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ആയുധപരിശീലനം നടത്താൻ അനുവദിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

ഇല്ല.

Cipher Training.

* **436 [67] Shri Changarappally P. Narayanan Potti:** Will the Chief Minister be pleased to state:

(*a*) How many persons have been deputed from this Government for cipher training;

(*b*) what are their qualifications and the present post they hold;

(*c*) have they got substantive lien in the Secretariat; and

(*d*) what is the accepted criterion for this selection?

Chief Minister **(Shri A. J. John):** (*a*) to (*d*)—It is regretted that Government are unable to give the information as the Cipher Section in States is considered highly secret in all States.

എലക്ടോറൽ റോൾസ്.

* ൪൩൭. [൬൭] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോൾ പ്രിപ്പേർ ചെയ്തുവരുന്ന എലക്ടോറൽ റോൾസ് ആസന്നമായ മുൻസിപ്പാലിററി പഞ്ചായത്തുകളുടെ ആവശ്യത്തിനോ അതോ അടുത്ത പൊതുതെരഞ്ഞെടുപ്പിന്റെ ആവശ്യത്തിനോ എന്ന് ഗവണ്മെന്റ് വ്യക്തമാക്കുമോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇപ്പോൾ തയാറാക്കുന്ന എലക്ടോറൽ റോൾസ് അസംബ്ലിയും പാർലിമെന്റും തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കാണ്. എന്നാൽ ഈ റോൾസുതന്നെ ആസന്നമായ മുൻസിപ്പാലിററി പഞ്ചായത്തു തിരഞ്ഞെടുപ്പുകളുടെ ആവശ്യത്തിലേയ്ക്കും ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പോലീസ് ഇൻസ്പെക്ടർ ഉദ്യോഗാർത്ഥികൾ.

* ൪൩൮. [൬൮] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പോലീസ ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗിന് പട്ടികജാതികളിൽനിന്നും എത്ര അപേക്ഷകർ ഉണ്ടായിരുന്നു;

(ബി) അവരിൽ എത്രപേരെ തെരഞ്ഞെടുത്തിട്ടുണ്ട്;

(സി) ആരേയും തെരഞ്ഞെടുത്തിട്ടില്ലെങ്കിൽ എന്തുകൊണ്ട്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) നാല്. അവയിൽ സ്വീകരിച്ചതു് രണ്ട്. നിരസിച്ചതു് രണ്ട്.

(ബി) ഒന്ന്.

(സി) 'ബി' യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

Handloom Industry.

*439. [70] **Shri A. Kunjan Nadar**: Will the Minister for Industries and Commerce be pleased to state :

(*a*) whether the Reserve Bank of India offered 11|2% interest loan for the development of Handloom Industry on condition that this Government must organise a provincial co-operative bank for the purpose ; and

(*b*) if so, did the Government make use of that offer, if not why not?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)**: (*a*) No.

(*b*) This question does not arise in view of the answer to part (*a*).

Middle School Teachers.

*440. [72] **Shri A. Kunjan Nadar**: Will the Minister for Education be pleased to state :

(*a*) the minimum scale of pay fixed for Middle School teachers in aided schools ;

(*b*) the minimum Scale for Middle school teachers in Government schools?

Chief Minister **(Shri A. J. John)**: (*a*) Rs. 30-3|2-60

(*b*) Rs. 22-28 in the Travancore area and Rs. 30-75 in the Cochin area.

Import duty.

*441. [73] **Shri R. Kesava Pillai**: Will the Minister for Commerce be pleased to state whether any communication has been received from the Central Government to the effect that import duty on cocoanuts and copra has been revised or would be revised?

Minister for Finance and *Civil Supplies* **(Shri Panampilli Govinda Menon)**: No.

Coir Products

*442. [74] **Shri R. Kesava Pillai**: Will the Minister for Commerce be pleased to state whether any trade enquiry has been received from the Central Government or any other Government in the matter of export of coir products from this State?

Minister for Finance and Civil Supplies. **(Shri Panampilli Govinda Menon)**: One enquiry has been received from Shri N. Kesavan, Commercial Attache, Embassy of India, Boun, through Government of India, regarding the export of Coir and Coir Products to west Germany.

അറബിക് ഇൻസ്പെക്ടർമാർ.

*൪൪൩. [൧൬] ശ്രീ. പരീതുറാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഹൈസ്കൂളുകളിലും, മിഡിൽ സ്കൂളുകളിലും, പ്രൈമറിസ്കൂളുകളിലുമായി പ്രത്യേകം പ്രത്യേകം എത്ര അറബിക് മുൻഷി പോസ്റ്റുകൾ ഉണ്ട്;

(ബി) ഇവർക്കു വേണ്ട പരീക്ഷായോഗ്യത എന്ത്;

(സി) കൊച്ചീവിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും ഇവർക്കുള്ള ശമ്പള സ്കെയിൽ ഒന്നുതന്നെയാണോ;

(ഡി) അല്ലെങ്കിൽ ആ വ്യത്യാസത്തിനുള്ള കാരണങ്ങൾ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) തിരുവിതാംകൂർ വിഭാഗം.

ഹൈസ്കൂളുകളിൽ	൫൮.
മിഡിൽസ്കൂളുകളിൽ	൬൩.
പ്രൈമറിസ്കൂളുകളിൽ	൨൮൪.

കൊച്ചീവിഭാഗം.

ഹൈസ്കൂളുകളിൽ	൧.
മിഡിൽ സ്കൂളുകളിൽ	൫.
പ്രൈമറിസ്കൂളുകളിൽ	൪൮.

(ബി) പ്രൈമറി സ്കൂളുകളിൽ അറബി ലോവർ പരീക്ഷ. മിഡിൽ സ്കൂളിലേയ്ക്കും, ഹൈസ്കൂളിലേയ്ക്കും അറബി ഹയർ പരീക്ഷ.

(സി) അല്ല.

(ഡി) രണ്ടു സ്ഥലത്തേയും ശമ്പള സ്കെയിലുകൾ ഏകീകരിക്കാത്തതുകൊണ്ട്.

പരീക്ഷാമാർക്കുകൾ ടാബുലേററു ചെയ്യുന്നതിലുള്ള പിശക്.

*൪൪൪. [൧൧] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

൫൯൬൫-൬൨-ലെ ഇ. എസ്സ്. എൽ. സി. പരീക്ഷയിലെ മാർക്കുകൾ ടാബുലേററു ചെയ്യുന്നതിന് ഗൗരവതരമായ പിശകുകൾ സംഭവിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഇല്ല.

യൂണിയൻ ജാക്ക്.

* ൪൪൭. [൧൬] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലിസബെത്തു രാജ്ഞിയുടെ ജന്മദിനം പ്രമാണിച്ചു ഗവൺമെൻറു കെട്ടിടങ്ങളിന്മേൽ യൂണിയൻജാക്ക് കൊടിനാട്ടുവാൻ സർക്കുലർ ഉണ്ടായിരുന്നുവോ;

(ബി) ഏതെങ്കിലും ഗവൺമെൻറാഫീസുകളിലോ കെട്ടിടങ്ങളിലോ ആ കൊടി അന്നു ഉയർത്തുകയുണ്ടായിട്ടുണ്ടോ;

(സി) തൃശ്ശിവപേരൂർ മുനിസിപ്പൽ കെട്ടിടത്തിന് മുകളിൽ അന്നേദിവസം പ്രസ്തുത കൊടി ഉയർത്തിയതു് ഗവൺമെൻറു നിർദ്ദേശപ്രകാരമാണോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഇല്ല.
(ബി) ഇല്ല.
(സി) തൃശ്ശിവപേരൂർ മുനിസിപ്പൽ കെട്ടിടത്തിനു മുകളിൽ അന്നേദിവസം പ്രസ്തുത കൊടി ഉയർത്തുകയുണ്ടായില്ല.

സംസ്കൃതപ്രൊഫസർ.

* ൪൪൮. [൧൯] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) എത്ര നാളുകൾക്ക് മുമ്പാണ് യൂണിവേഴ്സിററി കാളേജിൽ സംസ്കൃതത്തിന് ഒരു പ്രൊഫസർ ഷിപ്പിനുള്ള അനുമതി നൽകിയതു്;

(ബി) പെൻഷൻപററാൻ പോകുന്ന യൂണിവേഴ്സിററി കാളേജു സംസ്കൃതപ്രൊഫസറുടെ ഒഴിവിൽ ആ ജോലികൂടി നോക്കുന്നതിനു് ഇപ്പോൾ തന്നെ സംസ്കൃതവിദ്യാലയങ്ങളുടെ ഇൻസ്പെക്ടറും, തിരുവനന്തപുരം സംസ്കൃതഹൈസ്കൂളിൻെറ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥനുമായ സംസ്കൃതകാളേജ് പ്രിൻസിപ്പാളിനെ തന്നെ ചുമതലപ്പെടുത്തുവാൻ യൂണിവേഴ്സിററി സിൻഡിക്കേററ് ശുപാർശ ചെയ്തിരിക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ൧–൮–൧൧൧൯ മുതൽ സംസ്കൃതത്തിന് ഒരു രണ്ടാംഗ്രേഡ് പ്രൊഫസ്സറെ നിയമിക്കുന്നതിന് അനുമതി നൽകി. ൧൯൭൧ ഒക്ടോബർ മാസം പതിനഞ്ചാംതീയതി ഒരു ഒന്നാംഗ്രേഡ് പ്രൊഫസ്സർ ഷിപ്പിന് അനുമതി നൽകി.

(ബി) ഉണ്ടു്. ഈ സംഗതി ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

നെല്ലുകുത്തുന്ന മില്ലുകൾ.

* ൪൪൯. [൬൦] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

[ശ്രീ എം. സി. മാത്യു]

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഏതെങ്കിലും ഭാഗത്ത് നെല്ലുകുത്തുന്നതിന് മില്ലുകൾ ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാ സ്ഥലത്തും അതുപോലെ അനുവദിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ?

ധനകാര്യവും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) എല്ലാ സ്ഥലത്തും അതുപോലെ അനുവദിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു.

Tapioca cultivation.

✻ 448. [81] **Shri P. Chacko**: Will the Minister for Finance and Civil Supplies be pleased to state the acreage under tapioca cultivation in the State, the average cost of production per acre and the average yield per acre?

Chief Minister (**Shri A. J. John**): The acreage under tapioca cultivation in the State is about 525287 acres. The cost of cultivation varies from taluk to taluk. The average cost per acre works out to Rs. 150. The average yield per acre is 2·85 tons of raw tapioca.

Export of tapioca.

✻ 449. [83] **Shri P. Chacko**: Will the Minister for Finance and Civil Supplies be pleased to state:

(*a*) When was the ban on the export of tapioca lifted by the Government;

(*b*) How long was the order in force;

(*c*) why was the ban re-imposed?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (a) 10th April, 1952.

(*b*) Till the end of May, 1952.

(*c*)) The food position in the State generally becomes difficult during the months of Mithunam and Karkatagom and therefore Government thought it was necessary to conserve the whole stock of tapioca to meet the demands during the period.

Tapioca cultivation.

✻ 450. [84] **Shri Cheriyan J. Kappan**: Will the Minister for Finance and Civil Supplies be pleased to state the acreage under tapioca cultivation in the State, the average cost of cultivation per acre and the yield per acre.

Chief Minister (**Shri A. J. John**): The acreage under tapioca cultivation in the State is about 525287 acres. The cost of cultivation varies from taluk to taluk. The average costs per acre works out to Rs. 150. The average yield per acre is 2·85 tons of raw tapioca.

Tapioca cultivation.

✻ 451. [85] **Shri Cheriyan J. Kappan**: Will the Minister for Finance and Civil Supplies be pleased to state whether it is a fact that large areas under tapioca cultivation where the crop is ready to be harvested are remaining unharvested owing to uneconomic prices and the early onset of monsoon?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): Government are aware that at present in certain parts of the State the tapioca crop is remaining unharvested. But the reason therefor is not known.

Export of Tapioca.

✻ 452. [87] **Shri Cheriyan J. Kappan**: Will the Minister for Finance and Civil Supplies be pleased to state:

(*a*) when was the ban on export of tapioca lifted;
(*b*) how long was the order in force;
(*c*) why was the ban re-imposed?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*), (*b*) and (*c*) The member is referred to answer to question No. (83).

தேவிகுளம் தாலூகாவிற்கு ஒரு தனி முனிசிப் கோர்ட்.

✻ 453. [88] ஸ்ரீ. கணபதி:- கீழ் காணும் வினாக்களுக்கு சட்ட வகுப்பு மந்திரி அவர்கள் விடை பகர்வார்களாக,—

(எ) தேவிகுளம் தாலூகாவில் ஏராளமான கேஸ்கள் இருந்து வருவதால் அங்கு தனி முனிசிப்கோர்ட் ஏற்படுத்த சர்க்கார் ஆலோசித்திருக்கிறதா?

பி) அப்படி உத்தேசம் இருந்தால் எவ்வளவு நாட்களுக்குள் கோர்ட் ஏற்படுத்த சர்க்கார் திட்டமிட்டிருக்கிறது?

ஹோம் மந்திரி (ஸ்ரீ டி. எம். வர்கீஸ்.)

(எ) இல்லை.

(பி) எ. பிரிவின் விடையின் அடிப்படையில் இந்த கேள்விக்கு இடமே இல்லை.

പാഠപുസ്തകവില്പന.

✻ ൪൫൪. [൮൯] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപുസ്തകവില്പനയിൽ ഈ കൊല്ലം ലൈസൻസികൾ ഗൌരവമായ, ക്രമക്കേടുകൾ കാണിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ എന്തു നടപടികൾ നടത്തി?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ബി) പരാതികൾ ഉണ്ടായ സ്ഥലങ്ങളിൽ പലയിടത്തും ടെക്‌സ്റ്റ്ബുക്കു് ആഫീസർ മുന്നറിവുകൊടുക്കാതെ പരിശോധനനടത്തുകയും ക്രമക്കേടുകൾ കാണിച്ചവരുടെ മേൽ വേണ്ട നടപടികൾ നടത്തുകയും ചെയ്തിട്ടുണ്ടു്.

ഭക്ഷ്യധാന്യനിയന്ത്രണം.

✱ ൪൫൫. [൯൦] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭക്ഷ്യധാന്യകൺട്രോൾ പദ്ധതികൾ നീക്കി, ഇവിടെയും മദ്രാസിലെപ്പോലെ ന്യായവില ഷാപ്പുകൾ ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഫൈനാൻസും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഇല്ല.

Communist Party meeting.

✱ 456. [91] **Shri C. Sankar:** Will the Minister for Education be pleased to state:

(*a*) whether the communist party had applied for permission to use the compound of the S. L. B. English High School of Nagercoil for holding a meeting that was to be addressed by Com. P. Ramamoorthi of Madras in the last week of May last;

(*b*) if so whether the permission sought for was granted;

(*c*) if not why;

(*d*) whether any reply was communicated to the applicant;

(*e*) if not why?

Chief Minister (**Shri A. J. John**): (*a*) The Chief Minister received a telegram. But no letter confirming the telegram was received.

(*b*), (*c*), (*d*) & (*e*) After sometime it was reported that Shri Ramamoorthi was not coming. So the request in the telegram was not taken up for consideration.

Primary School Teachers.

✱ 457. [92] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

(*a*) whether the Government have received any representation from Primary School Teachers who have been recruited for Government service at or above the age of 40 to raise their pension-age to 60 as in the case of surrender school teachers and thrown-out teachers;

(*b*) if so, what action the Government have taken in the matter;

(*c*) what steps the Government have taken to raise the pay of primary school teachers in the Travancore area to bring it on a par with the pay of the primary school teachers in the Cochin area;

(*d*) whether it is a fact that a good many poorly paid primary and middle school teachers are now working in schools far away from their native places?

Chief Minister (**Shri A. J. John**): (*a*) Yes, from a few teachers.

(*b*) The matter is under consideration.

(*c*) The matter is engaging the earnest attention of the Government.

(*d*) May be.

UNSTARRED QUESTIONS.

Sinking of wells.

97. [1] **Shri P. S. Nataraja Pillai**: Will the Minister for Agriculture be pleased to state:

(*a*) the number of wells sunk by the department or for which bonus was given by the Department in 1951-52;

(*b*) the amount spent by the department for sinking wells in 1951-52;

(*c*) the highest and the lowest amount spent or bonus given for sinking a single well.

(*d*) the number of wells and the amount spent in each of the taluks of the Trivandrum Division?

Answer.

(*a*) 45 wells were sunk under instructions from the Agriculture Department.

(*b*) Rs. 33,621-7-9 ps.

(*c*) Rs. 600 and Rs. 52 respectively.

(*d*) Thovala	5 wells	Rs. 2,660
Kalkulam	1 ,,	Rs. 429
Agastheeswaram	2 ,,	Rs. 686.

പുത്തൻചിറ വില്ലേജ് റവന്യൂ.

൯൮. [൧] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് സംയോജനവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) പുത്തൻചിറ വില്ലേജ് റവന്യൂ സംബന്ധമായി മുകുന്ദപുരം താലൂക്കിനോടും സിവിൽ ക്രിമിനൽ സംബന്ധമായി ഇരിങ്ങാലക്കുട കോടതികളോടും യോജിപ്പിക്കണമെന്ന് റവന്യൂബോർഡിൽനിന്നും തീരുമാനം എടുത്തതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെൻറ് അതിന്മേൽ എന്തു നടപടികളാണ് എടുത്തിട്ടുള്ളത്?

ഉത്തരം.

(എ) ഇല്ല. പുത്തൻചിറപകുതി മുകുന്ദപുരം താലൂക്കിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിക്കുകയുണ്ടായി. പക്ഷെ തിരുവിതാംകൂർ-കൊച്ചി റവന്യൂനിയമങ്ങൾ ഏകീകരിച്ചശേഷം പ്രസ്തുത വിഷയം വീണ്ടും ആലോചനയ്ക്കെടുക്കാമെന്ന് നീട്ടിവയ്ക്കുകയാണ് ഉണ്ടായത്.

(ബി) ഉദിക്കുന്നില്ല.

English Schools.

99 [4] **Shri N. P. Varghese:** Will the Chief Minister be pleased to state:

(*a*) the number of Government high schools and middle schools in Trivandrum, Neyyattinkara and Muvattupuzha taluks;

(*b*) the number of private high schools and middle schools in Trivandrum, Neyyattinkara and Muvattupuzha taluks.

Answer

		Govt. High Schools.	Govt. Middle Schools.
(*a*) 1.	Trivandrum	8	8
2.	Neyyattinkara	4	12
3.	Muvattupuzha	1	12
		Private High Schools.	Private Middle Schools.
(*b*) 1.	Trivandrum	17	16
2.	Neyyattinkara	12	16
3.	Muvattupuzha	17	11

വളം ഡിപ്പോ.

൧൦൦. [൫] ശ്രീ. എം. വി. ചെറിയാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാററുപുഴ താലൂക്ക് രാമമംഗലം പകുതി പാമ്പാക്കുട ചന്തയിൽ ഒരു വളംഡിപ്പോ സ്ഥാപിച്ചുകിട്ടണമെന്ന് ഏതെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ ഒരു വളംഡിപ്പോ അനുവദിക്കുന്നതിനുവേണ്ടി എന്തു നടപടികൾ നടത്തി?

ഉത്തരം.

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.

അദ്ധ്യാപകരുടെ സ്ഥലംമാററം

* ൧൦൧. [൬] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽനിന്ന് ൧൧൨൭ മാർച്ചു മാസത്തിനുശേഷം എത്ര പ്രൈമറിസ്കൂൾ അദ്ധ്യാപകരെ മററു താലൂക്കുകളിലേക്കു സ്ഥലം മാററിയിട്ടുണ്ട്;

(ബി) അവരുടെ ഓരോരുത്തരുടേയും പേര്, സ്വന്തം താലൂക്ക്, ഇപ്പോൾ സ്ഥലംമാററപ്പെട്ടിരിക്കുന്ന താലൂക്ക് എന്നിവ ഉൾപ്പെട്ട വിശദമായ ഒരു സ്റ്റേററ്മെൻറ് നൽകുമോ?

ഉത്തരം

(എ) ൨൮.
(ബി) സ്റ്റേററ്മെൻറ് താഴെ കൊടുത്തിട്ടുണ്ട്.

2|136|V

നമ്പർ.	പേരു്.	സ്വന്തം താലൂക്കു്.	ഇപ്പോഴം സ്ഥലം മാററപ്പെട്ടിരിക്കുന്ന താലൂക്കു്.
1.	എൻ. ശങ്കരപ്പിള്ള	കൊല്ലം	കൊല്ലം
2.	പി. ററി. മേരിക്കുട്ടി	അറിയാൻപാടില്ല	പത്തനാപുരം
3.	എസ്സ്. കൊച്ചുനാണു	കരുനാഗപ്പള്ളി	കരുനാഗപ്പള്ളി
4.	കെ. നീലകണ്ഠപ്പിള്ള	ടി	കുന്നത്തൂർ
5.	കെ. മാധവൻ	ടി	ടി
6.	കെ. യൂസഫു്	ടി	ടി
7.	കെ. എൻ. ശങ്കുപ്പിള്ള	കാർത്തികപ്പള്ളി	കാർത്തികപ്പള്ളി
8.	എൽ. മീനാക്ഷിഅമ്മ	കൊല്ലം	കൊല്ലം
9.	എൽ. പൊന്നമ്മ	മാവേലിക്കര	മാവേലിക്കര
10.	എൽ. ഗോമതി	കരുനാഗപ്പള്ളി	കുന്നത്തുനാടു്
11.	എസ്സ്. ഗോപാലൻ ആചാരി	ടി	ടി
12.	ററി. കെ. കോഷിവൈദ്യൻ	ടി	ടി
13.	കെ. ജനാർദ്ദനൻനായർ	ടി	ടി
14.	എ. കുട്ടൻ	ടി	ടി
15.	എൻ. ചന്ദ്രാനനൻപിള്ള	മാവേലിക്കര	പറവൂർ
16.	കെ. കരുണാകരൻ	കരുനാഗപ്പള്ളി	ടി
17.	കെ. ചക്രപാണിവാര്യർ	ടി	ടി
18.	കെ. എൻ. കുട്ടപ്പൻ	ടി	ടി
19.	കെ. പരമേശ്വരൻപിള്ള	ടി	മൂവാററുപുഴ
20.	ആർ. മാധവൻപിള്ള	ടി	കുന്നത്തുനാടു്
21.	ജി. ശ്രീധരൻപിള്ള	ടി	ടി
22.	പി. വി. ജനാർദ്ദനൻ	ടി	ടി
23.	എൻ. മാധവൻനായർ	ടി	ടി
24.	സി. ഡി. അന്നലൂസി.	അമ്പലപ്പുഴ	അമ്പലപ്പുഴ

Cottage Industries.

102. [7] **Shri A. Samraj**: Will the Minister for Industries be pleased to state:

(*a*) what improvements to the existing Cottage Industries and what new cottage industries development have been carried out by the Cottage Industries Board in the whole of the State in general and in South Travancore in particular during the last three years;

(*b*) what measures have the Government taken to improve and give facilities to Palmyra Gur Industry, one of the major cottage industries of South Travancore?

Answer.

(*a*) The Cottage Industries Board has already framed specific schemes for the improvement of some of the important existing cottage industries in the State and for the development of new ones. These schemes are being considered by Government. A scheme has already been launched for the development of the palm gur industry and this is particularly beneficial to South Travancore.

(*b*) With a view to improve the technique of palm gur manufacture and to organise the palm gur manufacturers on co-operative basis, a Palm Gur Development Scheme was launched in March 1951. The scheme was continued during the financial year 1951-52. Under the scheme, there are 6 trained palm gur Instructors and an Organiser with head quarters at Neyyattinkara. The instructors have been posted at six important palm gur manufacturing centres in the State. They have been supplied with implements such as iron pans, gratings, etc., to demonstrate the improved methods of manufacturing palm gur. The Organiser and the Instructors organise Co-operative Societies of gur manufacturers. 31 societies have already been organised. A proposal to increase the number of Instructors, to extend financial assistance to the societies and to continue the scheme during the current financial year is being considered by Government. Government have also allowed the North Kalkulam Palm Gur Co-operative Society Ltd., No. 3173, Nagercoil to collect fuel from an area of 63 acres of State forest at concessional rate of Rs. 300 per acre for distribution to *bona fide* palm gur manufacturers.

English Middle Schools.

103. [8] **Shri K. Madhavan Unnithan**: Will the Minister for Education be pleased to state:

(*a*) is there any rule or practice to the effect that headmasters of English Middle Schools should be trained hands;

(*b*) is the present headmaster of Government Middle School at Sasthancotta a trained graduate?

Answer.

(*a*) Yes.

(*b*) A trained graduate (Sri P. C. George) has been appointed as Headmaster of the School.

കൃഷിനാശം.

൧൦൪. [൧൦] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടിക്കര ഏലായിൽ വെള്ളപ്പൊക്കംമൂലം ഈ വർഷം നെൽകൃഷിക്ക് വമ്പിച്ച നാശം സംഭവിച്ചിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഷ്ടംവന്നിട്ടുള്ള കൃഷിക്കാർക്ക് ഏതെങ്കിലും ധനസഹായം ചെയ്യാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്. ൫൫൦ ഏക്കർ സ്ഥലത്തിലെ കൃഷിക്ക് നാശം സംഭവിച്ചതായി അറിയാം.

(ബി) അതേപ്പറ്റി ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി.

൧൦൫. [൧൧] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടിനൽകുമോ:

കായംകുളത്ത് ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി ഇല്ലാത്തു നിമിത്തം കായംകുളത്തും പരിസരങ്ങളിലുമുള്ള പൊതുജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

ഉത്തരം.

ദേശവാസികളുടെ നിവേദനങ്ങൾ ഒന്നും അതേപ്പറ്റി ലഭിച്ചിട്ടില്ല. എന്നാൽ മുനിസിപ്പൽ കൌൺസിലിൽനിന്നും ലഭിച്ച ഒരു നിവേദനത്തിന്മേൽ അന്വേഷണം നടത്തിയതിൽ തൽക്കാലം കായംകുളത്ത് ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി സ്ഥാപിക്കേണ്ട ആവശ്യമില്ലെന്നു പ്രത്യക്ഷമായിട്ടുണ്ട്.

അമ്പലപ്പുഴ ഇംഗ്ലീഷ് മീഡിൽസ്കൂൾ.

൧൦൬. [൧൫] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

അമ്പലപ്പുഴ ഇംഗ്ലീഷ് മിഡിൽസ്കൂൾ (ഗവണ്മെന്റ്) ഒരു ഹൈസ്കൂൾ ആക്കി ഉയർത്തണമെന്നു നാട്ടുകാരിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം.

ലഭിച്ചിട്ടില്ല.

അളകപ്പാനഗർ പോലീസ്.

൧൦൭. [൧൬] ശ്രീ. സി. അച്ചുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പോലീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

[ശ്രീ. സി. അച്യുതമേനോൻ.]

(എ) തൃശ്ശൂർ താലൂക്ക് നന്മനിക്കര വില്ലേജ് എറവക്കാട്ട് ദേശത്ത് വടക്കേററി രാമൻമകൻ ബാലൻമുതൽ ഏഴുപേർകൂടി ചേർന്ന് അഴകപ്പനഗർ പോലീസ്സിനെപ്പററി ഒരു ആക്ഷേപഹർജി ഗവണ്മെൻറിലേക്കു സമർപ്പിക്കുകയുണ്ടായോ;

(ബി) അതിനെപ്പററി എന്തന്വേഷണം നടത്തി;

(സി) അന്വേഷണത്തിൻെറ ഫലം എന്ത്?

ഉത്തരം.

(എ) ഉണ്ട്.
(ബി & സി) അന്വേഷണത്തിൽ ഇരിക്കുന്നു.

കോട്ടയത്തുള്ള കോടതികൾ.

൧൦൮. [൧൮] ശ്രീ. എം. സി. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്തുള്ള കോടതികൾ എല്ലാം ഒരു സ്ഥലത്താക്കണമെന്ന് വല്ല നിവേദനവും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) കോടതികൾ പല സ്ഥലങ്ങളിലും ആയതുകൊണ്ട് പൊതുജനങ്ങൾ വളരെ കഷ്ടപ്പെടുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) കോട്ടയത്തെ കോടതികൾ എല്ലാം ഒരു സ്ഥലത്താക്കുന്നതിന് ഗവണ്മെൻറ് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) ഇതുകൊണ്ട് ചില്ലറ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ഗവണ്മെൻറിന് അറിയാം.

(സി) ഇതിനെക്കുറിച്ച് ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്.

School in Kallar Cardamom Estate.

109. [19] **Shri Ganapathy**: Will the Minister for Education be pleased to state:

(*a*) whether the previous Ministry had promised to open a School in Kallar Cardamom Estate in Devicolam taluk; and

(*b*) whether any action has been taken in pursuance of the promise, if not why?

Answer.

(*a*) Sanction was accorded for the opening of a Departmental Primary School at Kallar.

(*b*) Action was taken. But the school could not be started as the people of the locality were not ready to co-operate with the Department in putting up a building. They were also not prepared to provide a building free of rent, for housing the School.

Starting Primary School at Peruvilai.

110 [20] **Shri T. S. Ramaswami**: Will the Minister for Education be pleased to state:

(*a*) why delay is being caused for the starting of the Primary School at Peruvilai, Neendakarai A. pakuthi, Agastiswaram taluk, although the site for the school was acquired as far as four years back;

(*b*) is it a fact that more than three hundred children between the age of five and ten are not attending schools in this area (in the Villages of Peruvilai, Kottavilai, Pallivilai, Koiladithattu and neighbouring Villages);

(*c*) is this area within the compulsory education taluks?

Answer.

(*a*) The site has not been made available for the starting of the school after evicting the present occupants of the plot. Urgent action is being taken to evict the parties.

(*b*) The Government have no such information. The Department has made all possible suitable arrangements.

(*c*) Yes.

VOTING OF DEMANDS FOR GRANTS.

Mr. Speaker: Order. Order. The time for interpellations is over and we now proceed to the financial business.

12 Noon] I have a suggestion to place before the House. That is, the Demand for the Police Department contains several sub-heads from (a) to (e) and a large number of cut motions have been received in respect of them. Therefore, to facilitate discussion and to enable, all the members to take part in it, I suggest that four cut motions may be moved at first *viz*., cut motion No. 1 on (a), No. 10 on (b), No. 19 on the total allotment sub-head, and No. 25 on grand total. When all these four motions are before the House members will be enabled to discuss the whole Department; otherwise, when a cut motion on a particular subject is discussed the Speaker will have to restrict discussion to the subject relevant to the cut motion. My present suggestion will be found convenient to the members to carry on the discussion in a general way.

<u>ശ്രീ. ടി. വി. തോമസ്</u>: സർ, കട്ട്മോഷനിൽ ആദ്യത്തേത് മി. പി. എസ്സ്. നടരാജപിള്ളയുടെതാണ്. അതു് കഴിഞ്ഞു് പിന്നീട് ചർച്ചയ്ക്കു് എടുക്കുന്നതു് ൧൦-ാമത്തെ മോഷനാണ്. അതും മി. പി. എസ്സ്. നടരാജപിള്ളക്കുള്ളതാണ്. ഇങ്ങിനെയാണെങ്കിൽ മററു മെംബറന്മാർക്കു് എല്ലാം അവതരിപ്പിക്കാൻ ഉള്ള സമയം കിട്ടുമോ എന്ന സംശയമാണ്.

Mr. Speaker: One is in the name of Mr. Balakrishna Menon and the other is in the name of Mr. Rajagopalan Nair.

<u>ശ്രീ. ടി. വി. തോമസ്</u>: സർ, ക്ഷമിക്കണം. എനിക്കു തെററിപ്പോയി.

Mr. Speaker: I have taken into consideration all these aspects and I trust that my suggestion, if accepted by the House, will give the opposition members ample time.

Shri P. S. Nataraja Pillai: Sir, my cut motion No. 17 is for the omission of an item.

Mr. Speaker: I appreciate all those things. And, it is to facilitate discussion that I have given this suggestion. Have you got any objection to accept it?

Shri. A. Thanu Pillai: After all, I don't know what is going to happen to cut motion No. 17, but I would suggest that when there is a specific motion for an actual cut that should not be ruled out any way.

Mr. Speaker: I am making only a suggestion. If there is a specific cut that may be allowed to be moved separately. If that is going to facilitate discussion I am prepared to concede that.

Shri P. S. Nataraja Pillai: Motion No. 17 stands in my name and I may be allowed to move it under that particular head and though Motion No. 19 also stands in my name, any other member may be called upon to move his motion under that head. I may be allowed to move my specific cut motion.

Mr. Speaker: Now, I will call upon the Minister to make his motion.

Demand XV—Police—Rs. 55,39,000.

Shri T. M. Varghese: Sir, I move for a grant of Rs. 55,39,000 under Demand XV—Police.

Shri Panampillii Govinda Menon: I second it.

Shri K. Balakrishna Menon: Sir, I move:

> To reduce the allotment of Rs. 17,800 under Budget head XV—Police—for pay of officers by Re. 1.

My object in moving this motion is to impress upon the Government the necessity of expeditiously disposing of all complaints received by the Police administration. In these days of democracy, if the Inspector-General of Police and the other officers of the department are to survive they should earn the good will and confidence of the public. But the way they treat the complaints they receive against their men and officers, it would look that they care two hoots for public good will and public opinion. I shall cite, Sir, a few instances but I do not propose to take up the time of the House by dilating upon them. I will only refer to one instance which I believe is still green in your memory. I refer to the Sabarimala incident, not the incident which has taken place of late but the prior one *viz.*, the destruction of the idol. You remember, Sir, what a barrage of questions was raised in this House, but with what result? Even with Shri Kalathil in the Cabinet not an inch of progress has been made in the investigation of this case. Now, it seems to be a closed chapter. At the same time, the attitude of the Government also does not seem to be anything helpful. When there is

an appreciable volume of public opinion for holding enquiries into police excesses, Government are not able to meet that demand but take their stand on the ground of maintenance of the morale of the Police. I for one cannot understand the logic of it. If things are as reported to them, the enquiry can end in one way only; that is to the credit of the department. That will help to maintain the morale. But let me make it clear, Sir, that the maintenance of the morale of the Police is not an exclusive monopoly of the Government. We are also equally anxious for it. Our anxiety is only for the weeding out of the bad element from the Police Department. The Police should be the instrument for the protection of the people rather than be the engine of oppression.

I should also add one word on the method of enquiry. If my information is correct, two sets of enquiries are being made regarding all complaints made aganst the Police. I am told that Departmental enquiries side by side with C. I. D. enquiries were made. Now if any departmental enquiry is made, the enquiring officer happens to be the immediate superior of the offender; and the result is the report submitted by him is very often clouded and diametrically opposite to the report submitted by the C. I. D. So much so, the Inspector-General of Police happens to be between the horns of a dilemma as he could not choose between the two. What often he does is to pigeon-hole both these reports. Now I should like to put it to the Government that when we agitate here on any question of corruption, or inefficiency on the part of the police, Government should understand that we are not doing it for the purpose of playing to the gallery but to help the Government and at the same time, help the police. I would therefore suggest to Government to call for all the reports made since the last two years and look into the date of complaints, the date of final reports and the action taken on each; and if they find anything wrong take action on that. I have nothing more to add.

Shri N. Rajagopalan Nair: Sir, I move:

> "To reduce the allotment of Rs. 40,59,100 for District Executive Force by Rs. 100"

ഇതാണു് എന്റെ കട്‌മോഷൻ.

സർ, നമ്മുടെ നാട്ടിൽ നിയമസമാധാനം പാലിക്കാൻ ചുമതലപ്പെട്ട പോലീസുഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ ദയനീയമായ വിധത്തിൽ പരാജയമടഞ്ഞിരിക്കുന്നു എന്നുള്ളതിനെ കാണിക്കാൻ വേണ്ടിയാണു് ഞാൻ ഈ കട്‌മോഷൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. നാട്ടിൽ അപ്പഴപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പോലീസിൻെറ ഇടപെടലുകളിൽ അവർ നടത്തിവരുന്ന അഴിമതികൾ എന്തെല്ലാമാണെന്നു അന്വേഷിക്കുകയോ അവ മേലാലും ഉണ്ടാകാതിരിക്കത്തക്കവണ്ണം വേണ്ട നിർദ്ദേശം നൽകുകയോ ചെയ്യുന്നതിനു പകരം അവ വർദ്ധിപ്പിക്കുന്നതിനുള്ള അനുകൂല പരിതസ്ഥിതിയാണു് ഗവൺമെൻറു നൽകിക്കൊണ്ടിരിക്കുന്നതു്. നാട്ടുകാർക്കു ഉപദ്രവപ്രദമായ രീതിയിൽ പോലീസുകാരെക്കൊണ്ടു പ്രവർത്തിപ്പിക്കുന്ന സമ്പ്രദായം നടപ്പാ

[ശ്രീ. എൻ. രാജഗോപാലൻ നായർ.]

ക്കാൻ ഇതുവരെ ഇവിടെ ഉണ്ടായിട്ടുള്ള യാതൊരു ഗവണ്മെന്റിനും സാധിച്ചിട്ടില്ല. നാട്ടുകാർക്കു് ഏററവും കൂടുതൽ ഉപയോഗപ്രദമായിരിക്കേണ്ട ഒരു വകുപ്പാണു് ഇതെങ്കിലും ഏററവും കൂടുതൽ അവജ്ഞയോടുകൂടിയാണു് നാട്ടുകാർ ഈ വകുപ്പിനെ വീക്ഷിക്കുന്നതെന്നു് പ്രസ്താവിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. പോലീസു ഡിപ്പാർട്ടുമെന്റിലെ കീഴ്സിൽബന്ധികൾക്കു ജീവിക്കാൻമതിയാകുന്ന ഒരു ശമ്പളമല്ലാ കൊടുത്തുകൊണ്ടിരിക്കുന്നതു്. ഒരു സബ്ബ് ഇൻസ്പെക്ടർക്കു തന്റെ അന്തസ്സിനും അഭിമാനത്തിനും യോജിച്ച ശമ്പളം കിട്ടിയില്ലെങ്കിൽ കൈക്കൂലി വാങ്ങുന്നതിനെപ്പററി ധാരാളം പരാതികൾ നാട്ടിലുണ്ടാകും. ഒരു പോലീസുകാരന്റെ കുടുംബത്തിനും അവനും ഒരു മാതിരിയെങ്കിലും ജീവിക്കുന്നതിനുള്ള വേതനം നൽകിയില്ലെങ്കിൽ അവൻ എങ്ങിനെ കൈക്കൂലിക്കു വിധേയനാകാതിരിക്കുമെന്നു ഞാൻ ചോദിക്കുന്നു. സർ, പോലീസുകാർക്കുതന്നെ, അവരുടെ ഡിപ്പാർട്ടുമെന്റിനകത്തുള്ള അനുഭവത്തെപ്പററി നോക്കുകയാണെങ്കിൽ, പ്രാചീനകാലത്തുണ്ടായിരുന്ന അടിമകളെപ്പോലെയാണു് അവർ കഴിച്ചുകൂട്ടുന്നതു്. മേലുദ്യോഗസ്ഥന്മാരെ യജമാനൻ എന്നു വിളിക്കാത്ത ഒരു പോലീസുകാരനെയും ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കയില്ല. മാത്രമല്ല മേലുദ്യോഗസ്ഥനുവേണ്ടി എന്തെല്ലാം വീട്ടുവേലയാണു ചെയ്യേണ്ടതെന്നുള്ളതിലേക്കു ഒരു നീണ്ട പട്ടിക തന്നെയുണ്ടു്. മേലുദ്യോഗസ്ഥന്റെ വീട്ടിൽ നടക്കുന്ന വിവാഹച്ചടങ്ങുകൾ തുടങ്ങി ഇങ്ങേയററംവരെയുള്ള ജോലികളാണു ചെയ്യിപ്പിക്കുന്നതു്. ചിലപ്പോൾ മനുഷ്യത്വത്തിനു ഒട്ടും യോജിക്കാത്ത നികൃഷ്ട പ്രവൃത്തികൾക്കുകൂടി ഇവരെ വിധേയരാക്കുന്നു എന്നു പറഞ്ഞാൽ നിങ്ങൾക്കെല്ലാവർക്കും മനസ്സിലാകുമെന്നു തോന്നുന്നു. പോലീസുകാർ മേലുദ്യോഗസ്ഥനെ കാണുമ്പോൾ തങ്ങൾ അടിമകളാണെന്നുള്ള ഒരു മനോഭാവമാണു് കാണിക്കുന്നതു്. ഇത്തരത്തിൽ ഡിപ്പാർട്ടുമെന്റിനകത്തു കഴിച്ചുകൂട്ടുന്ന പോലീസുകാർ വെളിയിലിറങ്ങി പൊതുജനങ്ങളോടു കാണിക്കുന്ന നീതികേടു് ഒരു തരത്തിലും സാധൂകരിക്കത്തക്കതല്ല. അവരുടെ അഴിമതികളും അക്രമങ്ങളും നാൾക്കുനാൾ കൂടിക്കൊണ്ടിരിക്കുന്നതാല്ലാതെ അതിനു യാതൊരു കുറവും ഉണ്ടാകുന്നതായിട്ടു ഞാൻ കാണുന്നില്ല. ഈ അഴിമതികളും അക്രമങ്ങളും നാൾക്കുനാൾ കൂടിക്കൊണ്ടിരിക്കുന്നതല്ലാതെ അതിനു യാതൊരു കുറവും ഉണ്ടാകുന്നതായിട്ടു ഞാൻ കാണുന്നില്ല. ഈ അഴിമതികളെ നിവാരണം ചെയ്യുന്നതിനു മൗലികമായ യാതൊരു വ്യവസ്ഥയും ചെയ്യാൻ ഗവണ്മെന്റു മുതിന്നില്ലെങ്കിൽ തന്നെയും ഇവരിൽനിന്നും ഉണ്ടാകുന്ന അനിഷ്ടസംഭവങ്ങളെപ്പററി നാട്ടുകാരുടെ പരാതികൾ കിട്ടുമ്പോൾ അവ ശരിയാണോ എന്നന്വേഷിക്കാനുള്ള ഒരു സന്മനോഭാവമെങ്കിലും ഉണ്ടാകേണ്ടതാണു്. പോലീസുകാരെപ്പററി ഈ അടുത്തകാലത്തുതന്നെ എത്രയോ അധികം പരാതികൾ നമ്മുടെ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടു്. ഒരു ഉദാഹരണം ഞാൻ ഈ സഭയുടെ അറിവിനുവേണ്ടി പറയാമെന്നു വിചാരിക്കുന്നു. പറവൂർ ഒരു ക്ഷേത്രത്തിൽ ഒരു ഉത്സവം നടത്തി. ആ ഉത്സവദിവസം കുറച്ചാളുകൾ അവിടെ മുച്ചീട്ടുകളി നടത്തുകയുണ്ടായി. നാട്ടുകാരുടെ ജീവനിട്ടു മുച്ചീട്ടു കളിക്കുന്ന കാൺഗ്രസ്സ് പ്രമാണികളെ അല്ല അങ്ങനെ മുച്ചീട്ടുകളി നടത്തിയവരെ പിടിച്ചു. പോലീസുകാർ ഇങ്ങനെ ചിലരെ

പിടിച്ചപ്പോഴും അതു കാണുന്നതിന് ആളുകൾ കൂടിയപ്പോഴും പോലീസുകാർ അവരെ തല്ലി. അതിൻെറ ഫലമായി ഈ പ്രാവശ്യത്തെ ഉൽസവത്തിന് ഭയന്നിട്ടാണെന്നു തോന്നുന്നു ആളുകൾ പോയില്ല. ഇരുപതു പൊലീസുകാരും രണ്ടു പ്രമാണികളും മാത്രമായിരുന്നു ഉൽസവത്തിനുണ്ടായിരുന്നതു്. അടുത്തദിവസം എന്താണു ഉൽസവത്തിനു ആളുകൾ വരാതിരുന്നതെന്നു പറഞ്ഞു അടിതുടങ്ങി. എല്ലാ സ്ഥലങ്ങളിനിന്നും ഈ മാതിരിയുള്ള എത്രയോ പരാതികൾ ലഭിക്കുന്നുണ്ടു്. എന്നാൽ ഈ പരാതികളെ പററി ഡിപ്പാർട്ടുമെൻറിൽനിന്നു അല്ലാതെ ഒരന്വേഷണം നടത്താൻ നമ്മുടെ ഗവമ്മെൻറ്മുതിർന്നിട്ടില്ല. വിതുരയിൽ ചില വ്യക്തിപരമായ വൈരാഗ്യങ്ങൾ തീക്കുന്നതിനൊ ചില കടപ്പാടുകൾ നിവ്വഹിക്കുന്നതിനൊ വേണ്ടിഅവിടത്തെ തോട്ടത്തിലെ ഒരാളെ മട്ടിക്കാൻ തയ്യാറായതായി അറിയാം. ഈവക എല്ലാ കായ്യങ്ങളെപ്പററിയും വ്യക്തമായ ഒരു ലിസ്ററു വയ്ക്കുകയാണെങ്കിൽ അതിലേക്കു വളരെ സമയം വിനിയോഗിക്കേണ്ടിവരും. അതുകൊണ്ടു അതിലേക്കു ഞാൻ കടക്കുന്നില്ല. പത്തുമലയിലുണ്ടായ സംഭവത്തെപ്പററി വളരെയധികം വാദപ്രതിവാദങ്ങൾ ഇവിടെ നടക്കുകയുണ്ടായി. പത്തുമലയിൽ എന്താണു നടന്നതു്, അതു തികച്ചും ആവശ്യമായിരുന്നോ നിയമസമാധാനം പാലിക്കുന്നതിനു ആളുകളെ വെടിവച്ചുകൊല്ലേണ്ട ആവശ്യമുണ്ടായിരുന്നോ, ഇതെല്ലാം ഓരോ ചോദ്യങ്ങളായി ഇപ്പോഴും അവശേഷിക്കുന്നുണ്ടു്. ആ വെടിവയ്പിനു നിയമസാധുത്വം ഉണ്ടോ എന്നുള്ളതും അറിയേണ്ട ഒരു പ്രശ്നമാണു്. ഇന്നാണെങ്കിൽ കേസെടുത്തിരിക്കുന്നതു് വെടിവച്ച പോലീസുകാരുടെ പേരിലല്ല, സാധുക്കളായ തൊഴിലാളികളുടെ പേരിലാണു്. കൊച്ചുകുഞ്ഞുങ്ങൾക്കു് കഞ്ഞികുടിക്കുന്നതിനു അരിവേണമെന്നു പറഞ്ഞതിനു് വെടിവച്ചതിനെപ്പററി ഒരന്വേഷണം നടത്താതിരിക്കുന്നതു പോലീസിൻെറ മൊറേൽ സംരക്ഷിക്കാനാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുന്നു. ഇതിലേക്കു മൂന്നുപേരെ കൊല്ലേണ്ടതായിരുന്നു എന്നു ഈ നാട്ടിലെ ജനങ്ങൾ ഭൂരിഭാഗവും സമ്മതിച്ചിരിക്കുന്നു എന്നു പറയാനുള്ള മനഃസ്ഥിതികൂടി ഈ ഗവമ്മെൻറിൻെറ മേധാവികൾക്കു ഉണ്ടായിട്ടുണ്ടു്. ഈ സഭയിലെ എല്ലാ വിഭാഗങ്ങളിൽനിന്നും മററു ജനസ്നേഹികളായ ആളുകളിൽനിന്നും പത്തുമലസംഭവം അനാവശ്യമായിരുന്നുവെന്നും, അതിനൊരു പരസ്യാന്വേഷണം നടത്തേണ്ടതു ആവശ്യമാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നിട്ടും അതിനെയെല്ലാം ധിക്കരിച്ചുകൊണ്ടു് അതിനു തയ്യാറാകാതിരിക്കുന്ന മന്ത്രി ജനാധിപത്യത്തെ മാനിക്കുന്നുണ്ടെങ്കിൽ, വിശേഷിച്ചും സ്വന്തംപാർട്ടിയിലെ അംഗങ്ങൾ പോലും ആവശ്യപ്പെട്ടിട്ടുള്ള ഒരു കായ്യം നടത്താൻ സാദ്ധ്യമല്ലെങ്കിൽ, മാനമായി രാജിവച്ചു ഒഴിയേണ്ടതാണെന്നാണു് എനിക്കു് പറയുവാനുള്ളതു്. അല്ലാതെ ഈ നാട്ടിലെ ജനങ്ങൾ മുഴുവൻ അതിനെ ഒപ്പുവച്ചിരിക്കുകയാണെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ വെല്ലുവിളിക്കുകയാണുചെയ്യുന്നതു്. നമുക്കു ഒരുമിച്ചുതന്നെ പത്തുമലയിലേക്കു പോകാം. അവിടുത്തെ തൊഴിലാളികൾ എന്തെങ്കിലും അക്രമം ചെയ്തതായി ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. അവിട നടന്ന വെടിവയ്പിൽ ന്യായമുണ്ടായിരുന്നുവെന്നു ഒരു മനുഷ്യനെക്കൊണ്ടെങ്കിലും പറയിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കു സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. ഈ ജനസഭയിലെ കുറെ ആളുകളെ

[ശ്രീ. എൻ. രാജഗോപാലൻനായർ.]

കൂടി തെരഞ്ഞെടുത്തുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ നമുക്ക അങ്ങോട്ടുപോകാം. നാട്ടുകാരുടെ കണ്ണീർ അവിടെ മുഴുവൻ കാണാൻ കഴിയും. എന്നിട്ടും അതിനെ നാട്ടുകാർ അംഗീകരിച്ചിരിക്കുകയാണെന്നു പറഞ്ഞാൽ അതിന്റെ പേരു ഇവിടെവച്ചു പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു കട്ട്മോഷൻ ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

Mr. Speaker : Now, I will call upon Mr. Nataraja Pillai to move his motion No. 17.

Shri P. S. Nataraja Pillai : Sir, I move to reduce the allotment of Rs. 40,59,100 for District Executive Force by Rs. 8,300.

Sir, on page 79 of the Budget there is a provision for one Circle Inspector on Rs. 175-225. An amount of Rs. 2,500 is provided for this. On page 80, under the heading, Temporary, one Sub Inspector of Police, three Head-constables and six special constables are provided for and an allotment of Rs. 5,800 is given. Both together come to Rs. 8,300. Sir, my motion is to abolish this special staff. The staff is said to be provided for to investigate the desecration of temples and other places of worship. We know that some two years ago a very sacred temple of the Hindus was desecrated. Police investigation was going on for two years continuously. We had investigation by the Travancore Police Department. This Government found that our police force was not brisk or efficient or capable of investigating that matter. Therefore, they got down a police officer of the adjoining State to investigate the matter. It was openly admitted in this House that a report was presented to Government. After consideration of that report for some time more, the Travancore Police was asked to enquire into the matter later on. It is more than a year since this happened and they have now appointed a special staff for this special purpose and put it down under the heading "Investigation into the desecration of temples and other places of worship." I know that at that time there were some instances of desecration of temples and other places of worship as well. But does this staff or this investigation serve any useful purpose. I feel no useful purpose will be served by continuing this item. During the course of answering the interpellations, it was stated that in some cases of desecration at other places and some minor temples in the State, cases were taken and prosecution launched and so on. Then, Sir, after that stray incident of that year, we have not heard so far of any further attempts at desecration of temples or other places of worship. That incident was one of the unfortunate things in a country where people of different religions were living so amicably so long. The people here are able to live with mutual regard and confidence and with amicability. But there was an isolated incident at a particular place. It is true that a major temple which was considered by the Hindu Section of the people as a place of great sanctity was desecrated. That incident gave real pain to the votaries of that religion. But

that incident has passed away. Why should we perpetuate that when our Government and the Police force have disgracefully demonstrated their incapacity to investigate that crime? Why should you perpetuate that by keeping an investigation staff and spending money out of the public treasury? For my purpose, it is a closed chapter. Let us look to the future. Let us not rankle the old wound. I assert that it was because of the callousness of the Government and the disgraceful inefficiency of the Department that they were not able to trace one of the major crimes committed in this country. Let us not go on wrangling about it. Let us not think about it. Let us forget it and banish the whole thing from our mind. Let us come to the normal life. The mere fact that a staff is provided for in the Travancore-Cochin Budget to investigate the desecration of temples and places of worship, is itself, a disgrace, according to me, Sir, to the citizens of this State. we are above religious rivalries and religious antagonism. We have lived happily for centuries in this country as votaries of different religions and as brothers of the same family. Why should we perpetuate the trouble? Let us abolish it and let the failure of the Department and the failure of the Government to trace and properly investigate that crime be a standing monument to the disgrace of that Department and the inefficiency of the then Government of this country. Therefore, I plead earnestly before this House to vote down this demand and omit this amount from the Budget, which would otherwise only make it appear that the people in this State are prone to destroy temples and places of worship. With these words, I earnestly request the hon'ble Members of this House to vote down this amount.

Mr. Speaker : Under total allotment, the first motion stands in the name of Shri E. Krishnan Nair but he is not in his seat. Dr. N. S. Pillai will move his cut motion, which comes next.

Dr. N. S. Pillai : Sir, I move to reduce the allotment of Rs. 3,22,800 for Criminal Investigation Department by Re. 1.

സർ, ഈ കട്ട്മോഷൻ അവതരിപ്പിക്കാൻ എനിക്കു വളരെ സന്തോഷമുണ്ട്. തിരുവിതാംകൂർ-കൊച്ചി എന്നു കേൾക്കുമ്പോൾ കൈക്കൂലി നടക്കുന്ന ഒരു രാജ്യമായിട്ടാണ് ആദ്യമായി ഞാൻ അതിനെ ഓർമ്മിക്കുന്നത്. അതുപോലെ തന്നെ തിരുവിതാംകൂർ-കൊച്ചിയിലെ പോലീസുഡിപ്പാർട്ടുമെൻറ് എന്നു കേൾക്കുമ്പോൾ കൈക്കൂലി പ്രബലമായി നടക്കുന്ന ഒരു ഡിപ്പാർട്ട്മെൻറായിട്ടാണ് അതെൻറ ഓർമ്മയിൽ വരുന്നത്. പോലീസുഡിപ്പാർട്ടുമെൻറിനോടു എനിക്കു യാതൊരു വിരോധമില്ല. ഒരിക്കൽ ആ ഡിപ്പാർട്ട്മെൻറ് എന്നെ കൊല്ലാതെ കൊല്ലാൻ നോക്കിയിട്ടുണ്ട്. എന്നിട്ടും ഞാൻ മരിച്ചില്ല. മാത്രമല്ല, എനിക്കു അവരോടു ഒരു വിരോധവും തോന്നിയിട്ടുമില്ല. ഈ രാജ്യത്തെ ജനങ്ങൾക്കു ഏററവും ഉപകാരപ്രദമായ ഒരു ഡിപ്പാർട്ടുമെൻറായിത്തീരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി സംസാരിക്കുന്നത്.

കഴിഞ്ഞതവണ ഞാൻ പറഞ്ഞു അവരുടെ ശമ്പളം പോരാ അവർക്കു ശമ്പളം കൂട്ടിക്കൊടുക്കണം, അവരുടെ ശമ്പളം ഒരു ആവശ്യപ്രായമെങ്കിലും

[ഡാക്ടർ എൻ. എസ്സ്. പിള്ള]

ആക്കിക്കൊടുക്കണം എന്നു്. ഇതു ഞാൻ പറയുന്നതു് അവരുടെയിടയിൽ കൈക്കൂലിയില്ലാതാകണമെന്നുള്ളതുകൊണ്ടാണു്. അവർക്കു ജീവിക്കാനുള്ള ശമ്പളം കൊടുക്കാതെ അവർക്കു ജീവിക്കുവാൻ സാദ്ധ്യമല്ല. തങ്ങൾക്കു ജീവിക്കുന്നതിനു ശമ്പളം തികയുന്നില്ല അതുകൊണ്ടു കൈക്കൂലി വാങ്ങുന്നു എന്നു പറയുന്നതു ഒരു കാരണമല്ല. ഉദ്യോഗം സ്വീകരിച്ച കാലംമുതൽ അവർ വളരെ വളരെ ആത്മാർത്ഥതയോടുകൂടി ജനങ്ങളെ സേവിക്കുവാൻ കടമപ്പെട്ടവരാണെന്നുള്ള കാര്യം അവർ മറന്നിരിക്കുകയാണു്. ഈ രാജ്യത്തെ ജനങ്ങൾക്കു വളരെ ഉപകാരപ്പെടേണ്ടവരാണു് ഈ പോലീസുകാർ. പണ്ടു് ഒരു പോലീസുകാരൻ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ടു്, സാധാരണ ജനങ്ങൾക്കു് ആപത്തു വരുമ്പോൾ അവർ ഈശ്വരാ ഈശ്വരാ എന്നു വിളിക്കുമെന്നു്. ഈശ്വരൻ കഴിഞ്ഞാൽ ജനങ്ങൾ ആപത്തു വരുമ്പോൾ വിളിക്കുന്നതു് പോലീസ്, പോലീസ് എന്നാണു്. അതുകൊണ്ടു് ഈശ്വരൻ കഴിഞ്ഞാൽ അടുത്ത അധികാരം ഈ ലോകത്തു് പോലീസിനാണെന്നും പറഞ്ഞുകേട്ടിട്ടുണ്ടു്. ഇന്നു പോലീസുകാരുണ്ടെങ്കിലെ ഈ രാജ്യം ശരിയായിട്ടു ഭരിച്ചുകൊണ്ടുപോകുവാൻ സാധിക്കു എന്നു പറയുന്നതിൽ വലിയ ന്യായമൊന്നുമില്ല.

പോലീസുകാർ പുള്ളികളെ പിടിച്ചാൽ സാധാരണയായി ലാക്കപ്പിൽ കൊണ്ടുചെന്നിട്ടു മർദ്ദിക്കുന്നു. എന്നാൽ ഒരു രാജ്യത്തെ ഒരു നിയമത്തിലും ഇങ്ങനെ പോലീസുകാർക്കു് പുള്ളികളെ ലാക്കപ്പിലിട്ടടിക്കാം എന്നു പറയുന്നതു കേട്ടിട്ടില്ല. ആരെയെങ്കിലും ഒരാളെ പിടിച്ചു പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയാൽ ആ ആളെ—

ശ്രീ. കെ. കെ. അയ്യപ്പൻ : പുള്ളികൾ എങ്ങനെയുള്ളവരാണെന്നറിയാമോ?

ഡാക്ടർ എൻ. എസ്സ്. പിള്ള : കൊള്ളക്കാരാണെങ്കിലും കൊലപാതകികളാണെങ്കിലും ശരി അവരെ അടിക്കാൻ അവകാശമുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. ബ്രിട്ടീഷ് കൊളോണിയൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥലത്തു് അവരുടെ പോലീസ് ഭരിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ എനിക്കും അവിടെ താമസിക്കുന്നതിനിടവരികയുണ്ടായി. അപ്പോൾ അവിടെ ഒരു ഡാക്ടർ എന്ന നിലയിലും ഒരു പോലീസ് ആഫീസർ എന്ന നിലയിലും ഞാൻ അവിടത്തെ സ്ഥിതിഗതികൾ നേരിട്ടു കണ്ടറിഞ്ഞിട്ടുണ്ടു്. അവിടെ ദേഹദണ്ഡനങ്ങൾ നടത്താൻ അനുവദിക്കപ്പെട്ടിരുന്നില്ല. അവിടെ ഒരു യൂറോപ്യൻ പോലീസ് ഇൻസ്പെക്ടർ അയാളുടെ കീഴിലുള്ള രണ്ടു നീഗ്രോകളുടെ സഹായത്തോടുകൂടി കൊണ്ടു് ലാക്കപ്പിൽവച്ചു് ഒരു പുള്ളിയെ തൊട്ടുപോയി. അതേപ്പററി കേസെടുക്കുകയും അദ്ദേഹത്തിനു് ഒരു വർഷത്തെ ജയിൽവാസവും അതിനുശേഷം ഇംഗ്ലണ്ടിലേക്കു് നാടുകടത്തലുമാണു് യൂറോപ്യൻജഡ്ജി ശിക്ഷ വിധിച്ചതു്.

സർ, നമ്മുടെ നാട്ടിൽ നമ്മുടെ നാട്ടുകാരായ പോലീസിനെക്കൊണ്ടു് ഭരിക്കുന്ന ഇക്കാലത്തു് ഈ നാട്ടിലെ ജനങ്ങളുടെ ആത്മരക്ഷയേയും അന്തസ്സിനേയും അവരുടെ അവകാശത്തേയും ചവിട്ടുന്നതു് ഉപേ

ക്ഷണീയമല്ല. അവരെ അടിച്ചും മററും ജയിലിൽ വച്ചു് ഉപദ്രവിക്കുന്നതു് ഈ രാജ്യത്തല്ലാതെ വേറെ എങ്ങും കാണുകയില്ല. ഞാനിതു വെറുതെ പറയുകല്ല. ജയിലിനകത്തുപോയ സുരേന്ദ്രന്റെ ജീവൻ നഷ്ടപ്പെട്ടതെങ്ങനെ? ഇതുമാതിരി ലാക്കപ്പുകളിൽ പോയി മർദ്ദനമേൾക്കുന്നവർക്കു കണക്കില്ല. ഈ പോലീസുകാർ ലാക്കപ്പിനകത്തുവച്ചു് സുരേന്ദ്രന്റെ ദേഹത്തു തൊട്ടിട്ടു എന്തു കാര്യമാണുള്ളതെന്നു ഞാൻ ചോദിക്കുന്നു? എന്നേയും ഒരിക്കൽ പോലീസുകാർ പിടിച്ചുകൊണ്ടുപോയി രണ്ടു പോലീസുകാർ എന്റെ കയ്യിലും രണ്ടു പോലീസുകാർ എന്റെ കാലിലും പിടിച്ചു പൊക്കി സിമൻറുതറയിൽ എറിഞ്ഞു എന്നെ കൊല്ലാതെ കൊന്നു. ഇതിനു ഞാൻ അവരെ കുററം പറയുകയില്ല. ഈമാതിരി അക്രമങ്ങൾ ചെയ്യാതെ അവർ മനുഷ്യത്വത്തോടുകൂടി ഈ രാജ്യത്തെ സേവിക്കണം. നിസ്സഹായരായ ജനങ്ങൾ സ്വല്പനേരത്തേക്കെങ്കിലും ഈ പോലീസുകാരുടെ കയ്യിൽ അകപ്പെടുകയാണെങ്കിൽ ആ സമയത്തു് അവർ മനുഷ്യത്വം വിട്ടു് മാടുകളെപ്പോലെ, പേപ്പട്ടികളെപ്പോലെ അവരോടു പെരുമാറുന്നു. ഇതിനു പോലീസുകാരെ മാത്രം ഞാൻ കുററപ്പെടുത്തുന്നില്ല. പണ്ടത്തെപ്പോലെയല്ല ഇന്നു് പോലീസിൽ ആളെ ചേർത്തിരിക്കുന്നതു്. ഇപ്പോൾ വിദ്യാഭ്യാസമുള്ളവരെയാണു് പോലീസിൽ ചേർത്തിരിക്കുന്നതു്. പക്ഷെ ബി. എ. ക്കാരായിരുന്നാലും സംസർഗ്ഗംകൊണ്ടു് മനുഷ്യത്വമില്ലാതായിത്തീരുന്നു. ബി. എ. ബിരുദധാരികളായവർപോലും അവർക്കു ബിരുദം കൊടുത്ത യൂണിവേഴ്സിററിയുടെ അഭിമാനം പോലും കാട്ടുന്നില്ല. അമ്മാതിരിയുള്ള പെരുമാററമാണു് അവർ തുടന്നുവരുന്നതു്. തീർച്ചയായും ഈ രീതി കാണുന്നവർക്കു് വ്യസനമുണ്ടാകുന്നതാണു്. ബി. എ. ക്കാരനായ ഒരു പോലീസുദ്യോഗസ്ഥന്റെ അടുത്തു് വേറെ ഒരു ബി. എ. ക്കാരൻ സ്റ്റേഷനകത്തു ചെല്ലുമ്പോൾ അയാളോടും മനുഷ്യത്വമില്ലാത്ത രീതിയിലുള്ള പെരുമാററമാണു് ഇന്നു നടക്കുന്നതു്. ഇതു ബി. എ. ഡിഗ്രിയുടെ അധഃപതനമോ പോലീസ് ഇൻസ്പെക്ടരുടെ അധഃപതനമോ ഏതാണു് എന്നെനിക്കു് പറയാൻ നിവൃത്തിയില്ല. ഈ ഒരു സ്ഥിതി മാറി നമ്മുടെ നാടു നന്നാകാത്തിടത്തോളം കാലം നമ്മുടെ പോലീസുകാരെപ്പററി ആർക്കും അഭിമാനമുണ്ടാകുകയില്ല. ഇങ്ങനെ അഭിമാനമില്ലാത്ത ഒരു പോലീസ് സൈന്യത്തെ ജനങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്നതെന്തിനാണു്? ബഹുമാനപ്പെട്ട മിനിസ്റ്റർ അവരുടെ നേതാവാണെങ്കിലും എനിക്കു പറയാനുള്ളതു് ഈ പോലീസുകാരും ഇവിടത്തെ പൗരന്മാരാണെന്നാണു്. ഇവരും അമ്മമാർ പ്രസവിച്ചതാണു്, അവരുടെ അമ്മമാർക്കെങ്കിലും അപമാനമുണ്ടാക്കരുതെന്നു് ഞാൻ അവരോടു് വീണ്ടും അപേക്ഷിക്കുന്നു.

ഇന്നു ലോകം മുഴുവൻ പേരു കേട്ടിട്ടുള്ള പോലീസുകാരാണു് ലണ്ടൻ പോലീസ്. അവിടത്തെ പോലീസിനു ഇത്രയും അഭിമാനം നേടാൻ സാധിക്കുമെങ്കിൽ തീർച്ചയായും ഇവിടത്തെ പോലീസുകാർക്കും അഭിമാനമുണ്ടാക്കുവാൻ സാധിക്കും. ഇന്നു് ഇവിടെയുള്ള പോലീസാണെങ്കിൽ കൈക്കൂലിയും അഴിമതിയും മററുള്ള ദുർഗ്ഗുണങ്ങളും കൊണ്ടു് വളരെ അധഃപതിച്ചിരിക്കുന്നു. ഇന്നു് ആ മാതിരിയുള്ള ഒരു പോലീസാണു് കാൺഗ്രസ്സിനു് ആവശ്യമായിട്ടുള്ളതെന്നു തോന്നുന്നു.

ഈ കഴിഞ്ഞ ഇലക്ഷൻ കാലത്തു് കാൺഗ്രസ്സ് ഗവണ്മെൻറിന്റെ പോലീസ് ഈ നാട്ടിൽ നടത്തിയ അക്രമങ്ങൾ എന്തെല്ലാമാണെന്നുള്ളതിനു് ഉദാഹരണങ്ങൾ വേണമെങ്കിൽ പറയുവാൻ സാധിക്കും.

ശ്രീ. കെ. കെ. അയ്യപ്പൻ: ഒന്നുരണ്ടുദാഹരണങ്ങൾ പറയുവാൻ ദയവുണ്ടാകുമോ?

ഡാക്ടർ എൻ. എസ്. പിള്ള: അതിനുള്ള സ്ഥലം ഇതല്ല.

ചിറയിൻകീഴ് താലൂക്കിൽ ഒരു സൈക്കിൾ ഷാപ്പുണ്ടായിരുന്നു. അയാളുടെ കടയിൽ ഒരു പോലീസുകാരൻ ഒരു സൈക്കിൾ റിപ്പയർ ചെയ്യുന്നതിനായി ഏല്പിച്ചു. സൈക്കിൾ റിപ്പയർ ചെയ്തുകഴിഞ്ഞു് പണം ആവശ്യപ്പെട്ടപ്പോൾ അതിനു പോലീസുകാരൻ പണമല്ല അയാൾക്കു കൊടുത്തതു്. അങ്ങനെ ക്രമത്തിലധികം മർദ്ദിച്ചതിനുശേഷം സൈക്കിൾ എടുത്തുകൊണ്ടുപോവുകയാണു ചെയ്തതു്. അയാൾക്കു കഷ്ടിച്ചു പതിനെട്ടുവയസ്സേ പ്രായമുള്ളു. അയാളെ പിടിച്ചടിച്ചതിനുശേഷം സൈക്കിൾ എടുത്തുകൊണ്ടുപോയി. അവന്റെ ആശുപത്രിയിലെ സ്ഥിതി ഞാൻ കൂടി കണ്ട കാഴ്ചയാണു്. അതേപ്പററി എൻക്വയറി നടത്തണമെന്നു് പല ഹർജികളും അധികാരസ്ഥാനങ്ങളിലും മന്ത്രിമാർക്കും അയയ്ക്കുകയും മീററിംഗ് കൂടുകയും ചെയ്തു. ൨൪-൧-൫൨-ൽ അതിന്റെ പ്രസിഡന്റ് എന്നുള്ള നിലയിൽ ഇവിടത്തെ മിനിസ്റ്റർക്കു് ഒരെഴുത്തയയ്ക്കുകയും അതിനു മറുപടിയായി ൧൯൫൨ ഫെബ്രുവരി ൭-ാംതീയതി എന്റെ എഴുത്തു കിട്ടിയതായി ഒരു മറുപടി കിട്ടുകയും ചെയ്തു. കൂടുതലായി അതിനെപ്പററി ഇതുവരെ ഒന്നും കേട്ടിട്ടില്ല. ഇതാണിവിടത്തെ ഭരണം. ഈ ഭരണം കണ്ടുകൊണ്ടിരിക്കുന്നതിനേക്കാൾ ഈ നാടുവിട്ടു പോകുന്നതാണു് നല്ലതു്.

Shri. E. Gopalakrishna Menon: Sir, I move "To reduce the total allotment of Rs. 83,322,00, under Demand XV by Rs 100-"

സർ, വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും രാഷ്ട്രീയപ്രബുദ്ധതയിലും എല്ലാം നമ്മുടെ ഈ സ്റ്റേററ് ഇൻഡ്യയിലെ മററു എല്ലാ സ്റ്റേററുകളേയും അപേക്ഷിച്ചു് മുന്നണിയിൽ നിൽക്കുന്നു എന്നു് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണു്. എന്നാൽ ഈവക കാര്യങ്ങളിൽ എത്രമാത്രം നമ്മുടെ സ്റ്റേററ് പ്രശസ്തിയാർജ്ജിച്ചിട്ടുണ്ടോ അത്രക്കു് മർദ്ദനത്തിന്റെ കാര്യത്തിൽ കുപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഒരു പോലീസ്സേനയാണു് ഇവിടെയുള്ളതെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ദിവാൻഭരണത്തിന്റെ കീഴിലും, ബ്രിട്ടീഷ്ഭരണത്തിൻ കീഴിലും ജനാധിപത്യപ്രസ്ഥാനത്തെയും സ്വാതന്ത്ര്യപ്രസ്ഥാനത്തേയും അടിച്ചമർത്തുന്നതിനുവേണ്ടി, ഒരു പ്രത്യേക അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതാണു് ഇവിടത്തെ പോലീസ്സേന. ദേശീയപ്രസ്ഥാനത്തിൽ പങ്കെടുത്തതിന്റെപേരിൽ ഈ ട്രഷറിബഞ്ചിലിരിക്കുന്നതിൽ പലരും ഈ പോലീസുകാരുടെ മർദ്ദനത്തിനു വിധേയരായിട്ടുള്ളവരാണു്. ൧൯൪൭ ആഗസ്ററ് പതിനഞ്ചിനുശേഷം മററു പല കാര്യങ്ങളിലുമെന്നപോലെതന്നെ ഈ രാജ്യത്തെ ജനങ്ങൾ ഈ പോലീസ്സേനയുടെ പെരുമാററത്തിലും ഒരു മാററം വരുമെന്നു വിശ്വസിച്ചിരുന്നു. എന്നാൽ എന്താണു് ഈ നാട്ടുകാർക്കു് അനുഭവപ്പെട്ടതു്. മുമ്പത്തെ, അതേ രീതിയിലുള്ള പോലീസ്ഭരണംതന്നെയാണു് ഇവിടെ പിന്നേയും തുടർന്നതു്. ഇങ്ങനെ സ്വന്തം അവകാശങ്ങൾ നേടുന്നതിനുവേണ്ടി സംഘടിതമായി സമരം നടത്തുന്ന ജനവിഭാഗങ്ങളേയും, ജനാധിപത്യശക്തികളേയും, അടിച്ചമർത്തി അക്രമത്തിന്റേയും അനീതിയുടേയുമായ ഒരു ഭരണം തുടർന്നുകൊണ്ടു

പോവുകയാണ് ചെയ്യുന്നതു്. സാമ്രാജ്യഭരണത്തിൻകീഴിൽ നടപ്പിലിരുന്ന അതേ നയംതന്നെയാണ് ഇവർ ഇപ്പോഴും തുടരുന്നതു്.

സർ, കോൺഗ്രസ്സ്ഭരണത്തിൻകീഴിൽ കഴിഞ്ഞ നാലരക്കൊല്ലക്കാലത്തിനിടയ്ക്കു ഇരു രാജ്യത്തെ ജനങ്ങൾക്ക് അനുഭവപ്പെട്ട ദുരന്തദുരിതങ്ങൾ മുഴുവൻ ഇവിടെ പ്രസ്താവിക്കുന്നതിനു് എന്റെ ഈ ചുരുങ്ങിയ സമയം കൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാൽതന്നെയും ഈ കാൺഗ്രസ്സ്സർക്കാരിന്റെ പൈശാചികവും മൃഗീയവുമായ മർദ്ദനനയം ഇന്നാട്ടിലെ ജനാധിപത്യവാദികളുടെ മുമ്പിൽ ഇന്നൊരു ചോദ്യചിഹ്നമായിട്ടു തീർന്നിരിക്കുകയാണ്. കോട്ടാത്തല സുരേന്ദ്രനും, ഇടപ്പള്ളിയിലെ കെ. യു. ദാസും പെരുമ്പാവൂരിലെ വൃദ്ധനായ മാണിയും എല്ലാം കാൺഗ്രസ്സിന്റെ അക്രമരാഹിത്യത്തിന്റെ ബലിപീഠത്തിൽ രക്തസാക്ഷികളാക്കപ്പെട്ടവരാണ്. ഈ കാൺഗ്രസ്സ്ഗവണ്മെന്റിന്റെ സംസ്കാരത്തിന്റെ മുമ്പിൽ ഉയർന്നുനിൽക്കുന്ന ചോദ്യചിഹ്നങ്ങളാണ് ഇരിഞ്ഞാലക്കുട ലാക്കപ്പിൽ കിടന്ന ബി. കെ. കുമാരനും, എറണാകുളം ലാക്കപ്പിൽ കിടന്ന ഫിലോമിന എന്ന സ്ത്രീയും. അതുപോലെതന്നെ കാൺഗ്രസ്സിന്റെ മതസംരക്ഷണത്തിന്റെനേരെ ഒരു ചോദ്യചിഹ്നമായി പേത്രുർമർദ്ദനത്തിൽ താടിപിഴുതെടുക്കപ്പെട്ട പാലയിലെ അച്ചൻ ഇന്നും നിലകൊള്ളുന്നു. കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ലാക്കപ്പുകളിൽ കിടന്നു മരണമടഞ്ഞിട്ടുള്ളവർ ഡസൻകണക്കിനാണ്. കഴിഞ്ഞ ദിവസവും ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രിതന്നെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി, ലാക്കപ്പിൽ കിടന്നു് പതിനേഴാളുകൾ മരിച്ചിട്ടുണ്ടെന്നു്. മാത്രമല്ല ലാക്കപ്പിൽ പോയതുകൊണ്ടു് ഭയങ്കര രോഗങ്ങൾക്ക് വിധേയരായിട്ടുള്ളവരുടെ എണ്ണം നൂററിക്കണക്കിനാണ്. ക്ഷയം, ശ്വാസംമുട്ടൽ, വയററുവേദന തുടങ്ങിയ ഈ ഭയങ്കര രോഗങ്ങൾക്കുള്ള പ്രധാന കാരണം ലാക്കപ്പിൽ വച്ചുള്ള മർദ്ദനമാണ്. ഇന്നു് ക്ഷയരോഗബാധിതരായ ജനങ്ങളെ പോലീസ്ലാക്കപ്പുകളിൽനിന്നും ദിവസംപ്രതി പുറത്തേക്കിറക്കിവിട്ടുകൊണ്ടിരിക്കയാണ്. ഇങ്ങനെ അത്രയും ദാരുണമായ അനുഭവങ്ങളാണ് ലാക്കപ്പുകളിൽനിന്നും രാഷ്ട്രീയതടവുകാർക്കു കിട്ടിക്കൊണ്ടിരിക്കുന്നതു്. പോലീസ്ലാക്കപ്പിലെ നരകജീവിതംകൊണ്ടു പൊറുതി മുട്ടിയ ഒരു കമ്മ്യൂണിസ്റ്റ്നേതാവായ സഖാവു ഗംഗാധരൻ ഏതാനും ദിവസങ്ങളായി ഒരു നിരാഹാരവ്രതം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനു മുമ്പു് അദ്ദേഹം ലാക്കപ്പിലെ പെരുമാററങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടു ഒരു നിരാഹാരസമരം നടത്തിയതിന്റെ ഫലമായി ചില സൗകര്യങ്ങൾ അദ്ദേഹത്തിനു അനുവദിച്ചിരുന്നതാണ്. എന്നാൽ അധികാരികൾ ഇപ്പോൾ അതു നിഷേധിച്ചതുമൂലമാണ് വീണ്ടും ഒരു സത്യാഗ്രഹസമരം നടത്തുന്നതിനു അദ്ദേഹം നിർബന്ധിതനായതു്.

സർ, ഇവിടത്തെ ലാക്കപ്പുകളിൽ നടന്നിട്ടുള്ള മർദ്ദനങ്ങളെ സംബന്ധിച്ചു ഒരു പരസ്യാന്വേഷണം നടത്തണമെന്നു എല്ലാം ജനാധിപത്യവാദികളും ആവശ്യപ്പെട്ടിട്ടുള്ളതാണ്. അങ്ങിനെ ഒരന്വേഷണം നടത്താൻ ഗവണ്മെന്റു മുതിരുകയാണെങ്കിൽ പോലീസിന്റെപേരിൽ ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള എല്ലാ ആരോപണങ്ങളും തെളിയിക്കാൻ ഞങ്ങൾ ഒരുക്കമാണ്. അങ്ങിനെ പരസ്യാന്വേഷണം നടത്തിയാൽ പോലീസിന്റെ 'മൊറാൽ' നഷ്ടപ്പെട്ടുമെന്നാണ് അധികാരിവർഗ്ഗത്തിനു

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ]

എന്നും പറയാനുള്ള മറുപടി. പച്ചമലയിൽ നടന്ന വെടിവയ്പിനെ സംബന്ധിച്ച പരസ്യാന്വേഷണം നടത്തണമെന്ന ജനകീയാവശ്യത്തെ മന്ത്രി നിഷേധിച്ചതും ഈ 'മൊറാലി'ന്റെ കാര്യം പറഞ്ഞതാണ്.

പോലീസുകാരുടെ morale നഷ്ടപ്പെടും എന്നു വിചാരിച്ച് അവർ ചെയ്തിട്ടുള്ള അക്രമങ്ങളെക്കുറിച്ച് അന്വേഷിച്ചില്ലെങ്കിൽ ജനങ്ങൾക്ക് എന്തു രക്ഷയാണ് ഉള്ളതെന്ന് ഞാൻ ചോദിക്കുന്നു. വെടിവെച്ചത് ശരിയാണെന്നു ബോദ്ധ്യം ഉണ്ടെങ്കിൽ, പരസ്യാന്വേഷണത്തിനു പോലീസുമന്ത്രി മടിക്കുന്നതു് എന്തിനാണെന്ന് ഞാൻ ചോദിക്കുന്നു. ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ രക്ഷയെപ്പറ്റി സ്വല്പമെങ്കിലും ആകാംക്ഷയുണ്ടെങ്കിൽ അവർ ഈ പരസ്യാന്വേഷണത്തിനു് മടിക്കുമായിരുന്നില്ല. ജനങ്ങളുടെയിടയിൽ സ്വാധീനശക്തിയുണ്ടെന്നും, ജനങ്ങളുടെ നേരെ എന്തു് അക്രമം പ്രവർത്തിക്കാനും തങ്ങൾക്കവകാശമുണ്ടെന്നും, അവരുടെ പുറകിലാണ് രാജ്യം എന്നും വിചാരിച്ചിരുന്ന കാൺഗ്രസ്സ് പാർട്ടി നേതാക്കന്മാർക്ക് അവരുടെ വിചാരം വെറും അബദ്ധമാണെന്ന് ജനങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വ്യക്തമാക്കി. ആലപ്പുഴ, ചേർത്തല, അന്തിക്കാട്, തൃശ്ശൂർ, കൊല്ലം, കൊടുങ്ങല്ലൂർ തുടങ്ങി എവിടെയെവിടെ ജനങ്ങളെ പൈശാചികമായ മർദ്ദനങ്ങളിൽകൂടി അമർച്ച ചെയ്യാൻ ഗവണ്മെന്റ പരിശ്രമിച്ചിട്ടുണ്ടോ അവിടെയെല്ലാം തിരഞ്ഞെടുപ്പിൽ ഭീമമായ പരാജയമാണ് അവക്കു സംഭവിച്ചതു്. അവരുടെ മർദ്ദനത്തിനു് ഒരു ചുട്ട മറുപടിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽകൂടി ജനങ്ങൾ നൽകിയതു്. ഈ വിധിയെ മാനിച്ചെങ്കിലും കാൺഗ്രസ്സുകാർ അവരുടെ തെററു തിരുത്തണമെന്നു് നാട്ടുകാർ പ്രതീക്ഷിച്ചു. ന്യൂനപക്ഷമായ കാൺഗ്രസ്സ് ജനാധിപത്യവിരുദ്ധമായ മാർഗ്ഗങ്ങളിൽകൂടി അധികാരത്തിൽ വന്നുവെങ്കിലും അവർ അവരുടെ പഴയ നില മാററിയിട്ടില്ല. ഇവർ അധികാരം ഏറെറടുത്തു ഒരു മാസം കഴിയുന്നതിനുമുമ്പാണ് പച്ചമലയിൽ വെടി പൊട്ടിയതു്. ഇതിനകം അവർ എത്രയോ കേസുകൾ അവരുടെ എതിർകക്ഷിയിൽപ്പെട്ട ആളുകളുടെപേരിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. ൪൦൦-ൽപരം കേസുകൾ ഈ ചുരുങ്ങിയ കാലത്തിനിടയ്ക്കു പൊതുപ്രവർത്തകന്മാരുടെപേരിൽ ഇടതുപക്ഷപാർട്ടികളിൽപ്പെട്ടവരുടെ പേരിൽ ഇന്നു് അവർ എടുത്തിട്ടുണ്ട് എന്നാണ് എന്റെ അറിവ്.

സർ, ഈ മർദ്ദനങ്ങൾ നടത്തുന്നതിനെല്ലാം ഇവർ ചട്ടുകങ്ങളായി ഉപയോഗിക്കുന്ന സാധാരണ പോലീസുകാരുടെ സ്ഥിതിയെ സംബന്ധിച്ചു രണ്ടു വാക്കു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ജീവിക്കാൻ മതിയായ ശമ്പളം കിട്ടുന്നില്ല; സ്വന്തം നാട്ടിൽനിന്നു അൻപതും നൂറും നാഴിക അകലെയാണ് ജോലി. പ്രൊമോഷൻ, ലീവ്, സ്ഥലംമാററം ഇവകക്കെല്ലാം ഡി. എസ്സ്. പി. ആഫീസിലെ ക്ലാർക്കന്മാർക്ക് കൈമടക്കണം, മേലുദ്യോഗസ്ഥന്മാരുടെശിക്ഷകളും ശകാരങ്ങളും സഹിക്കണം,ഇങ്ങനെത്തിൽ അവരുടെ അവശതകൾ അനവധിയാണ്. മേലുദ്യോഗസ്ഥന്മാരുടെ ശിക്ഷണനടപടികൾമൂലം പൊറുതിമുട്ടിയ കൊല്ലം റിസർവ്വുക്യാമ്പിലെ എതാനും കാൺസ്റ്റബിൾമാർ നിരാഹാരസത്യാഗ്രഹം നടത്തിയ വിവരം പത്രത്തിൽ വായിക്കുകയുണ്ടായി. തൃശ്ശൂർ റിസർവ്വുക്യാമ്പിലെ എ. എസ്സ്. പി.യെ സംബന്ധിച്ചു അവിടത്തെ കാൺസ്റ്റബിൾമാക്കു വളരെ അധികം

പരാതികളുണ്ടെന്നാണ് അറിവ്. കാൺസ്റ്റബിൾമാരുടെ അമനിററീസിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള ഫണ്ട് ഈ ഉദ്യോഗസ്ഥൻ ഇഷ്ടംപോലെ വിനിയോഗിക്കുന്നതായി ആക്ഷേപമുണ്ടായിട്ടുള്ളതാണ്. വടക്കൻകൊച്ചിക്കാരായ പോലീസുകാരെ തിരുവനന്തപുരത്തേക്കു സ്ഥലം മാററിയിട്ടുണ്ട്. ൬൦ ക. കൊണ്ട് ഈ തിരുവനന്തപുരം പട്ടണത്തിൽ ഒരു കുടുംബക്കാരൻ എങ്ങിനെ ജീവിക്കും? ഒന്നു നാട്ടിലേക്കു പോകണമെങ്കിൽ ചുരുങ്ങിയതു് ൩൦ ക.യെങ്കിലും വേണം. സർ, പോലീസുകാരുടെ ഇത്തരം അവശതകൾ പരിഹരിക്കേണ്ടതാണെന്നു ഞങ്ങൾ ശക്തിയായി വാദിക്കുന്നു. അവക്കു ജീവിക്കാൻ മതിയായ ശമ്പളം കൊടുത്തു് അവരെ സംസ്കാരമുള്ളവരാക്കി ഉയത്തുക അതേ അവസരത്തിൽ ജനങ്ങളുടെനേരെ അക്രമം പ്രവത്തിക്കുന്നവരെ യാതൊരു ദാക്ഷിണ്യവും കാണിക്കാതെ കർശനമായി ശിക്ഷിക്കുക. വില്ലേജ്തോറും പോലീസ് സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ടു നാടിന്റെ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകളയാമെന്ന വ്യാമോഹം ഉപേക്ഷിക്കുക. ഇതാണ് എനിക്കു അവസാനമായി പറയാനുള്ളതു്.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: സർ, ഞാൻ ആദ്യത്തെ മോഷനെ സപ്പോർട്ടുചെയ്തുകൊണ്ട്—

Mr. Speaker: All the motions are before the House You can speak on any of these motions.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: സർ, ഒരു രാജ്യത്തു് സുശക്തമായ ഒരു പോലീസ്സേന വേണമെന്നുള്ളതു് ഏററവും അത്യാവശ്യമായ ഒരു കാര്യംതന്നെയാണ്. ഏതൊരു പാർട്ടിയുടെ ഭരണമായിരുന്നാലുംശരി ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിലുള്ള ഒരു പോലീസുസേന ഉണ്ടായിരിക്കേണ്ടതുണ്ട്. പോലീസിന്റെ ചുമതലകൾ എന്താണെന്നു നോക്കുകയാണെങ്കിൽ ഓരോ പൗരന്റെയും ജീവനും സ്വത്തും സംരക്ഷിക്കുക എന്നുള്ളതും, നിയമവും സമാധാനവും പാലിക്കുകഎന്നുള്ളതുമാണ്. കഴിഞ്ഞ ബഡ്ജററ് വർഷത്തിൽ അതായതു് ൧൯൬൧–൬൨ലെ റിവൈസ്ഡ് എസ്റ്റിമേററിൻ്പ്രകാരമുള്ളതുക ൩൯ ലക്ഷം രൂപയായിരിക്കുമ്പോൾ നിലവിലിരിക്കുന്ന ബഡ്ജററ വഷത്തിലേക്ക് ൫൩ ലക്ഷം രൂപയാണ് പോലീസ് മന്ത്രി ആവശ്യപ്പെട്ടിട്ടുള്ളതു്. കാര്യക്ഷമമായി നടക്കുന്ന വകുപ്പുകളിലേക്ക് ആവശ്യമായ തുക അനുവദിക്കുന്നതിൽ എതിരഭിപ്രായമുണ്ടാകാനിടയില്ല. എന്നാൽ ഇവിടത്തെ പോലീസ് വകുപ്പിന്റെ പ്രവത്തനം എങ്ങനെയാണ് നടക്കുന്നതെന്നു് നാം ആലോചിച്ചുനോക്കുമ്പോൾ ഈ ൧൪ ലക്ഷം രൂപ കൂടുതൽ ആവശ്യപ്പെട്ടിരിക്കുന്നതു് എന്തിനാണെന്നു നമുക്ക് ഊഹിക്കാൻ സാധിക്കുന്നതാണ്. ഈ രാജ്യത്തു് പോലീസിന്റെ അക്രമങ്ങളെ സംബന്ധിച്ച് എത്രയോ പരാതികളാണ് ദിവസംതോറും വന്നുകൊണ്ടിരിക്കുന്നതു്. സർ, ഇവിടെ എത്രയോ ലാക്കപ്പുമരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുണ്ടായിട്ടുള്ള മരണങ്ങളിലധികവും പോലീസിന്റെ കൈയ്യേററംമൂലമാണെന്നു് ബഹുജനങ്ങൾക്ക് നല്ലവണ്ണം ബോദ്ധ്യമായിട്ടുണ്ട്. എന്നാൽ അതു സംബന്ധിച്ചു പുറപ്പെടുന്ന പ്രസ്സുനോട്ടുകളിൽ മരണത്തിനു കാരണമായി പറയുന്നതു് മഞ്ഞപിത്തമെന്നോ ഹൃദയസ്തംഭനം എന്നോ ആണ്,

[ശ്രീ. ആർ. ഗംഗാധരൻ]

സർ, ഇവിടെ എത്രയോ ലാക്കപ്പുമർദ്ദനങ്ങൾ നടത്തിയിട്ടുണ്ടു്. നടന്നുകൊണ്ടിരിക്കുന്നുമുണ്ടു്. ജനങ്ങളോടു് പോലീസുകാർ എത്രയോ അക്രമപരമായി പെരുമാറിവരുന്നു. ഇവയെക്കുറിച്ചു് അന്വേഷണം നടത്തണമെന്നു പറയുമ്പോൾ ചിലപ്പോൾ അന്വേഷണം നടത്തിയാലായി. അന്വേഷണത്തിന്റെ ഫലമൊ, അങ്ങനെയൊന്നും നടന്നില്ലായെന്നുള്ളതാണു്. ഈ മാതിരിയുള്ള അക്രമങ്ങളെ സംബന്ധിച്ചും ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാർപോലും നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. അവയെല്ലാം നിഷ്ഫലങ്ങളാകുകയാണു ചെയ്തിട്ടുള്ളതു്. ഞാൻ പോലീസിനെ കുററപ്പെടുത്തുന്നില്ല. എന്തുകൊണ്ടാണു് പോലീസുകാർ ഈ നടപടികൾ സ്വീകരിക്കുന്നതെന്നു് നാം ആലോചിക്കണം. ഇങ്ങനെയുള്ള പോലീസു് അക്രമങ്ങളുടെ ഉത്തരവാദിത്വം തികച്ചും പോലീസുമന്ത്രിക്കും, മന്ത്രിസഭക്കും ഇവിടത്തെ ഭരണകക്ഷിക്കും ആണു് ഉള്ളതു്. ഇംഗ്ലണ്ടിൽ ആണെങ്കിൽ രാത്രി വഴിതെററിപോകുന്ന സ്ത്രീകൾപോലും അവരുടെ അഭയസ്ഥാനമായി കരുതുന്നതു് അടുത്ത പോലീസ്സ്റ്റേഷനുകളെയാണു്. എന്നാൽ ഇവിടെയാണെങ്കിൽ പട്ടാപകൽപോലും മാന്യകളായ സ്ത്രീകളെ പോലീസ്സ്റ്റേഷനിലേക്കു് ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോയി മാനഭംഗം ചെയ്യുന്ന ഒരു പാരമ്പര്യമാണു് ഇവിടത്തെ പോലീസിനുള്ളതു്. എന്തുകൊണ്ടാണു് സർ, ഇങ്ങനെ സംഭവിക്കുന്നതു്? ഈ സംസ്ഥാനം വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും രാഷ്ട്രീയ പ്രബുദ്ധതയിലും ഇൻഡ്യയിലെ മററു ഏതു സംസ്ഥാനത്തെക്കാളും മുന്നിട്ടുനിൽക്കുകയാണു് ചെയ്യുന്നതു്. എന്നാൽ ഈ രാജ്യത്തു് ഇങ്ങനെയുള്ള പോലീസ്സു് അക്രമം ഉണ്ടാകുന്നതു് എന്തുകൊണ്ടാണെന്നാണു് ഞാൻ ചോദിക്കുന്നതു്. ഒരു കാര്യമാണു് അതിനു സമാധാനമായി പറയാനുള്ളതു്. ഇവിടെ ഭരണം നടത്തുന്ന കക്ഷി മററു രാഷ്ട്രീയ കക്ഷികളെ അടിച്ചമർത്തുന്നതിനും അന്യായമായി അവരുടെ പ്രവർത്തനങ്ങളെ ചെറുക്കുന്നതിനും പോലീസിനെ ഉപയോഗിക്കുന്നുവെന്നുള്ളതാണു് പരമാർത്ഥം. പോലീസിനെ അന്യായമായ കാര്യങ്ങൾക്കു് ഭരണകക്ഷിക്കു് ഉപയോഗിക്കേണ്ടിയിരിക്കുന്നതിനാൽ പോലീസിന്റെ അക്രമപ്രവൃത്തികളെ അനുകൂലിക്കാതിരിക്കാൻ അവർക്കു സാദ്ധ്യമല്ലാത്ത ഒരു പരിതസ്ഥിതിയാണു് ഇവിടെയുള്ളതു്. മററു രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തനത്തെ തടയുന്നതിനു് ഗവർമ്മെൻറു കണ്ടിരിക്കുന്ന ഒരു വഴി അവരുടെ പേരിൽ എന്തെങ്കിലും ഇല്ലാത്ത കേസുകൾ എടുക്കുക ലാക്കപ്പിൽ വച്ചു മർദ്ദിക്കുക, അവരുടെ ന്യായമായ പ്രവർത്തനങ്ങളെ ചെറുക്കുക എന്നുള്ളതാണു്. കാൺഗ്രസ്സു് ഭരണത്തിൽ വന്നതിനുശേഷം പോലീസുകാരുടെ അക്രമങ്ങൾ വളരെ വർദ്ധിച്ചാണു് വരുന്നുവെന്നുള്ളതിനു് സംശയമില്ല. എവിടെയെങ്കിലും ആരെങ്കിലും അക്രമം പ്രവർത്തിക്കുകയാണെങ്കിൽ. മററു രാഷ്ട്രീയ കക്ഷികളിലെ നേതാക്കന്മാരുടെ പേരിൽ കേസെടുക്കും. ഇവിടെ എന്റെ ഒരു സ്നേഹിതൻ പ്രസ്താവിക്കുകയുണ്ടായി പോലീസിന്റെ ശമ്പളക്കുറവാണു്, ഇതിനെല്ലാം കാരണമെന്നു്. അതിനോടു് പൂർണ്ണമായി യോജിക്കാൻ എനിക്കു് സാധിക്കുകയില്ല. അങ്ങിനെയാണെങ്കിൽ വലിയ ശമ്പളക്കാരായ ഈ മന്ത്രിമാരുടെ പേരിൽ കൈക്കൂലി, അഴിമതി, അപഹരണം മുതലായ ഗുരുതരങ്ങളായ ആരോപണങ്ങൾ ഉണ്ടാകുവാൻ കാരണമെന്തു്? ഇതിൽ നിന്നും ശമ്പളക്കുറവു

മാത്രമല്ല കാരണമെന്നു് വെളിവാകുന്നുണ്ടു്. പോലീസിനെ അന്യായമായ വിധത്തിൽ സക്കാർ ഉപയോഗിക്കുന്നതുകൊണ്ടാണു് ഈ മാതിരിയുള്ള അനിഷ്ടസംഭവങ്ങൾക്ക ഇടവരുന്നതു്. പോലീസു് മറെറന്തെങ്കിലും അക്രമം പ്രവത്തിച്ചാലും, സക്കാരിനു് അവരെ അനുകൂലിക്കേണ്ടതായി വരുന്നു.

പോലീസുമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പ്രസ്താവിച്ചു പത്തുമല സംഭവത്തെ സംബന്ധിച്ചു് ഒരു പരസ്യാന്വേഷണം നടത്തുകയാണെങ്കിൽ പോലീസിന്റെ "മൊറാൽ" നഷ്ടപ്പെട്ടുപോകുമെന്നു്. പൊതുജനങ്ങളുടെ "മൊറാൽ" നഷ്ടപ്പെടുന്നതിൽ അദ്ദേഹത്തിനു ഖേദമില്ല. പരസ്യാന്വേഷണം എന്നു പറഞ്ഞാൽ അതു് ഏററവും നിയമാനുസൃതമായ ഒരു നടപടിയാണു്. സംഭവം ഉണ്ടാകാനുള്ള പരിതഃസ്ഥിതികൾ, അതിന്റെ ന്യായാന്യായങ്ങൾ ഈ മാതിരിയുള്ള കാര്യങ്ങളെക്കുറിച്ചു് അന്വേഷിച്ചു് റിപ്പോർട്ടു തയാറാക്കുക എന്നുള്ളതാണു് പരസ്യാന്വേഷണത്തിന്റെ അത്ഥം. പത്തുമലസംഭവത്തെ സംബന്ധിച്ചു് ഒരു പരസ്യാന്വേഷണം നടത്തിയാൽ അതു് പോലീസിനു് എതിരായി വരും, അങ്ങനെ സംഭവിച്ചാൽ സക്കാരിനു് പോലീസിന്റെ എതുപ്പുണ്ടാകുകയും, മററ രാഷ്ട്രീയകക്ഷികളെ അന്യായമാഗ്ഗങ്ങളിൽ കൂടി അടിച്ചമർത്തുന്നതിനു പോലീസിനെ ഉപയോഗിക്കാൻ സാധിക്കാതെ വരികയും ചെയ്യും. തന്മൂലമാണ ഒരു പരസ്യാന്വേഷണം നടത്തിപോലീസിന്റെ "മൊറാൽ" നഷ്ടപ്പെടുത്തുവാൻ പോലീസുമന്ത്രി ഒരുമ്പെടാതിരിക്കുന്നതു്.

സർ, ഇനി പോലീസിന്റെ അക്രമങ്ങളെ വിശദീകരിക്കാൻ ഞാൻ ഉദാഹരണം പറയാം. ചെറുന്നിയൂർക്കാരൻ ഒരു സാധുഹരിജൻ വൃദ്ധനോടു് വർക്കലപോലീസു് ഇൻസ്പെക്ടർ ൨൦൦ രൂപാ കൈക്കൂലി ആവശ്യപ്പെടുകയും, കൊടുക്കാൻ കഴിവില്ലാതിരുന്ന ആ വൃദ്ധനെ പലതവണയും, ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു് അധികൃതസ്ഥാനങ്ങളിൽ പരാതിപ്പെട്ടതിൽ യാതൊരു പരിഹാരവും ഉണ്ടായില്ല. കഴിഞ്ഞനിയമസഭയിൽ പ്രസ്തുത സംഭവത്തെ സംബന്ധിച്ചു് ഞാൻ അയച്ചിരുന്ന ഒരു ചോദ്യത്തിനു് രണ്ടുപോലീസുകാരുടെ പേരിൽ ഒരു ആരോപണം ഉണ്ടായിട്ടില്ലന്നും അന്വേഷണത്തിൽ അതു് അടിസ്ഥാനരഹിതമാണെന്നു് ബോദ്ധ്യപ്പെട്ടുവെന്നുംഉള്ള ഒരു ഉത്തരമാണു് ലഭിച്ചതു്. വക്കലപോലീസു് ഇൻസ്പെക്ടരുടെ പേരിൽ വളരെയധികം പരാതികൾ ഉണ്ടായിട്ടുണ്ടു്. അതിനെക്കുറിച്ചു നിയമസഭാസാമാജികന്മാർപോലും പരാതിപ്പെട്ടിട്ടുണ്ടു് ഫലമൊന്നും ഉണ്ടായിട്ടില്ല. ഐക്യമുന്നണിക്കാരുടെ ഭാഗത്തിൽ നിന്നും വന്ന പരാതികളെ ശ്രദ്ധിക്കാതിരിക്കുക എന്നുള്ള ഒരു നയമാണു് ഇന്നത്തെ സർക്കാർ സ്വീകരിച്ചിട്ടുള്ളതു്. വക്കല ഇൻസ്പെക്ടരുടെ പേരിലുള്ള ഒരു പരാതിയെ സംബന്ധിച്ചു് ഞാനും ശ്രീ. വി. പി. നായർ എൻ. പി. യുമായി ഐ. ജി. യെ കണ്ടു സംസാരിച്ചപ്പോഴാണു് ഈ നയത്തെക്കുറിച്ചു് എനിക്കു് വ്യക്തമായി ഗ്രഹിക്കുവാൻ കഴിഞ്ഞതു്. ഇതിന്റെ അത്ഥമെന്താണു് സർ കോൺഗ്രസ്സിനു് എതിരാണെന്നു് കഴിഞ്ഞ തെരഞ്ഞെടുപ്പു മൂലം വഴിതെളിയിച്ച ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളുടെയും പരാതികളെ സക്കാർ അവഗണിക്കുന്നു എന്നല്ലേ?

[ശ്രീ. ആർ. ഗംഗാധരൻ]

സർ, പോലീസ് മന്ത്രി കുറച്ചുമുമ്പ് ഇവിടെ നൽകിയ ഒരു ചോദ്യത്തിന്റെ ഉത്തരത്തിൽ നിന്നും അദ്ദേഹത്തിന്റെ സംസ്കാരം വെളിവാകുന്നുണ്ട്. ഈ സംസ്ഥാനം വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ഇൻഡ്യയിലെ മറെറതൊരു രാജ്യത്തെയുംകാൾ മുന്നണിയിൽ നിൽക്കുകയാണ്. ഇങ്ങനെയുള്ള ഒരു സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന അംഗങ്ങളാണ് ഇവിടെ സന്നിഹിതരായിരിക്കുന്നതു്. അവരുടെ മുമ്പിൽ വച്ചാണ് പൊലീസുമന്ത്രി ഏററവും അശ്ലീലമായ ഒരു പ്രസ്താവന ചെയ്തിരിക്കുന്നതു്. ഇതു് ഈ സംസ്ഥാനത്തിലെ നിയമസഭാ ചരിത്രത്തിലെ ആദ്യത്തെ സംഭവമാണ്. ഇങ്ങനെയുള്ള ഒരു പോലീസ്മന്ത്രിയുടെ കീഴിലുള്ള പോലീസിനു എങ്ങനെ സംസ്കാരം ഉണ്ടാകുമെന്നു ചോദിക്കാൻ പ്രയാസമില്ല.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

[2 P. M.]

ശ്രീ. പി. ചാക്കോ : ഈനാട്ടിൽ നീതിയും സമാധാനവും പാലിക്കേണ്ടതായ ഒരു ഡിപ്പാർട്ട്മെൻറാണ് പോലീസ്ഡിപ്പാർട്ട്മെൻറ്. എന്നാൽ അങ്ങിനെയുള്ള നിയമസമാധാനങ്ങൾ പാലിക്കേണ്ടതായ സാധുപോലീസുകാരുടെ വിഷമതകളെപ്പററിയും നമുക്കാലോചിക്കേണ്ടതുണ്ടു്. പോലീസുഡിപ്പാർട്ടുമെൻറിലുള്ള പത്തുമല വെടിവയ്പിനെപ്പററി പരസ്യാന്വേഷണം എന്നു് ചില ബഹുമാനപ്പെട്ട മെംബറന്മാരും ഇവിടെ പ്രസ്താവിച്ചു. പോലീസുകാരെല്ലാവരും നീതിജ്ഞരാണെന്നു ഞാൻ പറയുന്നില്ല. അതേ സന്ദർഭത്തിൽ തന്നെ ഇടപ്പള്ളി, ശൂറനാട്ടു് മുതലായ സ്ഥലങ്ങളിലുണ്ടായ സംഭവങ്ങളെപ്പററി നാം ഓർക്കേണ്ടതാണ്. അതേപ്പററി പരസ്യാന്വേഷണം നടത്തണമെന്നു് ആരും പറഞ്ഞു് കേട്ടിട്ടില്ല. അപ്രകാരമുള്ള സംഭവങ്ങളിൽ നീതിസമാധാനപാലനത്തിനുവേണ്ടി പോലീസുകാർക്കു നേരിട്ടിട്ടുള്ള അപകടങ്ങൾ എത്രയാണെന്നു് പ്രത്യക്ഷത്തിൽ കാണുവാൻ കഴിഞ്ഞിട്ടുണ്ടു്. ഇന്നു നാട്ടുകാരായ സാധുക്കൾ അനുഭവിക്കുന്ന ദുരിതങ്ങൾ എത്രയോ അധികം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിനെ അമർച്ചവരുത്തേണ്ടതും പോലീസുകാരാണ്. ചില പ്രതികൂലപരിതഃസ്ഥിതികൾകൊണ്ടു ചില സന്ദർഭങ്ങളിൽ പോലീസുകാരുടെ ഇടയിൽ കൈക്കൂലിയും അഴിമതിയും വർദ്ധിച്ചിട്ടുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ അതിനുള്ള പ്രധാന കാരണത്തെപ്പററി ബഹുമാനപ്പെട്ട മെംബറന്മാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വെറും ൪൫ രൂപാ മാത്രമാണ് ഇവിടത്തെ പോലീസുകാർക്കു ശമ്പളമുള്ളതു്. അതുകൊണ്ടു ജീവിതം കഴിക്കുവാൻ നിവൃത്തിയില്ല. അവരുടെ നിത്യോപയോഗ സാധനങ്ങൾ വാങ്ങുവാൻകൂടി ഈ ൪൫ രൂപാ മതിയാകാതെ വരുമ്പോൾ അവർ കൈക്കൂലിക്കു വിധേയരാകുന്നുണ്ടെങ്കിൽ അതു് നീതീകരിക്കത്തക്കതല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. സാധുക്കളായ പോലീസുകാർക്ക് ഇതു ൪൫ രൂപാമാത്രം ശമ്പളമുള്ളപ്പോൾ വല്ലവരും കൈക്കൂലിക്കു വിധേയരായാൽതന്നെ അതു് അത്ര ഗൗരവതരമായ ഒരു അഴിമതിയാണെന്നു് പറയുന്നതു ശരിയല്ല. ഇന്നു് അവർ സ്വദേശത്തുനിന്നും വളരെ ദൂരെ

യുള്ള സ്ഥലങ്ങളിലാണ് ജോലിനോക്കുന്നതു്. ഇതു് കൈക്കൂലിയെ തടയുന്നതിനാണെന്നാണ് പറയുന്നതു്. അങ്ങനെ കൈക്കൂലികുററം ചെയ്യുന്നുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അതു കണ്ടുപിടിച്ചു് ഡിപ്പാർട്ടുമെൻറു മുഖേന ശിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടായിരിക്കേ അവരെ വിദൂരസ്ഥലങ്ങളിൽ സ്ഥലം മാററുന്നതു ശരിയല്ല.

കൂടാതെ പോലീസുകാരിൽ അധികഭാഗവും അവർ ജോലിചെയ്യുന്ന സ്ഥലങ്ങളിൽ ശരിയായ താമസസൗകര്യമില്ലാതെ വളരെ കഷ്ടപ്പെടുന്നുണ്ടു്. അവരുടെ ജീവിതസൗകര്യവും താമസസൗകര്യവും എപ്രകാരമെന്നാലോചിക്കുമ്പോൾ നാട്ടിൽ നീതിയും സമാധാനവും പരിപാലിക്കപ്പെടേണ്ടവരായ അവർ തെരുവീഥികളിൽ അനാഥരായ തെണ്ടികൾ അലഞ്ഞു നടക്കുന്നതുപോലെ, താമസിക്കുവാൻ യാതൊരു നിവൃത്തിയുമില്ലാത്തവിധം കഷ്ടപ്പെടുന്നതു് നമുക്കു് അഭിമാനമാണോ എന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടവർക്കു് ജോലിസ്ഥലത്തിനടുത്തുതന്നെ പോലീസ് ക്വാർട്ടേഴ്സ് ഉണ്ടാക്കി താമസസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണെന്നു് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. അതുപോലെ സ്റ്റേഷൻ ഇൻസ്പെക്ടറന്മാർക്കു് ൨൦ മുതൽ നൂറുവരെയും ൧൦൦ മുതൽ ൧൨൫ വരെയുമാണു് ശമ്പളം എന്നു് ഈ സഭയിൽ പ്രസ്താവിക്കുകയുണ്ടായി. കാര്യക്ഷമമായ പ്രവത്തനത്തിനു് ഇതു് വളരെ കുറവാണു്. തീരെ കുറവായ ഒരു സഞ്ചാരപ്പടിയാണു് അവർക്കുള്ളതു്. പലരും വരുമാനങ്ങളുള്ളവരല്ല. ആ സ്ഥിതിക്കു് എങ്ങിനെയാണു മാനവും സത്യവും പരിപാലിച്ചുകൊണ്ടു് അവരും മററുള്ള സാധുപോലീസുകാരും നിയമസമാധാനങ്ങൾ പരിപാലിക്കുവാൻ കഴിയുന്നതു് ? അതുകൊണ്ടു അവരുടെ ജീവിതതോതു കണക്കാക്കി ശമ്പളം കൊടുക്കേണ്ടതു് ഇന്നത്തെ അടിയന്തിരാവശ്യങ്ങളിൽ ഒന്നാണു്.

(ബെൽ)

ശ്രീ. കെ. ഭാനു: ഈ രാജ്യത്തെ ഏററവും പ്രധാനപ്പെട്ട ഡിപ്പാർട്ടുമെൻറുകളിലൊന്നാണു് പോലീസു് ഡിപ്പാർട്ടുമെൻറു്. ആ ഡിപ്പാർട്ടുമെൻറിലെ ചില കാര്യങ്ങളെപ്പററി സംസാരിക്കുവാനാണു് ഞാൻ എൻെറ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്. സാധാരണയായി പോലീസു് ഡിപ്പാർട്ടുമെൻറിനെ പലരും അവജ്ഞയോടുകൂടി വീക്ഷിക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തുണ്ടാകുന്ന പല അനിഷ്ടസംഭവങ്ങളിലും ഇടപെട്ടു് പല യാതനയും അനുഭവിച്ചു കഷ്ടപ്പെടുന്ന തൊഴിലാളികളാണു് പോലീസുകാർ. ആ സ്ഥിതിക്കു് ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് ഇത്രയധികം ആക്ഷേപങ്ങളുണ്ടാകുന്നതിൻെറ കാരണമെന്താണെന്നു മനസ്സിലാകുന്നില്ല. അവർക്കു് ജീവിതസൗകര്യങ്ങൾ കുറവായിട്ടാണിരിക്കുന്നതു്. നാട്ടുകാരുടെ സഹായസഹകരണങ്ങളും വേണ്ടവിധം അവർക്കു് കിട്ടുന്നില്ല. പോലീസുകാരുടെ പ്രവത്തനങ്ങളിൽ നാട്ടുകാരുംകൂടി സഹകരിച്ചു് പ്രവത്തിച്ചാൽ മാത്രമേ രാജ്യത്തു് ക്ഷേമമുണ്ടാകുകയുള്ളു. അടുത്തകാലത്തുണ്ടായിട്ടുള്ള പല സംഭവങ്ങളും നാം നേരിട്ടു മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്. അങ്ങനെയുള്ള പലവിധ കഷ്ടതകളും സഹിച്ചു് നിയമസമാധാനങ്ങൾ പാലിക്കുവാൻ നിർബന്ധിതരായ പോലീസുകാർക്കു് നാട്ടുകാരുടെയും ഗവണ്മെൻറിൻെറയും സഹായം പ്രത്യേകിച്ചും ആവശ്യമാണു്. സാധാരണ ജീവിതത്തോതനുസരിച്ചു് ജീവിക്കുവാൻ കഴിയുന്നവിധം അവരേയും ഗവണ്മെൻറ്

[ശ്രീ. കെ. ഭാനു]

സഹായിക്കേണ്ടതാണ്. ഈ ഒരു ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ പല പരാതികളും ഉണ്ടെന്ന് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ സംസാരിക്കുകയുണ്ടായി. ഈ സഭയുടെ സമയംതന്നെ ഈ ഡിപ്പാർട്ടുമെന്റിലെ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുവാൻ അധികമായി ഉപയോഗിക്കുന്നുണ്ട്. ഈ ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാരും കീഴുദ്യോഗസ്ഥന്മാരും നാട്ടിലെ പൗരന്മാരുംകൂടി യോജിച്ച് ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തിക്കൊണ്ടാൽ കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. യഥാർത്ഥത്തിൽ യാതനക്കാർക്കുള്ള സഹായംപോലും പോലീസുകാർക്ക് കിട്ടുന്നില്ല. അവർ പോലീസുകാരായിപ്പോയതുകൊണ്ടാണോ ഈവക സഹായങ്ങൾ അവർക്ക് നൽകാതിരിക്കുന്നതെന്നറിയുന്നില്ല. അവരും മനുഷ്യരാണ്. അവർക്കും ജീവനുണ്ട്. അതിനാൽ അവർക്കും മനുഷ്യരായി ജീവിക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും വേണ്ടപോലെ ഗവണ്മെന്റ് ചെയ്തുകൊടുക്കണം. ഇത്രമാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളു. (ബെൽ)

Shri M. William : Sir, the Police Department is the vertebra of the State. The strength of the State depends upon the strength of the Police Department which must necessarily derive its strength from the public. The Police force by their good behaviour, their good services, their impartial actions, and their sympathetic consideration of the grievances of the public must win their hearty co-operation. They must cease to be engines of oppression. They must feel that they are the servants of the public at large.

Sir, the Police Department is not run on sound lines. The morale has gone down. The antiquated methods adopted for investigation of crimes, the mode of making enquiries, the mode of prosecuting cases, the one sided way of doing things, all contributed to the deterioration of the service. Corruption has become rampant. There are different grades of corruption as there are different grades of officers. The very many checking stations established throughout the Main Road have become collection offices. The Police out-posts have become petty courts, constables trying the cases. To add to all these things, communalism in its ugliest forms have shown its head in the department. Deserving officers are not given their due promotions. They do not get any encouragement at the hands of the Inspector-General of Police. Corrupt officers and scamped attendants are unduly promoted and encouraged. I shall, if necessary quote instances of officers of sterling character and ability, officers who have won rewards after rewards for their brilliant services stand condemned by the Inspector General of Police. Sir, the injustice that is inflicted on them especially on the Tamilian officers cannot be tolerated any longer. The Anticorruption Branch which is under the control of the Inspector-General of Police has not so far reported any cases of corruption among

the Police Officers. Sir, is it not incongruous that the Anti-corruption Special Branch which is also to report about the Police Officers should be placed under the Inspector General of Police. Sir, is it not high time to bring that special section under the control of a D. S. P. who is directly responsible to the Ministry. The way in which the Anti-corruption Branch and the C. I. D. Branch are manned leads to very many suspicions. It is significant Sir, and the House may draw its own inferences that most of the officers in the above Special Sections are acting in their cadres and not permanent men. The C. I. D. Section which was not able to know beforehand the premeditated and planned attacks on the Alleppey and Edappally police stations stands condemned before the public. The entire system must be overhauled and men of character and ability should be appointed in those branches.

Sir, the Tamilian officers suffer a good deal under the present administration. Ill-paid Tamilian constables are posted in the northern parts where no Tamil schools are available. Their meagre pay is not even sufficient for one meal daily. The other Tamilian officers also are posted in the northern parts of Travancore-Cochin. Their due promotions are barred. Sir, the Tamilian officers know better the conditions prevailing in the Tamil areas, the habits of thought of the people, the land tenures and similar other things which would enable them to deal with situations in such a way as to win the support of the public. So, Sir, I request the hon. Minister for Law and Order to do at least bare justice to the Tamilian officers and save them.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സർ, കുറഞ്ഞ ഒരു സമയത്തിനിടയ്ക്ക് പോലീസിനെതിരായി ഈ സഭയ്ക്കകത്ത് ഒരു പ്രക്ഷോഭണത്തിന്റെ വേലിയേറ്റം ഉണ്ടാക്കുവാൻ വിചാരിച്ചല്ല ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നത്. അതുപോലെതന്നെ, നമ്മുടെ ഭരണകക്ഷിയിലെ അംഗങ്ങളുടെ ഹൃദയത്തിന് ഏതെങ്കിലും ഒരു പരിവർത്തനമുണ്ടാക്കുവാൻ ഇതുമൂലം സാധിക്കുമെന്നും എനിക്കു വ്യാമോഹമില്ല. എന്തെന്നാൽ, ആ ഹൃദയം സൃഷ്ടിച്ച ഈശ്വരനുപോലും അത് ഇന്ന് എവിടെയാണെന്ന് അറിയാൻ സാദ്ധ്യമല്ലാത്ത ഒരു അവസ്ഥയിൽ എത്തിയിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഈശ്വരൻ ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ വിശ്വസിക്കുന്നുണ്ടോ?

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇവിടത്തെ പോലീസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി പറയുമ്പോൾ പല സംഗതികളും പ്രസ്താവിക്കുവാനുണ്ടെങ്കിലും വാസ്തവത്തിൽ വികാരസമ്മർദ്ദംകൊണ്ട് അധികമൊന്നും സംസാരിക്കുവാൻ നിവൃത്തിയില്ലാതെയാണ് ഇരിക്കുന്നത്. സർ, ഈ രാജ്യത്തെ പോലീസിന്റെ കടുംകൈകളെപ്പറ്റി കേൾക്കാത്ത ഒരു ദിവസമോ, ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ, പരാതിയില്ലാത്തവരായി അധികം ആളുകളോ ഈ രാജ്യത്ത് ഉണ്ടാകയില്ല. അങ്ങനെ ആകപ്പാടെ ഈ രാജ്യത്ത് ഏവനും പരാതി ഉണ്ടാക്കുന്ന ഒരു സ്ഥാപന

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

മായി, ഒരു ഡിപ്പാർട്ടുമെൻറായി, ഇവിടത്തെ പോലീസ് ഡിപ്പാർട്ടുമെൻറ് നടക്കുന്നപക്ഷം അതിന്റെ ഭവിഷ്യത്തുകളെപ്പററി ഞാൻ പറയുന്നില്ല. അതിനെക്കുറിച്ച് ഓരോരുത്തരും ആലോചിക്കുകയായിരിക്കും ഉത്തമം. എങ്ങനെ പോലീസ് ഡിപ്പാർട്ടുമെൻറിനെ നിർവചിക്കാമെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. ലോകത്തിലെ എല്ലാ അധഃപതന വാസനകളുടേയും പേയെടുത്ത് ഇറങ്ങിയിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറ് എന്നാണ് അതിനെപ്പററി പറയുവാനുള്ളത് എന്നു എനിക്കു തോന്നുന്നു. പഴയ കാലത്ത്, ദിവാൻഭരണകാലത്ത്, നടന്ന ചിട്ടകൾ എല്ലാം അതേ രൂപത്തിൽതന്നെ ഇപ്പോഴും തുടരുകയാണ്. കാൺഗ്രസ്സ് ഭരണം ആരംഭിച്ചതിനുശേഷം പഴയകാലത്തു നടന്നിട്ടുള്ളതിലും ഭീകരമായ കാര്യങ്ങളാണ് അവർ തുടർന്നുവരുന്നത്. ഈ കാര്യത്തിൽ എന്തെങ്കിലും ഒരു മാററം ഈ കാൺഗ്രസ്സ് ഗവണ്മെൻറ് വരുത്തിയിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. എന്റെ കക്ഷിയിലെ പല അംഗങ്ങളും പല സംഗതികളും ഇവിടെ പറഞ്ഞു. ആ സംഗതികളെല്ലാം എവക്കും പരക്കെ അറിയാവുന്നവയാണ്. പോലീസ് ഇവിടെ എതെല്ലാം സ്ഥലത്ത് ആവശ്യമില്ലാത്ത കാര്യങ്ങളിൽ അകാരണമായി ഇടപെട്ടിട്ടുണ്ട്, ആരെയെല്ലാം മർദ്ദിച്ചിട്ടുണ്ട്, എത്ര ആളുകളെ കൊന്നിട്ടുണ്ട് എന്നുള്ളത് എവക്കും അറിവുള്ളതാണ്. ഒരു സംഗതി ഞാൻ പറയാം. പഴയകാലത്ത് കുററത്തേയും ശിക്ഷയേയും സംബന്ധിച്ച് എതെല്ലാം നിഗമനങ്ങളാണോ സാമൂഹ്യചിന്തകന്മാക്കുണ്ടായിരുന്നത്, അതിൽനിന്നും പാടേ വ്യത്യസ്തമായ ഒരു ചിന്താഗതി ഈ ഇരുപതാംനൂററാണ്ടിൽ ആവിർഭവിച്ചിട്ടുണ്ട്. അതു് എന്തൊക്കെയാണെന്നു നോക്കുവാനുള്ള സന്മനസ്സ് ഇവിടത്തെ ഗവണ്മെൻറിനില്ല. ഞാൻ പറയുകയാണ് ഈ കാൺഗ്രസ്സ് മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഈ രാജ്യത്തിന്റെ ഓരോ സ്ഥാനത്തും പല തരത്തിലുള്ള അക്രമങ്ങൾ ഇവിടത്തെ പോലീസ് ചെയ്തിട്ടുണ്ട് എന്ന്. എന്റെ സ്ഥലമായ കായങ്കുളത്ത് എന്തെല്ലാമാണ് പോലീസ് ചെയ്യുന്നത്! അതെല്ലാം പോലീസ്‌വകുപ്പു മന്ത്രിയുടെയോ, ഇൻസ്പെക്ടർ ജനറലിന്റെയോ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയോ അറിവോടുകൂടിയോ ആണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ പോലീസിന്റെ അക്രമങ്ങളേയും അഴിമതികളേയുംപററി കേട്ടാൽ അതിനെപ്പററി അന്വേഷിക്കുകയോ, പോലീസ് കുററം ചെയ്തിട്ടുണ്ടെങ്കിൽ അവരെ ശിക്ഷിക്കുകയോ ചെയ്യാതെ ഗവണ്മെൻറ്, അവരെ ആശ്ലേഷിക്കുകയാണ് ചെയ്യുന്നത്. ഇന്ന് കായങ്കുളത്ത് കൊച്ചുകുട്ടൻആശാരി എന്നൊരാളെ പോലീസ് മർദ്ദിച്ച് ആശുപത്രിയിൽ ഇട്ടിരിക്കുകയാണെന്ന് എനിക്കിപ്പോൾ അറിവുകിട്ടിയിരിക്കുന്നു. വളരെക്കാലമായി കായങ്കുളത്തു നടക്കുന്ന ഈ അക്രമങ്ങളെപ്പററി അവിടത്തെ ജനങ്ങൾ ഗവണ്മെൻറിനെ അറിയിച്ചുകൊണ്ടിരിക്കുകയാണ്. ആ പരാതികളെല്ലാം കിട്ടിയിട്ട് ഗവണ്മെൻറ് കണ്ടില്ലാ കേട്ടില്ലാ എന്ന മട്ടിൽ ഇരിക്കുകയാണ്. ഇങ്ങനെയുള്ള പോലീസിന്റെ അക്രമങ്ങളെ അടിസ്ഥാനമാക്കി പോലീസിന്റെ പേരിൽ കോടതിയിൽ കേസ്സുകൊടുക്കാമെന്നുവച്ചാൽ കോടതി സാങ്കേതികമായ തടസ്സങ്ങൾ പറഞ്ഞു് അതു് സ്വീകരിക്കാറില്ല. "അതു് സക്കാരിന്റെ കൃത്യനിർവ്വഹണത്തിനു വേണ്ടിയുള്ള സംഭവ"മായതുകൊണ്ട് ഗവണ്മെൻറിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നാണ് നിർബന്ധം. കമ്മ

നാദാപ്പുള്ളിയിൽ ഹമീദ് എന്ന ഉത്തമനായ ഒരു യുവാവ് റോഡിൽക്കൂടി നടന്നതു് വകുപ്പു തെററിയാണ് എന്നു പറഞ്ഞു് അദ്ദേഹത്തെ പോലീസ് മർദ്ദിച്ചു. ആ മർദ്ദനം നടത്തിയ പോലീസ് ഇൻസ്പെക്ടരുടെ പേരിൽ കോടതിയിൽ കേസ്സ് കൊണ്ടുചെന്നു. കോടതി, പോലീസിന്റെ ആ പ്രവൃത്തി ഗവണ്മെൻറിന്റെ കൃത്യനിർവ്വഹണ നടപടിയാണെന്നു പറഞ്ഞു തിരസ്കരിച്ചു. ഞങ്ങൾ കൊലപാതകികൾ ആണെങ്കിൽ കൊലപാതകികൾക്കുള്ള അങ്ങേഅററത്തെ ശിക്ഷതന്നെ ഞങ്ങൾക്കു തരട്ടെ. ആ ശിക്ഷ അനുഭവിക്കുന്നതിനു് ഞങ്ങൾ തയാറാണ്. കായംകുളത്തു് ഒരു സബ് ഇൻസ്പെക്ടരും സർക്കിൾ ഇൻസ്പെക്ടരും ഉണ്ടു്. അവർ നിയമത്തെ എങ്ങനെയൊക്കെ വ്യഭിചരിപ്പിക്കാമോ അങ്ങനെയൊക്കെ ചെയ്യുന്നുണ്ടു്. നിയമത്തിനെതിരായ ഒരു ഉപജാപമാണ് ഇന്നു ഗവണ്മെൻറു ചെയ്യുന്നതു്. നിയമം ഏതു് അർത്ഥത്തിൽ ഉണ്ടാക്കിയിട്ടുണ്ടോ അതേ ഉദ്ദേശത്തിൽ അതു് ആദരിക്കപ്പെടണം. ഒരു നിയമാഭാസപ്രവർത്തനത്തിനുകൂടെ ഒരു ദൃഷ്ടാന്തം ഞാൻ പറഞ്ഞുകൊള്ളട്ടെ. കായംകുളത്തു് പാവപ്പെട്ട ഒരാൾ വെളുപ്പാൻകാലത്തു് പുതുപ്പള്ളിയിലുള്ള ഒരു വീടിന്റെ മുററത്തു കൂടിപ്പോയി. അന്നു് ഏതോ കാര്യവശാൽ സ്റ്റേഷനുസമീപം കൂടിപ്പോയ അയാളുടെ കാലിൽ കെട്ടിയിരിക്കുന്നതുകണ്ടു് അവിടത്തെ സർക്കിൾ ഇൻസ്പെക്ടർ അയാളെ വിളിച്ചു് എന്താണ് കാലിൽ കെട്ടിയിരിക്കുന്നതു് എന്നു ചോദിച്ചു. പട്ടി കടിച്ചു അതുകൊണ്ടാണു കെട്ടിയിരിക്കുന്നതു് എന്നു അയാൾ പറഞ്ഞു. "എന്നാൽ താനിങ്ങു വരൂ. ആ വീട്ടുകാരന്റെ പേരിൽ ഒരു കേസെടുക്കാം" എന്നായി പോലീസുദ്യോഗസ്ഥൻ. അതെന്തിനെന്നു് ഒരാൾ ചോദിച്ചു. "ഐ. പി. സി. ൨൮൯ പ്രകാരം ഒരു കേസ്സെടുത്താൽ ഹൈക്ലാസ്സ് കേസ്സാകും." എന്നു് സഹൃദയനായ ഇൻസ്പെക്ടർ തീരുമാനിച്ചു. "പട്ടി കടിച്ചതിൽ തനിക്കു് ആക്ഷേപമില്ലെന്നും കേസ്സ് എടുക്കേണ്ട എന്നും" മററയാൾ പറഞ്ഞു. അതു സമ്മതിക്കാതെ ഐ. പി. സി. ൨൮൯ ആയി ഒരു കേസ്സ് ഇൻസ്പെക്ടർ ഫയൽ ചെയ്തു. അവസാനം ആരോ പോലീസ്സുകാർ ഇടപെട്ടു് ൨൫ രൂപായ്ക്കു് കേസ്സ് അവസാനിപ്പിച്ചു എന്നു കേട്ടു. കേസ്സ് അവസാനിപ്പിച്ചതു് അയാൾ അറിഞ്ഞും ഇല്ല.

പോലീസ്സിന്റെ അവശതകളെപ്പററി എനിക്കു ദുഃഖമുണ്ടെങ്കിലും അതൊന്നും ഇവിടെ പറഞ്ഞിട്ടു് എനിക്കു വലുതായൊന്നും സാധിക്കാനില്ല. പോലീസ് ഇവിടത്തെ നിയമം പരിപാലിക്കണം. സർ, പണ്ടു കാർലയിൻ പറഞ്ഞിട്ടുണ്ടു് "നല്ല ധനശക്തിയും അതിലേറെ ബോധക്കേടുമുണ്ടെങ്കിൽ ആർക്കുവേണമെങ്കിലും ഭരിക്കാ"മെന്നു്. അതു് ഭരണത്തിന്റെ മാനദണ്ഡമാക്കരുതെന്നു് ഞാൻ മന്ത്രിമാരെ അറിയിക്കുന്നു. അവർ നിയമത്തെ ആദരിക്കുകയാണു വേണ്ടതു്. ഞങ്ങൾ കുററംചെയ്താൽ അതിനു ശിക്ഷാനിയമത്തിലുള്ള അങ്ങേഅററത്തെ ഏതു വേണമെങ്കിലും തരണം. പക്ഷേ ഞങ്ങൾക്കും ജീവിക്കുവാനുള്ള അവകാശം വേണം. മറിച്ചാണു പോകാൻ തീരുമാനിച്ചിട്ടുള്ളതെങ്കിൽ, "കാററു വിതച്ചവരെല്ലാം കൊടുങ്കാററു കൊയ്തിട്ടുണ്ടു്" എന്നുകൂടി ഓർമ്മയിരിക്കട്ടെ. അക്രമപ്രേരണയല്ല ഇതു്. ചരിത്ര സത്യമാണു്.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், சமயமோ, மிகவும் சுருக்கம். அதற்கிடையில் நான் எவ்வளவு தூரம் இதைப்பற்றி சாங்கோபாங்கமாக எடுத்துச் சொல்லலாமென்று சந்தேகமாய் இருக்கிறது. ஸர், போலீஸைப் பொறுத்தளவிலே நிச்சயமாக இரண்டு விஷயங்களை நன்றாக அறியவேண்டும். ஸர் ஸி. பி. ராமஸ்வாமி அய்யரின் ஏதேச்சாதிகார காலத்தில் இந்த நாட்டிலுள்ள ஜனங்கள் ஜனநாயகம் வேண்டுமென்று கிளர்ச்சி செய்துகொண்டிருக்கும் சமயத்தில், எனது கட்சியின் தலைவராய் இருக்கும் ஸ்ரீமான் பட்டம் தாணு பிள்ளை அவர்களின் தலைமையின் கீழ் இந்நாட்டிலுள்ள எல்லா ஜனங்களும், நானும், நீங்களும் உட்பட எல்லோரும் இந்நாட்டிலே ஜனநாயக ஆட்சி வேண்டுமென்று ஒரு இயக்கம் ஆரம்பித்தபோது, அன்று போலீஸாருடைய அட்டூழியங்களும் அடக்குமுறைகளும் கட்டவிழ்த்து விடப்பட்டிருந்தது. நாம் எல்லோரும், நீங்கள் உட்பட அவ்வட்டூழியங்களுக்கும் அடக்குமுறைகளுக்கும் இலக்கானோம். உங்களைக் கூட அன்றைய ஏதேச்சாதிகார அரசாங்கம் நடுவீதியில் வைத்து அடித்தது என்பதை நான் இந்த சபைக்கு ஞாபகமூட்ட விரும்புகிறேன். ஜனங்களுக்கு எதிராக அந்த ஏதேச்சாதிகார அரசாங்கம் அடக்குமுறையை அவிழ்த்துவிட்டிருந்தது. அன்றைய தினம் ஒரு தனி மனிதனின் ஆட்சியை நிலை நிறுத்த, நம் நாட்டு மக்களை தங்களின் எதிரிகளாக கருதி எவ்வளவோ அக்கிரமங்கள் புரிந்திருக்கிறார்கள் இப்போலீஸ்காரர்கள். ஆனால் 1947 ஆகஸ்ட் 15-ம் தேதிக்குப் பின்னர், இந்நாட்டில் ஜனநாயக ஆட்சி வந்தது முதல் இந்நாட்டு மக்கள் எல்லோரும் அவர்களின் எஜமானர்கள் என்று அவர்கள் அறிய வேண்டும். ஆனால் நிர்பாக்கியவசால் இதுவரை அதை அவர்கள் புரிந்துகொள்ளவில்லை என்று நான் மிகவும் மனவருத்தத்துடன் தெரிவித்துக்கொள்கிறேன். 1947 ஆகஸ்ட் 15-ம் தேதிக்குப் பின்னால், திருவிதாங்கூர் முழுவதிலும் கொஞ்சம் கொஞ்சம் மாறுதல்கள் ஏற்பட்டுக் கொண்டுதான் இருக்கிறது. அதாவது, முதலாளிமார்களுக்கு மிகவும் சுகம். ஆனால் பாமர மக்களின் மீதும், ஏழைத் தொழிலாளிகளின் மீதும், பாவப்பட்ட கிருஷிக்காரர்களின் மீதும் இன்னும் போலீஸின் அட்டூழியங்கள் நடந்துகொண்டுதான் இருக்கிறது என்பதை நான் அறிவேன். நான் ஒரு பலாத்கார வாதியல்ல. இதை, முன்பு ஒரு தடவை நான் சொல்லி இருக்கிறேன். ஆனால் எந்த சட்டமாயிருந்தாலும் சரி, அது ஜனங்களுக்கு விரோதமான சட்டமாயிருந்தால் அச்சட்டத்தை அஹிம்சா முறையில் எதிர்க்கத்தான் செய்வேன். நீங்கள் அறிவீர்கள், டிரான்ஸ்போர்ட் போராட்டத்தைப்பற்றி. எல்லோரும் அறிவார்கள், அப்போராட்டத்தில் ஒரு சிறு தவறுகூட நடந்ததில்லையென்று. ஆனபோதிலும், அங்ஙனம் அப்போராட்டத்தை, ஒரு சிறு தவறு கூடச்செய்யாமல் அஹிம்சாமுறையில் திருவிதாங்கூர் முழுவதும் நடத்தியபோதிலும், எத்தனை எத்தனையோ தொழிலாளர்கள் மீது அடக்குமுறைப் பிரயோகங்கள் கையாளப்பட்டது. ஒரு தொழிலாளியை, ஸர், சங்கில் இடித்து அவன் வாயிலிருந்தும் மூக்கிலிருந்தும் ரத்தம் வரும்படிச் செய்தார்கள், இப்

போலீஸார். கிழக்கே கோட்டையின் பக்கத்தில் வைத்து ஒரு தொழிலாளியை, போதம் இல்லாமல் ஆகும்வரை நையப்புடைத்தார்கள். ஆல்வாயில் வைத்து நடந்த எப். வ. ஸி. டி. போராட்டத்தை எடுத்துக்கொண்டால் அங்கு என்ன நடந்தது. சாதாரண தொண்டர்களை, போலீஸ் ஸ்டேஷனுக்கு கொண்டுபோய் அங்குவைத்து ஐந்தாறு போலீஸ்கார் சேர்ந்து, ஒரு இடத்தில் நிறுத்தி அங்கிருந்து அடிப்பார்கள். அடிபொறுக்காமல் இந்த பக்கத்தில் வந்தால், இங்குள்ள போலீஸ்கார் இங்கிருந்து அடிப்பார்கள். இப்படியாக, போதம் இல்லாமல் ஆகும் வரை அத்தொண்டர்களை அடித்தார்கள். இந்நிலை நாகர்கோவிலிலும் ஆல்வாயிலும் மாத்திரமல்ல, திருவிதாங்கூர்—கொச்சியில் உள்ள எல்லா இடங்களிலும் இந்நிலைதான். இந்நாட்டிலுள்ள 90 லட்சம் ஜனங்களும் இவர்களது எஜமானர்களாவார்கள் என்பதை இப்போலீஸ் இலாகாவிலுள்ளவர்கள் அறிய வேண்டும். இவர்கள், இப்போலீஸ் இலாகாவிலுள்ளவர்கள் இந்நாட்டு மக்களின் சேவகர்கள் என்பதை அறிய வேண்டும். அப்படிப்பட்டதொரு மனோபக்குவம் வரவேண்டும். எனக்கு முன்னால் பேசிய எனது நண்பர்கள் சிலர் லண்டன் போலீஸைப்பற்றிச் சொன்னார்கள். லண்டன் வீதிகளில் செல்பவர்கள் அவர்களுக்கு இடம் தெரியவில்லையென்றால் பக்கத்திலிருக்கும் கான்ஸ்டேபிளிடம் கேட்டு தெரிந்துகொள்வார்களென்று. ஆனால் அதற்கு நேர்மாறாக இங்கு அப்படி யாராவது கேட்டால் அவர்களது பாக்கட்டில் உள்ள பணமும் போய் விடும், அடியும் பட வேண்டியிருக்கும். பொதுஜனங்களுடையவும் போலீஸாருடையவும் மனோபாவம் மாறவேண்டும். போலீஸ் இலாகாவானது, தங்களுக்கு சேவகம் செய்வதற்காகத்தான் இருக்கிறது என்று பொதுஜனங்கள் அறிய வேண்டும். அதுபோலவே, இந்நாட்டிலே நியமத்தையும், சமாதானத்தையும் நிலைநிறுத்துவதற்குள்ள பொது ஜனங்களின் சேவகர்கள் என்று போலீஸ்காரர்களும் அறிய வேண்டும். அப்படி வந்தாலன்றி நம் நாட்டில் ஜனநாயகம் நிச்சயமாக நடைபெற முடியாது என்று நான் எடுத்துச் சொல்ல ஆசைப்படுகிறேன். மதிப்பிற்குரிய இந்த சபையில் வந்திருக்கும் நாம் எல்லோரும் ஜனநாயகத்தை சிருஷ்டிக்கவே வந்திருக்கிறோம். அங்ஙனம், ஜனநாயகத்தை சிருஷ்டிப்பதற்கு எதிராக நிற்பது, இப்போலீஸ்காரர்களின் மனோபாவமாகும். போலீஸார் பொது ஜனங்களை தங்களது எதிரிகளாக நினைக்கிறார்கள். அங்ஙனம் போலீஸார் பொது ஜனங்களை தங்களது விரோதிகளாக நினைக்கும் மனோபாவம் அவர்களுக்கு இருக்கும் வரை, போலீஸ் இலாகாவானது, ஜனநாயகத்திற்கு உகந்ததொரு இலாகாவாக இருக்கமுடியாது. அடுத்ததாக Corruption—ஐப்பற்றி ஒன்றிரண்டு வார்த்தைகள் சொல்ல ஆசைப்படுகிறேன். போலீஸ்காரர்களுக்கு லஞ்சம் கொடுப்பதற்கு, பாவப்பட்ட தொழிலாளிகளிடமும், கிருஷிக்காரர்களிடமும் காசு கிடையாது. கையில் காசிருந்தால் அல்லவா கொடுப்பார்கள். அவ்வேழை மக்களின் மீது நாளுக்குநாள் இப்போலீஸ்காரர்களின் அடக்குமுறை அதிகரித்துகொண்டுதான் வருகிறது. ஸார், பல Corruption கேஸ்களை நான்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

நேரடியாக கண்டு பிடித்திருக்கிறேன். Corruption ஏராளமாக நடக்கிறது, இந்த Traffic டிப்பார்ட்மெண்டில். வாராவாரம் டிரான்ஸ்போர்ட் லாரிகளில் வரக்கூடியவர்கள் ஆங்காங்குள்ள போலீஸ் செக்கிங் ஸ்டேஷன்களிலுள்ள போலீஸ்காரர்களுக்கு எட்டணு கொடுக்கவில்லை என்ருல் அடுத்த மாதம் அவர்களது லைசென்ஸ் கான்ஸலாய் விடும். இதைப்பற்றி கீழதிகாரிகள் முதல் மேலதிகாரிகள் வரை எல்லோரிடமும் கூறியாய் விட்டது. இருந்தும், இன்னும் அது நடந்து கொண்டுதான் இருக்கின்றது. இத்தகைய லஞ்சம் வாங்கும் முறை நிற்கவேண்டும். ஒரு கேஸ் நேற்றைய தினம் நடந்தது. மிகவும் சந்தேகபரமான கேஸ். ஒரு பெரிய எஸ்டேட் Owner. அவருக்கு சுமார் 60 வயதாகிவிட்டது. அவர் Paralysis complaint-ஞல் படுக்கையில் இருக்கக் கூடியவர். அவரது மனைவி அவருக்கு சிகிச்சை செய்வதற்காக அவரை நெய்யூர் ஆஸ்பத்திரிக்கு கொண்டுபோனுர்கள். அவருக்கு சுமார் ஐந்தாறு லட்சம் ரூபாய்க்கு சொத்துண்டு. அம்மணிதரை அப்பெண்மணி kidnap செய்து கொண்டு போய் விட்டாள் என்று, 52 வயதுள்ள மனைவி 60 வயதுள்ள தன் புருஷனை kidnap பண்ணி, ஆஸ்பத்திரிக்குக் கொண்டு போய் விட்டார் என்று, ஐந்தாறு போலீஸ்கார் சகிதம் எ. எஸ். பி-யை அங்கு சென்று அப்பெண்மணியை அரஸ்ட் செய்வதற்காக அனுப்பப்பட்டது. இங்குள்ள போலீஸின் உபத்திரவம் பொறுக்காமல் தன் புருஷனை அழைத்துக் கொண்டு அப்பெண்மணி சென்னை ஜெனரல் ஆஸ்பத்திரிக்குச் சென்ருர்கள். இதைக் கேள்விப்பட்டு இங்கிருந்து ஸர்க்கிள் இன்ஸ்பெக்டர் சகிதம் சில போலீஸ்காரர்கள் அங்கும் சென்றிருக்கிருர்கள், அவர்களை உபத்திரவிப்பதற்கு. இதைப்பற்றி அவர்கள் அங்கிருந்து பிரதம மந்திரிக்கு எழுதியிருக்கிருர்கள். இது பற்றி அரசாங்கம் என்ன நடவடிக்கை எடுத்தது என்று கேட்க ஆசைப்படுகிறேன். மொத்தத்தில் அவர்கள் செய்த குற்றம் என்னவென்ருல், அவர்களுக்கு ஐந்தாறு லட்சம் ரூபாய்க்கு சொத்துண்டு, அவ்வளவு தான். இந்த சொத்து, அவருடைய தம்பிகள் கையிலிருக்கிறது. ஆக, இந்த கேஸை, சந்தேகத்திற்கு இடம்தரக்கூடிய விஷயமாகவிருக்கிறது. இதை சம்பந்தித்து அரசாங்கம் என்ன செய்தது என்றறிய நான் விரும்புகிறேன். அடுத்ததாக, 45-ம் 50-ம் ரூபாய் சம்பளம் வாங்கக் கூடிய ஒரு போலீஸ் ஜவானை, நாகர்கோவில்காரன் என்று வைத்துக் கொள்வோம். அவனைத் தூக்கி பரூரில் போட்டால் அவன் என்ன செய்வான். மேலும் 7-ம் 8-ம் குழந்தைகளை வைத்துக்கொண்டு அவன் இச்சம்பளத்தில் எப்படிக் கழிக்க முடியும் என்று நீங்கள் ஆலோசிக்க வேண்டும். ஆகவே அவன் பொதுஜனங்களிடம் சென்று ஐந்தணு கொடு, பத்தணு கொடு என்று கேட்காமல் என்ன செய்வான். லண்டன் போலீஸ் நல்ல முறையில் நடக்கிறது என்ருல் அவர்களுக்கு, தங்கள் தங்கள் காலில் நிற்கும்படி சம்பளம் கொடுக்கப்படுகிறது. Corruption நிறுத்தல் செய்யப்படவேண்டும். நாங்

கள், கையும் மெய்யுமாய் பிடித்துக் கொடுத்திருக்கிறோம், எத்தனையோ Corruption கேஸ்களை. அகஸ்தீஸ்வரம் தாலுகாவிலுள்ள சாதாரண துப்பு தொழிலாளிகளிடமிருந்து வருடந்தோறும் சுமார் 6000 ரூபாய் வரை அங்குள்ள அவர்களின் மேலதிகாரிகள் கொள்ளை அடித்துக் கொண்டிருந்தார்கள். அதை கையும் மெய்யுமாய் பிடித்துக் கொடுத்து அப்பணத்தை திருப்பிக் கொடுத்தது மாத்திரமல்ல, அவ்வதிகாரிகளை 400 ரூபாய் Fine ஆக கொடுக்கும்படி செய்து அப்பணத்தை அத்தொழிலாளர்களுக்கு கொடுக்கும்படியும் செய்தோம். போலீஸ் அதிகாரிகளிடம் சென்று, இன்னென்ன டிப்பார்ட்மென்டில் இன்னென்ன மாதிரி Corruptions நடக்கிறது என்று சொன்னால், இன்னொரு டிப்பார்ட்மென்டில் நாங்கள் கைவைக்கக் கூடாதென்று சொல்கிறார்கள். இப்படியிருந்தால் Corruption என் நாளுக்குநாள் வளர்ந்து கொண்டிருக்காது என்று கேட்கிறேன். ஆக நான் முடிவாகச் சொல்வதென்னவென்றால் போலீஸ்காரர்களின் சம்பளத்தைக் கூட்டுங்கள், லஞ்சத்தை ஒழியுங்கள். லஞ்சம் வளர்ந்து கொண்டே வந்தால் நமது ஜனநாயகம் மாத்திரமல்ல, இந்த நாட்டு மக்களின் நல்வாழ்வு மாத்திரமல்ல, நமது நாட்டின் எதிர்காலமும் பாதிக்கப்படுமென்று சொல்லிக் கொண்டு, எனது பேச்சை முடித்துக் கொள்கிறேன்.

ശ്രീ. എം. ഗോപാലൻനായർ: സർ, പോലീസു ഡിപ്പാർട്ടുമെൻറിൻെറ ഭരണനയത്തെപ്പററി വിമർശനം നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, പോലീസുകാരെപ്പററി മന്ത്രി ഒരു ചോദ്യത്തിനു ഉത്തരമായി രണ്ടുദിവസത്തിനു മുൻപു പറഞ്ഞതെന്തെന്നാൽ, പശുമല വെടിവെപ്പിനെപ്പററി അന്വേഷണം നടത്തുന്നതു് പോലീസു മൊറയലിനു തന്നെ വിരുദ്ധമാണെന്നാണു്. അങ്ങിനെ പോലീസു മൊറയലിനെ സംരക്ഷിക്കാൻ ഒരുങ്ങുന്ന മന്ത്രി അവരുടെ ഇപ്പോഴത്തെ നിലപാടിനെ കൂടി സംരക്ഷിക്കേണ്ട ചുമതലയുണ്ടു്. സർ, ഇന്നത്തെ പോലീസുകാരെപ്പററി പറയുകയാണെങ്കിൽ നാട്ടുകാരുമായിട്ടു ഇടപെടാൻ തക്കവണ്ണമുള്ള സംസ്കാരം തീരെ ഇല്ലെന്നുകൂടി ചിലപ്പോൾ തോന്നിപ്പോകുന്നു. പട്ടാളത്തിൽ ആളുചേർക്കുന്ന ഒരു മാനദണ്ഡമനുസരിച്ചാണു് പോലീസിലും ആളെടുക്കുന്നതു്. വണ്ണവും കിളരവും ഉണ്ടോ എന്നു് മാത്രമേ അധികൃതർ നോക്കുന്നുള്ളു. സാമുദായികഅടിസ്ഥാനത്തിലാണു് നിയമസമാധാനം പാലിക്കാനുള്ള ഇത്തരക്കാരെ പോലീസിൽ എടുക്കുന്നതു്. ഇത്തരത്തിലുള്ള ആളുകളെ പോലീസിൽ എടുത്തശേഷം, ജനങ്ങളോടു പെരുമാറാനും അവരുമായി സന്മനോഭാവത്തോടു സഹകരിക്കാനും ഉതകത്തക്ക രീതിയിലുള്ള ഒരു പരിശീലനവും ഡിപ്പാർട്ടുമെൻറിൽനിന്നും നൽകപ്പെടുന്നില്ല. തന്മൂലം ഇവരുടെ പ്രവർത്തനങ്ങൾ മിക്കവാറും നാട്ടുകാരിൽ അവജ്ഞയും അതൃപ്തിയുമാണു ഉണ്ടാക്കുന്നതു്. സർ, ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൻെറ നാനാഭാഗങ്ങളിലും വൻതരത്തിലുള്ള മോഷണങ്ങൾ ദൈനംദിനം നടന്നുകൊണ്ടിരിക്കുന്നു. വീടുകളുടെ ഓടുപോലും ഇളക്കിയാണു് അവർ അകത്തിറങ്ങി മോഷണം നടത്തുന്നതു്. ഈ പ്രവർത്തി അവിടങ്ങളിൽ ഇപ്പോൾ ഒരു സാധാരണ സംഭവമായിത്തീർന്നിരിക്കയാണു്. ജനങ്ങളുടെ ജീവനും ധനവും സംരക്ഷി

[ശ്രീ. എം. ഗോപാലൻനായർ]

ക്കപ്പെടാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയാണ് അവിടെയുള്ളതു്. സർ, കഴിഞ്ഞ നിയമസഭയിലെ ഒരംഗവും ഇപ്പോൾ തിരുവനന്തപുരത്തു താമസിക്കുന്നതുമായ ഒരു മാന്യന്റെ വക ൨൦൦൦ രൂപയോളം വിലപിടിപ്പുള്ള സാമാനങ്ങൾ മോഷ്ടാക്കൾ കൊണ്ടുപോകുകയുണ്ടായി. ഉടൻതന്നെ സ്ഥലം പോലീസ് അധികാരികളെ വിവരം അറിയിക്കയും ഹർജി കൊടുക്കുകയും മററും ചെയ്തുവെങ്കിലും ഇതുവരെ യാതൊരു പരിഹാരവും ഉണ്ടായിട്ടില്ലെന്നു് എന്നോടു അദ്ദേഹം പറയുകയുണ്ടായി. സർ, മറെറാരവസരത്തിൽ ഞാൻ ഉൾപ്പെട്ട പാർട്ടി ലീഡറുടെ പല റിക്കാർഡുകളും അടങ്ങിയ ബാഗ് മോഷണം ചെയ്തുകൊണ്ടുപോയതു് അധികാരികളെ അറിയിച്ചിട്ടും ഇതുവരെ കിട്ടിയിട്ടില്ല. സർ, എനിക്കു ഡിപ്പാർട്ടുമെൻറിനോടോ അതിലെ സിൽബന്തികളോടോ യാതൊരു വിരോധവുമില്ല. എന്നിരുന്നാലും ഈവിധ കാര്യങ്ങളിൽ അവരുടെ അനാസ്ഥയെപ്പററി പറയാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ഈ ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. പട്ടണങ്ങളിൽ താമസിക്കുന്നവരുടെ തന്നെയും സ്വത്തും ജീവനും സുരക്ഷിതമല്ലെങ്കിൽ നാട്ടിൻപുറങ്ങളിലെ കാര്യം പറയാനുമില്ല. ഈവിധത്തിലുള്ള പോലീസ്ഭരണം നിമിത്തം നാട്ടിൽ പല അഴിമതികളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പോലീസിലെ കീഴ്സിൽബന്തികളിൽ കുറേ പേർ കമ്മ്യൂണിസ്ററുകാർ ആണെന്നുള്ള പ്രസ്താവനയും എനിക്കു കേൾക്കാനിടയായി. അവരുടെ ഇത്തരത്തിലുള്ള എഫിഷ്യൻസി ചിലപ്പോൾ അതിരുകടന്നു പ്രവർത്തിക്കുന്നതായിട്ടു എനിക്കു അനുഭവപ്പെട്ടിട്ടുണ്ടു്. എന്റെ നിയോജകമണ്ഡലത്തിൽ ധാരാളം മത്സ്യത്തൊഴിലാളികളുണ്ടു്. ഈ തൊഴിലാളികൾ പിടിക്കുന്ന മത്സ്യങ്ങളെല്ലാം അവിടത്തെ ഒരു ധനികനും പ്രബലനുമായ ഒരു വ്യക്തിക്കു ഒരു കൺട്രോൾവിലയ്ക്കു കൊടുക്കണം. അതായതു അയാൾ നിശ്ചയിക്കുന്ന ഒരു വിലയ്ക്കു ഇവർ കൊടുത്തുകൊള്ളണം. അയാളുടെ അനുമതിയില്ലാതെ മററാർക്കുംതന്നെ വിൽക്കാൻ അനുവദിക്കയുമില്ല. ഈ പ്രവൃത്തി നടത്തുന്നതു് പോലീസുകാരുടെ അനുഭാവത്തോടുകൂടിയാണെന്നുള്ളതു് നാട്ടുകാരും തൊഴിലാളികളും മനസ്സിലാക്കിയതിന്റെ ഫലമായി പോലീസ്ഡിപ്പാർട്ടുമെൻറിൽ പലതവണ നിവേദനം നടത്തിയിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറിൽനിന്നും ഈ വമ്പിച്ച ധനവാനായ ഈ വ്യക്തിയുടെ പേരിൽ യാതൊരു നടപടിയും എടുത്തിട്ടില്ല. ഇതെല്ലാം കാണുമ്പോൾ പോലീസുകാർക്കു രാഷ്ട്രീയമായി ഏതെങ്കിലും പാർട്ടിയോടു വല്ല പ്രത്യേകതയും കാണുമോ എന്നു കൂടി സംശയിച്ചുപോകുന്നു.

സർ, സാധാരണക്കാരനു ഒരു വിധത്തിലും പോലീസിൽനിന്നും യാതൊരു ഗുണവും ലഭിക്കാനില്ലെന്നുള്ളതു് പല കാര്യങ്ങളിലും വ്യക്തമായിട്ടുണ്ടു്. നേരെമറിച്ചു് സ്ഥാപിതതാല്പര്യക്കാരെ സംബന്ധിച്ചിടത്തോളം പല ആനുകൂല്യങ്ങളും പോലീസുകാരിൽനിന്നും ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. പലതരത്തിലുള്ള അഴിമതികളും പോലീസിൽനിന്നും നേരിടുന്നുണ്ടെന്നുള്ളതിലേക്കു ധാരാളം പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കയാണ്. ഈ പരാതികളെപ്പററി അധികൃതർ അന്വേഷണം നടത്തുന്നില്ലെന്നു പരാതിപ്പെട്ടാൽ, സ്ഥലത്തുചെന്നു് അന്വേഷിക്കുന്നതിനായി അവർക്കു

പ്രത്യേകം വാഹനസൗകര്യങ്ങളില്ലെന്നാണ് മറുപടി പറയുന്നത്. സർ, പോലീസുകാരുടെ അനുമതിയോടും അനുഭാവത്തോടുംകൂടി അരിവില്പനക്കാർ ചന്തദിവസങ്ങളിൽ ധാരാളം അരി ചാക്കുകണക്കിനു സൈക്കിളിൽ കൊണ്ടുവന്ന് ബ്ലാക്കുമാർക്കററിൽ വിൽക്കുന്നതു ഞാൻ നേരിട്ടുകണ്ടുകൊണ്ടിരിക്കയാണ്. അതുപോലെ ടാക്സി കാറുകളിൽ പതിനഞ്ചും ഇരുപതും യാത്രക്കാരെ കയററി തിരുവനന്തപുരത്തുനിന്നും നാഗർകോവിൽ മുതലായ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നതും പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. ഇതു ഇന്നും നടന്നുകൊണ്ടുതന്നെ വരുന്നു. ഇങ്ങനെ ഓവർലോഡ് കയററുന്നതിൽക്കൂടി പോലീസുകാർ ഇടപെട്ടു പണം വാങ്ങിക്കുന്നു എന്നുകൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ.

ശ്രീ. ടി. എസ്. രാമസ്വാമി : ഇതുപോലുമില്ലെങ്കിൽ യാത്രക്കാർക്കുണ്ടാകുന്ന അസൗകര്യങ്ങളെപ്പററി മെമ്പർ ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. എം. ഗോപാലൻനായർ : യാത്രക്കാരുടെ അസൗകര്യങ്ങളെപ്പററി എനിക്കു നല്ലതുപോലെ അറിയാം. അതുകൊണ്ട്, എനിക്ക് പറയാനുള്ളത്, പോലീസിൽനിന്നും ഈവിധ അനാശാസ്യപ്രവൃത്തികൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം വേണ്ട നിർദ്ദേശങ്ങൾ കൊടുത്ത് മേലാൽ പരാതികൾക്കു ഇടനൽകാതിരിക്കാൻ ശ്രമിക്കേണ്ടതാണെന്നാണ്.

Shri Nedumangad R. Kesavan Nair : Sir, possibly there is no other department which has come up for so much criticism as the Police. For the last so many days we have been hearing allegations of every nature being made against the members of the force. The main allegation that has been levelled against them seems to be the excesses committed by the Police. It will be admitted that for maintaining peace in a country a force like the police is necessary. I believe that even in Russia there is a police force. I also believe that the hon. Members who form the opposition also would concede for a moment at least that a Police force is necessary in every State.

The next question is as to how we can reform the force. The main functions that are alloted to the force are "prevention and detection of crime" and "preservation of peace". Matters would have been well if the police have been left alone to do their duty properly especially in the prevention and detection of crimes. But there is an all-engaging subject that harasses them always. They are not allowed to preserve the peace. Some members of a particular organisation are always on the war path. They always want to disturb public tranquility by holding meetings and jathas and making offensive speeches and addresses by bringing charges against the Government, inciting the crowd and telling them that misery, famine, pestilence, in fact everything that is found bad in the world, is due to the Congress rule. Mind you, Sir, this is addressed to a pliable audience susceptible to feelings and emotions. I don't mean any disparagement to any hon. Member sitting opposite to us. But several members on the other side are responsible for this. They incite the students against educational authorities whenever something is done by them, to the dislike of the students. They approach

[Shri Nedumangad R. Kesavan Nair]

the students and misdirect them and ask them to accept such challenges by the Government. If the library fee is increased the members of this organization go and tell the students "Look here, Government have done this thing and you must accept the challenge and rise as one man against Government." Sir, this is a most unhealthy feature among the students that has come into existence. It is high time that the hon. Members opposite would realise that they are responsible people. Sir, we have all fought for freedom. You, Sir, fought for it along with us. We have always been subjected to all sorts of indignities and repressions of a very, severe nature was effected. Was there a single instance of indiscipline among us in the prisons where we were detained ? In fact, we wanted ourselves to be arrested. We subjected ourselves to the discipline which was the watch-word of our movement. Such was the thing which existed 14 years back. Persecution of the worst type we had to undergo. Sir, don't you remember those occasions ? when we participated in political agitations. Two of the local editors were manhandled and very many things of an undesirable types were done. But absolute non-violence was our watch-word and therefore we subjected ourselves to all these indignities. But look at the conditions prevailing now. Police Inspectors are murdered, police men are murdered, and police stations are burned and pillaged. The worst form of butchering is being done to them. Think of the Edappally incident, Sir. The sentry was murdered. He was found on the floor writhing and groaning with pain and with his blood impressions were made on the wall. An Inspector of Police was speared and another Inspector was brutally tacked to death. Are these small instances to be ignored ? When we find that these instances are on the increase we are tempted to ask "Is there a Government functioning here ?" Sir, what I say is when we take up the responsibility of administration we must rule and we must rule with iron hand. Now let us see what is the reason for all these cries against the Police. Sir, right under the nose of the Home Minister, at Pazhavangadi, in this capital city, we find almost on all the evenings, processions and jathas assembling and meetings being held. All sorts of vituparative and obscene languages are used. A father and son could not be able to stand and hear the speeches and addresses made there for fear of shame. The fiery speeches made there kindle the mob psychology, and passion is aroused among the crowd. A strong feeling of antipathy against the Government is created, and nearby the unfortunate Police man is there at his post of duty. He has to be there to maintain peace. He remains there with his life in his mouth trembling all the time as to what would happen, He could not know what these agitated people would be doing the next moment. Under such background it happened that on one occasion a dagger was plunged into the heart of a police man who died on the spot. A common experience that the policeman on duty will have to face. If he is not found on the spot he is questioned

and punished for dereliction of duty by his superiors. The speeches that are often made at these meetings kindle the flame of discontent among the crowd. And the speeches are made mostly to inexperienced students, illiterate labourers and disgruntled workers who have been thrown out of work. The policeman at his duty post is pelted with stones for the reason that he is there to maintain peace. No wonder that at such times the police will have to use force in dispersing the violent crowd. In the pandemonium that would follow, is it humanly possible for the policeman to modulate that amount of force that should be exercised to every individual ? Some sort of excess inevitably happens. The so called leaders after setting the ball in motion and after this mischief has been done go about saying that the police have committed excesses. Does this stand to reason or logic? They depart after taking their pause to the next meeting.

Look at the havoc done to the student population by this organisation—I am not disparaging any particular hon. Member on the other side. They induce them to resort to subversive activities. A father sends his son to school and very soon the boy finds his place in the police lock-up because of this. The poor father could only weep. These gentlemen who are members of this subversive organisation, are doing a positive disservice to the society. I might not be using too strong a language if I say that they are a menace to society. The hon. Member from Varkala said that the police discipline exists in other countries also. I would like to tell him that all such organisations which prove to be a menace to society are nipped in the bud and not allowed to flourish in other countries. Otherwise, havoc would be the result. Sir, if such sorts of vandalism is allowed to go on unchecked I do not know where we are going to end. It is high time for the Government to do something very effective and strong to check these tendencies at least for the safety of our person and property. We are all at one with the hon. Members who spoke for enhancement of the policemen's pay. We are all agreed there. But let us live and let us let live. Let not the policeman be killed. Now Sir, what about constable Mr. Oommen who fell a victim to mob violence. He died in harness leaving behind him seven fatherless children. In like manner there are several destitute families of policemen who met with such violent deaths and children who are now orphaned and suffering. They suffer Sir, owing to the irresponsible actions of the followers of these subversive organisations. These gentlemen talk of their comrades' death— Surendran's and Raghavan's death. Surendran lost his life while he was breaking the law and disturbing the peace. But the policeman who was killed lost his life while preserving law and maintaining peace. Surendran was wanted in 5 cases. The policemen lose their lives at the hands of men like Surendran when they are serving the State by preserving peace and order which are so much essential for the well being of the society.

3 P. M.] ശ്രീ. സി. കെ. വിശ്വനാഥൻ: സർ, നെയ്യാററിൻകര രാഘവൻ പേട്ടയിലെ രാജേന്ദ്രൻ, അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിലെ തൊഴിലാളികൾ തുടങ്ങിയ അനേകശതം രക്തസാക്ഷികളുടെ ധീരോദാത്ത സമരങ്ങളിൽക്കൂടി അധികാരത്തിലേയ്ക്കുവരോധിച്ച പാർട്ടിയുടെ പാർലമെൻററി പാർട്ടി സെക്രട്ടറി രക്തസാക്ഷികളുടെ ഘാതകന്മാരെ ആലിംഗനം ചെയ്തു കൊണ്ടു് ഇവിടെ പ്രസംഗിച്ചതു് കഠിനമായ പ്രതിഷേധത്തോടും അതീവ ഖേദത്തോടും കൂടിയാണു് ഞങ്ങൾ കേട്ടുകൊണ്ടിരുന്നതു്. ഇന്നാട്ടിലെ പോലീസ് അക്രമങ്ങളിൽ ഇവക്കു പരാതിയില്ല. ഉള്ളതു് അഭിമാനമാണു്. നാട്ടിൽ നടക്കുന്ന പോലീസ് അക്രമങ്ങളുടെയെല്ലാം പുറകിൽ ഒന്നുകിൽ കാൺഗ്രസ്സു ബഞ്ചുകളിലിരിക്കുന്ന അംഗങ്ങളിൽ ചിലർ, അല്ലെങ്കിൽ പ്രാദേശിക കാൺഗ്രസ്സ് നേതാവു് തീർച്ചയായും ഉണ്ടാവുക സാധാരണമാണു്. പോലീസ് ചെയ്തികളെ അവരുടെ—ജനങ്ങളുടെ തലയിൽ ഇടിത്തീ വർഷിച്ച പ്രവർത്തികളെ—ശ്ലാഘിക്കുവാൻ ഇവക്കു് നാണമില്ലാത്തതിലാണു് എനിക്കത്ഭുതം.

മി. സ്പീക്കർ: നാണമില്ലാത്തതു് എന്നു പറയുന്നതു് പാർലമെൻററിയില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, ഞാൻ അതു പിൻവലിക്കുന്നു. ഈ നാട്ടിൽ സൈ്വരവും സമാധാനവും അല്ല കാൺഗ്രസ്സ് ആഗ്രഹിക്കുതു്—പ്രതീക്ഷിക്കുന്നതു്. ഈ നാട്ടിലെ തൊഴിലില്ലായ്മയ്ക്കു്, പട്ടിണിക്കു് മററു കെടുതികൾക്കു് പണമില്ലെന്നു പറയുന്ന ഇവർ ഈ ജനങ്ങളുടെ പ്രശ്നങ്ങൾക്കു് വകകണ്ടിരിക്കുന്നതു് പോലീസ് ബഡ്ജററിലാണു്. ഈ ബഡ്ജററു് ജനങ്ങൾക്കെതിരായ സമരപ്രഖ്യാപനമാണു്.

൧൯൫൧-൫൨-ലെ ബഡ്ജററിൽ പോലീസിനുവേണ്ടി കൊള്ളിച്ചിരുന്നതു് ൬൮,൮൮,൦൦൦ രൂപയാണു്. എന്നാൽ ഈയാണ്ടിലെ ബഡ്ജററിൽ (൧൯൫൨-൫൩-ലെ) ൭൨,൩൨,൨൦൦ രൂപയാണു് പോലീസിനുവേണ്ടി നീക്കിവച്ചിരിക്കുന്നതു്. ഈ വർദ്ധിപ്പിച്ച ബഡ്ജററിലും പോലീസുകാരന്റെ ശമ്പളം ൪൭ രൂപതന്നെ. ആഫീസർമാരുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടു്. പോലീസ് ബഡ്ജററ് ൧൮ ശതമാനം കഴിഞ്ഞവർഷത്തെക്കാൾ വർദ്ധിപ്പിച്ചിട്ടുള്ള സർക്കാർ ജലസേചനത്തിനു് മുപ്പത്തെട്ട ശതമാനവും ഗ്രാമോദ്ധാരണത്തിനു് ൪൧ ശതമാനവും മെഡിക്കൽ ആയുർവ്വേദം ഇവയ്ക്കു് ൨൦ ശതമാനവും കഴിഞ്ഞ വർഷത്തെക്കാൾ കുറവു വരുത്തിയിട്ടുണ്ടെന്നുള്ളതും പ്രത്യേകം പരിഗണിക്കേണ്ടതാണു്. ഇതിൽ സന്തോഷിക്കുന്നവർ ഈ സഭയിലുണ്ടു്. അവർ ജനങ്ങളുടെ കൂടെ കഴിയുന്നവരല്ല. നാട്ടുകാരുടെ കഷ്ടപ്പാടിലും കണ്ണുനീരിലും അവരുടെ കൂടെ കഴിയുന്ന ഞങ്ങൾ ഇതിനെ ആവേശപൂർവ്വം എതിർക്കുകതന്നെ ചെയ്യും. ഇവിടെ പറഞ്ഞപോലെ ജനങ്ങളുടെ ഇടയിൽ വന്നുനിന്നു് പ്രസംഗിക്കുവാൻ ഞാൻ കാൺഗ്രസ്സ് മെമ്പറന്മാരെ വെല്ലുവിളിക്കുകയാണു്. അവർ അതു സ്വീകരിക്കുവാൻ തയാറുണ്ടോ?

ശ്രീ. പി. സദാശിവൻപിള്ള: സർ, ഒരു പായിൻറു് ആഫ് ആർഡർ. പ്രസംഗിക്കുമ്പോൾ മന്ത്രവാദികളെപ്പോലെ കൈകാണിക്കുന്നതു് പാർലമെൻററിയാണോ?

Mr. Speaker : That is again the same point. Let us be tolerant. They are accustomed to some manners, especially, the public speakers.

ശ്രീ. സി. കെ. വിശ്വനാഥൻ : സർ, സി. പി. രാമസ്വാമി അയ്യർ അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിൽ പുന്നപ്ര-വയലാർ സൃഷ്ടിച്ചെങ്കിൽ കാൺഗ്രസ്സ് ഭരണം നാടാകെ പുന്നപ്ര-വയലാർ സൃഷ്ടിക്കുകയായിരുന്നു. ഞങ്ങളുടെ താലൂക്കിൽ നടത്തിയിട്ടുള്ള—നടത്തിക്കൊണ്ടിരിക്കുന്ന—അക്രമങ്ങളുടെ ഒരു നീണ്ട പട്ടിക സമർപ്പിക്കുവാനുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പോലീസ് ആക്രമണങ്ങളുടെ ഭീകരതയെക്കുറിച്ചന്വേഷിക്കുവാൻ ഞങ്ങളുടെ സ്ഥലങ്ങളിലേയ്ക്കു് ഒന്നു വരുവാൻ ഞാൻ കാൺഗ്രസ്സ് അംഗങ്ങളെ ക്ഷണിക്കുകയാണ്. പോലീസ് മട്ടനത്തെക്കുറിച്ച് സംസാരിക്കുന്ന ഞാൻതന്നെ പോലീസ് പൈശാചികത്വം ചവച്ചുതുപ്പിയ പിശടാണ്. സർ, ഞങ്ങളുടെ ബഞ്ചുകളിലേക്ക് ഒന്നു നോക്കണം. ഇവിടെയിരിക്കുന്ന അംഗങ്ങൾ എല്ലാം തന്നെ മർദ്ദനത്തിന്റെ തീച്ചൂളയിൽനിന്നുയർന്നെഴുന്നേറ്റവരാണ്. എനിക്ക് അനുഭവമുള്ളതും അറിവുള്ളതും കേട്ടതുമായ സംഭവങ്ങളുടെ ഒരു ചെറിയ വിവരണം നടത്താൻ സമയം കിട്ടുമെങ്കിൽ അതു് കരളുള്ളവരെ കരയിപ്പിക്കുന്നതായിരിക്കും. ഇതുകൊണ്ടാണ് ഞങ്ങൾ വീറോടുകൂടി പോലീസ് ബഡ്ജറ്റിനെ എതിർക്കുന്നതു്.

സാമ്രാജ്യത്വ നാടുവാഴിത്ത വ്യവസ്ഥയുടെ കയ്യിലെ കുന്തമായ കാൺഗ്രസ്സ് ഭരണത്തിന്റെ മുനയാണ് സർ, പോലീസ്. ആ മുനയ്ക്കു മൂർച്ച കൂട്ടുവാനാണ് ൫൦ ലക്ഷത്തിൽപരം രൂപ കഴിഞ്ഞ വർഷത്തിലെക്കാൾ കൂടുതൽ കൊള്ളിച്ചിരിക്കുന്നതു്. ഇതു് ജനങ്ങൾക്കെതിരായ ഗൂഢാലോചനയാണ്. ഭയങ്കരമായ ആക്രമണസംരംഭമാണ്. അതുകൊണ്ടാണ് ഇന്നാട്ടിലെ സാധാരണക്കാരുടെ പ്രതിനിധികളായ ഞങ്ങൾ ഇതിനെ എതിർക്കുന്നതു്.

പോലീസ് മൊറേലിനെക്കുറിച്ച് സംസാരിക്കുമ്പോൾ ഇവിടെ രാവിലെ പോലീസുമന്ത്രി-പോലീസ് മുറയിൽ സംസാരിച്ചതാണ് ഓർമ്മയിൽ വരിക.

Mr. Speaker . I appeal to the good sense of the House not to refer to that matter any more.

Shri T. K. Krishnan: Sir, on a point of order. Will you be kind enough to see that these questions are deleted from the proceedings of the House?

Mr. Speaker: There is absolutely nothing unparliamentary. We must be prepared to give and take.

ശ്രീ. സി. കെ. വിശ്വനാഥൻ : എന്താണ് സർ, ഈ പോലീസ് മൊറേൽ. നമ്മുടെ ജനങ്ങളുടെ സ്വാഭിമാനബോധത്തെയും സ്വാതന്ത്ര്യബോധത്തെയും അടിച്ചമർത്തി അതിന്റെ മുകളിൽ ബ്രിട്ടീഷുകാർ പണിതു വച്ചതാണ് ഇവർ പറയുന്ന പോലീസ് മൊറേൽ. നമുക്ക വേണ്ടതു് ജനങ്ങളുടെ മൊറേലാണ്. അതിനവർ ഒട്ടു് ഒരുക്കവുമല്ല. ൧൯൪൭-ൽ സ്വാതന്ത്ര്യം കിട്ടി എന്നു് ഇവർ പറയുന്നു. ഇതു് ൧൯൫൭ ആണ്. എന്നിട്ടും സായിപ്പിന്റെ രീതി മാറ്റാൻ മടികാണിക്കുന്നതു് ആക്ഷേപാർഹമാണ്,

[ശ്രീ. സി. കെ. വിശ്വനാഥൻ.]

ജനങ്ങൾക്കെതിരായി സമരം നടത്തിക്കൊണ്ട് നാടുഭരിച്ച ദിവാൻ ഭരണകാലത്തേക്കാൾ പോലീസ് ബഡ്ജററ് ഇരട്ടിയിലധികം വർദ്ധിപ്പിച്ചിട്ടുണ്ട്. സർ സി. പി. നാട്ടുകാരുടെ നേരെ യുദ്ധം നടത്തിയ ൧൧൨൦-ൽ (൧൯൪൪-൪൫) തിരുവിതാംകൂറിലെ പോലീസ് ബഡ്ജററ് ൨൭,൦൩,൦൧൮ രൂപയായിരുന്നു. വെള്ളക്കാരൻ ദിവാൻ ഭരിച്ചിരുന്ന കൊച്ചിയിൽ പ്രസ്തുത ആണ്ടിൽ ൯,൭൨,൩൦൦ രൂപയാണ് പോലീസ് ചെലവ്. ദിവാന്മാരുടെ ഭരണകാലത്തെ ഏകാധിപത്യഭരണക്കൂടങ്ങളുടെ മൊത്തം പോലീസ് ബഡ്ജററ് ൩൬,൭൫,൩൧൮ രൂപയാണ്. അന്നത്തേക്കാൾ ൪൮,൧൨,൭൨൨ രൂപ കൂടുതൽ ചെലവുള്ള ഈ പോലീസ് ബഡ്ജററ് ന്യായീകരിക്കുവാൻ പട്ടാളച്ചെലവ് സ്റ്റേററിനില്ലെന്നു പറയുമായിരിക്കും. സർ, ജനങ്ങൾക്കുവേണ്ടി ഭരണം നടത്താൻ ആഗ്രഹിക്കുന്ന ഒരു കക്ഷിക്ക്—അവരുടെ ഗവണ്മെൻറിന്—എന്തിനാണിത്ര ഭാരിച്ച തുകയ്ക്കുള്ള പോലീസ്. ജനങ്ങളെ പേടിയില്ലാത്തവർക്ക് അധികം പോലീസും പട്ടാളവും ഒരുക്കിനിറുത്തേണ്ടതില്ല. അപ്പോൾ ജനങ്ങളുടെ അവകാശസമരങ്ങളുടേയും ജനകീയ പ്രസ്ഥാനങ്ങളുടേയും നേർക്കാണ് ജനകീയത്തിന്റെ മന്ത്രിമാരും തോക്കു തിരിക്കുന്നത്. ഈ ആക്രമണങ്ങളുടെ നേർക്കു നോക്കി ആർക്കും നിശ്ചലരായി നിൽക്കുവാൻ സാദ്ധ്യമല്ല. ഇന്നു വീണ്ടും നാടിനെ ഒരാക്രമണത്തിന്റെ നടുവിലേയ്ക്കു വലിച്ചെറിഞ്ഞു് കാൺഗ്രസ്സ് ഭരണം അതിന്റെ പട്ടാളമുറയിൽ മുന്നേറുകയാണ്. എന്റെ സമയം തീർന്നതുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. കെ. പി. പ്രഭാകരൻ</u> : സർ, കാൺഗ്രസ്സ് ഗവണ്മെൻറിന്റെ കീഴിൽ ഇവിടെ ഒരു പോലീസ് ഭരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ മർദ്ദനഭരണത്തെക്കുറിച്ച് ഇവിടെ പലബഹുമാനപ്പെട്ട മെമ്പറന്മാരും സംസാരിച്ചുകഴിഞ്ഞതാണ്. അതിന്റെ തെളിവുകൾക്കായി ഏതാനും ചില അനുഭവങ്ങൾകൂടി മാത്രമാണ് ഞാനീ അവസരത്തിൽ പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നത്. പോലീസില്ലെങ്കിൽ ഈ രാജ്യത്തു ക്രമസമാധാനം എങ്ങനെ പാലിക്കാൻ സാധിക്കും എന്നു ട്രഷറി ബെഞ്ചുകളിൽനിന്നും അവരുടെ പക്ഷത്തുള്ള ഏതാനും മെംബറന്മാരിൽനിന്നും ചോദിക്കുകയുണ്ടായി. ഏതു രാജ്യത്തും പോലീസ് സൈന്യം ആവശ്യമാണ്. ആ വാദത്തെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ ഭൂരിപക്ഷത്തിന്റെ സമാധാനസംരക്ഷണത്തിനും, ഭൂരിപക്ഷം ജനങ്ങളുടെ നിയന്ത്രണത്തിനും വിധേയമായിട്ടുള്ളതുമായ ഒരു പോലീസ് സൈന്യമാണാവശ്യം. അല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു പോലീസ് സൈന്യം ഇവിടെ ഇല്ലാതിരിക്കുകയാണു നല്ലതു്. ഇന്നു് തൊഴിലാളികളും മററു സാധാരണക്കാരുമായ ഈ നാട്ടിലെ ജനങ്ങളുടെ മേൽ അധികാരങ്ങൾ അടിച്ചേൽപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പോലീസ് സൈന്യമാണ് ഇവിടെയുള്ളതു്. പണ്ടത്തെ സാമ്രാജ്യത്വ നാടുവാഴിത്തഭരണസംപ്രദായത്തിലുള്ള പോലീസ് സൈന്യത്തെപ്പോലെയല്ലാതെ യാതൊരു മാററവും ഈ ജനകീയഗവണ്മെൻറു വന്നതിനുശേഷവും വരുത്തിയിട്ടില്ല. ഇന്നത്തെ കാൺഗ്രസ്സ് ഭരണത്തിനു മുൻപു് ബ്രിട്ടീഷുകാരുടെ മേധാവിത്വത്തിൻകീഴിൽ ഇവിടെ നടന്ന ഭരണംപോലെ ന്യൂനപക്ഷത്തിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്ന കാൺഗ്രസ്സ് തങ്ങളുടെ അധികാരം ജനങ്ങളുടെ മേൽ വച്ചുപുലർത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരുപാധിയായിട്ടാണ് ഈ പോലീസിനെ കരുതി

യിട്ടുള്ളതു്. യഥാർത്ഥത്തിൽ അതുകൊണ്ടാണു് ഈ നാലരക്കൊല്ലമായിട്ടും അതേ മർദ്ദനഭരണംതന്നെ ഇന്നും ഈ രാജ്യത്തു് തുടർന്നുകൊണ്ടുപോകുന്നതു് എന്നു ഞാൻ വിശ്വസിക്കുന്നു.

പഴയ ചരിത്രത്തിലേയ്ക്കു് ഞാൻ പോകുന്നില്ല. ഇവിടത്തെ തൊഴിലാളിസമരങ്ങളെ സംബന്ധിച്ചും പണിമുടക്കിന്റെ പേരിൽ പോലീസുകാർ ഈ തൊഴിലാളികളെ മർദ്ദിച്ചുവരുന്നതും കഷ്ടപ്പെടുത്തുന്നതും വെടിവച്ചുകൊല്ലുന്നതും ഈ സഭയിൽ പ്രസ്താവിക്കുകയുണ്ടായി. ഇന്നു് എവിടെയെങ്കിലും തൊഴിൽത്തർക്കങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ ലേബർഡിപ്പാർട്ട്മെന്റു് ഇടപെടുന്നതിനുമുമ്പുതന്നെ സമാധാനപരമായി കാര്യങ്ങൾ പറഞ്ഞവസാനിക്കുന്നതിനു മുൻപുതന്നെ പോലീസ് ഇടപെടുന്ന ഒരു പതിവാണു് നാം കണ്ടുവരുന്നതു്. ഈ തൊഴിൽത്തർക്കം അവസാനിപ്പിക്കുന്നതിനും സമാധാനം കൈവരുത്തുന്നതിനും ഒരു ലേബർ ഡിപ്പാർട്ടുമെന്റു് ഇവിടെ ഉണ്ടു്. എന്നാൽ ഈമാതിരി കാര്യങ്ങളിൽ ലേബർ ഡിപ്പാർട്ടുമെന്റു് ഇടപെടുന്നതിനു മുൻപു് പോലീസ് ഇടപെടുന്ന അനുഭവങ്ങളാണു് ഇന്നു് ഈ രാജ്യത്തിന്റെ ഏതു ഭാഗത്തു നോക്കിയാലും കാണാൻ സാധിക്കുന്നതു്. കൊച്ചിയിൽ മണലി ഓട്ടുകമ്പനി തൊഴിലാളി പണിമുടക്കിയതു് തൊഴിലാളികൾക്കു് ജീവിക്കുവാനുള്ള കൂലിക്കുവേണ്ടിയാണു്. എന്നാൽ പണിമുടക്കു് ആരംഭിച്ചതിന്റെ പിറേറന്നു മുതൽ പോലീസാണു് ആ തൊഴിലാളികളെ അടിച്ചമർത്തുന്നതിനു് മുന്നിട്ടിറങ്ങിയതു്. സമാധാനപരമായി തൊഴിലാളികൾ പണിമുടക്കുന്നതിനെ പോലീസിനെ അഴിച്ചുവിട്ടു മർദ്ദിച്ചുവരുന്നു. കൂടാതെ കമ്പനികളിൽ കരിങ്കാലികൾ കടന്നു് തൊഴിൽ ചെയ്തുവരുന്നതിനെ പിക്കററു ചെയ്യുന്നതിനു് നിയമവിധേയമായിത്തന്നെ അവകാശമുള്ളതാണു്. അങ്ങനെ പിക്കററുചെയ്ത സ്ത്രീതൊഴിലാളികളുടെ മേൽ പോലും അഴകപ്പാനഗരിലെ പോലീസുകാർ മർദ്ദനം നടത്തിയിട്ടുണ്ടു്. ഇതിലേയ്ക്കു് എത്രയോ ഹർജികൾ ഇവിടത്തെ മന്ത്രിമാർക്കും പോലീസ് അധികാരികൾക്കും അയച്ചുകഴിഞ്ഞിട്ടുള്ളതാണു്. അവിടെ കരിങ്കാലികൾ കയറാതെയിരിക്കുന്നതിനു് പിക്കററു ചെയ്യുവരുടെ മേൽ വണ്ടി ഓടിക്കുന്നതിനായി വണ്ടിയുടെ മുകളിൽ ഒരു ഹെഡ് കാൺസ്റ്റബിൾ ചാടിക്കയറി വണ്ടി ഓടിക്കുന്നതിനു് ശ്രമിക്കുകയുണ്ടായി. ഇന്നു് അവിടെ ൧൩ തൊഴിലാളികളുടെ മേൽ പോലീസ് കേസ്സ് ചാർജ്ജുചെയ്തിട്ടുണ്ടു്. പണിമുടക്കവസാനിച്ച ദിവസംപോലും അവിടെ പോലീസ് ഇടപെട്ടു് പല കള്ളക്കേസുകളും സാധുക്കളായ തൊഴിലാളി പ്രവർത്തകന്മാരുടെ മേൽ എടുത്തുകഴിഞ്ഞിട്ടുണ്ടു്. അതുകൂടാതെ അവരെ ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദിച്ചുവരുന്നതായും എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇതുസംബന്ധിച്ചു് ഇവിടത്തെ ആഭ്യന്തരകാര്യമന്ത്രിക്കും ഐ. ജി. പി.-ക്കും പരാതികൾ അയച്ചിട്ടും ഇതുസംബന്ധിച്ചു് ന്യായമായിട്ടുള്ള യാതൊരു അന്വേഷണങ്ങളും ചെയ്തിട്ടില്ല. പോലീസുകാരിൽനിന്നും അവിടത്തെ തൊഴിലാളികൾക്കുണ്ടാകുന്ന ഉപദ്രവങ്ങളെയും പോലീസ് അവിടെച്ചെന്നു് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിനെ സംബന്ധിച്ചും അടുത്തദിവസം എനിക്കറിവു കിട്ടുകയുണ്ടായി. അവിടെ തൊഴിലാളികളുടെ മേൽ ഈ മർദ്ദനം നടത്തുമ്പോൾ സർക്കിൾ ഇൻസ്പെക്ടർ ഭാസ്കരമാരാർ കണ്ടുനിന്നിരുന്നതാണു്. ഈ ഭാസ്കരമാരാരാണു മർദ്ദനങ്ങളെപ്പററിയുള്ള പരാതികൾ അന്വേഷിക്കാൻ ചെന്നിരിക്കുന്നതു്. അതു

[ശ്രീ. കെ. പി. പ്രഭാകരൻ]

മാത്രമല്ല അഴകപ്പ നഗരിലുള്ള സബ് ഇൻസ്പെക്ടർ ചക്രപാണിമാരാരുടെ സ്വന്തം കുടുംബത്തിലെ അംഗംകൂടിയാണ് ഈ ഭാസ്കരമാരാർ. ആ സ്ഥിതിക്ക് ഭാസ്കരമാരാരുടെ സാന്നിദ്ധ്യത്തിൽ അയാളുടെ സ്വന്തം കുടുംബത്തിൽപ്പെട്ട ഇൻസ്പെക്ടർ മർദ്ദിച്ചതിനെപ്പററി പരാതികൾ അദ്ദേഹത്തിനുതന്നെ അന്വേഷണത്തിനയച്ചുകൊടുത്താൽ അതുകൊണ്ട് യാതൊരു വിശേഷവും ഉണ്ടാകാൻ പോകുന്നില്ല. അതുപോലെതന്നെ പോലീസുകാർ എന്തക്രമം നടത്തിയാലും ശരി ഇത്തരത്തിലുള്ള അന്വേഷണം തന്നെയാണ് നടത്തിവരുന്നതു്.

ഈയവസരത്തിൽ എനിക്കു പറയാനുള്ളതു് ഈ സംസ്ഥാനത്തിന്റെ നാനാഭാഗത്തും വിശേഷിച്ച് കാൺഗ്രസ്സിനെതിരായിട്ടുള്ള സംഘടനകൾക്കു എതിരായിട്ടുള്ള പ്രവർത്തനങ്ങൾ പോലീസുകാർ നടത്തിവരുന്നുണ്ട്. ആലപ്പുഴയിലും, ചേർത്തലയിലും, അന്തിക്കാട്ടും ഈ തരത്തിലുള്ള ഗൂഢപ്രവർത്തനങ്ങളാണ് കാൺഗ്രസ്സ്, പോലീസ് സൈന്യത്തെക്കൊണ്ട് നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ മാതിരി ഗൂഢപ്രവർത്തനങ്ങൾ, ഗൂഢമായ പ്ലാനുകൾ എത്രയോ എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. അതെല്ലാം വിശദീകരിക്കുന്നതിനുള്ള സമയമില്ലാത്തതുകൊണ്ട് ഒന്നുരണ്ടു സംഭവങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ഈ തെരഞ്ഞെടുപ്പിനുശേഷവും ഇങ്ങനെയുള്ള നടപടികൾ ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളതു്. ഇവിടെയുള്ള കമ്മ്യൂണിസ്റ്റ്പ്രവർത്തകരുടെയും തൊഴിലാളി പ്രവർത്തകരുടെയും പേരിൽ കള്ള ഹർജികൾ വാങ്ങിക്കൊണ്ട് കേസ്സെടുക്കുക എന്നുള്ളതു് ഒരു പതിവായിട്ടു തീർന്നിട്ടുണ്ട്. ഏതെങ്കിലും ഒരു കമ്മ്യൂണിസ്റ്റുകാരനെ പിടിക്കണമെങ്കിൽ ആരിൽനിന്നെങ്കിലും അവനെപ്പററി ഒരു കള്ളഹർജി വാങ്ങിക്കൊണ്ട് അതെപ്പററി അന്വേഷിക്കാമെന്നുള്ള നാട്യത്തിൽ ആ കമ്മ്യൂണിസ്റ്റുകാരനെ ലാക്കപ്പിൽ കൊണ്ടുപോകുന്നുണ്ട്. അവിടെവച്ച് മർദ്ദിക്കുന്നുണ്ട്. കഴിഞ്ഞ ഒരുദിവസം പെരിങ്ങോട്ടുകരയിൽ ഒരു ഹരികഥാകാലക്ഷേപം നടന്നുകൊണ്ടിരുന്ന അവസരത്തിൽ കാൺഗ്രസുകാർ ബഹളമുണ്ടാക്കുകയും, അതിനെത്തുടർന്നു കമ്മ്യൂണിസ്റ്റ്പ്രവർത്തകരുടെമേൽ കേസ്സ് ചാർജ്ജ്ചെയ്യുകയും ചെയ്തു. കഥാകാലക്ഷേപത്തിൽ സംബന്ധിക്കപോലും ചെയ്യാത്ത പല കമ്മ്യൂണിസ്റ്റ് ട്രേഡ്യൂണിയൻ പ്രവർത്തകരേയും അറസ്റ്റ്ചെയ്തിട്ടുണ്ട്. ജന്മികളും കുടികിടപ്പുകാരുമായി വല്ല തർക്കവും ഉണ്ടെങ്കിൽ കുടികിടപ്പുകാരെ കമ്മ്യൂണിസ്റ്റുകളാണെന്നു പറഞ്ഞുകൊണ്ട് ലാക്കപ്പിലേക്കു കൊണ്ടുപോകുന്ന സമ്പ്രദായവും കുറവല്ല. ഇങ്ങനെ രാജ്യമൊട്ടാകെ കള്ളക്കേസുകൾ ഉണ്ടാക്കി കമ്മ്യൂണിസ്റ്റുകാരെയും തൊഴിലാളികളെയും മർദ്ദിക്കുന്നതിനു് ഇനിയെങ്കിലും ഒരു പൂർണ്ണവിരാമം ഇടേണ്ടകാലം അത്യാസന്നമായിരിക്കുന്നുവെന്ന് ഗവൺമെന്റ് മനസ്സിലാക്കേണ്ടതാണ്.

സർ, കഴിഞ്ഞകാലങ്ങളിലെ മർദ്ദനങ്ങളെപ്പററി പറയുമ്പോഴെല്ലാം കമ്മ്യൂണിസ്റ്റക്രമത്തെപ്പററി കാൺഗ്രസ് ബഞ്ചുകളിൽനിന്നു മുറവിളികൂട്ടുന്നതുകേൾക്കാം. എന്നാൽ പോലീസാണോ കമ്മ്യൂണിസ്റ്റുകാരാണോ അക്രമികളെന്നു ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബഹുജനങ്ങൾ വിധിയെഴുതിയിട്ടുണ്ടെന്നു ഞാനവരെ ഓർമ്മിപ്പിക്കുന്നു. ഇവർ പറയുന്ന കമ്മ്യൂണിസ്റ്റക്രമകേന്ദ്രങ്ങളിൽനിന്നെല്ലാം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും

രാണ്? അതെ ആ കമ്യൂണിസ്റ്റക്രമികളുടെ തലവന്മാരെയാണ ജനങ്ങൾ തങ്ങളുടെ പ്രതിനിധികളായി ഈ സഭയിലേക്കയച്ചിട്ടുള്ളത്. ആലപ്പുഴയും ചേർത്തലയും, അന്തിക്കാട്ടുമെല്ലാം അവരാണ ജയിച്ചത്. നിങ്ങൾ ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരാണെങ്കിൽ ജനങ്ങളുടെ ഈ വിധിയെ മാനിക്കുവാൻ ഇനിയെങ്കിലും സന്നദ്ധരാവണമെന്നാണ എനിക്കുവസാനമായി അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. ആർ. സുഗതൻ: സർ, കട്മോഷനാണോ അതേത്തുടർന്നുള്ള പ്രസംഗമാണോ എന്നറിയണം.

മി. സ്പീക്കർ: പോലീസിന്റെ പൊതുഭരണത്തെക്കുറിച്ച് എന്തും പറയാം.

ശ്രീ. ആർ. സുഗതൻ: പോലീസ്, പട്ടാളം, നിയമം എന്നിവ ഭരണാധികാരിവർഗ്ഗത്തിന്റെ ഉററമിത്രങ്ങളാണ്. ഭരണകൂടത്തിന്റെ കൈയിലെ ഉറച്ച ഊന്നുവടികളുമാണ്. ഇതിനെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അധികാരിവർഗ്ഗം സമാധാനപാലനത്തിന്റെ പേരിൽ ജനങ്ങൾക്കെതിരായി ആക്രമണം നടത്തുന്നത്.

കാൺഗ്രസ് ഗവണ്മെൻറ് അധികാരത്തിൽ വന്നതിന്റെ പതിനൊന്നാംദിവസം മുതൽ ഈ ആക്രമണം തുടങ്ങി. അന്നുമുതൽ തൊഴിലാളി വിദ്യാർത്ഥി കർഷക പ്രവർത്തകരെ ഒന്നോടെ ജയിലിലടച്ചു മർദ്ദിച്ചുകൊന്നു. ജനങ്ങളുടെ മേൽ, പ്രത്യേകിച്ചു തൊഴിലാളിവർഗ്ഗത്തിന്റെ മേൽ. അറസ്റ്റ്, അടി, കൊല, ഭവനഭേദനം ഇതെല്ലാം നടത്തിയ ചരിത്രമല്ലാതെ ഇന്ന് കാൺഗ്രസ്സിനില്ല. ഇതിനെതിരായി സമരംചെയ്ത ജനങ്ങളെ കാൺഗ്രസ്സർക്കാർ അടിച്ചമർത്തിയ ചരിത്രം ഒരുകാലത്തും മായ്ക്കുവാൻകഴിയാത്തവിധം അത്രയ്ക്കു സ്ഥിരമായിക്കഴിഞ്ഞു. ഇക്കഴിഞ്ഞ നാലരക്കൊല്ലക്കാലം കാൺഗ്രസ് സർക്കാർ ജനങ്ങൾക്ക് പ്രദാനം ചെയ്തത് ചോരയും കണ്ണീരും മാത്രമാണ്.

സർ, ഞാൻ കരയിപ്പിക്കുന്ന ആ കഥകൾ വിസ്തരിക്കുന്നില്ല. അതിനുമാത്രം സമയമില്ല. സാമ്രാജ്യസർക്കാർ രാഷ്ട്രീയപ്രവർത്തകരോടു കാണിച്ചതിലും കൊടിയ മർദ്ദനമുറകളാണ് നിങ്ങളുടെ സർക്കാരിൽ നിന്നും ഉള്ളത്.

ഞങ്ങളെ കുറെപ്പേരെ ജയിലിൽനിന്നു മോചിപ്പിച്ചു. കമ്യൂണിസ്റ്റപാർട്ടിയെ നിയമവിധേയമാക്കി. ട്രെയിഡ്യൂണിയനുകളുടെ നിരോധനം നീക്കി. ഇങ്ങനെ നാലുമാസക്കാലമായി ഞങ്ങൾ ജനാധിപത്യനില പാലിച്ചുവെന്നു നിങ്ങൾ പറയുന്നു. ഇതിന്റെ കഴമ്പ് ഒന്നു പരിശോധിക്കേണ്ടതാണ്.

സർ, ഈ നാലുമാസക്കാലത്തിനിടയ്ക്കു നിങ്ങളുടെ പോലീസിനെക്കൊണ്ട് നിങ്ങൾ തൊഴിലാളിവർഗ്ഗത്തെ ആക്രമിപ്പിക്കുകയല്ലേ ചെയ്യുന്നത്? ഇപ്പോഴും ഇതല്ലേ നിങ്ങളുടെ ഭരണലക്ഷ്യം.

തൊടുപുഴ, ആലുവാ, മണലി, എറണാകുളം, ആലപ്പുഴ ചേർത്തല, കായംകുളം, കൊല്ലം, തിരുവനന്തപുരം, നാഗർകോവിൽ, വയ്ക്കം തുടങ്ങിയ സ്ഥലങ്ങളിലായി ൩൦൦-ൽ അധികം തൊഴിലാളിപ്രവർത്തകരുടെമേൽ നിങ്ങൾ കേസു ചാർജ്ചെയ്തിട്ടുണ്ട്. ഇവർ മിക്കവരേയും

[ശ്രീ. ആർ. സുഗതൻ]

മർദ്ദിച്ചു അവശരാക്കിയിട്ടുണ്ടു്. ചിലർ ജാമ്യത്തിലും മററുചിലർ ലോക്കപ്പിലുമാണു്.

പണിമുടക്കാനും, പിക്കററുചെയ്യാനും, സത്യാഗ്രഹം നടത്താനും തൊഴിലാളികൾക്കുള്ള അവകാശത്തെ ചോദ്യംചെയ്യുന്നവയാണു് ഈതരം കള്ളക്കേസുകൾ എന്നു വ്യക്തമാണു്.

ആലപ്പുഴയിലെ ആറേഴ തൊഴിലാളിപ്രവർത്തകരെ മജിസ്രേട്ടുകോടതിയിലെ കേസു് നിലവിലിരിക്കെ ജാമ്യം റദ്ദുചെയ്തു് ലോക്കപ്പിൽ കൊണ്ടുപോയി തല്ലി നാശമാക്കി. അവരിൽ ഒരാളുടെ ചെകിടുപൊട്ടി മററു രണ്ടുപേരുടെ നെഞ്ചിനു നീരുവീഴ്ചയായി. ലോക്കപ്പിൽ ആളുകളെ കൊണ്ടുപോയി തല്ലാൻ ഏതു നിയമം പോലീസിനധികാരം കൊടുക്കുന്നു? അങ്ങിനെ നിയമമില്ലാനിയമം പോലീസുകാർ കയ്യിലെടുത്തിരിക്കയാണു്. മജിസ്രേട്ടിൻെറ ആർഡർ കൂടാതെ ആളുകളെ ഹർജിയുടെ പേരിൽ പിടിക്കാൻ പോലീസിനെ അനുവദിക്കരുതു്. കിരാതനായ സർ സി. പി. ഭരിച്ചപ്പോൾ ഹർജിയിന്മേൽ ആരേയും പിടിക്കരുതെന്നു അന്നത്തെ ഐ. ജി. ശ്രീ. പാർത്ഥസാരഥി അയ്യങ്കാർ കർശനമായി ആർഡർ അയച്ചിരുന്നതായി കേൾവിയുണ്ടു്.

എന്തിനു സർ, ദൂരെ ദൃഷ്ടാന്തംതേടുന്നു. ഇവിടെ മന്ത്രിമാരായ ശ്രീമാന്മാരുടെ കണ്ണിനുമുമ്പിൽ, ഹജൂരാഫീസിൻെറ മുററത്തു പച്ചത്തൊണ്ടു തൊഴിലാളിസമരം നടത്തിയ ൫൦-ൽ പരം തൊഴിലാളികളെ ഇടിച്ചു നല്ല വെടിപ്പായിത്തന്നെ മർദ്ദിച്ചു. ഈ സഭയിലെ ഒരംഗമായ ശ്രീ. സദാനന്ദശാസ്ത്രിയെ പോലീസു് അസഭ്യം പറഞ്ഞു ഇവിടത്തെ പോലീസു് ലാക്കപ്പുകൾക്കു് "ഇടിയാപ്പീസുകൾ" എന്നപേരാണു് കൂടുതൽ യോജിക്കുന്നതു്.

ഞങ്ങളുടെ നയം മാററിയിരിക്കുന്ന ഈയവസരത്തിൻെറ പ്രാധാന്യം അശേഷം ഗണിക്കാതെ നിങ്ങളുടെ ഗവണ്മെൻറു തൊഴിലാളിവർഗ്ഗത്തിനെതിരായി കരുതിക്കൂട്ടി യുദ്ധം പ്രഖ്യാപിച്ചിരിക്കയാണു്.

ഐക്യമുന്നണിക്കാരായ ഞങ്ങൾ തെരഞ്ഞെടുപ്പിൽ ജയിച്ചിടത്തെല്ലാം ഇന്നു് കള്ളക്കേസും കുടിയിറക്കും നടമാടുകയാണു്. ആററിങ്ങൽ ഇന്നു് ഒരു കുടിയിറക്കിനു് പോലീസു് സ്ഥലം ഉടമസ്ഥനു അനുകൂലമായി പെരുമാറിയെന്നു റിപ്പോർട്ടു കിട്ടിയിരിക്കുന്നു. ഇങ്ങനെ അനവധിയുണ്ടു്. കഴിഞ്ഞകാലത്തു നിങ്ങളുടെ ഗവണ്മെൻറു ചെയ്ത ജനദ്രോഹത്തിനു മറുപടി ജനങ്ങൾ തെരഞ്ഞെടുപ്പിൽക്കൂടി നിങ്ങൾക്കു തന്നു. ൩൨ ലക്ഷം വാട്ടു് കാൺഗ്രസ് വിരുദ്ധകക്ഷികൾക്കു് കിട്ടിയപ്പോൾ പതിനൊന്നര ലക്ഷംവോട്ടു് നിങ്ങൾക്കുംകിട്ടി. ജനങ്ങളുടെ ഈ തിരിച്ചടിയുടെ നേരെയുള്ള പകപോക്കൽ നടപടിയായിട്ടാണു് നിങ്ങൾ പോലീസിനെക്കൊണ്ടു് മർദ്ദനം അഴിച്ചുവിട്ടിരിക്കുന്നതെങ്കിൽ, വീണ്ടും നിങ്ങൾക്കു ഗതി പഴയതുതന്നെ.

നിങ്ങൾ ഈ നയംതന്നെ തുടരുമെങ്കിൽ, ഇതു നിങ്ങളുടെ നയമാണെങ്കിൽ, തൊഴിലാളിപ്രവർത്തകരായ ഞങ്ങൾക്കു ഞങ്ങളുടെ നയത്തെപ്പററി പുനരാലോചനനടത്തേണ്ടിവരും. നിങ്ങൾ ഞങ്ങളെ ആ വഴിക്കാണു്

കൊണ്ടുചെന്നെത്തിക്കുന്നതു്. ഇതു് ഒരു ഭീഷണിയല്ല. മുന്നറിയിപ്പു മാത്രം. സർ, എനിക്കനുവദിച്ച സമയത്തിന്റെ മരണമണിയടിച്ചതുകൊണ്ടു ഞാൻ നിർത്തുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, പത്തുമലത്തോട്ടത്തിലെ വെടിവെപ്പിനെക്കുറിച്ചു് ഒരു പരസ്യാന്വേഷണം നടത്തണമെന്നു് ആവശ്യപ്പെട്ടുകൊണ്ടാണു് ഞാൻ എന്റെ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചിടത്തോളം പല മെംബറന്മാരും സംസാരിച്ചുകഴിഞ്ഞു. എന്നാൽ എനിക്കും ഒന്നു രണ്ടു കാര്യങ്ങൾ പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ഞാൻ ഇതിനെക്കുറിച്ചു് എന്തെങ്കിലും പറയുമ്പോൾ സബ്ജ്യൂഡീസ് എന്ന ഖഡ്ഗം എന്റെ തലയ്ക്കുമീതെ ഉയർന്നുവരുമെന്നു് എനിക്കറിയാം. എന്തായാലും അവിടെ വെടിവെയ്പുനടന്നു എന്നുള്ളതിനെസംബന്ധിച്ചു് തർക്കമില്ല. ചിലർ മരിച്ചുവെന്നുള്ളതും പരമാർത്ഥം തന്നെയാണു്. ഒരു നല്ലവിഭാഗം ജനങ്ങൾ ഈ സംഭവം നടന്നതിന്റെ കാര്യകാരണങ്ങളെ സംബന്ധിച്ചു് അന്വേഷിച്ചു് നടപടിനടത്തണം എന്നു ആവശ്യപ്പെട്ടിട്ടുമുണ്ടു്. ഒരു നല്ല ജനവിഭാഗം ഇതിനെക്കുറിച്ചുള്ള പരസ്യാന്വേഷണം ആവശ്യപ്പെട്ടിട്ടില്ലാഎന്നു പറയുകയാണെങ്കിൽ, അതു് ഏതുസ്ഥാനത്തുനിന്നുവന്നാലും, അംഗീകരിക്കാൻ ഞാൻ തയ്യാറില്ല. നീതിപൂർവ്വമായ ഒരന്വേഷണം നടത്തണമെന്നു് ആവശ്യപ്പെട്ടപ്പോൾ പോലീസുകാരുടെ Morale നഷ്ടപ്പെട്ടുമെന്നു പറഞ്ഞു. ഞാൻ പറയുന്നതു അവരുടെ Morale രക്ഷിക്കണമെങ്കിൽ ഇങ്ങനെയുള്ള ഒരു പരസ്യാന്വേഷണം ആവശ്യമാണെന്നാണു്. അവരുടെ സേവനങ്ങൾ പരിശുദ്ധമായിരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. പോലീസുകാരെപ്പററിയും ഗവൺമെൻറിനെപ്പററിയും ആർക്കെങ്കിലും തെററിദ്ധാരണയുണ്ടെങ്കിൽ അതു് മാറേറണ്ടതും ഗവൺമെൻറിന്റെ കർത്തവ്യമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇതു് മുന്നിൽവെച്ചുകൊണ്ടാണു് ഒരു ജുഡിഷ്യൽ എൻക്വയറി നടത്തണമെന്നു് ആവശ്യപ്പെടുന്നതു്. പോലീസുകാരുടെ നടപടി ന്യായമാണെന്നു് വിശ്വസിക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ടാണു് അതിനെപ്പററി സംശയമുള്ള ജനവിഭാഗത്തിന്റെ തെററിദ്ധാരണ മാററാൻവേണ്ടിയെങ്കിലും പബ്ലിക്ക് എൻക്വയറി നടത്തിക്കൂടായെന്നു ഞാൻ ചോദിക്കുന്നു. സർ, സാധുക്കളായ തൊഴിലാളികളാണു് പത്തുമലയിലുള്ളതു്. കേവലം അധികാരത്തിലിരിക്കുന്ന കക്ഷിയെ എതിർക്കാൻവേണ്ടിയോ ഭരണകൂടത്തോടു് അറപ്പും വെറുപ്പും ഉണ്ടാക്കാൻവേണ്ടിയോ ഈ സാധു തൊഴിലാളികൾ എന്തെങ്കിലും പ്രവർത്തിച്ചു എന്നു വരികയില്ല.

സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടി തങ്ങളുടെ സംഘടിതശക്തികൊണ്ടു ന്യായമായ അവകാശങ്ങൾ പിടിച്ചെടുക്കാമെന്ന വിശ്വാസത്തിൽ ഐ. എൻ. ടി. യു. സി.യുടെ കൊടിക്കീഴിൽ അണിനിരന്നിട്ടുള്ള തൊഴിലാളികളാണിവിടെയുള്ളതു്. ഈ നിലയിൽ അക്രമങ്ങളാണു് അവർ പ്രവർത്തിച്ചതെന്നു് ആർക്കുംതന്നെ പറയുവാൻ സാദ്ധ്യമല്ല. എന്തായാലും എന്താണു് അതിനടിസ്ഥാനമായിട്ടുള്ളതു് എന്നു് ഞാൻ ഇവിടെ പ്രസ്താവിക്കുന്നില്ല. ന്യായമായ ഒരു ജൂഡിഷ്യൽ എൻക്വയറി നടത്തണമെന്നു് ഈ സഭയിൽനിന്നു് ആവശ്യപ്പെടുമ്പോൾ, ഈ രാജ്യത്തു നീതിപൂർവ്വമായും ന്യായമായും സമാധാനപരമായും തൊഴിലാളിപ്രസ്ഥാനങ്ങളെ നയിക്കുവാൻ കഴിയുമെന്നുള്ള ഒരു വിശ്വാസം ജനിപ്പിക്കുവാനും, ഇവിടത്തെ

[ശ്രീ. കെ. കരുണാകരൻ]

പോലീസ് അനാവശ്യമായി യാതൊന്നിലും ഇടപെടുകയില്ലെന്നുള്ള വിശ്വാസം പൊതുവെ എല്ലാവക്കും ഉണ്ടാക്കുവാനും ഉതകുന്ന ഇത്രയും ശരിയായ ഒരു സന്ദർഭം വേറെയുണ്ടോ എന്ന് എനിക്കു ചോദിക്കേണ്ടതുണ്ട്. പോലീസിന്റെ നടപടികളെക്കുറിച്ച് എതുപക്ഷത്തുനിന്നും പല ആക്ഷേപങ്ങളും പുറപ്പെടുവിക്കയുണ്ടായി. പക്ഷേ പോലീസുകാരും മനുഷ്യരായതുകൊണ്ട് അവക്കും മനുഷ്യസഹജമായ പല വീഴ്ചകളും ഉണ്ടാകാം. രാജ്യത്തു സമാധാനപരിപാലനത്തിലേർപ്പെടുമ്പോൾ പല വിധത്തിലുള്ള സംഘട്ടനങ്ങളും ഉണ്ടാകാം. ആസിഡ്ബാംബും, കൈബാംബും ഉപയോഗിച്ച് പോലീസ്സ്റ്റേഷൻ ആക്രമിച്ചും വാവങ്ങളെ ഭയപ്പെടുത്തിയും മുറിവിപ്ലവത്തിൽക്കൂടെ ഭരണം പിടിച്ചുപററാമെന്ന വ്യാമോഹത്തോടെ ഈ രാജ്യത്തു കമ്മ്യൂണിസ്ററുകാർ കൊള്ള നടത്തിയ ഒരു കാലമുണ്ടായിരുന്നു. അവരെ നേരിട്ടുകൊണ്ട് പോലീസുകാർ പല ത്യാഗങ്ങളും സഹിച്ചു സമാധാനപാലനത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതും ഞാൻ സമ്മതിക്കുന്നു. പക്ഷെ ഈ രാജ്യത്തു മാതൃകാപരമായ ഒരു പോലീസുണ്ടാകണമെന്നു ഗവണ്മെൻറാഗ്രഹിക്കുന്നു എങ്കിൽ അവരെക്കുറിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ നീക്കുവാൻ ഇതുപോലെ പര്യാപ്തമായ ഘട്ടങ്ങൾ തീർച്ചയായും വേറെ ഉണ്ടാകയില്ല. അതുകൊണ്ടാണ് പത്തുമലവെടിവെയ്പിനെസംബന്ധിച്ച് ഒരു പരസ്യാന്വേഷണം നടത്തണമെന്നാവശ്യപ്പെടുന്നതു്.

എറണാകുളം പട്ടണത്തിന്റെ മദ്ധ്യത്തിൽവച്ചുണ്ടായ ലാത്തിചാർജ്ജിന്റെ ഫലമായി, സ്വാതന്ത്ര്യസമ്പാദനത്തിനുശേഷംതന്നെ, ഒരു പരസ്യാന്വേഷണം നടത്തണമെന്ന് അന്നത്തെ കാൺഗ്രസ്മന്ത്രിമാർ കൊച്ചി മഹാരാജാവിനോടു ആവശ്യപ്പെടുകയും, മഹാരാജാവു് ആ ആവശ്യത്തെ നിഷേധിക്കുകയു ചെയ്യുകകാരണം അവിടെ നിലവിലിരുന്ന മന്ത്രിസഭയെ രാജിവെയ്പിച്ച പാരമ്പര്യം ഈ കാൺഗ്രസ്സിനുണ്ട്. ഏതേതു പ്രത്യേക പരിതസ്ഥിതികളുണ്ടായിരുന്നാലും അവയെ എല്ലാം താൽക്കാലികമായി നിറുത്തിവച്ചുകൊണ്ട് ഇനിമേലെങ്കിലും ഇതുപോലെയുള്ള സംഭവങ്ങൾ യാതൊരുവിധത്തിലും ഉണ്ടാകാത്തതരത്തിൽ നിഷ്പക്ഷമായ ഒരു അന്വേഷണത്തിനു ഗവണ്മെൻറു മുതിരുമെന്നുള്ള പ്രത്യാശയാണ് എനിക്കുള്ളതു്. ഈ രാജ്യത്തെ ജനങ്ങൾക്കു സമാധാനപരമായി സംഘടിച്ചുകൊണ്ട് അവകാശങ്ങൾക്കുവേണ്ടി വാദിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നു് അവരെ ബോദ്ധ്യപ്പെടുത്തുവാനും ഒരു അന്വേഷണത്തിന്റെ ആവശ്യമുണ്ട്. അങ്ങിനെ ചെയ്താലേ നമ്മുടെ രാജ്യത്തു് ജനാധിപത്യഭരണം പരിപൂർണ്ണമായനിലയിൽ എത്തിച്ചേരുകയുള്ളു. അതുകൊണ്ട് പത്തുമല എസ്റ്റേററിലുണ്ടായ വെടിവെയ്പിനെ സംബന്ധിച്ച് ഒരു ജൂഡീഷ്യൽ എൻക്വയറി നടത്തണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കു് ഗവണ്മെൻറിനോട് ഈ അവസരത്തിൽ ചെയ്യുവാനുള്ളതു്.

ശ്രീ. എം. വി. ചെറിയാൻ: ഈ സംഗതിയെ സംബന്ധിച്ച് ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാർ അനവധി ഘട്ടങ്ങളിൽ പറഞ്ഞിട്ടുള്ളതാണ്. ഈ രാജ്യത്തെ പോലീസുസൈന്യം എപ്പോഴും നിരാശരായി കഴിഞ്ഞുകൂടുകയാണ് ചെയ്യുന്നതെന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. നീതിസമാധാനപാലനത്തിൽ

പോലീസുസൈന്യം ചെയ്യുന്ന പ്രവൃത്തികൾകൊണ്ടു് പലപ്പോഴും ഒരു വിഭാഗത്തിനു് വൈഷമ്യം തോന്നിയേക്കാം. അങ്ങിനെയുള്ള ഘട്ടങ്ങളിൽ നാം എന്താണു് ചെയ്യേണ്ടതെന്നുള്ളതിനെപ്പററി ഈ സഭ ഗാഢമായി ചിന്തിക്കേണ്ടതാണു്. ഇവിടെ പലരും പറയുകയുണ്ടായി, അരി ചോദിച്ചതിനു് സാധുക്കളായ ആളുകളുടെ നേരെ പോലീസുകാർ വെടിവെച്ചുവെന്നു്; അതിനുശേഷം അതിനെപ്പററി അന്വേഷിക്കുവാൻ ചെന്ന ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി, പോലീസുകാരെ പിൻതാങ്ങുന്ന ഒരു നടപടിയാണു് കൈക്കൊണ്ടിട്ടുള്ളതെന്നു് ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉന്നയിക്കുകയുണ്ടായി. അങ്ങിനെയാണെങ്കിൽ ഈ പോലീസുകാർ മാത്രമല്ല, ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രിപോലും ജനകീയഭരണത്തിൽനിന്നു പിരിഞ്ഞു പോകേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. അവിടെ അരി ചോദിക്കുവാൻ ചെന്ന ആളുകളെയല്ല വെടിവെച്ചതെന്നും, അവിടെ കുഴപ്പമുണ്ടാക്കുകയും അക്രമങ്ങൾ ചെയ്യുകയും, പോലീസുവാനിന്റെ നേരെ കല്ലെറിയുകയും മററും ചെയ്തുകൊണ്ടാണു് വെടിവെയ്ക്കേണ്ട ഒരു പരിതഃസ്ഥിതി സംജാതമായതു് എന്നുമാണു് ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി സമുചിതമായി പ്രസ്താവിച്ചതു്. അദ്ദേഹം അതിനെ സംബന്ധിച്ചു് ഒന്നുരണ്ടു പ്രാവശ്യം അന്വേഷിക്കുകയും ചെയ്തുവെന്നു പറഞ്ഞു. നമ്മുടെ സഭയുടെ നേതാവുതന്നെ ഈ സംഭവത്തെപ്പററി അന്വേഷിച്ച വിവരം ഈ സഭയിൽ പ്രസ്താവിക്കുകയുണ്ടായി. ഇതിൽപ്പരമായി എന്താണു് ചെയ്യേണ്ടതു്? ഈ സംഭവത്തെ സംബന്ധിച്ചു് ഇവിടത്തെ ജനപ്രതിനിധികളും മന്ത്രിമാരുംപോയി അന്വേഷിക്കുകയും, അതിനെ സംബന്ധിച്ചുണ്ടായ ചോദ്യങ്ങൾക്കുള്ള എല്ലാ ഉത്തരങ്ങളും ഈ സഭയുടെ മുമ്പിൽ വയ്ക്കുകയും ചെയ്തിരിക്കുമ്പോൾ പിന്നെയും പത്തുമല, പത്തുമല എന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ നാട്ടിൽ എവിടെയെങ്കിലും പോലീസിന്റെ കാരണത്താൽ കുഴപ്പങ്ങളുണ്ടായാൽ അതിനെക്കുറിച്ചു് ഗവണ്മെന്റു് ഒരു പ്രഥമാന്വേഷണം നടത്തേണ്ടതുണ്ടു്. അതിവിടെ നടത്തിക്കഴിഞ്ഞു. പോലീസുകാരുടെ പക്ഷംചേർന്നു് വാസ്തവസ്ഥിതിക്കെതിരായി പ്രവൃത്തിക്കേണ്ട യാതൊരാവശ്യവും ഭരണകൂടത്തിനില്ല. ഇതുവരെ അങ്ങനെ ഈ ഭരണകൂടം വർത്തിച്ചിട്ടില്ല. പൊതുജനങ്ങൾക്കു് ഗുണകരമായ കാര്യങ്ങൾക്കുവേണ്ടിയാണു് ഈ ഗവണ്മെന്റു്, ഈ ഗവണ്മെന്റിന്റെ ചുമതലയനുസരിച്ചു് അന്വേഷം നടത്തിയതിൽ കൂടുതലായി പിന്നെയെന്താണു് ഇതിൽ ചെയ്യുവാനുള്ളതു്?

ഈ അവസരത്തിൽ എനിക്കു വേറെ ഒരു കാര്യംകൂടി പറയുവാനുണ്ടു്. ഒരു കൂട്ടർ പോലീസുകാരുടെ നേരെ എപ്പോഴും ശത്രുമനോഭാവത്തോടുകൂടിയും അവരുടെ എല്ലാ കാര്യങ്ങളും എതിർക്കുവാൻവേണ്ടിയും പുറപ്പെടുന്നതായ ഒരു സമ്പ്രദായം കാണുന്നുണ്ടു്. പോലീസുകാർ വേണമെന്നു് പറയുന്നതോടൊപ്പംതന്നെ അവരുടെ അക്രമപരമായ പരിപാടികളെ നിഷേധിക്കേണ്ടതും ആവശ്യമായിരിക്കെ പിന്നെ എന്തിനാണു് അവർ ചെയ്യാത്ത കാര്യങ്ങൾപോലും ഈ സഭയിൽ കൊണ്ടുവന്നു കുഴയ്ക്കുന്നതു്? ഒരു ഭയങ്കരമായ ചിന്താക്കുഴപ്പത്തിൽനിന്നാണു് ഈ ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതു്. മജിസ്രേട്ടു് അവിടെ ഉണ്ടായിരുന്നു, വെടിവയ്ക്കത്തക്ക പരിതഃസ്ഥിതികൾ അവിടെയുണ്ടായി. മജിസ്രേട്ടിന്റെ ഉത്തരവനുസരിച്ചു് വെടിവച്ചതായിട്ടാണു് നമുക്കു് മനസ്സിലാക്കുവാൻ കഴിയുന്നതു്.

[ശ്രീ. എം. വി. ചെറിയാൻ]

പിന്നെ പാവപ്പെട്ട പോലീസുകാരുടെ മേൽ കുററംകണ്ടുപിടിക്കുവാൻ ശ്രമിക്കുന്നതെന്തിനു് ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഇതിനു ഒരു പരസ്യാന്വേഷണം നടത്തണമെന്നു മാത്രമാണു് പറയുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : എനിക്കു് ഒട്ടും മനസ്സിലാകുന്നില്ല പരസ്യാന്വേഷണം നടത്തണമെന്നാവശ്യപ്പെടുന്നതു് എന്തിനാണെന്നു്. രണ്ടു മന്ത്രിമാർകൂടി അവിടെപോയി ആ സംഭവത്തെക്കുറിച്ചു് കൂലങ്കഷമായി അന്വേഷിച്ചിട്ടുള്ളതുകൊണ്ടാണു് അതിന്റെ പശ്ചാത്തലത്തിൽ വേറൊരു അന്വേഷണംകൂടി നടത്തേണ്ട ആവശ്യമില്ലാത്തതു്. പോലീസുകാരുടെ അക്രമപരമായ യാതൊരു പരിപാടികളോടും യോജിക്കുന്ന ഒരു വ്യക്തിയല്ല ഞാൻ. അതുകൊണ്ടു് പോലീസുകാരെ സഹായിക്കുവാൻ വേണ്ടി പറയുകയല്ല. ഇതിനു അവരിൽ ഞാൻ കാണുന്നതായ ഒരു പ്രധാന ദൂഷ്യം ഇവിടത്തെ പോലീസുസൈന്യത്തിൽ ഒരു വമ്പിച്ച വിഭാഗം ആളുകളും വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവരെന്നുള്ളതാണു്. അതുകൊണ്ടു് സ്കൂൾഫൈനൽ പരീക്ഷയെങ്കിലും ഉള്ളവരെ പോലീസുസൈന്യത്തിൽ നിയമിച്ചാൽ കുറെക്കൂടി കാര്യക്ഷമമായ വിധത്തിൽ പ്രവർത്തിക്കുവാനുള്ള കഴിവു് അവർക്കുണ്ടായിരിക്കുന്നതാണു്.

രണ്ടാമതായി ഒരു സംഗതി പറയുവാനുള്ളതു് പോലീസുകാരുടെ ശമ്പളത്തെപ്പററിയാണു്. ഇന്നത്തെ നിലയിൽ കിട്ടുന്ന ശമ്പളംകൊണ്ടു് എങ്ങിനെയാണു് ഒരു പാവപ്പെട്ട പോലീസുകാരനു് സാമാന്യമായ തരത്തിൽ ജീവിതം നയിച്ചുകൊണ്ടുപോകുവാൻ സാധിക്കുന്നതു് ? അവരുടെ ശമ്പളത്തോതു് വളരെ കുറവാണെന്നു മാത്രമല്ല, ബഹുമാനപ്പെട്ട ഒരു മെമ്പർ സൂചിപ്പിച്ചതുപോലെ പോലീസുകാരെ ഉയന്ന ഉദ്യോഗസ്ഥന്മാരുടെ ദാസ്യവേലകൾക്കായി ഉപയോഗിക്കുന്നു എന്നും പറയുകയുണ്ടായി. അവരും ഈ രാജ്യത്തെ ശമ്പളക്കാരാണു്. അങ്ങിനെയുള്ള പോലീസുകാരെ ഉയന്ന ഉദ്യോഗസ്ഥന്മാരുടെ ദാസ്യവേലകൾക്കായി വിനിയോഗിക്കുന്നതു് വളരെ കഷ്ടമാണു്. അവരുടെ ഇന്നത്തെ ജീവിതത്തോതു് കണക്കാക്കിയാൽ ശമ്പളം വർദ്ധിപ്പിക്കേണ്ടതു് വളരെ അത്യാവശ്യമാണു്.

മൂന്നാമതായി പോലീസുകാക്കു് താമസിക്കുവാനുള്ള സൌകര്യങ്ങളുണ്ടാക്കേണ്ടതാണു്. അവക്കു് പോലീസുവളപ്പുകളിൽതന്നെ കുടുംബമായി താമസിക്കുന്നതിനുതകത്തക്ക കെട്ടിടങ്ങളുണ്ടാക്കുക തുടങ്ങിയുള്ള എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണു്. അങ്ങിനെയാണെങ്കിൽ അവരെല്ലാം നന്നാകുമെന്നാണു് എന്റെ വിശ്വാസം. പൊതുവായി പറയുകയാണെങ്കിൽ ജനകീയഭരണം നടത്തുന്നതിനും ജനങ്ങളുടെ സാമ്പത്തികക്ഷേമം പുലത്തുന്നതിനും ഈ വക കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതു് വളരെ അത്യാവശ്യമാണെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. ഏ. കുഞ്ഞൻനാടാർ : സർ, പോലീസ് ഡിപ്പാർട്ടുമെന്റിലെ അഴിമതികളെപ്പററിയും അവരുടെ അച്ചടക്കരാഹിത്യത്തെപ്പററിയും വളരെ പ്രസംഗങ്ങൾ ഇവിടെ കേൾക്കുകയുണ്ടായി. ഈ രാജ്യത്തു അഴിമതി നടക്കുന്നതു പോലീസുഡിപ്പാർട്ടുമെന്റിൽ മാത്രമല്ല എല്ലാ ഡിപ്പാർട്ടുമെന്റുകളിലും കണ്ടുവരുന്ന ഒരു പ്രത്യേകതയാണു്. പോലീ

സ്സുകാർ വാദിയോടും പ്രതിയോടും വാങ്ങും; മററുള്ളവർ ഒരാളിനോടെ വാങ്ങുകയുള്ളൂ എന്ന വ്യത്യാസമേയുള്ളൂ. ഇതിന കാരണക്കാർ ആരാണ് എന്നുള്ളതിനെപ്പററി നമുക്ക ആലോചിക്കേണ്ടതുണ്ട്. ഞാൻ പാവപ്പെട്ട കുറഞ്ഞ ശമ്പളക്കാരായ ക്ലാർക്കുമാരേയും, ശിപായിമാരേയും, പോലീസുകാരേയും കുററം പറയുന്നില്ല. അതിന അവരെ പ്രേരിപ്പിക്കുന്നതിനുള്ള പ്രധാന കാരണം അവരുടെ ശമ്പളക്കുറവാണെന്ന പറയുന്നതു കേട്ടു. പ്രധാന കാരണം അതല്ല. പ്രധാനമായി രണ്ടു കാരണങ്ങളാണുള്ളത്. ആദ്യത്തെ കാരണം സക്കാർ ഉദ്യോഗസ്ഥന്മാരെ രാഷ്ട്രീയരംഗത്തേക്ക പിടിച്ചിറക്കിയതാണ്. ഉത്തരവാദഭരണം ലഭിച്ചപ്പോൾ കാൺഗ്രസ്സുകാർ കാണിച്ച ആദ്യത്തെ തെററ് ഇതാണ്. അവർ പോലീസുകാരേയും മററ സക്കാർജീവനക്കാരേയും കാൺഗ്രസ്സിന വോട്ടു പിടിക്കാൻ ഉപയോഗിച്ചു. അതിൻെറ അനന്തരഫലമായി ഇന്ന എല്ലാ ഗവണ്മെൻറ് ആഫീസുകളിലും എല്ലാവിധ രാഷ്ട്രീയ പാർട്ടികളുമുണ്ട്. ഒരു പോലീസ് സ്റ്റേഷനിൽ പോയാൽ അവിടെ കാൺഗ്രസ്സ് കാൺസ്റ്റബിളുണ്ട്. കമ്മ്യൂണിസ്ററ കാൺസ്റ്റബിളുണ്ട്. ഐ. എസ്സ്. പി. കാൺസ്റ്റബിളുണ്ട്.

<u>ശ്രീ. ജെ. ററി. മൊറായിസ് :</u> സ്വതന്ത്ര കാൺസ്റ്റബിളുണ്ടോ ?

<u>ശ്രീ. എ. കുഞ്ഞൻനാടാർ :</u> ഈ രാജ്യത്തിൻെറ ഭാഗ്യംകൊണ്ടു അങ്ങനേയും കുറെ പേർ ഉണ്ട്. അതുകൊണ്ടുതന്നെയാണ് ഈ ഗവണ്മെൻറ് ഇത്രയെങ്കിലും നടന്ന പോകുന്നതും. (ചിരി). സക്കാരാഫീസുകളിൽ രാഷ്ട്രീയം കടന്നുകൂടിയാൽ അച്ചടക്കരാഹിത്യവും ഡിമാറലൈസേഷനും (demoralisation) ഉണ്ടാകാതിരിക്കാൻ സാദ്ധ്യമല്ല. സിവിൽ സർവ്വീസ് എല്ലാ രാഷ്ട്രീയങ്ങൾക്കും മുകളിലായിരുന്നില്ലെങ്കിൽ ഡെമോക്രസി വിജയിക്കുകയില്ല. ബ്രിട്ടീഷുമോഡൽ ഡെമോക്രസി നടക്കുന്ന സ്ഥലങ്ങളിൽ, ൨൪ മണിക്കൂറിനുള്ളിൽ മന്ത്രിസഭകൾ മാറിയേക്കാം. ഫ്രാൻസിൽ അതു തുടർന്നുവരുന്നുണ്ട്. അങ്ങിനെ മന്ത്രിസഭകൾ മാറിയാലും അവിടെ പാർട്ടിയോ ജാതിയോ ഇല്ലാതെ എക്സിക്യൂട്ടീവ് നിലനിൽക്കുന്നു എന്നു നമുക്ക കാണുവാൻ കഴിയും. അതുകൊണ്ടു ജനങ്ങൾക്ക ഒരു അരക്ഷിതാവസ്ഥ ഒരിക്കലും ഉണ്ടാകുന്നില്ല.

രണ്ടാമത്തെ കാരണം ഇവിടത്തെ ജാതിയും ഇവിടത്തെ സേവയും ആണ്. ഇവിടത്തെ ഏതു ആപ്പീസുകളിൽ പോയാലും അവിടെ ചില ക്ലിക്കുകൾ പ്രവർത്തിക്കുന്നതായി കാണാം. മന്ത്രിമാരുടെ കുറെ ആളുകൾ, ഡിപ്പാർട്ടുമെൻറമേലദ്ധ്യക്ഷന്മാരുടെ കുറെ ആളുകൾ, അവരുടെ ക്ലിക്കുകൾ ഏതാപ്പീസിലും കാണാം. ചിലതു ജാതിക്ലിക്കുകളും ചിലതു സേവ ക്ലിക്കുകളുമായിരിക്കും. ഏതു പോലീസ്സ്റ്റേഷനിലും കാണാം. ഏതൊരു ഡിപ്പാർട്ടുമെൻറിലേയും മൊറേൽ ശരിയായിരിക്കണമെങ്കിൽ അവിടെയുള്ള ജീവനക്കാർക്ക തൃപ്തിയുണ്ടായിരിക്കണം. കാൺഗ്രസ്സ് ഗവണ്മെൻറുകൾ വന്നശേഷം എം. എൽ. ഏ.മാർ മന്ത്രിമാരെ ഉപദ്രവിക്കുന്നു എന്നു പല പരാതികളും ഇവിടേയും വെളിയിലും കേട്ടിട്ടുണ്ട്. ഞാൻ പറയുന്നു മന്ത്രിമാർ ന്യായം നടത്തുമെന്നും, ന്യായമല്ലാതെ മറെറാന്നും ചെയ്യുകയില്ലെന്നും, എല്ലാവക്കും ഒരേ ന്യായം നിശ്ചയമായും ലഭിക്കുമെന്നും, ബോദ്ധ്യമുണ്ടെങ്കിൽ ഒരു എം. എൽ. ഏ.-യും അവരെ സമീപിക്കുകയില്ല എന്ന്. ന്യായം നടത്തുന്നവരിൽനിന്നു ന്യായം

[ശ്രീ. ഏ. കുഞ്ഞൻ നാടാർ]

ലഭിക്കുകയില്ല എന്നുള്ള കാരണം കൊണ്ടാണ് അവർ മന്ത്രിമാരെ സമീപിക്കുന്നതു്. കുററം ചെയ്യുന്നവരെ ശിക്ഷിക്കുന്ന കാര്യത്തിനു ഓരോ ജാതിക്കാർക്കും ഓരോ ആളുകൾക്കും ഓരോ നിയമവും ഓരോ തരവും പാലിച്ചുവരുന്നു. പ്രമോഷൻ കാര്യത്തിലും അതുതന്നെയാണ്. സേവക്കാർക്കും സ്വജാതിക്കാർക്കുമേ സ്ഥാനമുള്ളു എന്നു വന്നാൽ സംതൃപ്തി എങ്ങിനെയുണ്ടാകും. ൩൦ രൂപ ക്ലാർക്കായി വൈകുന്നേരം വീട്ടിൽ പോകുന്ന ഒരുവൻ ൨൭൫ രൂപ ശമ്പളത്തിൽ എല്ലാവരുടേയും മേലുദ്യോഗസ്ഥനായി കാലത്തു മടങ്ങിവരുന്നതാണ് നാം കാണുന്നതു്. ഇതാണ് സർവ്വീസിലെ അസംതൃപ്തിക്കു കാരണം. സർ, സർവ്വീസിലുള്ള എല്ലാവർക്കും സ്വാധീനമുള്ളവനും ഇല്ലാത്തവനും മന്ത്രിയുടെ ജാതിക്കാരനും അല്ലാത്തവനും ഒരേ ന്യായം ലഭിക്കുമെന്ന വിശ്വാസം അവർക്കുണ്ടായാൽ അസംതൃപ്തി ൫൦ ശതമാനം തീരും. മന്ത്രിമാർ ന്യായം പ്രവൎത്തിക്കുന്നവരാണ്, സത്യസന്ധന്മാരാണ്, ജനങ്ങൾക്കുവേണ്ടി കഴിവുള്ളതെല്ലാം അവർ ചെയ്യുന്നു എന്നു സാമാന്യ ജനങ്ങൾക്കു തോന്നിയാൽ ഇവിടത്തെ പട്ടിണി ൫൦ ശതമാനം അതുകൊണ്ടു തീരും. പോലീസ് ഡിപ്പാർട്ടുമെൻറിൽ ഒരു തമിഴ്മർദ്ദനം നടക്കുന്നുണ്ടു്. പോലീസ്മർദ്ദനത്തിനു പുറമെ വേറൊരു മർദ്ദനം. ഇവിടെയുള്ള തമിഴ് ഉദ്യോഗസ്ഥന്മാരെ, തിരുവിതാംകൂറിൽ തമിഴ്നാട്ടുവാദം ഉണ്ടായിട്ടുള്ളതുകൊണ്ടായിരിക്കണം, കഴിഞ്ഞ നാലു കൊല്ലക്കാലമായി മർദ്ദിക്കുന്നുണ്ടു്. ഭരണത്തിനകത്തിട്ടു അവരെ മർദ്ദിക്കുകയാണ്. ഈ മന്ത്രിസഭയെ ഞാൻ കുററം പറയുന്നില്ല. അവർക്കു സമയം ലഭിച്ചിട്ടില്ല. ഈ ഗവമെൻറിനു അതു പരിഹരിക്കുവാനുള്ള സന്ദർഭം ഇനിയും ഉണ്ടെന്നു ഞാൻ ഗവമെൻറിനെ അനുസ്മരിപ്പിക്കുന്നു. ഇതിനൊരു പരിഹാരം ഉണ്ടാവുക തന്നെവേണം. അതു പരിഹരിക്കണമെന്നു ഞാൻ യാചിക്കുകയല്ല, അപേക്ഷിക്കുകയല്ല, ആവശ്യപ്പെടുകയാണ് ചെയ്യുന്നതു്. തമിഴ്നാട്ട് ഉദ്യോഗസ്ഥന്മാർക്കു യാതൊരു ആളുടേയും അവകാശത്തെ ബലി കഴിച്ചു് യാതൊരു ആനുകൂല്യവും ആവശ്യമില്ല. ഗവമെൻറിനെ സേവിക്കുന്നിടത്തോളംകാലം അവർക്കു അർഹതയുള്ള പ്രമോഷനും ഉദ്യോഗവും നൽകുക തന്നെ വേണം. ഇന്നു തമിഴ്നാട്ട് കക്ഷിയിലെ ൮ അംഗങ്ങൾ ഭരണകക്ഷിയിൽപ്പെട്ടിട്ടുണ്ടു്. ഒരു മന്ത്രിയും ഉണ്ടു്. ഏതു പരിതഃസ്ഥിതിയിലാണ് അവർ ഗവമെൻറുമായി സഹകരിച്ചതെന്നു ബഹുമാനപ്പെട്ട ഭരണകക്ഷി മനസ്സിലാക്കേണ്ടതാണ്. തിരുവിതാംകൂറിൽ തമിഴ്നാട്ടിൻെറ പതിനഞ്ചുലക്ഷം ജനങ്ങളുടെ വിപ്ലവാസക്തി ൨൦൦ ഡിഗ്രി വരെ ഇളക്കി വിട്ടതിനുശേഷമാണ് അവർ ഭരണകക്ഷിയോടു ചേർന്നിരിക്കുന്നതു്. ഇവിടത്തെ തമിഴ് ഉദ്യോഗസ്ഥന്മാർക്ക് നീതി ലഭിക്കുന്നില്ലാ എങ്കിൽ നാട്ടുകാർ പറയും നിങ്ങൾ വെളിയിൽ ഇറങ്ങണം എന്നു്. അപ്പോൾ ബഹുമാനപ്പെട്ട തമിഴ് മന്ത്രിസഹിതം പുറത്തു ഇറങ്ങുമെന്നും, ഇറങ്ങണമെന്നും ഞാൻ പറയുന്നു. ഞാൻ ഈ സംഗതിയിൽ മന്ത്രിസഭയ്ക്കു മുന്നറിയിപ്പു നൽകുകയാണ്.

സർ, ഇവിടെ മർദ്ദനം മർദ്ദനം എന്നു കേൾക്കുകയുണ്ടായി. മർദ്ദനം എന്ന വാക്കു ഒരു തെററായ അൎത്ഥത്തിൽ ഉപയോഗിക്കുന്നു എന്നാണ് എൻെറ അഭിപ്രായം. നമ്മുടെ നേരെ ഒരുവൻ ബലം പ്രയോഗിക്കുവാൻ വരുമ്പോൾ നാം അവൻെറ നേരെ കൂടുതൽ ബലം പ്രയോഗിച്ചു്

അവരെ കീഴടക്കുന്നുണ്ടെങ്കിൽ അതു മർദ്ദനമാകുമോ എന്നാണ് എന്റെ ചോദ്യം. പോലീസിന്റെ നേരെ കഠാരിയും കുന്തവും കൊണ്ടു ചാടുമ്പോൾ പോലീസുകാർ അവരോടു രാമായണവും ബൈബിളും വായിച്ചു കേൾപ്പിക്കണമെന്നാണോ ഇക്കൂട്ടർ പറയുന്നത്? അക്രമത്തെ അക്രമംകൊണ്ടും മര്യാദയെ മര്യാദകൊണ്ടും യോഗ്യതയെ യോഗ്യതകൊണ്ടും നേരിടാനുള്ള ഒരു പരിതഃസ്ഥിതി ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകണമെന്നാണ് എനിക്കു പറയുവാനുള്ളത്. അത് അവർ ദൃഢനിശ്ചയത്തോടും തന്റേടമായും ചെയ്യണം.

പോലീസിന്റെ കൊള്ളരുതായ്മയെപ്പററി പറയുകയാണെങ്കിൽ വളരെ അധികം പറയാനുണ്ട്. കഴിഞ്ഞ നാലുകൊല്ലമായി അനവധി കള്ളനോട്ടു കേസുകൾ ഇവിടെ ഉണ്ടായിട്ടുണ്ട്. അതിൽ ഏതെങ്കിലും ഒരു കേസ് ശിക്ഷിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അതിനു കാരണക്കാർ ആരാണ്. ആൻറികറപ്ഷൻ ഡിപ്പാർട്ടുമെൻറാണെങ്കിൽ അതും അങ്ങനെതന്നെയാണ്. സി. ഐ. ഡി. യാണെങ്കിൽ അതും അങ്ങനെതന്നെയാണ്. ഇവിടത്തെ ഗവണ്മെൻറിന്റെ പ്രവൃത്തികളെ വാച്ചുചെയ്യുവാൻ കേന്ദ്രഗവണ്മെൻറിന്റെ സി. ഐ. ഡി.ക്കാർ ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നു എനിക്കു മനസ്സിലാക്കുവാൻ ഇടയായിട്ടുണ്ട്.

പേരൂർ കേസു വളരെ ഒച്ചപ്പാടുകൾ ഉണ്ടാക്കിട്ടുള്ള ഒന്നാണ്. പൊതുജനാഭിപ്രായത്തെ ആദരിച്ച് ഗവണ്മെൻറ വലുതായ ഒരു അന്വേഷണം നടത്തി. ഒരുയർന്ന പോലീസുദ്യോഗസ്ഥനെ അതിനു സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിച്ചു. ആ കേസ്സിന്റെ അന്വേഷണത്തിനു അനേകായിരം ഉറുപ്പിക ഗവണ്മെൻറ ചിലവാക്കി. ആ കേസു ഇതുവരെ അവസാനിച്ചിട്ടില്ല. സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ച ഉദ്യോഗസ്ഥനെ അവിടെനിന്നു പിൻവലിച്ചു ഒരു ഇൻസ്പെക്ടറെയോ ഒരു ഹെഡ്കാൺസ്റ്റബിളിനെയോ ആ കേസ് നടത്തിപ്പു ഏല്പിക്കുവാൻ പോകുന്നു എന്നു കേൾക്കുന്നു. കേസു മുഴുവൻതന്നെ പിൻവലിക്കാൻ പോകുന്നതായും കേൾക്കുന്നു. ഈ ഭീമമായ തെററ് ഗവണ്മെൻറ് ചെയ്യരുതെന്നു ഞാനപേക്ഷിക്കുന്നു. സർ, ഞാൻ പറയുന്നു സർക്കാർ സർവ്വീസിലുള്ളവർ ആരായിരുന്നാലും അവർക്ക് നീതി ലഭിക്കും ന്യായം ലഭിക്കുമെന്നു ബോദ്ധ്യമുണ്ടെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിലെ ഡിമോറലൈസേഷൻ മാറുന്നതാണ്. ഇവിടത്തെ മന്ത്രിസഭ ന്യായം ചെയ്യുന്നുണ്ട്, ജാതി ചിന്തിക്കാതെ പ്രവർത്തിക്കുന്നുണ്ട്, സേവ നോക്കാതെ പ്രവർത്തിക്കുന്നുണ്ട് എന്ന ബോദ്ധ്യം പട്ടിണിക്കാരായ ഈ നാട്ടുകാർക്ക് ഉണ്ടാക്കണം. അതാണു മന്ത്രിസഭയുടെ ആദ്യത്തെ കർത്തവ്യം. മന്ത്രിസഭയെ എനിക്കു ഉൽബോധിപ്പിക്കുവാനുള്ളത് നീതി ചെയ്യണമെന്നാണ്. തമിഴ്നാട്ട് ഉദ്യോഗസ്ഥന്മാരോട് ചെയ്യുന്ന അനീതി പരിഹരിക്കപ്പെടണം. അവരോടു അനീതി ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതു ഈ മന്ത്രിസഭയെ തകിടം മറിക്കാനുള്ള ഒരു ഗൂഢതന്ത്രമാണെന്നുവേണം മനസ്സിലാക്കാൻ. മന്ത്രിസഭയെ തകിടം മറിക്കാനുള്ള ചില സംരംഭങ്ങൾ നടക്കുന്നുണ്ടെന്നും ഞാൻ മുന്നറിവു നൽകുന്നു. സർ, തമിഴരോടു നീതി ചെയ്യണമെന്ന് വീണ്ടും അപേക്ഷിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഇവിടെ പോലീസിന്റെ പ്രവൃത്തിയെപ്പററി പ്രതിപക്ഷത്തുനിന്നും ഉണ്ടായ വിമർശനങ്ങൾക്കു മറുപടി

[ശ്രീ. ടി. കെ. ദിവാകരൻ.]

യായി കാൺഗ്രസ്സ് ബഞ്ചിൽനിന്നും പോലീസിന്റെ സേവനങ്ങളെപ്പററി പല സ്തുത്യർഹമായ പ്രസ്താവനകൾ ചെയ്യുകയുണ്ടായി. ശ്രീ. ആർ. കേശവൻനായർ പോലീസ് മർദ്ദനത്തിന്നു ഇരയായ കോട്ടാത്തല സുരേന്ദ്രന്റെ കഥയേയും ആ സംഭവത്തിൽപെട്ടു മരിച്ച ഒരു പോലീസുകാരന്റെ കാര്യവും ഇവിടെ പറഞ്ഞു. അദ്ദേഹം ഒരു വക്കീലാണ്. ഇങ്ങിനെയുള്ള കേസുകളിൽ കോടതിയിൽ പോയി വാദിക്കുന്ന അദ്ദേഹം എന്തിനുവേണ്ടിയാണ് ക്രിമിനൽ പ്രൊസീഡ്യവർകോഡും മററു നിയമങ്ങളും ഉണ്ടാക്കിയിട്ടുള്ളതു് എന്ന കാര്യത്തെ വിസ്മരിച്ചു കൊണ്ടാണ് പ്രസംഗിച്ചിട്ടുള്ളതു്. കോട്ടാത്തല സുരേന്ദ്രൻ പോലീസിന്റെ നേരെ കുററം ചെയ്തിട്ടുണ്ടെങ്കിൽ ആ കുററത്തെപ്പററി വിധിയെഴുതേണ്ടതു് നീതിന്യായകോടതിയാണ്. അങ്ങിനെയുള്ള കോടതിയേയും നിയമത്തേയും ധിക്കരിച്ചുകൊണ്ടാണോ വിധിയെഴുതേണ്ടതു് എന്നു ഞാൻ ചോദിക്കുന്നു. ഒരാൾ തെററു ചെയ്തിട്ടുണ്ടെങ്കിൽ അയാളെ ൨൪ മണിക്കൂറിനുള്ളിൽ തല്ലിക്കൊല്ലണമെന്നാണോ അദ്ദേഹം പറയുന്നതു്. പോലീസിനു അതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കുന്നതിന്നു പോലീസിന്റെ കൈകൾക്കു കരുത്തു കൊടുക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളതു്. ഇത്തരം പ്രവൃത്തികൾക്കു പോലീസിനെ പ്രോത്സാഹിപ്പിക്കുവാൻ ഒരുമ്പെടുകയാണെങ്കിൽ ഒരു കാര്യമാണ് എനിക്കു പറയുവാനുള്ളതു്. ഈ നിയമങ്ങൾ എല്ലാം മാററിവയ്ക്കുക. ജയിലുകളെല്ലാം മാററിവയ്ക്കുക, എന്നിട്ടു ജനങ്ങൾ ഗവണ്മെൻറിന്റെ നേരെ കുററം ചെയ്താൽ അതിന്നുപകരം ജനങ്ങളുടെ നേരെ കുററം ചെയ്യുവാനുള്ള അധികാരം പോലീസിനു കൊടുക്കുക, ഇതിന്നാണോ അദ്ദേഹവും അദ്ദേഹത്തിന്റെ കക്ഷിയും തയ്യാറാകുന്നതു് എന്നാണ് ഞാൻ ചോദിക്കുന്നതു്. ഒരു നിയമജ്ഞനായ അദ്ദേഹം ഈ സഭ മുമ്പാകെ പോലീസിന്റെനേരെ കുററം ചെയ്യുന്നതുകൊണ്ടാണ് പോലീസു അക്രമം നടത്തുന്നതെന്നു പറയുവാൻ തയ്യാറായതിൽ ഞാൻ ഖേദിക്കുന്നു. ഞങ്ങളുടെ ഭാഗത്തുനിന്നും പല തെററുകളും വന്നേക്കാം, പല ആളുകളും പലതും ചെയ്തു എന്നു വന്നേക്കാം. അതോടുകൂടി ഭയങ്കരമായ പോലീസുമർദ്ദനങ്ങൾ ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടന്നിട്ടുണ്ടു് എന്നുള്ള വസ്തുതയും ആക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ല. കോടതിയുടെ അധികാരം പോലീസു എടുക്കുന്നതിനെയാണ് ഞങ്ങൾ പോലീസ് മദ്ദനം എന്നു പറയുന്നതു്. ഇവിടെയുള്ള കോടതികളുടെ ചുമതല പോലീസുകാർ ഏറെറടുക്കുന്നുണ്ടു്. മജിസ്ട്രേട്ടിന്റെ അനുവാദം കൂടാതെ വരാന്തത്തടവും, ലോക്കപ്പുതടവും കൂടാതെ മററു പല ശിക്ഷകളും പോലീസു കൊടുക്കുന്നുണ്ടെന്നു അദ്ദേഹത്തിന്നു് അറിയാം. പത്തുമല സംഭവത്തെപ്പററി ഒരു പരസ്യാന്വേഷണം നടത്തണമെന്നു് പറഞ്ഞതിന്നു് രണ്ടു മന്ത്രിമാർ അവിടെ പോയി അന്വേഷിച്ചു, അതിൽ കൂടുതൽ എന്തുവേണമെന്നു ചോദിച്ചു. നിങ്ങൾ ജനാധിപത്യത്തെ സംബന്ധിച്ചു് വളരെയേറെ പ്രസംഗിക്കാറുണ്ടു്. ജനാധിപത്യത്തിലുള്ള വിശ്വാസത്തിന്റെ അടിത്തറയുടെ ആണിക്കല്ലു് പറിച്ചെറിയുന്ന വിധത്തിലുള്ള ഒരു പ്രസ്താവനയല്ലേ പത്തുമല സംഭവത്തെപ്പററി ഇവിടത്തെ പോലീസുമന്ത്രി ചെയ്തതു് എന്നു ഞാൻ ചോദിക്കുന്നു. പത്തുമലസംഭവത്തിൽ പോലീസു എടുത്ത നടപടി ശരിയാണെന്നു പല ആളുകളും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടെന്നും അതുകൊണ്ടു് ആ കാര്യത്തിൽ ഒരു പരസ്യാന്വേഷണത്തിന്റെ ആവശ്യമി

ല്ലെന്നും ആഭ്യന്തരകാര്യമന്ത്രി ഇവിടെ പറഞ്ഞു. ആ സംഭവത്തെപ്പററി അനുമോദിച്ചുകൊണ്ടുള്ള അഭിപ്രായം ആരെങ്കിലും അദ്ദേഹത്തിനു എഴുതി അയച്ചിട്ടുണ്ടെങ്കിൽ അതിൽ ഒരെണ്ണം ഈ സഭയിൽ ഹാജരാക്കുവാൻ ഞാൻ ആ മന്ത്രിയെ വെല്ലുവിളിക്കുന്നു. അദ്ദേഹം അതിനു ഒരുങ്ങാതെ അദ്ദേഹം ഒരു സ്വേച്ഛാധിപതിയുടെ നിലയിലിരുന്നുകൊണ്ട്, നിശ്ചലനായി, അക്ഷോഭ്യനായി, പോലീസിൻെറ മോറേലിനെ ബാധിക്കുന്ന ഒരു കാര്യമായതുകൊണ്ട് പത്തുമലസംഭവത്തെപ്പററി പരസ്യാന്വേഷണം നടത്തുവാൻ സാദ്ധ്യമല്ലെന്നു പറഞ്ഞു. എന്തുകൊണ്ട് ഈ വെല്ലുവിളി സ്വീകരിച്ച് ഈ സംഭവം ഒരു ജുഡീഷ്യൽ എൻക്വയറിക്കു വിടുവാൻ അദ്ദേഹം തയ്യാറാകുന്നില്ല എന്നാണ് ജനാധിപത്യമര്യാദയെ പാലിച്ചുകൊണ്ട് ഞങ്ങൾ ചോദിക്കുന്നതു്. സ്വേച്ഛാധിപത്യത്തെക്കുറിച്ച് പറയുമ്പോൾ കുമാരനാശാൻെറ ഒരു പദ്യമാണ് എനിക്ക് ഓർമ്മ വരുന്നതു്.

ഹാ! ഹാ! നിർമ്മലനീതിപീഠവരമേ നിന്മേൽ ദുരാത്മാവൊരാൾ
സാഹങ്കാരമിരിപ്പതെങ്ങനെ സഹിച്ചീടേണ്ടു കഷ്ടീജനം
മോഹിച്ചാലിനി യജ്ഞപീഠമതിലേറാം ഹീനനാം ശൌനികൻ
മോഹിക്കാം പതിദേവതതൻ പൂമെത്ത ധൂർത്തൻ വിടൻ.

ഈ ജനാധിപത്യകാലത്തു് അതിൻെറ ഉന്നതമായ നിയമത്തിൻെറയും സമാധാനത്തിൻെറയും ചുമതല വഹിക്കുന്ന മന്ത്രി മൂന്നുനാലു ആളുകളെ കൊന്ന പത്തുമല സംഭവത്തിൽ പോലീസ് എത്ര ചുററ വെടി വച്ചു എന്നുപോലും ഈ സഭയിൽ വെളിപ്പെടുത്തുവാൻ മടിക്കുന്നു. അതിൻെറപേരിൽ ശബ്ദമുയർത്തിയ ശ്രീ. കരുണാകരനോട്ട് എനിക്കു പറയുവാനുള്ളതു് ഒരു കാര്യമാണ്. അദ്ദേഹത്തിന് ജനാധിപത്യത്തിൽ വിശ്വാസമുണ്ടെങ്കിൽ ഈ ഒരൊററ കാര്യത്തിൻെറ അടിസ്ഥാനത്തിൽ അദ്ദേഹം പ്രതിപക്ഷകക്ഷിയോടു ചേരുകയാണ് വേണ്ടതു്. അതുചെയ്യാതെയാണ് അദ്ദേഹം കാൺഗ്രസ്സിനുവേണ്ടി താങ്ങും തണലുമായി നിന്നുകൊണ്ട് പത്തുമല സംഭവത്തിൽ ഒരു പരസ്യാന്വേഷണം വേണമെന്നു പറയുന്നതു്. കാൺഗ്രസ് ബഞ്ചിൽ ഇരിക്കുന്ന ആളുകളെ ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്.

സർ, ഈ ഭാഗത്തിരിക്കുന്ന ആളുകൾ ഈ നാട്ടിലെ കാറും കോളും നിറഞ്ഞ രാഷ്ട്രീയാന്തരീക്ഷത്തിൽക്കൂടി കടന്നുവന്നിട്ടുള്ളവരാണ്. കാറും കോളും നീങ്ങി നല്ല നിലാവുള്ളപ്പോൾ ഓടിക്കളിക്കുന്ന കുഞ്ഞാടുകൾക്കു ഇതെല്ലാം ഒരു നേരമ്പോക്കുകളായിരിക്കാം. സർ, ഞങ്ങൾ ഈ ദുരിതങ്ങളെല്ലാം സഹിച്ചപ്പോൾ ഞങ്ങൾക്കും ഈ നാട്ടിലെ ജനങ്ങൾക്കും പോലീസിൽനിന്ന് ഭേദമായ ഒരു പെരുമാററം കിട്ടുമെന്ന് ഞങ്ങൾ ആശിച്ചു. ഇവിടെ കാൺഗ്രസ്ബഞ്ചിൽനിന്നു ചിലർ ഞങ്ങളിൽപ്പെട്ട ഒരാളിനെ മന്ത്രവാദി എന്നു പറയുകയുണ്ടായി. അതു് ശരിയാണ്. ഞങ്ങൾ മന്ത്രവാദികളായിട്ടാണ് ഇവിടെ വന്നിരിക്കുന്നതു്. ഇവിടത്തെ ഭരണകൂടത്തിൽ കടന്നുകൂടിയിട്ടുള്ള കാളിക്കൂളിപ്രേതപിശാചുക്കളെ ഹോമിച്ചെററിയുവാനാണ് മന്ത്രവാദവുമായി ഞങ്ങൾ ഇവിടെ വന്നിരിക്കുന്നതു് എന്ന് അദ്ദേഹത്തെ അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

സർ, നമ്മുടെ സംസ്ഥാനത്തെ മുതലെടുപ്പിൻെറ ൹ ശതമാനത്തോളം ഈ ഡിപ്പാർട്ടുമെൻറിൻെറ ആവശ്യത്തിലേക്കായി നീക്കിവച്ചിരിക്കയാണ്. കഴിഞ്ഞ കൊല്ലത്തെക്കാൾ ഈ കൊല്ലത്തിൽ ൧൪ ലക്ഷം രൂപ

[ശ്രീ. ടി. കെ. ദിവാകരൻ]

യോളം കൂടുതലായി ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. എന്നാൽ പോലീസുകാരനു എട്ടണയെങ്കിലും ഒരു ശമ്പളക്കൂടുതൽ കൊടുക്കുന്ന കാര്യത്തെപ്പററി യാതൊന്നുംതന്നെയില്ല. രാജ്യത്തു പോലീസുകാരനിൽനിന്നും അഴിമതിയും കൈയ്ക്കൂലിയും കുറയണമെന്നു ഗവണ്മെൻറിനു മനോഭാവമുണ്ടെങ്കിൽ അതിനു ചെയ്യേണ്ടതു് ഇവരുടെ ശമ്പളം അല്പംകൂടി കൂട്ടിക്കൊടുക്കുകയാണു്. ആ കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുന്നതായി കാണുന്നില്ല. തൻമൂലം പോലീസ്സുകാർ പല കാര്യങ്ങളിലും കൈകടത്തുകയാണു ചെയ്യുന്നതു്. ഇവരിൽനിന്നും ഉണ്ടാകുന്ന ഉപദ്രവങ്ങളെപ്പററി പല മെമ്പറന്മാരും പരാതിപ്പെടുകയുണ്ടായി. ഇതിനു മുൻപും പരാതിപ്പെട്ടിട്ടുള്ളതാണു്. എന്നിട്ടും യാതൊരു വ്യത്യസ്ഥനിലയും ഞാൻ കാണുന്നില്ല. ദിവസങ്ങൾ കഴിയുന്തോറും അഴിമതി വദ്ധിക്കുന്നു എന്നുള്ളതിൽ കവിഞ്ഞു് യാതൊരു മാററവും ഇതുവരെ ഉണ്ടായതായി കാണുന്നില്ല. സർ, ഇക്കഴിഞ്ഞയാഴ്ചയിൽ ഹരിപ്പാട്ടു രണ്ടു ബസ്സ്തൊഴിലാളികളെ മൃഗീയമായ വിധത്തിൽ പോലീസ്സുകാർ ദേഹോപദ്രവം ചെയ്യുകയുണ്ടായി. ഈ കാര്യത്തെപ്പററി ഒരന്വേഷണവും ഇതുവരെ നടത്തിയിട്ടില്ല. അതേസമയത്തുതന്നെ കാത്തികപ്പള്ളിയിൽ ഒരു സാധു യുവതിയെ മാനഭംഗപ്പെടുത്തിയ പ്രതികൾ ഇന്നും നിർബാധമായി കൊല്ലത്തു വിഹരിക്കുകയാണു്. ഈയിടെ സ്വരാജ് ബോട്ടിൽ യാത്രചെയ്ത ഒരു യുവതി സംശയാസ്പദമായ രീതിയിൽ മരണമടഞ്ഞു. ഇതെല്ലാം കായംകുളം സക്കിൾ ഇൻസ്പെക്ടരുടെ അധികാരാതിത്തിയിലാണു നടന്നതു്. ഈ വക കാര്യങ്ങളെപ്പററി നാട്ടുകാരുടെ ഇടയിൽ വളരെ പ്രതിഷേധം ഉണ്ടായിട്ടും യാതൊരു പരിഹാരവും ഇതുവരെ ഉണ്ടായിട്ടില്ല. ഈ കാര്യങ്ങളിൽ ഇവിടത്തെ ചില ഉദ്യോഗസ്ഥന്മാർക്കൂടി ഇടപെട്ടു് അന്വേഷണത്തിനെ ദുർബലമാക്കിക്കൊണ്ടിരിക്കുന്നു എന്നാണു് ഞങ്ങൾക്കു കിട്ടിയ അറിവു്. (ബെൽ)

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സർ, ഈ സഭയിൽ ഇതുവരെ നടന്നിട്ടുള്ള പ്രസംഗങ്ങളിൽനിന്നും വിഭിന്നമായ ഒരു പ്രസംഗമാണു് എൻേറതു്. എല്ലാ ആളുകളും ലാക്കപ്പു മർദ്ദനത്തെക്കുറിച്ചാണു് സംസാരിച്ചതെങ്കിൽ എനിക്കു് അതിനെക്കുറിച്ചല്ല സംസാരിക്കുവാനുള്ളതു്. പൊതുനിരത്തുകളിലിട്ടും ആളുകളെ മർദ്ദിക്കുന്നതിനെക്കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്. എല്ലാ ആളുകൾക്കും സ്വന്തം നാട്ടിനോടു് പ്രത്യേക മമത ഉണ്ടായിരിക്കും. അതനുസരിച്ചു പോലീസ്സുവകുപ്പു മന്ത്രിക്കും അദ്ദേഹത്തിൻെറ സ്വന്തം നാടായ കായംകുളത്തിനോടു് പ്രത്യേക സ്നേഹമുള്ളതുപോലെയാണു് അവിടെയുള്ള പോലീസ്സിൻെറ പെരുമാററം. സർ, കായംകുളം പോലീസ്സ് സബ് ഇൻസ്പെക്ടരും, സക്കിൾ ഇൻസ്പെക്ടരും കുറേക്കാലങ്ങളായി അവിടെ നടത്തിവരുന്ന അനാശാസ്യനടപടികളെ സംബന്ധിച്ചു് അതാതവസരങ്ങളിൽ ഞങ്ങൾ പോലീസ് മേലധികാരികളെ വിവരം അറിയിച്ചിട്ടുള്ളതാണു്. ൧൧൨൭ വൃശ്ചികം ൫-ാംതീയതിയാണു് സബ് ഇൻസ്പെക്ടർ ഈ മർദ്ദനമുറകൾ തുടങ്ങിയതു്. മർദ്ദനത്തിൻെറ ഒരു നീണ്ട പട്ടിക എനിക്കും ഈ സഭയുടെ അറിവിനായി വയ്ക്കേണ്ടിയിരിക്കുന്നു. വൃശ്ചികം ൫-ാംതീയതി രണ്ടു ബസ്സ് തൊഴിലാളികളെ അകാരണമായി സബ് ഇൻസ്പെക്ടർ ഓച്ചിറവച്ചു് മർദ്ദിച്ചു. വൃശ്ചികം ൧൨-ാം തീയതി ഓച്ചിറ തടിച്ചുകൂടിയിരുന്ന ഭക്തജനങ്ങളുടെമേൽ ലാത്തിച്ചാർജ്ജ്

നടത്തി. സർ, അതിനുശേഷമാണു ഒരു ഹൈദ്രോസ്‌കുഞ്ഞിനെ മർദ്ദിച്ചവശനാക്കി ലാക്കപ്പു ചെയ്തതു്. മുന്നറിയിപ്പുകൂടാതെ ആ അവസരത്തിൽ സ്ഥലത്തു വന്നുചേർന്ന ആലപ്പുഴ എ. എസ്. പി.യെ പ്രസ്തുത ഹൈദ്രോസ്‌കുഞ്ഞിനെ കാണിക്കാതെ ലാക്കപ്പിനു പുറത്തുകൊണ്ടുപോയി ഈ സബ് ഇൻസ്പെക്ടർ ഒളിച്ചുവയ്ക്കുകയാണു ചെയ്തതു്. ഈ സംഭവത്തെ പ്രതിഷേധിക്കുവാൻ കൂടിയ ഒരു യോഗത്തിൽ പ്രസംഗിച്ചു എന്നുള്ള കാരണത്താൽ പെരുങ്ങാലാ ലീഗ് മഹല്ലാ യൂണിയൻ സെക്രട്ടറിയായ മി. സലാവുദീനേയും, കായംകുളം ഐക്യമുന്നണി കൺവീനറും ഒരു പൊതുകാര്യപ്രസക്തനുമായ മി. പി. റി. തയ്യിലിനേയും മർദ്ദിച്ചു. ഈ വിവരം ഞങ്ങൾ ഐ. ജി.യെ അറിയിച്ചതനുസരിച്ചു് ഐ. ജി. നാടകീയമായ രീതിയിൽ ഒരു അന്വേഷണം മാത്രമാണു നടത്തിയതു്. ജൂലൈ ൨-ാംതീയതി സബ് ഇൻസ്പെക്ടർ പബ്ലിക്കു റോഡിൽവച്ചു് പലരേയും അകാരണമായി മർദ്ദിച്ചു. മർദ്ദനത്തിനു വിധേയനായ ഒരു കൊച്ചുകിട്ടനാശാരി ഇന്നും ആശുപത്രിയിലാണു്. കായംകുളം ആശുപത്രിയിൽ പ്രവേശനം കൊടുക്കരുതെന്നും പറഞ്ഞു് സബ് ഇൻസ്പെക്ടർ രണ്ടുദിവസം ആശാരിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കാതെയുമിരുന്നു. ഈ കുറ്റമർദ്ദനങ്ങൾക്കുള്ള കാരണം—ഒരാൾ വിളിച്ചിട്ടു നിന്നില്ല; മറെറാരാൾ സൈക്കിളിൽ യാത്ര ചെയ്തു; വേറൊരാൾ പാടി; ഒരാൾ ഉറക്കെ സംസാരിച്ചു. ഇതെല്ലാം കുറ്റകരമാണെങ്കിൽ റോഡിലിട്ടു തല്ലാതെ ലാക്കപ്പിൽ കൊണ്ടുപോയി തല്ലിയാൽ മതിയായിരുന്നു. കഴിഞ്ഞ ഒരുദിവസം ഒരു സ്ത്രീയെ ലാക്കപ്പു ചെയ്തു തല്ലി അവശയാക്കിയിട്ടുണ്ടു്. ഈ അഹങ്കാരമെല്ലാം കാണിക്കുന്നതു് അവിടത്തെ സർക്കിൾ ഇൻസ്പെക്ടരുടെ സഹായത്തോടുകൂടിയാണു്. അദ്ദേഹത്തിനു തൊട്ടതിനെല്ലാം വകുപ്പുണ്ടെന്നാണു പറയുന്നതു്. കൂടാതെ സബ് ഇൻസ്പെക്ടർ ശ്രീ. കുമ്പളത്തിന്റെ ഒരു ബന്ധുവാണെന്നാണു ചിലരെല്ലാം പറയുന്നതു്. സർ, ഈ കള്ളക്കേസ്സുണ്ടാക്കുന്നതിനു് ഏററവും വിരുതനാണു് കായംകുളം സബ് ഇൻസ്പെക്ടർ. തിരുവിതാംകൂർ-കൊച്ചിയിൽ കള്ളക്കേസ്സുണ്ടാക്കുന്നവർക്കു് ചാമ്പ്യൻകപ്പു് കൊടുക്കാൻ മന്ത്രി ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതു് ഈ സർക്കിൾ ഇൻസ്പെക്ടർക്കു കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം.

Shri R. Kesava Pillai: On a point of order, Sir. These remarks are made against one Chellappan Nair, Inspector of Police. Is it fair on the part of the hon. Member to make such remarks, when the aggrieved gentleman has no chance to answer the charges made against him?

Mr. Speaker: I was just tolerating that because I thought that would help to advance the hon. Member's argument. But even without mentioning names, the hon. Member could very effectively make his point. Therefore, if it is not highly necessary, names of individuals should not be mentioned during discussions.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സർ സി. പി. ഭരിച്ച കാലത്തു്, കാൺഗ്രസ്സിന്റെ സമരകാലത്തു്, ഇതുപോലെ പല കള്ളക്കേസ്സുകളും ഉണ്ടായിട്ടുണ്ടു്. അന്നു് ഒരു റേഷൻകടക്കാരന്റെ ൧൭ ചക്രം പിടിച്ചുപറിച്ചു എന്നു പറഞ്ഞുണ്ടാക്കിയ കള്ളക്കേസിൽ സഖാവു് ചെങ്ങാര്

[ശ്രീ. കുട്ടപ്പൻ കോയിക്കൽ.]

പ്പള്ളി നാരായണൻ പോററി, സഖാവ് തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള, മലയാളരാജ്യം പത്രത്തിന്റെ തിരുവനന്തപുരം പ്രതിനിധി മിസ്റ്റർ. ചെല്ലപ്പൻപിള്ള ഇങ്ങനെയുള്ള മുപ്പതോളം ആളുകൾ പ്രതികളായിരുന്നു. അതുപോലെയാണ് സർ, കായംകുളം പച്ചത്തൊണ്ടു തൊഴിലാളി സമരകാലത്ത് സർക്കിൾ ഇൻസ്പെക്ടരുണ്ടാക്കിയ കള്ളക്കേസ്സ്. പട്ടാപ്പകൽ ഉച്ചയ്ക്ക് ഒരു വള്ളം പച്ചത്തൊണ്ടും രൂപയും പിടിച്ചു പറിച്ചെന്നു പറഞ്ഞു അൻപതോളം ആളുകളെ ചേർത്തു ഒരു കള്ളക്കേസ്സ് എടുത്തിട്ടുണ്ട്. സർ, ആ കേസിലെ ഒരു പ്രതി ഈ പിടിച്ചുപറി നടക്കുന്ന സമയം ആലപ്പുഴ ഫസ്ററ്ക്ലാസ് മജിസ്ട്രേട്ടുകോടതിയിൽ മറെറാരു കേസിനു മൊഴികൊടുത്തുകൊണ്ടിരിക്കയായിരുന്നു. ഇങ്ങനെ പല കള്ളക്കേസ്സുകളും സർക്കിൾ ഇൻസ്പെക്ടർ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഈ വിദഗ്ദ്ധനു ആ കാലത്തു എരുവയിൽ നടന്ന ഒരു കൊലക്കേസിനെ സംബന്ധിച്ചു അന്വേഷണം നടത്തി കുററക്കാരെ കണ്ടുപിടിക്കുന്നതിനു സാധിച്ചില്ല. മേടം ൧ ൧-ാംനു കാർത്തികപ്പള്ളിയിൽ നടന്ന ബലാൽസംഗക്കേസിലെ പ്രതികളെ പിടിക്കാൻ സാധിച്ചില്ല. സർ, ആ കേസിലെ പ്രതികൾ ആഭ്യന്തരമന്ത്രിയുടെ ചില ആളുകളാണെന്നു—

Mr. Speaker : Please do not use that language. In fact, all these should have been disallowed. But I wanted to be very tolerant. I never want to stand in the way of hon. Members. But the hon. Member is dealing with all the cases which are pending in the different courts of Travancore, and casting aspersions on all the responsible officers of the department. I cannot allow that.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ചില പ്രശസ്തന്മാരുടെ ആളുകളാണെന്നും പറയുന്നുണ്ട്. സർ, ഈ മർദ്ദനങ്ങളും കള്ളക്കേസുകളും തന്റെ നിയോജകമണ്ഡലത്തിനടുത്തു കൺമുമ്പിൽത്തന്നെ നടക്കുന്നതിന്റെയെല്ലാം നേരെ കണ്ണടച്ചുകൊണ്ടാണ് മുതുകുളം മെംബർ പോലീസ് സഹോദരത്വം പ്രസംഗിക്കുന്നത്. സർ, ഞാൻ അദ്ദേഹത്തിന്റെ വാചകങ്ങളിൽ ലജ്ജിക്കുന്നു. സർ, പോലീസിനു ശമ്പളം കൂട്ടിക്കൊടുക്കുന്നതിൽ ഞാൻ എതിരല്ല. കാരണം ഇന്നവർക്കു വളരെയധികം അവരുടേതല്ലാത്ത ജോലികളുണ്ട്. കുടിയിറക്കാൻ പോകണം, തൊഴിലാളികളുടെ ന്യായമായ അവകാശസമരത്തിനെ അടിച്ചമർത്താനും കാളേജുകളിലും പള്ളിക്കൂടങ്ങളിലും പഠിപ്പിക്കാനും . (Bell.)

ശ്രീ. ടി. എ. മജീദ് : സർ, പോലീസുഡിപ്പാർട്ടുമെന്റിന്റെ നടപടികളെപ്പററി വളരെ രൂക്ഷമായ വിമർശനങ്ങളാണു ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ജനകീയഭരണം സ്ഥാപിതമായതിനു ശേഷമെങ്കിലും പോലീസുകാരുടെ ഈവിധ അഴിമതികളും അക്രമങ്ങളും അവസാനിക്കുമെന്നുള്ള ഒരു പ്രതീക്ഷയായിരുന്നു നാട്ടുകാർക്കുണ്ടായിരുന്നത്. സർ, എന്നാൽ ആ വക പ്രതീക്ഷകളെല്ലാം ഇപ്പോൾ അസ്ഥാനത്താണ്. പോലീസിനു് നാട്ടുകാരുടെ ഇടയിൽ ഒരു പ്രത്യേക ഭാഷയും ഒരു പ്രത്യേകപെരുമാററരീതിയുമാണുള്ളതെന്നു തെളിഞ്ഞിട്ടുള്ളതാണ്.

Mr. Speaker: Just a word, please. We have been discussing the Police Department for a long time now. I should not be understood to be curtailing the speeches. But generally

we find that out of the time allotted, more than five minutes are taken up for allegations against the Department in general, and only two or three minutes are left for making any special points. We have heard enough about the general points. Therefore, I will request hon. Members to use there originality and find new points for discussion.

ശ്രീ. ടി. വി. തോമസ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ മററു പാർട്ടിയിലുള്ള അംഗങ്ങൾകൂടി ഒർജിനാലിററി കാണിക്കേണ്ടതാണ്.

Mr. Speaker: Every statement of the Speaker is intended for the whole House.

ശ്രീ. ടി. എ. മജീദ്: പോലീസിൻെറ ഈ തെററായ പെരുമാററത്തിൻേറയും അത് വച്ചുപുലർത്താനുണ്ടായിട്ടുള്ള സാഹചര്യത്തിൻേറയും കാരണങ്ങളെപ്പററി ഇൻഡ്യൻ പ്രൈം മിനിസ്റ്റർ ശ്രീ. നെഹ്റു ഈയിടെ വിശകലനം ചെയ്യുകയുണ്ടായി. മുൻകാലങ്ങളിൽ വിദ്യാഭ്യാസമില്ലാത്തവരെ ആയിരുന്നു കൂടുതലായിട്ട് പോലീസിൽ ചേർത്തുകൊണ്ടിരുന്നത്. വിദ്യാഭ്യാസവും പരിഷ്കാരവും വർദ്ധിച്ചുവന്നതോടുകൂടി വിദ്യാഭ്യാസമുള്ള ഒട്ടധികം ആളുകളെ പോലീസിൽ എടുത്തു. ഇത്തരക്കാർ വിദ്യാഭ്യാസമില്ലാത്ത മററു കൂട്ടരുടെ പെരുമാററരീതിയുമായി ലയിച്ചുചേർന്നുകൊണ്ടു അവർക്ക് പറയത്തക്ക യാതൊരു മേന്മയും, പൊതുജനങ്ങളോടുള്ള പെരുമാററത്തിൽ ഉണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനത്തു സംസ്കാരവും വിദ്യാഭ്യാസവും ഉള്ള ജനങ്ങളാണ് കൂടുതലുള്ളത്. എന്നാൽ ഇന്ന് പോലീസും ജനങ്ങളുമായുള്ള ബന്ധം വളരെ അകന്നു നിൽക്കുകയാണ്. സർ, പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം ഭീഷണിയുടെയും അവജ്ഞയുടെയും ബന്ധത്തിൽനിന്നും മാറി, സ്നേഹത്തിൻേറയും വിശ്വാസത്തിൻേറയും ബന്ധത്തിൽ അടിയുറപ്പിക്കണമെന്നാണു എനിക്കു പറയാനുള്ളത്. അങ്ങനെ ജനങ്ങളും പോലീസുമായി സകല കാര്യങ്ങളിലും ഒരു സൗഹാർദ്ദമനോഭാവമാണ് നമുക്കിന്നാവശ്യം. അതിനായി ഡിപ്പാർട്ടുമെൻറധികാരികൾ ആദ്യന്തം ശ്രമിക്കേണ്ടതാണ്.

സർ, പോലീസുകാർ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പാർട്ടിഭരണം ഡമോക്രസിയിലുള്ളതാണ്. ആ നിലയ്ക്ക് കാൺഗ്രസ്സുകാരാകട്ടെ, കമ്മ്യൂണിസ്ററുകാരാകട്ടെ, മറെറതെങ്കിലും പാർട്ടിയിൽപ്പെട്ടവരാകട്ടെ അവർക്കെല്ലാം നീതിലഭിക്കത്തക്കതരത്തിലാണ് അവർ പ്രവർത്തിക്കേണ്ടത്. ഇന്നു ആരെങ്കിലും ഒരാക്ഷേപം ഒരു പോലീസ്സ്റ്റേഷനിൽ കൊടുത്താൽ, ആ ആക്ഷേപം കൊടുത്തയാൾ ഒരു പാവപ്പെട്ടവനാണെങ്കിൽ വിശേഷിച്ചും, അതിനെപ്പററി യാതൊരന്വേഷണവും നടപടിയും നടത്താതിരിക്കുന്നതായി കാണാൻ കഴിയും. കാൺസ്റ്റബിൾ മുതൽ സർക്കിൾ ഇൻസ്പെക്ടർവരെ കൈക്കൂലിവാങ്ങിക്കൊണ്ടു നടപടി എടുക്കാതെ മാറിനിൽക്കുന്ന ഒരവസ്ഥയാണു ഇന്നു കാണാൻ കഴിയുന്നത്. ആ മാതിരിയുള്ള പരാതികൾക്കു പരിഹാരം ഉണ്ടാക്കാൻ ഈ ഡിപ്പാർട്ടുമെൻറ് സത്വരമായ ശ്രദ്ധചെലുത്തണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. വർക്കലയിലെ പോലീസു അഴിമതിയെപ്പററി ഇവിടെ പറഞ്ഞുകഴിഞ്ഞു. വളരെ കാലമായി വളരെ പരാതികളുണ്ടായിട്ടുള്ള ആ കാര്യത്തെ

[ശ്രീ. ടി. എ. മജീദ്]

പ്പററി ഇന്നോളം യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നുള്ളതു വളരെ ദയനീയമായ ഒരു യാഥാർത്ഥ്യമാണ്. ഇങ്ങനെ അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥന്മാരെപ്പററി പൊതുജനപ്രതിനിധികളിൽനിന്നും പരാതികൾ ഉണ്ടായാൽ അതിനെപ്പററി അന്വേഷിക്കാതിരിക്കുന്ന നയം ഉടനടി മാറേറണ്ടതാണ്. ഞങ്ങൾ പറയുന്ന ആക്ഷേപങ്ങൾ ന്യായമാണോ എന്നു പരിശോധിക്കാനുള്ള മഹാമനസ്കതയെങ്കിലും ഉണ്ടാകണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ആ ആക്ഷേപം ശരിയാണോ എന്നുനോക്കി കാലവിളംബമന്യേ അതിലേയ്ക്കു വേണ്ട നടപടികൾ നടത്തണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: സർ, ഈ കാൺഗ്രസ്സ് അണികളിൽനിന്നുള്ള പ്രസംഗങ്ങളിൽ ഒരു ഒർജിനാലിററി കാണിക്കണമെന്നു ബഹുമാനപ്പെട്ട എതിർപക്ഷനേതാവു നിർദ്ദേശിക്കുകയുണ്ടായി. അതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. പത്തുമല വെടിവയ്പിനെപ്പററി ഒരു പരസ്യാന്വേഷണം നടത്തേണ്ടതു് ആവശ്യമാണെന്നു ഈ സഭയുടെ പല ഭാഗത്തുനിന്നും പറയുകയുണ്ടായി. എന്റെ ബഹുമാന്യസ്നേഹിതൻ, വിയ്യൂർമെംബർ ഈ കാൺഗ്രസ്സ് അണികളിൽനിന്നുകൊണ്ടുതന്നെ ആ വെടിവയ്പിനെപ്പററി ഒരു പരസ്യാന്വേഷണം നടത്തേണ്ടതു ആവശ്യമാണെന്നു വാദിക്കുകയുണ്ടായി. അതിനു് അദ്ദേഹം പറഞ്ഞ ന്യായം അങ്ങനെയൊരു പരസ്യാന്വേഷണം നടത്താതിരുന്നാൽ പോലീസിന്റെ സ്വഭാവശുദ്ധിയെപ്പററി ജനതാമദ്ധ്യത്തിൽ സംശയം ജനിക്കുമെന്നും അങ്ങനെയുണ്ടാകാവുന്ന സംശയത്തെ മാററുന്നതിനുവേണ്ടി ഒരു പരസ്യാന്വേഷണം നടത്തണമെന്നുമാണ്. എന്നാൽ എനിക്കു ബഹുമാനപ്പെട്ട മെംബറന്മാരോടും ഗവണ്മെൻറിനോടും വളരെ ശക്തിയായി പറയാനുള്ളതു് ഈ കാര്യത്തിനുവേണ്ടി ആരെങ്കിലും മുറവിളി കൂട്ടിയതുകൊണ്ടു യാതൊരു കാരണവശാലും അതിനു ഗവണ്മെൻറ് മുതിരരുതെന്നാണ്. ഡെമോക്രസിയുടെ മൗലികതത്വങ്ങൾ ഇവിടെ വിളമ്പുകയുണ്ടായി. ഏതു മൗലികതത്വങ്ങളനുസരിച്ചാണ് ഏതാനും ആളുകൾ പറഞ്ഞതുകൊണ്ടോ, അല്ലെങ്കിൽ ഒരുജനക്കൂട്ടം പറഞ്ഞതുകൊണ്ടോ ഇങ്ങനെയൊരു പരസ്യാന്വേഷണം നടത്തേണ്ടതെന്നുള്ളതു അറിഞ്ഞാൽ കൊള്ളാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടത്തെ പോലീസുമന്ത്രിയും പത്തുമല പോയി അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടു്. അവർ ആത്മാർത്ഥതയുള്ളവരാണെങ്കിൽ, അവർ ആത്മവിശ്വാസമുള്ളവരാണെങ്കിൽ സ്ഥലത്തു പോയി അന്വേഷിച്ചു പരസ്യാന്വേഷണം നടത്തേണ്ട ആവശ്യമില്ലെന്നു ബോദ്ധ്യപ്പെട്ടതിനുശേഷം, മററുള്ളവർ കുററം പറയുമെന്നു ധരിച്ചുകൊണ്ടു ഒരു പരസ്യാന്വേഷണത്തിനു അനുവദിക്കാൻ പാടില്ല. അങ്ങനെ ഒരു ഉത്തരവു കൊടുക്കുകയാണെങ്കിൽ അവരെ ആത്മവിശ്വാസമില്ലാത്തവരാണെന്നു അപലപിക്കുകതന്നെ ചെയ്യും.

ശ്രീ. ഈ. പി. വർഗ്ഗീസ്: പോലീസ് സ്വമേധയാ വെടിവച്ചതാണോ, മജിസ്ട്രേട്ടിന്റെ ഉത്തരവനുസരിച്ച് വെടിവച്ചതാണോ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: മജിസ്ട്രേട്ടിന്റെ ഉത്തരവനുസരിച്ചാണ്.

എന്താണ് യഥാർത്ഥത്തിൽ പത്തുമല നടന്നതു്? ഇവിടെ ചിലർ പറയുകയുണ്ടായി.

Shri T. K. Krishnan: On a point of order, Sir. Is it not a matter of *sub judice*, this Pasumala incident?

Mr. Speaker. It is *sub judice*. But the freedom which the hon. Members on this side of the House were having, that same freedom I will extend to that hon. Member on the other side also, not more than that.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: സർ, പശുമല എസ്റ്റേററ് പീരുമേട്ടാണ്. അറുപതു വയസ്സിനുമേൽ പ്രായമുള്ളതായ ഒരാൾ, അനേകായിരം മൈൽ ദൂരത്തുനിന്നും അഹിംസാസിദ്ധാന്തത്തിൽ ബന്ധിച്ചിരിക്കുന്ന ഈ രാജ്യത്തെ സൗമനസ്യത്തെയും, സുരക്ഷിതത്വത്തെയും വിശ്വസിച്ചുകൊണ്ടു ഈ രാജ്യത്തു വന്ന് വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന ഒരു യൂറോപ്യൻ മാനേജ്മെൻറിന്റെ ഒരു എസ്റ്റേററാണതു്. അവിടെ നിത്യജോലി ചെയ്യുന്ന തൊഴിലാളികൾക്കു ദിവസേന ന്യായമായി കിട്ടേണ്ട റേഷൻ കൊടുക്കുന്നതിനുപുറമെ, സൗജന്യമായി ആ തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്കു ഉച്ചഭക്ഷണം കൊടുത്തുവന്നിരുന്നു. അവിടത്തെ തൊഴിലാളികൾ ഇവിടെ പറഞ്ഞതുപോലെ ഐ. എൻ. ടി. യു. സി–യുടെ നേതൃത്വത്തിലുള്ള തൊഴിലാളിസംഘടനയിൽപ്പെട്ടവരായിരുന്നു. ആ തൊഴിലാളികൾ സമാധാനപരമായും ന്യായമായും കഴിഞ്ഞുകൂടുമ്പോൾ ഏതാനും ഇൻക്വിലാബുകാർ അവിടെ കടന്നുകൂടി, ആ തൊഴിലാളിയൂണിയന്റെ സെക്രട്ടറിയെ ദുരുപദേശം ചെയ്യുകയുണ്ടായി. അതിന്റെ ഫലമായിട്ട് എന്താണു അവിടെ ഉണ്ടായതു്? ൧൯൬൧ ഏപ്രിൽ ൧൧-ാം തൊഴിലാളിയൂണിയൻസെക്രട്ടറി ഏതാനും തൊഴിലാളികളുമായി എസ്റ്റേററ് ആഫീസിൽ ചെന്ന് ഉച്ചഭക്ഷണത്തിന് നൽകുന്ന ആഹാരത്തിനു പകരം അരിതന്നെ നൽകണമെന്നു വാദിക്കുകയുണ്ടായി. അതിനു നിവൃത്തിയില്ലെന്നും ഗവണ്മെൻറിൽനിന്നും തൊഴിലാളികൾക്കു അനുവദിച്ചിട്ടുള്ള റേഷൻതന്നെ അവർക്കു കൊടുക്കാൻ മതിയാകാതെ വിഷമിക്കുകയാണ് എന്നും യൂണിയൻ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി. അതേ അവസരത്തിൽ ഞാൻ ഇക്കാര്യത്തെപ്പററി ജനറൽ മാനേജരെ അറിയിക്കാമെന്നും ആ നിലയിൽ ഇതിനെന്തെങ്കിലും ഒരു പ്രതിവിധി ഉണ്ടാക്കാൻ ശ്രമിക്കാമെന്നും സൂപ്രണ്ട് പറയുകയുണ്ടായി. ഈ മറുപടികൊണ്ടു തൃപ്തരാകാതെ, യൂണിയൻ സെക്രട്ടറിയും ഏതാനും തൊഴിലാളികളും ഒരു മുറിയും ഒരു വാതിലും മാത്രമുള്ള ആ ആഫീസുകെട്ടിടത്തിന്റെ വാതിൽക്കലും വരാന്തയിലും ഒരു കുത്തിയിരിപ്പുസത്യഗ്രഹം ആരംഭിച്ചു. അതു മാത്രമല്ല, അനേകം മുദ്രാവാക്യങ്ങളും അനാവശ്യങ്ങളും വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.

Shri T. K. Divakaran: Sir, he is entering into the details of the incident.

Mr. Speaker: He has not come to the details. I am watching him.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: രാവിലെ ൯½ മണി മുതൽ ൫½ മണിവരെ ആ അറുപതു വയസ്സിനു മേൽ പ്രായമുണ്ടായിരുന്ന വൃദ്ധനെ ആ ആപ്പീസുമുറിയിൽ തടഞ്ഞുവച്ചുകൊണ്ടിരുന്നു.

Mr. Speaker: Please don't go further into the details of the incident.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഈ വിവരമറിഞ്ഞു പോലീസുകാർ വന്നപ്പോഴാണ് തൊഴിലാളികൾ അക്രമത്തിനു മുതിർന്നതെന്നാണ് അന്വേഷണത്തിൽനിന്നു മനസ്സിലാകുന്നത്. അങ്ങനെയുണ്ടായ അക്രമത്തിന്റെ ഫലമായി, അവിടത്തെ കെട്ടിടത്തിന്റെ വാതിലിലുള്ള കണ്ണാടിച്ചില്ലുകൾ പൊട്ടിയിട്ടുള്ളതായി കാണാൻ കഴിയും. ഞാൻ കൂടുതൽ വിവരണത്തിനു തുനിയുന്നില്ല. ഒടുവിൽ പോലീസുകാർ സ്ഥലത്തു വന്നപ്പോൾ പോലീസിന്റെമേൽ അക്രമത്തിനു അവിടെ കൂടിയിരുന്ന ജനസമൂഹം തയാറായി. സ്വയരക്ഷ പോലീസുകാർക്കും അനുവദിച്ചിട്ടുണ്ടെന്നുള്ളതു ഒരു തീർച്ചയായ കാര്യമാണ്. അങ്ങനെ സ്വയരക്ഷയ്ക്കുവേണ്ടി പോലീസുകാർ മജിസ്ട്രേട്ടിന്റെ ഉത്തരവോടുകൂടി വെടിവയ്ക്കുകയാണുണ്ടായത്. ഈ പരിതഃസ്ഥിതിയിലാണു അവിടെ ഒരു വെടിവയ്പു നടന്നത്. ബഹുമാനപ്പെട്ട പത്തനംതിട്ടമെംബർ പറയുകയുണ്ടായി, പോലീസിന്റെമേൽ എന്തെങ്കിലും അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടാൽ...

ശ്രീ. ടി. വി. തോമസ്: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഒർജിനാലിററിയും ബ്രെയിനും കാണിക്കണമെന്നു പറഞ്ഞു. ബ്രെയിൻ പ്രതീക്ഷിക്കുന്നില്ല. ഒറിജിനാലിററിയെങ്കിലും കാണിച്ചുകൂടേ?

Mr. Speaker: It is not a point of order.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: പ്രതിപക്ഷബഹുമാനം ഞാൻ അദ്ദേഹത്തിൽനിന്നും പ്രതീക്ഷിച്ചിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. കൂടുതലായി ഞാൻ അതിനെപ്പററി ഒന്നുംതന്നെ പറയുന്നില്ല.

ബഹുമാനപ്പെട്ട പത്തനംതിട്ട മെംബർ പറയുകയുണ്ടായി, ഇവിടെ പോലീസുകാരുടെമേൽ എന്തെങ്കിലും പരാതി കൊടുത്താൽ, അന്വേഷിക്കാമെന്നോ, അന്വേഷിച്ചിട്ടു പോലീസുകാർ കുററക്കാരല്ലെന്നോ, അല്ലെങ്കിൽ അന്വേഷിക്കാൻ തയാറില്ലെന്നോ പറയുമെന്ന്.

൧൯൫൧-ൽ ൪൦൦൦-ൽപരം ശിക്ഷകൾ പോലീസുകാർക്കു നൽകിയിട്ടുണ്ട്. ൩൭ പേരെ ഡിസ്മിസ്സ് ചെയ്യുകയും, ൪൨ പേരെ ഡിസ്ചാർജ്ജുചെയ്യുകയും, ൫൫൧ പേരെ സസ്പെൻഡു ചെയ്യുകയും, ൯൧ പേരെ റഡ്യൂസുചെയ്യുകയും ചെയ്തിട്ടുണ്ട്. ൧൯൫൨-ലും പോലീസുകാരെ ശിക്ഷിക്കാൻ ഇടയുണ്ട്. ബഹുമാനപ്പെട്ട പത്തനാപുരം മെംബർ പറയും പോലെ അന്വേഷിക്കാമെന്നു പറയുകയോ—

ശ്രീ. എ. താണുപിള്ള: ആകെ എത്ര പേരിലാണ് ഈ നാലായിരത്തിൽപരം പേരെ ശിക്ഷിച്ചിട്ടുള്ളത്?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ആ കണക്കു എന്റെ കൈവശമില്ല. ആരെയും ശിക്ഷിച്ചിട്ടില്ലെന്നും, അന്വേഷണങ്ങൾ നടത്തിയിട്ടില്ലെന്നും ഉള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നാണു എനിക്കു പറയുവാനുള്ളത്.

മറെറാരാരോപണം ഇവിടെയുണ്ടായത് പോലീസുബഡ്ജററിൽ ഇക്കൊല്ലം ൧൧൨൨-നെ അപേക്ഷിച്ചു വളരെ കൂടുതലായ തുക കൊള്ളിച്ചിരിക്കുന്നു എന്നാണ്. പോലീസുകാരുടെ ശമ്പളം ഇന്നു മുൻപിലത്തേക്കാൾ മൂന്നിരട്ടി വർദ്ധിപ്പിച്ചിട്ടുണ്ടെന്നു മനസ്സിലാക്കുമ്പോൾ ആ ഒരു വസ്തുത ഗ്രഹിക്കാതെയോ അല്ലെങ്കിൽ അതു മറച്ചുവച്ചു

കൊണ്ടോ ആയിരിക്കണം അങ്ങനെയൊരു പ്രസ്താവന ഇവിടെ ചെയ്തിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. കാൺഗ്രസ്സ് ഗവണ്മെൻറ് നിലവിൽ വന്നതിനുശേഷമാണ് പോലീസുകാരുടെ ശമ്പളം മൂന്നിരട്ടി വർദ്ധിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടു ഞാൻ ആവശ്യമുള്ളിടത്തോളം അവരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു പറയാൻ തയാറില്ല. മദ്രാസിൽ പോലീസുവകുപ്പിലേക്കുള്ള ചെലവു ഏകദേശം വരുമാനത്തിൻെറ ൧൧ ശതമാനം ആയിരിക്കുമ്പോൾ, ഈ രാജ്യത്തെ പോലീസുവകുപ്പിലേക്കുള്ള ചെലവു ൯ ശതമാനമേ ആകുന്നുള്ളുവെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ടു ൯ ശതമാനമെന്നുള്ളതു ൧൦ ശതമാനമായി മാററി പോലീസുകാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): സർ, ഇവിടെ നടത്തിയിട്ടുള്ള വിമർശനങ്ങൾ, പ്രത്യേകിച്ചും ആപ്പോസിഷൻഭാഗത്തുനിന്നും ചെയ്തിട്ടുള്ള വിമർശനങ്ങൾ, ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. ഒന്നുരണ്ടു സംഗതികൾ പ്രത്യേകമായി വിമർശനത്തിനു വിഷയമാക്കിയതായി കാണുന്നു. ആ സംഗതികളെ കുറിച്ചുമാത്രം പ്രസ്താവിച്ചുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം.

മന്ത്രിസഭ അവരുടെ സ്വേച്ഛാധികാരം നിലനിറുത്തുന്നതിനുവേണ്ടി പോലീസ് സൈന്യത്തെ ദുരുപയോഗപ്പെടുത്തുന്നു എന്നുള്ളതാണ് ഒരു ആരോപണം.

രണ്ടാമതു്, പോലീസ് ഉദ്യോഗസ്ഥന്മാർ അവരുടെ അക്രമാസക്തികൊണ്ടും മററുള്ളവരുടെ പ്രേരണയ്ക്കു് വഴിപ്പെട്ടും അന്യായവും അനീതിപരവുമായ പ്രവൎത്തനങ്ങളിൽ ഉൾപ്പെടുന്നു എന്നും, തൻമൂലം കൈക്കൂലിയും അഴിമതിയും വർദ്ധിച്ചുവരുന്നു എന്നുമാണ്.

മൂന്നാമതു്, ഈ വിധത്തിൽ അന്യായവും അനീതിയും നടക്കുന്നതുകൊണ്ടു് പൊതുജനരക്ഷയ്ക്കും സ്വാതന്ത്ര്യത്തിനും ഹാനി സംഭവിച്ചിരിക്കുന്നു എന്നാണ്.

പോലീസ് ഉദ്യോഗസ്ഥന്മാർ അക്രമപ്രവൎത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു എന്നുള്ള ആരോപണത്തോടുചേൎത്തു് അവരുടെ ശമ്പളം വർദ്ധിപ്പിച്ചു കുറഞ്ഞതു് ൩൦ ക്രുപയാക്കണമെന്നും അവരുടെറാങ്ക് ഇപ്പോഴുള്ളതിൽനിന്നും ഉയൎത്തണമെന്നും ഈ പ്രസ്താവനകളിൽ ഊന്നി പറഞ്ഞിട്ടുള്ളതായി കാണുന്നുണ്ടു്. പോലീസ് ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് ഇപ്പോഴത്തെ ഗവണ്മെൻറ അവരുടെ സ്വേച്ഛാധികാരം നിലനിറുത്തുന്നതിനു് പരിശ്രമിച്ചുവരുന്നു എന്നും പ്രസ്താവിക്കുകയുണ്ടായി. ഏതെങ്കിലും വിധത്തിൽ ഗവണ്മെൻറിനെ കുററപ്പെടുത്തുന്നതിനു് കൊള്ളാമെന്നുതോന്നിയ ചില ആരോപണങ്ങൾ പറപ്പെടുവിച്ചു എന്നല്ലാതെ സൃഷ്ടിപരമായോ യാഥാൎത്ഥ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളവയോ ആയ വിമർശനങ്ങൾ ഒന്നുംതന്നെ കേൾക്കുവാൻ ഇടയായില്ല. ഈവിധ പ്രസ്താവനകൾക്കും വിമർശനങ്ങൾക്കും പ്രത്യേകമായി മറുപടി പറയേണ്ടതു് ആവശ്യമെന്നു തോന്നുന്നില്ല, അതിനു ശ്രമിക്കുന്നുമില്ല.

[ശ്രീ. ടി. എം. വർഗ്ഗീസ്]

സ്റ്റേററിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് പോലീസുകാർക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടതാണെന്നും അവർക്ക് ന്യായമായ ശമ്പളം ഉണ്ടായിരിക്കേണ്ടതാണെന്നും എതുപക്ഷത്തുനിന്നും പുറപ്പെടുവിച്ച അഭിപ്രായം, അതു് എന്തുദ്ദേശത്തോടുകൂടി പുറപ്പെടുവിച്ചതായാലും, ആക്ഷേപാർഹമല്ല. അതിൽ അന്തർഭവിച്ചിരിക്കുന്ന തത്വം ഗവണ്മെന്റിനും തികച്ചും സ്വീകാര്യമാണു്.

൭,൫ ൦, ൦ ൦ ൦ രൂപാ അവരുടെ ഗതാഗതം സംബന്ധിച്ച പ്രയാസങ്ങൾ തീർക്കുന്നതിനു് വാഹനങ്ങൾ വാങ്ങുന്നതിനായി ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. അതിലേക്കു് ഒരു സപ്ലിമെന്ററി ബഡ്ജററ കൊണ്ടുവരുമ്പോൾ അതു സംബന്ധിച്ചുള്ള വിമർശനങ്ങൾക്കു് സന്ദർഭവും ഉണ്ടു്. ഇതുകൂടാതെ രണ്ടുലക്ഷത്തിമുപ്പതിനായിരം രൂപകൂടി സപ്ലിമെന്ററി ഡിമാൻറിനത്തിൽ ആവശ്യപ്പെടുന്നുണ്ടു്. അതു കൂടാതെ ൫ ൦, ൦ ൦ ൦ രൂപ ലാക്കപ്പുകളിലെ മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കൊള്ളിച്ചിട്ടുണ്ടു്. ഈ കാര്യം ഉടൻ ശ്രദ്ധിക്കേണ്ടതാണെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടു്. അതിനു പരിഹാരം കഴിവുള്ളിടത്തോളം ഈ ആണ്ടിൽത്തന്നെ ഉണ്ടാക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈആണ്ടിൽ ഈ പണം കൊള്ളിച്ചിരിക്കുന്നതു്. അൻപതിനായിരം രൂപ അതിലേക്കുവേണ്ടിയാണു് ബഡ്ജററിൽ ചേർത്തിരിക്കുന്നതു്.

പോലീസുസ്റ്റേഷനുകളോടു സമീപിച്ച് പോലീസുകാർക്കു് താമസസൗകര്യത്തിനു വേണ്ട ഏർപ്പാടുകൾ ഇപ്പോൾ ഇല്ല. അതിലേക്കു വേണ്ട ക്വാർട്ടേഴ്സ് ഉണ്ടാക്കേണ്ടതാണു്. അവർ ഡ്യൂട്ടിയില്ലാതിരിക്കുന്ന അവസരങ്ങളിൽ വിശ്രമിക്കുന്നതിനുതന്നെയും വേണ്ടസൗകര്യങ്ങൾ ഇപ്പോൾ കാണുന്നില്ല. എറണാകുളം, തൃശ്ശൂർ, മുതലായി രണ്ടു മൂന്നു സ്ഥലങ്ങളിൽ മാത്രമേ ഇതിലേക്കു് വേണ്ട കെട്ടിടസൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുള്ളു. എല്ലാ സ്റ്റേഷനുകളിലും ഈ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്. ഈ ആവശ്യത്തിലേക്കു് ൭, ൫ ൦, ൦ ൦ ൦ രൂപ കൊള്ളിച്ചിട്ടുണ്ടു്. പോലീസിനെ സംബന്ധിച്ച് ഗവണ്മെന്റിന്റെ ഈ വിധ ശ്രമങ്ങൾക്കു് സഭയുടെ അനുഭാവം പ്രകടമാക്കിക്കാണുന്നതിൽ സന്തോഷമുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈ ബഡ്ജററിൽ സ്പെഷ്യൽ പോലീസെന്ന ഒരു വകുപ്പിനായി ൩, ൩ ൦, ൦ ൦ ൦ രൂപ കൊള്ളിച്ചിരിക്കുന്നു. അതെന്താണെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. എം. വർഗ്ഗീസ്: അതു് ഇൻറലിജൻസ് ഡിപ്പാർട്ടുമെൻറിനെ ഉദ്ദേശിച്ചാണു്.

പോലീസുകാരുടെ സുഖസൗകര്യങ്ങൾക്കു് വേണ്ടതു ചെയ്തുകൊടുക്കണമെന്നും അവർ വഹിക്കുന്ന ചുമതലകളുടെ ഭാരവും ഉത്തരവാദിത്വവും അനുസരിച്ച് സാമ്പത്തികമായും മററുമുള്ള അവരുടെ നില ഉയർത്തണമെന്നും ഉണ്ടായ അഭിപ്രായം കക്ഷിഭേദംകൂടാതെ ഈ സഭയ്ക്കും, കൂടാതെ ഗവണ്മെൻറിനും സ്വീകാര്യമായിരിക്കും. പക്ഷെ പോലീസിനെ സംബന്ധിച്ചുള്ള ഈ സ്നേഹപ്രകടനങ്ങൾ അവരെ അങ്ങുമിങ്ങും മററതിരിച്ച് വഴിതെററിക്കാനുള്ള ഒരു പ്രചരണമായിട്ടാണു് കരുതുന്നതെങ്കിൽ അതു ഒരു വെറും

വ്യാമോഹമായിട്ടേ പരിണമിക്കയുള്ളു എന്നു പറയാതെ തരമില്ല. എന്റെ അറിവിൽ പെട്ടിടത്തോളം പോലീസിൽപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പാരമ്പര്യവും കൃത്യബോധവും രാജ്യസ്നേഹവും അങ്ങിനെയുള്ള അപഥസഞ്ചരണത്തിനു് അവരെ അനുവദിക്കുമെന്നു് എനിക്കു് അശേഷം ആശങ്കയില്ല. അങ്ങിനെയുള്ള ഉദ്ദേശമോ ആ ഉദ്ദേശം സാധിക്കുന്നതിനു എന്തെങ്കിലും ശ്രമമോ ആർക്കെങ്കിലും ഉണ്ടെങ്കിൽ അതിൽനിന്നു് വിരമിക്കുന്നതു നന്നായിരിക്കുമെന്നു് പരസ്യമായി പറയുന്നതിനു് ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. ഏ. താണുപിള്ള: വളരെ വളരെ ആളുകൾ അണ്ടർഗ്രൗണ്ടിൽ ജീവിച്ചപ്പോൾ ഇങ്ങനെ ഒരു തോന്നൽ ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടായതായി മനസ്സിലാക്കുന്നുണ്ടോ? അതെന്താണെന്നു തോന്നുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതേപ്പററി സംശയം തോന്നാവുന്നതാണു്. എന്നാൽ ആ സംഗതിയെപ്പററി നടത്തിയ അന്വേഷണങ്ങളിൽനിന്നും പോലീസുദ്യോഗസ്ഥന്മാരുടെ ആനുകൂല്യത്തോടുകൂടിയാണു് ചിലർഅണ്ടർഗ്രൗണ്ടുവാസം വിജയകരമായി നടത്തിവന്നിരുന്നതെന്നുള്ള ആരോപണത്തിനു് വിശ്വാസയോഗ്യമായ തെളിവുകൾ കിട്ടിയതായിട്ടു് അറിവിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സ്പെഷ്യൽ പോലീസ് എന്നു പറഞ്ഞിരിക്കുന്നതു് കഴിഞ്ഞ ബഡ്ജററിൽ പാലസ്ഗാർഡിനെ വേറെ അയിററമായി പ്രത്യേകം എടുത്തു ചേർത്തിട്ടുള്ളതല്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: പാലസ് ഗാർഡിനെപ്പററി പ്രത്യേകമായി ചേർത്തിട്ടുണ്ടു്. അതു് ശരിയാണു്.

ഇനിയും പ്രസ്താവിക്കുവാനുള്ളതു് പത്തുമല സംഭവത്തെപ്പററിയാണു്. അതുസംബന്ധിച്ചിവിടെ പല മെംബറന്മാരും പ്രസ്താവിക്കയുണ്ടായി. ഒരു മംബർ വളരെ അസ്വസ്ഥതയോടുകൂടി ഇവിടെ പ്രസ്താവിച്ചു. സംഭവം നടന്നുകഴിഞ്ഞു് ഇത്രയുമായിട്ടും അതേപ്പററി ഒന്നും പറയാത്തതെന്താണു്. സംഭവത്തിന്റെ രീതി എന്താണെന്നുള്ളതു് സഭയിൽ ചർച്ച ചെയ്യുന്നോ എന്നു് ഞാൻ സൂക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ അവസരത്തിൽ ഒരു കാര്യം സൂചിപ്പിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. ഈ സംഭവം സബ്ജ്യൂഡിസ് ആണെന്നുള്ള വസ്തുത വിസ്മരിച്ചിട്ടാണു് വിമർശനങ്ങൾ പലതും നടന്നതെന്നു് വ്യക്തമാണു്. സബ്ജ്യൂഡിസ് എന്നു പറയുന്നതു് ഒരു നിയമപ്രശ്നമാണു്. സബ്ജ്യൂഡിസ് ഈ സഭയെ ബാധിക്കുന്നതല്ല എന്നു് ഇവിടെ പറയുകയുണ്ടായി. ആ അഭിപ്രായം തെററാണു്. പരസ്പര സംബന്ധമുള്ള കേസുകൾ ഇന്നു് വിചാരണയിലിരിക്കുന്നു. അതിൽ അന്തർഭവിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ചു് വേറെ ഒരു അന്വേഷണം നടത്തി അവസാനിപ്പിക്കണമെന്നു് പറയുന്നതു് ഒരു പ്രകാരത്തിലും സ്വീകാര്യമല്ല.

അതായതു് വെടിവയ്പു് ശരിയായിട്ടുള്ള ഒരു സംഗതിയാണെന്നു് ഒരു ഭാഗത്തുനിന്നു് വാദം നടത്തിക്കൊണ്ടിരിക്കുകയും അതിനുണ്ടായ സന്ദർഭത്തിനു് കാരണക്കാരായിരുന്നവരെ പ്രതികളാക്കി കേസ് നടത്തിവരികയും ചെയ്യുന്നുണ്ടു്. പരസ്യാന്വേഷണം എന്തായാലും ഈ അവസരത്തിൽ ശരിയായിരിക്കയില്ല.

[ശ്രീ. ടി. എം. വറുഗീസ്]

കോടതിയുടെ വിചാരണയിലും പര്യാലോചനയിലും ഇരിക്കുന്ന ഒരു സംഭവത്തിൽ ഉൾപ്പെടുന്ന ഓരോ ഭാഗത്തേക്കുറിച്ചും പ്രത്യേകം ഒരു പരസ്യാന്വേഷണം നടത്തുക എന്നുള്ളതു് ന്യായമോ, വിഹിതമോ അല്ല. ഇതുമാതിരിയുള്ള കാര്യങ്ങൾ നിയമപരമായി തീർക്കുന്നതിന് കോടതിക്കു വിട്ടുകൊടുക്കണമെന്നു് ആവശ്യപ്പെടുന്നതോടൊപ്പംതന്നെ വേറൊരു പരസ്യാന്വേഷണം വേണമെന്നു പറയുന്നതു് യഥാർത്ഥത്തിൽ പൂർവാപരവിരുദ്ധമാണു്. തൊഴിലാളികളോടു് അനുഭാവമുള്ള സ്നേഹിതന്മാരോടു് എനിക്കു് പറയുവാനുള്ളതു് ഏതവസരത്തിലും അകാരണമായി ഗവണ്മെൻറിനെ എതിർക്കുന്നതല്ല തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനു് പററിയ മാർഗ്ഗമെന്നും സഹകരണബുദ്ധിയോടുകൂടി പ്രായോഗികമാർഗ്ഗങ്ങൾ അതിലേക്കു് നിർദ്ദേശിക്കയാണു് വേണ്ടതെന്നുമാണു്. വേറെ ഒന്നു രണ്ടു സംഗതികൾ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതിനു ഞാൻ മറുപടി പറയുവാൻ ശ്രമിക്കാം. ഇവിടെയുള്ള മെമ്പർമാർ ആരുംതന്നെ പോലീസുഡിപ്പാർട്ടുമെൻറിനുവേണ്ടി പണം അനുവദിക്കണം എന്നു പറഞ്ഞില്ല. ഗവണ്മെൻറു് അവരെക്കൊണ്ടു് അക്രമം ചെയ്യിച്ചതുകൊണ്ടു് അവർ അക്രമം ചെയ്തു എന്നും മററുമാണു് ആരോപണങ്ങൾ ഉണ്ടായതു്. എങ്കിലും പോലീസുകാർക്കു് ശമ്പളം കൂട്ടണമെന്നും മററും മെമ്പറന്മാർ പ്രസ്താവിക്കയുണ്ടായി. ഏതായാലും പണം അനുവദിക്കുമെന്നുള്ളതിൽ ആർക്കും സാരമായ അഭിപ്രായവ്യത്യാസം ഇല്ലാത്തതുകൊണ്ടു് എൻെറ സ്നേഹിതൻ ശ്രീ. കാപ്പൻ പറഞ്ഞ ഒരു കാര്യത്തിൽ ഞാൻ പ്രവേശിക്കാമെന്നു കരുതുന്നു. ആകെയുള്ള വരവിൻെറ ൭.൧ ആണു് പോലീസ് വകുപ്പിലേക്കു് ഇവിടെ നീക്കിവച്ചിട്ടുള്ളതു്. മൈസൂറിൽ ഇതു് ൬.൬ ആയിരുന്നതു് ഇത്തവണ ൭.൩ ആക്കിയിട്ടുണ്ടു്. ഹൈദരാബാദിൽ ഇതു് ൧൬.൧൦; സൗരാഷ്ട്രയിൽ ൧൩.൪൦ ആണു്. അങ്ങിനെ നോക്കുകയാണെങ്കിൽ ഈ സംസ്ഥാനത്തു പോലീസ് വകുപ്പിലേക്കു് താരതമ്യേന വളരെ കുറച്ചാണു് ചെലവു കൊള്ളിച്ചിട്ടുള്ളതു്.

ശ്രീ. ടി. വി. തോമസ്: മൈസൂറിൽ ഇത്തവണത്തെ ബഡ്ജററിൽ ചെലവു കുറച്ചിട്ടുണ്ടല്ലോ? ഇവിടെ കുറച്ചിട്ടുമില്ലല്ലോ?

ശ്രീ. ടി. എം. വറുഗീസ്: അവിടെ ചെലവു കുറച്ചിട്ടും നമ്മെക്കാൾ കൂടുതലാണു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ചെലവു വർദ്ധിപ്പിച്ചില്ലെങ്കിൽ ശമ്പളം കൂട്ടാൻ സാധിക്കുമോ?

ശ്രീ. ടി. എം. വറുഗീസ്: അതു സാധിക്കുകയില്ല. പണമില്ലാതെ ശമ്പളം കൊടുക്കാൻ ഒക്കുകയില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇത്തവണത്തെ ബഡ്ജററിൽ അവരുടെ ശമ്പളം വർദ്ധിപ്പിക്കുവാനായിട്ടു് തുക കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: പണം കൂടുതൽ കൊള്ളിച്ചിട്ടുണ്ടു്. അവരുടെ ക്വാർട്ടേഴ്സിനും മററുമായിട്ടാണു കൊള്ളിച്ചിട്ടുള്ളതു്. ശമ്പളം കൂട്ടണമെന്നു തീരുമാനം ഉണ്ടായതിനു ശേഷമാണു് ബഡ്ജററിൽ സംഖ്യ കൊള്ളിക്കേണ്ടതു്.

ശ്രീ. എം. വിശ്വനാഥൻ: കഴിഞ്ഞ ബഡ്ജററിൽ ശമ്പളം കൂട്ടുവാനായി തുക കൊള്ളിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇല്ല.

ശ്രീ. ടി. വി. തോമസ്: പോലീസുകാരെ അവരവരുടെ സ്ഥലത്തു തന്നെ സ്ഥലം മാററാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: നിവൃത്തിയുണ്ടെങ്കിൽ അങ്ങിനെ ചെയ്യരുതെന്നാണ് നിശ്ചയം.

പത്തുമല സംഭവത്തെക്കുറിച്ചും പച്ചത്തൊണ്ടു തൊഴിലാളികളെ സംബന്ധിച്ചും അതുപോലെ കായംകുളത്തുണ്ടായ ഒരു സമരത്തെ സംബന്ധിച്ചും ഇവിടെ പ്രസ്താവിക്കയുണ്ടായി. ഇവയിൽ നേരിട്ടു ഗവർമ്മെൻറോ മന്ത്രിയോ ഇടപെടുകയുണ്ടായെന്നു പറയുന്നതു് ശരിയല്ല. അക്രമം പ്രവർത്തിക്കുകയാണെങ്കിൽ പോലീസുകാർ അതിൽ ഇടപെടുകതന്നെ ചെയ്യും. ഒരു സംഭവത്തെക്കുറിച്ചു് മന്ത്രി പേരിനുമാത്രം ഒരന്വേഷണം നടത്തി എന്നു പറഞ്ഞു. അതു തെററാണ്. അങ്ങിനെ ഒരു സംഭവമേ ഉണ്ടായിട്ടില്ല. വിവരങ്ങൾ മന്ത്രിയെ അറിയിച്ചു് അന്വേഷിക്കാമെന്നു പറഞ്ഞു. അന്വേഷണത്തിന് വേണ്ട സമയവും സൗകര്യവും ഉണ്ടായില്ല. അതുകൊണ്ടു് അന്വേഷിച്ചില്ലെന്നുള്ളതാണ് യഥാർത്ഥം. അന്വേഷിക്കാതെ എങ്ങിനെയാണ് പേരിനുമാത്രം അന്വേഷിച്ചു എന്നു പറയുന്നതു്. അന്വേഷണം നടത്തുമ്പോൾ അതു ശരിയായിട്ടുതന്നെ നടത്തും. കൊല്ലത്തും തൃശ്ശൂരും ഉള്ള റിസർവ്വുക്യാമ്പുകളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളും ശരിയായിട്ടുള്ളതല്ല. ശ്രീ. ഗോപാലൻനായർ പറഞ്ഞതുപോലെ പോലീസുകാർക്കു് ന്യായമായ പ്രോത്സാഹനം നൽകേണ്ടതാണ്. ഏതു കക്ഷി നടത്തുന്ന ഗവർമ്മെൻറായാലും അതു് ആവശ്യമാണെന്നുള്ളതു് പ്രത്യക്ഷമാണ്. എന്നാൽ അവർ ന്യായരഹിതമായി പെരുമാറുന്നു എന്നു് ബോദ്ധ്യപ്പെട്ടാൽ അവരെ ശിക്ഷിക്കരുതെന്നല്ല അർത്ഥമാക്കേണ്ടതു്. ശിക്ഷ നൽകുന്നതും ദാക്ഷിണ്യം കാണിക്കുന്നതും അവരുടെ കൃത്യനിർവഹണത്തിന് കൂടുതൽ പ്രേരകമാകത്തക്ക വിധത്തിൽ ആയിരിക്കേണ്ടതാണ്.

The cut motions moved by Shri K. Balakrishna Menon, Shri N. Rajagopalan Nair, Shri P. S. Nataraja Pillai and Shri E. Gopalakrishna Menon were *put and lost.*

The question that the Government be granted a sum of Rs. 55,39,000 under Demand No. XV—Police—was put and carried.

The grant was made.

The Assembly adjourned at 5 P. M. to meet again at 11 A. M. on Wednesday, the 9th July 1952.

V. KRISHNAMOORTHI,
Secretary to the Legislative Assembly.

APPENDIX I.

[Please see Answer to Question No. 385 (7).]

Dis. No. 788|49|Home. Dated 22-3-1949.

Endorsement on petition dated 1-5-1124 from R. Thai, Nedumkulangara Vilakathu Veedu, Udiyankulangara, Amaravila A. O. praying for appointment as clerk in the Registration Department exempting her from the operation of the Public Service Recruitment Rules.

The petitioner is informed that she is exempted from the Public Service Recruitment Rules and the Public Service Commission has instruction to recruit her to the Registration Department in a suitable vacancy.

Sd. *For Secretary.*

Copy to the Public Service Commission for information and necessary action.

Copy to the Director of Registration.
Copy to the General Section.
Copy to the File Book.

APPENDIX II.

[Please see Answer to Question No. 404 (27)].

Statement showing net profit of the Ceramic Factory for the years 1120 to 1124, 1949-1950 (7½ months), 1950-51 and 1951-52.

Year.		*Nett Profit.*		
		Rs.	*Ch.*	C.
1120	..	1,67,729	19	8
1121	..	2,06,960	8	14
1122	..	1,89,113	7	12
1123	..	98,066	10	2
1124	..	11,609	14	10
		Rs.	*As.*	*P.*
1949-1950	..	21,196	0	11
1950-1951	..	19,088	11	0
1951-1952	..	1,859	0	0

APPENDIX III.

[Please see Answer to Question No. 406 (29).]

Claim No.	Date of Accident.	Date of Lodging the claim.	Date of settlement.
1	15-1-1947	6-3-1947	29-3-1123
4	2-9-1122	4-5-1947	21-8-1123
5	7-8-1122	22-8-1947	23-7-1123
7	17-11-1122	20-1-1123	25-5-1124
10	22-11-1122	5-3-1123	2-12-1123
12	21-8-1947	19-9-1947	27-4-1123
14	7-10-1947	30-10-1947	11-9-1123
15	16-10-1947	26-5-1123	23-7-1123
16	29-8-1947	21-11-1947	Claim settled by Vanguard.
18	14-10-1947	29-4-1123	25-11-1123
20	21-3-1123	21-11-1947	Sanction on 11-8-1124 pending for want of discharge receipt.
21	19-4-1123	26-4-1123	11-6-1124
25	25-9-1122	1-3-1124	8-9-1124
31	21-3-1123	28-5-1123	26-3-1124
32	23-3-1123	29-2-1124	18-9-1124
34	5-4-1948	7-5-1948	24-1-1124
35	19-4-1948	26-1-1949	1-2-1950
37	20-9-1123	22-9-1123	31-7-1951
39	16-7-1123	27-8-1123	21-11-1949
42	21-4-1123	20-1-1949	17-12-1124
44	9-7-1123	22-10-1123	20-9-1124
48	10-2-1123	9-11-1123	10-9-1949
54	30-7-1948	23-8-1948	5-8-1950
58	9-1-1124	21-6-1124	21-6-1950
61	19-1-1124	12-1-1950	22-9-1950
63	30-1-1123	8-9-1948	10-7-1950
66	6-3-1124	20-5-1124	5-7-1951
67	6-11-1948	14-12-1948	23-8-1950
74	20-12-1948	4-1-1949	Settled by Transport Department.
78	17-4-1124	17-4-1951	16-11-1951
83	11-3-1949	14-3-1949	Settled by Vanguard.
91	20-6-1124	27-9-1949	23-5-1950
92	14-7-1949	31-10-1949	23-5-1950
94	17-12-1124	25-10-1950	26-5-1952

APPENDIX III.—(*concld.*)

Claim No.	Date of Accident.	Date of Lodging the claim.	Date of Settlement.
96	23-6-1949	24-3-1950	16-11-1951
97	17-9-1124	23-9-1949	22-6-1950
100	14-1-1125	11-10-1950	15-11-1951
101	6-1-1125	4-8-1950	22-6-1951
113	3-3-1125	23-10-1950	22-6-1951
116	23-5-1125	15-4-1950	30-5-1952
118	10-2-1950	23-2-1950	10-2-1951
122	3-3-1950	13-4-1950	25-1-1952
125	17-4-1125	28-8-1125	25-8-1951
126	29-5-1125	4-5-1950	22-6-1951
127	30-3-1950	15-5-1950	13-7-1951
128	28-3-1950	3-5-1950	30-10-1951
130	1-9-1125	10-5-1950	22-6-1951
132	24-4-1950	15-5-1950	8-11-1951
134	24-5-1950	6-6-1950	22-6-1951
136	15-8-1949	21-6-1950	30-11-1951
137	23-10-1125	9-8-1950	22-6-1951
138	30-4-1950	26-6-1950	16-11-1951
148	6-10-1950	30-11-1950	24-3-1952
150	13-9-1950	1-12-1950	20-11-1951
159	2-1-1951	8-2-1951	8-11-1951
162	31-1-1951	5-5-1951	26-5-1952
163	17-1-1951	10-3-1951	8-11-1951
169	13-3-1951	5-11-1951	Government sanction on 28-5-1952
194	2-1-1951	28-6-1951	20-4-1952
201	23-4-1951	15-7-1951	21-2-1952
211	5-9-1126	18-8-1951	26-2-1952
214	17-5-1951	3-9-1951	5-5-1952
240	20-1-1952	25-1-1952	13-2-1952 Payment to one party pending for want of discharge receipt.
241	30-8-1951	22-9-1951	26-5-1952
Total No. 64			

APPENDIX III.—(*contd.*)

COCHIN.

Claim No.	Date of Accident.	Date of Lodging the claim.	Date of Settlement.
C 2	11-2-1949	22-10-1949	22-6-1950
C. 3	16-9-1124	28-6-1125	18-4-1950
C. 4	1-11-1949	30-11-1949	10-1-1951
C. 5	1-1-1950	7-11-1950	20-4-1952
C. 6	7-2-1950	4-4-1950	2-2-1951
C. 8	3-10-1125	14-6-1950	10-1-1951
C. 9	26-6-1125	28-7-1950	10-1-1951
C. 10	5-4-1950	23-6-1950	10-1-1951
C. 11	11-6-1950	29-7-1950	26-2-1952
C. 12	10-10-1949	16-7-1950	10-1-1951
C. 13	21-7-1950	23-7-1950	10-1-1951
C. 14	7-7-1950	30-8-1950	Final settlement on 10-1-1952
C. 15	1-7-1950	17-9-1950	2-2-1951
C. 16	15-8-1950	1-9-1950	8-1-1952
C. 18	10-1-1951	20-2-1951	26-2-1952
C. 20	21-4-1951	19-7-1951	26-2-1952
16			

APPENDIX IV.

[Please see Answer to Question No. 409 (33).]

Statement showing net profit of the Ceramic Factory for the years 1120, to 1124, 1949-1950 (7½ months) 1950-51 and 1951-1952.

Year.	Net Profit.		
	Rs.	Ch.	C.
1120 ..	1,67,729	19	8
1121 ..	2,06,960	8	14
1122 ..	1,89,113	7	12
1123 ..	98,066	10	2
1124 ..	11,609	14	10
	Rs.	As.	P.
1949-1950 ..	21,196	0	11
1950-1951 ..	19,088	11	0
1951-1952 ..	1,859	0	0

APPENDIX V.

[Please see Answer to Question No. 420 (45).]

Scales of pay allowed to the posts of language teachers in Cochin are Rs. 80-125 (H. S.) Rs. 30-75 (M. S.) and Rs. 30-50 (P.S.) and dearness allowance admissible from time to time.

In Travancore the scales of pay are Rs. 22-28 in Middle Schools and Rs. 25-45 in High Schools, for Malayalam Tamil and Sanskrit Pandits.

Hindi Instructors in Middle and High Schools are given Rs. 25-45.

Arabic Munshies in Primary Schools are given basic pay of Rs. 25 in Middle Schools Rs. 20-25 and in High Schools Rs. 25-45.

Incumbents working in the posts on the scales of pay given above are allowed personal scales of pay according to qualifications against the respective posts.

If a University degree holder like B. O. L., etc., he is allowed Rs. 50-100.

If Siromani or Mahopadhyaya Rs. 45-75.

If Sahityavisarada or Vidwan Rs. 30-60.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1952.

Wednesday, the 9th July, 1952.

Vol. VI OFFICIAL REPORT No. 9

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 9th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS

Ex-service Men's Co-operative Society.

*458. [1] **Shri P. S. Nataraja Pillai**: Will the Minister for Co-operation be pleased to state:

(*a*) the area of land in Nedumangad in actual possession of the All Travancore Ex-service Men's Co-operative Society;

(*b*) the area of land in this taluk allotted to this Society by Government; and

(*c*) the area cultivated by the members of the Society?

Minister for Revenue **(Shri A. Chidambaranatha Nadar)**:

(*a*) 384 acres of forest land in Nedumangad Taluk are in actual possession of the All-Travancore Ex-service Men's Co-operative Society No. 2754, *i. e.*, 364 acres under Increased Food Production Scheme and 20 acres under Taungya system.

(*b*) The area of land allotted to the above Society by Government from the above taluk was 366.25 acres *i. e.*, 346·25 acres under Increased Food Production Scheme and 20 acres under Taungya system. But on final survey and computation made the area leased out under Increased Food Production Scheme came to 364·10 acres.

(*c*) The whole area of 384' acres under lease has been cultivated by the Society.

Shri P. S. Nataraja Pillai: I do not quite follow the figures. Is there any area granted which is encroached upon by persons other than co-operative society members?

Shri A. Chidambaranatha Nadar: No.

Shri P. S. Nataraja Pillai: Has not the Co-operative Society reported to Government that the area allotted has been encroached upon by others?

ஸ்ரீ. பி. எஸ். நடராஜபிள்ளை: இந்த கோவாப்பரேட்டிவ் சொஸைட்டிக்கு கொடுக்கப்பட்ட ஸ்தலத்தில் அன்னியர்கள் பிரவேசித்திருக்கிறார்கள் என்று அந்த கோவாப்பரேட்டிவ் சொஸைட்டி சர்க்காருக்கு எழுதியனுப்பினதுண்டா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: இல்லை.

ஸ்ரீ. பி. எஸ். நடராஜபிள்ளை: இந்த கோவாப்பரேட்டிவ் சொஸைட்டி மெம்பர்கள் அந்த ஸ்தலத்தில் தாமசிக்கிறார்களா?

Shri A. Chidambaranatha Nadar: I want notice.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ സ്ഥലം പിന്നോക്ക സമുദായക്കാർക്കുവേണ്ടി ഈയർമാക്ക് ചെയ്തിരുന്നതാണെന്ന ഗവണ്മെന്റിനറിയാമോ?

Shri A. Chidambaranatha Nadar: I want notice.

Pay of Transport Employees.

*459. [2] **Shri P. S. Nataraja Pillai:** Will the Minister for Transport be pleased to state:

(a) the minimum and maximum pay fixed for—

1. District Officer Grade
2. Inspector Grade
3. Conductors Grade
4. Drivers Grade

in 1114 M. E. and 1952; and

(b) the percentage of expenditure incurred under—

(i) Direction—Pay of Officers and pay of establishment.

(ii) Maintenance—Pay of Officers and Pay of establishment.

(iii) Operating Expenses—Running staff; Pay of Officers and Pay of Establishment.

in 1114 M. E. and 1951-52 of the Working Expenses for these years?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(a)	*1114 M. E.*		*1951-52.*
District Officer	Rs. 60-5-90 & 50-5-70	District Officer	Rs. 225-10-275 175-10-225 125-10-175
Inspectors	Rs. 40-2-50	Inspectors	Rs. 100-5-125 80-5-120 45-5-75
Conductors	Rs. 25-1-30		30-3-45
Drivers	30-3-40		30-3-45 E.|B. 5-65 E. B-75

(b)	*1114 M. E.*	*1951-52.*
(i)	3·43%	1·98%
(ii)	2·24%	2·74%
(iii)	12·48%	13·19%

Shri P. S. Nataraja Pillai: What is the percentage of increase in the minimum grade of the District Officers from 1114 M. E. to 1952 ?

Shri Kalathil Velayudhan Nair: That is a matter for calculation. It will take some time to get it calculated.

Shri P. S. Nataraja Pillai: May I know whether there is a proportionate increase in the minimum pay of the drivers ?

Shri Kalathil Velayudhan Nair: There has not been a proportionate increase.

Shri P. S. Nataraja Pillai: Any increase in the minimum pay ?

Shri Kalathil Velayudhan Nair: There is no increase in the minimum pay of the drivers ?

Shri P. S. Nataraja Pillai: Who are the most hard-worked people among the staff in the motor transport business ?

Shri Kalathil Velayudhan Nair: That is a matter of opinion. The Drivers claim that they are the most hard-worked and the District officers also claim that they are the most hard-worked.

Shri P. S. Nataraja Pillai: When the pay of the driver has not been increased, does it stand to reason to increase the pay of the inspecting staff ?

Shri Kalathil Velayudhan Nair : It is not unreasonable.

Shri P. S. Nataraja Pillai: Which is the more risky job ?

Shri Kalathil Velayudhan Nair: That is also a matter of opinion.

ശ്രീ. പി. സദാശിവൻപിള്ള: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് വികസിപ്പിച്ചതനുസരിച്ച് അതിലെ ഡിസ്ട്രിക്ട് ആഫീസർമാരുടെ ചുമതലയും വർദ്ധിച്ചിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: വളരെ വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. ആർ. കേശവപിള്ള: ഡ്രൈവർമാരുടെ ശമ്പളം കൂട്ടുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. ടി. വി. താമസ്: ഇൻസ്പെക്ടർമാരുടെയും കണ്ടക്ടർമാരുടെയും ശമ്പളത്തിൽ വ്യത്യസ്ത ഗ്രേഡു വച്ചിരിക്കുന്നതിനു കാരണമെന്തു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: കണ്ടക്ടർമാർക്കു പ്രമോഷൻ കൊടുത്താണു് ഇൻസ്പെക്ടർമാരായി സാധാരണ നിയമിക്കുന്നതു്.

ശ്രീ. ടി. വി. താമസ്: ട്രിബ്യൂണലിൽ ഇവർ രണ്ടുപേരുടെയും ശമ്പളം ഒന്നുപോലെയാക്കണമെന്നു തീരുമാനിച്ചിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നോട്ടീസുവേണം.

ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററി: Witthout obligation എന്നയിനത്തിൽ കണ്ടക്ടർമാരുണ്ടോ?

(No answer)

Diesel oil buses.

* 460. [3] **Shri P. S. Nataraja Pillai:** Will the Minister for Transport be pleased to state:

(*a*) amount for which spare parts were purchased for Diesel oil buses and Petrol buses respectively for each of the years 1949-50 and 1950-51; and

(*b*) the value of stock in hand on 30-4-42 in each of the variety under (a)?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Amount for which spare parts were purchased for diesel oil buses for the year 1949-50 — nil.

Amount for which spare parts were purchased for petrol buses for the year 1949-50 for 7½ months — Rs. 3,35,500.

Amount for which spare parts were purchased for diesel oil buses for the year 1950-51 — Rs. 60,200.

Amount for which spare parts were purchased for the Petrol buses for the year 1950-51 — Rs. 12,09,000.

(*b*) Value of stock in hand of spare parts for Diesel buses on 30-4-'52 — Rs. 2,05,700.

Value of stock in hand of spare parts for Petrol buses as on 30-4-52 — Rs. 8,46,300.

Shri P. S. Nataraja Pillai: May I know the number of Diesel buses bought in the years 1949-50 & 1950-51?

Shri Kalathil Velayudhan Nair: Number of Diesel buses bought during the year; 1950-51 — 60; 1949-50 — nil.

വെയിററിംഗ് ഷെഡ്ഡുകൾ.

* ൪൬൧. [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോടതികൾ, രജിസ്റ്റർ കച്ചേരികൾ മുതലായ പൊതുസ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്കു ഇരിക്കുവാനുള്ള വെയിററിംഗ് ഷെഡ്ഡുകൾ ഇല്ലെന്നുള്ളതു ശരിയാണോ;

(ബി) വെയിററിംഗ് ഷെഡ്ഡുകൾ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ ?

മരാമത്തും ഗതാഗതവുംവകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ :

(എ) അല്ല.

(ബി) വെയിററിംഗ്ഷെഡ്ഡ് ഇല്ലാത്ത കോടതികളോ രജിസ്റ്റർ കച്ചേരികളോ ഉള്ളതായി ഗവെണ്മെൻറിൻെറ ദൃഷ്ടിയിൽപെടുത്തിയാൽ തക്കതായ നടപടിയെടുക്കുന്നതാണ്.

ശ്രീ. ആർ. ഗംഗാധരൻ : സെക്രട്ടറിയേററിൽ വരുന്നവർക്ക് ഇരിക്കുവാനുള്ള സൗകര്യമുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : വിസിറ്റേഴ്സ് റൂമിൽ വന്നാൽ അവിടെ ഇരിക്കുവാനുള്ള ഇരിപ്പിടങ്ങൾ ഇല്ലെന്നുള്ളതു് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : കസേരകൾ ഇട്ടിട്ടുണ്ട്.

ശ്രീ. കൊച്ചുകുഞ്ഞ് : ആ കസേരകൾ നിറയെ മൂട്ടയാണെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അങ്ങിനെയുണ്ടെങ്കിൽ അതു നീക്കാം.

ശ്രീ. ഒ. സി. നൈനാൻ : കച്ചേരികളിലെല്ലാം വെയിററിംഗ് ഷെഡ്ഡുകൾ കെട്ടിമേയാതെ നനഞ്ഞു കിടക്കുന്നതായി അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതിനു പ്രത്യേകമായി ഒരു ചോദ്യമയച്ചാൽ മറുപടി പറയാം.

ശ്രീ. ഒ. സി. നൈനാൻ : തിരുവല്ലായിലുള്ള വെയിററിംഗ് ഷെഡ്ഡിൻെറ കാര്യം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ ?

Mr. Speaker: That purpose has been served.

മീരാൻകടവു പാലം.

※ ൪നവ. [൭] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീരാൻകടവിൽ ഒരു പാലം കെട്ടുന്നതിനു അഞ്ചുതെങ്ങു നിവാസികൾ മദ്രാസ് ഗവണ്മെൻറിനെ ഏല്പിച്ച ൧൪,൦൦൦-ൽ ചില്വാനം രൂപ മദ്രാസ് ഗവണ്മെൻറ പ്രസ്തുത ആവശ്യത്തിനായി ഇവിടെ ഏല്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ;

(സി) പാലംപണി സംബന്ധിച്ചു എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്താണ് ;

(ഇ) പാലംപണി ഉടനെ ആരംഭിക്കണമെന്നു കാണിച്ചു പരാതികൾ കിട്ടിയിട്ടുണ്ടോ ;

(എഫ്) പാലംപണി എന്നു ആരംഭിക്കും ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഉണ്ടു്. ൧൩,൯൬൪ രൂപ ൨ അണയാണു തുക.

(ബി) മാർച്ചു് ൧൯൫൧-ൽ.

(സി) ഉണ്ടു്.

(ഡി) പ്രസ്തുത ജോലിക്കാവശ്യമുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു. എസ്റ്റിമേററിനു സാംഗ്ഷൻ നൽകിയിട്ടുണ്ടു്.

(ഇ) ഉണ്ടു്.

(എഫ്) പ്രസ്തുത ജോലിക്കു കുറെ സ്ഥലം അക്വയർ ചെയ്യേണ്ടതായിട്ടുണ്ടു്. അതു കഴിഞ്ഞാലുടൻ ജോലി തുടങ്ങുന്നതാണു്.

കുഴൽക്കിണറുകൾ.

❋ ൪൬൩. [൬] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക്കര രണ്ടു കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിരുന്നോ ;

(ബി) പ്രവർത്തനം ആരംഭിച്ചതു എന്നാണു് ;

(സി) കിണറുകൾ പൂർത്തിയായോ;

(ഡി) പൂർത്തിയാകാതിരിക്കുന്നതു എന്തുകൊണ്ടാണു് ;

(ഇ) പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) പ്രവർത്തനം ആരംഭിച്ചിരുന്നു.

(ബി) ൧൦൨൬-ൽ ആണു്.

(സി) ഇല്ല.

(ഡി) വളരെ ആഴത്തിലുള്ള കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള ഉപകരണങ്ങൾ ഇല്ലാതിരുന്നതുകൊണ്ടു് അതിന്റെ പണി പൂർത്തിയായിട്ടില്ല.

(ഇ) പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

Lift Irrigation.

❋ **464. [7] Shri K. Madhavan Unnithan:** Will the Minister for Works and Transport be pleased to state :

(*a*) whether the Government have received representations praying for extension of lift irrigation lines to Enath ; and

(*b*) whether any action is being taken on them ?

Chief Minister **(Shri A. J. John) :**

(*a*) Yes.

(*b*) Yes.

Perissery-Cheruvalloor Road.

* 465. [8] **Dr. M. Sivaraman Nair:** Will the Minister for Works and Transport be pleased to state:

(*a*) whether it is a fact that the Perissery-Cheruvalloor Road *via* Ala in Mavelikara sub-division was constructed more than thirty years ago;

(*b*) that the road is a short cut from Chengannur to Mavelikara passing through a thickly populated area;

(*c*) that this road is being used by a large number of students on account of a High School being situated by the side of this road;

(*d*) that there is no provision for annual maintenance of this road?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Yes.
(*b*) Yes.
(*c*) Yes.

(*d*) No; The road is under departmental maintenance with a basic grant of Rs. 300 per mile.

വില്ലേജുറോഡുകൾ.

* ൪൬൬. [൯] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുറോഡുകൾ നന്നാക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെൻറ് വല്ല സഹായധനവും നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്;

(ബി) വില്ലേജുറോഡുകൾ നന്നാക്കുന്നതിനു പഞ്ചവത്സര പദ്ധതിയും ദശവത്സരപദ്ധതിയും ഏതാണോ ഈ ഗവണ്മെൻറ് അവലംബമായി സ്വീകരിക്കാൻ പോകുന്നത്;

(സി) ഒരു താലൂക്കിലെ റോഡുകളുടെ ലിസ്റ്റിൽ മററു താലൂക്കുകളിലെ റോഡുകൾ മൂന്നും നാലും ഉൾപ്പെടുത്തിയാണ് ലിസ്ററ് തയാറാക്കിയിരിക്കുന്നതെന്ന വസ്തുത വാസ്തവമാണോ;

(ഡി) ഏററവും പ്രധാനമായ പല റോഡുകളും ഈ ലിസ്റ്റിൽ ഉൾപ്പെടുത്താതെയാണ് ഇതു പൂർത്തിയാക്കിയിട്ടുള്ളതെന്നു പല പരാതികളും ഉണ്ടായിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇല്ല.

(ബി) അതെ.

[ശ്രീ. കളത്തിൽ വേലായുധൻനായർ]

(സി) വാസ്തവമാണ്. ഒന്നിലേറെ താലൂക്കുകളിൽക്കൂടി കടന്നു പോകുന്ന റോഡുകൾ ഏതെങ്കിലും ഒരു താലൂക്കിൽമാത്രം ചേർത്തിരിക്കുകയാണു ചെയ്തിട്ടുള്ളതു്.

(ഡി) ഇല്ല

ശ്രീ. ഒ. സി. നൈനാൻ: ഈ വില്ലേജുറോഡുകൾ പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തേണ്ട കാര്യംകൂടി ആലോചിച്ചു അതിനു പണം കൊടുക്കുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ചോദ്യം സി-ക്കു് പറഞ്ഞ മറുപടിയിൽ വേറെ താലൂക്കുകളിൽ പോകുന്ന റോഡുകളുംകൂടി ഒരു താലൂക്കിൽമാത്രം പെടുത്തിയിട്ടുണ്ടെന്നാണു പറഞ്ഞതു്. അങ്ങിനെയാണെങ്കിൽ ഒരു താലൂക്കിൽ പണി തുടങ്ങി അവസാനിച്ചാൽ അടുത്ത താലൂക്കിൽ തുടർന്നു ജോലി തുടങ്ങാതെ ഇട്ടിരിക്കുന്നുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ജോലി പരിപൂർണ്ണമാക്കാതെ കിടക്കുന്ന വിവരം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തിയാൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: നെടുമങ്ങാട്ടു താലൂക്കിൽ പണി തുടങ്ങിയ ഒരു റോഡു് ചിറയിൻകീഴ് താലൂക്കുവരെമാത്രമെ പോകുന്നുള്ളു. അതിനപ്പുറം ഒട്ടുംതന്നെ പോകുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: ബഹു: മെമ്പർ പറഞ്ഞതിനെപ്പററി അന്വേഷിക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: വില്ലേജു റോഡുകൾ നന്നാക്കുന്നതു് ഏതു ഡിപ്പാർട്ടുമെന്റിൽ നിന്നാണു്. ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പി. ഡബ്ളിയു. ഡി ക്കു് ഒരു സ്കീം ഉണ്ടു്. അതനുസരിച്ചു കാൺട്രാക്ററായിട്ടാണു കൊടുക്കുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: കൊച്ചിയിൽ പഞ്ചായത്തു ഡിപ്പാർട്ടുമെൻറാണു് ഈ ജോലികൾ നടത്തിയിരുന്നതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇവിടെയുള്ള ചില റോഡുകളെല്ലാം തോടുകളായി മാറുന്നതിന്റെ കാരണം എന്താണു്?

Mr. Speaker: Question disallowed.

പോത്തൻകോട്—പിരപ്പൻകോട്ട് റോഡ്

*៩൩൭. [൧൦] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തൻകോട്ട്—പിരപ്പൻകോട്ട് റോഡു്, റോഡു് ഡവലപ്പുമെൻറസ്കീം അനുസരിച്ചു് ഡിസ്ട്രിക്ററ് എ. റോഡായി ഉയർത്തുന്ന

തിന് തെരഞ്ഞെടുത്തിട്ടും ഇതുവരെ യാതൊരു ജോലിയും ചെയ്യിക്കാൻ ശ്രദ്ധിക്കാതിരുന്നതു് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിൽ 'വെളളാവൂർ' എന്ന സ്ഥലത്തു ഒരു പാലം പണിയിക്കാത്തതുകാരണം വാഹനഗതാഗതം തടയപ്പെട്ടിരിക്കുകയാണെന്നു വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ആ റോഡിൻെറ പണി എന്നത്തേയ്ക്കു് പൂർത്തിയാക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കുമോ ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഇതുവരെ പ്രസ്തുത റോഡു് മെററൽ ചെയ്യുന്നതിനുവേണ്ടി എസ്റ്റിമേററ തയാറാക്കുകയായിരുന്നു. ഇപ്പോൾ എസ്റ്റിമേററ് സാംക്ഷൻ ചെയ്തിട്ടുണ്ടു്. ഉടനെ ജോലി ആരംഭിക്കുന്നതാണു്.

(ബി) ഉണ്ടു്.

(സി) ഒരു കൊല്ലത്തിനുള്ളിൽ പണി തീർക്കാമെന്നുദ്ദേശിക്കുന്നു.

ആസ്പത്രി കിടക്കകൾ.

* ൪൬൮. [൧൧] ശ്രീ. പി. വി. അവിരാതരകൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു (Beds for inpatients) എത്ര കിടക്കകളും കട്ടിലുകളുമുണ്ടു് ;

(ബി) ഇന്നു് ആസ്പത്രികളിലുള്ള കിടക്കകൾകൊണ്ടു ആവശ്യത്തിനു മതിയാകുന്നതാണോ ;

(സി) മതിയാകുന്നില്ലെങ്കിൽ കിടക്കകൾ വർദ്ധിപ്പിക്കുന്നതിനും സ്ഥലസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഗവണ്മെൻറ് എന്തെങ്കിലും നടപടി നടത്തുന്നതിനു് ആലോചിക്കുന്നുണ്ടോ ;

(ഡി) സ്ഥലസൗകര്യങ്ങളില്ലെന്നു ഗവണ്മെൻറിലേക്കു് ഡിപ്പാർട്ട്മെൻറിൽനിന്നു് എന്തെങ്കിലും കുറിപ്പുകൾ ലഭിച്ചിട്ടുണ്ടോ ?

മെഡിക്കലും പൊതുജനാരോഗ്യവുംവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൫,൬൦൮ കട്ടിലുകളും കിടക്കകളും ഉണ്ടു്.

(ബി) മതിയാകുന്നില്ല.

(സി) പൊതുജനങ്ങളുടെ സഹായസഹകരണത്തോടുകൂടി അത്യാവശ്യമെന്നു തോന്നുന്ന ചില ആസ്പത്രികളിൽ പുതിയ വാർഡുകൾ പണി കഴിപ്പിക്കുന്നുണ്ടു്. ഈ നയം തുടരുന്നതുമാകുന്നു.

(ഡി) ഉണ്ടു്.

ശ്രീ. പി. വി. അവിരാതരകൻ : ഡിപ്പാർട്ട്മെൻറിൽനിന്നു ഇങ്ങനെ ഒരു കുറിപ്പു കിട്ടിയതിനുശേഷം എന്തു നടപടിയാണു് ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു് ?

Mr. Speaker: The Member immediately wants to know the action taken on all the representations received from different parts of the State?

ഡാക്ടർ എൻ. എസ്സ്. പിള്ള : എന്റെ നിയോജകമണ്ഡലമായ ആറന്മുളയിൽ ഒരു ആശുപത്രിയോ ഡിസ്പെൻസറിയോ ഇല്ലെന്നു ഗവണ്മെന്റിനറിയാമോ ?

ശ്രീ. വി. മാധവൻ : അറിയാം.

ഡാക്ടർ എൻ. എസ്സ്. പിള്ള : അതിനെപ്പറ്റി പരാതി ഗവണ്മെന്റിനു് കിട്ടിയിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : കിട്ടിയിട്ടുണ്ടു്.

പെരുമ്പളം ഡിസ്പെൻസറി.

❋ ൪൬൯. [൧൩] ശ്രീ. പി. വി. അവിരാ തരകൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൧-൫൨ ഈ കൊല്ലങ്ങളിൽ എത്ര ഡിസ്പെൻസറികളും ആശുപത്രികളും സംസ്ഥാനത്തു സ്ഥാപിച്ചിട്ടുണ്ടു് ;

(ബി) പെരുമ്പളംകരയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കണമെന്നു വല്ല അപേക്ഷകളും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തിയിട്ടുണ്ടു് ?

മെഡിക്കലും പൊതുജനാരോഗ്യവും വകുപ്പുമന്ത്രി : (ശ്രീ. വി. മാധവൻ) :

(എ) രണ്ടു ആശുപത്രികളും ആറു ഡിസ്പെൻസറികളും സ്ഥാപിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) പെരുമ്പളത്തു് ബൈവീക്കിലി ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടു്. കെട്ടിടവും ഉപകരണങ്ങളും സ്ഥലത്തെ ജനങ്ങൾ ഗവണ്മെന്റിനു കൊടുത്താൽ ഉടനെ ഡിസ്പെൻസറി തുടങ്ങേണ്ടതിനു് വേണ്ട നടപടികൾ എടുക്കുന്നതാണു്.

Extension of electricity.

❋ 470. [14] **Shri P. V. Avira Tharakan:** Will the Minister for Electricity be pleased to state:

(*a*) whether the Government intend to extend electricity up to Aroor; and

(*b*) if so, when will the work be taken up?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) At present, there is no such proposal.

(*b*) Does not arise.

<u>ശ്രീ. പി. വി. അവിരാതരകൻ:</u> ചേർത്തല താലൂക്കിലെ കർഷകരുടെ ആവശ്യത്തെ പുരസ്കരിച്ച് നിലങ്ങളിലേക്കു കൂടി ഇലക്ട്രിസിററി എക്സ്ററൻറ ചെയ്യുന്നതിന് ഗവൺമെൻറ ആലോചിക്കുമോ?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> അതിനെപ്പററി ആലോചിക്കുന്നതാണ്.

Nationalisation of Transport.

※ 471. [15] **Shri M. M. Abdul Khader:** † Will the Minister for Transport be pleased to state whether the Government has plans for nationalisation of Transport in the Cochin area?

Minister for Works and Transport **(Shri Kalathil Velayudhan Nair):** None at present.

Lift Irrigation Schemes.

※ 472. [16] **Shri M. M. Abdul Khader:** † Will the Minister for Public Works be pleased to state the number of incomplete lift irrigation schemes in Alwaye, Thrikkakara, Vayakulam, Vengola and the other pakuthies of Kunnathunad taluk?

Chief Minister **(Shri A. J. John):** The following five works:

1. Chorinikara Scheme.
2. Vazhakulam West Scheme.
3. Chalakkal Scheme.
4. Vazhakulam East Scheme.
5. Avanamcode Scheme, No. I A.

<u>ശ്രീ. ജോസഫ് വാഴപ്പിള്ളി:</u> ഏതെങ്കിലും സ്കീം ആരംഭിച്ചാൽ പിന്നെ യാതൊന്നും അവിടെ ചെയ്യുകയില്ലെന്നുള്ള അഭിപ്രായത്തിൽ ഗവൺമെൻറ എത്തിച്ചേർന്നിട്ടുണ്ടോ?

Mr. Speaker: All the schemes are now incomplete. The answer given is about the incomplete schemes. Before a scheme is completed, its usefulness or otherwise could not be ascertained.

<u>ഹാസ്പിററലുകൾ.</u>

※ ൪൭൩ നം. [൧൭] <u>ശ്രീ. വാറുണ്ണി പുളിക്കൽ:</u> താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ;

(എ) എന്ത് മാനദണ്ഡം അനുസരിച്ചാണ് ഗവൺമെൻറിൽനിന്നും ഹാസ്പിററലുകൾ അനുവദിക്കുന്നത്;

(ബി) മുകുന്ദപുരം താലൂക്ക് കൊടകര വില്ലേജുകാക്ക് ഒരു ഹാസ്പിററൽ അനുവദിച്ചുകിട്ടണമെന്ന് ഏതെങ്കിലും നിവേദനം ഗവൺമെൻറിലേയ്ക്ക് ലഭിച്ചിട്ടുണ്ടോ;

(സി) ഗവൺമെൻറ് ഏതെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

---

† As the Member was absent, this question was put by Shri P. Govinda Pillai, with the permission of the Speaker.

മെഡിക്കലും പൊതുജനാരോഗ്യവും വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) താഴെ പറയുന്ന സംഗതികളെ ആസ്പദമാക്കിയാണ് സാധാരണയായി ഡിസ്പെൻസറികൾ അനുവദിക്കുന്നതു്.

വൈദ്യസഹായം ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടുള്ള സ്ഥലമായിരിക്കണം. ഈ സ്ഥലത്തുനിന്നും ൫ മൈലിനുള്ളിൽ ഗവർമെൻറുവകയോ ഗ്രാൻറു നൽകുന്നതോ ആയ വൈദ്യസ്ഥാപനങ്ങൾ ഒന്നുംതന്നെ ഉണ്ടാകരുതു്. രണ്ടര ചതുരശ്രമൈലിനുള്ളിൽ ചുരുങ്ങിയതു് ജനസംഖ്യ ൨൦൦൦ എങ്കിലും വേണ്ടതാണ്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്. കൊടകരയിൽ ഒരു ഡിസ്പെൻസറി തുടങ്ങേണ്ടതിനെപ്പററി ഗവർമെൻറ് ആലോചിക്കുന്നുണ്ടു്. കെട്ടിടവും സ്ഥലവും സജ്ജീകരണങ്ങളും സ്ഥലത്തെ ജനങ്ങൾ വിലകൂടാതെ ഗവർമെൻറിനു് വിട്ടുകൊടുത്താൽ ഡിസ്പെൻസറി തുടങ്ങേണ്ടതിനുള്ള നടപടികൾ എടുക്കുന്നതായിരിക്കും.

Piravam Bridge.

※ 474. [18] **Shri N. P. Varghese:** Will the Minister for Works be pleased to state:

(*a*) whether Government are in receipt of a representation from the people of Muvattupuzha and Vaikom taluks for the construction of a bridge at Piravam in 1125;

(*b*) whether the Minister for Works and the Chief Engineer inspected the site in 1125 and deputed the Vaikom Sub-Division Officer for investigating the proposal in 1125; and

(*c*) what is the result of the investigation?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Yes.

(*b*) It is not known whether there was such a joint inspection and deputation as stated.

(*c*) Investigation has not been conducted, but an estimate for an investigation has been prepared.

ശ്രീ. എൻ. പി. വർഗീസ്: ഇക്കൊല്ലം ഇൻവെസ്റ്റിഗേഷന് നടപടി എടുക്കുമോ?

Shri Kalathil Velayudhan Nair: If the estimate is provided for in the budget, that will be considered.

Housing Scheme.

※ 475. [19] **Shri N. P. Varghese:** Will the Minister for Local Self Government be pleased to state:

(*a*) which are the places included in the Government housing scheme and the number of houses built in each place;

(*b*) is Muvattupuzha included in the list of places selected for the housing scheme;

(*c*) is it a fact that there is an acute shortage of houses in Muvattupuzha town?

Minister for Local Self Government **(Shri K. Kochukuttan) :**

(*a*) Sanction has been accorded to construct houses in the following centres :

	Centre.	*No. Sanctioned.*	*No. Built.*
1.	Cape Comorin	17	17
2.	Colachel	36	0
3.	Trivandrum (Municipal)	30	30
4.	Quilon	10	10
5.	Alleppey (Municipal)	24	24
6.	Punalur	18	18
7.	Kumarakam	10	10
8.	Alwaye (Municipal)	30	30
9.	Thevara	50	36
10.	Irinjalakuda (Municipal)	24	..
11.	Irinjalakuda	32	24
12.	Theroor	20	20
13.	Aivarkala	20	..
14.	Krishnapuram	7	..
15.	Vavakavu	5	..
16.	Kayipuram	15	..
17.	Pandalam	15	..
18.	Enayam	30	20
19.	Vizhinjam	25	15
20.	Cheriyazheekal	20	..
21.	Azhicode	11	11
22.	Edavilangu	12	12
23.	Muhamma	20	..
24.	Pallom	15	..
25.	Kidangore	18	..
26.	West Kallada	18	..
27.	Vaikom (Municipal)	10	..
28.	Kuzhithura (Municipal)	12	..
29.	Cheranalloor	10	..
	Total	564	277

Industrial Housing.

1.	Travancore Rayons, Ltd., (Perumbavoor)	25
2.	F. A. C. T., Alwaye.	40
3.	Oriental Exporters, Quilon.	10
4.	Shri M. A. Narayanaswami Reddiar, Quilon.	10
5.	Vijayamohini Mills, Ltd., Trivandrum.	12
	Total	97

Grand total 661

(*b*) No. Not at present.

(*c*) There may be shortage of houses in Muvattupuzha Town as in the case of any other towns.

ശ്രീ. എൻ. പി. വർഗ്ഗീസ്: എന്തു് അടിസ്ഥാനത്തിലാണു് ഹൗസിംഗ് സ്കീമിനു പ്രയോരിട്ടി കൊടുത്തതു് എന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏററവും കൂടുതൽ ആവശ്യമുള്ള സ്ഥലങ്ങൾക്കു് മുൻഗണന കൊടുത്തു എന്നേ ഉള്ളു.

ശ്രീ. എൻ. പി. വർഗ്ഗീസ്: കൃഷിതൊഴിലാളികളും വ്യവസായതൊഴിലാളികളും കൂടുതൽ ഉള്ള സ്ഥലം നോക്കിട്ടാണോ മുൻഗണന കൊടുത്തിട്ടുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: വീടില്ലാത്ത ആളുകളും, ഇങ്ങനെ പണിയുന്ന വീടുകൾക്കു് ചെലവാകുന്ന പണം മടക്കി അടയ്ക്കുവാൻ പ്രാപ്തിയുള്ള ആളുകളും കൂടുതൽ ഉള്ള സ്ഥലത്താണു് ഇപ്പോൾ കൊടുത്തിട്ടുള്ളതു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: കർഷകതൊഴിലാളികൾ വളരെ അധികമുള്ള സ്ഥലങ്ങളിൽ വീടുപണിയുന്നതിൽ പ്രത്യേകം ഒരു മുൻഗണന കൊടുക്കണമെന്നു് ഗവണ്മെൻറിനു് തോന്നുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങിനെ പ്രത്യേകം ഒരു മുൻഗണന കൊടുക്കുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. കരുണാകരനൻ: വ്യവസായതൊഴിലാളികൾ ധാരാളമുള്ള ആമ്പല്ലൂരും വിൽവട്ടവും ഈ ഹൌസിംഗ് സ്കീമിൽ പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നോക്കാം.

ശ്രീ. പി. സി. ആദിച്ചൻ: പിന്നോക്കസമുദായങ്ങൾക്കു വേണ്ടി പണിയുന്ന വീടുകൾ ഈ സ്കീമിൽ പെടുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. സി. അച്ച്യുതമേനോൻ: ട്രാവൻകൂർ റയാൺസു്, എഫ്. എ. സി. ടി. മുതലായ ഫാക്ടറിയിലെ തൊഴിലാളികൾക്കു വേണ്ടി വീടുകൾ ഒന്നും പണിയുന്നില്ലെന്നു് പറഞ്ഞു. അതു് ആ കമ്പനി ഉടമകൾ സഹകരിക്കാത്തതുകൊണ്ടാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില സ്ഥലങ്ങളിൽ വീടുപണിയുവാൻ പറഞ്ഞിട്ടുണ്ടു്. അവർ സഹകരിക്കാമെന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: ഈ വീടുകളിൽ താമസിക്കുന്നവരെല്ലാം പിന്നോക്കസമുദായക്കാരാണെന്നു ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പിന്നോക്കസമുദായക്കാർക്കു് വേറെ വീടുകൾ പണിതു കൊടുക്കുന്നുണ്ടു്.

ശ്രീ. കൊച്ചുകുഞ്ഞു്: പിന്നോക്കസമുദായക്കാർക്കു് ഈ വീടു പണിയുവാൻ വേറെ പദ്ധതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പിന്നോക്കസമുദായക്കാർക്കു് ഈ വീടു കൊടുത്താൽ അതിനു ചെലവായ സംഖ്യ മടക്കി അടയ്ക്കുവാൻ അവരെക്കൊണ്ടു സാദ്ധ്യമല്ല. അതുകൊണ്ടു് അവർക്കു് വേറെ പണിയുന്നുണ്ടു്.

ശ്രീ. പി. ചാക്കോ: ഈ ഓരോ വീടിന് എന്തു വീതം ചെലവു വരുന്നുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആയിരം മുതൽ രണ്ടായിരം രൂപാവരെ ചെലവാകുന്നുണ്ട്. ചെലവായിട്ടുള്ള സംഖ്യ മടക്കി അടയ്ക്കുന്നതിന് ൨൫ കൊല്ലത്തെ കാലാവധി വച്ചിട്ടുണ്ട്.

ശ്രീ. പി. ചാക്കോ: പിന്നോക്കസമുദായക്കാർക്കായി പണിയുന്ന വീടുകൾക്ക് ഓരോന്നിനും എന്തു ചെലവു വരുന്നുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ ചോദ്യം ഇതിൽ വരുന്നില്ല. അതിനു വേറെ ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

Thirupparappu-Kollencode Channel.

✻ 476. [20] Shri M. William: Will the Minister for Public Works be pleased to state:

(a) is it a fact that the Thirupparappu-Kollencode channel has been given up by Government;

(b) why is it that that channel work is neglected?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(a) Yes;

(b) The construction of this channel had to be dropped due to insufficient inflow of water at Thirupparappu weir at present.

Road to Alenkode.

✻ 477 [21] Shri M. Willam: Will the Minister for Public Works be pleased to state whether it is a fact that the road from Arumanai to Alenkode is in such a neglected condition that vehicles cannot pass through them?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

The condition of the road is unsatisfactory. Arrangements are being made to metal a portion of the road.

Road to Karakonam.

✻ 478. [22] Shri M. William: Will the Minister for Public Works be pleased to state:

(a) how long is it that the road from Kuzhithurai to Karakonam has been traced and formed;

(b) is the same cartable?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(a) Only investigation works were carried out in the year 1941.

(b) Cartable only in certain portions.

ലേഡീഡാക്ടർമാർ.

*൪൬൯. [൨൩] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തിൽ ഗവണ്മെൻറാശുപത്രികളിലും സർവീസിലുമായി എത്ര ലേഡീഡാക്ടർമാർ ഉണ്ട്;

(ബി) ഗവണ്മെൻറ് ഡിസ്പെൻസറികളിൽ ലേഡീഡാക്ടർമാരെ നിയമിക്കാറുണ്ടോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ):

(എ) മെഡിക്കൽഡിപ്പാർട്ടുമെൻറിൽ ൯൪-ം, പബ്ലിക്കു ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ ൩-ം ലേഡീഡാക്ടർമാർ സർവീസിൽ ഉണ്ട്.

(ബി) ലേഡീ ഡാക്ടർമാരുടെ സേവനം അത്യാവശ്യമാണെന്നു തോന്നുന്ന ഡിസ്പെൻസറികളിൽ അവരെ നിയമിക്കാറുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: ലേഡീഡാക്ടറന്മാരുടെ അപര്യാപ്തത മൂലം പ്രസവമരണങ്ങൾ വർദ്ധിച്ചു വരുന്നതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. കെ. പി. പ്രഭാകരൻ: ഇന്ന് എല്ലാ ഡിസ്പെൻസറികളിലും ആവശ്യത്തിനുള്ള ലേഡീഡാക്ടറന്മാരെ കൊടുക്കുവാൻ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. കൊച്ചുകുഞ്ഞു്: സാധാരണ ലേഡീഡാക്ടർമാരുടെ പരീക്ഷായോഗ്യത എന്തായിരിക്കുമെന്നു പറയാമോ?

ശ്രീ. പി. ചാക്കോ: ലേഡീ ഡാക്ടർമാരുടെ ആവശ്യമില്ലാത്ത എന്തെങ്കിലും ആശുപത്രി സംസ്ഥാനത്തുണ്ടോ എന്ന് അറിയാമോ?

ശ്രീ. വി. മാധവൻ: എല്ലാ സ്ഥലത്തും ലേഡീഡാക്ടർമാരെ ആവശ്യമുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഇവിടെയുള്ള എല്ലാവർക്കും ആവശ്യമുള്ളത്ര ലേഡീഡാക്ടർമാർ ഇവിടെയുണ്ടോ?

ശ്രീ. വി. മാധവൻ: എല്ലാ സ്ഥലത്തും ലേഡീഡാക്ടർമാരെ നിയമിക്കുവാനുള്ള അത്ര ലേഡീഡാക്ടർമാർ ഇവിടെയില്ല.

ശ്രീ. കൊച്ചുകുഞ്ഞു്: പരിചയമില്ലാത്തവരായ ലേഡീഡാക്ടർമാരെ ആശുപത്രിയിൽ നിയമിക്കുന്നതു കഷ്ടമല്ലേ?

ശ്രീ. വി. മാധവൻ: പരിചയമില്ലാത്തവരെ നിയമിക്കുന്നതു കഷ്ടമാണു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സംസ്ഥാനത്തുള്ള സ്ത്രീകളുടെ കണക്കനുസരിച്ചു ലേഡീഡാക്ടറന്മാരെ നിയമിക്കേണ്ടതല്ലേ?

ശ്രീ. വി. മാധവൻ: ആകെയുള്ള സ്ത്രീകളുടെ എണ്ണമനുസരിച്ച് അതിനുതക്കവണ്ണം ഉള്ള ഒരു കണക്കിൽ ലേഡീഡാക്ടറന്മാരെ നിയമിക്കാൻ സാധിക്കുകയില്ല.

ശ്രീ. കൊച്ചുകുഞ്ഞ്: പ്രസവശുശ്രൂഷക്കായിട്ട് മാത്രമാണോ ലേഡീഡാക്ടറന്മാരെ നിയമിക്കാറുള്ളതു്?

ശ്രീ. വി. മാധവൻ: അതിനു മാത്രമല്ല. രോഗചികിത്സക്കും കൂടിയാണ്.

ശ്രീ. എ. താണുപിള്ള: മെഡിക്കൽ കാളേജിൽ സ്ത്രീകൾക്കുവേണ്ടി പ്രത്യേക സീററുകൾ നീക്കിവച്ചിട്ടില്ലേ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: മെഡിക്കൽകാളേജിൽ ഇക്കൊല്ലം ൨൦ സ്ത്രീകൾക്കു മാത്രമെ അഡ്മിഷൻ കിട്ടീട്ടുള്ളുവെന്നു അറിയാമോ?

ശ്രീ. വി. മാധവൻ: അങ്ങനെ ആയിരിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: പുരുഷന്മാരോടൊപ്പം. സ്ത്രീകൾക്കും മെഡിക്കൽ കാളേജിൽ സീററുകൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധിക്കുമോ?

ശ്രീ. വി. മാധവൻ: മെഡിക്കൽകാളേജിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിൽ ചില നിബന്ധനകളുണ്ട്. ആ നിബന്ധനയ്ക്കു വിധേയമായിട്ടല്ലാതെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. മെഡിക്കൽ കാളേജിൽ അഡ്മിഷനു് ഇവിടെ റൂളുകൾ ഉണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: നിലവിലിരിക്കുന്ന കോൺസ്റ്റിററ്യൂഷൻ അനുസരിച്ചു മെഡിക്കൽകാളേജിൽ പുരുഷന്മാരെക്കാൾ സ്ത്രീകൾക്ക് സീററ് കുറയ്ക്കണമെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. വി. മാധവൻ: ഞാൻ പറഞ്ഞതു് സ്ത്രീകൾക്ക് അവിടെ പ്രവേശനം കൊടുക്കുന്ന കാര്യത്തിൽ ഒരു പ്രത്യേക വ്യവസ്ഥയുണ്ടെന്നല്ല. മെഡിക്കൽകാളേജിന്റെ ഭരണകാര്യത്തിൽ ഉള്ള വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തിയാണ് വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിക്കുന്നതെന്നാണു പറഞ്ഞതു്.

ശ്രീ. പി. എസ്. നടരാജപിള്ള: സ്ത്രീകൾക്കുവേണ്ടി ഒരു പ്രത്യേക പള്ളിക്കൂടം അവിടെ ഉണ്ടാക്കിക്കൂടാ എന്നു ഭരണവ്യവസ്ഥയിലുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെയുണ്ടെന്നു തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ കൊല്ലവും കൂടുതൽ പരീക്ഷായോഗ്യതയുള്ള സ്ത്രീകൾക്ക് എല്ലാം അവിടെ പ്രവേശനം കിട്ടിയില്ലെന്നുള്ള വിവരം ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. വി. മാധവൻ: എനിക്കറിഞ്ഞുകൂടാ.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: മൈസൂറിൽ നിന്നും ചന്ദ്രിക എന്നു പേരുള്ള ഒരു ലേഡീഡാക്ടർ ഇവിടെ ഉദ്യോഗത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അതു് ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ ഉത്തരം ശേഖരിച്ചു നൽകാം.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: മെഡിക്കൽകാളേജിലും ഡിപ്പാർട്ടുമെൻറിലും പട്ടികജാതിയിലുള്ള സ്ത്രീപുരുഷന്മാർ വളരെ കുറവാണെന്നറിയാമോ?

ശ്രീ. വി. മാധവൻ: മെഡിക്കൽ കാളേജിലാണെങ്കിൽ പട്ടികജാതിയിലുള്ള അപേക്ഷകരെയെല്ലാം പ്രവേശിപ്പിച്ചിട്ടുണ്ട്.

Concreting of Roads.

* 480 [24] **Shri M. V. Cheriyan:** Will the Minister for Public Works be pleased to state:

(*a*) is there any provision for cement-concreting any portion of the Main Central road in the Piravom Constituency;

(*b*) what is the criterion of the Public Works Department in cement-concreting here and there and coal-creting in other places?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) No.

(*b*) It depends upon the nature of the roads with special reference to soil conditions and lessons from the results obtained.

ശ്രീ. എം. വി. ചെറിയാൻ: തൊടുപുഴ, മൂവാററുപുഴ ഈ താലൂക്കുകളിലെ ചില ഭാഗങ്ങളിൽ ടാറ മാത്രമേ ഇട്ടിട്ടുള്ളു. അവിടങ്ങളിൽ കാൺക്രീററ ചെയ്യാൻ പാടില്ലെന്നു വല്ല നിർദ്ദേശവുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഒരു നിർദ്ദേശവുമില്ല.

ശ്രീ. എം. വി. ചെറിയാൻ: നിർദ്ദേശമില്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണു് കാൺക്രീററു് ചെയ്യാത്തതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എല്ലാ സ്ഥലങ്ങളിലും കാൺക്രീററ ചെയ്യാൻ സാധിക്കാത്തതുകൊണ്ടുതന്നെ.

ശ്രീ. എ. താണുപിള്ള: കാൺക്രീററ ചെയ്യുന്നതിനും ടാർക്രീററ ചെയ്യുന്നതിനും താരതമ്യേന ചിലവുകൾക്കുള്ള വ്യത്യാസമെന്താണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു മൈൽ കാൺക്രീററ ചെയ്യുന്നതിനു് ൧൫,൦൦൦ രൂപ ചിലവുണ്ടാകും. എന്നാൽ ടാർക്രീററാണെങ്കിൽ ൪൦,൦൦൦ രൂപയാണു് ചെലവുവരുന്നതു്.

ശ്രീ. എ. താണുപിള്ള: ഇവ രണ്ടും തമ്മിൽ ഡ്യൂറബിലിററി എതിനാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കാൺക്രീററ റോഡുകൾ ക്കാണ് മറേറതിനെക്കാൾ ഡ്യൂറബിലിററി ഉള്ളതു്.

ശ്രീ. എ. താണുപിള്ള: കാൺക്രീററ റോഡുകൾക്കും ഷെൽക്രീററ റോഡുകൾക്കും തമ്മിൽ ഉള്ള ഡ്യൂറബിലിററിയെ സംബന്ധിച്ചിടത്തോളം വല്ല വിദഗ്ദ്ധാഭിപ്രായവും കിട്ടീട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഷെൽക്രീററിനെപ്പററി ഒരു എക്സ്പെർട്ട് ഒപ്പീനിയൻ ഇതുവരെ കിട്ടിയിട്ടില്ല. എന്നാൽ കാൺക്രീററ റോഡ് പത്തുകൊല്ലം നിൽക്കുമെന്നുള്ളതിലേക്ക് എക്സ്പെർട്ട് ഒപ്പീനിയൻ ഉണ്ട്.

യാചകർ.

* ൪൱൧. [൨൫] ശ്രീ. ററി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) യാചകർക്ക് സഹായം നൽകുന്നതിനായി ഗവണ്മെൻറ് ഇതേവരെ എന്തു് നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി ഗവണ്മെൻറ് ആവിഷ്കരിച്ചിട്ടുണ്ടോ; എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തു് എത്ര യാചകരുണ്ടെന്നു ഗവണ്മെൻറ് കണക്കെടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) യാചകർക്കു സഹായം നൽകുന്നതിൽ കൊച്ചിൻവിഭാഗത്തിൽ പബ്ലിക്ക്ഹെൽത്തു ഡിപ്പാർട്ടുമെൻറിന്റെ അധീനത്തിൽ മൂന്നു യാചകകേന്ദ്രങ്ങൾ നടത്തിവരുന്നു. തിരുവനന്തപുരത്തു ശ്രീചിത്രാഹോം എന്ന നാമധേയത്തിൽ ഒരു അനാഥശാലയും ഉണ്ട്. ഇതിനു ഗവണ്മെൻറിൽ നിന്നു പ്രതിവർഷം രൂപ ൩൨,൦൦൦ ഗ്രാൻറായി കൊടുക്കുന്നു. ഇതിനു പുറമെ നാഗർകോവിൽ, കോട്ടയം, ആലപ്പുഴ എന്നീ മുനിസിപ്പൽ പട്ടണങ്ങളിൽ അതാതു മുനിസിപ്പാലിററിയുടെ അധീനത്തിൽ ഓരോരോ യാചകകേന്ദ്രം നടത്തുന്നു. കൊല്ലം മുനിസിപ്പൽ പട്ടണത്തിൽ ആ മുനിസിപ്പാലിററിയുടെ അധീനത്തിൽ ഒരു യാചകമന്ദിരം തുടങ്ങാൻ അനുവാദം കൊടുത്തിട്ടുണ്ട്.

(ബി) യാചക നിവൃത്തിക്കുവേണ്ടി തിരുവിതാംകൂർ-കൊച്ചിക്ക് ഒരു പൊതുനിയമം ഉണ്ടാക്കണമെന്നു തീർച്ചപ്പെടുത്തിട്ടുണ്ട്. അതിൻ പ്രകാരം വേണ്ട നടപടി എടുക്കുന്നതാണ്.

(സി) ഇല്ല.

വക്കല ഡിസ്പെൻസറി.

* ൪൱൨. [൨൬] ശ്രീ. ററി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) വക്കല ഡിസ്പെൻസറിയിൽ ഇപ്പോഴുള്ള അസൗകര്യങ്ങളെ പരിഗണിച്ച് ഡിസ്പെൻസറി കൊട്ടാരത്തിലേക്ക മാററുന്നതിനെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) കൊട്ടാരം കെട്ടിടം ഇപ്പോൾ എന്തിനായിട്ടാണ് ഉപയോഗിക്കുന്നതു്?

വൈദ്യവും പൊതുജനാരോഗ്യവും വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇല്ല.

(ബി) ആകെ മൂന്നു കെട്ടിടങ്ങൾ ഉണ്ടു്. അതിൽ ഒന്നു തിരുവിതാംകൂർ-കൊച്ചി ട്രാവൽബ്യൂറോവിനു കൊടുത്തിരിക്കുകയാണ്. ബാക്കി രണ്ടു കെട്ടിടങ്ങളും ഒഴിഞ്ഞു കിടക്കുകയാണ്.

ശ്രീ. ടി. എ. മജീദ്: ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ ഡിസ്പെൻസറിക്കുവേണ്ടി ഉപയോഗപ്പെടുത്തിക്കൂടെ?

ശ്രീ. വി. മാധവൻ: അതിനെപ്പററി ആലോചിച്ചതിനുശേഷമേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ്.

* ൪൮൩. [൨൭] ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൻെറ പ്രതിദിനവരുമാനം തിട്ടപ്പെടുത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ശരാശരി ഒരു ദിവസത്തെ വരുമാനമെന്തായിരിക്കും;

(സി) ശരാശരി ദിവസച്ചെലവിനം എന്തായിരിക്കും?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) ശരാശരി വരുമാനം പ്രതിദിനം രൂപ ൪൦,൦൦൦ ആകുന്നു.

(സി) ശരാശരി ചിലവു പ്രതിദിനം രൂപ ൩൩,൦൦൦ ആകുന്നു.

ആയുർവ്വേദ വിദ്യാഭ്യാസ പരിഷ്കരണം.

* ൪൮൪. [൨൮] ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ വിദ്യാഭ്യാസപരിഷ്കരണ പരിപാടികൾ അവസാനമായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരിപാടികൾ എന്തെല്ലാമാണ്;

വൈദ്യവും പൊതുജനാരോഗ്യവും വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) ആയുർവേദത്തിൽ ഡിഗ്രിയും ഡിപ്ലോമായും ഏർപ്പെടുത്തുന്നതിനാണ് ഗവണ്മെൻറിൻെറ ഉദ്ദേശം. ഡിപ്ലോമാകോഴ്സ് കഴിഞ്ഞ വർഷം ആരംഭിച്ചു. ഇക്കൊല്ലം ഡിഗ്രികോഴ്സ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. അതിനു വേണ്ട നടപടികൾ എടുത്തു വരുന്നു.

നൈററ്സ്കൂളുകളും വായനശാലകളും.

*൪൮൫. [൨൯] ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിൽ ഇരുന്ന എത്ര നൈററ്സ്കൂളുകളും, എത്ര വായനശാലകളും വയോജന വിദ്യാഭ്യാസബോർഡിൻെറ അധീനതയിലാക്കിയിട്ടുണ്ട്;

(ബി) ഇതിലേയ്ക്കു് ഡിപ്പാർട്ടുമെൻറു ഫണ്ടിൽ നിന്നും പ്രത്യേക തുകകൾ അനുവദിച്ചിട്ടുണ്ടോ;

എൻ. ജി. ഓ. മാരെ സംയോജിപ്പിക്കുന്നതിന് മൂന്നുതരം ഉത്തരവുകൾ ഗവണ്മെൻറ് പാസ്സാക്കിയിട്ടുണ്ട്. ഈ ഉത്തരവുകൾ എല്ലാംതന്നെ രണ്ടു ഭാഗത്തെയും എൻ. ജി. ഓ. മാരെ ബാധിച്ചിട്ടുണ്ട്. ഇതിനെപ്പററി യെല്ലാം വളരെ പ്രതിഷേധങ്ങൾ ഉണ്ടായിട്ടുമുണ്ട്. കൊച്ചിയിലെ ജീവനക്കാർ ഇന്നുള്ള ആനുകൂല്യങ്ങൾപോലും അവർക്ക് നഷ്ടപ്പെടുമെന്ന് ന്യായമായി ശങ്കിക്കുന്നു. തിരുവിതാംകൂറിലെ എൻ. ജി. ഓ. മാരും അവരുടെ ശമ്പളസ്കെയിലുകൾ മോശമായതുകൊണ്ട് സർവ്വവിധത്തിലും നഷ്ടമാണെന്നു വിശ്വസിക്കുന്നു. ഈ സംയോജനക്കാര്യം ഗവണ്മെൻറ് ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതു് ചില ഉദ്ദേശങ്ങളോടുകൂടിയാണെന്ന് ഞാൻ പറയുന്നു. ഈ സംയോജനപ്രശ്നം പരിഹരിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ ഒരു ഉദ്യോഗസ്ഥനെ എന്നു ജോലിയിൽ പ്രവേശിപ്പിച്ചോ അന്നു മുതലുള്ള സർവ്വീസു കണക്കാക്കണം. അങ്ങനെ കണക്കാക്കി ഒരു റണ്ണിംഗ് ടൈം സ്കെയിൽ കൊടുത്തു് സീനിയാറിട്ടി നിശ്ചയിക്കേണ്ടതാണ്. ഗവണ്മെൻറ് രണ്ടു കൂട്ടരെയും വിളിച്ചിരുത്തി ഈ പ്രൊപ്പോസൽ അവരുടെ മുൻപിൽവച്ചു യോജിപ്പിച്ചു ഒരു തീരുമാനം ഉണ്ടാക്കാൻ ഇതുവരെ ശ്രമിച്ചിട്ടില്ല. അതു് നടക്കുന്നതുവരെ മൗലികമായി ശമ്പളപരമായ പ്രശ്നത്തെ സമീപിക്കാതെ സർവ്വീസു സംയോജനം ഗവണ്മെൻറിന് തൃപ്തികരമായി നടത്താൻ സാധിക്കുകയില്ല. ഇനിയൊരുകാര്യം എനിക്കു ചൂണ്ടികാണിക്കുവാനുള്ളതു് തിരുവനന്തപുരത്തു് ജോലിയിൽ ഇരിക്കുന്ന കൊച്ചീവിഭാഗത്തിൽപ്പെട്ട എൻ. ജി. ഓ. മാർ ഉദ്യോഗം രാജിവച്ചു് തിരിച്ചുപോകുന്നുവെന്നുള്ളതാണ്. മറുഭാഗത്തു വേറെയാളുകൾ തൻെറ തലയ്ക്കു് മുകളിൽ വരുന്നുവെന്നു വിചാരിച്ചു് ആധിപിടിച്ചു മരിച്ചിട്ടുള്ളതായും കാണാൻ കഴിയും. കൊച്ചിയിലെ എൻ. ജി. ഓ. മാർ അവരുടെ അവകാശങ്ങൾ നേടുന്നതിന് അവരുടെ അവസാനത്തുള്ളി രക്തംവരെ ചൊരിയുമെന്ന് ഒരു ലഘുലേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആ ലഘുലേഖയെപ്പററി ഇവിടെ പലസ്നേഹിതന്മാരും പറഞ്ഞുകേട്ടു. അതിൻെറ പേരിൽ നടപടി എടുക്കണമെന്ന് വാദിക്കുന്നതായും കേട്ടു. അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അവരുടെ സ്വന്തം രക്തം ചിന്താൻ തയാറാണെന്ന് പറയാൻ അവർക്ക് അവകാശമില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഈ സർവ്വീസു സംയോജനപ്രശ്നം നീട്ടിക്കൊണ്ടുപോകുന്നതു് രണ്ടു കൂട്ടരുടെയും അവകാശങ്ങൾ നിഷേധിക്കാനുള്ള ഒരു ശ്രമമാണ്. ഈ ശ്രമം ആപൽക്കരമാണെന്ന് അറിയിച്ചുകൊള്ളുന്നു. മേഷയുദ്ധത്തിൽപ്പെട്ട കുറുനരിയുടെ അവസ്ഥ ഈ മന്ത്രിസഭയും സർക്കാരും ഓർമ്മിക്കുന്നതു് നന്നായിരിക്കും.

(ബെൽ)

ശ്രീ. കെ. ജെ. താമസ്സ് : സർ, സഭയുടെ ഈ ഭാഗത്തിരിക്കുന്ന തനിസ്വതന്ത്രരുടെ നിലയെപ്പററി പറയുകയാണെങ്കിൽ, അവർ ഇപ്പോൾ പിശാചിൻെറയും കടലിൻെറയും മദ്ധ്യത്തിരിക്കുന്ന ഒരവസ്ഥയിലാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. കഴിഞ്ഞ അസംബ്ലിയിൽ ഞങ്ങൾ കാൺഗ്രസുകക്ഷിയെ നിരുപാധികം പിൻതാങ്ങിയതു് കോൺഗ്രസ്സിനോടുള്ള ഞങ്ങളുടെ സ്നേഹാധിക്യംകൊണ്ടോ കോൺഗ്രസ്സിൻെറ ഇന്നത്തെ നേതാക്കന്മാരിലുള്ള പരിപൂർണ്ണമായ വിശ്വാസംകൊണ്ടോ ആയിരുന്നില്ല. രണ്ടു കാരണങ്ങളാണ് അതിനു ഞങ്ങളെ പ്രേരിപ്പിച്ചതു്. ഒന്നാമതു മററു പോംവഴിയൊന്നും ഇല്ലായിരുന്നു. ഈ രാജ്യ•

[ശ്രീ. കെ. ജെ. താമസ്]

അരാജകത്വത്തിലേക്കു വലിച്ചെറിയപ്പെട്ട് ഈ രാജ്യത്തു ഒരു അഡ്മിനിസ്ട്രേറ്റർഭരണം വരാതെയിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി; രണ്ടാമത്തു് കഴിഞ്ഞകാലത്തെ തെററുതിരുത്തി ഇവിടെ ഒരു നല്ല ഭരണമുണ്ടാകുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. എന്നാൽ ഞങ്ങളുടെ പ്രതീക്ഷ വളരെ നിരാശാജനകമായിരുന്നു എന്നു ഞാൻ ചൂണ്ടിക്കാണിക്കുന്നു. അവർ ഇപ്പോഴും പഴയ വഴിയിൽക്കൂടിയാണു മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതു്. ഇതു പരിഹരിക്കാൻ അവർ തയാറാകുകയില്ലെങ്കിൽ അതിൻെറ ഫലം അവർതന്നെ അനുഭവിക്കും.

ഒന്നുരണ്ടു കാര്യങ്ങൾ ഈയവസരത്തിൽ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി മലനാട്ടുകർഷകരുടെ കാര്യത്തെപ്പററിയാണു് എനിക്കു പറയാനുള്ളതു്. വണ്ടൻമേടു റിക്ലമേഷൻപദ്ധതി കഴിഞ്ഞ ബഡ്ജററിൽകൊള്ളിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഈ പ്രാവശ്യം അതേപ്പററി ആലോചിക്കുന്നേയുള്ളു എന്നാണു് ബഹുമാനപ്പെട്ടമന്ത്രി പറയുന്നതു്. ഫുഡ്പ്രൊഡക്ഷൻസ്കീം അനുസരിച്ചു കഴിഞ്ഞകൊല്ലങ്ങളിൽ അനേകം പാവപ്പെട്ട കർഷകർ ആ സ്ഥലങ്ങളിൽ കുടിയേറി കൃഷിചെയ്തു ജീവിച്ചുവന്നിരുന്നു. അന്നത്തെ ഫുഡ്പ്രൊഡക്ഷൻ കമ്മിഷണരായിരുന്ന ശ്രീ. ഇക്കണ്ടവാര്യർ പറയുകയുണ്ടായി, കർഷകർ നാട്ടിൻെറ നട്ടെല്ലാണെന്നും, നാട്ടിനു ഇന്നു ഏററവും ആവശ്യമായിട്ടുള്ളതു് ഭക്ഷ്യധാന്യങ്ങളാണെന്നും അതുകൊണ്ടു നിങ്ങളെല്ലാവരും കുടുംബങ്ങളുമായി കൂട്ടം കൂട്ടമായി അങ്ങോട്ടുപോകുവിൻ എന്നും. അങ്ങനെ ആഹ്വാനം ചെയ്തതനുസരിച്ചു ആളുകൾ അപേക്ഷകൾ അയയ്ക്കുകയും അവിടെ പോയി പ്രവേശിക്കുകയുംചെയ്തു. അങ്ങനെ അപേക്ഷ അയച്ചതിൽ സ്റ്റാമ്പിനത്തിലും മററുമായി അൻപതിനായിരമൊ അറുപതിനായിരമൊ രൂപ ഗവണ്മെൻറിനുകിട്ടി. അതിനുശേഷം ഈ പദ്ധതി ഉപേക്ഷിച്ചുവെന്നാണു പറയുന്നതു്. അന്നത്തെ ആഹ്വാനമനുസരിച്ചു അനേകം കുടുംബങ്ങൾ അവിടെപ്പോയി കൃഷിചെയ്തു താമസിച്ചുവന്നു. അവിടെ സ്ഥലം പതിച്ചുകിട്ടുന്നതിലേക്കായി ഒരു കർഷകൻ അന്നു മന്ത്രിസഭയിലുണ്ടായിരുന്ന ഒരു മന്ത്രിയുടെ മകളുടെ വിവാഹത്തിന് മൂന്നു നൂറുരൂപാനോട്ടുകൾ സമ്മാനമായി കൊടുക്കുകയും അതിനുശേഷം പോലീസു അവിടെചെന്നു് അയാളെ ആട്ടിയോടിക്കുകയുംചെയ്തുവെന്ന സംഭവം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നുകൊള്ളുന്നു.

ശ്രീ. ടി. എസ്സ്. രാമസ്വാമി: എത്ര ഏക്കർ സ്ഥലമാണ് ഈ കർഷകനു കൊടുത്തിട്ടുള്ളതു്?

ശ്രീ. കെ. ജെ. താമസ്: സ്ഥലം പതിച്ചുകൊടുത്തില്ല. ആ മന്ത്രി ഇപ്പോൾ മന്ത്രിപദത്തിൽനിന്നുപോയി, അല്ലെങ്കിൽ അതു ചെയ്യുമായിരുന്നു.

ഇനി എനിക്കു് പറയാനുള്ളതു തോട്ടംതൊഴിലാളികളെപ്പററിയാണു്. ഇന്നു തൊഴിലാളികളുടെ അവകാശങ്ങൾ സാധിച്ചുകൊടുക്കാതിരിക്കുന്നതിനായി തൊഴിലാളികളെ അടിച്ചമർത്തുകയും തോട്ടം ഉടമകളെ പ്രീണിപ്പിക്കുന്നതുമായ ഒരു നയമാണു് ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതു്. തോട്ടം ഉടമകൾ ഗവണ്മെൻറിൻെറ കറവപ്പശുക്കളാണു്.

ആ പാൽ കറക്കുന്നതു് രാഷ്ട്രത്തിനു വേണ്ടിയല്ല, കാൺഗ്രസിനും കാൺഗ്രസുനേതാക്കന്മാക്കും വേണ്ടിയാണു്. അതു കറന്നെടുക്കുന്നതിനു എനിക്കു വിരോധമില്ല.

ശ്രീ. കെ. എം. ചാണ്ടി: ഈ പാൽ ബഹുമാനപ്പെട്ട മെംബറും കുടിച്ചിട്ടില്ലേ?

ശ്രീ. കെ. ജെ. താമസ്: ഇല്ല, അതു കറന്നുകുടിക്കാൻ നിങ്ങൾക്കുമാത്രമേ സാധിക്കുകയുള്ളൂ. ഈ കറവപ്പശുക്കൾ തോട്ടം തൊഴിലാളികളെ ഭിന്നിപ്പിച്ചു് അവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കാതിരിക്കുന്നതിനുള്ള ഒരുടവായിട്ടാണു് ഗവണ്മെന്റ് ഈ തോട്ടം ഉടമകൾക്കു് കൂട്ടുനിൽക്കുന്നതു്.

സർ, ഇന്നു തേയിലയ്ക്കു വിലയില്ല. അതേപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു സെൻട്രൽഗവണ്മെന്റിൽനിന്നും ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. അവർ ഇവിടെ വരുമ്പോൾ തേയിലയുടെ വില കൂട്ടുന്നതിനും തേയിലകൃഷിക്കാർക്കു കൂടുതൽ ആനുകൂല്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

അടുത്തതായി റബ്ബർ കർഷകരുടെ കാര്യമാണ്. കഴിഞ്ഞ ലോക മഹായുദ്ധകാലത്തു പുറത്തുള്ള ലോകവിപണികളിൽ റബ്ബറിനു മൂന്നും നാലും രൂപാ കിട്ടിക്കൊണ്ടിരുന്നപ്പോൾ വെറും ൧൪ അണമാത്രമാണു് ഇവിടെ കിട്ടിക്കൊണ്ടിരുന്നതു്. ഇത്രയും നഷ്ടം സഹിച്ചിട്ടുള്ള ഒരു കർഷകവിഭാഗം ലോകത്തിലില്ല. ഇന്നു് റബ്ബറിന്റെ വില നിശ്ചയിക്കാൻ ററാരിഫ് ബോർഡിനെ ചുമതലപ്പെടുത്തിയിരിക്കയാണു്. മിനിമം വേജസ് ആക്ടനുസരിച്ചുള്ള കൂലികൊടുക്കുമ്പോൾ തോട്ടങ്ങൾ ആദായകരമായി നടത്തുവാൻ സാദ്ധ്യമല്ല. ഈ വക കാര്യങ്ങളിലെല്ലാം ഗവണ്മെന്റ കൂടുതൽ ശ്രദ്ധപതിപ്പിച്ചു നിങ്ങളുടെ കറവപ്പശുക്കൾക്കു കൂടുതൽ പാൽകിട്ടാൻ ശ്രമിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ടി. വി. താമസ്: സർ, കഴിഞ്ഞ നാലരവർഷക്കാലത്തെ വാഴ്ചയുടെ ഫലമായി, ഈ കാൺഗ്രസുഭരണം ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ഉന്നതതാൽപ്പര്യങ്ങളെല്ലാം ബലികഴിച്ചിരിക്കയാണു് എന്നുള്ളതാണു് ഈ ഗവണ്മെന്റിന്റെ പേരിൽ ഞങ്ങൾക്കുള്ള ആരോപണം. ഈ വസ്തുതയെപ്പററി സംസാരിക്കുന്നതിനുമുമ്പായി എനിക്കു് ചില കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്. നാമെല്ലാം അഭികാമ്യമായി കരുതപ്പെടുന്ന ജീവിതമൂല്യങ്ങൾ എല്ലാംതന്നെ കാററത്തു പറപ്പിച്ചിരിക്കുന്ന ഈ കാൺഗ്രസ് പാർട്ടിയെക്കുറിച്ചു് ഇതിൽ അധികമൊന്നും പ്രതീക്ഷിക്കാനില്ലതാനും. സർ, കാൺഗ്രസ് അധികാരത്തിൽ വരുന്നതിനു് ഒരാഴ്ചയ്ക്കു് മുമ്പു് കാൺഗ്രസുപ്രതിനിധിയായ ഇന്നത്തെ പോലീസുമന്ത്രി ഒരു പ്രസ്താവന ചെയ്യുകയുണ്ടായി കാൺഗ്രസു അധികാരത്തിൽ വന്നുകഴിഞ്ഞാൽ ആദ്യമായി ചെയ്യുന്ന സംഗതി വയലാർ-പുന്നപ്ര കേസിൽ തടവുശിക്ഷ അനുഭവിക്കുന്ന സഖാക്കളെ ജയിലിൽനിന്നു മോചിപ്പിക്കുകയായിരിക്കും എന്നു് സർ, ആരാണീ വയലാർ-പുന്നപ്രസഖാക്കൾ എന്നുള്ള കാര്യം ഈ സഭയിലെ അംഗങ്ങൾക്കറിയാവുന്നതാണു്. ദിവാൻഭരണത്തിനെതിരായി ഈ പാർട്ടിയെ, കോൺഗ്രസ്സിനെതന്നെ, അധികാരത്തിൽ കൊണ്ടു

[ശ്രീ. ടി. വി. താമസ്.]

വരുന്നതിന് ഐതിഹാസ്യമായി സമരം നടത്തിയവരാണവർ. അവരുടെ സമരത്തെപ്പററി എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിൽതന്നെയും അവരുടെ ആത്മാർത്ഥതയേയും ത്യാഗബുദ്ധിയേയും കാൺഗ്രസ് പാർട്ടിയിൽപ്പെട്ടവർപോലും ചോദ്യം ചെയ്യുന്നില്ല. അവരെ മോചിപ്പിച്ചില്ലെങ്കിൽ മരണംവരെ ജയിൽഗേററിനുമുൻപിൽ സമരം നടത്തുമെന്നു പ്രഖ്യാപിച്ച കാൺഗ്രസ് നേതാക്കന്മാരും എൻെറ മുമ്പിലിരിക്കുന്നുണ്ട്. അവർ ഇതെല്ലാമാണെങ്കിൽതന്നെ ഇപ്പോഴും കാരിരുമ്പഴിക്കുള്ളിൽ നരകമനുഭവിക്കുകയാണ്.

അതുപോലെ സർ, യാതൊരു ജനാധിപത്യരാജ്യങ്ങളിലും കാണാത്തതായ ഒരു നടപടിയാണ് ഈ ഗവൺമെൻറ് ഈ പ്രതിപക്ഷങ്ങളോടു കാണിക്കുന്നതു്. സ്മരിക്കുവാൻപോലും സാദ്ധ്യമല്ലാത്ത ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുന്ന ഇക്കൂട്ടർ ജനാധിപത്യത്തെപ്പററി പറയുമ്പോൾ അവരുടെ ആത്മാർത്ഥതയെപ്പററി ചോദ്യം ചെയ്യുന്നതിൽ അത്ഭുതമില്ല.

ഈ പ്രതിപക്ഷത്തിരിക്കേണ്ടവരായ രണ്ടു നിയമസഭാസാമാജികന്മാർ ഇന്നും ജയിലിൽ കിടക്കുകയാണ്. അവക്ക് അവരുടെ നിയോജകമണ്ഡലങ്ങളോടുള്ള കർത്തവ്യം നിറവേററുന്നതിന് എന്തുകൊണ്ടവസരം കൊടുക്കുന്നില്ല. എന്തുകൊണ്ടു് ഗവൺമെൻറനുവദിക്കുന്നില്ല. അവരെ മോചിപ്പിക്കുന്നതു് കുററംചെയ്യുന്നതിനുള്ള ലൈസൻസു കൊടുക്കുകയായിരിക്കുമെന്നു ഇവിടെ ചില കാൺഗ്രസ് നേതാക്കന്മാർ പ്രസ്താവിക്കയുണ്ടായി. ഞാൻ ചോദിക്കുന്നു ഇന്നീ ട്രഷറിബെഞ്ചുകളിലിരിക്കുന്നവർ ഇതുപോലുള്ള കുററംചെയ്തിട്ടുള്ളവരല്ലേ; അവരുടെ ശിക്ഷ ഇളവുചെയ്തു് അവർ ഇവിടെ വരികയല്ലേ ചെയ്തതെന്നു്. ഒരു പുതിയ തെരഞ്ഞെടുപ്പു ഒരു പുതിയ ഭരണഘടനയുടെ അടിസ്ഥാനത്തിൽ നടന്നതിനുശേഷം മെംബറന്മാരായി വന്നിട്ടുള്ളവരെ ഇവിടെ പ്രവേശിപ്പിക്കാതിരിക്കുന്നതു പ്രാഥമികജനാധിപത്യമര്യാദകൾക്കു പോലും ചേരാത്തതാണ്. ഞങ്ങളുടെ പാർട്ടിയെ പരാജയപ്പെടുത്തുന്നതിലേയ്ക്കായിമാത്രം ചെയ്തിട്ടുള്ള ഒരു നടപടിയാണിതു്. അല്ലാതെ മററൊന്നുകൊണ്ടുമല്ല. സർ, ഞങ്ങളുടെ പാർട്ടിക്ക് ശക്തിയുണ്ടാവുകയാണെങ്കിൽ അവരുടെ എല്ലാ സംരംഭങ്ങളും പരാജയപ്പെട്ടുപോകുമെന്നുള്ള ഭയംകൊണ്ടുമാത്രമാണ്.

ഇവിടെ സർവ്വീസ് ഇൻറഗ്രേഷനെപ്പററി പറഞ്ഞു. അതുപോലെതന്നെ അദ്ധ്യാപകന്മാരുടെ കാര്യവും പറഞ്ഞു. ഇതുവരെ ഇൻറഗ്രേഷൻ നടത്താതിരിക്കുകയാണ്. അടുത്തു നടത്തുമെന്നും പറയുന്നുണ്ടു്. ഇതുകൊണ്ടാർക്കാണ് സംതൃപ്തിയുണ്ടായിട്ടുള്ളതു്. ഏതെങ്കിലും ഒരു വിഭാഗത്തിനെ സംതൃപ്തിപ്പെടുത്താൻ അവർക്കു് സാധിച്ചിട്ടുണ്ടോ? ഞങ്ങളെ പിശാച് എന്നു പറയുന്ന സ്വതന്ത്രന്മാർക്കുപോലും ഈ ഭരണത്തെപ്പററി തൃപ്തിയില്ല.

ശ്രീ. കെ. ജെ. താമസ്: അങ്ങനെ ഞാൻ പറഞ്ഞില്ല.

ശ്രീ. ടി. വി. താമസ്: സർ, ഈ നം. ൧ ഫാംവകുപ്പിനെപ്പററി നാമെല്ലാം കേൾക്കുന്നുണ്ടു്. ഡൽഹി സന്ദർശനത്തിനുശേഷം നമ്മുടെ ധനകാര്യമന്ത്രി ഒരു പ്രസ്താവന ചെയ്യുകയുണ്ടായി: ഡൽഹിനിരത്തുകളിൽക്കൂടി തിരുവിതാംകൂർ-കൊച്ചിയിലെ പൗരന്മാർക്കു് തല ഉയർത്തി

നടക്കാൻ സാദ്ധ്യമല്ലാത്ത തരത്തിൽ നമ്മുടെ അഭിമാനം നഷ്ടപ്പെട്ടുപോയി എന്നു്. തിരുവിതാംകൂർ-കൊച്ചിയുടെ നില ഒരു മുനിസിപ്പാലിററിയുടേതുപോലെയായിത്തീർന്നിരിക്കുന്നുവെന്നും ൩൧-ാംവകുപ്പിൻെറ പ്രവർത്തനംമൂലം നമ്മുടെ സംസ്ഥാനത്തിൻെറ ഉത്തമ താൽപ്പര്യങ്ങളെല്ലാം നഷ്ടപ്പെട്ടുപോയെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ അദ്ദേഹംതന്നെ പറയുന്നു ഈ ൩൧-ാംവകുപ്പ് അത്രയ്ക്കു കാര്യമായെടുക്കേണ്ടതില്ലെന്നു്. രാജ്യകാര്യം കൈകാര്യംചെയ്യുമ്പോൾ കുറച്ചുകൂടി സത്യസന്ധതയോടുകൂടി പെരുമാറേണ്ടതാണെന്നാണു് എനിക്കു അദ്ദേഹത്തെ അറിയിക്കുവാനുള്ളതു്. ൩൧-ാം വകുപ്പനുസരിച്ചു് നമ്മുടെ സംസ്ഥാനം ഒരു മുനിസിപ്പാലിററിയുടെ നിലയിലായിത്തീർന്നു കൊണ്ടു് അതിനെതിരായി വാദമുഖങ്ങളുന്നയിച്ച ബഹുമാനപ്പെട്ട മന്ത്രി തന്നെ ൩൧-ാംവകുപ്പുകൊണ്ടു് യാതൊരു നഷ്ടവും നമുക്കുണ്ടായിട്ടില്ലെന്നും ഉണ്ടാകുന്നതല്ലെന്നും ൩൧-ാംവകുപ്പു് ഏററവും നല്ലതാണെന്നും പറയുന്നു. ഇതാണു് ഇവരുടെ ആത്മാർത്ഥത. ൩൧-ാം വകുപ്പിൻെറ പരിധിയിൽനിന്നും ഈ സംസ്ഥാനത്തെ ഒഴിവാക്കാൻ ഈ മന്ത്രിസഭ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ അതിനുവേണ്ടി പ്രവർത്തിക്കുന്നതിനു് അവക്കാത്മാർത്ഥതയുണ്ടെന്നു തെളിയിക്കുവാൻവേണ്ടി ഈ അസംബ്ലിയിൽ ഒരു പ്രമേയം അവർ കൊണ്ടുവരണം. ഈ സഭയിൽ എല്ലാവരും അതിനെ അനുകൂലിക്കും തീച്ചയാണു്. എന്നാലവർ അതു ചെയ്യുകയില്ല. മൈസൂറിൽ കോൺഗ്രസ്സ് പാർട്ടി ചെയ്തതുപോലെ ഇവിടെയും അവർ ഒരു പ്രമേയംകൊണ്ടുവന്നു് ഏകാഭിപ്രായത്തോടെ പാസ്സാക്കട്ടെ. അതിനവർ തയാറാകുകയില്ലെങ്കിൽ ഈ ൩൧-ാംവകുപ്പിനെതിരായി ഗവണ്മെൻറ യാതൊരു നടപടിയും സ്വീകരിക്കുകയില്ലെന്നു തീർച്ചപ്പെടുത്തുന്നതിൽ തെററില്ലല്ലോ.

ശ്രീ. കെ. കരുണാകരൻ: ഈ അസംബ്ലിയിൽ അതു പാസ്സാക്കിയെന്നുള്ളതറിയാമോ?

ശ്രീ. ടി. വി. തോമസ്: ഈ അസംബ്ലിയിൽ ഇന്നു ചെയ്യുന്ന തീരുമാനത്തേക്കാൾ ഒരു തീരുമാനമാവുകയില്ല അതു്. ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നു് അതു പാസ്സാക്കുന്നതിനു് ഞങ്ങളുടെ സഹായം ആവശ്യപ്പെടണം, ആഗ്രഹിക്കണം.

അതുപോലെതന്നെ ഫെഡറൽഫൈനാൻഷ്യൽഇൻറിഗ്രേഷൻ കഴിഞ്ഞതുകൊണ്ടു് നമ്മുടെ സംസ്ഥാനത്തിനു് യാതൊരുകോട്ടവും സംഭവിച്ചിട്ടില്ലാ എന്നു് ധനകാര്യമന്ത്രി പറയുകയുണ്ടായി. ഞങ്ങൾ അതു വിശ്വസിക്കുന്നില്ല. ഇന്നു നമ്മുടെ സാമ്പത്തികമായ മൂലതാൽപ്പര്യങ്ങളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു.

സർ, കഴിഞ്ഞ അസംബ്ലിയിൽ പ്രസംഗിച്ചുകൊണ്ടു് മദ്രാസിൽ ശ്രീ. രാജാജി പറഞ്ഞതു് കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ വന്നാൽ ഭക്ഷണംമാത്രമല്ല, ചിന്തപോലും നിയന്ത്രിക്കുമെന്നു്. സർ, ആരാണു് ചിന്തയെ നിയന്ത്രിക്കുന്നതു്. ശ്രീ. എ. ജെ. ജാൺ ഇവിടെ കമ്മ്യൂണിസ്ററുപുസ്തകങ്ങൾ നിരോധിക്കുന്നു. കാളേജുമാസികകളിൽ വിദ്യാർത്ഥികൾ കമ്മ്യൂണിസത്തെപ്പററിയോ, മററോ എഴുതിക്കൂടാ. ഗ്രന്ഥശാലകളിൽ കമ്മ്യൂണിസത്തെക്കുറിച്ചോ മററോ ഉള്ള പുസ്തകങ്ങൾ വാങ്ങിക്കുകയാണെങ്കിൽ അതിനു ഗ്രാൻറകൊടുക്കുകയില്ലെന്നു പറഞ്ഞിട്ടുള്ളതായി

[ശ്രീ. ടി. വി. താമസ്.]

അറിയുന്നു. കമ്മ്യൂണിസ്റ്റു അനുഭാവികളായ അദ്ധ്യാപകന്മാരോടു സമാധാനം ആവശ്യപ്പെടുകയും അവരുടെ പേരിൽ നടപടി എടുക്കുകയും ചെയ്യും. സർ, ഇതിലെന്താണ് അർത്ഥം. ആഞ്ഞൊഴുകി വരുന്ന മലവെള്ളത്തെ പഴമുറംകൊണ്ടു തടുക്കുന്ന ഒരു പ്രതീതിയാണ് അദ്ദേഹത്തിന്റെ കമ്മ്യൂണിസത്തോടുള്ള വിരോധത്തെപ്പറ്റി കേൾക്കുമ്പോൾ എനിക്കുണ്ടാകുന്നതു്. സർ, അങ്ങനെയാണെങ്കിൽ ഇതിന്റെയെല്ലാം ഫലം വളരെ ഗുരുതരമായിരിക്കുമെന്ന് മാത്രമെ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളു.

ശ്രീ. എ. അച്യുതൻ: സർ, സർവ്വീസുസംയോജനത്തെ സംബന്ധിച്ചു് രാജ്യത്തു് നാൺഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ഇടയിലുംമറ്റും ഉണ്ടായിക്കൊണ്ടിരിക്കുന്ന അതൃപ്തിയേയും സർവ്വീസ്സംയോജനത്തിൽ ഈ ഗവണ്മെന്റ് വരുത്തുന്ന താമസത്തെപ്പറ്റിയും അല്പം സംസാരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ൧൯൪൯-നു മുമ്പുവരെ പ്രത്യേകംപ്രത്യേകം രാജ്യങ്ങളായി കഴിഞ്ഞുവന്നിരുന്ന തിരുവിതാംകൂറും കൊച്ചിയും അതിനു ശേഷം തെറ്റായോ ശരിയായോ ഒറ്റ സംസ്ഥാനമായി തീൎന്നിരിക്കുകയാണ്. ഇനി ഇങ്ങനെ സംയോജിച്ചതിനുശേഷം പ്രത്യേകം മനോഭാവം വച്ചുകൊണ്ടുപോകുന്നതു് ഒരിക്കലും ശരിയല്ല. ഈ രണ്ടു രാജ്യങ്ങളിലും മുമ്പുണ്ടായിരുന്ന സർവ്വീസ് ഒരു സിവിൽസർവ്വീസിന്റെ അതായതു് ഒറ്റ സിവിൽസർവ്വീസിന്റെ നിലയിലാണ് നാം പരിഗണിക്കേണ്ടതു്. ഈ സിവിൽസർവ്വീസുകൾ സംയോജിപ്പിക്കുന്നതിൽ പല വിഷമതകളും ഉണ്ടായേക്കാം. യാതൊരുത്തൎക്കും ദോഷം വരാത്ത നിലയിൽ തൃപ്തികരമായ സർവ്വീസുസംയോജനം നടത്തുന്നതിന് ഇതേവരെ നമുക്കു കഴിഞ്ഞിട്ടില്ലായെന്നുള്ളതു് ലജ്ജാകരംതന്നെയാണ്. മൂന്നു കൊല്ലക്കാലം കഴിഞ്ഞതിനുശേഷവും ഇതുവരെയും സർവ്വീസ്സംയോജനം ശരിയാക്കിയിട്ടില്ല. താഴ്ന്ന നിലയിലുള്ള ഉദ്യോഗസ്ഥന്മാരുടെ അപ്പോഴത്തെ നില എന്താണെന്ന് ഒരുപക്ഷേ അറിയാൻ നിവൃത്തിയില്ലാതിരുന്നെങ്കിലും മുൻകാലങ്ങളിൽ ഉയൎന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ അപ്പോഴത്തെ ഗ്രേഡ്, റിട്ടയർചെയ്യുന്ന തീയതി, സീനിയാറിറ്റി ഇവ അറിയുന്നതിന് ഒരു സിവിൾലിസ്റ്റ് നടപ്പിലിരുന്നു. എന്നാൽ ഈ രണ്ടു സ്റ്റേറ്റുകളും തമ്മിൽ സംയോജിപ്പിച്ചതിനുശേഷം അങ്ങനെയൊരു ലിസ്റ്റ് കാണാൻപോലും കഴിഞ്ഞിട്ടില്ല. ഈ അവസരത്തിൽ ഈ കാൎയ്യത്തെ സംബന്ധിച്ചു് എന്റെ മാന്യസ്നേഹിതൻ മി. നടരാജപിള്ള പ്രസ്താവിച്ച അഭിപ്രായത്തോടുകൂടി ഞാൻ പൂൎണ്ണമായി യോജിക്കുന്നു. പല കാരണങ്ങൾകൊണ്ടും നമ്മുടെ ഗവണ്മെന്റ് ഈ കാൎയ്യങ്ങൾ നമ്മെക്കൊണ്ടു് ചെയ്യാൻ സാദ്ധ്യമല്ലെന്ന് തെളിയിച്ചുകഴിഞ്ഞു. പ്രത്യേകിച്ചും കാൺഗ്രസ്സ്ഗവണ്മെന്റ് ഇതു് പൂൎണ്ണമായി തെളിയിച്ചുകഴിഞ്ഞു. അതുകൊണ്ടു് വെളിയിൽനിന്നും ഒരുദ്യോഗസ്ഥനെ അതായതു് ഒരു ഹൈക്കോടതിജഡ്ജിയുടെ സ്ഥാനത്തുള്ള ഒരുദ്യോഗസ്ഥനെ ഈ കാൎയ്യത്തിലേക്ക് നിയമിച്ചു് അദ്ദേഹത്തിന്റെ ചുമതലയിൽ ഈ കാൎയ്യം വിട്ടുകൊടുക്കുന്നതു് ഏറ്റവും ഉത്തമമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ നിയമസഭയ്ക്കകത്തുള്ള ഒരു കമ്മിറ്റിമൂലം ഈ കാൎയ്യത്തിനു ഒരു പരിഹാരം ഉണ്ടാക്കാമെന്നുള്ളതിൽ എനിക്ക് അശേഷം വിശ്വാസമില്ല. ഈ നിയമസഭയിലുള്ള പലക്കും അതിനു ശേഷിയുണ്ടോയെന്ന് എനിക്ക് പേടിയുണ്ടു്. അതിനു യോഗ

രാണോയെന്ന് സംശയമുണ്ട്. നാം സ്വയംഭരിക്കാൻതന്നെയും യോഗ്യരാണോയെന്നുപോലും ചിലപ്പോൾ ഞാൻ സംശയിക്കാറുണ്ട്. നാം സ്വയംഭരിക്കാൻ പരിശീലിക്കേണ്ടതാണ്. ആ ഭരണം പൊതുവേ പ്രയോജനകരവും നമുക്ക് ലാഭകരവും ആയിരിക്കണമെന്നുള്ളതു് പഠിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. അതുകൊണ്ടാണ് സർവ്വീസുസംയോജനത്തെപ്പററി ഞാൻ ഇങ്ങനെ പറയുവാൻ ഇടയായതു്.

ഇനി എനിക്ക് വേറൊരു കാര്യം പറയുവാനുള്ളതു് ബോർഡ് ആഫ് റവന്യൂവിനെ സംബന്ധിച്ചാണ്. ഇങ്ങനെയൊരു സ്ഥാപനം ഒരു സ്റ്റാററ്യൂട്ട്മുഖേന സ്ഥാപിതമായിട്ടുണ്ട്. ഇതിൻെറ പ്രവൎത്തനം ചട്ടപ്രകാരമുള്ള രീതിയിൽ ആയിരിക്കുന്നോയെന്ന് സംശയമാണ്. ഇതിൽ രണ്ടു മെംബർമാരാണുള്ളതു്. ലാൻഡ്റവന്യൂ, സെയിൽസ് ടാക്സ്, കാർഷികാദായം, ഇൻകംടാക്സ് ഈ നാലു വകുപ്പുകളാണ് ബോർഡ് ആഫ് റവന്യൂവിൻെറ പരിധിയിൽ വരുന്നതു്. ആദ്യം നാമെല്ലാവരും ഉദ്ദേശിച്ചതു് ഈ മെംബറന്മാർ രണ്ടുപേരും ഒന്നിച്ചിരുന്ന് ആലോചിച്ച് അതായതു് ഒരു ജായിൻറ് സിററിംഗിൽ അവരവരുടെ അധികാരപരിധിയിൽപെടുന്ന കാര്യങ്ങളെ സംബന്ധിച്ച് തീരുമാനിക്കുമെന്നായിരുന്നു. പക്ഷെ അതുപോലെയുള്ള നടപടിയല്ല ഇവർ സ്വീകരിച്ചിരിക്കുന്നതു് എന്നാണ് ഇപ്പോൾ മനസ്സിലാകുന്നതു്. റവന്യൂബോർഡ് സ്ഥാപിതമായതിനുശേഷം ഒന്നോ രണ്ടോ അവസരത്തിൽ ഒഴികെ ഈ രണ്ടു മെംബറന്മാരും ഒന്നിച്ചിരിക്കുകയോ, കാര്യങ്ങളെപ്പററി ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. അങ്ങനെയാണെങ്കിൽ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർക്കും റവന്യൂബോർഡിനും തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്. ഈ രണ്ടു മെംബർമാർ തങ്ങളിൽതന്നെയും അവർ കൈകാര്യം ചെയ്യുന്ന ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ച് അഭിപ്രായവ്യത്യാസവും മത്സരവും ഉണ്ടെന്നാണ് ഞാൻ കേൾക്കുന്നതു്. അങ്ങനെയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറും ഓരോ ഡിപ്പാർട്ടുമെൻറ് മേലധികാരികളുടെ കീഴിൽ മുൻകാലങ്ങളിൽ നടന്നുവന്നിരുന്നതുപോലെ തുടൎന്നാൽപോരേയെന്നാണ് ഞാൻ ചോദിക്കുന്നതു്. മുൻപ് എക്സൈസ് കമ്മീഷണർ, ലാൻഡ്റവന്യൂകമ്മീഷണർ, ഇങ്ങനെയെല്ലാം ഉണ്ടായിരുന്നതുപോലെ ഓരോ ഡിപ്പാർട്ടുമെൻറ്മേലദ്ധ്യക്ഷൻെറ കീഴെ ആക്കാമായിരുന്നു. ഇൻഡ്യയിലെ മററു പ്രാവിൻസുകളിൽ മദ്രാസ് ഒഴിച്ച് റവന്യൂബോർഡ് നിലവിൽ ഇല്ലെന്നാണ് എനിക്ക് തോന്നുന്നതു്. തിരുവിതാംകൂർ–കൊച്ചിയെ അപേക്ഷിച്ചുനോക്കുമ്പോൾ മദ്രാസ് എത്രയോ വലുതായ ഒരു സ്റ്റേററായതുകൊണ്ട് അവിടെ ഒരുപക്ഷെ ഇതിൻെറ ആവശ്യം ഉണ്ടായിരിക്കാം. എന്നാൽ തിരുവിതാംകൂർ-കൊച്ചിപോലെയുള്ള ഒരു സംസ്ഥാനത്തിന് റവന്യൂബോർഡ് ആവശ്യമില്ലായെന്നാണ് എൻെറ അഭിപ്രായം. അവിടെത്തന്നെയും ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരാണ് ബോർഡിലെ അംഗങ്ങൾ. ഇതിനെസംബന്ധിച്ച് മറെറാന്നു പറയുവാനുള്ളതു് മന്ത്രിമാരുടെ ജോലി കുറയ്ക്കുന്നതിനുകൂടിയായിരിക്കണം ഈ ബോർഡ് സൃഷ്ടിച്ചിട്ടുള്ളതു് എന്നാണ്. എന്നാൽ ഇന്നു് റിവ്യൂ, റിവിഷൻ മുതലായവ മന്ത്രിമാരുടെ അടുത്തുവരുന്നുണ്ട്. അതുകൊണ്ട് അവരുടെ ജോലി കുറയുന്നുമില്ല. ഈ പരിതഃസ്ഥിതിയിൽ ഇതിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨,൩൨,൦൦൦ രൂപാ ആവശ്യമില്ലാത്തതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇതിൽ കൂടുതലായി ഇപ്പോൾ ഒന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ: സർ, ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാർ പൊതുവെ അഴിമതിക്കാരാണെന്നും സംഗതികളുടെ കാര്യനടത്തിപ്പിനു കാലതാമസം വളരെ ഉണ്ടാകുന്നു എന്നും പൊതുവെ ഗവണ്മെൻറിന്റെ കാര്യങ്ങളെല്ലാംതന്നെ കുഴഞ്ഞുമറിഞ്ഞു കിടക്കുകയാണെന്നും ഉള്ള പല കാര്യങ്ങളും ഈ സഭയിലെ നാനാഭാഗത്തുനിന്നും പറയുകയുണ്ടായി. ഗവണ്മെൻറിന്റെ വീഴ്ചകളെപ്പററി ഈ സഭയിലെ നാലു ഭാഗത്തുനിന്നും ശബ്ദം ഉയരുകയുണ്ടായി. ഈ സംഗതികൾ പലതും യഥാർത്ഥംതന്നെയാണെന്നാണ് എന്റെ ബോദ്ധ്യം. ഒരു രാജവാഴ്ചയുടെ പിൻപ് അതായത് ദിവാൻജിയുടെ ഭരണത്തിനു പിൻപ് ഇവിടെ ഭരണം മാറിയിട്ടുണ്ടെങ്കിലും ദിവാൻജിമാരുടെ ഭരണത്തിൻകീഴിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥവൃന്ദങ്ങളാണ് ഇന്നും ഇവിടെയുള്ളത്. ഈ ഉദ്യോഗസ്ഥന്മാരെ മുഴുവനും ഒരൊററ നിമിഷംകൊണ്ട് നന്നാക്കി തീർക്കാമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അത് ഒരു ഭയങ്കരമായ തെററുതന്നെയാണെന്നാണ് എന്റെ വിശ്വാസം. മൂന്നോ നാലോ വർഷംകൊണ്ട്, വളരെ കാലത്തെ തെററുകളെ തിരുത്താമെന്നു വിചാരിക്കുന്നത് വിശ്വസിക്കാൻ അസാദ്ധ്യമായ ഒരു കാര്യംതന്നെയാണ്, എന്നാണ് എനിക്ക് ഈ സഭയെ അനുസ്മരിപ്പിക്കാനുള്ളത്. വേറൊരു വീക്ഷണകോണത്തുനിന്നു നോക്കുകയാണെങ്കിൽ അവരുടെ പഴയ പാരമ്പര്യം എല്ലാം മാററി അവർ ഒരു ജനകീയയുഗത്തിലാണ് നിൽക്കുന്നതെന്നു അവർ വിചാരിച്ചുതുടങ്ങിയെന്നു കാണാൻ കഴിയും. ഇവിടെ ഇപ്പോഴുള്ള അഴിമതികളും മറെറല്ലാം കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ളതാണെന്നു വിചാരിക്കുന്നത് മൗഢ്യമാണ്. ഏതു ഗവണ്മെൻറ് ഇവിടെ വന്നാലും ഈ രാജ്യം ഉടനടി ഒരു രാമരാജ്യമാക്കിത്തീർക്കാമെന്നു ഞാൻ അൽപ്പനേരംപോലും വ്യാമോഹിക്കുന്നില്ല. ഈ അവസരത്തിൽ എതിർഭാഗത്തുനിന്നും ഉന്നയിച്ചതായ കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടണം. ഇവിടെയെല്ലാം ഒരു മുറവിളി ഉണ്ട്. സെക്രട്ടറിയേററിന്റെ ഓരോ വകുപ്പുകളിലും തീരുമാനിക്കപ്പെടാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം കൂടിക്കൂടി വരുന്നത് ഒരു ഗവണ്മെൻറിനും അഭിമാനകരമല്ല. ഇവിടത്തെ ഉദ്യോഗസ്ഥന്മാർ അവരുടെ പഴയ പാരമ്പര്യത്തിൽനിന്നും ഇറങ്ങി ഉത്തമമായ ഭരണസംപ്രദായമനുസരിച്ച് പ്രവർത്തിക്കുന്നതിനു വേണ്ട കളം ഒരുക്കണം. വേണ്ട സംഗതികൾ ശരിയായി കൊണ്ടുപോകുന്നതിൽ ഈ ഗവണ്മെൻറ് ശ്രമിക്കേണ്ടതുതന്നെയാണ്. ഉദ്യോഗസ്ഥന്മാർ ആരായിരുന്നാലും അവരുടെ സ്വാധീനശക്തി എന്തുതന്നെയായിരുന്നാലും നമ്മുടെ ഗവണ്മെൻറിന്റെ സൽപ്പേരിൽ കളങ്കമുണ്ടാക്കുന്ന യാതൊരു പ്രവൃത്തിയിലും അവർ ഏർപ്പെടരുതെന്ന് പ്രത്യേകം നിഷ്കർഷിക്കണം. അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ സഭയുടെ നാനാഭാഗത്തുനിന്നും മുഴങ്ങുന്ന വേറൊരു കാര്യം സർവ്വീസ് സംയോജനപ്രശ്നമാണ്. ഇവിടത്തെ ബഡ്ജററ് നോക്കിയതിൽ അതിൽ സാധാരണക്കാരെ മുന്നോട്ടു കൊണ്ടുപോകുന്നതരത്തിലുള്ള യാതൊരു സംഗതിയും കണ്ടില്ലെന്നുള്ളത് പരിതാപകരംതന്നെയാണ്. ഞാൻ കഴിഞ്ഞ നിയമസഭയിൽ ഒരു ഉപക്ഷേപം ഹാജരാക്കു-

3 P. M.

കയുണ്ടായി. അന്ന് ഈ കോളനൈസേഷൻപദ്ധതി ഈ രാജ്യത്ത് നടപ്പാക്കേണ്ടത് ഏററവും അത്യാവശ്യമാണെന്നു ഞാൻ പറയുകയുണ്ടായി.

ജനസംഖ്യ വളരെ വർദ്ധിച്ചുവരുന്ന ഈ രാജ്യത്ത് കോളനൈസേഷന് മുൻഗണന കൊടുത്തു ഗവൺമെന്റ് പ്രവൃത്തിക്കേണ്ടതാണെന്നു ഞാൻ ഈ അവസരത്തിൽ ഒന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

ഇവിടെ കുടിൽവ്യവസായങ്ങളുടെ കാര്യത്തിൽ ഒരു വിദഗ്ദ്ധ കമ്മിറ്റി ഉണ്ടായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിലേക്കു സമർപ്പിച്ചതായും അറിയുന്നുണ്ട്. ആ റിപ്പോർട്ടനുസരിച്ചുള്ള ശുപാർശകൾ കാര്യക്ഷമമായ വിധത്തിൽ നടപ്പാക്കുന്നതിനും ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങിനെ കോളനൈസേഷൻപദ്ധതി കുടിൽവ്യവസായപരിപോഷണം ഈ രണ്ടു കാര്യങ്ങളാണ് പരിപൂർണ്ണമായി ഗവൺമെന്റ് ഉടൻ ചെയ്യുവാനുള്ളത്. ഇവ രണ്ടും ഈ രാജ്യത്ത് പ്രധാനമായി നടപ്പാക്കിയാൽ മാത്രമേ നമുക്കു രാഷ്ട്രീയമായ മോക്ഷം ലഭിക്കുവാൻ സാദ്ധ്യമുള്ളുവെന്നാണ് എനിക്കു പറയുവാനുള്ളത്.

ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം നമുക്കു ഒരു പ്രത്യേകതയുണ്ട്. ലോകത്തിലേക്ക് ഏറ്റവും വിശിഷ്ടമായ പുൽത്തൈലം വാറ്റുവ്യവസായം ഇവിടെ നടന്നുവരുന്നുണ്ട്. ആ പുൽത്തൈല വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും അതിനെ വിദേശങ്ങളിൽ വിറ്റഴിക്കുന്നതിനു വേണ്ടതായ വിപണികൾ കണ്ടുപിടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കു കൂടുതൽ പ്രാധാന്യം കൊടുത്ത് അന്യരാജ്യങ്ങളിൽനിന്നും ഡോളർ നമ്മുടെ രാജ്യത്തു വരുത്തേണ്ട ചുമതല ഈ ഗവൺമെന്റിനുണ്ടെന്നു ഞാൻ ഈ അവസരത്തിൽ ഗവൺമെന്റിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

Shri J. T. Moraes: Sir, I was surprised that a member belonging to the United Front Party should have thought fit to say that there was no democracy here. The answer to that is the very fact that he and the other members of his party are here. His party is one that believes in the dictatorship of the proletariat, a party that believes in the dictatorship of the party, and a party that believes in the dictatorship of its leader. For a member of that party to say that there is no democracy here is incomprehensible. He himself is elected on a democratic franchise. But democracy has got the right to fight back when its existence is threatened, and a democratic Government cannot tolerate the preaching and promulgation of doctrines that would destroy democracy. Any democratic Government will stand against this. Self-preservation of individuals and Governments is a primary instinct. A democratic Government that allows itself to be hanged with a democratic rope is not worth the name of Government. Sir, I had to make these observations because of the remarks made by the hon. Member of the opposite side.

Now I am going to exercise my democratic right of pointing out certain things to Government though I belong to the Government party. The first thing is with regard to the public service. The public service of a State is its steel-frame. Any Government must try to keep its public service contented, loyal and efficient and free from corruption. Our State has become

[Shri J. T. Moraes]

a member of the Indian Federation. It is part of the Indian Union and naturally members of the public service look to other states to see what emoluments those employed in those states get, and would expect to get the same. Further, Sir, rightly or wrongly, we have accepted the I. A. S. Members of the Indian Administrative Service will be in our service soon, and they get better scales of pay. When they are drawing larger salaries, those that immediately below them will get very low salaries and this will create naturally discontent in the service. So, it is the duty of the Government to see such discontent is avoided. Besides, the State of Travancore-Cochin was considered cheaper in all India as far as the cost of living was concerned. Now, it is not so. The cost of living has risen up. Trivandrum was one of the cheapest cities in India. Now some say that it is dearer than Madras or some other cities in North India. When the cost of living has gone up it is natural that members of the service may require more emoluments. In the city of Trivandrum the rent is too high. Those who draw salaries from Rs. 200 to Rs. 250 should be given houses by Government the rent of which should be proportionate to the salaries they draw. I understand that in Madras they have made some concessions in the matter of school fees and medical aid to officers of lower grade. I feel that those concessions should be given here also.

Sir, I should like to say a few words more. The labourer is worthy of the hire and the hire is worthy of the labourer. A labourer is supposed to work well for the hire he gets. Most of our officers are supposed to be corrupt. There was an attempt made to stop corruption. There was a proposal to have an anti-corruption squad and an Anti-Corruption Officer. It is necessary in the interest of service that this corruption should be done away with. The public feel that it is a canker and somehow it must be removed. It is necessary that stringent measures are taken to see that corruption is removed from public service.

ശ്രീ. ടി. കെ. ദിവാകരൻ: നമ്മുടെ സംസ്ഥാനത്തിലെ സർവീസിന്റെ മനോവീര്യം (Morale) നിലനിറുത്തുന്നതിന് സർവീസ് സംയോജനം എത്രമാത്രം ആവശ്യമുണ്ടെന്നു പറയുവാനാണ് ഞാൻ ഉപക്ഷേപം അയച്ചിട്ടുള്ളത്. ഈ വിഷയത്തെപ്പറ്റി പല സന്ദർഭങ്ങളിലും വളരെയധികം ആളുകൾ ഇവിടെ സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ സർവീസ് സംയോജനം കൂടുതൽ ദോഷമായി വരാവുന്ന ഒരു പരിതഃസ്ഥിതിയാണ് കണ്ടുവരുന്നത്. ശമ്പളത്തെ അടിസ്ഥാനമാക്കി സർവീസ് സംയോജനം നടത്തുകയാണെങ്കിൽ കൊച്ചി വിഭാഗത്തിൽപ്പെട്ടവർക്കാണ് കൂടുതൽ ഗുണമുണ്ടാകാൻ ഇടയുള്ളത്. തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട എൻ. ജി. ഓ. മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് ൧൯൪൭-ൽ ശ്രീ. കൈനിക്കര ചെയർമാനായുള്ള ഒരു പേ കമ്മീഷനെ നിയമിക്കുകയുണ്ടായി,

ആ കമ്മിററിയുടെ റിപ്പോർട്ട് ഗവണ്മെൻറിലേയ്ക്കു സമർപ്പിക്കുകയുണ്ടായില്ലെന്നും നാം ഓർക്കേണ്ടതാണ്. ഇപ്പോഴം അവസാനമായി സംയോജനകാര്യത്തിൽ ഗവണ്മെൻറ് എടുത്തിരിക്കുന്ന തത്വം സ്വീകരിക്കുകയാണെങ്കിൽ, ശമ്പളത്തെമാത്രം അടിസ്ഥാനപ്പെടുത്തി നടപ്പാക്കുകയാണെങ്കിൽ, അതു് തിരുവിതാംകൂറിലെ എൻ. ജി. ഓ. മാരിൽ ഭൂരിപക്ഷം ആളുകൾക്കും ദോഷമുണ്ടാകുന്നതാണ്. പ്രാദേശികമായ മനോഭാവംകൊണ്ടു് പറയുന്നതല്ല. യാഥാർത്ഥ്യങ്ങളെ നാം നേരിടേണ്ടതുണ്ടു്. സംയോജനത്തിനു ഏററവും അടുത്ത അവസരത്തിൽ തിരുവിതാംകൂറിലെ മന്ത്രിസഭ ഇവിടത്തെ എൻ. ജി. ഓ. മാരുടെ സ്ഥിരപ്പെടുത്തലുകളേയും പ്രമോഷനേയും ശമ്പളക്രമത്തെയുംപററി അന്വേഷിച്ചു് ആലോചന നടത്തുന്നതിനുപകരം മന്ത്രിസ്ഥാനത്തിനുവേണ്ടിയുള്ള കടിപിടികൾ നടത്തുകയും അതേസമയംതന്നെ കൊച്ചിയിലെ മന്ത്രിസഭ അർദ്ധരാത്രിയിൽ വിളക്കും കത്തിച്ചുവച്ചുകൊണ്ടു് സംയോജനത്തിനുമുമ്പായി എൻ. ജി. ഓ. മാരെ പ്രൊമോട്ടു ചെയ്യുക, സ്ഥിരപ്പെടുത്തുക, അപ്ഗ്രേഡു് ചെയ്യുക തുടങ്ങിയ എല്ലാ നടപടികളും അതിവേഗത്തിൽ ചെയ്തു തീർക്കുകയും ചെയ്തിരുന്നു. അങ്ങിനെ അനർഹരും ചുരുങ്ങിയ സർവീസുള്ളവരുമായ കൊച്ചി വിഭാഗത്തിലെ ആളുകൾക്കു് കൂടുതൽ ശമ്പളവും കുറഞ്ഞ സർവീസും, തിരുവിതാംകൂർ വിഭാഗത്തിലുള്ളവക്കു് കൂടുതൽ സർവീസും കുറഞ്ഞ ശമ്പളവും ആണുള്ളതു്. ആ പ്രകാരം കൊച്ചി വിഭാഗം അനർഹമായ നിലയിൽ ഉയർന്നിട്ടുള്ള കാരണംകൊണ്ടാണു് സർവീസു സംയോജനം നടപ്പാക്കുന്ന കാര്യത്തിൽ എല്ലാപേക്കും തൃപ്തികരമായ ഒരു തീരുമാനമെടുക്കുവാൻ ഗവണ്മെൻറിനു സാധിച്ചിട്ടില്ലാത്തതു്. ഇതിനു മുമ്പിലത്തെ ചീഫ്സെക്രട്ടറിതന്നെ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞുപോകുന്ന അവസരത്തിൽ "സർവീസു സംയോജനം ദൈവത്തിനുപോലും സാദ്ധ്യമല്ലാത്ത ഒരു കാര്യമാ"ണെന്നാണു് പറഞ്ഞിട്ടുള്ളതു്. ബുദ്ധിമാന്മാർ കയറുവാൻ മടിക്കുന്ന സ്ഥലങ്ങളിൽ മഠയന്മാർ ഓടിക്കയറുമെന്നു് ഒരു ചൊല്ലുണ്ടു്. അതുപോലെയാണു് ഈ കാര്യത്തിൽ ഈ മന്ത്രിസഭയുടേയും പ്രവത്തനമുണ്ടായിട്ടുള്ളതു്. വെളിയിൽനിന്നും ഉന്നതസ്ഥാനത്തിരിക്കുന്ന പലരും ഇതേപ്പററി അന്വേഷിച്ചു് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടു്. എന്നിട്ടും ഇതുവരെ ഈ പ്രശ്നത്തിനു തൃപ്തികരതീരുമാനമായിട്ടില്ല. സർവീസ് സംയോജനത്തെപ്പററി അന്വേഷണം നടത്തി രണ്ടു വിഭാഗക്കാർക്കും രമ്യമായ നിലയിൽ ഒരു അവസാന തീരുമാനമുണ്ടാക്കുവാൻ ഈ സഭയിൽനിന്നുംഒരു കമ്മിററിയെ നിയമിക്കണമെന്നാവശ്യപ്പെട്ടിട്ടും ഗവണ്മെൻറു ഇതേവരെയും ഈ വിഷയത്തിൽ കാര്യമായി യാതൊന്നും ചെയ്തിട്ടില്ല. സർവ്വീസ് സംയോജനം വളരെ ബുദ്ധിപൂർവ്വമായി ചിന്തിച്ചു് നടപ്പിലാക്കേണ്ട ഒരു സംഗതിയാണു്. ഈ കഴിഞ്ഞ നാലുകൊല്ലമായി ഇതിനു ഒരു അവസാന തീരുമാനമുണ്ടാക്കുവാൻ അധികാരസ്ഥാനത്തിരിക്കുന്ന കാൺഗ്രസ്സു് ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ലെന്നുള്ളതിനെക്കുറിച്ചു് ഈ അവസരത്തിൽ നമുക്കു് പ്രത്യേകം ചിന്തിക്കേണ്ടതായിട്ടുണ്ടു്. കഴിഞ്ഞ അസംബ്ലിയിലും ഇതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ ഇവിടെ നടക്കുകയുണ്ടായി.

അതുപോലെതന്നെ തമിഴ്നാടിനെ സംബന്ധിച്ചിടത്തോളവും പ്രാദേശികമായ നിയലിൽ ഈ ഗവണ്മെൻറിനു യാതൊന്നും ചെയ്യുവാൻ കഴി

[ശ്രീ. ടി. കെ. ദിവാകരൻ.]

ഞ്ഞിട്ടില്ല. ഈ മാതിരി വ്യത്യസ്തങ്ങളായ പരിതഃസ്ഥിതികൾ ഉള്ളതു കൊണ്ടു പ്രാദേശികമായ സങ്കുചിത മനോഭാവം വളരാതിരിക്കുവാൻ ഈ സംഗതികളിൽ ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻ ഗവണ്മെൻറ് ശ്രമിക്കേണ്ടതാണ്. ജനങ്ങളെ ഭിന്നിപ്പിച്ചുഭരിക്കയെന്നുള്ള നയം ഈഗവണ്മെൻറിനു ഇന്നത്തെ നിലയിൽ യോജിച്ചതല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. തിരുവിതാംകൂർ-കൊച്ചി എൻ. ജി. ഓ. മാർ ഒരുമിച്ചുചേർന്നു് ഒരേ സ്വരത്തിൽ സെൻട്രൽ ഗവണ്മെൻറിന്റെ ശമ്പളം കിട്ടണമെന്നും എല്ലാവരും ഒരുപോലെ ജീവിക്കണമെന്നും അതിനുള്ള പ്രവൎത്തനങ്ങളാണ് ഗവണ്മെൻറ ചെയ്യേണ്ടതെന്നും പറയുമോ എന്നു് ഗവണ്മെൻറ് ന്യായമായും ഭയപ്പെടുന്നുണ്ട്. അതിനെ ഒഴിച്ചുനിറുത്താനാണ് മനഃപൂൎവ്വമായി ഈ ഗവണ്മെൻറ് തിരുവിതാംകൂറിലേയും കൊച്ചിയിലേയും അനേകായിരം താഴ്ന്ന ശമ്പളക്കാരെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യമുള്ള ഈ സംഗതിയിൽ കാലതാമസം കൈക്കൊണ്ടിരിക്കുന്നതു എന്നാണെനിക്കു പറയുവാനുള്ളതു്. ഇനി മറെറാരു പ്രധാനസംഗതി എനിക്കിവിടെ പറയുവാനുണ്ട്. ഏതെങ്കിലും ഒരു കടലാസ്സ് ഫൈനാൻസ് സിക്രട്ടറിയേററിൽനിന്നും വെളിച്ചത്തുവരുവാൻ ഏതാണ്ട് ഒരു മാസംവരെ വേണ്ടിവരുന്നുണ്ടെന്നാണ് എനിക്കറിയുവാൻ കഴിഞ്ഞിട്ടുള്ളതു്. ഇന്നു് ഗവണ്മെൻറിന്റെ ഭരണസാരഥ്യം വഹിക്കുന്ന ഫൈനാൻസ് സിക്രട്ടേറിയററിലെ നടപടികളിൽ ഇതുപോലുള്ള പല കാൎയ്യങ്ങളിലും വളരെയധികം കാലതാമസം നേരിടുന്നുണ്ട്. ഹൈക്കോടതിയിൽ വിചാരണയിലിരിക്കുന്ന കശുവണ്ടി തൊഴിലാളികളുടെ അഡ്ജുഡിക്കേഷൻ സ്റ്റേ ആർഡർ മാററിക്കിട്ടുവാൻ അപേക്ഷകൊടുത്തിട്ട് അതു കിട്ടുവാൻവേണ്ടി അവർ കാത്തിരിക്കുകയാണ്. അതിനെ സംബന്ധിച്ചുള്ള ചില വിവരങ്ങൾ ഹൈക്കോടതിയിൽനിന്നും ഈ ഗവണ്മെൻറിനോട് ആവശ്യപ്പെട്ടിട്ട് ഒരു മാസത്തോളമായി. അതിനു ഒരു മറുപടിപോലും ഇതുവരെ ഗവണ്മെൻറിൽനിന്നും ലഭിച്ചിട്ടില്ല. ഏകദേശം ൧൮,൦൦൦ തൊഴിലാളികളെ സാരമായി ബാധിക്കുന്ന ഒരു സംഗതിയാണിതു്. അതനുസരിച്ചു് ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഇതുവരെ നൽകിയിട്ടില്ലെന്നു് മാത്രമല്ല ഇത്തരത്തിലുള്ള പ്രധാനപ്പെട്ട കാൎയ്യങ്ങളിൽ ഗവണ്മെൻറ എത്ര മാത്രം താല്പൎയ്യമാണ് കാണിക്കാറുള്ളതെന്നും അതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. (ബെൽ) ഹൈക്കോടതിയുടെ തീരുമാനം അറിയാതെയും കേസ് തുടരുവാൻ കഴിയാതെയും ആ കേസ് ഇന്നും അനിശ്ചിതമായി നീക്കിക്കൊണ്ടുപോകുകയാണെന്ന കാൎയ്യം ഞാൻ ഗവണ്മെൻറിനെ ഓൎമ്മിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാൎയ്യർ: മൂന്നുകൊല്ലത്തിനു മുമ്പ് തിരുവിതാംകൂർ-കൊച്ചി സംയോജനം നടന്ന അവസരത്തിൽ ബഹുമാന്യരായ ചില നേതാക്കന്മാർ പറയുകയുണ്ടായി അതു് ഐക്യകേരളത്തിനുള്ള ആദ്യത്തെ പടിയാണെന്നു്. അന്നു സംയോജനം തീരുമാനിച്ച ഘട്ടത്തിൽ കമ്മ്യൂണിസ്ററുകാരായ ഞങ്ങൾ പറയുകയുണ്ടായി സംയോജനം ജനങ്ങളുടെ താല്പൎയ്യങ്ങൾക്കെതിരായി, സ്വേച്ഛാധിപത്യമായ രീതിയിൽ, രാജാക്കന്മാരുടെയും പൊന്നുതിരുമേനിമാരുടെയും അവകാശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി മാത്രം ജനങ്ങളുടെ തലയ്ക്കു മുകളിൽ അടിച്ചേൽപ്പിക്കുന്ന ഒരു നടപടിയാണെന്നു്. സർ, സംയോജനം കഴിഞ്ഞിട്ട് ഇപ്പോൾ മൂന്നുകൊല്ലം കഴിഞ്ഞു. ഈ മൂന്നുകൊല്ലക്കാലത്തിനിടയ്ക്കു് ഈ രാജ്യത്തെ

ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കുവാൻ ഇവിടത്തെ കാൺഗ്രസ്സ് ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഈ മൂന്നുകൊല്ലമായിട്ടും ഐക്യകേരളത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ നാം ഇന്ന് എവിടെയാണു നിൽക്കുന്നത്. സർ, ഈ ഗവൺമെൻറ് അവരുടെ സ്ഥാപിതതാല്പര്യങ്ങളെ സംരക്ഷിക്കാനല്ലാതെ ന്യായമായ രാജ്യതാല്പര്യങ്ങളെക്കുറിച്ച് ആലോചിക്കുവാനും ചെയ്യുവാനും നിലകൊള്ളുന്ന യാതൊരു ലക്ഷണവും കാണിക്കാത്ത നിലയാണു ഇന്നുള്ളത്. ഇവിടെ പാവപ്പെട്ട ഗവൺമെൻറ ഉദ്യോഗസ്ഥന്മാരെപ്പററി—എൻ. ജി. ഓ.-മാരെപ്പററി—പലരും പറഞ്ഞു. ജീവിക്കുവാനുള്ള കൂലിയും ജോലിസ്ഥിരതയും അനുഭവിക്കുന്ന എല്ലാവക്കുമെന്നപോലെ ഈ നാട്ടിലെ എൻ. ജി. ഓ.മാക്കു നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതേസമയം നാട്ടുവാഴിത്തത്തിൻെറയും സ്വാതന്ത്ര്യമകളുടെയും എല്ലാ അവകാശങ്ങളും നിയമപ്രകാരം പാലിക്കാൻ ഗവൺമെൻറ ചുമതലയേററെടുത്തിരിക്കയാണ്. ഇവരുടെ താല്പര്യങ്ങൾ ഭരണഘടനപ്രകാരം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. എൻ. ജി. ഓ.മാരെപ്പററിയാണ് ഇവിടെ ചർച്ചചെയ്യുന്നത്. തിരുവിതാംകൂർ എൻ. ജി. ഓമാർ അവരുടെ അവകാശങ്ങൾ നേടുന്നതിനുവേണ്ടി ഇവിടെ പല പ്രക്ഷോഭണങ്ങളും നടത്തിയിട്ടുണ്ട്. സെൻട്രൽ പേ കമ്മീഷൻെറ ശുപാർശകൾ ഇവിടെ നടപ്പാക്കുന്നതിന് സർ സി. പി. ദിവാനായിരുന്ന കാലത്ത് അവർ സംഘടിച്ചുനിന്ന് പ്രക്ഷോഭണം ആരംഭിച്ചു. തൽഫലമായി അവക്ക് നിസ്സാരമായ ചില ആനുകൂല്യങ്ങൾ ദിവാൻഭരണകാലത്ത് നേടാൻ കഴിഞ്ഞു. ഇവിടെ കാൺഗ്രസ്സ് ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ എൻ. ജി ഓമാരുടെ എല്ലാം കാര്യങ്ങൾക്കും സമാധാനം കിട്ടുമെന്നുള്ള വിശ്വാസമാണ് അവക്കുണ്ടായിരുന്നത്. എന്നാൽ ൧൧൨൪-ൽ ഇവിടെ കാൺഗ്രസ്സ്ഭരണം വന്നതിനുശേഷം, ആദ്യമായി ജനകീയഗവൺമെൻറ വന്നതിനുശേഷം, ആദ്യമായി നടന്ന നടപടികളിൽ ഒന്ന് ഇവിടത്തെ എൻ. ജി. ഓ സംഘടനയെ നിരോധിക്കുകയായിരുന്നു. എൻ. ജി ഓ. പ്രവത്തകന്മാരായിരുന്ന പലരേയും സവ്വീസിൽനിന്നും പിരിച്ചുവിട്ടു. അന്ന് പിരിച്ചുവിട്ട എൻ. ജി. ഓ.-മാരിൽ ചിലർ ഭാഗ്യവശാൽ ഇന്ന് ഈ അസംബ്ലിയിൽ അംഗങ്ങളായിട്ടുണ്ട്. സർ, അങ്ങനെ ജനകീയഗവൺമെൻറ് ആദ്യമായി എൻ ജി ഓ-മാക്ക് സമ്മാനിച്ചത് അവരുടെ സംഘടനയെ നിരോധിക്കുകയായിരുന്നു. പിന്നീട് കുറെ കാലത്തിനുശേഷം ചില പ്രത്യേക സാഹചര്യത്തിൽ തിരുവിതാംകൂർ എൻ. ജി. ഒ. സംഘടനയ്ക്കു് പ്രവത്തനം തുടങ്ങുന്നതിന് അനുവാദം കൊടുത്തു. എന്നാൽ തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം ആറുകൂട്ടം പ്രശ്നങ്ങൾ എൻ ജി. ഓ-മാരുടെ ഇടയിൽ ഉണ്ടായിട്ടുണ്ട്. കൊച്ചിൻ എൻ. ജി. ഓ-മാക്ക് സംയോജനത്തിനു മുമ്പ് ചില അനർഹമായ ആനുകൂല്യങ്ങൾ കൊടുത്തു എന്ന് ഇവിടെ ചിലർ പറയുകയുണ്ടായി. അത് ശരിയല്ല. അന്ന് കൊച്ചിയിലും തിരുവിതാംകൂറിലും ഭരണം നടത്തിയിരുന്നത് കാൺഗ്രസ്സ് ഗവൺമെൻറുകൾ തന്നെയായിരുന്നു. കൊച്ചിയിൽ കാൺഗ്രസ്സ് ഗവൺമെൻറ ചെയ്തത് തിരുവിതാംകൂറിൽ ചെയ്തില്ലെന്നു ഞങ്ങൾക്കു വിശ്വസിക്കുവാൻ നിവൃത്തിയില്ല. രണ്ടുകൂട്ടരും അവരവരുടെ സേവകാക്കുവേണ്ടി ചിലതെല്ലാം ചെയ്തിട്ടുണ്ടാകാം. അതു

[ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ.]

കൊണ്ടു് കൊച്ചിയിലെ ചില ഉദ്യോഗസ്ഥന്മാക്കു് തിരുവിതാംകൂറിലെ ചില ഉദ്യോഗസ്ഥന്മാരെക്കാൾ റാങ്കു കൂടിയിട്ടുണ്ടു് എന്നു ചിലർ പറയുകയുണ്ടായി. ശമ്പളസ്കെയിലും മററും തിരുവിതാംകൂറിലുണ്ടായിരുന്നതിലും ഭിന്നമായൊരു നിലയാണു് കൊച്ചിയിലുണ്ടായിരുന്നതു്. കൊച്ചിയിലെ ചില ഉദ്യോഗസ്ഥന്മാക്കു് അനർഹമായ പ്രമോഷൻസ് കൊടുത്തിട്ടുണ്ടെങ്കിൽ അതേ നിലയിൽ തിരുവിതാംകൂറിലും പല സംഗതികളും ഉണ്ടായിട്ടുണ്ടു്. ഏതായാലും സർ, ഈ കാര്യങ്ങളെക്കുറിച്ചെല്ലാം നാം പരിശോധിക്കുകയാണെങ്കിൽ നിഷ്പക്ഷമായ ഒരു ട്രിബ്യൂണൽ കൂടാതെ ഈ കുഴപ്പങ്ങൾക്കു് ഒരു തീരുമാനമുണ്ടാക്കാൻ കഴിയുന്നതല്ല. മൂന്നു പ്രാവശ്യം ഈ കാര്യത്തിൽ ഫൈനൽ ആർഡർ ഗവണ്മെൻറു് പാസ്സാക്കിയെങ്കിലും ഈ കാര്യം നടന്നില്ല. വീണ്ടും ഇതു് കേന്ദ്രഗവണ്മെൻറിനെ അറിയിച്ചു. കേന്ദ്രഗവണ്മെൻറു് ഇന്നവിധത്തിൽ ചെയ്യണമെന്നു പിന്നെയും നിർദ്ദേശം കൊടുത്തതായി പറയുന്നു. കേന്ദ്രഗവണ്മെൻറിൻെറ ആ നിർദ്ദേശം അനുസരിച്ചു് പ്രവർത്തിക്കുവാൻ കീഴുദ്യോഗസ്ഥന്മാക്കു് ഗവണ്മെൻറിൽനിന്നു കല്പനകൊടുത്താലും അതു കീഴുദ്യോഗസ്ഥന്മാരുടെ കയ്യിൽ കിട്ടുമ്പോൾ അതു തെററായി വ്യാഖ്യാനിച്ചു് നടപ്പിൽവരുത്തുവാൻ നോക്കുന്ന ഒരു സമ്പ്രദായം ഇവിടെ നടക്കുന്നുണ്ടു്. ഈ ഗവണ്മെൻറു് മൂന്നാമത്തെ തവണ പുറപ്പെടുവിച്ച കല്പനപോലും തെററായി വ്യാഖ്യാനിച്ചു് നടപ്പാക്കുവാൻ പോകുന്നവരുടെ പ്രത്യേകിച്ചു് പഞ്ചായത്തു ഡിപ്പാർട്ടുമെൻറുപോലെയുള്ള ഡിപ്പാർട്ടുമെൻറുകൾ ആ ആർഡർ തെററായി വ്യാഖ്യാനിച്ചു് തെററായി നടപ്പാക്കുവാൻ പോകുന്നുണ്ടു്. എൻെറ സ്നേഹിതൻ ഇതു് ഒരു ജുഡിഷ്യൽ ട്രിബ്യൂണലിനു വിട്ടുകൊടുക്കണമെന്നു പറഞ്ഞതിനോടു് ഞാൻ യോജിക്കുന്നു. ഇന്നു കേന്ദ്രഗവണ്മെൻറിലേയ്ക്കു വിട്ടുകൊടുത്തിട്ടുള്ള ഡിപ്പാർട്ടുമെൻറുകളിലെ എല്ലാവക്കും കേന്ദ്രഗവണ്മെൻറിൻെറ ശമ്പളനിരക്കു് ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. അവക്കു് കേന്ദ്രഗവണ്മെൻറിൻെറ അലവൻസു് എങ്കിലും കൊടുക്കുന്നതിനു വേണ്ട നടപടികൾ ഗവണ്മെൻറു് ഉടനടി സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സർ, ജുഡിഷ്യൽ ട്രിബ്യൂണലിനു വിട്ടാലും തീരാത്ത ഒരു പ്രശ്നത്തെപ്പററി ഒരു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

Mr. Speaker : I am not in any way interfering with the freedom of speech of the hon. Member. But that topic has been sufficiently discussed in the House and the Member has only five minutes before him. He is at liberty to use his time in his own way.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതു ഇവിടത്തെ ടൈപ്പിസ്ററുകളെ സംബന്ധിച്ചാണു്. ൧൦൦ രൂപയിൽ കവിഞ്ഞ ഒരു ശമ്പളഗ്രേഡു് അവക്കു ഇല്ലാത്ത സ്ഥിതിയാണു് ഇന്നുള്ളതു്. അവരുടെ പരീക്ഷായോഗ്യതയും ടൈപ്പ്റൈററിംഗും അറിയാൻ പാടില്ലാത്ത ക്ലാക്കമാർ ൧൫൦–൨൦൦-ം രൂപ ശമ്പളം മേടിക്കുമ്പോൾ അതുപോലെയുള്ള ഒരു ശമ്പളഗ്രേഡു് എങ്കിലുംകൊണ്ടു ഈ ടൈപ്പിസ്ററുമാക്കും

കൊടുത്തുകൂടാ എന്നു ഞാൻ ചോദിക്കുന്നു. ഈ കാര്യം ഗവമെൻറിന്റെ ശ്രദ്ധയിൽ പെടണമെന്നു പറഞ്ഞുകൊണ്ടു ഞാൻ മററു കാര്യങ്ങളിലേക്കു പ്രവേശിക്കുന്നു.

Mr. Speaker : The whole general administration of the country is under discussion.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഇവിടെ രണ്ടു ദിവസം മുമ്പ് യാതനക്കാരുടെ ഒരു ലിസ്റ്റ് കൊണ്ടുവന്നു. ആ ലിസ്റ്റ് ബഹുമാനപ്പെട്ട സ്പീക്കർ കണ്ടില്ലെങ്കിൽ ഒന്നു നോക്കണമെന്നു ഞാൻ പറയുന്നു. ഇവിടത്തെ സ്വാതന്ത്ര്യസമരപ്രക്ഷോഭണത്തിന്റെ ആദ്യകാലത്തു ആ സമരത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന ഒരാളാണ് അങ്ങ് എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതു പറയുന്നതു്. ഇവിടത്തെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിട്ടുള്ള എത്ര ആളുകൾക്കു ആ ലിസ്റ്റിൽ സ്ഥാനം കിട്ടിയിട്ടുണ്ടെന്ന് ഒന്നു പരിശോധിക്കണം. സ്വാതന്ത്ര്യസമരവുമായി വളരെ ബന്ധമില്ലാത്ത പലരുടേയും പേരുകൾ ആ ലിസ്റ്റിൽ സ്ഥാനം പിടിച്ചിട്ടുണ്ടു്. അതേ അവസരത്തിൽ ഇവിടത്തെ സ്വാതന്ത്ര്യസമരത്തിൽ ആവേശജനകമായ പങ്കു വഹിച്ച, പുന്നപ്ര-വയലാർ സമരത്തിൽ സുപ്രധാനമായ പങ്കു വഹിച്ച, സഖാക്കൾ ഇന്നു ജയിലിൽകിടന്നു നരകിക്കുകയാണ്. അവരെ ആരേയും ആ ലിസ്റ്റിൽ പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. അതുപോലെ ഒരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു ഞങ്ങളുടെ പാർട്ടി ലീഡർ സഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. ഈ സഭയിലെ രണ്ടു മെംബറന്മാർ ഇന്നു ജയിലിൽ കിടക്കുകയാണ്. കഴിഞ്ഞ തവണ അവരെ ഈ അസംബ്ലിയിൽ കൊണ്ടുവരാതിരുന്നതു മനസ്സിലാക്കാമായിരുന്നു. കഴിഞ്ഞ പ്രാവശ്യം അവരെ ഈ സഭയിൽ കൊണ്ടുവന്നാൽ കാൺഗ്രസ്സ് മന്ത്രിസഭയുടെ സ്ഥിതി അപകടത്തിൽ ആകും എന്നു കരുതാമായിരുന്നു. ഇന്നു അങ്ങിനെയുള്ള ഒരു സ്ഥിതിയില്ല. അവരെ ഇനിയും അസംബ്ലിയിൽ സംബന്ധിക്കുവാൻ അനുവദിക്കാതിരിക്കുന്നതു അവരെ തിരഞ്ഞെടുത്തയച്ച നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ നേരെ ചെയ്യുന്ന ഒരു അപമാനവും അവഹേളനവുമാണ് എന്നു ഞാൻ കരുതുന്നു. ശ്രീ. രാഘവൻപിള്ളയേയും ശ്രീ. ബേബി ജാണിനേയും ഈ നിയമസഭയിൽ ഇരിക്കുവാൻ അനുവദിക്കുന്നതിനു എന്തു് തടസ്സമാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. അവർ ഓരോ കുററത്തിനു ശിക്ഷിക്കപ്പെട്ടു കിടക്കുകയാണെന്നു ഗവമെൻറു പറയുമായിരിക്കും. സർ, അങ്ങേഭാഗത്തിരിക്കുന്ന ആളുകളിൽ പലരും ഓരോ കുററത്തിനും ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളുകളാണ്. അതുകൊണ്ടു ജനാധിപത്യമര്യാദ അനുസരിച്ച് ഈ അംഗങ്ങൾക്കു കൂടി ഈ സഭയിൽ ഇരിക്കത്തക്കവണ്ണം ഉടനെ അതിനു ഒരു പരിഹാരം ഉണ്ടാക്കണമെന്നും അല്ലെങ്കിൽ അതു വലിയ അസ്വാതന്ത്ര്യത്തിനു ഇടയാകുന്നതാണെന്നും ഗവമെൻറിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നുകൊള്ളുന്നു.

ഇന്നു ഭരണകൂടത്തിൽ കാണുന്ന കുഴപ്പങ്ങൾക്കു കാരണം ദിവാൻഭരണകാലം മുതൽക്കുതന്നെ ഇവിടെ നിലനിന്നുവരുന്ന ഉദ്യോഗസ്ഥവൃന്ദമാണ് എന്നു പറഞ്ഞു. ആ ഉദ്യോഗസ്ഥവൃന്ദം നിലവിലിരിക്കുന്നതുകൊണ്ടു ഒരു കാര്യത്തിലും പെട്ടെന്നുള്ള നടപടി പ്രതീക്ഷിക്കേണ്ട എന്നു പറയുകയുണ്ടായി. സർ. സി. പി. യുടെ കാലത്തുപോലും നടന്നിട്ടില്ലാത്ത

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ.]

വിധത്തിൽ ഈ ജനകീയമന്ത്രിസഭ വന്നതിനുശേഷം ലോക്കപ്പിൽ ഇട്ടു സംശയാസ്പദമായ നിലയിൽ ആളുകളെ തല്ലിക്കൊന്നു. അതിനു തിരുവിതാംകൂറിന്റെ ചരിത്രത്തിൽ ഇതേവരെ കേട്ടിട്ടില്ലാത്ത അത്ര ആക്ഷേപങ്ങളുണ്ടായിട്ടുണ്ടു്. നാട്ടിലുള്ള ആളുകളെ പരസ്യമായി തല്ലിക്കൊന്ന കേസിൽ ഇവിടത്തെ ഡാക്ടർമാർ പോലീസിന്റെ നിർബന്ധം അനുസരിച്ചു് വയററുവേദന കൊണ്ടു മരിച്ചതാണു്, തലവേദനകൊണ്ടു മരിച്ചതാണു് എന്നു പറഞ്ഞിട്ടുണ്ടു്. ഹേബിയാസ് കോർപ്പസ് പെററിഷൻ കൊടുത്താൽ അതിന്മേൽ നടപടികൾ എടുക്കുന്നതിനു വളരെ കാലതാമസം വരുത്തുന്നുണ്ടു്. ഇവിടെയല്ലാതെ ലോകത്തിലെവിടെയും ഹേബിയാസ് കോർപ്പസിനു വേണ്ടിയുള്ള ഹർജിയിന്മേൽ നടപടി എടുക്കുവാൻ ഇത്ര വളരെ കാലതാമസം എടുക്കുന്നതായി കേൾക്കുകയില്ല. ഇവിടത്തെ ജനാധിപത്യത്തിന്റെ മാതൃകകളാണിതെല്ലാം. ഇതെല്ലാം നോക്കിയാൽ ഈ കുഴപ്പങ്ങൾ മന്ത്രിമാർ മൂലമുള്ള കുഴപ്പങ്ങളാണോ ഉദ്യോഗസ്ഥന്മാർ മൂലമുള്ള കുഴപ്പങ്ങളാണോ എന്നു ഞാൻ ചോദിക്കുന്നു.

സർ, നാട്ടിൽ നടക്കുന്ന കാര്യങ്ങൾ കാണുമ്പോൾ എന്തു കാര്യത്തിനു വേണ്ടിയാണു് ഇത്രയും കൂടുതൽ മന്ത്രിമാർ ഇവിടെ ഉദ്യോഗത്തിലിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതിൽ കുറെയധികംപേർക്കുവേണ്ടിയുമുള്ള ചിലവു കുറയ്ക്കാം. മാത്രമല്ല കുറെയധികംപേരെന്നു പറഞ്ഞാൽ ആറു മന്ത്രിമാരും നമുക്കാവശ്യമില്ലാതാണിരിക്കുന്നതു്. അവക്കെല്ലാവക്കും കൂടി ഒരാഭ്യന്തരവകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ അനുയായികളായ പോലീസ് സൈന്യവും മതി ഈ രാജ്യം ഭരിക്കുന്നതിനു്. ഈ രാജ്യത്തു നടക്കുന്നതു് ഈ ഒരാളിന്റെ ഭരണമാണു്. റവന്യൂകാര്യം വന്നാൽ അപ്പോൾ പോലീസ് ഇടപെടുകയായി. കുടിയിറക്കിനെപ്പററി രാജ്യത്തിന്റെ ഇങ്ങേയററംമുതൽ അങ്ങേഅററംവരെയുള്ള പൊതുജനങ്ങളിൽ നിന്നു് പരാതികൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. ഉദാഹരണമായി സർ, കുറച്ചുമുമ്പു് കഴക്കൂട്ടത്തു കുറേപ്പേരെ പോലീസ് കുടിയിറക്കിവിട്ടു. അന്യായമായ ഈ കുടിയിറക്കിനു പരിഹാരമായി അവക്കു് റവന്യൂമന്ത്രി മറെറാരു സ്ഥലത്തു് കുറെ പറമ്പുകൾ കൊടുത്തു. കുടിയിറക്കിനെപ്പററി പറയുമ്പോൾ മററു പല ഉദാഹരണങ്ങളും എനിക്കു പറയുവാനുണ്ടു്. അവകളെല്ലാം അതിദാരുണമായ ഒരു സ്ഥിതിയിലാണു് പരിണമിച്ചിട്ടുള്ളതും. കാളിയൻതോട്ടത്തിനുസമീപം കുന്നുകല്പാട്ടത്തിനു താമസിച്ചുകൊണ്ടിരുന്ന കുറെ സാധുക്കളെ കാൺഗ്രസ്സുകാരുടെ പ്രേരണയോടുകൂടി പോലീസിനെക്കൊണ്ടു് ഇറക്കിവിട്ട കഥ എല്ലാവക്കുമറിയാവുന്നതാണു്. സർ, ഈ സംഭവം കഴിഞ്ഞു മൂന്നുദിവസമേ ആയുള്ളു. ഒരു സാധുസ്ത്രീ ആ മലയിൽകിടന്നു പ്രസവിച്ചു. പ്രസവിച്ചു് പത്താംദിവസം കഴിയാത്ത മറെറാരു സ്ത്രീയെക്കൂടി അവിടെനിന്നും ആട്ടിപ്പായിക്കുകയാണു ചെയ്തതു്. കർഷകരുടെ പ്രശ്നം വന്നാലും കുടിയിറക്കു പ്രശ്നം വന്നാലും അതൊക്കെ പോലീസ് തന്നെയാണു് തീരുമാനിക്കുന്നതെങ്കിൽ പോലീസും ഒരു മന്ത്രിയും മാത്രം മതിയാകും ഈ രാജ്യം ഭരിക്കാൻ. ഇതിനെല്ലാം കമ്മ്യൂണിസ്ററുകാരുടെ അക്രമംകൊണ്ടാണു് ഈ പോലീസ് തേർവാഴ്ച നടക്കുന്നതെന്നു ഒരു വാദം കൊണ്ടുവരാറുണ്ടു്. എന്റെ മാന്യസ്നേഹിതനായ ശ്രീ. കേശവൻനായർ കമ്മ്യൂണിസ്റ്റുകാർ നടത്തിവരുന്ന അക്രമങ്ങ

ങ്ങളേയും അഴിമതികളേയുംപററി പലതും പ്രസ്താവിച്ചു. ഞാൻ അദ്ദേഹത്തോടു ചോദിക്കുന്ന ഈ രാജ്യത്തു കമ്മ്യൂണിസ്ററുകാരും കാൺഗ്രസ്സുകാരും നടത്തിട്ടുള്ള അക്രമങ്ങളേയും അഴിമതികളേയും നിഷ്പക്ഷമായ നിലയിൽ ഒരു അന്വേഷണം നടത്തിയതിനുശേഷമാണോ പറയുന്നതെന്ന്. സർ, ഞങ്ങൾ അക്രമങ്ങൾ തീരെ കാണിച്ചിട്ടില്ല എന്നു പറയുന്നില്ല. അളമുട്ടിയാൽ പാമ്പും കടിക്കും. ഇത്രയേ ഞങ്ങൾ ചെയ്തിട്ടുള്ളു. ഇവിടത്തെ കാൺഗ്രസ്സുകാർ ഭരണം കയ്യേററ പതിനൊന്നാമത്തെദിവസം ഞങ്ങളെ അറസ്റ്റ് ചെയ്തുകുത്തു ഇടുകയാണ് ചെയ്തതു്. കാൺഗ്രസ്സുകാർ അവരുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ ഞങ്ങൾ മാലയിട്ടു് അവരെ സ്വീകരിക്കും. അതല്ലെങ്കിൽ വഴക്ക് എന്നു പറഞ്ഞതിനായിരുന്നു ഈ അറസ്റ്റ്. പിന്നീട് നടന്നിട്ടുള്ള കാര്യങ്ങൾ ഓരോന്നായി എടുത്തു പറയുന്നില്ല.

<u>ശ്രീ. പി. രവീന്ദ്രൻ</u>: സർ, എനിക്ക് അനുവദിച്ചിട്ടുള്ള വളരെ ഹ്രസ്വമായ സമയത്തിനുള്ളിൽ തിരുവിതാംകൂർ-കൊച്ചിയിലെ പബ്ലിക്സർവ്വീസ് കമ്മീഷനെപ്പററി ഒന്നു രണ്ടു സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. സർ, ഇൻഡ്യൻ ഭരണഘടന ൩൧൫-ാം വകുപ്പനുസരിച്ച് തിരുവിതാംകൂർ-കൊച്ചിയിൽ ഒരു പബ്ലിക്സർവ്വീസ്കമ്മീഷൻ നിയമിതമായിട്ടുണ്ട്. ഗവണ്മെൻറിൻെറ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വിലയേറിയ സംഭാവനകൾ ചെയ്യുന്ന ഒരു ഘടകമായ ഈ രാജ്യത്തെ സിവിൽസർവ്വീസിൽ സത്യവും നീതിയും നിലനിറുത്തി നിയമനങ്ങൾ നടത്തുകയാണ് ഈ കമ്മീഷൻെറ ജോലി. ഒരു ചെയർമാനും മററു രണ്ടംഗങ്ങളുമുള്ള ഈ കമ്മീഷനുവേണ്ടി ഒന്നര ലക്ഷം രൂപായോളം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്മീഷൻെറ പ്രവർത്തനങ്ങൾ ഇന്നു് ഒരു സ്തംഭനാവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഒരു ചോദ്യത്തിനുത്തരമായി ചീഫ്മന്ത്രി പറഞ്ഞതു് പബ്ലിക്സർവ്വീസ് കമ്മീഷൻ ചട്ടങ്ങൾ ഇതുവരെ എഴുതിയുണ്ടാക്കിയിട്ടില്ല എന്നാണ്. ചട്ടങ്ങൾ നിർമ്മിക്കാത്തതുകൊണ്ടു് നിയമനങ്ങൾ യാതൊന്നും നടക്കാതിരുന്നിട്ടില്ലെന്നും ചീഫ്മന്ത്രി പറയുകയുണ്ടായി. സർ, അതു വിശ്വസിക്കുവാൻ ഞാൻ തയാറില്ല. പല നിയമനങ്ങളും നടക്കാതിരിക്കുന്നതായി എനിക്കു നേരിട്ടറിയാം. ഈ സെക്രട്ടറിയേററിൽതന്നെ ഇപ്പോൾ മുപ്പതിൽപ്പരം ഒഴിവുകൾ ഉണ്ടെന്നാണ് അറിവ്. ചട്ടങ്ങളെഴുതി ഉണ്ടാക്കുന്നതുവരെ ഈ ഒഴിവുകളിൽ നിയമനം നടത്തേണ്ട എന്നാണോ ഗവണ്മെൻറ വിചാരിക്കുന്നതു്? സർ, ഇങ്ങനെ സിവിൽസർവ്വീസിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തേണ്ടതു് അത്യാവശ്യമാണ്. ചട്ടങ്ങൾ എഴുതിയുണ്ടാക്കിയില്ല എന്നു പറഞ്ഞു് അനാസ്ഥ പ്രകടിപ്പിക്കുന്നതു് ഒട്ടും ശരിയല്ല. ഈ ചട്ടങ്ങൾ എഴുതിയുണ്ടാക്കാൻതന്നെ ഒരു കമ്മിററിയെ നിയമിച്ചിട്ടുള്ളതായും പത്രത്തിൽ കണ്ടിട്ടുണ്ട്. സിവിൽ സർവ്വീസിൽ ഭരണഘടനയുടെ ൧൬-ാംവകുപ്പ് ൪-ാംഉപവകുപ്പനുസരിച്ച് പിന്നോക്ക സമുദായങ്ങൾക്ക് സീററ് സംവരണം ചെയ്യണമെന്നു വ്യവസ്ഥയുണ്ട്. പിന്നോക്കസമുദായങ്ങളിൽ ഏതെല്ലാം വിഭാഗങ്ങൾ ഉൾപ്പെടുമെന്ന് ഇതുവരെ തീരുമാനിച്ചിട്ടില്ല. അതിൻെറ പിന്നിൽ ചില രഹസ്യങ്ങളുണ്ട്. പിന്നാക്കസമുദായങ്ങളുടെ ലിസ്റ്റിൽ ചില വിഭാഗങ്ങളെ ഉൾപ്പെടുത്താതിരുന്നാൽ അതു് ഈ മന്ത്രിസഭയുടെ നിലനില്പിനുതന്നെ ഹാനികരമാ

[ശ്രീ. പി. രവീന്ദ്രൻ.]

യിത്തീരും. ആ ഭയംകൊണ്ടാണു് ഈ ലിസ്ററ പൂർത്തിയാക്കാത്തതെന്നാണു് എൻെറ വിശ്വാസം. സർ, ഇന്നു ഓരോ ഡിപ്പാർട്ടുമെൻറിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒഴിവുകളിൽ നിയമനം നടത്താനുള്ള അവകാശം അതാതു ഡിപ്പാർട്ടുമെൻറ മേധാവികൾക്കു് ഉണ്ടെന്നാണു ഞാൻ കേൾക്കുന്നതു്. അതു് യഥാർത്ഥമാണെങ്കിൽ അതിനെപ്പററി പരാതിയുണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല. ഇങ്ങനെ ഡിപ്പാർട്ടുമെൻറ മേധാവികൾ നിയമനം നടത്തുന്നതു സംബന്ധിച്ചുള്ള നിരവധി പരാതികളുള്ളതു് സമയച്ചുരുക്കംകൊണ്ടു് ഈ അവസരത്തിൽ ഞാൻ പ്രസ്താവിക്കുന്നില്ല. ഭരണഘടന ൩൨൦-ാം വകുപ്പനുസരിച്ചു് ഒരു ഉദ്യോഗസ്ഥനെ ഒരു ഡിപ്പാർട്ടുമെൻറിൽനിന്നു് മറെറാരു ഡിപ്പാർട്ടുമെൻറിലേയ്ക്കു് മാററുകയോ, പ്രൊമോട്ടു ചെയ്യുകയോ ചെയ്യുന്നതു പബ്ളിക്സർവ്വീസു് കമ്മീഷനുമായി ആലോചിച്ചിട്ടുവേണമെന്നു വ്യവസ്ഥയുണ്ടു്. എന്നാൽ ഇവിടെ നടക്കുന്ന പല നിയമനങ്ങളും പബ്ളിക്സർവ്വീസു് കമ്മീഷൻ അറിയുന്നേയില്ല. ഭരണഘടനാപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഞങ്ങൾ ഭരണഘടനയെ ബഹുമാനിക്കുന്നില്ലെന്നു പ്രചരണം നടത്തുന്ന മന്ത്രിമാർ അവർതന്നെ എഴുതിയുണ്ടാക്കിയ ഭരണഘടനാ നിയമങ്ങൾ നിസ്സാരമായി ലംഘിക്കുകയാണു്. പബ്ളിക് സർവ്വീസു് കമ്മിഷനുമായി ഇത്തരം കാര്യങ്ങളിൽ ആലോചിക്കാത്തതു് ഭരണഘടനയുടെ ലംഘനമാണു്. അതുപോലെ പബ്ളിക്സർവ്വീസ്കമ്മീഷനെപ്പററിയും പലപരാതികളുമുണ്ടു്. ഈ സഭയിലെ ഒരുന്നത വ്യക്തിയായ ശ്രീ. താണുപിള്ളപോലും പബ്ളിക് സർവ്വീസു് കമ്മീഷൻെറ ന്യായവിരുദ്ധമായ പ്രവൃത്തികളെ അപലപിച്ചിട്ടുണ്ടു്. സർ, അതുകൊണ്ടു് ഞാൻ പറയുന്നതു് ഒന്നുകിൽ സർവ്വീസു് ചട്ടങ്ങൾ എഴുതിയുണ്ടാക്കി നിയമനങ്ങളെ സംബന്ധിച്ചിടത്തോളമുള്ള സകല അധികാരങ്ങളും സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കണം. അല്ലെങ്കിൽ ഗവണ്മെൻറ് അവക്കിഷ്ടമുള്ള ആളുകളെ നിയമിച്ചുകൊള്ളട്ടെ. നിയമനങ്ങൾ നടത്തുന്നതിനുവേണ്ടി ഒരു കമ്മീഷനെ പേരിനുമാത്രം വച്ചുകൊണ്ടു് ഗവണ്മെൻറ് ഇഷ്ടംപോലെ നിയമനം നടത്തുന്ന ഒരു പരിതഃസ്ഥിതിയാണു് ഇവിടെ ഉണ്ടായിട്ടുള്ളതു്. ഉദാഹരണമായി ഒരു കാര്യംകൂടി പറയാം. പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടറന്മാരെ നിയമിക്കുന്നതിനുവേണ്ടി പബ്ളിക്സർവ്വീസു് കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള ഒരു ലിസ്ററ് ഗവണ്മെൻറിനു് അയച്ചുകൊടുത്തു. ആ ലിസ്റ്റിൽ ഏതോ ചില വ്യക്തികൾ ഉൾപ്പെട്ടില്ല എന്നുള്ള ഒററ കാരണത്താൽ ആ നിയമനങ്ങൾ ഇന്നും നടപ്പിൽ വരുത്താതെ വച്ചിരിക്കുകയാണു്. ഇതുപോലെ ഗവണ്മെൻറിൻെറ ചെയ്തികൾ തുടൎന്നുകൊണ്ടുപോകുന്നതു് വലിയ കഷ്ടമാണു്. (ബെൽ) സർ, സർവ്വീസു് സംയോജനം നടപ്പിൽ വരുത്തുന്ന കാര്യത്തിലുംസംതൃപ്തമായ ഒരു സിവിൽസർവ്വീസുണ്ടാക്കുന്ന കാര്യത്തിലും മന്ത്രിസഭ മറെറല്ലാററിലുമെന്നപോലെ പരാജയപ്പെട്ടു. എന്നിട്ടും ആ പരാജയം സമ്മതിക്കാത്തതിലാണു് എനിക്കു് അത്ഭുതം തോന്നുന്നതു്.

ശ്രീ. ഇ. കൃഷ്ണൻ നായർ: സർ, കോൺഗ്രസ്സ് മന്ത്രിസഭയുടെ കഴിഞ്ഞ നാലു വർഷത്തെ ഭരണത്തിന്റെ ഫലമായിട്ട് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അവർക്ക നേരിട്ടിട്ടുള്ള വൈഷമ്യങ്ങൾ എന്തെല്ലാമായിരുന്നു എന്നുള്ളത് നമുക്കെല്ലാവർക്കും അറിവുള്ള കാര്യമാണ്. പൊതുജനങ്ങൾക്ക് അവരോടുള്ള വിശ്വാസം നാൾക്കുനാൾ കുറഞ്ഞുവരുന്നു എന്നു കണ്ടിട്ടും ആ പഴയ പല്ലവിതന്നെയാണ് പാടുന്നത്. ഇടത്തരക്കാരനു് ഒരുതരത്തിലും ജീവിക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സർ, ഗസ്റ്റഹൗസിലെ ഫഫ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി ഒരു വലിയ തുകയാണ് ഈ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതു് എന്നു പറഞ്ഞപ്പോൾ എന്റെ ബഹുമാനപ്പെട്ട ചടയമംഗലം മെമ്പർ പറയുകയുണ്ടായി, വെറും കഞ്ഞിയും ചമ്മന്തിയും കഴിക്കുന്നവരല്ലാ ഇവിടെ അതിഥികളായി വരുന്നതെന്നും അവരെ സ്വീകരിച്ച് സൽക്കരിക്കുന്നതിന് യോഗ്യമായ നിലയിലുള്ള ഒരു സ്ഥലം ഇവിടെ ആവശ്യമാണെന്നും മററും. സർ, ഒരു നേരത്തെ കഞ്ഞിക്കു പോലും വകയില്ലാതെ എത്രയോ ജനങ്ങൾ ഈ രാജ്യത്തു കിടന്നു വിഷമിക്കുമ്പോൾ ഇവർക്ക വിഭവങ്ങൾകൂട്ടി സദ്യ കൊടുക്കുകയാണ് ചെയ്യുന്നതു്. മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ, രാവും, പകലും അധ്വാനിക്കുന്ന ജനങ്ങളെ ചൂഷണംചെയ്ത പണമുണ്ടാക്കി അതിഥികളെ സൽക്കരിക്കുന്ന ഒരു ഗവണ്മെൻറാണ് ഇന്നത്തെ ഗവണ്മെൻറ്. രാജ്യരക്ഷയ്ക്കാവശ്യമുള്ള പല കാര്യങ്ങളിലും ഗവണ്മെൻറ് അലസതകാണിക്കുന്നു എന്നുള്ളതിന് പല തെളിവുകളുമുണ്ട്. പത്തുമല നടന്ന അനിഷ്ടസംഭവത്തെപ്പററി ഒരു പരസ്യാന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയും പരാതിപ്പെടുകയും ചെയ്തപ്പോൾ മന്ത്രി ചില തടസ്സങ്ങൾ ഉന്നയിച്ച് ഒഴിഞ്ഞുമാറുകയാണ് ചെയ്തതു്. എന്നാൽ കൊട്ടാരക്കര സുരേന്ദ്രനെ ലാക്കപ്പിൽ ഇട്ട് കഠിനതരമായി മർദ്ദിക്കയും ഒടുവിൽ ഇഞ്ചിഞ്ചായി കൊല്ലുകയും അതിനെ സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ വലിയ പരാതിയുണ്ടാകയും അതനുസരിച്ച് മന്ത്രിയും മററ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും സ്ഥലത്തുചെന്ന് അന്വേഷിക്കയും, അതിനെപ്പററി പരസ്യാന്വേഷണം ചെയ്യാൻ ഒരു ജൂഡിഷ്യൽ ആഫീസറെ നിയമിക്കയും അദ്ദേഹം നിഷ്പക്ഷനിലയിൽ ഒരു റിപ്പോർട്ട് ഗവണ്മെൻറിലേയ്ക്ക് സമർപ്പിക്കയും ചെയ്തിട്ട് അതിന്റെ ഫലമെന്തായി എന്ന് ഞാൻ ഈ അവസരത്തിൽ മന്ത്രിസഭയോട ചോദിക്കുന്നു. ഈ കാര്യത്തെപ്പററി അറിയാനുള്ള ആഗ്രഹം ആ നാട്ടുകാർക്കില്ലെന്ന് ഈ മന്ത്രിസഭ വിചാരിക്കുന്നുണ്ടോ ? സർ, അന്ന് ചീഫ് മന്ത്രിയായിരുന്നതു് ശ്രീ സി. കേശവനാണ്. ഈ കൊലക്കേസിനു കാരണക്കാരായ രണ്ടു പോലീസുകാരെ കഠിനതരമായി ശിക്ഷിക്കണമെന്ന് അദ്ദേഹം തന്നെ പറയുകയുണ്ടായി. സുരേന്ദ്രന്റെ മരണത്തിനു ഹേതുവായ കാരണങ്ങൾ എന്തെല്ലാമാണെന്നുള്ളതു് അറിയാനുള്ള ഉൽക്കണ്ഠ ഇന്നും കൊട്ടാരക്കര ജനതയിൽ അവശേഷിച്ചിരിക്കയാണ്. സർ, ഈവിധം പോലീസുകാർ മൃഗീയമായ

[ശ്രീ. ഇ. കൃഷ്ണൻ നായർ.]

വിധം നാട്ടിൽ പെരുമാറുകയാണെങ്കിൽ, സമാധാനപരമായ ഒരു ജീവിതം നയിക്കാൻ എങ്ങിനെ സാധിക്കുമെന്നു ഞാൻ ചോദിക്കുന്നു.

ഇവിടെയുള്ള സാധാരണക്കാരുടെയും തുച്ഛശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെയുംമററും നട്ടെല്ലു ഞെരിച്ചുകൊന്നശേഷം, ഇവിടെ ഏതാനും വൻപിച്ച മുതലാളിമാർക്കും ജന്മിമാർക്കും വലിയ വലിയ വസ്തു ഉടമസ്ഥന്മാർക്കുംമാത്രം ജീവിക്കാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കാൻ ഇന്നു് ഈ ഗവണ്മെൻറു് ഒരുങ്ങുന്നുവെന്നു് എനിക്കു ധൈര്യമായി പറയാൻ കഴിയും. രാഷ്ട്രനിർമ്മാണ പരിപാടികൾക്കുവേണ്ടി പണമുണ്ടോ എന്നു ചോദിച്ചാൽ, പണമില്ലെന്നാണു പറയുക. സാധുജനങ്ങളുടെ വിദ്യാഭ്യാസത്തിനു എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കുന്നതിനും, എല്ലാ പരിഷ്കൃതരാജ്യങ്ങളും നടപ്പിലാക്കിയിട്ടുള്ള നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കുന്നതിനും, ജീവിക്കുന്നതിനുതക്കതായ ശമ്പളം അദ്ധ്യാപകന്മാർക്കു കൊടുക്കുന്നതിനും ഗവണ്മെൻറിനു പണമില്ലെന്നാണു പറയുന്നതു്. അതേ അവസരത്തിൽ കുബേരതുല്യന്മാരായി ജീവിക്കുന്ന ജന്മിമാരെയും വ്യവസായ പ്രമുഖന്മാരെയുംപററി ഈ കാൺഗ്രസ്സുകാർ ആലോചിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഈ നാട്ടിലെ ൯൨ ലക്ഷം ജനങ്ങളുടെയുംവകയല്ലേ ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം? അവരെല്ലാം ഈ സംസ്ഥാനത്തു ജീവിക്കേണ്ടെന്നും ഏതാനും ചില ജന്മിമാരും വ്യവസായപ്രമുഖന്മാരും മാത്രം ജീവിച്ചാൽമതിയെന്നുമാണു് ഗവണ്മെൻറു വിചാരിക്കുന്നതെങ്കിൽ ഈ നാട്ടിലെ താണതരത്തിൽ ജീവിക്കുന്നവരും വിഷമിക്കുന്നവരുമായ ആളുകളെ നിരത്തിനിറുത്തി പോലീസിനെക്കൊണ്ടു നിഗ്രഹിച്ചുകളഞ്ഞശേഷം ഇവിടെയുള്ള സചിവോത്തമന്മാർ വസ്തുക്കളും പണവുമെല്ലാം മററുള്ളവർക്കു വീതിച്ചുത്താൽ മതിയാകും.

സർ, ഇവിടെയുള്ള താണവരുടേയും അദ്ധ്യാപകന്മാരുടെയും കാര്യത്തെ സംബന്ധിച്ചു് ഒന്നുരണ്ടു അവസരങ്ങളിൽ ഈ വകുപ്പിൽപ്പെട്ട മന്ത്രിയെ എനിക്കു സമീപിക്കാൻ ഇടയായിട്ടുണ്ടു്. അനുകമ്പാപൂർണ്ണമെന്നു പറയാൻ പാടില്ലെങ്കിലും അല്പം ആശ്വാസപ്രദമായ മറുപടിയാണു അദ്ദേഹത്തിൽനിന്നും കിട്ടിയിട്ടുള്ളതു്. അതനുസരിച്ചു് തിരുവിതാംകൂർ വിഭാഗത്തുള്ള പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു കൊച്ചി വിഭാഗത്തുള്ള ശമ്പളം കൊടുക്കണമെന്നുള്ള കാര്യമാണു എനിക്കു ഗവണ്മെൻറിന്റെ മുമ്പിൽ വയ്ക്കുവാനുള്ളതു്. (ബെൽ)

ஸ்ரீ. கணபதி: திருவிதாங்கூர்-கொச்சியிலுள்ள மிகவும் முக்கியமான தொழில்களில் தோட்டத்தொழிலும் ஒன்று. இப்பிரதேசத்திலிருந்து சர்க்காருக்கு கோடிக்கணக்கான ரூபாய் வருமானம் வருகிறது. ஆனால் அங்குள்ள தொழிலாளர்களின் நிலைமையை எடுத்துக்கொண்டால் மிகவும் கேவலம், மிருகங்களாக வாழ்ந்து வருகின்றனர். படிப்பை எடுத்துக்கொண்டால் போற்றத்தக்க சர்க்கார் பள்ளிக்கூடங்கள் கிடையாது. அதற்காக அவ்விரு தாலுகாக்களுக்கும் பணம் செலவழிப்பதும் கிடையாது.

பிளாண்டேஷன் லேபர் ஆக்ட் அமுலுக்கு வந்தாலும் கூட ரைட்டர்மார்கள், உத்தியோகஸ்தர்கள் நியாயமாக நடந்தால் தான் தொழிலாளர்களுக்குச் சிறிது அனுகூலம் கிடைக்கும். தொழிலாளர்களை கஷ்டப்படுத்தி பல தொந்தரவுகள் செய்யாமல் நடுத்தரமாக இருக்கும் உத்தியோகஸ்தர்களுக்குக் கூட அங்கு இடம் கிடையாது. சமீபகாலத்தில் கூட சில ரைட்டர்மார்களை வேலையிலிருந்து நீக்கப்பட்டிருக்கிறது. மேற்படி ஆக்ட்டை அமுலுக்கு வராதபடி முதலாளிகள் தங்களாலியன்றவரை எல்லா முயற்சியும் செய்து வருகிறார்கள். மேற்படி சட்டத்தை உடனடியாக இவ்வசம்பிளியிலே பாசாக்க தொழில் மந்திரி சிரத்தை எடுப்பார் என்று நம்புகிறேன். தேவிகுளம் தாலுகாவில் கம்பெனிவான்களில் போலீஸ் அதிகாரிகளும் போலீஸ்களும் வழக்கமாய் எஸ்டேட்களுக்கு சென்று தொழிலாளர்களின் மேல் யாதொரு உண்மையான காரணமுமின்றி கேஸ் எடுப்பதும், மற்றும் தொழிலாளர்களை போலீஸ் ஸ்டேஷனுக்கு பலாத்காரமாகக்கொண்டுபோய் மிருகத்தனமாக அடிப்பதுமாய் இருந்து வருகிறது. இவ்விதம் ஒரு வருஷகாலமாய் நடந்து வருவதை சர்க்காருக்கும் உயர்தர அதிகாரிகளுக்கும் பலதடவைகள் புகார் செய்தும் இதுவரை யாதொரு பரிகாரமும் கிடைக்கவில்லை என்று வருத்தத்துடன் தெரிவித்துகொண்டும், உடனே இதற்கு தக்க நடவடிக்கை எடுக்க வேண்டும் என்றும் கேட்டுக் கொள்கிறேன்.

தேவிகுளம் பீர்மேடு தாலுகாவும் சேர்ந்து திருச்சூர் ஜில்லாவின் விஸ்தீர்ணமிருக்கும், அதாவது திருவனந்தபுரம் ஜில்லா விஸ்தீரணத்தை அடுத்து இருக்கும் என்றுதான் நம்புகிறேன். இங்குள்ள எல்லா மெம்பர்களும் பல குறைகளைப்பற்றி வெகு அழகாக வர்ணிக்கிறார்கள். அதாவது ஒரு கதை ஞாபகம் வருகிறது. எப்படியென்றால் எண்ணைக் குடத்தைப் போட்டவர்களும், தண்ணீர் குடத்தைப் போட்டவர்களும் ஐயோ என்று கத்துவது தான் வழக்கம். எங்கள் நிலைமையை எடுத்துக்கொண்டால் எண்ணைக் குடத்தை போட்டவர்கள் கதி என்று சந்தேகம் இல்லாமல் கூறலாம். அங்கு படிப்பிற்காக, அப்பிரதேசத்தில் வரும் வருமானத்தில் ஒரு சதம் கூட செலவழிப்பதில்லை. அந்த பிரதேசத்தில் மந்திரிகளும் உயர்தர அதிகாரிகளும் வருவது கிடையாது. அங்கிருந்து அனுப்பப்படும் மனுக்கள் வேஸ்டு பேப்பர் பாஸ்கட்டில் தான் போடப்படுவது என்பது தெரிய வருகிறது.

ஒவ்வொரு மந்திரிக்கும் அந்த அந்த இலாகா சம்பந்தமாகவுள்ள Technical Experts களை உடனடி நியமிக்க வேண்டும். அப்படியானால் உடனடியாக காரியங்கள் நடைபெறும். முக்கியமாக தேவிகுளம் பீர்மேடு தாலுகா, ஹரிஜனங்களும், மலைஜாதியாரும் கொண்டது. நமது ராஜ்யத்தில் ஜனத்தொகையில் பெரும்பாலும் ஹரிஜனங்களும், மலைஜாதியாரும், வசிப்பது தேவிகுளம்—பீர்மேடு தாலுகாக்களில் தான். சர்க்கார் சென்ஸஸ் கணக்கே இவ்விஷயத்தைத் தெளிவாக்கும். ஆகவே அங்கிருந்து வரும் மனுக்கள் பெரும்பாலும் ஹரிஜன வகுப்பு மந்திரி அவர்களுக்

[ஸ்ரீ. என். கணபதி]

குத்தான். அவர் சிறிது கவனம் செலுத்தினாலே சிற்சில குறைகள் உடனடியாக தீரலாம். அதற்கு அவருக்கு ஆலோசனைகூற ஒரு Consultative Technician யை ஹரிஜனவகுப்பிலிருந்து நியமனம் செய்ய வேண்டும். இப்படிப்பட்ட உத்தியோகங்கள் மேல்நாடுகளில் எல்லா இலாகாக்களிலும் உள்ளன. அப்படியானால் உண்மையையும் பொய்மையையும் இலகுவில் அறிய முடியும். அதாவது உத்தியோகஸ்தர்கள் செய்யும் கள்ளங்களும், அரசியல் கட்சிக்கார் செய்யும் சூது விளையாடல்களும் கள்ளங்களும் இலகுவில் கண்டுபிடிக்கப்படும். அதாவது Fact Finding and Fault Finding என்பதுதான் இவர்களின் வேலை.

மற்றும் I. A. S., I. P. S., போன்ற உத்தியோகஸ்தர்களை இங்கு நியமிக்கப் போவதாக கேள்விப்படுகிறோம். இவர்களை முதலாவது தாலுகா ஆபீஸிலும், டிவிஷன் ஆபீஸிலும் பயிற்சிக்கு அனுப்புவது நல்லது. முதலாவதாகவே செக்ரட்டேரியட்டில் நியமித்தால் இங்குள்ள செக்ரட்டரிகளுக்கும், அஸிஸ்டன்ட் செக்ரட்டரிகளுக்கும் உற்சாகம் குறைந்து அவர்களுடைய வேலை குறையும். அப்படி வேலைகள் குறையும்போது மக்களுடைய நன்மையை பாதித்து அநேக கஷ்டங்களுக்குள்ளாக்கும். ஆகவே இப்பொழுது இருக்கும் கஷ்டத்தை விட மேலும் இடைஞ்சல்கள் ஏற்படும் என்பதை தெரிவித்துக்கொண்டு மந்திரிமார்கள் ஆவன செய்யும்படி கேட்டுக்கொண்டும் எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. ടി. എ. മജീദ്: സർ, ബംഗാൾ നിയമസഭയിൽ നാലാമത്തെ കോൺഗ്രസ്സുകാരൻ ഒരു മന്ത്രിയൊ ഡപ്യൂട്ടി മന്ത്രിയൊ ആണ്. ഇവിടെ കണക്കുകൂട്ടി നോക്കിയപ്പോൾ എട്ടാമത്തെ കോൺഗ്രസ്സുകാരൻ ഒരു മന്ത്രിയാണ്. ഈ മന്ത്രിസഭയുടെ തലക്കനത്തിന്റെ ദുർവ്യയം സഹിക്കാൻ ഞങ്ങൾ തയാറാണ്. എന്നാൽ ഈ തലക്കനത്തിൽനിന്നു വരുന്ന ഭരണം നീതിപൂർവ്വമായിരിക്കണമെന്നുള്ളതാണു ആവശ്യം. ഇപ്പോൾത്തന്നെ ഈ മന്ത്രിസഭ ഒരു അപകടകരമായ കാൽച്ചുവടു വച്ചിരിക്കുകയാണ്. സാധാരണ നിയമനങ്ങൾ പബ്ലിക്കുസർവീസു കമ്മിഷൻ മുഖേനയാണു നടത്തുന്നത്. ഇവിടെയൊരു കമ്മ്യൂണിററി പ്രോജക്ടു ആലോചനയ്ക്കു വന്നിട്ടേയുള്ളു, ആരംഭിച്ചിട്ടില്ല. അതിനുമുൻപുതന്നെ ആ പദ്ധതിയിലേയ്ക്കുള്ള നിയമനങ്ങൾ മന്ത്രിസഭ ഏറെറടുത്തിട്ടുള്ളതായി കാണുന്നു. ഭരണഘടനയിലെ പഴുതുപിടിച്ചു തൂങ്ങിനിന്നുകൊണ്ടാണ് മന്ത്രിസഭ അതേറെറടുത്തിരിക്കുന്നത്. ഇത്രയും പറയുമ്പോൾ ഇവിടത്തെ പബ്ലിക്കുസർവ്വീസു കമ്മിഷനെപ്പററി ഞങ്ങൾക്കു വിശ്വാസമുണ്ടെന്നോ, പബ്ലിക്കുസർവ്വീസു കമ്മിഷൻ ന്യായമായിട്ടാണു മുൻപോട്ടു പോകുന്നതെന്നോ പറയാൻ തയാറില്ല. എന്നാൽ പബ്ലിക്കുസർവ്വീസു കമ്മിഷൻ നടത്തുന്ന ഉദ്യോഗനിയമന കാര്യങ്ങൾ മുൻകൂട്ടി അപേക്ഷകർക്കു അറിയാനുള്ള അവകാശങ്ങൾ ഉണ്ടു്. ഇപ്പോൾ ചില നിയമനങ്ങളെല്ലാം നടന്നുകഴിഞ്ഞതായി പറയുന്നു. യോഗ്യതയുള്ള ആളുകൾക്കു അപേക്ഷിക്കാനുള്ള അവസരം നൽകാതെയും, യോഗ്യതയൊ സീനിയാറിട്ടിയോ നോക്കാതെയും മന്ത്രി

മാർ യഥേഷ്ടം നിയമനങ്ങൾ നടത്തിയെന്നാണു് പരാതി വന്നിട്ടുള്ളതു്. പബ്ളിക്കസർവ്വീസ കമ്മിഷൻ നിലവിലുള്ളപ്പോൾ, മന്ത്രിമാർ എന്തിനാണു ഇക്കാര്യം ഏറെറടുത്തതെന്നു മനസ്സിലാക്കാൻ പ്രയാസമായിരിക്കുന്നു. വേണ്ടപ്പെട്ടവരെ പ്രീണിപ്പിക്കാനുള്ള ഒരു ഉപാധിയായിട്ടാണു ഞങ്ങൾക്ക ഇതിനെ കാണാൻ കഴിയുന്നതു് ഈ മാതിരി നടപടികൾ പബ്ളിക്കസർവ്വീസ കമ്മിഷനെ കവച്ചുവച്ചുകൊണ്ടു് ഈ മന്ത്രിസഭ ഏറെറടുക്കുന്നതു ഇന്നത്തെ ഭരണവൈകല്യത്തിനു ഏററവും വലിയൊരു തെളിവാണു്.

സർ, ട്രാവൽ ബ്യൂറോയെപ്പററി പലരും ഇവിടെ പറഞ്ഞുകഴിഞ്ഞു. ജനങ്ങളുടെ ഭാഗത്തുനിന്നും വളരെ ശക്തിയായി എതിർപ്പുണ്ടായിരിക്കുന്ന ഈ സംരംഭം ഗവണ്മെൻറ ഉടനെ മതിയാക്കുന്നില്ലെങ്കിൽ അതു് ജനങ്ങളെ അവമതിയിലേയ്ക്കു തള്ളുന്നതിനു തുല്യമായിരിക്കും. ഈ കമ്പനിയുടെ ധനസ്ഥിതിയെപ്പററിയും ഷെയറിനെപ്പററിയും ഒന്നും അറിയാൻ പാടില്ലാതെ, ഗവണ്മെൻറവക കെട്ടിടങ്ങൾ അതിനു നൽകിയിരിക്കുന്നതു് രാജ്യത്തിന്റെ മുതൽ അപകടപ്പെടുത്താനുള്ള ഒരു സംരംഭമാണു്. കക്ഷിഭേദമില്ലാതെ ഇങ്ങനെയുള്ള ഒരു ബോഗസു കമ്പനിക്ക ഈ സൗകര്യങ്ങൾ ചെയ്തു കൊടുത്തിരിക്കുന്നതു അപകടമാണെന്നു കക്ഷിഭേദമെന്യേ ഇവിടെയുള്ള മെമ്പറന്മാർ പ്രസ്താവിച്ചിട്ടുണ്ടു്. കാൺഗ്രസുകാർപോലും വളരെ ശക്തിയായി ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടു്. ജനപ്രതിനിധികളുടെ ഈ അഭിപ്രായം മന്ത്രിസഭ മാനിക്കാൻ ഒരുക്കമുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. എഗ്രിമെൻറ ഒന്നും ആയിട്ടില്ലെന്നു പറഞ്ഞു. അങ്ങനെ എഗ്രിമെൻറായിട്ടില്ലാത്ത സ്ഥിതിക്ക് ഗവണ്മെൻറ കെട്ടിടങ്ങൾ വ്യക്തികൾക്ക ദുരുപയോഗപ്പെടുത്താനും മദ്യശാലകളായി ഉപയോഗപ്പെടുത്താനും അനുവദിക്കരുതെന്നു എനിക്കപേക്ഷയുണ്ടു്. അതുപോലെതന്നെ ഇവിടെ വരുന്ന അതിഥികൾക്ക് ഈ ഗവണ്മെൻറിന്റെ പണം ചെലവാക്കേണ്ട ആവശ്യമുണ്ടോ എന്നും അന്വേഷിക്കേണ്ടതാണു്. ഞാൻ അറിഞ്ഞിടത്തോളം നമ്മുടെ മന്ത്രിമാർ ഡെൽഹിയിൽ പോയാൽ അവരുടെ സ്വന്തം ചെലവിലാണു കാര്യങ്ങൾ നടത്തുന്നതു്. ആ നിലയ്ക്കു് ഇവിടെ വരുന്നവരെയെല്ലാം, വരാൻ ആലോചിക്കുന്നതിനു മുമ്പുതന്നെ എന്തിനാണു സ്റ്റേററഗസ്ററുകളായി സ്വീകരിക്കുന്നതെന്നു് നാം ഗാഢമായി ആലോചിക്കേണ്ടതുണ്ടു്. ഇത്രയും കാര്യങ്ങൾ മാത്രമെ എനിക്ക ഈ അവസരത്തിൽ പറയാനുള്ളു.

<u>ശ്രീ. കെ. എം. ചാണ്ടി</u>: സർ, പ്രതിപക്ഷഭാഗത്തുനിന്നും വന്നിരിക്കുന്ന വിമർശനങ്ങൾക്ക പ്രായേണ ലക്ഷ്യമില്ലാതെയാണു കാണുന്നതു്. അതേ അവസരത്തിൽ ഭരണിക്കാവു മെമ്പറുടെ മർമ്മം നോക്കിയുള്ള ചില അമ്പു പ്രയോഗങ്ങളും എനിക്ക ദർശിക്കാൻ സാധിച്ചു. അതുപോലെതന്നെ ഞാൻ വളരെ ഗൗരവമായി കരുതുന്ന ഒരാരോപണം കാൺഗ്രസ്സാകുന്ന കാമധേനുവിന്റെ പാൽകുടിച്ചു, വളർന്ന കാഞ്ഞിരപ്പള്ളി മെമ്പറുടേതാണു്.

<u>ശ്രീ. കെ. ജെ. താമസ്</u>: പാൽകൊടുത്തിട്ടേ ഉള്ളു, കുടിച്ചിട്ടില്ല.

ശ്രീ. കെ. എം. ചാണ്ടി : ഏതായാലും അദ്ദേഹവുംകൂടി കച്ചിയും, പുല്ലും, വെള്ളവും കൊടുത്തു വളർത്തിയ കോൺഗ്രസ്സിനെ നന്നാക്കാനായി കാഞ്ഞിരപ്പള്ളിയിലെ ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു ഈ നിയമസഭയിൽ വന്നിരിക്കുന്ന അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന ആരോപണം ഈ നാട്ടുകാരോടുള്ള ചുമതലയെ പുരസ്ക്കരിച്ചു തെളിയിക്കാൻ ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെടുന്നു. അദ്ദേഹത്തിൻെറ പ്രസ്താവനയിൽ പറയുകയുണ്ടായി, ഒരു മന്ത്രിക്കു ൩൦൦ രൂപ കൈക്കൂലികൊടുത്തു് ഒരാൾക്കു കിട്ടിയ സ്ഥലത്തുനിന്നും അയാളെ ആട്ടി ഓടിച്ചു എന്നു്. കോൺഗ്രസ്സിലെ ഒരു മന്ത്രി അദ്ദേഹം പറയുന്ന ആളിനോടു ൩൦൦ രൂപ വാങ്ങിച്ചു എന്നുള്ളതു് ഈ സഭയിൽ പ്രസ്താവിക്കത്തക്ക ഒരു വസ്തുതയാണെങ്കിൽ അതു തെളിയിക്കാൻ ഞാനാവശ്യപ്പെടുന്നു.

ശ്രീ. കെ. ജെ. താമസ്: തെളിയിക്കാൻ തയ്യാറാണു്.

ശ്രീ. കെ. എം. ചാണ്ടി: കോൺഗ്രസ്സിനു് വളരെ കാലമായി പ്രോൽസാഹനം കൊടുക്കുന്ന ഒരാളെന്ന നിലയിലും, ആത്മാഭിമാനത്തോടുകൂടി പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിലും അതു തെളിയിക്കാൻ ഞാനാഗ്രഹിക്കുന്നു. കോൺഗ്രസ്സിൽപെട്ട എല്ലാവരും അതു കാണാൻ ആഗ്രഹിക്കുന്നുവെന്നുള്ള വിവരം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

വളരെ മൃദുലമായ ഭാഷയിൽ അദ്ദേഹത്തിൻെറ പാർട്ടിപോലും തെററാണെന്നു പ്രഖ്യാപനം ചെയ്തു രണദേവു് പരിപാടി സാധൂകരിക്കാനായി ഭരണിക്കാവു മെംബർ ചെയ്ത പ്രസംഗമാണു് എൻെറ ശ്രദ്ധയെ അടുത്തതായി ആകർഷിച്ചതു്.

മൃദുലമായ ഭാഷയിൽ അദ്ദേഹം അദ്ദേഹത്തിൻെറ കക്ഷിയിൽനിന്നും ഒന്നോ രണ്ടോ അക്രമങ്ങൾ ഉണ്ടായിരിക്കാം എന്നു പറഞ്ഞു. അതോടുകൂടി തന്നെ അദ്ദേഹം കോൺഗ്രസ്സിനെ വെല്ലുവിളിച്ചു ഒരു നിഷ്പക്ഷകമ്മിററിയെ വച്ചു് ഇതേക്കുറിച്ചൊരന്വേഷണം നടത്തുമോ എന്നും അക്രമം ആരുടെ ഭാഗത്തുനിന്നാണു കൂടുതൽ നടത്തിയിട്ടുള്ളതെന്നു അവർ തീരുമാനിക്കട്ടെ എന്നും. അതേക്കുറിച്ചെനിക്കു പറയാനുള്ള മറുപടി കോൺഗ്രസ്സിൻെറ എല്ലാ സംരംഭങ്ങൾക്കും ആദ്യകാലംമുതൽ കൂട്ടുനിന്നു് അതിൻെറ അടിയൊഴുക്കുകൾ എല്ലാം അറിയാവുന്ന ശ്രീ. ഭരണിക്കാവുമെംബർക്കു തന്നെ അറിയാവുന്നതാണു് ഇവിടത്തെ കോൺഗ്രസ്സിൽനിന്നും ഏതെങ്കിലും അക്രമങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നു്. കോൺഗ്രസ്സിൻെറ ആദ്യകാലംമുതൽ കോൺഗ്രസ്സുമായി ഇടപെട്ടുകഴിഞ്ഞിരുന്ന ഈ ഭരണിക്കാവുമെംബറെപ്പോലുള്ളവർ മൂവായിരമോ നാലായിരമോ മൈൽ അകലെയുള്ള ഒരു നേതൃത്വത്തിനു വിധേയമായി കോൺഗ്രസ്സിനുള്ളിൽനിന്നുകൊണ്ടു്—

ശ്രീ. എൻ. രാഘവക്കുറുപ്പു്: മൂന്നുനാലായിരം മൈലുകലെയുള്ള സ്ഥലം വത്തിക്കാനാണോ ?

ശ്രീ. കെ. എം. ചാണ്ടി : അതിനും രണ്ടായിരം മൈലുകലേയാണു്. ആ സ്ഥലത്തിൻെറ പേർ മാസ്കോ എന്നാണു്.

അങ്ങനെ കോൺഗ്രസ്സ് അണികളിൽനിന്നുകൊണ്ടു് കോൺഗ്രസ്സിൻെറ പേരിൽ അക്രമം കാണിച്ചുവരവെ ൧൯൪൭ ആഗസ്റ്റുമാസത്തിൽ

ബ്രിട്ടീഷുസാമ്രാജ്യത്വത്തിനെതിരായുള്ള സ്വാതന്ത്ര്യസമരകാലത്തു് ബ്രിട്ടീഷ്സക്കാരിന്റെ അനുകൂലികളായി ജനകീയയുദ്ധത്തിന്റെ പേരിൽ പുറത്തുപോയി ദേശാഭിമാനികളെ പിൻപിൽനിന്നു് കുത്തിയിട്ടുള്ള എന്റെ ഭരണിക്കാവു മെമ്പറെപ്പോലെയുള്ളവർ കാൺഗ്രസ്സ് അക്രമം പ്രവൎത്തിച്ചു എന്നു പറയുന്നതിനു് വലിയ അൎത്ഥമില്ല.

അദ്ദേഹം വളരെ മൃദുലമായ ഭാഷയിൽ പറയുകയുണ്ടായി ഒരു പോലീസുകാരനെ കൊന്നിട്ടുണ്ടെന്നു്. എന്നാൽ ഞാൻ അദ്ദേഹത്തോടൊന്നു ചോദിച്ചുകൊള്ളട്ടെ അദ്ദേഹം ഈ ശൂരനാട്ടും, എടപ്പള്ളിയിലും, അന്തിക്കാട്ടും, പരിയാരത്തും നടന്നിട്ടുള്ള സംഭവങ്ങൾ വളരെ നിസ്സാരമാക്കിതള്ളിയതെന്തുകൊണ്ടാണെന്നു്. കൂത്താട്ടുകുളത്തു് ഒരു സംഭവമുണ്ടായതായി അദ്ദേഹം എടുത്തുപറഞ്ഞു. ഞാൻ പ്രതിപക്ഷത്തുനിന്നും പോലീസിന്റെ അക്രമങ്ങളെപ്പററി പറഞ്ഞതിനെ നിഷേധിക്കുന്നില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : വല്ലിയ ഒറിജിനാലിററിയൊന്നും ഇതിൽ കാണുന്നില്ലല്ലോ, സർ.

Mr. Speaker : Originality cannot be injected.

Shri K. M. Chandy : I am calling the attention of the House to the fact that the point of order has no originality.

Mr. Speaker: The hon. Member will please go on.

ശ്രീ. കെ. എം. ചാണ്ടി : നിസ്സാരമായി മൃദുലഭാഷയിൽ അദ്ദേഹം പറഞ്ഞതൊക്കെ ഞാൻ ചൂണ്ടിക്കാണിക്കുകയായിരുന്നു. കാൺഗ്രസ്സ്ഭരണം വന്നതിനുശേഷം ലാക്കപ്പുകളിൽ കൂടുതൽ മരണം ഉണ്ടാകുന്നതായി ഇവിടെ പ്രസ്താവിക്കുന്നതുകേട്ടു. ഇതു വെറും പ്രചരണംമാത്രമാണു് എന്നു ഞാൻ പറയുന്നു. കാൺഗ്രസ്സു അണികളിൽനിന്നും പുറത്തുപോയിട്ടുള്ളവരും കാൺഗ്രസ്സ് അല്ലാത്തവരും അക്രമപരിപാടികൾ നിറുത്തിവയ്ക്കുകയാണെങ്കിൽ ഈ രാജ്യത്തെ ഗവണ്മെൻറിനു് സമാധാനപരമായി ഭരണം നടത്തുന്നതിനു സാധിക്കും. പോലീസിനെ നിയന്ത്രണാധീനരാക്കുന്നതിനും സാധിക്കും. അതുകൊണ്ടു് ഈ നാട്ടിലെ ഗവണ്മെൻറിനു അവരെ നിയന്ത്രിക്കാൻ കഴിവില്ലാത്തവിധം ഒരു സാഹചര്യം സൃഷ്ടിക്കരുതേ എന്നാണു് എനിക്കു് അദ്ദേഹത്തോടു പറയാനുള്ളതു്. മോഷണം ധാരാളം ഉണ്ടെങ്കിൽ കടിക്കുന്ന നായേ വളർത്തേണ്ട ആവശ്യമുണ്ടു്. അപ്പോൾ മോഷ്ടിച്ചാൽ അവനേയും നായ് കടിക്കും. മോഷണം തൊഴിലാക്കിയിട്ടുള്ള ഒരു കൂട്ടർ കടിക്കുന്ന നായെ വളർത്തരുതേ എന്നു പ്രക്ഷോഭണം നടത്തുന്നതുപോലെയാണു് ഈ പ്രസംഗങ്ങൾ കേൾക്കുമ്പോൾ തോന്നിപ്പോകുന്നതു്. ഏതുപ്രകാരത്തിലെങ്കിലും കൈവശപ്പെടുത്തണമെന്നുള്ള വിചാരത്തോടുകൂടി കൊലയും കൊള്ളിവെയ്പുമായി ഒരു കക്ഷി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ പോലീസിന്റെ ഭാഗത്തുനിന്നും വല്ല അക്രമങ്ങളുമുണ്ടായി എന്നു വന്നേയ്ക്കാം. അതു കടിക്കുന്ന പട്ടിയെ വളത്തുന്നതുപോലെയാണു് അതു ചിലപ്പോൾ മോഷ്ടാക്കളേയും ചിലപ്പോൾ അല്ലാത്തുള്ളവരേയും കടിച്ചു എന്നു വന്നേയ്ക്കാം. പക്ഷെ കടിക്കുന്ന പട്ടി വളരാനുള്ള സാഹചര്യങ്ങൾ ഇല്ലാതെയാക്കുക. പ്രതിപക്ഷത്തിലുള്ള എന്റെ സ്നേഹിതന്മാർക്കു് ഈ ഗവണ്മെൻറ് ഏറെറടുത്തു ഭരിക്കണമെന്നുണ്ടെങ്കിൽ അവർ ഒരു തിരഞ്ഞെടുപ്പുമൂലം അധികാരത്തിൽ പ്രവേശിക്കാനുള്ള വ്യവസ്ഥാപിതപരിപാടികൾ കൈക്കൊള്ളുവാൻ ഒരുക്കമാണോ? സമാധാനം പാലിക്കുവാൻ

[ശ്രീ. കെ. എം. ചാണ്ടി]

ഈ ഗവണ്മെൻറുമായി സഹകരിക്കാൻ നിങ്ങൾക്ക് തയാറുണ്ടെങ്കിൽ ഈ പോലീസിൻെറ അക്രമങ്ങളും—എക്സസ് വളരെവേഗം നിറുത്താൻ സാധിക്കും. അതിനവർ തയ്യാറുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്.

[4 P. M.]

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): സർ, പൊതുഭരണത്തെപ്പററിയുള്ള ധനാഭ്യർത്ഥനയിൽ ഗവണ്മെൻറിൻെറ പൊതുവേയുള്ള നയപരിപാടികളെപ്പററി ഇവിടെ വളരെ സംസാരിക്കയുണ്ടായി എല്ലാവരും ഉന്നയിച്ച കാര്യങ്ങളെപ്പററി എനിക്കു മറുപടിപറയാൻ സമയമില്ല. ഏതാനും പ്രധാനപ്പെട്ട സംഗതികളെപ്പററി സംസാരിക്കണമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്.

ആദ്യമായി ഒരു ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചതു ശ്രീ. ഈ. പി. വർഗീസാണു്. ഗവണ്മെൻറിൻെറ ഹാസ്പിററാലിററി ഓർഗനൈസേഷൻവകുപ്പിൽ കേററിംഗ് ആൻറ് അദർ ചാർജ്ജസ് എന്ന ഇനത്തിൽ ൫൫൦൦൦ രൂപ ചേർത്തിരിക്കുന്നതു വളരെ കൂടുതലാണെന്നും അതു ൩൦൦൦൦ രൂപയായി കുറവുചെയ്യണമെന്നും പറയുകയുണ്ടായി. അദ്ദേഹ ഈ അഭിപ്രായം പറഞ്ഞതിൽനിന്നും എനിക്കു തോന്നുന്നതു് ഇത്രയുംരൂപ ചെലവാക്കുന്നതിനു് ഗവണ്മെൻറു യാതൊരു കണക്കും സൂക്ഷിക്കാതെ ചെലവാക്കുകയാണെന്നു് അദ്ദേഹത്തിനഭിപ്രായമുണ്ടെന്നാണു്. ഗവണ്മെൻറു ചെലവാക്കുന്ന എല്ലാ തുകകൾക്കും കണക്കുകൾ സൂക്ഷിക്കുന്നുണ്ടു്. അതിനപുറമെ ആ കണക്കുകൾ എല്ലാംതന്നെ ആഡിററുചെയ്യുകയും ഈ സഭയിൽ അവതരിപ്പിക്കുകയും ചെയ്യുന്നതാണു്. അതിലേക്കു് തെററിദ്ധാരണയുണ്ടാകാതിരിക്കുന്നതിലേയ്ക്കായി അദ്ദേഹം ആവശ്യപ്പെട്ടതുപോലെ തന്നെ ഈ കഴിഞ്ഞ നാലോ അഞ്ചോ കൊല്ലത്തെ കണക്കുകൂടി ഞാൻ വായിക്കാം.

൧൧൨൦-ൽ കേററിംഗിനായി ൧,൩൫,൮൩൫ രൂപയാണു് ചെലവായതു്.

൧൧൨൧-ൽ	൧,൫൭,൮൯൧
൧൧൨൨-ൽ	൧,൮൪,൧൩൦
൧൧൨൩-ൽ	൧,൩൪,൦൪൩
൧൧൨൪-ൽ	൧,൪൬,൫[illegible]൭
൧൯൪൯-൫൦-ൽ	൨൬,൮൮൦ (ഏഴരമാസത്തേക്കു്)
൧൯൫൦-൫൧-ൽ	൪൩,൧൫൫

൧൯൫൧-൫൨ (കഴിഞ്ഞവർഷത്തിൽ) ൩൫,൫൪൪ രൂപയുമാണു് ഈ ഇനത്തിൽ ചെലവായിട്ടുള്ളതു്.

ഇതുസംബന്ധിച്ചുള്ള പരിപൂർണ്ണമായ വിവരങ്ങളും ആഡിററ് റിപ്പോർട്ടിൽനിന്നും കിട്ടാവുന്നതാണു്. ഈ വർഷത്തേക്കു് ഈ ഡിപ്പാർട്ടുമെൻറിലേക്കു് ൫൫൦൦൦ രൂപാ നീക്കിവെച്ചിട്ടുണ്ടു്. എന്നാൽ ഏററവും ആവശ്യമായിട്ടുള്ള തുകമാത്രമേ അതിൽനിന്നും ചെലവാക്കിയിട്ടുള്ളു. അന്യനാടുകളിൽനിന്നും വരുന്ന ആളുകളെ എല്ലാവരേയും അതിഥികളായി ഗണിക്കുകയെന്നുള്ള പതിവു നിറുത്തിവച്ചിരിക്കുക

യാണ്. ഇപ്പോൾ വരുന്ന അതിഥികളെ പേയിംഗ് ഗസ്റ്റ്സ് ആയി കരുതിവരികയാണ്. അവരിൽനിന്നും ലഭിക്കുന്നതായ പണം വരവിനമായി ചേർത്തിരിക്കയാണ്. ഇതിൽ പരിഭ്രമിക്കേണ്ടതായ യാതൊരാവശ്യവുമില്ലെന്ന് അദ്ദേഹത്തേയും ഈ സഭയേയും അറിയിച്ചുകൊള്ളുന്നു.

അടുത്തതായി ട്രാവലേഴ്സ് ബ്യൂറോയുമായുള്ള എഗ്രിമെൻറ് ഇതുവരെ ശരിയായിട്ടില്ല എന്നു പറയുന്നത് തെററാണ്. രണ്ടു കെട്ടിടങ്ങൾ ട്രാവലേഴ്സ് ബ്യൂറോയുടെ പേരിൽ വിട്ടുകൊടുത്തിട്ടുണ്ട്. അതിലേയ്ക്കൊരു കമ്പനിയുണ്ട്. ആ കമ്പനിയിൽനിന്ന് ഈ കെട്ടിടങ്ങളുടെ വാടക അഡ്വാൻസായി മൂന്നു മാസത്തേയ്ക്കു വാങ്ങിയിട്ടുണ്ട്. ബാക്കിയും തന്നുകൊണ്ടിരിക്കുകയാണ്.

Shri P. S. Nataraja Pillai: Is not arrears of rent due from that company to the Government now ?

ശ്രീ. എ. ജെ. ജാൺ: അതാണ് ഞാൻ പറഞ്ഞത്. വാടക നടന്നുകൊണ്ടിരിക്കയാണെന്ന്. വിദേശത്തുനിന്നും വരുന്ന ടൂറിസ്ററുകളും പൊതുജനങ്ങളും ഈ ട്രാവലേഴ്സ് ബ്യൂറോയെപ്പററി അതൃപ്തി പ്രകടിപ്പിക്കുന്നപക്ഷം അതെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നതാണെന്ന് ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

പിന്നീട് ഇൻറിഗ്രേഷനെപ്പററിയാണ് ഇവിടെ പല ആളുകളും സംസാരിച്ചത്. അതെപ്പററി പിന്നീട് സംസാരിക്കാം.

അടുത്തതായി മി. പോററി പറയുകയുണ്ടായി, ഇവിടത്തെ സൈഫർ ബ്യൂറോയിൽ എൻെറ സ്വന്തക്കാരെ നിയമിച്ചു എന്ന്. പക്ഷെ എൻെറ സ്വന്തക്കാരായി ആരേയും അപ്രകാരം നിയമിച്ചിട്ടില്ല. എന്നാൽ സൈഫർബ്യൂറോയിൽ എനിക്കു പരിപൂർണ്ണമായ വിശ്വാസമുള്ളവരെമാത്രമേ നിയമിക്കയുള്ളു. ഇൻഡ്യാഗവണ്മെൻറിൽനിന്നും ടാപ്സീക്രററായി പല എഴുത്തുകളും ഇവിടെ വരും. അതിനെ പരിഭാഷപ്പെടുത്തുന്നതിനുവേണ്ടിയാണ് സൈഫർ ബ്യൂറോ ഉണ്ടാക്കിയിട്ടുള്ളതും അതിലേയ്ക്കു വിശ്വാസമുള്ളവരെ നിയമിച്ചിട്ടുള്ളതും. അവരുടെ അടുക്കൽനിന്നും എന്തെങ്കിലും സംഗതികൾ കൈവശപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെന്നും ആ ശ്രമം ഫലിക്കാത്തതുകൊണ്ട് ഇതുപോലുള്ള അപഖ്യാതികൾ ഉണ്ടായിട്ടുള്ളതാണെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

അടുത്തതായി ടെംപററി സ്ററാഫിനെ പെർമനൻറാക്കണമെന്നു പറയുകയുണ്ടായി. അതേക്കുറിച്ചെനിക്കു പറയുവാനുള്ളത് ഇൻറിഗ്രേഷൻ കഴിയുന്നതുവരെ ബാക്കിയുള്ള സ്ററാഫിനെ തുടരാൻ അനുവദിക്കുകയും ഇൻറിഗ്രേഷൻ കഴിഞ്ഞു റീ ആർഗനൈസേഷൻ അനുസരിച്ചുള്ള സ്ററാഫിനെ സ്ഥിരപ്പെടുത്തുകയും ബാക്കിയുള്ളവരെ പിരിച്ചുയയ്ക്കുകയും പിന്നീടു വേക്കൻസിയുണ്ടാകുമ്പോൾ അവരെത്തന്നെ നിയമിക്കുന്നതിനുമാണ് ഗവണ്മെൻറുദ്ദേശിക്കുന്നത്. ഇപ്പോൾ അങ്ങനെ വളരെ കൂടുതലായിട്ടുള്ള ആളുകളെ പിരിച്ചുയയ്ക്കുന്നതിനും ഈ മെംബർമാർതന്നെ സമ്മതിക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾ ഗവണ്മെൻറിൻെറ കൈവശമുള്ള ഒരു കണക്കനുസരിച്ച് എൻ. ജി. ഓ മാരുടെ എണ്ണം വൺ.000 ഉണ്ടെന്നാണറിയുന്നത്. അങ്ങിനെ ഇവിടെയുള്ള എൻ. ജി. ഓ.മാർക്കു നൂറു രൂപവീതം ശമ്പളം കൊടുക്കണമെന്നുണ്ടെങ്കിൽ പത്തോ ഇരുപതോ കോടി രൂപ വേണ്ടിവരും. അതിന് ഈ ഗവണ്മെൻറിൻെറ സകല

[ശ്രീ. എ. ജെ. ജാൺ]

വരവിനങ്ങളും എടുത്താൽത്തന്നെ കൊടുക്കാൻ സാധിക്കുന്നതല്ല. ഇതിവിടെ പ്രസ്താവിക്കുമ്പോൾ അതിൻെറ ഉത്തരവാദിത്വത്തെപ്പററി ഇവിടെ പ്രസ്താവിച്ച എൻ. ജി. ഓ.മാരുടെ അനുഭാവികൾ ചിന്തിക്കുന്നില്ല എന്നു കാണാൻ കഴിയും. അതേപ്പററി ഗവണ്മെൻറിനു ഒന്നും പ്രഖ്യാപിക്കാൻ സാദ്ധ്യമല്ല എന്നു വളരെ വ്യക്തമായ ഭാഷയിൽ ഞാൻ അറിയിച്ചുകൊള്ളുന്നു.

പിന്നീടു ചേർത്തലയിൽ ദുരിതനിവാരണത്തിനുവേണ്ടിയുള്ള പ്രവൎത്തനങ്ങളെപ്പററി ഒരു മെംബർ പരാതി പറയുകയുണ്ടായി. ചേർത്തല ദുരിതനിവാരണത്തിനായി ഈ ഗവണ്മെൻറിൻെറ സാമ്പത്തികകഴിവനുസരിച്ച് കഴിവുള്ള എല്ലാ നിവാരണമാൎഗ്ഗങ്ങളും ഉടനെ നടത്തണമെന്നാണ് ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്. അതിലേക്കാവശ്യമായിട്ടുള്ള പദ്ധതികളും വർക്കസും ഗവണ്മെൻറ് ഏകദേശം തീരുമാനിച്ചിട്ടുണ്ട്. അതിൻെറ എസ്റ്റിമേററ് മുതലായവ വളരെ വേഗത്തിൽ തയാറാക്കുന്നതിനു് ചീഫ് എൻജിനീയർക്കും എക്സിക്യൂട്ടീവ് എൻജിനീയർക്കും എഴുതിയിരിക്കുകയാണ്. അതിനുശേഷം അതു സെൻട്രൽഗവണ്മെൻറിൻെറ ആലോചനയ്ക്കു വിഷയമാക്കുകയും അവരുടെ സഹകരണത്തിനും ധനസഹായത്തിനും ആവശ്യപ്പെടുകയും ചെയ്യണമെന്നാണ് ഈ ഗവണ്മെൻറ് ആഗ്രഹിക്കുന്നതു്. ഈ വക്കുകളെല്ലാംതന്നെ ഉടൻ നടത്തുന്നതിനു് ഈ ഗവണ്മെൻറിൻെറ ധനസ്ഥിതി അനുവദിക്കുന്നതല്ലെന്നു ഈ സഭയിലുള്ള എല്ലാവൎക്കും അറിയാവുന്നതാണ്. ആ സംഗതിയിൽ വേണ്ട സത്വരമായ നടപടികൾ എടുക്കുന്നതാണെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. താമസ്സ്: ഏതെല്ലാം റിലീഫ് വക്കുകളാണ് എടുക്കേണ്ടതെന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അന്വേഷിച്ചിട്ടുണ്ട്. ശ്രീ. ടി. വി. താമസ്സിനോടുംമററും ദുരിതനിവാരണനടപടികളെപ്പററി ആലോചിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. താമസ്സ്: എന്നോടു ഇതിനെപ്പററി ചോദിച്ചിട്ടില്ലായെന്നു് പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ആലപ്പുഴ ടി. ബി.യിൽവച്ച് ഇതിനെക്കുറിച്ച് ശ്രീ. ടി. വി. താമസ്സിനോട് സംസാരിച്ചിട്ടുണ്ടെന്നു് പ്രസ്താവിക്കുവാനും ഞാനാഗ്രഹിക്കുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തെപ്പററി ചില ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഗ്രന്ഥശാലകളിൽ ചില പ്രത്യേക പുസ്തകങ്ങൾ വാങ്ങിക്കുവാൻപാടില്ലെന്നു് മുഖ്യമന്ത്രി ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതായി പ്രസ്താവിച്ചു. ഈ ഗവണ്മെൻറിനു് ചില കൺസ്പഷ്ടമായ പരിപാടികളുണ്ട്. പൊതുജനങ്ങളുടെ പണംകൊണ്ട് ഈ ഗവണ്മെൻറിനെ തകിടംമറിക്കാമെന്നു് മെംബറന്മാൎക്ക് വിചാരം ഉണ്ടെങ്കിൽ അതു് നടക്കാൻപോകുന്നില്ലായെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെയുള്ള സംരംഭത്തെ വളരെ ശക്തിയോടുകൂടി ഈ ഗവണ്മെൻറ് ചെറുക്കുകതന്നെ ചെയ്യും.

ശ്രീ. ടി. വി. തോമസ്സ്: കമ്മ്യൂണിസം പഠിച്ചാൽ ഗവണ്മെൻറ് തകിടം മറിഞ്ഞുപോകുമെന്നാണോ?

ശ്രീ. എ. ജെ. ജാൺ: കമ്മ്യൂണിസം പഠിക്കുന്നതുകൊണ്ട് പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ട്.

ശ്രീ. കെ. ജെ. തോമസ്സ്: ഇങ്ങനെ കമ്മ്യൂണിസത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ വാങ്ങിക്കുന്ന ഗ്രന്ഥശാലകൾക്ക് ഗ്രാൻറ കൊടുക്കുകയില്ലേ?

ശ്രീ. എ. ജെ. ജാൺ: കമ്മ്യൂണിസ്റ്റ് പ്രചരണത്തിന് ഉപയോഗമുള്ള പുസ്തകങ്ങൾ വാങ്ങുന്നതിന് ഒരു പൈപോലും കൊടുക്കുകയില്ല ഈ കാര്യങ്ങളിൽ ഗവണ്മെൻറിനു ഒരു നിയന്ത്രണം ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണ്. അതിനെപ്പററി സംശയിക്കേണ്ട യാതൊരു ആവശ്യവുമില്ല.

പിന്നീട് ഇവിടെ പ്രസ്താവിച്ച വേറൊരുകാര്യം പുന്നപ്ര, വയലാർ കേസിലെ പ്രതികളെ വിടണമെന്നാണ്. ആ പ്രതികൾ രാജ്യത്തിനു വേണ്ടി യുദ്ധം ചെയ്തിട്ടുള്ളവരാണ്; അതുകൊണ്ട് അവരെ വിടണമെന്നാണ് പറയുന്നതു്. എന്നാൽ കോടതിയിലുണ്ടായ വിധി അങ്ങനെയല്ല. ആ വിധിയുടെ താൽപര്യം അനുസരിച്ച് അവർ ശിക്ഷയനുഭവിക്കുകയാണ്. ശിക്ഷ കാലാവധി കഴിഞ്ഞാൽ അവരെ വെളിയിൽ വിടുന്നതാണ്.

ശ്രീ. ടി. വി. തോമസ്സ്: കാലാവധി കഴിഞ്ഞാൽ അവരെ വെറുതെവിടുമോ?

ശ്രീ. എ. ജെ. ജാൺ: വിടാതിരിക്കുവാൻ നിവൃത്തിയില്ല. വേറൊന്നു്, ഈ സഭയിലെ രണ്ടു അംഗങ്ങൾ ജയിലിൽ കിടപ്പുണ്ടെന്നും അവർക്ക് ഈ സഭയിൽ ഹാജരാകുവാൻ അനുവാദം നൽകേണ്ടതാണെന്നും ആണ്. ഈ സഭയിൽതന്നെ ഇതിനെക്കുറിച്ച് പ്രസംഗപരമ്പരകൾ ഉണ്ടായിട്ടുണ്ട്. അവരെയും ശിക്ഷാകാലാവധികഴിഞ്ഞാൽ വിടുന്നതാണ്. പിന്നീട് ഈ പ്രതികൾ കുററം ചെയ്യാതിരിക്കുകയാണെങ്കിൽ അവർക്ക് പരിപൂർണ്ണസ്വാതന്ത്ര്യം ലഭിക്കുന്നതാണ്.

വേറൊന്ന് ഇവിടെ പ്രസ്താവിച്ചതു് പബ്ലിക്ക്സർവീസ് കമ്മീഷൻെറ ശുപാർശ ഈ ഗവണ്മെൻറ് സ്വീകരിക്കാതിരിക്കുന്നുവെന്നും സർവീസ്കമ്മീഷനോടു ആലോചിക്കാതെതന്നെ കമ്മ്യൂണിററിപ്രോജക്ടിലേക്ക് നിയമനം നടത്തിയെന്നും പറയുകയുണ്ടായി. ആദ്യം പറഞ്ഞ പ്രസ്താവനയെ ഞാൻ നിഷേധിക്കുന്നു. അവരുടെ ശുപാർശയെ സാധാരണ നിരാകരിച്ചിട്ടില്ല. എന്നാൽ അപൂർവ്വം ചില സംഗതികളിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്നു് തോന്നുന്ന അവസരങ്ങളിൽ അതു് അവർക്കുതന്നെ തിരിച്ച് അയയ്ക്കും. പിന്നീട് അവരുടെ മറുപടിയനുസരിച്ച് കാര്യങ്ങൾ നടത്തുമെന്നേയുള്ളു. കമ്മ്യൂണിററിപ്രോജക്ടിനെ സംബന്ധിച്ചാണെങ്കിൽ അതിനെപ്പററി ഇവിടെ ചർച്ചചെയ്യണമെന്നു് ആരും ആവശ്യപ്പെട്ടിട്ടില്ല.

Shri P. S. Nataraja Pillai: I had tabled a motion on that.

ശ്രീ. എ. ജെ. ജാൺ : അതു് അപ്പോൾ പറയാം. ഇതു് തിരുവിതാംകൂർ-കൊച്ചിക്കു് മാത്രമായിട്ടുള്ള ഒരു സ്ഥാപനമല്ല. ഇൻഡ്യമുഴവനും സ്ഥാപിച്ചിട്ടുള്ള ഒന്നാണു്. പ്ലാനിംഗ് കമ്മീഷനെയും, കമ്മ്യൂണിററി പ്രോജക്ടിനെയും സംബന്ധിച്ചുള്ള കാര്യങ്ങൾ ഇന്നയിന്നവിധം നടത്തണമെന്നു് ഇൻഡ്യാഗവണ്മെൻറു് ക്ലിപ്തമായ ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. ഇതിൻെറ ജോലി ജൂലൈ ൩൧-ാം ൹-ക്കു മുൻപു് തീക്കാനുള്ളതുകൊണ്ടു്, അതായതു് ഏതെല്ലാം പദ്ധതികളാണു് ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നുള്ളതിനു ക്ലിപ്തമായ വിവരങ്ങൾ ജൂലൈ ൩൧-ാം൹-ക്കകം അവരെ അറിയിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു് സമയമില്ലാത്തതുകൊണ്ടു് ശരിയായ യോഗ്യതയുള്ള കുറെ ആളുകളെ ഈ പ്രോജക്ടിനായി നിയമിച്ചു. അവരുടെ പരീക്ഷായോഗ്യതയെപ്പററിയോ, സാമത്ഥ്യത്തെപ്പററിയോ ചോദ്യം ഉണ്ടാകാൻ തരമില്ല. അങ്ങിനെ നിയമനം നടത്തുന്നതിനു് ഭരണഘടനയിൽതന്നെ വ്യവസ്ഥയുണ്ടെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

പിന്നീടു ഇവിടെ സെൻട്രൽ സബ്ജക്ററ്സിൽപ്പെടുത്തിയ ഉദ്യോഗസ്ഥന്മാക്കു് സെൻട്രൽ ഗവണ്മെൻറിൻെറ ശമ്പളവും അലവൻസും കൊടുക്കുന്നില്ലായെന്നു് പറഞ്ഞു. അതു് അത്ര ശരിയല്ല. ഈ ഗവണ്മെൻറു് പല പ്രാവശ്യവും ഈ കാര്യങ്ങളെ സംബന്ധിച്ചു് ഇൻഡ്യാ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. അവയെല്ലാംതന്നെ സാധിച്ചുവെന്നു പറയുവാൻ നിവൃത്തിയില്ലെങ്കിലും കുറെയെല്ലാം സാധിച്ചുവെന്നു് പറയുവാൻ എനിക്കു് കഴിയും. അഞ്ചൽ ഡിപ്പാർട്ടുമെൻറു് അതായതു് ഇപ്പോഴത്തെ പോസ്റ്റൽ ഡിപ്പാർട്ടുമെൻറിനു് സെൻട്രൽ ഗവണ്മെൻറിൻെറ പേകമ്മീഷൻ അനുവദിച്ചിട്ടുള്ള ശമ്പളം നൽകാമെന്നു് തീരുമാനമുണ്ടായിട്ടുണ്ടു്. ഇങ്ങനെ മററു പല ഡിപ്പാർട്ടുമെൻറുകളെക്കുറിച്ചും തീരുമാനം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. ഇതിനെപ്പററി ഒരു ഡിബേററു് നടത്തണമെന്നു് വരികിൽ യാതൊരു വിരോധവും ഇല്ല. അതു് ഗവണ്മെൻറു് സ്വാഗതം ചെയ്യും. ഏതെങ്കിലും ഒരു ദിവസം അതിനായി ക്ലിപ്തപ്പെടുത്തിയിട്ടു് ചർച്ചചെയ്യാമെന്നാണു്.

അടുത്തതായി പറഞ്ഞതു് സവ്വീസ് സംയോജനത്തെ സംബന്ധിച്ചാണു്. അതിനെക്കുറിച്ചാണു് അധികം മെമ്പറന്മാരും സംസാരിച്ചതു്. രണ്ടു രാജ്യങ്ങളും തമ്മിൽ സംയോജിപ്പിച്ചു കഴിഞ്ഞിട്ടു് ഇപ്പോൾ ൩ വഷം കഴിഞ്ഞു. ഇതുവരെയും സവ്വീസു് സംയോജനം നടപ്പിൽ വന്നിട്ടില്ല, എന്നു പറയുന്നതു് ശരിതന്നെയാണു്. അതൊരു കുററമാണെങ്കിൽ ഗവണ്മെൻറു് അതു ഏൽക്കാൻ തയാറാണു്. എന്നാൽ ശ്രീമാൻ നടരാജപിള്ളയുടെ പ്രസംഗത്തിൽ നിന്നുതന്നെ അതിനുള്ള പ്രയാസങ്ങൾ എന്തെല്ലാമാണെന്നു് സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാർക്കു് എല്ലാവക്കും മനസ്സിലാക്കാൻ സാധിക്കാവുന്നതാണു്. ൧൯൫൦-ൽ ഗവണ്മെൻറു് ഇതിനെ സംബന്ധിച്ചു് ഒരു പ്രൊസീഡിംഗ്സ് പാസ്സാക്കി. അതു് പാസ്സാക്കി കഴിഞ്ഞതിനുശേഷം തിരുവിതാംകൂർ വിഭാഗത്തിലുള്ള പല ആളുകളും അവക്കു് അതു് വളരെ ദോഷകരമാണെന്നു പറഞ്ഞു. അതുകൊണ്ടു് ഈ ഗവണ്മെൻറു് എല്ലാ സംഗതികളും സൂക്ഷ്മമായി അന്വേഷണം നടത്താൻ ഇൻഡ്യാഗവണ്മെൻറിൽ നിന്നും ഒരുദ്യോഗസ്ഥനെ അയക്കണമെന്നു് ഇൻഡ്യാഗവണ്മെൻറിലേക്കു് എഴുതുകയും അതനുസരിച്ചു്

ഇൻഡ്യാഗവൺമെന്റിൽ നിന്നും ഉദ്യോഗസ്ഥനെ അയയ്ക്കുകയും ചെയ്തു. അതിനുശേഷം ഇൻഡ്യാഗവൺമെന്റിൽ നിന്നും ഇതിനെ സംബന്ധിച്ച് ഒരു ലെററർ വന്നിട്ടുണ്ട്. പിന്നീടും അതു് തിരുവിതാംകൂർ വിഭാഗത്തിലുള്ള വളരെ ആളുകൾക്ക് ദോഷം ഉണ്ടാകുമെന്നും കൊച്ചീവിഭാഗത്തിലെ ചിലരെ അതു സാരമായി ബാധിക്കുമെന്നും ഇവരെല്ലാവരും ആവലാധിപ്പെടുകയുണ്ടായി. പിന്നെയും കാര്യം കുഴപ്പത്തിലായി. മൂന്നാമതു് അതായതു് ൭൨ ഏപ്രിലിൽ ഗവൺമെന്റ് കുറേക്കൂടി കാര്യങ്ങൾ പരിശോധിച്ച് ഒരു പ്രൊസീഡിംഗ്സ് പാസ്സാക്കി. അതു് പറയത്തക്ക ദോഷം ഇരുകൂട്ടർക്കും ചെയ്യുകയില്ലെന്ന് വിചാരിക്കുകയാണ്. എന്നിട്ടും തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട ചില ആളുകൾക്കും കൊച്ചീവിഭാഗത്തിൽപ്പെട്ട ചിലർക്കും ഇതിനെ സംബന്ധിച്ച് എതിരായ അഭിപ്രായമുണ്ട്. ഗവൺമെന്റ് ഈ കാര്യത്തിൽ യാതൊന്നും ചെയ്തിട്ടില്ലായെന്നു പറയുന്നതു് ശരിയല്ല. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ സംയോജനം പൂർത്തിയാക്കി വച്ചിരിക്കുകയാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലും ഏകദേശം പൂർത്തിയായി. പിന്നെ മൂന്നു നാലു ഡിപ്പാർട്ടുമെന്റുകളിലെ കാര്യവും ശരിപ്പെടുത്തി പബ്ലിക്ക സർവീസ് കമ്മീഷന് അയച്ചുകൊടുത്തിരിക്കുകയാണ്. സെക്രട്ടറിയേററിലെ ഇന്റഗ്രേഷനും തയാറായി കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം, ഓരോ ഫയലും കയ്യിലെടുത്തുനോക്കുമ്പോൾ മാത്രമെ എത്ര പ്രയാസമുണ്ടാകുമെന്ന് മനസ്സിലാകുകയുള്ളൂ. ശ്രീമാൻ നടരാജപിള്ള പറഞ്ഞതുപോലെ തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള സ്കെയിലുകൾക്ക് വ്യത്യാസമുണ്ട്. ഒരേ സ്കെയിലുള്ള ആളുകൾക്ക തന്നെയും സർവീസിൽ വ്യത്യാസമുണ്ട്. ഇതു് സംയോജിപ്പിക്കുകയെന്നുള്ളതു് നിസ്സാരമായ ഒരു കാര്യമല്ല. ഇതുപോലെയുള്ള അനേകം സംഗതികൾ ഇതിനെ സംബന്ധിച്ച് തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഒരു ലിസ്റ്റ് പൂർത്തിയാക്കണമെന്ന് എൻ ൭൨-ലെ ജി. പി. യിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതിനെപ്പററി ഗവൺമെന്റ് കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടിരിക്കയാണ്. താമസിയാതെ തന്നെ ഒരവസാനതീരുമാനം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ വിചാരിക്കുന്നതു്. പല മെമ്പറന്മാരും പ്രസ്താവിക്കുകയുണ്ടായി, ഈ കാര്യം ഒരു കമ്മിററിക്ക വിട്ടുകൊടുക്കണമെന്ന്. അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഗവൺമെന്റിനുതന്നെ തൃപ്തികരമായ ഒരു തീരുമാനമെടുക്കുവാൻ സാധിക്കും എന്നാണ് വിശ്വസിക്കുന്നതു്. പിന്നീട് സെക്രട്ടറിയേററിലുള്ള കാലതാമസത്തെപ്പററി പറഞ്ഞു. ഇവിടെ ടോട്ടൻഹാം സിസ്റ്റം ആണ് നടപ്പിൽ വരുത്തിയിരിക്കുന്നതു്. അതു് മുഴുവൻ ആകാത്തതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നതു്. ഇൻഡ്യയിലെ എ സ്റ്റേററുകളിൽ എല്ലാം തന്നെ ടോട്ടൻഹാം സിസ്റ്റം നടപ്പിൽ വരുത്തിയിരിക്കുകയാണ്. ഇതു് പൂർണ്ണമായി പ്രയോഗത്തിൽ വരുമ്പോൾ നടപടികൾക്ക് കാലതാമസം ഉണ്ടാകുകയില്ല.

The cut motions moved by Shri E. P. Varghese, Shri P. S. Nataraja Pillai, Shri A. Thanu Pillai, and Shri Chengarappally P. Narayanan Potti were by leave withdrawn.

The question that the Government be granted a sum of Rs-14,99,500. under Demand IX-Heads of States, Ministers and Headquarters staff was put and carried.

The grant was made.

Discussion under Rule 26 re: Salt Manufacturers.

Mr. Speaker: We will now proceed to the next item in the agenda *i. e.,* the given notice of discussion under Rule 26, by the hon. Member Mr. P. S. Nataraja Pillai.

Shri P. S. Nataraja Pillai: Sir, in answer to my question No. 2 on 1st July regarding salt, the hon. Minister said that Melvarom salt due from the salt licensees for the last three years has not been taken delivery of as yet. This is a very important matter which affects the revenues of the State.

Sir, in this State, the salt industry was encouraged by Government for the last 100 years. Government granted lands for salt culture and realised from the licensees salt at the rate of 9 mds. per pan (one cent) on payment of kudivila (cost of production at the rate of 2 to 2½ annas per maund). I think 3 to 3½ lakhs of maunds have to be paid every year by the licensees. The State used to realise this quantity and used to derive Rs. 4½ to 5 lakhs every year as revenue from this sourse.

It is known, Sir, that in 1950 a part of this salt due to this Government was auctioned; but no steps were taken to realise the balance. The system in vogue was that Government Melvarom salt would be sold in auction even when in the custody of the licensees. The custom was well recognised and the licensees used to deliver the salt to the auction purchaser. But from 1950 the salt licensees thought it fit not to recognise this claim.

In 1951 auction was held; but it did not fructify. In 1952, auction was advertised in June; but no auction was held.

I understand the stand taken by the licensees is this. They say that they now hold licences for the manufacture of salt from the Centre and not from the State Government and as such, there is no liability to surrender or deliver the salt which this Government were realising as Melvarom from time immemorial.

It is true, Sir, the new Constitution came into force in January 1950. Under the Constitution by item 58 in List I, manufacture and supply of salt became a Central subject, and the right of controlling the manufacture and supply is with the Centre. But the Melvarom salt is not fee for license to manufacture or duty on salt. This Melvarom on salt pans or Pathies is varom or rent in kind of the land on which the salt culture is done. This is a recognisable and reasonable legal right this Government have and it is the duty of Government to demand and realise this salt at the agreed rates. Therefore, the contentions raised by the licensees are untenable and invalid. This Government should take steps to realise this salt as early as possible.

I am told, Sir, that the Government of India is of the view that salt manufacture should be encouraged and helped. That proposition is one we can well understand. But before giving that advice, the condition of the past and present salt industry should also be taken into consideration.

For the past 100 years this Government were giving all possible help and protection to salt industry. Government gave Government lands free for salt culture. They gave protection to this industry by fixing a maximum price for salt. That means, Sir, the consumer had to bear the burden to keep the salt industry going. By this industry this State became self-sufficient in salt and industry became prosperous and salt licensees made tons of money. Therefore, the fact that this State have up to this time rendered all possible help for this industry must be well recognised not only by our people but also by people who function from the Central Secretariat. Therefore, there is no necessity to have a soft corner for these salt licensees.

What I have to say is that Melvarom is rent on land. The right is a legal and perfectly valid one. Therefore, the Government should immediately take steps to evict them from the Government lands in their possession, if they do not immediately deliver the salt due to this State.

Sir, by this, the State would be getting a steady revenue of nearly 5 lakhs of rupees. On no condition should the Government surrender this right, and I hope Government will take serious notice of this fact.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

ശ്രീ. നടരാജപിള്ള പറഞ്ഞിട്ടുള്ള സംഗതികളെപ്പററി ഒരു മറുപടി പറയേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു. അദ്ദേഹം ഇവിടെ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളെസംബന്ധിച്ചും ഗവണ്മെൻറിനു് അഭിപ്രായവ്യത്യാസം ഉണ്ടെന്നു ഞാൻ പറയുന്നില്ല. ഉപ്പു് എന്നുള്ള ഇനത്തിൽനിന്നും നമുക്കു കിട്ടുവാനുള്ളസംഖ്യ എന്തെങ്കിലുംനഷ്ടപ്പെട്ടുമോ എന്നുള്ള യാതൊരു ഭയത്തിനും ഇവിടെ അവകാശമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

ഉപ്പിനെ സംബന്ധിച്ചിടത്തോളമുള്ള ഭരണാധികാരങ്ങളെല്ലാം സെൻട്രൽ ഗവണ്മെൻറു് ഏറെറടുക്കുകയുണ്ടായി. അതു ഇപ്പോഠം സെൻട്രൽ ഗവണ്മെൻറിൻെറ ഭരണത്തിൽ ചേർത്തിരിക്കയാണു്. സെൻട്രൽ ഗവണ്മെൻറു് ഏറെറടുത്തകാലത്തു് നമ്മുടെ രാജ്യത്തു് ഉപ്പിനെസംബന്ധിച്ചിടത്തോളം ഉണ്ടായിരുന്ന ലൈസൻസുകളും കരാറുകളുമെല്ലാം ആദരിക്കണമെന്നുള്ള വ്യവസ്ഥയോടുകൂടിയാണു് ഈ ഗവണ്മെൻറു് ഇൻഡ്യാഗവണ്മെൻറുമായി തീരുമാനം ചെയ്തിട്ടുള്ളതു്. അങ്ങനെ വിട്ടുകൊടുത്തകാലത്തു് ഈ ഗവണ്മെൻറിനു ലൈസൻസികളുടെ പക്കൽനിന്നും, ലൈസൻസിലെ വ്യവസ്ഥപ്രകാരം ൫,൨൨,൯൩൭ മണ്ടു് ഉപ്പാണു കിട്ടുവാനുണ്ടായിരുന്നതു്. ആകെ ൩,൩൨,൭൭൨ മണ്ടു് ഉപ്പാണു് ലൈസൻസികളുടെ ഡ്യൂസ് ഇനത്തിൽ ഉപ്പളത്തിൽനിന്നും നമുക്കു കിട്ടുവാനുണ്ടായിരുന്നതു്. ഇൻറഗ്രേഷനുശേഷമുള്ള കാലഘട്ടത്തേക്കു കിട്ടുവാനുണ്ടായിരുന്ന ൨,൪൯,൭൦൦ മണ്ണും ഈടാകാനുണ്ടു്. ഈ രണ്ടിനവുംകൂടി ൪,൩൨,൪൩൭ മണ്ടു് ഉപ്പു് നാം പതിവുപോലെ ലേലത്തിനുവച്ചു. ലേലം പിടിച്ചവർ ൫,൫൭,൩൨൨ മണ്ടു് ഉപ്പുമാത്രമേ അളങ്ങളിൽനിന്നും നീക്കംചെയ്തിട്ടുള്ളു. ബാക്കിയുള്ള ഉപ്പു് വിലതന്നു കൊണ്ടു

[ശ്രീ. വി. മാധവൻ]

പോകുവാൻ ലേലക്കാർക്കു ചില പ്രയാസങ്ങൾ നേരിട്ടതുകൊണ്ടു് അവർ കൊണ്ടുപോയില്ല. ലേലംചെയ്തതിനുശേഷം നിയന്ത്രണംകൂടാതെതന്നെ കുറെക്കൂടി ലാഭമായിട്ടുള്ള റേററിൽ ജനങ്ങൾക്കു് ഉപ്പു കിട്ടത്തക്കവിധം തൂത്തുക്കുടിയിൽനിന്നും ഇവിടെ ഉപ്പു വന്നുതുടങ്ങി. അതോടുകൂടി ൧൧൩ രൂപാ വിലയുണ്ടായിരുന്ന ഉപ്പിനു് ൫൦ രൂപവരെയായി വിലയിടിഞ്ഞിട്ടുണ്ടു്. ലേലംവിളിച്ച ആളുകൾ കഴിയുന്നിടത്തോളം നമ്മുടെ ഉപ്പു് എടുത്തുകൊണ്ടുപോകാതിരുന്നാൽ കൂടുതൽ നഷ്ടം സഹിക്കേണ്ടിവരികയില്ലെന്നുവിചാരിച്ചു് ഉപ്പുകൊണ്ടുപോകുന്നവിഷയത്തിൽ മടി കാണിച്ചു. അതോടുകൂടിത്തന്നെ, ഉപ്പുനിർമ്മാണത്തിൻെറ ചുമതല ഇപ്പോൾ ഇൻഡ്യാഗവണ്മെൻറിനായതുകൊണ്ടു് ലൈസൻസിയുടെ കൈവശത്തിലിരിക്കുന്ന ഉപ്പു് പുറത്തേക്കു് എടുക്കുന്നതിനു് അവരുടെ അനുവാദംകൂടിവേണം. അങ്ങനെ അനുവാദംകൊടുക്കേണ്ടകാര്യം ഇൻഡ്യാഗവണ്മെൻറിനു് നിയമപരമായി ഇല്ല, ലൈസൻസികളും നമ്മുടെ ഗവണ്മെൻറും തമ്മിലുള്ള അവകാശതർക്കത്തിൽ അവർ ഇടപെടുകയില്ല എന്നു പറയുവാനുള്ള അവകാശം അവർക്കുണ്ടു് എന്നാണു ഭാവം. ൧,൧൭,൩൪൨ മന്നു ഉപ്പിനുള്ളവില ലേലക്കാരനിൽനിന്നും നമുക്കു് ഈടാകാനുണ്ടു്. ൧൧൨൬, ൧൧൨൩ ഈ രണ്ടു കൊല്ലങ്ങളിൽ ലൈസൻസികൾ തരാനുള്ളതുൾപ്പെടെ മേല്പറഞ്ഞ ബാക്കിസംഖ്യയുംകൂടി ചേർത്തുള്ള ഉപ്പു് ൧൩൮–൨–൧൯ ൫൨–ൽ ലേലത്തിനുവച്ചു. അപ്പോൾ ഉപ്പിനു റേററുകൂടുമോ ഇല്ലയോ എന്നുള്ള ഒരു ശങ്ക ലേലക്കാരുടെ ഇടയിൽ ഉണ്ടായി. ലേലത്തിൽ ആളേർപ്പെടുവാൻ വൈഷമ്യമുണ്ടായി, ലേലം നടന്നില്ല.

നമുക്കു ലൈസൻസികളുടെ പക്കൽനിന്നും ഉപ്പായി കിട്ടുവാനുള്ള സംഖ്യ കിട്ടും; ലേലക്കാർ ലേലംകൊണ്ട തുകയും കിട്ടും; ഇതുരണ്ടും നഷ്ടപ്പെടുവാൻ വഴിയില്ല. കാരണം, അവർ പ്രായേണ ധനാഢ്യരും നടപടി നടത്തേണ്ടിവന്നാൽ യാതൊരു പ്രയാസവും ഇല്ലാതെ പണം വസൂലാക്കാവുന്നവരുമാണു്. ഇപ്പോൾ രണ്ടുമൂന്നുകാരണങ്ങളാൽ ഉപ്പിനു വിലകുറഞ്ഞിട്ടുള്ളതുകൊണ്ടു് ഒന്നുരണ്ടുകൊല്ലമായി ലൈസൻസികൾക്കു് കുറെ നഷ്ടമുണ്ടായെന്നു് അവർ പറയുന്നുണ്ടു്. അതിനുപുറമെ ലേലംകൊണ്ടവർ പണംതന്നു് ഉപ്പു് എററുവാങ്ങാത്തതിൽവച്ചും ഗവണ്മെൻറിനു് തുക അടയാതെ വന്നിട്ടുണ്ടു്. അല്ലാതെ ഗവണ്മെൻറിനു നഷ്ടം ഒന്നും വന്നിട്ടില്ല. ഇൻഡ്യാഗവണ്മെൻറിനു് ഇക്കാര്യത്തിൽ നേരിട്ടു ചുമതലയൊന്നുമില്ലെങ്കിലും ഉപ്പിൻെറ അഡ്മിനിസ്ട്രേഷൻ ഏറെറടുക്കുന്നസമയം നമ്മുടെ ഗവണ്മെൻറും ലൈസൻസികളും തമ്മിൽ നിലവിലിരിക്കുന്ന കരാറുകളും ബാദ്ധ്യതകളും മാനിക്കപ്പെടുന്നതാണെന്നു് അവർ കരാർ ചെയ്തിട്ടുള്ളതുകൊണ്ടു് അവർ അവരുടെ Good offices ഉപയോഗിച്ചു് നമ്മുടെ ഡ്യൂസ്സ് ഈടാക്കിക്കിട്ടുന്നതിനു സഹായിക്കുവാൻ ബാദ്ധ്യസ്ഥരാണു്. ആ വിവരം നാം അവരെ ധരിപ്പിച്ചിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള : ഇതു കോടതിയിൽ പോകാതെ നമുക്കു ഈടാക്കുവാൻ മാർഗ്ഗമില്ലെന്നാണോ ഗവണ്മെൻറു പറയുന്നതു്?

ശ്രീ. വി. മാധവൻ: കോടതിയിൽപോകാതെതന്നെ കഴിക്കുവാനുള്ള ഒരു മാർഗ്ഗമായിട്ടാണ് ഇപ്പോൾ ഇൻഡ്യാഗവണ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തുന്നത്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: പുറമ്പോക്കുവസ്തുക്കൾ ഏതു നിലയിലാണ് ഏല്പിച്ചിരിക്കുന്നതെന്നു പറയാമോ?

ശ്രീ. വി. മാധവൻ: കുത്തകപ്പാട്ടത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസുപ്രകാരമാണു കൊടുത്തിരിക്കുന്നത്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: Drastic steps എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: Drastic steps എടുക്കേണ്ടനിലയിൽ സ്ഥിതിഗതികൾ എത്തിയിട്ടില്ലാത്തതുകൊണ്ട് അങ്ങനെ ചെയ്തിട്ടില്ല. വേണ്ടിവന്നാൽ കുത്തകപ്പാട്ടചട്ടങ്ങളിലെ വ്യവസ്ഥകളും ലൈസൻസിലെ വ്യവസ്ഥകളും നൽകുന്ന അധികാരം ഉപയോഗിച്ച് നടപടികൾ നടത്താൻ ഗവണ്മെൻറ് അമാന്തിക്കുകയില്ല.

Mr. Speaker: The discussion is closed and the House will now rise to meet again tomorrow at 11 a. m.

The Assembly adjourned at 4-45 p. m. to meet again at 11 a. m. on Thursday, the 10th July 1952.

V. KRISHNAMOORTHI,
Secretary to the Legislative Assembly.

APPENDIX.

See Unstarred Question No. 123 [19].

List of Palaces and attached Gardens which the Devaswom Board claims.

1. Kuzhithura Kottaram.
2. Cape Palace.
3. Kottaram at Suchindram.
4. Suchindram Vadakke Theruvu Kottaram.
5. Padmanabhapuram Kottaram.
6. Shertala Kottaram.
7. Thripparappu Kottaram.
8. Ambalapuzha Kottaram.
9. Kizhakke Kottaram and Mampalli Kottaram at Vaikom.
10. Haripad Kottaram.
11. Krishnapuram Kottaram.
12. Kandiyur Kottaram,
13. Nedumangad Koickal Kottaram.
14. Nedumangad Easwaraseva Kottaram.
15. Neyyattinkara Kottaram.
16. Thovala Kottaram.
17. Karimpali Koickal (Haripad).
18. Warkala Thazhathu Kottaram.
19. Thirumullavaram Kottaram at Quilon.
20. Sarkara Bhagavathi Kottaram.
21. Asramam Kottaram.
22. Padanayarkulangara Kottaram.
23. Mannar Kottaram.
24. Thrippatisaram Kottaram.
25. Krishnancoil Kottaram.
26. Chavara Kottaram.
27. Kumarakom Koickal Kottaram.
28. Parur Palace.
29. Parakka Kottaram.
30. Vettikavala Kottaram.
31. Chengannur Kottaram.
32. Parassala Kottaram.
33. Thrippappur Kottaram.
34. Arienkavu Kottaram.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1952.

Thursday, the 10th July, 1952.

Vol. VI	OFFICIAL REPORT	No. 10

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Thursday, the 10th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS.

Private Primary Schools.

* 515 [1] **Shri P. S. Nataraja Pillai:** Will the Minister for Education be pleased to state:

(*a*) the number of private primary schools sanctioned to be opened in Trivandrum Division in 1952-53;

(*b*) the number of applications for private primary schools in Trivandrum Division;

(*c*) the number of primary schools that exist now within a radius of two miles of the St. Philomina's Primary School now sanctioned at Poonthura;

(*d*) what is the distance between the new school now sanctioned and the Poonthura Primary School and the Ambalathara Primary School; and

(*e*) what is the policy in granting sanction for new Primary Schools?

Chief Minister **(Shri A. J. John):** (a) One.

(*b*) Five.

(*c*) Four.

(*d*) 1. Poonthura Primary School—4 furlongs.
2. Ambalathara Primary School—4 furlongs.

(*e*) Sanction is granted after ascertaining the educational needs of the locality.

Shri P. S. Nataraja Pillai: May I know whether under the rules a Grant-in-Aid Primary School can be started within a radius of 2 furlongs of an existing school?

Shri A. J. John: That will depend upon other circumstances as existing in a particular locality. In this particular case Government found that a number of children of the fisher-folk were not attending school and so for that purpose the school was sanctioned.

Shri P. S. Nataraja Pillai: Is it not a fact that the Poonthura Primary School is situated in the village ?

Shri A. J. John: May be.

Shri P. S. Nataraja Pillai: Are not the necessities of the children of the fishing community met with the existence of the Poonthura Primary School ?

Shri A. J. John: Government do not think so.

Shri P. S. Nataraja Pillai: Is this newly sanctioned school attached to Convent ?

Shri A. J. John: May be.

Private Middle Schools.

*** 516 [2] Shri P. S. Nataraja Pillai:** Will the Minister for Education be pleased to state :

(*a*) whether sanction has been given to start a new Private Middle School at Ambalathara, Trivandrum ;

(*b*) whether there was a Private Middle School in that locality in 1949-50 and 1950-51;

(*c*) whether that management under the new education scheme remitted 80 per cent of the fees collected in Government Treasury ; and

(*d*) whether the department has paid the pay the teachers are entitled to under the scheme ?

Chief Minister **(Shri A. J. John):** (*a*) Yes.

(*b*) Yes.

(*c*) Yes.

(*d*) Yes.

Shri P. S. Nataraja Pillai: Is there not a complaint pending before the Education Department that the pay of the teachers of the former Private Middle School has not been paid ?

Shri A. J. John: Yes. It is pending consideration.

Shri P. S. Nataraja Pillai: Then with reference to (*d*) the answer was 'Yes'. How can that be ? But what I ask is whether the Government would call for the report of the Education Department and see that the matter is disposed of as early as possible so that the teachers may get their arrears of pay without delay ?

Shri A. J. John: The manager did not claim arrears of salary and the school ceased to function by the end of the educational year 1950-51. As this is a defunct school, the question of payment of arrears of salary can be decided only after a thorough audit. The Division Inspector has been asked to arrange for such an audit.

Shri P. S. Nataraja Pillai: Should not the teachers be paid?

Shri A. J. John: There is a dispute between the teachers and the Manager which has to be settled. The manager does not draw the amount to pay the teachers.

Shri P. S. Nataraja Pillai: Is there not a rule to enforce payment?

Shri A. J. John: The thing is that the teachers collect the fees and hand them over to the Manager.

Shri P. S. Nataraja Pillai: May I know whether the previous manager is still the manager of the new school sanctioned?

Shri A. J. John: I have no information at present.

Shri P. S. Nataraja Pillai: Is it on the request of the new Manager that the school was newly sanctioned?

Shri A. J. John: No information can be given at present.

Shri P. S. Nataraja Pillai: Is it in the same building that the new school is to be conducted this year?

Shri A. J. John: It seems to be so.

Registration of Land.

*** 517** [3] **Shri P. S. Nataraja Pillai**: Will the Minister for Revenue be pleased to state:

(*a*) whether there is a proposal to register five acres of land from the irrigation tank of the Nallur Village near Suchindram in the name of a political sufferer;

(*b*) whether the land proposed to be assigned was leased out under G. M. F. Scheme and was resumed by Government on the recommendation of Public Works Department;

(*c*) whether the land proposed to be assigned is below the level of the flood level outlet;

(*d*) whether the villagers have protested against the proposal to register the tank bed;

(*e*) whether the Government has adopted the policy of granting lands to "Political Sufferers"; and

(*f*) who are these "Political Sufferers"?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) Government have sanctioned the lease of 5 acres of land from S. No. 951|38|4 of Marungur Pakuthy, Agastisvaram Taluk, to Sri. N. K. Abraham Kutty, a political sufferer.

(*b*) The tank bed was leased out by the Agriculture Department up to the end of 1124 M. E. and retransferred to the Revenue Department after termination of the lease period as the land was required for renovation of the tank.

(*c*) Yes.

(*d*) Yes.

(*e*) The Government has recently decided to stop further allotment of lands to political sufferers.

(*f*) Those who had suffered physical and financial loss during the struggle for responsible Government under the auspices of the State Congress.

Shri P. S. Nataraja Pillai: With regard to (a), if I heard correctly, may I know whether that lease was sanctioned now?

Shri A. Chidambaranatha Nadar: Now means? I want to know exactly the meaning of the word 'now'.

Shri P. S. Nataraja Pillai: I asked the hon. Minister whether the lease sanctioned is still in existence?

Shri A. Chidambaranatha Nadar: Yes, it is still in existence.

Shri P. S. Nataraja Pillai: Will the Government consider the question of cancelling the lease?

Shri A Chidambaranatha Nadar: If the Government think that the tank bed is absolutely necessary for irrigation purposes, I can assure the hon. Member that the lease will be cancelled.

Shri P. S. Nataraja Pillai: In the face of the fact that the land was resumed by Government on the recommendation of the P. W D. for renovating the tank-bed, is it proper on the part of the Government not to cancel the lease?

Shri A. Chidambaranatha Nadar: That is a matter of opinion.

Shri P. S. Nataraja Pillai: Who advises Government regarding tank renovations?

Shri A. Chidambaranatha Nadar: The Public Works Department.

Shri P. S. Nataraja Pillai: Did they not recommend that the land that is leased out under G. M. F. Scheme should be resumed and the lease cancelled?

Shri A. Chidambaranatha Nadar: There was no such recommendation made.

Shri P. S. Nataraja Pillai: Sir, under part (b) of the question, it was answered that the land was resumed for renovation.

Shri A. Chidambaranatha Nadar: It was only a re-transfer.

Shri P. S. Nataraja Pillai: Is it right to assign land which is below flood level for cultivation?

Shri A. Chidambaranatha Nadar: It is a matter of opinion.

ஸ்ரீ. டி. எஸ். ராமஸ்வாமி: தமிழ்நாடு காங்கிரஸிலுள்ள அரசியல் தியாகிகளும் இதில் உண்டா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: கிடையாது.

ஸ்ரீ. டி. எஸ். ராமஸ்வாமி: தமிழ்நாடு காங்கிரஸிலுள்ள அரசியல் தியாகிகளும் இதில் உட்படுவார்களா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: இல்லை.

സിലോണിലെ ഇൻഡ്യാക്കാർ.

*൭൧൮ [൪] ശ്രീ. ആർ ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഈ സംസ്ഥാനത്തിൽനിന്നും എത്രപേർ സിലോണിൽ താമസമുണ്ടെന്നറിയാമോ ?

(ബി) സിലോണിലെ ഇൻഡ്യാക്കാർ സിലോൺ പൗരത്വം ലഭിക്കാത്തതിൽ പ്രതിഷേധിച്ചു സത്യാഗ്രഹസമരം നടത്തിവന്നതായി അറിയാമോ ?

(സി) സിലോൺ പൗരത്വം അനുവദിച്ചു കിട്ടുന്നതിലേക്കു വേണ്ട പ്രേരണ ചെലുത്തണമെന്ന് ഇൻഡ്യാഗവണ്മെൻറിനോട്ട് നിവേദനം നടത്തിയിട്ടുണ്ടോ ?

(ഡി) ഉണ്ടെങ്കിൽ ഫലമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) അറിഞ്ഞുകൂടാ.

(ബി) ഔദ്യോഗികമായി അറിവില്ല. പത്ര പ്രസ്താവനകളിൽനിന്നും അറിയാം.

(സി) ഗവണ്മെൻറിൽനിന്നും നടത്തിയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ : അങ്ങിനെ ഒരു നിവേദനം നടത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇതിനെ സംബന്ധിച്ചു് സെൻട്രൽ ഗവണ്മെൻറ് ധാരാളം നിവേദനം നടത്തുന്നുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : തിരുവിതാംകൂറിൽനിന്നു നല്ലൊരു വിഭാഗം ആളുകൾ സിലോണിൽ ഉള്ള സ്ഥിതിക്ക്........

Mr. Speaker: Are they not Indians?

Shri R. Gangadharan: They are Indians.

സിലോണിലുള്ള ഇൻഡ്യാക്കാരിൽ നല്ലൊരു വിഭാഗം തിരുവിതാംകൂറുകാരാണെന്നു അറിയുന്ന സ്ഥിതിക്കു അവരുടെ സിലോൺ പൌരത്വത്തെ സംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറിനു ഏതെങ്കിലും നിവേദനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യാക്കാരിൽ അധികവും തിരുവിതാംകൂറുകാരാണെന്നു അറിഞ്ഞുകൂടാ. ഏതായാലും ഈ കാര്യത്തിൽ ശക്തിയായ നിവേദനം ഇൻഡ്യാഗവണ്മെൻറ നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ : സിലോണിൽ ഇവിടെയുള്ള ആളുകൾ ഏതെങ്കിലും പ്രവ്യസിക്കുകയാണെങ്കിൽ അതിൻെറ ഉത്തരവാദിത്വം ആർക്കായിരിക്കും ?

ശ്രീ. എ. ജെ. ജാൺ: സിലോൺ ഗവണ്മെൻറിനായിരിക്കും.

കേന്ദ്രഗവണ്മെൻറ ഏറെറടുത്ത വകുപ്പുകൾ.

* ൫൧൯ [൫] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) എതെല്ലാം വകുപ്പുകളാണു കേന്ദ്രഗവണ്മെൻറ് ഏറെറടുത്തതു് ?

(ബി) ഏറെറടുത്തതു് എന്നാണു് ?

(സി) ഏറെറടുത്ത വകുപ്പുകളിൽ എല്ലാംകൂടി എത്ര ഉദ്യോഗസ്ഥന്മാരുണ്ടു് ?

(ഡി) ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അലവൻസ് മുതലായവ പ്രസ്തുത വകുപ്പുകളിലെ മററ ഉദ്യോഗസ്ഥന്മാരുടേതിനു തുല്യമാക്കിയിട്ടില്ലെന്നുള്ളതു ശരിയാണോ ?

(ഇ) അവ തുല്യമാക്കി കിട്ടുന്നതിനു കേന്ദ്രഗവണ്മെൻറിൽ എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ ?

(എഫ്) ഉണ്ടെങ്കിൽ ഫലം എന്തായി ?

മുഖ്യമന്ത്രി (ശ്രീ. എ. ജാൺ) :

(എ)
൧. ടെലഫോൺ.
൨. അഞ്ചൽ.
൩. കസ്റ്റംസ്.
൪. കാർഷികാദായനികുതി ഒഴിച്ചുള്ള ആദായനികുതി.
൫. പേററൻറ്, ട്രേഡ്മാർക്സ്, കോപ്പിറൈററ്.
൬. ലൈററ് ഹൌസ്.
൭. അക്കൌണ്ടും ആഡിററും.
൮. സെൻട്രൽ എക്സൈസ്.
൯. സ്റ്റെയിററ് ഫോഴ്സസ്.
൧൦. എവിയേഷൻ.
൧൧. ബ്രോഡ് കാസ്റ്റിംഗ്.
൧൨. മെററിയോറോളജി.

ഇവയ്ക്കു പുറമെ, ജോയിൻറ്സ്റ്റോക്ക് കമ്പനീസ്, എംപ്ലോയിമെൻറ് എക്സ്ചേഞ്ചു്, ആർക്കിയോളജി, എന്നീ വകുപ്പുകളും കേന്ദ്രവകുപ്പുകളായി തീർന്നിട്ടുണ്ടു്. പക്ഷെ അവയിൽ ആദ്യത്തെ രണ്ടെണ്ണത്തിൻെറ ഭരണം സംസ്ഥാന ഗവണ്മെൻറ തന്നെ ഏജൻസി അടിസ്ഥാനത്തിൽ നടത്തിപ്പോരുകയാണ്. ആർക്കിയോളജി വകുപ്പു കേന്ദ്രം ഏറെറടുക്കുന്നതിനെപ്പററിയുള്ള അവസാന തീരുമാനം ഇതുവരെ ആയിട്ടില്ല.

(ബി) മേൽവിവരിച്ച വകുപ്പുകളിൽ അഞ്ചൽ ഒഴിച്ചുള്ള വകുപ്പുകൾ ൧൯൫൦ ഏപ്രിൽ ൧-ാംനു കേന്ദ്രം ഏറെറടുത്തു. അഞ്ചൽ വകുപ്പു ൧൯൫൧ ഏപ്രിൽ ൧-ാംനു-യാണ് ഏറെറടുത്തതു്. അതുവരെ ആ വകുപ്പു സംസ്ഥാന ഗവണ്മെൻറ ഏജൻസി അടിസ്ഥാനത്തിൽ നടത്തിപ്പോന്നു.

(സി) ൬൫൩൪.

(ഡി) ചില വകുപ്പുകളിൽ തുല്യ ശമ്പളം കൊടുത്തു കഴിഞ്ഞു വെങ്കിലും മററുള്ളവയിൽ അവരുടെ ശമ്പളം മററുദ്യോഗസ്ഥന്മാരുടേതിനു തുല്യമാക്കീട്ടില്ലെന്നു പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ഇ) ഉണ്ടു്.

(എഫ്) മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

Publ:c Service Recruitment.

※ 520. [6.] **Dr. M. Sivaraman Nair*:** Will the Chief Minister be pleased to state :

(*a*) whether the Government are taking adequate steps to see that Public Service recruitment is carried on in a just and equitable manner ;

(*b*) have the Government any power to stop any irregularity if it occurs in the recruitment ?

Chief Minister **(Shri A. J. John):**

(*a*) Yes.

(*b*) Yes.

ശ്രീ. പി. സദാശിവൻപിള്ള : പബ്ളിക്ക് സർവീസ് കമ്മീഷൻ റിക്രൂട്ടുമെൻറിൽ ചില അന്യായങ്ങൾ കാണിക്കുന്നുണ്ടെന്നു് ഗവണ്മെൻറിനു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പരാതികൾ ലഭിച്ചിട്ടില്ല.

തിരുവനന്തപുരം കൻേറാൺമെൻറ ലാക്കപ്പ്.

※ ൫൨൧. [൧] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ൧൯൫൧ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, അക്ടോബർ എന്നീ മാസങ്ങളിലായി തിരുവനന്തപുരംസിററിയിലുള്ള കൻേറാൺമെൻറ ലാക്കപ്പിൽ കിടന്നിരുന്ന തടവുപുള്ളികളിൽ എത്രപേർക്കു മസൂരി ബാധിച്ചിട്ടുണ്ടു് ?

(ബി) മസൂരി ബാധിച്ചവരേയും അല്ലാത്തവരേയും ഒരുമിച്ചു് ഒരേ ലാക്കപ്പുമുറിയിൽ തന്നെ ഏതാനംദിവസം പാർപ്പിച്ചിരുന്നതു കൊണ്ടു് കൂടുതൽ തടവുകാർക്കു് മസൂരി ബാധിച്ചിട്ടുണ്ടെന്നുള്ള വിവരം ശരിയാണോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) : ചോദ്യത്തിൽ മസൂരി എന്നു പറഞ്ഞിരിക്കുന്നതു ഉത്തരത്തിൽ ചിക്കൻപോക്സായിട്ടാണു് കാണിച്ചിരിക്കുന്നതു്.

(എ) ൧൧.

(ബി) ഇല്ല. മേൽപ്പറഞ്ഞ ൧൧ പേർക്കു ചിക്കൻപോക്സ് ബാധിച്ചിട്ടുണ്ടെന്നു അറിഞ്ഞപ്പോൾ അവരെ ചികിത്സക്കുവേണ്ടി തിരുവനന്തപുരം സബ്ജയിലിലേക്കു മാററി.

---

*As the Member was absent, the question was put by Shri P. Sadasivan Pillai with the permission of the Speaker.

ശ്രീ. ആർ. ഗംഗാധരൻ : ൧൯൫൧ ആഗസ്റ്റിൽ ഒരു കമ്മ്യൂണിസ്ററ പ്രവർത്തകനായ സദാനന്ദൻ എന്ന ഒരാളെ ഈ സുഖക്കേട ബാധിച്ച ആളുകളുടെ അടുത്തു ഇട്ടുകൊണ്ട് അദ്ദേഹത്തിനും ചിക്കൻ പോക്സ് ബാധിച്ചു എന്ന് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ് : ആ രോഗം ബാധിച്ചു എന്നറിഞ്ഞപ്പോൾതന്നെ അവരെ അവിടെനിന്നു മാററുകയാണുണ്ടായത്. ബാക്കിയുള്ള ആളുകൾക്ക കുത്തിവെപ്പും നടത്തിയിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : ആ രോഗം പിടിപെട്ടവർക്ക വേണ്ടത്ര ചികിത്സ കിട്ടിയിട്ടില്ലെന്നു പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഇല്ല.

ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ : ഇത്തരം രോഗങ്ങൾ വരുമ്പോൾ ഗവണ്മെൻറ എടുക്കുന്ന നടപടി ഒരു ശിക്ഷയുടെ രീതിയിലൊ ചികിത്സയുടെ രീതിയിലൊ ?

Mr. Speaker : The question is disallowed. It is a serious interpellation put and answered. But hon. Members go out of their way to put questions lightly.

കാണിത്തരിശു ഭൂമി.

* ൭൨൨. [വ്യ] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) നെയ്യാററിൻകര താലൂക്കിൽപെട്ട ഒററശേഖരമംഗലം, കുന്നത്തുകാൽ എന്നീ പകുതികളിൽ എത്ര ഏക്കർ കാണിത്തരിശു ഭൂമിയുണ്ട് ?

(ബി) എന്തുകൊണ്ടാണ് ഈ ഭൂമിയെ കാണിത്തരിശു ഭൂമി എന്നു പറയുന്നത് ?

(സി) ഇപ്പോൾ ഈ ഭൂമിയിൽ കാണിക്കാരല്ലാത്തുള്ള സ്വന്തമായി ധാരാളം ഭൂമിയുള്ളവർ പ്രവേശിക്കുകയും ഭൂമി കൈവശപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ ?

ரெவன்யூ இலாகா மந்திரி, (ஸ்ரீ. ஏ. சிதம்பரநாத நாடார்) :

(எ) *ரிஸர்வ் உள்பட* 26,063 *ஏக்கர்.*

(பி) *ஆயில்யம் திருநாள் மகாராஜாகாலத்திற்கு முன்னிலிருந்தே இந்த பூமிகளில் காணிகள் வசித்துகொண்டிருப்பதால் அந்த நிலத்தை காணித்தருசு நிலம் என கூறப்படுகிறது. முன்காலத்து மகாராஜாக்களே காணிகள் வசிப்பதற்கென இந்த நிலத்தை கொடுத்ததாக சரித்திரத்திலிருந்தும் தெரியப்படுகிறது.*

(ஸி) *காணிக்காரர் அல்லாதவர்கள் சிலர் இந்த நிலங்களில் நுழைந்து, நிலத்தை தங்கள் கைவசப்படுத்தியதுண்டு. இவர்களுக்கு சொந்தமாக ஏராளம் நிலம் உண்டா என்பது தெரியவில்லை.*

ശ്രീ. വി. ശ്രീധരൻ : കാണിത്തരിശുഭൂമിയിൽ നിന്നും കുത്തകപ്പാട്ട വ്യവസ്ഥയിൽ ആർക്കെങ്കിലും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ ?

ஸ்ரீ. ஏ. சிதம்பரநாத நாடார் : தெரியாது.

ശ്രീ. പി. വി. അവിരാന്തരകൻ : യാതനയുടെ പേരിൽ ഈ സ്ഥലത്തുനിന്നും ആർക്കെങ്കിലും ഭൂമി പതിച്ചു കൊടുത്തിട്ടുണ്ടോ ?

ஸ்ரீ. ஏ. சிதம்பரநாத நாடார் : கொடுக்கவில்லை.

ടെക്സ്റ്റുബുക്ക് അച്ചടി.

* ൭൨൮. [൬] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റ്ബുക്കുകൾ തുടങ്ങിയുള്ള ഗവൺമെന്റ് അച്ചടിവേലകൾ തിരുവിതാംകൂർ-കൊച്ചിക്കു വെളിയിലുള്ള വല്ല പ്രസ്സുകൾക്കും ഇപ്പോൾ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ കൊടുക്കാനുള്ള കാരണം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഉണ്ട്.

(ബി) സംസ്ഥാനത്തുള്ള എല്ലാ പ്രധാന അച്ചുക്കൂടങ്ങളിലുമായി വളരെയധികം പാഠപുസ്തകങ്ങൾ അച്ചടിച്ചു തയ്യാറാക്കേണ്ടി വന്നതിനാലും, കൃത്യസമയത്തിൽ ഭംഗിയായി നാഗരി അക്ഷരത്തിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ കഴിവുള്ള അച്ചുക്കൂടങ്ങളുടെ എണ്ണം കുറവായതുകൊണ്ടും ഏതാനും ഹിന്ദിപുസ്തകങ്ങൾ തിരുവിതാംകൂർ-കൊച്ചിക്കു വെളിയിലുള്ള പ്രസ്സിൽ അച്ചടിക്കുന്നതിനു ഏല്പിക്കേണ്ടിവന്നു.

ശ്രീ. എൻ. നീലകണ്ഠരുപണ്ടാരത്തിൽ: തിരുവിതാംകൂർ-കൊച്ചിയിൽ വളരെ പ്രൈവറ്റുപ്രസ്സുകൾ തൊഴിലില്ലാതെ ഇരിക്കെ അവക്കു കൊടുക്കാതെ രാജ്യത്തിനു വെളിയിൽ അച്ചടിവേലകൾ കൊടുത്തതിനു വല്ല പ്രത്യേകകാരണങ്ങളുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: വെളിയിൽ കൊടുത്തതു ഹിന്ദിപുസ്തകങ്ങളുടെ അച്ചടിവേലകളാണ്.

ശ്രീ. ആർ. സുഗതൻ: ഗവൺമെന്റിൽ നിന്നും പ്രസിദ്ധം ചെയ്തിട്ടുള്ള കേരളപാഠാവലി എന്ന പുസ്തകത്തിൽ വില ഇടാതിരിക്കുന്നതു എന്തുദ്ദേശം കൊണ്ടാണ്?

Mr. Speaker : Here the question relates to printing of books entrusted to different printing presses.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: പുറത്തുള്ള ഏതു പ്രസ്സിനാണ് ഈ അച്ചടിവേലകൾ കൊടുത്തിട്ടുള്ളതെന്നു പറയാമോ;

ശ്രീ. എ. ജെ. ജാൺ: മദ്രാസിലെ ഹിന്ദുസ്ഥാൻ പ്രസ്സിനാണ് കൊടുത്തിട്ടുള്ളതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പാഠപുസ്തകങ്ങളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള അധികാരങ്ങൾ ടെക്സ്റ്റുബുക്കു കമ്മററിക്കും അച്ചടിസംബന്ധിച്ചു അവയുടെ അധികാരങ്ങൾ മന്ത്രിസഭയ്ക്കും റിച്ചിരിക്കുന്നതിന്റെ ഉദ്ദേശമെന്താണെന്നു പറയാമോ?

Mr. Speaker : That question does not arise from this question.

Manure Depot.

* 524. (10) **Shri P. V. Avira Tharakan:** Will the Minister for Agriculture be pleased to state whether there is any Government Manure Depot in Shertallai taluk ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഡിപ്പാർട്ടുമെൻറലായിട്ട് ചേർത്തല താലൂക്കിൽ ഒരു മനവർ ഡിപ്പോ ഇല്ല. എന്നാൽ പ്രൈവററ് ഏജൻസിയുടെ ഒരു മനവർ ഡിപ്പോ അവിടെ ഉണ്ട്.

Eviction from Poovakulam wasteland.

* 525. [11] **Shri P. Bhaskaran Nair:** Will the Minister for Revenue be pleased to state :

(*a*) is it a fact that about 85 backward community families consisting of nearly 400 persons were evicted by the Police from Poovakulam wasteland in Uzhavoor pakuthy, Meenachil taluk, where they had their abodes;

(*b*) was not the abovementioned wasteland intended to be allotted to landless people belonging to backward communities;

(*c*) have the poor who have now been rendered homeless applied for registration of the land in their own name ?

Minister for Revenue (**Shri A. Chidambaranatha Nadar**):

(a) Yes.

(b) Yes.

(c) Yes.

Shri C. Atchyutha Menon: If this land was intended to be allotted to the landless people, why were they evicted ?

Shri A. Chidambaranatha Nadar: Really this land was intended to be given to the poor landless people. But even so, they are not to occupy the land by the use of force.

ശ്രീ. പി. ഭാസ്കരൻ നായർ: കുടിയിറക്കിവിടരുതെന്നുള്ളതിനെപ്പററി ഒരു നിയമം നിലവിലിരിക്കുകയല്ലേ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: இதற்கு ஒரு சிறிய மறுபடி கொடுக்கவேண்டியதுண்டு. தாழ்த்தப்பட்ட ஜனங்கள் யாராய் இருந்தாலும் சரி, அவர்கள் அரசாங்கம் என்று ஒன்று இருக்கிறது என்பதை உணரவேண்டும். வீடில்லாமல் இருக்கிறவர்களுக்கு வீடு கட்டிக்கொடுக்க இந்த சர்க்கார் தயார். அரசாங்க அனுமதியில்லாமல் பூமியை வைத்துக்கொண்டிருப்பவர்களை இச் சர்க்கார் வெளியில் இறக்கும்.

ஸ்ரீ. டி. எஸ். ராமஸ்வாமி: அராஜகம் என்றால் என்ன?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அரசாங்கம் இருக்கிறது என்று உணர வேண்டும் என்று தான் சொன்னேன்.

ஸ்ரீ. டி. எஸ். ராமஸ்வாமி: புறம்போக்கு ஆக்கிரமித்தவர்களை வெளியில் இறக்கினதுண்டா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: தாராளம் பேர்களை குடியிறக்கப்பட்டிருக்கிறது.

ஸ்ரீ. டி. எஸ். ராமஸ்வாமி: பயோனியர் போலுள்ள, அதாவது குமாரசுவாமி போலுள்ள பெரிய முதலாளிகள் Encroachment செய்ததை Encroachments என்று சொல்வீர்களா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: சர்க்கார் பூமிகளில் யாராவது சர்க்காரின் அனுமதியின்றி ஏறுவார்களானால் அவர்கள் பயோனியர் ஆனாலும் சரி வேறு யாரானாலும் சரி சர்க்காருக்கு வித்தியாசம் கிடையாது, அவர்களை இறக்கியே தீரும்.

ശ്രീ. പി. ഭാസ്കരൻനായർ: കുടിയിറക്ക പ്രശ്നം മേലാലും തുടർന്നു കൊണ്ടുപോകണമെന്നു് ഉദ്ദേശിക്കുന്നുണ്ടോ; അതോ തുടരാതിരിക്കണമെന്നുദ്ദേശിക്കുന്നുണ്ടോ?

Shri A. Chidambaranatha Nadar: It is engaging the attention of the Government and it will be decided very soon.

Shri N. Raghava Kurup: Are the Government aware that the people who have been evicted are now going about homeless?

Mr. Speaker: That is admitted in the answer.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കുടിയിറക്കി വിടപ്പെട്ടവർ കുറെയധികം വർഷങ്ങളായിട്ടു് അവിടെ താമസിക്കുന്നവരായിരുന്നുവെന്നു് ഗവണ്മെൻറിനു് അറിയാമോ?

Shri A. Chidambaranatha Nadar: According to the information that Government have, they were staying there for a couple of days.

ശ്രീ. പി. ഭാസ്കരൻനായർ: ഇറക്കിവിടപ്പെട്ടിട്ടുള്ള എല്ലാവർക്കും ഭൂമികൊടുക്കുന്നതിനെപ്പറ്റി ദയവായി ആലോചിക്കുമോ?

Shri A. Chidambaranatha Nadar: That is being considered.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർക്കാരിന്റെ അനുവാദമില്ലാതെ കുടിയേറിപ്പാർക്കുന്നവരെ നിശ്ചയമായും പുറത്തിറക്കി വിടുമെന്നു പറയുന്നു. പൊതുജനങ്ങളുടെ അനുവാദമില്ലാതെ മന്ത്രിസഭയിൽ കേറിയ ആളുകളെ പുറത്തിറക്കിവിടാൻ നിയമങ്ങളില്ലേ?

Mr. Speaker: That question is disallowed.

ഗ്രന്ഥശാലകൾ.

*൫൨൩. [൪൨] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുമുമ്പ് കൊച്ചി വിഭാഗത്തിൽ നിന്നും തിരുവിതാംകൂർ വിഭാഗത്തു നിന്നും ഗ്രന്ഥശാലകൾക്ക് പ്രതിവർഷം എത്ര രൂപ വീതം ഗ്രാൻറ കൊടുത്തുകൊണ്ടിരുന്നു;

(ബി) സംയോജനത്തിനുമുമ്പ് രണ്ടു വിഭാഗത്തിൽ നിന്നും എത്ര ഗ്രന്ഥശാലകൾക്ക് ഗ്രാൻറണ്ടായിരുന്നു;

(സി) ൧൧൨൭–൨൮ ഈ സാമ്പത്തികവർഷത്തിൽ ഊർജ്ജിതമായി പ്രവർത്തനം നടത്തുന്ന ഗ്രന്ഥശാലകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ;

(ഡി) ഗ്രന്ഥശാലകളുടെ എണ്ണം വർദ്ധിച്ചതോടൊപ്പം ഗ്രാൻറും വർദ്ധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) തിരുവിതാംകൂർ വിഭാഗത്തു നിന്നും കൊടുത്തുകൊണ്ടിരുന്നതു ൧൨൦൦൦ രൂപാ കൊച്ചി ഭാഗത്തു നിന്നും കൊടുത്തുകൊണ്ടിരുന്നതു ൧൩൧൪൨ രൂപ.

(ബി) തിരുവിതാംകൂറിൽ ൩൬൩
കൊച്ചിയിൽ ൨൧

(ഡി) കഴിവുള്ളിടത്തോളം ഗ്രാൻറ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) കഴിവുള്ളിടത്തോളം ഗ്രാൻറ് വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ൧൧൨൬–൨൭-ൽ ഗ്രന്ഥശാലകൾക്ക് മൊത്തം ഗ്രാൻറ നൽകിയിട്ടുള്ളതു് ഏകദേശം ൧൪൦൦൦൦ രൂപയാണെന്നു കാണുന്നു. അതിനു ശേഷം ഈ ഗ്രാൻറിൽ വല്ല കുറവും വരുത്തിയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: കുറവു വരുത്തിയിട്ടില്ല.

Division First Class Magistrates.

※527 [13] **Shri M. M. Abdul Khader** †: Will the Minister for Administration of Justice be pleased to state;

(*a*) the number of First Class and Division First Class Magistrates who have been at one station at a stretch for more than three years; and

(*b*) who are they and at what stations?

Minister for Home Affairs (**Shri T. M. Varghese**):

(*a*) One.

(*b*) Shri T. T. Abraham—Division First Class Magistrate, Alwaye.

---

†As the Member was absent, this question was put by Shri P. V. Avira Tharakan with the permission of the Speaker.

Malayalam Pandits.

***528 [14] Shri M. M. Abdul Khader:** * Will the Minister for Education be pleased to state:

(*a*) how many teachers from department primary schools been promoted as Malayalam Pandits in High Schools since the integration (1-1-1949);

(*b*) what is the standard adopted in effecting these promotions; and

(*c*) if any such promotion was given to qualified teachers belonging to the scheduled castes?

Chief Minister **(Shri A. J. John):** (*a*) 54.

(*b*) Qualifications coupled with seniority.

(*c*) Yes.

കേരളഭാഷാചരിത്രം.

***൫൨൯. [൧൫] ശ്രീ. ഏ. എൽ. ജേക്കബ്ബ്:** താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരേതനായ മഹാകവി ഉള്ളൂർ എഴുതിയ കേരളഭാഷാചരിത്രത്തിന്റെ പകർപ്പവകാശം തിരുവിതാംകൂർ സർവ്വകലാശാല വിലയ്ക്കു വാങ്ങിയതു് എന്നാണു്; അതിലേക്കു് എന്തു പ്രതിഫലം കൊടുത്തു;

(ബി) ആ ഭാഷാചരിത്രത്തിന്റെ എത്ര വാല്യങ്ങൾ ഇതിനകം പ്രസിദ്ധം ചെയ്തിട്ടുണ്ടു്; പ്രസിദ്ധം ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണു്;

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ൧൯൫൦-ാമാണ്ടു് ജനവരിമാസത്തിൽ പ്രസിദ്ധീകരണാവകാശത്തിനുള്ള വ്യവസ്ഥകൾ അംഗീകരിച്ചു. അതിലേക്കു് ൧൪,൦൦൦ രൂപാ പ്രതിഫലം നൽകി.

(ബി) പ്രസ്തുത ഭാഷാചരിത്രം പ്രസിദ്ധീകരിച്ചിട്ടില്ല. നല്ല കടലാസു കിട്ടാത്തതുകൊണ്ടാണു് ഇതുവരെ പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതു്. പ്രസിദ്ധീകരണത്തിനുള്ള ഏർപ്പാടുകൾ പൂർത്തിയാക്കാൻ സമയം അധികം വേണ്ടിവരികയും, എന്നാൽ ഇപ്പോൾ അതിലേക്കുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടു്.

പബ്ലിക്കറിലേഷൻസ് വകുപ്പ്.

***൫൩൦. [൧൬] ശ്രീ. ഏ. എൽ. ജേക്കബ്ബ്:** താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവർമ്മെന്റിന്റെ പബ്ലിക്കു് റിലേഷൻസ് വകുപ്പിൽ നിന്നും ഗവർമ്മെന്റിന്റെ ഉത്തരവുകൾ പ്രസ്സ് റൂമിൽ വയ്ക്കുകയും, ചില പ്രസ്സ്നോട്ടുകൾ ഇറക്കുകയും ചെയ്യുന്നതൊഴികെ ഈ നാട്ടിലെ പത്രങ്ങൾക്കു് എന്തെങ്കിലും സഹായം ചെയ്തുകൊടുക്കുന്നുണ്ടോ;

* As the Member was absent, the question was put by Shri Avira Tharakan with the permission of the Speaker.

(ബി) ഗവണ്മെൻറിൻെറ ഏതെല്ലാം പ്രസിദ്ധീകരണങ്ങളാണ് ഈ നാട്ടിലെ ദിനപ്പത്രങ്ങൾക്ക് സൗജന്യമായി കൊടുക്കുന്നതു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) പത്രങ്ങൾക്കുവേണ്ടി ഏതുതരത്തിലുള്ള സഹായധനമാണു വേണ്ടതെന്ന് വ്യക്തമാക്കുന്നില്ല. ഗവണ്മെൻറിൻെറ പ്രവൎത്തനങ്ങൾ സംബന്ധിച്ച് ശരിയായ വിവരങ്ങൾ ഉടനടി പത്രങ്ങൾക്കു നൾകുന്നതിനു് പബ്ലിക്ക് റിലേഷൻ ഡിപ്പാർട്ടുമെൻറ് ഗവണ്മെൻറിൻെറ ഒരു കേന്ദ്ര ഏജൻസിയായി പ്രവൎത്തിച്ചുവരുന്നു. പ്രസ്തുത ഡിപ്പാർട്ടുമെൻറിനോടു് അനുബന്ധിച്ചുള്ള പ്രസ്സ്റൂമിൽ അംഗീകൃത പത്രപ്രതിനിധികൾക്കുവേണ്ട സൗകൎയ്യങ്ങൾ നൽകീട്ടുണ്ട്.

(ബി) പ്രസ്സ് പ്രവിലേജസ് അനുവദിച്ചിട്ടുള്ള എല്ലാ പത്രങ്ങൾക്കും ഗവണ്മെൻറ് ഗസററ്, ബഡ്ജററ്, സിവിൽലിസ്റ്റ്, നിയമസഭാ നടപടികൾ എന്നിവയുടെ പ്രതികൾ നൾകുന്നു. പബ്ലിക്ക് റിലേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധീകരിക്കുന്ന തിരുവിതാംകൂർ-കൊച്ചിൻ വാൎത്തകൾ എന്ന ബുള്ളററിൻെറ പ്രതികളും നൽകിവരുന്നു.

ശ്രീ. എ. മജീദ്: പ്രസ്സ്റൂമിൽ വാൎത്തകൾ പ്രസിദ്ധീകരിക്കാൻ കൊടുക്കുന്നതിനു മുമ്പ് ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നുവെന്നുള്ളതു അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെയാണെങ്കിൽ അതു നേർവഴിയിൽക്കൂടിയുള്ള അറിവു വച്ചുകൊണ്ടല്ല.

ശ്രീ. ആർ. കേശവപിള്ള: ഗവണ്മെൻറ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന കാൎയ്യത്തിൽ ചിലപത്രങ്ങൾക്ക് കൂടുതൽ സൗജന്യം കൊടുക്കാറുണ്ടോ; അല്ലെങ്കിൽ ഇവക്കുള്ള മാനദണ്ഡം എന്താണ്?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിനു പ്രത്യേക മാനദണ്ഡമൊന്നുമില്ല. എന്നാൽ പ്രസിദ്ധപ്പെടുത്താൻ കൊടുക്കുന്ന വാൎത്തകൾ തക്ക സമയത്തു് മുഴുവനും പ്രസിദ്ധപ്പെടുത്തുന്നുണ്ടോ എന്നു് ഗവണ്മെൻറ് അന്വേഷിക്കാറുണ്ട്.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: അസംബ്ലിയിലെ പത്രപ്രവൎത്തകൎക്ക് എന്തെങ്കിലും അലവൻസു് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: ചില പത്രങ്ങൾക്കു് പ്രസിദ്ധീകരണം കൊടുക്കുന്നതു് കൂടുതലും മററു ചിലതിനു് കുറവുമാണെന്നുള്ളതു് വാസ്തവമാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിൽ വലിയ വാസ്തവമുണ്ടെന്നു വിചാരിക്കേണ്ട. അല്പം ചില കൂടുതൽ കുറവുകൾ ഉണ്ടായേക്കും.

കപ്പാറിയിങ്ങ്.

❋ ൩൨൧. [൧൧] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്ററിൽപ്പെട്ട ഏതെല്ലാം താലൂക്കുകളിൽ നിന്നാണ് കപ്പാറിയിങ്ങിനു നികുതി ഈടാക്കുന്നതു്;

(ബി) ഈ ഇനത്തിൽ ഗവണ്മെൻറിന് ആദായം എത്ര വരവുണ്ട് ?

Minister for Revenue **(Shri. A. Chidambaranatha Nadar) :**

(a) Quarrying tax is being collected.

(b) On this item, Government stand today to gain Rs. 13,500.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഈ നികുതി ഈടാക്കുന്നതിൽ ജനങ്ങൾക്ക് വളരെ സങ്കടമുള്ളതുകൊണ്ട് മേലാൽ ഈടാക്കാതിരിക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ ?

Shri. A. Chidambaranatha Nadar: Under Article 114 of the Cochin Land Revenue Manual, they must get written permission of the Taluk Tahsildar.

ശ്രീ. ഒ. സി. നൈനാൻ : ഈ നികുതി ഈടാക്കിയ വകയിൽ ഗവണ്മെൻറിന് ൧൩,൫൦൦ രൂപ ലാഭംഉണ്ടെന്നു പറയുന്നു. എന്നാൽ തിരുവിതാംകൂറിലും കൊച്ചിയിലും ഈടാക്കുന്നത് വ്യത്യസ്ത നിലകളിലാണെന്നുള്ളതറിയാമോ ?

ஸ்ரீ. ஏ. சிதம்பரநாத நாடார் : அதைப்பற்றி ஆலோசிக்கலாம்.

വിദ്യാർത്ഥിസ്സ്രൈക്ക്.

* ൫൩൨. [൧൮] ശ്രീ. വാറണ്ണി പുളിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വിദ്യാഭ്യാസവർഷങ്ങളിലായി എത്ര വിദ്യാലയങ്ങളിൽ സ്സ്രൈക്ക് പ്രകടനങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഉണ്ടായിട്ടുണ്ടെങ്കിൽ ടി സ്സ്രൈക്കുകൾ എന്തു കാരണത്തിന്മേലാണ് ഉണ്ടായിട്ടുള്ളത് ;

(സി) പരീക്ഷകൾ പാടില്ലെന്ന കാരണത്തിന്മേൽ ഏതെങ്കിലും വിദ്യാലയത്തിൽ സ്സ്രൈക്കുണ്ടായിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) സ്സ്രൈക്കുകളുടെ പിന്നിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ താല്പര്യങ്ങൾ ഒളിച്ചുപ്രവർത്തിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ൮൭ വിദ്യാലയങ്ങളിൽ.

(ബി) ഓരോ വിദ്യാലയത്തിലും ഓരോ കാരണങ്ങളാണ്.

(സി) ഇല്ല.

(ഡി) ഉണ്ട്.

ശ്രീ. വാറണ്ണി പുളിക്കൽ : സ്കൂളുകളിൽ വിദ്യാർത്ഥികൾ സ്സ്രൈക്കുണ്ടാക്കുന്നതിനെ സംബന്ധിച്ച് ഒരു പ്രത്യേക നിയമനം ഉണ്ടാക്കേണ്ടതായിട്ട് ഗവണ്മെൻറിന് തോന്നിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഒരു നിയമം ഉണ്ടാക്കേണ്ടതില്ലെങ്കിലും സ്സ്രൈക്കുണ്ടാക്കിയാൽ അതു് ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശം ഗവണ്മെൻറിനുണ്ട്

ശ്രീ. ഓ. സി. നൈനാൻ: വിദ്യാർത്ഥി സ്ട്രൈക്കിൽ ചില അദ്ധ്യാപകന്മാർകൂടി ഉൾപ്പെടുന്നതായിട്ട് ഗവണ്മെന്റിന് അറിയാമോ?

ശ്രീ. എ. ജെ. ജാൺ: ചില അദ്ധ്യാപകന്മാർ ഉൾപ്പെട്ടിട്ടുള്ളതായിട്ട് അറിയാം.

ശ്രീ. ഓ. സി. നൈനാൻ: അങ്ങനെ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകന്മാരുടെ പേരിൽ എന്തെങ്കിലും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: വേണ്ടിവന്നാൽ നടപടികൾ എടുക്കുന്നതായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി: വിദ്യാർത്ഥികൾ സ്ട്രൈക്കുണ്ടാക്കുന്നതു് ചില രാഷ്ട്രീയപാർട്ടിയുടെ താൽപ്പര്യത്തിനുവേണ്ടിയാണെന്നു പറയുന്നു. അതു് ഏതു പാർട്ടിയുടെ താൽപ്പര്യത്തിനുവേണ്ടിയാണെന്നു വെളിവാക്കാമോ?

ശ്രീ. എ. ജെ. ജാൺ: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ താൽപ്പര്യങ്ങൾക്കുവേണ്ടിയാണു്.

ശ്രീമതി കെ. ആർ. ഗൗരി: കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് വിദ്യാർത്ഥി സ്ട്രൈക്കിൽ എന്തുദ്ദേശമാണുള്ളതെന്നു വ്യക്തമാക്കാമോ?

ശ്രീ. എ. ജെ. ജാൺ: വിപ്ലവത്തിനുവേണ്ടി പല സ്കൂളുകളിൽനിന്നും കുട്ടികളെ ഇളക്കിവിടുന്നു. ഇതാണവരുടെ ഉദ്ദേശം.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സ്ട്രൈക്കുകൾ നടത്തിയിട്ടുള്ളതു് എന്താദർശത്തിനുവേണ്ടിയാണെന്നും, ആ സ്ട്രൈക്കുകൾ ന്യായമായിരുന്നോ എന്നും ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: സ്ട്രൈക്കുകൾ ചെയ്യേണ്ട യാതൊരാവശ്യവുമില്ലാത്തതുകൊണ്ടു് അതിനെപ്പററി അന്വേഷിക്കേണ്ട കാര്യമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സ്ട്രൈക്കുകളുടെ ന്യായാന്യായതയെപ്പററി അന്വേഷിക്കാതെ സ്ട്രൈക്കുചെയ്യാൻ പാടില്ലെന്നു പറയുന്നതു് മര്യാദയാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: സ്ട്രൈക്കു ചെയ്യാൻ പാടില്ലെന്നു പറയുന്നതു് മര്യാദയല്ല. ഇങ്ങനെ ചോദിക്കുന്നതാണു് മര്യാദ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഒരു രാഷ്ട്രീയപാർട്ടിയുടെ പേരിൽ മോട്ടീവു ആരോപിക്കുന്നതു് ശരിയാണോ?

Mr. Speaker: That is a question tabled by one hon. Member. Then why should you quarrel with the Minister when the question is answered?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കഴിഞ്ഞവർഷം അദ്ധ്യാപകന്മാർ നടത്തിയ സമരത്തെത്തുടർന്നു് എത്ര സ്കൂളുകളിൽ പണിമുടക്കു നടത്തിയിട്ടുണ്ടെന്നു പറയാമോ?

Mr. Speaker: Your question is disallowed, because this question relates to the students' strike.

Lift Irrigation.

※ 533 [19] **Shri M. V. Cheriyan:** Will the Minister for Agriculture be pleased to state:

(*a*) how much amount have the Government spent towards lift irrigation in the following projects—

(1) The Ramamangalam Project;
(2) Kakkad Project; and
(3) The Mulakkulam Project.

(*b*) what is the cause of the delay in working out these Projects?

Chief Minister **(Shri A. J. John):**

(*a*) (1) Rs. 26,366.

(2) No expenditure has been incurred on this scheme.

(3) Rs. 24,052.
Total: Rs. 50,418.

(*b*) The Ramamangalam and Mulakkulam Projects have almost been completed. As regards the Kakkad scheme an estimate for Rs. 54,800 has been received and is engaging the attention of Government.

Dearness allowance to Pensioners.

※ 534 [20] **Shri N. P. Varghese:** Will the Chief Minister be pleased to state:

(*a*) whether Government is in receipt of a memorandum from the pensioners, association requesting Government to raise their dearness allowance to that of the Cochin pensioners and their pension be paid in Indian rupees without the eight cash reduction per rupee;

(*b*) If so, what steps have been taken by Government in the matter;

(*c*) what is the minimum dearness allowance given to pensioners in Travancore and to those in Cochin?

Chief Minister **(Shri A. J. John):**

(*a*) Yes;

(*b*) Government are examining the question of enhancement of Dearness allowance now paid to the Travancore pensioners

The request for their pensions being paid in Indian rupees without the eight cash reduction is not admissible under the rules. Pension is sanctioned based on the average emoluments actually drawn by the pensioners at the time of retirement. As these pensioners were receiving their emoluments in Sircar rupees, their pension was also fixed in Sircar rupees and now they are paid the Indian rupees equivalent of their pensions already sanctioned. If half a chuckram per rupee is now given, it will be tantamount to an enhancement of pension already sanctioned. There is no rule to enhance the sanctioned pension.

(c) A minimum dearness allowance of S. Rs. 4 per mensem is given to Travancore pensioners and a minimum dearness allowance of Rs. 10 per mensem is allowed to Cochin pensioners.

ശ്രീ. എൻ. പി. വർഗ്ഗീസ്: മിനിമം പെൻഷൻ എത്ര രൂപയാണെന്നു പറയാമോ?

Mr. Speaker: That question is very vague. Whose pension?

ശ്രീ. എൻ. പി. വർഗ്ഗീസ്: ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനു് കൊടുക്കുന്ന കുറഞ്ഞ പെൻഷൻ എന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ: അതു് നോക്കിയേ പറയാൻ സാധ്യമുള്ളൂ.

ശ്രീ. ആർ. കേശവപിള്ള: പെൻഷൻകാർക്ക് കൊടുക്കുന്ന അലവൻസ് ഏകീകരിച്ചു കിട്ടുമോ?

ശ്രീ. എ. ജെ. ജാൺ: ഏകീകരിക്കുന്നതിന് സാമ്പത്തികമായ ചില പ്രയാസങ്ങളും ഉണ്ട്. അതിലേക്ക് മാസം ഏകദേശം ൩൧,൮൦൦ രൂപായോളം ആവശ്യം വരും. അതുകൊണ്ട് നല്ലവണ്ണം ആലോചിച്ചുമാത്രമേ ഉത്തരം പറയാൻ സാധിക്കുകയുള്ളൂ.

Colonisation outside the State.

※ 535 [21] **Shri N. P. Varghese:** Will the Chief Minister be pleased to state:

(a) Is there a non-official organisation for colonisation of the people of the State outside the State in Borneo, Assam, U. P. etc.,

(b) have they applied to Government for recognition of their association and for help to prosecute their programme of colonisation;

(c) have Government done anything in the matter; if so, what?

Chief Minister **(Shri A. J. John):**

(a) Government have information in regard to the existence of one organisation called Travancore-Cochin Colonisation Council.

(b) Yes;

(c) The matter is under correspondence with the Government of India and it is too early to say anything more in this matter at this stage.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഗവൺമെന്റിന് ഇതു സംബന്ധിച്ച് എന്തെങ്കിലും സ്കീം ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യയ്ക്കുള്ളിലുള്ളതിനെ സംബന്ധിച്ച് ചില സ്കീം ഉണ്ട്. പുറത്തുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാർ.

* ൭൩൩. [൨൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൽ പങ്കെടുത്തുവെന്ന കാരണത്തിന്മേൽ ഉദ്യോഗത്തിൽനിന്നും പിരിച്ചയയ്ക്കപ്പെട്ട ആരെങ്കിലും വീണ്ടും തങ്ങളെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നു കാണിച്ച് ഗവണ്മെന്റിന്റെ അടുക്കൽ നിവേദനം ചെയ്തിട്ടുണ്ടോ ;

(ബി) ഇങ്ങനെ നിവേദനം ചെയ്തിട്ടുള്ളവരിൽ ആർക്കെങ്കിലും ഗവണ്മെന്റ് ജോലി വീണ്ടും നൽകിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ട്.

(ബി) രണ്ടുപേർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അവ രണ്ടും നിരസിച്ചു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഇങ്ങനെ ജോലിയിൽനിന്നും പറഞ്ഞാക്കിയവരിൽ പലരുടെയും കാര്യത്തിൽ ശരിയായ അന്വേഷണം നടത്തി അവർ കുറ്റക്കാരല്ലെന്നു തെളിഞ്ഞിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ അറിവില്ല. നേരേമറിച്ച് കുറ്റക്കാരാണെന്നു ബോദ്ധ്യംവന്നതിനുശേഷമാണു ശിക്ഷിച്ചിട്ടുള്ളത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : എയിഡഡ്സ്കൂൾ അദ്ധ്യാപകന്മാർ കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളിൽ പങ്കെടുത്തു എന്നുള്ളത് പിരിച്ചുവിടുന്നതിനു ഒരു കാരണമാകുമോ ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെന്റ്സ്കൂൾ അദ്ധ്യാപകന്മാരായാലും എയിഡഡ്സ്കൂൾ അദ്ധ്യാപകന്മാരായാലും അട്ടിമറിപ്പൻപ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ അവരെ ശിക്ഷിക്കും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : എയിഡഡ്സ്കൂൾ അദ്ധ്യാപകന്മാർക്ക് ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയിൽ ചേർന്നു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടോ ?

Mr. Speaker : This is how we go away from the main question. This question definitely refers to persons who were dismissed from service.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഉദ്യോഗത്തിലിരിക്കുമ്പോൾ ഒരു രാഷ്ട്രീയപാർട്ടിയിലും ചേർന്നു പ്രവർത്തിക്കരുതെന്നുള്ളതാണോ ഈ ശിക്ഷകൾക്കു കാരണം ?

ശ്രീ. എ. ജെ. ജാൺ : കമ്മ്യൂണിസം പഠിക്കുന്നതിൽ തെറ്റില്ലായിരിക്കും. വിപ്ലവപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണെങ്കിൽ കഠിനമായി ശിക്ഷിക്കുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഏതെങ്കിലും ഉദ്യോഗസ്ഥി ലിരിക്കുമ്പോൾ രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനത്തിൽചേർന്നു പ്രവർത്തിക്കരുതെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: കമ്മ്യൂണിസ്റ്റ പ്രവർത്തനത്തിൽ ഉൾപ്പെട്ടതുകൊണ്ടാണു് അവരെ ശിക്ഷിച്ചതു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: കമ്മ്യൂണിസ്റ്റ പ്രവർത്തനം എന്നു പറഞ്ഞാൽ എന്താണെന്നു പറയാമോ?

Mr. Speaker: That we all know. You cannot expect that question to be answered on the floor of this House within the time at our disposal.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളിൽ ചേരുന്നതു കുറ്റകരമായി ഗണിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു ഗവണ്മെൻറസർവ്വീസു കാൺഡക്റ്റ റൂൾസ് അനുസരിച്ചിരിക്കും.

ശ്രീ. സി. അച്യുതമേനോൻ: ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ കാൺഗ്രസ്സു പ്രവർത്തനത്തിൽ ഏർപ്പെട്ടുവെന്ന കാരണത്തിന്മേൽ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീമതി. കെ. ആർ. ഗൗരി: കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൽ ഏർപ്പെടുന്നതുമാത്രമെ പിരിച്ചുവിടുന്നതിനു കാരണമാകുകയുള്ളോ?

ശ്രീ. എ. ജെ. ജാൺ: വിപ്ലവപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു ഗവണ്മെൻറിനെ തകിടം മറിക്കാൻ ശ്രമിച്ചാൽ പിരിച്ചുവിടാതിരിക്കാൻ സാദ്ധ്യമല്ല. അതു ഒരു ഗവണ്മെൻറിനും സാദ്ധ്യമല്ല.

അദ്ധ്യാപകരുടെ അലവൻസു്.

* ൩൨൧. [൨൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിന്റെ സെക്കണ്ടറിവിദ്യാഭ്യാസപദ്ധതിയനുസരിച്ചു ഫീസ് ഗവണ്മെൻറിലേയ്ക്കു അടയ്ക്കുന്ന ഏതെങ്കിലും മിഡിൽസ്കൂളിലെ അദ്ധ്യാപകന്മാർക്കു അലവൻസു നൽകാതിരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിൽ;

(സി) ഇങ്ങനെ ചില സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കുമാത്രം അലവൻസു നൽകാതിരിക്കാൻ എന്താണു കാരണം?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) പദ്ധതിയനുസരിച്ചുള്ള ശമ്പളം നിശ്ചയിക്കാത്ത സ്കൂളുകളിൽ.

(സി) പദ്ധതിപ്രകാരമുള്ള ശമ്പളം നിശ്ചയിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ നിശ്ചയിച്ചുകഴിയുമ്പോൾ അവക്കും കൊടുക്കുന്നതാണു്.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: ഈ പദ്ധതിയിൽ ചേരുന്ന സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കെല്ലാം തുല്യനിലയിലുള്ള ശമ്പളം കൊടുക്കുന്നതാണെന്നു ഗവണ്മെൻറ ആർഡർ ഉണ്ടായിരുന്നില്ലേ ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടായിരുന്നു. എന്നാൽ അതിനു ചില പ്രയാസങ്ങൾ ഡിപ്പാർട്ടുമെൻറിനു നേരിട്ടു. അവരുടെ സർവ്വീസും യോഗ്യതയുമെല്ലാം മാനേജുമെൻറിൽനിന്നും എഴുതി അയയ്ക്കേണ്ടതാണ്. അങ്ങനെ എഴുതി അയയ്ക്കുന്നതു പരിശോധിച്ചതിനുശേഷം അയയ്ക്കുന്നുണ്ട്. എന്നാൽ അങ്ങനെ വ്യത്യാസം വന്നിട്ടുള്ളതുക ഇതവസാനിക്കുമ്പോൾ ഒരുമിച്ചു കിട്ടുന്നതാണ്.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: ബാക്കി ഡിയർനസ്സ് അലവൻസായുള്ളതു കൊടുക്കമെന്നാണോ പറയുന്നതു് ?

ശ്രീ. എ. ജെ. ജാൺ: കൂടുതലായി കിട്ടാനുള്ളതുക ഒരുമിച്ചു കൊടുക്കും.

ശ്രീ. ഈ. പി. വർഗ്ഗീസ്: എത്ര സ്കൂളുകളിൽ അങ്ങനെ കൊടുക്കാതിരുന്നിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ: സ്കൂളുകളുടെ ലിസ്റ്റ് ഇപ്പോൾ കൈവശമില്ല.

ശ്രീ. ഈ. പി. വർഗ്ഗീസ്: സ്കൂളുകളുടെ സംഖ്യ എത്രയാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ: ആ വിവരവും ഇപ്പോൾ എൻെറ കൈവശമില്ല.

കൊച്ചി മിഡിൽസ്കൂൾ തസ്തികകൾ.

❋ ൭൩൬. [൨ ൪] ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജനത്തിനു മുൻപു് കൊച്ചിവിഭാഗത്തിലെ മിഡിൽസ്കൂളുകളിൽ അനുവദിച്ചിരുന്ന വല്ല സ്ഥിരം തസ്തികകളും ഇപ്പോൾ നിറുത്തലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം തസ്തികകൾ ;

(സി) ഇങ്ങനെ നിറുത്തലാക്കിയതിൻെറ ഫലമായി എത്ര അദ്ധ്യാപകന്മാർക്കു് അവരുടെ ജോലി നഷ്ടപ്പെട്ടിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.

(ബി-സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: പഴയ കൊച്ചിയിൽ പല മിഡിൽ സ്കൂളുകളിലും സൂപ്പർന്യൂമററി ഹാൻഡ്സുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ: രണ്ടുപേരുണ്ടായിരുന്നു, അവരെ പിരിച്ചുവിട്ടിട്ടില്ല.

വെണ്ണിക്കുളം മിഡിൽസ്കൂൾ.

* ൭൩൯. [൨ ൭] ശ്രീ. ഒ. സി. നൈനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെണ്ണിക്കുളം മിഡിൽസ്കൂൾ കെട്ടിടവും സ്ഥലവും സ്കൂൾ നടത്തുന്നതിലേക്കു പൊതുജനങ്ങൾ ഗവണ്മെൻറിനു് വിട്ടുതന്നിട്ടുള്ളതാണോ;

(ബി) ആ സ്കൂൾ ഈ കൊല്ലംമുതൽ നിറുത്തിയിരിക്കയാണോ;

(സി) ആ സ്കൂൾകെട്ടിടം ഇപ്പോൾ എന്തിനായിട്ടു ഉപയോഗിക്കുന്നു;

(ഡി) അതു ഗവണ്മെൻറും ജനങ്ങളുമായി ചെയ്ത ഉടമ്പടിക്കു വിപരീതമല്ലേ;

(ഇ) ആ ഉടമ്പടിയിലെ വ്യവസ്ഥയെ പരിഗണിച്ചു ശേഷമാണോ ഈ സ്കൂൾ നിറുത്തിയതു്;

(എഫ്) ഈ സ്ഥലത്തുനിന്നും അടുത്ത സ്കൂളിലേക്കു എന്തു ദൂരമുണ്ടു്;

(ജി) ചെറിയ കുട്ടികളുടെ അദ്ധ്യയനം സ്കൂൾ നിറുത്തിയതിനാൽ തടസ്സപ്പെടുന്നില്ലേ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അതെ.

(ബി) അതെ.

(സി) മല്ലപ്പള്ളി പ്രൈമറിമിഡിൽസ്കൂൾ ഇൻസ്പെക്ടർ ആഫീസ ഇട്ടിരിക്കുകയാണു്.

(ഡി-ഇ) ഉടമ്പടിയുണ്ടെങ്കിൽ അതു വരുത്തി പരിശോധിച്ചു ഈ വിഷയം ആലോചിക്കുന്നതാണു്.

(എഫ്) ഒന്നരമൈലോളം ദൂരമുണ്ടു്.

(ജി) ഇല്ല.

ശ്രീ. ഒ. സി. നൈനാൻ: ആ സ്ഥലത്തിൻെറ വിസ്തീർണ്ണം എന്താണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതിപ്പോൾ നിശ്ചയമില്ല.

ശ്രീ. ഒ. സി. നൈനാൻ: മല്ലപ്പള്ളിയിൽ ഇൻസ്പെക്ടർ ആഫീസു ഇട്ടിരുന്ന കെട്ടിടം കൂലികൊടുത്തു വന്നിരുന്നതാണോ?

ശ്രീ. എ. ജെ. ജാൺ: എന്നാണറിവു്.

മെഡിക്കൽ കാളേജ്.

*൬൮൦. [൨൩.] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) മെഡിക്കൽ കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ജയിച്ചു കഴിഞ്ഞാൽ തിരുവിതാംകൂർ-കൊച്ചി സർവീസിൽത്തന്നെ ജോലിചെയ്യണമെന്നു നിർബ്ബന്ധമുണ്ടോ;

(ബി) ജോലി ചെയ്യാമെന്നു വിദ്യാർത്ഥികൾ ഒരുടമ്പടി എഴുതി വയ്ക്കണമെന്നുള്ള ആവശ്യമുണ്ടോ;

(സി) അങ്ങനെ ജോലി ചെയ്യാത്തവർ ഒരു പിഴ നൽകേണ്ട ആവശ്യമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഈ കാളേജിൽനിന്നും ജയിക്കുന്നവരും ഈ സംസ്ഥാനത്തുള്ളവരുമായ വിദ്യാർത്ഥികൾ ജയിച്ചു ആറുമാസത്തിനുള്ളിൽ ഗവണ്മെൻറ ആവശ്യപ്പെടുന്നപക്ഷം മൂന്നുകൊല്ലത്തേയ്ക്കു തിരുവിതാംകൂർ-കൊച്ചി സർവീസിൽ ജോലി ചെയ്യണമെന്നു നിബന്ധനയുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ൨൦൦൦ രൂപ പിഴയായി ഗവണ്മെൻറിലേയ്ക്കു കൊടുക്കണമെന്നു വ്യവസ്ഥയുണ്ട്.

ശ്രീ. ടി. എ. മജീദ്: അവർക്ക് ഇവിടെ പ്രൈവററ പ്രാക്ടീസു ചെയ്യുന്നതും സാദ്ധ്യമല്ലേ?

ശ്രീ എ. ജെ. ജാൺ: ഗവണ്മെൻറ സർവീസിൽ ചേരുകയാണെങ്കിൽ സാധിക്കുകയില്ല.

Shri P. S. Nataraja Pillai: May I know whether they will have to pay the penalty if they start private practice without accepting Government service?

Shri A. J. John: Yes.

പാഠപുസ്തകങ്ങളുടെ അച്ചടി.

*൬൮൧. [൨൧] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) പാഠപുസ്തകങ്ങൾ ഇക്കൊല്ലം ഗവണ്മെൻറ ഏറെറടുത്തു അച്ചടിപ്പിച്ച് പ്രസിദ്ധംചെയ്ത വകയിൽ എത്ര രൂപാ ചിലവായിട്ടുണ്ട്?

(ബി) ഈയിനത്തിൽ എന്തു തുക ഗവണ്മെൻറ വരവു പ്രതീക്ഷിക്കുന്നു;

(സി) ഏററവും കൂടുതൽ റായൽററി കൊടുത്തതു് ആരുടെ പുസ്തകത്തിനാണ്; ആ തുക എത്ര; ഏററവും കുറഞ്ഞ റായൽററികൊടുത്തതു് ആരുടെ പുസ്തകത്തിന്; ആ തുക എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ചെലവിനെ സംബന്ധിച്ച് ശരിയായ കണക്കുകൾ ജോലി പൂർത്തിയായശേഷം മാത്രമെ നൽകാൻ നിവൃത്തിയുള്ളു.

(ബി) ഉദ്ദേശം ൨൦ ലക്ഷം രൂപ.

(സി) ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് തെരഞ്ഞെടുത്ത ഓരോ പുസ്തകത്തിനു് ആയിരം രൂപ വീതവും മററുള്ളവയ്ക്ക് ഓരോന്നിനും ൧൫൦ രൂപാവീതവും ഇതിനുപുറമേ ഉടമസ്ഥനു് പുസ്തകനിർമ്മിതിയിലേക്ക് ചെലവായ അച്ചടിക്കൂലി തുടങ്ങിയ മററു തുകകളും കൈവശമുണ്ടായിരുന്ന മററു പ്രതികളുടെ വിലയും കൊടുത്തതാണു്. സംസ്ഥാനത്തിനകത്തു് ഒരുകൊല്ലത്തേക്ക് പ്രസാധകാവകാശം വിലക്കുമേടിച്ചതു്.

ശ്രീ. ടി. എ. മജീദ് : ഇതിലേക്ക് ഏററവും കൂടുതൽ തുക ആർക്കാണു കൊടുത്തതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : എല്ലാപേർക്കും ഒരുപോലെയാണു കൊടുത്തിട്ടുള്ളതു്.

ശ്രീ. ടി. എ. മജീദ് : അതിലേക്ക് ആകെ എന്തു ചെലവുവരുമെന്നു പറയാമോ?

Mr. Speaker : Before the transactions are closed, it cannot be ascertained.

ശ്രീ. ഈ. പി. വർഗ്ഗീസ് : തേഡ്ഫാറത്തിലേക്കുള്ള പുസ്തകത്തിനു എന്തു പ്രതിഫലമാണു കൊടുത്തിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : തേഡ്ഫാറത്തിലേക്ക് എടുത്തിട്ടുള്ള പുസ്തകങ്ങൾക്ക് ൧൫൦ രൂപാവീതം.

ശ്രീ. എ. താണുപിള്ള : ഇരുപതുലക്ഷം രൂപ ആ ഇനത്തിൽ വരവു പ്രതീക്ഷിക്കുന്നു എന്നു പറഞ്ഞു. അതു് ആകെയുള്ള വരവാണോ?

ശ്രീ. എ. ജെ. ജാൺ : ആകെ കിട്ടുന്ന തുക ൨൦ ലക്ഷം രൂപയാണെന്നാണു് പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള : ഈ ഇനത്തിൽ ഗവൺമെൻറ് എന്തെങ്കിലും ലാഭം പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : സ്വല്പം പ്രതീക്ഷിക്കുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള : അതു് ആകെ മുടക്കിയിട്ടുള്ള തുകയുടെ എത്ര ശതമാനം വരും?

ശ്രീ. എ. ജെ. ജാൺ : അതു കണക്കാക്കിയിട്ടില്ല.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ ഗവൺമെൻറിൽനിന്നും അച്ചടിച്ചു വില്പനനടത്തുന്ന പുസ്തകത്തിനു കഴിഞ്ഞ കൊല്ലത്തേക്കാൾ വില കുറവല്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : രണ്ടു മൂന്നു പുസ്തകങ്ങളൊഴിച്ചു ബാക്കിയുള്ളവയ്ക്കു് വളരെ കുറഞ്ഞിരിക്കുകയാണു്.

ശ്രീ. രാമകൃഷ്ണൻ: ഈ പുസ്തകങ്ങൾ എല്ലാം ടെക്സ്റ്റ്ബുക്ക കമ്മിററി പ്രിസ്ക്രൈബ് ചെയ്തിട്ടുള്ളതാണോ?

ശ്രീ. എ. ജെ. ജാൺ: അതെ.

ശ്രീ ഇ. കൃഷ്ണൻനായർ: ഈ പാഠപുസ്തകങ്ങളുടെ ഗ്രന്ഥകർത്താക്കന്മാർക്കുള്ള പ്രതിഫലം ആരാണ് തീരുമാനിച്ചതു്?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറുതന്നെയാണ് ഇങ്ങനെ തീരുമാനിച്ചതു്. അതു പ്രസാധകന്മാരും ഗ്രന്ഥകർത്താക്കന്മാരും സമ്മതിക്കയും ചെയ്തു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇന്നു് കുട്ടികൾ ക്ലാസ്സുകളിലെ ഉപയോഗത്തിനു വാങ്ങിയിട്ടുള്ള പ്രിസ്ക്രൈബ് ചെയ്ത ഭൂമിശാസ്ത്ര പുസ്തകം തിരുത്തിവാങ്ങിയിട്ടുള്ളതായി അറിയാമോ?

Mr. Speaker: Next question.

ഭൂനികുതി.

൭൪൨. [൨൨] ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ഭൂനികുതി ഇനം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മൊത്തം വരുമാനം എന്തായിരുന്നു;

(സി) തിരുവിതാംകൂർ-കൊച്ചി വിഭാഗങ്ങളുടെ വരവിനം, യഥാക്രമം എങ്ങനെ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. எ. சிதம்பரநாத நாடார்):

(எ) உண்டு.

(பி) 65, 80, 126 ரூபாய் 5 அணா 8 பைசா.

		ரூ.	அ.	பை.
(ஸி)	திருவிதாங்கூர் பகுதியில்	52,93,223	9	8
	கொச்சி பகுதியில்	12,86,902	12	0

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: ഇപ്പോഴത്തെ ഭൂനികുതി വ്യവസ്ഥയ്ക്കു് എന്തെങ്കിലും പുതിയ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

ஸ்ரீ. எ. சிதம்பரநாத நாடார்: ஆலோசிக்கலாம்.

പാഠപുസ്തകക്കമ്മിററി.

* ൭൪൩. [൨൩] ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം സംഘടിപ്പിച്ചിരുന്ന പാഠപുസ്തകക്കമ്മിററി എത്ര പുസ്തകങ്ങൾ പരിശോധിച്ചിരുന്നു;

(ബി) അതിൽ എത്ര പുസ്തകങ്ങൾ അംഗീകരിച്ചു;

(സി) യഥാക്രമം മലയാളം, സംസ്കൃതം, ഇംഗ്ലീഷ് പുസ്തകങ്ങളുടെ സംഖ്യകൾ എങ്ങനെയായിരുന്നു;

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ :

(എ) ൧൦൪൨.

(ബി) ൯൧൭.

	പരിശോധിച്ചതു്.	അംഗീകരിച്ചതു്.
(സി) മലയാളഭാഷ	൩൦൬	൨൪൯
സംസ്കൃതം	൯	൭
ഇംഗ്ലീഷ്	൩൦൫	൨൦൪

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി : മലയാളം പുസ്തകങ്ങൾ പരിശോധനക്കായി ഏരപ്പെട്ടത്തിയിരുന്നതാരെല്ലാമാണു്?

ശ്രീ. എ. ജെ. ജാൺ : അതിൻെറ ഉത്തരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. പി. വർഗ്ഗീസ് : ഈ പുസ്തകങ്ങൾ സെലക്ടചെയ്യതു് ഗവണ്മെൻറിൽനിന്നുമാണോ അതോ ഗവണ്മെൻറ നിയമിച്ച കമ്മിററിയിൽനിന്നുമാണോ?

ശ്രീ. എ. ജെ. ജാൺ : ഒരു കമ്മിററിയാണു് പുസ്തകങ്ങൾ പരിശോധിച്ചു തെരഞ്ഞെടുക്കുന്നതു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഈ പരിശോധകന്മാരുടെ ഏതെങ്കിലും പുസ്തകങ്ങൾ എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അവരുടെ പുസ്തകങ്ങൾ ഒന്നും സ്വീകരിക്കുതെന്നു വച്ചിട്ടില്ല.

ശ്രീ. ഈ. കൃഷ്ണൻ നായർ : ഈ തേഡ്ഫാറത്തിലെ ഇംഗ്ലീഷ് ടെക്സ്ററ പരിശോധിച്ച കമ്മിററിയിൽ അംഗങ്ങൾ ആരെല്ലാമാണു്?

ശ്രീ. എ. ജെ. ജാൺ : ആ കമ്മിററിയിൽ മെ. ശങ്കരൻ നമ്പ്യാർ അനന്തനിധീരി, ശങ്കരമേനോൻ ഇവരാണു് അംഗങ്ങളായിരുന്നതു്.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ : ആ പുസ്തകം പഠിപ്പിക്കുന്നതിനു അദ്ധ്യാപകന്മാക്കപോലും മനസിലാക്കാൻ കഴിവില്ലെന്നുള്ളതു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : അതിലേക്കു് ഡയറക്ടർ വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്. ആ പുസ്തകത്തിൽ ചില പാഠങ്ങൾമാത്രം പഠിപ്പിച്ചാൽ മതിയെന്നു് വേണ്ട നിർദ്ദേശം സ്കൂളുകൾക്കു കൊടുത്തിട്ടുണ്ടു്.

ശ്രീ. ഈ. കൃഷ്ണൻ നായർ : ഈ പുസ്തകത്തിൻെറ സ്റ്റാൻേറർഡ് ഇൻറർമീഡിയററ് ക്ലാസ്സുകളിലുള്ള പുസ്തകങ്ങളെക്കാൾ കൂടുതലാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : കുറച്ചു കൂടുതലാണെന്നു മനസ്സിലാക്കിയിട്ടുണ്ടു്.

ഡാക്ടർ എൻ. എസ്സ്. പിള്ള : അങ്ങനെയുള്ള പരാതികൾ സ്കൂളുകളിൽനിന്നുണ്ടാകരുതെന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

Mr. Speaker : That question need not be answered.

ശ്രീ. പി. ചാക്കോ : കുട്ടികളുടെ ക്ലാസ്സുകളിലെ സ്റ്റാൻേറർഡ് എന്താണെന്നു മനസിലാക്കിയിട്ടുള്ളവരെക്കൂടി ഈ കമ്മിററിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെയാണു് ചെയ്തിട്ടുള്ളതു്.

ஸ்ரீ. எஸ். ஜி. தேவியப்பன்: இந்தக் கம்பிற்றிக்குத் தமிழ் புஸ்தகங்களை பரிசோதிக்க அதிகாரம் உண்டா?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ആറു പാഠങ്ങൾമാത്രം ആ പുസ്തകത്തിൽ പഠിപ്പിക്കുന്നതിനു് ആ പുസ്തകത്തിൻെറ മുഴവൻ വിലയുംകൊടുത്തു വാങ്ങിക്കാതിരിക്കാനൊക്കുമോ?

Mr. Speaker : They ought to purchase.

ശ്രീ. ടി. എ. മജീദ് : ഭൂതത്താൻകെട്ടു് അണ പ്രവർത്തനമാരംഭിച്ചു എന്നു് ഒരു പുസ്തകത്തിൽ എഴുതിയിരിക്കുന്നതായി അറിയാമോ? ഭൂതത്താൻകെട്ടു് അണ പണിപൂർത്തിയായോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

Shri C. Sankar : May I know by whom the Tamil books were examined?

Shri A. J. John : By some experts. I don't remember the names of those experts.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : തിരുപ്പുറം റെയിൽവേസ്റ്റേഷൻ തിരുവിതാംകൂർ-കൊച്ചിസ്റ്റേററിലാണെന്നു് എഴുതിയിട്ടുള്ളതായറിയാമോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. ഈ. പി. വർഗ്ഗീസ് : തേഡ്ഫാറത്തിലെ ടെക്സ്റ്റ്ബുക്കിൽ ഏതെങ്കിലും പാഠം പഠിപ്പിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ആറോ ഏഴോ പാഠം പഠിപ്പിക്കുന്നുണ്ടെന്നാണു് എൻെറ അറിവു്.

ശ്രീ. ഈ. പി. വർഗ്ഗീസ് : ആ പുസ്തകത്തിൽ കുറെ പാഠങ്ങളെങ്കിലും വായിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : കുറെ വായിച്ചിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള : തേഡ്ഫാറത്തിലേക്കുള്ള പുസ്തകം പ്രസ്ക്രൈബുചെയ്തതിനുശേഷമാണോ അതിന്റെ സ്റ്റാൻഡേർഡ് കൂടിപ്പോയി എന്നുള്ള അഭിപ്രായം ഗവണ്മെന്റിനുണ്ടായതു്?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെന്റിൽനിന്നും വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ ഇതിലേക്കായി ഏർപ്പെടുത്തിയിരുന്നു. ഗവണ്മെന്റിന്റെ അഭിപ്രായത്തേക്കാൾ ആ വിദഗ്ദ്ധക്കമ്മിററികളാണ് അതിന് ഏററവും പററിയവർ എന്നു വിചാരിച്ചാണ് അങ്ങിനെ ചെയ്തതു്. ഗവണ്മെന്റ് അതേപ്പററി അഭിപ്രായം പറയുന്നതിന് അത്ര വിദഗ്ദ്ധന്മാരല്ലായിരുന്നു.

ശ്രീ. എ. താണുപിള്ള : ഗവണ്മെന്റ് അതേപ്പററി അന്വേഷണം നടത്തിയോ?

ശ്രീ. എ. ജെ. ജാൺ : അന്വേഷിച്ചു. ഡയറക്ടർ അതേപ്പററി വേണ്ട നടപടി നടത്തണമെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്?

ശ്രീ. എ. താണുപിള്ള : വിദഗ്ദ്ധന്മാരുടെ കമ്മിററി ഈ പുസ്തകം ആ ക്ലാസ്സിനു യോജിച്ചതാണെന്നു തീരുമാനിച്ചതല്ലേ? പിന്നെ അതു ആ ക്ലാസ്സിലെ സ്റ്റാൻഡേർഡിനു യോജിച്ചതല്ല എന്നു എങ്ങിനെ അന്വേഷിച്ചറിഞ്ഞു.

ശ്രീ. എ. ജെ. ജാൺ : ഡയറക്ടറെക്കൊണ്ടന്വേഷിച്ചറിഞ്ഞു. കുറെ പ്രയാസമുള്ള പാഠങ്ങളാണ് അതിലുള്ളതെന്നു പറഞ്ഞു.

ശ്രീ. എ. താണുപിള്ള : വിദഗ്ദ്ധക്കമ്മിററിയുടെ അഭിപ്രായപ്രകാരം പുസ്തകം പ്രസ്ക്രൈബുചെയ്തതിനുശേഷം അതു തെററാണെന്നുള്ള ഡയറക്ടരുടെ അഭിപ്രായം സ്വീകാര്യമാണെന്നു ഗവണ്മെന്റ വിചാരിച്ചോ?

ശ്രീ. എ. ജെ. ജാൺ : ആ പുസ്തകത്തിലെ പാഠങ്ങളെല്ലാം ആ ക്ലാസ്സിലേക്കു യോജിച്ചതല്ലെന്നു് അറിഞ്ഞതുകൊണ്ടു് എത്രയും ലളിതമായ പാഠങ്ങൾ പഠിപ്പിക്കുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ടു്.

പോലീസ് ആഫീസരന്മാൎക്കു് റിവാർഡുകൾ.

* ൫൪൮. [നം. ൦] ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് അഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞവർഷം പോലീസ് ആഫീസരന്മാൎക്കു് പാരിതോഷികങ്ങളുള്ള റിവാർഡുകൾ നൽകപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത പോലീസ് ആഫീസരന്മാർ ആരെല്ലാമായിരുന്നു;

(സി) റിവാർഡുകൾ എന്തെല്ലാമായിരുന്നു;

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) പരിഗണനകളുള്ള റിവാർഡുകൾ എന്നുള്ളതുകൊണ്ടു ഉദ്ദേ
ശിക്കുന്നതു എന്താണെന്നു വ്യക്തമാകുന്നില്ല. കീർത്തിമുദ്രകൾ ഉദ്യോഗക്ക
യററം മുതലായ റിവാർഡുകൾ എന്നർത്ഥമാണെങ്കിൽ അ പ്രകാരമുള്ള
റിവാർഡുകൾ ഒന്നും ൧൯൫൧-ൽ കൊടുത്തിട്ടില്ല.

(ബി-യും സി-യും) ഉദിക്കുന്നില്ല.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി : ഇൻഡ്യാഗവണ്മെൻറിൽനിന്നു
മുള്ള പ്രത്യേക കീർത്തിമുദ്രകൾ ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ് : എൻെറ കൈവശമുള്ള റിക്കാർഡുക
ളിൽ ഒന്നും കാണുന്നില്ല.

ശാസ്ത്രി, ഹയർ നിയമനക്കാര്യം.

❋ ൫൪൬. [൨൧] ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ : താഴെ
പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) ശാസ്ത്രി, മലയാളം ഹയർ എന്നീ പരീക്ഷകൾ പാസ്സായി
ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കററുകൾ സമ്പാദിച്ചിട്ടുള്ള അപേ
ക്ഷകരെ—അവർക്ക് മെമ്മോകൾ നൽകിയിട്ടുണ്ടെങ്കിലും—നിയമനക്കാര്യ
ത്തിൽ പബ്ലിക്ക് സർവീസ്സ് കമ്മീഷൻ ഒന്നോടെ അവഗണിച്ചിരിക്കുന്നു
വെന്നുള്ളതു് ഒരു വാസ്തവമാണോ;

(ബി) ഇതുസംബന്ധിച്ചെന്തെങ്കിലും പരാതികൾ ഗവണ്മെൻറിനു
ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

മുഖ്യമന്ത്രി (എ. ജെ. ജാൺ) : (എ) അല്ല.

(ബി) ഉണ്ടു്. ഈ കാര്യം ഗവണ്മെൻറിൻെറ ആലോചനയിലി
രിക്കുന്നു.

ട്രാവലിംഗ് അലവൻസ്.

❋ ൫൪൭. [൨൨] ശ്രീ. വാറുണ്ണി പുളിക്കൽ : താഴെ പറ
യുന്ന ചോദ്യങ്ങൾക്കു അഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം മജിസ്ട്രേട്ടുകോടതിയിൽ ട്രാവലിംഗ് അലവൻ
സിനുള്ള സംഖ്യ ൧൯൫൨ ഏപ്രിൽ ൧-ാംനു-ക്ക ശേഷം ഇതുവരെ
കിട്ടിയിട്ടുണ്ടോ;

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ എന്നാണു കിട്ടിയതെന്നു ക്ലിപ്തമായി
പറയുമോ;

(സി) ഇൻററിം ബഡ്ജററു പാസായതിനുശേഷം ടി സംഖ്യ എത്ത
വാൻ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിനു ഉത്തരവാദിയാരാണു്; കാര
ണമെന്തു്;

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) ട്രാവലിംഗ് അലവൻസ് അലോട്ടുമെൻറ് ഇതുവരെ കൊടു
ത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇൻററിം ബഡ്ജററപ്രകാരമുള്ള സംഖ്യ കഴിഞ്ഞകൊല്ലത്തെ അലവൻസു കൊടുക്കുവാനുണ്ടായിരുന്നതു കൊടുത്തുതീക്കുന്നതിനുപയോഗിച്ചു. ഇതിനു ആരും പ്രത്യേക ഉത്തരവാദിത്വം വഹിക്കുന്നതായിട്ടില്ല.

Paliam Estate.

* 547 [36] **Shri K. Balakrishna Menon:** Will the Minister for Revenue be pleased to state:

(*a*) if Paliam estate is collecting money value of pattom in four instalments against the provision of karar from tenants;

(*b*) if the estate has refused money value of pattom from tenants on account of the refusal of tenants to pay pattom in 4 kists as desired by the estate.

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) No.

(*b*) No.

Shri K. Balakrishna Menon: May I know if any demand is made for that by the Estate ?

Shri A. Chidambaranatha Nadar: No.

Shri K. Balakrishna Menon: May I know if any complaint has been made of such demand ?

Shri A. Chidambaranatha Nadar: No complaint has been made.

Eviction.

* 548 [37] **Shri K. Balakrishna Menon:** Will the Minister for Revenue be pleased to state:

(*a*) if orders have been issued by the Government to evict persons in possession of poromboke and forest lands with Police aid if necessary; and

(*b*) if the Government have enquired into whether such persons possess any other land than the one in question ?

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) Yes.

(b) Enquiries are being conducted before eviction is effected.

ഗവേഷണവിദ്യാർത്ഥികൾ.

* ൫൪൯. [൩൮] <u>ശ്രീ. എം. പി. വർഗീസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ സർവ്വകലാശാലയിൽ ഇപ്പോൾ എത്ര ഗവേഷണ വിദ്യാർത്ഥികൾ ഉണ്ടു്;

(ബി) ഇതിൽ എത്രപേർക്കു് ഗവണ്മെൻറിൽനിന്നും സ്റ്റൈപ്പൻറു് നൽകുന്നുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

(എ) ഉ ഉ.

(ബി) ഗവണ്മെന്റിൽനിന്നും ആക്കും സ്റ്റൈപ്പെൻറ് കൊടുക്കുന്നില്ല. എന്നാൽ ഫ്ര് പേക്ക് യൂണിവേഴ്സിററിയിൽനിന്നും ഇൻഡ്യാഗവണ്മെൻറ് നൽകുന്നുണ്ട്.

ശ്രീ. എം. പി. വർഗ്ഗീസ് : ഈ ഗവണ്മെന്റിൽനിന്നും റിസർച്ച് ഡിപ്പാർട്ടുമെൻറിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കാർക്കെങ്കിലും സ്റ്റൈപ്പൻറ് കൊടുക്കുന്നുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : ഗവണ്മെന്റിൽനിന്നും ആക്കും സ്റ്റൈപ്പൻറ കൊടുക്കുന്നില്ല. ആകെ ഫ്ര് പേക്ക് യൂണിവേഴ്സിററിയിൽനിന്നും കൊടുത്തുവരുന്നുണ്ട്. അവരുടെ ലിസ്ററ് എൻെറ കൈവശമുണ്ട്.

ശ്രീ. പി. എം. വർഗ്ഗീസ് : ഇവിടെ പി. എച്ച്. ഡി. ക്ക് റിസർച്ചു ഡിപ്പാർട്ടുമെൻറിൽ ഗവേഷണം നടത്താൻ അനുവാദം കൊടുത്തിട്ടുള്ളവർക്ക് വെളിയിൽ അതായത് ലണ്ടൻ, ആക്സ്ഫോർഡ് മുതലായ യൂണിവേഴ്സിററികളിൽ ഡാക്ടർ ഡിഗ്രിക്കുള്ള അനുവാദം നിഷേധിക്കുകയാണ് ചെയ്യുന്നതെന്നുള്ളതറിയാമോ ? അതു് ഇവിടത്തെ സ്റ്റാൻറാർഡ് മോശമായിട്ടുള്ളതുകൊണ്ടാണെന്നറിയാമോ ?

ശ്രീ. ഏ. ജെ. ജാൺ : ഇവിടത്തെ സ്റ്റാൻറാർഡ് മോശമാണെന്നുള്ളതു് ഇതുവരെ ഗവണ്മെൻറിനറിവില്ല.

WRITTEN ANSWERS.

ആഫീസു ശിപായിമാർ.

*൫൫൦. [൪൩] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

ആഫീസു ശിപായിമാരെ മേലുദ്യോഗസ്ഥന്മാർ ആഫീസുസമയത്തു് വീട്ടുവേലയ്ക്കും സ്വകാര്യജോലിക്കും നിയോഗിക്കുന്നതു് സാധാരണമായിരിക്കുന്നുവെന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

ഇല്ല. ഗവണ്മെൻറുദ്യോഗസ്ഥന്മാർ ആഫീസുശിപായിമാരെ വീട്ടുജോലിക്കും മററും നിയോഗിച്ചുകൂടാ എന്നു നിഷ്കർഷിച്ചിട്ടുണ്ട്.

Right to cut off trees from Estates within the reserved areas.

* 551 (44) Shri T. S. Ramaswami: Will the Minister for Revenue be pleased to state:

(a) whether the right to cut off trees from the Estate areas within the reserved areas are given to Estate owners; and

(b) if so, which type of Estate owners are given this right and on what conditions ?

Minister for Revenue (Shri A. Chidambaranatha Nadar):

(*a*) Yes.

(*b*) Owners of Estates which are granted under Waste land rules, for Coffee or Tea cultivation, and such of the estate owners as have paid Thadivila at the time of registry are given this right. In the case of Estate granted under Waste Land Rules this right is governed by the respective title deeds. In such lands, the grantees can appropri ate for their use within the limits of the grant all timber except royalties (teak, blackwood, ebony, etc) If they remove timber outside the limit of the grant, it will be subject to payment of "Kuttikanam" or customs duty or both, as the case may be. In the case of excepted timber, *i. e.* royalties like teak, blackwood etc., the grantees are required to pay seigniorage or value fixed by Government.

പബ്ലിക്ക് സർവ്വീസ് കമ്മിഷൻ നിയമനങ്ങൾ.

*൫൫൨. [൪൫] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

പബ്ലിക്ക് സർവ്വീസ് കമ്മിഷൻ നിയമങ്ങൾ (റൂൾസ്) പുതുക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ച് തയ്യാറാക്കപ്പെട്ട കരട് ചട്ടങ്ങൾ ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

Administration Report.

*553 (46) **Shri O. C. Nainan:** Will the Chief Minister be pleased to state:

(*a*) whether the administration report of the Government for 1950-51 was published by the Government;

(*b*) when it will be ready for publication and distribution among the members of the Assembly;

(*c*) what is the cause of the delay in publishing the same;

(*d*) when will the Secretariat get the administration report from the heads of departments;

(*e*) what is the usual time taken by the Secretariat for the preparation of the report from the reports of the heads of departments;

(*f*) has the Government considered the question of publishing the administration report before the Budget Session of the Assembly ?

Chief Minister (**Shri A. J. John**):

(*a*) No.

(*b*) In a month's time.

(*c*) The report is under print.

(*d*) The departmental reports are due to be sent to Government before the 1st December 1951.

(*e*) Usually four months.

(*f*) Every effort is being made to publish the Administration Report during the Budget Session of the Assembly.

സ്കൂൾപുസ്തകങ്ങൾ.

* ൧൧൪. [൪൬] ശ്രീ. ററി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഗവൺമെൻറ് പ്രസിദ്ധീകരിക്കുന്ന സ്കൂൾപുസ്തകങ്ങൾ അച്ചടിക്കുന്നതിനു് ഓരോ അച്ചുക്കൂടക്കാരെയും ഏൽപ്പിക്കുന്നതു് എന്തടിസ്ഥാനത്തിലാണു്;

(ബി) ഇതിനു് പരസ്യമായ ലേലം ഗവൺമെൻറിൽനിന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) സക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്യാൻ സാധിക്കാതെ വരുന്ന പുസ്തകങ്ങളുടെ അച്ചടി പ്രൈവററ് അച്ചുക്കൂടക്കാരെ അവരവരുടെ കഴിവിനെ ആസ്പദമാക്കി ഏൽപ്പിക്കുന്നു.

(ബി) ഉണ്ടു്.

ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറുവക അച്ചടിവേലകൾ.

* ൧൧൫. [൧൩] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ പറയുന്ന ചോദ്യത്തിനു് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

സ്റ്റേററ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറുവക അച്ചടിവേലകൾക്കു് പ്രതിവർഷം എത്ര രൂപ ചെലവാകുന്നുണ്ടു്; ആ അച്ചടിവേല ഒരു പ്രൈവററ പ്രസ്സിനു് കുത്തക കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടു്?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

൧൧൨൫-൧൧൨൬ ഈ വർഷങ്ങളിൽ ടിക്കററ് ഇനത്തിൽ ൪൩,൨൪൪ രൂപ ൭ അണയും, ഫാറങ്ങൾ വകയ്ക്കു് ൧൫,൪൧൪ രൂപയും അച്ചടിക്കു് (കടലാസ്സുവില ഉൾപ്പടെ) ചെലവായിട്ടുണ്ടു്. അച്ചടിവേലകൾ ടെൻഡറുകൾ ക്ഷണിച്ചു് ഏററവും കുറഞ്ഞ ടെൻഡർ വച്ച പ്രസ്സിനു് കൊടുത്തിട്ടുണ്ടു്.

Registration Department.

✱ 556 [54] **Shri A. Kunjan Nadar:** Will the Minister for Registration be pleased to state:

(*a*) whether V. S. L. C. is fixed as the minimum qualification for appointment in Registration Department;

(*b*) The number of employees who are Vernacular Certificate holders;

(c) whether there is any order that their increment will be barred unless they pass the Secretariat Manual test; and

(d) whether that test is conducted in English or Vernacular ?

Minister for Revenue (**Shri A. Chidambaranatha Nadar**):

(a) V. S. L. C. is an alternative minimum qualification for a clerk's post in the Registration Department.

(*b*) 250.

(*c*) Yes.

(*d*) The test is conducted in English only.

Fee concession.

✱ 557. [55] **Shri A. Kunjan Nadar:** Will the Minister for Education be pleased to state:

whether there is a Government order that Hindu Nadar girls will be granted full-fee concession in High Schools and Colleges for a period of ten years from June 1946.

Chief Minister (**Shri A. J. John**):

There is no such specific rule. But according to general rules they are eligible for full-fee concession for the entire school course in the Travancore area.

B. A. Degree Examination.

✱ 558. [56.] **Shri A. Kunjan Nadar:** Will the Minister for Education be pleased to state:

(*a*) whether Malayalam Higher Examination and Sahithya Visaradh passed teachers are permitted to appear for the B. A. Degree Examination privately;

(*b*) whether Tamil Higher Examination passed teachers are granted the same privilege; and

(*c*) if not, why ?

Chief Minister (**Shri A. J. John**):

(*a*) Teachers who have passed Malayalam Higher Examination are not permitted to appear for the B. A. Degree Examination privately. But bonafide, whole-time teachers employed in recognised Schools or Colleges in this State who

have passed the Sahitya Visaradh Examination of the Travancore University are permitted to appear for the B. A. Degree Examination of the Travancore University.

(b) Tamil Higher Examination is only equivalent to Malayalam Higher and so they have no permission to appear for B. A. Examination privately.

(c) Does not arise in view of answer to (b).

സംയോജനം.

*൫൫൯. [൫൯] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൻെറ സംയോജനം താമസിപ്പിക്കുന്നതു് എന്തുകൊണ്ടാണു്;
(ബി) എന്നത്തേയ്ക്കു് ഇതു് പൂർത്തിയാകും?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ സംയോജനം ഗവണ്മെൻറിൻെറ ഗാഢമായ പര്യാലോചനയിൽ ഇരിക്കയാണു്. ഒഴിവാക്കാവുന്ന താമസം നേരിട്ടിട്ടില്ല.

(ബി) കഴിയുന്നതും വേഗത്തിൽ.

വായനശാലകൾ.

*൫൬൦. [൬൦] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു മുമ്പു് തിരുവിതാംകൂറിലെ വായനശാലകൾക്കു് മൊത്തം എത്ര രൂപ ഗ്രാൻറായി നൽകിയിരുന്നു;
(ബി) അന്നു് എത്ര വായനശാലകൾ ഉണ്ടായിരുന്നു;
(സി) ഇന്നു് എത്ര വായനശാലകൾ ഉണ്ടു്;
(ഡി) ഇന്നു് അവയ്ക്കു് മൊത്തം എന്തു തുക ഗ്രാൻറായി നൽകുന്നുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൪൪,൦൬൦ രൂപ.
(ബി) ൭൮൦.
(സി) ൧,൪൮൬.
(ഡി) ൮൩,൩൪൦ രൂപ.

സെൻട്രൽ ജയിലിലെ മോഷണം.

*൫൬൧. [൬൧] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) വിയ്യൂർ സെൻട്രൽ ജയിലിൽ ൧൯൫൦-ൽ നെയ്ത്തുഷെഡ്ഡിൽ ഒരു കളവു നടക്കുകയുണ്ടായോ;

(ബി) അതിനെപ്പററി അന്വേഷണം നടത്തിയതിൽ അറിവായ വിവരങ്ങഠം എന്തു്;

(സി) അതു സംബന്ധമായി ആരുടെയെങ്കിലും പേരിൽ കേസ്സെടുക്കുകയോ മററു നടപടി നടത്തുകയോ ഉണ്ടായിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ൲൱൨൰-ൽ വിയ്യൂർ സെൻട്രൽ ജയിൽ നെയ്ത്തുശാലയിൽ നിന്നും യാതൊന്നും കളവുപോയിട്ടില്ല.

(ബി) & (സി) ഉദിക്കുന്നില്ല.

എൻ. ജി. ഓ. മാരുടെ അവധി.

* ൭൱൨. [൱൨] ശ്രീ. എൻ. രാജഗോപാലൻ നായർ താഴെ പറയുന്ന ചോദ്യങ്ങഠംക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ

(എ) എൻ. ജി. ഓ. മാക്കു് പഠിക്കാനായി അസാധാരണ അവധി അനുവദിക്കുകയില്ലെന്നു് ഗവണ്മെൻറു് തീരുമാനിക്കാൻകാരണമെന്താണു്;

(ബി) ഫർലോ, പ്രിവിലേജ് മുതലായ അവധികഠം ഈ ആവശ്യത്തിനു് അനുവദിക്കാറുണ്ടോ;

(സി) പഠിച്ചുകൊണ്ടിരുന്ന ഏതെങ്കിലും എൻ. ജി. ഓ. മാക്കു് എക്സ്ട്രാ ഓർഡിനറി ലീവു് അനുവദിക്കയില്ലെന്ന സർക്കുലർ കാരണമായി പഠിത്തം നിറുത്തേണ്ടി വന്നിട്ടുണ്ടോ;

(ഡി) ആരുടെ എങ്കിലും ലീൻ നഷ്ടപ്പെട്ടിട്ടുണ്ടോ;

(ഇ) ഗവണ്മെൻറിൻെറ തീരുമാനം പുനഃപരിശോധന ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ദീർഘകാലത്തേയ്ക്കു് അസാധാരണ അവധി അനുവദിക്കുന്നതു് സവ്വീസിൻെറ കാര്യക്ഷമതയ്ക്കു് ഹാനികരമാണെന്നു് കണ്ടതുകൊണ്ടു്, അതിനു് ഒരു നിരോധനം ഏർപ്പെടുത്തേണ്ടതായിവന്നു.

(ബി) ഏർപ്പെടുത്തിയിരുന്ന നിരോധനം ഫർലോ, പ്രിവിലേജ് മുതലായ അവധികഠംക്കും ബാധകമായിരുന്നു.

(സി) ഗവണ്മെൻറിനു് അറിവല്ല.

(ഡി) ഇല്ല.

(ഇ) പുനഃപരിശോധന ചെയ്തു. ഉപരിപഠനാത്ഥം ഗവണ്മെൻറു ഉദ്യോഗസ്ഥന്മാക്കു് അവധി നൽകുന്നതിനു് അനുവദിച്ചുകൊണ്ടു് പുതിയ ഉത്തരവുകഠം പുറപ്പെടുവിച്ചിട്ടുണ്ടു്.

പുതിയ ഹൈസ്കൂഠം.

* ൭൱൩. [൱൪] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങഠംക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു പുതിയതായി അനുവദിച്ച ഹൈസ്കൂളുകളുടെ എണ്ണമെത്ര;

(ബി) ഹൈസ്കൂളുകൾ അനുവദിക്കുന്നതിന് ഗവണ്മെന്റ് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു;

(സി) ഒരു ഹൈസ്കൂൾ നടത്തിപ്പിനാവശ്യമായ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) സാധാരണ വ്യവസ്ഥകൾക്ക് പുറമേ ഏതെങ്കിലും പ്രത്യേക വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ള ഹൈസ്കൂളുകൾ എത്ര;

(ഇ) ആലുവാ സെററിൽമെന്റ് അനാഥശാലാമിഡിൽ സ്കൂൾ ഹൈസ്കൂളായി ഉയർത്തുവാൻ അനുവാദം കൊടുത്തപ്പോൾ സാധാരണ വ്യവസ്ഥകൾക്ക് പുറമേ ഫോർത്തുഫാമിൽ കുറഞ്ഞപക്ഷം ൩൦ കുട്ടികളുണ്ടായിരിക്കണമെന്നും അവരെല്ലാവരും അനാഥശാലയിലെ ബോർഡിംഗിൽ താമസക്കാരായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൩൧.
(ബി) അതാതുസ്ഥലത്തെ വിദ്യാഭ്യാസപരമായ ആവശ്യം.
(സി) വ്യവസ്ഥകൾ.

(൧) ഡിപ്പാർട്ടുമെന്റ് അംഗീകരിക്കുന്ന പ്ലാൻ അനുസരിച്ച് ആറ മുറികളുള്ള അളവിൽ ഒരു കെട്ടിടം ഉണ്ടായിരിക്കുക.

(൨) മൂന്നേക്കർ സ്ഥലം.

(൩) സ്കൂളിനാവശ്യമുള്ള ഉപകരണങ്ങൾ, സ്റ്റാഫ് മുതലായവ ഉണ്ടായിരിക്കുക.

(ഡി) ഒന്ന്.

(ഇ) ഉണ്ട്. ആലുവാ സെററിൽമെന്റിന് സമീപംവരെ ഹൈസ്കൂളുകൾ ഉള്ളതുകൊണ്ടും പ്രസ്തുത സ്കൂളുകൾ ആ പ്രദേശങ്ങളിലെ വിദ്യാഭ്യാസാവശ്യം നിവ്വഹിക്കുന്നതുകൊണ്ടും കൂടുതലായി ഒരു ഹൈസ്കൂൾ ആ സ്ഥലത്ത് ആവശ്യമായിരുന്നില്ല. എന്നാൽ വിദ്യാത്ഥികൾക്ക് താമസിച്ചു പഠിക്കത്തക്കവിധം റെസിഡൻഷ്യൻ സ്കൂൾ ഉണ്ടാകുന്നത് ഒരു പുതിയ പ്രസ്ഥാനമായിരിക്കുമെന്നും സെററിൽമെന്റിനുതന്നെ കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്നും കരുതി മററു സ്കൂളുകൾക്ക് ദോഷമില്ലാത്ത വിധത്തിൽ ഒരു ഹൈസ്കൂൾ പ്രത്യേക കാരണങ്ങൾകൊണ്ട് അനുവദിച്ചിട്ടുള്ളതാണ്.

പിരിച്ചുവിടൽ.

*൬൩൪. [൩൬] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അകാരണമായി മാനേജർമാർ അദ്ധ്യാപകരെ പിരിച്ചുവിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) മാനേജർമാർ അകാരണമായി അദ്ധ്യാപകരെ പിരിച്ചുവിടുക, ശമ്പളം കൊടുക്കാതിരിക്കുക ആദിയായ കാര്യങ്ങൾക്ക്

പരിഹാരം നേടുന്നതിനായി ഡിപ്പാർട്ടുമെൻറമേധാവികളെ സമീപിച്ചിട്ട അധിക കാലതാമസം വരുന്നതായി ഗവണ്മെൻറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇതു് സംബന്ധിച്ചുള്ള ഡിപ്പാർട്ടുമെൻറിന്റെ തുടർച്ചയായിട്ടുള്ള ഉത്തരവുകളെ ചില മാനേജർമാർ ലംഘിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡിപ്പാർട്ടുമെൻറിന്റെ ഉത്തരവുകളെ ലംഘിച്ചുകൊണ്ടു് ചില മാനേജർമാർ അദ്ധ്യാപകരെ പിരിച്ചുവിടുന്നതു നിമിത്തം അദ്ധ്യാപകർ തൊഴിലില്ലാതെ വിഷമിക്കേണ്ടി വരുന്ന പരിതഃസ്ഥിതികളെ അകററുന്നതിനായി തൊഴിൽത്തർക്കം കേട്ടു വേണ്ട തീരുമാനം ചെയ്യുന്നതിന് വ്യവസായമണ്ഡലങ്ങളിൽ ചെയ്യാറുള്ളതുപോലെ ഒരു ട്രിബ്യൂണലിനെ നിയമിക്കുന്നതിനെപ്പററി അദ്ധ്യാപക സംഘടനയിൽനിന്നും വല്ല നിവേദനങ്ങളും ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.
(ബി) ചില പരാതികൾ ലഭിച്ചിട്ടുണ്ടു്.
(സി) ഉണ്ടു്.
(ഡി) നിവേദനം ലഭിച്ചിട്ടുണ്ടു്.

അദ്ധ്യാപകരുടെ പ്രോവിഡൻറ ഫണ്ടു്.

*൫൩൩. [൩൩] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ പ്രോവിഡൻറ ഫണ്ടു് നിരക്ക് എന്തു്;

(ബി) ഈ നിരക്ക് എന്നുമുതലാണു് നടപ്പിലായതു്;

(സി) ൧൧൨൦ സെപ്റ്റംബർമാസം മുതൽ ൧൧൨൫ ഡിസംബർമാസംവരെ നിലവിലിരുന്ന വ്യവസ്ഥപ്രകാരം രൂപയ്ക്കു് ഒൻപതു പൈസ ക്രമത്തിൽ അദ്ധ്യാപകന്മാരും മാനേജരന്മാരും പ്രോവിഡൻറ ഫണ്ടു് വീതാംശം അടച്ചിട്ടും ആയതു അക്കൌണ്ടാഫീസിൽ വരവു വയ്ക്കാതെ രൂപായ്ക്കു് ആറു് പൈസാവച്ചു് മാത്രമെ കണക്കിൽ വരവുവച്ചിട്ടുള്ളു എന്നതു വാസ്തവമാണോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) രൂപയ്ക്കു് ഒൻപതു പൈസ.

(ബി) ഓരോ സ്കൂളും പദ്ധതിയിൽ ചേൎന്ന തീയതി മുതൽ ആ സ്കൂളിൽ നടപ്പിൽ വരുന്നതാണു്.

(സി) ഇതു് സംബന്ധിച്ചുള്ള വിവരങ്ങൾ റിപ്പോർട്ടു ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. പുതിയ പദ്ധതിപ്രകാരമുള്ള നിയമങ്ങൾ പൂൎത്തിയാകുന്നതോടുകൂടി അടച്ചിട്ടുള്ള തുക മുഴുവനും വരവുവയ്ക്കുന്നതാണു്.

പുതിയ വിദ്യാഭ്യാസപദ്ധതി.

❋ ൫൬൭. [൭൦] ശ്രീ. വാസുദേവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുതിയ വിദ്യാഭ്യാസപദ്ധതിയിൽ ചേർന്നിട്ടുള്ള ഹൈസ്കൂളുകൾ എത്ര; ചേരാത്ത ഹൈസ്കൂളുകൾ എത്ര;

(ബി) പ്രസ്തുത പദ്ധതിയിൽ ചേർന്നിട്ടുള്ള മിഡിൽസ്കൂളുകൾ എത്ര;

(സി) പദ്ധതിയിൽ ചേരാത്ത സ്കൂളുകൾക്ക് ഗ്രാൻറോ മററുവല്ല വിദ്യാഭ്യാസ സഹായമോ നൽകിവരുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) പദ്ധതിയിൽ ചേർന്നിട്ടുള്ള ഹൈസ്കൂളുകൾ ട്രെയിനിംഗ്സ്കൂളുകൾ ഉൾപ്പെടെ ൩൮൦; പദ്ധതിയിൽചേരാനുള്ള ഹൈസ്കൂളുകൾ ൩൨.

(ബി) പദ്ധതിയിൽ ചേർന്നിട്ടുള്ള മിഡിൽസ്കൂളുകൾ ൪൫൮.

(സി) ഫീ കൺസഷൻഗ്രാൻറല്ലാതെ വേറെ ഗ്രാൻേറാ മററു വിദ്യാഭ്യാസസഹായമോ നൽകിവരുന്നില്ല.

പുതിയ സ്കൂളുകൾ.

❋ ൫൬൮. [൭൧] ശ്രീ. വാസുദേവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതുതായി എത്ര പ്രൈവററ് മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും അനുവദിച്ചു;

(ബി) പ്രസ്തുത സ്കൂളുകളിൽ എത്ര സ്കൂളുകൾ പുതിയ വിദ്യാഭ്യാസ പദ്ധതിയിൽ ചേർന്നിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ൩൩ മിഡിൽ സ്കൂളുകളും ൨൭ ഹൈസ്കൂളുകളും.

(ബി) ൨൩.

High School and Primary School.

❋ 569. [72] **Shri Ganapathy:** Will the Minister for Education be pleased to answer the following question:

Is it a fact that Government are going to take over the Munnar High School and the Tamil Primary School from the Management?

Chief Minister **(Shri A. J. John):**

The question of taking over the management of the Munnar High school and the Tamil Primary school is under consideration.

പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാർക്ക ഇൻക്രിമെൻറ്.

❋ ൫൭൦. [൭൩] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാർക്ക പനമ്പിള്ളിപദ്ധതി അനുസരിച്ച് ആണ്ടുതോറും രണ്ടുരൂപ ഇൻക്രിമെൻറ കൊടുക്കാമെന്ന ഗവണ്മെൻറ സമ്മതിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ അങ്ങനെ ഇൻക്രിമെൻറ് കൊടുത്തിട്ടുള്ളതായി അന്വേഷിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) പദ്ധതിയനുസരിച്ച് അദ്ധ്യാപകന്മാർക്ക ഇൻക്രിമെൻറനൽകുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ ഇൻക്രിമെൻറ് അനുവദിച്ചിട്ടുള്ളത് ഓരോ സ്കെയിലിനു ഓരോ നിരക്കിലാണ്. പദ്ധതിയെപ്പറ്റിയുള്ള ഗവണ്മെൻറ പ്രൊസീഡിംഗ്സിൻെറ ഒരു പകർപ്പ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) ഇൻക്രിമെൻറ നൽകുന്നതു സംബന്ധിച്ചുള്ള നടപടിക്രമം പൂർത്തിയായിവരുന്നു. ഉടനെ തന്നെ അദ്ധ്യാപകന്മാർക്ക് അർഹതയുള്ള ഇൻക്രിമെൻറ നൽകുന്നതാണ്.

Pasumalai Shooting Incident.

※ 571 [75] **Shri K. Sattanatha Karayalar :** Will the Minister for Home Affairs be pleased to state:

(*a*) what are the reasons for the Pasumalai shooting incident; and

(*b*) has the Government ordered any public enquiry into the matter ?

Minister for Home Affairs **(Shri T. M. Varghese):**

The riotous conduct of the labourers. The attention of the Member is invited to the Press Note dated 30-4-1952. A copy is placed on the table.†

(*b*) No; Government are satisfied after careful enquiries that the firing on a riotous mob was unavoidable,

Graduate Teachers.

※ 572 [76] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

(*a*) whether the Government still maintain the proportion 1: 2: 3 in the distribution of grades of the Graduate Teachers in the Travancore area;

(*b*) if not, why ;

(*c*) whether the Government intend absorbing graduate teachers now on a basic pay of Rs. 50 into the third grade fixing the increment with retrospective effect ;

(*d*) if not. why ?

Chief Minister **(Shri A. J. John):**

(*a*) Yes, so far as permanent strength of graduate teachers is concerned.

(*b*) Does not arise.

(c & *d*) This is under active consideration.

---

† Please see the Appendix published in the Proceedings of the Legislative Assembly dated 30 6-1952, Vol. VI, No. 1.

പബ്ലിക്ക് ലൈബ്രറി നിയമങ്ങൾ.

*൫൧൩. [൧൯] ശ്രീ. പി. ഗോവിന്ദപ്പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറി നിയമങ്ങൾ പരിഷ്കരിക്കുവാൻ ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടു എത്ര കാലമായി; എന്ന് നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നായിരുന്നു ഉത്തരവ് ;

(ബി) അവർ അവരുടെ പ്രവൎത്തനത്തിന്റെ പുരോഗമനത്തെ കുറിച്ച് എന്തെങ്കിലും റിപ്പോർട്ടു സക്കാരിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഈ വകയിൽ എന്തെങ്കിലും ചെലവു വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഡി) എന്ന് അവരുടെ പ്രവൎത്തനം പൂൎത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

(എ) തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറി നിയമങ്ങൾ പരിഷ്കരിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചിട്ടില്ല. എന്നാൽ സ്ഥിരമായ വ്യവസ്ഥ ഉണ്ടാകുന്നതുവരെ ലൈബ്രറിയുടെ കാൎയ്യങ്ങൾ നിർവഹിക്കുന്നതിനും ആ സ്ഥാപനത്തിന്റെ പ്രയോജനം വർദ്ധിപ്പിക്കാൻ തക്ക ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും വേണ്ടി ഒരു കമ്മിററി ഏർപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിററിയെ നിയമിച്ചിട്ട് മൂന്നുവർഷം കഴിഞ്ഞു.

(ബി) അവരുടെ പ്രവൎത്തനങ്ങളെപ്പററി ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്.

(സി) അംഗങ്ങളുടെ യാത്രപ്പടിവകയിൽ രൂപ ൭൦൬൫ അണ ൭൦ ചെലവു വന്നിട്ടുണ്ട്.

(ഡി) ലൈബ്രറിയെ സംബന്ധിച്ച് ഗവണ്മെൻറ് സ്ഥിരമായ വ്യവസ്ഥ ഉണ്ടാക്കുമ്പോൾ.

UNSTARRED QUESTIONS.

ശ്രീ. പൊന്നയ്യാനാടാരുടെ സസ്പെൻഷൻ.

൭൩൧. [൭] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാൎയ്യമന്ത്രി സദയം മറുപടി പറയുമോ ;

സർക്കിൾ ഇൻസ്പെക്ടർ ശ്രീ. പൊന്നയ്യാനാടാരെ സസ്പെൻറുചെയ്യാനുണ്ടായ കാരണമെന്ത് ; അതിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ അന്വേഷണത്തിന്റെ സ്വഭാവം വെളിപ്പെടുത്താമോ ?

ഉത്തരം.

ഒരു പോലീസ് കാൺസ്റ്റബിളിനെ ദേഹോപദ്രവം ചെയ്കയാൽ സസ്പെൻറുചെയ്തു.

അതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്.

ഡിപ്പാർട്ടുമെൻറുമുഖേന നടത്തിയ അന്വേഷണത്തിൽ സർക്കിൾ ഇൻസ്പെക്ടർ കുററക്കാരനാണെന്നു തെളിഞ്ഞു

ആലുവാ മിഡിൽസ്കൂൾ.

൧൩൮. [൨] ശ്രീ. എം. എം. അബ്ദുൽ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവായിൽ ഈ സ്കൂൾവർഷത്തിൽ എത്ര ഹൈസ്കൂളുകൾ അനുവദിച്ചു;

(ബി) ആലുവാ ഗവമ്മെൻറ് മിഡിൽസ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തണമെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഗവമ്മെൻറിൻെറ തീരുമാനം എന്ത്?

ഉത്തരം.

(എ) രണ്ട്.
(ബി) ഉണ്ട്.
(സി) തൽക്കാലം ആവശ്യമില്ലെന്നു്.

School Teachers.

139. [3] Shri M. William: Will the Minister for Education be pleased to state:

(*a*) how many candidates were recruited as primary school teachers since April 1951;

(*b*) were they recruited after interview;

(*c*) whether after the interview is over, any list of those who are to be recruited is publised;

(*d*) whether those who are subsequently interviewed are appointed before those in the first list are absorbed;

(*e*) what are the general and professional qualifications required for a candidate to be recruited as a primary school teacher;

(*f*) has any preference been given to a candidate who passed E. S. L. C. examination in the third attempt to a candidate who came out successful in the first attempt?

Answer.

(*a*) 750.

(*b*) Yes.

(*c*) No. But a list of those selected for appointment immediately in the existing vacancies is sent to the Director of Public Instruction. The names of the rest are retained for consideration along with fresh candidates at a subsequent selection.

(*d*) Candidates who are subsequently interviewed are preferred for recruitment to those interviewed earlier if they are found better.

(e) General qualification : E. S. L. C., S. S. L. C., M. H. T. H., Sastri. Professional qualification : Trained Teacher's certificate.

(f) This cannot be answered without knowing the address of the candidate, if there is any such.

പട്ടത്താനത്തു ചിറയും, ഒരു വാതിൽചിറയും.

൧൪൦. [൪] ശ്രീ. കെ. സദാനന്ദൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

തിരുവനന്തപുരം താലൂക്കിൽ ചെട്ടിവിളാകം "പകുതിയിലുള്ള പട്ടത്താനത്തു ചിറയും", ഉള്ളൂർ പകുതിയിലുള്ള "ഒരുവാതിൽചിറയും" നന്നാക്കാത്തതുമൂലം മണ്ണന്തലയ്ക്കു ചുററുമുള്ള പ്രദേശങ്ങളിലെ കൃഷിക്കു വളരെയധികം ദോഷം സംഭവിച്ചുകൊണ്ടിരിക്കുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

നിയമസമീകരണം.

൧൪൧. [൭] ശ്രീ. ജോസഫ് വാഴപ്പിള്ളി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയുടെ സംയോജനം കഴിഞ്ഞതിൽപിന്നെ ഇരു സംസ്ഥാനങ്ങളിലും നിലവിൽ നിന്നിരുന്ന ഏതെല്ലാം നിയമങ്ങൾ ഏകീകരണം വരുത്തിയിട്ടുണ്ട്;

(ബി) ഇനി ഏതെല്ലാം നിയമങ്ങളിൽ ഏകീകരണം വരുത്തേണ്ടതായിട്ടുണ്ട്;

(സി) ഇതു ഏതു കാലത്തിനുള്ളിൽ ചെയ്തുതീക്കാമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്;

ഉത്തരം.

(എ) ഏകീകരണം വരുത്തിയിട്ടുള്ള നിയമങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ഏകീകരണം വരുത്തേണ്ടതായിട്ടുള്ള നിയമങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ഏതുകാലത്തിനുള്ളിൽ ചെയ്തുതീക്കാമെന്ന് കണിശമായി പറയുവാൻ സാധ്യമല്ല. എന്നാൽ കാലതാമസംകൂടാതെ ഏകീകരണം വരുത്തുന്നതാണ്.

Cultivable Waste Lands.

142. [11] Shri **T. S. Ramaswami:** Will the Minister for Revenue be pleased to statet :

the area of cultivable waste lands in the State in general and in the four taluks of Thovala, Agasteeswaram, Kalkulam and Vilavancode?

---

* Pleas See Appendix.

Answer.

About 11,54,282 acres in the State, and nearly 4,020 acres in the four taluks of Thovala, Agasteeswaram, Kalkulam and Vilavancode.

തരിശുഭൂമികൾ.

൧൪൩. [൧൪] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര ഏക്കർ ഭൂമി തരിശായി കിടക്കുന്നുണ്ടു്?

ഉത്തരം.

ഏകദേശം ൪,൨൦,൨൯൦ ഏക്കർ.

ആയിരം ഏക്കറിൽ കൂടുതൽ കൈവശം വച്ചുകൊണ്ടിരിക്കുന്ന നാടാർ കുടുംബങ്ങൾ.

൧൪൪. [൧൫] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ആയിരം ഏക്കർ ഭൂമിയിൽ കൂടുതൽ കൈവശം വെച്ചുകൊണ്ടിരിക്കുന്ന നാടാർ കുടുംബങ്ങളുടെ എണ്ണമെത്ര;

(ബി) പതിനായിരം ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള കുടുംബങ്ങളുടെ എണ്ണവും പേരുകളും വ്യക്തമാക്കുമോ?

ഉത്തരം.

(എ) ആരുമില്ല.
(ബി) ആരുമില്ല.

Vayyanam School.

145. [16] **Shri R. Kesava Pillai:** Will the Minister for Education be pleased to state:

whether the surrender of the Vayyanam school in Chadayamangalam pakuthi has been accepted by the department?

Answer.

No.

ഡ്രെഡ്ജർ.

൧൪൬. [൧൭] ശ്രീമതി. കെ. ആർ. ഗൌരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചേർത്തല തിരുമല ദേവസ്വത്തിലേയ്ക്കു ഗവൺമെന്റ് ഒരു ഡ്രെഡ്ജർ വാടകയ്ക്കു കൊടുത്തിട്ടുണ്ടോ;

(ബി) അതിന്റെ വാടക ഇനത്തിൽ ഗവണ്മെന്റിനു ഇനി എന്തു തുക വരുവാനുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ൫൪,൮൩൪ ക. ൬ ണ.

വായനശാലകൾ.

൧൪൭. [൨൧] ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചി ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിൽ ഇപ്പോൾ എത്ര വായനശാലകൾ ഉണ്ട്;

(ബി) ഇവയെല്ലാംകൂടി ഗവണ്മെന്റിൽനിന്നും എത്ര രൂപ ഗ്രാന്റ് നൽകുന്നുണ്ട്;

(സി) തിരുവിതാംകൂർ–കൊച്ചി ഗ്രന്ഥശാലാസംഘം ആരംഭിച്ച വർഷംമുതൽ ഓരോ കൊല്ലവും അതിന്റെ കീഴിൽ എത്ര വായനശാലകൾ വീതമാണുണ്ടായിരുന്നതെന്നും അവയ്ക്കു എന്തു തുകവീതം ഗ്രാന്റ് നൽകിയിരുന്നുവെന്നും പറയുമോ?

ഉത്തരം.

(എ) ൧൪൮൬.

(ബി) അവയെല്ലാം ഗ്രാന്റ് അർഹിക്കുന്നവയല്ല. ഗ്രാന്റ് അർഹിക്കുന്ന ൮൬൬ വായനശാലകൾക്ക് ൮൩,൩൪൦ രൂപ ൧൯൫൧-൫൨-ൽ കൊടുത്തിട്ടുണ്ട്.

(സി)

വർഷം.	വായനശാലകൾ.	ഗ്രാന്റ് നൽകിയ തുക.
൧൧൨൧	൪൭	...
൧൧൨൨	൨൬൩	൨,൫൦൦
൧൧൨൩	൪൦൧	൧൦,൬൯൫
൧൧൨൪	൧൦൩൯	൪൪,൦൬൦
൧൧൨൫	൧൨൬൯	൭൮,൦൦൦
൧൧൨൬ (ഏഴരമാസം)	൧൩൫൩	൯൦,൮൮൬
൧൯൫൧–൫൨	൧൪൮൬	൮൩,൩൪൦

സംഘത്തിൽ ചേർന്നിട്ടുള്ള വായനശാലകളിൽ സാരമായ ഒരു ഭാഗത്തിനു ഗ്രാന്റ് കിട്ടാൻ തക്ക യോഗ്യതയില്ല. എന്നാൽ അവ കൂടെ ഉൾപ്പെടുത്തിയാണ് എണ്ണം കാണിച്ചിട്ടുള്ളത്.

Estate schools in the Devicolam and Peermade taluks.

148. [23] **Shri Ganapathy:** Will the Minister for Education be pleased to answer the following question :

Why is that Government recognition has not been accorded to estate schools in the Devicolam and Peermade taluks ?

Answer.

The estate schools have not satisfied the Department regarding building, site and staff as provided in the Education Code.

12 NOON.]

ARREST OF SHRI K. SADANANDAN, MEMBER.

Mr. Speaker: I have to read a letter received from the City Second Class Magistrate, Trivandrum. It reads :

> "I have the honour to inform you that Shri K. Sadanandan, a Member of the Travancore-Cochin State Legislative Assembly, was produced before me today by the Puthenchanta Police to answer a charge under Sections 33 (f) and 41 (1) of Act II of 1952. He denied the charge and pending his trial I directed him to furnish a bond for Rs. 500/— with two sureties for like amount for his appearance before this Court. As he failed to furnish the sureties as directed, I have remanded him to custody till he furnishes the sureties. He is at present lodged in the Puthenchanta Police look-up."

ശ്രീ. ടി. വി. താമസ്: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. അറസ്റ്റ ചെയ്തവിവരം കോടതിയാണോ, ഡി. എസ്. പി. യാണോ അറിയിക്കേണ്ടതു്?

Mr. Speaker: Strictly speaking the judicial officer is bound to inform this House about such matters. In this respect, I have received information from the Magistrate. There is also a letter from the D. S. P. Because judicial officers are bound to inform us of such matters, I have read the letter for the information of the House.

ATTENDANCE REGISTER OF MEMBERS

Mr. Speaker: There is another matter to which I wish to draw the attention of the House. I understand that most of the hon. Members are not marking their daily attendance in the register kept for the purpose in the entrance hall. I may remind them that such failure to mark the attendance will create difficulties later when they claim daily allowance. The Assembly Office has necessarily to follow the attendance register in admitting claims for daily allowance.

VOTING OF DEMANDS FOR GRANTS

Demand XVIII—Education.

Mr. Speaker: We have got only two hours for discussing the Education Demand and there are about 118 motions. I will call upon movers of Motion No. 3, standing in the name of

Shri P. Govinda Pillai, 35, standing in the name of Shri A. Thanu Pillai, 43, standing in the name of Shri E. Gopalakrishna Menon, and 96, standing in the name of Shri P. S. Nataraja Pillai, and then we will start discussion on the whole Department.

Chief Minister (**Shri A. J. John**): Sir, I beg to move for a grant of Rs. 2,56,77,000 under Demand No. XVIII—Education.

Minister for Home Affairs (**Shri T. M. Varghese**): I second it.

Shri P. Govinda Pillai: Sir, I move:

To reduce the allotment of Rs. 27,75,000 for Block Grant to the Travancore University by Rs. 100|—.

സർ, വിദ്യാഭ്യാസത്തിൽ യൂണിവേഴ്സിറ്റിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക ആണ്ടുതോറും കൂടിക്കൂടിവരികയാണെന്ന് സമ്മതിച്ചുകൊള്ളുന്നു. ആണ്ടുതോറും കുറഞ്ഞുവരുന്ന വിജയശതമാനത്തെ നോക്കിയാൽ ഇങ്ങനെ കൂടുതൽ കൂടുതൽ പണം അനുവദിക്കുന്നതുകൊണ്ട് തദനുസരണമായ രീതിയിൽ പ്രയോജനം വർദ്ധിച്ചുവരുന്നില്ലെന്നു വ്യക്തമാകും. നമ്മുടെ വിദ്യാർത്ഥികളുടെ സംഖ്യ സ്കൂളുകളിലും കാളേജുകളിലും വർദ്ധിച്ചു വർദ്ധിച്ചു വരുന്നുണ്ടെങ്കിലും പാസ്സാകുന്നവരുടെ സംഖ്യ പ്രതിവർഷം കുറഞ്ഞുകുറഞ്ഞു വരുകയാണ് ചെയ്യുന്നതു്. കഴിഞ്ഞയാണ്ട് വിജയശതമാനം ൩൦ ആയിരുന്ന ഇൻറർമീഡിയററിൽ ഈത്തവണ ൨൩ ശതമാനമാണ് പാസ്സായിട്ടുള്ളതു്. സർ, ഇങ്ങനെ വിദ്യാർത്ഥികളുടെ വിജയശതമാനം കുറഞ്ഞിട്ടുള്ളതിന് കാരണം ഇങ്ക്വിലാബ് വിളിയാണെന്നു് ചിലർ പറഞ്ഞേയ്ക്കാമെങ്കിലും പരമാർത്ഥത്തിൽ അതല്ല കാരണം. ഇൻറർമീഡിയററുക്ലാസ്സിൽ ഈത്തവണയുള്ള വിജയശതമാനം കുറഞ്ഞുവരുന്നതിന് എന്താണ് കാരണമെന്നു് നാം വസ്തുനിഷ്ഠമായി ഒന്നു ആലോചിക്കേണ്ടതാണ്. അദ്ധ്യാപകന്മാരുടെ എണ്ണത്തിലും അവരുടെ യോഗ്യതയിലും, ശമ്പളത്തിലും പഠിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളിലും മററും ഇന്ന് അധികാരികൾ വളരെയൊന്നും ശ്രദ്ധിക്കുന്നതായി തോന്നുന്നില്ല. യൂണിവേഴ്സിററി കാളേജിലുള്ള വിജയശതമാനത്തെക്കാൾ അദ്ധ്യാപകരും ഉപകരണങ്ങളും കുറഞ്ഞ പ്രൈവററുകാളേജുകളിൽ വിജയശതമാനം കുറഞ്ഞിരിക്കുന്നതായി കാണാം. ചില പ്രൈവററു കാളേജുകളിൽ വിജയശതമാനം ഏതാണ്ടു യൂണിവേഴ്സിററി കാളേജിനോടു് തുല്യമായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം, അവിടെ അനേകം വിദ്യാർത്ഥികളെ ഡിറെറൻ ചെയ്തു പരീക്ഷയ്ക്കയയ്ക്കാതെ കൃത്രിമമായ വിജയശതമാനം കാണിക്കുന്നതിനാലാണ്. സംഘടനാപ്രവർത്തനത്തിലും രാഷ്ട്രീയപ്രബുദ്ധതയിലും എല്ലാ കാളേജുകളും തുല്യമാണ്. സ്റ്റേററ് ആവറേജിൽ കൂടുതലുള്ള യൂണിവേഴ്സിററിയിലാണ് കുറച്ചു കൂടുതൽ എന്നുകൂടി കാണാൻ സാധിക്കും. അപ്പോൾ കാരണം ഇങ്ക്വിലാബല്ല, മറെറന്തോ ആണ്. അതു് പ്രൈവററുകാളേജുകളിൽ പരക്കെ കാണുന്ന അദ്ധ്യാപകക്ഷാമവും, ഉപകരണദാരിദ്ര്യവും മററു സൗകര്യക്കുറവുകളുമാണെന്നു ഊഹിക്കുന്നതല്ലേ യുക്തിയുക്തം? ഈ വിദ്യാർത്ഥികൾ ഒരു ക്ലിപ്ത സ്റ്റാൻഡേർഡിൽ എത്തിയാലേ പരീക്ഷപാസ്സാകൂവെന്നു യൂണിവേഴ്സിററിക്കാർ അനുശാസിക്കുന്നുണ്ടു്. പക്ഷെ ആ സ്റ്റാൻഡേർഡിൽ എത്തിച്ചേരുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്നതിൽ, കാളേജുകളിൽ വേണ്ടത്ര

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

അദ്ധ്യാപകന്മാരും ട്യൂട്ടോറിയലിൽ പോയി അവരുടെ ആവശ്യത്തിനു മതിയാകത്തക്കവണ്ണമുള്ള പണം കിട്ടുന്നതിനുവേണ്ടി സമയം ചെലവഴിക്കുന്നുണ്ടു്. ഈ വണയാണെങ്കിൽ കാളേജു തുറന്നിട്ടു വളരെ നാളായിട്ടും ഇപ്പോഴും അദ്ധ്യാപകന്മാർ വേണമെന്നു പരസ്യം വരുന്നുണ്ടു്. ൪൦൦ വിദ്യാർത്ഥികൾ ഉള്ള കാളേജിൽ ൪൦൦ പുസ്തകങ്ങൾപോലും ഇല്ലാത്ത ലൈബ്രറികൾ ഉണ്ടു്. പുസ്തകങ്ങളില്ല, അദ്ധ്യാപകന്മാരില്ല, ഉള്ള അദ്ധ്യാപകന്മാൎക്കു് ശരിയായ ശമ്പളങ്ങളില്ല; അതിനാൽ സ്റ്റാഫില്ല. വിദ്യാഭ്യാസംതന്നെ തൊഴിലായി സ്വീകരിച്ചു് അതിൽ അനുദിനം കൂടുതൽ പ്രാവീണ്യം നേടി മുന്നോട്ടുപോകുന്ന ഉത്സാഹശീലരായ അദ്ധ്യാപകന്മാരില്ലെങ്കിൽ വിദ്യാലയങ്ങളിൽ എങ്ങനെയാണു് വിജയശതമാനം വൎദ്ധിക്കുക? സർ, കഴിഞ്ഞതവണ പ്രതിപക്ഷത്തിലെ ഒരംഗമായിരുന്നപ്പോൾ അങ്ങു് മഹാത്മാഗാന്ധിയേയും ഫാദർ എൽവിനേയും ഉദ്ധരിച്ചുകൊണ്ടു് ഇവിടത്തെ പ്രൈവററു വിദ്യാലയങ്ങൾ വ്യവസായസ്ഥാപനങ്ങളായും വ്യാപാരസ്ഥാപനങ്ങളായും അധഃപതിച്ചുപോയിയെന്നു പറഞ്ഞതു ഞാൻ ഓൎമ്മിക്കുന്നു. ലാഭക്കച്ചവടമായി നടത്തുന്ന കാളേജുകളിൽ വിദ്യാർത്ഥികൾക്കു സ്റ്റാൻേറഡു് ഇല്ലെങ്കിൽ അതിനു അവരെ പഴിച്ചതുകൊണ്ടു് എന്തു ഫലം? അവരുടെ സ്റ്റാൻേറഡു് വൎദ്ധിക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയാണു് വേണ്ടതു്. മദ്രാസിലെപ്പോലെ പ്രൈവററുകാളേജുകളിൽ അദ്ധ്യാപകാദ്ധ്യേതാക്കളുടെ എണ്ണത്തിന്റെ അനുമാനം നിശ്ചയിക്കുകയും യോഗ്യന്മാരായ അദ്ധ്യാപകന്മാരെ ലഭിക്കുവാനും അവരുടെ കുറഞ്ഞ ശമ്പളം നിശ്ചയിക്കുകയും, ജോലിസ്ഥിരത കൊടുക്കുകയും ചെയ്യണം. ഈ കാൎയ്യങ്ങൾ വല്ലതും വിദ്യാർത്ഥികൾ പറയുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം വല്ല രാഷ്ട്രീയപാൎട്ടികളുടെ മേലും അടിച്ചേല്പിക്കുന്ന ഒരു സമ്പ്രദായമാണു് ഇവിടെയുള്ളതു്. ഇങ്ങനെയുള്ള കാൎയ്യങ്ങളെ സംബന്ധിച്ചു് യൂണിവേഴ്സിററി അധികൃതർ യാതൊരു നിയന്ത്രണവും കാണിക്കാതെ, അതായതു് ഈ പ്രൈവററു കാളേജുകളെ സംബന്ധിച്ചിടത്തോളം ഈമാതിരി കാൎയ്യങ്ങളിൽ ശ്രദ്ധിക്കാതെയിരിക്കുന്നതുകൊണ്ടാണു് വിദ്യാർത്ഥികളുടെ സ്റ്റാൻേറർഡു ഇത്ര കുറയുവാൻ ഇടയായിട്ടുള്ളതു്. രാഷ്ട്രീയകാൎയ്യങ്ങളിൽ ഇടപെട്ടു എന്നു സംശയിക്കപ്പെടുന്നതിനാൽ വിദ്യാർത്ഥികൾക്കു് അഡ്മിഷനും പ്രമോഷനും തടയുന്ന ഒരു സമ്പ്രദായം ഇവിടെയുണ്ടു്. വിദ്യാർത്ഥികളെപ്പററി ഇങ്ങനെ ആരോപണം കൊണ്ടുവരാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ ചെന്നായുടെയും ആട്ടിന്റെയും കഥയിലെപ്പോലെ അവരുടെ രക്ഷകൎത്താക്കൾ ഏതെങ്കിലും രാഷ്ട്രീയകക്ഷികളോടു ചേൎന്ന എന്നായിരിക്കും അധികൃതർ അഡ്മിഷനും പ്രമോഷനും തടയുവാൻ കൊണ്ടുവരുന്ന ചാർജ്ജു്. സർ, വളരെയധികം മാൎക്കുകളോടുകൂടി ഫ-ാംക്ലാസ്സിൽ പാസ്സായിട്ടുള്ള ശ്രീ. ഓ. എൻ. വി. കുറുപ്പിനു് എം. ഏ.-യ്ക്കു യൂണിവേഴ്സിററികാളേജിൽ അഡ്മിഷൻ കൊടുത്തിട്ടില്ല. കേരളത്തിലെ ഉയൎന്നുവരുന്ന യുവസാഹിത്യകാരിൽ പ്രഥമഗണനീയനായ ഒ. എൻ. വി.-ക്കു് ഭാഷാപരിചയം എത്രയുണ്ടെന്നു് അവൎക്കു് രൂപം ഇല്ലപോൽ. ബി. ഏ. ഡബിൾ ഫസ്റ്റ്ക്ലാസ്സിൽ പാസ്സായ ശ്രീ. ഡി. എസ്സ്. കൃഷ്ണനു് എം. ഏ.-യ്ക്കു അഡ്മിഷൻ കൊടുത്തിട്ടില്ല. ഇതെല്ലാം തെളിയിക്കുന്നതു് ഗവണ്മെൻറും കാൺഗ്രസ്സും യൂണിവേഴ്സിററി അവരുടെ സ്വന്തം തറവാടെന്ന നിലയിൽ, നിയമത്തെ

ലംഘിച്ചും, വിദ്യാർത്ഥികളെയും അദ്ധ്യാപകന്മാരെയും ദ്രോഹിച്ചും, ഭീഷണിപ്പെടുത്തിയും നമ്മുടെ ആശാകേന്ദ്രമായ യുവതലമുറയെ തകരാറിലേക്കും നാശത്തിലേക്കും നയിക്കുന്നുവെന്നാണ് യൂണിവേഴ്സിററി സ്ഥാപനങ്ങളിലെ ഈ രാഷ്ട്രീയ സാമുദായികവിവേചനം യൂണിവേഴ്സിററി നിയമത്തെ തന്നെ ലംഘിക്കുകയാണ്. കമ്മ്യൂണിസ്ററ പുസ്തകങ്ങൾ യൂണിവേഴ്സിററിയിൽവെച്ച് വായിച്ചുകൂടെന്നും കമ്മ്യൂണിസ്റ്റ് ആശയങ്ങൾ കുട്ടികളിൽ കണ്ടുപോകരുതെന്നും പറയുന്നവരോട് ഞാൻ യൂണിവേഴ്സിററിനിയമം ഒന്നു വായിച്ചുനോക്കാൻ ആവശ്യപ്പെടുന്നു. സർ, ഏററവും പ്രധാനപ്പെട്ട ഒന്നായതുകൊണ്ട് ആ നിയമം ഒന്നു ഉദ്ധരിക്കുവാൻ അങ്ങു അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ൧൯൩൭-ലെ യൂണിവേഴ്സിററി ആക്ട് ൭-ാമത്തെ വകുപ്പിൽ വളരെവ്യക്തമായ ഭാഷയിൽ ഇതു പറയുന്നുണ്ട്.

> "No person shall be excluded from Membership of any of the authorities of the University or from admission to any degree or course of study on the sole ground of sex, race, creed, class or political views and it shall not be lawful for the University to adopt or impose on any person any test whatsoever relating to religious belief or profession or political views, in order to entitle him to be admitted thereto as a teacher, or a student, or to hold any office therein, or to graduate thereat, or to enjoy or exercise any privileges thereof, except where in respect of any particular benefaction accepted by the University such test is made a condition thereof."

ഈ നിയമം വായിച്ചുനോക്കുകയാണെങ്കിൽ സ്വതന്ത്രമായ അഭിപ്രായപ്രകടനം യൂണിവേഴ്സിററിയിൽ അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ വ്യക്തമായ യൂണിവേഴ്സിററിനിയമത്തിന്റെ വ്യാഖ്യാനമനുസരിച്ച് നാടുവാഴിത്ത സംരക്ഷകാഗ്രേസരനായിരുന്ന സചിവോത്തമൻപോലും അനുവദിച്ചിരുന്ന അവകാശങ്ങൾ ഈ കാൺഗ്രസ്സുകാർ നിരസിക്കുകയാണു ചെയ്യുന്നതെന്ന് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ഇന്ന് പല കാളേജുകളിലും അഡ്മിഷനു ചെല്ലുമ്പോൾ ൭-ാമത്തെ വകുപ്പിനെതിരായി ചോദ്യങ്ങൾ ചോദിച്ചുവരുന്നതായിട്ടറിയുന്നു. ഇങ്ങനെ അനാശാസ്യമായ രീതിയിൽ യൂണിവേഴ്സിററി അധികൃതർ പെരുമാറുകയാണെങ്കിൽ യൂണിവേഴ്സിററി ആക്ടിലെ ൨൨-ാം വകുപ്പനുസരിച്ച് ഗവണ്മെൻറിനു ഇതിൽ ഇടപെടാവുന്നതാണ്. പക്ഷെ അങ്ങനെ ഇടപെടാൻ ഗവണ്മെൻറ് ശ്രമിക്കുന്നില്ലെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. വല്ലപ്പോഴും ഇടപെടുകയാണെങ്കിൽ അതു് നിയമം ലംഘിച്ചവർക്കെതിരായല്ല, പാലിക്കുന്നവർക്കെതിരായിരിക്കും. സർ, വേറെയൊന്നു പറയാനുള്ളതു്, ഡിററൻഷനെക്കുറിച്ചാണ്. എന്തിനാണ് ഈ ഡിററൻഷൻ? രണ്ടോ മൂന്നോ കൊല്ലം യൂണിവേഴ്സിററി കോഴ്സ് ഉണ്ടെങ്കിൽ അതു കഴിഞ്ഞു് അവർക്ക് യോഗ്യതയുണ്ടോ കോഴ്സ് വിജയിച്ചോ എന്നു പരീക്ഷിക്കേണ്ടതു യൂണിവേഴ്സിററിയാണ്. കോഴ്സ് തീരുന്നതിനു മുമ്പും കോഴ്സിനു മദ്ധ്യത്തിലും സിലക്ഷൻ, എന്നെല്ലാം പറഞ്ഞു് വിദ്യാർത്ഥികളെ സീനിയർ ക്ലാസിലേയ്ക്കും യൂണിവേഴ്സിററി എക്സാമിനേഷനിലേയ്ക്കും അയയ്ക്കാതെ അങ്ങനെ ഡിറെറയിൻ ചെയ്യുന്നുണ്ട്. അങ്ങനെ

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

വിദ്യാർത്ഥിയുടെ യോഗ്യത പരീക്ഷിക്കാനുള്ള കടമയും കഴിവും ഉള്ള ഏകസ്ഥാപനമായ യൂണിവേഴ്സിററിക്കു പരീക്ഷിക്കാനുള്ള സൗകര്യം കൊടുക്കാതെ വിദ്യാർത്ഥികൾക്കും പബ്ലിക്കു പരീക്ഷയ്ക്കും ഇടയ്ക്കു ഇങ്ങനെ നിരവധി മുടക്കുകൾ വച്ചുപിടിപ്പിക്കുന്നതു് അന്യായമാണു്, അസംബന്ധമാണു്. ഡസൻ കണക്കിനുള്ള ഈ ഡിറെറൻഷൻ, സ്റ്റാൻഡേഡു് ഉജ്ഝിപ്പിക്കുമെന്നു പറയുന്നതു് വ്യാമോഹമാണു്. വിദ്യാർത്ഥികളുടെ ജീവിതം പാഴാക്കുന്ന ഈ വ്യവസ്ഥ, കാളേജധികൃതരുടെ ദുർഭരണത്തിന്റെ കൊടുമകൾ, വിദ്യാഭ്യാസരീതിയുടെ പരാജയത്തിന്റെ ദുഷ്ഫലങ്ങൾ നിരപരാധികളായ വിദ്യാർത്ഥികളുടെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമമാണു്. ഇതു് യാതൊരു വിദ്യാഭ്യാസശാസ്ത്രത്തിനും യോജിച്ചതല്ല. സർ, ഇൻകുലാബു് വിളിയാണു് കാളേജുകളിലെ വിജയശതമാനം കുറയുവാൻ കാരണമെങ്കിൽ പ്രാഥമിക വിദ്യാലയങ്ങളിലെ വിജയശതമാനം കുറയാൻ എന്താണു് കാരണം. പിഞ്ചുപൈതങ്ങളുടെ അച്ഛനും അമ്മയും കാൺഗ്രസ്സുകാരല്ലാത്തവർക്കു് വോട്ടുകൊടുത്തതു മൂലമാണു് അവരുടെ സ്റ്റാൻഡേഡു് കുറഞ്ഞതെന്നു മി. ജാൺപോലും പറയുമെന്നു തോന്നുന്നില്ല. ഇൻഡ്യയിൽ മററു പ്രവിശ്യകളിൽ പ്രാഥമികവിദ്യാലയങ്ങളിൽ ഏററവും കുറഞ്ഞ ശമ്പളം ൪൦–൧൫ രൂപയായിരിക്കെ ഇവിടെ ഉയർന്ന കൊച്ചി നിരക്കുപോലും ൩൧–൫൦ ആണു്.

Shri A. Thanu Pillai: Sir, I beg to move that the allotment of Rs. 1,3,39,800 for Secondary Education be reduced by Re. 1.

Sir, the cost of education in Travancore-Cochin naturally is assuming alarming proportions. But it is not for us to be alarmed at the prospect. We have, somehow or other, to find the necessary funds to meet the situation. The Constitution provides that every State in India should aim at introducing compulsory primary education at least within ten years from the date of the Constitution. We know what that means. Our policy regarding primary education is, so far as I can see, something that is very vague. indefinite, indecisive, disappointing. We wanted to introduce compulsory primary education hroughout the State in as short a time as possible. The original idea was ten years. We started the thing, but now we do not know where we stand. For the last two years, we have not made any progress at all and the Government has now begun to say that we have not got enough funds to pursue it. I have also read some accounts of speeches by some Ministers which indicate that what is needed in Travancore-Cochin today is not so much compulsion in regard to education, as affording facilities where they are asked for. I must warn the Government that this is quite a wrong stand that they are taking. Compulsion is not intended in the interests of the rich, of those who have already had the benefit of education, of the already educated section of the community, but in the interests of the backward classes; and the backward classes will get education only if compulsion is used. We have ample evidence of it already.

We find in areas where the compulsory system has been introduced that the system is not working well and that it is because of the indifference of the department and of the Government and of the failure of the backward classes to take advantage of the situation except by compulsion. Therefore, there is no use in saying that compulsion is not needed in Travancore-Cochin. If we want to benefit the sections of the population that stand in need of help, we want compulsion. So my suggestion is, let us have compulsion at least up to the age of eleven, instead of fourteen which the Constitution contemplates and then proceed further. Seeing that our expenditure is increasing, I will at first put forward a plea that sufficient co-operation is made available so far as education is concerned. I will make my meaning clear. Last year, the Education Minister put forward a scheme under which he wanted at least 80 per cent. of the fee collections in secondary schools being pooled together, so that the cost throughout the State might be made somewhat less than what it will otherwise be. Our education agencies came forward and said that they would co-operate with Government, but I am distressed to find that even though they outwardly show that they will co-operate, in actual practice, the spirit of co-operation is not seen. What I appeal for is this spirit of co-operation in education. Let the sums of money that are pooled together be made available for the general use of the State. That was what the Minister wanted. But the education agencies which claim to have done a great deal for education in this State are not prepared to accept it. I know there are schools which make a huge profit. Education should not be made a commercial venture. Even now there are high schools which make a profit. There are high schools where about 8 to 900 rupees go to pay the teachers and the management getting 2 to 3,000 rupees as profits. Even the 80 per cent. which must go into the pool, is not being paid. Therefore the cost of Government's expenditure on education is mounting up. Till last year about a lakh of rupees were being spent. This year's budget shows that the figure comes up to 36 lakhs. Where are we to find the money? I am really distressed to find that there is no spirit of co-operation in a matter of this kind. So let us take a more sober view.

In regard to primary education, I said we ought to extend our scheme further. On this question, I cannot agree with the Government's view that primary education cannot be extended now. There also the old order of things, the arrangements made once during Sir C. P. Ramaswami Aiyar's time should continue. I want to request the Government to consider whether it is not in the best interests of the State to see that no distinctions are made on communal or religious basis in regard to educational facilities. Let all children be taught in common schools, not in schools based on religious and other basis. With these general observations, I leave that question.

Now, Sir, I come to the question of the pay of the eachers. I have been bothered - I do not mean it in any wrong

[Shri A. Thanu Pillai.]

sense - by teachers coming to me and pleading for more pay and concessions and all that. I have very little time and I shall be content with making one or two specific points. In the case of secondary school teachers, there are a large number of teachers on a fixed pay of Rs. 50 a month. I have not forgotten that Mr. John has stated that their pay will be increased very shortly. But at present, there are very many teachers on Rs. 50. Yesterday I gathered-not from any announcement in the House- from a Minister that a statement would very soon be made, regarding the action taken by Government to relieve the condition of teachers in respect of pay, etc. Probably the Government are at it. I want them to get it done as early as possible. This fixed Rs. 50 affair must go. Their pay should be increased. And they must be given the increased scale of pay with effect from the date of their appointment.

In regard to primary school teachers. the pay of a primary school teacher in Cochin is Rs. 30-50. What is it here? A fixed pay of Rs. 25. I do not see any justification for this disparity. This sum of Rs. 25 is very low. Of course, the objection will be raised; where is the money to come from? It is for the Treasury Benches to find the money. Any reasonable proposal made by the Government to meet this very, very necessary item of expenditure will, I am sure, be supported by all sections in this House. Only they are dealing with the finances of this State, and so they ought to bring forward the necessary proposals. They cannot ask us how to find the money. I will only tell them 'You are spending the whole money. According to me, you are wasting lots of money. You must find this money.' So the Government cannot be allowed to say they have no funds.

Then there is the question, as I have already brought to the notice of this House, of the higher trained teachers. Government gave us the reply that the higher trained men are being recruited as teachers. But the complaint from these people is that their claims are not recognised; and in fact, they are not recruited.

Then the question of the text books. It is a source of scandal. The Third Form text book affair is only an index of the way in which things are done. It shows how text books are prescribed. Better attention should be paid to the entire question.

Next, the question of language in schools. It has been mentioned in many places that the standard is going down that the standard in colleges is going down because the subjects are taught in High schools in Malayalam or Tamil and then all on a sudden, in the college classes, they are taught in English. The standard in English is very low and therefore they cannot get advantage of the teaching. The Central Government are appointing a Committee to go into the question of secondary education. I do not know what this committee is going to do. Probably, representatives from this State will also be on this

Committee. Anyway if that Committee is to deal with secondary education as a whole, in regard to all its details and applicability to the country as a whole, then our State must also be represen- ted on it And this Government should take steps to see that our difficulties and peculiarities are brought to the notice of the Committee before the Committee makes a report.

Shri R. Kesava Pillai: May I know the hon. Member's opinion on the question of language in schools ?

Shri A. Thanu Pillai: My opinion does not count. My opinion is that we can learn as many languages as possible. I do not want to dispense with English. And Hindi also, we must have. But more time should be allotted for the study of English in the high schools. Now it is only six periods in a week If proficiency cannot b secured by this work more work and more time should be allotted Anyway it is a matter for the Committee. It is for the educationists in the land to decide the question.

I find from the Budget, that some colleges, some Government colleges, are not affiliated to the Travancore University. That is a question which must be looked into.

In regard to the discipline of students, that is a question on which opinions may differ, but I have always felt that it is not a matter on which any section of the people and Government should be at variance. And I for one may be excused for expressing my firm view that we should not make it necessary for our children to take their problems into their own hands or allow them to think that their problems could be solved only by themselves in their own way, rather than have them dealt with by the authorities, by their parents or by their elders. At present the situation in the country is most unhappy, that students should take upon themselves the task of redressing their grievance I would say that in this matter also there should be a strong spirit of co-operation. I would also humbly request all people, all sections of opinion, political and otherwise, to see to it that this conflict does not persist. Of course, there may be advantages. For instance, my own party may get some advantage if we get the students to join us. But I am far from taking advantages in that way. That is not the kind of advantage that any political party should think of getting. The work of the students should be in the interests of the students themselves, and the authorities and the elders should see to it that their diffieulties are removed. Let their be more co-operation and cordiality in that sphere. Otherwise, our State is going to be thrown into a state of chaos and disorder. Already, I find, Sir, tears come to my eyes that the future citizens of our country are, rightly or wrongly, made to behave in a manner that is certainly not creditable to any State. I do not blame the students. I do not blame the authorities. It is not my purpose to apportion blame, but the situation must be got over. The students must have enough

[Shri A. Thanu Pillai]

time, enough facilities to attend to their legitimate work. At the same time, they should not be made to feel that their grievances, and their difficulties are not getting the attention which they should. This conflict between the teachers and the taught is of recent growth. I hope nobody will misunderstand me, considering the spirit in which I offered my remarks. Then let us see to it that our young generation is brought up in a way that will be creditable to the State, and useful to posterity.

Shri E. Gopalakrishna Menon: Sir I have given notice of another motion for discussion. I may be permitted to speak on that motion also.

Mr. Speaker: Those are matters that are already agreed to. You please move your motion and make the speech now that you want to make on the other motion.

Shri E. Gopalakrishna Menon: Sir, I move to reduce the allotment of Rs. 1,35 8 3600 for Primary Education by Rs. 100.

സർ, ഇന്നു വിദ്യാഭ്യാസരംഗത്തു വളരെ അധികം കുഴപ്പങ്ങൾ ഉണ്ടെന്നും വിദ്യാർത്ഥികളുടെയിടയിലും അദ്ധ്യാപകന്മാരുടെയിടയിലും ഒട്ടധികം അസ്വസ്ഥതകളുണ്ടെന്നും എല്ലാവരും സമ്മതിക്കും. പക്ഷെ അതിനു ഭരിക്കുന്ന കക്ഷിയിൽനിന്നു പറയുന്ന കാരണങ്ങൾ കമ്മ്യൂണിസ്റ്റുകാർ വിദ്യാർത്ഥികളെയും അവശരായുള്ള അദ്ധ്യാപകന്മാരേയും തങ്ങളുടെ രാഷ്ട്രീയോദ്ദേശത്തിനുവേണ്ടി തിരിച്ചുവിടുന്നതുകൊണ്ടാണ് ഈ കുഴപ്പങ്ങൾ ഉണ്ടാകുന്നതു് എന്നാണ്. അതിനു മറുപടി പറയുന്നതിനു മുമ്പായി ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പറ്റി എനിക്കു അല്പം വിശദീകരിക്കേണ്ടതുണ്ടു്. സർ, ഇവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസം ഏർപ്പെടുത്തിട്ടുള്ളതു് ബ്രിട്ടീഷ് ഭരണാധികാരികൾ അവരുടെ ഭരണം തുടർന്നുകൊണ്ടുപോകുന്നതിന് ആവശ്യമായ ഗുമസ്ഥന്മാരെ സൃഷ്ടിക്കുന്നതിനു വേണ്ടിയായിരുന്നു. അതിന് പ്രത്യേകമായ ചില നിബന്ധനകൾ സൃഷ്ടിച്ചുകൊണ്ടു് ഇവിടെ ഒരു വിദ്യാഭ്യാസസമ്പ്രദായം അവർ ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ കാലാന്തരത്തിൽ അവർക്കു ആവശ്യമുള്ളതിൽ കൂടുതൽ ആളുകൾ അഭ്യസ്തവിദ്യരായി മുമ്പോട്ടുവരാൻ തുടങ്ങി. അങ്ങനെ വിദ്യാഭ്യാസം കിട്ടിയവരിൽ തൊഴിലില്ലായ്മ വളർന്നുവന്നു. ഈ പ്രശ്നത്തിനു ഒരു പരിഹാരമുണ്ടാക്കേണ്ടതിന്റെ ആവശ്യകത ബ്രിട്ടീഷുഭരണം ഇവിടെ നിലനിൽക്കുന്ന കാലത്തുതന്നെ എവർക്കും ബോദ്ധ്യമായിട്ടുള്ളതാണ്. ൧൧൨൦-ൽ ആണെന്നുതോന്നുന്നു, സർ. സി. പി. രാമസ്വാമി അയ്യർ ഈ വിദ്യാഭ്യാസരീതിയിൽ ഒരു മാറ്റം വരുത്തേണ്ടതാണെന്നു കണ്ടതുകൊണ്ടു് ഇതിനെക്കുറിച്ചു് അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനുവേണ്ടി ഇവിടത്തെ യൂണിവേഴ്സിറ്റി പ്രൊവൈസ് ചാൻസലർ ആയിരുന്ന മിസ്റ്റർ പേപ്പ്വർത്തു് ചെയർമാനായും കൈനിക്കര പത്മനാഭപിള്ള സിക്രട്ടറിയായും ഒരു കമ്മററിയെ നിയമിക്കയുണ്ടായി. തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന് വിദ്യാഭ്യാസത്തെ അക്കാഡമിക് സെക്ഷൻ എന്നും ടെക്നിക്കൽ സെക്ഷൻ എന്നും രണ്ടായിതിരിക്കണമെന്നു ആ കമ്മിററി അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ടു്. ആ റിപ്പോർട്ടിൽ

എന്തെല്ലാം കുറവുകളുണ്ടെങ്കിലും കേവലം ഗുമസ്തന്മാരെ സൃഷ്ടിക്കുന്ന തരത്തിലുള്ള ഇന്നത്തെ വിദ്യാഭ്യാസത്തിനു ഒരു മാററം വരുത്തേണ്ടത്തു ആവശ്യമാണെന്നു അവർ ശക്തിയായി അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവിടെ കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം പഴയ വിദ്യാഭ്യാസസമ്പ്രദായത്തിൽ എന്തു മാററം വരുത്തിയിട്ടുണ്ട്? സാങ്കേതിക വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനുവേണ്ടി ഇവിടെ ഇൻജിനീയറിംഗ് കാളേജും, ടെക്നോളജിക്കൽ കാളേജും, മെഡിക്കൽകാളേജുംമററും ഉണ്ടാക്കിയിട്ടുണ്ടെന്നു നമ്മുടെ മന്ത്രിമാർ പറയുമായിരിക്കും. നമുക്കു ഇൻജിനീയർമാരും ഡാക്ടർമാരും ധാരാളം ആവശ്യമാണെന്നും ഒരു കമ്മ്യൂണിസ്ററുഗവൺമെൻറ് വന്നാലും അവരെ വേണ്ടിവരുമെന്നും അതുകൊണ്ടു വിദ്യാർത്ഥികൾ ശരിക്കു പഠിക്കണമെന്നും മററും നമ്മുടെ ധനകാര്യമന്ത്രി അടുത്തൊരു ദിവസം പ്രസംഗിച്ചതായി ഞാൻ പത്രത്തിൽ വായിച്ചു. നമുക്കു ഇൻജിനീയർമാരും ഡാക്ടർമാരും ധാരാളം ആവശ്യമുണ്ട്. അതുവേണ്ടാ എന്നു ഇവിടെ ആരാണു പറയുന്നത്? എന്നാൽ ഇവിടത്തെ വിവിധ കാളേജുകളിലായി എത്ര വിദ്യാർത്ഥികൾക്കു ഇന്നു ഏതെല്ലാം തരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നുണ്ട്? ൫൯ വിവിധ കാളേജുകളിലായി ൫൩,൯൦൦ വിദ്യാർത്ഥികൾ ഉണ്ടായിരുന്നതിൽ ടെക്നിക്കൽ വിദ്യാഭ്യാസം ലഭിക്കുന്നവർ ൨൯൦ പേർ മാത്രമായിരുന്നു. അതായത് ആകെ കാളേജ് വിദ്യാർത്ഥികളിൽ ൪ ശതമാനത്തിനു മാത്രമാണ് എന്തെങ്കിലും സാങ്കേതികവിദ്യാഭ്യാസത്തിനു സൗകര്യമുണ്ടായിരുന്നത് എന്നർത്ഥം. അതുതന്നെ കൊല്ലംതോറും കുറഞ്ഞുവരുന്നു. വാസ്തവത്തിൽ സാങ്കേതികവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ കൊല്ലംതോറും ഗവൺമെൻറ് കുറച്ചുകൊണ്ടാണ് വരുന്നത്. ഓരോ കൊല്ലവും ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് ആർട്ട്സ് കാളേജിൽനിന്നു പഠിച്ചു കഴിഞ്ഞു പുറത്തേയ്ക്കു വന്നുകൊണ്ടിരിക്കുന്നത്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ എണ്ണം പെരുകിവരുന്നത് അധികാരത്തിലിരിക്കുന്നവർക്കു കുറെ അസ്വാസ്ഥ്യമുണ്ടാക്കുന്ന കാര്യമാണ്. ഈ പ്രശ്നത്തെ നേരിടുന്നതിനുവേണ്ടി ഇവിടത്തെ ഭരണാധികാരികളും വിദ്യാഭ്യാസാധികൃതരും കൂടി യോജിച്ചുകൊണ്ടു ചില പരിപാടികൾ സൃഷ്ടിച്ചിരിക്കുകയാണ്. വിദ്യാർത്ഥികളെ പരീക്ഷക്കിരുത്താതെ ഡിറെറയിൻചെയ്യുക, സസ്പെൻറു ചെയ്യുക, പരീക്ഷയിൽ തോല്പിക്കുക, എന്നിങ്ങനെ പരീക്ഷ പാസ്സായി പുറത്തുവരുന്നവരുടെ എണ്ണം കുറക്കുക എന്നൊരു നയമാണു യൂണിവേഴ്സിററിയും ഗവൺമെൻറും സ്വീകരിച്ചിരിക്കുന്നത്. ഇതിനുപുറമെ വിദ്യാഭ്യാസത്തിന്റെ ചെലവു വർദ്ധിപ്പിച്ചു ഉയന്ന വിദ്യാഭ്യാസത്തിന് പോകുവാൻ അധികമാളുകൾക്കും കഴിവില്ലാത്ത ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുക എന്നുള്ളതും ഒരു നയമായി ഇപ്പോൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ ഹോസ്റ്റൽഫീസും പരീക്ഷാഫീസും വർദ്ധിപ്പിച്ചതിന്റെ ഫലമായി ഓരോ വിദ്യാർത്ഥിക്കും മാസം ൫൦ രൂപ വീതം കൂടുതൽ ചെലവു വരുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ നേരെയുള്ള അധികാരിവർഗ്ഗത്തിന്റെ ഇത്തരം അക്രമങ്ങളെ എതിർത്തു വിദ്യാർത്ഥികൾ അവരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി വാദിക്കുമ്പോൾ, കമ്മ്യൂണിസ്ററുകാർ അവരെ വഴി തെററിക്കുന്നുവെന്നു പറഞ്ഞു അതിനെ തടഞ്ഞുനിറുത്തുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾ രാഷ്ട്രീയരംഗത്തു ഇടപെടാൻപാടി

[ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ.]

ല്ലെന്നു ഇവിടെ പല മെംബറന്മാരും പറഞ്ഞു. ഇവിടത്തെ ലൈബ്രറികളിൽ വിശ്വവിഖ്യാതന്മാരായ ഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങൾ സൂക്ഷിക്കുവാൻ പാടില്ലാ എന്നു കല്പന പാസ്സാക്കിയിരിക്കുന്നു. വിദ്യാർത്ഥികൾ അവരുടെ മാസികകളിൽ ഇന്നിന്ന വിഷയങ്ങളെപ്പററി എഴുതിക്കൂടെന്നു മന്ത്രിമാർ ഉത്തരവിടുന്നു. ഭരണഘടനയിൽ ഉറപ്പുതന്നിട്ടുള്ള മൗലികാവകാശങ്ങളെ ഇങ്ങനെ ധ്വംസനം ചെയ്യുമ്പോൾ. ഈ രാജ്യം നഗ്നമായ ഫാസിസത്തിലേക്കു വലിച്ചിഴയ്ക്കപ്പെടുമ്പോൾ അതിനെ ചോദ്യം ചെയ്യേണ്ടെന്നാണോ പറയുന്നതു്? ഗ്രാൻറസ്സ് അദ്ധ്യാപകന്മാർക്കും രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുവാൻപാടില്ലത്രെ. അങ്ങനെ ചെയ്യുന്നവരെ അടിച്ചു പുറത്താക്കുമെന്നു പറയുന്നു. എന്നാൽ അവർക്കു റേഷൻ വാങ്ങാൻ മതിയാവുന്ന ശമ്പളം ഇവർ കൊടുക്കുന്നില്ലതാനും. അദ്ധ്യാപകന്മാർക്കു തിരുവിതാംകൂറിലും കൊച്ചിയിലും ഓരോ തരത്തിലാണു് ശമ്പളം. കൊച്ചിയിൽ പ്രൈമറി അദ്ധ്യാപകൻ ൩൦ രൂപ വാങ്ങുമ്പോൾ തിരുവിതാംകൂറിലെ പ്രൈമറി അദ്ധ്യാപകനു് ൨൫ രൂപയാണു് ശമ്പളം. കൊച്ചിയിൽ ഗ്രാൻറസ്സ് അദ്ധ്യാപകനു്, സർക്കാർ അദ്ധ്യാപകനു കിട്ടുന്ന അലവൻസു കൊടുക്കുന്നില്ല, എന്നാൽ തിരുവിതാംകൂറിലെ ഗ്രാൻറസ്സ് അദ്ധ്യാപകനു് അലവൻസു തന്നെയില്ല. ഇങ്ങനെ വിഷമം പിടിച്ച നിലയിൽ അവർ കഴിഞ്ഞുകൂടുന്നു. അവരുടെ കാര്യങ്ങൾക്കുവേണ്ടി അവർ നിയമവിധേയമായി വാദിക്കുമ്പോൾ അതെല്ലാം കമ്മ്യൂണിസ്ററു് ഇംപാച്ചിയാണെന്നു പറഞ്ഞു അവരെ സർവ്വീസിൽനിന്നു പിരിച്ചയയ്ക്കുന്നു. സർ, ഗ്രന്ഥശാലകളിൽ നല്ല പുസ്തകംവേണമെന്നു പറഞ്ഞാൽ കമ്മ്യൂണിസ്റ്റായി, അദ്ധ്യാപകൻ ജീവിക്കാൻ മതിയായ ശമ്പളം ആവശ്യപ്പെട്ടാൽ കമ്മ്യൂണിസ്റ്റായി, വിദ്യാർത്ഥികൾ വിദ്യാഭ്യാസകാര്യങ്ങൾ കിട്ടണമെന്നു പറഞ്ഞാൽ അതും കമ്മ്യൂണിസ്റ്റായി. ഈ രാജ്യത്തു മനുഷ്യൻ എങ്ങനെ പൊറുക്കുമെന്നു ഞാൻ ചോദിക്കുന്നു? അധികാരത്തിലിരിക്കുന്നവർക്കു ഒരു കമ്മ്യൂണിസ്ററുവിഭ്രാന്തി പിടിപെട്ടിരിക്കുകയാണു്.

സർ, കാററാടിയുടെ നേരെ യുദ്ധത്തിനു പുറപ്പെട്ട സ്പാനിഷ്നോവലിലെ സുപ്രസിദ്ധ കഥാപാത്രമായ ഡോൺകിക്സോട്ടിന്റെ അനുയായികൾ ഈ ഭാഗത്തല്ലെന്നും ആ ട്രഷറിബെഞ്ചുകളിൽ, മന്ത്രിക്കസേരയിൽത്തന്നെയാണു് അവരുള്ളതെന്നും ഞാൻ ധനകാര്യമന്ത്രിയെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഞങ്ങൾ, കമ്മ്യൂണിസ്ററുകാർ വിദ്യാർത്ഥികളെ ഞങ്ങളുടെ രാഷ്ട്രീയോദ്ദേശങ്ങൾക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചിട്ടില്ലാ എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ അതേ സമയത്തു വിദ്യാർത്ഥികൾ അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നടത്തുന്ന എല്ലാ സമരങ്ങൾക്കും ഞങ്ങളുടെ പിൻതുണയുണ്ടായിരിക്കുന്നതാണു്. ശ്രീ. പട്ടം താണുപിള്ള ഇവിടെ പ്രസ്താവിച്ചതുപോലെ വിദ്യാർത്ഥികളെ കുഴപ്പങ്ങളിലേക്കു ഇറക്കിവിടത്തക്ക പരിതഃസ്ഥിതി ഉണ്ടാക്കാതിരിക്കാൻ അധികാരപ്പെട്ടവർ ശ്രദ്ധിക്കുമെങ്കിൽ അതു എല്ലാവർക്കും നന്നായിരിക്കുമെന്നുമാത്രമാണു് അവസാനമായി എനിക്കു പറയുവാനുള്ളതു്.

Shri P. S. Nataraja Pillai: Sir, I move:

To reduce the total allotment of Rs. 2,56,77,000 under Demand XVIII by Rs. 100.

Sir, as far as this University is concerned, I have to make one remark. Sir, the University is now managing colleges as well. The Government Colleges have been handed over to the management of the University and grant is being given by Government. I do not think that it is a legitimate function of the University to undertake that work. They are an academic body set up for the purpose of prescribing the courses of study for the colleges and inspection of the colleges. They should not undertake the responsibility of running educational institutions; and by undertaking that responsibility, Sir, the University has brought discredit on itself. If I may say so, Sir, in the scramble for appointments the atmosphere which was in the University, has become most unsatisfactory, and there are ever so many charges against it There are instances of places falling vacant not being filled up. There is the charge that Committees which are set up for the selection of Professors are not sitting and proper selection is not made. If the University will divest itself of this function of managing institutions and leave it to the Government, and enforce the standard by inspection and fix the courses of study for degrees that may be prescribed, it would be very much better. The University should undertake only the responsibility for research and training students for higher studies. On that aspect, from the funds provided the research work done under the University is so far disappointing. Adequate provision is not seen to have been made to develop research under our University. As was pointed out here, even the research work under Statistics or, for that matter, any other branch is not adequately developed.

I may just draw attention to one aspect of the matter. In the Faculty of Oriental Studies, there is a branch for Tamil research. The University has provided not even a single pie for payment to the Research Professor. He is being maintained by the endowment made by a particular individual specifically for Tamil Research. That is the attitude taken by the University in the matter of research.

In the same way, Sir, there seems to be now a proposition that the Sanskrit College which is one of the institutions under the Oriental Faculty, is to be abolished and added on to the regular course of the Arts College. There is a distinction in that. I refer to it only to this extent. In the regular Arts Course, degrees in Sanskrit are based upon literature and other analogous subjects. The course of study in Sanskrit College as apart from the syllabus prescribed for the Arts Course, is very different, and the conception of our Sanskrit College itself is different. So, these are facts which the University will take note of, and the University should so adjust itself to maintain the academic position which it is expected to do.

Shri R. Kesavan Nair: What is the hon. Member's view regarding the revival of Sanskrit by instituting a Sanskrit Chair in the Arts College?

Shri P. S. Nataraja Pillai: As I have already said, I maintain that the Sanskrit College should be continued and maintained as a separate institution. The suggestion put forward is absolutely wrong. The study and the courses of study in the Arts College are entirely different from what is obtaining in the Sanskrit College.

Shri N. P. Varghese: Do you mean to say that the Sanskrit Professor in the Arts College should also be retained ?

Shri A. Thanu Pillai: If and when professors are required for other subjects why should there be any distinction for Sanskrit ?

Shri P. S. Nataraja Pillai: As far as I am concerned, Tamil should also find an equal place and status in the Arts College. I am maintaining that Sanskrit, Tamil and Malayalam should be maintained on the same status with separate Professors for each.

Then coming to the multiplicity of colleges in this country, Sir, there is a distinct opinion in the country that Arts Colleges and Arts courses should not be multiplied. Provision should be made for technological studies. Somehow or other, in recent times there has been a great demand for higher studies and a lot of colleges have come into existence in recent years. I have no complaint about that. The only point I want to mention is that if private institutions are coming up to cater to the needs of the youth of the country in the matter of University Courses, Government must consider whether it is necessary to give grants to such institutions. My view is that instead of giving grants to these institutions, poor students who are going to be benefited by these institutions and who are incapable of finding funds to prosecute their studies may be given personal scholarships. No grant for higher education as block grants should be granted. This, I say, Sir, because of the fact that I place greater emphasise on Primary Education. That should be made compulsory. Therefore, when from the general revenue we have to contribute a very large amount for the introduction of the compulsory scheme of education and that according to modern conceptions of education with sufficient emphasis on the basic ideal of modern education, it is time for Govenment to think whether they should continue spending large amounts by way of grants for higher education. I think we will have to decide that question sooner or later. Therefore, I plead that it is absolutely necessary to increase the allotment for Primary Education and see that compulsory education is introduced and worked in a better way. Sir, I am sorry to say, from my personal experience that the compulsory education scheme that is worked in this State is far far from satisfactory. No care or pains is taken either by the Government or by the department to work it more effectively.

Then, Sir, about the pay of teachers. This question has become a common ground of all sections of this House that there should not be any disparity in the pay of Primary School teachers of one section of the State and the other,

Then, Sir, about the grant to libraries. Every student is entitled to study any subject whether it be Marxism or any other subject. The only distinction that I would draw is that the study of a subject does not mean the practical application of it. If you study medicine it is not incumbent or necessary or right for you to begin treating persons. Any political theory, any economic theory or any scientific theory is a subject for study to the inquiring mind. You can study politics but it is not necessary or right for you to enter into practical politics. As long as an individual is a student he is not entitled to practise the art which he is studying. A student who studies politics or for that matter, any subject, is not expected to come out in public life as practical workers in the political field. He will be doing an injustice to himself if he participates in active politics. Apart from that the grievances of the students are really grievances of their parents. Can there be any student who is not under a guardian or parent? The present attitude of the students now that they are the only persons to take measures to redress their grievances is not the right one. This kind of attitude of the student population is based wholly upon a misconception of their rights and responsibilities.

Now, on the question of libraries, I should say that they should not have any political affiliations. Their function is to spread knowledge. Men who have introduced adult suffrage must provide for adult literacy and they certainly would like to have a far greater number of libraries than what we have tod ay. Consequently more funds will have to be provided.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിന്റെ നില ഏററവും പരിതാപകരമായ ഒരു അവസ്ഥയിലാണു നിപതിച്ചിരിക്കുന്നതു്. ഇവിടത്തെ വിദ്യാഭ്യാസത്തെ ആകപ്പാടെ ഒന്നുടച്ചുവാക്കേണ്ടതാണു്. ൧൫൦ വർഷങ്ങൾക്കുമുമ്പു ഈസ്ററ് ഇൻഡ്യാ കമ്പനിക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസത്തെ അതേരീതിയിൽ നാം സ്വീകരിക്കയും വികസിപ്പിക്കയുമാണു നാം ചെയ്യുന്നതു്. സംസ്ഥാനത്തു വിദ്യാഭ്യാസം വർദ്ധിച്ചതോടുകൂടി ധാരാളം തൊഴിലിനായി അഭ്യസ്തവിദ്യരായ വളരെ അധികം ആളുകൾ അലഞ്ഞുനടക്കുന്നു. ഇത്രമാത്രം തൊഴിലില്ലായ്മ ലോകത്തിന്റെ മററവിടെയെങ്കിലും ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. സർ, എന്നിട്ടും ഇവിടെ കാളേജുകൾ വേണമെന്നുള്ള മത്സരമാണു നടക്കുന്നതു്. ഓരോ താലൂക്കിലും, ഓരോ പകുതിയിലും ഓരോ കാളേജു്, ഓരോ ജാതിക്കും കാളേജു്, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം കാളേജുകൾ. ഇങ്ങനെ ഒരു കാളേജുമത്സരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒന്നുകിൽ, ഈ കാളേജുകളുടെ അൻപതുശതമാനം അടച്ചുപൂട്ടണം. അല്ലെങ്കിൽ അവ സാങ്കേതികകാളേജുകളായി രൂപാന്തരപ്പെടുത്തണം. അതുപോലെതന്നെ ഇവിടത്തെ ഹൈസ്കൂളുകളിൽ ഒന്നുപകുതിയെങ്കിലും സാങ്കേതികസ്ഥാപനങ്ങളാക്കണം. ആണ്ടുതോറും പതിനായിരക്കണക്കിനു് സ്കൂൾഫൈനൽകാരെ വെളിയിലേക്കു ഇറക്കിവിട്ടിട്ടു് ഈ ഗവണ്മെൻറു ഒരു ലക്ഷ്യവുമില്ലാതെ കണ്ണുമടച്ചിരിക്കുകയാണു്. ഇവരെ വെളിയിലേക്കിറക്കുമ്പോൾ ഇവരുടെ ഭാവിയെന്താണെന്നുകൂടി ഗവണ്മെൻറു ചിന്തി

[ശ്രീ. എ. കുഞ്ഞൻനാടാർ.]

ക്കുന്നില്ല. ഇങ്ങനെ പതിനായിരക്കണക്കിനുള്ള സ്കൂൾഫൈനൽകാരെയും, ബി. ഏ.ക്കാരെയും, എം. ഏ.ക്കാരേയും സൃഷ്ടിച്ചുവിട്ട് നാട്ടിൽ തൊഴിലില്ലായ്മയും അസ്വസ്ഥതയും വളർത്തുകയാണു ചെയ്യുന്നത്. നാം പ്രാദേശികത്വത്തിൽ വളരെ അഭിമാനമുള്ളവരാണ്. ഇൻഡ്യയൊട്ടുക്കു നോക്കിയാലും തിരുവിതാംകൂർ സംസ്ഥാനത്തെപ്പോലെ പ്രാദേശികമനോഭാവമുള്ളവർ മറ്റെങ്ങും കാണുകയില്ല. മലയാളി, മലയാളി എന്നു ഇവർ അഭിമാനംകൊള്ളുന്നു. അതിൽ ഞാൻ അവരെ അനുമോദിക്കയുംചെയ്യുന്നു. എന്നാൽ ഈ അഭിമാനം അവരെ അധഃപതനത്തിലേക്കും ആപത്തിലേക്കും വഴുതിയിറക്കുന്നുവെന്നു അവർ അറിയണം.

മലയാളികൾ എന്നു പറഞ്ഞാൽ പുറരാജ്യങ്ങളിൽ യാതൊരു സ്ഥാനത്തും പ്രവേശനം അനുവദിക്കാതാണിരിക്കുന്നത്. ഇവിടത്തെ തമിഴരോട് ഈ ഗവൺമെൻറ നീതിചെയ്യുന്നില്ലെന്ന കാരണത്താൽ മദ്രാസിൽ ഗവൺമെൻറസ്ഥാപനങ്ങളിലൊ, പ്രൈവററസ്ഥാപനങ്ങളിലൊ മലയാളികളെ ഉദ്യോഗത്തിൽ പ്രവേശിപ്പിക്കാൻ വിസമ്മതിക്കുകയാണു ചെയ്യുന്നത്. അതുപോലെ തന്നെ, ഇവിടത്തെ പ്രാദേശികത്വംനിമിത്തം ബോംബെയിലും ഡൽഹിയിലും ഇതേ സ്ഥിതിയാണുള്ളത്. അതിനുള്ള കാരണങ്ങളെന്താണെന്നു നോക്കാം. നമ്മുടെ സംസ്ഥാനത്തെപ്പോലെ ശേഷിയും സാമർത്ഥ്യവുമുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ മററു യാതൊരു പ്രാവിൻസുകളിലും ഇല്ലതന്നെ. ഇതിനുള്ള പരിഹാരം എന്താണ്? ഒരേഒരു മാർഗ്ഗമേയുള്ളു. എം. ഏ.ക്കാരെയും ബി. ഏ.ക്കാരെയും സ്കൂൾഫൈനൽകാരെയും സൃഷ്ടിച്ചുവിടാതെ അവർക്കു സാങ്കേതികപരിശീലനം നൽകി ടെക്നീഷ്യൻസായി അവരെ പതിനായിരക്കണക്കിൽ ഇറക്കിവിടണം. ഇൻഡ്യയൊട്ടുക്ക് അവർക്കു വലിയ ആവശ്യമുണ്ട്. ദ്രുതഗതിയിൽ വ്യവസായീകരണം ലഭിക്കുന്ന ഇൻഡ്യക്കാവശ്യമുള്ളവരെ നമുക്കു നൽകാൻ കഴിയും. സാങ്കേതികവിദ്യാഭ്യാസത്തിന്റെ ആവശ്യം എത്രത്തോളം കൂടുതലുണ്ടെന്നുള്ളതു, തൊഴിലില്ലാതെ അലഞ്ഞുതിരിയുന്ന പരീക്ഷാവിജയികളായ ചെറുപ്പക്കാരെ കണ്ടാലറിയാം.

സംസ്ഥാനത്തെ ഒരു ഗണ്യമായ വിഭാഗം ജനങ്ങൾ തമിഴരാണ്. വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ തമിഴർക്കു പുരോഗമനം ആവശ്യമാണ്. സർ, നമ്മുടെ യൂനിവേഴ്സിററിയിൽ വൈസ്ചാൻസലറായി നിയമിക്കപ്പെട്ട സർ രാമസ്വാമി മുതലിയാർ ഒരു തമിഴനാണെന്നും, അദ്ദേഹത്തിനു മലയാളം അറിഞ്ഞുകൂടായെന്നും, മാത്രമല്ല, അദ്ദേഹം ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ലെന്നും മററും കമ്മ്യൂണിസ്റ്റ്പാർട്ടിയിൽനിന്നും ചില ആരോപണങ്ങൾ ഉണ്ടായി. അദ്ദേഹം ഒരു തമിഴനായതുകൊണ്ടാണോ, ഈ അയോഗ്യതയുണ്ടായതെന്നു ഞാൻ ചോദിക്കുന്നു. വിദ്യാർത്ഥികൾക്കുവേണ്ടി കണ്ണീരൊലിപ്പിക്കുന്ന ഇവർ ഇവിടത്തെ തമിഴ്‌വിദ്യാർത്ഥികളുടെ കാര്യം മറന്നുകളഞ്ഞു. ഒരു തമിഴൻ ഇവിടത്തെ യൂനിവേഴ്സിററിയുടെ വൈസ്ചാൻസലറായി വന്നതു് അവർക്കു സഹിക്കാൻവയ്യാത്ത കുററമാണ്. ഇപ്രകാരം കുററപ്പെടുത്തുന്ന കമ്മ്യൂണിസ്റ്റുകാർ ൧൯൪൨-ൽ ഇൻഡ്യൻസ്വാതന്ത്ര്യസമരനിർണ്ണായകഘട്ടത്തിൽ പ്രതിമാസം മുപ്പത്തീരണ്ടായിരം രൂപാ മാക്സ്വെൽ ധാരയോട് പററിക്കൊണ്ടു വെള്ളിക്കാശിനുവേണ്ടി ഈ രാജ്യത്തെ ഒററുകൊ

ട്ടവരാണ്. അവർ ഇന്നു കാൺഗ്രസ്സുകാർക്കുവേണ്ടി കരയുന്നതു വിചിത്രമായിരിക്കുന്നു.

ശ്രീ. ടി. വി. തോമസ്: അതു എം. എൻ. റായി അല്ലേ?

Shri A. Kunjan Nadar: I don't yield.

സർ, അതങ്ങനെയിരിക്കട്ടെ. പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ കഷ്ടതകൾ ഒട്ടധികമാണ്. ഇത്രയും തോറും ഒരു ഭീമമായ സംഖ്യ ചെലവാക്കിക്കൊണ്ടിരിക്കുന്ന ഈ ഗവണ്മെന്റു പ്രാഥമികവിദ്യാഭ്യാസത്തിന്റെ പുരോഗമനത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇവർക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. പക്ഷെ അവർക്കു ശമ്പളക്കൂടുതൽ അനുവദിച്ചിരിക്കുന്നതായി ഇവിടെ വന്നശേഷം അറിയിച്ചിരിക്കുന്നു. ആ കാര്യത്തിൽ ഗവണ്മെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ ഇവരെ സംബന്ധിച്ചിടത്തോളം മറ്റൊരു പ്രധാനകാര്യംകൂടി ഗവണ്മെന്റു ചെയ്തുകൊടുക്കേണ്ടതുണ്ട്. അതായതു്, അദ്ധ്യാപകരെ അവരുടെ നാട്ടിലൊ, അതിനടുത്ത സ്ഥലങ്ങളിലൊ അല്ലാതെ, വളരെ ദൂരസ്ഥലങ്ങളിൽ സ്ഥലംമാറ്റിക്കൂടായെന്നു എനിക്കൊരപേക്ഷയുണ്ട്. ഇന്നത്തെ സ്ഥിതിയാണെങ്കിൽ തെക്കൻതിരുവിതാംകൂർകാരനെ തൃശ്ശൂരിലേക്കും, തൃശ്ശൂർക്കാരനെ കന്യാകുമാരിക്കും സ്ഥലംമാറ്റുകയാണു ചെയ്യുന്നതു്. ഈ ഒരു സമ്പ്രദായം നിറുത്തുകയാണെങ്കിൽ സാധുക്കളായ അദ്ധ്യാപകന്മാർ ഒരുവിധം ജീവിച്ചുകൊള്ളും. മറ്റൊരുകാര്യം എനിക്കു പറയാനുള്ളതു്, മലയാളവിദ്യാർത്ഥികൾക്കും, മലയാളസാഹിത്യവിശാരദന്മാർക്കും നമ്മുടെ യൂണിവേഴ്സിറ്റിയിൽ പ്രൈവറ്റായിട്ടു ബി. ഏ.ക്കു ചേരാൻ അനുവാദം കൊടുത്തിരിക്കവേ, തമിഴ്‌വിദ്യാർത്ഥികളുടെ കാര്യം വിസ്മരിക്കയാണു ചെയ്തതു്. വിദ്യാഭ്യാസത്തിനെ സംബന്ധിച്ചിടത്തോളം തമിഴ്നാട്ടിനുണ്ടായ ഈ നിർഭാഗ്യകരമായ നില മാറ്റണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

Mr. Speaker: The hon: Member's time is up.

Shri A. Kunjan Nadar: Sir, I have to impress one more point.

സർ, നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം തമിഴ്നാട്ടിനെ സംബന്ധിച്ചിടത്തോളം നിർബന്ധിതവിദ്യാഭ്യാസമില്ലായ്മയായിട്ടാണ് രൂപാന്തരപ്പെട്ടിരിക്കുന്നതു്. വിദ്യാഭ്യാസം ചെയ്യുന്നതിനു നിർബന്ധം കാണുന്നില്ല. നേരെമറിച്ചു് അഞ്ചുവയസ്സിനു താഴെയുള്ളവരെ വിദ്യാഭ്യാസത്തിനു അനുവദിക്കയില്ലെന്ന നിർബന്ധമാണു കാണുന്നതു്. അഞ്ചുവയസ്സു തികഞ്ഞാൽ ഒന്നാംക്ലാസ്സിലേ ചേർക്കുകയുള്ളു. ഈ റൂൾ ഉടനടി റദ്ദുചെയ്യണം.

The House rose for lunch at 1-3 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

2 P. M.]

Shri L. M. Pylee: Sir the very first hon. Member who spoke on the cut motions deplored the lower percentage of passes, in the last University examination and, if I understood him correctly, he laid the blame upon the colleges not giving good facilities for studies and so on and not upon other reasons, namely the students' taking part in activities not pertaining to them as

[Shri L. M. Pylee.]

students. He mentioned that the reasons for this lower percentage of passes were, inefficiency, the poor pay of the teaching staff and the inadequate qualifications of the members of the staff that are employed in the various colleges. For the information of the hon. Member and for the information of the hon. Members of the House, I may mention that no college in the State is inefficient in the sense in which the hon. Member has mentioned. I say this from my intimate personal knowldedge of the colleges of the State and also from personal experience. I have direct personal knowledge in this matter. Sir, when a college is sought to be affiliated to the University a close inspection is conducted by the University authorities and only on finding that the conditions laid down by the University are strictly fulfilled that the permission is granted. There fore Sir, let us not put the blame upon the colleges upon their want of resource or the inefficiency of the staff. It may be that in stray cases, there may be members in the staff who may be inefficient. I do not deny that. But I do say that the colleges in the State are as efficient as the colleges in other States. But the reason is not that the colleges are not up to the standard. I have heard eminent educationists from other States who have come here saying that the standards of our University are equal to, if not higher than, the standards set up in other Universities. I would therefore say that the hon. Member has not properly diagnosed the disease. The real reason for the deterioration in the standards and for the failure of the students in such large numbers is that a large section of the present day students do not devote their time to studies but engage themselves in activities which do not pertain to them as students. Therefore, there is no need to blame the colleges anyway. Let the students realise that it is their duty to study. They are in the colleges to study and their primary duty as students should be performed first. If this is done there will not be such vast failures in the University examinations.

Sir, along with this, the hon. Member mentioned about the so called practice of detention. It was stated that a large number of students were not allowed by college authorities to appear for the examinations. Sir, I cannot understand how the hon. Member can say that standards deteriorate and the students who are not upto the mark should not be detained

Shri. A. Thanu Pillai: May I know whether the hon. Member's college-the St. Albert's College -- is affiliated to the Travancore University or to the Madras University?

Shri L. M. Pylee: It is affiliated to the University of Madras. I may at the same time say that I am a member of the Senate of the University of Travancore also.

Shri A. Thanu Pillai: On a point of information. What about the Kerala Varma College at Trichur?

Shri L. M. Pylee: It is affiliated to theUniversity of Madras. The private colleges in the Cochin area are affiliated to the University of Madras for reasons which I hope to state later.

Sir, every college has a duty to perform, namely, preparing the students so that they may be made fit to be presented to the University examinations. If it is their duty that the students must be made fit to be presented to University examinations, then the colleges will have to put such restrictions for the purpose. Moreover, Sir, at the end of every year of a course the Principal of the college has to prepare a certificate to the effect that the student has made sufficient degree of progress in his studies In the second year also, it is the same case. The Principal should satisfy himself that the student was making the necessary progress. The Principal should see that the students study properly and that sufficient progress is shown so as to warrant his being presented to the University examination. I cannot understand how anybody can in the same breath deplore the deterioration of standards in our colleges or in the University and at the same time denounce the system of detention as it exists at present. How can these two things be reconciled ? There must be some consistency. If the standards are deteriorating, we have necessarily to stop to some extent inefficient candidates going to the examinations. And if we are to send up everybody, our standards will not be as best as we desire them to be. Therefore, how can one say that such a system of detention is bad ?

ശ്രീ. ടി. വി. താമസ്സ്: അററൻഡൻസു വെട്ടി തിരുത്തി ഡീറെറയിൻ ചെയ്യുന്നതു ശരിയാണെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു ശരിയല്ല.

ശ്രീ. ടി. വി. താമസ്സ്: അങ്ങനെയുള്ള പ്രിൻസിപ്പാൾമാർ ഇവിടെയുണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: എനിക്കറിവില്ല.

Shri L. M. Pylee: Then, Sir, the hon. Member Shri Thanu Pillai alluded to the indiscipline of students that is now prevailing in the State. It is a sad phenomenon. The prevalance of indiscipline among students is something to be deplored. But then, Sir, who is responsible for this state of affairs ? It behoves upon the public to see that such an attitude on the part of the students is not in any way encouraged. Parents, guardians and others should see that the students do not engage themselves in activities prejudicial to their studies. I certainly welcome the statement made by Shri Pattom Thanu Pillai that such movements are not to be encouraged by elders.

Sir, there is one particular matter which I would like to bring before the notice of the House, namely, the need for the reorganisation of the University. The University was started in 1112 M. E. by Act I of 1113 passed by H. H. the Maharaja. It is more than fifteen years since the University was started. Though

[Shri L. M. Pylee]

Act I of 1113 was passed by His Highness the Maharaja fifteen years ago, very little changes have taken place since then and it is high time the necessary changes are made in the constitution of the University. I believe that Government are looking into the matter. But the reforms must be expedited and brought into force as soon as possible.

I am glad that orders have been received just now removing certain anomalies in our educational system. The practice of recruiting teachers with a number of years of service from the aided schools to Government schools and paying them the lowest scale without taking into consideration their past years of service is unsatisfactory. Such a teacher is started at the lowest point of the scale. This is a hard case. I commend such cases to the sympathetic consideration of the Government so that those who have put in a number of years in the private schools may get the benefit of their past service in fixing their salary. With these remarks, Sir, I conclude.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: സർ, ഞാൻ ഈ ഉപക്ഷേപം ബഹുമാനപ്പെട്ട സഭയുടെ മുൻപാകെ സമർപ്പിക്കുന്നത് ഞാനുൾപ്പെടുന്ന ഭരണകക്ഷിയോടുള്ള താൽപ്പര്യക്കുറവുകൊണ്ടോ, വിശ്വാസക്കുറവുകൊണ്ടോ അല്ലെന്നു ആദ്യമായി പറഞ്ഞുകൊള്ളുന്നു. തന്നെയുമല്ല, ഇൻഡ്യയിലെ പട്ടികജാതിക്കാരുടെ അനുഭവംവച്ചുനോക്കിയാൽ ഇന്ന് ഇവിടെ അവരുടെ സ്ഥിതി കുറച്ചു ഭേദമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. എഡ്യൂക്കേഷനെ സംബന്ധിച്ച് ഇവിടെ പറഞ്ഞ വസ്തുതകളെപ്പററി ഞാൻ ഒന്നും പറയാൻ തുനിയുന്നില്ല. ഇവിടത്തെ ഭരണകക്ഷിയെപ്പററി പറയുമ്പോൾ ഒരു കാര്യമാണ് എനിക്കു ഓർമ്മവരുന്നത്. ഇവിടെയുള്ള എല്ലാ കക്ഷികളും ഭരണകക്ഷിയെ നിരൂപണം ചെയ്യുകയും മററുപ്രകാരത്തിൽ അപലപിക്കുകയും ചെയ്യുന്നുണ്ടെങ്കിലും സ്വാദ് ആസ്വദിക്കുമ്പോൾ ഇവിടത്തെ ഉയർന്ന സമുദായത്തിൽ പെട്ട എല്ലാ ആളുകളും സമത്വമായി അനുഭവിക്കുന്നുണ്ട്, അനുഭവിക്കാൻ പോകുന്നുമുണ്ട്. ഇവിടെ ഒട്ടും കുറവല്ലാത്ത പട്ടികജാതിക്കാർ ദൈനംദിനം ദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഞാനുൾപ്പെട്ട കാൺഗ്രസ്സുകക്ഷി ശരിയായ മാർഗ്ഗത്തിൽകൂടി ഞങ്ങൾക്ക് ആശ്വാസംതരുമെന്നു വിശ്വസിക്കുന്നു. ഞങ്ങൾക്കു കാളേജിന്റെയോ, ഹൈസ്കൂളിന്റെയോ, മിഡിൽസ്കൂളിന്റെയോ ആവശ്യമില്ല, അതിനാവശ്യപ്പെട്ടിട്ടുമില്ല. എന്തെന്നാൽ അതിനുള്ള ശക്തി ഞങ്ങൾക്കില്ല. എന്നാൽ വെറും അംഗുലീപരിമിതമായി ഞങ്ങളുടെ ആളുകൾ പ്രൈമറിസ്കൂളുകൾ നടത്താൻ ആഗ്രഹിക്കുന്നുണ്ട്. എരുമേലിൽ നെടുങ്കാവുവയലിൽ ശ്രീകുമാരവിലാസം പയൽ സ്കൂൾ എന്നപേരിൽ ഒരു സ്കൂൾ നടത്തുന്നുണ്ട്. ഇപ്പോൾ ഏതാണ്ട് ൪൦൦-ഓളം കുട്ടികൾ അവിടെ പഠിക്കുന്നുമുണ്ട്. ആദ്യം ഒന്നാംക്ലാസ്സിനു ഗ്രാന്റുകിട്ടി, പിന്നെ നാലുകൊല്ലത്തിനു ശേഷമാണ് രണ്ടാംക്ലാസിനു ഗ്രാന്റുകിട്ടിയത്. മൂന്നും, നാലും, അഞ്ചും ക്ലാസ്സുകൾ അവിടെ നടക്കുന്നുണ്ട്. അങ്ങനെ പല പ്രകാരത്തിൽ വിദ്യാഭ്യാസപരമായും വിദ്യാഭ്യാസസ്ഥാപനങ്ങൾ വഴിയായും ഞങ്ങൾ ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ട്. ഈ പയൽസ്കൂൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റി

ലേക്ക് എട്ടാം നം. ൯-ം ൧൦-ം ക്ലാസ്സുകൾക്ക് ഒന്നിച്ച് ഗ്രാൻറ അനുവദിക്കുകയും, അപ്രകാരമുള്ള അനുവാദം എഡ്യൂക്കേഷൻകോഡിനു വിപരീതമാണെങ്കിൽ തന്നെയും, പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഈ കാര്യം ഒരു പ്രത്യേക പരിഗണനക്കർഹമാക്കി സഹായിക്കണമെന്നുമാണ് എൻെറ അഭ്യർത്ഥന. ഈ വക കാര്യങ്ങൾ ബഹുമാനപ്പെട്ട ഭരണാധികാരികളുടെ മുൻപിൽ സമർപ്പിക്കുവാനാണ് ഞാൻ കട്മോഷൻ അവതരിപ്പിച്ചിട്ടുള്ളത്. ഈ സംഗതിയിൽ ഗവണ്മെൻറിൻെറ സത്വരശ്രദ്ധ പതിയണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ഡാക്ടർ ഏം. ശിവരാമൻനായർ : സർ, ഒരു വിദ്യാർത്ഥിയുടെ വിദ്യാഭ്യാസത്തിൻെറ ആരംഭകാലംമുതൽ അവസാനംവരെ പല സ്റ്റേജുകളായി തിരിക്കാവുന്നതാണ്. അതിനെപ്പററി പറയുവാൻ വേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം അയച്ചിട്ടുള്ളത്. സർ, ഒരു വിദ്യാർത്ഥിയുടെ വിദ്യാഭ്യാസാരംഭംമുതൽ അതായതു 'പ്രീസ്കൂൾഡേസ്'' മുതൽ തന്നെ നാം വളരെ കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ട്. ആ കാലം മുതൽ ശരിയായ വിദ്യാഭ്യാസം നൽകേണ്ടതു് സമുദായ രക്ഷയ്ക്കും രാജ്യരക്ഷയ്ക്കും വളരെ ആവശ്യമാണ്. കിൻറർഗാർഡൻ സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം ഇന്നു ചില സ്ഥലങ്ങളിൽ സമാരംഭിച്ചിട്ടുണ്ട്. അതു രാജ്യവ്യാപകമായി വികസിപ്പിച്ച് അതിനു പ്രാപ്തിയും കഴിവുമുള്ള അദ്ധ്യാപികമാരുടെ ചുമതലയിലും സംരക്ഷണത്തിലും നടത്തണമെന്ന് ഞാൻ ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

രണ്ടാമതായി എനിക്ക് പറയാനുള്ളതു് പ്രൈമറിസ്കൂളുകളെപ്പററിയാണ്. ഇന്നത്തെ പ്രൈമറിസ്കൂൾ സെക്ഷൻെറ ജീവൽപ്രശ്നവാദത്തെപ്പററിയാണ് പറയണമെന്നു വിചാരിക്കുന്നതു്. സംയോജനംമൂലം അദ്ധ്യാപകന്മാർക്ക് ശമ്പളക്രമീകരണം ഇതുവരെ നടന്നിട്ടില്ല. അതിൻെറ സമീകരണം വരുത്തേണ്ടതു വളരെ അത്യാവശ്യമായ സംഗതിയാണ്, അതിനനുകൂലമായ നടപടി ഈ ഗവണ്മെൻറിൽ നിന്നും നൾകിയതിനു് വിദ്യാഭ്യാസമന്ത്രിയെ ഞാൻ അനുമോദിച്ചുകൊള്ളുന്നു.

പ്രൈമറിസ്കൂളിനെപ്പററി രണ്ടാമതായി പറയാനുള്ളതു് സ്കൂൾകെട്ടിടങ്ങൾ പലതും ഇന്നു വളരെ മോശപ്പെട്ട നിലയിലാണ് ഇരിക്കുന്നതു എന്നുള്ളതാണ്. അതിനൊരു പഞ്ചവത്സരപദ്ധതിയെങ്കിലും ആവിഷ്കരിച്ച് ഈ സ്കൂളുകൾ എല്ലാം പുതുക്കി പണിയുന്നതിനു് പരിശ്രമിക്കേണ്ടതാണ്.

മൂന്നാമതായിട്ടു പറയാനുള്ളതു് സെക്കൻററി സ്കൂളിനെപ്പററിയാണ്. ഈ അടുത്തകാലത്തു് സെക്കൻററി സ്കൂൾ വിദ്യാഭ്യാസപദ്ധതി പരിഷ്കരിക്കുന്നതിനായി ഇൻഡ്യാഗവണ്മെൻറിൽനിന്നും ഡാക്ടർ ലക്ഷ്മണസ്വാമി മുതലായവരുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിററിയുടെ പദ്ധതി അനുസരിച്ചും അതിനോടു് സഹകരിച്ചും ഇവിടത്തെ സെക്കൻററി വിദ്യാഭ്യാസം ഒരു അഖിലേൻഡ്യാ അടിസ്ഥാനത്തിൽ നടത്തേണ്ടതാണെന്ന് ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സെക്കൻററി സ്കൂളുകളെപ്പററി സംസാരിക്കുമ്പോൾ പാഠപുസ്തകങ്ങളെപ്പററി ഒരു വാക്കു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സർ,

[ഡാക്ടർ എം. ശിവരാമൻ നായർ]

ഞാൻ സാമ്പത്തികമായ ഒരു കാര്യത്തെപ്പററി പറയുകയാണ്. ഇന്നു വർഷം തോറും ക്ലാസ്സുകളിലെ പുസ്തകങ്ങൾ മാറുന്നതുകൊണ്ടു് സാമ്പത്തികമായി രക്ഷകർത്താക്കന്മാർക്ക് വലിയ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് ഈ പഠിപ്പിക്കുന്ന പുസ്തകങ്ങൾ ആണ്ടുതോറും മാററാതെയിരിക്കണമെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

ഈ ആണ്ടത്തെ പാഠപുസ്തകങ്ങൾ തെരഞ്ഞെടുത്തതിൽ വളരെ ആക്ഷേപങ്ങളും ഉണ്ടായിട്ടുള്ളതായി കേൾക്കുന്നു. ഇതിനെനിക്കു പറയാനുള്ളതു്, അതാതു ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരെ കൂടെ ഈ പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്ന കമ്മിററികളിൽ ഉൾപ്പെടുത്തി അതാതു ക്ലാസ്സിലേക്കുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കണമെന്നും, ആ പുസ്തകങ്ങൾ അഞ്ചുകൊല്ലത്തേക്കു നിലവിലിരിക്കണമെന്നുമാണ്.

അതുപോലെതന്നെ സെക്കൻഡറിസ്ക്കൂൾ അദ്ധ്യാപകന്മാർക്ക് അൻപതു രൂപാ സ്ഥിരശമ്പളമായി വച്ചിരിക്കുന്നതു വളരെ കുറവാണ്. ഗ്രാഡ്വേററ് ടീച്ചേഴ്സ് അവരിൽ ഉണ്ടു്. അവരുടെ ശമ്പളസ്കെയിൽ വർദ്ധിപ്പിച്ചു് അവരെ തൃപ്തിപ്പെടുത്തേണ്ടതാണ്.

അടുത്തതായി യൂണിവേഴ്സിററി വിദ്യാഭ്യാസത്തിലേക്കു കടക്കുകയാണ് ഞാൻ. ഇന്നത്തെ അദ്ധ്യയനരീതി അനുസരിച്ചു് കാളേജുകളിൽ എത്തുന്നതുവരെ എല്ലാം വിഷയങ്ങളും മലയാളത്തിൽ തന്നെയാണ് പഠിപ്പിക്കുന്നതു്. അങ്ങനെ അദ്ധ്യയനം നടത്തി കാളേജിൽ ചെല്ലുമ്പോൾ അവിടെ എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽ പഠിപ്പിക്കുന്നതുകൊണ്ടു് കുട്ടികൾ വളരെ വളരെ ക്ലേശിക്കുന്നുണ്ടു്. അതുകൊണ്ടു് ഇന്നത്തെ അച്ചടക്കരാഹിത്യത്തിനുതന്നെ കാരണമാകുന്നില്ലേ എന്നും സംശയിക്കുന്നു. സാങ്കേതികശബ്ദങ്ങൾ മലയാളീകരിക്കുക എന്നുള്ള നയം പാടില്ലെന്നു തന്നെയാണ് ഞാൻ പറയുന്നതു്. സർ, ക്വഥനാങ്കം എന്നു മലയാളത്തിൽ പഠിച്ചു വരുന്ന ഒരു കുട്ടി കാളേജിൽ എത്തുമ്പോൾ ബോയിലിംഗ് പായിൻറ് എന്നു കേൾക്കുമ്പോൾ എങ്ങനെയാണ് മനസ്സിലാക്കുക. ഒന്നുകിൽ അതിനെ ഇംഗ്ലീഷ് ശബ്ദത്തിൽ പറയണം അല്ലെങ്കിൽ ഇംഗ്ലീഷ് പദവും ചേർത്തു പഠിപ്പിക്കാൻ വ്യവസ്ഥചെയ്യണം. ഇതുകൊണ്ടു് ഞാൻ മലയാളം മാറക്കണമെന്നല്ല പറയുന്നതു്. അതു കൂടാതെ ഈ വിഷമഘട്ടത്തിന് പരിഹാരമായി യൂണിവേഴ്സിററി പണ്ടുനടപ്പിലാക്കിയിരുന്ന പ്രീയൂണിവേഴ്സിററി കോഴ്സ് വീണ്ടും സമാരംഭിക്കുന്നതു് ഏറെക്കുറെ നല്ലതായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഇന്നത്തെ സ്കൂളുകളും കാളേജുകളും തമ്മിൽ വിദ്യാഭ്യാസവിഷയത്തിൽ പൊരുത്തപ്പെടുത്തുന്ന ഒരു സമ്പ്രദായമാണ് അതു്. Pre-University Course ആകുന്ന ഒരു കൊല്ലംകൊണ്ടു് കാളേജ് വിദ്യാഭ്യാസത്തിൽ പരിചയപ്പെടുവാനും ഇംഗ്ലീഷ് ഭാഷയുടെ സ്റ്റാൻഡാർഡ് നന്നാകുന്നതിനും വിദ്യാർത്ഥികൾക്ക് സൗകര്യം ലഭിക്കുന്നു.

അടുത്തതായി എനിക്കു യൂണിവേഴ്സിററിയുടെ ഗവേഷണഡിപ്പാർട്ടുമെൻറിനെപ്പററിയാണ്, പറയാനുള്ളതു്. ഇതു വെറും സാധാരണ ഗവണ്മെൻറിലുള്ള പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു ഡിപ്പാർട്ടുമെൻറായി തീർന്നിരിക്കുന്നു. ഗവേഷണഡിപ്പാർട്ടുമെൻറ്—

ഇന്നതൊരു റൂട്ടീൻവർക്കായി തീർന്നിരിക്കുകയാണ്. ഇതു മാറേണ്ടതു് അത്യാവശ്യമാണ്.

സർ, അടുത്തതായി മെഡിക്കൽ കാളേജിനെപ്പററിയാണ് എനിക്കു പറയാനുള്ളതു്. ഇപ്പോൾ തുടങ്ങിയിരിക്കുന്ന മെഡിക്കൽ കാളേജിൽ ഏററവും കൂടുതൽ അക്കാഡമിക്ക് ക്വാളിഫിക്കേഷനും Clinical and Teaching experience-ഉം ഉള്ള അദ്ധ്യാപകന്മാരെ മാത്രമേ നിയമിക്കാവൂ എന്നുള്ള കാര്യം ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. അതിലേക്കു് എത്ര രൂപാ ചെലവു വന്നാലും അതു് അധികമാകയില്ല. ഈ കാളേജിൽ നിന്നും പുറത്തു വിടുന്നവർ ജീവനുമായിട്ടു് ഇടപെടേണ്ടതാണ്. കാളേജുവിട്ടു കഴിഞ്ഞാൽ അവർ പ്രൊഫഷനിലേക്കു് പ്രാക്ടീസ് ചെയ്യുവാൻ പോകുകയാണ്. ഈ കാളേജു നടത്തുന്നതിലേക്കു് ചെലവിനെപ്പററി നോക്കേണ്ട ആവശ്യമില്ല. നേരെ മറിച്ചു് quality-യാണ് ശ്രദ്ധിക്കേണ്ടതു്.

അവസാനമായി എനിക്കു പറയാനുള്ളതു് ഈ സ്റ്റേററിൽ തിരുവനന്തപുരത്തും തൃശ്ശൂരും അതായതു് തെക്കും വടക്കും ഓരോ സാങ്കേതിക കാളേജുകൾ ഉണ്ടെന്നും മദ്ധ്യതിരുവിതാംകൂറിൽ ഒരു സാങ്കേതിക കാളേജു സ്ഥാപിക്കേണ്ടതാവശ്യമാണെന്നും ഈ ഗവണ്മെൻറിനെ അനുസ്മരിപ്പിക്കുക എന്നുള്ളതാണ്. ഏതെങ്കിലും തരത്തിൽ ഒരു സാങ്കേതിക കാളേജ് മദ്ധ്യതിരുവിതാംകൂറിൽ-ചെങ്ങന്നൂരിൽ സ്ഥാപിക്കേണ്ടതാണ്, എന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: സർ, എൻെറ ബാല്യത്തിൽ നമ്മുടെ നാട്ടിൽ, നമ്മുടെ രാജ്യത്തിനും ജനങ്ങൾക്കും സ്വന്തമായ ഒരു യൂണിവേഴ്സിററിയുണ്ടായപ്പോൾ ഞങ്ങൾ എല്ലാവരും അഭിമാനിച്ചു, ഞാൻ വ്യക്തിപരമായി അഭിമാനിച്ചു, നമുക്കു ബിരുദം തരുന്നതിനായി നമുക്കു ഒരു യൂണിവേഴ്സിററി ഉണ്ടായല്ലോ എന്നു. നമ്മുടെ മാതൃഭാഷയ്ക്കും സംസ്കാരത്തിനും അതു വളരെ ഉപകരിക്കുമെന്നും ഈ രാജ്യത്തെ ജനങ്ങളും ഗവണ്മെൻറും അതിനെ ആദരിക്കുമെന്നും, പരിപോഷിപ്പിക്കുമെന്നും വിചാരിച്ചിരുന്നു. നമ്മുടെ രാജ്യത്തിനുവേണ്ടി മാത്രം ഉണ്ടായിട്ടുള്ള ഒരു യൂണിവേഴ്സിററിയാണല്ലോ എന്നു വിചാരിച്ചു് അഭിമാനംകൊണ്ട പല ആളുകളിൽ ഒരാളാണ് ഞാനും. എന്നാൽ ഒരു വ്യാഴവട്ടക്കാലമായി നമ്മുടെ നാട്ടിനോ മാതൃഭാഷയ്ക്കും വിദ്യാഭ്യാസസമ്പ്രദായത്തിനോ പറയത്തക്കതായ യാതൊരു നേട്ടവും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, ഈ നാട്ടിനുവെളിയിൽ പോകുന്നവർക്ക് തലയുയർത്തി നടക്കുന്നതിനുതന്നെ വിഷമമായിത്തീർന്നിരിക്കുകയാണ്.

ഇന്നു് അതിനുള്ളിൽ നടക്കുന്നതായ അഴിമതിയും ക്രമക്കേടുകളും വളരെ അധികമാണെന്നു് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ യൂണിവേഴ്സിററി നമ്മുടെ മാതൃഭാഷയെ സ്നേഹിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ രീതിയിൽ ഇതിൻെറ പ്രവർത്തനം മുന്നോട്ടു പോകുകയാണെങ്കിൽ നമ്മുടെ മാതൃഭാഷയേയും സംസ്കാരത്തേയും പോഷിപ്പിക്കുന്നതിനുപകരം നശിപ്പിച്ചു കളയുമെന്നു ഞാൻ ഈ സഭയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സർ, സംസ്കൃതത്തിനു് ഒരു പ്രൊഫസർഷിപ്പ് ഇവിടെ അനുവദിച്ചുവന്നു. എന്നാൽ അതിലേക്കു ഒരു പ്രൊഫസറെ നിയമിക്കുന്നതിനുപകരം ഇപ്പോഴത്തെ സംസ്കൃതകാളേജു പ്രിൻസിപ്പാൾതന്നെ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

സംസ്കൃത സെക്ഷന്റെ ജോലികൾകൂടി നിർവ്വഹിക്കണമെന്നു നിർദ്ദേശിക്കുകയാണുണ്ടായതു്. സംസ്കൃതകാളേജുപ്രിൻസിപ്പാളായിരിക്കുന്ന ഉദ്യോഗസ്ഥൻ ആ സ്ഥാനം വഹിക്കാൻ യോഗ്യനായിരിക്കാം. അദ്ദേഹത്തിനു സംസ്കൃതകാളേജിൽ ആഴ്ചയിൽ പത്തോ ഇരുപതോ മണിക്കൂർ ക്ലാസ്സുകൾ നടത്തുന്നതിനു പുറമെ, ഈ രാജ്യത്തുള്ള സംസ്കൃതസ്കൂളുകളുടെയെല്ലാം ഇൻസ്പെക്ഷൻ ജോലികൂടി നടത്തേണ്ടിയിരിക്കുന്നു. ഈ സ്ഥിതിക്കു് ഇവിടെ സംസ്കൃതത്തിനു ഒരു പ്രത്യേക പ്രൊഫസറെ നിയമിക്കേണ്ടതു് എത്രയും ആവശ്യമാണെന്നുള്ളതു നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഈ സംസ്കൃതഡിപ്പാർട്ടുമെന്റു നന്നാക്കണമെന്നല്ല, നശിപ്പിക്കണമെന്നാണു് ഉദ്ദേശമെന്നു് ഇതിൽ നിന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. വളരെ വളരെ സമരം ചെയ്തതിനു ശേഷമാണു് ഇവിടെ സംസ്കൃതത്തിനും മലയാളത്തിനും ഓരോ പ്രൊഫസർഷിപ്പു കിട്ടിയതു്. വളരെ നാളുകൾ പ്രയാസപ്പെട്ടതിനു ശേഷമാണു മററു ഡിപ്പാർട്ടുമെന്റുകളെപ്പോലെ സംസ്കൃതത്തിനും മലയാളത്തിനും തമിഴിനും ഓരോ പ്രൊഫസർഷിപ്പിനു് അംഗീകാരം സിദ്ധിച്ചതെന്നു് എനിക്കറിയാം. അന്നു് അതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ചിട്ടും ഇതുവരെ അതിലേക്കു നിയമനം നടത്താതിരുന്നതു യോഗ്യതയുള്ള ആളുകളെ ലഭിക്കാത്തതുകൊണ്ടല്ല, ആവശ്യമില്ലെന്നുവച്ചിട്ടാണെന്നു ഞാൻ മനസ്സിലാക്കുന്നു.

അതുപോലെ ഇവിടെ നമുക്കൊരു റിസർച്ചു ഡിപ്പാർട്ടുമെന്റുണ്ടു്. നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ വിവിധ വകുപ്പുകളിലായി പ്രവർത്തനം നടത്തുന്ന അനവധി വിദ്യാർത്ഥികളുണ്ടു്. ഇന്നു രാവിലെ ഒരു ചോദ്യത്തിനുത്തരമായി അതിനകത്തു ൨൨ വിദ്യാർത്ഥികൾ ഗവേഷണം നടത്തുന്നുണ്ടെന്നു പറഞ്ഞു. അതിനകത്തു റിസർച്ചു് നടത്തുന്നതിനു എന്തെങ്കിലും സൗകര്യങ്ങളോ, ഉപകരണങ്ങളോ, ആനുകൂല്യങ്ങളോ ഇല്ല. അതിനുവേണ്ടി യാതൊരു പദ്ധതികളും ആസൂത്രണം ചെയ്തിട്ടുമില്ല. മാത്രമല്ല അവിടെ കെമിക്കൽസ് ഒന്നുമില്ലെന്നും പറയേണ്ടിയിരിക്കുന്നു. ൧൯൪൯-ൽ അവിടെ ഒരു ഗ്രേഡേഷൻ വരുത്തിയതു മൂന്നുകൊല്ലമായി നടപ്പിൽ വരുത്തിയിട്ടില്ല എന്നു് അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പറയുന്നു.

ദേശീയഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനും നന്നാക്കുന്നതിനും വേണ്ടിയുള്ള ചട്ടങ്ങളെല്ലാമുണ്ടെങ്കിലും അതെല്ലാം ഇന്നു ആവശ്യമില്ലാതെ പോകുകയാണു്.

സർ, ഞാൻ ഹൃദയവേദനയോടുകൂടി ചോദിക്കുന്നു, ശ്രീ. ടി. എം. വർഗ്ഗീസു വിദ്യാഭ്യാസമന്ത്രിയായിരുന്നകാലത്തു് യൂണിവേഴ്സിററി ഒരു ആട്ടോണമസ്സു ബാഡിയാണെന്നും ഗവണ്മെന്റിനു് അതിൽ കൈകടത്താൻ നിവൃത്തിയില്ലെന്നും പറഞ്ഞിട്ടില്ലേ എന്നു്. അങ്ങനെ ആട്ടോണമസ്സു ബാഡിയാണെങ്കിൽ എന്തുകൊണ്ടു നമ്മുടെ ഭാഷയേയും സംസ്കാരത്തെയും അതിന്റെ ഭരണാധികാരികൾ അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കുന്നില്ല. അവർ ക്രമേണ അതു നശിപ്പിക്കുന്നതിനാണു് ശ്രമിക്കുന്നതു് എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. ഇത്രയും കാലമായിട്ടും അതിനു പ്രേരകമായ തരത്തിൽ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനുള്ള ഒരു സിലബസ്സുപോലും അവർ തയാറാക്കിയിട്ടില്ല എന്നു ഞാൻ വിചാരിക്കുന്നു.

സർ, നമ്മുടെ യൂണിവേഴ്സിററിക്ക് ഒരു വൈസ്ചാൻസലറെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ യോഗ്യത പഴയ ബ്രിട്ടീഷ് ഭരണത്തിന്റെ മാത്രകയാണെന്നു ഞാൻ കരുതുന്നു. ഇങ്ങനെ വെളിയിൽ നിന്നും, ദേശീയത്വത്തിന് എതിരായി ബ്രിട്ടീഷ് ഭരണത്തിനു കൂട്ടുനിന്ന ഒരു ഉദ്യോഗസ്ഥനെയാണ് ഈ മന്ത്രിസഭ ഇവിടത്തെ യൂണിവേഴ്സിററി വൈസ്ചാൻസലറായി കൊണ്ടുവന്നിട്ടുള്ളത്. ഈ നാട്ടിലെ സ്ഥിതിഗതികൾ അറിയാവുന്നവരും സംസ്കാരവും യോഗ്യതയും ഉള്ളവരുമായ ആളുകൾ ഇല്ലാതിരുന്നതുകൊണ്ടാണോ ഇങ്ങനെ വെളിയിൽ നിന്നും ഒരാളെ ഇവിടെ നിയമിച്ചിട്ടുള്ളത്? മാത്രമല്ല നമ്മുടെ വൈസ്ചാൻസലർ ഒരു വിസിററിംഗ് വൈസ്ചാൻസലറാണ്. ഇവിടെയുള്ള ആർക്കുംതന്നെ ഈ ഗവണ്മെൻറു യാതൊരു പ്രോത്സാഹനവും കൊടുക്കുന്നില്ല. നമ്മുടെ മലയാളഭാഷയെ നശിപ്പിക്കുന്നതിനുള്ള ഒരു ഉദ്യമമായിട്ടാണു നമ്മുടെ യൂണിവേഴ്സിററിക്ക് ഒരു വിദേശിയെ ഇറക്കുമതി ചെയ്തിരിക്കുന്നതെന്നല്ലാതെ, ഈ യൂണിവേഴ്സിററിയെ നന്നാക്കുന്നതിനു ഈ നിയമനം പ്രയോജനപ്പെടുമെന്നു ജനങ്ങൾ വിശ്വസിക്കുന്നില്ല. സർ, ഞാൻ ഒരു സംഗതി ചോദിച്ചുകൊള്ളുന്നു. മൈസൂർ യൂണിവേഴ്സിററിയിൽ ഇവിടെ നിന്നും ഒരാളെ സർ സി. പി. രാമസ്വാമിഅയ്യരെ തന്നെ വൈസ്ചാൻസലറായി നിയമിക്കുകയാണെങ്കിൽ അവരെപ്പററി, അവരുടെ യൂണിവേഴ്സിററിയെപ്പററി നമുക്ക് അവജ്ഞയും അവമതിയും ഉണ്ടാകുന്നതുപോലെ നമ്മുടെ യൂണിവേഴ്സിററിയുടെ ഭരണത്തിനായി നമ്മുടെ നാട്ടിൽ നിന്നും ഒരാളെ നിയമിക്കാതെ സർ മുതലിയാരെ പോലെയുള്ള ഒരു autocrat-നെ നിയമിക്കുമ്പോൾ നമ്മെപ്പററിയും നമ്മുടെ യൂണിവേഴ്സിററിയെപ്പററിയും അവർക്കെന്തായിരിക്കും തോന്നുക. നമ്മുടെ ഭാഷയേയും സംസ്കാരത്തേയും യഥായോഗ്യം പോഷിപ്പിക്കുന്നതിനു തക്ക കഴിവും പാണ്ഡിത്യവുമുള്ള ഒരു സ്വദേശിയെ വൈസ്ചാൻസലറായി നിയമിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

സർ, ഈ യൂണിവേഴ്സിററിയെ വളരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരുവനാണ് ഞാൻ. ഇന്നു പ്രതിപക്ഷത്തിലിരിക്കുന്നവർ ഈമാതിരി എന്തെങ്കിലും പരാതികളോ ആരോപണങ്ങളോ ഉന്നയിക്കുകയാണെങ്കിൽ ആവേശകരമായി അതിനെ വ്യാഖ്യാനിക്കുന്നതിനും, അതിനു മറെറന്തെങ്കിലും തെളിവുകൾ കൊടുത്തു രക്ഷപ്പെടുന്നതിനും ശ്രമിക്കുന്ന ഈ ട്രഷറിബെഞ്ചുകളിൽനിന്നും യാതൊരു പ്രയോജനവും ഉണ്ടാവുകയില്ലെന്നു ഞങ്ങൾക്കറിയാം. ഈമാതിരി കാര്യങ്ങൾ സഭയുടെ മുൻപാകെ ചൂണ്ടിക്കാണിക്കുന്നതിനു മറുപടി പറയുമ്പോൾ ഒരു വാദപ്രതിവാദമത്സരംതന്നെ രണ്ടുമൂന്നുദിവസമായി ഇവിടെ നടക്കുന്നതു ഞങ്ങൾ കാണുന്നു. ഞങ്ങൾ പറയുന്നു, നിങ്ങൾ നെഞ്ചത്തു കൈവച്ചുകൊണ്ടു മറുപടി പറയണം, ഈ യൂണിവേഴ്സിററി ഇങ്ങനെ തുടർന്നുകൊണ്ടുപോയാൽ ഇതിനെ നശിപ്പിക്കുകയല്ലേ ഫലം. ഇവിടത്തെ റിസർച്ചുഡിപ്പാർട്ടുമെൻറിനു ഗവേഷണം നടത്തുന്നതിനുള്ള യാതൊരു സൗകര്യങ്ങളോ ഉപകരണങ്ങളോ ഒന്നുമില്ല. അതിനെ പരിപോഷിപ്പിക്കണമെന്ന് ഈ യൂണിവേഴ്സിററി കരുതുന്നില്ല. ദിവസംപ്രതി അതിനെ നശിപ്പിക്കുകയാണ് എന്നു നിങ്ങൾ ഓർക്കണം. നമ്മുടെ ഈ നാട്ടിലെ സംസ്കാരത്തേയും രാജ്യത്തിന്റെ സമ്പത്തുകളേയും കഴിവുള്ളത്ര അഭിവൃദ്ധിപ്പെടുത്തുന്നതിനു ഈ ഡിപ്പാർട്ടുമെൻറിനെ നിശ്ചയമായും ഈ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി.]

സർക്കാർ പ്രോത്സാഹിപ്പിക്കേണ്ടതാണ് എന്നു പറയുന്നതിലേക്കാണു ഞാൻ ഇവിടെ നിൽക്കുന്നതു്. റിസർച്ചു ഡിപ്പാർട്ടുമെന്റിനെപ്പററിയും വേറെ പല കാര്യങ്ങളെപ്പററിയും എനിക്കു പറയാനുണ്ടു്.

ഒരു കാര്യം കൂടി ഞാൻ അറിയിച്ചുകൊള്ളുന്നു. അടുത്തകാലത്തു വിദ്യാർത്ഥികൾ കാളേജിലും മററും അവരുടെ അവകാശസമ്പാദനത്തിനായി സംഘടിക്കുമ്പോൾ അവരുടെ ഹാജർ വെട്ടിക്കുറയ്ക്കുന്നതും മററു പരാതികൾ ഉണ്ടായിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇതു പോലെ ഒരു വിദ്യാർത്ഥിയുടെ ഹാജർ ഒരു പ്രിൻസിപ്പൽ വെട്ടിക്കുറച്ചതായി ഇവിടെ പറയുന്നതു ഞാൻ കേട്ടു. കോടതിയിൽ അതു സംബന്ധിച്ചു് വിദ്യാർത്ഥി കേസുകൊടുത്തിട്ടുള്ളതായും അറിവുണ്ടു്. ഞാൻ വിദ്യാഭ്യാസമന്ത്രിയോടു ചോദിക്കുന്നു വിദ്യാർത്ഥികൾമാത്രം തെററുചെയ്യു എന്നു പറയുന്നതു ശരിയാണോ എന്നു്. അവർക്കും ജീവിക്കാൻ അവകാശമുണ്ടു്, സംഘടിക്കാൻ അവകാശമുണ്ടു്. അവരുടെ അവകാശങ്ങൾ സാധിക്കാൻ, പിടിച്ചുപററാൻ അവർ സംഘടിച്ചിരിക്കാം. ഇന്നതിനു എതിരായിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണു് ഇവിടെയുള്ളതു്. അതു കൊണ്ടു് ഞാൻ ഈ ഗ്രാന്റിനെ എതിർക്കുന്നു. (ബെൽ)

Shri A. L. Jacob: Mr. Speaker, Sir, in speaking of the educational policy of our Government, I beg to draw the attention of this House to certain aspects of the problem which are of vital importance to the future of this State. It is a matter of legitimate pride to us that the State of Travancore-Cochin stands fore—most among the States in Indian Republic in literacy. Year after year our Government is allotting and spending a considerable share of our annual revenues to promote the cause of education. We have a University of our own which, though young is not behind the older Universities of India in the quality of its instruction and the standard of its degrees and the people are showing an unprecedented urge for making the best of the facilities in education now available within the State.

All these are matters upon which we can congratulate ourselves. But while doing so, we ought to be aware of certain serious drawbacks, certain dangerous spots in our edcation system. First of all, Sir, I wish to point out the overemphasis that is now laid on a purely literary education and the lack of adequate facilities for higher technical education. We are at the threshold of an era of industrialization. Our Government have big industrial schemes in contemplation. Who are to man the higher services of these industries? Are we to import skilled hands and experts into this State while the sons of the soil have to languish in unemployment? Sir, in order to reduce unemployment among the educated classes of this State, to infuse a spirit of enthusiasm into the higher services of our industries, to prevent huge sums from leaking out of this State in the shape of salaries, I suggest that immediate steps be taken to provide facilities for our young men to acquire expert knowledge in higher industrial technology.

Secondly, Sir, this House should take serious notice of the indiscipline, and the consequent unrest that is now vitiating our schools and colleges. It will bring about a gradual drift of the youth of this country towards a state of demoralization. Instead of affecting unconcern until the situation takes a very serious turn, instead of leaving the teachers to cope with a situation which is very often beyond their control, instead of leaving the students to play havoc within our educational institutions, I suggest that Government should act promptly, and exercise its good offices, its moral influence, and if need be, its strength, to set things right at the right time.

Sir, this House knows full welly that these unhappy disturbances in our educational institutions are engineered by certain political parties with an anti-social character and programme. It is the duty of the Government to see that they are kept under check, that these agents of disorder and chaos are kept under proper limits, so that our educational institutions may carry on their work in peace and tranquillity.

Shri E. Gopalakrishna Menon: Sir, the Member was reading his speech.

Mr. Speaker: I was noting it. He was only referring to his notes to refresh his memory.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സർ, ഞാൻ വളരെ പരുങ്ങലിലാണു്. വിദ്യാഭ്യാസമെന്നും വിദ്യാർത്ഥികളെന്നും കേൾക്കുമ്പോൾ ദൃഷ്ടിബിംബങ്ങളുടെ മുഖത്തു് അസഹിഷ്ണുതയുടെ കരിനിഴലുകൾ വ്യാപിക്കുന്നതായി എനിക്കു തോന്നുന്നുണ്ടു്. പ്രായവും പദവിയും പരിഗണിക്കുമ്പോൾ അതു പാടില്ലാത്തതാണു്. നമ്മുടെ വിദ്യാഭ്യാസാവശ്യത്തിലേയ്ക്കു് ആണ്ടുതോറും ബഡ്ജറ്റിൽ താരതമ്യേന ഭേദപ്പെട്ട വിധം പണം അനുവദിക്കാറുണ്ടു്. എന്നാൽ ഇങ്ങനെ തുക ധാരാളം അനുവദിക്കുന്നതിനു തക്ക ഗുണം കാണുന്നില്ല. വിദ്യാർത്ഥികളുടെ ഇടയിലും അദ്ധ്യാപകന്മാരുടെ ഇടയിലും എന്നുമാത്രമല്ല മന്ത്രിമാരുടെ ഇടയിൽപ്പോലും നമ്മുടെ വിദ്യാഭ്യാസത്തെക്കുറിച്ചു് അത്ര വളരെ സംതൃപ്തിയുള്ളതായി തോന്നുന്നില്ല. വിജയശതമാനം കണക്കാക്കിയാലും നില ശോചനീയംതന്നെ. സർ, എന്താണു് ഇതിനു കാരണം? വിദ്യാഭ്യാസത്തിനു് ധാരാളം പണം ചെലവാക്കുന്നുണ്ടെങ്കിലും അതിനു തക്ക ഗുണം കണ്ടുവരാത്തതിനാൽ എവിടെയോ കുഴപ്പമുണ്ടെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. ജപ്പാൻകാരുടെ ഇടയിൽ ഒരു പഴമൊഴിയുള്ളതായി കേട്ടിട്ടുണ്ടു്. അതു് ഇങ്ങനെയാണു്:—"To produce a rabbit's egg instead of a rabbit." ഒരു മുയലിനെ കാണിക്കേണ്ടിടത്തു് അതിന്റെ മുട്ടയായിപ്പോവുക! നമ്മുടെ വിദ്യാഭ്യാസവകുപ്പിന്റെ സ്ഥിതിയെന്താണു്? റാബിറ്റല്ലെങ്കിൽ റാബിറ്റിന്റെ മുട്ടയെങ്കിലും കാണിക്കേണ്ടേ? എന്നാൽ അതുപോലും ഇല്ല. മുയലിനു പകരം മലയോന്തിന്റെ കാഷ്ഠമാണു് കാണിക്കുന്നതെന്നുവന്നാൽ അതിനെക്കുറിച്ചു് എന്തു പറയാനാണു്. സർ, നാം ഈ കാര്യത്തിനു്, പരമാവധി എന്നു തോന്നുന്ന വിധത്തിലുള്ള ഒരു തുക നീക്കിവെയ്ക്കാറുണ്ടു്. അങ്ങനെയുള്ള തുകയ്ക്കു തക്കവണ്ണമുള്ള ഗുണം കിട്ടിയില്ലെങ്കിലും അല്പമെങ്കിലും ഗുണം കാണിക്കണമെന്നാണു് എല്ലാവരും പ്രതീക്ഷിക്കുന്നതു്.

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

എന്നാൽ യാതൊരു ഗുണവും ഇതുകൊണ്ടു് വിദ്യാർത്ഥികൾക്കാകട്ടെ രാജ്യത്തിനാകട്ടെ ലഭിക്കുന്നില്ലെന്നു വരികയാണെങ്കിൽ അതിന്റെ അർത്ഥമെന്താണു്? വിദ്യാഭ്യാസപരമായിട്ടുള്ള കാര്യങ്ങളിൽ, അധികൃതർ കഴിഞ്ഞ കാലസങ്കല്പങ്ങൾവച്ചു പലതും കൊണ്ടുപോകുന്നതിന്റെ ദുർഗ്ഗമമായ ഭവിഷ്യത്താണിതു്. ഇവിടെ വിദ്യാർത്ഥികളെ സംബന്ധിക്കുന്ന പല കാര്യങ്ങളെപ്പററിയും സംസാരിച്ചുകഴിഞ്ഞു. എനിക്കു് വേറൊരു കാര്യത്തെപ്പററിയാണു് സംസാരിക്കുവാനുള്ളതു്. അതായതു് അവരുടെ ശിക്ഷണത്തെപ്പററി. നമ്മുടെ വിദ്യാർത്ഥികളുടെയിടയിൽ അല്പം ശിക്ഷണരാഹിത്യമുണ്ടെന്നു ഞാൻ പക്ഷെ വാദത്തിനുവേണ്ടി സമ്മതിക്കാം. അങ്ങനെ വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും നാം ഒരു കാര്യം ഓർത്തിരിക്കേണ്ടതാണു്. ഈ ശിക്ഷണരാഹിത്യം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. കുറഞ്ഞവേള ദിവാൻ രാഘവയ്യായുടെ കാലംമുതൽ തുടങ്ങിയ ഒന്നാണു് ഇതു്. പക്ഷെ ഇതു് ശരിയായി പറയുകയാണെങ്കിൽ ശിക്ഷണരാഹിത്യമല്ല. അവരുടെ അവശതകളുടെ നിവാരണത്തിനു വേണ്ടിയുള്ള ഒരു പ്രക്ഷോഭണം എന്നേയുള്ളു. സർ, വിദ്യാർത്ഥികൾക്കു് സ്വന്തവും സ്വതന്ത്രവുമായ ഒരു ചിന്താശക്തിയും അവശതകളും അവകാശബോധവുമുണ്ടെന്നുള്ള സംഗതിയുടെ നേരേ കണ്ണടച്ചതുകൊണ്ടു ഫലമില്ല. തല തല്ലിക്കീറി പരിഹാരം കാണേണ്ടു ഒന്നല്ല ഇതു്. ഇതു് തികച്ചും ഒരു സാമൂഹ്യമായ കാര്യമാണു്. സാമൂഹ്യമായ രീതിയിൽ അതിനു പരിഹാരംകണ്ടെത്തണം. അല്ലാതെ പോലീസ്സുകാരെക്കൊണ്ടു് കുട്ടികളുടെ തല തല്ലിപ്പൊളിച്ചു് അവരെ നിയന്ത്രിക്കാമെന്നു കരുതിയാൽ അതു് സാദ്ധ്യമുള്ള ഒരു സംഗതിയാണെന്നു തോന്നുന്നില്ല. സാമൂഹ്യമായ രോഗത്തിനു സാമൂഹ്യമായ പ്രതിവിധിയുണ്ടാകണം. മുഖ്യമന്ത്രി പറഞ്ഞു, ഞങ്ങൾക്കു് വിദ്യാർത്ഥികളെ ഒന്നിളക്കണമെന്നു ആഗ്രഹമുണ്ടെന്നു്. സർ, ഞങ്ങൾക്കു് അതിന്റെ അവശ്യമെന്തെന്നു മനസ്സിലാകുന്നില്ല. കാളേജു പൊളിക്കണമെന്നും അദ്ധ്യാപകരെ തല്ലണമെന്നുമൊക്കെ പറയത്തക്ക വെളിവില്ലാത്തവരാണു ഞങ്ങളെന്നാണോ അദ്ദേഹത്തിന്റെ അനുമാനം. കഷ്ടം തന്നെ. ഇതോടുകൂടി ഒരുകാര്യം നാം ഓർക്കണം. ഇന്നു് കാൺഗ്രസ്സ് നേതാക്കന്മാരായിരുന്ന നിങ്ങൾ ഇളക്കിവിട്ട വിദ്യാർത്ഥികൾ അതേ നിലയിൽ നിൽക്കയാണെന്നു്. അന്നു് നിങ്ങൾക്കു് അവരെ ഇളക്കിവിടേണ്ട ആവശ്യമുണ്ടായിരുന്നു. ആ നിലയിൽ അവർ നിൽക്കുകയാണു്. പക്ഷെ അന്നു് നിങ്ങൾ അവരെ ഇളക്കിവിട്ടതാണോ? കുറേക്കൂടി സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ കാര്യം അങ്ങനെയും അല്ലെന്നു മനസ്സിലാകും. വിദ്യാർത്ഥികൾക്കു് വ്യക്തമായ ചില അവകാശങ്ങളുണ്ടു്; അവശതകളുണ്ടു്. ആ അവകാശങ്ങളെ പരിരക്ഷിക്കുവാനും ആ അവശതകൾക്കു് പരിഹാരം നേടുവാനും അവർ ചില പ്രക്ഷോഭണങ്ങളെല്ലാം ആവശ്യമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ നടത്തും. അല്ലാതെ മററുള്ളവർ ഇളക്കിവിട്ടാലൊന്നും അവർ ഇളകുകയില്ല. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അന്നു ഞാൻ ഒരു വിദ്യാർത്ഥിയായിരുന്നു. നിങ്ങൾ ഇളക്കിയതുകൊണ്ടൊന്നും ഞാനോ ഞങ്ങളെപ്പോലുള്ളവരോ ഇളകിയില്ല; ഇളകുകയുമില്ല. വിദ്യാർത്ഥികൾക്കും സ്വന്തമായ ചിന്താശക്തിയുണ്ടെന്നു് ആദ്യമായി അംഗീകരിക്കുക. വിദ്യാർത്ഥികൾ കാളേജിൽ പോകരുതെന്നു ഞങ്ങൾ പറകയില്ല. ജീവിതം പാഴാക്കണമെന്നോ പറ

ക്കേണ്ട ആവശ്യമില്ലെന്നോ ഒന്നും ഞങ്ങൾ പറയുകയില്ല. പിന്നെ, അവരുടെ ആവശ്യങ്ങൾക്കുവേണ്ടി അവരുടെ സ്വന്തം കഴിവും ചിന്തയും ഉപയോഗിച്ച് അവർ പ്രക്ഷോഭണങ്ങൾ നടത്തിയേക്കാം. അതു ന്യായമായിരിക്കുമെങ്കിൽ ഞങ്ങൾ സഹായിക്കുമെന്നുമാത്രം. എനിക്കു വേറൊരു സംഗതി പറയാനുണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു ചോദ്യം അയച്ചിരുന്നു. ൧൯൪൮-ൽ ഒരു വിദ്യാർത്ഥിയെ നമ്മുടെ യൂണിവേഴ്സിററി ഡിസ്മിസ്സ് ചെയ്തു. അതു ക്യാൻസൽ ചെയ്യണമെന്ന് പലകാലമായി ആ വിദ്യാർത്ഥി അപേക്ഷിക്കുകയാണ്. എന്നാൽ ഇതുവരെ ആ കാര്യത്തിൽ ഒന്നും ചെയ്തില്ല. എന്നുമാത്രമല്ല, ഒരു മറുപടിപോലും നൽകിയില്ല. അയാൾ കുററവാളി ആയതുകൊണ്ട് ആ കാര്യത്തിൽ ഇടപെടാൻ സാധിക്കുകയില്ലെന്നാണു പറയുന്നത്. സർ, ഞാൻ ഒന്നു പറയുന്നു. ൧൯൪൮-ലെ ആഗസ്റ്റ് പ്രസ്ഥാനത്തിൽ പങ്കെടുത്ത ആ വിദ്യാർത്ഥി കുററവാളി ആണെങ്കിൽ, ഇന്ന് കുററവാളികളാണു രാജ്യം ഭരിക്കുന്നതെന്ന് നാം ഓർക്കണം. അന്ന് പല കാര്യങ്ങൾക്കും കുററവാളികളായിട്ടുള്ള ആളുകളാണ് ഇന്ന് രാജ്യം ഭരിക്കുന്നതെന്ന് നാം നല്ലവണ്ണം ഓർക്കണം. വിദ്യാർത്ഥികൾ പ്രക്ഷോഭണമുണ്ടാക്കുന്നത് പലപ്പോഴും അവരെ സംബന്ധിക്കുന്ന വലിയ വലിയ കാര്യങ്ങൾക്കു വേണ്ടിയായിരിക്കും. സർ, ഇതു പറയുമ്പോൾ വിക്ടർ ഹ്യൂഗോയുടെ ഒരു വാചകമാണു ഓർമ്മവരുന്നത്. "പള്ളിയിലെ തിരശ്ശീല ചീന്തിയതു് രാജ്യത്തിന്റെ മുറിവുകെട്ടാനാണു" എന്ന്. അത്തരത്തിൽ പാവനമായ കർത്തവ്യത്തിലിടപെടുന്ന വിദ്യാർത്ഥികളെ ഈ വിധത്തിലാണു ഗവണ്മെൻറ് അഭിമുഖീകരിക്കാൻ പോകുന്നതെങ്കിൽ അതു് ആപൽക്കരമാണെന്നു മാത്രമേ എനിക്കു പറയാൻ സാധിക്കുകയുള്ളു.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): സർ, തിരുവിതാംകൂറിലെ പ്രൈമറിസ്കൂളിലേയും മിഡിൽസ്കൂളിലേയും അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നും കൊച്ചിയിൽ ഹൈസ്കൂളിലും, കാളേജിലും ശമ്പളം വർദ്ധിപ്പിക്കണമെന്നും ഗവണ്മെൻറിന് കുറെ നാളുകളായി നിവേദനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടുമൂന്നുമാസങ്ങളായി ഗവണ്മെൻറ് ഇതേപ്പററി വളരെ വളരെ ശ്രദ്ധയോടുകൂടി ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ അസംബ്ലി തുടങ്ങുന്നതിനു മുമ്പുതന്നെ ഇതിൽ ഒരവസാനതീരുമാനം ചെയ്യണമെന്ന് ഗവണ്മെൻറിനു ദൃഢമായ നിശ്ചയം ഉണ്ടായിരുന്നു. എന്നാൽ ചില സംഗതികൾ സൂക്ഷ്മമായി അറിയുന്നതിന് ഗവണ്മെൻറിന് സ്വല്പം താമസം വന്നിട്ടുണ്ട്. ഇന്നേദിവസം ഈ സഭയിൽ വെച്ചിട്ടുള്ളതായ ഗവണ്മെൻറ്പ്രൊസീഡിംഗ്സിൽ നിന്നും ഗവണ്മെൻറിന്റെ സാമ്പത്തികസ്ഥിതിക്ക് അപ്പുറമായി ശമ്പളക്രമീകരണം വരുത്തിയിരിക്കുന്നതായി കാണാവുന്നതാണ്. ഇതിലേക്കു ശരാശരി ശമ്പളം കണക്കാക്കുകയാണെങ്കിൽ കൂടുതലായി ഒരു കൊല്ലം ൪൫·൫൦ ലക്ഷം രൂപാ ചിലവു ചെയ്യേണ്ടതായി വരുന്നതാണ്. എങ്കിലും ശരിയായ ശമ്പളം കൊടുക്കണമെന്ന് ഗവണ്മെൻറ കരുതുന്നതിനാൽ വലിയ ഒരു തുകകൂടി ഉൾപ്പെടുത്തി അതിനായി നീക്കിവച്ചിരിക്കുകയാണ്. ഈ ശമ്പളക്രമീകരണം കൊണ്ട് തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള എല്ലാ അദ്ധ്യാപകന്മാർക്കും പരിപൂർണ്ണമായ സംതൃപ്തി ഉണ്ടാകുമെന്നാണ് ഗവണ്മെൻറു വിചാരിക്കുന്നത്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ സംയോജനത്തെപ്പററി ഇവിടെ വാദപ്രതിവാദം നടന്നു. ഇപ്പോഴത്തെ പ്രൊസീഡിംഗ്സ് അനുസരിച്ച് ഒരു

[ശ്രീ. എ. ജെ. ജാൺ]

പുതിയ രീതിയിലുള്ള സംയോജനം നടപ്പിൽ വരുന്നതാണു്. ഈ രാജ്യത്തെ രണ്ടു വിഭാഗങ്ങളിലുമുള്ള അദ്ധ്യാപകന്മാർ യാതൊരു വിധത്തിലും ആക്ഷേപിക്കാൻ പാടില്ലാത്തവിധത്തിൽ അത്ര വളരെ സമയം ചിലവാക്കിയാണു് ഈ പദ്ധതി ഇവിടെ ആവിഷ്കരിച്ചിട്ടുള്ളതു്. ഇതിൽ കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള എല്ലാ അദ്ധ്യാപകന്മാർക്കും പ്രഫസർമാർക്കും അസിസ്റ്റൻറു പ്രഫസർമാർക്കും ലക്ചറർമാർക്കും പരിപൂർണ്ണസംതൃപ്തി ഉണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്. യൂണിവേഴ്സിററിയുടെ അദ്ധ്യക്ഷനെപ്പററിയും, യൂണിവേഴ്സിററിയുടെ നയത്തെപ്പററിയും ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാർ അഭിപ്രായം പറയുകയുണ്ടായി. യൂണിവേഴ്സിററി ഒരു അട്ടോണമസ് ബാഡിയാണു്. അതിൻെറ ഭരണപരമായ കാര്യങ്ങളിൽ പ്രവേശിക്കുന്നതിനു് ഗവണ്മെൻറിനു് നിയമപരമായി അധികാരമൊന്നുമില്ല. യൂണിവേഴ്സിററി ആക്ടു [illegible]-ാമത്തെ വകുപ്പനുസരിച്ചു് ഗവണ്മെൻറിനുള്ള അധികാരം ഇതാണു്.

> "Powers of the Government : "Our Government shall have power at any time to order an audit of the accounts of the University by such auditors as they may direct. Our Government may at any time cause an inspection to be made by such person or persons as they may direct of the University, its buildings, libraries, laboratories, museums, workshops and other appurtenances and the institutions controlled by or admitted to the privileges of the University as also of the teaching and other work conducted or done by or on behalf of the University and to cause an enquiry to be made with respect to any matter connected with the University."

3— P.M.

ഇത്രയുമാത്രമെ വ്യവസ്ഥയുള്ളു. അതിൽ യൂണിവേഴ്സിററി പരീക്ഷ നടത്തുന്നതു് ഏതു വിധത്തിൽ വേണമെന്നോ എത്രശതമാനം ജയിപ്പിക്കണമെന്നോ നിർബന്ധമായി പറയുവാൻ ഗവണ്മെൻറിനു അധികാരമുള്ളതായി തോന്നുന്നില്ല. എന്നാൽ ഈ കഴിഞ്ഞ സർവ്വകലാശാലാ പരീക്ഷക്കു ജയിച്ചശതമാനം കുറവാണെന്നു ഗവണ്മെൻറിനു് അറിയാം. അതിൻെറ കാരണമെന്താണെന്നു് യൂണിവേഴ്സിററി അന്വേഷിക്കുന്നതായിരിക്കും. സാധാരണഗതിയിൽ പറഞ്ഞാൽ കുട്ടികൾ അവരുടെ മുഴുവൻ ശ്രദ്ധയും പഠനകാര്യത്തിൽ ഉപയോഗിക്കാത്തതുകൊണ്ടാണു് എന്നാണു് എനിക്കു് തോന്നുന്നതു്. ഇതിനെപ്പററി ഒരു വാദപ്രതിവാദം നടത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഏതായാലും യൂണിവേഴ്സിററിയിലും സ്കൂളുകളിലും പരിപൂർണ്ണമായ ഡിസിപ്ലിൻ വേണമെന്നുള്ളതിൽ എല്ലാവരും യോജിച്ചിരിക്കുകയാണു്. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ചില അംഗങ്ങൾ വേറൊരു അഭിപ്രായമാണു് പുറപ്പെടുവിച്ചിട്ടുള്ളതു്. ഡിസിപ്ലിൻ വേണ്ടെന്നു അവർ പറഞ്ഞിട്ടുള്ളതായി ഞാൻ പ്രസ്താവിക്കുന്നില്ല. എന്നാൽ അച്ചടക്കത്തിനു വിപരീതമായി കുട്ടികൾ ചില പ്രവർത്തനം നടത്തുന്നതു എന്തുകൊണ്ടാണെന്നും അതു് പരിഹരിക്കേണ്ടതു് എങ്ങനെയാണെന്നും ആണു് ഞാൻ പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നതു്.

ജൂനിയർ ക്ലാസുകളിൽ സാധാരണ ഏപ്രിൽ മാസത്തിനു മുമ്പായിട്ടാണ്, അതായത് വെക്കേഷനുമുമ്പാണ് പരീക്ഷ നടത്തുന്നത്. മാർച്ച് മാസം ആകുമ്പോൾ ചില രാഷ്ട്രീയ പ്രവർത്തകന്മാർ ഏതെങ്കിലും കോളേജുകളിൽ ജൂനിയർക്ലാസ്സുകളിൽ പരീക്ഷ നടത്തുന്നുണ്ടോ എന്നു അന്വേഷിച്ചു നടക്കുകയും അങ്ങനെ പരീക്ഷ നടത്തുന്നുവെങ്കിൽ ആ ചടങ്ങുകളിൽ പങ്കുകൊള്ളാതിരിക്കുവാൻ ചില രാഷ്ട്രീയപ്രവർത്തകന്മാർ അവരെ പ്രേരിപ്പിക്കുകയും പരീക്ഷ മാറ്റുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കുട്ടികളെകൊണ്ടു ചെയ്യിക്കുകയുമാണ് ചെയ്യുന്നത്.

ശ്രീ. ടി. വി. തോമസ്: ഞങ്ങൾ അതിനെ നിഷേധിക്കുന്നു.

ശ്രീ. എ. ജെ. ജോൺ: നിഷേധിക്കുമെന്ന് എനിക്കറിയാം. അങ്ങനെ കുട്ടികൾ വേറെ വഴികളിലേക്കൊന്നും തിരിയാതെ മുഴുവൻ സമയവും അവരുടെ പഠിത്തത്തിൽ കേന്ദ്രീകരിച്ചിരിക്കണമെന്ന് അവരെ ഉപദേശിക്കുന്നതിനു പകരമായിട്ട് പ്രക്ഷോഭണം നടത്തണമെന്നും പരീക്ഷയിൽ സഹകരിക്കരുതെന്നും മററും പ്രേരിപ്പിക്കുകയാണെങ്കിൽ അവരുടെ ശ്രദ്ധ മുഴുവൻ പഠിത്തത്തിൽ പതിയുന്നതല്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതു തെററാണ്.

Mr. Speaker: The hon. Member represents one side of the question and the Minister represents another side. That is the position.

ശ്രീ. എ. ജെ. ജോൺ: പരീക്ഷയിൽ പാസ്സാകേണ്ടവരായ കുട്ടികൾ മുഴുവൻ സമയവും അവരുടെ പഠിത്തത്തിൽ ശ്രദ്ധവയ്ക്കാതെ അതിൽനിന്നും വ്യതിചലിച്ചുപോകുന്നുണ്ടെന്നുള്ളവിവരം മനസ്സിലാക്കി അവരെ വേണ്ടപോലെ ഉപദേശിക്കാത്തതിന്റെ ഫലമായിട്ടാണ് അവർ പരീക്ഷയിൽ തോററുപോകുന്നത്. അങ്ങിനെ തോററുപോകുന്നതിനുള്ള പ്രധാന കാരണം അവർ ഇപ്രകാരമുള്ള ചില പരിപാടികളിൽ പങ്കെടുക്കുന്നതുകൊണ്ടാണ്. പരീക്ഷയിൽ തോററുപോയ കുട്ടികളെയെല്ലാം പാസ്സാക്കണമെന്നു പറഞ്ഞുകൊണ്ട് ചില രാഷ്ട്രീയ പ്രവർത്തകന്മാർ അതിനു വേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ നടത്തിവരാറുണ്ടെന്നുള്ളത് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അറിയാവുന്നതാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മാർക്കിന്റെ അടിസ്ഥാനത്തിലല്ലാതെ കുട്ടികളെ തോല്പിക്കാറില്ലേ?

ശ്രീ. എ. ജെ. ജോൺ: കുട്ടികൾ അവരുടെ മുഴുവൻ സമയവും പഠിത്തത്തിൽ ശ്രദ്ധിക്കാതെ വ്യതിചലിച്ചുപോകുന്നതുകൊണ്ടും, മററുള്ളവരുടെ പ്രേരണകൾക്കു വഴിപ്പെട്ടുപോകുന്നതുകൊണ്ടുമാണ് പരീക്ഷയിൽ തോററുപോകുന്നത്. ഹാജരും, പ്രോഗ്രസ്സുമാണ് കുട്ടികൾക്കു പ്രമോഷനുള്ള മാനദണ്ഡങ്ങൾ. കാളേജുകളിൽ പഠിക്കുന്ന കുട്ടികളെ ശരിയായവിധം നിയന്ത്രിച്ചുകൊണ്ടുപോകുന്നതിന് പ്രിൻസിപ്പാളിന് പരിപൂർണ്ണമായ അധികാരമുണ്ട്. അതനുസരിച്ച് ഏതു നിമിഷവും പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിന് വിപരീതമായി പ്രവർത്തിക്കുന്ന കുട്ടികളെ വിടുതൽ സർട്ടിഫിക്കററുകൊടുത്തു പറഞ്ഞയക്കുന്നതിനു പ്രിൻസിപ്പാളിനു അധികാരമുണ്ട്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: പരീക്ഷക്ക് എഴുതുവാൻ കാത്തിരുന്ന കുട്ടികളെ പരീക്ഷാഹാളിൽനിന്നും പ്രിൻസിപ്പാൾ അടിച്ചിറക്കിവിട്ടതായി എന്തെങ്കിലും പരാതികൾ ഉണ്ടായിട്ടുണ്ടോ ?

Mr. Speaker : Pleac allow the Minister to finish his idea first.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഞങ്ങളല്ലാ പ്രിൻസിപ്പാളാണ തടഞ്ഞത്.

ശ്രീ. എ. ജെ. ജാൺ : കുട്ടികളുടെ ശ്രദ്ധ മുഴുവൻ പഠിത്തത്തിൽ കേന്ദ്രീകരിക്കുന്നതിന വേണ്ടതായ ഉപദേശങ്ങൾ നൽകണമെന്നാണ് ഈ സഭയിൽ ഉള്ള എല്ലാ വിഭാഗങ്ങളിൽപ്പെട്ട അംഗങ്ങളോടു വീണ്ടും എനിക്ക അഭ്യർത്ഥിക്കവാനുള്ളതു്.

ശ്രീ. ടി. വി. താമസ് : അവരുടെ ന്യായമായ അവകാശങ്ങളെപ്പററി പറഞ്ഞപ്പോഴാണ് അങ്ങിനെ ഇറക്കിവിട്ടതു്. അതുകൊണ്ടു ഞങ്ങൾ പറയുന്നതു ശരിയല്ലെന്നു് അസന്നിഗ്ദ്ധമായ ഒരു ഉറപ്പു തരുവാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാണോ?

ശ്രീ. എ. ജെ. ജാൺ : അതു യൂണിവേഴ്സിററി തീരുമാനിക്കേണ്ട ഒരു കാര്യമായതുകൊണ്ടു് അതിൽ ഇടപെടേണ്ട യാതൊരാവശ്യവും ഈ ഗവണ്മെൻറിനില്ല.

ശ്രീ. ടി. വി. താമസ് : അതെന്തുകൊണ്ടാണ്?

Mr. Speaker : The dignity of the House should be maintained. When the Minister is replying and he is not prepared to yield, what is the meaning of putting questions like that?

ശ്രീ. പി. ഗോവിന്ദപ്പിള്ള : അദ്ദേഹം നിരുത്തരവാദിത്വത്തോടു കൂടി സംസാരിച്ചതിനെ പററിയാണ പറയുന്നതു്.

Mr. Speaker: Order, order.

ശ്രീ. എ. ജെ. ജാൺ : ഞാൻ കമ്മ്യൂണിസ്ററപാർട്ടിയെ നിഷേധിച്ചോ അവരുടെ പരിപാടികളെ ഉന്നയിച്ചോ യാതൊന്നും വ്യക്തമായി പറഞ്ഞില്ല.

Mr. Speaker : Let us keep the dignity and decorum of the House at all costs. When so many unfounded statements were made from this side, there was no interruption from Government benches.

ശ്രീ. എ. ജെ. ജാൺ : അതുകൊണ്ടു് കാളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന കുട്ടികളെ അവരുടെ മുഴുവൻ സമയവും പഠിത്തത്തിൽ മാത്രം വിനിയോഗിക്കുവാൻ ഉദ്ബോധിപ്പിക്കണമെന്ന ഈ സഭയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട മെമ്പറന്മാരോടും ഞാൻ ഒരിക്കൽ കൂടി വിനയപൂർവ്വം അപേക്ഷിക്കുന്നു. വിദ്യാർത്ഥികൾ ഏതു പ്രായക്കാരായിരുന്നാലും ശരി, അവരോടു് അനുകമ്പാപൂർവ്വം പെരുമാറുവാൻ നിവൃത്തിയില്ലാത്തവിധം അവർ പ്രൊഫസർമാരേയും പ്രിൻസിപ്പാളിനേയും ഉപദ്രവിക്കുവാൻ

വിചാരിക്കുകയാണെങ്കിൽ അതു അവരുടെ അവശതാപരിഹാരത്തിനുള്ള ഒരു മാർഗ്ഗമാകുന്നില്ല.

പിന്നെ വേറൊരു സംഗതി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതായതു് യൂണിവേഴ്സിററി ആക്ററ് വളരെ കൊല്ലങ്ങൾക്കുമുമ്പു പാസാക്കിയിട്ടുള്ളതാണ്, അതു നവീകരിക്കണം എന്നു്. അതു വളരെ വിലമതിക്കേണ്ട ഒരു അഭിപ്രായമാണ്. യൂണിവേഴ്സിററി ആക്ട് പരിഷ്കരിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവണ്മെൻറ് എടുത്തുകൊണ്ടിരിക്കുകയാണ്. അതിലേയ്ക്കു് ഉടനെതന്നെ ഒരു കമ്മിററിയെ നിയമിച്ചു് യൂണിവേഴ്സിററി പരിഷ്കരണത്തിനുള്ള എല്ലാ നടപടികളും അന്വേഷിച്ചു റിപ്പോർട്ട് വരുത്തുന്നതായിരിക്കുമെന്നാണ് എനിക്കു പ്രസ്താവിക്കുവാനുള്ളതു്.

സെക്കൻററിസ്കൂളുകളെ സംബന്ധിച്ചിടത്തോളം അതിലെ വിദ്യാഭ്യാസകാര്യത്തിൽ പരിഷ്കാരം വരുത്തേണ്ടതു് ആവശ്യമാണെന്നുള്ളതിനെപ്പററി ഇവിടെ പലരും പ്രസ്താവിച്ചുകേട്ടു. അതു ഈ ഗവണ്മെൻറുതന്നെ ചെയ്യണമോ അതോ ഇൻഡ്യാ ഗവണ്മെൻറിൽനിന്നും സെക്കൻററിസ്കൂൾ എഡ്യൂക്കേഷൻ കമ്മിററി എന്ന പേരിൽ വച്ചിട്ടുള്ള ആ കമ്മിററിയുമായി സഹകരിച്ചു് പ്രവർത്തിക്കണമോ എന്നുള്ളതു് ആലോചനാവിഷയമാണ്. ഇപ്പോൾ ഇൻഡ്യാഗവണ്മെൻറ നിയമിച്ചിട്ടുള്ള കമ്മിററി ഒരു ആൾ ഇൻഡ്യാ കമ്മിററിയാണ്. ആ കമ്മിററിയിൽ ൩ അംഗങ്ങളുണ്ടായിരിക്കുമെന്നും നമുക്കും അതിൽ ചേരാൻ സാധിക്കുമെന്നുമാണ് അറിയുന്നതു്. അതുകൊണ്ടു് ഈ സംഗതിക്കു് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. താണുപിള്ള പറഞ്ഞതായ അഭിപ്രായമനുസരിച്ചു് ഈ ഗവണ്മെൻറും അതിൽ പ്രാതിനിധ്യം കിട്ടുവാനായി ശ്രമിക്കുന്നതാണ്.

പിന്നീടു് കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ തിരുവിതാംകൂർ-കൊച്ചിയിൽ മുഴുവനും നടപ്പിൽ വരുത്തിയിട്ടില്ലെന്നും അതു മുഴുവനായി നടപ്പിൽ വരുത്തേണ്ടതു് ആവശ്യമാണെന്നും പല മെമ്പർമാരും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ ഭാഗത്തും വ്യാപിപ്പിക്കുവാൻ കുറെ കാലതാമസമുണ്ടു്. എന്നാൽ ഗവണ്മെൻറിന്റെ സാമ്പത്തികനിലയെപ്പററി ആലോചിച്ചപ്പോൾ അതു് എല്ലാ ഭാഗത്തും നടപ്പിൽ വരുത്തുവാൻ സാദ്ധ്യമാണോ എന്നുള്ള സംശയംകൊണ്ടാണ് അതിനെപ്പററി നടപടിയെടുക്കാതിരിക്കുന്നതു്. ഇപ്പോൾതന്നെ ഈ ഗവണ്മെൻറ് വിദ്യാഭ്യാസത്തിനുവേണ്ടി ഉദ്ദേശം നാലുകോടി രൂപായാണ് നീക്കിവച്ചിട്ടുള്ളതെന്നു ബഡ്ജററുനോക്കിയാൽ കാണാം. വരവിന്റെ ൨൫ ശതമാനമാണ് വിദ്യാഭ്യാസത്തിനുവേണ്ടി ചിലവാക്കുവാൻ ചെയ്തിട്ടുള്ളതു്. തിരുവിതാംകൂർ-കൊച്ചിയിൽ ആകപ്പാടെ ൪൲൰൨ പ്രൈമറി സ്കൂളുകൾ ഉണ്ടു്. അതിൽ ൨൲൰൪ ഡിപ്പാർട്ടുമെൻറൽ സ്കൂളുകളും ൨൲൩൪ പ്രൈവററുസ്കൂളുകളുമാണ്. ഈ ൨൲൩൪ പ്രൈവററുസ്കൂളുകളിലെല്ലാംകൂടി ൨൲,൩൲൨,൫ ൨൲ കുട്ടികൾ പഠിക്കുന്നുണ്ടു്. ഇപ്പോൾതന്നെ ഏകദേശം ജനസംഖ്യയുടെ എഴിലൊരുഭാഗം വരുന്ന കുട്ടികളെ പ്രൈമറി സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ ആക്ററനുസരിച്ചുള്ള സ്കൂളുകൾ നടപ്പിൽ വരുത്തുന്നതിനു മുൻപു് എല്ലാ സ്ഥലത്തും ആവശ്യമുള്ള സ്കൂളുകൾ ഉണ്ടാക്കുകയാണെങ്കിൽ

[ശ്രീ. എ. ജെ. ജാൺ]

ആ ഉദ്ദേശം സാധിക്കുന്നതാണ്. ഇപ്പോൾ ൧൧ താലൂക്കുകളിലാണ് കമ്പൽസറി എഡ്യൂക്കേഷൻ നടപ്പിൽ വരുത്തിയിട്ടുള്ളത്. തിരുവിതാംകൂർ-കൊച്ചിയുടെ എല്ലാഭാഗത്തും കമ്പൽസറി എഡ്യൂക്കേഷൻ നടപ്പിൽ വരുത്തണമെന്നു ഗവൺമെന്റിന് ഉദ്ദേശമുണ്ടെങ്കിലും സാമ്പത്തികമായ കഴിവുകേടുകൊണ്ടാണ് അതു നടപ്പിൽ വരുത്താത്തത്. അങ്ങിനെ നടപ്പിൽ വരുത്തിയില്ലെങ്കിൽ തന്നെയും ഭാഗ്യവശാൽ അതു ദോഷകരമായി തീരുകയില്ലെന്നു ഗവൺമെന്റു വിശ്വസിക്കുകയും ചെയ്യുന്നുണ്ട്.

പിന്നീട് തേഡ്ഫാറം ടെക്സ്റ്റിനെപ്പററി പറഞ്ഞു. അതിനെ സംബന്ധിച്ച് വളരെ വാദപ്രതിവാദങ്ങൾ കഴിഞ്ഞിട്ടുണ്ട്. വിദഗ്ദ്ധന്മാരായ മൂന്നു പേരാണ് ആ പുസ്തകം തിരഞ്ഞെടുത്തിരിക്കുന്നത്. വിദഗ്ദ്ധന്മാർ തിരഞ്ഞെടുത്തതായതുകൊണ്ടു അതു ശരിയായിരിക്കുമെന്നു ഗവൺമെന്റിനു തോന്നി. അതിനുശേഷം ഗവൺമെന്റിലേയ്ക്കു പല ഭാഗങ്ങളിൽനിന്നും ആക്ഷേപം കിട്ടിയതിന്റെ ഫലമായി ഡയറക്ടർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ഡയറക്ടർ എല്ലാ വിവരങ്ങളും കാണിച്ചു സ്കൂളുകളിലേയ്ക്കു എഴുതി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നതു "ഈ ബുക്കിൽ ൧൧൨ പേജുകളാണ് ആകെയുള്ളതു്. അതിൽനിന്നും ൨൫ പേജുമാത്രം പഠിപ്പിച്ചാൽ മതിയാകും" എന്നാണ്. അങ്ങിനെ ഒരു സർക്കുലർ അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഡാക്ടർ എൻ. എസ്സ്. പിള്ള: പുസ്തകം മുഴുവനായി വാങ്ങണമല്ലോ?

ശ്രീ. എ. ജെ. ജാൺ: എല്ലാ സ്കൂളുകളിലും സാധാരണയായി പുസ്തകങ്ങൾ വാങ്ങിച്ചേ മതിയാകൂ എന്നു നിഷ്കർഷയുള്ളതാണ്. ഒരു പുസ്തകം വാങ്ങിക്കുമ്പോൾ അതു മുഴുവനായിട്ടേ വാങ്ങാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. താണുപിള്ള: രണ്ടു പുസ്തകങ്ങൾ നാൺഡീറെറയിൽസ് ആയി വെച്ചിട്ടില്ലേ. അതിൽ ഒന്നു ഡീറെറയിൽഡ് സ്റ്റഡിയ്ക്കു ഉപയോഗിക്കുവാൻ വിഷമം ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ഇനിയും ചില അഭിപ്രായങ്ങൾകൂടി അറിയുവാനുണ്ട്.

ശ്രീ. എ. താണുപിള്ള: ഈ രണ്ടു പുസ്തകങ്ങളിൽ ഒന്നിന്റെ സ്റ്റാൻഡേർഡ് എന്തായാലും കൂടുതലാണ്. അതിനെപ്പററി ആലോചിക്കുവാൻ ഭയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ഡയറക്ടറുമായി വളരെ കാര്യമായിട്ടു ആലോചിക്കുന്നതാണ്.

The motions moved by Shri P. Govinda Pillai, Shri A. Thanu Pillai, Shri E. Gopalakrishna Menon and Shri P. S. Nataraja Pillai, were by leave, withdrawn.

The question that Government be granted a sum of Rs. 2,56,77,000 under Demand XVIII—Education—was put and carried.

The grant was made.

[Demand XXVI—Labour and Miscellaneous.

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :** I move for a grant of Rs. 12,60,100 for Labour and Miscellaneous.

Shri A. J. John : I second it.

Mr. Speaker : For this Demand also only two hours are available. I propose to call upon the movers of motion No. 3(Shri P. S. Nataraja Pillai) and motion No. 42 (Shri C. Sankar) to move their motions. Then the whole Demand will be before the House and Members can take part in the discussion. Mr. Nataraja Pillai.

Shri P. S. Nataraja Pillai : I move to reduce the allotment of Rs. 56,400 for Direction by Rupee 1.

Sir, I specifically wish to discuss the policy of remuneration. It is a well-known fact, Sir, that pressure of population in our country is very high; and that we have a density of population to the extent of 1,070 per square mile, perhaps the highest in the world. The average density in India is only 225 and in Pakistan it is something less than that. In the other provinces also, as for example, the provinces of Utter Pradesh, Assam and Madhya Bharat, the density does not reach even the extent of the average for India as a whole. In these peculiar circumstances, when the natural resources of our country are not also very great, I think it is time for this country and the Government to think of emigration as a policy of the State. India wants to develop her agricultural industry to the extent as to make India a powerful nation among the comity of nations. From the point of industry, or capacity or intelligence, the people of our State are second to none in the Indian continent. Therefore if our Government can evolve a policy of helping emigration and settling our people in the different parts of India on an aided basis, to create colonies with the help of the Central Government, that will be a step in the right direction. I am not advocating a policy of emigration to foreign lands. But in India today there is only one citizenship. Even now any subject of this State is entitled in law to settle in any other part of India and therefore there is absolutely nothing incongruous in advocating an active emigration policy among our people by propaganda and Government helping them to emigrate also. What I would suggest at this stage is that the Government should draw up a policy, in consultation with the Central Government, to set up colonies in sparsely populated provinces in India. With Government help in the initial stages, they will become prosperous colonies. That is a matter which I would request this House and the Government to take into serious consideration.

Then one other thing which I would place before the House and the Government in this connection is the enforcement of the labour laws. Rightly or wrongly we have not got a good

[Shri P. S. Nataraja Pillai]

record of labour legislation. But the greater difficulty in the country today is that the labour laws are not enforced properly and the labour is not allowed to get the benefit they are entitled to under those laws. That is one aspect of the matter which ought to engage the attention of the Labour Department. I think it is far more important to think of enforcing the law or to see to the proper application of the law, than to create more legislation on the subject. The labour welfare aspect of the question is sadly neglected. If my information is correct, as far as I understand, there has not been a policy of industrial housing in this country. With my limited knowledge on this subject, I may say, Sir, that the housing conditions of industrial labour near Alleppey and Quilon are very deplorable. Therefore industrial housing and welfare schemes are matters on which this Government should devote more attention and set apart more money.

Shri C. Sankar: Sir, I move:

To reduce the total allotment of Rs. 12,60,100 under Demand XXVI by Re. 1.

ஸர், இந்த பட்ஜெட்டைப் பார்த்தால் இச்சர்க்காரின் லேபர் பாலிஸி எப்படியிருக்கிறது என்று மனதிலாக்க முடியும். கழிந்த வருடத்தில் இந்த லேபர் டிப்பார்ட்மெண்டுக்கென ரிவைஸ்ட் எஸ்டிமேட்டைப் பார்த்தால் தெரியும்; 16 லட்சத்தி 84 ஆயிரம் ரூபாய் ஒதுக்கப்பட்டிருந்தது. ஆனால் இவ்வருடம் லேபர் டிப்பார்ட்மெண்டுக்கென 15 லட்சம் ரூபாய்தான் ஒதுக்கப்பட்டிருக்கின்றது. போன வருடத்தை விட இவ்வருடம் 1¾ லட்சம் ரூபாய் குறைக்கப்பட்டிருக்கிறது. ஆனால் அதே சமயத்தில் ஜெயில்-க்கென கழிந்த வருடம் 6 லட்சம் ரூபாய் அனுவதித்ததற்குப் பகரம் இவ்வருடம் 6½ லட்சம் அனுவதித்திருக்கிறார்கள். கழிந்த வருடம் போலீஸிற்கு 70 லட்சம் ரூபாய் அனுவதித்ததற்குப்பகரம் இவ்வருடம் 83 லட்சம் சொச்சம் ரூபாய் ஒதுக்கப்பட்டிருக்கிறது. ஜெயிலிற்கும், போலீஸிற்கும் தொகை கூட்டப்பட்டிருக்கிறது; போன வருடத்தைக் காட்டிலும் இவ்வருடம் ஆனால் லேபர் டிப்பார்ட்மெண்டுக்கு குறைக்கப்பட்டிருக்கிறது. இந்த லேபர் டிப்பார்ட்மெண்டுக்கு ரெஜிஸ்ட்ரேஷன்–ஆப்–யூனியன்ஸ் என்ற இனத்தில் மட்டும் மூன்று லட்சம் ரூபாய் வருமானம் வருகிறது. மேலும், நாங்கள் இந்த லேபர் டிப்பார்ட்மெண்டை ஒரு மேஜர் டிப்பார்ட்மெண்ட்டாக ஆக்கப்போகிறோம் என்றும் சொல்கிறார்கள், இவ்வரசாங்கத்தார். இந்நாட்டை தொழிலாளி, பாட்டாளி மக்களின், கிருஷிக்காரர்களின், ராஜ்யமாக நிறுவப்போகிறோமென்றும் சொல்கிறார்கள் இக்காந்தி சிஷ்யர்கள். ஆனால் நம்மைக்கொண்டு போலீஸிற்கும் ஜெயிலுக்கும் கூடுதல் பணமும் லேபர் டிப்பார்ட்மெண்ட்-க்கு குறைந்த பணமும் அனுமதிக்கும்படிக் கேட்கிறார்கள். இந்த போலீஸ் இலாகாவிற்கும், ஜெயிலிற்கும் கூடுதல் தொகை அனுவதித்திருப்பது; இவ்வரசாங்க கட்சிக்கு எதிராக உள்ளவர்

களைப்பிடித்து அடித்து அவர்களின் எலும்புகளை நொறுக்கி ஜயிலிற்கு உள்ளே தள்ளுவதற்குள்ள ஒரு பிளான் போட்டுத்தான் இவர்கள் கூடுதல் தொகை இவ்விலாகாக்களுக்கு இவ்வருடம் கேட்கிறார்கள் என்று நினைக்கிறேன். இல்லாவிடில் இவர்கள் போலீஸிற்கு கூடுதலாகவும் லேபர் டிப்பார்ட்மெண்ட்டுக்கு குறைவாகவும் ஏன் தொகை ஒதுக்க வேண்டுமென்று மனதிலாக்க முடியவில்லை. அது மட்டுமல்ல; இப்பொழுது, பல தொழிற் சட்டங்கள் காகிதத்தில் எழுதப்பட்டு, இச்சட்ட சபையாலும் பாசாக்கி வைக்கப்பட்டிருக்கின்றன. இச்சட்டங்களுக்கு, நாம் கடைகளில் கண்ணாடி போட வாங்குகிற சட்டங்களின் (Frames) விலை கூடக்கிடையாது. எத்தனை எத்தனையோ சட்டங்களிருக்கின்றன, தொழிலாளர்களுக்கு வேண்டி. உதாரணமாக ஷாப்ஸ் ஆண்ட் எஸ்டாப்பிளிஷ்மெண்ட்ஸ் ஆக்ட்டை எடுத்துக்கொண்டால் அது சரியான முறையில் நடைமுறையிலிருப்பதாகத் தெரியவில்லை. இதைப்பற்றி லேபர் டிப்பார்ட்மெண்ட் ஆபீஸர்களிடம் கேட்டால் அவர்கள் அச்சட்டங்களை அமுல் நடத்துவதற்கு தங்களுக்கு நேரமில்லை, என்று சொல்லுகிறார்கள். ஒரு லேபர் ஆபீஸர்தான் நாலு அல்லது ஐந்து தாலுகாக்களில் வேலை பார்க்க வேண்டியிருக்கிறது. ஒரு பூசாரி வந்து ஒன்பது கோவில்களுக்குப் போக முடியுமா? முடியாது. அப்படியானால் தினசரி ஐந்தும் ஆறும் சாமிகள் பட்டினி கிடக்கத்தான் வேண்டிவரும். இதுபோன்றுதான் இருக்கிறது, இந்த லேபர் டிப்பார்ட்மெண்டின் நிலையும். ஒரு பாக்டரி இன்ஸ்பெக்டர்தான் கன்னியாகுமரியிலிருந்து கொல்லம் வரை வேலை பார்க்கவேண்டியிருக்கிறது. அது எப்படி முடியும். ஆக, இந்த பாக்டரி ஆக்ட்டினால் ஒரு தொழிலாளிக்குக்கூட இது வரையிலும் ஒரு நன்மையும் கிடைத்ததாகத் தெரியவில்லை. ஒரு பாக்டரியிலாவது 'Factory Act' சரியான முறையில் நடைமுறையிலிருப்பதாகத் தெரியவில்லை. லேபர் கமிஷணருக்கு அதிகாரம் கொடுத்திருக்கிறோம் என்று சொல்கிறார்கள். ஆனால் லேபர் Commissioner-க்கு உள்ள அதிகாரமோ மிக மிகக் குறைவாகும். சட்டங்களை மீறுகிறவர்கள் பேரில் அவரால் எந்தவித நடவடிக்கையும் எடுக்கமுடியாது. லேபர் Commissioner-ன் வேலை ஒரு தரகனின் வேலைபோல் தானிருக்கிறது. பெண்வீட்டுக்காரர்களையும் பிள்ளைவீட்டுக்காரர்களையும் கூப்பிட்டு தரகு பேசி கல்யாணத்தை முடிப்பது போல் தான் இருக்கிறது, இந்த லேபர் Commissioner-ன் நிலைமையும். ஏதாவது ஒரு தொழில் தகராறு ஏற்பட்டால் முதலாளியையும் தொழிலாளி யூனியன் தலைவர்களையும் கூப்பிட்டு பேரம் பேசி, பேரம் வெற்றிகரமாக முடிந்தால் சரி, இல்லாவிடில் எங்களுக்கு இனி ஒன்றும் செய்ய முடியாது என்கிறார் லேபர் கமிஷணர். இதுதான் அவரது வேலை. இப்பொழுது மயிலாடியில் ஒரு டிஸ்ப்யூட் நடந்து கொண்டிருக்கிறது. அந்த முதலாளி ஒரு பெரிய பணக்காரர். அவருடைய புகையிலை தோட்டத்திலுள்ள தொழிலாளிகள் ஒரு யூனியன் ஸ்தாபிக்க முயற்சி செய்ததின் காரணமாக அதில் முன்கை எடுத்த ஆறு தொழிலாளிகளை நீக்கி விட்டார் அம்முதலாளி.

[ஸ்ரீ. வி. சங்கர்]

இதைப்பற்றி லேபர் ஆபீஸரிடம் புகார் செய்து அவர் தலையிட்டு அவர்கள், Reinstate செய்யப்பட்டார்கள். முதலாளி மறுநாள் வந்தவுடன் திரும்பவும் அவர்கள் வெளியேற்றப் பட்டார்கள். அது மாத்திரமல்ல, அம்முதலாளியும், ஏ. எஸ். பியும், போலீஸ் இன்ஸ்பெக்டரும் அந்த தோட்டத்திற்குச் சென்று அந்த யூனியன் பிரஸிடெண்டும், செக்ரட்டரியும் உட்பட 26 பேர்களை அரஸ்ட் செய்தார்கள். 13 பேர்களின் மேல் போக்குவரவே இல்லாத காட்டில் போக்குவரவுக்கு தடை ஏற்படுத்தியதாகக் குற்றச் சாட்டும், மீதி 13 பேர்களின் பேரில் Criminal Procedure code 107–ம் வகுப்பின் கீழ் Security Proceedings நடவடிக்கையும் இருக்கின்றன. அந்த முதலாளி உடனே ஐந்து ரூபாயை எடுத்துக்கொடுத்து காப்பி பலகாரம் வாங்கிவரச் சொல்லி முதலாளியும் போலீஸ் அதிகாரிகளும் காப்பி குடித்தார்கள். இவர்கள் இப்படியிருக்க, அவ்வேழைத் தொழிலாளிகள் கோர்ட்டில் பட்டினியாய் வெகு நேரம் தவித்துக் கொண்டிருந்தார்கள். இரவு வெகு நேரம் கழிந்த பின்னுல் ஜாமீனில் விடப்பட்டார்கள். ஆக, சட்டங்கள் பல இருந்தாலும் போலீஸ் காரர்களின் கையில்தான் அதிகாரம் இருக்கிறது. இதைப்பற்றி லேபர் கமிஷணரிடம் சென்று பேசியபோது, எப்பொழுது கேஸ் விஸ்தரிக்கப்படும் என்று கேட்டதற்கு, முதலாளி ஸிலோனுக்கு போயிருக்கிருர்; இங்கு வரும்படி எழுதி அனுப்பியிருக்கிறோம்; வந்த பிறகு தான் ஏதாவது செய்ய முயற்சிக்கலாம்; அதற்கு மேல் ஒன்றும் செய்ய எங்களுக்கு அதிகாரம் இல்லை என்று சொன்னுர். இது என்ன பரிதாபகரமான நிலை என்று சிந்தித்துப் பாருங்கள். உழைத்துப் பிழைக்கிற தொழிலாளிக்கு எந்தவித பாதுகாப்பும் இல்லை. டிரான்ஸ்போர்ட் டிப்பார்ட்மென்ட்டுக்கு 150 கண்டக்டர்கள் வேண்டுமென்று கேட்டதற்கு ஸ்கூல்பைனலும், பி. ஏ. யும் பாஸானவர்கள் சுமார் 12,000 பேர்கள் மனுப்போட்டிருக்கிற அளவுக்கு வேலையில்லாத் திண்டாட்டம் பெருகியிருக்கிற இந்த நாட்டில், ஒரு தொழிலாளியை வேலையை விட்டுத் தள்ளினுல், ஒன்பது பேர் குறைந்த சம்பளத்துக்கு வேலைக்கு வரத் தயாராய் இருக்கிருர்கள். வேறு, உயிர்வாழ எந்தவித மார்க்கமும் இல்லை. இந்நிலையில் அமெரிக்காவில் ஸ்லேவ் டிரெய்ட் இருந்த காலத்தில், நீக்ரோக்களைப் பிடித்து விலைக்கு விற்றுக்கொண்டிருந்தபொழுது, வெள்ளைக்கார முதலாளிகளால் விலைக்கு வாங்கப்பட்ட நீக்ரோக்களின் வாழ்க்கை நிலையை விடவும் மிகவும் கேவலமாக இருக்கிறது, இந் நாட்டின் உற்பத்தியைப் பெருக்குகிற உழைப்பாளி வர்க்கத்தின் நிலை. அந்த விலைக்கு வாங்கப்பட்ட நீக்ரோ அடிமை இறந்துவிட்டால் விலைக்கு வாங்கிய முதலாளிக்கு ஆயிரம் அல்லது இரண்டாயிரம் டாலர் நஷ்டம் ஏற்பட்டுவிடும். மற்றொரு அடிமையை வாங்க வேண்டுமானுல் இன்னும் டாலர்கள் கொடுக்கவேண்டும். ஆகவே அந்த அடிமை இறந்துவிடக்கூடாது என்ற அக்கறையால் அந்த முதலாளி நல்ல உணவும், உடையுமாவது கொடுப்பது வழக்கம். ஆனுல் நமது நாட்டிலுள்ள தற்போதைய நிலையில் ஒரு தொழிலா

ளியை வேலைக்கு அமர்த்திவிட்டு அவன் உழைத்துழைத்து, ஓடாய்த் தேய்ந்து, தள்ளாடி, உழைக்க உடம்பில் வலுவில்லாமல் ஆகும் போது அவனை வேலையை விட்டு தள்ளிவிடலாம். யாரும் கேட்கமுடியாது. போதுமான உணவோ உடையோ வாங்கத்தக்க சம்பளம் கொடுக்கவேண்டியதில்லை. தொழிலாளி இறந்து விட்டால் முதலாளிக்கு ஒரு காசு கூட நஷ்டமில்லை. கவலையில்லாமல் மற்றொரு தொழிலாளியை குறைந்த சம்பளத்தில் அமர்த்திக்கொள்ள முடியும். ஒரு நாளுக்கு ஒரு ரூபாய் சம்பளத்தில் ஒரு தொழிலாளியை வேலையில் ஏற்படுத்தி விட்டு அவன் உடம்பில் வலுவிருக்கும் வரை உழைத்த பின்னர், ஐம்பதும் அறுபதும் வயதானவுடன் வேலை செய்ய முடியாமல் வலுவிழந்து சாறுபோன சக்கையாக, நடைப்பிணமாக எழுந்து நடக்கமுடியாத நிலை ஏற்பட்டால் அவனை வெளியே தள்ளிவிடும்போது அவன் எங்கே போய் பிழைப்பது. அவனை பாதுகாப்பதற்கு ஒரு சட்டமுமில்லை. எங்கேயாவது Orphan Home-ல் போய்தான் கஞ்சி வாங்கிக் குடிக்கும் நிலை ஏற்படுகிறது. நாகர்கோவிலில் ஒரு அனாதை விடுதி இருக்கிறது. ஆனால் அங்கு இந்த ஏழைகளுக்கு கஞ்சி கிடைப்பதில்லை. நேர்மாறாக அக் கமிட்டி அங்கத்தினர்கள் தான் கஞ்சியை குடித்து வருகிறார்கள். இந்நிலையிலே நமது சர்க்கார் தொழிலாளிகளைப் பொறுத்தவரையில் எந்தவிதமான கொள்கையை அனுஷ்டித்துக் கொண்டிருக்கிறார்கள் என்பதை, நமது சர்க்கார் நடத்தும் ஒரு இலாகாவாகிய டிரான்ஸ்போர்ட் இலாகாவைப் பார்த்தால் தெரியும். அந்த இலாகாவிலுள்ள தொழிலாளர்கள் மிகவும் கஷ்டப்பட்டு மாட்டைவிட கேவலமாக, புளிமூட்டையைப் போல், தலைகாணியில் பஞ்சை அடைப்பதுபோல், வண்டிகளில் ஆட்களை நெருக்கி ஏற்றி, அடியோ, வசவோ எல்லாவற்றையும் சகித்துக் கொண்டு புட்போர்ட்டில் நின்று பல அபாயங்களையும் எதிர்நோக்கிக்கொண்டு பிரயாணம் செய்து, இச்சர்க்காருக்கு லட்சக்கணக்கில் பணம் ஈட்டிக் கொடுக்கிறார்கள். இதில் கிடைக்கும் லாபத்தில் 6¼% கூட போனஸாக இத்தொழிலாளர்களுக்கு கொடுப்பதில்லை. அந்த லாபத்தில் 13½ லட்சம் ரூபாய்க்கு உள்ள 7½% போனஸ் கொடுக்காமல், அதையும் சேர்த்து ரோடு போடுவதற்கு ஒதுக்கி, தொழிலாளிகளை வஞ்சிக்கிறது நமது அரசாங்கம். அதற்கு நேர்மாறாக கொடுங்கல்லூர் மஹாராஜாவின் குடும்பத்திற்குக் கொடுக்கும் பென்ஷன் தொகை போதாது. அதற்கு வருஷத்திற்கு 50,000 ரூபாய் கொடுப்பது போதாது, கூடுதல் கொடுக்க வேண்டுமென்று சொல்கிறது இந்த அரசாங்கம். உழைக்கும் வர்க்கம் உண்ண உணவில்லாமல் தவித்துக்கொண்டிருக்கும்போது, இந்த சோம்பேறி சுரண்டல் வர்க்கத்திற்கு 50,000 ரூபாய் கொண்டு ஜீவிக்கமுடியாது; வருடத்திற்கு 60,000 ரூபாய் ஆவது கொடுக்கவேண்டும்; அதுவும் இந்த வருடம் முதல் மட்டும் கூடுதல் கொடுத்தால் போதாது; கழிந்த இரண்டரை வருடத்திற்கும் சேர்ந்து கொடுக்க வேண்டும்; அதற்காக 26250 ரூபாய் நீங்கள் அனுமதித்துத் தரவேண்டுமென்று இங்கு ஒரு Supplementary Grant-யை, இந்த சபையின் முன் அதி

[ஸ்ரீ. ஸி. சங்கர்]

காரமேற்ற 15-வது நாளில் ஒரு பிரேரணையைக் கொண்டுவந்தார்கள் நமது காங்கிரஸ் மந்திரிகள். ஆனால் டிரான்ஸ்போர்ட் டிப்பார்ட்மென்ட் தொழிலாளிகளுக்கு என்னமாதிரி சம்பளம் கொடுத்துக்கொண்டிருக்கிறார்கள். இந்த டிரான்ஸ்போர்ட் இலாகாவிலிருந்து கிடைக்கும் பணம், அப்பாவப்பட்ட தொழிலாளிகள் ரத்தத்தை வேர்வையாகச் சிந்தி பாடுபட்டு உழைத்துக் கொடுக்கும் பணமல்லவா? எட்டும் பத்தும் வருடங்களாக உழைத்துழைத்து உருக்குலைந்து நிற்கும் இந்த ஏழை Contingency cleaner களுக்கு கிடைக்கக்கூடிய சம்பளம் மாதம் 40 ரூபாய். இந்த திருவனந்தபுரத்தில் ஒருவன் ஒரு ஹோட்டலில் காப்பி குடிக்க ஏதினால் குறைந்தது ஆறணாவாவது ஆகும்; இரண்டு தோசை, ஒரு வடை, ஒரு கப் காப்பி குடித்தால் அணா ஆறாகிறது. ஒருவேளை சாப்பிட, அணா பத்துவேண்டும். ஆனால் நீங்கள் கொடுக்கும் சம்பளமோ 40 ரூபாய். அதாவது சராசரி நாள் ஒன்றுக்கு ரூ. 1-5-4 பை ஆகிறது. இதை வைத்துக்கொண்டு எப்படிப் பிழைக்க முடியும். இப்படியானால், அவன் கொள்ளையடிக்காமல் எப்படி ஜீவிக்க முடியும். இதைப்பற்றி ஒன்றும் ஆலோசிக்காமல் கொடுங்கல்லூர் ராஜாவிற்கு பென்ஷன் ரூபாய் குறைந்துபோய்விட்டது, அதை கூட்டிக்கொடுக்க வேண்டுமென்று சொல்லும் இச்சர்க்காரின் புத்தியை என்னவென்று சொல்வது. இவ்வரசாங்கம், தொழிலாளிகளை நசுக்கி முதலாளிகளைக் காப்பாற்றவேண்டுமென்று நினைக்கிறது, நிதர்சனமாகத் தெரிகிறது. நாகர்கோவிலில் Electric Supply Corporation என்ற ஒன்றை குமாரசுவாமி என்றதொரு முதலாளி, பயோனியர் முதலாளி என்று சொல்லப்படுபவர் நடத்தி வருகிறார். இந்த முதலாளி ஒரு நாள் திடீரென்று ஒன்பது தொழிலாளிகளை வேலையை விட்டுப் பிரித்துவிட்டார். பிரித்து விட்டவுடன் ஒரு டிஸ்ப்யூட் ஏற்பட்டது. Conciliation Officer-டம் புகார் செய்யப்பட்டது. Conciliation பேச்சுவார்த்தைகள் நடந்துகொண்டிருக்கும்போதே இன்னும் ஒரு 14 தொழிலாளிகள் பிரித்துவிடப் பட்டார்கள். தொழிலாளிகள் Strike செய்ய நிர்பந்தம் ஏற்பட்டது. 40 நாட்கள் Strike நடந்த பிறகு அப்பொழுது முதல்மந்திரியாக இருந்த ஸ்ரீ. ஸி. கேசவன் அவர்கள் ஒரு Tripartite conference யை கூட்டினார்கள். அதன் தீர்மானப் பிரகாரம்தான் Workshop-ல் Retrenchment வேண்டுமா, வேண்டாமா என்று தீர்மானிக்க Chief Electrical Engineer ரை அதிகாரப்படுத்தப்பட்டது. அங்ஙனம் தீர்மானிக்கப்படுகிற வரையில் அத்தொழிலாளிகளுக்கு முழுச் சம்பளம் கொடுக்கவேண்டுமென்று ஒரு Agreement ஏற்பட்டது. அந்த Agreement-ல் பயனியர் முதலாளி முதன்மந்திரியின் முன் வைத்துத்தான் கையெழுத்திட்டார். கையெழுத்திட்டுவிட்டு கழிந்த ஜூன் 12-ம் தேதி வரையிலுள்ள சம்பளத்தைக் கொடுத்தார், அத்தொழிலாளர்களுக்கு. பின்னால் இதுவரையும் சம்பளம் கொடுக்கவில்லை. இது ஒரு Breach of agreement அல்லவா? என்று கேட்கி

றேன். இதன் மேல், அந்த பயோனியர் முதலாளியின் மேல் Prosecution நடவடிக்கைகள் எடுக்கவேண்டாமா? அப்படி ஏதாவது அவர் மேல் நடவடிக்கைகள் எடுக்கப்பட்டதா? இல்லை. ஆனால் அந்த 39 தொழிலாளிகளும் இன்னும் தெருவில் நின்று தவித்துக்கொண்டிருக்கிறார்கள். அக்கேஸ் இன்னும் தீர்ந்தபாடில்லை. இதுமாதிரி எத்தனை எத்தனையோ கேஸ்கள். இவைகளுக்காக இந்த சர்க்கார் ஏதாவது செய்திருக்கிறதா? இல்லை, ஆனால் கொடுங்கல்லூர் மஹாராஜாவை வாழவைக்கத்தான் வழிகள் தேடிக்கொண்டிருக்கிறது, இவ்வரசாங்கம். ஆகவே நான் இந்த டிமாண்டை எதிர்த்துக் கொண்டு, இந்த கட்மோஷனை நிறைவேற்றித் தரவேண்டுமென்று உங்களிடம் கேட்டுக்கொள்கிறேன்.

ശ്രീ. കെ. ഓന: സർ, ഈ നാട്ടിലെ തൊഴിലാളികൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന അവശതകൾക്കു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയാണല്ലൊ ഒരു ലേബർഡിപ്പാർട്ടുമെൻറ് നമ്മുടെ സംസ്ഥാനത്തു സ്ഥാപിച്ചിരിക്കുന്നതു്. ഈ ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായ വിധത്തിൽ പുരോഗമിക്കുന്നില്ലെന്നുള്ളതിനെപ്പററിയാണു് രണ്ടു വാക്കു പറയാമെന്നു ഞാൻ ഉദ്ദേശിക്കുന്നതും, അതിലേക്കു ഒരു ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതും. സർ, നമ്മുടെ സംസ്ഥാനം ഒഴിച്ചു് മററെല്ലാ രാജ്യങ്ങളിലും, അതായതു്, റഷ്യ, അമേരിക്ക, ഇംഗ്ലണ്ടു്, ചൈന എന്നിവിടങ്ങളിൽ തൊഴിലാളികൾക്കു സംഘടനകൾ ഉണ്ടു്. എന്നാൽ ഇൻഡ്യയിലാകട്ടെ, ചില ഫാക്ടറികളിലല്ലാതെ തൊഴിലാളികൾക്കു് യാതൊരു സംഘടനയുമില്ല. ഫാക്ടറി തൊഴിലാളികളെ ഒഴിച്ചു നിറുത്തിയാൽ, തോട്ടംതൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ, കർഷകതൊഴിലാളികൾ എന്നീ തൊഴിലാളികൾ ഇവിടെയുണ്ടു്. അവർക്കു പറയത്തക്കവണ്ണം പ്രത്യേക സംഘടനകളില്ല. എന്നാൽ ഈ തൊഴിലാളികളെ മററുള്ള രാജ്യങ്ങളിലെ തൊഴിലാളികളെപ്പോലെ സംഘടിപ്പിച്ചു് പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. സർ, യു. എൻ. ഒ. യുടെ നേതൃത്വത്തിൽ നടന്ന ഏഷ്യൻ റീജനൽസമ്മേളനത്തിൽ തൊഴിലാളികളുടെ അവശതകളെയും അവരുടെ സംഘടനാപരമായ പ്രവർത്തനങ്ങളെയുംപററി പല വ്യവസ്ഥകളും ചെയ്തിട്ടുണ്ടു്. തൊഴിലാളികളുടെ അവശതാപരിഹാരത്തിനുവേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഓരോ തൊഴിലാളികേന്ദ്രവും സന്ദർശിച്ചു് അവരുടെ ദൈനംദിനമുള്ള ആവശ്യങ്ങളെയും അവശതകളെയും നേരിട്ടന്വേഷണം നടത്തി പരിഹാരം ഉണ്ടാക്കേണ്ടതാണെന്നു് അതിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. എന്നാൽ നമ്മുടെ ലേബർഡിപ്പാർട്ടുമെൻറിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ തൊഴിലാളികേന്ദ്രങ്ങൾ സന്ദർശിക്കപോലും ചെയ്യുക പതിവുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. കയറിൻെറയും, കയർ ഉല്പാദനങ്ങളുടെയും വിലയിടിവുനിമിത്തം ഏകദേശം ഏഴു ലക്ഷത്തോളം വരുന്ന സംസ്ഥാനത്തെ തൊഴിലാളികൾ ഏതാണ്ടു പട്ടിണിയിലാണു് ദിവസങ്ങൾ കഴിച്ചുകൂട്ടുന്നതു്. കൂലിനിരക്കാണെങ്കിൽ കുറഞ്ഞിട്ടുമുണ്ടു്. അതനുസരിച്ചു് ഭക്ഷണസാധനങ്ങൾക്കു വില കുറഞ്ഞിട്ടില്ല. ലേബർഡിപ്പാർട്ടുമെൻറിൽനിന്നു് ചില സ്ഥലങ്ങളിൽ എന്തൊക്കെയൊ ചെയ്തിട്ടുണ്ടെന്നു പറയുകയുണ്ടായി. അങ്ങനെ ചെയ്തിട്ടുണ്ടെന്നു് ഒരു കൃതാർത്ഥതയുണ്ടെങ്കിൽതന്നെ തൊഴിലാളികളെസംബന്ധിച്ചിടത്തോളം അവ ആശ്വാസകരമല്ല. കയറിൻെറയും

[ശ്രീ. കെ. ഭാനു]

കൊപ്രായുടെയും വിലയിടിവുനിമിത്തം ചേർത്തലയിലെ തൊഴിലാളികളുടെ ദുരിതാശ്വാസത്തിനുവേണ്ടി ഒരു ചെറിയതോതിലെങ്കിലും ഗവണ്മെൻറ സഹായം നൽകിയിട്ടുണ്ട്. എന്നാൽ അതേ അവസരത്തിൽ അമ്പലപ്പുഴ, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി ഈ സ്ഥലങ്ങളിലും ഇതേ കാരണത്താൽ അവശതയനുഭവിക്കുന്ന അനവധി തൊഴിലാളികൾ ഉണ്ട്. അവരുടെകാര്യംകൂടി ഗവണ്മെൻറ ശ്രദ്ധിക്കണമെന്നാണ് എൻെറ അപേക്ഷ. ഉൽപ്പന്നങ്ങളുടെ വില ഇടിവും തൊഴിലില്ലായ്മയും വർദ്ധിച്ചതിൻെറ ഫലമായി, ഈ സംസ്ഥാനത്തെ സ്ഥിതിഗതികൾ നേരിട്ടറിയുന്നതിന് ഒരു വ്യവസായവിദഗ്ദ്ധനെ കേന്ദ്രഗവണ്മെൻറിൽനിന്നും അയയ്ക്കുകയുണ്ടായി. അദ്ദേഹത്തിൻെറനിർദ്ദേശപ്രകാരം തൊഴിലാളികളുടെ ദുരിതാശ്വാസത്തിനുവേണ്ടി ഏതോ ചില പ്രവർത്തനങ്ങൾ തുടങ്ങാൻ പോകുന്നുവെന്ന് ലേബർ മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ലേബർഡിപ്പാർട്ടുമെൻറിൽനിന്നും തൊഴിലാളികൾക്കു നൽകാനുദ്ദേശിക്കുന്ന സഹായങ്ങൾ എന്തുതന്നെയായാലും, ഒരു പ്രത്യേക സ്ഥലം എന്നുള്ളതു മാററി സംസ്ഥാനത്തു നിവസിക്കുന്ന എല്ലാ തൊഴിലാളികൾക്കും അതിൻെറ ഗുണം ലഭിക്കുന്നകാര്യത്തിൽ ഗവണ്മെൻറും ഡിപ്പാർട്ടുമെൻറ മേധാവിയും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. സി. അയ്യപ്പൻ: സർ, അവശസമുദായ ഡിപ്പാർട്ടുമെൻറിൻെറ മേലുദ്യോഗസ്ഥൻ കാണിക്കുന്ന കുററകരമായ അനാസ്ഥയെപ്പററിയും, അതിനു ഇടംകൊടുക്കുന്ന ഗവണ്മെൻറിൻെറ അലസമായ മനോഭാവത്തെപ്പററിയുമാണ് എനിക്കു പറയാനുള്ളതു്. അവശസമുദായ ഡിപ്പാർട്ടുമെൻറിലേക്കു് ബഡ്ജററിൽ നീക്കിവച്ചിരിക്കുന്ന സംഖ്യ എങ്ങനെയാണു ചെലവാക്കിക്കൊണ്ടിരിക്കുന്നതെന്നു നോക്കാം. ഈ സംഖ്യയിൽ ഒരുവിഭാഗം ചില വ്യക്തികളുടെ ഗുണത്തിനുവേണ്ടി മാത്രമാണ് ഉപയോഗിക്കുന്നതു്. അതായതു് കുറെ ഉദ്യോഗങ്ങൾക്കുവേണ്ടി. എസ്റ്റാബ്ലിഷ്മെൻറിനത്തിൽമാത്രം വർഷം ൦൦൦ ക. ചെലവാക്കുന്നുണ്ട്. കാളനി വാർഡൻസ്, വെൽഫെയർ ആഫീസേഴ്സ്, വെൽഫെയർ ഇൻസ്ട്രക്ടേഴ്സ് ആഫീസുകളിലെ ക്ലാർക്കുമാർ, ശിപായിമാർ ഇങ്ങനെ കുറെ ഉദ്യോഗസ്ഥന്മാർക്കു കൊടുത്തുകഴിഞ്ഞാൽ ബാക്കിയുള്ളതു് അവശസമുദായവിദ്യാർത്ഥികൾക്കുവേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുകയാണെന്നാണു പറയുന്നതു്. വിദ്യാർത്ഥികൾക്കുവേണ്ടി ചെലവാക്കാൻ വച്ചിരിക്കുന്ന പണം തക്കസമയത്തു് അവർക്കു് ഉപയോഗപ്പെടരുതു് എന്നുകൂടി ഡിപ്പാർട്ടുമെൻറ മേലുദ്യോഗസ്ഥനു് ഒരു ശാഠ്യം ഉള്ളതുപോലെ തോന്നുന്നു. സ്റ്റൈപ്പൻറ ഇനത്തിൽ കൊടുക്കാനുള്ള പണം മിക്കവാറും വർഷാവസാനത്തെ പരീക്ഷ കഴിയുന്നതോടുകൂടിയാണു കൊടുത്തുവരുന്നതു്.

Mr. Speaker: The hon. Member got sufficient opportunity to represent all these grievances. Now, we are in the Labour Department, not in the Education Department stipends to the students.

ശ്രീ. സി. സി. അയ്യപ്പൻ: ഞാൻ ലേബർ ആൻറ് മിസലേനിയസ് എന്നുള്ള ഭാഗത്തെ സ്പർശിച്ചാണു സംസാരിക്കുന്നതു്. അതിലാണു അവശസമുദായക്കാരുടെ കാര്യം കൊള്ളിച്ചിരിക്കുന്നതു്.

ആ നിലയിൽ പണം ചെലവാക്കുകയുംവേണം, അതു് അവശസമുദായക്കാരുടെ വിദ്യാഭ്യാസത്തിനു ഉപകരിക്കാതിരിക്കുകയുംവേണമെന്നു കരുതുന്നതായി കാണാം. ഇതിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നതു് ഈ സമുദായക്കാർ യാതൊരുതരത്തിലും ഉയരാൻ പാടില്ലെന്നു് ഈ ഉദ്യോഗസ്ഥന്മാർ ഒരു ശാഠ്യം ഉള്ളതുപോലെയാണു്. കുറെ പണം ചെലവുചെയ്തു് വെള്ളംകാണാത്ത കുന്നിൻപ്രദേശം തെരഞ്ഞെടുത്തു് അവിടെ കുറെ കിണർ കുഴിപ്പിക്കുകയും, കുറെ കുടിലുകൾ വയ്ക്കുകയുംചെയ്തിട്ടുണ്ടു്. ബാക്കിയുള്ള തുക മുഴുവൻ ലാപ്സാക്കുകയാണു ചെയ്തിരിക്കുന്നതു്. ഇതിനെപ്പററി ധാരാളം പരാതികൾ ഇതിനുമുൻപും ഉണ്ടായിട്ടുള്ളതാണു്. പക്ഷെ ഇന്നുവരെ അതിനൊരു പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഇന്നു് അവശസമുദായക്കാരുടെ പേരിൽ ഒരു മന്ത്രികൂടി ഉണ്ടായിട്ടുണ്ടെങ്കിലും ആ സമുദായത്തിൽപെട്ട വിദ്യാർത്ഥികൾ അനുഭവിക്കുന്ന കഷ്ടതകൾ പറഞ്ഞാൽ അവസാനമില്ല. കാളേജുവിദ്യാർത്ഥികൾക്കു് താമസിച്ചു പഠിക്കുന്നതിനുവേണ്ടി ഈ നാട്ടിലുണ്ടായിരുന്ന ഹോസ്റ്റൽസൗകര്യങ്ങൾ ഗവണ്മെൻറ നിറുത്തൽചെയ്തു. മാത്രമല്ല, ആ വിവരം ഗവണ്മെൻറ് മുൻകൂട്ടി അവരെ അറിയിച്ചുമില്ല. അതിൻെറ ഫലമായി ഹോസ്റ്റൽസൗകര്യം കിട്ടുമെന്നു വിചാരിച്ചുവന്ന വിദ്യാർത്ഥികൾ ഹോസ്റ്റൽ നിർത്തൽചെയ്തതുകൊണ്ടു് നിരാശരായി അലഞ്ഞുതിരിഞ്ഞു നടക്കുകയാണു്. ഹോസ്റ്റൽ നിർത്തൽചെയ്ത വിവരം അവരെ തക്കസമയത്തു അറിയിച്ചിരുന്നുമില്ല. ഹോസ്റ്റൽ നിറുത്തിയതിനുപകരമായി അനുവദിച്ചിട്ടുള്ള തുകയും സമയത്തു കൊടുക്കാതിരിക്കുകയാണു ചെയ്തതു്. അതുമാതിരി തന്നെയാണു് ഈ കൊല്ലവും ചെയ്തിരിക്കുന്നതു്. സാധാരണ ഹോസ്റ്റലുകളിൽ പഠിച്ചു താമസിക്കുന്നതിനു് സൗകര്യപ്പെടുന്ന ഒരു തുക അവർക്കു കൊടുക്കുന്നില്ല. ൪൫-ഓ, ൫൦-ഓ രൂപയാണു് അവർക്കു കൊടുക്കുന്നതു്. ഈ തിരുവനന്തപുരംപോലെയുള്ള ഒരു പട്ടണത്തിൽ ഒരു കാളേജുവിദ്യാർത്ഥിക്കു് ൫൦ രൂപാകൊണ്ടു് എങ്ങനെ ജീവിക്കാൻ സാധിക്കുമെന്നു ഞാൻ ചോദിക്കുന്നു? ഗവണ്മെൻറ പറയുന്നു അവർക്കു ഒരു കെട്ടിടം കൊടുക്കുമെന്നു്. ഞാൻ ചോദിക്കുന്നതു് എന്നാണു് ഈ കെട്ടിടം കൊടുക്കുന്നതും, തുകകൾ കൊടുക്കുന്നതുമെന്നാണു്. കാളേജിൽ ചേരേണ്ട വിദ്യാർത്ഥികൾ എത്രനാളാണു് ഈ തുകയുംകാത്തു് നിൽക്കേണ്ടതെന്നറിയുന്നില്ല. ഇതിൻെറയെല്ലാം രത്നച്ചുരുക്കം എന്താണെന്നുവച്ചാൽ മററുള്ളവരെ കാണിക്കുന്നതിനുവേണ്ടി ബഡ്ജററിൽ കുറച്ചുപണം കാണിക്കുകയും, അവർക്കു ഉപയോഗപ്രദമാകാത്തതരത്തിൽ അതിനെ ചെലവാക്കുകയും വേണമെന്നുള്ളതാണു്. ചില മാതൃകാകോളനികൾ ഇപ്പോൾ ചിലയിടത്തു് ഉണ്ടാക്കിയിട്ടുണ്ടു്. പുറമെനിന്നു് ആരെങ്കിലും വരുമ്പോഴോ കേന്ദ്രഗവണ്മെൻറിൽനിന്നു അയയ്ക്കുന്ന ഉദ്യോഗസ്ഥന്മാർ വരുമ്പോഴോ അവരെ കാണിക്കുന്നതിനുവേണ്ടിയാണു് ഈ മാതൃകാകോളനികൾ ഉണ്ടാക്കിയിട്ടുള്ളതു്. ഈ പ്രാവശ്യം കമ്മിഷണർക്കു പണം ചെലവാക്കുന്നതിനു ഗവണ്മെൻറ പ്രത്യേകം ഒരു വിദ്യകൂടി കണ്ടിട്ടുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ അവിടവിടെയായി പുതുതായി കുറെ വെൽഫെയർകമ്മിററികൾ ഉണ്ടാക്കിയിട്ടുണ്ടു്. ഈ കമ്മിററിയിൽ ൧൨ പേരാണു മെമ്പറന്മാർ എന്നു തോന്നുന്നു. കമ്മിററി കൂടുമ്പോൾ മെമ്പറന്മാർ ഓരോരുത്തർക്കും സിററിംഗ്ഫീസായി വച്ചിരിക്കുന്നതു് ൫ രൂപയാണു്. ഒരു കൊല്ലം നാലുപ്രാവശ്യം ഈ ൧൧ കമ്മിററികൾ കൂടുന്നതിനു് ൨൬൪൦ രൂപയോളം ചെലവാകും. ഇതൊ

[ശ്രീ. സി. സി. അയ്യപ്പൻ]

ക്കെ കാണുമ്പോഠം എനിക്കു തോന്നുന്നതു് ഗവണ്മെൻറിനു് ഇക്കാര്യത്തെപ്പററി യാതൊരു എത്തുംപിടിയുമില്ലെന്നാണു്. വിദ്യാർത്ഥികഠംക്കു പഠിക്കുന്നതിനു സൗകര്യമില്ലെന്നും, വീടില്ലെന്നും, നടക്കാൻ വഴിയില്ലെന്നും മററും അനവധി ആവലാതികഠം രണ്ടും മൂന്നും നാലുംകൊല്ലമായി കെട്ടികിടക്കുന്ന ഒരു സമയത്തു ഒരു കമ്മിററിവച്ചു് അന്വേഷിക്കുകയാണു ചെയ്യുന്നതു്. ഈ കമ്മിററിയിലെ ആളുകഠം ആരെല്ലാമാണെന്നു നോക്കേണ്ടതാണു്. കുറെ നായന്മാരും പട്ടന്മാരും ഈഴവരുമാണു് മെംബറന്മാർ. ഇവക്കു് അവശസമുദായക്കാരുടെ കാര്യത്തെപ്പററി യാതൊരു പിടിയുമില്ല. ഗവണ്മെൻറിനും യാതൊരു എത്തും പിടിയുമില്ലാതെയാണിരിക്കുന്നതു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻനായർ: സർ, ഒരു പായിൻറു് ആഫു് ആർഡർ. "പട്ടന്മാർ" എന്നു പറയുന്നതു് പാർലിമെൻററിയാണോ ?

Mr. Speaker: It is a small matter. The Member said so without any intention.

ശ്രീ. സി. സി. അയ്യപ്പൻ: സർ, അവശസമുദായ ഡിപ്പാർട്ടുമെൻറു ഭരിക്കുന്നതിനു് ആ സമുദായത്തിൽപെട്ട ഒരാളെത്തന്നെ നിയമിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഞങ്ങഠം വിചാരിക്കുന്ന കാര്യങ്ങളെല്ലാം നടന്നില്ലെന്നുവരികിൽ തന്നെയും സ്വന്തം അനുഭവങ്ങളും കഷ്ടപ്പാടുകളും അറിഞ്ഞു വളർന്നിട്ടുള്ള ഒരാഠംക്കു് ഈ ഡിപ്പാർട്ടുമെൻറു് നല്ലനിലയിൽ നടത്തുന്നതിനുള്ള കഴിവും സന്നദ്ധതയും ഉണ്ടായിരിക്കുമെന്നുള്ളതുകൊണ്ടാണു് ഞാൻ അങ്ങനെ ആവശ്യപ്പെടുന്നതു്. ഗവണ്മെൻറു് അപ്രകാരം പ്രവത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. ചാക്കോ: സർ, ഈ രാജ്യത്തു് കാൺഗ്രസ്സുഭരണം നിലവിൽവന്നതിനുശേഷം തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി പല നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ടു്. എന്നാൽ അതിൽ പലതും ഇന്നു നടപ്പിലാകാതിരിക്കുന്നതിൽ ഞാൻ അത്യധികം ഖേദിക്കുന്നു. ഉദാഹരണമായി മിനിമംവേജസ് ആക്ററു് എന്നപേരിൽ കഴിഞ്ഞ നിയമസഭ പാസ്സാക്കിയ ഒരു നിയമം ഇന്നു് പ്രവത്തനത്തിൽ ഇരിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഈ നാട്ടിലെ തൊഴിലാളികഠം ഫാക്ടറികളിലും തോട്ടങ്ങളിലും മാത്രം വേലയെടുക്കുന്നവരല്ല. ഭക്ഷണസാധനോൽപ്പാദനത്തിനുവേണ്ടി കായൽപ്രദേശങ്ങളിൽ ചിറകെട്ടുന്നതിനും വെള്ളംവററിക്കുന്നതിനും മററും കഠിനമായി പ്രയത്നിക്കുന്നവരായ കർഷകതൊഴിലാളികളുടെ അടിസ്ഥാന കൂലിക്കൂടി നിശ്ചയിക്കുന്നതിനു് യാതൊരു നടപടിയും എടുക്കാത്തതിൽ വളരെയധികം ഖേദിക്കുകയും എത്രയും വേഗത്തിൽ അവരുടെ അടിസ്ഥാനക്കൂലിക്കൂടി നിശ്ചയിക്കുന്നതിനൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കണമെന്നു ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

ഈ രാജ്യത്തെ അവശസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറു് സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്താണു് ഇവിടെ സംഘടിപ്പിച്ചിട്ടു

ള്ളത്. അദ്ദേഹത്തിന്റെ കാലത്ത് പ്രതിവർഷം ൩ ലക്ഷം രൂപയാണ് ഈ ഡിപ്പാർട്ടുമെന്റിലേയ്ക്കു നീക്കിവച്ചിരുന്നതു്. അതിനുശേഷം കാൺഗ്രസ്സു ഭരണം വന്നപ്പോൾ അതു് വർദ്ധിപ്പിച്ചു് ഈ വർഷം ൧൧,൭൦,൯൦൦ രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. മുൻ പ്രസംഗികനായ എന്റെ സ്നേഹിതൻ ഇവിടെ സൂചിപ്പിച്ചതു പോലെ ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണാധികാരി അവശസമുദായോദ്ധാരണത്തിനു ചെലവാക്കാനുള്ള രൂപ പല ഉദ്യോഗസ്ഥന്മാർക്കും ചെലവഴിച്ചശേഷം ബാക്കി തുക ലാപ്സാക്കിവരുന്നതായി കണ്ടുവരുന്നു. അവശസമുദായത്തിൽപെട്ട ഒരാൾ മന്ത്രിയായിരിക്കുന്ന ഈ വർഷത്തിൽ എങ്കിലും ഇപ്പോൾ അനുവദിച്ചിട്ടുള്ളതുക ലാപ്സാക്കിക്കളയാതെ ഉപയോഗിക്കണമെന്നു് ഞാൻ അദ്ദേഹത്തോടു വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

സർ, ഈ നാട്ടിലെ അവശസമുദായോദ്ധാരണത്തിൽ സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തുപോലും ഇല്ലാതെയിരുന്ന ഒരു പ്രത്യേക രീതിയാണ് ഇന്നത്തെ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നതു്. സർ സി. പി. യുടെ കാലത്തു് അവശസമുദായക്കാരെ മതത്തിന്റെ പേരിൽ തരം തിരിച്ചിരുന്നില്ല എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. അവശസമുദായത്തിൽപ്പെട്ടവർ ഏതു മതത്തിൽ ഉൾപ്പെട്ടവരാണെങ്കിലും മതപരിഗണനകൂടാതെ അവശസമുദായ വിദ്യാർത്ഥികൾക്കു് മുഴുവൻ ഫീസുസൗജന്യം അനുവദിച്ചിരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ കാലത്തുതന്നെ ൧൯൪൩-ൽ ആ സൗജന്യം പകുതിയായി കുറവുചെയ്തുവെങ്കിലും മററു സൗജന്യങ്ങൾ എല്ലാം അവർക്കും അനുവദിച്ചിരുന്നു. എന്നാൽ ഈ കാൺഗ്രസ്സു ഗവണ്മെന്റു വന്നപ്പോൾ എല്ലാം പിൻവലിച്ചുവെന്നുള്ള കാര്യം മർമ്മഭേദകമാണ്. അടുത്തകാലത്തു ഈ ഗവണ്മെന്റ് അവശസമുദായോദ്ധാരണത്തിനുവേണ്ടി പല മാറ്റങ്ങൾ കൈക്കൊണ്ടിട്ടുണ്ടു്. വിദ്യാഭ്യാസപരമായ കാര്യത്തിൽ അവശസമുദായങ്ങളെ വളരെയധികം സഹായിക്കുന്നുവെന്നു കാണുന്നതിൽ ഞാൻ അവരെ അഭിനന്ദിച്ചുകൊള്ളുന്നു. കാളേജു ക്ലാസ്സുകളിൽ പഠിക്കുന്ന ഹിന്ദു അവശവിദ്യാർത്ഥികൾക്കു് മുഴുവൻ ഫീസാനുകൂല്യത്തിനു പുറമെ അൻപതു രൂപ പ്രതിമാസം സ്റ്റൈപ്പന്റും അനുവദിച്ചിട്ടുണ്ടു്. ഇപ്രകാരം ഒരു ഹിന്ദു അവശസമുദായ വിദ്യാർത്ഥിക്കു് പ്രതിവർഷം ൨൦൦ രൂപവരെ ഗവണ്മെന്റു നൽകുമ്പോൾ അതേ കുടുംബത്തിൽ ജീവിക്കുന്ന ഒരു അവശസമുദായ ക്രിസ്ത്യൻ വിദ്യാർത്ഥിക്കു് കാളേജുഫീസ് സൗജന്യം മാത്രമാണു കിട്ടുന്നതു്. ഈ ഫീസാനുകൂല്യം മാത്രം ലഭിക്കുന്നതുകൊണ്ടു് ഒരു അവശസമുദായ ക്രിസ്ത്യൻ വിദ്യാർത്ഥി സമീപത്തു് കാളേജുകൾ ഇല്ലാതിരുന്നാൽ എങ്ങനെയാണു കാളേജുവിദ്യാഭ്യാസം നടത്തുന്നതെന്നു ഞാൻ ഗവണ്മെന്റിനോടു ചോദിക്കുന്നു. അതുപോലെ തന്നെ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന ഹിന്ദുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു് മുഴുവൻ ഫീസുസൗജന്യത്തിനു പുറമെ പ്രതിവർഷം ൪൦ രൂപയും മിഡിൽസ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ൨൫ രൂപയും, പുസ്തകവും മററും വാങ്ങുന്നതിനായി സ്റ്റൈപ്പന്റ് കൊടുക്കുമ്പോൾ അതേ കുടുംബത്തിൽ താമസിക്കുന്ന ക്രിസ്തീയവിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിക്കു ക്രിസ്ത്യാനിയാണെന്നപേരിൽ യാതൊന്നും സ്റ്റൈപ്പന്റായി നൽകുന്നില്ലെന്നു പറയുന്നതു് ഒരു വെറും പരമാർത്ഥം മാത്രമാണ്. ഈ വിധം ഈ രാജ്യത്തു് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന വിഷയത്തിൽ വളരെ പക്ഷപാതപരമായ ഒരു നയമാണ് ഗവണ്മെന്റ്

[ശ്രീ. പി. ചാക്കോ.]

അവലംബിച്ചിരിക്കുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. നാമമാത്രമായി അനുവദിച്ചിട്ടുള്ള ഫീസാനുകൂല്യംതന്നെ പ്രയോജനകരമാകാത്ത വിധമാണ് ഇന്നത്തെ ചില നിയമങ്ങൾ. ഹിന്ദുവിഭാഗത്തിൽപ്പെട്ട ഒരു അവശസമുദായവിദ്യാർത്ഥിക്കു പഠിക്കുന്നതിനു നല്ല സാഹചര്യം ഇല്ലെന്നു മനസ്സിലാക്കി ഗവണ്മെന്റ് ഒരു പ്രാവശ്യം തോററാലും ആനുകൂല്യം നൽകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അതേ സാഹചര്യത്തിൽ വളരുന്ന ക്രിസ്ത്യൻവിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥി തോററാൽ അവനു അനുവദിച്ചിട്ടുള്ള ഫീസാനുകൂല്യം നഷ്ടപ്പെടുന്നതാണ്. ഇന്നു വിദ്യാഭ്യാസമുള്ളവരിൽ തോൽക്കാതെ പഠിച്ചു ജയിച്ചുവന്നിട്ടുള്ളവർ വളരെ ചുരുക്കമാണ്. പഠിക്കുന്നതിനും മററും വേണ്ടത്ര സൗകര്യമില്ലാത്ത സാധുക്കളായ കുട്ടികൾ ചിലപ്പോൾ ഒരു ക്ലാസ്സിൽ തോററ എന്നുവരാം. അതുകൊണ്ടു അവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പിൻവലിക്കുന്നതു വളരെ വേദനാജനകമാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ അവശസമുദായങ്ങളെ ഹിന്ദുവെന്നോ ക്രിസ്ത്യാനി എന്നോ ഉള്ള യാതൊരു വ്യത്യാസവും പാടില്ലെന്ന് ഇൻഡ്യൻഭരണഘടനയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇൻഡ്യൻ പ്രൈംമിനിസ്റ്റർക്കു സമർപ്പിച്ച ഒരു നിവേദനത്തിനു കിട്ടിയിട്ടുള്ള മറുപടിയിലെ പ്രസക്തഭാഗം ഞാൻ ഇവിടെ സഭയുടെ അറിവിലേക്കായി വായിക്കണമെന്നു വിചാരിക്കുന്നു.

> "It appears that there is a certain amount of misunderstanding about the correct position. Your deduction that all Stae Aid and Facilities are going to be confined only to those scheduled caste members who profess Hinduism is completely wrong. The President has not decided any such thing by the order by him under article 341 of the Constitution. The enumeration of the scheduled castes among Hindus is mainly for purposes of reserving seats for their representatives in Parliament and State Legislatures. It has nothing to do with aid and facilities. Article 16 (4), 46 and 340 (1) of the Constitution make it very clear that "all State Aid and Facilites" are to be given not only to members of the Hindu scheduled castes, but also equally to all other educationally and socially backward classes, whether they profess Hinduism, Christianity, or any other religion ; only in the matter of reservation of seats, no person who professes a religion other than Hinduism shall be deemed to be a member of the scheduled castes."

ഈ വിധത്തിൽ എല്ലാ സ്റ്റെയിററ് എയിഡും ഫെസിലിററീസും മതപരമായ പരിഗണനകൾ കൂടാതെ കൊടുക്കുന്നതിനു ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. ഈ ഗവണ്മെന്റിൽനിന്നും നീക്കിവച്ചിട്ടുള്ള തുക ക്രിസ്ത്യൻവിഭാഗത്തിൽപ്പെട്ട അവശവിദ്യാർത്ഥികൾക്കുകൂടെ നൽകി, ഇൻഡ്യൻ ഭരണഘടന അനുസരിച്ച് എട്ടു വർഷക്കാലത്തേക്കുകൂടി അനുവദിച്ചിട്ടുള്ള സൗജന്യത്തിനും ഭരണഘടന ൧൬(൪) അനുസരിച്ച് പബ്ലിക്ക് സർവ്വീസ് പ്രാതിനിദ്ധ്യത്തിനും അവരെക്കൂടി അർഹരാക്കിത്തീർക്കണമെന്നു ഞാൻ വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. കെ. കുട്ടപ്പൻ: ഒരു പ്രത്യേക ജനവിഭാഗത്തിന്റെ സാമ്പത്തികമായ ഉന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനാണു് പിന്നോക്കസമുദായോദ്ധാരണവകുപ്പ് എന്നൊരു ഡിപ്പാർട്ടുമെന്റുതന്നെ ഉണ്ടാക്കിയതു്. എന്നാൽ കാൺഗ്രസ്സ് മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ആശാസ്യമായതരത്തിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ ചെലവിലേക്കായി ഒരു നല്ല തുക നീക്കിവച്ചുവെങ്കിലും അവർക്കു് അതുമൂലം യാതൊരു ആനുകൂല്യങ്ങളും സിദ്ധിക്കുന്നില്ല എന്നുള്ളതു് ഒരു യാഥാർത്ഥ്യം മാത്രമാണു്.

കഴിഞ്ഞകൊല്ലം പ്രൈമറി സ്കൂളുകളിൽ സാധാരണയായി ഈ ഡിപ്പാർട്ടുമെന്റിൽനിന്നും സൌജന്യമായി വിതരണം ചെയ്തുവന്നിരുന്ന പാഠപുസ്തകങ്ങൾ ഇപ്പോഴും വിദ്യാർത്ഥികൾക്കു് ലഭിച്ചിട്ടില്ല എന്നുള്ളതു് ഈ സഭയുടെ മുമ്പിൽ എനിക്കു പ്രസ്താവിക്കുവാൻ കഴിയും. ഏതാണ്ടു് വർഷാവസാന പരീക്ഷവരെ പാഠപുസ്തകങ്ങൾ തങ്ങളുടെ കുട്ടികൾക്കു ലഭിക്കുമെന്നു് പാവപ്പെട്ട രക്ഷകർത്താക്കന്മാർ വിചാരിച്ചു കഴിഞ്ഞുകൂടിയിരുന്നു. അതുപോലെതന്നെ ഹൈസ്കൂളുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കു് ഇരുപത്തിയഞ്ചും നാൽപ്പത്തും രൂപവീതം കൊടുത്തുവന്നിരുന്നതു് അതാതുവർഷത്തിൽ വിദ്യാർത്ഥികൾക്കു ലഭിക്കുന്നില്ല. ഇതിനു് വളരെ അധികം പരാതികൾ ഈ ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനും മന്ത്രിക്കും അയച്ചിട്ടുണ്ടു്. അങ്ങനെ അയച്ചിട്ടുള്ള പരാതികളെപ്പററി എന്തെങ്കിലും നടപടി നടത്തുകയോ, ശരിയായ മറുപടി അയച്ചുതരികയോ, ചെയ്തിട്ടില്ല എന്നുള്ള സംഗതി ഈ സഭയുടെ അറിവിലേക്കായി ഞാൻ പ്രസ്താവിക്കുകയാണു്.

നമ്മുടെ രാജ്യത്തു് അവശസമുദായത്തിന്റെ സാമൂഹ്യമായ അവശതകൾ പരിഹരിക്കുന്നതിനു് ഒരു നിയമനിർമ്മാണംതന്നെ നടത്തിയതാണു്. എന്നാൽ ഇന്നും നാട്ടിൻപുറങ്ങളിൽനിന്നും തീണ്ടലും മററും മാറിയിട്ടില്ല. തൻമൂലം ഇന്നു് പിന്നോക്കസമുദായക്കാർ പല അവശതകളും അനുഭവിക്കുന്നുണ്ടു്. ഒരുപക്ഷെ കാൺഗ്രസ്സ് ബഞ്ചുകളിൽ ഇരിക്കുന്നവർ ഈ യാഥാർത്ഥ്യങ്ങളെ കണ്ണടച്ചുവച്ചുകൊണ്ടു് ഇപ്പോൾ സംസാരിക്കുമെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങൾക്കു് അവരെ തെരഞ്ഞെടുത്തയച്ച നിയോജകമണ്ഡലങ്ങളിലും പ്രത്യേകിച്ചു നാട്ടിൻപുറങ്ങളിലും, അവരുടെ സ്വന്തം സ്ഥലത്തുപോലും ഈ പ്രശ്നങ്ങളുടെ മുമ്പിൽ കണ്ണടച്ചിരിക്കുവാൻ സാദ്ധ്യമല്ല എന്നു് വളരെ ഉച്ചൈസ്തരം ഉൽഘോഷിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

ഈ രാജ്യത്തെ ഭൂമിവിഭജനത്തെ സംബന്ധിച്ചു്, കർഷകർക്കു് കൃഷിക്കായി ഭൂമി വിഭജിച്ചുകൊടുക്കുന്ന അവസരത്തിൽ ൨൫ ശതമാനം ഭൂമി ഇവിടത്തെ പിന്നോക്കസമുദായക്കാർക്കായി വിഭജിച്ചുകൊടുക്കുന്നതാണെന്നു പറഞ്ഞിരുന്നു. അതു സംബന്ധിച്ചു് ഗവണ്മെന്റു് ഒരു പ്രസ്സ് നോട്ടുതന്നെ ഇറക്കുകയുണ്ടായി. എന്നാൽ ഇന്നോളം അങ്ങനെ അവർക്കു ഭൂമി ലഭിച്ചിട്ടില്ല എന്നുള്ളതു് പരമാർത്ഥം മാത്രമാണു്.

ഹരിജനങ്ങൾക്കു് അവരുടെ ഉദ്ധാരണത്തിനായി അവരുടെയിടയിലുള്ള കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണെന്നും അവരുടെ

[ശ്രീ. കെ. കുട്ടപ്പൻ]

യിടയിൽ അക്ഷരാഭ്യാസം വർദ്ധിപ്പിക്കുന്നതാണെന്നും അതിനുവേണ്ടി ഈ പ്രത്യേക ജനവിഭാഗങ്ങളുടെ ആവശ്യത്തിനായി പയൽസ്കൂളുകൾ ഉണ്ടാക്കുന്നതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. അതനുസരിച്ച് പയൽസ്കൂളുകൾ ചില സ്ഥലങ്ങളിൽ തുടങ്ങുന്ന ഒരു പതിവും ഇവിടെയുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു കൊല്ലക്കാലമായി പിന്നോക്കസമുദായക്കാരുടെ കുടിൽ വ്യവസായസ്ഥാപനങ്ങൾക്ക് ഗ്രാൻറായി ഒരു തുക കൊടുത്തുവന്നിരുന്നത് ഇല്ലാതാക്കിയിട്ടുണ്ട്.

ഈ പയൽസ്കൂളുകളിൽ പഠിപ്പിക്കുന്നതിനു പിന്നോക്കസമുദായക്കാരല്ലാത്ത ആളുകളിൽനിന്നും അദ്ധ്യാപകന്മാരെ നിയമിക്കുന്ന ഒരു പതിവും ഉണ്ട്. അതായത് പിന്നോക്കസമുദായക്കാരിൽ പരീക്ഷായോഗ്യത കുറവായിട്ടുള്ള അദ്ധ്യാപകന്മാരെ മാത്രമേ കിട്ടുകയുള്ളു എന്നാണ് അതിനു സമാധാനമായി പറയുന്നത്. ഇന്ന് സർക്കാർ അംഗീകരിച്ചിരിക്കുന്ന സിലബസ്സ് അനുസരിച്ചുതന്നെ പഠിപ്പിക്കാൻ പിന്നോക്കസമുദായത്തിൽപ്പെട്ടവരെത്തന്നെ നിയമിക്കാൻ ആളുകൾ ഉണ്ടായിരുന്നിട്ടും മററു വിഭാഗത്തിൽപ്പെട്ടവരെ പയൽസ്കൂളുകളിലെ അദ്ധ്യാപകന്മാരായി നിയമിക്കുന്നു. തന്മൂലം വളരെ അധികം സാധുക്കൾ ഇന്ന് ജോലിയില്ലാതെ കഷ്ടപ്പെടുന്നു എന്നുള്ള വിവരം ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ സാധിക്കും. അതു മാത്രമല്ല സ്കൂൾ തിരുവനന്തപുരത്താണെങ്കിൽ ചേത്തലയിലുള്ള അദ്ധ്യാപകനെയാണ് ഇവിടെ നിയമിക്കുന്നത്. അതുപോലെ ചേത്തലയിലുള്ള സ്കൂളിൽ തിരുവനന്തപുരത്തുള്ള ആളിനെ; അങ്ങനെ പരസ്പരം സ്ഥലംമാററം കൊടുക്കുന്നതുകൊണ്ട് വളരെ അധികം വൈഷമ്യങ്ങൾക്കിടയാകുന്നു. ഇങ്ങനെയുള്ള മാററിമറിക്കുന്ന സമ്പ്രദായവും ഈരാജ്യത്തു മാത്രമെ കാണാൻ സാധിക്കയുള്ളു.

പ്രത്യേകമായും സാമൂഹ്യമായും ഉള്ള ഇവരുടെ വ്യാവസായികമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനു പിന്നോക്കസമുദായ പരസ്പര സഹായസംഘങ്ങൾ ഓർഗനൈസ് ചെയ്യണമെന്നും ഈ സഹകരണസംഘങ്ങൾമുഖേന കൃഷി, വ്യവസായം മുതലായവ വികസിപ്പിക്കണമെന്നും ഉള്ള ഉദ്ദേശത്തോടുകൂടി ഈ ഡിപ്പാർട്ടുമെൻറിൽ ഒരു കോവാപ്പറേററീവ് ഇൻസ്പെക്ടരെ വർക്കുചെയ്യുന്നതിനു ഈ ഗവണ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ട്. പക്ഷെ ആ ഉദ്യോഗസ്ഥൻ എത്ര സഹകരണസംഘങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ടെന്നും ഇവിടെ പ്രായോഗിക പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും ആ സംഗതിയെക്കുറിച്ച് അന്വേഷിച്ചിട്ടുള്ള ഞങ്ങൾക്കുകൂടി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

സർ, ഈ രാജ്യത്ത് പല കാളനികൾ ഉണ്ടെന്നാണ് ഗവണ്മെൻറിൻെറ ലിസ്റ്റിൽനിന്നും അറിയുവാൻ കഴിഞ്ഞത്. ഈ തിരുവനന്തപുരത്തിനടുത്തുള്ള വട്ടിയൂർക്കാവ് അഞ്ചാമട കാളനി എന്നൊരു കാളനിയുണ്ട്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു ചിട്ടയുമില്ലാത്ത രീതിയിലാണ് കാളനിയിലെ ഭരണം നടന്നുവരുന്നത്. ഈ കാളനികളിൽ താമസിക്കുന്ന അധഃകൃതരായ ആളുകളെ എല്ലാവിധത്തിലും ചൂഷണം ചെയ്യുകയും അങ്ങേയററം മർദ്ദിക്കുകയും ചെയ്തുവരുന്നതിനു വളരെ അധികം ഉദാഹരണങ്ങൾ ഉണ്ട്.

അഞ്ചാമട കാളനിയിലെ വാർഡൻ ഒരു സ്ത്രീയുടെ ചാരിത്ര്യഭംഗം വരുത്താൻ ശ്രമിച്ചതായും പോലീസിൽ കേസ്സെടുത്തതായും അറിയുന്നു. ഇത്തരം പല സംഭവങ്ങളും ഈ സഭയുടെ മുമ്പിൽ പ്രസ്താവിക്കാൻ എനിക്കു കഴിയും. ഇന്നു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് പട്ടികജാതിക്കാരെ പ്രീണിപ്പിക്കുന്നതിനുവേണ്ടി കാൺഗ്രസ്സ് പാർട്ടിയിലെ ലീഡറായിരിക്കുന്ന പ്രധാനമന്ത്രി ഈ വിഭാഗത്തിൽപെട്ട ഒരാളെ മന്ത്രിസഭയിലെടുക്കുകയുമുണ്ടായി. അദ്ദേഹം ആ ഒരൊററ സംഗതികൊണ്ടു് രണ്ടു പ്രശ്നങ്ങൾക്കു പരിഹാരം കാണുകയാണു ചെയ്തതു്. കൊച്ചിവിഭാഗത്തിൽനിന്നു രണ്ടു മന്ത്രിമാരെ എടുത്തു എന്നും, പിന്നോക്കസമുദായക്കാരിൽനിന്നും ഒരു മന്ത്രിയെ എടുത്തു് പിന്നോക്കസമുദായത്തിൻെറ മന്ത്രിയായി അവരോധിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതുമാണു്.

സർ, ഇതിനുമുമ്പു പല അവസരങ്ങളിലും ഈ സംസ്ഥാനത്തെ ൨൦ ലക്ഷത്തോളം വരുന്ന പിന്നോക്കസമുദായക്കാർ അവരുടെ ന്യായമായ അവകാശപ്രാതിനിധ്യം നൽകണമെന്നും മന്ത്രിസഭയിൽ പ്രാതിനിധ്യം നൽകണമെന്നും ആവശ്യപ്പെട്ടിട്ടും യാതൊന്നും ചെയ്തിട്ടില്ല. എന്നാൽ ഇന്നു് പട്ടികജാതിക്കാർക്കു് ഒരു മന്ത്രിയെ കൊടുത്തു എന്നു പറഞ്ഞുകൊണ്ടു് ഈ രാജ്യത്തെ പട്ടികജാതിക്കാരെ കാൺഗ്രസ്സിൻെറ വശത്താക്കാമെന്നു് മന്ത്രിമാർ വിചാരിച്ചാൽ അതു നടക്കുകയില്ലെന്നുള്ള വിവരം അവർ ധരിച്ചാൽ കൊള്ളാം.. (ബെൽ)

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், சமயமோ மிகவும் சுருக்கம். இந்த ஐந்து நிமிடத்தில் நமது தேசத்தின் ஒரு பிரதான இலாகாவாகிய இந்த லேபர் இலாகாவைக் குறித்து எவ்வளவு தூரம் பேச முடியுமென்று எனக்குத் தெரியவில்லை. ஆகவே இதைப் பற்றி ஒன்றிரண்டு வார்த்தைகள் பேசி முடிக்கலாமென்று நினைக்கிறேன். ஸர், இப்பொழுது இவ்வரசாங்கத்திலிருக்கும் இக் காங்கிரஸ் கட்சிக்கு, இந்நாட்டிலுள்ள முதலாளிச் சமூகத்தின் அவசியங்களை நிறைவேற்றி வைப்பதற்குள்ள கொள்கையைத் தவிர வேறொரு கொள்கையும் இருக்கிறதாகத் தெரியவில்லை. இங்கு ஒரு தொழில் இலாகா இருக்கிறது. லட்சக்கணக்காக தொழிலாளிகள் உழைத்துழைத்து உருக்குலைந்து நிற்கும் இந்த தொழிலாளிவர்க்கத்திற்கும், இத் தொழிலாளிகளை சுரண்டிப் பிழைக்கும் முதலாளித்துவ வர்க்கத்திற்கும் இடையே ஏதாவது தொழில் தகராறு ஏற்பட்டால் அதற்கு ஒரு சமாதானம் செய்து வைக்க மாத்திரம் தான் இந்த தொழில் இலாகா வைத்துக்கொண்டிருக்கப் படுகிறதென்று நாங்கள் கருதுகிறோம். இங்கு தொழிலாளர்களுக்கு வேண்டி சில சில்லறை சட்டங்கள் இருக்கின்றன. ட்ரெயிட் யூனியன் ஆக்ட், இன்டஸ்ட்ரியல் டிஸ்ப்யூட்ஸ் ஆக்ட் போன்ற சட்டங்கள் இருந்தபோதிலும் அச்சட்டங்கள், சரிவர நிறைவேற்றப்படவில்லை என்பதைப் பற்றி ஸ்ரீமான் பி. எஸ். நடராஜபிள்ளை அவர்கள் கூறினார்கள். இங்கு ஒரு லேபர் டிப்பார்ட்மென்ட் இருக்கின்றது. ஷாப் ஆக்ட் வேறு இருக்கிறது. இன்டஸ்ட்ரியல் டிஸ்ப்யூட்ஸ் ஆக்ட் இருக்கிறது. Factory ஆக்ட் வேறு இருக்கிறது. இவ்விதமாக பல ஆக்ட்டுகள் நிலவில் இருந்த

[ஸ்ரீ. டி. எஸ். ராமஸ்வாமி]

போதிலும் அவைகள் ஒன்றும் சரிவர நிறைவேற்றப்படவில்லை. இந்த ஷாப் ஆக்ட் பிரகாரம் இந்த ராஜ்யத்தில் ஏன், நமது தலைநகரத்தை எடுத்துக்கொண்டால் போதுமே, இங்கு என்ன நடக்கிறது? 8 மணி நேரத்திற்கு கூடுதலாக அல்லாமல் எந்த கடைச்சிப்பந்திகளுக்காவது 8 மணிநேர வேலை கழிந்தவுடன் வீட்டிற்கு போக முடிகிறதா? என்று பாருங்கள். இதைப் பற்றி இங்குள்ள கடைச்சிப்பந்திகள் எத்தனை எத்தனையோ தடவைகள் முறையிட்டும், இந்த தலைநகரத்திலேயே இந்த லேபர் டிப்பார்ட்மெண்ட் இருந்தும் கூட, இது பற்றி ஒரு நடவடிக்கையும் எடுத்தது கிடையாது. இதுமாதிரி வேறு எங்கும் நடப்பதில்லை. முதலாளிகளை எடுத்துக்கொண்டால் அவர்கள் இச் சட்டங்களை மீறுவதோடு மாத்திரமல்ல, இச் சட்டங்களை குப்பைத் தொட்டியில் எறிகிறார்கள். ஒரு தொழில் தகராறு ஏற்பட்டு சமரசப் பேச்சு நடக்கும்போது கூட தொழிலாளிகள், வெளியே தள்ளப்படுகிறார்கள் இந்தத் தொழிலாளிகளுக்கு இப் பாக்டரி ஆக்ட் பிரகாரம் ஏதாவது நீதி கிடைக்கின்றதா? இல்லை. இந்த பாக்டரி ஆக்ட் பிரகாரம் உள்ள லீவ் வசதி கூட மறுக்கப்படுகிறது, இத் தொழிலாளிகளுக்கு. இதையெல்லாம் கவனிப்பதற்கென இருக்கும் இந்த லேபர் டிப்பார்ட்மெண்ட் இதைப்பற்றி ஒன்றும் கவனிப்பது கிடையாது. இந்நிலையில் தொழிலாளிகளால் என்ன செய்ய முடியும் என்று கேட்கிறேன். இந்த லேபர் டிப்பார்ட்மெண்ட் இருப்பது, முதலாளிகளுக்கு மிகவும் சௌகரியமாய் இருக்கிறது. ஸர்; கன்னியாகுமரி முதல் திருச்சூர் வரை எத்தனை எத்தனையோ தொழிலாளி சமரங்கள் நடந்துகொண்டிருக்கின்றன. அதில் நமது அரசாங்கத்தின் கொள்கை என்ன? தொழிலாளித் தலைவர்கள் மீது 107-ம் வகுப்பு பிரயோகிக்கப்படுகிறது. அத் தொழிலாளித் தலைவர்கள், இந்தச் சபையிலுள்ள அங்கத்தினர்களா என்று கூடப் பார்க்காமல் அவர்களைப் பிடித்து சிறையில் தள்ளுகிறார்கள். முதலாளிமார்களின் மேல் கூட நடவடிக்கை எடுக்க ஒரு கிளாஸ் இருக்கிறது. ஆனால் இதுவரை ஒரு முதலாளியைக் கூட தண்டித்தது கிடையாது என்று மிகவும் வெட்கத்துடன் சொல்லிக் கொள்ள வேண்டியிருக்கிறது. எங்கள் தென் திருவிதாங்கூரில் ஒரு டாட்டா இருக்கிறார். அவர் தான் பயோனியர் முதலாளி. அவருடைய மோட்டார் சர்வீஸில் ஆனாலும் சரி, அவருடைய Electric Supply கார்ப்பரேஷனில் ஆனாலும் சரி, அல்லது அவருடைய எஸ்டேட்டிலானாலும் சரி, அங்குள்ள தொழிலாளிகள் ஒரு சங்கமாகச் சேர்ந்தால் உடனே அத் தொழிலாளிகள், அங்கிருந்து நீக்கம் செய்யப்படுவார்கள். தொழிலாளிகளுக்கு சங்கம் அமைக்கவோ அல்லது ஒரு சங்கமாகச் சேரவோ உரிமை இல்லையா என்று கேட்கிறேன். அங்ஙனம் அவர்கள் ஒரு சங்கம் அமைத்தால் அவர்களை வேலையிலிருந்து நீக்கம் செய்கிறார்கள் என்றால், பின் எதற்காக இந்த லேபர் டிப்பார்ட்மெண்ட் இங்கு இருக்கிறது? டிரெயிட்யூனியன் ஆக்ட் போன்ற ஆக்ட்டுகள் பின் எதற்காக இருக்கிறது? இப்பொழுது

அரசாங்கத்தில் இருக்கக்கூடிய காங்கிரஸ் கட்சியின் இலட்சியம் ஒரு வெல்பெயர் ஸ்டேட்டை (Welfare State) சிருஷ்டிப்பது என்று சொல்கிறார்கள். வேலையில்லாத் திண்டாட்டத்தைத் போக்க வேண்டியது ஒரு Welfare State-ன் பொறுப்பாகும். வேலை இல்லாத் திண்டாட்டத்தில் இருக்கக்கூடியவர்களுக்கு வேலையில்லாத் திண்டாட்ட அலவன்ஸ் கொடுக்கவேண்டியது அவர்களுடைய பொறுப்பாகும். இப்பொழுது ஆலப்புழையில் கயர் தொழிலாளிகள் வேலையில்லாமல் திண்டாடிக்கொண்டிருக்கிறார்கள். ஏன்னும், நமது நாட்டின் செல்வத்தை உற்பத்தி செய்யக்கூடிய, லட்சக்கணக்கில் ரூபாய் வருமானம் ஈட்டித்தரும், மீன்பிடி தொழிலாளிகள் இன்று வேலை இல்லாமல் திண்டாடிக்கொண்டிருக்கிறார்கள். தொழிலாளிகளின் நிலைமை இங்ஙனம் இருக்கும்போது ஒரு கண்துடைப்பு டிப்பார்ட்மென்டாக எதற்கு இந்த லேபர் டிப்பார்ட்மென்ட் இருக்கிறது என்று கேட்க நான் ஆசைப்படுகிறேன். எதற்கெடுத்தாலும் பணம் இல்லை பணம் இல்லை என்று சொல்கிறார்கள். கோடிக்கணக்கில் பணமுள்ள பல எஸ்டேட் முதலாளிகள் இருக்கிறார்கள் இந்நாட்டில். ஏன் அவர்களிடமிருந்து பணத்தை எடுக்கக் கூடாதென்று நான் கேட்கிறேன். நம் நாட்டில், எஸ்டேட்களில் வேலை பார்க்கக்கூடிய தொழிலாளர்கள் சுமார் மூன்று லட்சம் பேர்கள் இருக்கின்றார்கள். அவர்கள் மிருகங்களைப் போன்று வாழ்க்கை நடத்துகிறார்கள். அவர்களது வாழ்க்கைத்தரத்தை உயர்த்த இந்நாட்டில் ஏதாவது சட்டங்கள் இருக்கிறதா என்று கேட்கிறேன். இவ்வரசாங்கத்தார் நடத்தக்கூடிய டிரான்ஸ்போர்ட் இலாகாவை எடுத்துக்கொள்வோம். அங்கு என்ன நடக்கிறது? இதர இடங்களில், மதராஸ், ஹைதராபாத், பம்பாய், போன்ற இடங்களில் என்ன நடக்கின்றது? ஹைதராபாத் போன்ற இடங்களில் அங்குள்ள டிரான்ஸ்போர்ட் தொழிலாளிகளுக்கு சென்ட்ரல் பே கமிஷனின் அளவில் சம்பளம் கொடுக்கப்படுகிறது. அதே மாதிரி எங்களுக்கும் வேண்டுமென இங்குள்ள டிரான்ஸ்போர்ட் தொழிலாளிகள் மூன்று வருடங்களாக கேட்டுக்கொண்டே இருக்கிறார்கள். இந்த இலாகா மூலம் வருடமொன்றிற்கு 20–ம் 25–ம் லட்சம் ரூபாய் வருமானம் வந்தபோதிலும் இவ்விலாகாவிலுள்ள தொழிலாளிகளுக்கு சம்பளம் உயர்த்தப்படுகிறதா ? என்று கேட்கிறேன். இந்தச் சர்க்கார் அவர்களை, அந்த தொழிலாளிகளை முதலாளித்துவ மனோபாவத்தில் தான் நோக்குகிறார்கள். இந்த தொழிலாளிகளிடையே, அவர்களின் நலனுக்காக யார் முன்கை எடுத்து வேலை செய்கிறார்களோ அவர்களை, நாகர்கோவில்காரனாய் இருந்தால் அவனை பறவூர்க்கும், திருவனந்தபுரத்துக்காரனாய் இருந்தால், அவனை ஆலுவாய்க்கும், கொல்லத்துக்காரனாய் இருந்தால் அவனை மாட்டுப்பட்டிக்கும் ஸ்தலம் மாற்றுகிறார்கள். மாட்டுப்பட்டி எங்கிருக்கிறதென்றால், அது பீரிமேட்டில் இருக்கக்கூடிய ஒரு மலம்பிரதேசமாகும். இப்படியா ஒரு Welfare State-ல் செய்வார்கள் ? மேலும், டிரான்ஸ்போர்ட்டில் இருந்து கிடைக்கும் வருமானத்திலிருந்து 10 லெட்சம் ரூபாய் என்று நினைக்கிறேன், ரோடுகள் நன்றாக்குவதற்கு என்று ஒதுக்கிவைத்திருக்கிறார்கள். ரோடுகள் நன்றாக்குவதற்கு பி. டப்ளியு. டி. இல்லையா

[ஸ்ரீ. டி. எஸ். ராமஸ்வாமி]

அந்த வருமானத்தை ஈட்டிக்கொடுக்கும் ஏழைத் தொழிலாளிகளின் போனஸிலிருந்தா இந்த பணத்தை எடுக்க வேண்டும் என்று கேட்க ஆசைப்படுகிறேன். அதே சமயத்தில் எப். ஏ. ஸி. டி. (F. A. C. T.) எப். ஐ. டி. (F. I. T.) சிமென்ட் பாக்டரி முதலாளித்துவத்திற்கு 30 லட்சம், 50 லட்சம் என்று ரூபாய்களை லோன் கொடுக்க இவ்வரசாங்கம் முன்வருகிறது. முதலாளிமார்களை சகாயிப்பதற்கு இவ்வரசாங்கம் தயாராய் இருக்கிறது. ஆனால் தொழிலாளிகளின் வாழ்க்கைத்தரத்தை உயர்த்த இந்த லேபர் டிப்பார்ட்மென்டோ அல்லது இந்த சர்க்காரோ ஏதாவது நடவடிக்கைகள் எடுக்கிறதா? (பெல்). ஸர், ஒரு காரியம் கூட சொல்லிவிட்டு முடித்துக்கொள்கிறேன்.

"Mill Worker's Union, Alagappa Textiles Workers arrested released on bail stop Replaced the machines removed. Stop Bar immediately to be removed"

அழகப்பா டெக்ஸ்டைல்ஸ்-ல் மெஷின்களை மாற்றுகிறார்கள் என்பதற்காக வேலையில்லாத திண்டாட்டம், பல தொழிலாளர் கைது செய்யப்பட்டிருக்கிறார்கள். இதிலும் இந்த லேபர் டிப்பார்ட்மென்ட், முதலாளியின் மேல்தான் சலுகை காட்டுகிறது. இதுதானா லேபர் டிப்பார்ட்மென்டின் கொள்கை? ஆக எங்களுக்கு இந்த லேபர் டிப்பார்ட்மென்டில் நம்பிக்கை கிடையாது என்றும் சொல்லிக் கொள்கிறேன்.

ശ്രീ. കെ. കരുണാകരൻ: കാര്യക്ഷമതയില്ലാതെ നടക്കുന്ന ലേബർ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് രണ്ടു വാക്കു പറയണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അമിതാദായം എടുക്കുന്ന മുതലാളി

[4 P. M.]

കളും തൊഴിലാളികളുമായി ഇന്ന് ധാരാളം സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ വാസ്തവത്തിൽ യാതൊരു ഗവൺമെൻറിനേയും തകിടം മറിക്കണമെന്നുള്ള ഉദ്ദേശം ഉള്ളവരല്ല. തൊഴിലാളികളും മുതലാളിമാരും ഗവൺമെൻറുമായി ചേർന്ന് ഉണ്ടാക്കിയിട്ടുള്ള അവാർഡ് ഇതുവരെയും യാതൊരു വ്യവസായസ്ഥാപനങ്ങളിലും നടപ്പാക്കിയിട്ടില്ല. ഇതു് ഒരു നിയമംകൊണ്ടു് തടയേണ്ടതാണ്. ഇല്ലെങ്കിൽ ഈ രാജ്യത്തു് ഒരു തൊഴിൽകുഴപ്പം ഉണ്ടാകുമെന്ന് ഗവൺമെൻറിനെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. നിയമം ഉണ്ടാക്കിയതു കൊണ്ടു മാത്രം പ്രയോജനമില്ല. പല നിയമങ്ങളും ഇന്ന് നമ്മുടെ നാട്ടിൽ നിലവിലുണ്ടു്. പക്ഷെ ആ നിയമങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് ഗവൺമെൻറ ശ്രദ്ധിക്കുന്നില്ലെന്ന് ഞാൻ ഖേദപൂർവം പ്രസ്താവിച്ചുകൊള്ളട്ടെ. ഇന്ന് പല വ്യവസായസ്ഥാപനങ്ങളും ഈ നിയമങ്ങൾ അനുസരിക്കുന്നില്ലായെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. സർ, ഞാൻ ഒരു ഉദാഹരണം ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. വനജാ ടെക്സ്റ്റയിൽസിൽ ജോലിയുള്ള ഒരു സ്ത്രീ പ്രസവാവധിക്കപേക്ഷിച്ചിട്ട് അവിടത്തെ അധികാരികൾ അതു നിഷേധിക്കുകയാണ് ചെയ്തതു്. സർ,

ഫാക്ടറി റൂംസിലും മറ്റെല്ലാം നിയമങ്ങളിലും പ്രസവാവധി അനുവദിക്കുവാൻ പ്രത്യേകം വ്യവസ്ഥയുണ്ട്. അങ്ങനെ പ്രസവാവധി നിഷേധിച്ചിട്ടും ഈ ഗവണ്മെൻറ ആ വ്യവസായസ്ഥാപനത്തിൻെറ ഉടമസ്ഥൻെറ പേരിൽ യാതൊരു നടപടിയും നടത്തിയിട്ടില്ലായെന്നു പറയേണ്ടിയിരിക്കുന്നു. സർ, ചിലപ്പോൾ ഈ മാതിരി കാര്യങ്ങളിൽ ലേബർഡിപ്പാർട്ടുമെൻറ് വിജയിക്കുന്നുണ്ട് എന്ന സംഗതി ഞാൻ മറച്ചുവയ്ക്കുന്നില്ല. എന്നാൽ ലേബർഡിപ്പാർട്ടുമെൻറ് ഇങ്ങനെ വിജയിക്കുന്നതു് അതിൻെറ കാര്യക്ഷമതകൊണ്ടല്ലെന്നും എന്നാൽ തൊഴിലാളികൾ, ലേബർഡിപ്പാർട്ടുമെൻറിനെക്കൊണ്ട് ഒന്നും സാദ്ധ്യമല്ലെന്നു വിചാരിച്ചു് ചില നിർദ്ദേശങ്ങൾക്ക് വഴിപ്പെട്ടുകൊടുക്കുന്നതുകൊണ്ടുമാണ്. ലേബർഡിപ്പാർട്ടുമെൻറ ഇന്നും ഒരു മൈനർ ഡിപ്പാർട്ടുമെൻറായി സ്ഥിതിചെയ്യുകയാണ്. കഴിഞ്ഞ അസംബ്ലിയിൽ ലേബർ ഡിപ്പാർട്ടുമെൻറിനെ ഒരു മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്തുമെന്ന് അന്നത്തെ ലേബർ മന്ത്രി പറഞ്ഞുവെങ്കിലും ഇന്നും അതു് ഒരു മൈനർ ഡിപ്പാർട്ടുമെൻറായിത്തന്നെ തുടരുകയാണ്. മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്തുന്നതിനുള്ള യാതൊരു വ്യവസ്ഥയും ഈ ബഡ്ജററിൽ കാണുന്നില്ല. ഇന്നത്തെ നിലവച്ചുകൊണ്ടു നോക്കുകയാണെങ്കിൽ ലേബർ കമ്മീഷണരെയും അസിസ്റ്റൻറ കമ്മീഷണരെയും മാററി നിറുത്തിയാൽ അവിടെയുള്ള മററു ഉദ്യോഗസ്ഥന്മാർക്ക് ഏതെങ്കിലും വിധത്തിലുള്ള അധികാരങ്ങൾ ഉണ്ടോയെന്നു് സംശയമാണ്. മുതലാളിമാരുടെ ദയവിലാണ് ലേബർകമ്മീഷണർക്കും കാര്യങ്ങൾ നടത്തുവാൻ സാധിക്കുന്നതു്. മുതലാളിമാരെ അനുകൂലിച്ചില്ലെങ്കിൽ ലേബർകമ്മീഷണർക്ക് യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയിലാണ് ഇന്ന് ഇരിക്കുന്നതു്. ഏതെങ്കിലും തരത്തിൽ ഒരു ഒത്തുതീർപ്പുണ്ടായാൽ. അതു് മുതലാളിമാർ നടപ്പിൽ വരുത്തിയില്ലെങ്കിൽ അവരുടെ പേരിൽ നടപടി എടുക്കുവാൻ സാദ്ധ്യമല്ലാത്ത നിലയിലാണ് ഇന്നത്തെ നിയമങ്ങൾ ഉള്ളതെന്നു് ലേബർ മന്ത്രി പറഞ്ഞതായി ഞാൻ ഓർക്കുന്നു. പല അവാർഡുകളും അതു എഴുതിയുണ്ടാക്കിയ കടലാസിലെ മഷി ഉണങ്ങുന്നതിനു മുമ്പുതന്നെ മുതലാളിമാർ പിച്ചിച്ചീന്തിക്കളയുന്നതായിട്ടാണ് കാണുന്നതു്. ഞാൻ ഇങ്ങനെയുള്ള അവാർഡുകൾ ഏർപ്പെടുത്തുവാൻ തയാറായ ഗവണ്മെൻറിൻെറ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല. ഗവണ്മെൻറ അതു നടപ്പിൽ വരുത്തുവാൻ കുറെക്കൂടി ശ്രദ്ധചെലുത്തണമെന്നാണ് എനിക്കു പറയുവാനുള്ളതു്. വേറൊരു ഉദാഹരണംകൂടി ഞാൻ പറയാം. സീതാറാം മിൽസിലെ തൊഴിൽക്കുഴപ്പം സംബന്ധിച്ചു് രണ്ടു മൂന്നു അവാർഡുകൾ ഉണ്ടായിട്ടുണ്ട്. അതനുസരിച്ചു് ഒന്നും ഇതുവരെ ചെയ്തുകഴിഞ്ഞിട്ടില്ല. തൊഴിലാളികൾ അവാർഡ് അനുസരിച്ചുള്ളതു് കിട്ടാൻ വേണ്ടി പണി മുടക്കി. അതനുസരിച്ചു് ഉടമസ്ഥന്മാർ യാതൊന്നും ചെയ്തിട്ടില്ല, ഞാൻ പറയുന്നതു് ഗവണ്മെൻറ ഈ അവാർഡ് അനുസരിച്ചുള്ള നടപടികൾ നടത്താൻ മുമ്പോട്ടു വരണമെന്നാണ്. ഏതെങ്കിലും തൊഴിൽശാലയിൽ അവശതകളുള്ള തൊഴിലാളികൾ പണിമുടക്കുകയാണെങ്കിൽ അതിനെവച്ചു് മുതലെടുക്കുവാൻ ചില രാഷ്ട്രീയകക്ഷികളും ഉണ്ടാകും. അങ്ങനെയാണെങ്കിൽ തൊഴിലാളികൾക്ക് യാതൊരു രക്ഷയും ഇല്ല. ഏതെങ്കിലും തൊഴിൽ ശാലയിൽ തൊഴിലാളികളെ പിരിച്ചുവിടുകയാണെങ്കിൽ അതിനു നടപടി നടത്തുകയും,

[ശ്രീ. കെ. കരുണാകരൻ]

ലാക്കപ്പെട്ടു നടത്തുകയാണെങ്കിൽ അവക്കു് തൊഴിലില്ലാതെയിരുന്ന കാലത്തു് അവക്കു് കിട്ടുവാനുള്ള തൊഴിലില്ലായ്മവേതനം കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുകയും ചെയ്യുവാൻ ഗവണ്മെൻറ മുമ്പോട്ടുവരേണ്ടതാണു്. ലേബർ മന്ത്രിയെ എനിക്കു് ഈ കാര്യത്തിൽ ഒന്നു അനുമോദിക്കുവാനുണ്ടു്. പത്തു പതിനെട്ടു് തൊഴിൽശാലകളിൽ ഇങ്ങനെ തൊഴിലില്ലായ്മനിവേദനം നൽകുവാൻ അദ്ദേഹം വളരെ ബുദ്ധിപൂവ്വം കാര്യക്ഷമമായി പ്രവത്തിച്ചുവെന്നു പറയാതെ തരമില്ല. ഈ കാര്യത്തിൽ അദ്ദേഹം ഇനിയും വേണ്ടതുപോലെ പ്രവത്തിക്കുമെന്നു് ഉദ്ദേശിക്കുന്നു.

മിനിമം വേജസിൻെറ കാര്യത്തെക്കുറിച്ചു് എനിക്കു് ഒന്നു പറയുവാനുണ്ടു്. മിനിമം വേജസല്ല ഇപ്പോൾ വേണ്ടതു് ഫെയർ വേജസാണു് അത്യാവശ്യമായിട്ടുള്ളതു്. ഓരോ തൊഴിലാളികൾക്കും മര്യാദയായി ജീവിക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവും നൽകേണ്ടതു് അത്യാവശ്യമാണു്. അതിലേയ്ക്കു ആവശ്യമുള്ള വേതനവും അവനു ലഭിക്കണം. ഇവിടെ വളരെയധികം വിമർശനങ്ങൾ ലേബർ ഡിപ്പാർട്ടുമെൻറിനെക്കുറിച്ചു് വന്നിട്ടുണ്ടു്. പോലീസ് ഡിപ്പാർട്ടുമെൻറു് തൊഴിൽകുഴപ്പത്തിൽ ഇടപെടുന്നു. രാഷ്ട്രീയകക്ഷികൾ ഇതിനെവെച്ചു് മുതലെടുക്കുവാൻ നോക്കുന്നു. ഇതിനൊന്നിനും ഇടകൊടുക്കരുതു്. ഇതുപോലെ തന്നെ മോട്ടാർ തൊഴിലാളികളെ സംബന്ധിച്ചും എനിക്കു് ഒന്നു പറയുവാനുള്ളതു് എട്ടുമണിക്കൂർ മാത്രമേ അവരെക്കൊണ്ടു് ജോലി ചെയ്യിക്കാവൂ എന്നു് വ്യവസ്ഥയുള്ളപ്പോൾ പത്തും പന്ത്രണ്ടും മണിക്കൂർ കഴിഞ്ഞാലും അവരുടെ ജോലി ചിലപ്പോൾ തീരുന്നില്ല. ഈ കാര്യങ്ങളിൽ ഗവണ്മെൻറു് വേണ്ട ശ്രദ്ധ പതിപ്പിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

ശ്രീ. ആർ. സുഗതൻ: സർ, ഈ ഗവണ്മെൻറിൻെറ തൊഴിലാളിനയത്തിൻെറ അപര്യാപ്തതയെപ്പററി സംസാരിക്കുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഈ രാജ്യത്തു ജന്മികളുടേയും മുതലാളികളുടെയും സ്വത്തുക്കൾക്കു സംരക്ഷണവ്യവസ്ഥയുണ്ടു്. എന്നാൽ തൊഴിലാളികളുടെ ഏകസ്വത്തായ പ്രയത്നത്തിനു് യാതൊരു സംരക്ഷണവ്യവസ്ഥകളും ഇതുവരെ ഉണ്ടായിട്ടില്ല. ഒരു ദിവസം രാവിലെ തൊഴിലാളികൾ വ്യവസായശാലകളിൽ ചെല്ലുമ്പോൾ, നിങ്ങൾക്കു് ഇന്നു് ജോലിയില്ലെന്നു പറയുവാൻ മുതലാളിമാക്കു് വ്യക്തമായ അവകാശങ്ങളുണ്ടു്, അധികാരങ്ങളുണ്ടു്. അതു് ശരിയായിത്തന്നെ നടക്കുകയും ചെയ്യുന്നുണ്ടു്. ഇതിൻെറ ഫലമായിട്ടാണു് ഇന്നു് വ്യവസായശാലകളിൽനിന്നു നൂറു നൂറുകണക്കിനു തൊഴിലാളികൾ തൊഴിലില്ലാത്തവരായി വെറുതെ അലഞ്ഞു നടക്കുവാൻ ഇടയായിട്ടുള്ളതെന്ന സംഗതി ലേബർമന്ത്രിക്കു നല്ലവണ്ണം അറിയാം. സർ, ഈ സ്റ്റേററിനകുടി പങ്കുള്ള എഫ്. എ. സി. ററി-യിൽനിന്നു് ജോലി ചെയ്തുവന്നിരുന്ന അഞ്ഞൂറിലധികം തൊഴിലാളികൾ ഇന്നു് തൊഴിലില്ലാതെ അലഞ്ഞു നടക്കുകയാണു ചെയ്യുന്നതു്. അതുപോലെ തന്നെ പെരിങ്ങൽകുത്തിൽ അഞ്ഞൂറിലധികം തൊഴിലാളികളെ ഇന്നു് പിരിച്ചുവിട്ടിട്ടുണ്ടു്. ഈ രാജ്യത്തെ തൊഴിലാളികളുടെ ജീവിതവൃത്തിക്കു ഒരു പ്രധാന ഘടകമായിരുന്ന കയറവ്യവസായം ഇന്നു് അധഃപതിച്ചു കിടക്കുകയാണു്. അഞ്ചുലക്ഷത്തോളം ആളുകൾ പട്ടിണി മരണത്തിൻെറ വായിൽ അകപ്പെട്ടിട്ടുണ്ടെന്നാണു് ഇന്നു് അറിയപ്പെടുന്നതു്. ഏകദേശം

രണ്ടുലക്ഷത്തിലധികമുള്ള നെയ്ത്തുതൊഴിലാളികൾ തൊഴിലില്ലാതെ പട്ടിണിക്കാരായിരിക്കുന്നു. ഇതിലെല്ലാം ഇവിടത്തെ തൊഴിലാളികൾക്കു ശക്തിയായ പ്രതിഷേധം ഉണ്ടെന്നുള്ള സംഗതി നിഷേധിക്കാൻ സാദ്ധ്യമല്ല. നെയ്ത്തുതൊഴിലാളികളായാലും ശരി, ഏതു തൊഴിലാളികളായാലും ശരി അവരുടെ സങ്കടപരിഹാരത്തിനുവേണ്ടി ജാഥ വരുന്നതു് ഇന്നു് ഇവിടെ നിരോധിച്ചിരിക്കുകയാണു്. തൊഴിലാളികളുടെ അവശതകൾ ഇത്ര ഭയങ്കരമായിരുന്നിട്ടും അവർ ജാഥയായിവന്നു് വിവരം അറിയിച്ചുകൂടായെന്നു പറഞ്ഞു് ഇവിടെനിന്നും നാലു ഫർലാംഗിനപ്പുറത്തുവരെ നിരോധിച്ചു നിറുത്തിയിരിക്കുകയാണു്. ഇനിയുള്ള വേലികൾ കെട്ടിക്കൊണ്ടു് അവരുടെ അവശതകൾക്കു ന്യായമായ പരിഹാരം ഉണ്ടാക്കാതെ അവർക്കു പട്ടിണിയും ദാരിദ്ര്യവും നൽകിക്കൊണ്ടു് സ്വസ്ഥമായിരുന്നു ഈ വിധത്തിൽ ഭരണം തുടർന്നുകൊണ്ടുപോകാമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ, സ്നേഹിതന്മാരെ, നിങ്ങൾക്കു് തെറ്റുപറ്റിപ്പോയി. നേരായ ഗതിയിൽനിന്നും നിങ്ങൾ വളരെദൂരം കടന്നുപോയിക്കഴിഞ്ഞു എന്നാണു് എനിക്കു പറയുവാനുള്ളതു്. വ്യക്തമായ ചില കാര്യങ്ങൾ എനിക്കു് ഗവണ്മെന്റിനെ ധരിപ്പിക്കുവാനുണ്ടു്. പുനലൂരിലെ പ്ലൈവുഡ്് ഫാക്ടറി ഗവണ്മെന്റിന്റേതാണു്; അതിൽ ഗവണ്മെന്റാണു് മുതലാളി. അതിലെ തൊഴിലാളികളുമായുള്ള ഒത്തുതീർപ്പു വ്യവസ്ഥകൾ ഗവണ്മെന്റുതന്നെയാണു് ലംഘിച്ചിട്ടുള്ളതു്. ലേബർ ഡിപ്പാർട്ടുമെന്റ് എന്നു പറഞ്ഞാൽ മുതലാളിമാരുടെ താല്പര്യത്തെ രക്ഷിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റായിട്ടാണു് തീർന്നിരിക്കുന്നതു്. തൊഴിലാളികൾക്കു അവരുടെ ഇടപെടൽകൊണ്ടു യാതൊരു രക്ഷയുമില്ല. വേണമെങ്കിൽ ഞാൻ ഒരു ദൃഷ്ടാന്തം പറയാം.

ലേബർമന്ത്രി ഇവിടെ പറയുകയുണ്ടായി, ൧൫ ലക്ഷം രൂപ റിലീഫ്‌വർക്കിനു് നീക്കിവച്ചിട്ടുണ്ടെന്നു്. ഈ തുക അവിടത്തെ വിപുലമായ ദുരിതപരിഹാരത്തിനു് തീരെ അപര്യാപ്തമാണു്. തൊഴിലാളികളുടെ ഏകധനമായ പ്രയത്നത്തിനു് യാതൊരു സംരക്ഷണവ്യവസ്ഥയും ഇല്ലെന്നാണു് ഇതു തെളിയിക്കുന്നതു്. ഈ ഗവണ്മെന്റിനു് ഒരു നയമുള്ളതു് തൊഴിലാളി വിരുദ്ധമാണു്. വയലാർ-പുന്നപ്ര കേസ്സിലെ സഖാക്കളെ മോചിപ്പിക്കുന്നില്ല. ഇവിടെ ഇരിക്കേണ്ട മൂന്നു ഐ. മു. എം. എൽ. എ. മാർ ജയിലിലാണു്. പത്തുമല വെടിവയ്പിനെപ്പറ്റി അന്വേഷണം നടത്തുകയില്ല. ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെ ഉത്തമതാൽപ്പര്യത്തിനെതിരാണിതെല്ലാം. ഇവരെല്ലാം ശിക്ഷതീരുമ്പോൾ പുറത്തുവരുമെന്നാണു് ചീഫ് മിനിസ്റ്റർപോലും പറയുന്നതു്. സർ, ജയിലിൽപ്പാർത്തു് തഴക്കമുള്ളവർക്കെല്ലാം അറിയാവുന്ന വസ്തുതയാണിതു്. ജയിലിൽക്കിടക്കുന്ന കള്ളനും കൊലപാതകിക്കും ഈകാര്യം അറിയാം. ഈ വസ്തുത വിളിച്ചുപറയാൻവേണ്ടി ഒരാൾ നിയമജ്ഞനോ, ചീഫ് മിനിസ്റ്ററോ ആകേണമെന്നില്ല. ചീഫ് മിനിസ്റ്ററുടെ ഇത്തരം പ്രസ്താവനകൾ ഈ സഭയുടെ അന്തസ്സാരത്തെതന്നെ ചോദ്യം ചെയ്യുന്നതാണു്. തൊഴിലാളിവർഗ്ഗത്തിന്റെ ജീവിത സുരക്ഷിതത്വത്തിനു് സമരം ചെയ്യുകയെന്നതിൽ കവിഞ്ഞൊന്നും ഈ കൂട്ടർ ചെയ്തിട്ടില്ല.

മരാമത്തുപണി, ദുരിതനിവാരണം എന്നൊക്കെ പറയുന്നുണ്ടു്. ആലപ്പുഴ-ചേർത്തലതോടുവെട്ട് എന്നുകേട്ടാൽ ൧൫ മൈൽ നീളത്തിൽ തോടു

[ശ്രീ. ആർ. സുഗതൻ]

വെട്ടു നടന്നുവെന്നാണ് തോന്നുക. വടക്കു നാലു മൈൽ തോടു വെട്ടിക്കഴിഞ്ഞു. തെക്ക് നാലുമൈൽ വേലതീർന്നു. ഇനി അഞ്ചുമൈൽ തോടുണ്ട്. അതിന്റെ മുകൾപ്പരപ്പിലെ വേലതീർന്നു. ഇങ്ങനെ കഷ്ടിച്ചു അഞ്ചുമൈലുള്ള മുക്കാൽ തോടുവെട്ട് വച്ചുകൊണ്ടാണ് ഈ വലിയ പരസ്യം നടത്തുന്നതു്. ചെയ്യുന്നതിൽ കവിഞ്ഞുള്ള പ്രസിദ്ധീകരണംകൊണ്ട് തൊഴിലാളികളുടെ കണ്ണിൽ മണ്ണിടാമെന്നുകരുതേണ്ട. കയർതൊഴിലാളികൾ പട്ടിണി മരണത്തിലേയ്ക്കു പോകാതെ സൂക്ഷിക്കണമെന്നു പറഞ്ഞാൽ ഗവണ്മെന്റിന്റെ മറുപടി പട്ടിണിമരണമില്ലെന്നാണ്. സർ, ചേർത്തലയിലും അമ്പലപ്പുഴയിലും പട്ടിണിയില്ലെന്നു കഴിഞ്ഞദിവസം ലേബർമന്ത്രി പറഞ്ഞപ്പോൾ, കഴിഞ്ഞകാലത്ത് തൊഴിലാളിപ്രവർത്തനം നടത്തിയ എന്റെ സ്നേഹിതനല്ല, അതിനുപകരം കാലൻ ഇവിടെ വന്നുനിന്നു കള്ളക്കണക്കു പറയുന്നു എന്നാണ് എനിക്കു തോന്നിയതു്. അദ്ദേഹം അവരുടെ അവശതകൾ നേരിട്ടന്വേഷിച്ചുശേഷമല്ല ഇവിടെ ഒരഭിപ്രായം പറഞ്ഞിരിക്കുന്നതു്. തൊഴിലാളികൾക്കുവേണ്ടി, തൊഴിലാളികളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്കുവേണ്ടി, അവരുടെ അവശതകൾ പരിഹരിച്ചു സഹകരണ മനഃസ്ഥിതിയോടുകൂടി അവരെ ഉദ്ധരിക്കുവാൻവേണ്ടി തയ്യാറാകേണ്ടതാണെന്ന് ഞാൻ ഗവണ്മെന്റിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. തൊഴിലാളിപ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്ന മാർഗ്ഗങ്ങളിൽ ഇടപെട്ട് അവരെ സഹായിക്കുവാനുള്ള യാതൊരു പരിപാടിയും ഗവണ്മെന്റ് അംഗീകരിക്കുന്നില്ല. നേരേമറിച്ച് മുതലാളിമാരുടെ പ്രയത്നത്തിന് സംരക്ഷണം നൽകുവാൻ ഗവണ്മെന്റ് കൂടുതൽ വ്യഗ്രത കാണിക്കുകയാണ്. അതു് ന്യായരഹിതമായ ഒരു പ്രവർത്തനമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. (ബെൽ)

ശ്രീ. എം. സി. മത്തായി: സർ, മുതലാളിമാരുടെ കാര്യത്തിൽ സംരക്ഷണ ചെയ്യുന്നതു ശരിയല്ല, തൊഴിലാളികളുടെ കാര്യം മാത്രം നോക്കിയാൽമതിയെന്നു പറയുവാൻ ഞാൻ തയ്യാറില്ല. ഈ രാജ്യത്തു തൊഴിലാളികൾക്ക് വളരെ അധികം അവശതകളുണ്ടെന്നു സമ്മതിക്കാതെ തരമില്ല. തൽപരിഹാരാർത്ഥം ഈ രാജ്യത്തു വിഭവസമ്പത്ത് വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണ്. രാജ്യത്തിന്റെ സാമ്പത്തികനില ഉയരണം. ആ നിലവച്ചു നോക്കുമ്പോൾ തൊഴിലാളികളുടെ ഉദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതും ആവശ്യമാണെന്ന ഞാൻ വിശ്വസിക്കുന്നു. എന്നാൽ മുതലാളിമാരുടെ ആവശ്യങ്ങളെ നിഷേധിച്ചുകൊണ്ട് തൊഴിലാളികളുടെ നയങ്ങളും മാറ്റങ്ങളും അനുസരിച്ച് ഈ ഗവണ്മെന്റ് പ്രവർത്തിക്കുമെന്നോ അങ്ങനെ പ്രവർത്തിക്കാൻ സാധിക്കുമെന്നോ എനിക്കു വിശ്വാസമില്ല. തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുവാനും, അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനും വേണ്ടി ഈ രാജ്യത്തു നിലവിലിരിക്കുന്ന നിയമങ്ങൾ വേണ്ടവിധത്തിൽ ഉപയോഗിക്കണമെന്നും, മുതലാളിമാർക്കും ഏറക്കുറെ ചെയ്യാവുന്ന എല്ലാ സംരക്ഷണകളും നൽകേണ്ടതാണെന്നുമുള്ള പക്ഷക്കാരനാണു ഞാൻ. തൊഴിലാളി നിയമങ്ങൾ ശരിയായവിധം അനുഭവപ്പെടണമെന്നുണ്ടെങ്കിൽ അവരുടെ പ്രവർത്തനങ്ങളിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുവാനാണ് എതിർപക്ഷത്തിരിക്കുന്നവർ ശ്രമിക്കേണ്ടതു്. അല്ലാതെ തൊഴിലാളിസമരങ്ങളുടെ

അടിസ്ഥാനത്തിൽ അവരുടെ കാര്യങ്ങൾ മാത്രം ശരിയായ നടത്തുവാൻ ഗവൺമെൻറിനു സാദ്ധ്യമല്ല. തൊഴിലാളി താൽപ്പര്യങ്ങൾ നിലനിറുത്തുവാൻ ഇന്നു നിലവിലിരിക്കുന്ന നിയമങ്ങൾതന്നെ വേണ്ടിടത്തോളം തൃപ്തികരമല്ല. അവ ശരിപ്പെടുത്തുന്നതിനു വേണ്ട നടപടികൾ ഇൻഡ്യാ ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ളതായി നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഏതുവിധത്തിൽ നോക്കിയാലും മുതലാളിമാരുടെയും മററു വിഭാഗങ്ങളുടേയും സഹകരണത്തോടുകൂടി തൊഴിലാളിപ്രശ്നങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതായിരിക്കും നല്ലതെന്നാണ് എനിക്കു പറയുവാനുള്ളതു്. തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുവാൻ നിയമപ്രകാരം സാദ്ധ്യമുണ്ടെന്നിരിക്കെ സമരത്തിനു ആവശ്യമില്ലാത്ത സന്ദർഭങ്ങളിൽ പോലും അവർ സമരപ്രഖ്യാപനം ചെയ്യുന്നുണ്ടു്. ഇന്നു തൊഴിലാളികൾക്കു രാഷ്ട്രീയമായ നിലയിൽ മുന്നോട്ടുപോകുവാനുള്ള സകല സാഹചര്യങ്ങളും നിലനിന്നു പോരുന്നുണ്ടു്. അതേ സമയംതന്നെ അവർ ഒരു പാർട്ടിയായി ഈ നിയമസഭയ്ക്കകത്തുവന്നു പറയുകയും തൊഴിലാളികളുടെ അവശതകളെ ചൂഷണം ചെയ്തുകൊണ്ടു അവരുടെ സ്വാധീനസമ്പാദനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ രാജ്യത്തു നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവരുടെ പ്രവർത്തനം പുത്തൻരാഷ്ട്രീയം എന്ന പ്രസ്ഥാനംവരെ എത്തിയിട്ടുണ്ടു്.

സർ, എനിക്കു പറയുവാനുള്ളതു് ഈ നിലയിൽ തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുവാൻ അവക്കു സാദ്ധ്യമല്ലെന്നുള്ളതു് മനസ്സിലാക്കിക്കൊണ്ടു അവർ പ്രവർത്തിക്കണമെന്നാണ്. എതിർപക്ഷക്കാരുടെ രാജ്യമായ റഷ്യയിൽ എൻ.വി.വി.ഡി.ൽ ഏതാണ്ടു അഞ്ചുററോളം സ്ട്രൈക്കുകൾ ഉണ്ടായിട്ടുണ്ടെന്നാണു കണക്കുകൊണ്ടു കാണുന്നതു്. ഈ രാജ്യത്തു ട്രെയിഡു യൂണിയൻ സംഘടന വന്നതോടുകൂടിത്തന്നെ തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി നടപടികൾ നടത്തുന്നതിനുള്ള അവകാശം അവക്കു സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ റഷ്യയിൽ എൻ.ഡി.ഡി.ൽ തൊഴിലാളികൾക്കുവേണ്ടി നിവേദനം നടത്തുവാനുള്ള അവകാശം പോലും നിഷേധിക്കപ്പെടുകയും ട്രെയിഡു യൂണിയൻ ഗവൺമെൻറിന്റെ ഒരു വിഭാഗമായി രൂപാന്തരപ്പെടുത്തുകയുമാണു ചെയ്തിട്ടുള്ളതു്. ഇപ്പോഴും അതു ഗവൺമെൻറിന്റെ ഒരു വിഭാഗമായി പ്രവർത്തിക്കുകയും ചെയ്യുന്നു. അതിനു ശേഷം സ്ട്രൈക്കുകൾ നടത്തുന്നതിനുള്ള അവകാശം അവിടെ ഇല്ലാതെയാണിരിക്കുന്നതു്. ഈ അവസ്ഥ മാററുവാൻ റഷ്യയിൽ നിലവിലിരിക്കുന്ന കമ്മ്യൂണിസ്ററു ഗവൺമെൻറ് അവിടെ യാതൊന്നും ചെയ്യുന്നില്ല. അവിടത്തെ ഗവൺമെൻറിന് അവരുടെ രാജ്യത്തെ തൊഴിലാളി ക്യാമ്പുകളിലേയ്ക്കു നിർബന്ധിതമായി തൊഴിലാളികളെ റിക്രൂട്ടുചെയ്യുന്നതിനുള്ള അവകാശം ഉണ്ടു്. അങ്ങനെയുള്ള നിയമങ്ങൾ ഈ രാജ്യത്തു നടപ്പില്ലെന്നുള്ളതു പരമാർത്ഥമാണ്. വിവിധജനവിഭാഗങ്ങളുള്ള ഈ രാജ്യത്തു തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിന്, സഹകരണാധിഷ്ഠിതമായ മാർഗ്ഗങ്ങളിൽക്കൂടി ഗവൺമെൻറ ആത്മാർത്ഥമായി പരിശ്രമിക്കണമെന്നു ഞാൻ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ നാട്ടിലെ തൊഴിലാളികൾക്കു വേണ്ടി അനേകം നിയമങ്ങളുണ്ടെന്നും, വളരെ ഫലപ്രദമായ ലേബർ ഡിപ്പാർട്ടുമെൻറുണ്ടെന്നും, ലേബർ മന്ത്രിയും അതുപോലെ കാൺഗ്രസ്സിനു

[ശ്രീ. ടി. കെ. ദിവാകരൻ.]

വേണ്ടി പലരും പറയാറുണ്ട്. ഏകദേശം പതിനഞ്ചോളം നിയമങ്ങൾ ഭരിക്കുവാൻ ചുമതലയുള്ള ഒരു ഡിപ്പാർട്ടുമെൻറാണ് ലേബർ ഡിപ്പാർട്ടുമെൻറ്. ആ ഡിപ്പാർട്ടുമെൻറിനു വേണ്ടി എത്രമാത്രം രൂപയാണ് ഈ ഗവണ്മെൻറ ചെലവാക്കുന്നതെന്നു നോക്കിയാൽ അത്രയും രൂപ ചെലവാക്കുന്നതുകൊണ്ട് എന്തു പ്രയോജനം ആ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തിൽ നിന്നും ഉണ്ടാകുമെന്നു നമുക്കു കാണാൻ കഴിയും. ൪,൫൩,൫൦൦ രൂപ മാത്രമാണ് ഈ ഗവണ്മെൻറ ലേബർ ഡിപ്പാർട്ടുമെൻറിനു വേണ്ടി അതായത് പ്ലാന്റേഷൻ ലേബറിനും, ഫാക്ടറി ലേബറിനും, ഫാക്ടറി ഇൻസ്പെക്ടറേററിനും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനുമായി ചെലവാക്കുന്നത്. ഫാക്ടറികളിലെ രജിസ്ട്രേഷൻ ഫീസിനത്തിൽ ഏതാണ്ട് നാൽ ലക്ഷം രൂപയോളം ഗവണ്മെൻറ് പിരിച്ചെടുക്കുന്നുണ്ട്. ഗവണ്മെൻറിൻെറ പൊതുവരവിൽ നിന്നും ഒരു ലക്ഷത്തിൽപ്പരം രൂപയാണ് ഈ നാട്ടിലെ തൊഴിലാളികൾക്കുവേണ്ടി ചെലവാക്കുന്നത്. അതിൽ നിന്നും തൊഴിലാളിപ്രശ്നങ്ങൾക്കു ഗവണ്മെൻറ എത്രമാത്രം പ്രാധാന്യം നൽകിയിട്ടുണ്ടെന്നും ഏറക്കുറെ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. തൊഴിലാളിനിയമങ്ങൾ പലതും എഴുതിവച്ചിട്ടുണ്ടെങ്കിലും അവ അലമാരകളിൽ അടുക്കിവച്ചിരിക്കുന്ന നിയമ പുസ്തകങ്ങൾക്ക് ഒരാഭരണമെന്നുള്ളതല്ലാതെ ആ വക നിയമങ്ങളെക്കൊണ്ടുള്ള യാതൊരുവിധ ആനുകൂല്യമോ പ്രയോജനമോ തൊഴിലാളികൾക്കു ലഭിക്കുന്നില്ലെന്നുള്ളതു വാസ്തവമാണ് നിയമനടത്തിപ്പിനാവശ്യമായ ഉദ്യോഗസ്ഥന്മാരെ നിയമിക്കാത്തതുകൊണ്ടും ഉള്ള ഉദ്യോഗസ്ഥവാക്കുതന്നെ പല ചുമതലകളും നിർവഹിക്കാനുള്ളതുകൊണ്ടുമാണ് ആ വിധ നിയമങ്ങൾ യഥാകാലം തൊഴിലാളികൾക്കു പ്രയോജനപ്പെടാതിരുന്നിട്ടുള്ളത്. ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാർക്കു ആ നിയമങ്ങൾ അനുസരിച്ചു തൊഴിലാളികൾക്കു പ്രയോജനപ്പെടത്തക്കവണ്ണം പ്രവർത്തിക്കുവാൻ സൗകര്യം കിട്ടുന്നില്ല. അതുപോലെ തന്നെ കൺസിലിയേഷൻ ആഫീസറന്മാരായി അധികാരപ്പെടുത്തിയിട്ടുള്ളതു മൂന്ന് ഉദ്യോഗസ്ഥന്മാരെയാണ്. അതുമൂലം തൊഴിലാളിതർക്കങ്ങളിൽ ഇടപെടാൻ അവർക്കു വളരെ കാലതാമസം നേരിടുന്നുണ്ട്. അങ്ങനെ കാലതാമസം വരാത്തവിധം പ്രവർത്തിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നില്ല. ഒരു ഇൻഡസ്ട്രിയൽ ഹൈജീൻ ആഫീസറുടെ ഉദ്യോഗത്തിന് ൧൭൫ മുതൽ ൨൨൫ വരെ രൂപ ശമ്പളമുള്ളതായി കാണുന്നു. കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലക്കാലമായി തൊഴിലാളിപ്രവർത്തനങ്ങളിൽ ഇറങ്ങിയിട്ടുള്ള എനിക്കു അങ്ങനെയൊരു ഉദ്യോഗസ്ഥനെ ഇതുവരെ കാണുവാൻ കഴിഞ്ഞിട്ടില്ല. ആ ഉദ്യോഗസ്ഥൻെറ പ്രവർത്തനം എവിടെയാണെന്നും എന്താണെന്നുമുള്ള വിവരവും ആ ഡിപ്പാർട്ടുമെൻറിൻെറ ഒരു ഭാഗത്തുനിന്നും അറിയാനും സാധിച്ചിട്ടില്ല. ലേബർഡിപ്പാർട്ടുമെൻറിനെ ഒരു മൈനർ ഡിപ്പാർട്ടുമെൻറായിട്ടാണ് ഗവണ്മെൻറ കണക്കാക്കിയിരിക്കുന്നത്. എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ഈ ബഡ്ജററിൽ ഒരു മാസത്തേയ്ക്കുള്ള സംഖ്യകൊള്ളിച്ചിരിക്കുന്നത് ആശാവഹമാണ്. ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽകൂടി ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഉണ്ടായിരുന്നതിൽ ഒന്നിൻെറ ചുമതല കുറയുകയും ആയതു കൊല്ലത്തേയ്ക്കു മാററുകയും ചെയ്തിട്ടുണ്ട്. ഈ [നിലയിൽ ട്രിബ്യൂണൽ കോട

തിയുടെ പ്രവർത്തനം ചുരുക്കുവാനും, തൊഴിലാളി മുതലാളി ബന്ധം കൂടുതൽ രമ്യമായി പറഞ്ഞുതീർപ്പാക്കുവാനും ഉള്ള ഒരു നയമാണ് ഗവണ്മെന്റ് എടുത്തിരിക്കുന്നതെന്നു കാണുന്നതു് ആശാസ്യമാണ്. ഇൻഡ്യാഗവണ്മെന്റിന്റെ കേന്ദ്രവകുപ്പുമന്ത്രി നിർബ്ബന്ധിതമായ അഡ്ജൂഡിക്കേഷൻ സമ്പ്രദായം നിറുത്തി കൺസിലിയേഷൻ ബോർഡുണ്ടാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതു്. ആ നിലയിൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ കുറയ്ക്കുന്നതിനുള്ള പദ്ധതി ആശാവഹമായി കണക്കാക്കാവുന്നതാണ്. ലേബർ ഡിപ്പാർട്ടുമെന്റിന് ഫാക്ടറി ആക്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ കൂടുതലുള്ളതുകൊണ്ടു് അവയെല്ലാം നടപ്പിൽ വരുത്തുന്നതിനു കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതായിട്ടാണിരിക്കുന്നതു്. വർക്ക്മെൻസ് കാമ്പൻസേഷൻ ആക്ടുപ്രകാരവും, ഷാപ്സ് ആൻഡ് എസ്റ്റാബ്ലീഷ്മെന്റ് ആക്ടുപ്രകാരവും കമ്മീഷണറന്മാരെ നിയമിക്കാത്തതുകൊണ്ടു് ആ വക ജോലികളും ഇപ്പോൾ ഉള്ളവർതന്നെ ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ഇതുമൂലം കാമ്പൻസേഷൻ കേസുകൾ തീരുമാനിക്കുന്നതിനു കാലതാമസം വരുന്നു. ഈ ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരിൽ മൂന്നിലൊന്നു ഭാഗം ആളുകളും ടെമ്പററിക്കാരാണ്. ആറുകൊല്ലമായിട്ടും ജോലി സ്ഥിരപ്പെടാതെ ടെമ്പററിയായി ജോലി ചെയ്യുന്ന അസംതൃപ്തരായ ആളുകളാണ് മൂന്നുമാസക്കാലം ജോലിചെയ്യുന്ന ഫാക്ടറി തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ പ്രയത്നിക്കേണ്ടതു്.

മറ്റൊരു സംഗതി ഇവിടെ പറയാനുള്ളതു് റഷ്യയെ സംബന്ധിച്ചിടത്തോളം അവിടത്തെ തൊഴിലാളി പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തെ സൂചിപ്പിച്ചുകൊണ്ടു ശ്രീ. എം. സി. മാത്യൂ സംസാരിച്ചതിനെപ്പററിയാണ്. ആ പ്രദേശത്തെ സംബന്ധിച്ചുള്ള കേട്ടറിവു മാത്രമെയുള്ളുവെങ്കിലും, രാഷ്ട്രീയമായ നിലയിൽ മാസ്ക്കോ ട്രെയിഡു യൂണിയൻ പ്രവർത്തനത്തെപ്പററി പഠിക്കാൻ ശ്രമിച്ചതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പക്ഷെ, അദ്ദേഹം ഞായറാഴ്ച പള്ളിയിൽ നടക്കുന്ന പ്രസംഗം കേട്ടു വല്ലതും മനസ്സിലാക്കിക്കൊണ്ടു ഇവിടെ വന്നു് റഷ്യൻ ചരിത്രങ്ങൾ പറയരുതെന്നും, കുറെക്കൂടി തൊഴിലാളിപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ല പുസ്തകങ്ങൾ പഠിച്ചുകൊണ്ടുവേണം സംസാരിക്കുവാനെന്നുമാണ് എനിക്കറിയിക്കുവാനുള്ളതു്. തൊഴിലാളികളുടെ രാഷ്ട്രീയമായ പ്രവർത്തനങ്ങൾ പലഭാഗത്തു നിന്നും ഉണ്ടാകാറുണ്ടു്. കാൺഗ്രസ്സ് നേതൃത്വം ഉപേക്ഷിച്ച തൊഴിലാളികൾ മററു് നേതൃത്വം സ്വീകരിക്കുമ്പോൾ അതിൽ പരിഭവിച്ചതുകൊണ്ടു കാര്യമില്ല.

ശ്രീ. എം. സി. മാത്യൂ : റഷ്യയിൽ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടുള്ള പുസ്തകങ്ങളിൽ നിന്നും മനസ്സിലാക്കിക്കൊണ്ടാണ ഞാൻ ഇവിടെ പ്രസ്താവിച്ചതു്.

Mr. Speaker: That is only a passing reference which the Member has made on this occasion. The hon. Member may try to finish the speech so that others may also participate in the discussion.

ശ്രീ. ടി. കെ. ദിവാകരൻ: ഈ നാട്ടിലെ തൊഴിലാളി രംഗത്തു വ്യവസായിക അസമാധാനത്തെ രാഷ്ട്രീയമായി മുതലെടുക്കുന്ന കക്ഷികളുണ്ടെന്നു പറയുകയുണ്ടായി. എല്ലാ കക്ഷികളും എല്ലാ തൊഴിലാളി രംഗത്തും പ്രവർത്തിക്കുന്നുണ്ട്. എല്ലാ കക്ഷികളും അവരവരുടെ അഭിപ്രായങ്ങൾ നിലനിറുത്തുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഈ നാട്ടിൽ വ്യവസായസമാധാനം ലംഘിക്കുന്ന യാതൊരു തൊഴിലാളിക്കും ഞങ്ങൾ പിൻതുണ നൽകുന്നില്ല. വ്യവസായികസമാധാനലംഘനം നടത്തിയിട്ടുള്ള മുതലാളിമാരുടെ പേരിൽ നടപടിയെടുക്കേണ്ടതായ പല കാര്യങ്ങളിലും അവരുടെ പേരിൽ നടപടിയെടുക്കാതിരിക്കുമ്പോൾ തൊഴിൽതർക്കങ്ങളെ തുടർന്നുണ്ടാകുന്ന ചില ചെറിയ കാര്യങ്ങൾക്കുപോലും ആയിരക്കണക്കിനുള്ള തൊഴിലാളി പ്രവർത്തകന്മാരുടെ പേരിൽ ഇന്നും കേസ്സുകൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ കേസ്സുകൾ ഒന്നും രണ്ടും വർഷം വിചാരണയ്ക്കു ശേഷം തെളിവില്ലെന്നു കണ്ട് വെറുതെ വിടുകയാണ് സാധാരണ പതിവ്. ഇതു മൂലം തൊഴിലാളികൾക്ക് എത്ര പണനഷ്ടവും തൊഴിൽനഷ്ടവും ഉണ്ടെന്ന് ഓർക്കേണ്ടതാണ്. ഈ വക സംഗതികൾകൂടി ലേബർമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുവാൻ എനിക്കാഗ്രഹമുണ്ട്.

ശ്രീ. പി. സദാശിവൻപിള്ള: സർ, ഏതാനും ദിവസങ്ങൾക്കുമുമ്പു തൊഴിൽമന്ത്രി കഴിഞ്ഞവർഷത്തിൽ ഇവിടെ നടന്ന തൊഴിലാളി പണിമുടക്കങ്ങളുടെ ഒരു ലിസ്റ്റു ഇവിടെ സമർപ്പിക്കുകയും അതിനെ തൊഴിൽവകുപ്പിനു് വിജയപൂർവ്വം നേരിടുവാൻ കഴിഞ്ഞിട്ടുള്ള വസ്തുതയും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ൪ വ്യവ. പണിമുടക്കങ്ങളോളം കഴിഞ്ഞ ഒരു വർഷത്തിൽ ഉണ്ടായി എന്നും അതിൽ ലക്ഷത്തിൽ അധികം തൊഴിലാളികൾ സംബന്ധിച്ചിരുന്നു എന്നും മററും ഉള്ള വസ്തുത അദ്ദേഹം ഇവിടെ പ്രസ്താവിക്കയുണ്ടായി. നമ്മളെ വളരെ ഇരുത്തി ചിന്തിപ്പിക്കുന്ന പല സംഗതികളും ആ പ്രസ്താവനയിൽ അടങ്ങിയിരുന്നു. ഇന്ന് ഈ രാജ്യത്തു് നടക്കുന്ന തൊഴിലാളി പ്രക്ഷോഭണം പലതരം ഉദ്ദേശങ്ങളോടുകൂടിയതാണെന്നും മററും ഇവിടെ പ്രസ്താവിച്ചു കേൾക്കുകയുണ്ടായി. എനിക്ക് ഈ അവസരത്തിൽ വളരെ വിനീതമായി ഈ സഭയേയും ബഹുമാനപ്പെട്ട തൊഴിൽമന്ത്രിയേയും അറിയിക്കുവാനുള്ളതു് ഇപ്രകാരം ഇവിടത്തെ തൊഴിൽ പ്രശ്നത്തെ ഒരു എളിയ മനോഭാവത്തോടുകൂടി വീക്ഷിക്കുന്നതു് ശരിയല്ലെന്നു മാത്രമാണ്. വളരെ ഭാവനയോടും സഹകരണത്തോടുംകൂടി നമ്മേ അലട്ടിക്കൊണ്ടിരിക്കുന്ന ഈ മഹൽപ്രശ്നങ്ങൾക്കു യഥാർത്ഥമായ പരിഹാരം കണ്ടെത്തുന്നതിനു് ആത്മാർത്ഥമായി ഈ പ്രശ്നത്തെ കൈകാര്യം ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളതു്. രാഷ്ട്രീയ ചൂഷണത്തിനുള്ള ഒരു രംഗമായി തൊഴിലാളി പ്രസ്ഥാനത്തെ വിനിയോഗിക്കരുതു്. എന്നാൽ സാധനങ്ങളുടെ വില വളരെ വർദ്ധിച്ചുവരികയും അതനുസരിച്ചു് ജീവിക്കുന്നതിനു് ആവശ്യമായിട്ടുള്ള കൂലികൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിക്കു് പരിഹാരം ഉണ്ടാക്കുന്നതിനു് നിശ്ചയമായും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്. ഇന്നു് ഈ ഭരണത്തിലിരിക്കുന്ന രാഷ്ട്രീയപാർട്ടി ആത്മാർത്ഥമായി തൊഴിൽകാര്യങ്ങളിൽ ഇടപെടുന്നില്ലാ എന്നു ആരെങ്കിലും പറയുന്നുവെങ്കിൽ അതിനെ സർവ്വശക്തികളും ഉപയോഗിച്ചു് പ്രതിഷേധിക്കാതിരിക്കുവാൻ

നിവൃത്തിയില്ല. ഇന്ന് പല ആളുകളും പറഞ്ഞു വരുന്നുണ്ട് ഈ രാജ്യത്തു പരിവർത്തനാത്മകമായ ചില കാര്യങ്ങൾ നടപ്പിലാക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്നതു് കോൺഗ്രസ്സ് പാർട്ടിയാണെന്ന്. അപ്രകാരം പറഞ്ഞുകൊണ്ടു നടക്കുന്ന ആളുകളോട് എനിക്കു പറയുവാനുള്ളതു് ഈ രാജ്യത്തു് ശാശ്വതമായ സമാധാനം ഉണ്ടാക്കിക്കൊണ്ട്, ഈ രാജ്യത്തെ ജീവിതത്തോതു് ക്രമീകൃതമായ രീതിയിൽക്കൂടി അഭിവൃദ്ധിപ്പെടുത്തിക്കൊണ്ട്, ഇവിടെ ശാശ്വതമായ സമാധാനം സ്ഥാപിക്കുന്നതിന് പരിവർത്തനാത്മകമായ പദ്ധതികളും മാറ്റങ്ങളും കോൺഗ്രസ്സ് പാർട്ടി സ്വീകരിച്ച് പ്രവർത്തിക്കുന്നതിന് സദാ സന്നദ്ധമായിട്ടുണ്ട് വന്നിട്ടുള്ളതെന്ന് അതിന്റെ ചരിത്രം അറിയാവുന്നവർക്ക് മനസ്സിലാക്കുവാൻ കഴിയും എന്നാണ്. ഒരു രാഷ്ട്രീയകക്ഷിയെ അപവദിക്കുന്നതു് ഈ രാജ്യത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു വമ്പിച്ച പ്രശ്നത്തിന് പരിഹാരമാകയില്ല. ഈ രാജ്യത്തെ പ്രശ്നങ്ങൾ എന്താണ്? ഒരണക്കൂലി കൂട്ടി കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും ആരുടേയെങ്കിലും പടിക്കൽ കിടക്കുന്നതുകണ്ടാൽ ആ പ്രശ്നത്തിനു പരിഹാരമുണ്ടാക്കി കൊടുക്കുന്നതിന് വെമ്പൽ കൊള്ളുന്ന ഒരു ഗവണ്മെന്റിനെയാണ് ഞാൻ ഇവിടെ കാണുന്നതു്. അങ്ങനെയല്ല തൊഴിലാളി കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതെന്ന് ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ഏറ്റവും ഭാവനാത്മകമായ രീതിയിൽ ഈ രാജ്യത്തിലെ വമ്പിച്ച തൊഴിൽ പ്രശ്നങ്ങളെപ്പറ്റിയുള്ള യഥാർത്ഥ സ്ഥിതിവിവരക്കണക്കുകൾ ഉണ്ടാക്കി പ്രവർത്തിക്കുന്നതിനു നമ്മുടെ ഗവണ്മെന്റ ഏർപ്പെടേണ്ടതാണ്. അതിന് ഇന്നു ബഡ്ജറ്റിൽ അലോട്ടു ചെയ്തിട്ടുള്ള തുക പര്യാപ്തമാണെന്ന് എനിക്കഭിപ്രായമില്ല. കൂടുതൽ തുക അലോട്ടു ചെയ്തു അതു് ബുദ്ധിപൂർവ്വം വിനിയോഗിക്കുന്നതിന് തൊഴിലാളി പ്രശ്നങ്ങളിൽ വളരെ അറിവും പരിചയവും; വിശ്വാസവും ഉള്ള നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി തയാറാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, രണ്ടു് പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്കുള്ള ഡിമാന്റ്സാണ് ഞാൻ ഇവിടെ അവതരിപ്പിച്ചതു്. ഒന്ന് അപ്പ്ലിഫ്റ്റ് ഡിപ്പാർട്ടുമെന്റ്. പിന്നെ ഒന്ന് ലേബർ ഡിപ്പാർട്ടുമെന്റ്. ഇതു രണ്ടുംകൂടിയുള്ളതുകൊണ്ടു് ഇതു്, രണ്ടിന്റെയും കാര്യങ്ങളെപ്പറ്റി പറയേണ്ട ചുമതല എനിക്ക് വന്നുചേർന്നിരിക്കുന്നു. ആദ്യമായി എനിക്ക് കിട്ടിയിട്ടുള്ള ചുരുങ്ങിയ സമയംകൊണ്ട് ഒരു പ്രസംഗം ചെയ്തു് ഇവിടെ ബഹുമാനപ്പെട്ട എന്റെ സ്നേഹിതന്മാർ പറഞ്ഞിട്ടുള്ള കാര്യങ്ങളെ അവഗണിക്കണമെന്നൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. അങ്ങനെയുള്ള അഭിപ്രായങ്ങളധികം വന്നിട്ടുമില്ല. മിക്ക അഭിപ്രായങ്ങളും സ്വീകരിക്കാവുന്ന അഭിപ്രായങ്ങളാണ്. വിയോജിക്കേണ്ട കാര്യമുള്ള അഭിപ്രായമല്ല. ഗവണ്മെന്റിനും ലേബർ ഡിപ്പാർട്ടുമെന്റിനും പ്രവർത്തിക്കുന്നതിന് ചില പരിമിതികൾ ഉള്ളതുകൊണ്ട് ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ നടപ്പിൽ വരുത്താൻ സാധിക്കുന്നില്ല എന്നേയുള്ളൂ. ശ്രീ. നടരാജപിള്ള എമിഗ്രേഷനെപ്പറ്റി പറഞ്ഞു. അക്കാര്യത്തിൽ ഗവണ്മെന്റിന് അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിപ്പാണുള്ളതു്. ബോർണിയോവിലേയ്ക്കും മറ്റും നമ്മുടെ നാട്ടിൽനിന്നും അധി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

നിവേശം നടത്തുന്നതിന് ഗവമ്മെൻറ എഴുത്തുകുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഗവമ്മെൻറിനെ സംബന്ധിച്ചിടത്തോളം അതു് ഒരു പുതിയ കാര്യമാണ്. ഗവമ്മെൻറിൻെറ ആഭിമുഖ്യത്തിൽ ജനങ്ങൾ ജനപ്പെരുപ്പമുള്ള ഒരു പ്രദേശത്തുനിന്ന് അത്രയും ജനപ്പെരുപ്പമില്ലാത്ത ഒരു പ്രദേശത്തേയ്ക്കു് കുടിയേറി പാക്കുന്ന പ്രശ്നം നമ്മുടെ പരിമിതിയിലുള്ള കാര്യമല്ല. പണ്ടു് സാമ്പത്തികമായിട്ടുള്ള കാര്യങ്ങൾകൊണ്ടു് ജനങ്ങൾ ഒരു രാജ്യത്തുനിന്നും മറെറാരു രാജ്യത്തേക്ക് കുടിയേറി പാത്തിരുന്നതായി നാം കേട്ടിട്ടുണ്ടു്. അതു് നമ്മെ സംബന്ധിച്ചിടത്തോളം ഒരു കഥയാണ്. ഇപ്പോൾ ഗവമ്മെൻറുകൾ തമ്മിൽ ബുദ്ധിപൂർവ്വം ആലോചിച്ചു് ജനപ്പെരുപ്പമുള്ള ഒരു രാജ്യത്തുനിന്ന് ജനപ്പെരുപ്പമില്ലാത്ത മറെറാരു രാജ്യത്തേയ്ക്കു് ആളുകൾ കുടിയേറി പാക്കുക എന്നുള്ള കാര്യം ഒരു പുതിയ പ്രശ്നമാണു്. അതു് അങ്ങിനെ നടത്തുവാൻ സാധിക്കുമെന്നു് എനിക്കു് ഇപ്പോൾ പറയുവാൻ സാധ്യമല്ല.

പിന്നെ അപ്പ്ലിഫ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ കാര്യമാണ് പറഞ്ഞതു്. വടക്കാഞ്ചേരി മെംബർ ശ്രീ. സി. സി. അയ്യപ്പനും ശ്രീ. കുട്ടപ്പൻകോയിക്കലും പല സംഗതികളും അതിനെപ്പററി പറഞ്ഞു. ഹരിജനോദ്ധാരണത്തിനുവേണ്ടി ഗവമ്മെൻറ് പണം ചെലവു ചെയ്യുന്നതു് ആരുടേയും കയ്യിൽനിന്നും നന്ദി കിട്ടണം എന്നു് വിചാരിച്ചല്ല. എങ്കിലും അവാസ്തവമായ കാര്യങ്ങൾ പറയുന്നതു് തെററാണ്. എന്താണെന്നുവച്ചാൽ ഈ നിയമസഭയിലുള്ള വളരെ ആളുകൾക്കും ഇവിടത്തെ ഗവമ്മെൻറ് ഹരിജനങ്ങളുടെ കാര്യത്തിൽ എന്തെല്ലാം ചെയ്യുന്നുണ്ടു് എന്നുള്ളതു് മുഴുവനും മനസ്സിലായിട്ടുണ്ടോ എന്നു എനിക്കു് സംശയമാണ്. അക്കാര്യത്തിൽ ഗവമ്മെൻറ് ചെയ്യുന്നതിനൊക്കെ പ്രസിദ്ധീകരണങ്ങൾ ഉണ്ടെങ്കിലും അതു് പലരും മനസ്സിലാക്കുന്നില്ല എന്നു് എനിക്കു സംശയമുണ്ടു്. ഇപ്പോൾ നമ്മുടെ ഗവമ്മെൻറ് മെഡിക്കൽ കാളേജിൽ മൂന്നു ഹരിജൻ വിദ്യാത്ഥികളെ സകല ചെലവുംകൊടുത്തു് പഠിപ്പിക്കുന്നുണ്ടു്. ലാകോളേജിൽ ഏഴു ഷെഡ്യൂൾ കാസ്റ്റ് വിദ്യാത്ഥികൾ പഠിക്കുന്നുണ്ടു്. ഇഞ്ചിനിയറിംഗ് കാളേജിൽ മൂന്നു കുട്ടികളെ പഠിപ്പിക്കുന്നുണ്ടു്. പിന്നെ ടെക്ക്നിക്കൽ കാളേജിൽ പഠിക്കുന്നുണ്ടു്. ആർട്ട്സ് കാളേജിൽ പഠിക്കുന്നുണ്ടു്. ഇങ്ങിനെ വിവിധ കാളേജുകളിലായി ൩൮൭ ഹരിജൻ കുട്ടികളെ ഗവമ്മെൻറിൽനിന്ന് സകല ചെലവുകളും കൊടുത്തു് പഠിപ്പിക്കുന്നുണ്ടു്. പിന്നെ ഇവിടെയുള്ള സ്കൂളുകളിലും മററും ഫീസു കൂടാതെ അനേകം കുട്ടികളെ പഠിപ്പിക്കുന്നുണ്ടു്. ഹരിജൻ ഹോസ്റ്റൽ നിത്തി എന്നു് ഇവിടെ പറയുകയുണ്ടായി. പണ്ടു് ഹരിജന വിദ്യാത്ഥികൾക്കുവേണ്ടി ഹോസ്റ്റൽ സ്ഥാപിച്ചു് സർക്കാരിൽനിന്നു് ശമ്പളക്കാരെവച്ചു് അവരെ താമസിപ്പിച്ചു പോന്നിരുന്നു. ഇപ്പോൾ ആ ഹോസ്റ്റൽ നിറുത്തി അതിനുപകരം അവക്കു് സ്റ്റൈപ്പൻറ് കൊടുക്കുകയാണ്. എന്നാൽ കോട്ടയം, എറണാകുളം, ചങ്ങനാശേരി മുതലായ സ്ഥലങ്ങളിൽ ഹരിജൻ വിദ്യാത്ഥികൾക്കു് ഹോസ്റ്റൽ നടത്തുന്നതിനുള്ള സഹായം സക്കാരിൽനിന്നു് ചെയ്തു് കൊടുത്തിട്ടുണ്ടു്. ഇന്നു് അവക്കു് ഹോസ്റ്റൽ ചെലവുകൾക്കായി ൬൦ രൂപ മാസംപ്രതി സ്റ്റൈപ്പൻറ് കൊടുക്കുക

യാണു് ചെയ്യുന്നതു്. അതിന്റെ ആവശ്യമെന്താണെന്നു വച്ചാൽ വിദ്യാത്ഥികൾക്കു് കിട്ടുന്ന പണംകൊണ്ടു് ആത്മവിശ്വാസത്തോടുകൂടി അവർ ലോകത്തിൽ ജീവിക്കുന്നതിനാണു്. ആ രൂപ ചെലവു് ചെയ്തു് ആത്മവിശ്വാസത്തോടുകൂടി ജീവിക്കുവാൻ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെംബറേയും ബഹുമാനപ്പെട്ട ഒരണിക്കാവ് മെംബറേയും പോലെയുള്ള ആളുകൾ ഈ വിദ്യാത്ഥികൾക്കു് നേതൃത്വം കൊടുക്കണം. മാസംതോറും ൫൦ രൂപവീതം ഹരിജൻ വിദ്യാത്ഥികൾക്കു് ഹോസ്റ്റൽ ചിലവിനു് സ്റ്റൈപ്പൻറ കൊടുക്കുന്നുണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ : പണം കൊടുക്കുന്നതുവരെ വിദ്യാത്ഥികൾ എങ്ങിനെ കഴിഞ്ഞുകൂടും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പണം കൊടുക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടെങ്കിൽ അതു് പറഞ്ഞാൽ തീക്കാവുന്നതാണു്.

പിന്നെ അഡ്വൈസറി കമ്മിററിയെപ്പററിയാണു് പറഞ്ഞതു്. ഹരിജനോദ്ധാരണ ഉപദേശക സമിതിയിൽ നായന്മാരാണു്, ബ്രാഹ്മണരാണു്, ക്രിസ്ത്യാനികളാണു് അംഗങ്ങൾ എന്നു പറഞ്ഞു. ഓരോ ഉപദേശക സമിതിയിലും ൧൦ ആൾ വീതം ഉണ്ടു്. അതിൽ ഏഴു പേർ ഹരിജനങ്ങളും മൂന്നു പേർ മററാളുകളുമാണു്. എന്റെ ബഹുമാന്യസ്നേഹിതൻ വടക്കാഞ്ചേരി മെംബർ ലേബർഡിപ്പാർട്ടുമെൻറിലെ അഡ്വൈസറികമ്മിററിയിൽ നായന്മാർ, പട്ടന്മാർ, ഈഴവർ, ക്രിസ്ത്യാനികൾ എന്നിവരാണു് അംഗങ്ങൾ എന്നു പരാതിപ്പെടുകയുണ്ടായി. എന്നാൽ അതേ അഡ്വൈസറികമ്മിററിയിൽ ഉള്ള അംഗങ്ങളിൽ ഏഴുപേർ ഹരിജനങ്ങളും, മൂന്നുപേർ മററുള്ളവരുമാണു്.

ശ്രീ. സി. സി. അയ്യപ്പൻ : വടക്കാഞ്ചേരി അവശസമുദായാഡ്വൈസറിക്കമ്മിററിയിൽ ഒരു മി. എസ്സ്. കൃഷ്ണയ്യർ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബർ അങ്ങനെ വിശ്വസിക്കുന്നതിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല. എങ്കിലും അഡ്വൈസറിക്കമ്മിററിയിൽ അംഗങ്ങളായി ഏഴു ഹരിജനങ്ങളുള്ളതു് വിസ്മരിച്ചതിൽ വിസ്മയിക്കുന്നു.

ശ്രീ. കൊച്ചുകുഞ്ഞു് : പശുവിൻപാൽ നല്ലതാണെന്നു നമുക്കെല്ലാവക്കും അറിയാം. നാം ഉപയോഗിക്കുകയും ചെയ്യുന്നു. എന്നാൽ അതുകൊണ്ടു പശുവിനു യാതൊരു ഗുണവുമില്ലാത്തതുപോലെയാണു്, ഹരിജനവിദ്യാത്ഥികൾക്കു പ്രസ്തുത ഡിപ്പാർട്ടുമെൻറുകൊണ്ടുള്ള പ്രയോജനം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മെംബർ പറയുന്നതു മുഴുവനും ശരിയാണോ എന്നു ചിന്തിച്ചിട്ടു വേണം അഭിപ്രായം പുറപ്പെടുവിക്കാൻ. സാധുക്കളായ അനവധി ഹരിജൻ യുവാക്കന്മാരായ വിദ്യാത്ഥികൾക്കു് ഈ ഡിപ്പാർട്ടുമെൻറുകൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

ല്യമാണെന്നുള്ളതു ഒന്നു ചിന്തിച്ചുനോക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ഈ ഡിപ്പാർട്ടുമെൻറിൻെറ ഉദ്ദേശംതന്നെ ഹരിജനോദ്ധാരണമാണ്.

ബഹുമാനപ്പെട്ട വടക്കാഞ്ചേരിമെംബർ പറയുകയുണ്ടായി ഡിപ്പാർട്ടുമെൻറിലേക്കു മാത്രം ചെലവിലേക്കായി ൭൨,൦൦൦ രൂപ നീക്കിവച്ചിരിക്കുന്നുവെന്നു്. ഇതൊരു വലിയ തുകയാണെന്നു മെംബർ അഭിപ്രായപ്പെടുന്നുവെങ്കിലും ഡിപ്പാർട്ടുമെൻറുമായി തഴക്കവും പഴക്കവും ഉള്ള ഏതൊരാൾക്കും ഇതു അധികമായിപ്പോയെന്നു തോന്നുകയില്ല. ഡിപ്പാർട്ടുമെൻറും അതിൻെറ പ്രവൎത്തനങ്ങളുമായി ബഹുമാനപ്പെട്ട മെംബർക്കു നല്ലതുപോലെ അറിവില്ലാത്തതുകൊണ്ടായിരിക്കാം ഇങ്ങനെ പറഞ്ഞതു്. ഈ ഡിപ്പാർട്ടുമെൻറിലേക്കു കഴിഞ്ഞ മൂന്നു വൎഷങ്ങളിലായി ൧൨ ലക്ഷത്തിൽ ചില്വാനം രൂപ ഗവമ്മെൻറിൽനിന്നും ചെലവാക്കിയിട്ടുണ്ടു്. ഇത്രയും തുക ചെലവാക്കിയതിൽനിന്നും പറയത്തക്കവണ്ണം യാതൊരു നന്മയും ഹരിജനങ്ങൾക്കു ഉണ്ടായിട്ടില്ലെന്നു തോന്നും മെംബറിൻെറ പ്രസംഗം കേട്ടാൽ. ദാരിദ്ര്യംകൊണ്ടും; കഷ്ടതകൊണ്ടും വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ലക്ഷക്കണക്കിനുള്ള ഹരിജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഭാരമേറിയ ഒരു കൃത്യമാണ് ഗവമ്മെൻറിനു നിൎവ്വഹിക്കാനുള്ളതും, ഗവമ്മെൻറ് നിൎവ്വഹിച്ചിട്ടുള്ളതും. വടക്കാഞ്ചേരിമെംബറെപ്പോലെ മററു പല മെംബറന്മാരുടെയും സഹായങ്ങൾ ഇതിലേക്കാവശ്യമാണ്. അതിനു പകരം ഹരിജനങ്ങളുടെ പ്രതിനിധികൾതന്നെ ഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനങ്ങളിൽ ഉണ്ടാകുന്ന തെററുകൾമാത്രം ചൂണ്ടിക്കാണിച്ചു് വിമർശിക്കുകയാണ്. ൫൦ രൂപ വീതം വിദ്യാൎത്ഥികൾക്കു സ്റ്റൈപ്പെൻറ് കൊടുക്കുന്നതിൽ താമസം ഉണ്ടെങ്കിൽ തന്നെ അതു പരിഹരിക്കാമെന്നുള്ളതേയുള്ളു. ഇതുപോലെ മററു പല സംഗതികളും പരിഹരിക്കാമെന്നിരിക്കെ, ആവശ്യമില്ലാത്ത ആരോപണങ്ങൾ ഉന്നയിച്ചു് ഗവമ്മെൻറിനെ അലട്ടുന്നതു് ശരിയാണെന്നു തോന്നുന്നില്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട മെംബർ ശ്രീ. കുട്ടപ്പൻ കോയിക്കലും എന്തൊക്കെയോ ആരോപണങ്ങൾ ഉന്നയിച്ചതായി കേട്ടു. കഴിഞ്ഞ നിയമസഭയിൽ ഷെഡ്യൂൾകാസ്റ്റിൽനിന്നും ഒരാൾ മന്ത്രിയായി സ്ഥാനാരോഹണം ചെയ്തില്ലെന്നായിരുന്നു ശ്രീ. കൊച്ചുകുഞ്ഞിൻെറ പരാതി. ആ പരാതി നീങ്ങിയപ്പോൾ ഡിപ്പാർട്ടുമെൻറ് പ്രവൎത്തനങ്ങളെപ്പററിയുള്ള വിമർശനങ്ങളായി. ഇങ്ങനെ വിമർശിക്കാൻതുടങ്ങിയാൽ എങ്ങനെയാണ് ഭരണം കാൎയ്യക്ഷമമായി നടത്തുന്നതു് ?

ശ്രീ. കൊച്ചുകുഞ്ഞു്: സമയം തരുമെങ്കിൽ ഞാൻ ഇതിനു മറുപടി പറയാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സമയം തരേണ്ടതു് ഞാനല്ല.

സർ, ഈ ഡിപ്പാർട്ടുമെൻറിൽ ആണ്ടോടാണ്ടു് അനുവദിക്കുന്ന തുകയിൽ, ഒരു വലിയ ഭാഗം ചെലവാക്കാതെ ലാപ്സാകുന്നുവെന്നാണ് മറെറാരു പരാതി. കഴിഞ്ഞ നാലു വർഷങ്ങളിൽ ഈ ഡിപ്പാർട്ടുമെ

ൻറിൽ ചെലവാക്കിയിട്ടുള്ള തുകയുടെ ഒരു കണക്ക് എൻെറ കൈവശമുണ്ട്. ബഹുമാനപ്പെട്ട മെംബറന്മാരുടെ അറിവിനായി ഞാൻ അതു വായിക്കാം. ഈ ഡിപ്പാർട്ടുമെൻറിലേക്ക്,

൧൯൪൮—൪൯-ൽ, ൬,൩൦,൨൬൩ രൂപയും

൧൯൪൯—൫൦-ൽ, ൪,൮൩,൩൩൪ രൂപയും

൧൯൫൦—൫൧-ൽ, ൯,൧൨,൦൯൬ രൂപയും

൧൯൫൧—൫൨-ൽ, ൮,൭൯,൧൨൭ രൂപയും ചെലവാക്കിയിരിക്കുകയാണ്. അതായത്, ഭീമമായ ഒരു സംഖ്യയാണ് വർഷംതോറം അവശജനോദ്ധാരണത്തിനുവേണ്ടി ചെലവായിക്കൊണ്ടിരിക്കുന്നതെന്നു ഈ കണക്കുകൾ തെളിയിക്കുന്നു.

ശ്രീ. കൊച്ചുകുഞ്ഞു്: ഓരോ ആണ്ടിലും അനുവദിച്ചിട്ടുള്ള തുകയുടെ എത്ര ശതമാനമാണ് ശരാശരി ചെലവായിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരാശരി ൯൦ ശതമാനത്തിൽ കൂടുതൽ ചെലവായിട്ടുണ്ട്.

ഇത്രയും തുക ചെലവായിട്ടുണ്ടെന്നു കാണിക്കാൻവേണ്ടിയാണ് ഞാൻ ഈ കണക്കു സഭയിൽ വച്ചതു്. ഇതേപ്പററി യാതൊരു അറിവുമില്ലാത്ത സാധുക്കളാണ് ഇതിൻെറ ഗുണം അനുഭവിക്കുന്നതു്. ഗ്രാൻറായിട്ടും, സ്റ്റൈപ്പൻറായിട്ടും, മററു പലയിനങ്ങളിലുമായി അവശജനങ്ങളുടെ ഉദ്ധാരണത്തിനായിട്ടാണ് ഈ തുക ചെലവാക്കുന്നതു്. വടക്കാഞ്ചേരി മെംബറിൻെറ പ്രസംഗം കേട്ടതിൽനിന്നാണ് എനിക്ക് ഇത്രയും പറയണമെന്നു തോന്നിയതു്. സർ, ലേബർകാര്യങ്ങളെപ്പററി കൊല്ലം മെംബർചെയ്ത പ്രസംഗത്തിൽ ഗവണ്മെൻറിനു സഹായകമായ ഏതാനും നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ ആ നിർദ്ദേശങ്ങളോടു ഞാൻ അനുകൂലിക്കുകയാണു ചെയ്യുന്നതു്. അതായതു്, ഡിപ്പാർട്ടുമെൻറ് ആകപ്പാടെ ഒന്നു പരിഷ്കരിച്ച് ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കണമെന്നും, ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ അവർക്കു കൂടുതൽ പ്രയോജനപ്രദമാകാനുള്ള മാർഗ്ഗങ്ങൾ ആരായണമെന്നും മററും ഉള്ള നിർദ്ദേശങ്ങളാണവ. മി. കരുണാകരനും ഇതേ നിർദ്ദേശംതന്നെയാണു പ്രസ്താവിച്ചിട്ടുള്ളതു്. ഫലപ്രദമായ പ്രവർത്തനങ്ങൾ അവശസമുദായങ്ങൾക്കു കൂടുതൽ ഉപകാരപ്രദമാകണമെന്നുതന്നെയാണ് ഗവണ്മെൻറിൻെറ വിചാരം. ഈ ഡിപ്പാർട്ടുമെൻറു ഒരു മേജർഡിപ്പാർട്ടുമെൻറാക്കണമെന്നുള്ളകാര്യം നിശ്ചയമായിട്ടും ആലോചനാർഹമാണ്. ശ്രീ. ശങ്കരം ശ്രീ. സുഗതനും തൊഴിലാളികളുടെ കാര്യത്തിൽ ഗവണ്മെൻറു അലസതകാണിക്കുന്നുവെന്നും പലവിധത്തിലുള്ള തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളതിനെ പരിഹരിക്കുന്നതിനു ശ്രമിക്കുന്നില്ലെന്നും മററും അപലപിക്കുകയുണ്ടായി. തൊഴിലാളികളെപ്പററിയും തൊഴിലില്ലായ്മയെപ്പററിയും ലേബർഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനപരിധി വളരെ പരിമിതമായിട്ടുള്ളതാണ്. ഒരു മുതലാളി തൻെറ തൊഴിൽശാലകളിൽ ശമ്പളത്തിനായിട്ടു തൊഴിലാളിയെ നിയമിച്ചാൽ ആ തൊഴിലാളിക്കു ശമ്പളം കൊടുക്കുന്നതിനെപ്പററിയും അവധി, ബോണസ്സ് ഇവ ശരിയായവിധത്തിൽ കൊടുക്കുന്നുണ്ടോ എന്നും

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

സ്ത്രീ തൊഴിലാളിയാണെങ്കിൽ പ്രസവകാലങ്ങളിൽ ശമ്പളത്തോടുകൂടി അവധി അനുവദിക്കുക, അകാരണമായി തൊഴിലാളികളെ പിരിച്ചുവിടാതിരിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളാണ് ലേബർഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽപ്പെടുന്നതു്. അതല്ലാതെ, തൊഴിലാളികൾക്കു തൊഴിലില്ലെന്നോ, വസ്ത്രമില്ലെന്നോ, റേഷൻ കിട്ടുന്നില്ലെന്നോ പറയുന്ന പരാതികൾ ഈ ഡിപ്പാർട്ടുമെൻറിനെ സ്പർശിക്കുന്നതല്ല. നമ്മുടെ സംസ്ഥാനത്തു മാത്രമല്ല, ഇൻഡ്യയിലുള്ള മററെല്ലാ സംസ്ഥാനത്തേയും ലേബർഡിപ്പാർട്ടുമെൻറുകളുടെയും നിയമങ്ങളും ചുമതലകളും ഇതുപോലെതന്നെയാണ്. കയർ തൊഴിലാളികളുടെകാര്യവും, നെയ്ത്തുതൊഴിലാളികളുടെകാര്യവും അവർക്കു നേരിട്ടിരിക്കുന്ന തൊഴിലില്ലായ്മയും മററും ലേബർഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിൽപ്പെടുന്നതല്ല. പെടേണ്ടതല്ലേ എന്നു ചോദിച്ചാൽ പെടണമെന്നു നിർബന്ധമില്ല. ചുരുക്കിപ്പറഞ്ഞാൽ തൊഴിലാളികൾക്കു തൊഴിൽചെയ്താൽ കിട്ടേണ്ടതായ പ്രതിഫലങ്ങൾ എന്തെല്ലാമാണോ അവയൊക്കെ മുതലാളിയിൽനിന്നും നിയമപരമായി വാങ്ങിച്ചുകൊടുക്കാൻ അധികാരപ്പെടുത്തിയിരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് ലേബർ ഡിപ്പാർട്ടുമെൻറ്. തൊഴിലാളിനിയമങ്ങൾ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കടലാസ്സിൽ മാത്രമേ ഉള്ളുവെന്നും, പ്രയോജനപ്രദമായ യാതൊന്നുംതന്നെ ഇല്ലെന്നും സാമാന്യമായ ഒരാക്ഷേപം ഈ സഭയിൽ ഉള്ളതായി തോന്നുന്നു. ശ്രീ. ടി. എസ്സ്. രാമസ്വാമി ഇക്കാര്യത്തെ സ്പർശിച്ചു സംസാരിക്കുകയുണ്ടായി. പ്രയോജനപ്രദമായരീതിയിൽ പ്രവർത്തിക്കുന്നു എന്നുതന്നെയാണ് ഗവണ്മെൻറിൻെറ വിചാരം. ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം അനുസരിച്ചു കൂടുതൽ പ്രയോജനപ്രദമാക്കാൻ ശ്രമിക്കാം. എന്നാൽ ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു ഒരു പ്രയോജനവും ഇല്ലെന്നു പറയുന്നതു വളരെ സങ്കടമാണ്. സംസ്ഥാനത്തുണ്ടാകുന്ന പലവിധത്തിലുള്ള തൊഴിൽ തർക്കങ്ങളും നിയമംമൂലം പരിഹരിക്കുന്നതിനുള്ള ഒരു നിയമസംഹിതയെ വെറും തുണ്ടുകടലാസ്സെന്നു ആക്ഷേപിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല.

Shri C. Sankar : What about the violations of the terms of agreement on the part of the employer? There was a violation of the terms of agreement by Mr. Kumaraswami?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തൊഴിലാളിനിയമത്തെപ്പററി പറയുമ്പോൾ കുമാരസ്വാമിയുടെയും മററും കാര്യം പറഞ്ഞാൽ അതിനെപ്പററിയുള്ള ഫയൽ നോക്കാതെ ഒന്നും പറയാൻ നിവൃത്തിയില്ല. ചില മുതലാളിമാർ ഗവണ്മെൻറുമായിട്ടുള്ള എഗ്രിമെൻറിനെ ലംഘിച്ചിട്ടുണ്ടായിരിക്കും. അങ്ങനെയുണ്ടായിരുന്നാൽത്തന്നെയും മേലാൽ ആ നയം തുടരാതിരിക്കാൻതക്കവണ്ണം ഒരു മുതലാളി—തൊഴിലാളി സൗഹാർദ്ദം സൃഷ്ടിക്കാനാണ് ഗവണ്മെൻറ് ഒരുങ്ങുന്നതു്.

ശ്രീ. എ. താണുപിള്ള : സർ, ലേബറിനെ സംബന്ധിച്ചു ഒരു കമ്പി എനിക്കു കിട്ടി. അതിൽ പറഞ്ഞിട്ടുള്ള സംഗതികൾ—

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ കമ്പിസന്ദേശംതന്നെ എനിക്കും കിട്ടിയിട്ടുണ്ടു്. അതിന്റെ വിശദാംശങ്ങളെപ്പററി അറിയാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഞാൻ ധരിക്കുന്നതു, ഏതാനും ചില പഴയ മിഷനറികൾ അവിടെനിന്നും മാററി, ആ മാനേജുമെന്റിന്റെ കീഴിൽ തന്നെയുള്ള മറെറാരു മാനേജുമെന്റിലേക്കു കൊണ്ടുപോയി എന്നാണു്.

ശ്രീ. എ. താണുപിള്ള: ഇതിനെപ്പററി കൂടുതൽ വിവരങ്ങൾ അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീർച്ചയായും അന്വേഷിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: ഇൻഡസ്ട്രിയൽ ഹൈജിൻ ആഫീസർ എന്ന ഉദ്യോഗസ്ഥന്റെ ജോലികൾ എന്തെല്ലാമാണെന്നും, അദ്ദേഹത്തിന്റെ ശമ്പളം എത്രയെന്നും പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിശദമായി പറയാനുള്ള സമയം ഇപ്പോൾ ഇല്ലാത്തതുകൊണ്ടു് ഇനിയൊരവസരത്തിൽ പറയാം. (ബെൽ) എന്റെ ഒരു ചെറിയ മറുപടികൊണ്ടു ഈ സഭയിലുള്ള ഏതാനും ചില മെമ്പറന്മാരുടെ അഭിപ്രായവ്യത്യാസങ്ങൾ നീങ്ങിക്കാണുമെന്നു വിശ്വസിക്കുന്നു. അതുകൊണ്ടു ഞാൻ അവതരിപ്പിക്കുന്ന ഈ ഗ്രാൻറു സഭ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

The cutmotions moved by Shri P. S. Nataraja Pillai and Shri C. Sankar were, by leave, withdrawn.

"The question that the Government be granted a sum of Rs. 12,60,100 under Demand XXVI—Labour and Miscellaneous, was put and carried.

The grant was made."

The Assembly adjourned at 5 p. m. to meet again at 11 a. m. on Friday, the 11th July, 1952.

V. KRISHNAMOORTHI,

Secretary to the Legislative Assembly.

APPENDIX

[Please see answer to Question No. 141 (5)]

List of laws made uniform by the State.

1. The Travancore-Cochin Stamp Act, I of 1125.
2. The Travancore-Cochin Court Fees Act, II of 1125.
3. The Travancore-Cochin Sales-tax (Amendment) Act, III of 1125.
4. The Travancore-Cochin Suits Valuation Act, IV of 1125.
5. The Travancore-Cochin High Court Act, V of 1125.
6. The Travancore-Cochin Interpretation and General Clauses Act, VII of 1125.
7. The Travancore-Cochin Shops and Establishments Act, IX of 1125.
8. The Travancore-Cochin Motor Vehicles Act, X of 1125.
9. The Travancore-Cochin General Sales-tax Act, XI of 1125.
10. The Travancore-Cochin Cattle Trespass Act, XII of 1125
11. The Travancore-Cochin Panchayats Act, II of 1950.
12. The Travancore-Cochin Public Safety Measures Act, V of 1950.
13. The Travancore-Cochin Prohibition Act, XIII of 1950.
14. The Travancore-Cochin Vehicles Taxation Act, XIV of 1950.
15. The Travancore-Cochin Hindu Religious Institutions Act, XV of 1950.
16. The Travancore-Cochin Industrial Disputes Act, XVI 1950 (since superseded)
17. The Travancore-Cochin Prisoners Act, XVII of 1950.
18. The Travancore-Cochin Prisons Act, XVIII of 1950.
19. The Travancore-Cochin Identification of Prisoners Act, XIX of 1950.
20. The Travancore-Cochin Agricultural Income-tax Act, XXII of 1950.
21. The Travancore-Cochin Public Accountants Act, V of 1951.
22. The Travancore-Cochin Revenue Recovery Act, VII of 1951.
23. The Travancore-Cochin Treasure Trove Act, X of 1951.
24. The Travancore-Cochin Land Conservancy Act, XIX of 1951
25. The Travancore-Cochin Police Act, II of 1952.
26. The Travancore-Cochin Forest Act, III of 1952.
27. The Travancore-Cochin Co-operative Societies Act, X of 1952.

APPENDIX—(*contd.*)

List of Laws made uniform by the extension of the Central Acts.

1. Arbitration Act.
2. Arms Act.
3. Bar Councils Act.
4. Census Act.
5. Charitable Endowment Act.
6. Child Marriage Restraint Act.
7. Cinematograph Act.
8. Civil Procedure Code.
9. Cocoanut Committee Act.
10. Coffee Market Expansion Act.
11. Companies Act.
12. Contract Act.
13. Copyright Act.
14. Criminal Procedure Code.
15. Dangerous Drugs Act.
16. Dock Labourers Act.
17. Electricity Act.
18. Employment of Children Act.
19. Explosives Act.
20. Factories Act.
21. Government Savings Bank Act.
22. Guardians and Wards Act.
23. Income-tax Act.
24. Industrial Disputes Act.
25. Industrial Employment (Standing Orders) Act.
26. Industrial Statistics Act.
27. Limitation Act.
28. Lunacy Act.
29. Majority Act.
30. Merchandise Marks Act.
31. Merchant Shipping Act.
32. Mines Act.
33. Minimum Wages Act.
34. Motor Vehicles Act.
35. Negotiable Instruments Act.
36. Opium Act.
37. Partnership Act.
38. Patents and Designs Act.
39. Payment of Wages Act.

APPENDIX—(*contd.*)

40. Penal Code.
41. Petroleum Act.
42. Post Office Act.
43. Press and Registration of Books Act.
44. Provident Funds Act.
45. Reciprocity Act.
46. Registration Act.
47. Registration of Foreigners Act.
48. Rubber (Production and Marketing) Act.
49. Sale of Goods Act.
50. Sea Customs Act.
51. Specific Relief Act.
52. Standard of Weights Act.
53. Tea Control Act.
54. Telegraph Act.
55. Trade Marks Act.
56. Trade Unions Act.
57. Transfer of Property Act.
58. Trusts Act.
59. Workmen's Compensation Act.

APPENDIX— *(contd.)*

Laws to be integrated.

1. Abkari Act.
2. Agricultural Loans Act.
3. Cattle Disease Act.
4. Children Act.
5. Cinematograph Act.
6. Court of Wards Act.
7. Cruelty to Animals Act.
8. Cutchi Memons Act.
9. Destruction of Records Act.
10. Dissolution of Muslim Marriage Act.
11. Dramatic Performances Act.
12. Enquiries into the Administration and Conduct of Public Servants (Revenue) Act.
13. Epidemic Diseases Act.
14. Ferries and Tolls Act.
15. Free Compulsory Primary Education Act.
16. Government Securities Act.
17. Insolvency Act.
18. Irrigation Act.
19. Kurries Act.
20. Land Acquisition Act.
21. Lepers Act.
22. Literary, Scientific and Charitable Societies (Registration) Act.
23. Livestock Improvement Act.
24. Makkathayam Thiya Act.
25. Marumakkathayam Act.
26. Maternity Benefit Act.
27. Municipal Act.
28. Muslim Marriage Dissolution Act.
29. Muslim Succession Act.
30. Mussalman's Charitable Endowments Act.
31. Navigation in Public Canals and Backwaters Act.
32. Nuisance Act.
33. Prevention of Food Adulteration Act.
34. Public Health Act.
35. Registration of Births and Deaths Act.
36. Religious Buildings Restriction and Control of Erection Act.

APPENDIX—(*contd.*)

37. State aid to Industries Act.
38. Surveys Act.
39. Tenancy Act.
40. Tobacco Act.
41. Tolls Act.
42. Vagrancy Act.
43. Vakils Act.
44. Village Courts Act.
45. Weights and Measures Act.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1952

Friday, the 11th July, 1952.

Vol. VI. **OFFICIAL REPORT** **No. 11.**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 11th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within the brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Disciplinary Action.

*574. [2] **Shri P. S. Nataraja Pillai:** Will the Minister for Finance be pleased to state:

(*a*) whether in view of the observation in the Report of the Public Accounts Committee dated 11th January, 1952 that "it was resolved that personal explanations of the officers involved should be obtained forthwith and suitable disciplinary action taken against them and that the matter should be disposed of as early as possible" page 6, P. A. Committee's Report, Government have called for the explanation of the officers concerned;

(*b*) the names and present designation of the officers concerned; and

(*c*) whether the Dredger bought at a cost of Rs. 2,25,000 by these officers have been repaired and is in use now; if not, has it been sold as scrap iron.

Minister for Works and Transport **(Shri Kalathil Velayudhan Nair):** (*a*) Yes.

(*b*) Shri K. B. Menon, Superintending Engineer.

Shri K. Neelakantan, Executive Engineer, Public Works Department.

Shri K. R. Menon, Superintendent, P. W. D. Workshop.

(*c*) It is being repaired.

Shri P. S. Nataraja Pillai: Has the explanation of these officers been received? That is what I wanted to know. It is

stated in the Report that " it was resolved that personal explanations of the officers involved should be obtained forthwith......" Has that explanation been received ?

Shri Kalathil Velayudhan Nair : The question was whether the explanation of these officers has been called for. The explanation has not been received.

Shri P. S. Nataraja Pillai : May I know the date of calling for that explanation ?

Shri Kalathil Velayudhan Nair : I am not in a position to say now.

Shri P. S. Nataraja Pillai : Is it not a transaction that occurred somewhere in 1949 or 1948 ?

Shri Kalathil Velayudhan Nair : The transaction was before the integration. I think it was in 1948.

Shri P. S. Nataraja Pillai : Is the explanation pending receipt for the last 3 years ?

Shri Kalathil Velayudhan Nair : The explanation was called for only after the report was received. The report was in February 1952. After that, the matter was referred to the Chief Engineer and he has called for the explanation.

Shri P. S. Nataraja Pillai: Did not the Government take the initiative in the matter of getting an explanation when they found that the dredger was useless ?

Shri Kalathil Velayudhan Nair : No, that was not done. It was only after the matter was found out by the Accountant-General and a report was made, that the Public Accounts Committee made a report that the matter has to be enquired into and explanation called for, and it was after that, that Government took action in the matter.

Shri P. S. Nataraja Pillai : May I know the probable cost of repairing the Dredger ?

Shri Kalathil Velayudhan Nair : The harbour authorities have now prepared an estimate for Rs. 20,000 for repairing the dredger.

Shri P. S. Nataraja Pillai : Is it the opinion of Government that the Dredger will be useful after repairs ?

Shri Kalathil Velayudhan Nair : That is the opinion given by the harbour authorities who have undertaken the responsibility for the repairs.

Shri P. S. Nataraja Pillai: Are these officers who have shown so much dereliction of duty still in service ?

Shri Kalathil Velayudhan Nair : Yes, they are still in service. Whether there was dereliction of duty or not will be found only after the enquiry is over.

Sale of Maize.

*575. [3] **Shri P. S. Nataraja Pillai:** Will the Minister for Finance be pleased to state :

(*a*) whether in view of the statement in the Audit Report (Travancore) 1948-49 dated 21st April 1951, page 209, "The Government was put to a loss to an extent of Rs. 2,72,025-11-1 on account of sale of Maize at the old rate after the enhancement of rates—on investigation it was observed that the loss was due to the delay in the communication of the reduced rate to the selling authorities concerned further report in the matter is pending from the Commissioner of Civil Supplies", the report mentioned herein has been received;

(*b*) who are the officers responsible for this loss; and

(*c*) was any action taken against them; if so, what?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :**

(*a*) The report mentioned in the question has been received.

(*b*) and (*c*): This loss was due to Maize being continued to be sold at the old reduced price for two ration fortnights commencing from the 24th of Thulam 1122 and the 9th of Vrischikam 1122. Government had by an order dated 18-3-1122 enhanced the price to Rs. 26-8-0 per bag instead of the old rate of Rs. 20-6-0 per bag. As a result of this price revision, there was an increase of Rs. 6-13-0 per standard bag of 2 maunds. The loss was primarily due to delay of one week in the Office of the Civil Supplies Commissioner in communicating the Government order. The responsibility for this loss is collective and has to be fixed collectively on the concerned clerks and the senior officers of the Civil Supplies Commissioner's Office including the then Civil Supplies Commissioner himself. Most of the Taluk Rationing Officers were also in some way or other responsible for not giving effect to the order promptly. The loss was found out in audit and reported to Government on the 12th of January 1948 by the Comptroller of Food Accounts. But since it appeared to be practically impossible to trace out at this great distance of time the real culprits and fix the responsibility definitely, the Government could not take any action.

Iron and Steel.

*576. [4.] **Shri P. S. Nataraja Pillai:** Will the Minister for Controls be pleased to state :

(*a*) the quota (in tons) of Iron and Steel fixed for Travancore-Cochin State—1951-52 and 1952-53;

(*b*) the quantity imported in 1951-52 and the names of the importers and the quantity imported by each;

(*c*) the quantity set apart for agricultural purposes in 1951-52; and

(*d*) the quantity supplied by the Agriculture Department to manufacturers of agricultural implements, the names of manufacturers and the quantity supplied to each ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon) :**

(*a*)	1951-52		3,508 tons.
	1952-53	2nd and 3rd quarters	1,724 tons.

(*b*) 2,683 tons. The names are given below :

		Tons.
1.	S. T. C. Thiruvadinatha Pillai & Bros., Chalai	193
2.	S. R. A. Reddiar & Co., Quilon	574
3.	S. Velukutty Pillai, Quilon	454
4.	General Stores, Vaikom	190
5.	South India Corporation Ltd., Cochin	181
6.	I. L. Varunny, Trichur	43
7.	Chandy Devassi & Sons, Trichur	203
8.	New Guna Shenoy Co., Ernakulam	65
9.	Chakiat Bros., Ernakulam	85
10.	Francis Chandy, Trichur	50
11.	Abdul Hussain Abdulkadir & Co., Mattancherry, Cochin	27
		2,065
	P. W. D. purchase	618
		2,683

(*c*) 1,135 tons.

(*d*) 186 tons and 1 cwt.

	Name.	*Quantity.* *Tons.*	*Cwt.*
1.	Mather Stores, Ernakulam	113	15
2.	Cochin-Metals & Galvanisers, Ernakulam	16	..
3.	Indo Mercantile Industries, Irinjalakuda	9	10
4.	Industrial Trading Corporation, Irinjalakuda	5	15
5.	T. J. Varmey & Family, do.	2	10
6.	Pavanasam Agricultural Industries, Nagercoil	3	..
7.	Varghese Industries, Irinjalakuda	2	..
8.	K. P. Devassy, do.	1	13
9.	St. George Industries, Edapally	2	8
10.	P. Kochukunjan, Kaliyikavila	2	[illegible]

11.	K. C. Brothers, Irinjalakuda	..	15
12.	C. V. Mathai, Mulanthuruthy	5	..
13.	Kerala Stores, Irinjalakuda	7	10
14.	United Welding Corporation, Quilon	..	10
15.	Prakash Industries, Quilon	..	10
16.	National Metal Industries, Wadakkancherry	2	15
17.	Paulson Industries, Irinjalakuda	1	5
18.	General Stores Industries, Vaikom	8	10
19.	Cochin Metal Industries, Trichur	..	15
		186	1

Shri P. S. Nataraja Pillai: May I know the basis on which the quota is fixed for the respective importers ?

Shri Panampilli Govinda Menon: This basis has been in vogue for the last several years and that is being continued.

Shri P. S. Nataraja Pillai: May I know whether the Department is exercising any control over the manufacturers of agricultural implements?

Shri Panampilli Govinda Menon: I can't say whether there is any control exercised. But the Department is making allotments according to requirements.

Shri P. S. Nataraja Pillai: Is the Department inspecting whether this iron is actually used for making agricultural implements or sold otherwise?

Shri Panampilli Govinda Menon: Yes, Sir.

Shri P. S. Nataraja Pillai: Then, is the price fixed for the agricultural implements manufactured by these manufacturers?

Shri Panampilli Govinda Menon: On that matter I want notice. But I can say no complaints have been received by Government.

Shri P. S. Nataraja Pillai: How is the inspection done by the Department to see whether the steel and iron given for the manufacture of agricultural implements are used for making agricultural implements or not? Is there any agency for inspection?

Shri Panampilli Govinda Menon: I want notice.

Shri P. S. Nataraja Pillai: Is there any inspection at all?

Shri Panampilli Govinda Menon: No complaint of any nature whatsoever has been received.

Shri P. S. Nataraja Pillai: Is there any condition that they must manufacture agricultural implements alone ?

Shri Panampilli Govinda Menon: Yes, Sir, because the sale is prohibited.

Shri O. C. Ninan: Is it a fact that the importers are not taking all the quota that is allotted to them ?

Shri Panampilli Govinda Menon: Yes. Sometimes it happens.

Shri O. C. Ninan: What provision has Government made with regard to that ?

Shri Panampilli Govinda Menon: Such complaints have not come up now. But I must have notice to say what exactly it is.

Shri O. C. Ninan: Will the Government take care to see that such things do not happen in future ?

Shri Panampilli Govinda Menon: Certainly. But there is no complaint.

Shri V. R. Krishnan Ezhuthassan: Are all these quotas moved from the factories to the manufacturers ?

Shri Panampilli Govinda Menon: These are being imported, Sir.

Shri C. Sankar: What is the quota for Cochin and for Travancore ?

Shri Panampilli Govinda Menon: I must make a calculation.

Shri A. Kunjan Nadar: Will this question of Mr. Nataraja Pillai be treated as a complaint ?

Shri Panampilli Govinda Menon: Yes. I have no objection to treat it as a complaint.

ശ്രീ. ടി. പി. അനന്തരാമകൻ: കൃഷിക്കാർക്ക് ഇരുമ്പു സാധനങ്ങൾ കിട്ടുന്നതിന് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ സർട്ടിഫിക്കറ്റ് വേണമെന്നുള്ള വിവരം അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാനുഫാക്ച്ചറേഴ്സിന് കൊടുക്കുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. Probably what the hon. Member says is correct.

ജി. പി. തഹശീൽദാരന്മാർ.

* ൫൧൧. [൬] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് എത്ര ജി. പി. തഹശീൽദാരന്മാരുണ്ട്;

(ബി) ൧൯൫൧-൫൨-ൽ ജി. പി. തഹശീൽദാരന്മാരുടെയും സ്റ്റാഫിന്റെയും ശമ്പളവും അലവൻസും ഇനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട്;

(സി) ജി. പി. തഹശീൽദാരന്മാരുടെ നിയമനം ആരംഭിച്ചത് എന്നു മുതലാണ്;

(ഡി) പരാതിക്കു വിഷയമാക്കാത്ത ഏതെങ്കിലും ജി. പി. തഹശീൽദാർ ഈ സംസ്ഥാനത്തുണ്ടോ ;

(ഇ) ജി. പി. തഹശീൽദാരുടെ ജോലികൾ ഒരു അനൗദ്യോഗിക കമ്മിററിയുടെ ചുമതലയിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ സംസ്ഥാനത്ത് ൩൫ ജി. പി. തഹശീൽദാരന്മാരുണ്ട്.

(ബി) ഈ ജി. പി. തഹശീൽദാരന്മാരുടെയും അവരുടെ സ്റ്റാഫിന്റെയും ശമ്പളവും അലവൻസും ഇനത്തിൽ ൧൯൫൧—൫൨-ൽ ൧൦,൭൯,൯൭൪ രൂപ ചെലവായിട്ടുണ്ട്.

(സി) കൊച്ചിയിൽ ൧൯൪൨ മുതൽക്കും, തിരുവിതാംകൂറിൽ ൧൯൫൦ മുതൽക്കുമാണ് ആരംഭിച്ചിട്ടുള്ളത്.

(ഡി) പരാതിക്കു വിഷയമാക്കാത്ത അനേകം ജി. പി. തഹശീൽദാരന്മാർ ഈ സംസ്ഥാനത്തുണ്ട്.

(ഇ) ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ : പരാതിക്കു വിഷയമായ ജി. പി. തഹശീൽദാരന്മാരുടെ പേരിൽ ഏതെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : ജി. പി. തഹശീൽദാരന്മാരെ നിയമിക്കുന്നതിനു മുൻപ് റേഷൻ സംബന്ധിച്ച കാര്യങ്ങളുടെ ചുമതല വഹിക്കുന്നതിന് ഓരോ താലൂക്കിലും അനൗദ്യോഗിക കമ്മിററികൾ ഉണ്ടായിരുന്നതായി ഗവണ്മെന്റിന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചുമതലവഹിക്കുന്നതിന് അല്ലായിരുന്നു കമ്മിററികൾ. അഡൈ്വസറി കമ്മിററികളാണുണ്ടായിരുന്നത്.

ശ്രീ. ആർ. ഗംഗാധരൻ : ആമാതിരി കമ്മിററികൾ ഇനിയും നിയമിക്കുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. ഈ. പി. വർഗ്ഗീസ് : എത്ര ജി. പി. തഹശീൽദാരന്മാരുടെ പേരിൽ പരാതിയുണ്ടായിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി : പരാതിയെ പരിഗണിച്ച് ജി. പി. തഹശീൽദാരന്മാരെ അവരുടെ നാട്ടിൽ നിയമിക്കാതിരിക്കുന്നതിനുള്ള ചട്ടം ഏർപ്പെടുത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം ഓർമ്മയിൽ വയ്ക്കാം.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: പത്തുലക്ഷത്തിൽ ചില്വാനം രൂപ ഗവൺമെൻറിൽനിന്നും ചെലവുചെയ്യുന്ന ഈ ജി. പി. തഹശീൽ ദാരന്മാരുടെ കൂട്ടത്തിൽ ഒരു ഒററ പട്ടികജാതിക്കാരൻപോലും ഇല്ലെന്നു ഗവൺമെൻറിനറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജി. പി. തഹശീൽദാരന്മാർക്കു മാത്രം വേണ്ടിയുള്ള ചെലവല്ല ഞാൻ പറഞ്ഞതു്. അവരുടെ സ്റ്റാഫിൻെറയും മററുംകൂടിയുള്ള ചെലവാണതു്. അതിൽ പട്ടികജാതിക്കാർ എത്രയുണ്ടെന്നു് എനിക്കിപ്പോൾ ഓർമ്മയില്ല.

കയർ സഹകരണസംഘം.

* ൭൧൮. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണസംഘം ഏററവും ഒടുവിൽ സ്ഥാപിച്ച തീയതി ഏതു്;

(ബി) എല്ലാ സംഘങ്ങളിലുംകൂടിയുള്ള അംഗങ്ങൾ എത്ര;

(സി) സംഘങ്ങളുടെ ഉദ്ദേശം എന്തു്;

(ഡി) ഈ സംഘങ്ങൾ മുഖേന ൧൧൨൭-ൽ എത്ര കണ്ടി കയർ വിൽക്കപ്പെട്ടിട്ടുണ്ടു്;

(ഇ) സംഘം സെക്രട്ടറിമാരെ നിയമിക്കുന്നതാരു്;

(എഫ്) അവർക്കു് എന്തെങ്കിലും പ്രതിഫലം കൊടുക്കുന്നുണ്ടോ;

(ജി) കഴിഞ്ഞ എത്രമാസങ്ങളായി സെക്രട്ടറിമാർക്കു പ്രതിഫലം കൊടുക്കുന്നില്ല.

(എച്ച്) കൊടുക്കുന്നില്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കയർ സഹകരണസംഘം സ്ഥാപിച്ചതു് ൧൧൨൭ ആഗസ്ററുമാസം ൨൮-ാംനു-യാണു്.

(ബി) എല്ലാ സംഘങ്ങളിലുംകൂടി ൭,൫൦൦ അംഗങ്ങൾ ഉണ്ടു്.

(സി) കയർവ്യവസായ പരിപോഷണത്തെ ഉദ്ദേശിച്ചാണു് ഈ സംഘങ്ങൾ സ്ഥാപിച്ചതു്.

(ഡി) ൫൩൦ കണ്ടി.

(ഇ) സംഘം കമ്മിററികളാണു് സംഘം സെക്രട്ടറിമാരെ നിയമിക്കുന്നതു്.

(എഫ്) പ്രതിഫലം കൊടുക്കുന്നുണ്ടു്.

(ജി, എച്ച്) ചില സെക്രട്ടറിമാരുടെ പ്രവർത്തനഫലം നിർദ്ദിഷ്ടതോതിൽ അല്ലാതിരുന്നതുകൊണ്ടു് അവരിൽ ചിലരുടെ ചിലമാസങ്ങളിലെ ശമ്പളം തടഞ്ഞുവച്ചിട്ടുണ്ടായിരുന്നുവെന്നാണറിയുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ : -എയുടെ ഉത്തരമായിട്ട് കയർ സഹകരണസംഘങ്ങൾ ഏററവും ഒടുവിൽ സ്ഥാപിച്ച തീയതിയാണോ, അതോ കയർ സഹകരണസംഘങ്ങൾ ആരംഭിച്ച തീയതിയാണോ പറഞ്ഞത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കയർ സഹകരണസംഘങ്ങൾ ഏററവും ഒടുവിൽ സ്ഥാപിച്ച തീയതിയാണെന്നാണ് ഫയൽകൊണ്ടുകാണുന്നത്.

ശ്രീ. ആർ. ഗംഗാധരൻ : ആഗസ്റ്റ്മാസത്തിനുശേഷം കയർ സഹകരണസംഘങ്ങൾ സ്ഥാപിക്കാതിരുന്നതെന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആഗസ്റ്റ്മാസത്തിനുശേഷം കയർ വ്യവസായത്തിന്റെ കാര്യത്തിൽ ചില മാന്ദ്യങ്ങളും മററുമുണ്ടായതുകൊണ്ട് എങ്ങിനെയാണ് കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്തേണ്ടതെന്ന് ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. ഗംഗാധരൻ : ഇനിയും ഈ കയർ സഹകരണസംഘങ്ങൾ പുതുതായി സ്ഥാപിക്കുന്നതിനാലോചിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവ വർദ്ധിപ്പിക്കണമെന്നാണ ഗവണ്മെൻറിന്റെ ഉദ്ദേശം.

ശ്രീ. ആർ. ഗംഗാധരൻ : കയർ സഹകരണസംഘങ്ങൾക്ക് ഗ്രാൻറായി എന്തെങ്കിലും തുക ഗവണ്മെൻറിൽനിന്നും കൊടുക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗ്രാൻറായിട്ടല്ല കൊടുക്കുന്നത്. പക്ഷെ കയർ സഹകരണസംഘങ്ങൾ പോഷിപ്പിക്കണമെന്ന് ഗവണ്മെൻറിനു ഉദ്ദേശമുള്ളതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു തുക ഗവണ്മെൻറ കൊടുക്കുന്നുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : ഗ്രാൻറായിട്ടല്ലെങ്കിൽ എന്തുദ്ദേശത്തോടുകൂടിയാണ് ഈ തുക കൊടുക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതു കയർസഹകരണസംഘങ്ങൾ പോഷിപ്പിക്കണമെന്നുദ്ദേശിച്ചുകൊണ്ടാണ് കൊടുക്കുന്നത്.

ശ്രീ. സി. ജി. സദാശിവൻ : കയർ സഹകരണസംഘങ്ങൾ എന്നു പറയുന്നത് കയർ ഉൽപ്പാദക സംഘങ്ങളാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

ശ്രീ. സി. ജി. സദാശിവൻ : കയർ ഉൽപ്പാദകസംഘങ്ങളില്ലാതെ കയർ വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നതെങ്ങനെയാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കയർഉൽപ്പാദകരും അതിന്റെ ഡിസ്ട്രിബ്യൂട്ടേഴ്സും ചേർന്നെങ്കിൽമാത്രമേ കയർ വ്യവസായസഹകരണസംഘങ്ങൾ പോഷിപ്പിക്കുവാൻ കഴിയുകയുള്ളു. അതാണ് ഇന്നാവശ്യം.

ശ്രീ. ആർ. ഗംഗാധരൻ : കഴിഞ്ഞ കൊല്ലത്തിൽ ഈ വ്യവസായ സ്തംഭനമില്ലാതിരുന്നിട്ടും പത്തുലക്ഷം രൂപാ ഇതിലേക്കായി നീക്കിവ

ച്ചിരുന്നു. എന്നാൽ ഈ വർഷത്തിൽ എഴുപതിനായിരം രൂപാ മാത്രം അതിനു കൊള്ളിച്ചിരിക്കുന്നതെന്താണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഡ്ജറ്റിൽ എഴുപതിനായിരം രൂപാ മാത്രമേ അതിലേക്കായി കൊള്ളിച്ചിട്ടുള്ളു എന്നുള്ളതുകൊണ്ടു ഉൽക്കണ്ഠ കാണിക്കേണ്ടയാവശ്യമില്ല.

ശ്രീ. ആർ. ഗംഗാധരൻ : മറ്റേതുവിധത്തിലാണ് ഈ കയർ വ്യവസായമാന്ദ്യം ഇല്ലാതാക്കാൻ ഗവണ്മെൻറ ശ്രമിക്കുന്നതെന്നു പറയാമോ ?

Mr. Speaker: That is a question which has been discussed more than once on the floor of this House.

കയർസ്പെഷ്യലാഫീസർ.

* ൭൬. [വ്യ] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇവിടെ കയർസ്പെഷ്യലാഫീസർ എന്നൊരു ഉദ്യോഗസ്ഥനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥനെ നിയമിച്ച തീയതി എന്ന് ;

(സി) ഉദ്യോഗസ്ഥൻെറ ശമ്പളവും അലവൻസും എത്ര ;

(ഡി) ഉദ്യോഗസ്ഥൻെറ ജോലി എന്താണ് ;

(ഇ) ഈ ഉദ്യോഗസ്ഥൻ ഇതിനകം എന്തെല്ലാം ചെയ്തിട്ടുണ്ട് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കയർ സ്പെഷ്യൽആഫീസർ എന്നൊരുദ്യോഗസ്ഥനുണ്ട്.

(ബി) ആ ഉദ്യോഗസ്ഥൻെറ നിയമനം ൧൧൨൦ മാർച്ച് മാസം ൨൭-ാംതീയതിയാണ്.

(സി) ആ ഉദ്യോഗസ്ഥൻെറ ശമ്പളം ൧൧൨ രൂപായും അലവൻസ് ൩൯ രൂപയുമാണ്.

(ഡി) ഗവണ്മെൻറ ആസൂത്രണം ചെയ്തിട്ടുള്ള കയർ വ്യവസായ സഹകരണസംഘങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക, കയർ വ്യവസായാഭിവൃദ്ധിക്ക് ആവശ്യമായ പദ്ധതികൾ ആസൂത്രണംചെയ്യുക, മററ് ഔദ്യോഗിക കൃത്യങ്ങൾ നിർവഹിക്കുകയും ചെയ്യുക ഇതെല്ലാമാണ്.

(ഇ) കയർവ്യവസായ സഹകരണസംഘങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും സഹകരണസംഘങ്ങൾ രൂപീകരിക്കുകയും പ്രവർത്തനപദ്ധതികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : ൧൧൨൧ ആഗസ്റ്റിനുശേഷം കയർ വ്യവസായസഹകരണസംഘങ്ങൾ ഇവിടെ സ്ഥാപിച്ചിട്ടില്ല എന്നു പറഞ്ഞു. അതിനുശേഷം ഈ സ്പെഷ്യലാഫീസറുടെ ജോലി എന്താണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർ വ്യവസായസ്തംഭനമുണ്ടായതിനുശേഷം മുമ്പു സ്ഥാപിച്ചിട്ടുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിനു് നേതൃത്വം കൊടുക്കുകയാണു്.

ശ്രീ. ആർ. ഗംഗാധരൻ: കയർസഹകരണസംഘങ്ങളുടെ പ്രവർത്തനം തന്നെ ശരിയായി നടക്കുന്നില്ലെന്നു് ഈ ചോദ്യത്തിന്റെ (ഇ) ക്ലിപ്പിനുള്ള മറുപടിയിൽനിന്നും മനസ്സിലാകുന്ന സ്ഥിതിക്കു് കയർ സ്പെഷ്യലാഫീസർ ശരിയായി പ്രവർത്തനം നടത്തിയിട്ടില്ലെന്നു വ്യക്തമാകുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ജി. സദാശിവൻ: കയർ സ്പെഷ്യലാഫീസറുടെ പ്രവർത്തനംകൊണ്ടു് കയർ സഹകരണസംഘങ്ങൾ പോഷിപ്പിക്കുകയാണോ അധഃപ്പതിപ്പിക്കുകയാണോ ചെയ്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൦ ഒടുവിലും ൧൯൫൧ ആദ്യവും കയർ വ്യവസായമാന്ദ്യം ഉണ്ടായി. എന്നാൽ ഈ ഉദ്യോഗസ്ഥനെ നിയമിച്ചതു് അതിനുമുമ്പാണു്.

ശ്രീ. ടി. കെ. ദിവാകരൻ: കയർ സ്പെഷ്യലാഫീസറുടെ ഉദ്യോഗം തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെപ്പററി ആലോചിക്കേണ്ട കാര്യമാണു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കയർ സ്പെഷ്യലാഫീസറെ നിയമിക്കുകയാണെങ്കിൽ മന്ത്രിസഭ ഒന്നടങ്കം രാജിവെക്കുന്നതാണെന്നു് പറഞ്ഞിട്ടുള്ള കാര്യം ഓർമ്മിക്കുന്നുണ്ടോ?

Mr. Speaker: That question does not arise.

Kumbanad-Arattupuzha road.

✻ 580. [9] **Dr. M. Sivaraman Nair:** Will the Minister for Works and Transport be pleased to state whether it is a fact:

(a) that the Kumbanad-Arattupuzha road in Thiruvalla Sub Division is in a bad state of repair;

(b) that during the rainy season it is impossible even to walk on that road not to speak of vehicular traffic; and

(c) that small children who are studying in the school situated in that area are unable to reach that school during rainy season and so for many days the school remains closed?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) The road is not in a bad state of repair.

(b) A portion of this road becomes submerged in water during rainy season and hence inconvenient for pedestrians.

(c) The school near 3|5 of this road is closed for one or two weeks during floods as the adjoining land and road become submerged.

ഡാക്ടർ എം. ശിവരാമൻനായർ: കുമ്പനാട്ട്—ആറാട്ടുപുഴ റോഡിന്റെ ചീത്തയായ ഭാഗങ്ങൾ നന്നാക്കാൻ ശ്രമിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: കഴിയുന്നിടത്തോളം നന്നാക്കുന്നതിനു ഗവണ്മെന്റു ശ്രമിക്കും.

ചാന്നാങ്കര പാലം.

*൩൱൰. [൰൦] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ചാന്നാങ്കരത്തോട്ടിൽ ചാന്നാങ്കര എന്ന സ്ഥലത്തുള്ള ചാന്നാങ്കര പ്പാലം അപായകരമായ നിലയിൽ ജീർണ്ണിച്ചുപോയിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

ഉണ്ട്. കഴിഞ്ഞകൊല്ലം ആ പാലം നന്നാക്കിയിട്ടുണ്ട്. ആ പാലം പുതുക്കി പണിയുന്നതിന് ഇപ്പോൾ ഗവണ്മെന്റ് ആലോചിച്ചു വരികയാണ്.

ട്രാൻസ്പോർട്ട അഡൈ്വസറിബോർഡ്.

*൩൱൧. [൰൰] ശ്രീ. എൻ. നീലകണ്ഠരുപണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട അഡൈ്വസറി ബോർഡിലെ ഇപ്പോഴുള്ള അംഗങ്ങൾ ആരെല്ലാം;

(ബി) എക്സ്ഒഫിഷ്യോ മെംബറന്മാർ അല്ലാത്തുള്ള മെംബറന്മാരെ തെരഞ്ഞെടുക്കുന്നതു ഏതു മാനദണ്ഡമനുസരിച്ചാണ്;

(സി) തൊഴിലാളികളെ പ്രതിനിധീകരിച്ചു ആരെങ്കിലും ബോർഡിലുണ്ടോ;

(ഡി) തൊഴിലാളികളുടെ പ്രതിനിധികൾക്കു ബോർഡിൽ പ്രാതിനിധ്യം നൽകണമെന്നു കാണിച്ചു റ്റി. എസ്സ്. റ്റി. യൂണിയൻ വല്ല അപേക്ഷയും ഗവണ്മെന്റിനു നൽകിയിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ട്രാൻസ്പോർട്ട് അഡൈ്വസറി ബോർഡ് എന്നൊരു സമിതി ഇല്ല.

(ബി) ഈ ചോദ്യത്തിന് പ്രസക്തിയില്ല.

(സി) ഈ ചോദ്യത്തിനും പ്രസക്തിയില്ല.

(ഡി) ഉണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ട്രാൻസ്പോർട്ട് അഡൈ്വസറി ബോർഡ് എന്നൊരു ബോർഡില്ലേ ?

Shri Kalathil Velayudhan Nair : There is a Transport Board and a Transport Authority. From this we cannot makeout which is the Board which the hon. Member refers to.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിനെ നിയന്ത്രിക്കുന്നതിനായി ഒരു ബോർഡ് ഇല്ലേ എന്നാണ് എൻെറ ചോദ്യം.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ ഒരു ബോർഡുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : അതിലെ മെംബറന്മാർ ആരെല്ലാമാണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസ്, ചീഫ് എൻജിനീയർ, ട്രാൻസ്പോർട്ട ഡയറക്ടർ, ട്രാൻസ്പോർട്ടുസെക്ഷൻ സെക്രട്ടറി ഇവരെല്ലാമാണ്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഈ ബോർഡിൽ അനൗദ്യോഗിക അംഗങ്ങളാരുമില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇല്ല.

ശ്രീ. ഒ. സി. നൈനാൻ : ഈ സഭയിലെ അംഗങ്ങളെ ആ ബോർഡിൽ ചേർക്കാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇപ്പോൾ ഇല്ല.

പുതിയ ബസ്സുസർവ്വീസ്.

* ൫൨൩. [൧൧] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം—പോത്തൻകോട്ട് ലൈനിൽ സ്റ്റേററ് ട്രാൻസ്പോർട്ട് ബസ്സുസർവീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവണ്മെൻറിലേക്ക് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ അതേപ്പററി ആലോചിക്കുന്നുണ്ടോ ;

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

ശ്രീ. വി. ശ്രീധരൻ : ഈ ലൈനിൽ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന വണ്ടികൾ കേടുവന്നതിനാൽ ഇപ്പോൾ സർവീസ് നടത്തുന്നില്ല എന്നുള്ളതിനെ പരിഗണിച്ച് ഉടനെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ നിന്നും സർവീസ് ആരംഭിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൂടുതൽ ബസ്സുകൾ വന്നതിനുശേഷമല്ലാതെ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകൾകൊണ്ട് ഇനിയും കൂടുതൽ സർവ്വീസ് ആരംഭിക്കുന്നതിനു നിവൃത്തിയില്ല. ബസ്സുകൾ കൂടുതൽ വരുന്ന അവസരത്തിൽ അതേപ്പററി ആലോചിക്കാം.

മണൽ കയററുമതി.

* ൫൮൪. [൭൩] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ;

(എ) ചവറയിലെ കമ്പനികളിൽനിന്നും ൧൧൨൭-൨൮ വർഷത്തിൽ എത്ര ടൺ ലോഹമണൽ കയററുമതിചെയ്തുവെന്നു പറയുമോ;

(ബി) ലോഹമണലിനു ടണ്ണിനു കിട്ടിയ ശരാശരി വിലയെന്തു്; ഏതു രാജ്യത്തിലെ ആവശ്യത്തിനാണ് കയററുമതി ചെയ്തതു്; വല്ല കമ്പനികളും ലോഹമണൽ കച്ചവടത്തിനു ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്പനികളുടെ പേരും അവ ഏതു രാജ്യത്തു പ്രവത്തനം നടത്തുന്നതെന്നും പറയുമോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൨, ൧൭, ൩൬൩ ടൺ ൩ ഹൺഡ്രഡ്‌വെയിററ്.

(ബി) ൩ ഷില്ലിംഗ്സ്. അമേരിക്ക, ഇംഗ്ലണ്ട്, ജപ്പാൻ, ഇററലി ഈ രാജ്യങ്ങളിലാണ്. ലോഹമണൽ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനികളുടെ ലിസ്ററ വായിക്കാം.

(1) British Titanium Products Co., Ltd., York, U. K.
൧൫൭. [൨൩] ശ്രീ. പി. ഗോവിന്ദപ്പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പെരുമ്പാവൂർ റേയൺസ് ഫാക്ടറിയിൽ ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള നാമമാത്രമായ ബോണസ്സ്പോലും കൊടുക്കുന്നില്ലെന്നവിവരം വാസ്തവമാണോ;

(ബി) ഇതു സംബന്ധിച്ച് റേയൺ എംപ്ലോയീസ് യൂണിയന്റെ മെമ്മോറാണ്ടങ്ങളും, നിവേദനങ്ങളും ഗവണ്മെന്റിലേക്കു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു; എന്ത് എടുക്കുവാൻ വിചാരിക്കുന്നു?

ഉത്തരം.

(എ) ബോണസ്സ് കൊടുക്കുന്നില്ലെന്നുള്ള വിവരം അറിയാൻ പാടില്ല.

(ബി) ഇല്ല.

(സി) ബി-യുടെ ഉത്തരം കൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

Shri Nedumangad R. Kesavan Nair: I should like to make one observation about the mistake committed by the hon. Minister regarding the question of the type of vehicles. The Minister seems to have said that the standardization was not attempted. I just want to correct the apparent mistake that has been made.

Mr. Speaker: The hon. Member is entitled to put a separate question and the Minister would answer on a subsequent occasion. This is not the time. Question time is over now.

[12 Noon]

VOTING OF DEMANDS FOR GRANTS—(*contd.*)

DEMAND II — LAND REVENUE

Mr. Speaker: I will now call upon the Minister in charge of Land Revenue to move the Demand.

Shri A. Chidambaranatha Nadar: I move for a grant of Rs. 13,68,400 under Demand II—Land Revenue.

Shri Panampilli Govinda Menon: I second it.

Mr. Speaker: For the sake of profitable discussion, motions Nos. 10 (standing in the name of Shri Nataraja Pillai) and 53 (standing in the name of Shri Gopalakrishna Menon) may be moved.

Shri P. S. Nataraja Pillai: Sir, I move

To reduce the allotment of Rs. 16,11,200 for Charges on account of Land Revenue Collections by Re. 1.

I have tabled this motion with this purpose; to discuss the application of Land Revenue Recovery Act and Kuthakapattam Rules. Sir, as for these Kuthakapattam rules, I think a kind of clarification is necessary from the side of Government and from the side of the people also. The conception of kuthakapattam is that land is handed over to particular individuals not to make permanent improvement, but only to enjoy it. But what we find now under the kuthakapattam rules as applied in this country today is, permission is granted to the holder or the leaseholder to construct houses and to live there. That is, a kind of permanent improvement is allowed to be made. If the intention of the Government is to give the land for permanent improvement, that may be made very clear from the early stage, so that later on, a situation may not arise in this country when Government will enforce the rule of eviction and deprive the individual of the right of improvement he might have made on kuthakapattam land. Either kuthakapattam must be given on the express condition that it is only for temporary improvement on that land when it is handed over to private people, or when permission is granted to make permanent improvement, that fact must be made clear. At any rate, it is time I think that some definite rule was made on this subject.

Shri O. C. Ninan: Is the Member aware that an agreement is executed by the kuthakapattom holders to the Government?

Shri P. S. Nataraja Pillai: That is what I say. Agreement is executed by which they are liable to be evicted. But what I say is after having made permanent improvement, if the contract is to be enforced and the men who made the permanent improvement are to lose all the rights of the improvement, I think it will be a real hardship. I refer to that matter because at the time of the revenue settlement, there was a large area in Shertallai under kuthakapattam. But on account of the permanent improvement and long nature of the lease, it was held by the settlement authorities that the whole land must be converted into pandaravaga land and permanent right was granted. That contingency may arise. Therefore, it is in the interests of the country to make the position clear, namely, if the idea of the Government is to grant land for permanent improvement, why not do it outright? I want the Government to bestow their attention on this matter, and also to invite the attention of this House to this aspect of the matter.

My next proposition is about the application of the Revenue Recovery Act. I tabled this motion with the specific intention of drawing the attention of the House to the application of this Revenue Recovery Act for the purposes of realizing tax from lands which are said to be not Government land. On that aspect of the matter, I have to say that here, as it is, today, we have got lands with different incidence of taxation. For example, Sir, the Sripandaravaka lands, Sripadam lands and Kandukrishi lands are taxed differently and basic tax is not enforced on them. The argument or the reason advanced is that Sripadam lands, Kandukrishi lands and Sripandaravaka lands are not Government lands but private lands or trust lands over which the Government have no control.

Shri O. C. Ninan: Is the Member aware that for edavaga lands, basic tax also is not enforced?

Shri P. S. Nataraja Pillai: I know that. But that is a type of private land with Jenmi and tenant relationship. Here, the question of title also comes in; whether the sovereign can exercise a separate title or Royal Family can exercise a separate title or whether a trust has title over a particular area are all matters for consideration. I have purposely left out of this discussion the edavaga lands simply on that account. So, in these types of lands, Sripandaravaka, Sripadam and Kandukrishi lands on which a higher rate of taxation is imposed and realized by Government under the Land Revenue Recovery Act, the position is very hard.

Shri R. Kesava Pillai: Are not these lands private properties?

Shri P. S. Nataraja Pillai: I have no definite or reliable records to come to a conclusion on that matter, and therefore, I do not concede that point.

Shri R. Kesava Pillai: It is not a fact that it is neither public land nor Government land?

Shri P. S. Nataraja Pillai: That is a matter for enquiry and decision. There are ever so many statements in some of the published records which say that it is private trust land. On the other hand, there are certain facts which go to militate against this. I will draw the attention of the House to one fact. If it is argued that the Sripandaravaka lands are pattom lands owned by the temple as a trust, then that incidence of ownership and the right of ousting the tenant for default should have been exercised. But there is absolutely no record for that, without exercising the right of ownership by ousting the tenant when he defaults the payment of the rent, how does ownership arise? That is the position. I shall have my own doubts and it is a question bristling with other difficulties as well. There is no meaning in avoiding that, and there is no purpose served by the Government by shirking that responsibility. At one time or other, we will have to face the problem. Already it has created a genuine hardship and the conditions in the country are such that if the matter is allowed to stand there, greater difficulties will arise. I therefore urge on the Government that it is time for them to consider it seriously. The genuine difficulty felt by the holders or tenants of these lands cannot be ignored. The taxation is so heavy. The Kandukrishi lands are also taxed so heavily, that an ordinary tenant will find it impossible to cultivate the land in the present circumstances. That is exactly the case with the Sripandaravaka lands where the Government is realizing a maximum of 11 paras per para as rent and on an average, according to my calculation,it comes nearly to 17 paras per acre, which is about 2½ paras per para of paddy field. It may not be accurate, since I collected it on the basis of figures available in the Settlement Report. Whatever it be, there is no denying the fact that the tenants are paying excessive tax, they are entitled to redress. That is an admitted principle. In these sets of circumstances, whatever the right of the tenant may be, when the adjoining man is paying only Re. 1-9-0 per acre, the call upon the Sripandaravaka landowner or tenant to pay nearly Rs. 22 per annum or more is an injustice and an iniquity which cannot be justified. I am one who concede the right of the owner to enjoy the properties owned by him. But this is a land problem. It has a great implication on the whole economic well-being and the peace and contentment of the people at large. Therefore, the Government is bound to take this question into consideration. This Government appointed a Land Policy Committee. The finding of that committee was: "This committee is of the opinion that the inequalities in the incidence of taxation should cease, and no land in the State should be without being assessed to basic tax. So, the committee recommend that the exemption from basic tax allowed to Sripandaravaka lands under Section 6 (1) of the Basic Tax Proceedings of 1121 should be lifted and basic tax be imposed on these lands as well." They suggest compensation, compensation

[Shri P. S. Nataraja Pillai]

for the income of the trust, and they also said that Government must undertake the responsibility of paying the deficit in income to the trust and realize the compensation from the tenants thereof. Government have not exercised their mind over that question so far. They have not come to any conclusion on that, and there the matter rests, and is still hanging fire.

Then, I may also point out one thing. As far as Sripandaravaka lands are concerned, in Act I of 1068, Sripandaravaka lands were considered as Sircar lands. Then again in the year 1116 or 1117, during the time of Sir C. P. Ramaswami Aiyar, a reduction of 20 per cent of the land revenue in South Travancore was made. It was made equally applicable to the Sripandaravaka lands. Sir, I ask the question, if it were not Government land, how could the Government enforce an order like that.

Shri R. Kesava Pillai: Was it not with the consent of the owner that this tax was imposed?

Shri P. S. Nataraja Pillai: At this stage we cannot make distinctions like that. Questions as who was the owner, whether the Sovereign and Government were separate entities, whether the Government had a right to enforce that in the year 1117, all these do not arise now. The fact remains that concessions were granted by the then Government to the owners of land. Such reduction was made applicable to Sripandaravaka lands as well. Therefore to make a nice distinction at this stage will be fruitless. It is a matter in which precedents bristle with difficulties. So I would suggest to this House and Government not to shirk that problem but to face it straightway and arrive at a settlement.

Shri A. Chidambaranatha Nadar: May I know with regard to what land, the reduction was made?

Shri P. S. Nataraja Pillai: To all lands in South Travancore including Sripandaravaka. If the Government would go through records of 1116 or 1117 M. E., that fact could be seen. A demand was made from South Travancore for reduction of tax and as a solution to that, Government of Travancore issued a notification to the effect that 20 per cent of land revenue should be reduced on all lands and that was made applicable for Pandarapattom lands and Sripandaravaka lands as well. Therefore, Sir, the only matter I place for the consideration of this House and Government is, that there is a finding by a committee appointed by this Government that basic tax should be applied and that higher incidence of taxation on Sripandaravaka lands should be abolished. And so the matter reduces itself to this question, how to evolve a method. This must be the problem exercising the mind of Government. A special officer may be deputed to go into the question. I am placing another suggestion for what it is worth. It is time for Government to depute a Special Officer to evolve a

method by which this problem could be tackled Or better still Government may think of appointing a small committee consisting of one Judicial or Revenue officer of high standing, a representative of Sripandaravaka tenant and another representative of Government to go into this question and draft legislation in that behalf. The period of enquiry by the committee should be limited to three months. The iniquity that is caused to the tenants is enormous and I therefore request Government to put an end to this injustice at as early a date as possible.

Shri E. Gopalakrishna Menon : Sir, I move, to reduce the total allotment of Rs. 20,68,400 under Demand II by Rs. 100.

ഈ ഗവണ്മെൻറിൻെറ ഭൂനയത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതിനുവേണ്ടിയാണു് ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. കഴിഞ്ഞ സമ്മേളനത്തിൽ സ്റ്റേ ആഫ് ഹോൾഡിംഗ്സ് ബിൽ അവതരിപ്പിച്ചുകൊണ്ടു് നിയമമന്ത്രി പ്രസ്താവിക്കുകയുണ്ടായി, അടുത്ത സമ്മേളനത്തിൽ ഒരു ഭൂനയപരിഷ്കരണബിൽ അവതരിപ്പിക്കുമെന്നു്. എന്നാൽ ഈ സമ്മേളനത്തിലും ഭൂനയത്തെ സംബന്ധിച്ചു യാതൊന്നും ചെയ്യാനുള്ള ഭാവമില്ലെന്നാണു ഞാൻ മനസ്സിലാക്കുന്നതു്.

Shri R. Kesava Pillai : May I ask whether the Member is for introducing basic tax?

Shri E. Gopalakrishna Menon : I will deal with it later.

സംസ്ഥാനത്തുള്ള യഥാർത്ഥകൃഷിക്കാർക്കു് ആശ്വാസം നൽകുന്ന യാതൊരു നിയമവും ഇന്നു ഇവിടെ നിലവിലില്ലെന്നുള്ളതാണു് വാസ്തവം. ഈ സമ്മേളനം തുടങ്ങുന്നതിൻെറ തലേദിവസംവരെ പല മന്ത്രിമാരും പ്രസംഗിച്ചു നടക്കുകയുണ്ടായി, ഒരു ഭൂപരിഷ്കരണബിൽ ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നുണ്ടെന്നു്. വാസ്തവത്തിൽ ഗവണ്മെൻറിനു് ഈ കാര്യത്തിൽ ആത്മാർത്ഥതയില്ലാത്തതുകൊണ്ടാണു് ഇങ്ങനെ, അടുത്ത സമ്മേളനത്തിൽ, അടുത്ത സമ്മേളനത്തിൽ എന്നു പറഞ്ഞു് ഈ കാര്യം നീട്ടിക്കൊണ്ടു പോകുന്നതു്. രാപ്പകൽ അദ്ധ്വാനിക്കുന്ന കർഷകനുവേണ്ടി, അവൻെറ ദുരിതാശ്വാസത്തിനുവേണ്ടി കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനു ശേഷം എന്തു ചെയ്തിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു. മറുഭാഗത്തുനിന്നും പറയുമായിരിക്കും തിരുവിതാംകൂറിൽ സ്റ്റേ ആഫ് എക്സിക്യൂഷൻ ആക്ട് ഉണ്ടെന്നും കൊച്ചിയിൽ വെറുമ്പാട്ടകുടിയാൻനിയമം ഉണ്ടെന്നും മററും. കൊച്ചിയിലെ വെറുമ്പാട്ടകുടിയാൻ നിയമംകൊണ്ടു യാതൊരു ഗുണവും ഭൂരിപക്ഷം കർഷകരെ സംബന്ധിച്ചിടത്തോളവും ഉണ്ടായിട്ടില്ലെന്നു ഞാൻ തുറന്നു പ്രസ്താവിക്കുന്നു. പങ്കുപാട്ടക്കാരെയും വാരക്കാരെയും സംബന്ധിച്ചിടത്തോളം സ്ഥിരാവകാശം കൊടുത്തിട്ടില്ല. അനവധി വർഷങ്ങളായി പങ്കുപാട്ടവ്യവസ്ഥയിൽ കൃഷി ചെയ്യുന്ന കർഷകർക്കു കൃഷിഭൂമിയിൽ യാതൊരവകാശവും ഇല്ലാതെയാണിരിക്കുന്നതു്. കൊച്ചിയിൽ പങ്കുപാട്ടവ്യവസ്ഥയുള്ളതുപോലെ തിരുവിതാംകൂറിൽ വാക്കാൽപാട്ടവ്യവസ്ഥയും വളരെക്കാലമായി നിലവിലിരിക്കുന്നു. ഒഴിപ്പിക്കൽ വിരോധബിൽ പാസ്സായതിനെ തുടർന്നു് ഈ വാക്കാൽപാട്ടക്കാരെ മുഴുവൻ വാരകൃഷിക്കാരായി രൂപാന്തരപ്പെടുത്തിക്കൊണ്ടു് അവരുടെ അവകാശം നിഷേധിക്കുകയെന്ന അടവാണു ജന്മികൾ പല സ്ഥലങ്ങളും സ്വീകരിച്ചിട്ടു

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ.]

ള്ളതു്. വാരക്കാർ പാട്ടം അളക്കുന്നതിനെ സംബന്ധിച്ചു ക്ലിപ്തമായ യാതൊരു വ്യവസ്ഥയുമില്ല. കൊല്ലംതോറും ജന്മികൾ അതു വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. ചേർത്തലതാലൂക്കിലെ 'കോച്ചു' എന്നു പേരായ പ്രബലജന്മി കർഷകരുടെ പാട്ടം വർദ്ധിപ്പിക്കുകയും അവരെ ഇഷ്ടം പോലെ ഒഴിപ്പിക്കുകയും ചെയ്യുന്നതിൽ കുപ്രസിദ്ധി നേടിയിട്ടുള്ള ആളാണു്.

Shri A. Chidambaranatha Nadar : I would like to know the name of that Jenmi.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : 'കോച്ചു': ചേർത്തല താലൂക്കിലെ കൃഷിഭൂമിയിൽ അധികഭാഗവും ഇയ്യാളുടെ കൈവശമാണു്. ഇൻഡ്യയിലെ കൃഷിക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു് ശ്രീ. ജെ. സി. കുമരപ്പാ ചെയർമാനായി ഒരു കമ്മിററിയെ കാൺഗ്രസ്സു് പ്രവർത്തകക്കമ്മിററിയിൽനിന്നും നിയമിക്കുകയുണ്ടായി. ആ കമ്മിററിയുടെ റിപ്പോർട്ടിൻെറ ഒരു ഭാഗത്തു ഇങ്ങനെ പറയുന്നു.

"There is no fixity of tenure without the determination of fairness of rent." സർ, ഈ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, മര്യാദപാട്ടം നിശ്ചയിക്കാതെ, ഇവിടെ കൃഷിക്കാരനു അനുവദിച്ചിട്ടുള്ള സ്ഥിരാവകാശം എത്രയും പൊള്ളയായതാണെന്നു ബോദ്ധ്യപ്പെടുന്നതാണു്. ഈ അക്രമപ്പാട്ടസമ്പ്രദായം തുടരുന്ന കാലത്തോളം കർഷകനു അവൻെറ ജീവിതാവസാനംവരെ അദ്ധ്വാനിക്കാമെന്നല്ലാതെ, അവൻെറ പ്രയത്നഫലത്തിൻെറ ഒരു ചെറിയ ശതമാനംപോലും കിട്ടുകയില്ലെന്നുള്ള കാര്യം തീർച്ചയാണു്. പഴയ കൊച്ചിയിൽ കൃഷിക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു് ഒരു ശിവസ്വാമി കമ്മിററി രൂപീകരിച്ചിരുന്നു. ആ കമ്മിററിയുടെ റിപ്പോർട്ടിൽ അവിടത്തെ ജന്മിയേയും കർഷകനെയും സംബന്ധിക്കുന്ന കാര്യങ്ങളെപ്പററിയും വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. കൊച്ചിയിലെ കൃഷിക്കാരിൽ ഭൂരിഭാഗവും മൊത്തവിളവിൻെറ അൻപതുശതമാനംമുതൽ എഴുപത്തഞ്ചു ശതമാനംവരെ പാട്ടം കൊടുക്കുന്നവരാണെന്നു് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. മൊത്തവിളവിൻെറ ൫൦ ശതമാനം കൃഷിച്ചെലവിനു നീക്കേണ്ടിവരുമെന്നു് ആ റിപ്പോർട്ടിൽ പറയുന്നു. പാട്ടത്തിനു കൃഷി നടത്തുന്നവരിൽ ഭൂരിഭാഗവും നഷ്ടത്തിലാണു കൃഷി നടത്തുന്നതെന്നാണു് ഇതിൽ നിന്നു വ്യക്തമാകുന്നതു്. പാട്ടത്തിൽ എന്തെങ്കിലും കുടിശിഖ വരുത്തിയിട്ടുണ്ടെങ്കിൽ കൃഷിക്കാരൻെറ കന്നുകാലികളെ ജപ്തിചെയ്തുകൊണ്ടുപോകുകയാണു ജന്മികൾ ചെയ്യുന്നതു്. ചിററൂർ താലൂക്കിൽ ഇത്തരം ജപ്തികൾ സർവസാധാരണമായി തീർന്നിരിക്കുകയാണു്.

അടുത്തതായി പറയാനുള്ളതു് എല്ലാത്തരം ഭൂമികൾക്കും ഒരേ രീതിയിലുള്ള കരം ചുമത്തേണ്ടതിൻെറ ആവശ്യകതയെപ്പററിയാണു്.

Shri N. P. Varghese : Is the Member agreeable for having basic tax for Edavakai land also?

Shri E. Gopalakrishna Menon : Yes.

അടിസ്ഥാനനികുതി കൊച്ചി വിഭാഗത്തേക്കും ബാധകമാക്കുന്നതിനുള്ള ഒരു ബില്ല് ഈ സഭയിൽ അവതരിപ്പിക്കാൻപോകുന്നതായി അറിയാൻ കഴിഞ്ഞു. അതു സ്വാഗതാർഹം തന്നെ. എന്നാൽ ആ ബില്ലിന്റെ പരിധിയിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ എല്ലാ ഭൂമികളും ഉൾപ്പെടുത്തണം. ശ്രീപണ്ടാരവകയിനത്തിൽ കുറെയധികം ഏക്കർ സ്ഥലം ശ്രീപത്മനാഭന്റെ വകയായിട്ടുണ്ട്. ആ സ്ഥലങ്ങളിലെല്ലാം പാവപ്പെട്ട കൃഷിക്കാരാണ് കൃഷിചെയ്തു പാട്ടം അളക്കുന്നത്. ഈ ഭൂമികളിലെ കർഷകർ പണത്തിനുപകരം നെല്ലായിട്ടാണ് കരം കൊടുത്തുവരുന്നത്. ഈ ഭൂമികൾക്ക് അടിസ്ഥാനനികുതി ഏർപ്പെടുത്തിയിട്ടില്ല. കൊല്ലംതോറും ശ്രീപത്മനാഭക്ഷേത്രത്തിന്റെ നടത്തിപ്പിലേക്ക് ആറു ലക്ഷം രൂപയോളം പൊതുറവന്യൂവിൽനിന്നു കൊടുക്കുന്നുണ്ട്. ഇതിനും പുറമെയാണ് മണിയൻകരം എന്ന പേരിൽ പാവപ്പെട്ട കൃഷിക്കാരന്റെ പ്രയത്നഫലവും വാങ്ങുന്നത്. ഈ വസ്തുക്കളിൽ ഒരേക്കറിന് ൩൦ പറ നെല്ലുവരെ പാട്ടം കൊടുക്കുന്നവരുണ്ട്. ഇതു വെറും അനീതിയാണ്. അതുപോലെതന്നെ ശ്രീപാദം വസ്തുക്കൾ. ഈ വസ്തുക്കൾക്കും അമിതമായ പാട്ടമാണ് കർഷകരിൽനിന്നും നെല്ലായിട്ടും പണമായിട്ടും ഈടാക്കിവരുന്നത്. ആണ്ടിനാൽ ൨൫ ലക്ഷം രൂപയോളം രാജപ്രമുഖന്റെ ചെലവിലേക്കു പൊതുമുതലിൽനിന്നു നീക്കിവച്ചിരിക്കെ, ഈ വസ്തുക്കളിലുള്ള കൃഷിക്കാരുടെ അദ്ധ്വാനഫലവുംകൂടി അദ്ദേഹം എടുത്തുകൊണ്ടിരിക്കുന്നത് എന്തിനാണെന്നു മനസ്സിലാകുന്നില്ല. ഇതുപോലെതന്നെയാണ് കണ്ടുകൃഷിഭൂമികളുടെ കാര്യവും. അടിസ്ഥാനനികുതി ഈവക ഭൂമികളിലും ഏർപ്പെടുത്തിയിട്ടില്ല. തിരുവിതാംകൂറിന്റെ പലഭാഗങ്ങളിലുമായി ഇടവകയെന്നപേരിൽ കുറെയധികം ഏക്കർ സ്ഥലം പല നാടുവാഴികൾക്കു വെറുതെ ഏല്പിച്ചുകൊടുത്തിട്ടുണ്ട്. പണ്ടുകാലത്തു നാടുവാണിരുന്ന രാജാക്കന്മാരെ സഹായിച്ചുവെന്ന കാരണത്താലാണ് ഈ ഭൂമികൾ അവർക്കു വെറുതെ നൽകിയിട്ടുള്ളതെന്നാണ് പറയപ്പെടുന്നത്. ഒരു വലിയ ഭൂവിഭാഗത്തിന്റെ ജന്മികളായ ഇവർ സാധുക്കളെക്കൊണ്ടു ജോലി ചെയ്യിച്ച് അവരുടെ പ്രയത്നഫലം കൊള്ളചെയ്തു ജീവിക്കുകയാണ്. ഭൂനയത്തിന്റെ കാര്യത്തിൽ ഞങ്ങളുടെ പാർട്ടിയിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ മുഴുവനും കാൺഗ്രസ്സ് പാർട്ടി എതിർക്കുമെങ്കിലും അടിസ്ഥാനനികുതിയെ സംബന്ധിച്ചിടത്തോളമെങ്കിലും അവർ ഞങ്ങളോടു യോജിക്കുമെന്നു വിശ്വസിക്കുന്നു. സർ, സംസ്ഥാനത്തെ കർഷകരിൽനിന്നും അക്രമപരമായി പാട്ടം വസൂലാക്കിക്കൊണ്ടിരിക്കുന്ന ഒരു സമ്പ്രദായം തുടരുന്നതുമൂലം, വിശേഷിച്ചും ഉല്പന്നങ്ങളുടെ വിലയിടിവു നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ കർഷകരെല്ലാം തന്നെ തികച്ചും പാപ്പരായിക്കൊണ്ടിരിക്കുകയാണ്. ജന്മിമാരുടെയും ഹുണ്ടികക്കാരുടെയും ചൂഷണത്തിൽനിന്നു കർഷകർക്കു രക്ഷ കിട്ടാത്തിടത്തോളം കാലം ഈ രാജ്യം അഭിവൃദ്ധിപ്പെടാൻ പോകുന്നില്ല. ഇപ്പോൾതന്നെ യാതൊരു തൊഴിലും ഇല്ലാതെ മൂന്നുലക്ഷത്തോളം നെയ്ത്തുതൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തു പട്ടിണി കിടന്നുവരുന്നുവെന്ന് ഈ സഭയിൽതന്നെ പറഞ്ഞതായി കേട്ടു. തുണിത്തരങ്ങൾ ചെലവില്ലാതെ കെട്ടിക്കിടക്കുന്നതാണ് ഈ തൊഴിലില്ലായ്മയ്ക്കു കാരണമെന്നും പറയുകയുണ്ടായി. മദ്രാസ് മുഖ്യമന്ത്രിയായ ശ്രീ. രാജഗോപാലാചാരി മദിരാശി അസംബ്ലിയിൽ പ്രസ്താവിക്കുകയുണ്ടായി, മലബാറിൽ

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ.]

ന്നു ലക്ഷം രൂപയുടെ കൈത്തറിത്തുണി കെട്ടിക്കിടക്കുന്നുവെന്നു്. നാട്ടുകാരുടെ കയ്യിൽ വാങ്ങാൻ പണമില്ല. കർഷകരാണെങ്കിൽ അമിതമായ പാട്ടം കൊടുത്തുകഴിഞ്ഞു ബാക്കി കിട്ടുന്ന തുച്ഛമായ വരവുകൊണ്ടു് ആഹാരത്തിനുപോലും മതിയാകാതെ വിഷമിക്കുകയാണു്. പിന്നെ അവർ എങ്ങനെയാണു വസ്ത്രം വാങ്ങിക്കുന്നതു്? വസ്ത്രം ആവശ്യമില്ലാഞ്ഞിട്ടല്ല, അതു വാങ്ങുവാനുള്ള സാമ്പത്തികശേഷി ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന കൃഷിക്കാർക്കു് ഇല്ലാത്തതുമൂലമാണു് അതു കെട്ടിക്കിടക്കാൻ ഇടയാകുന്നതു്.

സർ, എനിക്കു് അവസാനമായി പറയാനുള്ളതു് ഇന്നാട്ടിലെ അദ്ധ്വാനിക്കുന്ന കൃഷിക്കാർക്കു് ഈ ജന്മിമാരുടെയും പണമിടപാടുകാരുടെയും പിടിയിൽനിന്നും ഒരു വിമോചനം അടിയന്തിരമായും ആവശ്യമാണെന്നാണു്. അതിന്റെ ആദ്യത്തെ പടിയെന്ന നിലയ്ക്കു് അമിതമായ പാട്ടനിരക്കു വെട്ടിക്കുറയ്ക്കുകയും കുടിശിഖപാട്ടവും കടവും ഈടാക്കുന്നതിനുള്ള കോടതി നടപടികൾ നിറുത്തിവയ്ക്കുകയും ഉടൻ ചെയ്യേണ്ടതുണ്ടു്. ഈ വക സംഗതികൾക്കു ഗവണ്മെന്റു തുനിയുന്നില്ലെങ്കിൽ ഒരു വമ്പിച്ച കലാപത്തെ അഭിമുഖീകരിക്കാൻ അവർ തയ്യാറാകേണ്ടിവരുമെന്നു് ഈയവസരത്തിൽ ഞാൻ അവരെ താക്കീതുചെയ്യാനാഗ്രഹിക്കുന്നു.

Mr. Speaker : The House will now rise for lunch.

The House rose for lunch at 12-30 P. M. and re-assembled at 2-30 P. M. with Mr. Speaker in the Chair.

ശ്രീ. കെ. സി. നൈനാൻ : സർ, നമ്മുടെ രാജ്യത്തു നിലവിലുണ്ടായിരുന്ന നെൽക്കരം ഏർപ്പാടു് നിർത്തലാക്കിയിട്ടു് ഇപ്പോൾ നാല്പത്തിയഞ്ചുവർഷത്തിൽ കൂടുതലായിരിക്കുന്നു. എങ്കിലും ഏററവും അപരിഷ്കൃതമായിരുന്ന ആ ഏർപ്പാടു് എന്റെ നിയോജകമണ്ഡലമായ കല്ലൂപ്പാറ പകുതിയിൽ ഇന്നും നിലവിലുണ്ടു്. ഈ അസംസ്കൃതമായ നെൽക്കരം ഏർപ്പാടു് യാതൊരു കാലതാമസവും കൂടാതെ നിർത്തൽചെയ്തു അതിനു പരിഹാരമുണ്ടാക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. അതുപോലെ തന്നെ സെററിൽമെന്റു് ഏർപ്പാടു് നടപ്പിലാക്കിയിട്ടു് ഏകദേശം നാല്പതുവർഷത്തോളമായെങ്കിലും കല്ലൂപ്പാറ പകുതിയിൽ അതു സംബന്ധിച്ചുള്ള രജിസ്റ്റർ ഇതുവരെ അവിടത്തെ താലൂക്കുകച്ചേരിയിൽ അച്ചടിച്ചു സൂക്ഷിച്ചിട്ടില്ല. അതിനെ സംബന്ധിച്ചു് വളരെ നാൾമുമ്പു്, അതായതു് ഏകദേശം പതിനഞ്ചു വർഷങ്ങൾക്കു മുമ്പു് ഈ സഭയിലെ തിരുവനന്തപുരം മെമ്പറായ ശ്രീമാൻ പട്ടം താണുപിള്ള മുഖാന്തിരം ഞാൻ ഇക്കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ, രജിസ്റ്റർ അച്ചടിക്കാൻ കൊടുത്തിട്ടുണ്ടെന്നും, അതു് ഉടൻതന്നെ കിട്ടുമെന്നും ഗവണ്മെന്റു ഭാഗത്തുനിന്നു പറഞ്ഞതായി ഓർക്കുന്നു. എന്നാൽ അതിനുശേഷം പതിനഞ്ചു വർഷം കഴിഞ്ഞിട്ടും സെററിൽമെന്റു രജിസ്റ്ററിന്റെ കാപ്പി പ്രിന്റു ചെയ്തു തീർക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ളതു പരിതാപകരമാണു്. അന്നു് ഇതിന്റെ കാപ്പി പ്രിന്റുചെയ്യാൻ കൊടുത്തിരുന്നതു് നാഷനൽ പ്രിന്റിംഗ് ഹൗസിലായിരുന്നു. എന്നാൽ ഇന്നാകട്ടെ ആ പ്രസ്സു് പോയി എന്നുമാത്രമല്ല, അതു അടിക്കാൻ കൊടുത്തിരുന്ന ആളും രാജ്യംവിട്ടു.

എന്നിട്ടും അതിന്റെ കോപ്പി ഇതുവരെ താലൂക്കുകച്ചേരിയിൽ കൊടുത്തിട്ടില്ല. അതുപോലെതന്നെ പകുതിക്കച്ചേരിയിൽപോയി "ചിററ"യുടെ പകർപ്പു വാങ്ങിവേണം പാട്ടക്കാരൻ കൃഷിക്കു് അപേക്ഷിക്കുവാൻ. ഈ പകർപ്പിനുവേണ്ടി പാവപ്പെട്ട കർഷകൻ അഞ്ചെട്ടു മൈൽ നടന്നു പകുതിക്കച്ചേരിയിൽചെന്നു് പകർപ്പുവാങ്ങി, അറുപതുമൈൽ നടന്നു് ഇടപ്പള്ളി കൊട്ടാരത്തിൽചെന്നു് തമ്പുരാനോടു് അപേക്ഷിക്കണം. അവിടത്തെ തമ്പുരാനു് കൈയ്ക്കൂലിയായും മററിനങ്ങളായും അന്യായമായ തുക കൊടുത്തുവേണം വസ്തു കൃഷിക്കു വാങ്ങിക്കാൻ. ഈ ഏർപ്പാടു വളരെ വ്യയഹേതുകവും അനാവശ്യവുമാണു്. അതിനാൽ നെൽക്കരം ഏർപ്പാടു കഴിയുന്നത്ര വേഗത്തിൽ നിർത്തലാക്കണമെന്നാണു് എനിക്കു ഗവണ്മെൻറിനോടു് അപേക്ഷിക്കുവാനുള്ളതു്. ഈ നെൽക്കരം ഏർപ്പാടു നിർത്തലാക്കാതിരിക്കുന്നതിനു് ഗവണ്മെൻറു് ചില കാരണങ്ങൾ പറഞ്ഞേക്കും. ഇതു നിർത്തലാക്കാതിരിക്കുന്നതു് ഗവണ്മെൻറിനു യാതൊരുവിധത്തിലും അഭിമാനകരമല്ല.

അതുപോലെ തന്നെ പകുതിക്കച്ചേരികളിൽ വസ്തുക്കളെ സംബന്ധിച്ചുള്ള പോക്കുവരവു് അശേഷം നടത്താറില്ല. ൮൦ കൊല്ലത്തിനുമുമ്പു വസ്തുവിന്റെ അവകാശം വിട്ടാലും പഴയ ആളിന്റെ തണ്ടപ്പേരിൽതന്നെ വസ്തു കിടക്കുന്നതായി ഇന്നും കാണാം. ഇങ്ങനെയുള്ള വസ്തുക്കൾ കാലക്രമത്തിൽ കരക്കടിശ്ശികയ്ക്കും മററുമായും പകുതി ഉദ്യോഗസ്ഥന്മാരുടെയും അവരുടെ ഭാര്യമാരുടേയും ബന്ധുക്കളുടേയും പേരിൽ പിടിച്ചു് അവർ വസ്തുക്കൾ കൈവശംവച്ചു് അനുഭവിച്ചുവരുന്നതായി ധാരാളം ഉദാഹരണങ്ങളുണ്ടു്. ഇതിനു കാരണം ഇടപ്പള്ളി തമ്പുരാക്കന്മാർ അവരുടെ മാനേജരന്മാരായും മററും നിയമിക്കുന്ന പ്രാപ്തിയില്ലാത്ത ആളുകളെ ഗവണ്മെൻറു് അംഗീകരിക്കുന്നതുകൊണ്ടാണു്. യോഗ്യതയുള്ളവരെ അവർ നിയമിച്ചില്ലെങ്കിൽ ഗവണ്മെൻറു് ആ നിയമനം അംഗീകരിക്കാൻ പാടില്ല. അവർ സാധാരണയായി നിയമിക്കാറുള്ളതു് പെൻഷൻപററി യാതൊരു കാര്യത്തിനും കഴിവില്ലാതെ വരുന്നവരെയാണു്. ഇങ്ങനെയുള്ളവരുടെ നിയമനത്തെ സംബന്ധിച്ചു് യാതൊരു അന്വേഷണങ്ങളും നടത്താതെ അതിനെ അംഗീകരിക്കയാണു് ഗവണ്മെൻറു ചെയ്യുന്നതു്. ഈ ഏർപ്പാടു നിശ്ശേഷം നിറുത്തലാക്കേണ്ടതാണു്.

ഇനി മറെറാരു കാര്യം പറയുവാനുള്ളതു് പുറമ്പോക്കുസ്ഥലങ്ങളെയും അവയുടെ കൈവശത്തെയും സംബന്ധിച്ചാണു്. ഗവണ്മെൻറിനു പലവിധത്തിലുള്ള പുറമ്പോക്കുസ്ഥലങ്ങളുണ്ടു്. ചില പുറമ്പോക്കു സ്ഥലങ്ങൾ വഴിവെട്ടുന്നതിനായി കൊടുത്തിട്ടുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങൾ പുറമ്പോക്കായി ഡിക്ലയർ ചെയ്തിട്ടുണ്ടെങ്കിലും അവയുടെ മേലുള്ള കരം കുറവു ചെയ്തുകൊടുത്തിട്ടില്ല. അതുപോലെതന്നെ നമ്മുടെ രാജ്യത്തു് ബേസിക്കു് ടാക്സ് ഏർപ്പെടുത്തിയപ്പോൾ ഗവണ്മെൻറുഭാഗത്തുനിന്നും പറയുകയുണ്ടായി, അതു് ജനങ്ങൾക്കു് ആശ്വാസം നൽകുന്നതിനുവേണ്ടിയാണെന്നു്. എന്നാൽ കല്ലൂപ്പാറ പകുതിയിൽ ഈ ബേസിക്കു് ടാക്സ് ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. മാത്രമല്ല, അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടുതാനും. തൻമൂലം ബേസിക്കു് ടാക്സ് മൂലമുള്ള ആശ്വാസം കർഷകർക്കു് ലഭിച്ചിട്ടില്ലെന്നു മാത്രമല്ലമററു കരങ്ങൾ കൊടുക്കേണ്ടതായും ഇരിക്കുന്നു. ഈ അനീതി ഇനിമേൽ അനുവദിക്കാൻ

[ശ്രീ. ഒ. സി. നൈനാൻ.]

പാടില്ല. അതുകൊണ്ടു് ഈ മാതിരി കൂടുതൽ കരങ്ങൾ എത്രയും വേഗം മാററണമെന്നു ഞാൻ ഒരിക്കൽകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

ലാൻഡ്ു് റവന്യൂ ഡിപ്പാർട്ടുമെൻറിലെയും മററു ആവശ്യങ്ങൾക്കായി ലാൻഡ് അക്വിസിഷൻ നടത്തുന്നതിൽ വലിയ കാലതാമസം വരുന്നുണ്ടു്. അതിനു നിയുക്തരായിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ വലിയ അനാസ്ഥ കാണിക്കുന്നുണ്ടു്. ഇക്കാര്യത്തിൽ ഗവണ്മെൻറിൻെറ സത്വര ശ്രദ്ധ പതിയണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മറെറാരു സംഗതികൂടി എനിക്കു പറയുവാനുണ്ടു്. ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കാൻ ഗവണ്മെൻറ ചുമതലപ്പെടുത്തിയിട്ടുള്ളതു് തഹശീൽദാരന്മാരെയാണു്. അവർക്കു് ശരിയായ ശമ്പളവും അലവൻസും ലഭിക്കുന്നില്ലെന്നു് വലിയ പരാതിയുണ്ടു്. അവരിൽ കുറേപ്പേരെയെങ്കിലും ഫസ്റ്റ്ഗ്രേഡാക്കി, അസിസ്റ്റൻറ സെക്രട്ടറിമാരുടെ ശമ്പളം കൊടുത്താൽ ലാൻഡ്ു് റവന്യൂ ഡിപ്പാർട്ടുമെൻറിലെ കാര്യങ്ങൾ ക്രമമായും സമർത്ഥമായും നടത്താൻ സാധിക്കുമെന്നാണു് എൻെറ വിശ്വാസം. അതിനാൽ ഈ സംഗതിയും ഗവണ്മെൻറിൻെറ പരിഗണനയ്ക്കായി ഞാൻ പ്രത്യേകം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ : എനിക്കു് ആദ്യമായി മണിയംകരത്തെപ്പററിയാണു് പറയുവാനുള്ളതു്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. നടരാജപിള്ള ഇവിടെ ഉന്നയിച്ചിട്ടുള്ള ഓരോ അഭിപ്രായത്തോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതേ സമയംതന്നെ ഞാൻ ഒരുകാര്യം ഗവണ്മെൻറിനെ അറിയിക്കാൻ ആഗ്രഹിക്കുന്നു. അതായതു് ഈ പ്രശ്നം പരിഹരിക്കാൻ ഗവണ്മെൻറ് ഒരു നിമിഷവും താമസിക്കരുതെന്നുള്ളതാണു്. മണിയംകരം കൃഷിക്കാർ സംഘടിച്ചുകഴിഞ്ഞു. സകല രാഷ്ട്രീയകക്ഷികളും അഭിപ്രായവ്യത്യാസം കൂടാതെ അവരെ ഇക്കാര്യത്തിൽ പിൻതാങ്ങുന്നുണ്ടു്. രണ്ടുവർഷമായി ഈ ഇനത്തിലുള്ള കരം അവർ കൊടുക്കുന്നില്ല. ഈ ഇനത്തിൽ ഗവണ്മെൻറിനു് ഇപ്പോൾ ഒരു പൈസ പോലും കിട്ടുന്നില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: ராஷ்ட்ரீய கக்ஷிகள் பின்வாங்குகின்றன என்ற காரணத்திற்காக மணியம் கரத்தை நிறுத்த வேண்டுமென்பது மெம்பரின் உத்தேசமா?

ശ്രീ. എ. കുഞ്ഞൻനാടാർ : പൊതുജനാഭിപ്രായത്തെ ആദരിക്കുവാൻ തയ്യാറില്ലെങ്കിൽ, ഇവിടെയുള്ള എന്നല്ല ലോകത്തുള്ള യാതൊരു രാഷ്ട്രീയകക്ഷികളെയും നിങ്ങൾ വകവയ്ക്കേണ്ടതില്ല. എനിക്കു ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു് മണിയംകരം, കൃഷിക്കാർക്കു് സങ്കടകരമാണെന്നും അതിനാൽ അതു ഉടനടി നിറുത്തൽ ചെയ്യണമെന്നുമാണു്. കഴിഞ്ഞ രണ്ടുകൊല്ലമായി ഇത്ര ധൈര്യമുള്ള ഒരു ഗവണ്മെൻറ് ഇവിടെ ഉണ്ടായിരുന്നിട്ടും മണിയംകരം ഇനത്തിൽ ഒരു പൈസപോലും ഈടാക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു് ലജ്ജാകരമാണു് എന്നു ഞാൻ അറിയിക്കുന്നു.. എന്നു മാത്രമല്ല, ഒന്നുരണ്ടു പകുതിക്കച്ചേരികളിൽ മണിയംകരം

ഭൂമികൾ ലേലത്തിനവച്ചിട്ട ലേലം പിടിക്കാൻ ഒരാളുമില്ലായിരുന്നുവെന്നു് ഞാൻ ആ സ്ഥലത്തെ സംബന്ധിച്ചുള്ള യഥാർത്ഥ വിവരങ്ങൾ അറിയാവുന്ന നമ്മുടെ മന്ത്രിയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

രണ്ടാമതായി എനിക്ക പറയുവാനുള്ളതു് കണ്ടുകൃഷി കാര്യത്തെ സംബന്ധിച്ചാണു്. മണിയങ്കരം ശ്രീപണ്ടാരവക കരമാണെന്നു ഗവണ്മെൻറ ചില നിയമ തടസ്സങ്ങൾ പറയുന്നു. എന്നാൽ കണ്ടുകൃഷിയെപ്പററി അങ്ങനെ ഒന്നും പറയുവാനില്ല. കണ്ടുകൃഷി ഭൂമി മഹാരാജാവു തിരുമനസ്സിലെ സ്വന്തം സ്വത്തായിരുന്നു. അതു കഴിഞ്ഞ കൊല്ലം അദ്ദേഹം ഗവണ്മെൻറിന വിട്ടുകൊടുത്തു. അടുത്തു കൊണ്ടുവരാൻ പോകുന്ന ബില്ലിൽ തന്നെ കണ്ടുകൃഷി ഭൂമികൾ ബേസിക് ടാക്സിന വിധേയമാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. കണ്ടുകൃഷിഭൂമിയെ സംബന്ധിച്ചാണെങ്കിൽ കൃഷിക്കാരൻ പത്തുമുതൽ അൻപതു കൊല്ലംവരെ കൈവശം വച്ചിരുന്നാലും അയാൾക്ക യാതൊരു അവകാശവും വസ്തുവിന്മേലില്ല. അയാൾ എന്നും പാട്ടക്കാരൻതന്നെയാണു്. അയാൾക്ക യാതൊരു വിധത്തിലും വസ്തു കൈമാററം ചെയ്യാൻ പാടില്ല ഈ വക വസ്തുക്കൾ സംബന്ധിച്ചു കോടതിയിൽ കേസ്സു കൊടുക്കണമെങ്കിൽ ഗവണ്മെൻറു് അനുവാദം വേണം. അതു ലഭിക്കയുമില്ല. ഇതുകൂടാതെ അൻപതുരൂപയിൽ കൂടുതൽ വിലപിടിപ്പുള്ള വീടുപണിയാൻ പാടില്ല. മകളുടെ വിവാഹത്തിന പിറകു മുറിച്ചാൽപോലും പ്രവൃത്തിക്കാർ വന്നു കേസ്സെടുക്കും. ഇതാണു് അവരുടെ സ്ഥിതി. ഇതിന ഒരു പരിഹാരം എത്രയും വേഗത്തിൽ ഉണ്ടാകേണ്ടതാണു്.

അടുത്തതായി എനിക്ക പറയുവാനുള്ളതു്, ഗവണ്മെൻറ ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാണു്. വെള്ളായണിക്കായൽ പതിച്ചുകൊടുത്ത രീതിയെപ്പററി എനിക്ക പ്രത്യേകം ചിലതു പറയുവാനുണ്ടു്. ഇതു സംബന്ധിച്ചു് എത്രത്തോളം അനീതിനടന്നിട്ടുണ്ടെന്നു ഗവണ്മെൻറിനു ശരിയായി മനസ്സിലായിട്ടുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. ഇതുസംബന്ധിച്ചു ഗവണ്മെൻറ ഭാഗത്തുനിന്നു ഞാൻ ഒരു മറുപടി പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ അവർകൾ ചില ചോദ്യങ്ങൾക്കു് ഉത്തരമായി സഭയിൽ പറഞ്ഞ സംഗതികളിൽനിന്നും എനിക്ക മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്, അദ്ദേഹത്തിനു് ഈ കായൽ പതിവുസംബന്ധിച്ചു് നടന്നിട്ടുള്ള അഴിമതികളെപ്പററി ശരിയായി മനസ്സിലായിട്ടില്ലെന്നാണു്. വെള്ളായണിക്കായലിൽ ൩൫൫ (355) ഏക്കർ സ്ഥലം ൧൧൨൩-ൽ കുത്തകപ്പാട്ടത്തിന കൊടുത്തു. ൧൧൨൫-ൽ കുറെ സ്ഥലം ലേലത്തിൽ കൊടുത്തു. എന്നാൽ, സ്ഥലം നാട്ടുകാരായ കൃഷിക്കാർക്കു് ലഭിച്ചില്ലെന്നും, ലേലസമ്പ്രദായം നീതീകരിക്കത്തക്കവിധത്തിലായിരുന്നില്ലെന്നും സർക്കാരിലേയ്ക്കു പരാതി ലഭിച്ചതിൻെറ ഫലമായി ൧൧൨൬-ൽ പാട്ട കാലാവധി അവസാനിച്ചപ്പോൾ, ശ്രീമാൻ ടി. കെ. നാരായണപിള്ള അവർകളുടെ ൨൨-൨-൫൧-ലെ ഉത്തരവനുസരിച്ചു്, ഗവണ്മെൻറു് ആ സ്ഥലം രണ്ടേക്കർ ബ്ലോക്കുകളായി സ്ഥലത്തുള്ള കൃഷിക്കാർക്ക ലേലംചെയ്തു കൊടുക്കണമെന്നു വ്യവസ്ഥചെയ്തു. അതിൻെറ ഫലമായി ൨൦-൧-൫൨-ൽ നേമം പകുതിക്കച്ചേരിയിൽ വച്ചു് ഒരു ലേലം നടന്നു. അന്നേദിവസം ൭൫ ഏക്കർ സ്ഥലം ലേലം ചെയ്തപ്പോൾ സമയം വൈകിപ്പോയി. ലേലം തന്മൂലം മാററിവയ്ക്കുക

[ശ്രീ. എ. കുഞ്ഞൻ നാടാർ]

യുണ്ടായി. ആ വ്യ ഫ ഏക്കർ അവിടത്തെ കൃഷിക്കാരായ അദ്ധ്വാനിക്കുന്നവർ കമ്പേറേററീവ് റേററ്സിൽപിടിച്ചു. അതിന് ഏക്കറിന ൪൦൦ രൂപ ഗവണ്മെൻറിന പാട്ടം ലഭിച്ചു. ബാക്കി ഭൂമി ലേലംചെയ്യാതെ റവന്യൂഡിപ്പാർട്ടുമെൻറിലെയും ഫുഡ്പ്രൊഡക്ഷൻ ബോർഡിലേയും ഉദ്യോഗസ്ഥന്മാരുടേയും ബന്ധുക്കളുടേയും പേരിൽ പതിച്ചു കൊടുത്തു. ഏക്കറിന് നൂറു രൂപ നിരക്കിനാണ് പതിച്ചുകൊടുത്തത്. ഇതു് ഗവണ്മെൻറിന് ഒരു തീരാകളങ്കമായിരിക്കുമെന്ന് ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു. അതുകൊണ്ടു് ഈ സ്ഥലം തിരിച്ചെടുത്തു യഥാർത്ഥ കൃഷിക്കാർക്കു കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ഊട്ടുക്കുർ സെററിൽമെൻറു സംബന്ധിച്ചുള്ള ജോലികൾ ശരിക്കു നടത്തുന്നതിനുവേണ്ടി കൂടുതൽ സ്റ്റാഫ് അനുവദിച്ചു്, ഒരു ടൈം ലിമിററുവച്ചു് ആ ജോലി തീർക്കുവാൻ നിർദ്ദേശം നൽകണമെന്നാണ്. നെയ്യാററിൻകര, വിളവൻകോടു് ഈ താലൂക്കുകളിൽ ഉണ്ടാകുന്ന കൊലക്കേസ്സുകളിലും ക്രിമിനൽ കേസ്സുകളിലും തൊണ്ണൂറു ശതമാനവും ഊട്ടുക്കുറിൽനിന്നുത്ഭവിക്കുകയാണ് ഇന്നിരിക്കുന്ന ആഫീസറെ പ്രോൽസാഹിപ്പിച്ചും കൂടുതൽ സ്റ്റാഫു നൽകിയും ഊട്ടുക്കുർ ഒരു കൊല്ലത്തിനകം നിറവേറ്റൽ ചെയ്യണമെന്നു ഞാനപേക്ഷിക്കുന്നു.

ശ്രീ. ജോസഫ് ചാഴപ്പിള്ളി : സർ, ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിലേയ്ക്കുള്ള ധനാഭ്യർത്ഥന അവതരിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ രണ്ടുമൂന്നു കാര്യങ്ങൾ കൊണ്ടുവരണമെന്ന് ഞാൻ ഉദ്ദേശിക്കുന്നു. ആദ്യമായി പുറമ്പോക്കു സ്ഥലങ്ങളുടെ കാര്യമാണു് എനിക്ക് സംസാരിക്കുവാനുള്ളതു്. ഇന്ന് ഈ സഭയുടെ നാനാഭാഗങ്ങളിൽനിന്നും ഇതു സംബന്ധിച്ചുണ്ടായ അഭിപ്രായഗതി, ഏതൊരു സാഹചര്യത്തിലാണെങ്കിലും കുടിയിറക്കുവാൻ പാടില്ലെന്നും അങ്ങനെ ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നുമാണ്. വാസ്തവത്തിൽ ഈ അഭിപ്രായഗതിയോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഇന്നു നമ്മുടെ നാട്ടിലുള്ള പുറമ്പോക്കുകളിൽ റോഡു പുറമ്പോക്ക്, തോടു പുറമ്പോക്ക്, എന്നു പല ഇനങ്ങളുമുണ്ടു്. ഈ സ്ഥലങ്ങളിൽ കുടിയേറി പാർക്കുന്നവരെ യാതൊരു കാരണവശാലും ഇറക്കിവിടാൻ പാടില്ലെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല. കുടി കിടക്കുവാൻ ഭൂമിയില്ലാത്തവരുടെ ഒരു സർവ്വേ ഉടനെ നടത്തി ഏതു സ്ഥലമാണ് കൊടുക്കേണ്ടതു് എന്നും എത്ര സ്ഥലം കൊടുക്കണം എന്നും വ്യക്തമായ ഒരു കണക്കു ഗവണ്മെൻറ് എടുക്കണം. അതുണ്ടാകാത്ത പക്ഷം സ്വന്തം സ്ഥലം വളരെയുള്ളവർ ഗവണ്മെൻറു ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നറിയുവാൻ സാധിക്കയില്ല. അങ്ങനെ സ്ഥലം അവരുടെ കൈവശമുള്ളപക്ഷം അതെടുത്തു് ഭൂമിയില്ലാത്തവർക്കു കൊടുക്കുന്നതിനുവേണ്ടി അവരെ ഇറക്കേണ്ടതായി വരും. അതുകൊണ്ടു് മേലാൽ ഈ വക ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സ്ഥലമില്ലാത്ത ഒരാളിന് കുടികിടക്കാൻ എത്ര സ്ഥലം കൊടുക്കുമെന്നും, ഏതെല്ലാം സ്ഥലത്തുനിന്നാണ് കൊടുക്കുന്നതെന്നും, എന്തു വ്യവസ്ഥകൾ അനുസരിച്ചാണ് കൊടുക്കുന്നതെന്നും ഉള്ളതിലേയ്ക്കു് ഒരു ക്ലിപ്തമായ പരിപാടി സ്വീകരിച്ചു് പരസ്യം ചെയ്യേണ്ടതു് വളരെ

അത്യാവശ്യമാണ്. അങ്ങിനെയാണെങ്കിൽ ഇന്നു കാണുന്നകുഴപ്പങ്ങൾ ഉണ്ടാകാതെ കഴിക്കാൻ സാധിക്കും.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ലാൻഡ് അക്വിസിഷനെ പററിയാണ്. ഇപ്പോൾ ഭൂമി അക്വയർ ചെയ്തു കഴിഞ്ഞാൽ വളരെക്കാലം കഴിഞ്ഞാണ് പണം കൊടുക്കുന്നതു്. ഇതു് ലാൻഡ് അക്വിസിഷൻ റൂളിന്റെ പോരായ്മയാണെങ്കിൽ അതു് ഉടനടി മാററേണ്ടതാണ്. അതല്ല റവന്യൂ ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൊണ്ടാണ് സമയദൈർഘ്യം ഉണ്ടാകുന്നതെങ്കിൽ അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. രണ്ടും മൂന്നും കൊല്ലം കഴിഞ്ഞ ശേഷവും പണം കൊടുക്കുന്നതിനു സാധിക്കാതെ വരുന്നതു് ഏററവും ദയനീയമായ ഒരു കാര്യമാണ്. ആ കാര്യത്തിൽ ഗവൺമെൻറിന്റെ സത്വരശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് ഞാൻ ഈ അസംബ്ലിയിൽ ഒരു ചോദ്യം മുഖേന ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. കൊച്ചി വിഭാഗത്തുള്ള ഇരുപ്പുകരം ഈടാക്കുന്നതിനെപ്പററിയുള്ളതായിരുന്നു ആ ചോദ്യം. ഗവൺമെൻറിൽനിന്നും അന്ന് ഉ . രം പറഞ്ഞതു് ഇരുപ്പുക്കരം കൊച്ചി വിഭാഗത്തുനിന്നും പിരിക്കുന്നതിന് ഉദ്ദേശിച്ചിട്ടില്ലെന്നാണ്. എന്നാൽ വില്ലേജ് ഉദ്യോഗസ്ഥന്മാരിൽനിന്നും അവിടെ പലക്കും അതിനു നോട്ടീസ്സ് കിട്ടിയിട്ടുണ്ടു്. അതിനാൽ ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തു നിലയാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമായി അറിയിക്കേണ്ടതാണ്. ആ കരം പിരിക്കുന്നതിനുള്ള നടപടികൾ എന്തെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ അതു് ഉടനെ തടയണം.

വേറൊരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു് ക്വാറിയിംഗ് നികുതിയെപ്പററിയാണ്. ഇവിടെയുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് ഈ നികുതി എന്താണെന്ന് അറിവു കാണുകയില്ല. ഒരാളുടെ സ്വന്തംഭൂമിയിൽനിന്നു കല്ലോ മണ്ണോ വെട്ടിയെടുക്കുന്നതിനു കൊടുക്കേണ്ട ഒരു നികുതിയാണിതു്. അങ്ങനെ വെട്ടിയെടുക്കുന്നതിനു സ്ഥലത്തുള്ള പാർവ്വത്യകാരന്മാർ റെക്കമെൻറു ചെയ്തു തഹശീൽദാരന്മാർ അതിലേയ്ക്കു് ഒരു ലൈസൻസ് തരേണ്ടതുണ്ടു്. ഈ ഉദ്യോഗസ്ഥന്മാരെയെല്ലാം കാഴ്ചകൾ വഴി കണ്ടുകഴിഞ്ഞതിനുശേഷമേ ലൈസൻസ് കിട്ടുകയുള്ളു. അങ്ങനെയുള്ള ലൈസൻസ് എടുത്താൽ മാത്രം പോരാ ഒരു നികുതിയും കൊടുക്കണം. ഈയിനത്തിൽ ഗവൺമെൻറിനു കിട്ടുന്ന നികുതി വളരെ തുച്ഛമാണ്. അങ്ങനെ തുച്ഛമായിട്ടുള്ള ഒരു സംഖ്യക്കുവേണ്ടി ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്ന ഇക്കാര്യത്തിനും ഗവൺമെൻറ് ഉടൻ ഒരു പരിഹാരം ഉണ്ടാക്കേണ്ടതാണ്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Shri A. Thanu Pillai: Sir, there are many aspects of the land question that require immediate consideration. Even today, Sir, we hear hon. Members discuss many topics, one regarding land assessment mainly and the rules and practice relating thereto, and the equalisation of tax. Now, Sir, these matters do not, according to me, stand by themselves independently of other aspects of the land question. There is assignment of land. There has been indiscriminate assignment during the last few

[Shri A. Thanu Pillai]

years and Government themselves have ordered that hereafter no such assignment will be made, particularly of forest land. Mr. Nataraja Pillai points out that the rules relating to the assignment of land are very unsatisfactory, at any rate, the way in which assignments are received by Government. Land is assigned for a particular period on kuthagapattom lease. But then to the knowledge of the Revenue authorities and the Government, houses are put up in those lands. If it is only an assignment for 6 years or 12 years or even 20 years, what is the meaning of houses being built upon that land? What is the idea? Government have no definite idea at all. Therefore, the rules must be specific; and the rules must be enforced. If necessary, the Kuthagapattom rules have to be amended.

Now, there are large numbers of landless people in the State. Government declared some time ago during last year that it was their idea to provide house sites for practically all the houseless people of the State and collected statistics. What is it that is happening? In this town itself, slums are being created. You go to the Barton Hill in Kunnukuzhi in the town itself. One of the Ministers live close to that place, I do not know who it is—you will find hundreds of huts coming up. Is it the way in which accommodation should be made available for people and that in a City like Trivandrum, I ask. It is not a rural area where one or two huts are put up here and there. But hundreds of houses are coming up in an area of about an acre or two. That shows that absolutely no attention is paid to that question of providing adequate house sites or accommodation—not only adequate but any kind of accommodation to the homeless. How can you prevent them from entering upon that land and putting up huts when they have absolutely no place to rest in? How can consciously any objection be raised to that course of action? At the same time, is it right to allow that? So, Sir, I should make it very clear to Government that it is high time that we think of providing accommodation to the homeless.

We hear a good deal about the assignment of land. What land is available should be equitably distributed and along with that, should be tackled the general question of our land policy. Here, we find a point raised about the people who pay maniamkaram. Among the people who pay this maniamkaram there are persons who own 50 acres, 100 acres and more. To give relief to the agriculturists we are thinking of lowering the tax, equalising the tax and doing similar things. But then how long are we going to allow these people who own 100 acres or more, to continue in possession of such lands, making other people work and enjoying the fruits thereof themselves? We have paucity of land. When are we going to think of any more equitable distribution of land, so that the worker, may feel satisfied, where more food can be produced and where contentment

may be the result? All these subsidiary questions relating to land are tied up with the general question of our policy regarding land. We have been urging this upon Government many a time for a sufficiently long period. I would again emphasise the necessity of dealing with this matter. Let us come to some conclusions whether there should be a ceiling in regard to the area that one may occupy, whether there should be a law preventing mortgages, etc. We know of mortgagees in possession enjoying hundreds and thousands of acres. These problems can be satisfactorily tackled and settled only on a consideration of our general policy with regard to land. So, that is what I mainly want to emphasise. Let us lose no. time. I think it is a very difficult question. But let a Bill be brought forward by Government. Let the Bill come before the House. We will consider all these aspects. Nobody will be unreasonable. In a State like this, where land is so little, where the population is so large, where most people depend upon agriculture and subsidiary occupations, we know how to tackle the problem. The problem bristles with difficulties and the Government, Sir, need not be afraid that the Opposition Members will take an unreasonable attitude. We want to settle the matter in as satisfactory a manner as possible consistently with the limitations naturally existing. So, I would urge upon the Government at least in the next session to bring a Bill in this House. Otherwise, none of these problems can be satisfactorily settled.

In regard to the equalisation of tax -that is a very important matter- about which there is a lot of criticism. The South Travancore tenants are heavily taxed. There the old rates of tax are still in force, in respect of Sripadam, Pandaravaka and Kandukrishi lands and so on. How to give relief to these tenants? Anyway, the matter has to be taken into consideration and the question has to be settled. The details I do not go into, because we cannot come to any final conclusion without consideration of all aspects. What is the course that Government are going to adopt in regard to these matters? There are other categories of lands functioning in Chirayinkil—Sripadam and Kilimanoor lands. What are we going to do with these lands? The Kilimanoor lands are clearly Government lands—just like our lands. There may be more difficulty in respect of Sripadam and Pandaravaka lands. I can see that. But then the Kilimanoor lands were Government lands which were given on grant to the Kilimanoor family. After the introduction of the basic tax, the Kilimanoor tenants are paying tax at the old rates, while they have to pay only basic taxes.

Shri O. C. Ninan: The Edappilli Chief's tenants are paying only basic tax.

Shri A. Thanu Pillai: The Edappilli Chief's tenants are not paying basic tax but the Settlement tax. But I am not sure whether the Edappilli Chief's lands stand on the same footing as the Kilimanoor lands. Kilimanoor lands I know. There may be difference only in the nature of the land. As for the recovery, the procedure is the same.

[Shri A. Thanu Pillai.]

One or two other minor things I wish to mention, in regard to markets. There is a lot of agitation going on in respect of these markets with regard to the collection of dues. I think throughout, the law is ignored. In every market, dues are collected in excess of the scheduled rates and there is a lot of complaint, and I have one suggestion to make for the very sympathetic consideration of Government. Is it not possible to abolish levying market dues at all ? After all, what is it that we get ? It cannot be more than a lakh of rupees. We want to help the cultivators. And after all, who is it that brings the produce to the market ? The real worker on the land. He produces 'kathirika' and 'vendakka' and brings them to the market. Then he has to pay the dues. He may not be able to get the amount he paid as market dues by selling the whole of his produce. This should be put an end to.

Shri A. Chidambaranatha Nadar : People who are bringing headloads need not pay.

Shri A. Thanu Pillai : I also know it. The headloads need not be paid. But the headload men have to pay in effect. If he should enter the premises and sell his things, he must pay. Why not we dispense with this thing ? Look at the trouble that will be avoided.

Shri O. C. Ninan : What is the Member's opinion with regard to the private market owners ?

Shri A. Thanu Pillai : They are the worst people. As if the private market owners are allowing the markets to be held on their lands for salvation ! They make money otherwise. They have a number of shops there. They get a lot of money by renting those shops. It is on account of that that they allow markets to be held in their lands. So, we may abolish private markets and provide public markets as far as possible. No private market owner will give up his market simply because dues are not collected.

Sir, I do not want to take more time.

[3 P. M.]

ശ്രീ. വി. ശ്രീധരൻ : കൊച്ചിക്കുംകൂടി ബാധകമാകത്തക്ക വിധത്തിൽ തിരുവിതാംകൂറിൽ നിലവിലുള്ള അടിസ്ഥാനനികുതി സമ്പ്രദായം ഏർപ്പെടുത്തണമെന്നും, മറ്റെല്ലാ നികുതിസമ്പ്രദായങ്ങളും അവസാനിപ്പിക്കണമെന്നും, ഇതു കർഷകരുടെ ഒരു അടിയന്തിരാവശ്യമാണെന്നും ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻവേണ്ടിയാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്.

സർ, അനേകം നൂററാണ്ടുകളായി ജന്മിത്വത്തിൻെറയും നാടുവാഴിത്വത്തിൻെറയും സാമ്രാജ്യത്വത്തിൻെറയും ചൂഷണത്തിനു വിധേയരായിക്കഴിയുന്ന നമ്മുടെ നാട്ടിലെ കർഷകർ വളരെയധികം പ്രതീക്ഷകളോടെയാണ് കോൺഗ്രസ്സിനെ അധികാരത്തിൽ കൊണ്ടുവന്നതു്.

എന്നാൽ കോൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഇന്നുവരെയുള്ള അനുഭവം അവരുടെ പ്രതീക്ഷകളെയെല്ലാം തകർക്കുന്നതരത്തിലുള്ളതാണ്. എവിടെവിടെയെല്ലാം കർഷകർ സംഘടിച്ച് അവരുടെ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ടു മുന്നോട്ടു വന്നിട്ടുണ്ടോ അവിടവിടെയെല്ലാം ഈ സർക്കാർ അവരുടെ നേരെ അങ്ങേഅററത്തെ മർദ്ദനം പ്രയോഗിച്ചിട്ടുണ്ട്, അടിച്ചമർത്തിയിട്ടുണ്ട്.

നമ്മുടെ രാജ്യത്തിലെ ജനസംഖ്യയിൽ ൭൦ ശതമാനത്തോളം വരുന്ന കർഷകർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ അനവധിയാണ്. സാമ്രാജ്യശക്തികളുടെ കടന്നുകയറിപ്പിന്റെ ഫലമായി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു കൃഷിക്കാരുടെ ദുരിതങ്ങളെ ഒരു നൂറിരട്ടി വർദ്ധിപ്പിച്ചിട്ടുണ്ട്.

കർഷകർക്ക് ആശ്വാസപ്രദമായ നടപടി സ്വീകരിച്ചിരിക്കുന്നതിൽ ഈ സർക്കാർ ദയനീയമായി പരാജയമടഞ്ഞിരിക്കുന്നുവെന്നാണ് എനിക്കു ആദ്യമായി പറയുവാനുള്ളത്.

൧൧൨൧-ൽ ബേസിക് ടാക്സ് പ്രോക്ലമേഷൻ തിരുവിതാംകൂറിൽ നടപ്പിലാക്കിയപ്പോൾ വളരെയധികം ഭൂമികളെ അതിന്റെ പരിധിയിൽനിന്നും ഒഴിവാക്കി നിറുത്തി. തിരുവനന്തപുരം ഡിവിഷനിലെ ശ്രീപണ്ടാരവക ഭൂമികളും; പ്രധാനമായും ചിറയിൻകീഴ് താലൂക്കിലെ ശ്രീപാദംവക വസ്തുക്കളും തിരുവിതാംകൂറിന്റെ പലഭാഗങ്ങളിലായി കിടക്കുന്ന കണ്ടുകൃഷി ഭൂമികളും കിളിമാനൂർ, ഇടപ്പള്ളി, വഞ്ഞിപ്പുഴ, പൂഞ്ഞാർ എന്നീ ഇടവകകളും അങ്ങനെ ഒഴിവാക്കപ്പെട്ടിട്ടുള്ള വസ്തുക്കളാണ്. ശ്രീപാദം രാജകുടുംബത്തിന്റെയും, ശ്രീപണ്ടാരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെയും, കണ്ടുകൃഷി രാജാവിന്റെയും, ഇടവകകൾ നാടുവാഴിത്തത്തിന്റെ പിൻതുടർച്ചാവകാശികളുടെയും (മാടമ്പിത്തത്തിന്റെയും) വകയാണെന്ന് അവകാശപ്പെട്ടുകൊണ്ടാണ് ഈ അക്രമപ്പിരിവ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ചിലവിലേക്ക് ൫ ലക്ഷം രൂപ പൊതുമുതലിൽനിന്നും, ഒരു ലക്ഷം രൂപ ദേവസ്വംഫണ്ടിൽനിന്നും, കൊടുത്തുകൊണ്ടിരിക്കുമ്പോൾ, രാജപ്രമുഖന് പ്രതിവർഷം ൨൧ ലക്ഷം രൂപ കൊടുത്തുകൊണ്ടിരിക്കുമ്പോൾ, ഇടവകപ്രമാണികൾക്ക് ജീവിക്കാൻ ആവശ്യത്തിൽകവിഞ്ഞു സ്വത്തുക്കൾ സ്വന്തമായി ഉണ്ടായിരിക്കെ എന്തിനാണ് ഈ നികുതിസമ്പ്രദായങ്ങൾ ഇന്നും കർഷകരുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്? ശ്രീപാദംവക വസ്തുക്കൾ കൈവശംവച്ച് അനുഭവിക്കുന്ന കർഷകർ പറയ്ക്കു ൩ മുതൽ ൬-ം ൭-ം പറ നെല്ലുവരെ പാട്ടമായി അളക്കേണ്ടിയിരിക്കുന്നു. ശ്രീപണ്ടാരവക വസ്തുക്കൾക്ക് ചില സ്ഥലങ്ങളിൽ ഏക്കറിന് ൧൭൦ രൂപാവരെ കരമായി കൊടുക്കേണ്ടിയിരിക്കുന്നു.

കണ്ടുകൃഷിവസ്തുക്കൾ ഇപ്പോൾ സർക്കാർവക ഭൂമികളാക്കി മാററിയിട്ടുണ്ടെങ്കിലും അതിൽ ഏർപ്പെടുത്തിയിട്ടുള്ള നികുതിസമ്പ്രദായം അവസാനിപ്പിച്ചിട്ടില്ല.

സർ, ഈ നികുതിസമ്പ്രദായങ്ങൾ ഇനിയും തുടർന്നുപോകുന്നതു യാതൊരുപ്രകാരത്തിലും നീതീകരിക്കാവുന്നതല്ല. ഇതു് ഇന്നാട്ടിലെ മേൽ

[ശ്രീ. വി. ശ്രീധരൻ]

പ്രസ്താവിച്ച ഇനം വസ്തുക്കൾ കൈവശംവച്ച് അനുഭവിച്ചുപോരുന്ന കർഷകരോട്ട ചെയ്യുന്ന അങ്ങേഅററത്തെ അനീതിയാണ്, അക്രമമാണ്; ഇതു് ഉടനടി അവസാനിപ്പിക്കണം.

ഇനി എനിക്ക പറയുവാനുള്ളതു് അടിസ്ഥാനനികുതി ഏർപ്പെടുത്തിയിട്ടുള്ളതും, എന്നാൽ അടിസ്ഥാനനികുതിക്ക പുറമെ ജന്മിക്കരം കൂടി കൊടുക്കേണ്ടിവരുന്നതുമായ ജന്മംവക വസ്തുക്കളെപ്പററിയാണ്. ഈ ഗവണ്മെൻറിന് ൫൦൦൦൦ രൂപാ ജന്മിക്കരം ഇനത്തിൽ കമ്മിഷനായി ലഭിക്കുന്നുണ്ടെന്നു കണക്കുകൾകൊണ്ടു് കാണാവുന്നതാണ്. രണ്ടര ശതമാനം കമ്മിഷൻ എന്ന തോതു് അംഗീകരിച്ചിരിക്കുന്നതുകൊണ്ട സുമാർ ഇന്നാട്ടിലെ ജന്മംവക വസ്തുക്കൾ കൈവശംവെച്ച് അനുഭവിക്കുന്ന കർഷകരിൽനിന്നും ഈ ഗവണ്മെൻറ പ്രതിവർഷം ഈടാക്കുന്നതു് ൨൦ ലക്ഷം രൂപയാണ്. ഈ ൨൦ ലക്ഷം രൂപാ ജന്മിക്കരത്തിൽനിന്നും ൫൦,൦൦൦ രൂപാ കമ്മീഷൻ കഴിച്ച്, ബാക്കിവരുന്ന ൧൯,൫൦,൦൦൦ രൂപയും ഈ വസ്തുക്കളുമായി യാതൊരു ബന്ധവുമില്ലാത്ത ജന്മിമാക്ക കൊടുക്കുന്നുണ്ടു്. ഇതും തികഞ്ഞ അനീതിയാണ്. ഈ ഇരട്ടക്കരസമ്പ്രദായം ഉടനടി അവസാനിപ്പിക്കണം. സർ, ഇന്നലെ എൻെറ ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട ലാൻറ റവന്യൂമന്ത്രി പ്രസ്താവിക്കുകയുണ്ടായി, നെയ്യാററിൻകര താലൂക്കിലെ രണ്ടു പകുതികളിലായി ൨൬,൦൦൦-ൽപരം ഏക്കർ കാണിത്തരിശുഭൂമിയുണ്ടെന്നു്. അതോടൊപ്പം ഇദ്ദേഹം സമ്മതിക്കുന്നുണ്ടു്, ഈ കാണിത്തരിശുഭൂമി നമ്മുടെ രാജ്യത്തിലെ രാഷ്ട്രീയമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നാക്കംനിൽക്കുന്ന കാണിക്കാർക്കുവേണ്ടി കരമൊഴിവായി ഗവണ്മെൻറിൽനിന്നും വിട്ടുകൊടുത്തിട്ടുള്ളതാണെന്നും. എന്നാൽ ഇന്നു് ഈ ഭൂമി ആരുടെ കൈവശമാണ് ഇരിക്കുന്നതു് ? ഏററവും വലിയ പണക്കാരുടെ കൈവശമാണെന്നു പറയുന്നതിൽ തെററില്ല.

അതുപോലെതന്നെ മറെറാരുദാഹരണം എനിക്ക ചൂണ്ടിക്കാണിക്കാനുണ്ടു്. തിരുവനന്തപുരം താലൂക്കിൻെറ വടക്കുഭാഗത്തുള്ള തോന്നയ്ക്കൽ എന്ന സ്ഥലത്തു്—മേൽതോന്നയ്ക്കൽ, കീഴ്തോന്നയ്ക്കൽ എന്നീ രണ്ടു പകുതികളിലായി ഉദ്ദേശം ൫൦൦-ൽപരം ഏക്കർ റിസർവ്വുഭൂമിയുണ്ടു്. ഈ ഭൂമി ൧൧൧൯-ൽ സർ സി. പി.-യുടെ കാലത്തു് ഏക്കറിനു് തുച്ഛമായ ഒരു സംഖ്യ വാങ്ങിക്കൊണ്ടു് അവിടെയുള്ള കർഷകക്കു് കൃഷിചെയ്യാനായി വിട്ടുകൊടുത്തിരുന്നു. ൬ വർഷം കൃഷിചെയ്യുന്നതിനുള്ള വ്യവസ്ഥയാണ് അന്നുണ്ടായിരുന്നതു്. എന്നാൽ ഇപ്പോൾ ഈ ഭൂമി തുടർന്നു കൃഷിക്ക കൊടുക്കുന്നതിനുപകരം കൃഷിക്കാരിൽനിന്നും ഒഴിപ്പിച്ചു് വെറുതെ ഇട്ടിരിക്കുകയാണ്.

സർ, ഇമ്മാതിരിയുള്ള ഭൂമികൾ, കാണിത്തരിശു്, തോന്നയ്ക്കൽ ഉള്ളതു്; ഇതുപോലെ ഈ രാജ്യത്തുള്ള മററ ഭൂമികൾ ഇവയെല്ലാംതന്നെ ഇന്നാട്ടിലെ ഭൂമിയില്ലാത്ത കർഷകനും ചെറുകർഷകനുമായി കൊടുക്കേണ്ടതാണ്. അങ്ങനെ കൊടുത്താൽ മാത്രം പോരാ; അവക്ക് ഇങ്ങനെ നൽകുന്ന ഭൂമികൾ കൃഷിചെയ്യുന്നതിനും കുടിവയ്ക്കുന്നതിനും വേണ്ടിയുള്ള സാമ്പത്തികസഹായവുംകൂടി ചെയ്തുകൊടുക്കേണ്ടതാണ്.

എനിക്കനുവദിച്ചിട്ടുള്ള ചുരുങ്ങിയ സമയംകൊണ്ടു് ഒരു കാര്യംകൂടി ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഇവിടെ ശ്രീ. പട്ടംതാണുപിള്ള പ്രസ്താവിച്ചതുപോലെ ഇന്നാട്ടിൽ അങ്ങോളമിങ്ങോളം ഉള്ള പബ്ലിക്കുമാക്കറ്റുകളിൽ നടമാടുന്ന അക്രമപിരിവിനെ പററിയാണു്. തൽക്കാലം ചന്തക്കരം പിരിവു നിശ്ശേഷം നിറുത്തണമെന്നു് ഞാൻ വാദിക്കുന്നില്ല. അതു് നിങ്ങൾക്കു സാധിക്കുന്നില്ലെങ്കിൽ തൽക്കാലം ചന്തവ്യവസ്ഥകളിൽ അനുശാസിക്കുന്ന വിധത്തിൽ ചന്തക്കരം പിരിവുമാത്രം നടത്തുന്നതിനു വേണ്ടിയെങ്കിലും ശ്രദ്ധിക്കേണ്ടതാണു്.

സർ, ഇന്നാട്ടിലെ പബ്ലിക്കുമാക്കറ്റുകൾക്കു നാട്ടിൻപുറത്തുള്ള ജനങ്ങളുടെ സാമൂഹ്യജീവിതവുമായി അഭേദ്യമായ ബന്ധം ഉണ്ടെന്നു മനസ്സിലാക്കണം. തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിററഴിക്കുകയും, അതുകൊണ്ടു തങ്ങൾക്കു് ആവശ്യമുള്ള സാധനങ്ങൾ മേടിക്കുകയുംചെയ്യുന്ന—അങ്ങനെ സാധനങ്ങൾ പരസ്പരം കൈമാററുന്ന—സ്ഥാപനങ്ങൾ എന്ന നിലയ്ക്കാണു് ഈ ചന്തകൾക്കു നാട്ടിൻപുറത്തുള്ള കർഷകരുടെ സാമൂഹ്യജീവിതവുമായി അഭേദ്യമായ ബന്ധം ഉണ്ടെന്നു ഞാൻ വാദിക്കുന്നതു്. ഇങ്ങനെയുള്ള ചന്തകളെ ലേലംചെയ്യുന്ന സമ്പ്രദായം നിശേഷം നിറുത്തൽചെയ്യണം. ലേലസമ്പ്രദായം നിലവിലുള്ളതുകൊണ്ടു് ഏററവും കൂടുതൽ തുക ലേലം വിളിക്കുന്ന ആളിനു ചന്ത സ്ഥിരപ്പെടുത്തികൊടുക്കുക എന്നുള്ളതാണു് അനുഭവം. സാധാരണ രീതിയിൽ ചന്തറഗുലേഷന്റെ വ്യവസ്ഥയനുസരിച്ചു മാത്രം പിരിവുനടത്തുകയാണെങ്കിൽ ൫൦൦ രൂപമാത്രം ആണ്ടിൽ പിരിയ്ക്കാവുന്ന ഒരു ചന്ത ലേലംചെയ്യുന്നതുകൊണ്ടു് ൧൫,൦൦൦-ം ൨൦,൦൦൦-ം വിളിക്കുന്നു. ഈ ഭാരം മുഴുവനും താങ്ങേണ്ടതു് നാട്ടുകാരുമാണു്. അടിസ്ഥാനനികുതിക്കുപുറമെ ജന്മിക്കരം, ശ്രീപാദം, ശ്രീപണ്ടാരം, കണ്ടുകൃഷി തുടങ്ങിയ അനവധി നികുതിസമ്പ്രദായങ്ങൾ കർഷകരുടെമേൽ അടിച്ചേൽപ്പിക്കുന്ന ഈയവസരത്തിൽ അമിതമായ ചന്തക്കരംകൂടി കൊടുക്കേണ്ടിവരിക എന്നു പറഞ്ഞാൽ അതു നിർഭാഗ്യകരമാണു്. എന്നുമാത്രമല്ല ചന്ത ലേലം പിടിക്കുന്ന കൺട്രാക്ടർക്കു് ഈ തുക ഈടാക്കുന്നതിനുവേണ്ടി ഒരു റൌഡീസ് സംഘവും ഉണ്ടായിരിക്കും. ഈ സംഘത്തിന്റെ മർദ്ദനവും നാട്ടുകാർ അനുഭവിക്കേണ്ടതായി വരുന്നുണ്ടു്. അതുകൊണ്ടു പബ്ലിക്കുമാക്കറ്റുകൾ ലേലംചെയ്യുന്ന ഏർപ്പാടു് ഉടനടി അവസാനിപ്പിക്കണമെന്നും ചന്തറഗുലേഷനിലെ വ്യവസ്ഥകളിൽ പ്രതിപാദിക്കുന്ന രീതിയിൽ മാത്രമുള്ള ചന്തക്കരം പിരിവു ഗവണ്മെന്റു നേരിട്ടു പിരിക്കണമെന്നുമാണു് എനിക്കു ഈയവസരത്തിൽ പറയുവാനുള്ളതു്.

സർ, ഒരു കാര്യവുംകൂടി പറയുവാനുണ്ടു്. കണിയാപുരം പബ്ലിക്കുമാക്കററിൽ ഇപ്പോഴും ബോർഡുവച്ചിട്ടില്ലെന്നുള്ള കാര്യംകൂടി നാം മനസ്സിലാക്കിയിരിയ്ക്കേണ്ടതാണു്.

ശ്രീ. വി. വി. ധക്കി: സർ, ഭൂമിയെ സംബന്ധിക്കുന്ന പ്രമേയങ്ങൾ എന്നും എല്ലാവർക്കും ജീവൽപ്രധാനമായ ഒന്നാണു്. ഇന്നു് അതു നീറിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണെങ്കിൽ അതു നമ്മളെ പൊട്ടിത്തെറിക്കുന്നതാണു്. വികാരങ്ങളെ ഇളക്കിവിടുന്നതും, വിചാരം ചെലുത്തേണ്ടതുമായ പ്രശ്നമാണിതു്. ശാസ്ത്രീയമായ വിശകലനബുദ്ധിയും ചരിത്രപരമായ

[ശ്രീ. വി. വി. വക്കി]

വീക്ഷണവും മനുഷ്യസ്വഭാവജ്ഞാനവും ഉൾക്കൊള്ളുന്ന ഒരു പരിഹാരമാണ് ഈ പ്രശ്നത്തിന് ഒരു തീരുമാനം വരുത്തേണ്ടതു്. ഇന്ന് ഈ പ്രശ്നത്തെപ്പററി ചിന്തിക്കുമ്പോൾ ലളിതമായ ഒന്നു രണ്ടു യാഥാർത്ഥ്യങ്ങൾ നാം ഓർമ്മിക്കുന്നതു നന്നായിരിക്കും. ഒന്നാമതു നമ്മുടെ നാട്ടുകാരുടെ ഇടയിൽ കാണുന്ന ഭൂമിദാഹമാണ്. ഭൂമിക്കു വേണ്ടിയുള്ള ദാഹമാണ് നമ്മുടെ നാട്ടുകാരെ മലബാറിലേക്കു നയിച്ചതു്; ബോർണിയോയിലേക്കു ദൃഷ്ടിപതിപ്പിച്ചതു്; വനഭൂമികളിലും പുറമ്പോക്കുകളിലും കയ്യേററങ്ങളും കുടിയിറക്കുപ്രശ്നങ്ങളും ഇവിടെയുണ്ടാകുന്നതിനു കാരണമായതു്. ചില ഉദരരോഗികൾക്കു മണ്ണു തിന്നുവാനുള്ള പ്രകൃതിവിരുദ്ധമായ ആഗ്രഹമായിട്ടല്ല, പ്രയത്നശക്തി ഉപയോഗിച്ചു നിലനിൽക്കുവാനുള്ള ജീവശാസ്ത്രപരമായ പ്രേരണയായിട്ടാണ് ഭൂമിദാഹത്തെ കണക്കാക്കേണ്ടതു്. അങ്ങനെ കണക്കാക്കിയല്ലാതെ ഇതിനൊരു ശാശ്വതമായ പരിഹാരം ഉണ്ടാകാൻ പോകുന്നില്ലെന്നാണു ഞാൻ വിശ്വസിക്കുന്നതു്. കൃഷിഭൂമികൾക്കു വേണ്ടിയാണ് ഇത്രമാത്രം ദാഹമുണ്ടാകുന്നതെന്നു നാം ഓർക്കണം. അതിനു കാരണം കൃഷിപ്രധാനമായ വ്യവസ്ഥിതി നിലവിലിരിക്കുന്നതാണ്. അതുകൊണ്ടു വ്യാവസായിക പുരോഗതി തുടൻന്നുപോകുന്നതോടൊപ്പംതന്നെ കൃഷിചെയ്യുന്ന ആളുകൾക്കു ഭൂമി കൊടുക്കുന്ന ഒരു പദ്ധതിയും ഗവണ്മെൻറ് ആവിഷ്കരിക്കണം. ഗവണ്മെൻറിൻെറ ഈ നയത്തെ സംബന്ധിച്ചിടത്തോളം വളരെ കുററമററ ഒരു റിക്കാർഡ് അല്ല അവരുടേതെന്നാണ് എനിക്കു തോന്നുന്നതു്. ഭൂമിപതിവിനെ സംബന്ധിച്ചിടത്തോളം പരസ്പരവിരുദ്ധങ്ങളായ നയങ്ങളാണ് മുൻപിലത്തെ ഗവണ്മെൻറുകൾ കൈക്കൊണ്ടിരുന്നതു്. എവിക്ഷൻ, എൻക്രോച്ചുമെൻറ് എന്നിങ്ങനെയുള്ള ശബ്ദങ്ങളാണു നാം എല്ലായിടത്തും കേട്ടുകൊണ്ടിരിക്കുന്നതു്. പലപ്പോഴും ഭൂമിക്കായി ഗവണ്മെൻറ് അപേക്ഷകൾ ക്ഷണിക്കാറുണ്ടു്. അതനുസരിച്ചു രണ്ടുരൂപാ സ്റ്റാമ്പൊട്ടിച്ച് അപേക്ഷകൾ അയയ്ക്കുമ്പോൾ അവ വളരെക്കാലത്തേക്കു തീരുമാനമില്ലാതെ കിടക്കുന്നതായിട്ടാണു കണ്ടുവരുന്നതു്. ഈ നയമാണ് ഈ ഗവണ്മെൻറിനെപ്പററി അവമതിപ്പിനുള്ള പ്രധാന കാരണമെന്നു ഞാൻ കാണുന്നു. രണ്ടാമതായി ചെയ്യേണ്ടതു് യഥാർത്ഥമായി കൃഷി ചെയ്യുന്നവനു ഭൂമി കൊടുക്കണമെന്നുള്ളതാണ്. ഇതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകളിൽ ഗവണ്മെൻറു കൂടുതൽ നിഷ്കർഷ ചെലുത്തേണ്ടതാണ്. സാമ്രാജ്യത്വവും നാടുവാഴിപ്രഭുത്വവും, വൈദികാധിപത്യവും ചവച്ചുതുപ്പിയ വ്യവസ്ഥകളെയാണ് ഇന്നു നാം വച്ചു പൂജിക്കുന്നതു്. മൺമറഞ്ഞ ഈ വ്യവസ്ഥിതികളുടെ പ്രേതങ്ങളായ നിയമങ്ങളാണു സകല പുരോഗതിക്കും വിലങ്ങടിച്ചു നിൽക്കുന്നതു്. ജന്മി, ഇടവക, ശ്രീപാദം എന്നിവയേയും, ഒററിക്കുടിയാനവന്മാർ, കുടികിടപ്പുകാർ, പണയക്കാർ മുതലായവരെയും സംബന്ധിക്കുന്ന ഈ പ്രശ്നങ്ങൾ കാലത്തിനനുസരിച്ചു ധീരമായവിധത്തിൽ നേരിട്ടാൽമാത്രമെ അവയ്ക്കു പരിഹാരമുണ്ടാകുകയുള്ളു. എന്നാൽ മാത്രമെ ഈ രാജ്യത്തു് ഉല്പാദനം വർദ്ധിക്കുകയുള്ളു. ഈ രാജ്യത്തെ ഉല്പാദനത്തെ തടയുന്നതും സാധുകർഷകൎക്ക് അസ്വസ്ഥത ഉളവാക്കുന്നതുമായ നിയമങ്ങൾ വച്ചുകൊണ്ടിരിക്കരുതു്. ഇതിനെ സംബന്ധിച്ചിടത്തോളം **Cutting the Guardian Knot** മാതിരിയുള്ള സമൂലച്ഛേദനപരമായ ഒരു കെട്ടു ചെത്തൽ പ്രയോഗംകൊണ്ടേ പ്രയോജനമുള്ളു. ഇവിടെയാണ്

കാമ്പൻസേഷൻെറ പ്രശ്നം. ഇൻഡ്യൻ ഭരണഘടനയിൽ അങ്ങനെ ഒരു വ്യവസ്ഥയും ഉണ്ട്. കഴിയുമെങ്കിൽ കാമ്പൻസേഷൻ കൊടുക്കാതെയും നിവൃത്തിയില്ലെങ്കിൽ കൊടുത്തും ഏതെങ്കിലും ഒരു തീരുമാനം ഉടനെ ഉണ്ടാക്കേണ്ടതാണ്. കാശ്മീരിൽ ഭൂമിയെ സംബന്ധിച്ചിടത്തോളം ഇന്നു നടന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. കാശ്മീരിൽ നാടുവാഴിത്തം അവസാനിപ്പിക്കണമെന്നു തീർച്ചപ്പെടുത്തിയിരിക്കുകയാണ്. വലിയ ജന്മിമാരുടെ കയ്യിൽ നിന്നും നഷ്ടപരിഹാരം കൊടുക്കാതെ ഭൂമി പിടിച്ചെടുക്കുവാൻ അവിടത്തെ ഗവണ്മെൻറ് ആലോചിച്ചുവരുന്നുണ്ട്. ഇതിനെ സംബന്ധിച്ച് ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു പാർലമെൻറിൽ പറഞ്ഞതു്, കാശ്മീരിൽ നാടുവാഴിത്തം അവസാനിപ്പിക്കുന്നതിൻെറ ഫലമായി, ഇൻഡ്യയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ താൻ സ്വാഗതം ചെയ്യുന്നുവെന്നാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, കഷ്ടപ്പെടുന്നവരുടെ കണ്ണീർ തുടയ്ക്കുവാൻ തയ്യാറാണെന്നു പറയുന്ന ഭരണകക്ഷി കഷ്ടപ്പെടുന്നവരെ കണ്ണീർകുടിപ്പിക്കുന്ന കഥയാണ് എനിക്കു പറയുവാനുള്ളതു്. സർ, ഞാൻ പറയാൻപോകുന്നതു കാൺഗ്രസ്സ് ഗവണ്മെൻറ് ഈ നാട്ടിലെ കർഷകതൊഴിലാളികളെ കുടിയിറക്കി കണ്ണീരുകുടിപ്പിക്കുന്ന കാര്യമാണ്. കർഷകൻെറ തോരാത്ത കണ്ണീരുപോലെ തോരാത്ത പേമാരി പെയ്യുന്ന ഈ കള്ളക്കർക്കടകമാസത്തിൽ പുറമ്പോക്കുകളിൽ താമസിക്കുന്ന സാധു കർഷകത്തൊഴിലാളികളെ കുടിയിറക്കി വഴിയാധാരമാക്കുന്ന കാര്യമാണ് എനിക്കു പറയുവാനുള്ളതു്. ജന്മികളുടെയും മുതലാളിമാരുടെയും ചൂഷണഭാരംകൊണ്ടു കൂനുവന്നിട്ടുള്ള കർഷകൻെറ കൂനിന്മേലെ കുരു കുത്തിപ്പൊട്ടിച്ച കഥയാണ് എനിക്കു പറയുവാനുള്ളതു്.

സർ, കുന്നംകുളത്തും, വടക്കാഞ്ചേരിക്കു സമീപം എളനാട്ടിലും, തൃശ്ശൂരിനടുത്തു പീച്ചിയിലും, ഭക്ഷ്യമന്ത്രിയുടെ അയൽപ്രദേശമായ പരിയാരത്തും, ആനമല റോഡിൻെറ ഇരുവശങ്ങളിലും, പെരിങ്ങൽകുത്തിലും, മൂവാററുപുഴ, തൊടുപുഴ, പീരുമേടു മുതലായ പ്രദേശങ്ങളിലും നടക്കുന്ന കുടിയിറക്കുകളുടെ ദുരിതപൂർണ്ണമായ കണ്ണീരിൻെറ കഥയാണ് എനിക്കു പറയുവാനുള്ളതു്.

സർ, ഇന്നു കർഷകർ രണ്ടുതരത്തിലുള്ള കുടിയിറക്കാണ് അനുഭവിക്കുന്നതു്. ഒന്നു് ഈ ഡിപ്പാർട്ടുമെൻറിൽനിന്നു്; രണ്ടാമതായി ജന്മികളിൽ നിന്നു്. പാവപ്പെട്ട കർഷകൻ ഇവിടത്തെ കാടും മേടും വെട്ടിത്തെളിച്ചു നാട്ടിനെ വിഭവസമൃദ്ധമാക്കുന്നു. ഇങ്ങനെയുള്ള കർഷകരെയാണ് ഇന്നു് ഇവിടെയുള്ള ജന്മികളും ഗവണ്മെൻറും അഭയം കൊടുക്കാതെ നിരാശ്രയരാക്കി വഴിയിലേക്കു് തള്ളുന്നതു്. ഈ നയം മാററിയാലല്ലാതെ സാമ്പത്തികമായും സാമൂഹ്യമായും ഈ നാട്ടിലെ സാധാരണക്കാരായ കർഷകത്തൊഴിലാളികൾക്കു യാതൊരു രക്ഷയും ഇല്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, ഇവിടെ പല കർഷകരും ഗവണ്മെൻറ സ്ഥലങ്ങളിലും മററു സ്ഥലങ്ങളിലും അനധികൃതമായി കുടിയേറിപ്പാർക്കുന്നുണ്ടെന്നുള്ളതു വാസ്തവമാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. യാതൊരു പാർപ്പിടവും സ്വന്തമായി ഇല്ലാത്തവർക്കും ഒരു

[ശ്രീ. ടി. കെ. കൃഷ്ണൻ]

പുരവെച്ചു താമസിക്കേണ്ടേ? അവരും മനുഷ്യരായി ജനിച്ചു; അവക്കും പാർപ്പിടം വേണം. അതു വേണമെന്നു പറയുന്നതു് അന്യായമാണോ; അനീതിയാണോ? ഇതു് അനധികൃതമാണെന്നു പറഞ്ഞു് അവരെ അടിച്ചോടിക്കുന്നതു് എന്തു നീതിയാണെന്നു് ഞാൻ ചോദിക്കുന്നു. അതേ അവസരത്തിൽ എത്ര ഏക്കർ സ്ഥലമാണു് ഓരോ ഉദ്യോഗസ്ഥന്മാക്കായി പതിച്ചുകൊടുത്തിട്ടുള്ളതു് എന്നുള്ള സംഗതി ഈ സഭയുടെ മുൻപാകെ വയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. തിരുവിതാംകൂർ-കൊച്ചി സക്കാർ സ്വന്തം തറവാട്ടു് സ്വത്താണെന്നു തോന്നുമാറു് മകന്റെ കല്യാണത്തിനു പോലീസു വാഹനങ്ങളും പെട്രോളും മററും ഉപയോഗിച്ചിട്ടുള്ള ബഹുമാനപ്പെട്ട പോലീസുമന്ത്രിയുടെ കീഴിലുള്ള പല ഉദ്യോഗസ്ഥന്മാരും ഏക്കർകണക്കിൽ പുറമ്പോക്കു കൈവശം വച്ചിട്ടുണ്ടു്.

Mr. Speaker: I do not want to interfere with the freedom of speech of the hon. Member. But there should be at least a remote relevancy to the subject that is under discussion. We have nothing to do here with the police or the Police Minister. We are now discussing the land revenue demand.

Shri T. K.Krishnan: Sir, there is no eviction without the Police.

ഈ കുടിയൊഴിപ്പിക്കലിനു ആദ്യമായിവരുന്നതു് പോലീസാണു്. അതുമാത്രമല്ല, പോലീസുദ്യോഗസ്ഥന്മാക്കാണു പുറമ്പോക്കുസ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടുള്ളതും. പോലീസുദ്യോഗസ്ഥന്മാർ ഇങ്ങനെ സ്ഥല കൈവശം വച്ചിരിക്കുമ്പോൾ ഒരു സെൻറുസ്ഥലം ഒരു കർഷകൻ പുര വെച്ചുകെട്ടുന്നതിനായി ഉപയോഗിച്ചാൽ അതു അനധികൃതമായി, കയ്യേററമായി!

ശ്രീ. ഒ. സി. നൈനാൻ: ഏതു പോലീസുദ്യോഗസ്ഥനാണു് പതിച്ചുകൊടുത്തതെന്നു പറയാമോ?

ശ്രീ. ടി. കെ. കൃഷ്ണൻ: ചാലക്കുടി പോലീസ് ഇൻസ്പെക്ടരായിരുന്ന ഒരു ഗോപാലമേനവനും, ഇപ്പോൾ ട്രെയിനിംഗിനായി പോയിരിക്കുന്ന ഏ. എസ്. പി. മാഞ്ഞൂരാനും ചാലക്കുടിയിൽ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടു്.

അതേ സമയത്തു് അതിനടുത്തു് ആനമല റോഡിന്റെ ഇരുവശത്തും നൂറുകണക്കിനു കർഷകതൊഴിലാളികളെ കുടിയിറക്കുകയാണു ചെയ്യുന്നതു്. ഈ അവസ്ഥ എത്രയും വേഗം അവസാനിപ്പിക്കേണ്ടതാണു്. ജന്മികളും ഇങ്ങനെ പല സ്ഥലങ്ങളിലും ഒഴിപ്പിച്ചുവരുന്നു.

Shri A. Chidambaranatha Nadar: May I know exactly when these lands were leased out to these two officers?

Shri T. K. Krishnan: Four years ago.

അങ്ങു കാൺഗ്രസിൽ വരുന്നതിനു മുൻപു്.

ഇവിടെ കുടിയൊഴിപ്പിക്കലിനെതിരായി ചില നിയമങ്ങൾ ഉണ്ടെന്നു ബഹുമാനപ്പെട്ട ചാലക്കുടി മെംബർ പറയുമായിരിക്കും.

വാസ്തവമാണ്. ചില നിയമങ്ങളുണ്ട്. പക്ഷെ, ഈ നിയമത്തെ പരാജയപ്പെടുത്തുന്നതിനുള്ള നടപടികൾ മുതലാളിമാർ എടുക്കുന്നുമുണ്ട്. മൂന്നുരൂപയിൽ കുറഞ്ഞ കൂലിശീട്ടാണെങ്കിൽ രജിസ്ട്രാക്കാൻ പാടില്ലെന്നു നിയമമുണ്ട്. എന്നാൽ കൂലിശീട്ട എഴുതിപ്പിക്കുന്ന അവസരത്തിൽ മൂന്നുരൂപായിൽ കൂടുതലായി എഴുതിപ്പിക്കുകയും അങ്ങനെ അവരെ ഇറക്കുവാനുള്ള സകല സൂത്രങ്ങളും കൂട്ടിച്ചേർത്ത് എഴുതിക്കുകയുമാണു ചെയ്യുന്നതു്.

അങ്ങനെ ഒരുവശത്തു ജന്മികളുടെ ആക്രമണവും, മറുവശത്തു പോലീസിൻെറയും ഗവണ്മെൻറിൻെറയും ആക്രമണവുമാണു നേരിട്ടുകൊണ്ടിരിക്കുന്നതു്. സർ, ഈ കർഷതൊഴിലാളികൾക്കു പാർപ്പിടം കൊടുക്കാതെ അവർ വല്ല കാട്ടിലുംമേട്ടിലുംപോയി പുരവച്ചു കെട്ടികിടക്കാൻ നോക്കിയാൽ അവിടെയും സ്ഥലംകൊടുക്കാത്ത ഈ ഗവണ്മെൻറ് എന്തു ഗവണ്മെൻറാണെന്നു ഞാൻ ചോദിക്കുന്നു. അനാവശ്യത്തിനും അസ്ഥാനത്തും നിരവധിപണം ധൂർത്തടിക്കുന്ന ഈ ഗവണ്മെൻറ്, ഭരണപരിഷ്കരണക്കമ്മിററിയുടെ അലവൻസിനായി ൨ ൧,൦൦൦ക. ചെലവാക്കിയ ഈ ഗവണ്മെൻറ്, ഗ്രോ മോർ ഫുഡ് കാംപെയിൻ, വനമഹോത്സവം എന്നീപേരിൽ ലക്ഷക്കണക്കിൽ രൂപ ധൂർത്തടിച്ച ഈ ഗവണ്മെൻറ് കർഷകതൊഴിലാളിയെ ഒരു പുരവെച്ചുകെട്ടി ജീവിക്കാൻ അനുവദിക്കാതെ വഴിയാധാരമാക്കുകയാണ്. ഈ കുടിയിറക്കലിനെപ്പററി എനിക്കു ഒരു കത്തു കിട്ടിയിട്ടുണ്ട്, അതു ഞാൻ വായിക്കാം.

Mr. Speaker: Whose letter please ?

ശ്രീ. ടി. കെ. കൃഷ്ണൻ: മൂവാററുപുഴയിൽ ഒരു കർഷകനെ കുടിയിറക്കുന്നതിനെ സംബന്ധിച്ചാണ്. കുടിയിറക്കുന്നതിനെപ്പററി പല കത്തുകളും കിട്ടിയിട്ടുണ്ട്. വേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

Mr. Speaker: That cannot be allowed. Private letters cannot advisably be placed on the table of the House.

ശ്രീ. ടി. കെ. കൃഷ്ണൻ: കുടിയിറക്കുന്നതിനു പോലീസുകാർ പോകാൻ പാടില്ല. ഇന്ന് എങ്ങും പോലീസിൻെറ കുടിയിറക്കുകളാണ്. പോലീസ് ഇവിടത്തെ നിയമംകൊണ്ട് അമ്മാനമാടുകയാണ്. അതു് അപകടത്തിനാണ്. കൈബോംബുകൊണ്ട് അമ്മാനമാടുന്നതുപോലെയാണതു്. നിയമം പാലിക്കാൻ ഇവിടെ കോടതികളുണ്ട്. അതു പോലീസ് മനസ്സിലാക്കണം. ഇന്നത്തെ നിലപോകണം. ഇതു റവന്യൂമന്ത്രി പോലീസുമന്ത്രിയോടു പറയുകയും വേണം.

ஸ்ரீ. ஆர். பொன்னப்ப நாடார்: ஸர், நான், இந்த மதிப்பிற்குரிய சபையில் ரெவன்யூ இலாகாவைப் பற்றி ஒரு சில வார்த்தைகள் பேசவேண்டுமென்று நினைக்கிறேன். முதன் முதலாக, மணியங்காரத்தை நிறுத்தல் செய்யவேண்டுமென்று இங்கே, இச் சபையில் பல அங்கத்தினர்கள் அபிப்பிராயப்பட்டார்கள். அதை நான் முழுமனதுடன் வரவேற்கிறேன். அடுத்தபடியாக, ஊடுகூர் செட்டில்மென்டைப் பற்றி ஒரு சில வார்த்தைகள் சொல்லவேண்டுமென்று நினைக்கிறேன். இந்த ஊடுகூர் செட்டில்மென்டானது தற்போது நெய்யாற்றின்

[ஸ்ரீ. ஆர். பொன்னப்பநாடார்]

கரை, விளவங்கோடு, கல்குளம் போன்ற தாலுகாக்களில் நடைமுறையில் இருக்கிறது. அங்கு பலவிதமான ஊழல்கள் நடக்கிறதென்று பல விதமான பராதிகள் வந்துகொண்டே யிருக்கின்றன. அந்த ஆயிரக்கணக்கில், கும்பல் கும்பலாக கேஸ்கள் கூடிக்கொண்டே இருக்கிறது. அக் கேஸ்கள் இதுவரையிலும் சரியான முறையில் முடிவுசெய்யப்படவில்லை என்பது வெறும், ஒரு உண்மையாகும். விளவங்கோட்டைப் பொறுத்தளவில் அங்கு சுமார் 28000 கேஷ்கள் இருந்தும் அவைகளில் சுமார் 5000 கேஸ்கள்தான் இதுவரை தீர்க்கப்பட்டிருக்கிறது என்று சொல்கிறார்கள். ஆதலால், இந்த ஊடுகூர் கேஸ்களை உடனடியாக தீர்த்து வைப்பதற்குப் போதிய நடவடிக்கைகளை இச் சர்க்கார் உடன் கைக்கொள்ள வேண்டுமென்று கேட்டுக்கொள்கிறேன். அதுமட்டுமல்ல, இந்த ஊடுகூர் செட்டில்மென்ட் ரெகுலேஷன் 14-ம் வகுப்புப் பிரகாரம் இக் கேஸ்களை தீர்த்து வைப்பதைப் பற்றி உடனடி நீங்கள் ஆலோசித்து, அவைகளை தீர்த்துவைக்கவேண்டும். கட்சிகளிடமிருந்து ஸ்டேட்மென்ட் வாங்கி, சரியான முறையில் பூமிக்கு போய் அளந்து கல் ஸ்தாபிக்காமல்தான் இந்த ஊடுகூர் கேஸ்களை தீர்க்கிறார்கள். இங்ஙனம், இக் கேஸ்களை சரியான முறையில் தீர்த்துவைக்கவில்லை என்ற பராதி இருந்துகொண்டு இருக்கிறது. வஸ்துக்களுக்கு சரியானபடி எல்லைகள் ஸ்தாபிப்பது மிகவும் அவசியமாகும். ஸ்டேட்மென்டை மாத்திரம் வாங்கிக்கொண்டு வஸ்துக்களை மாற்றினால் கடைசியில் வஸ்துக்களிடையே ஒருவித எல்லைகளும் இருக்கமுடியாது. ஆதலால் இந்தக் குறையை நிவர்த்தி செய்வதற்கு, சரியான முறையில் இந்த சட்டத்தில் மாற்றம் வருத்தவேண்டும். பூமியை அளந்து கல் ஸ்தாபித்த பின்புதான் இவைகளை பாகிக்கவேண்டுமென்றும் நான் ரெவன்யூ மந்திரி அவர்களிடம் தாழ்மையாக கேட்டுக்கொள்கிறேன். பின்னர், நாஞ்சில்நாட்டிலே இருக்கின்ற வெள்ளக்கரத்தைப் பற்றி எனக்கு ஒரு வார்த்தை சொல்லாமலிருக்க முடியாது. வெள்ளக்கரம் என்ற முறையிலே ஏக்கர் ஒன்றுக்கு 7 ரூபாய் வீதம் கரம் வசூல் செய்து வருகின்றார்கள். இந்த வெள்ள வரி என்பது அங்குள்ள விவசாயிகளை மிகவும் பாதிக்கிறது என்பது, ரெவன்யூ மந்திரி அவர்கள் அறிந்த ஒரு விஷயமாகும். இந்த வெள்ளக் கரத்தை எப்படியாவது நிறுத்தல் செய்யவேண்டியது இந்த அரசாங்கத்தின் ஒரு கடமையாகும். கோதையார் அணை கட்டுவதற்கு எவ்வளவு ரூபாய் செலவானதோ, அதைவிட எவ்வளவோ ரூபாய் கூடுதலாக இந்த வெள்ள வரி இனத்திலிருந்து வசூல் செய்தாகிவிட்டது. ஆயினும் இந்த வெள்ள வரியை இன்னும் நிறுத்தக் காணவில்லை. ஆதலால் இந்த வெள்ளவரியை உடனடி நிறுத்துவதற்கு இவ்வரசாங்கம் முற்பட்டுவரவேண்டுமென்று கேட்டுக்கொள்கிறேன். பின்னர், Land Acquisition பிரகாரம் பூமியை சர்க்கார் பொன்னும் விலை கொடுத்து எடுத்த பிறகும், அதிலுள்ள கரத்தை குறைவு செய்யாமல் அவ்வாட்களிடமிருந்து இப்பொழுதும் கரம் நடாக்கி வருகிறார்

கள். அந்த முறையையும் ஒழிக்க வேண்டும். இன்னும் ஒரு விஷயத்தைப் பற்றிக்கூட நான் சொல்ல ஆசைப்படுகிறேன். அது, இந்த செட்டில்மெண்ட் கேஸைப் பற்றித்தான். செட்டில்மெண்ட் கேஸிற்காக தாலூக்கச்சேரியில் அபேட்சை கொடுத்தால், சில கேஸ்களின் பகர்ப்பு கிடைக்காமல் மிகவும் கஷ்டப்பட வேண்டியிருக்கிறது. சில கேஸ்கட்டுகள் பொடிந்துபோய் இருக்கிறதாகவும் நமக்குக் காணலாம். இந்த ரிக்கார்டுகள் சரியான முறையில் பராமரிக்கப்படாமல் அவைகள் கெட்டுப்போகிறது. ஆதலால் இந்த கேஸ்களை வேறு புதிதாக எழுதி வைக்கவோ அல்லது இவைகளை சரியான முறையில் பாதுகாக்கவோ வேண்டிய நடவடிக்கைகளை கைக்கொள்ளுவதற்கு போதிய வழிகள் ஏற்படுத்த இச்சர்க்கார் உள்படும் என்று நான் கருதுகிறேன். இதேமாதிரி ரெவன்யூ டிப்பார்ட்மெண்டிலும் பல விதமான ஊழல்கள் இருக்கின்றதை நான் எடுத்துக் காட்ட ஆசைப்படுகிறேன். உதாரணமாக, ஒரு வஸ்துவை அளக்க வேண்டுமென்று சர்க்காருக்கு அபேட்சை கொடுத்தால், அந்த வஸ்துவை சரியான முறையில் அளந்து கல் ஸ்தாபிக்காமல் இருப்பதால், ஜனங்கள் மிகவும் கஷ்டப்படுகிறார்கள். ஒரு விஷயம் கூட. இந்த செட்டில்மெண்ட் ஸர்வே நடந்து ரொம்பக் காலமாகிவிட்டது. அதற்கு பிற்பாடுள்ள சில வஸ்துக்களுக்கு அதிர் கல்கள் இல்லை. இதற்கு வேண்டியதை செய்யவேண்டுமென்று சர்க்காரிடம் சொன்னால், அதைச் செய்து முடிப்பதற்கு இரண்டும் மூன்றும் வருடங்களாகிறது. இந்தமாதிரிப்பட்ட காலதாமசம் ஏற்படுவதற்கு ஒரு நிவர்த்தி செய்யவேண்டுமென்றும் கேட்டுக்கொண்டு, நான் எனது பேச்சை முடித்துக் கொள்கிறேன்.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: സർ, നമ്മുടെ രാജ്യത്തെ ഭൂവുടമസമ്പ്രദായം വളരെ വ്യാമിശ്രമായിട്ടുള്ള ഒന്നാണ്. ഇവിടെ മുമ്പു പ്രസംഗിച്ച ഒരു മാന്യസ്നേഹിതൻ പറയുകയുണ്ടായി ഈ നാട്ടിലുള്ള ൭൦ ശതമാനം ആളുകളും കർഷകരാണെന്ന്. എന്നാൽ ൭൦ ശതമാനം കർഷകരാണെങ്കിൽ അവരിൽ വലിയൊരു ശതമാനം സ്വന്തമായി താമസിക്കാൻ സ്ഥലമില്ലാത്തവരാണ്. ഭൂവുടമസമ്പ്രദായം വ്യാമിശ്രമായി തീരുന്നതിനുള്ള പ്രധാനകാരണം വളരെ ക്ലിഷ്ടമായിട്ടുള്ള ഭൂവുടമസമ്പ്രദായം ആണ് എന്നു നമുക്കെല്ലാവർക്കും അറിവുള്ള സംഗതിയാണ്. ഭൂമിയെ അടിസ്ഥാനമാക്കി ഓരോ ഉടമസ്ഥനും കൊടുക്കേണ്ട നികുതികളേയും മററും പററിയെല്ലാം പരാമർശിച്ച് ഇവിടെ പ്രസംഗിച്ചുകഴിഞ്ഞു. അതുകൊണ്ടാണ് ഈ സംഗതി എനിക്കു പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നത്.

സർ, കഴിഞ്ഞ സഭയിൽ ഞങ്ങളുടെ കൂടെ മണിയംകരാറിന് എതിരായി ശബ്ദമുണ്ടാക്കിയ ആളിന് അതിനെപ്പററി തീരുമാനം കല്പിക്കാനുള്ള സൗകര്യവും അധികാരവും ഇന്ന് കിട്ടിയത് ആശ്വാസകരമാണ്. സർ, അദ്ദേഹത്തിന്റെ ഭരണകാലത്തെങ്കിലും ഇതിന് പരിഹാരം ഉണ്ടാകുമല്ലോ. സാധാരണക്കാരായ ജനങ്ങളെ ഇപ്രകാരം ഞെരിയുന്ന കരങ്ങളിൽനിന്നും രക്ഷിക്കേണ്ട കടമയുണ്ടെന്നു ഞങ്ങൾ കാൺഗ്രസ്സ് ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. സർ, കരങ്ങൾക്ക് ഒരു

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി.]

യൂണിഫോമിററി വരുത്തേണ്ടതു് ആവശ്യമാണു്. ഇന്നാണെങ്കിൽ വഞ്ചിപ്പുഴ ചീഫിനു് ഒരു കരം, എടപ്പള്ളി സ്വരൂപത്തിലേക്ക വേറൊരു തരത്തിലുള്ള കരം, ഗവണ്മെൻറിലേക്ക കൊടുക്കാനുള്ളതു രണ്ടു സ്റ്റേററിലും രണ്ടുതരത്തിൽ, ശ്രീ പത്മനാഭസ്വാമിക്ഷേത്രംവക ഭൂമിക്ക വേറെ ഒരു രീതി. ഇങ്ങനെ കരം കൊടുക്കുന്ന രീതി പല തരത്തിലിരിക്കുന്നതുകൊണ്ടു ജനങ്ങൾക്കതന്നെ കരംകൊടുക്കേണ്ടതു് ഏതു തരത്തിലാണെന്നു് അറിഞ്ഞുകൂടാ. അതുകൊണ്ടു് ഇതിലേക്ക ക്ലിപ്തമായ വ്യവസ്ഥ എത്രയും വേഗത്തിൽ വരുത്താതെ ജനങ്ങൾക്കു് ആശ്വാസമുണ്ടാകുകയില്ല. ഇതിലേക്കു് ഇതുവരെ എന്തു നടപടിയാണു ഗവണ്മെൻറ സ്വീകരിച്ചിരിക്കുന്നതു് എന്നു് ഞങ്ങൾക്കു് അറിയണം. ഇന്നാണെങ്കിൽ തിരുവിതാംകൂർ വിഭാഗത്തു് കരം ഒരു രീതി, കൊച്ചിവിഭാഗത്തു് മറെറാരു രീതി, ഇങ്ങനെയാണു്. ഈ രീതി തുടൎന്നുകൊണ്ടിരുന്നാൽ വളരെ ബുദ്ധിമുട്ടുകൾക്കു് ഇടയാകുന്നതാണു്. ഇതിനൊരു വ്യത്യാസം വരുത്തണം. അതിലേക്കു് ഏതെങ്കിലും ഒരു വിദഗ്ദ്ധ കമ്മിററിയെ നിയമിക്കുന്നതു നന്നായിരിക്കും. അതിനു് ഈ സഭയിൽ നിന്നോ സഭക്കവെളിയിൽ നിന്നോ ഒരു സമിതിയെ എടുക്കുകയോ, അല്ലെങ്കിൽ രണ്ടുംകൂടി ഉൾപ്പെടുത്തി ഒരു കമ്മിററിയുണ്ടാക്കുകയോചെയ്തു ഈ ക്ലിപ്തമായിട്ടുള്ള വ്യവസ്ഥക്കൊരു പരിഹാരമുണ്ടാക്കുന്നതു ജനങ്ങൾക്ക വളരെ സഹായകരമായിരിക്കും.

ഭൂമിയില്ലാത്ത, അതായതു് സ്വന്തമായ സ്ഥലമില്ലാത്ത ആളുകളാണു് ഇന്നീ നാട്ടിൽ അധിവസിക്കുന്നതു്.

ഞങ്ങളുടെ പ്രദേശമായ കുട്ടനാട്ടിൽ ധാരാളം കൎഷകതൊഴിലാളികൾ പല സ്ഥലങ്ങളിലും കുടിയേറി പാൎക്കുന്നുണ്ടു്. വർഷകാലത്തു പമ്പാനദിയിലെ ഒഴുക്കിൻെറ ശക്തികൊണ്ടു ധാരാളമായി മണൽകയറിക്കിടക്കുന്ന സ്ഥലങ്ങളിൽ, ജീവിതാവശ്യത്തിനു കേറിക്കിടക്കുവാൻ മറെറാരാലംബവുമില്ലാത്ത ആളുകൾ കുടിയേറി താമസിക്കാറുണ്ടു്. അങ്ങനെയുള്ളവരെ അവിടെനിന്നും കുടിയിറക്കിവിടുന്നുണ്ടു്. ഇതു വാസ്തവത്തിൽ വളരെ വ്യസനകരമായ ഒരു സംഗതിയാണു്. ഭൂമിയില്ലാത്ത കർഷകതൊഴിലാളികളാണു് അവിടെ അധികമുള്ളതെന്നും, ആ ഭൂമികളെല്ലാം വമ്പിച്ച ജന്മിമാരുടെ കൈവശമാണിരിക്കുന്നതെന്നുമുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണു്. ഒരു പാവപ്പെട്ട പുലയനൊ അതുപോലെയുള്ള ഒരു കർഷകതൊഴിലാളിയൊ ആ മണൽപ്രദേശത്തു് എവിടെയെങ്കിലും പുരവച്ചു താമസിച്ചുതുടങ്ങിയാൽ ഉടനെ പാർവ്വത്യകാരും പോലീസുകാരുംവന്നു് അവരെ കുടിയിറക്കിവിടുന്നുണ്ടു്. ഇത്തരം നടപടികൾ അവിടെ ധാരാളമായി നടക്കുന്നു. അതിനൊരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ വളരെ കഷ്ടമാണു്. എന്നാൽ ഗവണ്മെൻറ സ്ഥലങ്ങളിൽ ആൎക്കും ഇഷ്ടംപോലെ കയ്യേറാനുള്ള ഒരു നിയമം വേണമെന്നല്ല ഞാൻ പറയുന്നതു്. താമസിക്കുവാൻ സ്ഥലമില്ലാത്ത ആളുകൾ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ താമസസൗകര്യം ഉണ്ടാക്കി കുടുംബമായി താമസിച്ചുതുടങ്ങുമ്പോൾതന്നെ അവരെ പാർവ്വത്യകാരന്മാരും പോലീസുകാരുംവന്നു കുടി

യിറക്കിവിട്ടിട്ട് ആ വക ഗവൺമെൻറസ്ഥലമെല്ലാം അപഹരിച്ചെടുത്ത് നെൽകൃഷിചെയ്ത് ആദായമുണ്ടാക്കി സർക്കാരിലേക്ക നികുതികൊടുക്കാതെ അനുഭവിച്ചുവരുന്നുണ്ടെന്നുള്ളതു താലൂക്കകച്ചേരിയിലെ കണക്കുകൾകൊണ്ടുപോലും കാണാൻ കഴിയും. ഈ രീതിയിൽ വലിയ വലിയ ഭൂവുടമക്കാരും ജന്മിമാരും പമ്പാനദിയുടെ തീരത്തു ധാരാളം സ്ഥലങ്ങൾ കയ്യേറിയിട്ടുണ്ട്. ബഹുമാനപ്പെട്ടമന്ത്രി എന്നോടുകൂടിവന്നു ആ സ്ഥലം ഒന്നു നടന്നു സന്ദർശിക്കുവാൻ തയ്യാറാണെങ്കിൽ പല സാധുകൃഷകരും താമസിച്ചിരുന്ന സ്ഥലത്തുനിന്നു വാഴകൾ വെട്ടിക്കളഞ്ഞു, തെങ്ങിൻതൈകൾ പിഴുതുകളഞ്ഞു കുഞ്ഞുങ്ങളെയും മററും കയ്യിലെടുത്തു്, ചട്ടിയും കലങ്ങളും തലയിലെടുത്തു്, നിലവിളിച്ചുകൊണ്ടു ഇറങ്ങിപ്പോയിട്ടുള്ള സ്ഥലങ്ങൾ ഞാൻ കാണിച്ചുതരാം. ഈ സംഭവങ്ങൾ വളരെ കാലമായി ഞങ്ങളുടെ നാട്ടിൽ നടക്കുന്നുണ്ട്. ഈ മാതിരി സാധുക്കളായ കർഷകർക്കുവേണ്ടി യാതൊരു സഹായവുംചെയ്തുകൊടുക്കാതെ അവരെ ഭയപ്പെടുത്തി പല വിധ കഷ്ടനഷ്ടങ്ങൾക്കും ഇടയാക്കുന്ന ഒരു നിലയാണു സാധാരണ കണ്ടുവരുന്നതു്. ഇതിനെ സംബന്ധിച്ചിടത്തോളം കുട്ടനാട്ടിൽനിന്നുതന്നെ അനേകായിരം പരാതികൾ ഉണ്ട്.

സർ, ഒരു കാര്യംകൂടി. സ്റ്റീൽവെ പണിസംബന്ധിച്ച് തോട്ടപ്പള്ളിയിലും, ആലപ്പുഴ-ചങ്ങനാശേരി റോഡുപണിസംബന്ധിച്ചു കുട്ടനാടൻ പ്രദേശങ്ങളിലും സ്ഥലം പൊന്നുംവിലയ്ക്കെടുക്കാൻ നിയുക്തനായ സ്പെഷ്യൽ ലാൻഡു് അക്വിസിഷൻ ആഫീസറെപ്പററിയാണ് ഞാൻ പറയാൻപോകുന്നതു്. അവിടെ തോട്ടപ്പള്ളിഭാഗത്തുള്ള റോഡിലൂടെ കടപ്പുറങ്ങളിൽ കാറിൽ സഞ്ചരിക്കുമ്പോൾ നമുക്കു കാണാൻ കഴിയുന്ന ശുഷ്കിച്ചു വരണ്ട ഊഷരപ്രദേശങ്ങൾക്ക് എത്ര ഭീമമായ പൊന്നുംവിലയാണ് ഈ ഉദ്യോഗസ്ഥൻ കൊടുത്തിട്ടുള്ളതെന്നുള്ളതിനെപ്പററി ഒരു പരസ്യാന്വേഷണംനടത്തണമെന്നു ഞാൻ ആവശ്യപ്പെടുന്നു. ൧൧൨൮-ൽ കേവലം ൫൦൦ രൂപ വിലയ്ക്ക് ഒരു വ്യക്തിവാങ്ങിയ എട്ടേക്കർ ചില്വാനം സ്ഥലത്തിനു് ഈ ഉദ്യോഗസ്ഥൻ ൨൩,൦൦൦-ത്തോളം രൂപ പൊന്നുംവില കൊടുത്തിട്ടുണ്ടെന്നു കേൾക്കുന്നതു ശരിയാണെങ്കിൽ, ഞാൻ ചോദിക്കുന്നു സർ, ഇതിനെക്കാൾ അക്ഷന്തവ്യമായ ഒരപരാധം പൊതുമുതലിൻെറ ദുർവിനിയോഗം, ഒരു ഉദ്യോഗസ്ഥൻ ചെയ്യാനുണ്ടോ? ഈ വസ്തു ഉടമസ്ഥൻെറ സ്ഥലത്തു പണിപ്പുരവച്ചു ജോലിചെയ്തിരുന്ന ഒരു സാധുവിശ്വകർമ്മത്തൊഴിലാളിയുടെ പുരയും പണിയായുധങ്ങളും നശിപ്പിച്ചിട്ടും ഈ ഭീമമായ പൊന്നുംവിലയുടെ തുച്ഛമായ ഒരംശം പോലും ആ പാവത്തിനു കിട്ടിയിട്ടില്ല. നേരെമറിച്ചു പാവപ്പെട്ട തൊഴിലാളികൾ താമസിക്കാൻവേണ്ടി ഏതെങ്കിലും സ്ഥലം ഉപയോഗപ്പെടുത്തുകയാണെങ്കിൽ, അവരെ കുടിയിറക്കാനും, അവൻെറ ഉപകരണങ്ങൾ കൈവശപ്പെടുത്താനും അധികാരികൾ വെമ്പുന്നതുകാണാം. ഇതു നിത്യവും അനുഭവിച്ചുകൊണ്ടിരിക്കുന്ന സംഭവങ്ങളായതുകൊണ്ടാണ് ഇങ്ങനെ വ്യക്തമായ ആരോപണങ്ങൾ ഇവിടെ കൊണ്ടുവരാൻ സാധിക്കുന്നതു്. ഈ കാര്യങ്ങളെല്ലാം ശരിയായി മനസ്സിലാക്കി, വേണ്ട അന്വേഷണങ്ങൾനടത്തി സാധുകർഷകരുടെ കഷ്ടപ്പാടുകൾക്ക് ഒരു പരിഹാരമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നേരിട്ടറിഞ്ഞു പ്രവർത്തിക്കണമെന്നും, ഇന്നത്തെ ക്ലിഷ്ടമായ ഭൂവുടമസമ്പ്രദായത്തിൽ അടിയന്തിര

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

മായ മാററങ്ങൾ വരുത്തണമെന്നും ഏറെക്കാലം ഞങ്ങളോടൊപ്പം ചിന്തിച്ചുവന്നിരുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ചിദംബരനാഥനാടാർ അവർകളോടു ഞാൻ അപേക്ഷിക്കുന്നു. അദ്ദേഹം അതുചെയ്യുമെന്നു വിശ്വസിക്കുന്നു.

ஸ்ரீ. பி. ராமஸ்வாமி பிள்ளை: ஸார், இந்த திருவிதாங்கூர்-கொச்சி ராஜ்யத்திலிருக்கும் எத்தனையோ இலாகாக்களில், நமது பூமி இலாகாவானது மிகவும் முக்கியமானதாகும். இதைப்பற்றி ஒன்றிரண்டு வார்த்தைகள் சொல்ல நான் ஆசைப்படுகிறேன். நமது ராஜ்யத்திலிருக்கும் பல இலாகாக்களை விட இந்த ரெவன்யூ இலாகாவானது மிகவும் பழமையானதும், மிகவும் முக்கியமானதொரு இலாகாவுமாகும். ஆனால், அதிலிருக்கும் உத்தியோகஸ்தர்கள், மற்ற இலாகாக்களில் இருக்கும் உத்தியோகஸ்தர்களைப் போல் இருக்கிறார்களாயென்று கேட்டால், உண்மையில் அங்ஙனமிருக்கவில்லை, அதற்கு, காரணமுண்டு. மற்ற இலாகாக்களில் இருக்கும் உத்தியோகஸ்தர்களுக்கும், புதிதாக நிறுவப்பட்டிருக்கும் பல இலாகாக்களில் உள்ள உத்தியோகஸ்தர்களுக்கும் கூட, போதுமான சம்பளம் அரசாங்கத்தார் கொடுத்து வருகின்றார்கள். ஆனால் இந்த ரெவன்யூ இலாகாவிலுள்ள உத்தியோகஸ்தர்களுக்கு மட்டும் பண்டைக்காலத்தில் கொடுத்துவந்த சம்பளந்தான் இப்பொழுதும் கொடுத்து வரப்படுகின்றது. உதாரணமாக, ஒரு அக்கௌண்டன்ட்-டை எடுத்துக் கொண்டால், அவருக்கு, 25 ரூபாய் முதல் 30 ரூபாய் வரையில் தான் சம்பளம் கொடுக்கப்பட்டுவருகிறது. நமது ராஜ்யத்திற்கு வேண்டிய முக்கியமான Statistics கள் எடுத்துக் கொடுக்கும் உத்தியோகஸ்தர்களாவார்கள் இவர்கள். மேலும் மிகவும் பொறுப்பான முறையில் நடந்து கொள்ள வேண்டியவர்களுமாவார்கள், இந்த அக்கௌண்டன்ட்-களும் பார்வத்திக்காரர்களும் என்று நான் எடுத்துச் சொல்ல ஆசைப்படுகிறேன். இப்படியிருக்கும்போது, ஒரு பள்ளிக்கூட வாத்தியாருக்கே 30-50 ரூபாய் சம்பளம் கொடுக்கும்போது ஒரு அக்கௌண்டன்ட்-க்கு 25 ரூபாய் முதல் 30 ரூபாய் வரை சம்பளம் கொடுத்தால் போதுமா என்று நீங்கள் ஆலோசிக்க வேண்டும். அதுமட்டுமல்ல. ஒரு அக்கௌண்டன்ட் என்றால், அவர் பார்வத்திக்காரரின் ஒரு சபார்டிநேட் ஆபீஸர். சிலயிடங்களில் புதிதாக நியமிக்கப்படும் பார்வத்திக்காரர்களுக்கு 25 ரூபாய் தான் சம்பளம் கிடைக்கிறது. ஆனால் அக்கௌண்டன்ட்-க்கு 30 ரூபாய் சம்பளம் கிடைக்கிறது. இந்தமாதிரியான ஒரு நிலைமை மாறவேண்டும். அக்கௌண்டன்ட்-டை விட, பார்வத்திக்காரருக்கு ஐந்து ரூபாயாவது சம்பளம் கூடுதலாக இருக்கவேண்டும். ஆனால் தான் மதிப்பு இருக்கும். அடுத்ததாக, தாசில்தார்களை எடுத்துக் கொண்டால், திருவிதாங்கூருக்கு ஒரு முறையும், கொச்சிக்கு வேறொரு முறையுமிருக்கிறது. கொச்சியில் ஒரு தாசில்தாருக்கு, 200 ரூபாய் முதல் 300 ரூபாய் வரை சம்பளம் இருக்கிறதாகத் தெரி

கிறது. ஆனால் இங்கு, திருவிதாங்கூரிலோ, தாசில்தார்கள் 175 ரூபாய் முதல் 225 ரூபாய் வரையிலுள்ள grade-ல் தான் இருக்கிறார்கள். இந்தமாதிரிப்பட்ட நிலைமை ஏன் இருக்கவேண்டும். இங்குள்ள உத்தியோகஸ்தர்களும் கொச்சியிலுள்ள அவ்வுத்தியோகஸ்தர்களும் ஒரே வித ஜோலியைத் தான் கையாண்டுவருகிறார்கள் என்ற போதிலும் கூட பின் ஏன் இவர்களது சம்பளத்தை ஒரே மாதிரியாக ஆக்க கூடாதென்று நான் கேட்கிறேன். 175 ரூபாய் முதல் 225 ரூபாய் வரையுள்ளதொரு சம்பள ஸ்கெயில் ஒரு தாசில் தாருக்கு மிகவும் குறைவானதொரு சம்பளமாகுமென்றுதான் நான் சொல்வேன். ஒரு தாலுகாவில் உள்ள பல முக்கியமான விஷயங்களைப் பற்றி, ரெவன்யூ இலாகாவிலுள்ள விஷயங்களைப் பற்றி மட்டுமல்ல, வேறும் பல விஷயங்களைப் பற்றியுள்ள முடிவான அபிப்பிராயங்களைத் தெரிவிக்கும் ஒரு பொறுப்புள்ள உத்தியோகஸ்தருக்கு இந்த சம்பளம் இருந்தால் போதாதென்பதை நான் கவர்ன்மென்ட்டின் ஆலோசனைக்கு விட ஆசைப்படுகிறேன். கொச்சியில் இருக்கிற அதே சம்பளமாவது இங்கிருக்கும் தாசில்தார்களுக்கும் கொடுக்க வேண்டுமென்று நான் வினயபூர்வம் எடுத்துச் சொல்ல ஆசைப்படுகிறேன். அடுத்தபடியாக, நான் ரெவன்யூ போர்டைப் பற்றி ஒன்றிரண்டு வார்த்தைகள் சொல்ல விரும்புகிறேன். இன்று, நமது ராஜ்யத்திலிருக்கும் இவ் ரெவன்யூ போர்ட்-ஆனது, இங்கு ஒரு Post office-ன் நிலையில் தான் இருக்கிறது. ஹெட்ஸ்-ஆப்-டிப்பார்ட்மென்ட்ஸ் அனுப்பக்கூடிய அபிப்பிராயங்களை அரசாங்கத்திற்கு அனுப்பும் கடமை மாத்திரம் தான் இந்த ரெவன்யூ போர்டுக்கு இருக்கிறது. இந்த மாதிரிப்பட்டதொரு ரெவன்யூ போர்ட், இந்த திருவிதாங்கூர்-கொச்சியில் இருந்து கொண்டிருக்க வேண்டுமா என்று சர்க்கார் ஆலோசிக்க வேண்டும். இந்த ரெவன்யூ போர்ட், ரெவன்யூ ஆக்டினால் உத்தேசிக்கும் ஒரு பலனையும் அளிக்க வில்லை. ரெவன்யூ போர்ட் ஆக்ட்-படி, ஒவ்வொரு வாரமும் ரெவன்யூ போர்ட் மெம்பர்கள் கூடி மினிட்ஸ் பாஸாக்கி, அதை அரசாங்கத்திற்கு அனுப்பவேண்டுமென்று அந்த ஆக்ட்டில் சொல்லப்பட்டிருக்கிறது. ஆனால், இந்த ரெவன்யூ போர்ட் தொடங்கி வருடங்கள் 4 ஆகியும் இதுமாதிரி ஏதாவது கூட்டங்கள் கூடினார்களா? மினிட்ஸ் பாஸாக்கி அரசாங்கத்திற்கு அனுப்பினார்களா என்று கேட்க நான் ஆசைப்படுகிறேன். நமது அண்டை ராஜ்யமாகிய சென்னை ராஜ்யத்திலும் ஒரு Revenue Board இருக்கிறது. அங்கிருக்கும் ரெவன்யூ போர்ட்-க்கும், நமது ராஜ்யத்திலிருக்கும் ரெவன்யூ போர்ட்-க்கும் எவ்வளவோ வித்தியாசங்களிருக்கிறது. ஹெட்ஸ்-ஆப்-டிப்பார்ட்மென்ட்ஸ் நாலுபேர் ஒன்று சேர்ந்து மேஜர் பாலிஸிகளைப் பற்றித் தீர்மானிப்பதற்கும், வருமானங்களை எப்படி வசூல் செய்யலாமென்று ஆலோசிக்கவும் அப்போர்ட் அங்கிருக்கிறது. ஆனால் இங்கிருக்கும் ரெவன்யூ போர்ட், கீழ் சிப்பந்திகளிடமிருந்து ரிப்போர்ட்களை வருத்தி அதை அரசாங்கத்திற்கு அனுப்பி வைக்கும் ஒரு போஸ்ட் ஆபீஸாகத் தானிருக்கிறது. ஆதலால், பெரிய பெரிய சம்பளங்கள் கொடுத்து வைத்துக்கொண்டிருக்கும் இப்

[ஸ்ரீ. பி. ராமசுவாமி பிள்ளை]

போர்ட் நமக்கு வேண்டுமாயென்று நீங்கள் ஆலோசிக்கவேண்டும். ரெவன்யூ போர்ட் முதல்மெம்பருக்கு 550 முதல் 800 ரூபாய் வரை சம்பளம் கொடுக்கப்படுகிறது. இரண்டாவது மெம்பருக்கு 450 முதல் 750 ரூபாய் வரை சம்பளம் கொடுக்கப்படுகிறது. இந்த இரண்டு மெம்பர்களின் ஆதீனத்தின் கீழ் ஏழு டிப்பார்ட்மென்ட்கள் விடப்பட்டிருக்கிறது. இந்த ஏழு டிப்பார்ட்மென்ட்களில் லான்ட் ரெவன்யூ, எக்ஸைஸ் இந்த இரண்டு டிப்பார்ட்மென்ட்களைத் தவிர பாக்கியுள்ள டிப்பார்ட்மென்ட்களுக்கெல்லாம் ஹெட்ஸ்—ஆப்-டிப்பார்ட்மென்ட்ஸ் இருக்கிறார்கள். இந்த போர்ட்—ஐ நிறுவுவதற்கு முன் இந்த டிப்பார்ட்மென்ட் மேல் உத்தியோகஸ்தர்களும், சர்க்காரும் தம்மில் நேரடியாக தொடர்பு வைத்துக் கொண்டிருந்தார்கள். அப்பொழுது, எல்லாம் சிறப்பாக நடந்துகொண்டிருந்தது. ஆனால் இந்த போர்ட் வந்ததிற்குப் பிற்பாடு எந்த வித மெச்சமான காரியங்களையும் இப்போர்ட் செய்யவில்லையென்று எடுத்துச் சொல்ல நான் ஆசைப்படுகிறேன். இந்த நிலையில் இந்த ரெவன்யூ போர்ட், மேலும் தொடர்ந்து கொண்டிருக்க வேண்டுமா என்று சர்க்கார் ஆலோசிக்க வேண்டும். இந்த First மெம்பர், Second மெம்பர் இவர்களைத் தவிர, 350 ரூபாய் முதல் 450 ரூபாய் வரையுள்ள grade—ல் சம்பளம் வாங்கிக் கொண்டிருக்கும் ஒரு செக்ரட்டரியும் இருக்கிறார், இந்த ரெவன்யூ போர்ட்—ல், கிளார்க்குகள் சுமார் 162 பேர்கள் இருக்கிறார்கள். பின், ரூ. 175 முதல் 225 ரூபாய் வரை சம்பளம் வாங்கும் ஒரு அரை டஜன் உத்தியோகஸ்தர்களும் இருக்கிறார்கள். இங்ஙனம் லட்சக்கணக்கில் ரூபாய் செலவு செய்யும் இந்த ரெவன்யூ போர்டை நாம் இன்னும் வைத்துக்கொண்டிருக்க வேண்டுமா என்று சர்க்கார் ஆலோசிக்க வேண்டும். (பெல்) முன்பு இருந்தது போல், லான்ட் ரெவன்யூ கமிஷணர் என்றும், எக்ஸைஸ் கமிஷணர் என்றும் வைத்துக் கொண்டால் அவர்கள் அவ்விலாகாக்களின் முழுப் பொறுப்பையும் ஏற்றுக்கொள்வதோடு மட்டுமல்லாமல், அரசாங்கத்திற்கும், பொதுமக்களுக்கும் உத்திரவாதித்துவமுள்ளவர்களாகவும் இருப்பார்கள். மேலும் இந்த ரெவன்யூ போர்ட் மெம்பர்களைப் பற்றி பலவிதமான பராதிகள் சொல்லப்படுகிறது. இந்த சபையில் வைத்துச் சொல்லமுடியாதபடி, அவ்வளவு மோசமாக அவர்கள் நடந்து கொண்டிருக்கிறார்கள் என்றும் நான் சொல்லிக் கொள்ள ஆசைப்படுகிறேன்.

ரெவன்யூ இலாகா மந்திரி (ஸ்ரீ. எ. சிதம்பரநாத நாடார்):

ஸர், இந்த சபையில், ரெவன்யூ இலாகாவைப் பற்றி பலவிதமான ஆட்சேபங்கள் சொல்லப்பட்டன. அதில், முக்கியமாக திருவனந்தபுரம் மெம்பர் ஸ்ரீமான் பி. எஸ். நடராஜபிள்ளை அவர்கள், குத்தகைப் பாட்டத்திற்கு கொடுக்கப்பட்ட நிலங்களிலிருந்து Compensation கொடுக்காமல் சிலரை புறத்திறக்கியதாக பராதி சொன்னார்கள். அதைப்பற்றி ஒரு வார்த்தை சொல்ல விரும்புகி

றேன். சர்க்காரானது, தங்கள் கையிலுள்ள சில சட்டதிட்டங்களை அனுசரித்து புறம்போக்குகளை பாட்டத்திற்குக் கொடுக்கும்போது சில விவஸ்தைகளோடு தான், சில Agreement களின் பேரில்தான் பாட்டத்திற்குக் கொடுக்கிறார்கள். அவ்விதம் குத்தகைப் பாட்டத்திற்குக் கொடுக்கும்போது சர்க்காருக்கு எந்த சமயம் அந்த நிலமானது தேவையோ, அந்த நிலத்தை 90 நாட்கள் நோட்டீஸ் கொடுத்து திரும்ப எடுக்கப்படுமென்றுள்ள விவஸ்தை எந்த Agreement-லும் இருந்துகொண்டுதானிருக்கின்றது. அந்தச் சூழ்நிலையில், சர்க்காருடைய அப்பூமிகளை, பாட்டக்காரர்களுக்குத் தெரியாமலே, சர்க்காருக்குத் தேவை வரும்போது திரும்ப எடுக்கப்படுமென்று அவர்கள் அறிந்திருந்தும் கூட, அவர்கள் அந்த பூமிகளில் விசேஷமாக ஏதாவது செய்வார்களேயானால், அதற்காக சர்க்கார் அவர்களுக்கு என்றென்றைக்கும் கடமைப்பட்டதல்ல என்பதை நான் இந்த யிடத்தில் எடுத்துச் சொல்ல ஆசைப்படுகிறேன்.

Shri P. S. Nataraja Pillai : I would like, by way of personal explanation—

Mr. Speaker : The Minister has been replying, not specially with reference to the hon. Member for Trivandrum I, but in a general way. So, why should the hon. Member invite all this burden upon himself, I do not know. (Laughter)

<u>ஸ்ரீ. எ. சிதம்பரநாத நாடார்:</u> அடுத்தபடியாக, திருவனந்தபுரம் மெம்பர் ஸ்ரீமான் பி. எஸ். நடராஜ பிள்ளை அவர்கள் மணியங்கரத்தைப் பற்றிச் சொன்னார்கள். அதைப்பற்றி இந்த இடத்தில் எனக்கு ஒன்றிரண்டு வார்த்தைகள் சொல்லாமலிருக்க முடியாது. ஸ்ரீமான் குஞ்சன் நாடார் அவர்கள், திருவிதாங்கூர்–கொச்சியிலுள்ள எல்லா அரசியல் கட்சிகளும் இந்த மணியங்கரத்தை நிறுத்தல் செய்வதற்காக ஒருமுகப்பட்டு வந்துவிட்டார்கள், ஆதலால் இந்த மணியங்கரத்தை நிறுத்தல் செய்ய வேண்டுமென்று வெகு அழகாக எடுத்துச் சொன்னார்கள். அந்த ஒரு காரணத்திற்காக, எல்லா அரசியல் கட்சிகளும் இதைப்பற்றி ஒருமுகமாக அபிப்பிராயப்படுகிறார்கள் என்பதற்காக, இன்று நிலவிலிருக்கும் சர்க்கார் மணியங்கரத்தை ரத்து செய்ய இயலாதவர்களாயிருக்கிறார்களென்று சர்க்காரின் பிரதிநிதியாக, சர்க்காரின் சார்பில் எடுத்துச் சொல்ல நான் ஆசைப்படுகிறேன். நானும், தென் திருவிதாங்கூரிலுள்ள ஒரு நபர் என்ற முறையில், இம் மணியங்கரம் மூலம் தென் திருவி–தாங்கூர் மக்கள் மிகவும் அல்லோலப்படுகிறார்கள், கஷ்டப்பட்டுக் கொண்டிருக்கிறார்கள் என்பதை, ஸ்ரீமான் நடராஜ பிள்ளை அவர்களைப் போன்ற ஸ்ரீமான்கள் சொல்லாமலேயே எனக்கும், இந்த சர்க்காருக்கும் நன்றாகத் தெரியும் என்று சொல்லிக்கொள்ள ஆசைப்படுகிறேன். ஆனால் ஒரு நாள் காலையில் உறங்கி விழித்தவுடன் மணியங்காரத்தை ரத்து செய்து விடவேண்டுமென்று முடிவு கட்டுவதென்பது மிகவும் எளிதான ஒரு காரியமல்ல. இது ஒரு பெரிய விஷயம். இது, நான் சொல்லாமலே ஸ்ரீமான் நடராஜபிள்ளை அவர்களுக்குத் தெரியும். இன்று மணியங்கரம் கொடுப்பது எந்த

[ஸ்ரீ. ஏ. சிதம்பரநாதநாடார்]

வகை நிலங்களுக்கு என்று கேட்டால், அது பத்மனாபஸ்வாமிக்கு சொந்தமாகவுள்ள நிலங்களுக்குத்தான் கொடுக்கப்படுகிறது. அந்த சொத்துக்களுக்கு மேலதிகாரியாக, அச்சொத்துக்கள் யாருடைய மேல்நோட்டத்தில் இருக்கிறதென்று கேட்டால் அது நமது ராஜப்பிரமுக்காகிய ஸ்ரீ சித்திரைத் திருநாள் அவர்களின் மேல் நோட்டத்தில் தான் இருக்கின்றது. அவர்களிடம் கலந்து கொள்ளாமல், மணியங்கரத்தை ரத்து செய்யவோ அல்லது திருவிதாங்கூர்—கொச்சியிலுள்ள சகல நிலங்களேயும், சகல பூமிகளேயும், கொச்சி என்றோ திருவிதாங்கூர் என்றோ ஒரு பாகுபாடுமில்லாமல் அவைகளுக்கு எல்லாம் ஒரே நிரக்கில் ஒரு வரியை அமுலில் கொண்டுவர வேண்டுமென்று சொன்னல் அது திடீரென்று நடப்பில் வருத்தக் கூடியதொரு காரியமல்ல. நான் இவ்விதம் சொல்வதால், இந்த சர்க்கார் மணியங்கரத்தை ரத்து செய்யத் தயாரில்லே என்று நீங்கள் முடிவிற்கு வரவேண்டாம். நீங்கள் சொல்லாமலேயே, மணியங்கரத்தை ரத்து செய்வதற்கும், இது போன்ற மற்ற ஏனேய கரங்களேயும் ரத்து செய்வதற்கும், பொதுஜனங்களுக்குப் பிரயோஜனகரமாக இருக்கும்படி இந்த சர்க்கார் ஏதாவது செய்து கொடுக்க முடியுமா என்பதைப் பற்றி ஒவ்வொரு நிமிடமும் சிந்தித்துக் கொண்டிருக்கிறது, இவ்வரசாங்கம் என்பதை இச்சபைக்கு எடுத்துச் சொல்ல ஆசைப்படுகிறேன். வெறும் பேச்சிற்கல்ல சொல்லுகிறேன். இது உண்மை. ஆனல் இரண்டாவது முறையாக சொல்கிறேன், இம்மணியங்கரத்தை ரத்து செய்ய வேண்டுமென்று இங்குள்ள எல்லாக் கட்சிகளும் ஒருமுகப்பட்டு விரும்புகிறது என்றதொரு காரணத்திற்காக மட்டும் மணியங்காம் ரத்து செய்யப்பட மாட்டாது என்று தெரிவித்துக்கொள்ள ஆசைப்படுகிறேன். இதை எதற்காகச் சொல்கிறேன் என்று கேட்டால், எனக்கு ஒரு காரியம் ஞாபகத்திற்கு வருகிறது. அது, ஸ்ரீமான் நடராஜபிள்ளேயவர்களுக்கும், ஸ்ரீமான் டி. எஸ். ராமஸ்வாமி பிள்ளே அவர்களுக்கும் தெரியும். குழந்தை ராத்திரி அழுதால், பூச்சாண்டி வருகிருன்; உன்னேப் பிடித்துக் கொடுத்து விடுவேன் என்று பயமுறுத்துவது போல், பயப்படுத்திஞல் அதற்கொன்றும் இச்சர்க்கார் பயப்படப் போவதில்லே, என்பதை ஆணித்தரமாக எடுத்துச் சொல்ல நான் ஆசைப்படுகிறேன்.

ஸ்ரீ. டி. எஸ். ராமஸ்வாமி : எல்லாக் கட்சியினர்களுடையவும் ஏகமனதான கோரிக்கை என்பதற்காக ஒரு நியாயமான காரியத்தைக் கூட இச்சர்க்கார் செய்யாதா?

ஸ்ரீ. ஏ. சிதம்பரநாத நாடார் : நான் சொன்னதின் அர்த்தம் அதுவல்ல. இம்மணியங்கரம் கொடுக்கக்கூடிய மக்கள் ஒவ்வொருவரும் எப்படிக் கொதித்துக்கொண்டிருக்கிருர்கள் என்பதை நான் அறிவேன்.

அடுத்தபடியாக நான் சொல்ல விரும்புவது என்னவென்றால், பூமங்கலம் மெம்பர் அவர்கள், ஒருபூ கிருஷி செய்யக்கூடிய நிலங்களில் இரண்டும் மூன்றும் முறை கிருஷி செய்தால் அதற்கும் கரம் பிரிவு செய்து கொண்டிருக்கிறார்கள் என்று சொன்னார்கள். இந்த விஷயத்தைப்பற்றி நான் ஒரு கேள்வி வந்தபோது அதற்கு பதில் அளித்ததுண்டு. அதாவது, கொச்சியையும் திருவிதாங்கூரையும் இணைப்பதற்கு முன்னர் கொச்சி அரசாங்கம், 1123-ம் வருடத்தில் விடுவித்த ஒரு கட்டளை இன்றும் நிலவிலிருக்கிறதென்று. அக்கட்டளையாவது, ஒருபூ கிருஷி செய்யக்கூடிய நிலத்தில் எத்தனை முறை கிருஷி செய்தாலும், அதற்குப் பிரத்தியேகமாக கரம் பிரிவு செய்யவேண்டாமென்று ஒரு கட்டளை இருக்கிறது என்பதை பூமங்கலம் மெம்பர் அவர்களிடம் எடுத்துச் சொல்ல ஆசைப்படுகிறேன். பிறகு மேன்மை தங்கிய திருவனந்தபுரம் மெம்பர், ஸ்ரீமான் பட்டம் தாணுபிள்ளை அவர்கள் புறம்போக்கு நிலங்களைப் பற்றி வெகு அழகாகச் சொன்னார்கள். அவர்கள் சொன்னதை நான் அப்படியே வரவேற்கிறேன். வீடில்லாதவர்களுக்கு வீடு கட்டிக் கொடுப்பதற்கும், படுப்பதற்கு இடமில்லாதவர்களுக்கு படுப்பதற்குள்ள இடம் கொடுப்பதற்கும், பூமி இல்லாதவர்களுக்கு பூமி கொடுப்பதற்கும் இந்த சர்க்கார் தயாராய்தான் இருக்கிறது. ஆனால், குன்னங்குளம் மெம்பர் ஸ்ரீமான் கிருஷ்ணன் அவர்கள் சொன்னார்கள், மனிதனாகப் பிறந்தால் அவனை மனிதனாக நடத்தவேண்டுமென்று. அதன் தத்துவத்தை நான் வரவேற்கிறேன். ஆனால் பூமியில்லையென்ற காரணத்திற்காக சட்டத்தை மீறி, சட்டத்திற்குப் புறம்பாக ஒருவன் ஒரு பூமியில் குடியேறினால், எந்த முறையில் அவன் ஏறினானோ அதே முறையில் அப்பூமியிலிருந்து புறம் தள்ளப்படுவான் என்பதை நான் இங்கு தெரிவித்துக்கொள்கிறேன். நான் இப்படிச் சொல்வதால், பூமி இல்லாதவர்களுக்கு பூமி கொடுக்கப்பட மாட்டாது என்று அர்த்தமல்ல. இச்சர்க்காரைப் பொறுத்த அளவில் இச்சர்க்கார் 93-லட்சம் ஜனங்களின் பிரதிநிதி என்ற முறையில் சொல்கிறேன். இச்சர்க்காருக்கு, பொதுஜனங்கள் என்ற முறையில் பாவப்பட்டவன் என்றோ, பணக்காரன் என்றோ, முதலாளி என்றோ, தொழிலாளி என்றோ அப்படி யாதொரு வித்தியாசமும் கிடையாது. சில அன்பர்கள் சொன்னார்கள், மந்திரியின் மைத்துனனுக்கு நிலம் கொடுக்கப்பட்டது; போலீஸ் மந்திரியின் மகளின் கல்யாணத்திற்காக போலீஸ் வான்கள் அனுப்பப்பட்டதென்று. இப்படியெல்லாம் சொல்வதில் என்ன அர்த்தமிருக்கிறதென்று எனக்குத் தெரியவில்லை. சரியான முறையில் ஒரு சர்க்கார், தங்களிடம் கொடுக்கப்பட்டிருக்கும் ஒரு பொறுப்பு வாய்ந்த வேலையைப் பார்த்துக்கொண்டிருக்கும்போது, குற்றம் சாட்டுவதற்கென்று மாத்திரம் குற்றம் சாட்டினால் போதாது. ஏதாவது குற்றங்குறைகள் இருந்தால் அவைகளை சுட்டிக் காட்டுங்கள். அப்படி ஏதாவது குற்றங் குறைகள் இருந்தால் அதை ஒப்புக்கொள்ளவும், அக்குறைகளை நீக்குவதற்கும் இச்சர்க்கார் தயாராக இருக்கிறது. ஆனால் மனோசாட்சிக்கு யாதொரு பங்கமுமில்லாமல் ஒழுங்கான முறை

[ஸ்ரீ. ஏ. சிதம்பரநாத நாடார்]

யில் நடந்துகொண்டிருக்கும்போது குற்றமில்லாத ஒன்றை சுட்டிக் காட்டி இது குற்றம் என்று வீண்வாதத்திற்காகச் சொன்னால் அதை ஒப்புக்கொள்ள இச் சர்க்கார் தயாரில்லையென்று சொல்லிக் கொள்ள நான் ஆசைப்படுகிறேன்.

அடுத்தபடியாக, தகழி மெம்பர் அவர்கள், குட்டநாட்டு பிரதேசத்திலுள்ள லான்ட் Acquisition அதிகாரி நல்ல முறையில் நடந்துகொள்ளவில்லை என்றும், பொதுஜனங்களின் மனோநீதிக்கு எதிராக நடக்கிறாரென்றும், கைக்கூலி வாங்குகிறாரென்றும் சொன்னார்கள். அப்படி அந்த அதிகாரி உண்மையிலே கைக்கூலி வாங்குகிறாரென்று தெரிந்தால் அவர் மீது சரியான முறையில் கண்டன நடவடிக்கைகள் எடுக்கப்படுமென்று இந்த இடத்தில் தெரிவித்துக்கொள்கிறேன். அடுத்தபடியாக, திருவட்டார் மெம்பர் ஸ்ரீமான் ராமஸ்வாமி பிள்ளை அவர்கள், இந்த ரெவன்யூ இலாகாவானது திருவிதாங்கூர்-கொச்சி ராஜ்யத்தின் Backbone ஆகும், அதாவது முதுகெலும்பு போலாகும் என்றும், இந்த இலாகாவில் வேலை பார்த்துக்கொண்டிருக்கக் கூடிய அதிகாரிகளுக்கு சரியான முறையில் சம்பளம் கொடுக்கப்படாத காரணத்தினால் அவர்கள் பலவிதமான துன்பங்களுக்கு ஆளாகிறார்களென்றும் சொன்னார்கள். அது உண்மைதான். அந்த அபிப்பிராயத்தை நான் வரவேற்கிறேன். இந்த சர்க்காரின் முதுகெலும்பு என்று சொல்லக்கூடிய அந்த இலாகாவிலுள்ள உத்தியோகஸ்தர்களுக்கு சரியான முறையில் சம்பளம் அளிக்கப்படவில்லை என்பதை இச்சர்க்கார் நன்கு உணரும். உணர்ந்து, அவர்களுக்கு இச்சர்க்காரின் பொருளாதார நிலைமைக்கேற்றபடி ஆவன செய்து கொடுக்கப்படும் என்று சொல்லிக் கொள்ள ஆசைப்படுகிறேன்.

அடுத்தபடியாக, இன்று திருவிதாங்கூர்-கொச்சியில் நிலவில் இருக்கக்கூடிய சந்தைகளைப் பற்றி ஒரு புகார் கூறப்பட்டது. இச்சந்தைகளைப் பற்றி அன்று ஒரு நாள் ஒரு கேள்வி வந்த போது, முதன் மந்திரி அவர்கள், கணியாபுரம் சந்தையில் போர்ட் இருக்கிறதென்று சொன்னார்கள். உண்மையில், சந்தைகளில் போர்ட்கள் இல்லாமலிருக்குமானால் அதை உடனடி விசாரித்து, எங்கெந்த சந்தைகளில் போர்ட்கள் இல்லையோ அந்தந்த சந்தைகளில் போர்ட்கள் வைக்கும்படிச் செய்வதற்கு வேண்டிய ஏற்பாடுகளை இந்த சர்க்கார் செய்யுமென்று சொல்லிக்கொள்கிறேன். ஸ்ரீமான் போற்றி அவர்களும், ஸ்ரீமான் கிருஷ்ணன் அவர்களும் சொன்னதுபோல், சிலசந்தைகளை லேலம் பிடித்திருக்கும் Contractorகளின் மேல் பராதிகள் வந்ததுண்டு. அதைப்பற்றி விசாரித்து அவர்கள் குற்றம் செய்திருந்தால் அவர்களின் மேல் சரியானபடி நடவடிக்கைகள் எடுத்து சிட்சிக்கப்படுவார்களென்பதை நான் இங்கு தெரிவித்துக்கொள்கிறேன். பின்னர், கழக்கூட்டம் மெம்பர் அவர்கள், நெய்யாற்றின்கரை தாலுகாவிலிருக்கும் ஓற்றசேகர

மங்கலம் பகுதியிலும் குன்னத்துகால் பகுதியிலும் உள்ள காணித் தரிசு நிலங்களைப் பற்றிச் சொன்னார்கள். இது ஒரு சரித்திர பரம்பரையான விஷயமாகும். முன்பு, காணிக்காரர்கள் இருப்பதற்கு இடமில்லாமல் கஷ்டப்பட்டுக் கொண்டிருந்த காலத்தில், எனது ஓர்மை சரியானால், ஆயில்யம் திருநாள் மகாராஜா அவர்களின் காலத்தில் 20000-க்கு அதிகமான ஏக்கர் நிலங்கள் காணிக்காரர்களுக்கு கிருஷி செய்வதற்கும், தாமதிப்பதற்கும் கொடுக்கப்பட்டது. ஆனால் அவர்கள் அந்த நிலங்களை கிருஷி செய்து, அதன் பலனை பெற்ற பிறகு-கொடுக்கப்பட்ட இடங்களில் தாமதிக்கக் கூடிய பழக்கம் அவர்களுக்கு இல்லாததினால், அவர்கள் அவ்விடங்களிலிருந்து வெளியேறிப்போனதிற்குப் பிற்பாடு அந்த இடங்கள் புறம்போக்கு இடங்களென சர்க்காரால் பிரக்யாபனம் செய்யப்பட்டது. அந்த இடங்களை Political sufferers க்கு பதித்துக் கொடுத்ததாக ஏதோ ஒரு அங்கத்தினர் சொன்னார். அங்ஙனமொன்றும் அந்த இடங்களை Political sufferers க்கோ, வேறு யாருக்கும் பதித்துக் கொடுக்கவில்லை. இப்பூமிகள் இன்றும் சர்க்காருக்கு லட்சக் கணக்கில் வருமானம் ஈட்டிக் கொடுக்கும் நிலையில் தானிருக்கிறது. இவ்விடங்களை யார் கையில் கொடுத்தால் சர்க்காருக்கு கூடுதல் வருமானம் கிடைக்குமோ அவர்களுக்கு கொடுப்பது பற்றி இச்சர்க்கார் ஆலோசனை செய்துகொண்டிருக்கின்றது. அடுத்ததாக, சில பூமிகளை சர்க்கார் acquire செய்த பின்னரும் கூட அதிலுள்ள கரத்தை குறைவு செய்யாமல் அவ்வாட்களிடமிருந்து கரம் ஈடாக்கப்பட்டு வருகிறதாக, ஒரு புகார். இந்தப் புகாரைத் தீர்க்கவேண்டுமென்ற நோக்கம் சர்க்காருக்கு உண்டு. அவைகள் எங்கெந்த இடங்களிலிருக்கிறது, அது யார் யாருடைய பூமி, யார் யாருக்கெல்லாம் கரம் குறைவு செய்து கொடுக்கப்படவேண்டுமென்பதைப்பற்றி இன்று சர்க்கார் ஆலோசித்து, நடவடிக்கைகளும் எடுத்துக்கொண்டிருக்கிறது. (பெல்)

ஸ்ரீ. டி. எஸ். ராமஸ்வாமி: மதிப்பிற்குரிய மந்திரியவர்கள் கூறினார்கள், எல்லாக்கட்சிகளும் சேர்ந்தாலும் சரி சேராவிட்டாலும் சரி, அரசாங்கம் செய்யவேண்டியதைச் செய்யும் என்று கூறினார்கள். பயோனியர் முதலாளி அனேக ஏக்கர் புறம்போக்குகளை எட்டு வருடங்களாக ஆக்கிரமித்துக் கொண்டு அதன் மேல் 12 கேஸ்கள் எடுத்தும், இந்த சர்க்காரால் ஏன் அவரை அங்கிருந்து வெளியேற்ற முடியவில்லை?

ஸ்ரீ. எ. சிதம்பரநாத நாடார்: முடியாதென்ற காரியமே எனது ஜாதகத்தில் கிடையாது. இதைப்பற்றி நான் ஏற்கனவேயே சொல்லியிருக்கிறேன். சட்டத்திற்கு விரோதமாக அப்படி ஆக்கிரமித்திருந்தால் அவர் பயோனியர் குமாரசுவாமி அல்ல, டி. எஸ். ராமஸ்வாமியாய் இருந்தாலும் சரி, யாராயிருந்தாலும் சரி, வெளியேற்றப்படுவார்.

The cut-motions moved by Shri P. S. Nataraja Pillai and Shri E. Gopalakrishna Menon were, by leave, withdrawn.

The question that Government be granted a sum of Rs. 13,68,400-under Demand II-Land Revenue-was put and carried.

The grant was made.

[4 p. m.]

Demand I-Agricultural Income Tax and Sales Tax

Shri Panampilli Govinda Menon: Sir, I move that an amount of Rs. 4,55,700 be granted to Government under Demand I- Agricultural Income Tax and Sales Tax.

Shri T. M. Varghese: I second it.

Mr. Speaker: Regarding this Demand I, I may suggest that motions Nos. 2, (standing in the name of Shri. C. G. Sadasivan) 34, (standing in the name of Shri A. Thanu Pillai,) and 20, (standing in the name of Shri T. V. Thomas) may be moved and then the whole Demand would come up for discussion and all Members can take part.

Shri A. Thanu Pillai: Sir, I do not propose to move motion No. 34.

Mr Speaker: I have selected these motions in such a way that the whole Demand may be covered during discussion.

Shri C. G. Sadasivan: I do not move my cut-motion (No. 2)

Shri T. V. Thomas: I move to reduce the allotment of Rs. 53,600 for Deputy Sales Tax Commissioner by Re. 1.

സർ, ഈ ഖണ്ഡനോപക്ഷേപമാണ് ഞാൻ ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതു്. ഇന്നു നിലവിലിരിക്കുന്ന സെയിൽസ്ടാക്സിനെപ്പററിയും തിരുവിതാംകൂർ-കൊച്ചിയിൽ നിലവിലുള്ള റവന്യൂ റിക്കാർഡു് അനുസരിച്ചു് പുകയിലയുടെയും പുകയിലസാധനങ്ങളുടെയുംമേൽ ഈടാക്കിക്കൊണ്ടിരിക്കുന്ന നികുതികളെപ്പററിയും ഒന്നുരണ്ടുകാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. വില്പനനികുതിയെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ അഭിപ്രായം എന്താണെന്നു നേരത്തേതന്നെ വ്യക്തമാക്കിയിട്ടുണ്ടു്. കഴിഞ്ഞ അവസരത്തിൽ ഈ വിഷയത്തെപ്പററിയുള്ള ചർച്ചകൾ അസംബ്ലിയിൽ നടന്നുകൊണ്ടിരിക്കുമ്പോൾ ഇതു്, അതായതു വില്പനനികുതി ഒരു ഇമ്മോറൽ ടാക്സ് ആണെന്നു ഞങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. അതിനു് ഒരു മറുപടി ധനകാര്യമന്ത്രി പറയുകയും ചെയ്തു. വില്പനനികുതി സംസ്ഥാനത്തു നടപ്പാക്കിയതു് മദ്യനിരോധനം ഏർപ്പെടുത്തുന്നതുകൊണ്ടുള്ള നഷ്ടം പരിഹരിക്കാനായിരുന്നുവെന്നു പറയുന്നുണ്ടു്. എന്നാൽ ഈ വില്പനനികുതിതന്നെ ഏർപ്പെടുത്തിയിരിക്കുന്നതു് അനീതിപരമാണെന്നുള്ളതിനു മററുചില കാരണങ്ങൾകൂടിയുണ്ടു്. മദ്യനിരോധനത്തിൻെറ നഷ്ടം തീർക്കാനാണെന്നു പറയുന്നതു് ആത്മാർത്ഥപരമല്ല. കാരണം, വാസ്തവ "ിൽ ആ ഉദ്ദേശം മുഴുവനും സാധിക്കാതെയാണിരിക്കുന്നതു്. ഒരു ന്യൂനപക്ഷത്തെ രക്ഷിക്കുന്നതിനുവേണ്ടി, അവരെ ഉണർപ്പെടുത്തുന്നതിനുവേണ്ടി ഭൂരിപക്ഷമാന " യും നികുതിക്കു വിധേയ

മാക്കുക എന്ന അന്യായമായ ഒരു തത്വമാണ് ഇതിലടങ്ങിയിരിക്കുന്നത്. മദ്യനിരോധനം വർഷംതോറും ഓരോ താലൂക്കിലായിട്ട് ഏർപ്പെടുത്തുന്നതാണെന്നു പറഞ്ഞതല്ലാതെ കാൺഗ്രസ്സിന്റെ പരിപാടിയനുസരിച്ച് ആ കൃത്യം നിറവേറ്റിയിട്ടില്ല. സംസ്ഥാനമൊട്ടുക്ക് മദ്യനിരോധനം നടപ്പാക്കിയാൽ രണ്ടരക്കോടി രൂപ നഷ്ടം വരുമെന്നു പറയുകയും, അതേ അവസരത്തിൽ രണ്ടുമൂന്നു സ്ഥലങ്ങളിൽമാത്രം മദ്യനിരോധനം ഏർപ്പെടുത്തിയിട്ട് വില്പനനികുതിയുടെ പേരിൽ ഈ രണ്ടരക്കോടി രൂപ ഈടാക്കുകയുമാണു ചെയ്തിരിക്കുന്നത്. ഇതു വെറും അധാർമ്മികമാണ്. കാൺഗ്രസ്സ് അധികാരത്തിൽ വന്നതോടുകൂടി ജനായത്ത ഭരണസമ്പ്രദായത്തെപ്പറ്റിയും വെൽഫെയർ സ്റ്റേറ്റിനെപ്പറ്റിയും അവസരത്തിലും അനവസരത്തിലും പ്രസംഗിക്കുന്നതു കേട്ടിട്ടുണ്ട്. ഒരു വെൽഫെയർ സ്റ്റേറ്റിന്റെ മൗലികമായ ലക്ഷണം പ്രോഗ്രസ്സീവ് ടാക്സേഷനാണ്. അതായത് ഒരു മിനിമം ജീവിതത്തോതു നിലനിറുത്തിക്കൊണ്ടുപോകാനുള്ള കഴിവ് ഇല്ലാത്തവരെ നികുതിയിൽനിന്നും ഒഴിവാക്കുകയെന്ന്. അങ്ങനെ നോക്കിയാൽ, പൊതുജനങ്ങളിൽ ഇന്നു അടിച്ചേല്പിച്ചിരിക്കുന്ന Distributive justice എന്ന തത്വത്തെ ചോദ്യംചെയ്യുന്ന ഈ വില്പനനികുതി ഒരു പ്രോഗ്രസ്സീവ് ടാക്സേഷനാണോ എന്നു ഞാൻ ചോദിക്കുന്നു. വെൽഫെയർ സ്റ്റേറ്റ് നടപ്പാക്കാൻ പോകുന്നുവെന്നുള്ള കാൺഗ്രസ്സിന്റെ പ്രഖ്യാപനത്തെ എങ്ങനെ അവിശ്വസിക്കാതിരിക്കും! നികുതി ഈടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം നികുതിദായകൻ സർക്കാരിലേക്ക് അടയ്ക്കുന്ന പണത്തിന്റെ തുകയിൽ അന്തർലീനമായിരിക്കുന്ന ത്യാഗംകൂടി ഗവമെന്റ് നോക്കേണ്ടതുണ്ട്. അതായത് ഒരുനേരത്തെ ആഹാരത്തിനുപോലും വഴിയില്ലാതെ വിഷമിക്കുന്ന സാധുജനങ്ങൾ രാപ്പകൽ അദ്ധ്വാനിച്ചു കിട്ടുന്ന തുച്ഛമായ സംഖ്യയിൽനിന്നുമാണ് ഈ അനാശാസ്യനികുതി ഈടാക്കിവരുന്നത്. അത്യാവശ്യസാധനങ്ങൾക്കുവേണ്ടിയുള്ള ചെലവ് വരുമാനത്തിന്റെ അനുപാതികക്രമമനുസരിച്ച് വർദ്ധിക്കുകയില്ല. അതുകൊണ്ട് ജീവിതാവശ്യത്തിനുള്ള ചെലവിന്റെ അനുപാതികക്രമം അനുസരിച്ച് നികുതി ഈടാക്കുന്നതു തികച്ചും അനീതിയാണ്. ഈ വില്പനനികുതി ഈടാക്കുന്ന ഭരണാധികാരിക്കു വെൽഫെയർ സ്റ്റേറ്റിനെപ്പറ്റി ഒരക്ഷരംപോലും പറയാനുള്ള അവകാശമില്ല. അതുകൊണ്ട് ഒരു വെൽഫെയർ സ്റ്റേറ്റിനുവേണ്ടി നിലകൊള്ളുന്നുവെന്നു പറയുന്ന ഈ ഭരണാധികാരികൾ എത്രയും വേഗത്തിൽ അവരുടെ സീറ്റുകൾ ഉപേക്ഷിക്കേണ്ടതാണ്. സർ, ഞങ്ങൾക്കു പറയാനുള്ളത് ഈ രാജ്യത്തിന്റെ ടാക്സേഷൻ സ്ട്രക്ച്ചർതന്നെ സമൂലമായി പുനസ്സംവിധാനം ചെയ്യേണ്ടതാണെന്നാണ്. വില്പനനികുതിയിൽ ഈടാക്കുന്നത് ഏകദേശം രണ്ടരക്കോടി രൂപയാണ്. ഇതാണു കാൺഗ്രസ്സിന്റെ ജനകീയ മോഡൽ ഭരണം. അതുകൊണ്ടാണ് ഞങ്ങൾ കാൺഗ്രസ്സുഭരണത്തെ 'ജനകീയ കൊള്ള' എന്നു വിളിക്കുന്നത്. സർ, ഒരു സോഷ്യലിസ്റ്റ് സിദ്ധാന്തക്കാരനല്ലാത്ത ദാസ് ഗുപ്തതന്നെ പറഞ്ഞിരിക്കുന്നത്, ഇൻഡ്യയിൽ സാധാരണക്കാരന്റെ വരവിന്റെ നൂറു ശതമാനത്തിലും നികുതി ഈടാക്കുന്നുവെന്നും, അതേസമയം ധനവാന്മാരുടെ വരവിന്റെ ഒരു ശതമാനത്തിന്റെമേൽപോലും നികുതി ഈടാക്കുന്നില്ലെന്നുമാണ്. ഒരു പാവപ്പെട്ട തൊഴിലാളി വാങ്ങുന്ന കാലണയ്ക്കുള്ള മുളകിൽനിന്നും വില്പനനികുതിയുടെ പേരിൽ കച്ചവടക്കാരൻ തിരിയെ രണ്ടുമുളകു എടുക്കുന്നുവെങ്കിൽ കാൺഗ്രസ്സിന് രണ്ടു വോട്ടു നഷ്ടപ്പെട്ടു

[ശ്രീ. ടി. വി. താമസ്.]

മെന്നു കരുതിക്കൊള്ളുക. സാധുക്കളെ വില്പനനികുതിയിൽനിന്നും ഒഴിവാക്കിയിട്ട് കച്ചവടക്കാരനിൽനിന്നും ഈ നികുതി പിരിച്ചിരുന്നുവെങ്കിൽ സഹിക്കാമായിരുന്നു. ഈ വില്പനനികുതി ഒരു അക്രമപരമായ പിരിവാണെന്നു ഞാൻ പറയുമ്പോഠം പുകയിലയ്ക്കും, പുകയില സാധനങ്ങഠംക്കുംവേണ്ടി ഇണ്ടാക്കിക്കൊണ്ടിരിക്കുന്ന നികുതി ഒരു കൊള്ളപ്പിരിവാണ്. പുകയില നമ്മുടെ സംസ്ഥാനത്തു് ഉപയോഗിക്കുന്നവർ ഭൂരിപക്ഷവും പാവപ്പെട്ടവരാണ്. ഇടക്കാലത്തു് ഒരു രൂപയുടെ പുകയിലയ്ക്കു നാലു് അണവരെ നികുതി കൊടുക്കേണ്ടിവന്നു. അതു കഴിഞ്ഞു് രൂപയ്ക്കു ഒന്നരഅണയായി. അതിൻെറമേൽ ഒരു രൂപയുടെ പുകയിലയ്ക്കു ലൈസൻസിനാലിൽ ഏഴ പൈസകൂടി കൊടുക്കേണ്ടിയിരിക്കുന്നു. അതിനുശേഷം മൂന്നുപായിൻറിൽ വില്പനനികുതിയിൽ മുക്കാലണയും. അങ്ങനെ പുകയിലയ്ക്കും പുകയില സാധനങ്ങഠംക്കും നാലു് അണയും, കൂടാതെ ഒന്നര അണയും, ഒടുവിൽ മുക്കാലണയും, പിന്നെ ഏഴ പൈസയും സാധുക്കളിൽനിന്നു പിരിച്ചെടുന്ന കാൺഗ്രസ്സ് ഗവണ്മെൻറിൻെറ ഭരണനയം തികച്ചും അപലപനീയമാണ്.

Shri Anthonie Andrew Daniel Luiz: Does the leader of the Opposition consider smoking a luxury?

ശ്രീ. ടി. വി. താമസ്: അതെപ്പററി വലിയ ഒരു വാദപ്രതിവാദം നടത്തുകയും കൂടുതൽ കാര്യങ്ങഠം അറിയുകയും ചെയ്യണമെന്നുള്ള പക്ഷം നമുക്കു് വേറൊരു സന്ദർഭം ഉപയോഗിക്കാവുന്നതാണ്.

സെയിൽസ് ടാക്സിനേയും, ടുബാക്കോ ടാക്സിനേയും ഞങ്ങഠം എതിർക്കുന്നതു്, അതു് സാധാരണക്കാരുടെ ക്രയശക്തിയെ സാരമായി ബാധിക്കുന്നതുകൊണ്ടാണ്. ഇതു് നിലവിലിരിക്കുന്ന കാലത്തോളം ജനങ്ങഠം കാൺഗ്രസ്സ് സർക്കാരിനോടു് സഹകരിക്കുകയില്ല. ഇമ്മാതിരി കരം ഇണ്ടാക്കാതെ സർക്കാരിനു് പണമുണ്ടാകയില്ലെന്നു് ഒരുപക്ഷെ പറയുമായിരിക്കാം. എങ്ങനെയാണു് ഗവണ്മെൻറു് പണം ഉണ്ടാക്കേണ്ടതെന്നും, ആവശ്യങ്ങഠം നിർവഹിക്കേണ്ടതെന്നും, അതിനുള്ള മാർഗ്ഗങ്ങഠം എങ്ങനെയാണെന്നും മററും കണ്ടുപിടിക്കേണ്ട ചുമതല ഞങ്ങഠംക്കുള്ളതല്ല; അതു് ഭരണാധികാരികഠംക്കുള്ളതാണ്. ജനങ്ങളുടെമേൽ അക്രമവും അനീതിയും നടത്തരുതെന്നു് ഞങ്ങഠംക്കു് പറയാനവകാശമുണ്ടു്. ഈ ഇനത്തിൽ ൨ കോടി രൂപ ഗവണ്മെൻറു് ഇണ്ടാക്കുന്നതു് ഒരു അക്രമപ്പിരിവാണ്. ൧൩ ലക്ഷം രൂപയോളം ടുബാക്കോ ടാക്സേഷൻ ഇനത്തിൽ ഇണ്ടാക്കുന്നതു് കൊള്ളയാണ്. അതുകൊണ്ടു് സെയിൽസ് ടാക്സിനേയും ടുബാക്കോ ടാക്സിനേയും ഞാൻ എതിർക്കുന്നു.

Mr. Speaker: Do you wish to move your cut-motion?

Shri K. K. Chellappan Pillai: Yes, Sir. I move to reduce the total allotment of Rs. 4,55,700 under Demand I by Re. 1.

നമ്മുടെ രാജ്യത്തു് സെയിൽസ് ടാക്സ് പിരിവു് ഒരു പ്രധാനപ്പെട്ട വരവിനമാണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. രണ്ടുകോടി നാല്പതു ലക്ഷത്തോളം രൂപ ഈ ഇനത്തിൽ നികുതിയായി ബഡ്ജററിൽ എസ്റ്റി-

മേററ് ചെയ്തിട്ടുണ്ട്. ഇതു് ന്യായയുക്തമായ ഒരു നികുതി ഏർപ്പാടാണോ, അസാന്മാർഗ്ഗികമായ നികുതി ഏർപ്പാടാണോ എന്നുള്ളതിനെപ്പററിയെല്ലാം ഈ സഭയിൽ ഇതിനുമുമ്പും ഇപ്പോഴും ചർച്ചകൾ നടന്നിട്ടുണ്ട്. പക്ഷെ എനിക്കു് പറയുവാനുള്ളതു് ഇന്നു ലോകത്തിൽ എവിടെയും, ഇംഗ്ലണ്ടൊഴിച്ചു് മററെവിടെയും, ഈ നികുതി ഒരു പ്രധാനമായ വരവിനമായി കരുതപ്പെടുന്നുണ്ടെന്നാണു്. റഷ്യയിൽപ്പോലും ഈ നികുതി ഇന്നു് ഒരു പ്രധാന വരവിനമായി കരുതപ്പെടുന്നു. അവിടെ ടേൺ ഓവർടാക്സ് എന്ന പേരിൽ സ്റ്റേററിന്റെ ആകെ വരവിനത്തിന്റെ വ്യ ം ശതമാനംവരെയുള്ള തുക ഈ ഇനത്തിൽ ഈടാക്കുന്നുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. അതുകൊണ്ടു് ഈ അവസരത്തിൽ ഈ നികുതിയുടെ സാന്മാർഗ്ഗീയതയേയൊ അസാന്മാർഗ്ഗീയതയേയൊ സംബന്ധിച്ചു് വല്ലതെയൊന്നും ചർവ്വിതചർവ്വണം ചെയ്യണമെന്നു് ഞാൻ വിചാരിക്കുന്നില്ല. പക്ഷേ, എതിർകക്ഷിനേതാവു് ഇവിടെ പറയുകയുണ്ടായി, ഈ നികുതി മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം വരവിനത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കാനായി ഏർപ്പെടുത്തപ്പെട്ടതാണെന്നും മദ്യനിരോധനം മുഴുവനായി നടപ്പിലാക്കാതെ ഇതു് ഈടാക്കുന്നതു് ശരിയല്ലെന്നും, കൂടാതെ ഈ നികുതി ഈടാക്കുന്നതിൽനിന്നു് മദ്യനിരോധനം പിൻവലിക്കുകയാണെന്നുള്ള ഒരു സൂചനയും നമുക്കു് നൽകാതിരുന്നില്ല. ഞാൻ ഒരു കക്ഷിയെന്ന നിലയിൽ മാത്രമല്ല ഇതേപ്പററി ഇവിടെ സംസാരിക്കുന്നതു്. സാമാന്യതത്വമനുസരിച്ചും സാമാന്യരീതിയനുസരിച്ചും ഒരു സ്റ്റേററ് എങ്ങനെ ഭരിക്കണമെന്നാലോചിക്കുമ്പോൾ തർക്കത്തിനു് ആവശ്യമില്ലാത്ത കാര്യത്തിൽ തർക്കിക്കുന്നതു് ശരിയല്ല. അതിനെ അടിസ്ഥാനമാക്കി ചിലതു് പറയണമെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

മദ്യനിരോധനം നടപ്പിലാക്കിയ അവസരത്തിലാണു് ഈ നികുതിയെപ്പററി ആലോചനയ്ക്കു വന്നതെന്നുള്ളതു ശരിയാണു്. അതു് ചർച്ചാവിഷയമായ അവസരത്തിൽ, മദ്യനിരോധനംമൂലം വരവിനത്തിലുണ്ടാകുന്ന കുറവു് ഇതുകൊണ്ടു് പരിഹരിക്കപ്പെടുമെന്നു് പറഞ്ഞതു് ശരിയാണു്. സെയിൽസ്ടാക്സ് ആദ്യമായി ഇൻഡ്യയിൽ നടപ്പിലാക്കിയതു് മദ്രാസിലാണു്. ശ്രീ. സി. രാജഗോപാലാചാരി ഇതു് നടപ്പിലാക്കിയ അവസരത്തിലും മേൽപ്രകാരം പറഞ്ഞിട്ടുണ്ടു്. എന്നല്ലാതെ മദ്യനിരോധനംമൂലം ഉണ്ടാകുന്ന നഷ്ടത്തിനു് പകരമാണു് ഈ നികുതിയെന്നു് പറഞ്ഞിട്ടില്ല.

ശ്രീ. ടി. വി. താമസ്: കേന്ദ്രധനകാര്യമന്ത്രി തന്റെ ബഡ്ജററ് പ്രസംഗത്തിൽ അപ്രകാരം പറഞ്ഞിട്ടുള്ളതായി അറിവില്ലയോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇൻസിഡന്റലായി അദ്ദേഹം അങ്ങനെ പറഞ്ഞു. മദ്യനിരോധനംമൂലമുള്ള നികുതിനഷ്ടം ഇതുകൊണ്ടു് നികത്താൻ സാധിക്കുമെന്നു് പറഞ്ഞതല്ലാതെ ആ വാക്കുകൾക്കു് മദ്യനിരോധനത്തിനുനേരെ വില്പനനികുതി എന്ന തരത്തിൽ അർത്ഥം കല്പിക്കുന്നതു് ശരിയല്ല.

ശ്രീ. ടി. വി. താമസ്: ഈ നഷ്ടം പരിഹരിക്കാൻവേണ്ടിയാണു് ഇതു് ഏർപ്പെടുത്തിയിരിക്കുന്നതെന്നാണു് പറഞ്ഞതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതിനുവേണ്ടി കൂടിയാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് പറയുന്നതാണ് ശരി.

ശ്രീ. കെ. പി. പ്രഭാകരൻ: കേന്ദ്രധനകാര്യമന്ത്രി ഇതിനുവേണ്ടിയാണ് എന്ന് ഉറപ്പിച്ചു പ്രസ്താവിച്ചതു് മെംബർ വായിച്ചിട്ടുണ്ടോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: മി. ദേശ്മുഖ് വല്ലതും പറഞ്ഞാൽ എനിക്കതിനോട് യോജിക്കാൻ സാദ്ധ്യമല്ല. മി. ദേശ്മുഖ് മദ്യനിരോധനത്തിന് എതിരായിരിക്കാം. ഞാൻ മഹാത്മാഗാന്ധിയുടെ ആദർശമനുസരിച്ച്, മദ്യവിതരണത്തെ എതിർക്കുന്നയാളാണ്. എന്തായാലും മദ്യനിരോധനം പൂർണ്ണമായി നടപ്പിലാക്കുവാൻ ഈ ഗവണ്മെന്റ് കടപ്പെട്ടിരിക്കുകയാണ്. അതിൽനിന്നും പിൻമാറാൻ യാതൊരു ഉദ്ദേശവും ഗവണ്മെന്റിനില്ലെന്നാണ് എന്റെ വിശ്വാസവും ആശയും.

മദ്യനിരോധനം നിർത്തി മദ്യം എല്ലാവർക്കും വിതരണം ചെയ്യണമെന്ന് ഇവിടെ ഒരഭിപ്രായമുണ്ടായി. അപ്പോൾ വില്പനനികുതി നിർത്താമല്ലോ എന്നാണ്. ഈ വാദം സ്വീകരിക്കുവാൻ ഞാൻ തയ്യാറില്ല. മദ്യക്കരം ഈടാക്കുന്നതു് ഒരു ചെറിയ വിഭാഗം ആളുകളിൽനിന്നുമാത്രമാണ്. അതായതു് ൯ ലക്ഷം ആളുകളിൽനിന്നു മാത്രമാണ്. അതു് ആകെയുള്ളതിന്റെ ൧൦ ശതമാനം മാത്രമാണ്. ആ പത്തു ശതമാനം വരുന്ന ആളുകൾ മിക്കവാറും തൊഴിലാളികളും അവരെപ്പോലെ വളരെ കുറവായ വരുമാനം ഉള്ള സാധുക്കളും ആണ്. അവരിൽനിന്നാണ് കള്ളുനികുതി വാരേണ്ടതു്. അതു് സാമ്പത്തികവ്യവസ്ഥകൾക്ക് അനുയോജ്യമായ നികുതിയും ഇതു് ഒരു അസാമ്പത്തികനികുതി എപ്പോഴുമാകുന്നതു് എങ്ങിനെയെന്നു് മനസ്സിലാകുന്നില്ല.

ശ്രീ. ടി. വി. താമസ്: എത്ര ലക്ഷം ആളുകളിൽനിന്നാണ് ഈ ൯ ലക്ഷം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ൯൨ ലക്ഷം ആളുകളിൽ ഏകദേശം ൧൦% ആളുകളിൽനിന്നാണ്. ഈ വില്പനനികുതികൊണ്ട് ഏറ്റവും പ്രയോജനപ്പെട്ടിട്ടുള്ളതു് ലേബർ സെക്ഷനാണ്. ഇക്കാര്യം ഇരു നേതാക്കന്മാർ ആലോചിച്ചിട്ടില്ലെന്നു തോന്നുന്നു. മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള മദ്രാസിലും തെക്കൻതിരുവിതാംകൂറിലും ലേബർ സെക്ഷൻ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതായി എനിക്കറിയാം. തൻമൂലം അവരുടെ ക്രയശക്തിയും വർദ്ധിച്ചിട്ടുണ്ട്. ഇതു് ഏർപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരെ അവർ ഏറ്റവും കൂടുതൽ ആദരിക്കയും ബഹുമാനിക്കയും ചെയ്യുന്നതായി എനിക്കറിയാം. മദ്യനിരോധനം നിശ്ചയമായും ലേബർ സെക്ഷന് ഗുണകരമാണ്. ആ സ്ഥിതിക്ക് ലേബർ സപ്പോർട്ടേഴ്സ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന വാദത്തിന്റെ അർത്ഥമെന്താണെന്നും അതു് ആത്മാർത്ഥതയോടുകൂടിയാണോ എന്നും എനിക്ക് നിശ്ചയമില്ല. അതുകൊണ്ട് എതിർക്കാൻവേണ്ടിമാത്രമാണ് ഈ എതിർപ്പെന്നു ഞാൻ വിശ്വസിക്കുന്നു. അല്ലെങ്കിൽ ആത്മാർത്ഥതയോടെ അവർ അവരുടെ അഭിപ്രായം തുറന്നുപറയേണ്ട അവസരം ഇതാണ്.

ശ്രീ. ടി. വി. താമസ്: മദ്യനിരോധനത്തെ എതിർക്കുന്നുവോ ഇല്ലയോ എന്നുള്ള പ്രശ്നം ഇപ്പോൾ ഇവിടെയില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: സെയിൽസ്ടാക്സിനെപ്പററി ഇവിടെ സംസാരിച്ചപ്പോൾ അതു് എല്ലാവരിൽ നിന്നും ഈടാക്കുന്ന കരമാണെന്നും അതുകൊണ്ടുള്ള തെററാണെന്നും ഒരു വാദഗതി ഉണ്ടായി. കൺസ്യൂമേഴ്സിനെ എല്ലാം ഒരുപോലെ ബാധിക്കുന്ന ഒരു നികുതിയായതിനാൽ ഇതു് ഒരു സാമ്രാജ്ജിക നികുതിയാണെന്നുള്ളതിൽ സംശയമില്ല. പബ്ലിക്ക് ഫൈനാൻസ് തത്വമനുസരിച്ചു് ഇത്തരം നികുതിയും സാമ്രാജ്ജിക നിയമങ്ങൾക്കനുയോജ്യമാണെന്ന് പ്രബലമായ അഭിപ്രായമുണ്ടു്. ഈ നികുതി ഇവിടത്തെ പാവങ്ങളിൽ നിന്നും ഈടാക്കുന്നതു് ശരിയല്ല എന്നൊരു വാദഗതി ഉണ്ടായി. ഈ ടാക്സ് ആഹാരസാധനങ്ങളിൽ നിന്നും ഈടാക്കാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആഹാരസാധനങ്ങളെ സെയിൽസ് ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടു്. അതുപോലെ തന്നെ മററു സാധാരണക്കാർക്കു് അത്യാവശ്യമുള്ള മററു ചില സാധനങ്ങളെയും ഒഴിവാക്കുന്നതിനുള്ള ചട്ടങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. ഇതു സംബന്ധിച്ചു് ഗവണ്മെൻറിൽ നിന്നും നിയമം പാസാക്കുന്ന അവസരത്തിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. പുകയിലയെയും അതിൽ നിന്നും ഒഴിവാക്കണമെന്നു് ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. പുകയില സാധാരണക്കാർക്കു് ആവശ്യമുള്ളതാണെങ്കിലും ഇതു് അവർ ഉപേക്ഷിച്ചു് ഇതിനു ചെലവാക്കുന്ന പണം മററു ജീവിതാവശ്യങ്ങൾക്കു ഉപയോഗിക്കണമെന്നുള്ള ഒരു അഭിപ്രായക്കാരനാണു് ഞാൻ. അതു് നിരോധിക്കണമെന്നുപോലും ആഗ്രഹമുള്ളയാളാണു് ഞാൻ. പാവപ്പെട്ടവരെ രക്ഷിക്കാൻ വേണ്ടിയെങ്കിലും അതു നടപ്പിലാക്കണം. അതിനാൽ ഇപ്പോൾ അതിൽ നിന്നും സെയിൽസ്ടാക്സ് ഈടാക്കുന്നതു് തെററല്ല.

ഈ സെയിൽസ് ടാക്സ് ഈടാക്കുന്ന രീതിയെപ്പററി കൂടി സംസാരിച്ചിട്ടു് എന്റെ പ്രസംഗം നിർത്താമെന്നു വിചാരിക്കുന്നു. ഇവിടത്തെ എക്സ്പോർട്ടിനത്തിൽ ഇൻഡ്യാഗവണ്മെൻറിനു ൩൦ കോടി രൂപയിൽ നിന്നുള്ള ചുങ്കം കിട്ടുന്നുണ്ടു്. ആവക സാധനങ്ങളിൽ നിന്നും സെയിൽ ടാക്സ് ഈടാക്കാൻ പാടില്ലാത്ത ഒരു പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടു്. അനേകം പോയിൻറുകളിലായിട്ടാണു ഈ നികുതി പിരിച്ചുവരുന്നതു്. ഇതു സംബന്ധിച്ചു ഒരു കേസ് ഹൈക്കോടതിയിൽ ഉണ്ടായിരുന്നു. **In the course of export** എന്ന കാരണം കൊണ്ടു കയററി അയയ്ക്കുന്ന സാധനങ്ങളിലുള്ള നികുതി നിയമവിരുദ്ധമാണെന്നാണു് ഹൈക്കോടതി വിധി. ഇപ്പോൾ അതു് സുപ്രീംകോർട്ടിലാണെന്നു തോന്നുന്നു. അങ്ങനെ എക്സ്പോർട്ടു ചെയ്യുന്ന സാധനങ്ങളുടെ മേൽ നികുതി ഈടാക്കാൻപാടില്ലാത്ത ഒരു പരിതഃസ്ഥിതിവന്നിരിക്കയാണു്. സുപ്രീംകോടതിയിലെ വിധി കഴിഞ്ഞു ഒരു കമ്മിററിയെ ഏർപ്പെടുത്തി, ഏതെല്ലാം സാധനങ്ങളെ നികുതിയിൽ നിന്നു ഒഴിവാക്കണം, ഒരുപായിൻറിൽ വേണോ അനേകപായിൻറുകളിൽ ആകാമോ എന്നെല്ലാമുള്ള കാര്യങ്ങളെപ്പററിയെല്ലാം. വ്യക്തമായ ഒരു ചട്ടം ഉണ്ടാക്കണമെന്നാണു് എന്റെ അഭിപ്രായം. തേങ്ങാകച്ചവടക്കാർ, കയർ പിരിക്കാർ, വെള്ളിക്കോലും കൊണ്ടു നടന്നു കച്ചവടം ചെയ്യുന്നവർ, ഇവരെ എല്ലാം ഒഴിവാക്കണമോ വേണ്ടയോ എന്നുള്ളതു സംബന്ധിച്ചു് ഈ കമ്മററി അന്വേഷിച്ചു് സങ്കടപരിഹാരാർത്ഥം വേണ്ടതു ചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

Mr. Speaker: This discussion will stand over. According to the agenda another discussion has to be started now under Rule 26. May I call upon Shri Ravindran to start the discussion ?

Discussion under Rule 26 re: Handloom Workers.

ശ്രീ. പി. രവീന്ദ്രൻ : സർ, ജൂലൈ മാസം ൭-ാം തീയതിയിലെ ൧൩൫-ാം നമ്പർ ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി, ഇപ്പോൾ കൈത്തറിനെയ്ത്തു വ്യവസായത്തിനു പറയത്തക്ക പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ലെന്നും, നൂൽ കിട്ടുന്നില്ലെന്നു തൊഴിലാളിയും നൂൽ വിററഴിക്കാൻ നിവൃത്തിയില്ലെന്നു മുതലാളിയും പറയുന്ന ഒരു വിചിത്രമായ അവസ്ഥയാണു ഇന്നു നിലവിലുള്ളതെന്നും. കൈത്തറി നെയ്ത്തിനെപ്പററിയുള്ള വിശദമായ വിവരങ്ങൾ അറിയുന്നതിലേക്കു ഒന്നുരണ്ടുദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മറുപടിയിൽ പറയുകയുണ്ടായി. ആ പ്രസ്താവനയിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതു് കൈത്തറിനെയ്ത്തു വ്യവസായത്തിനു് ഇന്നു നേരിട്ടിരിക്കുന്ന മാന്ദ്യത്തെപ്പററിയും ആ മാന്ദ്യംമൂലം ഇന്നു് അനേക ലക്ഷം ജനങ്ങൾക്കു് നേരിട്ടിരിക്കുന്ന വിഷമത്തെപ്പററിയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കു് നല്ലപോലെ അറിവില്ലെന്നാണു്. ഈ വ്യവസായത്തിനു് മാന്ദ്യം നേരിട്ടിട്ടു് ഇപ്പോൾ ഏകദേശം ഒരു വർഷക്കാലമായി. ആ വസ്തുത ബഹുമാനപ്പെട്ട മന്ത്രിയെ ബോദ്ധ്യപ്പെടുത്തണമെന്നുള്ള വിചാരത്തോടുകൂടിയാണു് ഞാൻ ഈ ചർച്ചയ്ക്കു് ആരംഭിച്ചതു്.

തിരുവിതാംകൂർ-കൊച്ചിയിലെ കുടിൽവ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണു് കൈത്തറിനെയ്ത്തു വ്യവസായം. ഏകദേശം ഒരു ലക്ഷം തൊഴിലാളികൾ ഈ വ്യവസായത്തിൽ നേരിട്ടു പ്രവർത്തനം നടത്തുന്നുണ്ടു്. അവരെ ആശ്രയിച്ചു ജീവിക്കുന്നവരായി രണ്ടു ലക്ഷത്തിൽപ്പരം ആളുകളുമുണ്ടു്. അങ്ങനെ മൊത്തത്തിൽ മൂന്നു ലക്ഷം ആളുകളുടെ സാമ്പത്തിക കഴിവിനെ നിലനിത്തിക്കൊണ്ടുപോകുന്ന ഒരു വ്യവസായമാണു കൈത്തറിനെയ്ത്തു വ്യവസായം. ഒരു കാലത്തു് ഭാരതത്തിന്റെ പേരിനും പെരുമയ്ക്കും നിദാനമായിരുന്ന ഒരു വ്യവസായമായിരുന്നു ഇതു്. മദ്രാസ് ചീഫ് മിനിസ്റ്റർ ശ്രീ. രാജഗോപാലചാരി ഒരു റേഡിയോ പ്രസംഗത്തിൽ പറയുകയുണ്ടായി; ഇൻഡ്യയിലെ കൈത്തറി നെയ്ത്തിനെപ്പററി വിദേശരാജ്യക്കാർ അഭിനന്ദനം രേഖപ്പെടുത്തിയിട്ടുണ്ടെന്നും കഴിഞ്ഞ കാലങ്ങളിൽ വിദേശരാജ്യങ്ങളിൽ കൈത്തറിവസ്ത്രങ്ങൾക്കു് കമ്പോളങ്ങൾ ഉണ്ടായിരുന്നുവെന്നും. മാത്രമല്ല അദ്ദേഹം ഈ കൈയ്ത്തറി നെയ്ത്തുകാർക്കു് ഇന്നു മില്ലുകളിലുണ്ടാക്കുന്ന വസ്ത്രത്തെക്കാൾ മേന്മയും ഭംഗിയുമുള്ളതായ വസ്ത്രങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്നും പറയുകയുണ്ടായി. ഇപ്രകാരം ശ്രീ. രാജഗോപാലാചാരി മുക്തകണ്ഠം പ്രശംസിച്ച ഒരു വ്യവസായമാണു് ഇന്നു് ഒരു വമ്പിച്ച തകർച്ചയിൽ എത്തിച്ചേർന്നിരിക്കുന്നതു്; ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതും ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകളെ പട്ടിണിയിൽ നിന്നു മോചിപ്പിക്കേണ്ടതും ഗവണ്മെൻറിന്റെ കർത്തവ്യമാണെന്നു് അനുസ്മരിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. കൈത്തറിനെയ്ത്തു വ്യവസായമാന്ദ്യത്തെയും, അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴി

ലാളികളുടെ ദയനീയ സ്ഥിതിയെയും, പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ-കൊച്ചിയിലെ പ്രമുഖദിനപ്പത്രങ്ങളെല്ലാം മുഖപ്രസംഗങ്ങൾ എഴുതിയിട്ടുണ്ട്. ആ പത്രങ്ങൾ ഇതിനൊരു പരിഹാരം പെട്ടെന്നുതന്നെ ഉണ്ടാക്കണമെന്ന് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. എന്നിട്ടും ഗവൺമെൻറ് യാതൊരു മറുപടിയും സ്വീകരിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. ഞാൻ ഈ വ്യവസായത്തിൻെറ ശോചനീയമവസ്ഥയെ പററി പറഞ്ഞാൽ ധനകാര്യമന്ത്രി പക്ഷെ അതു അതിശയോക്തിയാണെന്നു പറഞ്ഞേയ്ക്കും. ഏകദേശം മൂന്നുലക്ഷം ആളുകൾ പട്ടിണിയിലേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കയാണ്. സ്വന്തം വീട്ടിൻെറ ഒരു ഭാഗം ഒരു ഫാക്ടറിയാക്കി മാററി, ഒരൊഴിഞ്ഞ മൂലയിൽ തലകൊണ്ടു താളംപിടിച്ചുകൊണ്ട് പകൽ മുഴുവൻ പണിയെടുക്കുന്ന നെയ്ത്തുകാരൻ പട്ടിണിയിലാണെന്നു പൊതുജനങ്ങൾ ഒരു പക്ഷെ അറിഞ്ഞിട്ടില്ലായിരിക്കാം. എന്നാൽ നെയ്ത്തുതൊഴിലാളികളുമായി ഇടപെട്ട് കാര്യങ്ങൾ ശരിയായി അറിയുന്നതിനുള്ള അവസരം എനിക്കു ലഭിച്ചിട്ടുള്ളതുകൊണ്ട് അവരിപ്പോൾ പട്ടിണിയിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കയാണെന്ന് എനിക്കു പറയാൻ കഴിയും. അങ്ങനെ വളരെ ശോചനീയമായ നിലയിൽ അധഃപ്പതിച്ചുകിടക്കുന്ന ഈ നെയ്ത്തുകാർക്ക് അല്പം ആശ്വാസം നൽകുന്നതിനുവേണ്ടി ചില പ്രായോഗിക നിർദ്ദേശങ്ങളാണ് ഞാൻ ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ ആഗ്രഹിക്കുന്നതു്.

സർ, ഇന്നു കൈത്തറിനെയ്ത്തു വ്യവസായത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഏററവും പ്രധാനമായ പ്രശ്നം കൈത്തറി വസ്ത്രങ്ങൾക്ക് മാർക്കററില്ലെന്നുള്ളതാണ്. അങ്ങനെ മാർക്കററില്ലാതെ വരുന്നതിനു പ്രധാനമായ കാരണം യന്ത്രങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വസ്ത്രങ്ങളുമായി ഇതിനു മത്സരിക്കാനുള്ള കഴിവുകേടാണ്. മില്ലുകളിൽ പരുക്കൻ വസ്ത്രങ്ങൾ ധാരാളമായി ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതു് ഇവിടത്തെ മാർക്കററുകളിൽ വിൽക്കുന്നതുകൊണ്ട് ഈ കൈത്തറിവസ്ത്രങ്ങൾക്ക് മാർക്കററില്ലാതെ വന്നിരിക്കയാണ്. എന്നാൽ കൈത്തറി വസ്ത്രങ്ങൾക്കു വില കുറച്ചുകൊടുത്താൽ മാർക്കററു കിട്ടും അങ്ങനെ ചെയ്യണമെങ്കിൽ നൂലിൻെറ വില സാരമായി കുറവു ചെയ്യണം. നൂൽ വില കുറയ്ക്കുന്നതിനു ചില നിർദ്ദേശങ്ങൾ ഞാൻ സഭയുടെ മുമ്പിൽ വയ്ക്കുന്നു. ഇന്ന് ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കുന്ന നൂലിൽ ഒരു നിശ്ചിതമായ ക്വോട്ടാ ഗവൺമെൻറ് അതിൻെറ ഉൽപ്പാദനവില കൊടുത്ത് എടുക്കുകയും അങ്ങനെ എടുക്കുന്ന നൂൽ ഗവൺമെൻറിൻെറ ചുമതലയിൽ കോവാപ്പറേററീവ് സൊസൈററി മുഖേന വിതരണം ചെയ്യുകയും വേണം. അങ്ങനെ വിതരണം ചെയ്യുമ്പോൾ ഉണ്ടാകാവുന്ന നഷ്ടം ഗവൺമെൻറുതന്നെ വഹിക്കേണ്ടതാണ്. നൂലിൻെറ വില താഴ്ന്നില്ലെങ്കിൽ നെയ്ത്തുകാർക്ക് പുരോഗതിയുണ്ടാവാൻ പോന്നില്ല. അപ്രകാരം നൂൽ വില കുറയ്ക്കുന്നതിനുള്ള ഒരു പടി ഗവൺമെൻറു സ്വീകരിക്കേണ്ടതാണ്. നൂൽവില കുറയുന്നതുകൊണ്ടു മാത്രം ഇന്നത്തെ വിഷമപ്രശ്നം പരിഹരിക്കാമെന്നു ഞാൻ പറയുന്നില്ല. നൂൽവില കുറയ്ക്കുന്നതോടൊപ്പം തന്നെ മില്ലുകളിൽ ഉണ്ടാക്കുന്ന പരുക്കൻ തുണികളുടെ ഉല്പാദനം നിയന്ത്രിക്കേണ്ടതും ആവശ്യമാണെന്നാണ് ഞാൻ പറയുന്നതു്. സാധാരണയായി ഇവിടെ വിതരണം ചെയ്യുന്ന നൂൽ ൪൦-ാം നമ്പർവരെയുള്ളതാണ്. ൪൦-ാംനമ്പർവരെയുള്ള നൂൽകൊണ്ടു് ഉണ്ടാക്കുന്ന വസ്ത്രങ്ങൾ മില്ലുകളിൽ ഉല്പാദിപ്പിക്കാൻ പാടില്ലെന്ന് ഒരു നിർദ്ദേശവും

[ശ്രീ. പി. രവീന്ദ്രൻ.]

കൊടുക്കേണ്ടതാണ്. അങ്ങനെയാണെങ്കിലേ മില്ലുകളുമായി മത്സരിക്കാൻ കഴിവുള്ളൂ. ഈ വ്യവസായത്തെ പുരോഗമിപ്പിക്കുവാൻ സാധിക്കയുള്ളൂ. ഇന്നു് നൂൽ കിട്ടുന്നില്ലെന്നു തൊഴിലാളികൾ മുറവിളി കൂട്ടുന്നതായി ഞാൻ കേട്ടിട്ടില്ല. നൂൽ കമ്പോളങ്ങളിൽ ധാരാളം കിട്ടുന്നുണ്ടു്. കോവാപ്പറേററിവ് സൊസൈററിയിൽ നൂൽ വാങ്ങാൻ ചെല്ലാത്ത ഒരവസ്ഥയാണിന്നുള്ളതു്. ഇന്നു് കാർഡില്ലാതെ നൂൽ സെയിൽസ് ഡിപ്പോകളിൽ നിന്നും കിട്ടും. നൂൽ വാങ്ങാതിരിക്കുന്നതു് അതിനുള്ള ക്രയശക്തി നെയ്ത്തുകാരനില്ലാത്തതിനാലാണെന്നാണ് ഞാൻമനസ്സിലാക്കുന്നതു്. ഈ നിലയ്ക്കു ഒരു വ്യത്യസ്ഥതയാണ് തൃശ്ശൂരിലുള്ളതു്. അവിടെ സെൻട്രൽ മാർക്കററിങ്ങ് സൊസൈററിയിൽ നിന്നല്ലാതെ നൂൽ വാങ്ങാൻ പാടില്ല. തിരുവനന്തപുരത്തും കൊല്ലത്തുമെല്ലാം സെയിൽസു ഡിപ്പോകളിൽനിന്നും നൂൽ ആവശ്യംപോലെ കാർഡു് ഇല്ലാതെയും വാങ്ങാം. തൃശ്ശൂരിൽ അങ്ങനെ വാങ്ങാൻ സാദ്ധ്യമല്ല. ആ നിലയിൽ തിരുവിതാംകൂർ വിഭാഗത്തു കിട്ടുന്ന ആനുകൂല്യം തൃശ്ശൂരിലുള്ളവക്കു് കിട്ടുന്നില്ലെന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. ഗവണ്മെൻറിൽനിന്നും ഈ സഹകരണ സംഘങ്ങൾക്കു് ഒരു ധനസഹായംകൂടി നൽകേണ്ടതാണ്. നൂലു് സഹകരണസംഘങ്ങളെ ഏൽപ്പിക്കുകയും, ക്രയശക്തി തീരെ നശിച്ചു നൂലു വാങ്ങാൻ നിവൃത്തിയില്ലാത്ത നെയ്ത്തുകാർക്കു കടമായി നൂലുകൊടുക്കാൻ ഏർപ്പാടു ചെയ്യുകയും ചെയ്യേണ്ടതാണ്. നൂൽകൊണ്ടു വസ്ത്രം ഉണ്ടാക്കിയാൽ അതു് ഏററുവാങ്ങുന്നതിനും സഹകരണസംഘം തയ്യാറാകണം. അങ്ങനെയുള്ള സൗകര്യങ്ങൾ ക്രയശക്തി നശിച്ച ആളുകൾക്കു് ചെയ്യുന്നതിലേക്കു് സഹകരണസംഘങ്ങൾക്കു് ധനസഹായം ഗവണ്മെൻറു ചെയ്യേണ്ടതാണ്.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു് ഒരു തരം നൂലിനുതന്നെ രണ്ടുതരം വില ഈടാക്കുന്ന ഒരു പതിവുണ്ടെന്നുള്ളതാണ്. ൪൦-ംനമ്പർ നൂലിനു രണ്ടുതരം വില ഈടാക്കുന്നുണ്ടു്. അളകപ്പാമിൽസിലുള്ള നൂലിനു ൪൫ രൂപാ വിലയുള്ളപ്പോൾ, മററുമില്ലുകളിൽ ഉണ്ടാക്കുന്ന നൂലിനു ൨൭ രൂപാ ൧൨ അണയേ വിലയുള്ളൂ. ഒരുപക്ഷെ അതിനൊരു ന്യായം ഉന്നയിക്കാൻ സാധിക്കും. അളകപ്പാമില്ലിൽ ഉണ്ടാക്കുന്ന നൂലിൽ ഈജിപ്ടിൽനിന്നും വരുന്ന പഞ്ഞികൂടി ചേർത്തിട്ടുണ്ടെന്നു പറയുന്നു. എന്നാൽ അന്വേഷണത്തിൽ അളകപ്പാമില്ലിലുള്ള നൂൽ മോശമാണെന്നാണ് അറിയുന്നതു്. വെളിയിൽനിന്നും വരുന്ന പഞ്ഞികൂടി കലർത്തി എന്നുള്ള കാരണം വച്ചുകൊണ്ടു് ൪൫ രൂപാ ഈടാക്കിവരുന്നുണ്ടു്. ഇന്നു് ആ നൂൽ വാങ്ങുന്നതിനു് പ്രത്യേകം നിർബന്ധിക്കുന്നതായും കാണുന്നുണ്ടു്. ആ നൂൽ വാങ്ങിയെങ്കിൽ മാത്രമേ ൨൭ രൂപാ ൧൨ അണയ്ക്കുള്ള നൂൽ കിട്ടുകയുള്ളൂ. പ്രത്യേകമായി യാതൊരു ഗുണക്കൂടുതലുമില്ലാത്ത നൂൽ നെയ്ത്തുകാരെക്കൊണ്ടു കൂടുതൽ വിലകൊടുത്തു വാങ്ങിപ്പിക്കുന്നതു് കഷ്ടമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതുപോലെതന്നെ അവക്കു് ആവശ്യമുള്ള നമ്പർ നൂൽ കിട്ടുന്നുമില്ല. ൪൦-ാംനമ്പർ ആവശ്യമുള്ളിടത്തു് കൊടുക്കുന്നതു് ൨൦-ാംനമ്പരും ൨൦-ാംനമ്പർ ആവശ്യമുള്ള സ്ഥലങ്ങളിൽ കൊടുക്കുന്നതു് ൪൦-ാംനമ്പരും ആയിരിക്കും. അതുകൊണ്ടു് ആവശ്യപ്പെടുന്ന നമ്പർ നൂൽ കൊടുക്കുന്നതിനും ഗവണ്മെൻറു പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്.

വേറൊന്ന് എനിക്കു പറയുവാനുള്ളത് കൈത്തറിനെയ്ത്തു വസ്ത്രങ്ങൾക്ക് മേന്മയും ഭംഗിയും ഉണ്ടാക്കുന്നതിന് പ്രിൻറിംഗ്, കലണ്ടറിംഗ്, ഡൈയിംഗ് മുതലായ ജോലികൾക്ക് വ്യവസായഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നാണ്. അപ്രകാരം ഗവണ്മെൻറിൽനിന്നും യന്ത്രസാമഗ്രികൾ ഉണ്ടാക്കി സഹായിക്കുകയാണെങ്കിൽ, മിൽവസ്ത്രങ്ങളെപ്പോലെതന്നെ കൈത്തറിവസ്ത്രങ്ങളും ഭംഗിയുള്ളതായിത്തീരും. ഇവിടെയുണ്ടാക്കുന്ന കൈത്തറിവസ്ത്രങ്ങൾ വിതരണം ചെയ്യുവാനുള്ള ചുമതല സഹകരണസംഘങ്ങളെ ഏല്പിക്കേണ്ടതാണ്. മദ്രാസിൽ അങ്ങനെയാണു ചെയ്യുന്നത്. ഗവണ്മെൻറാവശ്യത്തിനുതന്നെ കൈത്തറി വസ്ത്രങ്ങൾ അവിടെ എടുക്കുന്നുമുണ്ട്. ഗവണ്മെൻറുതന്നെ മൂന്നു മാസത്തേയ്ക്കു വിലനിശ്ചയിച്ചു കൈത്തറിവസ്ത്രങ്ങൾ വിലയ്ക്കുവാങ്ങി വിതരണം ചെയ്തുവരുന്നുണ്ട്. ഇവിടെ ഗവണ്മെൻറ് ആശുപത്രികളിലേക്കും പോലീസ് ഡിപ്പാർട്ടുമെൻറിലേക്കും കൈത്തറി നെയ്ത്തിൽനിന്നും ഉല്പാദിപ്പിക്കുന്ന തുണികൾതന്നെ ഉപയോഗിക്കണമെന്നാണ് ഞാൻ പറയുന്നത്. അതുപോലെതന്നെ പാകിസ്ഥാൻ, സിലോൺ, മലയം, മുതലായ സ്ഥലങ്ങളിൽ മാർക്കററു കണ്ടുപിടിക്കുന്നതിനും ഗവണ്മെൻറു നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒരഭിപ്രായംകൂടി എനിക്കുണ്ട്; അതായത് കൈത്തറിനെയ്ത്തിന് അപ്പോഴപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും, അവയ്ക്കു പരിഹാരം കണ്ടുപിടിക്കുന്നതിനും ഒരു അഡ്വൈസറി ബോർഡുണ്ടാക്കുന്നതു നല്ലതായിരിക്കും. ഈ വിവരങ്ങളെല്ലാം അടങ്ങിയിട്ടുള്ള മെമ്മോറാണ്ടങ്ങൾ വിവിധ നെയ്ത്തുതൊഴിലാളി യൂണിയനുകളും ലേബർ മന്ത്രിയുടെ അടുക്കൽ സമർപ്പിച്ചിട്ടുള്ളതാണ്. കഴിഞ്ഞ മാർച്ചുമാസത്തിൽ ഞാൻതന്നെ നേരിട്ടു ഒരു മെമ്മോറാണ്ടം അദ്ദേഹത്തിൻെറ മുൻപിൽ സമർപ്പിക്കുകയുണ്ടായി. ഈ വ്യവസായ മാന്ദ്യത്തിൻെറ പരിഹാരത്തിന് എന്തെങ്കിലും ഒരു നടപടി എടുക്കണമെന്നും അതിലേക്കു ഒരു കാൺഫറൻസു വിളിച്ചുകൂട്ടണമെന്നും ഞാൻ ആവശ്യപ്പെട്ടിരുന്നു. മൂന്നാഴ്ചയ്ക്കകം ഒരു കാൺഫറൻസ് വിളിച്ചുകൂട്ടാമെന്ന് അദ്ദേഹം മറുപടി പറയുകയും ചെയ്തു. എന്നാൽ മൂന്നാഴ്ചകഴിഞ്ഞിട്ടും ആ കാൺഫറൻസ് വിളിച്ചുകൂട്ടുകയോ, അതിനുവേണ്ടി എന്തെങ്കിലും നടപടി എടുക്കുകയോ ചെയ്തിട്ടില്ല.

കാൺഫറൻസു വിളിച്ചുകൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പല പ്രമേയങ്ങളും യോഗങ്ങളിൽവച്ച് പാസ്സാക്കി അയയ്ക്കുകയുണ്ടായി. എന്നിട്ടും ഗവണ്മെൻറ് അനങ്ങിയില്ല. പിന്നീടു കാൺഫറൻസ് വിളിച്ചുകൂട്ടാഞ്ഞതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസ്സാക്കി അയച്ചു. എന്നിട്ടും ഗവണ്മെൻറ് മൗനം അവലംബിച്ചു. അവസാനം അധഃപതനത്തിലേക്കു പാഞ്ഞുപൊയ്ക്കൊണ്ടിരുന്ന നെയ്ത്തുതൊഴിലാളികൾ മേയ് 4-ാം തീയതി അവരുടെ അവകാശ പ്രഖ്യാപനദിനമായി ആചരിക്കുകയുണ്ടായി. ആ ദിവസം നാട്ടിൻെറ നാനാഭാഗങ്ങളിലും വമ്പിച്ച യോഗങ്ങൾകൂടി പ്രമേയങ്ങൾ പാസ്സാക്കി ഗവണ്മെൻറിലേക്ക് അയയ്ക്കുകയും ചെയ്തു. അതിനുശേഷം ഞാൻതന്നെ ധനകാര്യമന്ത്രിയെ കണ്ടു സംസാരിക്കുകയും കാൺഫറൻസ് വിളിച്ചുകൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം അതിനു മറുപടിയായി എന്നോടു പറഞ്ഞു:

[ശ്രീ. പി. രവീന്ദ്രൻ]

ഉടനെതന്നെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുന്നതാണ് എന്നു്. അതിനു എത്രകാലം കാത്തിരിക്കണമെന്നു ചോദിച്ചപ്പോൾ, അതു് ഉടനെ തന്നെ യാവാം എന്നും അദ്ദേഹം പറയുകയുണ്ടായി. എന്നിട്ടും ലേബർ മന്ത്രി ഒന്നും ചെയ്യാൻ ഒരുങ്ങിയില്ല. അതേസംബന്ധിച്ച മന്ത്രിസഭ യാതൊന്നും ചെയ്യാതിരുന്നതുകൊണ്ടു അവരുടെ ശ്രദ്ധ ഈ കാര്യത്തിലേക്കു ആകർഷിക്കുന്നതിനായി നെയ്ത്തു തൊഴിലാളികളുടെ ഒരു പ്രകടനം അസംബ്ലിഹാളിനടുത്തു നടത്തണമെന്നു് തീരുമാനിച്ചു പക്ഷെ പ്രകടനങ്ങൾക്കു നിരോധിച്ചു. നിരോധനം ലംഘിക്കേണ്ടതില്ലെന്നു തീരുമാനിച്ചു ജാഥാംഗങ്ങൾ നിരോധനം നടപ്പിൽ വരുന്നതിന്റെ തലേ ദിവസം റോഡിൽകൂടി ജാഥയായി പോകുകയുണ്ടായി. ജാഥ പോകുമ്പോൾ നൂലിന്റെ വില കുറയ്ക്കണമെന്നും, നെയ്ത്തു തൊഴിലാളികളുടെ പട്ടിണി പരിഹരിക്കണമെന്നും ഉച്ചത്തിൽ വിളിച്ചുപറഞ്ഞു എന്നുള്ള ഒററകാരണം വച്ചുകൊണ്ടു് ഒരു തൊഴിലാളിപ്രവർത്തകനായ സഖാവു ശ്രീ. കെ. സദാനന്ദനെ അറസ്റ്റു ചെയ്യുകയും, ലാക്കപ്പിലിട്ടു കഠിനമായി മർദ്ദിക്കുകയുമുണ്ടായി. ഇതാണോ സർ, ഈ ഗവണ്മെന്റിന്റെ തൊഴിലാളി നയം? ഇന്നു ഗവണ്മെന്റ തൊഴിലാളികളോടു ഒരു അലസമനോഭാവമാണു കാണിക്കുന്നതു്. പ്രത്യേകിച്ചും കൈത്തറിനെയ്ത്തു വ്യവസായത്തോടു ഒരു അവജ്ഞയും അനാസ്ഥയും കാണിക്കുകയാണു ചെയ്യുന്നതു്.

നൂലുകിട്ടുന്നില്ലെന്നു തൊഴിലാളിയും, നൂലുവിററഴിക്കാൻ സാധിക്കുന്നില്ലെന്നു മുതലാളിയും പറയുന്ന അതിവിചിത്രമായ ഒരവസ്ഥയാണ് കൈത്തറി വ്യവസായത്തെ സംബന്ധിച്ചുള്ളതെന്നു് എല്ലാ കാര്യങ്ങളും അറിയാമെന്നു ഭാവിക്കുന്ന ലേബർമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞാൽ, ഞാൻ പറയും അതു് അദ്ദേഹത്തിന്റെ അജ്ഞതയുടെ അത്യഗാധതയെയായിരിക്കും കാണിക്കുന്നതെന്നു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, രണ്ടുമൂന്നു ദിവസങ്ങൾക്കു മുമ്പ് പറവൂർ മെമ്പർ രവീന്ദ്രൻ ചോദിച്ച ഒരു ചോദ്യത്തിനു മറുപടി കൊടുത്തതു തൃപ്തികരമായിരുന്നില്ല എന്നുള്ളതുകൊണ്ടാണ് ഈ വാദപ്രതിവാദങ്ങൾക്കു ശ്രീ. രവീന്ദ്രൻ ആവശ്യപ്പെട്ടതും, അദ്ധ്യക്ഷൻ സന്ദർഭം കൊടുത്തതും. അതു തൃപ്തികരമായിരുന്നില്ലെന്നുള്ള കാരണം അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും സ്പഷ്ടമായി. ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ കുറെയേറെ പറയുകയുണ്ടായെങ്കിലും അതു് ചോദ്യോത്തരവേളയിൽ നടന്ന കാര്യങ്ങളെപ്പററി ആയിരുന്നില്ല. ഈ നെയ്ത്തുതൊഴിലാളികളെപ്പററിയാണെങ്കിൽ വളരെ അധികം പറയാനുണ്ടു്. അതു പറയണമെന്നും കരുതുന്നു. ഈ നെയ്ത്തുതൊഴിലാളികളുടെ കാര്യത്തിൽ ഗവണ്മെന്റിനു് അനാസ്ഥയാണുള്ളതെന്നു് ആരും തെററിദ്ധരിക്കരുതു്.

ശ്രീ. രവീന്ദ്രൻ ഒരു മെമ്മോറാണ്ടം ഗവണ്മെന്റിലേയ്ക്കു കൊടുത്തിട്ടുള്ളതായും അതിനു മറുപടിയായി ഉടനെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടാം എന്നു പറഞ്ഞതായും ഇവിടെ പറഞ്ഞതു ശരിയാണ്. അതിൽനിന്നും ഒട്ടും പിന്നോക്കം പോകുന്നില്ല. ഈ കാൺഫറൻസിനെ സംബന്ധിച്ചു മററൊരു കാര്യം പറയാനുള്ളതു് ഇതു നിർമ്മാണപരമായ കാര്യ

ങ്ങൾ തീരുമാനിക്കുന്നതിനാണ് എന്നുള്ളതാണ്. അതിലേയ്ക്കാവശ്യമായ വിവരങ്ങൾ എനിക്കു കിട്ടിക്കഴിഞ്ഞിട്ടില്ല. ഈ വിവരങ്ങൾ ചോദ്യത്തിനു മറുപടി പറഞ്ഞപ്പോൾ തന്നെ ഞാൻ പറയുകയുണ്ടായി. ഇങ്ങനെ മൂന്നാഴ്ചയ്ക്കകം ഒരു കാൺഫറൻസ് വിളിച്ചുകൂട്ടി യാതൊരു തീരുമാനവും ചെയ്യാതെ പിരിയുന്നതിൽ ഭേദം കാൺഫറൻസ് വിളിച്ചുകൂട്ടുന്നതിനു മുമ്പ് കാൺക്രീററായി അതിനുവേണ്ട വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ ചെയ്യണം. അതിനുശേഷം ഒരു തീരുമാനത്തിലെത്തണം. അതു സാധിക്കാതെയിരുന്നതുകൊണ്ടാണ് കാൺഫറൻസു വിളിച്ചുകൂട്ടാതിരുന്നതു്. അപ്പോഴേയ്ക്കും നിയമസഭ വന്നു, അതിന്റെ ജോലികളുമായി.

നെയ്ത്തുതൊഴിലാളികളുടെ കാര്യത്തിൽ എനിക്കു വളരെയേറെ അവജ്ഞയുണ്ടെന്നു് പറവൂർ മെംബർ പറഞ്ഞു. അതു മാത്രമല്ല എനിക്കീ കാര്യത്തിൽ അറിവുമില്ല എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. എനിക്കു വളരെ അറിവുള്ള വിഷയങ്ങളല്ല ഇതൊന്നും. എന്നാൽ പല വിഷയങ്ങളിലും ഉള്ളപോലെതന്നെ ഇതിലും കുറെ അറിവുണ്ടെന്നു വിചാരിക്കുന്നു.

ഇവിടെ നെയ്ത്തു തൊഴിലാളികൾക്കു് കൺട്രോൾ നൂൽ കിട്ടുന്നില്ല എന്നൊരാക്ഷേപമുണ്ട്. അതു നൂൽ കിട്ടാത്തതുകൊണ്ടാണോ, വിലകൂടിയതുകൊണ്ടാണോ എന്നുള്ളതു ബഹുമാനപ്പെട്ട മെംബർതന്നെ പറഞ്ഞു. തുണികൾ കിട്ടാൻ വിഷമമുണ്ടായിരുന്നകാലത്തു കൈത്തറിയിൽ നെയ്യുന്ന ചരക്കുകൾക്കു് നല്ല വിലയുണ്ടായിരുന്നു. എന്നാൽ മിൽത്തുണികൾ ധാരാളമായി കിട്ടിത്തുടങ്ങിയപ്പോൾ കൈത്തറി തുണികളുടെ വില താരതമ്യേന കുറഞ്ഞു്, കുറഞ്ഞവിലയ്ക്കു് കിട്ടിക്കൊണ്ടിരിക്കുന്നു. കൈത്തറിച്ചരക്കുകൾ മേടിക്കാൻ ആളില്ലാതെ വരികയും തൻമൂലം നെയ്ത്തുകാർക്കു് തൊഴിലില്ലാതാകയും ബുദ്ധിമുട്ടിനു ഇടയാവുകയും ചെയ്തു. എന്നാൽ നൂലിന്റെ കാര്യത്തിൽ ചില വിഷമതകളെല്ലാമുണ്ട്.

നൂലിനു വിലനിശ്ചയിക്കുന്നതു ഈ ഗവണ്മെന്റല്ല. ഇവിടെയുണ്ടാക്കുന്നതായ നൂലിനും വില ഈ ഗവണ്മെന്റു നിശ്ചയിക്കുന്നതല്ല. ഇൻഡ്യാ ഗവണ്മെന്റിൽനിന്നുമാണ്. അതേപ്പററി അന്വേഷിച്ച ഈ ബഹുമാനപ്പെട്ട മെംബർതന്നെ പറയുകയുണ്ടായി .വിദേശത്തുനിന്നും വരുന്ന നല്ല പഞ്ഞി ഉപയോഗിച്ചുണ്ടാക്കുന്നതായ നൂൽ കൂടുതൽ വിലയ്ക്കു വിൽക്കാൻ ഇൻഡ്യാഗവണ്മെന്റിന്റെ ടെക്സ്റ്റൈൽസ് ഡിപ്പാർട്ടുമെന്റ് അനുവദിച്ചിട്ടുണ്ട് എന്നു്. നൂലിന്റെ വിലക്കൂടുതൽ പരിഹരിക്കുന്നതിനും കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഇയിടെ പല നിർദ്ദേശങ്ങൾ നൽകി.

ശ്രീ. എം. ഗോപാലൻനായർ: നൂലിന്റെ വിതരണം സംബന്ധിച്ചു്......

Mr. Speaker: No Member is entitled to intervene unless he has given me previous intimation.

ശ്രീ. ടി. വി. തോമസ്: ചോദ്യം ചോദിക്കാൻ പ്രീവിയസ് നോട്ടീസ് ആവശ്യമാണോ? പ്രസംഗമാണോ കേട്ടിട്ടു ചോദിക്കരുതോ?

Mr. Speaker: The Rule says that "any member who has previously intimated to the Speaker may be permitted to put a question.....

ശ്രീ. ടി. വി. താമസ്: അതിനുമുമ്പു സാംങ്ഷൻ കിട്ടിയാൽ പോരെ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: നേരത്തെ ക്വസ്റ്റ്യൻ ചോദിക്കണോ അതോ ഇപ്പോൾ ചോദിച്ചാൽ മതിയോ?

Mr. Speaker: Without putting so many questions, if the Member had been kind enough to go through the Rules much time would have been saved.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ദേഹം തരുന്ന നിർദ്ദേശവും, ഈ സഭയിൽനിന്നും മററു പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളും തീർച്ചയായും ഗവണ്മെൻറിൻെറ അവഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതാണ്. എന്നാൽ അദ്ദേഹത്തിൻെറ ഈ കാര്യത്തിലുള്ള നിർദ്ദേശങ്ങൾ ഗവണ്മെൻറിനു വളരെ പണച്ചെലവു വരുന്നതാണ്. നെയ്ത്തുതൊഴിലാളികൾക്ക് ആശ്വാസം നൽകണം, സബ്സിഡി നൽകണം എന്നെല്ലാം അദ്ദേഹം പറയുന്നു. വേണ്ടിവന്നാൽ അതും ചെയ്യാൻ ഗവണ്മെൻറിനു വിരോധമില്ല. എന്നാൽ അദ്ദേഹത്തിൻെറ നേതാവായ ശ്രീ. താമസ്സ് പറയുന്ന രണ്ടുകോടി നാല്പതുലക്ഷം രൂപ സെയിൽസ്ടാക്സിനത്തിൽ ഉള്ള വരവ് പിരിച്ചെടുക്കാൻ പാടില്ല എന്നും, അതിനുള്ള ഡിപ്പാർട്ടുമെൻറ് പിൻവലിക്കണമെന്നും. അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ അല അടങ്ങുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിൻെറ അനുയായികൾ പറയുന്നു സബ്സിഡി കൊടുക്കണമെന്ന്. ഇതെങ്ങനെ സാദ്ധ്യമാകുന്നതാണ്?

ഇതുമാതിരി ശ്രീ. രവീന്ദ്രൻ കഴിഞ്ഞ ബഡ്ജററു സമ്മേളന കാലത്ത് എൻെറ അടുത്ത് അനേകം മെംബറന്മാർ അനേകം അനേകം കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ എൻെറ കൈയ്യിൽ ഒരു മെമ്മോറാണ്ഡം തന്നു. അതിൽ ഒരു കാൺഫറൻസ് വയ്ക്കുവാൻ പറഞ്ഞിരുന്നു. അതു വച്ചില്ല എന്നു പറഞ്ഞുകൊണ്ട് പ്രതിഷേധങ്ങൾ തുടങ്ങുകയും അവകാശപ്രഖ്യാപനങ്ങൾ തുടങ്ങുകയും ചെയ്തു. നയപ്രഖ്യാപനം നടത്തുന്നതിനുള്ള കാര്യങ്ങളും ഇവിടെ പ്രസ്താവിച്ചു. ഇതിനുവേണ്ടി തുടരെ ജാഥാ വരുന്നതിനും, പ്രസംഗങ്ങൾ നടത്തുന്നതിനും തയ്യാറായിട്ടുണ്ടെന്നും പറഞ്ഞു. ശ്രീ. തോമസ് നികുതി പിരിക്കാൻ പാടില്ലായെന്നു പറയുന്നു. രണ്ടുകോടി നാല്പതുലക്ഷം രൂപാ സെയിൽസ്ടാക്സ് പിരിക്കാൻ പാടില്ലായെന്നു പറയുന്നു. പിന്നെ എവിടെനിന്നുണ്ടാക്കണമെന്നു പറയേണ്ടതു ഞങ്ങളുടെ കടമയല്ല എന്നും പറയുന്നു. അദ്ദേഹത്തിൻെറ അനുയായികൾ കോടിക്കണക്കിനുള്ള തുക ചെലവാക്കണമെന്നും പറയുന്നു. ഇതെങ്ങനെയാണ് നടക്കാൻ പോകുന്നത്.

ഈ വിഷയത്തെക്കുറിച്ച് ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇതേക്കുറിച്ച് ഒരു ചോദ്യം വരുകയും ആ ചോദ്യോത്തരസമയത്തു അനേകം ഉപചോദ്യങ്ങൾ ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തതു. അതു തൃപ്തിയാവാതെ [illegible]-ാംനമ്പർ റൂൾപ്രകാരം ഒരു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

പ്രസംഗം ചെയ്തു് അവകാശപ്രഖ്യാപനങ്ങളും മററും പററി പ്രസ്താവിക്കുന്നതു കാണുമ്പോൾ, സർ, ഞാൻ ആത്മാർത്ഥതയോടുകൂടി പറയുന്നു ശ്രീ. ടി. വി. തോമസ് കൺട്രോവെഴ്സ്യലായി ചില കാര്യങ്ങൾ പറയുന്നതിനാണോ ഇങ്ങനെ റൂൾ ൨൩ ഉപയോഗപ്പെടുത്തേണ്ടതു്?

Mr. Speaker : There has already been a statement made by the mover of the motion. Now a reply is made to that statement.

ശ്രീ. ടി. വി. തോമസ്: റൂൾ ൨൩ അനുസരിച്ചല്ലാതെ മററു കാര്യങ്ങളും ഇവിടെ പറയുന്നതായി കേട്ടു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട പരവൂർ മെമ്പർ പറയാത്തയാതൊരു കാര്യങ്ങളും ഞാൻ പറയുന്നില്ല. നികുതി പിരിക്കാൻ പാടില്ല എന്നു നേതാവു് തോമസ് പറയുന്നു. എന്നാൽ അദ്ദേഹത്തിന്റെ അനുയായികൾ അവകാശപ്രഖ്യാപനങ്ങളും നിയമലംഘനങ്ങളും മുദ്രാവാക്യങ്ങളും മററുമായി വരുന്നു. ഇതു കാണുമ്പോൾ ഞാൻ ആത്മാർത്ഥമായി സംശയിക്കുകയാണു ചെയ്യുന്നതു്. ഈ ചോദ്യകർത്താവിന്റെയും പ്രസംഗകർത്താവിന്റെയും പാർട്ടിയുടെയും നയം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതു നെയ്ത്തുതൊഴിലാളികളോടുള്ള അനുഭാവം കൊണ്ടാണോ എന്നാണെനിക്കു സംശയം.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ ൧൧ മണിക്കു വീണ്ടും കൂടുന്നതുമാണു്.

The Assembly adjourned at 5 p. m. to meet again at 11 a. m. on Saturday, the 12th July, 1952.

V. KRISHNAMOORTHI,

Secretary to the Legislative Assembly.

APPENDIX I.

See Q. No. ✻ 612 [48]

൧. വക്കം-കടയ്ക്കാവൂർ, കായിക്കര, അഞ്ചുതെങ്ങ് ഏരിയായിലെ കയർ വ്യവസായമുതലാളിമാരും തൊഴിലാളികളും തമ്മിൽ ൧൭-൫-൧൯൫൧ൽ ചെയ്ത ഒത്തുതീർപ്പ്.

൨. വെന്നിക്കോട്-തണ്ണിമുട്, പുത്തൻകടവ് ഏരിയായിലെ കയർവ്യവസായമുതലാളിമാരും അവരുടെ തൊഴിലാളികളും തമ്മിൽ കൂലി നിരക്ക് നിശ്ചയിച്ചുകൊണ്ട് ചെയ്തിട്ടുള്ള ഒത്തുതീർപ്പ്.

൩. ശാർക്കര, കടയ്ക്കാവൂർ, ചിറയിൻകീഴ് ഏരിയായിലെ കയർ വ്യവസായമുതലാളിമാരും തൊഴിലാളികളും തമ്മിൽ ഉണ്ടായ തൊഴിൽതർക്കത്തിൽ ലേബർ കമ്മീഷണർ ൬-൬-൫൧ൽ ഉണ്ടാക്കിയ ഒത്തുതീർപ്പ്.

൪. K. M. K. S. മോട്ടോർ സർവ്വീസ് (ആററിങ്ങൽ) അവരുടെ തൊഴിലാളികളുമായി ൨൧-൮-൫൧ൽ ആററിങ്ങൽ ലേബർ ആഫീസരുടെ മദ്ധ്യസ്ഥതയിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ്.

൫. നാഗർകോവിൽ ഇലക്ട്രിക് സപ്ലൈ കാർപ്പറേഷനും അതിലുൾപ്പെട്ട തൊഴിലാളികളും തമ്മിലുള്ള തൊഴിൽ തർക്കത്തിൽ ൯-൬-൫൧ൽ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സെക്രട്ടറിയേററിൽവച്ചു നടത്തിയ ഒത്തുതീർപ്പ്.

൬. ആലപ്പുഴ-തിരുവിതാംകൂർ മാററ്സ് ആൻഡ് മാനഫാക്ചറേഴ്സ് അസോസിയേഷനും ആലപ്പുഴ കയർ ഫാക്ടറീസ് സ്റ്റാഫ് അസോസിയേഷനും തമ്മിലുണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പ്.

൭. മെസ്സേഴ്സ് പി. സി. എബ്രഹാം ആൻഡ് സൺസ് ബോട്ടുടമസ്ഥന്മാരും ആലപ്പുഴ സ്റ്റീം ആൻഡ് മോട്ടോർ ബോട്ട് ക്രൂ അസ്സോസിയേഷനും തമ്മിൽ ഉണ്ടായ തൊഴിൽത്തർക്കത്തിൽ ൧൪-൬-൫൧ൽ ഉണ്ടായിട്ടുള്ള അവാർഡ്.

൮. ആലപ്പുഴയിലെ ആയിൽ മർച്ചൻറ് ശ്രീ. അയ്യാസ്വാമി നാടാരും ആലപ്പുഴ താലൂക്ക് ഹെഡ്‌ലോഡ് കൺവേയൻസ് വർക്കേഴ്സ് യൂണിയനും തമ്മിൽ ഉണ്ടായ തർക്കത്തിന്മേൽ ഉള്ള അവാർഡ്. അവാർഡ് ലംഘിച്ചിരിക്കുന്നതിനാൽ ശ്രീ. അയ്യാസ്വാമി നാടാരുടെ മേൽ നടപടി നടത്തുന്നതാണ്.

APPENDIX II

See question ✱ 616 [55]

The minimum qualification fixed for Tracers.

The following are the minimum qualifications prescribed for the post of Tracers in the Travancore Section.

I (a) Civil Overseer's pass certificate of the S. M. T. School, Trivandrum;

and

(b) 2 years experience as Maistry in the Department.

or

II (a) Mechanical Overseer's pass Certificate of the above School; and

(b) Two years experience as above.

or

III (a) Lower grade drawing group certificate M. G. T. E. and

(b) Two years experience as above.

or

IV II Grade certificate secured by the Draftsmen (Civil) Trainees under the T. T. Scheme, College of Engineering, Trivandrum;

or

V Pass certificate in Civil Engineering for Civil Maistry's Course (One year) of the College of Engineering, Trivandrum.

or

VI Pass certificate in Civil (Plumbing) Engineering of the College of Engineering, Trivandrum.

or

VII II Grade certificate secured by the Draftsmen (Architectural) Trainees under the T. T. Scheme, College of Engineering, Trivandrum.

or

VIII Carpentry and smithery Certificate Examination (after a 3 years' course) of the Industries Department.

or

IX Carpentry and cabinet making certificate examination (after a 2 years' course) of the College of Engineering, Trivandrum.

or

X (a) (1) Building Drawing and Estimating (Higher) M. G. T. E.

(2) Surveying and Levelling (Higher) M. G. T. E.

(3) Earth work and Road making (Higher) M. G. T. E.

and

(b) 2 years experience as Maistry in the Department.

or

(in the absence of candidates so qualified)

XI (a) (1) Building Drawing and Estimating (Lower) M. G. T. E.

(2) Surveying and Levelling (Lower) M. G. T. E.

(3) Earth work and Road Making (Lower) M. G. T. E.

and

(b) Two years experience as Maistry in the Department.

APPENDIX III.

See Q. No. 154 [11]

കേന്ദ്രത്തിനു വിട്ടുകൊടുത്ത ഉല്പാദനപരമായ മൂലധനആസ്തികളുടെ പട്ടിക.

റയിൽവേ	൩൫൪·൦൨ ലക്ഷം ക.	(൧)
ടെലഫോൺ	൫൨·൩൧ ,,	(൨)
ബ്രാഡ്കാസ്റ്റിംഗ്	൨·൪൮ ,,	
മിൻറ് (Mint)	൧·൨൦ ,,	
കൊച്ചി തുറമുഖത്തിനു തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് ചെലവാക്കിയ സംഖ്യ	൦·൭൭ ,,	
ആകെ	൪൧൦·൭൮ ലക്ഷം ക.	

(൧) റയിൽവേ സംബന്ധിച്ചു കൈമാററം ചെയ്യപ്പെട്ട ൩൫൪·൦൨ ലക്ഷം രൂപയ്ക്കുള്ള ആസ്തികൾ പകരമായി ൨൧൪·൪൦ ലക്ഷം രൂപയുടെ ഋണബാദ്ധ്യത കേന്ദ്രഗവണ്മെൻറ് ഏറെറടുത്തിട്ടുള്ളതാകുന്നു. ഈ ഋണബാദ്ധ്യതയിൽ കേന്ദ്രഗവണ്മെൻറിലേക്ക് തിരുവിതാംകൂർ ഗവണ്മെൻറിനുണ്ടായിരുന്ന ൧൪൪·൪൦ ലക്ഷം രൂപയുടെ ഋണബാദ്ധ്യത വകവച്ചുതീർത്തതായി കണക്കാക്കപ്പെട്ടു. ബാക്കി ൭൦ ലക്ഷം രൂപയുടെ പൊതുകടങ്ങൾ ൧൯൫൦ ഏപ്രിൽ ൧-ാംനു-ക്കു ശേഷം പലിശ കൊടുക്കേണ്ട ഉത്തരവാദിത്വവും അവയുടെ മുതൽ കൊടുത്തുതീർപ്പാൻ സന്ദർഭം വരുമ്പോൾ അതിനുള്ള ചുമതലയും സ്വീകരിച്ചു കേന്ദ്രഗവണ്മെൻറ് ഏറെറടുത്തിട്ടുള്ളതാണ്.

(൨) ടെലഫോണിനെ സംബന്ധിച്ചു കൈമാററം ചെയ്യപ്പെട്ട ൫൨·൩൧ ലക്ഷം രൂപയ്ക്കുള്ള ആസ്തികൾ പകരമായി ൧൨ ലക്ഷം രൂപയുടെ പൊതുകടങ്ങൾ ൧൯൫൦ ഏപ്രിൽ ൧-ാം തീയതിക്കുശേഷം പലിശ കൊടുക്കേണ്ട ഉത്തരവാദിത്വത്തോടും മുതൽ കൊടുത്തുതീർപ്പാൻ സന്ദർഭം വരുമ്പോൾ അതിനുള്ള ചുമതലയോടുംകൂടി കേന്ദ്രഗവണ്മെൻറ് ഏറെറടുത്തിട്ടുള്ളതാണ്.

PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1952.

Saturday, the 12th July, 1952.

VOL. VI OFFICIAL REPORT No. 12.

The Assembly met in the Assembly Chamber, Trivandrum at Eleven of the Clock on Saturday, the 12th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Groundnut Cake.

* 621. [1] **Shri P. S. Nataraja Pillai** : Will the Minister for Agriculture be pleased to state:

(a) the quantity and value of groundnut cake purchased by the department in 1951-52 and the highest and lowest rate per ton at which this was purchased;

(b) the amount of loss sustained as subsidy on this transaction; and

(c) the quantity and value of groundnut cake distributed to agriculturists in each of the taluks of the Trivandrum Division?

Chief Minister (**Shri A. J. John**):

(a) 4,394 tons of groundnut cake were purchased during, 1951-52. Rs. 14,16,444 is the value of the cake purchased during 1951-52. Rs. 340 per ton is the highest rate at which the cake has been purchased, the lowest rate being Rs. 285 per ton;

(b) Subsidy granted on account of the transaction is about Rs. 4,72,000, half of which only is being borne by this Government;

(c) A statement showing the required information is placed on the table.†

Shri P. S. Nataraja Pillai : Sir, is it a fact that during three months of 1951-1952, groundnut was not available at the Nagercoil manure depot ?

† Pleace see Appendix I,

Shri A. J. John : For some time, there was a shortage in the supply.

Shri P. S. Nataraja Pillai: How is it that during the season when this manure is available and when we are importing large quantities, we cannot maintain sufficient stock in the manure depot?

Shri A. J. John : It was the intention of the Government to supply manure according to requirements. This year the Government have taken steps to supply the manure regularly.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പിണ്ണാക്ക മാത്രമായിട്ട് കൊടുക്കുന്നോ അതോ മററു വല്ലതും കലർത്തി കൊടുക്കുന്നോ?

ശ്രീ. ഏ. ജെ. ജാൺ : പിണ്ണാക്ക് ആയിട്ടു തന്നെ കൊടുക്കുകയാണ്.

ശ്രീ. എം. കെ. മത്തായി : കർഷകർക്ക് ഉപയോഗപ്പെടത്തക്ക വിധത്തിൽ നേരത്തെ വളം വിതരണം ചെയ്യുന്നതിന് നടപടി എടുക്കുമോ?

ശ്രീ. ഏ. ജെ. ജാൺ : അതിനവേണ്ട എല്ലാനടപടികളും എടുക്കുന്നുണ്ട്.

ശ്രീ. എം. കെ. മത്തായി : പക്ഷേ അതു് കതിരിന വളം വയ്ക്കാനായിരിക്കരുത്.

Mr. Speaker: Order, order.

Dairy Research.

*622 (2) **Shri P. S. Nataraja Pillai**: Will the Minister for Agriculture be pleased to state:

(a) whether the Director of Dairy Research and Adviser to the Government of India for Dairy Development submitted a report to this Government on Dairy Development in Travancore;

(b) what were his principal recommendations; and

(c) what action was taken on the report ?

Chief Minister **(Shri A. J. John):**

(a) Yes.

(b) The chief recommendations are :

1. The Government should reorganise, expand and establish cattle breeding *cum* Milk production key Farms.

2. Co-operative Milk Unions should be organised in all cities and towns and existing Unions developed.

3. Government should give better encouragement and facilities for the development of private dairies.

4. A Dairy Development Officer should be appointed to assist the Director on dairy development matters.

5. The administrative set up and organisation should be recognised and made efficient.

(c) The recommendations contained in the report are under consideration.

Shri P. S. Nataraja Pillai : Did that report contain anything about fodder problem?

Shri A. J. John : I think there is no reference to that.

Shri P. S. Nataraja Pillai : Has he not recommended in this report for the appointment of a fodder development officer ?

Shri A. J. John : Yes.

Shri P. S. Nataraja Pillai : Was there a finding in the report that the fodder hospitals in the State are not well-equipped ?

Shri A. J. John : There is an observation like that — that all necessary steps should be taken hereafter.

Shri P. S. Nataraja Pillai : May I know the date of the report?

Shri A. J. John : The date is not given. But the date of receipt of the report is given as 28th February, 1952.

Shri P. S. Nataraja Pillai : It was given as June, 1951.

Mr. Speaker : That is only supplying information.

Shri P. S. Nataraja Pillai : Sir, I am only asking whether the opinion of the Director of Veterinary Hospitals has been invited ?

Shri A. J. John : Yes.

Shri P. S. Nataraja Pillai: Has he submitted any recommendation ?

Shri A. J. John : Yes. The total expenditure to implement the proposal would come to nine lakhs.

Shri P. S. Nataraja Pillai : Will the Government be pleased to bring into effect some portions of the recommendations at least ?

Shri A. J. John : Yes, the Government will consider.

Shri A. Kunjan Nadar : Will the report be made available to the Members of this House ?

Shri A. J. John : Not at present.

<u>നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം.</u>

* ൯൨൩ [൩] <u>ശ്രീ. ആർ. ഗംഗാധരൻ :</u> താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇവിടെ നിർബന്ധിതപ്രാഥമികവിദ്യാഭ്യാസ പദ്ധതി ഏർപ്പെടുത്തിയതെന്ന് ?

(ബി) എത്ര താലൂക്കുകളിൽ ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട് ?

(സി) ഇതിന്റെ പ്രവർത്തനം പുതിയ പ്രദേശങ്ങളിൽ വ്യാപിപ്പിക്കാതിരിക്കാൻ തുടങ്ങിയിട്ട് എത്ര വർഷങ്ങളായി ?

(ഡി) അങ്ങനെ വ്യാപിപ്പിക്കാതിരിക്കുന്നത് എന്തുകൊണ്ട് ?

(ഇ) സംസ്ഥാനം മുഴുക്കെ ഈ പദ്ധതി വ്യാപിപ്പിക്കാൻ എത്ര വർഷം വേണ്ടിവരും ?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജാൺ):

(ഏ) ൧൯൪൬-൪൭-ൽ

(ബി) ൧൧ താലൂക്കുകളിൽ.

(സി) ൧൯൪൯-൫൦-ലും ൧൯൫൦-൫൧-ലും പുതിയ പ്രദേശങ്ങളിൽ വ്യാപിപ്പിച്ചിട്ടില്ല ൫൧-൫൨-ൽ രണ്ടു താലൂക്കുകളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ടു്. ൫൨-൫൩-ൽ കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) ധനദൗർലഭ്യം കൊണ്ടു്.

(ഇ) ആവശ്യമുള്ള പണം ഉണ്ടാകുന്നവെങ്കിൽ ൧൦ കൊല്ലത്തിനകം.

Shri R. Gangadharan: Sir.

Mr. Speaker: I think we had sufficient discussion on this subject.

സാമൂഹ്യവികസനപദ്ധതി.

* ൬൨൪ [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(ഏ) ഇവിടെ സാമൂഹ്യവികസന പദ്ധതി (Community Project) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രവർത്തനകേന്ദ്രങ്ങൾ ഏതെല്ലാമാണു്;

(സി) കേന്ദ്രങ്ങൾ തിരഞ്ഞെടുത്തതു് ആരാണു്;

(ഡി) കേന്ദ്രങ്ങളുടെ തിരഞ്ഞെടുപ്പിൽ സ്വീകരിച്ചിട്ടുള്ള പ്രധാന തത്വങ്ങൾ ഏന്തെല്ലാമാണു്;

(ഇ) പദ്ധതിയുമായി അമേരിക്കൻ ഗവണ്മെന്റിനുള്ള ബന്ധമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(ഏ) ഉണ്ടു്.

(ബി) കേന്ദ്രങ്ങൾ; ഒന്നു് നെയ്യാറ്റിൻകര - വിളവംകോടു്, മറ്റൊന്നു് കുന്നത്തുനാടു് - ചാലക്കുടി.

(സി) ഇൻഡ്യാഗവണ്മെൻറു്.

(ഡി) കേന്ദ്രങ്ങളുടെ തിരഞ്ഞെടുപ്പിൽ കൃഷിക്കു് ആവശ്യമുള്ള സാധനങ്ങൾ, വ്യവസായിക സൗകര്യങ്ങൾ ഇവയാണു് അടിസ്ഥാനമാക്കിയിരിക്കുന്നതു്.

(ഇ) ഗവണ്മെന്റിന്റെ ൨൯-൫-൫൨-ലെ പ്രസ്സ്നോട്ടിൽ പറഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: കുടിൽവ്യവസായത്തിന്റെ പ്രധാന കേന്ദ്രമായ ചിറയിൻകീഴു് താലൂക്കിൽ ഈ പദ്ധതി വികസിപ്പിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ ജാൺ : ഇൻഡ്യാഗവണ്മെൻറ് ആകെ ൭ ൭ കേന്ദ്രങ്ങളാണ് തിരഞ്ഞെടുത്തിട്ടുള്ളത് ൨ എണ്ണം ഈ സ്റ്റേററിലാണ്. ഇ കൊല്ലം അവർ കൂടുതൽ ഈ ഗവണ്മെൻറിനു അനുവദിക്കുമോയെന്നറിഞ്ഞുകൂടാ.

ശ്രീ. എം. കെ. മത്തായി : ഏതെല്ലാം പകുതികളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ വേറൊരു ചോദ്യം വരുന്നുണ്ട്. അപ്പോൾ പറയാം.

ശ്രീ. കെ. കരുണാകരൻ : ഈ രണ്ടു കേന്ദ്രങ്ങളുടെയും ചാർജ്ജ് വഹിക്കാൻ പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണ്?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്. കുന്നത്തുനാട്-ചാലക്കുടിക്കു ശ്രീ രാമനാഥൻ. നെയ്യാററിൻകര-വിളവംകോടിനു ശ്രീ. നാരായണൻ നായർ.

ശ്രീ. കെ. കരുണാകരൻ: ഇവക്കു പ്രത്യേക സാങ്കേതിക പരിശീലനം ഉണ്ടോ ?

Mr. Speaker : Not that I object to this question. The question relates to the scheme. If you go on to the appointments, that will be going too far from the main question. Any number of questions may be put about the appointments. But that does not relevantly arise from this.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇതിലേക്കു കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിനോട് കൺസൾട്ടു് ചെയ്തിട്ടുണ്ടോ ;

ശ്രീ. ഐ. ജെ. ജാൺ : ഉണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ ആഫീസർമാക്കു് അഡ്വൈസ് കൊടുക്കുന്നതിനു് നോൺ അഫീഷ്യൽ കമ്മററിയെ നിയമിക്കണമെന്നു ഉദ്ദേശിക്കുന്നുണ്ടോ ;

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. എ കുഞ്ഞൻനാടാർ ; ഇപ്പോൾ പാർട്ടിക്കാരന്മാരോട് ആണും കൺസൾട്ടു് ചെയ്യാറുള്ളതെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻനാടാർ : പാർട്ടിക്കാരന്മാരോട് കൺസൾട്ടു് ചെയ്തിട്ടാണ് നടത്തുന്നതെന്നു് ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ചില സംഗതികളിൽ അവരോട് കൺസൾട്ടു് ചെയ്യേണ്ടതായി വന്നേക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ദുരിതം അധികമുള്ള അമ്പലപ്പുഴ താലൂക്കിൽ ഈ പദ്ധതി വേണമെന്നു് നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പല നിവേദനങ്ങളും കിട്ടിയിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഈ പദ്ധതിയുടെ നടത്തിപ്പിനെ സഹായിക്കാൻ ഏതെങ്കിലും വിദേശികളെ വരുത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുവാൻ വിദഗ്ദ്ധന്മാരായ വിദേശികളെ വരുത്തും.

ശ്രീ. എൻ. രാജഗോപാലൻനായർ: സാങ്കേതികമായ ഉപദേശങ്ങളോടുകൂടി രാഷ്ട്രീയ പ്രവൎത്തനങ്ങളും അവർ നടത്തുമോ?

Mr. Speaker: The question is disallowed.

പബ്ലിക്ക് ലൈബ്രറി.

* ൩൨൫. [൫] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക്ക ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു് ആരാണ്;

(ബി) ൧൯൫൧-൫൨-ൽ പ്രസ്തുത ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങാൻ എത്ര രൂപാ അനുവദിച്ചിരുന്നു;

(സി) അതിൽ എന്തെങ്കിലും തുക ലാപ്സായി പോയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര;

(ഇ) ലാപ്സാകാനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിക്ക് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു് ഗവണ്മെൻറിൽ നിന്നും പ്രത്യേകം നിയമിച്ചിട്ടുള്ള ഒരു കമ്മിററിയാണ്.

(ബി) ൧൯൫൧-൫൨-ൽ ൧൨,൦൦൦ രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ൩,൨൦൦ രൂപ.

(ഇ) ൫൧-൫൨-ൽ അമേരിക്കയിൽ നിന്നും ഇംഗ്ലണ്ടിൽ നിന്നും നേരിട്ടു പുസ്തകങ്ങൾ വാങ്ങണമെന്ന് തീരുമാനിച്ചു. അതനുസരിച്ചുള്ള ഏർപ്പാടുകൾക്ക് കാലതാമസം ഉണ്ടായി. അതുകൊണ്ട് മുഴുവൻ തുകയും ചെലവായില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഇനിയെങ്കിലും തുക ലാപ്സായിപോകാതെ യിരിക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. എ. ജെ. ജാൺ: വാസ്തവത്തിൽ തുക ലാപ്സായിട്ടില്ല. ബില്ല് വരുന്നേയുള്ളു. അതിന് പണം കൊടുക്കണം. ബുക്കിൽ മാത്രമേ ലാപ്സായിട്ടുള്ളു.

ശ്രീ. ആർ. ഗംഗാധരൻ: കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമാണ്?

ശ്രീ. എ. ജെ. ജാൺ: ശ്രീ. എച്ച്. രാമകൃഷ്ണയ്യർ, സി. നാരായണ പിള്ള, കെ. എ. ജോസഫ് (കൺവീനർ).

ശ്രീ. ആർ. ഗംഗാധരൻ: കമ്മിററിക്ക് കാലാവധി വച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: പബ്ലിക്ക് ലൈബ്രറിയിലേക്ക് വാങ്ങിക്കുന്ന പുസ്തകങ്ങൾ ഏതെല്ലാം ഭാഷകളിൽ ഉള്ളതാണ്?

ശ്രീ. എ. ജെ. ജാൺ: തിരു കൊച്ചിയിൽ നടപ്പുള്ള മലയാളം) തമിഴ്, ഇംഗ്ലീഷ്, ഹിന്ദി മുതലായ ഭാഷകളിൽ.

എസ്സ്. കെ. വി. ഇ. എച്ച്. സ്കൂൾ.

❋ നൂ. ന്യൂ. [ന്യൂ] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വിദ്യാഭ്യാസവർഷം എസ്. കെ. വി. ഇ. എച്ച്. സ്കൂൾ (പിരപ്പൻകോട്) സർക്കാരിൽനിന്ന് കണ്ടുകെട്ടുന്നതിനു മുൻപ് എത്ര പ്രാവശ്യം മാനേജുമെൻറ് അടച്ചു പൂട്ടിയിടുകയുണ്ടായി;

(ബി) പ്രസ്തുത സ്കൂൾ ഡിപ്പാർട്ടുമെൻറ് സ്കൂളായി തുടർന്നു നടത്തണമെന്നും, മാനേജുമെൻറിനു നൽകേണ്ടിവരുന്ന നഷ്ടപരിഹാരം മുഴുവൻ നാട്ടുകാർ പിരിച്ചു കെട്ടിവച്ചുകൊള്ളാമെന്നും കാണിച്ചു നാട്ടുകാരിൽ നിന്നു വല്ല ഹർജിയും ഡെപ്യൂട്ടേഷനും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ ഹർജിയിന്മേൽ എന്തു നടപടി നടത്തി; ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു, എന്നത്തേയ്ക്കു തീരുമാനമുണ്ടാകും;

(ഡി) പ്രസ്തുത സ്കൂൾ തുടർന്നു നടത്തുന്നതിലേക്ക് വീണ്ടും ആ മാനേജരെതന്നെ ഏൽപ്പിക്കുവാൻ വല്ല ആലോചനയുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഈ സ്കൂൾ കണ്ടുകെട്ടിയിട്ടില്ല. സ്കൂളിൻെറ നടത്തിപ്പിൽ വന്ന തകരാറുമൂലം ഡിപ്പാർട്ടുമെൻറിൽ നിന്നും താൽക്കാലികമായി ആ സ്കൂൾ ഏറെറടുക്കുകയുണ്ടായി. അതിനു മുമ്പ് രണ്ടുപ്രാവശ്യം സ്കൂൾ പൂട്ടിയിടുകയുണ്ടായിട്ടുണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്നു. കഴിയുന്നതും വേഗം തീരുമാനം ഉണ്ടാകും.

(ഡി) ഇതേസംബന്ധിച്ച് സ്കൂൾ മാനേജർ ഹൈക്കോർട്ടിലേക്കു ഒരു റിററ് കൊടുത്തുവെന്നും അതു് അനുവദിച്ചിരിക്കുന്നു എന്നും അഡ്വക്കേററ് ജനറലിൻെറ ലററർ വന്നിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഈ കേസുമൂലം സ്കൂൾ ബിൽഡിംഗ്സും ഉപകരണങ്ങളും മാനേജർക്കു വിട്ടുകൊടുക്കുകയാണെങ്കിൽ സ്കൂളിൻെറ പ്രവർത്തനം നിലച്ചുപോകാതെയിരിക്കാൻ നടപടി എടുക്കാമോ?

Mr. Speaker: May I know whether the hon. Member has any definite information about the decision of the High Court ?

Shri. N. Nilakantaru Pandarathil: Yes.

Mr. Speaker: Is it not a hypothetical question ?

Shri N. Nilakantaru Pandarathil: I shall explain how it is not a hypothetical question.

ഹൈക്കോർട്ടിൽനിന്നും മാനേജർക്ക് അനുകൂലമായി വിധിയുണ്ടായിയെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ ബിൽഡിംഗ് എല്ലാം വിട്ടുകൊടുക്കേണ്ടിവരും. അങ്ങനെ വിട്ടുകൊടുക്കുകയാണെങ്കിൽ സ്കൂളിന്റെ പ്രവർത്തനം തുടർന്നുപോകുന്നതിന് നടപടി നടത്തുമോയെന്നാണ് ചോദിച്ചത് ?

<u>ശ്രീ. ഏ. ജെ. ജാൺ</u>: ഇതു് ഹൈക്കോർട്ടിൽ സിംഗിൾ ബെഞ്ചിലെ വിധിയാണ്. അതിന്മേൽ അപ്പീൽ കൊടുക്കാൻ ആലോചിക്കുന്നുണ്ടു്. അതു കഴിഞ്ഞതിനുശേഷമേ ഇതിനെപ്പററി തീർച്ച പറയുവാൻ സാധിക്കുകയുള്ളു.

<u>നെൽകൃഷിസ്ഥലങ്ങൾ.</u>

* നം. ൧. [൧] <u>ശ്രീ. കുട്ടപ്പൻ കോയിക്കൽ</u>: താഴെ പറയുന്ന ചോദ്യത്തിന് റവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഇപ്പോൾ ആകെ എത്ര ഏക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നുവെന്നും, അതിൽ കായൽകൃഷി, മററ് ഒരുപ്പൂകൃഷി, ഇരുപ്പൂകൃഷി ഇവ നടത്തുന്ന സ്ഥലങ്ങളുടെ വിസ്തീർണ്ണമെന്തെന്നും പറയുമോ ?

മുഖ്യമന്ത്രി (<u>ശ്രീ. ഏ. ജെ. ജാൺ</u>): ഈ സംസ്ഥാനത്തു് ഇപ്പോൾ ആകെ ൧,൩൯,൯൦൫ ഏക്കർ ൯൨ സെൻറ സ്ഥലത്തു കൃഷിചെയ്യുന്നു. കായൽകൃഷി ൩൯൬൪൫ ഏക്കർ ൯൨ സെൻറ് സ്ഥലത്തു് ചെയ്യുന്നുണ്ടു്. ൩,൩൦,൩൭൦ ഏക്കർ സ്ഥലത്തു് ഇരുപ്പൂ- ഒരുപ്പൂ കൃഷിയിൽ ൪:൩൦,൪൦൦ ഏക്കർ സ്ഥലത്തു കൃഷിയാണ്.

<u>ശ്രീ. കുട്ടപ്പൻ കോയിക്കൽ</u>: ഈ ഭൂമിയിൽ വനം വെട്ടിത്തെളിച്ചു് എത്ര ഏക്കർ സ്ഥലം നെൽകൃഷിസ്ഥലങ്ങളായി ഉപയോഗപ്പെടുത്തി എന്നു പറയാമോ ?

<u>ശ്രീ. ഏ. ജെ. ജാൺ</u>: ആകെ നെൽകൃഷി സ്ഥലങ്ങളുടെ കണക്കു എടുത്തിട്ടുണ്ടു് ഇതിനു പ്രത്യേകിച്ചു് കണക്ക് എടുത്തിട്ടില്ല.

<u>ശ്രീ. എൻ. രാജഗോപാലൻനായർ</u>: ബാക്കിയുള്ള ഭൂമികൂടി കൃഷിക്കു ഉപയുക്തമാക്കുന്നതിന് നടപടി എടുക്കാമോ ?

<u>ശ്രീ. ഏ. ജെ. ജാൺ</u>: കഴിവുള്ളിടത്തോളം ചെയ്യാം. ചിലപ്പോൾ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിയെന്നു വരാം. കായലും വനങ്ങളും എല്ലാം റിസർവ്വ് ചെയ്യേണ്ട ആവശ്യം ഉണ്ടു്.

<u>ശ്രീ. എൻ. രാജഗോപാലൻ നായർ</u>: തിരുവിതാംകൂർ കൊച്ചിയുടെ എത്ര ശതമാനം ഭാഗം വനങ്ങൾ കാണും ?

Mr. Speaker : Figures showing the acreage under paddy cultivation are given. The hon, Member can calculate the percentage.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി : ഇതുവരെകൃഷിക്കുപയുക്തമല്ലായിരുന്ന സ്ഥലങ്ങൾ 'കഴിഞ്ഞതൊല്ലത്ത പദ്ധതിയനുസരിച്ച് കൃഷിക്കുപയുക്തമാക്കിത്തീർക്കേണ്ടതായി എത്രയേക്കർ ഉണ്ടെന്നു കണക്കെടുത്തിട്ടുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : അതിനു പ്രത്യേകം കണക്കെടുത്തിട്ടില്ല.

ശ്രീ. എ. താണുപിള്ള : നെൽക്കൃഷി സ്ഥലങ്ങളുടെ വിസ്തീർണ്ണം കൊച്ചിയിൽ എത്ര, തിരുവിതാംകൂറിൽ എത്ര എന്നുള്ളതിനു കണക്കുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : എത്രവീതമാണെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Dredger.

* 628. (8) **Shri P. V. Avira Tharakan :** Will the Minister for Co-operation be pleased to state whether any representation has been received from the Joint Co-operative Farming Society of Aroor requesting the Government to lend a dredger at actual cost for bunding the two hundred and odd acres of back-waters given to the Society on Kuthakapattam basis for paddy cultivation ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) : Yes, there was a representation.

ശ്രീ. പി. വി. അവിരാതരകൻ : ഇതിനെസംബന്ധിച്ച് ഗവണ്മെൻറു വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഗവണ്മെൻറിനു കഴിയുന്നതും നഷ്ടമില്ലാത്ത തരത്തിൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ : ഏകദേശം എന്നേയ്ക്കു കഴിയുമെന്നു പറയാമോ ?

ശ്രീ കളത്തിൽ വേലായുധൻ നായർ : അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

സാമൂഹ്യ വികസനപദ്ധതി.

* ൬൨൯. [൯] ശ്രീ. എം. എം. അബ്ദുൽഖാദർ † ; താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കമ്മ്യൂണിററി പ്രോജക്ററുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഓരോന്നിൻെറയും സ്ഥലപരിധി ;

---

* As the Member was absent, the question was put by Shri T. A. Majid with the permission of the chair

(സി) കുന്നത്തുനാട്ട താലൂക്കിലെ ഏതെല്ലാം പകുതികൾ ഉൾപ്പെടുന്നു ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ട്.

(ബി) ൧. കുന്നത്തുനാട്ട—ചാലക്കുടി.

പറവൂർതാലൂക്ക് :

കുന്നത്തുനാട്ട താലൂക്കിലെ താഴെ പറയുന്ന പകുതികൾ: കോതകുളങ്ങര, ചേരാനെല്ലൂർ, മാണിക്കമംഗലം, മഞ്ഞപ്ര, വാഴക്കുളം, ആലുവാ ടൌൺ, തൃക്കാക്കര.

കൊച്ചികണയന്നൂർ താലൂക്കിലെ താഴെ പറയുന്ന പകുതികൾ : ചേന്ദമംഗലം, പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്ട്, നായരമ്പലം, കടമക്കുടി, ഞാറക്കൽ, എളംകുന്നപ്പുഴ, മുളവുകാട്ട്, മലയാറ്റൂർ, കിഴക്കംഭാഗം, തെക്കംഭാഗം, വടക്കംഭാഗം, ചൊവ്വര, ചേരാനെല്ലൂർ,

കൊടുങ്ങല്ലൂർതാലൂക്ക്.

മുകുന്ദപുരം താലൂക്കിലെ താഴെ പറയുന്ന പകുതികൾ : ചാലക്കുടി ടൌൺ, മുപ്ലിയം, മററത്തൂർ, കൊടകര, ഇരിങ്ങാലക്കുട പുല്ലൂർ, മുറിയാട്ട്, കല്ലേററുങ്കര, കട്ടപ്പുറ്റേരി, വേളൂക്കര, പൂമംഗലം, പടിയൂർ, വള്ളിവട്ടം, തെക്കുംകര, വടക്കുംകര, കൊററനെല്ലൂർ, താഴേക്കാട്ട്, ആളൂർ, പേരാമ്പ്ര, പോട്ട, കോടശ്ശേരി, പരിയാരം, മേലൂർ, മുരിങ്ങൂർ, വടക്കംമുറി, കിഴക്കേചാലക്കുടി, പടിഞ്ഞാറേ ചാലക്കുടി, അണ്ണല്ലൂർ, വടക്കംഭാഗം, കല്ലൂർ വടക്കംമുറി, കല്ലൂർ തെക്കംമുറി, മുരിങ്ങൂർ തെക്കംമുറി, കിഴക്കംമുറി ആലത്തൂർ, കുറവിലശ്ശേരി, കാക്കുളിശ്ശേരി, തിരുമുക്കുളം, മടത്തുംപടി, പൊയ്യ, വടമ, പള്ളിപ്പുറം, കരുമാത്തറ, എടവിലങ്ങ്.

൨. നെയ്യാററിൻകര—വിളവംകോട്ട്.

നെയ്യാററിൻകരതാലൂക്ക്,

വിളവംകോട്ടതാലൂക്ക്.

(സി) കോതകുളങ്ങര, ചേരാനെല്ലൂർ, മാണിക്കമംഗലം, മഞ്ഞപ്ര, വാഴക്കുളം, ആലുവാ, ആലുവാ ടൌൺ, തൃക്കാക്കര.

അറബിക്ക് മുൻഷിമാർ.

* ൬൩൦. [൧൦] ശ്രീ. എം. എം. അബ്ദുൽ ഖാദർ : † താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൧൨൪-നു ശേഷം ഈ സ്റ്റേററിൽ എത്ര അറബിക്ക് മുൻഷിമാർ റിട്ടയർ ചെയ്തിട്ടുണ്ട്;

(ബി) പകരം എത്ര പേരെ നിയമിച്ചു ?

(സി) നിയമിച്ചിട്ടില്ലെങ്കിൽ കാരണം ?

† As the Member was absent, the question was put by Shri T. A. Majid with the permission of the Chair.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഇതിനെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. ടി. എ. മജീദ്: ഒഴിവുള്ള സ്ഥാനങ്ങളിൽ നിയമനം നടത്താതിരിക്കുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: രണ്ടു പ്ലേസിൽ മാത്രമേ നിയമിക്കുവാനുള്ളു.

അദ്ധ്യാപകരുടെ ശമ്പളം.

*നമ്പ ൩. [൩൩]† ശ്രീ. എം. എം. അബ്ദുൽഖാദർ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലുവാ സെൻറ മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിലെ അദ്ധ്യാപന്മാർക്ക ശമ്പളം കൊടുത്തിട്ട് എത്ര മാസമായി?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): അദ്ധ്യാപകന്മാരുടെ ശമ്പളബിൽ കൌണ്ടർ സിഗ്നേച്ചറിന് മാനേജർ യഥാവസരം അയയ്ക്കാതിരുന്നതുകൊണ്ട് മാർച്ചുമാസം മുതൽക്കുള്ള ശമ്പളം കുടിശ്ശികയാണ്. എന്നാൽ ഇതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അദ്ധ്യാപകന്മാരുടെ ശമ്പളബിൽ ഒരു പ്രത്യേകതരം ഫാറത്തിൽ വേണമെന്നു നിർബ്ബന്ധിക്കുന്നുണ്ടോ

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഉണ്ടായിരുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ആ ഫാറത്തിൽ അയയ്ക്കാത്തതുകൊണ്ട് വടക്കൻ ഡിവിഷനിലുള്ള അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടീട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: എഴുതിക്കൊടുത്ത ഫാറം ചിലപ്പോൾ മാറിപ്പോയിരിക്കും. ഇപ്പോൾ ആ ബുദ്ധിമുട്ടില്ല.

മലയാളഭാഷാ നിഘണ്ടു.

*നമ്പ ൨. [൩൨] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മലയാളഭാഷാ നിഘണ്ടു തയാറാക്കുന്നതിലേയ്ക്ക് തിരുവിതാംകൂർ സർവ്വകലാശാലയിൽ നിന്ന് ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരെയൊക്കെയാണ്;

(ബി) അങ്ങനെ നിയോഗിച്ചിട്ടുള്ള ആൾക്ക് എന്തെങ്കിലും പ്രതിഫലം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക്; എന്നു മുതൽ; എന്തു തുകയാണ് അനുവദിച്ചിരിക്കുന്നതു്;

(സി) നിഘണ്ടുനിർമ്മാണം സംബന്ധിച്ച് ൩൯ ൨ ജൂൺ ൩-ാംതീയതിവരെ സർവ്വകലാശാലയ്ക്ക് എന്തു സംഖ്യ ചെലവായി; ജോലി എന്തുമാത്രം പുരോഗമിച്ചിരിക്കുന്നു?

† As the Member was absent, the question was put by Shri T. A. Majid with the permission of the Chair.

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഇല്ല. ഒരു എഡിററെ നിയമിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

(ബി) ഈ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

(സി) സഞ്ചാരപ്പടിവകയിൽ ൧൨൦൪ രൂപ ൯ അണ ചെലവായി. ജോലി തുടങ്ങിയിട്ടില്ല.

ഡിനോമിനേഷൻ സ്കൂളുകൾ.

*൧൧൩൩. [൧൩] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(ഏ) നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ മേഖലകളിൽ അനുവദിച്ചിരുന്ന ഡിനോമിനേഷൻ സ്കൂളുകൾ ഗവൺമെൻറു നിറുത്തലാക്കിയതെന്നാണ്;

(ബി) ഡിനോമിനേഷൻ സ്കൂൾസമ്പ്രദായം ഏർപ്പെടുത്തിയ കാലത്ത് അതിൻെറ സമീപത്ത് ടെമ്പററി ഷെഡ്ഡുകളിൽ ഗവൺമെൻറു ആരംഭിച്ച പ്രൈമറി സ്കൂളുകളെപ്പററി, ഡിനോമിനേഷൻ സമ്പ്രദായം നിറുത്തലാക്കിയപ്പോൾ എന്തു നയമാണ് ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(ഏ) ൧൧൨൪-൨൫ സ്കൂൾ വർഷാരംഭത്തിൽ.

(ബി) ഇവ നിറുത്തൽ ചെയ്യുന്ന കാര്യം ആലോചനയിലിരിക്കുന്നു.

സർവ്വീസുസംയോജനം.

*൧൧൩൪. [൧൪] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) സർവ്വീസ് സംയോജനം സംബന്ധിച്ച വിശദാംശങ്ങളിൽ ഗവൺമെൻറ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) തീരുമാനം ചെയ്തിട്ടുണ്ടെങ്കിൽ ആ വക വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള വിശദാംശങ്ങൾവച്ചു സംയോജനം നടത്തുന്നപക്ഷം അതുകൊണ്ട് ഒരു വിഭാഗം ഉദ്യോഗസ്ഥന്മാർക്ക് വളരെ നഷ്ടം സംഭവിക്കുമെന്നു വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ?

(ഡി) സർവ്വീസ് സംയോജനത്തെ സംബന്ധിച്ച് ഇൻഡ്യാ ഗവൺമെൻറിൽ നിന്നും എന്തെങ്കിലും കൽപ്പനകളോ, നിർദ്ദേശങ്ങളോ ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതു മേശപ്പുറത്തു വയ്ക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ ഗവണ്മെൻറ് ഇതുവരെ പാസ്സാക്കിയിട്ടുള്ള ഉത്തരവുകളുടെ കാപ്പികൾ മേശപ്പുറത്തു വച്ചിരിക്കുന്നു. *

(സി) തിരുവിതാംകൂർ-കൊച്ചി വിഭാഗത്തുനിന്നും അങ്ങനെയുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) കാപ്പി മേശപ്പുറത്തു വച്ചിരിക്കുന്നു. *

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഇൻഡ്യാ ഗവണ്മെൻറിൽ നിന്നു കിട്ടിയിട്ടുള്ള കല്പനകളെ അനുസരിച്ചാണോ ഈ കൽപ്പന പുറപ്പെടുവിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: ഇതിനു് ഉത്തരം മുൻപു പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്.

വിജയശതമാനം.

* നം. [ ] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ വിദ്യാഭ്യാസവർഷത്തിലെ സ്കൂൾ ഫൈനൽ പരീക്ഷയിൽ എത്ര ശതമാനം വിദ്യാർത്ഥികൾ പാസ്സായിട്ടുണ്ട്;

(ബി) ശരിയായ Valuation കഴിച്ചതിനുശേഷം ഒടുവിൽ grace മാർക്കുകൾ കൊടുത്തിട്ടാണോ ഇത്രയും ശതമാനം പാസ്സായിട്ടുള്ളതു്;

(സി) ഏതെങ്കിലും സ്കൂളിൽ കണക്കു് ഇംഗ്ലീഷിൽ പഠിപ്പിക്കാൻ അനുവാദം കൊടുത്തിരുന്നുവോ?

(ഡി) ഇരിങ്ങാലക്കുട ഹൈസ്കൂളിൽ കണക്കു് ഏതു ഭാഷയിലാണു് പഠിപ്പിച്ചിരുന്നതെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അൻപതേമുക്കാൽ ശതമാനം വിദ്യാർത്ഥികൾ ജയിച്ചിട്ടുണ്ട്

(ബി) ശരിയായി ഉത്തരക്കടലാസുകൾ നോക്കി പരീക്ഷകന്മാർ കൊടുത്ത മാർക്ക് പരീക്ഷ്യബോർഡ് വേണ്ടപോലെ ആലോചിച്ചു ക്രമീകരണം നടത്തിയാണു് വിദ്യാർത്ഥികളെ പാസ്സാക്കിയതു്.

(സി) പ്രത്യേകം ആവശ്യമുണ്ടെന്നു ബോദ്ധ്യപ്പെട്ട ചില സ്കൂളുകളിൽ കണക്കു് ഇംഗ്ലീഷിൽ പഠിപ്പിച്ചുകൊള്ളുവാൻ അനുവദിച്ചിരുന്നു.

(ഡി) ഉണ്ട്.

ശ്രീ. വാറുണ്ണി പുളിക്കൽ: ഇംഗ്ലീഷിൽ കണക്കു പഠിപ്പിക്കുവാൻ അനുവദിച്ചു. ചോദ്യക്കടലാസ് ഇംഗ്ലീഷിൽ തയ്യാറാക്കിയിരുന്നോ?

* Placed in the Library.

ശ്രീ. എ. ജെ. ജാൺ: ചോദ്യക്കടലാസുകൾ മലയാളത്തിലായിരുന്നുവെങ്കിലും, പിന്നീട് ഇംഗ്ലീഷിലാക്കിക്കൊടുത്തതുകൊണ്ട് വലിയ കുഴപ്പമൊന്നും ഉണ്ടായിട്ടില്ലെന്നാണറിവ്.

ശ്രീ. വാറണ്ണി പുളിക്കൽ: കണക്ക് ഇംഗ്ലീഷിൽ പഠിപ്പിച്ചാൽ മനസ്സിലാകാതെ അനേകം കുട്ടികൾ ബുദ്ധിമുട്ടുന്നതായി വല്ല പരാതിയും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ബുദ്ധിമുട്ടുള്ളതായി ഗവൺമെന്റിനു പരാതിയൊന്നും കിട്ടിയിട്ടില്ല.

ശ്രീ. ഇ. പി. വർഗ്ഗീസ്: ഇരിങ്ങാലക്കുടസ്കൂളിൽ ഏതു ഭാഷയിലാണ് കണക്കു പഠിപ്പിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: ഇംഗ്ലീഷിലാണ്.

ശ്രീ. ടി. എ. മജീദ്: കണക്കു പ്രത്യേകമായി ഇംഗ്ലീഷിൽ പഠിപ്പിക്കണമെന്നു സ്കൂൾ അധികൃതർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നാലു സ്കൂളുകൾക്കുമാത്രം അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

S. S. L. C. Examination.

* 636 [16] **Shri C. Sankar:** Will the Minister for Education be pleased to State :

(a) whether any students that appeared for the S. S. L. C. final examination held in last March were not given promotion due to their failure to obtain the prescribed marks in Hindi ;

(b) if so, the number of such students ;

(c) the total number of students that appeared for the above mentioned examination and the number that have failed on the whole ;

(d) the number of students whose first language was Tamil among those who appeared for the above examination and the number of Tamil students that failed on the whole ; and

(e) the number of Tamil students who have failed in Hindi only ?

Chief Minister **(Shri A. J. John):**

(a) Yes ;

(b) 195.

(c) Number appeared—28,339.
Number failed —13,907.

(d) Number of candidates appeared with Tamil as first language—1220.

Number failed among the above 613.

(e) 22.

Introduction of compulsory Hindi in Schools.

❋ **637** [17] **Shri C. Sankar:** Will the Minister for Education be pleased to state:

(*a*) whether representations have been received by the Government, protesting against Hindi being made a compulsory language in schools; and

(*b*) if so, did the Government give any consideration to those representations?

Chief Minister (**Shri A. J. John**):

(*a*) A few representations were received.

(*b*) Due consideration was given.

Shri C. Sankar: Are the Government aware that the Tamilians are against the introduction of Hindi as a compulsory language?

Shri A. J. John: Government have received representations from a few Tamilians.

Shri C. Sankar: Are the Government aware that the Prime Minister is against the compulsory introduction of Hindi?

Shri A. J. John: The Government of India is in favour of the introduction of Hindi as a compulsory language.

Shri C. Sankar: Will the Government give up the system of introducing Hindi as a compulsory language?

Shri A. J. John: No.

Shri A. Thanu Pillai: Which are the classes in which Hindi is made compulsory now?

Shri A. J. John: From the Second Form to the Fifth Form.

Anglo-Indians employed in Municipalities.

❋ **638** [18] **Shri A. A. D. Luiz:** Will the Minister for Local Self Government be pleased to state whether there are any Anglo-Indians employed in the Ernakulam, Trichur and Trivandrum Municipalities?

Minister for Local Self-Government (**Shri K. Kochukuttan**): There is one Anglo-Indian employed in Ernakulam Municipal Office.

There are no Anglo-Indians in the Trivandrum Corporation Office or Trichur Municipal Office.

Shri A. A. D. Luiz: May I know whether he is permanent or temporary?

Shri K. Kochukuttan: He is permanent.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: എറണാകുളത്തും തിരുവനന്തപുരത്തും ആരെങ്കിലും ആംഗ്ലോഇൻഡ്യൻസ് അപേക്ഷിച്ചതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ.

കോട്ടയത്തെയും പാമ്പാടിയിലെയും സത്രങ്ങൾ.

*൩൬൯. [എൻ] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) കോട്ടയത്തെയും പാമ്പാടിയിലെയും സത്രങ്ങൾ പൊതുജനങ്ങളുടെ ഉപയോഗത്തിലിരിക്കുകയാണോ;

(ബി) അല്ലെങ്കിൽ, അവ എന്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു;

(സി) പൊതുജനങ്ങൾക്ക് അവ പ്രയോജനപ്പെടാതായിട്ട് എത്ര കാലമായി;

(ഡി) തിരുവിതാംകൂർ-കൊച്ചിയിൽ ഇതുപോലെ മറ്റെവിടെയെങ്കിലും പൊതുജനാവശ്യങ്ങൾക്കല്ലാതെ സത്രങ്ങൾ ഉപയോഗിക്കുന്നുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. எ. சிதம்பரநாத நாடார்):

(எ) இல்லை.

(பி) கோட்டயம் சத்திரத்தை ரிஸர்வ் போலீஸார் உபயோகப்படுத்தி வருகிறார்கள். பாம்பாடி சத்திரத்தின் ஒரு பாகத்தை போலீஸாரும், மற்றொரு பாகத்தை மின்சார இலாகா சிப்பந்திகளும் உபயோகப்படுத்தி வருகிறார்கள்.

(ஸி) கோட்டயம் சத்திரத்தை பத்து வருடங்களாக போலீஸார் உபயோகித்து வருகிறார்கள். பாம்பாடி சத்திரம் உபயோகிக்க ஆரம்பித்து இரண்டு வருடங்கள் தான் ஆகிறது.

(டி) உண்டு. கொல்லத்தில் உள்ள ஓலயில் சத்திரம் கால்நடை ஆஸ்பத்திரியாக உபயோகிக்கப்படுகிறது. மராமத்து இலாகாவின் கீழ் உள்ள மூனார் நியூகூலி சத்திரம் தற்போது பி. டப்ளியு. டி. ஸப்டிவிஷன் ஆபீஸின் உபயோகத்தில் இருக்கிறது. குழித்துறை சத்திரத்தின் ஒரு பகுதி ஆர்ம்ட் ரிஸர்வின் உபயோகத்திலும் இருக்கிறது.

ശ്രീ. പി. ഭാസ്കരൻനായർ: സത്രങ്ങൾ പ്രധാനമായി യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ചു നടത്തുന്നതല്ലേ?

Shri A. Chidambaranatha Nadar: Yes.

ശ്രീ. പി. ഭാസ്കരൻനായർ: അങ്ങനെ യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടിയുള്ള സത്രങ്ങളിൽ പോലീസുകാർ താമസിക്കുന്നുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കുമോ?

Shri P. V. Avira Tharakan: Sir, a point of order. I want to know whether a Minister can take advice from the Members?

Mr. Speaker: This is after all a trivial matter to be raised as a point of order. If the hon. Minister is not able to understand the question in Malayalam what is it that prevents him from consulting another? These are all trivial matters for the Speaker to give a ruling.

<u>ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ</u> : തൃശ്ശൂരിലെയും പറവൂരിലെയും സത്രങ്ങൾ വെറുതെ കിടക്കുന്നതായറിയാമോ?

Shri A. Chidambaranatha Nadar: I want notice.

Colonisation within the State.

✻ **640.** [20] **Shri N. P. Varghese:** Will the Minister for Colonisation be pleased to state:

(a) whether the Government have any scheme for Colonisation of the landless people of the State;

(b) have Government selected any special areas for Colonisation;

(c) if so, which are those areas;

(d) has the officer for colonisation taken any steps to implement the scheme; and

(e) if so, what steps have been taken?

Minister for Local Self Government **(Shri K. Kochukuttan):**

(a) Yes;

(b) Yes.

(c)

1.	Azhoor	330	acres
2.	Puthuvettimuri	250	,,
3.	Kallar	300	,,
4.	Anchal	75	,,
5.	Kannamala	250	,,
6.	Vazhani	200	,,
7.	Vengola	192	,,

are the areas set apart for colonisation immediately.

(d) Yes.

(e) Preliminary steps for the organisation of co-operative colonies in the above areas have been taken by the Joint Registrar of Co-operative Societies. Colonies will be organised in those areas as soon as the removal of the tree growth is completed.

<u>ശ്രീ. കെ. ജെ. തോമസ്</u> : ഏതെങ്കിലും സ്ഥലത്തു ഭൂമിയില്ലാത്ത ആളുകളുടെ സംഘത്തിനു വേണ്ടി ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ?

Shri K. Kochukuttan: I want notice.

<u>ശ്രീ. പി. സി. ആദിച്ചൻ</u> : മദ്ധ്യതിരുവിതാംകൂർ കോളണൈസേഷന് സ്ഥലം കൊടുത്തിട്ടില്ലെന്നറിയാമോ?

<u>ശ്രീ. കെ. കൊച്ചുകുട്ടൻ</u> : ഞാൻ വായിച്ച ലിസ്റ്റിലുള്ള സ്ഥലങ്ങൾ മദ്ധ്യതിരുവിതാംകൂറിലല്ലെങ്കിൽ കൊടുത്തിട്ടില്ല.

<u>ശ്രീ. ആർ. കേശവപിള്ള</u> : കൊട്ടാരക്കര താലൂക്കിൽ സ്ഥലം കൊടുത്തിട്ടുണ്ടോ?

Mr. Speaker: The question is irrelevant.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഓരോ താലൂക്കിലും വീടില്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കി അതനുസരിച്ചാണോ കോളനൈസേഷനുവേണ്ടി സ്ഥലം കൊടുക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതും ഈ കോളനൈസേഷനിൽ പെടുന്നുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഭൂമിയില്ലാത്തവരായ വളരെയധികം ആളുകളെ ഈ ലിസ്റ്റിൽപെടുത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിയാം.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: എല്ലാ ഭാഗത്തുമുള്ള ആളുകളും ഈ കോളനൈസേഷൻ സ്കീമിൽ പെടുമെന്ന് ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. അതിൽനിന്നു പിന്നോക്കം പോയിട്ടുണ്ടോ?

ശ്രീ കെ. കൊച്ചുകുട്ടൻ: പിന്നോക്കം പോയിട്ടില്ല. ഇപ്പോൾ എവിടെയെല്ലാമാണോ കോളനൈസേഷൻസ്കീം നടപ്പാക്കാൻ കഴിയുന്നത്, അവിടമെല്ലാം ഈ ലിസ്റ്റിൽപെടുത്തിയിട്ടുണ്ട്.

ശ്രീ. ആർ. കേശവ പിള്ള: ഈ സ്കീം ഉടനെ നടപ്പാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉടൻ നടപ്പിൽ വരുത്തുവാൻ വേണ്ടതു ചെയ്യുന്നുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: ദേവികുളത്തു കുടിയിറക്കപ്പെട്ട പിന്നാക്കസമുദായങ്ങൾക്കു കോളനൈസേഷനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: അവിടെ വീടില്ലാതെ കഷ്ടപ്പെടുന്ന പിന്നോക്കസമുദായങ്ങൾക്കു താമസസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ മുൻഗണന കൊടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പിന്നാക്കസമുദായക്കാരുടെ കാര്യത്തിൽ മുൻഗണന കൊടുക്കുന്നുണ്ട്.

ശ്രീ. പി. ചാക്കോ: പുറമ്പോക്കു സ്ഥലങ്ങളിലെല്ലാം വീടുകൾ കെട്ടി താമസസൗകര്യങ്ങൾ ഉണ്ടാക്കുവാൻ കഴിയുമോ?

Mr. Speaker: That is a very big question.

Grant to the Library Association.

*** 641. [21] Shri N. P. Varghese**: Will the Chief Minister be pleased to state:

(a) what is the grant given to the Travancore-Cochin Library Association every year for the last five years;

(b) how many libraries are affiliated to the Library Association and how many libraries are now receiving grant; and

(c) are Government in receipt of representations from various libraries in the State for enhaneing the grant to the Association ?

Chief Minister (**Shri A. J. John**) :

(*a*) Grant given to the Library Association :

	Rs.
1123	6,000
1124	12,000
1125	24,000
1126 ($7\frac{1}{2}$ months)	12,500
1951-52	20,000

(*b*) 1,486 libraries are affiliated to the Travancore-Cochin Granthasala Sangam ; 896 libraries are now receiving grant.

(*c*) Government have not received representation from the Libraries for enhancing the grant to the Association.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റ വർദ്ധിപ്പിച്ചുകൂടാ എന്നു വല്ല നിവേദനവും ഗവണ്മെന്റിനു് കിട്ടിയിട്ടുണ്ടോ?

Mr. Speaker : That contains an insinuation. It is not, therefore, allowed.

Shri P. S. Nataraja Pillai : May I know whether the Association is recognized by Government as representing the libraries of the State ?

Shri A. J. John : At present, tis so.

ஸ்ரீ. எ. கெ. செல்லய்யா : Village Libraries கள் எல்லாம் Library Association-ல் சேர்ந்த பிறகு அவைகள் சரியாக நடைபெறவில்லை என்பது தெரிய வருமா ?

ശ്രീ. എ. ജെ ജാൺ : കുറെ ലൈബ്രറികൾ ശരിയായി നടത്തിക്കൊണ്ടുവന്നിട്ടുണ്ടെന്നാണു് ഗവണ്മെന്റിന്റെ അറിവു്.

ஸ்ரீ. எ. கெ. செல்லய்யா : Grant-ம் சரியாகக் கொடுக்கப்படுவதில்லை என்பது தெரிய வருமா ?

ஸ்ரீ. எ. ஜெ. ஜான் : தெரியாது.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഗ്രന്ഥശാലകൾക്കു് ഗ്രാന്റ ലഭിക്കണമെങ്കിൽ അവ ഇന്ന നിർദ്ദിഷ്ടമാനദണ്ഡം പുലർത്തണമെന്നു് വല്ല റൂൾസും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. ടി. വി. താമസ്സു് : ഗ്രന്ഥശാലകളിൽ കമ്മ്യൂണിസ്റ്റ് പുസ്തകങ്ങൾ വാങ്ങരുതെന്നു് ഗവണ്മെന്റ വല്ല ഉത്തരവും കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉത്തരവു കൊടുത്തിട്ടില്ല. പക്ഷെ അങ്ങനെയുള്ള പുസ്തകങ്ങൾ വാങ്ങരുതെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. ജെ. താമസ്സു് : ഇൻഡ്യൻ നാഷണൽ ലൈബ്രറി പ്രസ്ഥാനത്തിൽ നിന്നു് ചില ആളുകൾ ഇവിടെ വന്നു നമ്മുടെ ലൈബ്രറികൾ പരിശോധിച്ചിട്ടു് ഗവണ്മെന്റിലേയ്ക്കു് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

Mr. Speaker : That does not arise from this question. Aseparate question may be put.

ശ്രീ. ടി. വി. താമസ്സ് : അങ്ങനെ നിർദ്ദേശിക്കുന്നതു് ശരിയാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ശരിയാണെന്നാണു് ഗവണ്മെൻറിൻെറ ബോദ്ധ്യം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കമ്മ്യൂണിസത്തെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ നാട്ടിൽ വാങ്ങുവാൻ പാടില്ലെന്നു് വല്ല നിർദ്ദേശവുമുണ്ടോ?

Mr. Speaker : The question is disallowed.

ശ്രീ. എ. താണുപിള്ള : കഴിഞ്ഞകൊല്ലത്തേക്കാളും കൂടുതൽ സംഖ്യ ഇക്കൊല്ലം ലൈബ്രറി ഗ്രാൻറിനു് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : കൂടുതൽ സംഖ്യ ഇതിലേക്കു കൊള്ളിക്കുന്നതിനെപ്പററി ഗവണ്മെൻറു ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള : ഒരു ലക്ഷം രൂപാ അനുവദിച്ചിട്ടുള്ളതു് അസോസിയേഷൻെറ നടത്തിപ്പിനും ഗ്രാൻറിനും കൂടിയല്ലേ; അതിൽ ഗ്രാൻറിനു മാത്രം എന്തു തുക വരും?

ശ്രീ. എ. ജെ. ജാൺ : ഏകദേശം എൺപതിനായിരം രൂപാ വരും.

ശ്രീ. എ. താണുപിള്ള : കഴിഞ്ഞ ആണ്ടിൽ കൊള്ളിച്ചിരുന്ന തുക എന്തായിരുന്നു?

ശ്രീ. എ. ജെ. ജാൺ : കഴിഞ്ഞ ആണ്ടിലും ഇതുതന്നെയായിരുന്നു.

ശ്രീ. എ. താണുപിള്ള : കൊല്ലംതോറും ലൈബ്രറികൾ കൂടിവരികയല്ലേ; അതനുസരിച്ചു് ഗ്രാൻറിനുള്ള സംഖ്യയും വർദ്ധിപ്പിക്കേണ്ടേ?

ശ്രീ. എ. ജെ. ജാൺ. : അതുകൊണ്ടാണു് ഗവണ്മെൻറു അതിനെപ്പററി ആലോചിക്കുന്നുണ്ടു് എന്നു പറഞ്ഞതു്.

ശ്രീ. പരീതു റാവുത്തർ : കമ്മ്യൂണിസ്റ്റു് പുസ്തകങ്ങൾ വാങ്ങിക്കുന്ന ഗ്രന്ഥശാലയ്ക്കു റഷ്യൻ ഗവണ്മെൻറു വല്ല സഹായധനവും കൊടുക്കുന്നുണ്ടോ എന്നു് ഗവണ്മെൻറിനറിയാമോ?

Mr. Speaker : The question is disallowed.

ശ്രീ. ആർ. ഗംഗാധരൻ : കമ്മ്യൂണിസ്റ്റു് പുസ്തകങ്ങളെ ഗ്രന്ഥശാലകളിൽ വാങ്ങുന്നതിനു് ഗവണ്മെൻറു നിരോധിക്കുവാൻ കാരണമെന്താണു്?

ശ്രീ. എ. ജെ. ജാൺ : അതു് ആളുകൾ പഠിച്ചിട്ടു് പല അപകടങ്ങളും കാണുന്നുണ്ടു്. അതുകൊണ്ടാണു് നിരോധിച്ചതു്. (ചിരി)

Building grants to libraries.

※ 642 [22] **Shri N. P. Varghese :** Will the Chief Minister be pleased to state :

(a) the number of public libraries for which building grants were given by Government;

(*b*) are Government in receipt of applications for building grants for libraries; and

(*c*) is it a fact that the majority of the libraries in the State are housed in rented buildings?

Chief Minister (**Shri A. J. John**):

(*a*) Nil.

(*b*) Yes.

(*c*) Government have no information.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഗവണ്മെൻറ് അതിനെപ്പററി അന്വേഷണം നടത്തുമോ?

ശ്രീ. ഏ. ജെ. ജാൺ: അന്വേഷണം നടത്താം.

കുടിയിറക്ക്.

* ൩൪൩. [൨ ൪] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ താലൂക്കിൽ ഉഴവൂർ പകുതിയിൽ പൂവക്കുളം തരിശു ഭൂമിയിൽ കുടിപാർക്കുന്ന നൂറോളം കുടുംബങ്ങളെ കുടിയിറക്കുന്നതിന് ഗവണ്മെൻറ പോലീസിനു കല്പനകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ താമസക്കാരായ കുടികിടപ്പുകാർക്ക് വേറെ എന്തെങ്കിലും താമസസൗകര്യത്തിനു ഏർപ്പാടുചെയ്തുകൊടുത്തിട്ടുണ്ടോ?

ரெவினியூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) இல்லை.

(பி) கேள்விக்கு இடம் இல்லை.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അവരെ പോലീസ് കുടിയിറക്കി എന്നാണോ പറയുന്നത്?

Shri A. Chidambaranatha Nadar: No.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇതിനു മുമ്പ് ഒരു ചോദ്യത്തിനു ഉത്തരമായി അവിടെ കുടിയിറക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞതായി അറിയാമോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: குடியிறக்கினதுண்டு; but not at the instance of the Police. For the information of the House, however with the permission of the Chair, I wish to state that this land formed part of the Rāmapuram Reserve which was deforested with the object of giving it on lease to the members of backward communities. The encroachers were evicted in pursuance of the decision in some case. The land was meant for backward communities, as the hon. Member wishes, but forcible entry was made by them under communist leadership. They were evicted on those grounds.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ കുടിയിറക്കപ്പെട്ടവരിൽ ആരെങ്കിലും സ്വന്തം ഭൂമിയുള്ളവരാണോ?

Shri A. Chidambaranatha Nadar: I will make earnest enquiries.

Shri N. Raghava Kurup: If the Government have decided to oust them, does it mean that those people were under the leadership of the communists?

Shri A. Chidambaranatha Nadar: If they use force, Government will also use force to meet that.

Shri N. Raghava Kurup: How can a man be evicted without using force?

Mr. Speaker: That is a big proposition for criminal lawyers. (*Laughter*)

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഗവണ്മെൻറ പോലീസ് ഉപയോഗിച്ച് അവരെ ഒഴിവാക്കി എന്നു പറഞ്ഞു. ആദ്യം അവരെ ഒഴിവാക്കിയില്ലെന്നും പറഞ്ഞു. ഇതു രണ്ടും കൂടി എങ്ങനെയാണ് യോജിക്കുന്നത്?

Shri A. Chidambaranatha Nadar: Force does not convey the idea as the Member thinks, that the police alone uses force.

പുറംപോക്ക റിസർവ്വ തരിശുസ്ഥലം.

* ൫൪൪. [൨൭] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറംപോക്ക റിസർവ്വ തരിശുസ്ഥലങ്ങൾ കൈവശം വച്ചുവരുന്നവരെ അവിടെ നിന്നു ഇറക്കിവിട്ടിട്ട് ആ സ്ഥലങ്ങളിൽ ഗവണ്മെൻറ് എന്തു ചെയ്യാനുദ്ദേശിക്കുന്നു;

(ബി) ഇങ്ങനെ പുറമ്പോക്ക സ്ഥലങ്ങൾ കൈവശംവച്ചു വരുന്നവരെ ഇറക്കി വിടുന്നതുമൂലം എത്ര കുടുംബങ്ങൾ ഭവനരഹിതരായിത്തീരുമെന്ന് ഗവണ്മെൻറ് കണക്കെടുത്തിട്ടുണ്ടോ;

(സി) ഇങ്ങനെ ഭവനരഹിതരായിത്തീരുന്നവർക്ക് അടിയന്തിരമായി വേറെ പാർപ്പിടസൗകര്യമുണ്ടാക്കിക്കൊടുക്കാൻ ഗവണ്മെൻറിന് എന്തെങ്കിലും പരിപാടിയുണ്ടോ?

ரெவனியூ வகுப்பு மந்திரி (*ஸ்ரீ. ஏ. சிதம்பரநாத நாடார்*):

(ஏ) *அனுமதி இல்லாத பிரவேசனங்களை மாத்திரம் ஒழிப்பிக்கப் படுகிறது. அப்படி உள்ள இடங்களை புறம்போக்குக்காகவோ, ரிஸர்வாகவோ, காப்பாற்றப் படும்.*

(பி) இல்லை.

(ஸி) *வீடு கட்டும் பத்ததியில் இப்படிபட்டோருடைய காரியமும் சேர்க்கப்படும்.*

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇങ്ങനെ കുടിയിറക്കപ്പെട്ടതിൻെറ ഫലമായി ഉടൻ തന്നെ അവർ വീടില്ലാത്തവരായിത്തീരുമ്പോൾ അവരുടെ കാര്യം എത്ര കാലം കൊണ്ട് പരിഹരിക്കപ്പെടും?

Shri A. Chidambaranatha Nadar : It will be immediately attended to.

ശ്രീ. കെ. കെ. കുമാരപിള്ള : വീടില്ലാത്ത ആളുകൾ ഏതു് അധികാരിയെ സമീപിച്ചാണു് കുടിപാർപ്പിനു സ്ഥലം വാങ്ങേണ്ടതു്?

Shri A. Chidambaranatha Nadar : They must approach the Government.

ശ്രീ. കെ. കെ. കുമാരപിള്ള : അങ്ങനെ അനുവാദം വാങ്ങിച്ചു് കുടിപാർത്തിട്ടുള്ള സ്ഥലങ്ങളിൽ നിന്നും കുടിയിറക്കിയിട്ടുണ്ടെന്നു ഗവണ്മെൻറിനു് അറിയാമോ?

Shri A. Chidambaranatha Nadar : The only answer to this question is the landless and the houseless must feel that there is a Government in existence and if they feel that they can very well approach the Government, and the Government will give houses for the houseless and lands for the landless.

ശ്രീ. കെ. കെ. കുമാരപിള്ള : ഈ ഗവണ്മെൻറിൻെറ അനുവാദത്തോടുകൂടി സ്ഥലം വാങ്ങിച്ചുതാമസിച്ചിട്ടുള്ള ആളുകളുടെ കാര്യമാണു് ഞാൻ ചോദിക്കുന്നതു്.

Shri A.Chidambaranatha Nadar : If they had settled down in Government porambokes with the permission of the Government, never in the history of the Government or never in the history of the State were they evicted.

ശ്രീ. കെ. കെ. കുമാരപിള്ള : അങ്ങനെ ഒരു സംഗതി ചൂണ്ടിക്കാണിച്ചാൽ അവരെ കുടിയിറക്കിയവരുടെ പേരിൽ ഗവണ്മെൻറു് നടപടി എടുക്കുമോ?

Shri A. Chidambaranatha Nadar : If there are, it will be immediately attended to.

ശ്രീ. എൻ. രാഘവക്കുറുപ്പു് : സർക്കാർ സ്ഥലങ്ങളിൽ അനുവാദം കൂടാതെ കുടിപാർക്കുന്നവരെ ഇറക്കിവിടുന്നതിനു് ചില നിയമങ്ങൾ ഉള്ളപ്പോൾ ആ നിയമങ്ങളെ അവഗണിച്ചു് അവരെ ഇറക്കിവിടുന്നതു ശരിയാണോ?

Mr. Speaker : That is too vague and general a question.

ശ്രീ. പി. വി. അവിരാത്തരകൻ : പുറമ്പോക്കു സ്ഥലങ്ങളിൽ നിന്നു് കുടിയിറക്കിവിടുന്നവരുടെ ഒരു കണക്കു് എടുത്തിട്ടില്ലെന്നു് (ബി) ചോദ്യത്തിനു് ഉത്തരം പറഞ്ഞു. (സി) ചോദ്യത്തിനു് അങ്ങനെ ഭവനരഹിതരായവരുടെ ഒരു കണക്കു് എടുത്തിട്ടില്ലെങ്കിലും പാർപ്പിടസൗകര്യം അവർക്കു് കൊടുക്കും എന്നും പറഞ്ഞു. കണക്കെടുക്കാതെ എങ്ങനെയാണു് എല്ലാവർക്കും പാർപ്പിടസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതു്?

Shri A. Chidambaranatha Nadar : That is the duty of the Government.

ஸ்ரீ. ஸி. சங்கர் : சர்க்கார் அனுமதியில்லாமல் பல காங்கிரஸ்காரர்களுக்கு கொடுத்திருக்கிறார்களே.

Shri A. Chidambaranatha Nadar: The Member could have understood that from my yesterday's speech. Any man, high or low, who is in possession of those acres of land will be dealt with in the same manner under the same law and under the same principle.

System of Education

※ 645 [26] **Dr. M. Sivaraman Nair:** Will the Chief Minister be pleased to state whether there is any proposal before the Government to appoint an expert committee to suggest ways for reformation and reorientation of the whole educational policy so as to enable an individual to develop himself into a useful, disciplined and patriotic citizen ?

Chief Minister **(Shri A. J. John):** There is no such proposal at present.

ഡാക്ടർ എം. ശിവരാമൻ നായർ: ഇന്നത്തെ വിദ്യാഭ്യാസത്തിനും ഭാരിച്ച ചിലവു ചെയ്യുന്ന സ്ഥിതിയ്ക്കു് അതു കൂടുതൽ പ്രയോജനപ്പെടുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനു് ഒരു എക്സ്പർട്ടു് കമ്മററിയെ നിയമിക്കുവാൻ ഗവണ്മെൻറിനു് ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: കഴിഞ്ഞ ദിവസം ഇൻഡ്യാഗവണ്മെൻറിൽ നിന്നും ഇതിലേയ്ക്കു് ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടെന്നു് ഞാൻ പറഞ്ഞു. അതിൽ ഈ ഗവണ്മെൻറും പങ്കെടുക്കുന്നതിനു് ശ്രമിക്കുന്നതാണു്. ആ കമ്മിററി ഈ സംഗതികളെപ്പററിയെല്ലാം ആലോചിക്കും.

ഡാക്‌ടർ എം. ശിവരാമൻ നായർ: ആ കമ്മിററിയിൽ ഇവിടത്തെ പ്രൈമറി വിദ്യാഭ്യാസവും സെക്കൻററി വിദ്യാഭ്യാസവും പരിഷ്കരിക്കുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. എ. ജെ ജാൺ: ഇൻഡ്യയിൽ എല്ലാ സ്ഥലത്തും ഉള്ള വിദ്യാഭ്യാസം ഒരു യൂണിഫാം ബേസിസിൽ കൊണ്ടുവരുന്നതിനെപ്പററി ആ കമ്മിററിയിൽ ആലോചിക്കും.

ശ്രീ. ചെങ്ങാരപ്പിള്ളി നാരായണൻ പോററി: ഇൻഡ്യ ഒട്ടുക്കുള്ള പ്രൈമറി വിദ്യാഭ്യാസവും സെക്കൻററി വിദ്യാഭ്യാസവും ഒരു തുല്യതയിൽ കൊണ്ടുവരുവാൻ സാധിക്കുമോ എന്നു് ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആലോചിച്ചിട്ടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇൻഡ്യയും തിരുവിതാംകൂർ-കൊച്ചിയും രണ്ടും രണ്ടാണെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: രണ്ടും യോജിച്ചു പോകാവുന്നതാണെന്നാണു് ഗവണ്മെൻറിൻെറ അഭിപ്രായം.

Fee Concession.

※ 646. [27.] **Shri O. C. Ninan:** Will the Chief Minister be pleased to state :

(*a*) in what category the members of the Pentecost and Brother Missions were included in the G. O. relating to fee concession in schools; and

(*b*) have the Government received complaint that they do not get any fee concession after the above G. O. on account of the fact that they were not included in any list mentioned in the G. O.?

Chief Minister (**Shri A. J. John**):

(*a*) Under no category.

(*b*) Certain representations have been received. The matter is under consideration.

ശ്രീ. ഒ. സി. നൈനാൻ: ഇങ്ങിനെയുള്ളവർക്ക് ഫീസുസൌജന്യം കിട്ടാതിരിക്കുന്നുണ്ടെന്ന് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഓരോ കേസുകളും പ്രത്യേകം പ്രത്യേകം ആലോചിച്ചു തീരുമാനിക്കുകയാണ് ചെയ്യുന്നതു്. അതുകൊണ്ടു് ഫീസു സൌജന്യം കിട്ടാത്തവർ ആരൊക്കെയാണെന്ന് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. ഒ. സി. നൈനാൻ: ഈ റപ്രസന്റേഷൻ കിട്ടിയിട്ടു എത്ര നാളായിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. ഏ. ജെ. ജാൺ: അതിൻെറ കടലാസ് ഗവണ്മെൻറിൻെറ കൈയ്യിൽ ഇപ്പോഠം ഇല്ല.

ശ്രീ. ഒ. സി. നൈനാൻ: ഇക്കൊല്ലംതന്നെ അവർക്ക് ഫീസു സൌജന്യം കിട്ടത്തക്കവണ്ണം വേണ്ടതു് ചെയ്യാമോ?

ശ്രീ. ഏ. ജെ. ജാൺ: ഇക്കൊല്ലംതന്നെ ചെയ്യാമെന്നു പറയാൻ സാദ്ധ്യമല്ല.

വയോജന വിദ്യാഭ്യാസം.

* ൩൪൧. [ഫ. വ്യ] ശ്രീ. റ്റി. ഏ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങഠംക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) വയോജന വിദ്യാഭ്യാസത്തിൻെറ പേരിൽ ഇവിടെ ആർക്കെങ്കിലും പരിശീലനം നൽകുന്നുണ്ടോ;

(ബി) ഇതിനകം എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ടു്;

(സി) പരിശീലനത്തിന് വരുന്നവർക്ക് പ്രതിമാസം എന്തു് അലവൻസ് കൊടുക്കുന്നുണ്ടു്;

(ഡി) പരിശീലനം കഴിയുന്ന ഓരോ ബാച്ചിനും എന്തെങ്കിലും ജോലികൊടുത്തതിനു ശേഷമാണോ അടുത്ത ബാച്ചിനെ തിരഞ്ഞെടുക്കുന്നതു്;

(ഇ) ജോലി കൊടുക്കുന്നെങ്കിൽ എന്തു ജോലി; ശമ്പളം എന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ൮ ൪ പേക്കു്. എന്നാൽ ൩ ൪ പേർ മാത്രമെ ജയിച്ചിട്ടുള്ളു. ഇപ്പോഴും ൩ ൩ പേർ പരിശീലനം നടത്തുന്നു.

(സി) ൧ ൫ രൂപ.

(ഡി) അല്ല.

(ഇ) സാമൂഹ്യവിദ്യാഭ്യാസ ആർഗനൈസർ; പ്രതിമാസം ൪ ൦ രൂപ.

ശ്രീ. ററി. എ. മജീദ് : വയോജനവിദ്യാഭ്യാസം സംബന്ധിച്ചുള്ള പരിശീലനം കഴിഞ്ഞിട്ടുള്ളവക്കു് നിയമനം കിട്ടാത്ത സ്ഥിതിക്കു് ഈ ഏർപ്പാടു് തുടരുന്നതുകൊണ്ടെന്താണു് വിശേഷം ?

ശ്രീ. എ. ജെ. ജാൺ : മിക്കവാറും ആളുകൾക്കു് നിയമനം കൊടുത്തിട്ടുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : വയോജന വിദ്യാഭ്യാസബോർഡു് എന്നൊരു ബോർഡുണ്ടോ ?

ശ്രീ എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ആ ബോർഡിലെ മെംബറന്മാർ ആരെല്ലാമാണു് ?

ശ്രീ. എ. ജെ. ജാൺ : പേരുകളുടെ ലിസ്ററു് എന്റെ കൈവശമില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഈ കേന്ദ്രത്തിൽ സാങ്കേതികമായ വല്ല പരിശീലനവും നൽകുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : സാങ്കേതികമായും പരിശീലനം നൽകി വരുന്നുണ്ടു്.

ശ്രീ. കെ. ജെ. താമസ് : ഈ വിദ്യാഭ്യാസകേന്ദ്രത്തിലുള്ള വായനശാലകൾകൊണ്ടു് അതർഹിക്കുന്ന ഗുണം ഇല്ലെന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : വായനശാലകൊണ്ടു് അർഹിക്കുന്നഗുണം ഉണ്ടാകുന്നില്ലെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ് : പരിശീലനം നടത്തുന്നതിനു് കൊടുക്കുന്ന തുക തീരെ അപര്യാപ്തമാണെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. ഇ. കൃഷ്ണൻനായർ : ഈ വിദ്യാഭ്യാസകേന്ദ്രത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവരുടെ ജോലിയെന്താണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു് ഞാൻ ഈ ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഇ. കൃഷ്ണൻനായർ : പ്രതിമാസം ൪൦ രൂപ കൊടുക്കുന്നുണ്ടെന്നു് പറഞ്ഞതു് ശമ്പളമായിട്ടോ, അലവൻസായിട്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതു് അലവൻസ് എന്ന രൂപത്തിലാണു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഇതിനു് സെൻട്രൽ ഗവണ്മെന്റിൽനിന്നും എന്തെങ്കിലും ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. ഇ. കൃഷ്ണൻനായർ : വയോജനവിദ്യാഭ്യാസത്തിനാവശ്യമായിട്ടുള്ള ടെക്സ്റ്റ് ബുക്കുകൾ വിതരണം ചെയ്യുന്നതാരാണു് ?

ശ്രീ. എ. ജെ. ജാൺ : വിദ്യാഭ്യാസ ബോർഡിൽനിന്നുമാണു്.

ശ്രീ. എ. താണുപിള്ള : പരിശീലനം സിദ്ധിച്ചിട്ടുള്ള ആളുകൾക്കു് ൪൦ രൂപയാണു് പ്രതിമാസം വേതനം നൽകുന്നതെന്നു പറഞ്ഞു. ഈ തുക അവരുടെ ജീവിതാവശ്യങ്ങൾക്കു് മതിയാകുന്നുണ്ടെന്നു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : മതിയാകയില്ലായിരിക്കാം.

ശ്രീ. എ. താണുപിള്ള : അങ്ങനെയാണെങ്കിൽ, അവരുടെ പ്രവൎത്തനം കാര്യക്ഷമമായി നടത്തത്തക്കവണ്ണം വല്ല വ്യവസ്ഥയും ഗവണ്മെന്റിൽനിന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പരിശീലനം നടത്തിയിട്ടുള്ള മിക്കവാറും ആളുകളെ നിയമിച്ചിട്ടുള്ളതു് അവരവരുടെ വീട്ടിനടുത്തുതന്നെയാണു്. ശമ്പളം കുറവാണെന്നു പറയുന്നതിനു്, കമ്മ്യൂണിറ്റി പ്രോജക്റ്റ് പദ്ധതി നടപ്പിലാകുമ്പോൾ ഈ കാര്യംകൂടി ആലോചിക്കാം.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ൪൦ രൂപ അവരുടെ ജീവിതാവശ്യങ്ങൾക്കുപോലും മതിയാകാത്ത സ്ഥിതിക്കു് കമ്മ്യൂണിറ്റി പ്രോജക്റ്റ് നടപ്പിൽവരുന്നതുവരെ പരിശീലനസമ്പ്രദായം നിറുത്തിവയ്ക്കുകയല്ലേ നല്ലതു് ?

ശ്രീ. എ. ജെ. ജാൺ : നിറുത്തിവയ്ക്കുന്നകാര്യത്തെപ്പറ്റി ആലോചിച്ചതിനുശേഷമല്ലാതെ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഒ. സി. നൈനാൻ : പഠിപ്പിക്കുന്നതിനു് വിദ്യാൎത്ഥികളിൽനിന്നും ഫീസായി വല്ലതുകയും വാങ്ങിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ഗ്രന്ഥശാലകളുടെ ഗ്രാന്റ്.

* ൩൪വ്യ. [൨൬] ശ്രീ. റ്റി. എ. മജീദ് : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ ?

ഗ്രന്ഥശാലാസംഘത്തിനു് ഇപ്പോൾ നൽകുന്ന ഗ്രാന്റ് തീരെ അപൎയ്യാപ്തമാണെന്നു് ഗവണ്മെന്റിനു് നിവേദനം ലഭിച്ചിട്ടുണ്ടോ :

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഉണ്ടു്.

ഭവനനിർമ്മാണപദ്ധതി.

* ൬൪൯. [൩൦] ശ്രീ. റ്റി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഭവനനിർമ്മാണപദ്ധതിയനുസരിച്ച് ഇതിനകം എവിടെയെല്ലാം എത്ര വീടുകൾവീതം പണിതു തീർത്തിട്ടുണ്ട്;

(ബി) അവിടെയെല്ലാം കുടിപാർപ്പ് ആരംഭിച്ചിട്ടുണ്ടോ;

(സി) ഓരോ സ്ഥലത്തും ഈ വകയ്ക്കു എത്ര രൂപാ വീതം ചെലവായിട്ടുണ്ട്;

(ഡി) ഈ വീടുപണികൾ കൺട്രാക്റ്റ വ്യവസ്ഥയിലാണോ നടത്തിയിട്ടുള്ളതു്; അങ്ങനെയാണെങ്കിൽ ഓരോ വീട്ടിനും എത്ര വർഷത്തെ ഗാരൻറി ലഭിച്ചിട്ടുണ്ട്;

(ഇ) അത്രയും വർഷം ഈ വീടുകൾ നിലനിൽക്കുമെന്ന് പരിശോധനയിൽ ഗവണ്മെൻറിന് ഉറപ്പുണ്ടായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ)

കന്യാകുമാരി	൧൭	വീടുകൾ.
എനയം	൨൦	”
തിരുവനന്തപുരം	൩൦	”
പുനലൂർ	൧൮	”
ആലപ്പുഴ	൨൪	”
തേവര	൩൬	”
അഴിക്കോട്	൧൧	”
തേത്രൂർ	൨൦	”
വിഴിഞ്ഞം	൧൫	”
കൊല്ലം	൧൦	”
കുമരകം	൧൦	”
ആലുവ	൩൦	”
ഇരിഞ്ഞാലക്കട	൨൪	”
എടവലങ്ങ്	൧൨	”

(ബി) ഇല്ല.

(സി) ചെലവായ തുകകളുടെ കണക്കുകൾ അവസാനമായി തിട്ടം വരുത്തിയിട്ടില്ലാത്തതിനാൽ ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഓരോ സ്ഥലത്തേയ്ക്കും അനുവദിച്ച തുകകൾ ഇപ്രകാരമാണ്.

	സ്ഥലം	വീടുകളുടെ എണ്ണം	അനുവദിച്ചിട്ടുള്ള തുക
൧.	കന്യാകുമാരി	൧൭.	൧൬,൩൬൦ രൂപ
൨.	എനയം	൨൦	൩൨,൦൦൦ ”
൩.	തിരുവനന്തപുരം	൩൦	൨൮,൩൫൦ ”
൪.	പുനലൂർ	൧൮	൧൪,൪൫൨ ”
൫.	ആലപ്പുഴ	൨൪	൨൬,൮൪൨ ”
൬.	തേവര	൩൬	൫൨,൩൨൦ ”

	സ്ഥലം	വീടുകളുടെ എണ്ണം	അനുവദിച്ചിട്ടുള്ള തുക	
൭.	അഴിക്കോട്ട്	൧൧	൨൨,൫൦൦	രൂപ
൮.	തേശ്ശേർ	൨൦	൩൧,൩൦൦	,,
൯.	വിഴിഞ്ഞം	൧൫	൨൫,൩൪൦	,,
൧൦.	കൊല്ലം	൧൦	൧൨,൭൫൦	,,
൧൧.	കുമരകം	൧൦	൧൩,൫൦൦	,,
൧൨.	ആലുവാ	൩൦	൩൨,൬൪൦	,,
൧൩.	ഇരിഞ്ഞാലക്കുട	൨൪	൨൨,൮൦൦	,,
൧൪.	എടവലങ്ങ്	൧൨	൨൬,൪൦൦	,,
	ആകെ	൨൭൭	൩,൫൭,൫൫൪	,,

(ഡി) അതെ. പ്രത്യേകമായി ഗ്യാരൻറി ഒന്നും ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഏ. കെ. ചെല്ലയ്യാ : കന്യാകുമാരിയിൽ ഇങ്ങനെ കെട്ടിക്കൊടുത്ത വീടുകളുടെ ചുവരുകൾ മിക്കവാറും വീണുപോയിരിക്കുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : എത്രകൊല്ലംകൊണ്ടാണ് ഇത്രയും വീടുകൾ ഉണ്ടാക്കിയിട്ടുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഏതാണ്ട് ഒന്നരക്കൊല്ലം കൊണ്ടാണ് വീടുകൾ പണിതീർത്തിട്ടുള്ളത്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഇത്രയും ഭവനങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി എന്തുതുക എസ്റ്റിമേററുണ്ടായിരുന്നു?

ശ്രീ. ററി. ഏ. മജീദ് : ഈ ചെലവാക്കിയതുകയ്ക്കു് വല്ല നിബന്ധനയും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഓരോ വീടിനും ചെലവാക്കിയ തുക ൨൫ വർഷംകൊണ്ട് ഗവണ്മെൻറിലേയ്ക്കു് മടക്കികൊടുക്കണമെന്നുള്ള നിബന്ധനയാണുള്ളത്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : അനുവദിക്കപ്പെട്ടിട്ടുള്ള തുകയിൽ കുറെഭാഗം ലാപ്സാക്കിക്കളഞ്ഞിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുറെഭാഗം ലാപ്സായിട്ടുണ്ട്.

ശ്രീ. കെ. ജെ. തോമസ് : തോട്ടംതൊഴിലാളികൾക്ക് ഇത്തരത്തിൽ വീടു പണിഞ്ഞുകൊടുക്കണമെന്ന ഒരു പദ്ധതി ഉണ്ടായിരുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടായിരുന്നു.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ : ആ പദ്ധതിയനുസരിച്ച് എല്ലാ തോട്ടംതൊഴിലാളികൾക്കും വീടു പണിഞ്ഞുകൊടുക്കാൻ ഗവണ്മെൻറിനു് സാധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സാധിക്കുമെന്നാണ് തോന്നുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ആലപ്പുഴ—ചങ്ങനാശ്ശേരി റോഡുവെട്ടുന്ന സ്ഥലങ്ങളിലെ കർഷകതൊഴിലാളികൾക്ക് വീടുണ്ടാക്കി കൊടുക്കുന്നതിനായിട്ട് വ്യവസ്ഥയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിലേയ്ക്കും വ്യവസ്ഥയുണ്ട്.

ശ്രീ. പി. സി. ആദിച്ചൻ : സർ, ഒരു പോയിൻറ് ആഫ് ആർഡർ. പത്തു കൊല്ലത്തേയ്ക്ക് പട്ടികജാതിക്കാർക്ക് പ്രത്യേക പരിഗണന നൽകണമെന്ന് ഭരണഘടനയിൽ വ്യവസ്ഥയുള്ള സ്ഥിതിക്ക്, ഈ സഭയിലെ പട്ടികജാതിക്കാർക്ക്, പട്ടികജാതിക്കാരെ സംബന്ധിച്ച ചോദ്യം ചോദിക്കാൻ കൂടുതൽ സമയം അനുവദിക്കേണ്ടതല്ലേ ?

Mr. Speaker : I have been telling the hon. Members that a point of order relates to a procedure in the House. If a point of order does not relate to any procedure in the House, then it is no point of order.

കമ്മ്യൂണിററി പ്രോജക്ററ്.

*൩൭൦. [൩൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ—കൊച്ചിയിൽ നടപ്പാക്കാൻ പോകുന്ന കമ്മ്യൂണിററി പ്രോജക്ററിൻെറ പ്രവൎത്തനത്തിൽ ഇവിടത്തെ ഗവണ്മെൻറിന് പരമാധികാരം ഉണ്ടായിരിക്കുമോ ;

(ബി) ഈ പ്രോജക്ററിനുള്ള സാമ്പത്തികസഹായം എവിടെനിന്നാണ് ലഭിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജാൺ): കമ്മ്യൂണിററി പ്രോജക്ററ്സ് അഡ്മിനിസ്ട്രേഷൻെറ അനുമതിയോടുകൂടി സ്റ്റേററഗവണ്മെൻറിൽനിന്നും അനുഷ്ഠാനം ചെയ്യുന്ന പൊതുപദ്ധതിയുടെ പരിധിക്കുള്ളിൽ ഈ ഗവണ്മെൻറിന് പൂർണ്ണമായ പ്രവൎത്തനസ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

(ബി) ഇതിനുള്ള ചെലവ് ഇൻഡോ അമേരിക്കൻ ടെക്കനിക്കൽ കോവാപ്പറേഷൻ ഫണ്ടിൽനിന്നും, സെൻട്രൽ ഗവണ്മെൻറിൽനിന്നും, സ്റ്റേററഗവണ്മെൻറിൽനിന്നും നിശ്ചിതവീതമനുസരിച്ച് വഹിക്കുന്നതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കമ്മ്യൂണിററി പ്രോജക്റ്റിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും വിദേശശക്തികളുടെ ഉപദേശം അനുസരിച്ച് പ്രവൃത്തിക്കാൻ ഈ ഗവണ്മെൻറ് ബാദ്ധ്യസ്ഥമാണോ ?

ശ്രീ എ. ജെ. ജാൺ : അതിനെ സംബന്ധിച്ചുള്ള വ്യവസ്ഥയനുസരിച്ച് ചില കാര്യങ്ങൾമാത്രം ഈ ഗവണ്മെൻറ് അനുസരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : അങ്ങനെ അനുസരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് സഭയിൽ പറയാമോ ?

Shri A. J. John : Each community project is estimated to cost 65 lakhs of which Rs. 30 lakhs will be repayable loan from Indo U. S. Technical Co-operation Fund, Rs. 23 lakhs grant from the Centre and Rs. 12 lakhs to be contributed by the State.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കമ്മ്യൂണിററി പ്രോജക്ടിനുവേണ്ടി റഷ്യയിൽനിന്നും സഹായധനം സ്വീകരിച്ച് ഒരു പദ്ധതി തുടങ്ങാൻ ഗവണ്മെൻറ് തയ്യാറാണോ?

Mr. Speaker: Let us be more serious in these matters.

ശ്രീ. ററി. എ. മജീദ്: അമേരിക്കയിൽനിന്നും വരുന്ന വിദഗ്ദ്ധന്മാരുടെമേൽ ഗവണ്മെൻറിന് വല്ല നിയന്ത്രണാധികാരവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിൻെറ ആവശ്യമുണ്ടാകുമെന്ന് തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൌരി: അമേരിക്കയിൽനിന്നും വരുന്ന വിദഗ്ദ്ധന്മാർ ശിക്ഷാർഹമായ വല്ല കുററവും ചെയ്താൽ അവരുടെ പേരിൽ നടപടി നടത്തുമോ?

ശ്രീ എ. ജെ. ജോൺ: കുററം ചെയ്യുകയാണെങ്കിൽ നടപടി നടത്തും.

സ്വീകരണച്ചെലവ്.

*൩൭൫. [൩൩] ശ്രീ. എം. ഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽനെഹ്റു കഴിഞ്ഞ തവണ നടത്തിയ തിരുവിതാംകൂർ-കൊച്ചി പര്യടനത്തിൽ സ്വീകരണങ്ങൾക്കായും പൊതുയോഗങ്ങൾക്ക് ഏർപ്പാട ചെയ്ത വകയിലും ഗവണ്മെൻറ് എന്തെങ്കിലും തുക അഡ്വാൻസു ചെയ്തുവോ? ചെയ്തെങ്കിൽ എത്ര രൂപ;

(ബി) ആക്കൌണ്ട് അഡ്വാൻസ് ചെയ്തതു്;

(സി) എത്ര രൂപ തിരിച്ചുകിട്ടി?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജോൺ):

(എ) (ബി) ഇല്ല. പക്ഷേ, പോലീസു ഡിപ്പാർട്ടുമെൻറിലേക്കും, സ്റ്റേറഗസ്റ്റ് ഡിപ്പാർട്ടുമെൻറിലേയ്ക്കും, സെക്യൂറിററി ഏർപ്പാടുകൾക്കും ഭക്ഷണച്ചെലവിനും മററും തുകകൾ അഡ്വാൻസു ചെയ്തിട്ടുണ്ട്.

ആകെ അഡ്വാൻസ് ചെയ്ത തുക, ൫൪൭൦൦ രൂപ,

(സി) ൭൪൦൭ രൂപ തിരിയെ ഒടുക്കവരുത്തി. സെക്യൂരിററി ഏർപ്പാടുകൾക്കുവേണ്ടി പോലീസ്ഡിപ്പാർട്ടുമെൻറിലേയ്ക്ക് ൨൭ൻ൭ രൂപ ചെലവായി. ബില്ലുകൾ പരിശോധിച്ചിട്ട് ബാക്കിത്തുക ഗവണ്മെൻറിന് ക്രെഡിററ ചെയ്യപ്പെടും.

ശ്രീ. ടി. എസ്സ്. രാമസ്വാമി: നാഗർകോവിൽ, എസ് എൽ. ബി. സ്കൂളിൽ നെഹ്റുവിൻെറ സന്ദർശനംസംബന്ധിച്ച് ഒരു പ്ലാററ ഫാറം കെട്ടിയതിന് ഈ അഡ്വാൻസ് തുകയിൽനിന്നും ചെലവുചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ലെന്നാണു തോന്നുന്നതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: സന്ദർശനം കഴിഞ്ഞു് നെഹ്റു മടങ്ങിപ്പോയപ്പോൾ അതിലേക്ക് ചെലവാക്കിയ തുകയുടെ ണക്കുകൾ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : കണക്കുകൾ പരിശോധിച്ചുവരുന്നു.

ശ്രീ. എൻ. രാജഗോപാലൻനായർ : ചെലവായിട്ടുള്ള തുകതന്നെ യഥാർത്ഥത്തിൽ ചെലവാക്കിയതാണോ എന്നു അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : അതുസംബന്ധമായ കണക്കുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ : നെഹ്റുവിന്റെ സന്ദർശനംസംബന്ധിച്ചു് ഇലക്ഷൻ പ്രോപ്പഗൻഡായ്ക്കുവേണ്ടി ഗവണ്മെന്റു് പണം പിരിച്ചെടുത്തിട്ടുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : ഇല്ല.

ശ്രീ. പി. വി. അവിരാത്തരകൻ : നെഹ്റു ഇവിടെ വന്നതു് ഇൻഡ്യൻപ്രധാനമന്ത്രിയായിട്ടാണോ ; കാൺഗ്രസ്സ് പ്രസിഡന്റായിട്ടാണോ ?

ശ്രീ. ഏ. ജെ. ജാൺ : ഇൻഡ്യൻപ്രധാനമന്ത്രികൂടിയായ അദ്ദേഹം കാൺഗ്രസ്സ് പ്രസിഡന്റെന്ന നിലയിലാണു് ഇവിടം സന്ദർശിച്ചതു്.

WRITTEN ANSWERS.

Supply of timber for constructing schools.

* 652 [23] **Shri N. P. Varghese**: Will the Chief Minister be pleased to state:

(*a*) The number of departmental primary schools and middle schools sanctioned in 1950, 1951 and 1952, on condition that the buildings to house them should be constructed by the people and surrendered to Government;

(*b*) How many schools among them were given free timber by Government;

(*c*) Is it a fact that while private schools are given free supply of timber there is no provision to supply timber free of cost for the construction of Government Schools ?

Chief Minister **(Shri A. J. John):**

(*a*) The number of departmental Primary Schools and Middle Schools sanctioned in 1950, 1951 and 1952;—

Year.	P. S.	M. S.
1950	30	7
1951	23	30
1952	14	7

(*b*) Nil.

(*c*) Private schools are not given free supply of timber. The question of giving timber for the construction of depar-mental school buildings by private parties is under considera-tion.

സപ്ലീസ് സംയോജനം.

*൬൫൩. [൩] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) നാമിതുവരെയായി ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളുടെ സംയോജനം കഴിച്ചിട്ടുണ്ട്;

(ബി) സംയോജനം കഴിഞ്ഞിട്ടുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഡിപ്പാർട്ടുമെൻറ് റൂളുകളുടെ സംയോജനം കഴിഞ്ഞിട്ടുണ്ടോ;

(സി) എത്രകാലംകൊണ്ടാണ് ഈ വക സംയോജനം പൂർത്തിയാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് ഒഴികെയുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളുടെയും സംയോജനം കഴിഞ്ഞിട്ടുണ്ട്.

(ബി) പൂർത്തിയായിട്ടില്ല.

(സി) കഴിയുന്നത്ര വേഗത്തിൽ.

Disposal of timber from the Kanipat Lands.

*654 [34] **Shri M. Gopalan Nair:** Will the Minister for Land be pleased to state:

(*a*) the total amount realised by Government by the disposal of timber in Kanipat lands;

(*b*) is it a fact that large quantities of timber fuel and charcoal have been removed unauthorisedly from the Kanipat lands causing great loss to Government;

(*c*) whether any action has been taken to check smuggling of forest produce; and

(*d*) whether the forest department is not responsible for the trees in Kanipat lands?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) A sum of Rs. 1,11,132 - 4 - 4 has been realised during 1951—52.

(*b*) No.

(*c*) Yes.

(*d*) The Forest Department is responsible for the disposal of tree growth in the land.

വയോജനവിദ്യാഭ്യാസം

*൬൫൫. [൩൫] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിൽ വയോജന വിദ്യാഭ്യാസബോർഡ് എന്ന ഒരു സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിൽ എത്ര മെംബറന്മാരാണുള്ളതു്; അവരുടെ പേരുകളും യോഗ്യതകളും എന്താണു്;

(സി) ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ എത്രപേർക്കു് പരിശീലനം നൽകിയിട്ടുണ്ടു്;

(ഡി) പരിശീലനം കഴിച്ചവരെ എന്തെങ്കിലും ജോലിയിൽ നിയമിച്ചിട്ടുണ്ടോ; ഇതുവരെ നിയമനം കിട്ടാത്തവർ അവരിലെത്ര;

(ഇ) ജോലി ലഭിച്ചിട്ടുള്ളവർക്കു് പ്രതിമാസം എന്തു പ്രതിഫലം വീതമാണു് നല്കുന്നതു്;

(എഫ്) അവരെ ഏല്പിച്ചിരുന്ന ജോലിയുടെ രീതി എന്തു്; ആ ജോലികൊണ്ടു് എത്ര വയോജനങ്ങൾക്കു് വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ടു്?

മുഖ്യമന്ത്രി (എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) പതിനൊന്നു്.

൧. ശ്രീ. വി. സുന്ദരരാജനായിഡു എം. എ., ബി. എൽ., ടി. ഡി. വിദ്യാഭ്യാസ ഡയറക്ടർ.

൨. ശ്രീ. കെ. ജെ. ആന്റണി ബി. എ., ബി. എൽ., വിദ്യാഭ്യാസ സെക്രട്ടറി.

൩. ശ്രീ. പി. ജെ. സെബാസ്റ്റ്യൻ ബി. എ., ബി. എൽ., പഞ്ചായത്തു ഡയറക്ടർ.

൪. ശ്രീ. കെ. ആർ. വിശ്വംഭരൻ ബി. എ., ബി. എൽ., പിന്നാക്കസമുദായ ഡിപ്പാർട്ടുമെന്റ കമ്മീഷണർ.

൫. ശ്രീ. സി. നാരായണപിള്ള ബി. എ., ബി. എൽ., മെംബർ കൌൺസിൽ ആഫ് സ്റ്റേററ്.

൬. ശ്രീ. എ. പി. ഉദയഭാനു ബി. എ., ബി. എൽ., അഡ്വക്കേററ്, തിരുവനന്തപുരം.

൭. ജോസഫ് മുണ്ടശ്ശേരി എം. എ. പ്രൊഫസ്സർ, സെന്റ് താമസ് കാളേജ്, തൃശ്ശൂർ.

൮. ശ്രീ. പി. എൻ. പണിക്കർ, ജനറൽ സെക്രട്ടറി, തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം, തിരുവനന്തപുരം.

൯. ശ്രീ. ററി. ററി. കേശവൻശാസ്ത്രി, എം. എൽ. എ.

൧൦. ശ്രീ. എസ്സ് ശിവൻപിള്ള, സഞ്ചലക് ഗാന്ധിസ്മാരക നിധി, എറണാകുളം.

൧൧. ശ്രീമതി. മിസ്സസ്സ് എസ്സ്. കെ. ജാർജ്ജ്, കസ്തൂർബാ കേന്ദ്രം, തൃശ്ശൂർ.

(സി) ൮൪ എന്നാൽ ൬൪ പേർ മാത്രമേ ജയിച്ചിട്ടുള്ളു.

(ഡി) ഉണ്ടു്. ഇരുപത്തിനാലുപേർക്കു് നിയമനം കിട്ടിയിട്ടില്ല.

(ഇ) ൪൦ രൂപ.

(എഫ്) വയോജനാക്ഷരാഭ്യാസം ഉൾപ്പെടെയുള്ള സാമൂഹ്യസംബന്ധികോന്നമനത്തിനുള്ള പരിപാടികൾ രൂപീകരിച്ച് പ്രവർത്തിക്കുക. ൮൦൫ പേർക്ക് പുതുതായി സാക്ഷരത്വം ലഭിച്ചിട്ടുണ്ടെന്നാണ് കാണുന്നു.

Private Colleges

❋ 656. [37] **Shri T. S. Ramaswami:** Will the Minister for Education be pleased to state:

(*a*) The amount of lump sum grant the Government has given to private colleges in the State during the last four years and the annual grants for each such college during that period.

(*b*) How much amount the Government has given as grant to the Hindu College started this year at Nagercoil.

Chief Minister **(Shri A. J. John):**

(*a*) A statement showing the lump sum grant given by Government to Private Colleges for the last four years etc., is placed on the table.*

(*b*) No amount has been given as the College was opened only this year. The question will be considered by Government at the time of award of grants for this year.

Travellers' Bureau.

❋ 657. [39] **Shri T. S. Ramaswami:** Will the Chief Minister be pleased to state:

(*a*) the number and details of buildings, hotels and travellers', bungalows given on lease to the Travancore-Cochin Travellers' Bureau and the rate of rent and the details of the agreement ;

(*b*) the actual rent collected by the above firm during last year ?

Chief Minister **(Shri A. J. John):** (*a* & *b*) The statements containing the details are placed on the table†.

നിയമനങ്ങൾ

❋ ൬൫൮. [൪൦] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇപ്പോൾ നടത്തുന്ന നിയമനങ്ങൾ സാമുദായിക പ്രാതിനിധ്യ അടിസ്ഥാനത്തിലാണോ;

(ബി) ആണെങ്കിൽ പട്ടികവർഗ്ഗക്കാർക്ക് എത്ര ശതമാനം സ്ഥാനങ്ങൾ റിസർവ്വ് ചെയ്തിട്ടുണ്ട്;

(സി) ഇൻഡ്യാ ഗവണ്മെന്റ് പട്ടികവർഗ്ഗക്കാർക്ക് എന്നൽ ശതമാനം ഉദ്യോഗങ്ങൾ റിസർവ്വ് ചെയ്തിട്ടുണ്ടോ;

---

* Please see Appendix II.

† " Appendix III.

(ഡി) ൧൬ ൽ ശതമാനം ഉദ്യോഗങ്ങൾ പട്ടികവർഗ്ഗക്കാർക്ക് റിസർവ്വ് ചെയ്യണമെന്ന് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ഈ ഗവണ്മെൻറിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ-യും, ബി-യും) നിലവിലിരിക്കുന്ന പബ്ലിക്ക് സർവ്വീസു ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളമാതിരി സാമുദായികാടിസ്ഥാനത്തിലായിരുന്നു അടുത്ത കാലംവരെ റിക്രൂട്ടുമെൻറ് നടന്നുവന്നതു്. എന്നാൽ അടുത്ത കാലത്തു് ഭരണഘടനയിലെ ൧൬ (൪)-ാം വകുപ്പിനെപ്പററി ഉണ്ടായ സുപ്രീം കോടതിയുടെ വിശദീകരണത്തെ ആസ്പദമാക്കി, പബ്ലിക്ക് സർവ്വീസിൽ വേണ്ടതായ ഉദ്യോഗ സംവരണത്തെക്കുറിച്ചു് ഗവണ്മെൻറിൻെറ തീരുമാനം പബ്ലിക്ക് സർവ്വീസുകമ്മിഷൻ ആവശ്യപ്പെട്ടിരിക്കുകയാണു്. ഗവണ്മെൻറിൻെറ തീരുമാനം ഉണ്ടാകുന്നതുവരെ ക്ലാർക്കന്മാർ, സ്റ്റെനോഗ്രാഫറന്മാർ, ഇംഗ്ലീഷു ടൈപ്പിസ്ററുകൾ, കോപ്പിസ്ററ്, ശിപായിമാർ, ഈ ഉദ്യോഗങ്ങളിലേക്കുള്ള സർവ്വീസുകമ്മീഷൻ റിക്രൂട്ടുമെൻറ് നിർത്തിവയ്ക്കുകയും താൽക്കാലികമായി ഒഴിവുകളിൽ നിയമനം നടത്താൻ ഡിപ്പാർട്ടുമെൻറ് മേലധികാരികൾക്ക് അധികാരം കൊടുത്തിരിക്കുകയുമാണു്.

(സി) അറിവില്ല.
(ഡി) ഇല്ല.

പോളി ടെക്ക്നിക്ക് ഇൻസ്റ്റിററ്യൂട്ട്

*൯൭൩. [൪൨] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ആലുവാ കളമശ്ശേരി പോളിടെക്ക്നിക്ക് ഇൻസ്റ്റിററ്യൂട്ടിലെ വിദ്യാർത്ഥികളുടെ താമസസൗകര്യം വർദ്ധിപ്പിക്കണമെന്നു് ആവശ്യപ്പെടുന്ന മെമ്മോറാണ്ഡം ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യത്തിനുവേണ്ട സ്റ്റാഫില്ലെന്നുള്ളതു് വാസ്തവമാണോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്. മെമ്മോറാണ്ഡത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ടു്.

(ബി) ആദ്യകൊല്ലത്തെ ആവശ്യത്തിനുവേണ്ട സ്റ്റാഫുണ്ടായിരുന്നെന്നാണു് അറിയുന്നതു്. രണ്ടാംകൊല്ലത്തേയ്ക്കു് കൂടുതൽ സ്റ്റാഫിനെ എടുക്കുന്നതിനു് പരസ്യം ചെയ്തുകഴിഞ്ഞു.

ഫീസു്.

*൯൭൦. [൪൩] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറിൽനിന്നും നടത്തുന്ന കാളേജുകളിലേക്കാൾ കൂടുതൽ ഫീസു് പ്രൈവററ് ഏജൻസികൾ നടത്തുന്ന കാളേജുകളിൽ ഈടാക്കിവരുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം കൂടുതൽ ഫീസു് ഈടാക്കുന്നതിനു് പ്രത്യേക കാരണം വല്ലതും ഉണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഇപ്പോൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ബി) ഗവണ്മെന്റു് ഈ പ്രശ്നം പരിശോധിച്ചിട്ടില്ല.

കുത്തകപ്പാട്ടം*

* ൩൩൧. [൪൪] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിൽ ഭക്ഷ്യോൽപ്പാദനത്തിന്റെ പേരിൽ തിരുവിതാംകൂർ-കൊച്ചിയിലെ വനത്തിൽനിന്നും എത്ര ഏക്കർ ഭൂമി പതിച്ചും കുത്തകപ്പാട്ടമായിട്ടും കൊടുത്തിട്ടുണ്ടു്;

(ബി) എത്ര ഏക്കർ ഭൂമി ആളുകൾ കൈവശപ്പെടുത്തിയിട്ടുണ്ടു്;

(സി) മേൽപ്രകാരം വിട്ടുകൊടുത്ത ഭൂമിയിലെ വൃക്ഷങ്ങൾ വെട്ടിയെടുക്കുന്നതിനു കൈവശക്കാർക്കു് അവകാശമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഉദ്ദേശം ൩൧,൦൦൦ ഏക്കർ.

(ബി) അതിൽനിന്നും ഉദ്ദേശം ൩൦,൦൦൦ ഏക്കർ.

(സി) ഇല്ല.

പാഠപുസ്തകങ്ങളുടെ അച്ചടി.

* ൩൩൧. [൪൩] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാഠപുസ്തകങ്ങളുടെ അച്ചടി പ്രൈവറ്റു്പ്രസ്സുകാർക്കു് കൊടുത്തതു് ടെൻഡർ വിളിച്ചിട്ടാണോ; പ്രസ്സുകളിൽനിന്നും കിട്ടിയ ടെൻഡറിൽ കുറഞ്ഞ റേറ്റിനാണോ അച്ചടിവേലകൾ ഏൽപ്പിച്ചതു്; അതോ ഒരു ഫ്ളാററുറേറ്റിൽ എല്ലാ പ്രസ്സുകൾക്കും നൽകിയിട്ടുണ്ടോ; ഒന്നിലധികം പുസ്തകങ്ങൾ ഏതെല്ലാം പ്രസ്സുകൾക്കു് അച്ചടിയ്ക്കു നൽകിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

പാഠപുസ്തകങ്ങളുടെ അച്ചടി പ്രൈവറ്റുപ്രസ്സുകൾക്കു് കൊടുത്തതു് ടെൻഡർ വിളിച്ചിട്ടാണു്. എന്നാൽ പ്രസ്സുകാരുടെ റേറ്റുകൾ തമ്മിൽ വലുതായ വ്യത്യാസമുണ്ടായിരുന്നതുകൊണ്ടും അവ ഗവണ്മെന്റു അനുവദിച്ചിട്ടുള്ള റേറ്റിൽനിന്നും കൂടുതലായതുകൊണ്ടും എല്ലാ പ്രസ്സുടമസ്ഥന്മാർക്കും സ്വീകാര്യമായവിധത്തിൽ ഒരു കുറഞ്ഞ നിരക്കിനാണു് അച്ചടിവേലകൾ ഏല്പിച്ചതു്. ഒന്നിലധികം പുസ്തകങ്ങൾ അച്ചടിക്കാൻ ഏല്പിച്ചിട്ടുള്ള പ്രസ്സുകളുടെ പേരുകൾ ഇതോടു ചേർത്തിട്ടുണ്ടു്.

൧. പ്രസ്സു് റാംസസ്സു്, തിരുവനന്തപുരം.

൨. വിജ്ഞാനപോഷിണിപ്രസ്സു്, കൊല്ലം.

൩. മലയാളമനോരമപ്രസ്സു്, കോട്ടയം.

൪. ഇന്ദിരാ പ്രസ്സ്, തിരുവനന്തപുരം.
൫. സ്റ്റാൻഡാർഡ് പ്രസ്സ്, തിരുവനന്തപുരം.
൬. പ്രകാശ് പ്രസ്സ്, തിരുവനന്തപുരം.
൭. ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.
൮. അലയൻസ് പ്രസ്സ്, തിരുവനന്തപുരം.
൯. വിശ്വനാഥ് പ്രസ്സ്, എറണാകുളം.
൧൦. പി. കെ. മെമ്മോറിയൽ പ്രസ്സ്, തിരുവനന്തപുരം.
൧൧. ഇ. എസ്സ്. ഡി. പ്രിൻഡിംഗ് വർക്ക്സ്, തിരുവനന്തപുരം.
൧൨. എസ്സ്. റ്റി. റെഡ്യാർ ആൻഡ് സൺസ്, കൊല്ലം.
൧൩. സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം.
൧൪. ഭാസ്കര പ്രസ്സ്, തിരുവനന്തപുരം.
൧൫. ഹിന്ദുസ്ഥാനി പ്രചാർ പ്രസ്സ്, മദ്രാസ്സ്.

പുസ്തകങ്ങളുടെ വില.

* ൬൩൨. [൪൭] ഡാക്ടർ എൻ. എസ്സ്. പിള്ള : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗവണ്മെൻറ വിലക്കെടുത്ത് ഗവണ്മെൻറുതന്നെ പ്രസിദ്ധംചെയ്തിരിക്കുന്ന പുസ്തകങ്ങളുടെ വില ഗ്രന്ഥകാരന്മാർക്കും പ്രസാധകന്മാർക്കും പുസ്തകങ്ങൾ പ്രിസ്ക്രൈബ് ചെയ്ത് അവർതന്നെ അച്ചടിച്ച് വിററുവന്നിരുന്ന കാലത്തേതിൽനിന്നും വർദ്ധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

പൊതുവെ വില വർദ്ധിപ്പിച്ചിട്ടില്ല. നേരേമറിച്ച് വില ക്രമീകരിച്ചതനുസരിച്ച് അധികം പുസ്തകങ്ങൾക്കും വില കുറച്ചിട്ടുണ്ട്. എന്നാൽ ചുരുക്കം ചില പുസ്തകങ്ങളെസംബന്ധിച്ച് കടലാസ്സിൻെറ തരം, പുറങ്ങളുടെ എണ്ണം എന്നിവ പരിഗണിച്ച് അല്പം വില കൂട്ടിയിട്ടുമുണ്ട്.

കേന്ദ്രസർവീസിലേയ്ക്കുപോയ ഉദ്യോഗസ്ഥന്മാർ.

* ൬൩൩. [൪൮] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികസംയോജനത്തോടുകൂടി സ്റ്റേററസർവീസ്സിൽനിന്നും കേന്ദ്രസർവീസിൽ ആയിത്തീർന്നിട്ടുള്ള ഉദ്യോഗസ്ഥന്മാരോട് വ്യത്യസ്ഥനിലയിലാണ് പെരുമാറിവരുന്നതെന്നുള്ള വസ്തുത ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെൻറ എന്തു നടപടി എടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) അപ്രകാരമുള്ള പരാതികളടങ്ങിയ നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുതവിഷയത്തിൽ ഈ ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

Beggar Relief.

❋ 664. [49] **Shri R. Kesava Pillai :** Will the Minister for Local Self Government be pleased to state:

(*a*) the nature of the beggar relief undertaken in the State ;

(*b*) the employment given to beggars who are able to work;

(*c*) measures taken to check beggary?

Minister for Local Self Government **(Shri K. Kochukuttan) :**

(*a*) Three Relief Settelements have been established under the management of the Public Health Department in the Cochin area at Trichur, Ernakulam and Mattancherry. In Trivandrum there is the Sri Chitra Poor Home for the Destitute and the Infirm for which Government are giving an annual grant. Besides there are Poor Homes in the Municipal Towns of Nagercoil, Alleppey and Kottayam under the management and supervision of the respective Municipalities. Sanction has also been accorded for opening a Poor Home in Municipal Town of Quilon under the auspices of the Quilon Municipal Council.

(*b*) The able-bodied inmates of the Poor Homes are given work according to their tastes, such as agriculture, gardening education, weaving, music etc.

(*c*) Beggars are being rounded up according to the provisions of the Prevention of Begging Act in the Travancore area and the Vagrancy Act in the Cochin area and are admitted to the Poor Homes according to availability of funds, accommodation etc. In order to have a uniform policy a common Act on Beggar Relief will be brought into force shortly.

അറബിക് മുൻഷിമാർ.

❋ ൬൬൫. [൫൦] ശ്രീ. പരീത്റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അറബിമുൻഷിമാരുടെ അവശതാപരിഹാരണാർത്ഥം വല്ല മെമ്മോറാണ്ഡവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ട്രാവൽബ്യൂറോ.

❋ ൬൬൬. [൫൧] ശ്രീ. കുഞ്ഞിത്തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ റെസ്റ്റ്ഹൗസുകളും ടി. ബി-കളും ട്രാവൽബ്യൂറോ എന്ന പ്രൈവററ കമ്പനിക്ക് വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ നടത്തിപ്പ് പൊതുജനങ്ങൾക്ക് അസൗകര്യമാണെന്ന് കാണിച്ചു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) സംസ്ഥാനത്തെ ഏതാനും റസ്റ്റ്ഹൗസുകളും ടി. ബി-കളും ട്രാവൻകൂർ-കൊച്ചിൻ ട്രാവൽ ബ്യൂറോ എന്ന പ്രൈവററ് കമ്പനിക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പരാതികളെപ്പററി അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്.

മത്സ്യത്തൊഴിലാളികൾ.

* ൩൬൧. [൫൪] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കടലോരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തത്തക്കവിധം മത്സ്യം പിടിക്കുന്ന സമ്പ്രദായത്തെയും ആ വ്യവസായത്തെയും പരിഷ്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഉണ്ട്. കടലോരപ്രദേശത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിന് ആവശ്യമായ വള്ളങ്ങൾ, ചാളത്തടികൾ മുതലായവയ്ക്കാവശ്യമായ തടികൾ സർക്കാരിൽനിന്നും സൗജന്യനിരക്കിൽ കൊടുത്തുവരുന്നു. അവർക്ക് മത്സ്യം ശുചിയായി പാകംചെയ്യുന്നതിന് (Fish Curing) തീരപ്രദേശത്തെ പ്രധാനപ്പെട്ട മത്സ്യവ്യവസായകേന്ദ്രങ്ങളിൽ ഗവണ്മെൻറിൽനിന്നും ചാപ്പകൾ സ്ഥാപിച്ചിട്ടുണ്ട്. മീൻ ഉപ്പിട്ടുണക്കുന്നതിന് വേണ്ട ഉപ്പ് ഉപ്പളങ്ങളിൽനിന്നും ഗവണ്മെൻറചെലവിൽ ഈ ചാപ്പകളിൽ കൊണ്ടുവന്ന് മന്നൊന്നിന് അളം വിലയിൽ ൪ ണ. വീതം കുറച്ചുള്ള വിലയ്ക്ക് കൊടുത്തുവരുന്നു. ഇപ്പോൾ കടലിൽ ഉപയോഗിക്കുന്ന വഞ്ചികളും, കട്ടമരങ്ങളും യന്ത്രവാഹനങ്ങളുടെ സഹായത്തോടുകൂടി പുറം കടലിൽകൊണ്ടുപോയി മത്സ്യംപിടിക്കുന്നതിനുള്ള ഒരു പദ്ധതിയും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ഉദ്ദേശത്തെ മുൻനിറാരി ഗവണ്മെൻറ് വാങ്ങിയ കപ്പലിന് ചില കേടുപാടുകളുള്ളതുകൊണ്ട് ഇപ്പോൾ ഈ പദ്ധതിയുടെ പ്രവർത്തനം മുടങ്ങിയിരിക്കുകയാണ്. ഉപയോഗക്ഷമങ്ങളായ വാഹനങ്ങളുടെ സഹായത്തോടുകൂടി ഈ പദ്ധതി വികസിപ്പിക്കുവാൻ ഗവണ്മെൻറ് ആലോചിച്ചുവരുന്നു.

കൂടാതെ ഗവണ്മെൻറിൻെറ മേൽനോട്ടത്തിൽ സഹകരണതത്വത്തിൻെറ അടിസ്ഥാനത്തിൽ കടൽത്തീരത്തുള്ള മത്സ്യത്തൊഴിലാളികളെ സംഘടിപ്പിച്ചുവരികയാണ്. സഹകരണസംഘങ്ങൾവഴി മത്സ്യവ്യവസായ

ത്തിന്റെയും, വ്യവസായികളുടെയും വിവിധങ്ങളായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ ഗവണ്മെന്റ് എപ്പോഴും സന്നദ്ധമാണ്.

വൃക്ഷങ്ങൾ വെട്ടുന്നതിനു കുടിയാന്മാർക്കുള്ള അവകാശം.

* ൪൦൮. [൭൭] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തേക്ക്, ഈട്ടി മുതലായ വൃക്ഷങ്ങൾ കുടിയാന്മാർക്ക് സ്വാതന്ത്ര്യമായി വെട്ടുന്നതിനും വളർത്തുന്നതിനും ഉള്ള അവകാശം നൽകുന്ന ഒരു ഉത്തരവ് ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് ഏതെല്ലാം വിഭാഗങ്ങളിൽ ഇപ്പോൾ കുടികൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്;

(സി) ബാക്കി സ്ഥലങ്ങളിൽ കുടിയാന്മാർക്ക് ഈ അവകാശം നൽകാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കാൻ ദയവുണ്ടാകുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. ചിദംബരനാഥനാടാർ):

(എ) ഉണ്ട്.

(ബി) കൊച്ചിവിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും ബ്ലാക്ക് ഒന്നിലും രണ്ടിലും.

(സി) ബ്ലാക്ക് നമ്പർ മൂന്നിൽനിന്നും വെട്ടി ഇറക്കാനുള്ള രാജകീയ വൃക്ഷങ്ങൾ വെട്ടി ഇറക്കി കഴിയാത്തതുകൊണ്ട്.

ദേവസ്വം കൊട്ടാരങ്ങൾ.

* ൪൦൯. [൭൧] ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ദേവസ്വം ഡിപ്പാർട്ടുമെന്റിന്റെ കൈവശത്തിലും നിയന്ത്രണത്തിലും ഇരുന്നിട്ടുള്ള ദേവസ്വം കൊട്ടാരങ്ങൾ, തിരികെ കിട്ടണമെന്നു ദേവസ്വം ബോർഡിൽനിന്നും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെന്റ് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(സി) പ്രസ്തുത കൊട്ടാരങ്ങളെപ്പറ്റി ദേവസ്വംബോർഡ് ഇൻഡ്യാ ഗവണ്മെന്റിനു സമർപ്പിച്ചിട്ടുള്ള നിവേദനം ഈ ഗവണ്മെന്റിന്റെ പര്യാലോചനകൾക്ക് വിഷയമായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) അവസാനതീരുമാനം ചെയ്തിട്ടില്ല.

(സി) ഉണ്ട്.

ശാസ്ത്രി, മഹോപാദ്ധ്യായ വിശാരദന്മാർ.

* ൪൧൦. [൭൮] ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രി, മഹോപാദ്ധ്യായ, സാഹിത്യവിശാരദ ഈ പരീക്ഷാവിജയികൾക്കു് വിദ്യാഭ്യാസവകുപ്പിൽ വേണ്ടപോലെ പ്രോത്സാഹനം ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ൧൯൫൧-൫൨ ഈ വർഷത്തിൽ പ്രസ്തുത പരീക്ഷാവിജയികളിൽനിന്നും എത്ര നിയമനം നടത്തിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ൬൯ (അറുപത്തിഒൻപതു്.)

മലയാളം ഹയർ പരീക്ഷാവിജയികൾ.

* ൬൭൧. [൫൯] ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം ഹയർപരീക്ഷാവിജയികൾക്കു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിയമനം നിഷേധിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരീക്ഷാവിജയികളെ പബ്ളിക്ക്സർവ്വീസ്കമ്മിഷൻ സ്സാൾ ഡിപ്പാർട്ടുമെൻറിലേയ്ക്കു റിക്രൂട്ടുചെയ്യാറുണ്ടോ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞതസ്സാൾ വർഷത്തിൽ എത്രപേരെ—എത്ര ഹയർപരീക്ഷാവിജയികളെ നിയമിച്ചിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ൨൫൧.

* **672.** [61.] **Shri Ganapathy:** Will the Minister for the Uplift of the Backward Communities be pleased to state :

(*a*) whether members of the Backward Communities will be given appointments under Government ;

(*b*) What is the percentage of members of the Backward Communities in Government Service?

Minister for Local Self Government **(Shri K. Kochukuttan):**

(*a*) Yes.

(*b*) As the question of classification of Communities which are to be considered as backward for purposes of recruitment to the Public Service, is now engaging the attention of Government and pending issue of final orders in the matter, it may not be possible to furnish their percentage in Government Service.

Import of cattle.

* **673.** [62] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state :

(*a*) whether any statistics are available on the import of cattle into this State from outside;

(*b*) if so, what the species and in each how many are for slaughter, milking and draught purposes?

Chief Minister **(Shri A. J. John):**

(*a*) No statistics are available.

(*b*) In view of the answer to (a) above, this does not arise.

Libraries.

✻ 674. [63] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(*a*) How many libraries are receiving state aid;

(*b*) Is there any organisation called Library Association;

(*c*) If so, is it Government sponsored, and what are its activities?

Chief Minister **(Shri. A. J. John):**

(*a*) 896.

(*b*) Yes.

(*c*) Government are only giving annual grant of Rs. 20,000|— for staff organisation, etc. of the Association. The Libraries in the State are periodically inspected and guided by the Travancore-Cochin Granthasala Sanghom.

Educational concessions.

✻ 675. [65] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

Whether the Government intend granting any educational concessions to the children of low paid teachers and N. G. O.s?

Chief Minister **(Shri A. J. John):**

The matter is under consideration.

New Schools.

✻ 676. [60] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

(*a*) the number of schools — primary, middle and high — applied for this year;

(*b*) the number of Schools of each section sanctioned;

(*c*) what was the basis fixed for the sanction?

Chief Minister **(Shri A. J. John):**

(*a*) Applications were received for the following numbers of Schools:—

Primary Schools	116
Middle Schools	168
High Schools	146

(*b*) Numbers sanctioned are as follows:—

Primary Schools	47
Middle Schools	40
High Schools	38

(*c*) Educational need of the locality.

വായനശാലകൾ.

*൩൧൧. [൩൧] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രന്ഥശാല ഗ്രഡേഷൻകമ്മിററിക്കാർ ഈ വർഷം എത്ര മൈൽ സഞ്ചരിച്ചു; എത്ര വായനശാലകൾ സന്ദർശിച്ചു; എന്തു് അലവൻസ് പററി?

(മുഖ്യമന്ത്രി ശ്രീ. എ. ജെ. ജാൺ):

ഗ്രന്ഥശാല ഗ്രഡേഷൻ കമ്മിററിക്കാർ ൧൯൫൧-൫൨-ൽ ൨൫ വായനശാലകൾ സന്ദർശിച്ചു. ഓരോ അംഗവും സഞ്ചരിച്ച ദൂരവും, പററിയ തുകയും താഴെ ചേക്കുന്നു.

	പേര്.	സഞ്ചരിച്ചമൈൽ.	പററിയതുക (രൂപ)
൧.	ശ്രീ. സി. നാരായണപിള്ള	൧൩൦	൨൩൦-൦-൦
൨.	,, എൻ. പി. വർഗ്ഗീസ്	൨൧൦½	൧൦൫-൭-൦
൩.	,, ഏ. പി. ഉദയഭാനു	൩൦൧½	൨൩൩-൦-൦
൪.	,, എം. കെ. മേനോൻ	൧൪൨൧ ബിൽ പാസ്സായില്ല.	
൫.	,, പി. എൻ. പണിക്കർ	൨൦൪൦ ബിൽ അയച്ചിട്ടില്ല.	

UNSTARRED QUESTIONS AND ANSWERS.

Calcium Carbonate.

158. [1] Shri P. S. Nataraja Pillai: Will the Minister for Agriculture be pleased to state:

(*a*) the amount of expenditure in 1951-52, as subsidy on the sale of calcium carbonate;

(*b*) the quantity of calcium carbonate for which subsidy was incurred in this year;

(*c*) the quantity of calcium carbonate distributed in each of the taluks of Trivandrum Division?

Answer.

(*a*) Rs. 14,194-15-0.
(*b*) 2015 tons.
(*c*) Nil.

വഞ്ചി പുവർ ഫണ്ടിന്റെ പ്രവർത്തനം.

൧൫൯. [൪] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഞ്ചി പൂവർ ഫണ്ടിൻെറ പ്രവൎത്തനം മിനിസ്റ്റർക്ക് നേരിട്ടു ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൎത്തനം എങ്ങിനെ നടന്നുവരുന്നു;

(സി) പൂവർ ഫണ്ടിൻെറ അധികൃത മൂലധനമെന്തു്;

(ഡി) ജനകീയ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഫണ്ടിനുവേണ്ടി ആരെങ്കിലും സംഭാവനകൾ നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആരുടെയെല്ലാം;

(എഫ്) സംഭാവനത്തുകകൾ യഥാക്രമം എങ്ങനെ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഒരുവിധം തൃപ്തികരമായി നടന്നുവരുന്നു.

(സി) അധികൃതമൂലധനം എന്നൊന്നില്ല. എന്നാൽ സംഭാവനയായും വരിസംഖ്യയായും ഗവണ്മെൻറ ഗ്രാൻറായും കിട്ടിയ ൨൨,൯൨,൦൦൦ രൂപ ഫണ്ടിനു് ഇപ്പോൾ ഉണ്ടു്.

(ഡി) സംഭാവനകൾ കിട്ടിയിട്ടില്ല. അംഗങ്ങളിൽനിന്നും വരിസംഖ്യ കിട്ടിയിട്ടുണ്ടു്.

(ഇ & എഫ്) ചോദ്യം ഉദിക്കുന്നില്ല.

യൂണിവേഴ്സിററി എൻഡോമെൻറ് ഫണ്ടു്.

൧൯൦. [൭] ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) നമ്മുടെ യൂണിവേഴ്സിററി എൻഡോമെൻറ് ഫണ്ടിൻെറ ആകത്തുക തിട്ടപ്പെടുത്തീട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഖ്യ എത്രയാണു്;

(സി) ജനകീയഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ഈ ഫണ്ടിൽ സംഭാവനകൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാം എന്തു സംഖ്യകൾ വീതം?

ഉത്തരം.

(എ) ഉണ്ടു്.

(ബി) രൂപ ൧൧,൯൩,൪൭൩-൨-൧൧.

(സി) ഉണ്ടു്.

(ഡി) സംഭാവന ചെയ്തവരുടെ പേരും സംഭാവനചെയ്ത തുകയും അടങ്ങിയ ഒരു സ്റ്റേറമെൻറ് മേശപ്പുറത്തു് വച്ചിരിക്കുന്നു.†

Please see appendix IV,

Housing Scheme.

161. [6] **Shri A. Samraj :**

(*a*) whether the Government have received petitions from houseless people from the various villages of Thovala and Agastiswaram taluks; if so from which villages ;

(*b*) how many housing schemes the Government will be sanctioning for the comming financial year ?

Answer.

(*a*) Yes; petitions from the housless people of the following villages have been received :

Elluppayady, Keeramkulam and Aramboly in Thovala taluk and Pārakka, Kaniankulam, Parayadi, West Kalungady and adjoining villages and Athiyadi in Agastheeswaram taluk.

(*b*) As this will depend on the availability of funds, the information is not available at present.

Shuttle bus service.

162. [7] **Shri K. Madhavan Unnithan :** Will the Minister for Transport be pleased to state :

(*a*) whether Government have received representations from the public of Kunnathur requesting for running of a shuttle bus service between Kottarakara and Adoor ;

(*b*) what action has been taken on the same ?

Answer.

(*a*) Yes.

(*b*) The possibility of running a shuttle service is being enquired into.

Sub Registrar Office.

163. [8] **Dr. M. Sivaraman Nair :** Will the Minister for Revenue be pleased to state :

whether it is a fact that the Sub-Registrar's Office at Pandalam is being continued on a temporary basis for more than ten years ?

Answer.

Yes.

ചിറ നന്നാക്കൽ.

൧൬൪. [൯] <u>ശ്രീ. കൊച്ചുകുഞ്ഞു്</u> : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ മേലില പകുതിയിൽ വില്ലൂർ എന്ന സ്ഥലത്തു് ഉള്ള ചിറ മണ്ണിടിഞ്ഞുവീണു നികന്നുപോയതിനാൽ കീഴ്‌വശമുള്ള ഇരുപ്പൂകൃഷിനിലങ്ങൾ കൃഷിചെയ്യുവാൻ ഉപകരിക്കുന്നില്ലെന്നും, ഉടനെ ചിറ നന്നാക്കികിട്ടണമെന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

M. P. School building, Shertalai North.

165. [13] **Shri. C. K. Kumara Panicker:** Will the Minister for education be pleased to state:

(*a*) have Government received any representation from the public of Shertalai North pakuthi regarding the collapse of the Shertalai North M. P. school building;

(*b*) was the school building constructed by public donations and handed over to Government with necessary furniture;

(*c*) Is it a fact that the present school building is quite insufficient to meet the requirements of the large number of students.

(*d*) why has there been such a long delay in the construction of a proper building in place of the building that collapsed?

Answer.

(*a*) Yes.

(*b*) The temporary shed 80' x 18' in which the school is being conducted at present was put up by the public and handed over to the Education Department.

(*c*) Yes.

(*d*) Necessary arrangemnts have already been made with the Public Works Department for the construction of a new building for the school and the estimate therefor has been sanctioned by Government.

Lands for the Harijan Seva Sangh.

166. [14] **Shri Ganapathy:** Will the Minister for Local Self Government be pleased to answer the following questions?

(*a*) what action has been taken in respect of the 5 of cents of land near the Munnar Anchal Office required for putting up an office for the Deviculam taluk Harijan Seva Sangh;

(*b*) why is it that sanction has not been accorded so far; and

(*c*) will the Government be pleased to state when sanction will be accorded?

Answer

(*a*), (*b*) & (*c*)

The particular site near the Munnar Anchel Office cannot be spared. The question of giving another site is under consideration of the Government.

Employees from Backward Communities.

167. [15] **Shri Ganapathy**:

(*a*) How many persons of the backward communities are in service? (Gazetted and non-Gazetted)

(*b*) How many persons of the backward communities are employed in Government schools?

(*c*) what is the total number of teachers?

(*d*) what is the population of our State? What is the population of the backward communities? What is the population of the Hill tribes?

Answer.

(*a*) to (*c*) Information is being collected.

(*d*)

The population of the State is	92,80,425
Scheduled Castes	8,70,139
Tribes	26,580
Other backward communities	4,16,224

പ്രാർത്ഥനാ സ്വാതന്ത്ര്യം.

൧൬൮. [൧൧] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കരുനാഗപ്പള്ളി താലൂക്കിൽ തഴവാ കുററിപ്പുറം ചന്തയ്ക്കു സമീപമുള്ള മുസ്ലിം പള്ളിയിൽ വെള്ളിയാഴ്ചതോറും ജുംആ നടത്തുന്നതിനു ഗവണ്മെൻറ നൽകിയിരുന്ന അനുവാദം റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ടോ ;

(ബി) റദ്ദ് ചെയ്തെങ്കിൽ അതിനു കാരണമെന്ത്;

(സി) ജുംആ നടത്താൻ അനുവാദം കൊടുത്തതു് എന്നു്; റദ്ദ് ചെയ്തതെന്നു്;

(ഡി) ഇതു സംബന്ധിച്ച് റവന്യൂബോർഡ് മെമ്പറും, ഐ. ജി-യും സ്ഥലത്തുപോയി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുകയുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടുകൾ ഇതിനു അനുവാദം നൽകുന്നതിൽ അനുകൂലമായിരുന്നോ, പ്രതികൂലമായിരുന്നോ;

(ഇ) അനുകൂലമായിരുന്നെങ്കിൽ ഇപ്പോൾ ആരുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് അതു് റദ്ദ് ചെയ്തതു്?

ഉത്തരം

(എ) ഉവ്വ്. അവിടെയുള്ള തൈക്കാവു പള്ളിയായി വികസിപ്പിക്കാനും അതോടൊന്നിച്ചു ഒരു ശവക്കോട്ട സ്ഥാപിക്കുന്നതിനും ഉണ്ടായിരുന്ന അപേക്ഷയിന്മേൽ പള്ളി അനുവദിക്കുകയും അതിനുശേഷം അനുവാദം സ്റ്റേ ചെയ്യുകയും അന്വേഷണത്തിനുശേഷം റദ്ദ് ചെയ്കയും ഉണ്ടായിട്ടുണ്ട്.

(ബി) അനുവാദം നൽകുന്നതു യുക്തമല്ലെന്നുള്ള കാരണത്താൽ.

(സി) ജപ്തി നടത്തുവാൻ അനുവാദം കൊടുത്തത് എൻ. ൭. ൭. എ.-ൽ; റദ്ദ് ചെയ്തത് എ. ൧-൩- ൭ ൨.-ൽ.

(ഡി) റവന്യൂബോർഡ് മെംബർ, ഐ. ജി., ഡിസ്ട്രിക്ട് മജിസ്ട്രേട്ട്, തഹശീൽദാർ, പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ, ഇവർ അന്വേഷണങ്ങൾ നടത്തുകയും റിപ്പോർട്ടു ചെയ്കയും ചെയ്തിട്ടുണ്ട്.

(ഇ) റിപ്പോർട്ടുകളുടെയും ബഹുജനങ്ങളുടെ ഹർജികളുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ ഉത്തരവു റദ്ദ് ചെയ്തു.

Travancore District Municipalities and the Cochin Municipal Acts (Amendment) Bill—Report of Select Committee on.

12 NOON.]

Mr. Speaker: I would call upon the Minister for Local Self Government to move his motion.

Minister for Local Self Government. (**Shri K. Kochukuttan**): I beg to move that the time appointed for the presentation of the Report of the Select Committee on the Travancore District Municipalities and the Cochin Municipal Acts (Amendment) Bill be extended up to the 17th July 1952.

Shri Kalathil Velayudhan Nair: I second it.

The motion was put and carried.

VOTING OF DEMANDS FOR GRANTS. (*contd.*)

Demand I—Agricultural Income Tax and Sales Tax (*contd.*)

Shri P. S. Nataraja Pillai: Sir, I move: to reduce the allotment of Rs. 6,27,100 for District Officers by Re. 1.

Sir, our taxes and duties give us a very high revenue. The revenue from Sales Tax stand at 2·68 crores of rupees and out of the total revenue of ten crores from the principal sources of revenue, we get nearly one-fourth from this item. But what I want to point out to this House is that the charges for collection are increasing out of proportion to the revenue. In the budget estimates for the next year, the expenditure for collection charges comes to Rs. 6,27,100 while the revised estimates for 1951—52 is only Rs 4,88,000. That means an increase of nearly Rs. 1,39,000 on collection charges this year on the pay of officers and establishment. Sir, I find that the scale of pay of the personnel and the strength have also been revised in this budget. Officers drawing higher salaries have been increased, according to me, out of proportion to the other establishment. I do not know, Sir, why this increase has been effected, or proposed in this budget And the one standing charge which we very often hear in respect of the Sales Tax Department is that appointments are made in this Department very indiscriminately without considering properly the seniority in the Department. From various other departments the personnel of this department is

[Shri P. S. Nataraja Pillai]

selected, and they are granted scales of pay higher than those they were drawing in their respective departments. Thus several persons get undue advantage by such selections. This is a matter which the Government must look into. I, for one, would suggest that it is always better, when one department is organised, to give regular promotions to those who are working in that department. The present practice of recruiting persons from other departments to posts of higher pay will impair the efficient working of the department.

I wish to make clear one or two points relating to the general principles of the tax, as it is enforced in this State. Yesterday, it was argued, that Sales Tax was imposed to cover up the loss that may accrue to this State by the introduction of prohibition. To a certain extent it is true that when Sales Tax was introduced, it was contemplated that side by side with it, prohibition will be extended in this country. I, for one, believe that prohibition is a measure which ought to be enforçed in the country and which will ultimately benefit the masses in the country. Therefore, I consider it a dereliction of duty on the part of Government when they did not implement the Prohibition Act. I am not going to argue that position. Since the Government did not enforce prohibition, it is not right to say that the Government should not enforce Sales Tax. There may be a converse argument. But I do not endorse that view. Sales Tax had to be imposed by this Government in order to meet its increasing expenditure. But, at the same time, there is a moral responsibility on the Government to enforce prohibition and extend it in this country and thereby do what they can to raise the moral and material prosperity of the people as a whole. I do not want, at this moment, to speak further on the question of prohibition, for which I hope to have other opportunities.

As far as Sales Tax is concerned, as enforced at present, there is one difficulty. Here we have introduced the multi-point Sales Tax system. Whether that is necessary at the present time, or whether it is working as it ought to be, are matters that must be seriously considered. It is an accepted fact and I think the Finance Minister will also agree that this tax is a regressive tax, and that it is not one that is based on the canon that a tax must be in proportion to the capacity to bear. This is a consumption tax. Every person making a purchase has to pay this tax, irrespective of his capacity to bear the burden. Thus, it is a regressive tax. When a tax is regressive, it is the duty of the Government to take particular care that the element of regressiveness is not unduly heavily laid on the consuming public. From that point, let us see whether it is not better for us to switch off from the present multi-point tax to a single point Sales Tax.

Then, there is the question of exemption. We have exempted necessaries of life to a certain extent. But in the interpretation of it, some confusion is made by the subordinates of the department, either because they are ignorant of the exact

implication of the terms or they do not pay proper attention to the matter. I will illustrate. When a merchant deals with plantains when they are green, he has not to pay tax. But when he deals with them after they are ripe, he has to pay the tax. That seems to me to be very curious. A vendor of green fruits should not have to pay tax while the vendor of ripe plantain fruits should have to pay the tax. I do not understand the principle behind this differentiation. If it is the food value that is taken into account....

Shri Anthonie Andrew Daniel Luiz : Vegetables are not taxed.

Shri P. S. Nataraja Pillai : I understand it. But I am asking what is the principle behind this difference. Plantain fruit when green is not taxed, but when ripe, it is taxed.

Shri Anthonie Andrew Daniel Luiz : It is not.

Shri P. S. Nataraja Pillai : It is. In the Nagercoil Municipality it is being taxed. May I say to my friend that I generally make statements in this House only after making enquiries. So I say that fruits are being charged to Sales Tax and prosecutions are being launched in the Nagercoil Municipality, and I do not know how the officers of the Sales Tax Department in the Municipality interpret the Sales tax rules. That is the way this department is working. That gives rise to complaint. Sales tax thus becomes intolerable, due to the incapacity of the collecting agents in appreciating the principles of the enforcement of the tax. Sales tax should be enforced at one point so that people may be given as much relief as possible.

Then, a word about the appellate tribunal. Now, Sales Tax income tax and Excise are being looked after by each member of the Revenue Board. The executive head of Sales Tax is one member, that of the revenue department is another member. From the very first, when the idea of a Revenue Board was mooted, it was suggested by certain sections in this House that it would be unwise to leave the departments under the charge of a Board and that the Departments must be under separate Executive Heads. Yesterday a member of the ruling party said that there are no minutes of the meetings of the Revenue Board. Therefore, I am emboldened to put this question why should not the departments have an executive head and why should not we abolish the Board ?

So, I at the present moment, say that the working of Sales tax Department would have been better if we had an executive head for the Department. Also we want an Appellate Tribunal for the Sales tax Department. If we have a body to sit in judgment as an appellate authority for all Departments for Sales tax, for Land Revenue and Excise and so on, and constitute it as apart from the Executive authority, and leave these departments to be worked by executive heads, that would be a better arrangement. Therefore, I plead for the abolition of the Revenue Board and creation of the Appellate Tribunal which will sit in judgment over all cases that may arise from all the other Departments.

ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: സർ, വിൽപ്പനനികുതി ഈടാക്കുന്നകാര്യത്തിൽ ഞങ്ങളുടെ കക്ഷി എതിരാണെന്ന് ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. കാർഷികാദായനികുതി ഈടാക്കുന്നതിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന പരാതികളെ ചൂണ്ടിക്കാണിക്കുന്നതിനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നത്. കാർഷികാദായനികുതി ഈടാക്കുന്ന കാര്യത്തിൽ ഞങ്ങളുടെ കക്ഷി ഒരിക്കലും എതിരല്ല. എന്നാൽ ഇന്നു കാർഷികാദായനികുതി പിരിക്കുന്നതിനു ഉദ്യോഗസ്ഥന്മാർ തയാറാക്കുന്ന കണക്കുകളും അസസ്സുമെൻറുകളും മൂലം ജനങ്ങൾക്കുണ്ടാകുന്ന നിരവധി വിഷമങ്ങളെ പരിഹരിക്കേണ്ടതാണ്. വസ്തുക്കളുടെ വിവരവും ആദായത്തിൻെറ കണക്കുമെല്ലാം ഡിപ്പാർട്ടുമെൻറിലേയ്ക്കു റിപ്പോർട്ടുചെയ്യുന്നത് ഓരോ പകുതികളിലുമുള്ള പ്രവൃത്തികാരന്മാരാണ്. ആദായം കണക്കാക്കുന്നതിൽ പല തകരാറുകളും കണ്ടുവരുന്നുണ്ട്. ഈ നാട്ടിലെ കൃഷിക്കാർ വ്യവസായസ്ഥാപനങ്ങളെപ്പോലെ കണക്കു സൂക്ഷിക്കുന്നില്ല. വമ്പിച്ച ആദായമുള്ള കൃഷിക്കാർ ഇന്നത്തെ അസസ്സുമെൻറ രീതിയിൽ നിന്ന്, ശരിയായ കണക്കുകൾ കൊടുക്കാതെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരെ പ്രീതിപ്പെടുത്തി, ഒഴിഞ്ഞുമാറുന്നത് കാണാൻ സാധിക്കും. അതേയവസരത്തിൽ ചെറുതരം കൃഷിക്കാരെ യാതൊരു കണക്കും കൂടാതെ അസസ്സുമെൻറ ചുമത്തി മൊത്തത്തിൽ ഏക്കറിനു മുന്നൂറും നാന്നൂറും എന്ന കണക്കിൽ ആദായനികുതി ഈടാക്കിവരുന്നു. ഇങ്ങനെ അസസ്സ് ചെയ്തുകഴിഞ്ഞാൽ അതിനെപ്പററി ഒരു പരാതി കൊടുക്കണമെങ്കിൽ അസസ്സ് ചെയ്ത പണം കൊടുത്തതിനുശേഷമേ പാടുള്ളു. വർഷാന്തോറും അസസ്സുമെൻറ പൂർത്തിയാകാത്തതിനാൽ പണ്ടേതോ ഒരു കൊല്ലത്തിൽ ആദായമുണ്ടായിരുന്നു എന്ന കണക്കിനെ അടിസ്ഥാനപ്പെടുത്തി മുടിഞ്ഞു പാപ്പരായ പാവപ്പെട്ട കൃഷിക്കാരൻ കടംമേടിച്ചു നികുതി അടയ്ക്കേണ്ടിവരുന്നുണ്ട്. ഈ നികുതിയുടെ തത്വം ശരിയാണെങ്കിലും പ്രായോഗികമായി നോക്കുമ്പോൾ ഈ നാട്ടിലെ ഭൂരിപക്ഷം വരുന്ന ചെറിയ കൃഷിക്കാർക്ക് വലിയ ഉപദ്രവമായിട്ടാണ് കാണുന്നത്. വസ്തുക്കളുടെ ശരിയായ വിവരം സ്ഥലത്തുപോയി അന്വേഷിക്കാനോ അന്നന്നു കമ്പോളങ്ങളിലുള്ള സാധനങ്ങളുടെ വില അന്വേഷിക്കാനോ ശ്രദ്ധിക്കാതെയാണ് നികുതി അസസ്സ് ചെയ്തുവരുന്നതായി കണ്ടുവരുന്നത്. വേണ്ട സമയത്തു കാര്യക്ഷമമായി ഒന്നും പ്രവർത്തിക്കാതെ ഈ നിലയിൽ മുമ്പോട്ടു പോകുകയാണെങ്കിൽ ഞങ്ങളുടെ കക്ഷി പറഞ്ഞതുപോലെ ഈ നികുതി പിരിയ്ക്കാൻ വളരെ പ്രയാസമായിരിക്കും. ഡിപ്പാർട്ടുമെൻറിൽനിന്നും ഉദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി വ്യക്തികളുടേയും വസ്തുക്കളുടേയും മററു വിവരങ്ങൾ സൂക്ഷ്മമായി ശേഖരിക്കുന്നില്ലെങ്കിൽ കാർഷികാദായനികുതി ശരിയായ രീതിയിൽ ഈടാക്കാൻ സാദ്ധ്യമല്ലാതായിത്തീരുമെന്നാണ് എനിക്കു പറയാനുള്ളത്.

Shri K. Madhavan Unnithan: Sir, I move this cut to discuss about some irregularities prevailing in the matter of assessment and collection of agricultural income-tax.

Income-tax Officers have usually made it a point not to accept as genuine the account books and other records produced by tax-payers as evidence of their income. The income is assessed more or less arbitrarily without any reference to local conditions or the market price of the produce raised on the land. In

most parts of Central Travancore, the annual income from barren dry lands is ordinarily assessed at an average rate of Rs. 150 per acre while actually with the high cost of cultivation and the comparatively low price of tapioca and similar crops, a net income of Rs. 25 per acre would be a very liberal estimate.

Another practice that calls for enquiry is the system of re-assessment of tax for a particular year due from the same person after he has paid his tax on demand under a prior assessment. Sir, to put an end to this sort of taxing imaginary income and to afford some relief to the tax payers, I suggest for the acceptance of this House and the Government that local Committees with Income-tax Officers as Conveners be constituted periodically to assess the income from lands in their spheres. Suitable alterations should also be made in the rules so as to allow payment of tax in convenient instalments.

In the matter of sales tax also small traders and craftsmen are often harassed by indiscriminate and arbitrary assessment. But I don't think that the House will agree with the demand of the leader of the Opposition that sales tax should be abolished as being immoral and oppressive. I don't see how sales tax is immoral or oppressive, when the principle is that each is taxed according to his capacity. We have to meet all the necessities for nation building purposes. Under the Constitution all the rich resources of the State are retained with the Centre and all the nation building activities are left for the State. Our only flexible income is the sales tax. Yet, the Opposition pleads for its abolition, while at the same time they ask for more and more expenditure.

Probably, such inconsistencies and contradictions are inevitable for a party whose ideology is not always wedded to truth or constructive methods. They organise strikes, try to paralyse industry and at the same time accuse the Government that all the available manpower is not being utilised for running industrial concerns. Innocent and excitable school children are called away from schools and then the complaint is raised that the percentage of pass is very low. Again, while the Communist party of India criticises the Government of India on the one hand for not efficiently interfering in far off Korea, the leader of the Communist party in the Indian Parliament asks what business the Government had to interfere in other peoples' affairs, when it was the question of trouble in Tibet and when China was reported to have been involved. It is a long list and the people have begun to open their eyes. But it was left to the leader of the Opposition in this House to make the open and novel declaration that it is not within the functions of his party to consider how the Government could carry on if major sources of revenue are curtailed as he wants them to be. It is a grave challenge to all accepted principles of democracy and political morality. It is not playing fair with the electorate, who have sent them here to work the constitution and not to create confusion and chaos.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, സെയിൽസ് ടാക്സിനെപ്പററി ഇന്നലെ ഞങ്ങളുടെ പാർട്ടിനേതാവു സംസാരിച്ചതിനെക്കുറിച്ചു് അതിനു മറുപടി പറയേണ്ടവിധത്തിലല്ലെങ്കിൽത്തന്നെയും മറെറാരു സന്ദർഭമുണ്ടാക്കി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി, ഞങ്ങൾ സെയിൽസ്ടാക്സിനെ എതിർക്കുകയാണെന്നു്. എന്നാൽ എന്തുകൊണ്ടാണു ഞങ്ങൾ സെയിൽസ് ടാക്സിനെ എതിർക്കുന്നതെന്നോ ഏതു ന്യായത്തിലാണു എതിർക്കുന്നതെന്നോ അദ്ദേഹം വേണ്ടത്ര വ്യക്തമാക്കിയില്ല. ശ്രീ. ടി. വി. തോമസ്സ് പറയുന്നതു് സെയിൽസ് ടാക്സ് വേണ്ടെന്നാണെങ്കിൽ അദ്ദേഹത്തിൻെറ അനുയായിയായ മറെറാരാൾ രാഷ്ട്രനിർമ്മാണപരമായ കാര്യങ്ങൾക്കു് പണം കൂടുതൽ വേണമെന്നാണു വാദിക്കുന്നതു്. ഇതു നിങ്ങൾക്കു് ഒരു ഫിസ്കൽ പാളിസിയില്ലാത്തതിൻെറ തെളിവാണു്. എന്താണു സർ, ഈ ഫിസ്കൽ പാളിസി. ഇന്നു ഫിസ്കൽ പാളിസിയെക്കുറിച്ചു്—ഫിനാൻഷ്യൽ പാളിസിയെക്കുറിച്ചു്—സാമ്പത്തികവിദഗ്ദ്ധന്മാർ പലവിധത്തിലുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഏതു സാമ്പത്തികവിദഗ്ദ്ധൻെറ അഭിപ്രായമാണു പിൻതുടരുന്നതെന്നാണു എനിക്കു ചോദിക്കുവാനുള്ളതു്. ഒരു കാര്യം ഞാൻ ഈ അവസരത്തിൽ സഭയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇൻഡ്യൻനാഷണൽ പ്ലാനിംഗ്കമ്മിഷനിൽ ശ്രീ. പണ്ഡിററ്നെഹ്റുവിൻെറകൂടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ശ്രീ. കെ. ററി. ഷാ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ടു്. അതിപ്രകാരമാണു്. കൂടുതൽ വരുമാനമുള്ളവരിൽ നിന്നെടുത്തു് ഇല്ലാത്തവൻെറ വിടവു നികത്തണം. ആ തരത്തിൽ ചെയ്യാൻ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ തയാറുണ്ടോ? അതിനദ്ദേഹമൊരുക്കമല്ല. വൻവരുമാനമുള്ളവനും ഇല്ലാത്തവനും തമ്മിൽ ഉള്ള വിശാലമായ വിടവു് നികത്താത്ത ഒരു ഫിസ്കൽ പാളിസി ഞങ്ങൾക്കില്ല. അതുകൊണ്ടാണു ഈ സെയിൽസ് ടാക്സ് ഇമ്മോറലാണെന്നു ഞങ്ങൾ പറയുന്നതു്. കഴിഞ്ഞ അസംബ്ലിയിൽ ശ്രീ. പനമ്പിള്ളി പറഞ്ഞതുപോലെ ഇന്നും മറുപടി പറയുമ്പോൾ റഷ്യയിൽ സെയിൽസ്ടാക്സു് ഉണ്ടെന്നു പറഞ്ഞേക്കും. റഷ്യയിൽ സെയിൽസ്ടാക്സു് മാത്രമല്ല മറെറന്തൊക്കെയോ ഉണ്ടു്. പക്ഷെ അതിനെപ്പററിയൊന്നും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനു് ഒന്നും പറയാനില്ല. റഷ്യയിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്ററ ഗവണ്മെൻറ് ഭൂമി ദേശീയമാക്കി യഥാർത്ഥ കൃഷിക്കാർക്കു വീതിച്ചുകൊടുത്തു. അതുപോലെതന്നെ വ്യവസായത്തേയും വിദ്യാഭ്യാസസ്ഥാപനങ്ങളേയും ദേശവൽക്കരിച്ചു. അതിനെപ്പററി ഒന്നുംതന്നെ അദ്ദേഹം പറയുന്നില്ല. പിന്നെ സെയിൽസ് ടാക്സ് മാത്രം റഷ്യയിലുണ്ടെന്നു പറയുന്നതിൻെറ അർത്ഥം വളരെ വ്യക്തമാണു്. റഷ്യയിൽ സെയിൽസ്ടാക്സ് ഉള്ളതുകൊണ്ടാണു് ഇവിടേയും അതേർപ്പെടുത്തിയിട്ടുള്ളതെങ്കിൽ അവിടെയുള്ളതുപോലെ എല്ലാ കാര്യങ്ങളും ഇവിടെയും ചെയ്യാൻ തയ്യാറാകണം. ഞങ്ങളുടെ വാദഗതിക്കു് മറുപടി പറയാൻ മറെറാന്നും കാണാത്തതുകൊണ്ടു് റഷ്യയിൽ സെയിൽസ്ടാക്സു് ഉണ്ടെന്നു മാത്രം പണ്ഡിതനെന്നു ഭാവിക്കുന്ന അദ്ദേഹം പറയുന്നു. മററുകാര്യങ്ങളെക്കുറിച്ചു് അദ്ദേഹത്തിനു യാതൊന്നുംതന്നെ പറയാനില്ല. ആ കാര്യങ്ങളെ എന്തുകൊണ്ടു് അദ്ദേഹം പരിഗണിക്കുന്നില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : അദ്ദേഹം ഇതിനനുകൂലമായിട്ട് ശ്രീ. അച്യുതമേനോൻ റഷ്യയെപ്പററി എഴുതിയിട്ടുള്ള പുസ്തകത്തിന് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതായി അറിയാമോ ?

ശ്രീ. സി. കെ. വിശ്വനാഥൻ : അദ്ദേഹം അപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെല്ലാം ഇപ്പോൾ മറന്നിരിക്കയാണ്. റഷ്യയെക്കുറിച്ചും അവിടത്തെ സാമ്പത്തികസ്ഥിതിയെക്കുറിച്ചും അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങൾ ഇന്നു മാറിയിരിക്കയാണ്. അങ്ങിനെ മാററേണ്ടതു അദ്ദേഹത്തിന്റെ പണിയായിത്തീർന്നിട്ടുണ്ട്.

സർ, ഈ അവസരത്തിൽ സെയിൽസ്ടാക്സ് പിരിക്കുന്നതിനെക്കുറിച്ച് ഒന്നുരണ്ടു സംഗതികൾ വ്യക്തമാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ഒരു ചോദ്യത്തിനു മറുപടിയായി ധനകാര്യമന്ത്രി പറയുകയുണ്ടായി, രണ്ടുകോടി നാൽപ്പതുലക്ഷത്തിൽപരം രൂപാ സെയിൽസ് ടാക്സ് ഇനത്തിൽ കിട്ടുമെന്ന്. എന്നാൽ അതിൽ മൂന്നിലൊന്നാണു മൊത്തവ്യാപാരികളിൽ നിന്നും ഈടാക്കുന്നത്. അതിൽനിന്നും ഒരു കാര്യം വളരെ വ്യക്തമാകുന്നുണ്ട്. ഇവിടെ മൾട്ടിപോയിൻറ് സെയിൽസ്ടാക്സ് ആണു ഈടാക്കിവരുന്നതെന്ന്. അതു തെററാണ്. ൧ കോടി ൬൦ ലക്ഷത്തിൽപ്പരം രൂപ ചെറുകച്ചവടക്കാരിൽ നിന്നു പിരിക്കുമ്പോൾ ൮൦ ലക്ഷത്തിൽപരം രൂപാ മാത്രമാണു മൊത്തവ്യാപാരികളിൽ നിന്നു പിരിക്കുന്നതു്. അതു തെററാണെന്നു പറയുന്നതിനുള്ള ഒരു തെളിവാണ് ആകെയുള്ളതിൽ മൂന്നിലൊന്നുമാത്രമേ മൊത്തവ്യാപാരികളിൽ നിന്നും ഈടാക്കുന്നുള്ളു എന്നുള്ളതു്. വളരെ പ്രധാനമായ മറെറാരു സംഗതി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു് ഉദ്യോഗസ്ഥന്മാർ സെയിൽസ് ടാക്സ് ഇഷ്ടംപോലെ അസസ്സ്ചെയ്യുന്നു എന്നുള്ളതാണ്. ഉദാഹരണത്തിന് ഞങ്ങളുടെ സ്ഥലത്തു നടന്ന ഒരു കാര്യം ഇവിടെ പറയണമെന്നു ഞാൻ വിചാരിക്കുന്നു. കഴിഞ്ഞവർഷം ഫിഫ്ത്ത്ഫാറത്തിൽ പഠിച്ചുകൊണ്ടിരുന്ന ഒരു കുട്ടി പരീക്ഷയിൽ തോററതുകൊണ്ടു് സ്കൂളിൽ പോകേണ്ടെന്നു കുട്ടിയുടെ പിതാവ് പറയുകയുണ്ടായി. സ്കൂളിൽ പോകാതെയിരിക്കുന്ന അവസരത്തിൽ കുട്ടിക്കു് ഒരു ജോലിക്കുവേണ്ടി കുട്ടി അറിയാതെ തന്നെ കുട്ടിയുടെ പിതാവ് തേങ്ങവെട്ടാൻ ഒരു ലൈസൻസ്സിന് അപേക്ഷിച്ചു. എന്നാൽ ലൈസൻസ് കിട്ടിയില്ല. കുട്ടി സ്കൂളിൽപോവുകയും ചെയ്തു. ഇപ്പോൾ പതിമൂന്നുമാസത്തിനുശേഷം ആ വിദ്യാർത്ഥിയുടെ പേരിൽ ൫൦൦ രൂപ അസസ്സ് ചെയ്തു നോട്ടീസ് വന്നിരിക്കയാണ്. ആ വിദ്യാർത്ഥിയാണെങ്കിൽ ഈ നോട്ടീസുകിട്ടുമ്പോൾ സ്കൂളിൽ പരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരിക്കയാണ്. ഞാൻ തേങ്ങവെട്ടു നടത്തീട്ടുമില്ല എനിക്കു് ലൈസൻസ് കിട്ടീട്ടുമില്ല എന്ന് അറിയിക്കുന്നതിന് രണ്ടു രൂപ സ്റ്റാമ്പൊട്ടിച്ച് അപേക്ഷ കൊടുക്കണം. ഇങ്ങനെയെല്ലാമാണ് സെയിൽസ്ടാക്സ് ഈടാക്കിക്കൊണ്ടിരിക്കുന്നതു്. അതുപോലെതന്നെ റേഷൻകച്ചവടക്കാരിൽനിന്നും, ചെറിയ ചെറിയ കച്ചവടക്കാരിൽ നിന്നും അന്യായമായി ടാക്സ് ഈടാക്കിവരുന്നുണ്ട്. ഇതിനെല്ലാം ഒരു പരിഹാരം എത്രയുംവേഗം കണ്ടുപിടിക്കേണ്ടതാണ്. ഇതെല്ലാം പറയുമ്പോൾ എനിക്കു് മൊത്തത്തിൽ പറയാനുള്ളതു് ഇങ്ങനെയുള്ള അക്രമങ്ങൾ അവസാനിപ്പിക്കണമെന്നാണ്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുന്ന ഫിസ്കൽ പാളിസി ഇല്ലാത്തതുകൊണ്ടല്ല ഞാൻ

[ശ്രീ. സി. കെ. വിശ്വനാഥൻ.]

ഇങ്ങനെ പറയുന്നത്. ഇന്നത്തെ ഫിസ്ക്കൽ പാളിസിയുടെ മാനദണ്ഡം എന്താണെന്നാണ് ഒരിക്കൽകൂടി ഞാൻ ചോദിക്കുന്നത്. കൂടുതൽ വരുമാനമുള്ളവനും കുറച്ചു വരുമാനമുള്ളവനും തമ്മിലുള്ള വിടവു നികത്താൻ തയാറാകണം. അങ്ങനെ ആനുപാതികക്രമത്തിൽ വേണം ടാക്സ് ഈടാക്കാൻ. സെയിൽസ്ടാക്സ് വിഷയത്തിൽ ഏതുനിലയാണ് സ്വീകരിക്കുന്നതെന്നു വിമർശനങ്ങൾക്കു മറുപടിയായി പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. അതായത് വലിയകച്ചവടക്കാരിൽ നിന്നും എങ്ങനെ ടാക്സ് ഈടാക്കാൻ പോകുന്നു എന്നും ചെറിയ കച്ചവടക്കാരുടെ ടാക്സ് എങ്ങനെ കുറയ്ക്കാൻ പോകുന്നുവെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വ്യക്തമാക്കേണ്ടതാണ്. ഫിസ്ക്കൽ പാളിസി ഉണ്ടെന്നു ഭാവിച്ചതുകൊണ്ട് അതുണ്ടാകാൻ പോകുന്നില്ല. ഇതാണ് ചുരുക്കമായി എനിക്കു പറയാനുള്ളത്.

Shri Anthonie Andrew Daniel Luiz: Sir, an hon. Member of the Opposition did remark during the last session (while referring to Sales Tax) that the citizen of this State is staggering under taxation. I am afraid it is not the citizen, but it is the Government that is staggering not knowing how to venture on and complete many a scheme that they have in view for a progressive State like ours. If we had some sort of a device or a meter—something that has not yet been invented—to gauge the cost and value of the multitudiness services that each one of us receives from the Government, I am sure that this Member of the Opposition would not have made such a violent remark and that too posing himself in a melodramatic manner. May I inform this Member of the Opposition that if Sales-tax is the judging factor, we in this State live in a paradise.

Sir, I wish to avail of this opportunity to request the Government to bring in new taxes or to enhance the existing rates of taxation to meet their present and future demands. In preference to new taxation, it would be much more advisable to enhance the existing rate of taxation, especially the Sales-Tax on luxury items The tax on petrol can be brought up to the same level as it is in the Madras State today.

While bringing in new taxation, I would request the Government that proper care is taken to see that the poor are not subjected to the weight of taxation. Governments have to put their hands into the pockets of their citizens; but I would request that the Government while accepting the suggestion of new taxation should put their hands into the pockets of the rich and confine the process as far as possible to the rich and the rich alone It is the duty of every citizen to contribute to the fiscal success of a Government. In a progressive state no progressive scheme will go ahead unless taxation too is progressive. Professor Saligman has said that Sales-Tax is the last resort of countries that are in fiscal difficulties and that they have to subordinate all other principles of taxation to that of adequacy. I am sure, that sufficient funds to meet the demands made by

various departments and to carry out projects which the Government have in view have not been provided for in the Budget, and unless progressive taxation is thought of by the Government they shall not be able to provide for the various demands they will have to face in the near future.

Now, Sir, I should like to point out some of the main features of the Sales-Tax as administered in this State to the notice of this House. Not a single Member of the Opposition has mentioned either during this session or in the last, that a vendor is only subject to Sales-Tax if his turnover exceeds Rs. 10,000 during a period of 12 months. I wonder why this was not mentioned by the Opposition either in this House or in the public speeches delivered outside the House, by a greater majority of them. Sir, in this connection I should like to read out the names of commodities that are exempted from this taxation. They are :

1. Khadi.

2. Cloth woven on handlooms.

3. Food grains.

4. Vegetables including tapioca except when exported.

5. Fresh milk, fish and eggs sold for domestic consumption.

6. Meat except when exported.

7. Boarding houses, hotels and canteens for students and factory labourers.

8. Firewood, charcoal, cocoanut shell and other fuels sold for domestic purposes.

9. Kerosene oil sold for domestic consumption.

10. Electric Energy.

11. Any goods other than arrack and foreign liquor on which duty is or may be levied under Travancore-Cochin State Abkari & Opium Act.

12. Salt.

13. Medicines given by Doctors or Vaidyans.

14. Earnings of professional men.

15. Railway grainshops.

16. Manure.

17. Coir, Copra and most of the Hill produces of the State are subjected to the levy of Sales-Tax only at the first and the last sale. Mat and mattings are liable to be taxed only at one point in the series of sales in the State.

I wish to bring to the notice of the House most emphatically that vegetables sold for domestic consumption are not subjected to Sales-Tax. Then again, those who trade in cooked food including Tea and Coffee do not come under the purview of the tax unless their turnover exceeds Rs. 15,000 for a period of twelve months. That is again another factor which has been most cleverly ignored nay concealed, by the members of the Opposi-

[Shri Anthonie Andrew Daniel Luiz]

tion. May I ask, Sir, how many tea-shops have a turnover of over a thousand rupees a month ? Only those who can command a turnover of over Rs. 1,200 per month need pay this tax.

The average tax payable on Motor vehicles, component parts, refrigerators etc., is 6 ps. in the rupee. All other goods other than petrol and tobacco are charged at 3 ps.

The total income derived by the State from Sales-Tax during the year 1951-52 is Rs. 2,42,98,977 and this works out to about 15 per cent of the total revenue of this State. May I bring to the notice of the Members of this House that the contribution of Sales-Tax to the revenue in the other States in India is much higher than what it is here ? If we step outside India, there are other democratic countries where the Sales-Tax contribution to the total revenue is about 24 per cent. In Canada it is 26 per cent. Well, Sir, there is no harm if we get a better income from this form of taxation.

As I suggested, I would strongly request the Government that luxury articles, some of which are taxed at 9 ps. in the rupee, are taxed at a much higher rate. By this we are only taxing the rich. Petrol is another item which can be taxed at a higher rate. Enhancement of taxation on the suggested lines will not affect the poorer classes of people but it will definitely bring in more revenue to this State.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഇന്ന് ഈ സഭയുടെ മുമ്പാകെയിരിക്കുന്ന കാർഷികാദായനികുതിയും സെയിൽസ്ടാക്സും ഉൾപ്പെട്ട ഡിപ്പാർട്ടുമെൻറിൻെറ പ്രാധാന്യത്തെയും, ഞങ്ങൾ അങ്ങേഅററം മനസ്സിലാക്കുന്നുണ്ട്. നമ്മുടെ സ്റ്റേററിൻെറ വരവിൽ ൨൦ ശതമാനത്തിൽ അധികം തുക ഈ ഡിപ്പാർട്ടുമെൻറിൽനിന്നാണ് വരുന്നത്. ഇതിൽ കാർഷികാദായനികുതിയെ തത്വപരമായി ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ സെയിൽസ്ടാക്സിനെ ഞങ്ങൾക്ക് അംഗീകരിക്കാൻ മാർഗ്ഗം കാണുന്നില്ല. എന്തുകൊണ്ടെന്നാൽ അതിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഞങ്ങൾക്ക് സ്വീകരിക്കാൻ നിവൃത്തിയില്ല. കാർഷികാദായനികുതി ഒരു welfare state-ൻെറ ലക്ഷണമായ പ്രോഗ്രസ്സീവ് ടാക്സേഷൻ സ്കീമിൽ ഉൾപ്പെടുന്നു. എന്നാൽ ടാക്സ് ചുമത്തുന്നതുമൂലം സാധാരണക്കാർ വളരെ വിഷമങ്ങൾ അനുഭവിക്കേണ്ടിവരുന്നു. ഇത് അവരുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന സമ്പ്രദായത്തിലാണ് ഈടാക്കിവരുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. കാർഷികാദായനികുതിയെപ്പററി പറയുമ്പോൾ ഒരു സംഗതി ഓർമ്മയിൽ വരുന്നു. നമ്മുടെ ബഹുമാനപ്പെട്ട ചീഫ്മന്ത്രി നല്ല സാഹിത്യഗ്രന്ഥങ്ങൾ വാങ്ങരുതെന്നും വായിക്കരുതെന്നും രേഖാമൂലം ഗവൺമെൻറിൽനിന്നും ഗ്രാൻറ നൽകുന്ന ഗ്രന്ഥശാലകൾക്ക് ഉത്തരവു നൽകിയിട്ടില്ലെങ്കിലും വാക്കാൽ നിർദ്ദേശം കൊടുത്തിട്ടുള്ളതുപോലെ കൂടുതൽ ധനികരിൽനിന്നും കൂടുതൽ കൂടുതൽ കാർഷികാദായനികുതി പിരിക്കരുതെന്നും മററുള്ളവരിൽനിന്നും പിരിച്ചുകൊള്ളണമെന്നും വാക്കാൽ നിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്ന് ഇന്നത്തെ കാർഷികാദായനികുതി ഈടാക്കുന്നരീതിയിൽനിന്നും നമുക്ക് സംശയിക്കേണ്ടിയിരി

കുന്നു. ഇന്നു നാം കാണുന്നതു് കൂടുതൽ ആദായമുള്ള ആളുകളെ ആദായ നികുതിയിൽനിന്നും ഒഴിവാക്കുന്ന ഒരു സമ്പ്രദായമാണു്. സർ, ഞാൻ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഇവിടെ കാർഷികാദായനികുതി പിരിക്കുന്നതിനു് ഈ ഡിപ്പാർട്ടുമെൻറു് സ്വീകരിച്ചു വരുന്ന നടപടിയെക്കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്. ഓരോ ഇൻകംടാക്സ് ആഫീസിൻേറയും അധികാരാതിർത്തിക്കകത്തു നിന്നും പിരിച്ചെടുക്കേണ്ട സംഖ്യയ്ക്കു് ഒരു ടാർജററു നിശ്ചയിക്കും. അതേത്തുടന്നു് കാർഷികാദായനികുതി ആഫീസ്സർ അദ്ദേഹത്തിൻെറ അധികാരാതിർത്തിക്കുള്ളിലുള്ള ഓരോ പകുതിയിലേക്കും ഓരോ ടാർജററു നിശ്ചയിച്ചു് പ്രവൃത്തിയാക്കു് എഴുതി അയയ്ക്കും. പിന്നെ പ്രവൃത്തിയാരാകട്ടെ ആ ടാർജററു് അനുസരിച്ചുള്ള തുക പിരിച്ചെടുക്കുന്നതിനാളെ അന്വേഷിക്കുകയാണു അടുത്തതായി ചെയ്യുന്നതു്. അങ്ങനെ അന്വേഷണം നടത്തിയതിനുശേഷം പ്രവൃത്തിയാരുടെ വർദ്ധനവിനെ കൂടുതൽ സഹായിക്കുന്ന ആളെ അതിൽനിന്നു ഒഴിവാക്കും. പിന്നീടു ഉദ്യോഗസ്ഥൻെറ വരുമാനത്തിൽ സഹായിക്കാത്ത ആളുകളുടെ പേരിൽ ഈ ടാർജററു് തുക വീതിച്ചു വരുകയാണു് ഇന്നു നടപ്പിലിരിക്കുന്ന രീതി. ഇങ്ങനെ നികുതി ചുമത്തിക്കഴിഞ്ഞാൽ അതു് ചുമത്തപ്പെടുന്ന ആളിനു് പരാതിയുണ്ടെങ്കിൽ ഇത്ര തീയതിക്കകം അതേസംബന്ധിച്ചു് അപ്പീൽകൊടുക്കാമെന്നൊരു നിയമമുണ്ടു്. ആ നിയമംകൊണ്ടു് ഈ നികുതി ചുമത്തപ്പെട്ടിരിക്കുന്ന ആളിനു് വലിയ ഗുണമുണ്ടാകാൻ പോകുന്നില്ല. എന്തുകൊണ്ടെന്നാൽ അതു സ്റ്റേചെയ്യുന്നതിനും അപ്പീൽകൊടുക്കുന്നതിനും മുമ്പായി അസസ്സു് ചെയ്ത തുക മുഴുവനും കെട്ടിവച്ചതിനുശേഷം മാത്രമേ അപ്പീൽ സ്വീകരിക്കുകയുള്ളു എന്നാണു് നിയമത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. ഇതു് എത്ര ഉപദ്രവകരവും വിഷമമേറിയതുമായ ഒരു വ്യവസ്ഥയാണു്. ഒരു പ്രവൃത്തിയാരോ അതുപോലെയുള്ള ഒരു ഉദ്യോഗസ്ഥനോ ഇഷ്ടംപോലെ ഒരു തുക അസസ്സു് ചെയ്യുക എന്നു പറയുന്നതിൽ എന്തു ന്യായമാണുള്ളതു്? ഈവക സംഗതികൾ ബഹുമാനപ്പെട്ട മെമ്പറന്മാർതന്നെ മനസ്സിലാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു.

സർ, പ്രഥമദൃഷ്ട്യാതന്നെ തെററായ ഒരു തീരുവിന്മേൽ സങ്കടക്കാരൻ അപ്പീൽബോധിപ്പിക്കുമ്പോൾ ആ ഉത്തരവനുസരിച്ചുള്ള എല്ലാ മേൽനടപടികളും നിറുത്തിവക്കുന്നതിനനുവദിക്കുക എന്നുള്ളതു് നിയമശാസ്ത്രത്തിൻെറ ഒരു പ്രാഥമികതത്വം മാത്രമാണു്. അതു് ഏററവും അത്യാവശ്യമായ ഒരു ഇക്വിററബിൾ റിലീഫു് ആണു്. അപ്രകാരമുള്ള ഇക്വിററബിൾ റിലീഫു്പോലും ഇക്കാര്യത്തിൽ നിഷേധിച്ചിരിക്കുകയാണു്. ഈ അസാധാരണ നിയമം ഇനിയെങ്കിലും മാററുന്നതിലേക്കു് ഞാൻ നിയമവകുപ്പുമന്ത്രിയുടേയും കാർഷികാദായനികുതി വകുപ്പുമന്ത്രിയുടേയും ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ.

സർ, സെയിൽസ്ടാക്സ് ഞങ്ങൾ എതിർക്കുന്നുവെങ്കിലും അതു് നടപ്പിൽ വന്നിരിക്കുന്ന ഒന്നാണു്. ഇന്നു് തിരുവിതാംകൂറിൽ പ്രധാനപ്പെട്ട വ്യവസായങ്ങളും വൻകിട കൃഷികളും വിദേശികളുടെ കയ്യിലാണിരിക്കുന്നതു്. അവർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഇവിടെ വിൽപ്പന നടത്താതെ കയററുമതിചെയ്യുന്നതുകൊണ്ടു് അതിൽനിന്നും വിൽപ്പനനികുതി ഈടാക്കുന്നില്ലെന്നുള്ളതു് പരമാർത്ഥം മാത്രമാണു്. അങ്ങനെ വിദേശിക

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

ളുടെ തോട്ടങ്ങളിൽ ഉണ്ടാകുന്ന ഉല്പന്നങ്ങൾക്ക് വിൽപനനികുതി കൊടുക്കേണ്ട ആവശ്യം ഇല്ലാതിരിക്കുമ്പോൾ നമ്മുടെ നാടൻമുതലാളുമാർ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് വിൽപ്പനനികുതി കൊടുക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇതുകാരണം ലോകവിപണിയിൽ നമ്മുടെ രാജ്യത്തെ മുതലാളിമാർക്ക് വിദേശമുതലാളിമാരുമായി മത്സരിക്കുമ്പോൾ തോൽവിപറ്റുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. സർ, ഇതോട് സംബന്ധപ്പെട്ട വേറൊരു സംഗതി ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ രാജ്യത്തുനിന്നും വിദേശികൾ കൊണ്ടുപോകുന്ന സാധനങ്ങൾക്ക് അവരുടെ രാജ്യങ്ങളായ ബ്രിട്ടൺ, അമേരിക്ക മുതലായ രാജ്യങ്ങളിലേക്ക് കൊണ്ടുപോയി അവിടെത്തന്നെ വില്പന നടത്തുന്നതു കാരണം നമ്മുടെ ദേശീയവരുമാനത്തിനു സാരമായ ഇടിവുതട്ടുന്നു. ഇങ്ങനെ ആണ്ടുതോറും അനേകായിരം രൂപകളുള്ള വരുമാനം ദേശീയവരുമാനത്തിൽനിന്നും വെട്ടിക്കുറച്ചുകൊണ്ട് വെളിയിലേക്ക് അയയ്ക്കപ്പെടുന്നു. ഇന്നലെ ധനകാര്യമന്ത്രി പ്രസ്താവിച്ച ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. എതിർപക്ഷത്തിരിക്കുന്നവർക്ക് അതായത് ഞങ്ങളുടെ ഈ ഭാഗത്തു ഇരിക്കുന്നവർക്ക് രാജ്യത്തിന്റെ വരുമാനം വർദ്ധിപ്പിക്കത്തക്ക യാതൊരു പദ്ധതിയും ഇല്ലെന്നു അദ്ദേഹം പറഞ്ഞു. അഖിലേന്ത്യാടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തിന്റെ വരുമാനവും മുതലെടുപ്പും വർദ്ധിപ്പിക്കുന്നതിന് ഞങ്ങളുടെ പാർട്ടിക്ക് വ്യക്തമായ ചില പരിപാടികൾ ഉണ്ട്. ഇവിടെയുള്ള വരുമാനം ഇൻഡ്യയുടെ വെളിയിൽ കൊണ്ടുപോകാതെ ഇൻഡ്യയ്ക്കകത്തു തന്നെ ശരിയായി ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കാവുന്ന തരത്തിൽ ഞങ്ങൾക്ക് ചില പദ്ധതികളുണ്ട്. അതനുസരിച്ച് സാമ്പത്തികവും രാഷ്ട്രീയവുമായ ചില പരിപാടികൾ ഞങ്ങൾക്കുണ്ടെന്ന് അദ്ദേഹത്തെ അറിയിച്ചുകൊള്ളട്ടെ. അദ്ദേഹവും അദ്ദേഹം ഉൾപ്പെട്ട പാർട്ടിയും നമ്മുടെ ദേശീയോന്നമനത്തിന് അത്യാവശ്യമായ ഈ പരിപാടികൾ അംഗീകരിക്കുകയാണെങ്കിൽ അതിനെ ഞങ്ങൾ സ്വാഗതം ചെയ്യും. അല്ലാതെ വെറും എതിർപ്പിനുവേണ്ടി മാത്രം എതിർക്കുന്നവരല്ലാ ഞങ്ങൾ എന്ന് അദ്ദേഹത്തെ അറിയിച്ചുകൊള്ളട്ടെ.

ശ്രീ. ഈ. കൃഷ്ണൻനായർ: സർ, ഞാൻ സോഷ്യലിസ്റ്റ്പാർട്ടിയുടെ ഒരംഗമെന്ന നിലയിൽ ചില വസ്തുതകൾ പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. ഞങ്ങൾക്ക് വ്യക്തമായ ചില പരിപാടികളുണ്ട്. ഇതിൽ ഞങ്ങൾ അമേരിക്കയേയോ, റഷ്യയേയോ അനുകരിക്കണമെന്നോ വെറുക്കണമെന്നോ ഉദ്ദേശിക്കുന്നില്ല. എന്നാൽ നമ്മുടെ മാതൃഭൂമിയായ ഭാരതത്തിന്റെ ഇന്നത്തെ നിലയും മററും ആസ്പദമാക്കി ഇവിടെയുള്ള സാഹചര്യങ്ങളിൽ ചില കാര്യങ്ങൾ നാം ചെയ്യേണ്ടതായിട്ടുണ്ട്. ഇന്നത്തെ നിലവെച്ചുകൊണ്ടു നോക്കുകയാണെങ്കിൽ ദുരിതം അനുഭവിക്കുന്ന വളരെ വളരെ ജനങ്ങൾ നമ്മുടെ നാട്ടിന്റെ നാനാഭാഗങ്ങളിലും ഉണ്ടെന്നുള്ളതും അവർ നികുതികൾമൂലം വളരെ കഷ്ടപ്പെടുന്നുണ്ടെന്നുള്ളതും പരമാർത്ഥമാണ്. ഭൂനികുതി, ആദായനികുതി വില്പനനികുതി എന്നെല്ലാം നികുതികൾ ഇന്ന് നടപ്പിലുണ്ട്. ഭൂനികുതിയെ സംബന്ധിച്ചിടത്തോളം, ഇന്നലെ ഇവിടെ നടന്ന ചർച്ചാവേളയിൽ എനിക്ക് സംസാരിക്കുന്നതിനു അവസരം ലഭിക്കായ്കയാൽ സാധിച്ചില്ല. അതുകൊണ്ട് ആ

കാര്യം ഇപ്പോൾ പ്രസ്താവിക്കാമെന്നു് കരുതുന്നു. ഇവിടെയും ഭൂനികുതി ഉണ്ടു്. മുൻപു് ഭൂനികുതി ഒരു സെൻറിനു് 8 കാശായിരുന്നു. എന്നാൽ ഇപ്പോൾ അതു് കാലണ ആക്കിയിട്ടുണ്ടു്. അതായതു് മുമ്പിൽ ഉണ്ടായിരുന്നതിൻെറ ഏതാണ്ടു് ഇരട്ടി. ട്രഷറിബഞ്ചുകളിൽനിന്നു് പല അവസരങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു്, ഭൂനികുതി ഇനത്തിൽനിന്നും ഒരു ഗണ്യമായ തുക ആദായം കിട്ടിവരുന്നില്ലായെന്നു്. എന്നാൽ പാവപ്പെട്ടവർക്കു് ഭവനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും മററുമായി അഞ്ചോ പത്തോ സെൻറുവീതം ഭൂമി നീക്കിവയ്ക്കണമെന്നു് ഗവൺമെൻറു് ഉദ്ദേശിച്ചിട്ടുണ്ടെന്നും മററും, ഇതിനുമുൻപു പറഞ്ഞിട്ടുള്ളതുകൊണ്ടു്, ഞാൻ പറയുന്നതു്, പത്തോ പതിനഞ്ചോ സെൻറു സ്ഥലം മാത്രമുള്ള സാധു കർഷകരിൽനിന്നും ഭൂനികുതി ഈടാക്കാതിരിക്കത്തക്കവണ്ണം ഒരു വ്യവസ്ഥ നമ്മുടെ ഗവൺമെൻറു് ഉണ്ടാക്കണമെന്നാണു്. അങ്ങനെയാണെങ്കിൽ സാധുക്കൾക്കു് ഒരു ആശ്വാസം കിട്ടുന്നതാണു്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് ആദായനികുതിയെ സംബന്ധിച്ചാണു്. ഇന്നു് കാർഷികാദായനികുതി ചുമത്തിവരുന്നുണ്ടു്. ഇതിനെ സംബന്ധിച്ചു് ആരും എതിരായ അഭിപ്രായം പറഞ്ഞില്ല. ഇതു് പ്രോഗ്രസീവു് ടാക്സേഷൻ എന്ന ഇനത്തിലാണു് പെടുന്നതു്. വ്യവസായങ്ങളും വാണിജ്യങ്ങളും നടത്തി ആദായം ഉണ്ടാക്കുന്നവരിൽനിന്നും പിരിക്കുന്ന ഒരു നികുതിയാണു് ആദായനികുതി. അങ്ങനെ കൃഷിചെയ്തു് വൻപിച്ച ആദായം കിട്ടിക്കൊണ്ടിരിക്കുന്നവരുടെ അടുക്കൽനിന്നും ഗവൺമെൻറിനു നിശ്ചിതതോതിലുള്ള ഒരു ആദായം കിട്ടുകതന്നെ വേണം. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ആദായനികുതി പിരിക്കുന്നതിൽ ചില കുഴപ്പങ്ങൾ കണ്ടുവരാറുണ്ടു്. ഒന്നാമതായി ഒരു ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആദായനികുതി വസൂൽചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ കൊണ്ടാണു് ഇങ്ങനെ ഈ കാര്യത്തിൽ കുഴപ്പം ഉണ്ടാകുന്നതു്. നാട്ടിൻപുറങ്ങളിലും മററും താമസിക്കുന്ന സാമാന്യകർഷകർക്കു് അവർ ഉണ്ടാക്കുന്ന ആദായത്തിൻെറ കണക്കും അവരുടെ ചെലവിനെപ്പററിയും മററും ഉള്ള വിവരങ്ങളും സൂക്ഷിക്കുന്നതിനു് സാധിക്കുന്നില്ല. കാരണം അവർക്കു് അതിൽ പരിശീലനം ഇല്ലാത്തതുകൊണ്ടാണു്. എന്നാൽ നികുതി പിരിക്കാൻ ചെല്ലുന്ന ഉദ്യോഗസ്ഥന്മാർ ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ സാധു കർഷകരെ സമീപിച്ചു് അവരിൽനിന്നും ന്യായമായി പ്രതീക്ഷിക്കാവുന്നതിൽ കവിഞ്ഞുള്ള നികുതി വേണമെന്നു് ആവശ്യപ്പെടുന്നതുനിമിത്തം അവർ ഇതിനു വഴങ്ങിക്കൊടുക്കേണ്ടിവരുന്നു. ഓരോരോ സ്ഥലത്തെയും കൃഷിയിൽനിന്നു കിട്ടുന്ന ആദായം പ്രത്യേകമായി പര്യാലോചിക്കേണ്ടതാണു്. അതായതു് കൊട്ടാരക്കരത്താലൂക്കിൽ കിട്ടുന്ന വിളവുപോലെയായിരിക്കയില്ല കുന്നത്തൂർ താലൂക്കിലെ വിളവു്. അങ്ങനെയാണെങ്കിൽ ഒരേ മാനദണ്ഡം കണക്കാക്കി നികുതി പിരിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു് കർഷകഭൂമിയെ സംബന്ധിച്ചിടത്തോളം സ്ഥലവ്യത്യാസത്തെ പരിഗണിച്ചുകൊണ്ടുവേണം ആദായനികുതി ഈടാക്കാൻ എന്നാണു് ഞാൻ പറയുന്നതു്. ഇതോടുകൂടി ഓർമ്മിക്കേണ്ട ഒരു കാര്യമാണു്, കൃഷിഭൂമി നന്നാക്കാനുള്ള ചെലവും മററും ഈ ആദായത്തിൽനിന്നും തള്ളിയിട്ടു് ബാക്കിയുള്ള ആദായത്തിൽ മാത്രമെ നികുതി ഈടാക്കാവൂ എന്നുള്ളതു്.

[ശ്രീ. ഈ. കൃഷ്ണൻനായർ.]

അവിഭക്തകുടുംബത്തെ സംബന്ധിച്ചു് ഒരു സംഗതി പറയുവാനുണ്ടു്. ഇങ്ങനെയുള്ള അവിഭക്തകുടുംബങ്ങളിൽ, പ്രത്യേകിച്ചും നായർ തറവാടുകളിൽ ഭാഗോഹരി കഴിഞ്ഞിട്ടു് പല സ്വത്തുക്കളും പല ആളുകളുടെ പേരിലായി എങ്കിലും ഇന്നും ആ വസ്തുക്കളെല്ലാം തറവാട്ടുകാരണവരുടെ തന്നെപ്പേരിൽ നിലനിന്നുവരുന്നതായി ധാരാളം ഉദാഹരണങ്ങൾ ഉണ്ടു്. അങ്ങനെ വസ്തുക്കൾ ഭാഗിച്ചുകഴിഞ്ഞിട്ടും ആ വസ്തുക്കളിൽ ഉള്ള ആദായത്തിനു നികുതി കെട്ടക്കാതെയോ ഭൂനികുതി കൊടുക്കാതെയോ ഉണ്ടെങ്കിൽ അതിനു് ഈ തന്നെപ്പേരുകാരനു് നോട്ടീസു വരുന്നതു് അപൂർവ്വമല്ല. അങ്ങനെ നോട്ടീസു കിട്ടിക്കഴിഞ്ഞതിനുശേഷം വെറും നാമമാത്രഉടമസ്ഥനായിരിക്കുന്ന ആ ആൾ നികുതി കൊടുത്തില്ലെങ്കിൽ അയാളുടെ വസ്തുക്കളും മററും ലേലത്തിൽ വിൽക്കുകയും ചെയ്യും. ഈ പരിതഃസ്ഥിതി മാററുന്നതിനു് വേണ്ട നടപടികൾ എടുക്കേണ്ടതാണു്.

ഇനി വില്പനനികുതിയെ സംബന്ധിച്ചു രണ്ടു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. വില്പനനികുതി ഇന്നു് പാശ്ചാത്യരാജ്യങ്ങളിൽ മാത്രമല്ല ഇൻഡ്യയ്ക്കു അകത്തും പുറത്തും ഉള്ള പല രാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ള ഒന്നാണു്. എങ്കിലും ഇതിനെ സംബന്ധിച്ചു് പല ആക്ഷേപങ്ങളും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. അങ്ങനെയുള്ള ആക്ഷേപങ്ങളിൽ ചില ഭാഗങ്ങളോടു ഞാൻ യോജിക്കുന്നു. ഇപ്പോഴത്തെ വില്പനനികുതി ഏർപ്പാടു് അനുസരിച്ചു് സാധുക്കൾക്കു് പല തവണയും നികുതി കൊടുക്കേണ്ടതായി വരുന്നുണ്ടു്. ഇതു് ഒററ പായിൻറിൽ മാത്രമെ ഈടാക്കാവൂ എന്നാണു് എൻെറ അഭിപ്രായം. സാധനങ്ങൾ നമ്മുടെ രാജ്യത്തു് ഇറക്കുമതി ചെയ്യുമ്പോഴും ഇവിടെനിന്നു് അന്യരാജ്യങ്ങളിലേക്കു് കയററി അയയ്ക്കുമ്പോഴും മാത്രം വില്പനനികുതി ഈടാക്കേണ്ടതാണു്.

Shri. E. P. Varghese: Sir, I have to say a few words first of all with reference to the collection of Agricultural Income Tax. In its nature it is very arbitrary. It may be said that it is a tax which is progressive. Still, there is this difficulty. It is in a very arbitrary way that the tax is fixed, so much so, there is much room for the officers to be corrupt. That is one of the greatest drawback of this tax. At the time when the Bill was introduced in the Legislature, I remember, the Government of the day saying that some way will be found to avoid as far as possible the chances of corruption. I would now suggest that the assessment may be made for four or five years. For five years there may be a fixity of assessment, so much so, at least for five years, the tax-payer may know what amount of tax he will have to pay. Now, each year we are at the mercy of the assessing officers. It is the proverthicar who is generally the officer immediately concerned. It is his verdict that is the basis. Once the assessment is made, it will be very difficult to make the officers go back upon their decision. It is a source of income and it is their job to show increased revenue. Irrespective of the fact whether the assessee has assessable income or not, he is assessed.

There is another difficulty about this Agricultural income-tax. So far as the agriculturists are concerned, they do not keep that sort of accounts, which are generally kept by business men considered acceptable for the purpose of assess ment. So, when the officer asks him to produce the accounts he will have usually only a few notes or even nothing to produce. Then, the officers will not usually rely on these accounts. If the officers are not shown the accounts, as they require, the agriculturists are arbitrarily assessed. In the nature of his work, the agriculturist cannot keep such accounts. For instance it will be difficult for him to keep accounts for the agricultural labour the seed purchased and all those things which he does for cultivation purposes. So, the ordinary cultivator is at the mercy of the assesser.

This gives room for corruption as in the case of grain procurement. The proverthicar will report that such and such a person has ten acres of land and the yield from that land is so much. There is no escape from it. If we go to the Appellate Authorities, there also, there is no scope for relief. The Appellate authority is a mere farce. I speak from personal experience. He merely says that the accounts are not acceptable and agrees with the statement of the subordinate officers and upholds their assessment. What I suggest is that this must be avoided. It is perhaps too late in the day to say that the Agricultural Income-tax may be given up. But much of the corruption that is prevailing can be avoided if only we try. For example, the assessment may be made for a number of years. Then at least for these years there will not be any harassment from the officers. Sir, it sometimes happens that they may not assess you for some years and, then, all of a sudden, they send the demand notice for a large sum. The ordinary man is baffled because he cannot find the money to pay the demand for a number of years all together. All these create difficulties to the ordinary agriculturist. It is for the Government to see that some means are found out to avoid these difficulties. I would suggest that the assessment may be in every five years. It may be fixed for five years and at the end of that period there may be a reassessment for the next five years.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

[2 P. M.]

ശ്രീ. കെ. എം. ജാർജ്ജ്: സർ, നമ്മുടെ രാജ്യത്തെ മുതലെടുപ്പിൽ ഭൂരിഭാഗവും പ്രദാനം ചെയ്യപ്പെടുന്ന വകുപ്പുകളാണ്, അഗ്രിക്കൾച്ചറൽ ഇൻകംടാക്സും സെയിൽസ്ടാക്സും. ഏകദേശം രണ്ടരക്കോടി രൂപയോളം അതിൽനിന്നും കിട്ടുന്നുണ്ട്. നമ്മുടെ നാട് കർഷകരുടെ നാടാണ്. ഈ രാജ്യത്തുള്ള തൊണ്ണൂറുശതമാനം ആളുകളും കർഷകവൃത്തി കൊണ്ടാണ് കഴിയുന്നത്. ഈ കാർഷികാദായനികുതി ചുമത്തൽ ഇവിടത്തെ ഭൂരിപക്ഷം ആളുകൾക്കും വിഷമമുണ്ടാക്കുന്ന ഒരു ഏർപ്പാടാണ്. കാർഷികാദായനികുതി ചുമത്തുന്നതിനെപ്പറ്റി ആർക്കുംതന്നെ അഭിപ്രായവ്യത്യാസം ഉണ്ടാകയില്ലായിരിക്കാം. ഈ നികുതിയില്ലാതെ ദൈനം

[ശ്രീ. കെ. എം. ജാർജ്ജ്]

ദിനകാര്യങ്ങൾ കാര്യക്ഷമമായ വിധം പ്രവർത്തിക്കുന്നതിനു ഗവണ്മെന്റിനു സാദ്ധ്യമല്ലായിരിക്കാം. എന്നാലും നികുതി പിരിച്ചെടുക്കുന്ന രീതിയെപ്പററി ഈ നാട്ടിൽ അങ്ങോളമിങ്ങോളം എതിരായ അഭിപ്രായമുണ്ടെന്നു സഭയുടെ അറിവിനായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. എനിക്കു മുമ്പു സംസാരിച്ച പല മെമ്പർമാരും പ്രസ്താവിച്ചതുപോലെ ഈ നാട്ടിലെ മുതലാളിമാരെ സാധാരണയായി കാർഷികാദായനികുതി ഈടാക്കുന്നതിൽ നിന്നു ഒഴിവാക്കിക്കൊണ്ടു സാധുക്കളെ കഷ്ടപ്പെടുത്തുന്ന ഒരു പതിവാണു ഇവിടെ കണ്ടുവരുന്നതു്. സാധു കർഷകനു പത്തോ പതിനഞ്ചോ രൂപ കാർഷികാദായനികുതി ചുമത്തിയാൽ അതിൽ നിന്നൊഴിയുവാൻ അപ്പീൽ കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ടു് ഓർത്തിട്ടു് അവൻ അതു ഗവണ്മെന്റിനു കൊടുക്കുകയാണു ചെയ്യുന്നതു്. മുതലാളിമാർ ഇതിൽനിന്നൊഴിയുന്നതു സാധാരണയായി അതിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് കൈക്കൂലി കൊടുത്തുകൊണ്ടാണു്. ഒരു പ്രദേശത്തു ഇത്രമാത്രം കാർഷികാദായനികുതി ഏർപ്പെടുത്തണമെന്നു് അധികൃത സ്ഥാനങ്ങളിൽനിന്നും സൂചന കൊടുക്കുന്നതനുസരിച്ചു് അവർ കഴിയുന്നതും മുതലാളിമാരെ അതിൽനിന്നു ഒഴിവാക്കിക്കൊണ്ടു് ആ നികുതി കൂടി സാധു കർഷകന്റെ നികുതിയിൽ കൂട്ടി വസൂൽ ചെയ്യുകയാണു് പതിവു്. മുതലാളിമാരെ ന്യായമായ നികുതിയിൽനിന്നു് മേലുദ്യോഗസ്ഥന്മാർപോലും ഒഴിവാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉള്ളതുകൊണ്ടു് കീഴ്ജീവനക്കാർ വല്ലതും അവരുടെ കയ്യിൽനിന്നും വാങ്ങി സാധു കർഷകനെ കൂടുതൽ നികുതി ചുമത്തുന്ന-സമ്പ്രദായമാണു് കണ്ടുവരുന്നതു്. ഇതു വളരെ പരിതാപകരമായ ഒരവസ്ഥയാണു്. കാർഷികാദായനികുതി തിട്ടപ്പെടുത്തുന്നതിൽ വളരെ അനാശാസ്യമായ ഒരു രീതിയാണു കൈക്കൊള്ളുന്നതു്. മലനാടുകളിലെ കാർഷികാദായനികുതി തിട്ടപ്പെടുത്തുന്നതിനു സാധാരണയായി ഉദ്യോഗസ്ഥന്മാർ അവിടെ ചെല്ലാതെ സ്വന്തം ആഫീസുകളിൽ ഇരുന്നുകൊണ്ടാണു ആ കാര്യങ്ങൾ നിർവഹിച്ചുവരുന്നതു്. ഇതിൽ വളരെയധികം അഴിമതികൾ നടക്കുവാനുള്ള സാഹചര്യങ്ങളുണ്ടു്. പ്രലോഭനങ്ങൾക്കു് ഇത്രയും അവസരമുള്ള വേറെ വകുപ്പു് ഉണ്ടോയെന്നു സംശയമാണു്. അതുകൊണ്ടു നികുതി പിരിക്കുന്നതിനായി ആ വകുപ്പിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർ വളരെ കാര്യക്ഷമതയും സത്യസന്ധതയും ഉള്ളവരായിരുന്നാൽ മാത്രമേ കർഷകരുടെ കാര്യങ്ങൾ ന്യായമായി നടക്കുകയുള്ളു. മുതലാളിമാരുടെ ഭീഷണിയ്ക്കും കൈക്കൂലിയ്ക്കും അടിമപ്പെട്ടു പ്രവർത്തിക്കാത്ത മനഃസ്ഥിതി ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കു ഉണ്ടാകണമെങ്കിൽ അവർക്കു നല്ല ശമ്പളം കൊടുക്കണം. അതില്ലാത്തതുകൊണ്ടു അവർ കൈക്കൂലിവാങ്ങുവാൻ നിർബ്ബന്ധിതരായേക്കാം. കൈക്കൂലി ധാരാളം വാങ്ങുവാൻ വളരെ സൗകര്യമുള്ള ഒരു വകുപ്പാണിതു്.

സർ, കാർഷികാദായനികുതി പിരിക്കുന്നതിൽ വളരെ വളരെ അനീതികൾ നടക്കുന്നുണ്ടു്. അതുകൊണ്ടു നമ്മുടെ ഗവണ്മെന്റു് അപ്രകാരമുള്ള അനീതികൾ നടക്കാതിരിക്കുവാൻ വേണ്ട ശ്രദ്ധ ചെലുത്തേണ്ടതാണെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ആർ. കേശവപിള്ള : സർ, ഈ സെയിൽസ്ടാക്സിനെ സംബന്ധിച്ചിടത്തോളം ഇതു റഷ്യയിലെ നയത്തിൽനിന്നു ഇവിടെ പകത്തിയതാണെന്നു ധനകാര്യമന്ത്രി പറഞ്ഞതായി പ്രതിപക്ഷത്തുനിന്നു പറഞ്ഞു. റഷ്യയിൽമാത്രമല്ല ? സെയിൽസ്ടാക്സ് പലസ്ഥലത്തുമുണ്ട്.

വേറെ ഒരാക്ഷേപമുണ്ടായതു് കോൺഗ്രസ് പാർട്ടിക്കു് ഒരു നയമില്ല എന്നാണ്. കാൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അതിന്റെ നയം "maximum advantage to the people of the State with least taxation possible." എന്നാണ്. അതായതു് കുറഞ്ഞ തരത്തിൽ ടാക്സ് ഏർപ്പെടുത്തുക, ആളുകൾക്കു എത്രമാത്രം ഉപയോഗപ്രദമായിരിക്കുമോ ആ നിലയിൽ പ്രവർത്തിക്കുക ഇതാണ് കോൺഗ്രസ്പാർട്ടിയുടെ നയം. ഇനി കോൺഗ്രസ്സ് പാർട്ടിയും ഇവിടത്തെ മെമ്പർമാരും എന്തെല്ലാം സംഗതികളാണു നടത്തിയിട്ടുള്ളതെന്നു എല്ലാവർക്കും അറിയാം. രണ്ടു ദിവസം മുമ്പു ഇവിടത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് വിസ്തരിച്ചു് പറയുകയുണ്ടായി. അതുപോലെ ആശുപത്രികൾ ഉണ്ടാക്കുക മുതലായ ജനക്ഷേമകരങ്ങളായ പല സൌകര്യങ്ങളും ചെയ്യുക, തൊഴിലാളികൾക്കു പ്രയോജനകരവും ഉപയോഗപ്രദവുമായ പല പ്രവത്തനങ്ങളും ചെയ്യുക, ഇങ്ങനെ പല രീതിയിലാണു ഗവണ്മെൻറ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. അങ്ങനെ ആളുകൾക്കു ഉപകാരപ്രദങ്ങളായ പല കാര്യങ്ങളും ചെയ്യുന്നതിനു ഗവണ്മെൻറിനു പണം വേണം; കരം കൂടുതൽ ഈടാക്കുവാനും പാടില്ല. പിന്നെ എങ്ങിനെയാണു കാര്യങ്ങൾ നടത്തുന്നതു്. ഇതിനെ സംബന്ധിച്ചു് പറയുമ്പോൾ ഒരു പ്രസംഗം എന്റെ ഓർമ്മയിൽ വരുന്നുണ്ടു്. To tax and to please, no more than to love and be wise is not given to men".

ശ്രീ. ടി. പി. തോമസ്സ് : ഏതു നൂററാണ്ടിലാണു ഈ പ്രസംഗം ചെയ്തതു് ?

ശ്രീ. ആർ. കേശവപിള്ള : ഏതു നൂററാണ്ടിലാണെങ്കിലും സ്വീകാര്യമായ ചില തത്വങ്ങൾ ഇതിലുണ്ടു്. This is an everlasting principle and maxim that will last through out the duration of the world.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ : കാറൽമാർക്സ് ജനിക്കുന്നതിനു മുമ്പോ, ജനിച്ചതിനു ശേഷമോ ?

ശ്രീ. ആർ. കേശവപിള്ള : അദ്ദേഹത്തിന്റെ ജനനത്തീയതി എനിക്കോർമ്മയില്ല.

ഒരു പക്ഷത്തുനിന്നും പറയും എല്ലാ കരങ്ങളും കുറയ്ക്കണമെന്നു്, അതേ സമയംതന്നെ മറെറാരു കൂട്ടർ പറയും ഇവിടെ ആവശ്യമായ പല പ്രവർത്തനപദ്ധതികളും നടപ്പാക്കുവാൻ ഗവണ്മെൻറ തയാറാകുന്നില്ല എന്നു്. എങ്ങനെയാണ് ഇതു രണ്ടും കൂടി യോജിപ്പിച്ചുകൊണ്ടുപോകുക? കാർഷികാദായനികുതി വളരെ പ്രോഗ്രസ്സീവു ആയിട്ടുള്ള നികുതിയാണു്. ഇതിനെ സംബന്ധിച്ചു പ്രതിപക്ഷത്തുനിന്നു വളരെ എതിരഭിപ്രായങ്ങൾ കാണുന്നുണ്ടു്. രാജ്യത്തു പുരോഗമനപരമായി ചെയ്യുന്ന കാര്യങ്ങളെ ആക്ഷേപിക്കുന്നതു് തെററാണെന്നാണെന്റെ അഭിപ്രായം. ഈ നികുതി ഈ രാജ്യത്തു് ഏർപ്പെടുത്തുന്നതുകൊണ്ടു് ബുദ്ധിമുട്ടുണ്ടെന്നുള്ള അഭിപ്രായർ

[ശ്രീ. ആർ. കേശവപിള്ള.]

ഇല്ലെന്നുള്ളതു തീർച്ചയാണ്. വളരെ ആളുകളും കുറവായ സ്ഥലമുള്ളവരാണ്. അവക്ക് സെൻറിന് കാലണമാത്രം കൊടുത്താൽമതി കൂടുതൽ സ്ഥലമുള്ളവക്ക് കാർഷികാദായ നികുതി ഒരിക്കലും ദോഷകരമല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ നികുതികൾ രണ്ടും ഇവിടെ മാത്രമല്ല, മററു പല രാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. സെയിൽസ് ടാക്സ് ആദ്യമായി ഏർപ്പെടുത്തിയതു് ജമ്മനിയിലാണ്.

"The first country to introduce in some form the modern sales taxes was Germany. France, Belgium, Canada and Italy quietly followed, and, in the present day, the tax is in operation in twenty-five States of the United States of America, three Dominions of the British Commonwealth, twelve countries of Europe and six Republics of South America."

ഇതു വളരെ വ്യാപകമായ ഒരു നികുതിയാണ്. ഈ നികുതിയിനത്തിൽനിന്നു എട്ടിലൊന്നുഭാഗം വരവു ഈ ഈ രാജ്യത്തുണ്ട്. നികുതി നിറുത്തിയാൽ എങ്ങിനെയാണ് രാജ്യക്ഷേമകരങ്ങളായ പ്രവൃത്തനപദ്ധതികൾ നമുക്കു മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുന്നതു്. സകല നികുതികളും ചുരുക്കി സകല കാര്യങ്ങളും രാജ്യക്ഷേമകരങ്ങളായി നടത്തണമെന്നു പറഞ്ഞാൽ എങ്ങനെയാണ് അതു സാധിക്കുക. പ്രതിപക്ഷത്തുനിന്നു എന്തെങ്കിലും ആക്ഷേപം പുറപ്പെടുവിക്കണമെന്നല്ലാതെ നിർമ്മാണപരമായ യാതൊരാക്ഷേപവും അവക്കു ചെയ്യുവാനില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : സർ കാർഷികാദായനികുതിയെപ്പററിയും വില്പന നികുതിയെപ്പററിയുമാണ് ഇന്നലെയും ഇന്നും ഈ സഭയിൽ വാദപ്രതിവാദം നടന്നതു്. നമ്മുടെ ബഡ്ജററിൽ കാർഷികാദായ നികുതിയിനത്തിലുള്ള വരവിൻെറ സിംഹഭാഗവും നമ്മുടെ രാജ്യത്തെ തോട്ടം ഉടമകളിൽനിന്നും വലിയ വസ്തു ഉടമസ്ഥന്മാരിൽനിന്നുമാണ് കിട്ടുന്നതു്. അതു വിട്ടു ഏതാനും ചില മുതലാളികളും ഈ നികുതി കൊടുക്കേണ്ടിവരുന്നുണ്ട്. അതായതു മൂവ്വായിരം ഉറുപ്പികയിൽ കൂടുതൽ കാർഷികാദായം കൊല്ലന്തോറും ഉള്ളവരിൽനിന്നാണ് ഈ നികുതി വസൂലാക്കുന്നതു്. ഇങ്ങനെ പണക്കാരായ, കൂടുതൽ ഭൂമി ഉടമയുള്ള, ആളുകളുടെ മേലുള്ള ഒരു നികുതിയാണിതു്. ഈ നികുതിയുടെ പ്രാധാന്യത്തെപ്പററി ഈ നിയമസഭയുടെ ഒരു ഭാഗത്തുനിന്നും ചോദ്യം ഉണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നുണ്ട്. എന്നാൽ ഈ നികുതി ചുമത്തുന്ന കാര്യത്തിൽ ചില പ്രമാദങ്ങൾ ഉണ്ടെന്നു പറഞ്ഞു. കാർഷികാദായത്തിൻെറ കണക്കു കൃഷിക്കാർ വയ്ക്കുന്നില്ല. അതുകൊണ്ടു കണക്കുവിട്ടു കൂടുതൽ നികുതി കൊടുക്കേണ്ടി വരുന്നുണ്ട് എന്നു പല മെമ്പർമാരും പറഞ്ഞു. എനിക്കു അതിനെപ്പററി പറയുവാനുള്ളതു് കാർഷികാദായനികുതി കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി നമ്മുടെ രാജ്യത്തു് നടപ്പിൽ വന്നിട്ടുള്ളതുകൊണ്ടു വലിയ വരുമാനമുള്ള കൃഷിക്കാർ മേലിൽ കണക്കുവയ്ക്കുന്നതു നന്നായിരിക്കുമെന്നാണ്. കണക്കു വയ്ക്കാതിരിക്കുന്ന കൃഷിക്കാർക്കുള്ള വരുമാനം എത്രയാണെന്നു തീരുമാനിക്കുന്നതിനു ഡിപ്പാർട്ടുമെൻറിനും ബുദ്ധിമുട്ടുണ്ടെന്നാണ് എനിക്കു ബോദ്ധ്യമായിട്ടുള്ളതു്. ഇതു രണ്ടും വിട്ടുള്ള

വലിയ പ്രമാദങ്ങൾ, അതു കാർഷികാദായനികുതിയുടെ തത്വത്തെ ബം ധിക്കുന്ന ഒന്നല്ലെന്നു പറയേണ്ടിയിരിക്കുന്നു.

വില്പനനികുതിയെപ്പററിയും ഇവിടെ വാദപ്രതിവാദമുണ്ടായി. വില്പനനികുതിയെ ബഹുമാനപ്പെട്ട ആലപ്പുഴ മെംബറും അദ്ദേഹത്തിന്റെ കൂട്ടുകാരും ഇന്നലേയും ഇന്നും വളരെ ശക്തിയായി എതിർത്തു കണ്ടതിൽ എനിക്കു വലിയ അത്ഭുതമാണു് ഉണ്ടായിട്ടുള്ളതു്. സർ, ഏതാനും ദിവസമായി ഈ സഭയിലെ പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ അവലംബിച്ച നയം കണ്ടപ്പോൾ കുറച്ചെല്ലാം ഉത്തരവാദത്തോടു കൂടി ഈ സഭയിൽ കാര്യങ്ങൾ ഭംഗിയായി കേൾക്കുവാൻ അവർക്കു സന്നദ്ധതയുണ്ടെന്നു് ഞാൻ വളരെ ആശാപൂർവ്വം വിശ്വസിച്ചു. പക്ഷെ ശ്രീ. ടി. വി. തോമസിന്റെയും കൂട്ടുകാരുടേയും പ്രസംഗം ഇന്നലെയും ഇന്നുമായി കേട്ടപ്പോൾ ആ ആശ അസ്ഥാനത്താണെന്നു നിശ്ചയിക്കുവാൻ കാരണമായിരിക്കുന്നു. പ്രതിപക്ഷത്തെ നേതാവു് ആവശ്യപ്പെടുന്നതു് രണ്ടരക്കോടി രൂപാ വരുമാനമുള്ള സെയിൽസ് ടാക്സ് ഏർപ്പാടു് ഉപേക്ഷിക്കണമെന്നാണു്. ഈ സെയിൽസ് ടാക്സ് എന്നുള്ള ഇനം എന്നെക്കൊണ്ടല്ല, ഈ ഗവണ്മെൻറിനെക്കൊണ്ടല്ലാ, ഇനി ഒരു ഗവണ്മെൻറിനെക്കൊണ്ടും ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല. ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലും സെയിൽസ് ടാക്സ് അവരുടെ നികുതിസമ്പ്രദായത്തിൽ അഭേദ്യമായ ഒരു ഭാഗമായി തീർന്നിട്ടുണ്ടു്. അതു് നമ്മുടെ ടാക്സ് Structure-ൽ അലിഞ്ഞു ചേർന്നിട്ടുണ്ടു്. സെയിൽസ്ടാക്സ് നമ്മുടെ രാജ്യത്തു തുടങ്ങിയതു് മദ്യനിരോധനം തുടങ്ങുവാൻ ഉദ്ദേശിച്ച സമയമാണെന്നുള്ളതു് വാസ്തവമാണു്. മദ്യനിരോധനം മുഴുവനാകുന്നില്ല എന്നുവെച്ചു് സെയിൽസ്ടാക്സ് ചുമത്തുവാനേ പാടില്ലാ എന്നു പറയുന്നതു് ശരിയല്ല. ഇന്നു് എല്ലാ രാജ്യങ്ങളിലും വില്പന നികുതി ഈടാക്കിവരുന്നുണ്ടു്. ഈ സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ അധികൃതമായി ഒരു ഗ്രന്ഥത്തിൽനിന്നു് റഷ്യയിൽപോലും വില്പന നികുതി ഉണ്ടെന്നു പറഞ്ഞു. ഇന്നും ഇന്നലെയും നടന്ന പ്രസംഗങ്ങളിൽ അതിനെപ്പററി നിഷേധിക്കാതിരുന്നതുകൊണ്ടു് ഞാൻ ചെയ്ത പ്രസ്താവന ചോദ്യം ചെയ്യുവാൻ പാടില്ലാത്തതാണെന്നു വിചാരിക്കുന്നു. റഷ്യയിൽ അങ്ങനെ ഉണ്ടെന്നു പറഞ്ഞതു്.

<u>ശ്രീ. ടി. വി. തോമസ്</u>: റഷ്യയിൽ നടപ്പിലാക്കിയിരിക്കുന്ന സമ്പത്തികവ്യവസ്ഥയിൻകീഴിൽ ഈ ടാക്സിനു റിഗ്രേസ്സീവ് സ്വഭാവം ഇല്ലെന്നു് അറിയാമൊ ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: റഷ്യയിൽ ഉള്ളതുകൊണ്ടു് അതു ശരിയാണെന്നുള്ളതല്ല ഞാൻ പറഞ്ഞതു്. എല്ലാ രാജ്യങ്ങളിലും സെയിൽസു ടാക്സു് ഉണ്ടു്. റഷ്യയിലും ഉണ്ടു്. അത്ര മാത്രം സാർവത്രികമായ ഒന്നാണു് ഈ സെയിൽസ് ടാക്സ് എന്നു ഞാൻ പറയുകയാണു്. ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഈ ചോദ്യം ചോദിച്ചതുകൊണ്ടു ഞാൻ ഒരു കാര്യം പറയാം. റഷ്യയിൽ ഉൽപ്പാദനം മുഴുവൻ സ്റ്റേററിന്റെ കൈവശമാണു്. വിൽപ്പനനികുതിമൂലം റഷ്യയിൽ സമ്പാദിക്കുന്നതായ സാമാനങ്ങളുടെ വില കിട്ടുകയാണു് ചെയ്യുന്നതെങ്കിലും ഉപഭോക്താവിനു താൻ സ്വീകരിക്കേണ്ട സാധനങ്ങളുടെ വില കൂട്ടുകയാണു് ചെയ്യുന്നതു്. റഷ്യൻസ്റ്റേററിനു് അവിടെ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

സമ്പാദിക്കുന്ന സാധനങ്ങൾക്കു വില കൂട്ടാൻ വേറെ മാർഗ്ഗങ്ങളുണ്ടായിട്ടും അതു ചെയ്യാതെ വില്പനനികുതി ഈടാക്കുന്നതിൽനിന്നും അതിന്റെ പിന്നിൽ ഒരു മഹത്തായ തത്വമുണ്ടെന്നു മനസ്സിലാക്കുവാൻ കഴിയും. അപ്പോൾ രണ്ടര കോടി ഉറപ്പിക വരുമാനമുള്ള ഈ വില്പന നികുതി വിടണമെന്നു പ്രതിപക്ഷത്തുള്ള അംഗങ്ങളിൽ ചിലർ പറഞ്ഞതു് അതു നടത്തുവാൻവേണ്ടി പറയുന്ന ഒരു കാര്യമല്ല. വാദപ്രതിവാദത്തിനുവേണ്ടി പറയുന്ന ഒരു കാര്യമാണെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. എങ്കിലും എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഇന്നലെ വില്പന നികുതി നമ്മുടെ നാട്ടിലെ പാവങ്ങളെ ബാധിക്കുന്ന നികുതിയാണു്, ഇതു പാവങ്ങളുടെ പിച്ചച്ചട്ടിയിൽനിന്നു കൈയ്യിട്ടു വാരുന്നതിനുള്ള നികുതിയാണു് എന്നു പറഞ്ഞു. എന്നാൽ ഈ നികുതി കൊടുക്കേണ്ടി വരുന്നതു് ആരാണു്. ഏതു വിധത്തിലാണു് ഈ നികുതി പാവങ്ങളെ, സാമാന്യജനങ്ങളെ, ബാധിക്കുന്നതു് എന്നു ഇന്നലെയും ഇന്നുമായി ഇവിടെ നടന്ന പ്രസംഗങ്ങൾ കേട്ടപ്പോൾ ഞാൻ വളരെ ഉൽക്കണ്ഠാപൂർവ്വം പരിശോധിച്ചു. അതിന്റെ ഫലം ഞാൻ ഈ സഭയെ അറിയിക്കാം. നമ്മുടെ രാജ്യത്തെ ആളുകളെ ൪ ആയി തരംതിരിക്കാം. ഒന്നു പ്ലാന്റേഷനിലും ഫാക്ടറികളിലും വേല എടുക്കുന്ന തൊഴിലാളികൾ, മറെറാന്നു ഏതെങ്കിലും ഒരു നിശ്ചിതമായ മുതലാളിയുടെ കീഴിലല്ലാതെ വേലയെടുക്കുന്ന തൊഴിലാളികൾ, മൂന്നാമതു് ചെറിയ ചെറിയ കൃഷിക്കാർ, നാലാമതു് പണക്കാരായ മുതലാളികൾ. ഇതിൽ ആരുടെമേലാണു് ഈ നികുതി ചെന്നുവീഴുന്നതു് എന്നുള്ളതിനെപ്പററി ചെറിയ ഒരു ഉദാഹരണംമാത്രം എടുത്തു വിശദീകരിക്കാം. അടുത്ത് ഏതാനും ദിവസങ്ങൾക്കുമുമ്പു് നമ്മുടെ തോട്ടങ്ങളിലെ തൊഴിലാളികളുടെ ചുരുങ്ങിയ കൂലി എന്താണെന്നു നിശ്ചയിക്കുവാൻ ഒരു കമ്മിററി പ്രവർത്തിക്കുകയുണ്ടായി. ആ കമ്മിററിയുടെ അദ്ധ്യക്ഷനായിരുന്നതു് നമ്മുടെ രാജ്യത്തെ യൂണിവേഴ്സിററിയിൽ ഒരു പ്രസിദ്ധ എക്കണോമിസ്റ്റായ ശ്രീ. വി. ആർ. പിള്ള ആണു്. ആ കമ്മിററിയുടെ റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തുവാൻ ഏർപ്പാടു് ചെയ്തിട്ടുണ്ടു്. ആ റിപ്പോർട്ടുപ്രകാരം തോട്ടത്തിൽ ജോലി ചെയ്യുന്ന ഒരു തൊഴിലാളിക്കു ഒരു മാസത്തേക്കു വില്പന നികുതി ഉൾപ്പെടെ വരുന്ന ചിലവു് ൭൭ രൂപായാണു്. ഒരു തൊഴിലാളിക്കു് ൭൭ രൂപാ ചിലവു വരുന്നു എന്നു കണക്കാക്കീട്ടാണു് മിനിമംവേജ് നിശ്ചയിച്ചിരിക്കുന്നതു്. ഇതിൽ വില്പന നികുതിയുംപെടും. ഈ ൭൭ രൂപാ ചിലവു് കണക്കാക്കിയിരിക്കുന്നതു് ഏതു വിധത്തിലാണെന്നു പറയാം. അരി ഒരു മാസം ൧൨-൧൫-൪ രൂ., മില്ലററ് ൭-൧൫-൭ രൂ. പരിപ്പു് ൫-൯-൭ രൂ. Tubers അതായതു കപ്പ മുതലായവയ്ക്കു് ൨-൩-൭ രൂ. മലക്കറി ൧൦-൩-൪ രൂ. പാൽ ൭-൧൪-൭ രൂ. വെളിച്ചെണ്ണ, നല്ലെണ്ണ ൧൨-൧൬-൪ രൂ. പഞ്ചസാര ൫-൧൨-൦ രൂ. പലവ്യഞ്ജനം ൨-൭-൦ രൂ. ചായയും, കാപ്പിയും ൨-൭-൦ രൂ. തുണി ൧൦-൪-൭ രൂ. വിറകു് മണ്ണെണ്ണ ൧-൪-൭ രൂ. മററവീടാവശ്യം ൦-൧൨-൦ രൂ. പലവക ൫-൧൩-൭ രൂ. ഇങ്ങനെയാണു് കണക്കാക്കിയിരിക്കുന്നതു്. ഈ ൭൭ രൂപായിൽനിന്നു സംഗതിവശാൽ അവർ സാധനങ്ങൾ വാങ്ങുന്ന സന്ദർഭത്തിൽ രൂപയ്ക്കു

൬ പൈ വീതം സെയിൽസ്ടാക്സ് കൊടുക്കേണ്ടിവരും എന്നു വിചാരിക്കുകയാണെങ്കിൽ ഇതിൽ കൊടുത്തിരിക്കുന്ന സാമാനങ്ങൾക്ക് എല്ലാം കൂടി സെയിൽസ്ടാക്സ് വരുന്നതു് ൧-൬-൦ ക. യാണു്. പക്ഷെ സെയിൽസ്ടാക്സ് ചുമത്തുന്ന കാര്യത്തിൽ ഗവണ്മെന്റ വളരെ ബുദ്ധിപൂർവ്വമായ ഒരു നയം ഇതിന്റെ പിന്നിൽ പ്രയോഗിച്ചിട്ടുണ്ടു്. ഈ നയംമൂലം ഇവിടെ പറഞ്ഞ ഇനങ്ങളിൽ ഏതാനും ചിലതിനുമാത്രമേ വില്പന നികുതിയുള്ളു. അരി, ആയിൽ, Kerosene oil, കപ്പ, പച്ചക്കറി, പാൽ, ഈ വക സാധനങ്ങൾക്കൊന്നിനും വില്പന നികുതിയില്ല. അപ്പോൾ ഇവിടെ തന്നിട്ടുള്ള കണക്കുവച്ചു് മററ സാധനങ്ങളുടെ വില്പനനികുതി നോക്കുകയാണെങ്കിൽ ഈ ൮൪ രൂപയിൽ ൧ ൦ ണ. ൬ പൈ. മാത്രമാണു് സെയിൽസ്ടാക്സ് വീഴുന്നതു്. ഈ ൧ ൦ ണ. ൬ പൈ. അവർ കൊടുക്കുകയല്ലാ ചെയ്യുന്നതു്. ൮൪ രൂപ ഒരു മാസം ഒരു തൊഴിലാളിയുടെ കുടുംബത്തിനു ചിലവഴിക്കുന്ന അവസരത്തിൽ സെയിൽസ്ടാക്സിലേയ്ക്കു് ൧ ൦ ണ. ൬ പൈ. വരുന്നു. ഈ സെയിൽസ്ടാക്സ് കൊടുക്കുന്നതു് തൊഴിലാളിയല്ല. ജീവിതച്ചെലവു അനുസരിച്ചു് തോട്ടമുടമകളും മററു മുതലാളികളും തൊഴിലാളികൾക്കു് കൂലി കൊടുക്കുവാനും വേതനം കൊടുക്കുവാനുമാണു് വഴിയുള്ളതു്. വേതനം കൊടുക്കുന്നതു് ആരാണോ അവനാണു് സെയിൽസ് ടാക്സിന്റെ ഭാരം വഹിക്കേണ്ടിവരുന്നതു്. അതുകൊണ്ടു് ചില്ലറ കാര്യങ്ങളിൽ സെയിൽസ്ടാക്സ് ചുമത്തിയാലും തൊഴിലാളിക്കു് സെയിൽസ്ടാക്സ് ഉൾപ്പെടെ ൮൪ രൂപാ ചിലവുണ്ടെന്നു കണക്കാക്കി അവരുടെ കൂലി ഫിക്സ് ചെയ്തിട്ടുള്ളതുകൊണ്ടു ൮൪ രൂപായിൽ ൧ ൦ ണ. ൬ പൈ. സെയിൽസ് ടാക്സ് കൊടുക്കേണ്ടതു് മുതലാളിയാണെന്നു വെളിപ്പെടുന്നു. ഈ തത്വംതന്നെ മററ ഫാക്ടറികളിലും ഉപയോഗിക്കുവാൻകഴിയും. ഫാക്ടറി തൊഴിലാളികളും തോട്ടം തൊഴിലാളികളും അല്ലാത്തവരുടെ കാര്യത്തിൽ—

ശ്രീ. പട്ടം താണുപിള്ള : മിനിമംവേജസ് കമ്മിററിയുടെ റിപ്പോർട്ടു് അനുസരിച്ചു് തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് മറെറാരു ചോദ്യമാണു്. എന്നാലും മുഴുവനും അനുവദിച്ചിട്ടില്ല. പിന്നീടുള്ളതു് ഈ നാട്ടിലെ മററ തൊഴിലാളികളാണു്. അവരുടെ കൂലി നിർണ്ണയപ്പെടുത്തുന്നതു് കമ്പോളങ്ങളിലെ വില അനുസരിച്ചാണു്. അതുകൊണ്ടു് അവർക്കു് ൮൪ രൂപ കുടുംബ ആവശ്യത്തിനു് ചിലവുണ്ടെങ്കിൽ അതിനു് കൊടുക്കേണ്ടിവരുന്ന സെയിൽസ ടാക്സ് ൧ ൦ ണ. ൬ പൈ. കൊടുക്കേണ്ടിവരുന്നതു് കൂലി കൊടുക്കുന്ന ആളുകളാണു്. അതു കൊണ്ടു് ൧ ൦ ണ. ൬ പൈ വില്പനനികുതി ചുമത്തിയിരിക്കുന്നതു് കഷ്ടമാണു് എന്നു വാദിക്കുന്നതു് ആർക്കുവേണ്ടിയാണു്? ആരുടെ കയ്യിൽ നിന്നാണോ വേതനം കൊടുക്കുന്നതു് അവരുടെമേലാണു് ഈ ടാക്സ് ചെന്നുവീഴുന്നതു് എന്നുള്ളതു് ശരിയാണു്. ഇനി നമ്മുടെ ഇടത്തരം കൃഷിക്കാരുടെ കാര്യമാണെങ്കിൽ, അര ഏക്കറോ, ഒരേക്കറോ, രണ്ടു് ഏക്കറോ കൃഷിഭൂമി കൈവശംവച്ചു് കൃഷിചെയ്തു ജീവിക്കുന്നവരുടെ കാര്യത്തിലാണെങ്കിൽ,

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

അവരുടെ ഒരു മാസത്തെ വരവു് ൭൭ രൂപ ആണെന്നുവെച്ചാൽ ൧ ൦ണ. ൯ പൈയാണു് അവരും നികുതി കൊടുക്കേണ്ടിവരുന്നതു്. അവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കു് വില കൂടുതൽ ഉള്ളതുകൊണ്ടു് അവക്കും ഈ നികുതികൊണ്ടു് ബുദ്ധിമുട്ടുണ്ടാകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: മുതലാളിക്കു് എവിടെ നിന്നാണു കഴിവുണ്ടാകുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുതലാളിക്കു് അതുണ്ടാകുന്നതു് പ്രയത്നംകൊണ്ടാണു്.

ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ സെയിൽസു ടാക്സ് ഈ രാജ്യത്തെ പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽനിന്നു പിരിക്കുന്ന നികുതിയാണെന്നു പറഞ്ഞതുകൊണ്ടു് ഞാൻ അതിനെക്കുറിച്ചു് ഉൽക്കണ്ഠാപൂർവം പരിശോധിച്ചതിൽ എനിക്കു കിട്ടിയ വിവരങ്ങളാണു് ഞാൻ സഭയുടെ മുമ്പിൽ വച്ചതു്. ഈ സെയിൽസ് ടാക്സ് വാസ്തവത്തിൽ കൂലിയും വേതനവും കൊടുക്കുന്നവരുടെ മേലാണു് ചെന്നുവീഴുന്നതു്. ഇതിന്റെ സാമ്പത്തികവശത്തെക്കുറിച്ചു ഗവേഷണം നടത്തേണ്ട വഴിയെ പററി ഞാൻ ഈ പ്രസംഗത്തിൽ സൂചിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്.

സെയിൽസു ടാക്സ് പിരിക്കുന്ന സമ്പ്രദായംകൊണ്ടു് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു് എന്നു പറയുകയുണ്ടായി. ഇവിടെ മൾട്ടിപ്പായിന്റ സെയിൽസു ടാക്സാണു്. ബാംബയിൽ മാത്രമാണു് സിങ്കിൾ പായിന്റ ടാക്സ് ഉള്ളതു്. അവിടെ മൾട്ടിപായിന്റ ആക്കുവാനുള്ള പദ്ധതികൾ തയാറാക്കിവരുന്നുണ്ടു്.

ഇനി സെയിൽസ് ടാക്സിന്റെ പ്രവർത്തനത്തെപ്പററിയുള്ള ഗുണദോഷങ്ങളെക്കുറിച്ചു നോക്കുന്നതിനു് ഒരു അന്വേഷണം നടത്തണമെന്നു് ഗവണ്മെന്റ് വിചാരിക്കുന്നുണ്ടു്. കഴിഞ്ഞ നാലഞ്ചു കൊല്ലമായി സെയിൽസ് ടാക്സിന്റെ പ്രവർത്തനംമൂലം എന്തെല്ലാം ദോഷങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുവാൻ സാധിക്കുമോ എന്നും അറിയുന്നതിനു് ഒരു അന്വേഷണം നടത്തുവാൻ ഗവണ്മെന്റ ഉദ്ദേശിക്കുന്നുണ്ടു്. ഇതിൽക്കൂടുതൽ ഒന്നും എനിക്കു് ഈ അവസരത്തിൽ പറയുവാനില്ല. ഇതു് പാവപ്പെട്ടവനെ ദ്രോഹിക്കുന്ന ഒരു ടാക്സ് ആണെന്നും അതുകൊണ്ടു് അതു് കളയേണ്ടതാണെന്നും പറഞ്ഞതു് ഗവണ്മെന്റിനു സ്വീകരിക്കുവാൻ നിവൃത്തിയില്ല. ഈ ടാക്സ് ഗവണ്മെന്റിനു് ആവശ്യമാണു്. ബഹുമാനപ്പെട്ട ആലപ്പുഴ മെംബറും മററു ആളുകളും പറഞ്ഞതുപോലെ ഇതുകൊണ്ടു് ബുദ്ധിമുട്ടും കുഴപ്പവും ഉണ്ടെങ്കിൽ അതു് തള്ളുവാൻ ഗവണ്മെന്റ ഒരുക്കമായിരുന്നു. പക്ഷെ അതിനെക്കുറിച്ചു് പരിശോധിച്ചതിൽ ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഈ ടാക്സ് പാവപ്പെട്ടവനെ ബാധിക്കുന്ന ഒരു ടാക്സാണെന്നു പറഞ്ഞതു് അടിസ്ഥാനരഹിതമാണെന്നും ഈ ഗവണ്മെന്റ ബുദ്ധിപൂർവ്വം സെയിൽസ് ടാക്സിന്റെ കാര്യത്തിൽ അംഗീകരിച്ചിട്ടുള്ള എക്സംഷൻസുമൂലം നമ്മുടെ നാട്ടിലെ പാവങ്ങൾക്കു് ഇതുമൂലം

യാതൊരു ഉപദ്രവം ഉണ്ടാകുന്നില്ല എന്നും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

The cut motions moved by Shri T. V. Thomas and Shri P. S. Nataraja Pillai were, by leave, withdrawn.

The cut motion moved by Shri K. K. Chellappan Pillai was deemed to have been withdrawn as the Member was absent.

The question that Government be granted a sum of Rs. 4,55,700 under Demand I — Agricultural Income Tax and Sales Tax — was put and carried.

The grant was made.

Demand XXVII — Civil Works.

Minister for Works and Transport **(Shri Kalathil Velayudhan Nair) :** I move for a grant of Rs. 1,61,69,200 under Demand XXVII — Civil Works.

Shri K. Kochukuttan : I second it.

Mr. Speaker : For a proper discussion of this Demand, I may suggest that Motion No. 6. (standing in the name of Shri Nataraja Pillai), No. 20 (standing in the name of Shri Krishnankutty Warrier), and No. 87 (standing in the name of Shri T. K. Krishnan) be moved and then discussion may be started.

Shri P. S. Nataraja Pillai : Sir, I move,

To reduce the allotment of Rs. 48,51,000 for original work — buildings by Re. 1.

Under the heading Original Works — Buildings, the Budget estimate for 51-52 was 30 lakhs, but in the revised estimate it was only 25 lakhs. It means that the department was not able to expend the 30 lakhs provided for the year 51-52 but spent only 25 lakhs and surrendered 5 lakhs. For the next year there is a provision of 48½ lakhs which is nearly 23 lakhs more than the revised estimate. The department expect to complete their building programme with this amount during the course of next year. If we split up this 48 lakhs we find that 33 lakhs is provided for Works in Progress and 15 lakhs for New Works. I do not know how this department will be able to spend 48 lakhs odd provided for this year. We do not know whether this is a real estimate or whether it is only a simple provision in the Budget and whether when the revised estimate and actuals come the result will be surrender of the unspent amount — these are matters for consideration by the House. I may also say that we are hard pressed for money for various other purposes. When there is a plea from Government benches that there is not adequate money to meet some of the other liabilities or necessities, I ask why there shoud be such over estimate and provision in the Budget which ultimately results in surrender. That is one aspect of the matter.

[Shri P. S. Nataraja Pillai]

From the Appendix we find a lump sum provision provided for buildings in Education Department and the amount is put at 2 lakhs. No details and no estimate could be seen there for this item of expenditure, and this is a lump sum provision. This is not even for works in progress. In contrast to this we will take works in progress and the way in which work in the department is progressing. Looking at page vii of the Appendix one would notice that a sum of Rs. 57,000 odd is provided for making additional accommodation for E. H. S. for Girls, Chengannoor and sanctioned for the year 49-50. The amount spent was only Rs. 14,000 odd in 1951 and the work is being continued. That is the pace at which such works are being executed. Therefore, even for works for which estimates are ready and where the work has begun, the progress is slow. In that set of circumstances, I do not know what purpose is served by making a lump sum provision of 2 lakhs for buildings. Unless the department is able to spent the amount provided for a particular work in the right manner, the amounts should not be set apart for that. For works which are under contemplation amounts may be provided and the department should see to the spending of the amounts for that item. In this connection, I am forced to say a word about the establishment charges of the department. For the whole department 10 per cent of the expenditure goes for establishment. Out of the total budget allotment of 220 lakhs for this department alone, 22 lakhs is spent on establishment charges. Last year there was some mystery in the establishment charges. Under that category the figure worked up to 53.4 lakhs and the revised estimate showed the amount as 50 lakhs. But this year it stands reduced to 22.28 lakhs. I think an explanation may be coming from the Minister that it is on account of the change of heading or due to wrong accounting system and so on. Whatever that be, this is the figure we have got in the Budget and if you look at the staff.

Shri Kalathil Velayudhan Nair : The establishment charges include expenditure under Irrigation, Capital Works and so the per centage may not come to 10 per cent as depicted by the hon. Member.

Shri P. S. Nataraja Pillai : Sir, at the moment I am not able to refute or accept that statement. Unless I examine the Budget under Capital Works and Irrigation, the per centage cannot be calculated. There is another wonderful aspect to be noted in the establishment charges. There is a provision for making Devicolam-Peermade road for cardamom marketing. I do not know whether there is a work like that going on. Then provision is made for reclamation of lands in Vandanmettu, Chalakudy and Kunnathukal. But we have heard it said that that programme has been postponed. Then another item is, investigation of improvements in Kodayar Project. This is an investigation charged for the last three years and the investigation specia

staff continues. What has been done by the department in these matters, we do not know. In the same way, there is heavy establishment charges incurred under lift irrigation works. A special staff of Executive Engineer, Assistant Engineers and Supervisors and staff continue for this special work. Sir, I can very well understand, when the lift irrigation programme was initiated and worked out, the necessity for such a staff. After the work is done, where is the need for such a special staff? I fail to see. I seriously ask, do you require such a staff for annual maintenance in that connection? Are we still having new lift irrigation projects?

Shri Kalathil Velayudhan Nair: There are two lift irrigation projects.

Shri P. S. Nataraja Pillai: So far that was one of the matters which I have to draw for the kind attention of the House. Now Sir, we have been asked to discuss the Budget on the basis of figures available for 1948. The hon. Minister for Civil Works was not kind enough to review the work relating to Civil Works for last year or the year before nor does he say anything about what he proposes to do for the coming year. Without adequate materials before us, how can we sit in judgement over the activities of the department is the question. But we on this side of the House are left to collect materials from the Budget figures presented from year to year. I ask, has the departmental report been published for 1950 to 51 or 51 to 52? Nothing of the kind has been attempted so far. Where are the statistics and facts about the projects to be completed by Government? All this the House has to gather from the bare figures which are furnished in the Budget for the various years. As for the lift irrigation project we are under the impression that a special staff was created for the coversion of dry lands into wet lands for food production. That is all over. Now we find very heavy establishment charges and the question is whether such charges are necessary and whether adequate work is extracted from them. That is for the serious consideration of the House.

Then a word about the Perurkada hospital. Provision has been made for improvement on it. I wish to draw the attention of the Council of Ministers to that matter. There are no windows or doors in the buildings provided there; there is not even sitting space, nor even a shelter for the poor women patients who average nearly 70 every month. In these circumstances, what I would urge is, money allotted to that Hospital should be utilised for the best advantage of the poor people who come there.

Shri K. V. Krishnankutty Warrier: I move to reduce the allotment of Rs. 66,03,100 for Original works—Communications by Rs. 100.

സർ, സിവിൽ വർക്ക്സിനെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനയെ സംബന്ധിച്ച് ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ഏതാനും ചില സംഗതികൾ സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഈ വക

[കെ. വി. കൃഷ്ണൻകുട്ടി വാര്യർ.]

ട്ടിന്റെ പ്രവർത്തനങ്ങളെപ്പററി ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ പല ആക്ഷേപങ്ങളും ആവലാതികളും ഈ സഭയുടെ മുമ്പാകെ നിരത്തിവയ്ക്കാനുണ്ടാകുമെന്ന് എനിക്കറിയാം. ഈ സഭയിലെ ഒററ അംഗംപോലും ആത്മാർത്ഥമായി ഈ കാര്യത്തിൽ ഗവണ്മെൻറിനെ അനുമോദിക്കുവാൻ ഇവിടെ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളായി ഈ ജനകീയഭരണമെന്നു പറയുന്ന കാൺഗ്രസ് ഭരണം ഇവിടെ വന്നതിനുശേഷം കാൺഗ്രസുകാർക്ക് അഭിമാനിക്കാവുന്ന എന്തെങ്കിലും ഒരു സംഗതി ഈ രാജ്യത്തിനു അവർ ചെയ്തിട്ടുണ്ടോ എന്ന് ഒരു ആത്മപരിശോധന നടത്തുവാൻ ഞാൻ അവരോടു ആവശ്യപ്പെടുന്നു. സർ, വാസ്തവത്തിൽ അവർക്ക് ഇക്കാര്യത്തിൽ അഭിമാനിക്കത്തക്കതായ യാതൊന്നുമില്ലെന്നുമാത്രമല്ല, എണ്ണിയാൽ ഒടുങ്ങാത്ത ആക്ഷേപങ്ങൾ അവരെ സംബന്ധിച്ച് പറയുവാനുമുണ്ട്. കെടുകാര്യസ്ഥതകളുടേയും അഴിമതികളുടേയും ഒരു ഡിപ്പാർട്ടുമെൻറാണ് പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറന്നുള്ളതിൽ യാതൊരു സംശയവും ഇല്ല. നാട്ടുകാരെ സംബന്ധിച്ചേടത്തോളം അവരുടെ ആശകൾ ഈ കാൺഗ്രസ്സ് ഭരണം വന്നതോടുകൂടി ദിനംപ്രതി എന്നവണ്ണം ഒന്നൊന്നായി തകർന്നുകൊണ്ടിരിക്കയാണ്. സ്വേച്ഛാധിപത്യപരമായ ദിവാൻ ഭരണകാലത്തു് ഉണ്ടായിരുന്ന കാര്യക്ഷമത പോലും ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഈ ജനകീയ ഗവണ്മെൻറ് ഇന്നു കാണിക്കുന്നില്ലെന്നാണ് പരമാർത്ഥം. കാൺഗ്രസ്സ് ഭരണം വന്നതിനു ശേഷം യാതൊരു നന്മയും നാട്ടിൽ ഉണ്ടായിട്ടില്ലെന്ന് നാട്ടുകാർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു. ഈ വാസ്തവം ഈ സഭയിലുള്ള എല്ലാ സ്നേഹിതന്മാരും തുറന്നു സമ്മതിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഇന്ന് മിക്കറോഡുകളും ഗതാഗത യോഗ്യമല്ലാതെ ആയി തീർന്നിരിക്കയാണ്. അതുകൊണ്ടു് സാധാരണ ആളുകൾ ഇന്നത്തെ റോഡുകളെ സംബന്ധിച്ച് പറയുന്നതു് "റോഡ് കാൺഗ്രസ്സായി" എന്നാണ്. അങ്ങനെ നാട്ടുകാർ ഒരഭിപ്രായം പുറപ്പെടുവിക്കത്തക്കവണ്ണം റോഡുകൾ അത്ര ശോചനീയമായ നിലയിൽ ആണ് സ്ഥിതിചെയ്യുന്നതു്. ആ കാരണത്താലാണ് കാൺഗ്രസ്സ് റോഡുകളെന്ന് ആളുകൾ ഇതിനു പേരിട്ടിരിക്കുന്നതു്. എന്റെ കാൺഗ്രസ്സ് സ്നേഹിതന്മാർ പോലും ഇപ്രകാരം പേരിട്ടിട്ടുള്ളതായി എനിക്കറിയാം. എന്താണ് ഇതിന്റെ കാരണം. സർ, ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ബഡ്ജററ് പരിശോധിച്ചാൽ എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജുകൾക്കായി ൨൨ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നതായി കാണാവുന്നതാണ്. നമ്മുടെ രാജ്യത്തു് എൻജിനീയറന്മാരുടെ എണ്ണം വളരെ വർദ്ധിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു എൻജിനീയറന്മാർ നമുക്കാവശ്യമില്ലെന്നല്ലാ ഞാൻ പറയുന്നതിന്റെ അർത്ഥം. കൂടുതൽ ഉണ്ടാകേണ്ടതു് ആവശ്യവും തന്നെ. പക്ഷെ ഈ ഡിപ്പാർട്ടുമെൻറ് ശമ്പളം കൊടുത്തു് നിയമിച്ചിരിക്കുന്ന എൻജിനിയറന്മാർക്ക് അവർക്ക് ചെയ്യുവാനുള്ള ജോലി ശരിക്കു ചെയ്യുവാൻ സാധിക്കുന്നില്ല. വലിയ ശമ്പളം കൊടുത്തുകൊണ്ടു് ധാരാളം എൻജിനീയറന്മാരെ നിയമിച്ചിട്ടുണ്ടു്. പക്ഷെ നാട്ടിനെ സംബന്ധിച്ചടത്തോളം എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യണമെന്നുള്ള പക്ഷം, അതായതു് പെരിങ്ങൽകുത്തു് സ്കീം പോലുള്ള എന്തെങ്കിലും പദ്ധതികൾ ഉണ്ടാകണമെങ്കിൽ നമുക്ക്

ഇപ്പോഴും പുറത്തുനിന്ന് എൻജിനീയറന്മാരെ വരുത്തേണ്ടിയിരിക്കുന്നു. എൻജിനീയറന്മാർ എണ്ണത്തിൽ വളരെയധികം നമുക്കുണ്ടെങ്കിലും സാധാരണയായി അവർക്കു ചെയ്യാവുന്ന പണി അവർ ചെയ്യുന്നില്ല. ആ സ്ഥിതിക്കു് ഇത്രയധികം ശമ്പളംകൊടുത്തു് ധാരാളം എൻജിനീയറന്മാരെ നിയമിച്ചിരിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നു മനസിലാക്കുവാൻ വിഷമമായിരിക്കുന്നു. അവർ ഒരു യന്ത്രം എന്ന നിലയിൽ ഇവിടെ പ്രവർത്തിക്കുകയാണു്. അവരവരുടെ നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ സംസാരിക്കുവാൻ എല്ലാ മെമ്പറന്മാർക്കും ആകാംക്ഷയുണ്ടു്. ഞാൻ ചില ഉദാഹരണങ്ങൾ ഈ സഭയുടെ മുമ്പാകെ വയ്ക്കാമെന്നു മാത്രമാണു് ഇപ്പോൾ ഉദ്ദേശിക്കുന്നതു്. എന്റെ നിയോജകമണ്ഡലമായ ഇരിങ്ങാലക്കുടയിൽ വളരെ അനാവശ്യമായി, യാതൊരു കാര്യവും കൂടാതെ, ഈ ഗവണ്മെന്റിന്റെ പൊതുമുതൽ, അതായതു് ജനങ്ങളിൽ നിന്നും ഈടാക്കുന്ന പണം ധൂർത്തടിച്ചു് ചെലവാക്കുന്നതിന്റെ ഉദാഹരണങ്ങൾ എനിക്കു് പറയുവാനുണ്ടു്. ഇൻഡ്യയിൽ മുഴുവൻ തന്നെ പബ്ലിക്കു് വർക്ക്സു് ഡിപ്പാർട്ടുമെന്റു് പണം ദുർവിനയം ചെയ്യുന്നുവെന്നു് ആരോപണം ഉണ്ടു്. അതുകൊണ്ടു് ഈ തിരു-കൊച്ചിയിലെ ഒരു നിയോജകമണ്ഡലത്തിലെ മാത്രം കാര്യം ഇവിടെ പറഞ്ഞു പൊതുമുതൽ എങ്ങനെയാണു് ദുർവിനയം ചെയ്യുന്നതെന്നു് വ്യക്തമാക്കാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. എന്റെ നിയോജകമണ്ഡലത്തിലുള്ള പുല്ലൂർ പൊതുമ്പുചിറ നന്നാക്കുവാൻ വേണ്ടി എസ്റ്റിമേററുണ്ടാക്കി പണിതുടങ്ങി. ചിറ താഴ്ത്താൻ വേണ്ടിയാണു് എസ്റ്റിമേററു തയ്യാറാക്കിയതു്. അതായതു് ആ ചിറയുടെ ബണ്ടു് ആറടി താഴ്ത്തണമെന്നു് എസ്റ്റിമേററു് തയ്യാറാക്കി. പണി ആരംഭിച്ചതു് മഴക്കാലത്തായിരുന്നു. മഴ ആരംഭിച്ചതോടുകൂടി ചിറയുടെ ബണ്ടു് പൊട്ടി മണൽ ചിറയിൽ വീണു. അങ്ങനെ കുഴിക്കാൻ നിശ്ചയിച്ചിരുന്ന ചിറ മണൽ വീണു നികന്നു. അതിന്റെ ഫലമായി അനേകായിരം ഏക്കർ നെൽകൃഷി സ്ഥലങ്ങൾക്കു് സാധാരണ കിട്ടാവുന്ന വെള്ളം കൂടി നഷ്ടപ്പെടുന്ന നിലയാണു് വന്നിട്ടുള്ളതു്. ചിറ താഴ്ത്തി കുഴിക്കുവാൻ വേണ്ടി എസ്റ്റിമേററനുസരിച്ചു് പണി ആരംഭിച്ചപ്പോൾ ചിറ നികന്നു കിട്ടുകയാണു് ഉണ്ടായതു്. തൻമൂലം അതിനു വേണ്ടി ചെലവാക്കിയ പണം മുഴുവൻ നഷ്ടപ്പെട്ടു. എന്നാൽ ഇതിനു പിന്നിൽ ചില തന്ത്രങ്ങളും ഗൂഢാലോചനകളും ഉണ്ടായിരുന്നു. ഇതിന്റെ പണി കൺട്രാക്ടു് എടുപ്പിച്ചതു ചില തൽപരകക്ഷികളായിരുന്നു. അടുത്തുണ്ടായിരുന്ന തങ്ങളുടെ നിലം നികത്തികിട്ടുവാൻ പണം ചെലവാക്കാതെ അവർക്കു സാധിച്ചു. അങ്ങനെ ഈ ചിറയുടെ പണി കൊണ്ടു് മുതലെടുത്തിട്ടുള്ളതു്, ഇയ്യിടെയായി കോൺഗ്രസ്സായി ചമഞ്ഞിട്ടുള്ളവരാണു്. ഇപ്രകാരം ആറായിരം രൂപ യാതൊരു ഉപകാരവും കൂടാതെ നഷ്ടപ്പെടുത്തുകയാണു് ചെയ്തിട്ടുള്ളതു്. ഇതിന്റെ യാഥാർത്ഥ്യം അറിയണമെന്നുള്ളപക്ഷം മന്ത്രിക്കു് ആ സ്ഥലം സന്ദർശിച്ചു് വിവരം ഗ്രഹിക്കാവുന്നതാണു്. ഇതുപോലെ പൊതു മുതൽ ദുർവിനിയോഗം ചെയ്തിട്ടുള്ളതിനു പല ഉദാഹരണങ്ങളുമുണ്ടു്. ഒരു പണി ആരംഭിക്കുന്നതിനുവേണ്ടി എസ്റ്റിമേററു് തയ്യാറാക്കുന്ന അവസരത്തിൽതന്നെ അതു സംബന്ധിച്ചു് ശരിയായ ഒരു പ്ലാൻ ഉണ്ടായിരിക്കേണ്ടതാണു്. അങ്ങനെ ഒരു കാര്യം ഈ ഡിപ്പാർട്ടുമെന്റു് സാധാരണ ചെയ്കയില്ലെന്നു മാത്രമേ എനിക്കു പറയാനുള്ളു. എപ്പോഴെങ്കിലും എന്തെങ്കിലും നടത്തണമെന്ന

[ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ.]

ല്ലാതെ കൃത്യസമയത്തിനുള്ളിൽ പ്ലാൻ അനുസരിച്ച് ചെയ്യണമെന്ന് ഈ ഡിപ്പാർട്ടുമെൻറിനു ഉദ്ദേശമില്ല. ഇരിങ്ങാലക്കുട നിന്ന് പൊരത്തുശ്ശേരിക്കു പോകുന്ന ഒരു റോഡുണ്ട്. അതിൻെറ മുക്കാൽ ഭാഗംവരെ പണി നടത്താൻ എസ്റ്റിമേററുണ്ടായിരുന്നു. കുറെഭാഗം നന്നാക്കി. കുറച്ചുപണം കൂടി സമയത്തിനു ചെലവു ചെയ്തിരുന്നുവെങ്കിൽ ആ റോഡ് പൂർത്തിയാകുമായിരുന്നു. എന്നാൽ പണി ഇന്നും പൂർത്തിയാകാതെ കിടക്കുകയാണ്. ഇങ്ങനെ ഈ ഗവണ്മെൻറിൻെറ കീഴിലുള്ള ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളുടെ അനുഭവം വച്ചുനോക്കിയാൽ എത്ര കാലം കഴിഞ്ഞാലും ഒരു പുതിയ എസ്റ്റിമേററുണ്ടാക്കി ആ റോഡു പൂർത്തിയാകാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഒരു എസ്റ്റിമേററു തയ്യാറാക്കുമ്പോൾ എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമായി ആദ്യമേ മനസ്സിലാക്കണം. ഇതു കൂടാതെ റോഡു സംബന്ധിച്ച് മററു പല ജോലികളും അവിടെ ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. റോഡുകൾക്കുവേണ്ടി സ്ഥലം അക്വയർ ചെയ്തിട്ടുമുണ്ട്. ഉദാഹരണത്തിനു കോന്തിപുലം റോഡു എടുക്കുക പക്ഷെ പണികളൊന്നും ഇതേവരെ തുടങ്ങിയിട്ടില്ല. ഞാൻ മുൻപു പറഞ്ഞതുപോലെ ചിറ കുഴിക്കുവാൻ തുടങ്ങിയപ്പോൾ മഴക്കാലം തുടങ്ങി, ബണ്ട് പൊട്ടി മണൽ ചിറയിൽ വീണു. ഈ വാസ്തവം ഇരിങ്ങാലക്കുടയിൽ ചെന്നാൽ നേരിട്ടു മനസ്സിലാക്കാവുന്നതാണ്. അതിനുശേഷം ആരും ആ സ്ഥലം പരിശോധിച്ചിട്ടേയില്ല. കുറെ കൊല്ലം മുൻപ് വളരെ ലക്ഷം രൂപ ചെലവുചെയ്തു ഉണ്ടാക്കിയതായ ഷൺമുഖം കനാൽ ഇന്ന് ഒട്ടുമുക്കാലും ഉപയോഗശൂന്യമായി കിടക്കുകയാണ്. വാസ്തവത്തിൽ ആ തോട്ട് ശരിയായി വെട്ടുവാനുള്ള ഒരു പദ്ധതി അന്നുണ്ടായിരുന്നു. ഗവണ്മെൻറിനു മനസ്സുള്ളപക്ഷം ആ കനാൽ വളരെ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. അതു സംബന്ധിച്ച് ഗവണ്മെൻറിനു ഇതുവരെ യാതൊന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇപ്രകാരം അനേകം സംഗതികൾ ഓരോ നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചും പറയുവാനുണ്ട്. ഇന്നു വളരെയധികം ആളുകൾ തൊഴിൽ ഇല്ലാത്തവരായതുകൊണ്ട് പുതിയ പദ്ധതികൾ ഗവണ്മെൻറ് ആസൂത്രണം ചെയ്താൽ തൊഴിൽ ഇല്ലാത്തവർക്ക് ജോലികൊടുക്കുവാൻ സാധിക്കുന്നതാണ്. അതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു മന്ത്രിമാർ പലപ്പോഴും പറയാറുണ്ടെങ്കിലും ഇതുവരെയും അവയൊന്നും നടപ്പിലാക്കിയിട്ടില്ല. ഇതിൻെറ കാരണമെന്താണ്? ഇന്നു പല പദ്ധതികളും നാട്ടിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി ബഡ്ജററിൽ കാണുന്നുണ്ട് അവശ്യാവശ്യമായ കുറെ പണവും ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. പക്ഷെ നാട്ടുകാരെ സംബന്ധിച്ചിടത്തോളം അവർക്കാവശ്യമുള്ള കാര്യങ്ങൾ തക്ക സമയത്ത് ചെയ്തുകൊടുക്കുവാനുള്ള ഒരു മനസ്ഥിതി ഗവണ്മെൻറിനു കാണുന്നില്ല. മററു താല്പര്യങ്ങൾ നിലനിറുത്തുവാൻ വേണ്ടി മാത്രമാണ് ഈ ഡിപ്പാർട്ടുമെൻറ് പ്രവർത്തിച്ചുവരുന്നത്. പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള പല കൺട്രാക്ടന്മാരും ഇന്നു വലിയ പണക്കാർ ആയിട്ടുണ്ട്. ഈ കൺട്രാക്ടന്മാർക്ക് കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളായി ഉണ്ടായിട്ടുള്ള സമ്പാദ്യങ്ങളെ സംബന്ധിച്ച് ഒരന്വേഷണം നടത്തുന്നപക്ഷം രസകരങ്ങളായ പല വിവരങ്ങളും പുറത്തുവരുന്നതാണ്. ഈ കൺട്രാക്ടറന്മാർ ഇന്ന് വളരെ തടിച്ചുകൊഴുത്തിട്ടുണ്ട്. ഈ പണമെല്ലാം അവരെവിടെനിന്നുണ്ടാക്കി.

അതു സംബന്ധിച്ചു് ഒരു അന്വേഷണം നടത്തുന്നപക്ഷം പല വിവരങ്ങളും പുറത്തുവരും. അതിൽ പല കാൺഗ്രസ്സുകാരും ഉൾപ്പെട്ടിട്ടുണ്ടാകും. ഈ നിലയിൽ ഈ ഡിപ്പാർട്ടുമെൻറു മുൻപോട്ടു പോകുന്നപക്ഷം നാട്ടിൻെറ ഗതി എന്തായിരിക്കുമെന്നു് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സഹകരണത്തോടുകൂടി മാത്രമേ പദ്ധതികൾ നടപ്പിൽ വരുത്തുവാൻ പാടുള്ളൂ. അതാണു് ഇന്നു് ഏററവും അത്യാവശ്യമായി ഗവണ്മെൻറു ചെയ്യേണ്ടിയിരിക്കുന്നതു്. ഇന്നാണെങ്കിൽ ജനങ്ങളുടെ സഹകരണം ഗവണ്മെൻറിനില്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, കൺട്രാക്ടറന്മാർ അവക്കു ശരിയായ കൂലികൊടുക്കുന്നില്ല. ജനങ്ങളുടെ കാര്യങ്ങൾ ശരിയായി നിർവഹിക്കുന്നതിനു ഈ ഗവണ്മെൻറിനു താല്പര്യമില്ലെന്നാണു് ഞാൻ ഇതുകൊണ്ടെല്ലാം മനസ്സിലാക്കുന്നതു്. കാൺഗ്രസ്സിനും ഇതേ മനോഗതിതന്നെയാണു് ഉള്ളതെന്നാണു് എൻെറ വിശ്വാസം.

Shri T. K. Krishnan : I move:

To reduce the total allotment of Rs. 1,61,69,200 under Demand XXVII by Rs. 1,000.

സർ, ഈ ഗവണ്മെൻറിനെ ആവശ്യത്തിനും അനാവശ്യത്തിനും കുററം പറയണമെന്നു എനിക്കഭിപ്രായമില്ല. ആവശ്യത്തിനുവേണ്ടി കുററം പറയേണ്ടതു് ആവശ്യംതന്നെ. എന്നാൽ വെറും പ്രചരണത്തിനുവേണ്ടി മാത്രം കുററം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞങ്ങൾ ഇവിടെ വന്നിട്ടുള്ളതു് കുററം പറയുവാൻവേണ്ടി മാത്രമല്ല. ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവത്തനങ്ങളെപ്പററി സൃഷ്ടിപരമായ ചില നിർദ്ദേശങ്ങൾ നൽകുവാനാണു് ഉദ്ദേശിക്കുന്നതു്. പുതിയ റോഡുകൾ ഉണ്ടാക്കുവാൻ ആരംഭിക്കുന്ന അവസരത്തിൽ ഈ ഗവണ്മെൻറിനു ഇതു സംബന്ധിച്ചു ശാസ്ത്രീയമായ ഒരു മാനദണ്ഡം ഉണ്ടോയെന്നു ഞാൻ സംശയിക്കുന്നു. നമ്മുടെ സാമ്പത്തികജീവിതത്തിൻെറ ജീവനാഡികളാണു് റോഡു് എന്നുള്ളകാര്യം ഗവണ്മെൻറു മനസ്സിലാക്കുന്നില്ല. കാരണം, പുതിയ റോഡുകൾ ഉണ്ടാക്കുമ്പോഴും പഴയ റോഡുകൾ നന്നാക്കുമ്പോഴും നാം സ്വീകരിക്കേണ്ട മാനദണ്ഡം ഈ റോഡുകൾ കൃഷിക്കാക്കു് സൗകര്യപ്രദമാണോ എന്നുള്ളതാണു്. കഴിഞ്ഞ പല കൊല്ലങ്ങളിലായി ഇവിടെ ഉണ്ടാക്കിയിട്ടുള്ള റോഡുകളുടെ ചരിത്രം പരിശോധിച്ചാൽ അതിൻെറ പിന്നിൽ ഒരു കാൺഗ്രസ്സുകാരൻെറ ചരടുവലിയോ പല്ലിളിയോ മാത്രമേ കാണുകയുള്ളൂ. ശാസ്ത്രീയമായ ഒരു റോഡുനിർമ്മാണപദ്ധതി നമുക്കു ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

സർ, യൂറോപ്യൻരാജ്യങ്ങളിൽ റോഡുകളെസംബന്ധിച്ചു് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പ്ലാൻ തയ്യാറാക്കിയശേഷമാണു് പണിയാരംഭിക്കുന്നതു്. ആ മാതൃക നാം ഇവിടെയും സ്വീകരിക്കുന്നുവെങ്കിൽ മാത്രമേ നമ്മുടെ റോഡുകളുടെനില അഭിവൃദ്ധിപ്പെടുവാൻ പോകുന്നുള്ളൂ.

3 P. M.

ഇവിടെ വി. ആർ. ഡി. ഫണ്ടു് എന്നൊന്നുണ്ടു്. ഇതിൻെറ കീഴിൽ നടക്കുന്ന കാര്യങ്ങളെപ്പററി എനിക്കു വലിയ ആക്ഷേപമുണ്ടു്. പ്രധാനമായി എനിക്കു പറയാനുള്ളതു് കൊച്ചിയെസംബന്ധിച്ചാണു്. കൊച്ചിയെപ്പററി പറയുന്നതു കൊച്ചിക്കാരനെന്നനിലയിലല്ല, ഉദാഹരണത്തിനു

[ശ്രീ. ടി. കെ. കൃഷ്ണൻ.]

വേണ്ടിയാണ്. സംയോജനത്തിനുമുമ്പ് കൊച്ചിയിലെ റോഡുകൾ ഏറ്റവും നല്ല റോഡുകളായിരുന്നുവെന്ന് അഭിമാനിക്കാവുന്നതായിരുന്നു. ഇപ്പോൾ ആ റോഡുകളിൽ കിണറുകളും, കുളങ്ങളും പോലുള്ള ചളിക്കുണ്ടുകൾ തെളിഞ്ഞിരിക്കയാണ്. ഇന്നു റോഡിൽക്കൂടി പോകാൻതന്നെ നിവൃത്തിയില്ല. റോഡുകൾ തോടായും, തോടുകൾ റോഡായും ഇപ്പോൾ ഗതാഗതത്തിനു യോഗ്യമല്ലാതായിത്തീർന്നിരിക്കയാണ്. വലിയ അനാസ്ഥ ഗവണ്മെൻറിനു് ഈ കാര്യത്തിൽ വന്നുകൂടിയിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സംയോജനത്തിനുമുമ്പ് വില്ലേജ്റോഡുകൾ നന്നാക്കുന്നതിനു ൮ ലക്ഷംരൂപ വീതം കൊച്ചിയിൽ ചെലവാക്കിയിരുന്നു. പുതിയ ബഡ്ജററിൽ ഒരു ലക്ഷംരൂപ മാത്രമേ അതിനായി നീക്കിവച്ചിരിക്കുന്നതായി കാണുന്നുള്ളു. മാത്രമല്ല കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ ശരാശരി ൫,൭൬,൦൦൦ രൂപ മാത്രമേ ഓരോ കൊല്ലത്തിലും ചിലവഴിച്ചിട്ടുള്ളു. ഗവണ്മെൻറിന്റെ അനാസ്ഥയെ ഉദാഹരണത്തിനുവേണ്ടിയാണു ഞാൻ കൊച്ചിയെ സംബന്ധിക്കുന്ന ഈ കണക്കുകൾ പറഞ്ഞതു്. നമ്മുടെ റോഡുകൾ നന്നായിരിക്കണമെന്നുള്ള ആഗ്രഹം ഗവണ്മെൻറിനുണ്ടെങ്കിൽ മാത്രമേ ഇവിടത്തെ സാമ്പത്തിക ഭദ്രതയെ നമുക്കു സംരക്ഷിക്കാൻ കഴിയുകയുള്ളു. ആ സാമ്പത്തികഭദ്രതയുടെ അടിസ്ഥാനത്തിലായിരിക്കണം പുതിയ റോഡുകൾ വെട്ടേണ്ടതും പഴയ റോഡുകൾ നന്നാക്കേണ്ടതും എന്നാണ് എനിക്കു പറയാനുള്ളതു്. നമ്മുടെ കാർഷികോല്പന്നങ്ങൾ മാർക്കററിലേക്കു കൊണ്ടുപോകുന്നതിനുള്ള സൗകര്യത്തിനുവേണ്ടിയാണ് ഈ റോഡുകൾ എന്നു നാം മനസ്സിലാക്കണം.

മറെറാരുകാര്യം എനിക്കു പറയുവാനുള്ളതു് ഇവിടെ കൺട്രാക്ട് കൊടുക്കുന്നതിലുള്ള പല കള്ളത്തരങ്ങളേയും പററിയാണ്. ഇവിടെയുള്ള കൺട്രാക്ടു സമ്പ്രദായത്തിൽ പല വ്യത്യാസങ്ങളും വരുത്താൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ ജോലികളും കൺട്രാക്ടു കൊടുക്കേണ്ടതില്ല. ചില ജോലികൾ ഗവണ്മെൻറിനു നേരിട്ടുതന്നെ നടത്താൻ കഴിയും. അതിനുള്ള സൃഷ്ടിപരമായ ചില നിർദ്ദേശങ്ങൾ നൽകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലുള്ള വർക്ക് എസ്റ്റാബ്ളിഷ്മെൻറുകാരുടെയും കണ്ടിജൻസിക്കാരുടെയും ക്വാഷ്വൽ ജോലിക്കാരുടെയും ഒരു ലിസ്റ്റ് രജിസ്റ്റർചെയ്തു് കൂലി നിജപ്പെടുത്തി ജോലിസ്ഥിരത നൽകി അവരുടെ സഹകരണത്തോടുകൂടി ഗവണ്മെൻറു ജോലികൾ നിർവ്വഹിക്കുകയാണെങ്കിൽ അതു വളരെ ഫലപ്രദമായിരിക്കുമെന്നു എനിക്കു പറയാൻ കഴിയും. അങ്ങനെയാണെങ്കിൽ കൺട്രാക്കുമാരുടെ കൊള്ളലാഭം ഇല്ലാതെയാക്കുന്നതിനും കഴിയുന്നതാണ്. എന്നാൽ എല്ലാ ജോലിയും ഗവണ്മെൻറു നേരിട്ടു നടത്തണമെന്നു അഭിപ്രായം എനിക്കില്ല. കഴിയുന്നവിധത്തിൽ ഈവക സംഗതികൾ ഗവണ്മെൻറു ചെയ്യണമെന്നാണു ഞാൻ പറയുന്നതു്.

ഇപ്പോൾ സിവിൾവർക്ക്സ് ഡിപ്പാർട്ടുമെൻറിനെ ഒരു രാഷ്ട്രീയോപകരണമായി ഉപയോഗിക്കുന്നുണ്ടു്. ഉദാഹരണം പറയുകയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിലേയ്ക്കു് ഇക്കൊല്ലം നീക്കിവച്ചിട്ടുള്ളതു് ൪൩,൦൦൦ രൂപായിൽ ചില്വാനം മാത്രമാണ്. അതേ അവ

സരത്തിൽ മററചില നിയോജകമണ്ഡലങ്ങളിൽ രണ്ടര ലക്ഷത്തോളം രൂപാ നീക്കിവച്ചിട്ടുണ്ട്. അങ്ങനെ ചില നിയോജകമണ്ഡലങ്ങളെ പക്ഷപാതത്തോട് വീക്ഷിക്കുന്നുണ്ടെന്ന് എനിക്ക മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ വളരെക്കാലമായി പ്രക്ഷോഭണം ഉണ്ടാക്കിയിട്ടുള്ളതാണ്, കനോലി കനാലിന്റെ പണി ആരംഭിക്കണമെന്നും, വെട്ടിക്കടവ് പദ്ധതി നടപ്പിലാക്കണമെന്നും കണ്ടാണശ്ശേരി കണ്ടിക്കുളം പാടംതോട് താഴ്ത്തണമെന്നും ഉള്ള ആവശ്യങ്ങൾ. എന്നാൽ അതിലേയ്ക്കു ഗവണ്മെന്റ യാതൊരു നടപടിയും എടുത്തിട്ടില്ല. എനിക്ക മുമ്പുള്ള മെമ്പർ ഭരണകക്ഷിക്കെതിരായിരുന്നതുകൊണ്ട് രാഷ്ട്രീയപ്പക പോക്കുന്നതിനുവേണ്ടി ഓരോ വർക്കും നടത്താതെ ഇരിക്കുകയായിരുന്നു. വാദത്തിനുവേണ്ടി ഇങ്ങനെ ഇല്ലെന്നുപറഞ്ഞാൽതന്നെയും അടുത്തു അങ്ങനെയുണ്ടാകുമെന്നു പറയാൻ പല തെളിവുകളും കിട്ടുന്നുണ്ട്. സിവിൽ വർക്ക്സ് ഡിപ്പാർട്ടുമെന്റ് രാഷ്ട്രീയോപകരണമായി ഉപയോഗിക്കാൻ പോവുകയാണെങ്കിൽ അതു വളരെ തെററാണ്.

ശ്രീ. കെ. കരുണാകരൻ: തെളിവുകൾ സഭയുടെ മുൻപിൽ വയ്ക്കാൻ ബഹുമാനപ്പെട്ട മെമ്പർ തയാറുണ്ടോ?

ശ്രീ. ററി. കെ. കൃഷ്ണൻ: ആവശ്യമാണെങ്കിൽ തരാം. പി. ആർ. ഡി. ഫണ്ട് ഇവിടെയുള്ള മെമ്പറന്മാരുടെ സഹകരണത്തോടുകൂടി ഉപയോഗിക്കുകയാണെങ്കിൽ അതു വളരെ ഉപയോഗപ്രദമായരീതിയിൽ വിനിയോഗിക്കാൻ പല മാർഗ്ഗങ്ങളും ഉണ്ടാക്കാം. ഇപ്പോൾ സെക്ഷൻ ആഫീസറന്മാരുടെ സ്വന്തം അഭിപ്രായവും താല്പര്യവുമനുസരിച്ചാണ പ്ലാനിടുന്നതു്. എന്നാൽ ഈ സഭയിലെ മെമ്പറന്മാരുടെയും പൊതു പ്രവർത്തകന്മാരുടെയും പൊതു സംഘടനകളുടെയും അഭിപ്രായം പരിഗണിച്ചാണ് ഇങ്ങനെയുള്ള വർക്കുകൾ പ്ലാൻചെയ്യുന്നതെങ്കിൽമാത്രമേ നാട്ടിനു നന്മയുണ്ടാകയുള്ളു.

ഈ കഴിഞ്ഞ ഇലക്ഷൻകാലത്തു കാൺഗ്രസ്സിനു വോട്ടുപിടിക്കാൻ ചില സ്ഥലങ്ങളിലെ റോഡുകളിൽ കാൺക്രീററു ഇടുകയുണ്ടായി. അങ്ങനെ കാൺക്രീററുചെയ്തിട്ടുള്ളതു് ഒരു നൂററാര ദൂരവുംമററുമാണ്. അതു തുടർന്നു നടത്താതിരിക്കുന്നതുനിമിത്തം അതു് നിഷ്പ്രയോജനമായിത്തീരുന്നു. അങ്ങനെ ഗവണ്മെന്റിന്റെ പണം ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്.

വേറൊന്നെനിക്ക പറയാനുള്ളതു് ഗവണ്മെന്റ് നഗരവും ഗ്രാമവും തമ്മിലുള്ള ബന്ധത്തെ ശരിയായി മനസ്സിലാക്കുന്നില്ലെന്നുള്ളതാണ്. ഉദാഹരണത്തിനു്, തിരുവനന്തപുരം പട്ടണത്തിനടുത്തുള്ള ചില റോഡുകളെ സംബന്ധിച്ച് അനവധി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. പേട്ട-ആനയറ റോഡും, കുളത്തൂർ റോഡും ബന്ധിച്ച് ഒരു പാലം കെട്ടാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെയുള്ള കൃഷിക്കാരുടെ ഉൽപ്പന്നവും ഈ പട്ടണത്തിലെ മാർക്കററുംതമ്മിൽ ബന്ധിപ്പിക്കുന്നതിനു വളരെ ആവശ്യമായ ഒരു റോഡാണതു്. അതിനാവശ്യമായതൊന്നുംതന്നെ ഗവണ്മെന്റ് ഇതുവരെ ചെയ്തിട്ടില്ല. ഈവക സംഗതികൾ എല്ലാം നോക്കുമ്പോൾ ഈ ഗവണ്മെന്റിനു് ചില കൺട്രാക്ടറന്മാരെ പ്രീണിപ്പിക്കണമെന്നല്ലാതെ മററു യാതൊരു ഉദ്ദേശവുമില്ലെന്നു തോന്നുന്നു. സിവിൽവർക്ക്സ് ഡിപ്പാർട്ടുമെന്റ്

[ശ്രീ. ററി. കെ. കൃഷ്ണൻ.]

സ്വന്തം ഒരു പെരുമ്പളണ്ഡാരമായിട്ടാണ് കാൺഗ്രസ്സുകാർ ഉപയോഗിക്കുന്നതു്. അതു വളരെ തെററാണെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. സി. നൈനാൻ : സർ, ബഡ്ജററ പരിശോധിച്ചാൽ ഏകദേശം ഒരു കോടി അറുപത്തൊന്നുലക്ഷം രൂപ പബ്ലിക്ക് വർക്ക്സിലേക്കു നീക്കിവച്ചിട്ടുള്ളതായി കാണാം. ഞാൻ ഈ സഭയിൽ വരുന്നതിനു മുമ്പായി എന്റെ നിയോജകമണ്ഡലം മുഴുവനും ചുററിസഞ്ചരിക്കുകയുണ്ടായി. അങ്ങനെ എന്റെ നിയോജകമണ്ഡലത്തിലുള്ള ആളുകളുടെ ആവശ്യങ്ങളെന്താണെന്നും അവർക്ക് ഇവിടെ അറിയിക്കേണ്ട പരാതികളെന്താണെന്നും അറിയുന്നതിനു് ഞാൻ ശ്രമിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. ഞാൻ പോയിരുന്ന എല്ലാ സ്ഥലങ്ങളിലും ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുപരാതി പറഞ്ഞിട്ടുണ്ടെങ്കിൽ അതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനെപ്പററിയായിരുന്നു. കാറിലും കാറുപോകാത്ത റോഡുകളിൽ നടന്നുംപോയി ഞാൻ പല സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. ഞാൻ കണ്ട റോഡുകളുടെ സ്ഥിതിയെപ്പററി ഇവിടെ പറയുന്നതിനു സമയമില്ലാത്തതിൽ ഖേദിക്കുന്നു. പട്ടണങ്ങളോടടുത്തുള്ള ചില റോഡുകൾ നന്നായി സൂക്ഷിക്കുന്നുണ്ടെങ്കിലും ഗ്രാമങ്ങളിലുള്ള റോഡുകൾ ഗതാഗതത്തിനു യോഗ്യമല്ലാത്ത നിലയിലാണ് കാണുന്നതെന്നു് പറയേണ്ടിയിരിക്കുന്നു. അതിനു പ്രധാനകാരണമായി ഞാൻ കാണുന്നതു് മെയിൻറനൻസ് ശരിയായും തക്കസമയത്തും നടത്തുന്നില്ലെന്നുള്ളതാണ്. സർ, ഞാൻ അതിശയോക്തി പറയുകയല്ല ചെയ്യുന്നതു്. ഏതെങ്കിലും ഒരു പാലം പണിയണമെങ്കിൽ അതിന്റെ പണി തുടങ്ങുന്നതു് മഴക്കാലത്തോടടുത്തായിരിക്കും. അങ്ങനെ പണിതുടങ്ങി ഒരാഴ്ച കഴിയുമ്പോൾ പണി നിറുത്തിവയ്ക്കേണ്ടിവരും. റോഡു് മെയിൻറനൻസും തക്കതായ കാലങ്ങളിൽ നടത്തുന്നില്ലെന്നുള്ളതു് ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. തക്കസമയത്തു മെയിൻറനൻസു് ചെയ്യാത്തതുകൊണ്ടു് ഗവണ്മെൻറിലേക്ക് നഷ്ടമുണ്ടാകുന്നു എന്നു മാത്രമല്ല വഴികൾ ഉപയോഗമായിത്തീരുന്നുമുണ്ടു്. ഇതു് വഴികളേയും പാലങ്ങളേയും സംബന്ധിക്കുന്ന ഒരു കാര്യമാണ്. മോട്ടാർ വാഹനങ്ങൾ ഓടുന്ന റോഡുകളിൽ ചിലടത്തു ചങ്ങാടങ്ങളുണ്ടു്. ആ ചങ്ങാടങ്ങൾ കേടുവന്നിരിക്കുന്നുവെന്നുള്ള സംഗതി ഒരു ദിവസംകൊണ്ടു് അറിയുന്ന കാര്യമല്ല. അതു് മുൻകൂട്ടി നന്നാക്കുന്നതിനു് യാതൊരു പ്രയാസവുമില്ല. അങ്ങനെയുള്ള സംഗതികളും ഡിപ്പാർട്ടുമെൻറ് തക്കസമയത്തും ശരിയായും ശ്രദ്ധിക്കുന്നില്ലെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഗ്രാമങ്ങളിൽ അധികം പണം ചെലവഴിച്ചു് റോഡുകൾ ഗ്രാമവാസികൾ വെട്ടി അവരുടെ ആവശ്യത്തെക്കരുതി ഗവണ്മെൻറിനെ ഏൽപ്പിക്കുന്നുണ്ടു്. അങ്ങനെ പുതുതായി വെട്ടുന്ന റോഡുകൾ ഏറെറടുക്കുന്നതിനു ഗവണ്മെൻറ് വളരെ വൈമനസ്യം കാണിക്കുന്നുണ്ടു്. അങ്ങനെ പുതുതായി വെട്ടുന്ന റോഡുകൾ പഞ്ചവത്സരപദ്ധതിയിൽ പെട്ടതല്ലെന്നാണ് അതിനു കാരണമായി കാണുന്നതു്. ഈ പഞ്ചവത്സരപദ്ധതിതന്നെ അപൂർണ്ണമായ ഒന്നാണ്. പഞ്ചവത്സരപദ്ധതി രൂപീകരിച്ച ഉദ്യോഗസ്ഥൻ അതു സംബന്ധമായി ഹജൂർക്കച്ചേരിയിലുള്ള രേഖ

കളൊന്നും പരിശോധിക്കാതെ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ട ചില കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് സ്കീം തയാറാക്കിയതു്. ഈ പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള റോഡുകൾ എടുത്തുനടത്തുന്നതിനു് തീരുമാനിക്കുകയാണെങ്കിൽ പ്രയോജനകരമായി റോഡുകൾ വെട്ടുന്നതിനോ നന്നാക്കുന്നതിനോ സാദ്ധ്യമല്ല. ഏതായാലും റോഡുകൾ നന്നാക്കുന്നകാര്യത്തിൽ ഗവണ്മെന്റ് അനാസ്ഥ കാണിക്കുന്നതു് യാതൊരു തരത്തിലും നീതീകരിക്കത്തക്കതല്ലെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഏതെങ്കിലും ഒരു പാലം നന്നാക്കണമെന്നോ മറ്റോ ഡിപ്പാർട്ടുമെന്റിനോടു പറഞ്ഞാൽ ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ടെങ്കിലും, അഡ്മിനിസ്ട്രേറ്റീവ് സാംക്ഷൻ വന്നിട്ടില്ലെന്നോ എസ്റ്റിമേററ് റിവൈസ് ചെയ്യാൻ പോയിരിക്കുകയാണെന്നോ മറ്റോ പറഞ്ഞു് വേല നീട്ടിക്കൊണ്ടുപോകുന്നതു് നാം കാണുന്നുണ്ടു്. അതിനു് ഇടവരാതിരിക്കുന്നതിനു് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരും പ്രത്യേകിച്ചു് മന്ത്രിമാരും കരുതിപ്രവർത്തിക്കണമെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു. ഈ സംഗതിയിൽ എന്തെങ്കിലും അനാസ്ഥ കാണിക്കുന്നതായാൽ അതു് ഗവണ്മെന്റിനെ സംബന്ധിച്ചും ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും തെററിദ്ധാരണകൾക്കു് വഴിതെളിക്കുമെന്നു് പ്രത്യേകം ഓർമ്മിക്കേണ്ടതാണു്.

ശരിയായസമയത്തു മെയിന്റനൻസ് നടത്തുന്നുണ്ടോ എന്നു മേലുദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി അന്വേഷിക്കുന്നതിനും വളരെ മടികാണിക്കുന്നതായിട്ടാണു കാണുന്നതു്. കാരണം അവർ വിലകൂടിയ നല്ലകാറുകളാണു് വാങ്ങിച്ചിരിക്കുന്നതു്. ആ നല്ല കാറുകളിൽപോയി നല്ല റോഡു് അവസാനിക്കുന്നിടത്തു് കാർ നിറുത്തി ബാക്കിയുള്ള റോഡുകളുടെ കാര്യം കീഴുദ്യോഗസ്ഥന്മാരോടു് ചോദിച്ചു് അവർ പറയുന്നതുകേട്ടുകൊണ്ടു് മടങ്ങിപ്പോരുകയാണു് ചെയ്യുന്നതു്. അതിനാൽ ഈ റോഡുകൾ നന്നാക്കുന്ന കാര്യം ഗവണ്മെന്റിൽനിന്നും നേരിട്ടു നടത്താതെ അതാതു സ്ഥലത്തു് റോഡുകൾ വെട്ടിച്ചിരിക്കുന്ന ആളുകളെത്തന്നെ ഏൾപ്പിക്കുന്നതു് നന്നായിരിക്കുമെന്നാണു് എനിക്കു് തോന്നുന്നതു. എന്റെ നിയോജകമണ്ഡലത്തിൽ പെട്ട ആളുകൾ ഈ വ്യവസ്ഥയെ സന്തോഷപുരസ്സരം സ്വീകരിച്ചിട്ടുള്ളതായി എനിക്കു് പറയാൻ കഴിയും. അതുകൊണ്ടു് ഗ്രാമ റോഡുകളുടെ കാര്യത്തിൽ ഞാൻ പറഞ്ഞ പാളിസി ഗവണ്മെന്റ് സ്വീകരിക്കേണ്ടതാണു്.

ഒരു കാര്യംകൂടി എനിക്കു് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കേണ്ടതായുണ്ടു്. എന്റെ നിയോജകമണ്ഡലത്തിൽപെട്ട മൂ പാലങ്ങൾക്കു കേടുവന്നിരിക്കുന്നതായി അറിവുകിട്ടി. അതായതു്, ചന്തപ്പാലം, ഓടൻകോട്ടുപാലം, കല്ലുപാലം ഇവയുടെ പ്ലാററ്ഫാറം നന്നാക്കണം. അതിൽ ഒരു പാലത്തിന്റെ പ്ലാററ്ഫാറം നന്നാക്കുന്നതിനായി വേറൊരു വഴിക്കു ഗതാഗതം നയിച്ചു. അതിന്റെ ഫലമായി ഹെവി ട്രാഫിക്കു് മൂലം ആ റോഡുകൾ എല്ലാം ചീത്തയായി. ഈ സമയംകൊണ്ടു് മററു രണ്ടു പാലങ്ങൾ നന്നാക്കിയിട്ടുമില്ല. അങ്ങിനെ ആ പാലങ്ങൾ രണ്ടും നന്നാക്കാതിട്ടിരിക്കുന്നതുകൊണ്ടു് പല നഷ്ടങ്ങളും ഉണ്ടായിട്ടുണ്ടു്. സാധാരണ റോഡുകളിൽക്കൂടി ഹെവിട്രാഫിക്കു് ഉണ്ടായിരിക്കുകയും അതായതു് ആ റോഡുകളിൽക്കൂടി ഓടിക്കാൻ അനുവാദം കൊടുക്കത്തക്കതല്ലാത്ത വണ്ടികൾ ഓടാൻ അനുവദിക്കുകയും, അതുപോലെതന്നെ വളരെ അധികം

[ശ്രീ. ഒ. സി. മേനോൻ]

മായി വാഹനങ്ങൾ ഗതാഗതം ചെയ്തുകൊണ്ടിരിക്കുകയും, യഥാകാലം ആ റോഡുകൾ മെയിൻറനൻസു നടത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ആ റോഡുകൾ ഇത്ര വേഗത്തിൽ ചീത്തയായിപ്പോകുന്നത്. ഇന്ന് പ്രൈവററ് റോഡുകളിലും ഇതുപോലെ ഹെവിട്രാഫിക്ക് ഉള്ളതുകൊണ്ടു പലതും സഞ്ചാരയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ടു്. ഇങ്ങനെ ഹെവിട്രാഫിക്ക്മൂലം റോഡുകൾ ചീത്തയാക്കാതിരിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

ശ്രീ. എം. പി. വർഗ്ഗീസ്: സർ, ഇന്നത്തെ ചർച്ചാവിഷയമായ സിവിൽ വർക്ക് അല്ലെങ്കിൽ പൊതുമരാമത്തിനെപ്പററി ഒരു വിമർശനം ചെയ്യുമ്പോൾ ഈ സഭയിലെ മററു മെംബറന്മാർ ചെയ്തതുപോലെ എനിക്കും എൻെറ നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ചും, പാലങ്ങളുടെ കേടുപാടുകളെക്കുറിച്ചും, പറയുവാനാഗ്രഹമുണ്ടു്. എന്നാൽ ബഡ്ജററിൽ പൊതുമരാമത്തിനും പൊതുവെ രാഷ്ട്രവികസനപദ്ധതികൾക്കും നീക്കിവച്ചിട്ടുള്ള തുകയെപ്പററി എനിക്കു മൌലികമായ ഒരാക്ഷേപമുള്ളപ്പോൾ ഇപ്രകാരം എൻെറ നിയോജകമണ്ഡലത്തിലെ ആവശ്യങ്ങളെ മാത്രം മുൻനിറുത്തി സംസാരിക്കുന്നതു ശരിയല്ലെന്നു തോന്നുന്നതിനാൽ ഞാൻ അതിനൊരുമ്പെടുന്നില്ല.

രാഷ്ട്രവികസന പദ്ധതികൾക്കായി കൊള്ളിച്ചിട്ടുള്ള തുകയെപ്പററി, എനിക്കുള്ള മൌലികമായ ആക്ഷേപം ഇതാണ്. അതായതു്, ഈ രാജ്യത്തിൽ സാമ്പത്തികസുസ്ഥിതി സ്ഥാപിക്കുന്നതിൽ പബ്ലിക്ക് ഇൻവെസ്റ്റ്മെൻറിനുള്ള പങ്കു നിറവേററുവാൻ തീരെ അപര്യാപ്തമാണ് ബഡ്ജററിൽ രാഷ്ട്രവികസന പദ്ധതികൾക്കായി കൊള്ളിച്ചിരിക്കുന്ന തുക. സർ, എൻെറ ഈ ആക്ഷേപം സാധൂകരിക്കുന്നതിനു ഈ ഗവണ്മെൻറിനു ഇവിടെ സാമ്പത്തികസ്ഥിതി സ്ഥാപിക്കുന്നതിനുള്ള കഴിവു എത്രമാത്രമുണ്ടെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ഏതു രാജ്യത്തേയും സാമ്പത്തികമായ നില അവിടത്തെ തൊഴിലിൻെറനിലയെയാണ് ആശ്രയിച്ചിരിക്കുന്നതു്. തിരുവിതാംകൂർ-കൊച്ചിയിൽ തൊഴിലില്ലായ്മയാണ് ഇന്നത്തെ ഏററവും പ്രധാന പ്രശ്നമെന്നും അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഇങ്ങനെയെങ്കിൽ ഇവിടെ സാമ്പത്തികസുസ്ഥിതി സ്ഥാപിക്കുന്നതിനു ഇവിടത്തെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കണം. ഈ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കണമെങ്കിൽ പ്രധാനമായി വ്യവസായങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കണം. വ്യവസായങ്ങളെ സൌകര്യത്തിനായി രണ്ടായി തരംതിരിക്കാം.

൧. ഉപയോഗവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ Consumption goods Industries.

൨. ഉപകരണവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ. Capital goods Industries ഇതിൽ ആദ്യത്തേതിനെ എടുക്കുകയാണെങ്കിൽ ഇവയിലുള്ള തൊഴിൽ ഈ വ്യവസായങ്ങളിലുള്ള ആദായത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ആദായം ജനങ്ങൾ ഈ ഉപയോഗവസ്തുക്കൾക്കു് വേണ്ടി ചെലവാക്കുന്ന തുകയെ ആശ്രയിച്ചിരിക്കും. വീണ്ടും ഈ ഉപയോഗ

വസ്തുക്കളുടെ ഉപഭോഗത്തിനായി ചെലവാക്കുന്ന തുക ജനങ്ങളുടെ വരവിനെ ആശ്രയിച്ചിരിക്കും. ജനങ്ങളുടെ വരവും ചെലവും തമ്മിൽ ഒരു ബന്ധമുണ്ട്. വരവു വർദ്ധിക്കുമ്പോൾ ചെലവും വർദ്ധിക്കുമെങ്കിലും വരവിന്റെ വർദ്ധനവിന്റെ നിരക്കിനെക്കാൾ കുറവായിരിക്കും ചെലവിന്റെ വർദ്ധനവിന്റെ നിരക്ക്. മററു വിധത്തിൽ പറയുകയാണെങ്കിൽ വരവു വർദ്ധിക്കുമ്പോൾ മിച്ചം വർദ്ധിക്കുമെന്നു മാത്രമല്ല, വരവിന്റെ വർദ്ധനവിന്റെ നിരക്കിനെക്കാൾ കൂടുതലായിരിക്കും മിച്ചത്തിന്റെ വർദ്ധനവിന്റെ നിരക്ക്. ഇതിൽ നിന്നു ജനങ്ങൾ അവരുടെ വരവിൽ നിന്നും മൊത്തത്തിൽ ചെറിയ ഒരംശം മാത്രമേ ഉപയോഗവസ്തുക്കളുടെ ഉപഭോഗത്തിനായി ചെലവാക്കുന്നുള്ളു എന്നും തന്മൂലം ഉപയോഗവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങളുടെ വികസനം മൂലം സാധിക്കാവുന്ന തൊഴിൽ വർദ്ധനവു വളരെ പരിമിതമാണെന്നും വ്യക്തമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ തങ്ങളുടെ വരവിൽ നിന്നും ചെറിയ ഒരംശം മാത്രം ഉപയോഗവസ്തുക്കളുടെ ഉപഭോഗത്തിനായി ചെലവിടുന്ന കൂടുതൽ വരവുള്ളവരുടെ മിച്ചത്തിൽ നിന്നും ആദായനികുതി മുഖേന ഒരംശം എടുത്തു തങ്ങളുടെ വരവു മിക്കവാറും മുഴുവൻ തന്നെയും ഉപഭോഗത്തിനായി ചെലവിടുന്ന വരവു കുറഞ്ഞ ജനങ്ങൾക്കു ഗവണ്മെൻറിൽ നിന്നും കൊടുത്തു അങ്ങനെ മൊത്തത്തിൽ ഉപയോഗവസ്തുക്കളുടെ ഉപഭോഗത്തെയും തന്മൂലം ഈ വ്യവസായങ്ങളുടെ വികസനത്തെയും സാധിക്കാവുന്നതാണ്. പക്ഷെ ആദായനികുതി പിരിക്കുന്നതിനുള്ള അവകാശം നമുക്കു നഷ്ടപ്പെട്ടിരിക്കുന്നിടത്തോളം കാലം ഇപ്രകാരം ഒരു പുനർവിതരണത്തിനും (Re-distribution) തന്മൂലം സാധിക്കാവുന്ന തൊഴിൽ വർദ്ധനവിനും നിവൃത്തിയില്ല.

ഇനിയും ഉപകരണവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങളുടെ വികസനംമൂലം സാധിക്കാവുന്ന തൊഴിൽ വർദ്ധനവിനെപ്പററി നോക്കാം. ഈ വ്യവസായങ്ങളിലുള്ള ഇൻവെസ്റ്റ്മെൻറ് അവയിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്ന ആദായത്തെയും നിലവിലുള്ള ദീർഘകാല പലിശനിരക്കിനേയും അനുസരിച്ചിരിക്കും. പ്രതീക്ഷിക്കപ്പെടുന്ന ആദായത്തെ നിർണ്ണയിക്കുന്നതു് രാജ്യത്തിലെ സുരക്ഷിതാവസ്ഥയിൽ ഭാവിയിലുണ്ടായേയ്ക്കാവുന്ന ഉപകരണവസ്തുക്കളുടെ വിലവ്യത്യാസങ്ങളെപ്പററിയുള്ള പ്രതീക്ഷകളുമാണ്. അതുപോലെ തന്നെ പലിശനിരക്കിനെ നിർണ്ണയിക്കുന്നതു തങ്ങളുടെ കയ്യിൽ പണം വച്ചുസൂക്ഷിക്കുവാനുള്ള ജനങ്ങളുടെ അഭിലാഷവും നാണയങ്ങളുടെ ആകെത്തുകയുമാണ്. ഇപ്രകാരം നിർണ്ണയിക്കപ്പെടുന്ന ആദായവും പലിശനിരക്കും തമ്മിലുള്ള താരതമ്യത്തിൽ ആദായം പലിശനിരക്കിനെക്കാൾ കൂടുതലാണെങ്കിൽ മാത്രമെ ഉപകരണവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങളിൽ കൂടുതൽ ഇൻവെസ്റ്റ്മെൻറും തന്മൂലം അവയിൽ തൊഴിൽ വർദ്ധനവും ഉണ്ടാവുകയുള്ളു. അതുകൊണ്ടു് ഈ വിധത്തിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിനു ഈ ഗവണ്മെൻറിനു യാതൊരു കഴിവും ഇല്ലെന്നും നാണയങ്ങളുടെ ആകത്തുകയുടെ വ്യതിയാനങ്ങളെ നിയന്ത്രിക്കുന്ന കേന്ദ്രഗവണ്മെൻറിനുമാത്രമേ വല്ല കഴിവും ഉള്ളു എന്നും വ്യക്തമാകുമെന്നു വിശ്വസിക്കുന്നു.

[ശ്രീ. എം. പി. വർഗ്ഗീസ്]

ഈ വിശകലനം ശരിയാണെങ്കിൽ ഒരു ഫെഡറൽ സിസ്റ്റത്തിലെ ഒരു യൂണിററു ഗവണ്മെൻറായ ഈ ഗവണ്മെൻറിനു വ്യാവസായികവികസനം മൂലം ഈ രാജ്യത്തു തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള കഴിവു വളരെ പരിമിതമാണെന്നും ഇവിടെ തൊഴിൽ വർദ്ധനപരമായി എന്തെങ്കിലും സാധിക്കുവാനുള്ള മറേറക മാർഗ്ഗം ഇവിടത്തെ പബ്ലിക്കു് ഇൻവെസ്റ്റ്മെൻറിൻെറ രാഷ്ട്രവികസനപദ്ധതികൾക്കായും മററും ഗവണ്മെൻറിൽ നിന്നും നേരിട്ടു ചെയ്യാവുന്ന ഇൻവെസ്റ്റ്മെൻറിൻെറ വർദ്ധനവാണെന്നും വ്യക്തമാകുമല്ലോ. ഇവിടെ ലാഭനഷ്ടം ഒരു പരിഗണനാവിഷയമല്ല. ഗവണ്മെൻറിൽ മൂലധനമില്ലെങ്കിൽ ആവശ്യമുള്ള തുക ജനങ്ങളിൽനിന്നും കടമായി എടുക്കാവുന്നതാണു്. ഈ തത്വമനുസരിച്ചു നോക്കുന്നതായാൽ ഈ ബഡ്ജററിൽ രാഷ്ട്രവികസനപദ്ധതികൾക്കായി കൊള്ളിച്ചിട്ടുള്ള തുക ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് യാതൊരു വിധത്തിലും പര്യാപ്തമല്ലെന്നു വ്യക്തമാകുമല്ലോ. രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വെറും നിലത്തു കുഴികൾ കുഴിപ്പിച്ചു അവയെല്ലാം വീണ്ടും മണ്ണുകൊണ്ടു മൂടി അങ്ങിനെയെങ്കിലും തൊഴിലില്ലാത്തവക്കു് തൊഴിൽ ഉണ്ടാക്കിക്കൊടുക്കേണ്ടതു പോലും സാമ്പത്തികതത്വമനുസരിച്ചു് ന്യായമാണെന്നു് അംഗീകരിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്തു ഈ ഗവണ്മെൻറിൽനിന്നും സുധീരമായ ഒരു പ്രവത്തനപരിപാടി ജനങ്ങൾ പ്രതീക്ഷിക്കുന്ന ഇക്കാലത്തു ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു തീരെ അപര്യാപ്തമായ ഒരു തുകമാത്രം രാഷ്ട്രവികസന പദ്ധതികൾക്കായി പബ്ലിക് ഇൻവെസ്റ്റ്മെൻറു് എന്ന നിലയിൽ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിൽ ഞാനെൻെറ ഖേദം പ്രകടിപ്പിച്ചുകൊള്ളുന്നു.

സർ, ഈ വിശകലനം കുറച്ചു സാങ്കേതികമാണെന്നെനിക്കറിയാം. ഞാനതിൽ മനസ്താപിക്കുകയും ചെയ്യുന്നു. അനേകം ധാരണകൾ അല്ലെങ്കിൽ assumptions ഇതിൻെറ പിന്നിലുണ്ടു്. സമയം അനുവദിക്കുമെങ്കിൽ ന്യായമായ സംശയങ്ങൾ ദൂരികരിക്കുവാനും ഞാൻ സന്നദ്ധനാണെന്നു ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ജെയിംസ് തറയിൽ: സർ, ഈ സംസ്ഥാനത്തെ ഗതാഗതസൗകര്യത്തെപ്പററി ഈ അവസരമുപയോഗിച്ചു് രണ്ടു വാക്കു പറയണമെന്നു് ഞാൻ വിചാരിക്കുന്നു. ജനകീയഗവണ്മെൻറിൻെറ ആവിർഭാവത്തോടുകൂടി ഈ നാട്ടിലെ ഗതാഗതസൗകര്യം പൂർവ്വാധികം വർദ്ധിച്ചിട്ടുണ്ടു് എന്നുള്ളതു ചാരിതാർത്ഥ്യജനകമാണു്. നമ്മുടെ പ്രധാന റോഡുകളുടെ മിക്ക ഭാഗങ്ങളും കാൺക്രീററും കോൾക്രീററും ചെയ്തു ഭംഗിയാക്കിട്ടുണ്ടു്. അതിൽ ഈ ഗവണ്മെൻറിനെയും മന്ത്രിസഭയേയും ഞാൻ അഭിനന്ദിക്കുന്നു. സർ സി. പി. രാമസ്വാമി അയ്യരുടെ കിരാതഭരണത്തിൻകീഴിൽ സാമ്പത്തികമായി നാം വളരെ വിഷമിച്ചിരുന്നു. ആ പരിതഃസ്ഥിതിയിൽനിന്നും ഇപ്പോഴത്തെ പ്രധാനമന്ത്രി ശ്രീ. എ. ജെ. ജാൺ അവർകളുടെ ശ്രമഫലമായി നാം സാമ്പത്തിക കാര്യത്തിൽ വളരെ പുരോഗമിച്ചിട്ടുണ്ടു്. ഇന്നു നമുക്കു് എത്ര പണം വേണമെങ്കിലും കടം കിട്ടുന്നതിനുള്ള ഒരു പരിതഃസ്ഥിതിയുണ്ടായിട്ടുണ്ടു്. ഈ പരിതഃ

സ്ഥിതിയെ വേണ്ടവിധം വിനിയോഗിക്കുന്നതിന് തികച്ചും പ്രാപ്തന്മാരത്രേ നമ്മുടെ ധനകാര്യമന്ത്രിയും ട്രാൻസ്പോർട്ടുമന്ത്രിയും. അവർ ശ്രദ്ധയോടുകൂടി രാജ്യക്ഷേമകരമായ പല പദ്ധതികളും ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. അപ്രകാരം പ്രവർത്തിക്കുന്നതിലേയ്ക്കു് ചില സംഗതികൾകൂടി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

നമ്മുടെ റോഡുകൾ-വാഹനഗതാഗതമുള്ള എല്ലാ റോഡുകളും തന്നെ ഒരു ഹ്രസ്വകാലപദ്ധതിപ്രകാരം തന്നെ കാൺക്രീററ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അതിലേയ്ക്കു വമ്പിച്ച തുകകൾ വേണ്ടിവരുമെന്നറിയാം. അതിനെനിക്കു മറുപടി പറയാനുള്ളതു ഈവക പദ്ധതികൾക്കാവശ്യമായ പണം ഗവണ്മെൻറിൽനിന്നും കടമായി എടുക്കണമെന്നുള്ളതാണ്. അങ്ങനെ ഈ പദ്ധതി തുടങ്ങുന്നപക്ഷം ഓരോ വർഷത്തിലും മെയിൻറനൻസിന് ചെലവാകുന്ന പണം കൊണ്ടു് ഈ കടം തീർക്കാം. സാമ്പത്തികമായി നമുക്കു ലാഭമുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നതു്. മാത്രമല്ല ദീർഘായുസ്സുമുണ്ടാകും. ദീർഘായുസ്സ് എന്ന് ഞാൻ പറഞ്ഞതു് ദീർഘയാത്രയിലുണ്ടാകുന്ന അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയാണ് അതുപോലെതന്നെ വാഹനങ്ങളുടെ വെയർആൻറ ടെയർഇനത്തിലും നല്ല ലാഭമുണ്ടാകും.

അതുപോലെതന്നെ രാജ്യത്തിന്റെ മററു പല ഭാഗങ്ങളിലും പാലങ്ങളുടെ അഭാവം മൂലം ഗതാഗതത്തിനു തടസ്സമുണ്ടാകുന്നു. ഇനിയും ജനങ്ങൾ വളരെക്കാലംകൊണ്ടു ആവശ്യപ്പെട്ടിരുന്ന പല സംഗതികളും ചെയ്തുതീർക്കേണ്ടതായുണ്ടു്. വളരെക്കൊല്ലങ്ങളായി കടമാക്കൂർ ഒരു കടത്തു വേണമെന്ന് അവിടത്തെ ജനങ്ങൾ ആവശ്യപ്പെട്ടു. അവിടത്തെ ജനങ്ങളുടെ നിവേദനത്തിന്റെ ഫലമായി ഗവണ്മെൻറിൽ നിന്നും അവിടെ ഒരു പാലം പണിയിക്കാമെന്നു സമ്മതിക്കയും അതിനൊരു തുക ബഡ്ജററിൽ കൊള്ളിക്കയും ചെയ്തിരുന്നു. എന്നാൽ ഇതുവരെ അവിടെ യാതൊരു പണിയും നടത്തിയിട്ടില്ലെന്നു മാത്രമല്ല ഇക്കൊല്ലത്തെ ബഡ്ജററിൽ യാതൊരു സംഖ്യയും കൊള്ളിച്ചിട്ടില്ല എന്നുള്ള സംഗതി ഖേദപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഇങ്ങനെയുള്ള പണികൾക്ക് പണമില്ലെന്നാണെങ്കിൽ ലോണെടുത്തോ അല്ലെങ്കിൽ മറേറതെങ്കിലും തരത്തിലോ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേററേണ്ടതാണെന്നാണ് എനിക്കു പറയുവാനുള്ളതു്.

അടുത്തതായി എനിക്കു പ്രസ്താവിക്കുവാനുള്ളതു ഈ ഡിപ്പാർട്ടുമെൻറിന്റെ പക്ഷപാതപരമായ നയത്തെപ്പററിയാണ്. ഈ സംസ്ഥാനത്തിന്റെ വടക്കൻ ഭാഗങ്ങളെ തീരെ അവഗണിച്ചിരിക്കുന്നു. ഇവിടെ ആവിഷ്കരിക്കുന്ന പല പദ്ധതികളും തെക്കൻ തിരുവിതാംകൂറിലാണ് നടപ്പിലാക്കുന്നതു്. ഉദാഹരണമായി നെയ്യാറണപദ്ധതി ആവിഷ്കരിക്കുന്നതു് പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. എന്നാൽ വടക്കൻ താലൂക്കുകളിൽ അതുമാതിരിയുള്ള പദ്ധതികൾ തുടങ്ങുന്നതിന് ഇതുവരെ തീരുമാനിച്ചിട്ടുള്ളതായി അറിവില്ല. ഭൂതത്താൻ കെട്ടണ തന്നെ ഇപ്പോൾ നിറുത്തിയിരിക്കയാണ്. സർ, അവരും ഈ രാജ്യത്തെ പൌരന്മാരാണ്. അവരും നികുതിദായകന്മാരാണ്. ഈ പൊതുമുത

[ശ്രീ. ജെയിംസ് തറയിൽ]

ലിൽ കൂടുതൽ ഭാഗം ഗവണ്മെൻറിലേയ്ക്കു് തരുന്നതും അവിടെ അധിവസിക്കുന്ന ജനങ്ങളാണു്.

വി. ആർ. ഡി. പദ്ധതിയനുസരിച്ചു് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എല്ലാ താലൂക്കുകളിലും ഉൾക്കൊള്ളിക്കത്തക്കവിധം പുനഃസംവിധാനം ചെയ്യണമെന്നു് അനുസ്മരിപ്പിച്ചുകൊള്ളുന്നു.

അടുത്തതായി ഇവിടത്തെ റോഡു് മെയിൻറനൻസിനെപ്പററിയാണു് എനിക്കു പറയാനുള്ളതു്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട അടിച്ചിറ-മാന്നാനം, ഏററുമാനൂർ-അതിരംപുഴ റോഡുകളുടെ കാര്യമാണു് എൻെറ ഓർമ്മയിൽ വരുന്നതു്. ഈ റോഡുകളെല്ലാം വർഷകാലത്തു് കായൽപോലെയാണു് കിടക്കുന്നതു്. ഈ വഴിയിൽക്കൂടി യാത്രചെയ്യുന്നവരുടെ കുടൽ വായിൽ വരുമെന്നുള്ളതിൽ യാതൊരു അതിശയോക്തിയുമില്ല. ഇതു് ഇത്ര അധഃപതിച്ചു കിടക്കുവാൻ എന്താണു കാരണം. ഒന്നാമതു് റോഡുകൾക്കു് മെയിൻറനൻസ് ഗ്രാൻറു് വളരെ കുറവാണു്. രണ്ടാമതു് ഗവണ്മെൻറിൻെറ അനാസ്ഥയാണു്. ഇക്കാലത്തു് ഗതാഗതം വളരെ കൂടിയിട്ടുണ്ടു്. ഓരോ റോഡുകൾ ഇങ്ങനെ കിടക്കുന്നതോടുകൂടി കൂടുതൽ കൂടുതൽ കേടുവരും. ഇതനുസരിച്ചു് മെയിൻറനൻസ് കാര്യത്തിൽ ഗവണ്മെൻറു് ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

അതുപോലെതന്നെ കൂലിച്ചെലവും വളരെ വർദ്ധിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതിനെല്ലാം പര്യാപ്തമായ തരത്തിൽ മെയിൻറനൻസ് ഗ്രാൻറു ഉണ്ടായിരിക്കുമെന്നാണു് എൻെറ അഭിപ്രായം.

ശ്രീ. എ. സി. ചാക്കോ: സർ, നമ്മുടെ ഈ രാജ്യത്തിൻെറ വരുമാനത്തിൽ പ്രധാന ഒരു ഭാഗം മരാമത്തിനുവേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുന്നുണ്ടു്. ആണ്ടുതോറും കൂടുതൽ കൂടുതൽ തുക ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കു് ചെലവാക്കുന്നുണ്ടെങ്കിലും മൊത്തത്തിൽ നമ്മുടെ റോഡുകളെപ്പററിയുള്ള പരാതികൾ വർദ്ധിച്ചുവരുന്നതായിട്ടാണു് നാം കാണുന്നതു്. ഈ വർദ്ധിച്ചുവരുന്ന പരാതികൾക്കു് ഇനിയെങ്കിലും ഒരു പരിഹാരം ഉണ്ടാകേണ്ടതു് അത്യാവശ്യമാണു്. ഇന്നു് നിലവിലിരിക്കുന്ന കൺട്രാക്ററു മൂലമാണു് ഇന്നത്തെ റോഡുകൾ ഈ പരിതാപകരമായ അവസ്ഥയിൽ ഇരിക്കുന്നതെന്നാണു് എനിക്കു തോന്നുന്നതു്. പണക്കുറവും ജോലിയിൽ പരിചയക്കുറവും ഉള്ള കുറെ കൺട്രാക്ടറന്മാർ ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചു്, എതെങ്കിലും വിധത്തിൽ ജോലിതീർത്തു് പണം കിട്ടുന്നതിനുവേണ്ടി എങ്ങനെയെങ്കിലും ജോലി അവസാനിപ്പിക്കാനാണു് ശ്രമിക്കുന്നതു്. അതുകൊണ്ടു് ജോലി സമയത്തിനു് തീരാതെ മിക്കവാറും സ്ഥലങ്ങളിൽ കുടിുങ്ങികവരുന്നുണ്ടു്. ഇതിനു ഒരു പരിഹാരമായി എനിക്കു് നിർദ്ദേശിക്കാനുള്ളതു് ഓരോ സ്ഥലത്തെയും റോഡുകൾ അതാതു സ്ഥലത്തെ interested parties-നു വിട്ടുകൊടുക്കുകയും ഓരോ കൊല്ലത്തിലും ഉള്ള മെയിൻറനൻസ് അവർതന്നെ നടത്തുവാൻ ഏർപ്പാടുചെയ്യുകയും ചെയ്യുകയാണു്. തിരുവിതാംകൂറിനു വെളിയിൽ ചില സ്ഥലങ്ങളിൽ അവരവരുടെ സർവീസ് നടത്തുന്ന റോഡുകളിലെ മെയിൻറനൻസും മററും എല്ലാം ആ റൂട്ടുകളിലെ ബസ്സു് ഉടമസ്ഥന്മാർക്കു് കൊടുക്കുന്നതായി അറിയുന്നുണ്ടു്.

അതുപോലെ ഇവിടെയും ചെയ്യുകയാണെങ്കിൽ ഈ റോഡുകൾ നാശമാകുന്നതിനോ, പരാതികൾ ഉണ്ടാകുന്നതിനോ ഇടയുണ്ടാകയില്ല. രണ്ടാമതായി റോഡിന്റെ ഇന്നത്തെ ശോച്യാവസ്ഥ മാററുന്നതിൽ ഗവണ്മെന്റ് ശ്രദ്ധിക്കുവാനുള്ളതു് ഓവർലോഡിന്റെ കാര്യത്തിലാണ്. സാധാരണയായി ഓവർലോഡ് കൊണ്ടാണ് മിക്ക റോഡുകളും വളരെ വേഗത്തിൽ ചീത്തയായി ...തീരുന്നതു്. ബസ്സുകളിലും ലോറികളിലും വളരെ കൂടുതൽ ലോഡ് കൊണ്ടുപോകുന്നുണ്ടു്. അതായതു് ആ റോഡുകൾക്കു് താങ്ങാൻ സാധിക്കാത്തവിധത്തിൽ ലോഡുവഹിച്ചുകൊണ്ടു വാഹനങ്ങൾ ധാരാളമായി പോകുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതു്. സർ, ഇതു പറയുമ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ചില റോഡുകളെ സംബന്ധിച്ചു് ചിലതു പറയാനുണ്ടു് എങ്കിലും സമയദൗർലഭ്യംകൊണ്ടു് അതിനു തുനിയുന്നില്ല. മൊത്തത്തിൽ എന്റെ മുൻ പ്രാസംഗികൻ പറഞ്ഞതുപോലെ വടക്കൻതാലൂക്കുകളിലേയ്ക്കു് ഗവണ്മെന്റിന്റെ ശ്രദ്ധ പതിയുന്നില്ല. ഇതിനെക്കുറിച്ചു് അവിടത്തെ ജനങ്ങളും ജനപ്രതിനിധികളും ധാരാളം പരാതിപ്പെട്ടിട്ടുണ്ടു്. റോഡുകൾ അതാതു സമയത്തു് നന്നാക്കാൻ ശ്രദ്ധിച്ചില്ലെങ്കിൽ അതു് പിന്നെ ഒരിക്കലും നന്നാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഗവണ്മെന്റിന്റെ സത്വരശ്രദ്ധ ഈ കാര്യത്തിൽ വേണ്ടവണ്ണം പതിഞ്ഞു് റോഡുകളെ രക്ഷിക്കണമെന്നു് മാത്രമെ എനിക്കു പറയുവാനുള്ളു.

ഡാക്ടർ എൻ. എസ്സ്. പിള്ള: സർ, ഗതാഗതസൗകര്യം രാജ്യത്തിനു വളരെ അഭിവൃദ്ധിയുണ്ടാക്കുന്ന ഒരു കാര്യമാണ്. ഗതാഗത സൗകര്യമില്ലാത്ത ഒരു രാജ്യം രക്തം ഓട്ടമുള്ള നാഡികളില്ലാത്ത ഒരു ശരീരം പോലെയാണ്. എന്റെ നിയോജകമണ്ഡലത്തിന്റെ ഗതാഗത അസൗകര്യത്തെപ്പററി ഞാൻ ചിലതു് പ്രസ്താവിക്കാമെന്നു കരുതുന്നു. ഒന്നു രണ്ടു പകുതികൾ ഒഴിച്ചാൽ ആ നിയോജകമണ്ഡലം മിക്കവാറും കുന്നിൻപുറത്താണ് സ്ഥിതിചെയ്യുന്നതു്. കഴിഞ്ഞ ഇലക്ഷൻകാലത്തു് ആ പ്രദേശത്തിന്റെ നാനാഭാഗങ്ങളിലും എനിക്കു് സഞ്ചരിക്കേണ്ടിവന്നു. ഒന്നു രണ്ടു പകുതികളിൽ സഞ്ചരിച്ചപ്പോൾതന്നെ ഇനി അധികം സഞ്ചരിക്കേണ്ടായെന്നു തോന്നി. തോററുപോയാലും തരക്കേടില്ല ഇനി ആ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ടായെന്നുവരെ തോന്നി. പക്ഷെ, കാൺഗ്രസ്സിനെ എങ്ങനെയെങ്കിലും തോൽപ്പിക്കണമെന്നു വിചാരം ഉണ്ടായിരുന്നതുകൊണ്ടു് സഞ്ചരിക്കാതിരിക്കുവാൻ നിവൃത്തിയില്ലാതായി. ആ പകുതികളിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചു് ഉണ്ടായിട്ടുള്ള വൈഷമ്യങ്ങളെപ്പററി അനുഭവത്തോടുകൂടിയാണ് ഞാൻ ഇതു പറയുന്നതു്. പല സ്ഥലങ്ങളിലും റോഡുകളില്ല, കലുങ്കുകൾ ഇല്ല, പാലങ്ങൾ ഇല്ല, ഇങ്ങനെ പല അസൗകര്യങ്ങളും അവിടെയുണ്ടു്. ഈ കാര്യത്തെപ്പററി വളരെയധികം സംസാരിച്ചു് ഈ സഭയുടെ സമയം ചിലവാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഈ കാര്യങ്ങളിൽ അനുഭവപ്പെട്ടവരുടെ അനുഭവങ്ങളെക്കുറിച്ചു് പറയുമ്പോൾ അതു് വിശ്വസിച്ചു വേണ്ടതു ചെയ്യേണ്ടതാണ്. ഇതിനെക്കാൾ വലുതായിട്ടുള്ള വേറൊരു കാര്യം എനിക്കു പറയുവാനുണ്ടു്. നമ്മുടെ രാജ്യത്തു് നാട്ടിൻപുറങ്ങളെ അവഗണിച്ചു് നഗരങ്ങൾക്കാണ് കൂടുതൽ പണം ചെലവാക്കിക്കൊണ്ടിരിക്കുന്നതു്. നമ്മുടെ രാജ്യത്താണെങ്കിൽ ൮൫ ശതമാനം

[ഡാക്ടർ എൻ. എസ്സ്. പിള്ള]

ആളുകൾ മാത്രമെ നഗരങ്ങളിൽ താമസിക്കുന്നുള്ളു. ബാക്കിയുള്ളവർ നാട്ടിൻപുറങ്ങളിലാണ് താമസിക്കുന്നതു്. ഇങ്ങനെ താമസിക്കുന്നവരുടെ കൂട്ടത്തിൽ ധാരാളം സ്ത്രീകളും ഉണ്ടു് സ്ത്രീകൾ ഉണ്ടെന്നു പറഞ്ഞാൽ നൂറിനു് 50 വും സ്ത്രീകളാണ് ഉള്ളതു്. എന്റെ നിയോജകമണ്ഡലത്തിന്റെ അധികഭാഗവും കുന്നിൻപുറത്തായതുകൊണ്ടു് എന്റെ സ്ത്രീവോട്ടർമാരും കുന്നിൻപുറങ്ങളിലാണ താമസിക്കുന്നതു്. മററുള്ള സ്ഥലങ്ങളെപ്പോലെതന്നെ ഞങ്ങളുടെ സ്ഥലത്തുള്ള സ്ത്രീകൾക്കും fertility ഉണ്ടു്. പ്രസവിക്കുന്ന കാര്യത്തിൽ അവർ ഒട്ടുംതന്നെ പിന്നോക്കമല്ല. കൺട്രോൾ ഇല്ലാതെ ലോകത്തു് ഏതെങ്കിലും ഒരു വ്യവസായമുണ്ടെങ്കിൽ അതു പ്രസവമാണ്. പ്രസവവേദന മററ സ്ഥലത്തെ സ്ത്രീകൾക്കുള്ളതുപോലെ ഞങ്ങളുടെ സ്ത്രീകൾക്കും ഉണ്ടു്. പ്രസവവേദന തുടങ്ങുകയാണെങ്കിൽ അവരെ ആശുപത്രിയിലേക്കു കൊണ്ടുപോകണമെന്നു വിചാരിച്ചാൽ റോഡുകൾ ഇല്ലാത്തതുകൊണ്ടു് ഞങ്ങൾ വളരെ വൈഷമ്യങ്ങൾ അനുഭവിക്കുന്നു. ഈ കാര്യത്തെ ഉദ്ദേശിച്ചെങ്കിലും അവിടത്തെ റോഡുകൾ നന്നാക്കണം. മന്ത്രിമാരുടെ ഭാര്യമാരുടെ പ്രസവവേദനയ്ക്കും ഇവിടത്തെ വോട്ടറന്മാരുടെ ഭാര്യമാരുടെ പ്രസവവേദനയ്ക്കും തമ്മിൽ വലിയ വ്യത്യാസമില്ല.

ഈ നഗരത്തിൽ നിന്നും വളരെ ദൂരെയല്ലാതെ ശ്രീകാര്യം എന്നൊരു സ്ഥലമുണ്ടു്. അവിടെ കഴിഞ്ഞവർഷത്തിൽ ഒരു കുളംവെട്ടി. അതിനു മതിൽ കെട്ടേണ്ടതുണ്ടായിരുന്നു. മതിൽ കെട്ടുന്നതിനു് അവിടത്തെ കൺട്രാക്ടർ സിമ്മൻറിനു പകരം ചെളിവച്ചാണ് കെട്ടിയതു്. താമസിയാതെതന്നെ ആ മതിൽ അടന്നുവീണ് ഒരു ദ്വാരമുണ്ടായി. ആ ദ്വാരത്തിൽകൂടി ചീഫ് എൻജിനീയർക്കുപോലും അകത്തു കടക്കാവുന്നതാണ്. അതിലേക്കു ചെലവാക്കിയ പണം മുഴുവനും വെറുതെയായി. വേറൊന്നു്, ഈ ഡിപ്പാർട്ടുമെൻറിലെ കൈക്കൂലിയെ സംബന്ധിച്ചാണ്. ഇവിടത്തെ കൺട്രാക്ററന്മാർ മററുള്ള രാജ്യത്തെ അപേക്ഷിച്ചു് വളരെ മോശമായ രീതിയിലാണ് പെരുമാറുന്നതു്. അതുപോലെതന്നെ കൺട്രാക്ററന്മാരുടെ കയ്യിൽ നിന്നും കൈക്കൂലി വാങ്ങിച്ചുകൊണ്ടു് ഇവിടത്തെ ഉദ്യോഗസ്ഥന്മാർ ഈ അനാവശ്യങ്ങൾ അനുവദിച്ചു കൊടുക്കുകയാണ് ചെയ്യുന്നതു്. വളരെ വിദ്യാഭ്യാസവും സംസ്കാരവും ഉണ്ടെന്നു് അഭിമാനിക്കുന്നവരും ലണ്ടൻ മുതലായ യൂണിവേഴ്സിററിയിൽചെന്നു പരീക്ഷ പാസ്സായിട്ടുള്ളവരും ആയ ആളുകൾ ഈ രാജ്യം ഭരിക്കുമ്പോൾ ഇങ്ങനെയുള്ള അനാവശ്യങ്ങൾ അനുവദിച്ചു കൊടുക്കരുതാത്തതാണ്. ഒരുപക്ഷെ താഴ്ന്ന ശമ്പളക്കാർ കൈക്കൂലി വാങ്ങിക്കുകയാണെങ്കിൽ അതിനു് ഒരർത്ഥമുണ്ടു്. എന്നാൽ വിദ്യാഭ്യാസമുള്ള വലിയ ഉദ്യോഗസ്ഥന്മാർ കൈക്കൂലിവാങ്ങിച്ചുകൊണ്ടു് ഈമാതിരി അനാവശ്യങ്ങൾ അനുവദിച്ചു കൊടുക്കുന്നതു് കണ്ണുകൊണ്ടു് കണ്ടുകൊണ്ടിരിക്കുന്നതു നമ്മുടെ മന്ത്രിമാർക്കു് ഒട്ടും ഭൂഷണമല്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചേക്കാം. ഞാൻ പേപ്പറിൽ വായിക്കുകയുണ്ടായി, നെടുമങ്ങാട്ടു നിന്നും പാണ്ടിയിലേക്കു പോകാൻ ഒരു റോഡ് മുൻപു് ഉണ്ടായിരുന്നുവെന്നു്. അങ്ങനെയുണ്ടെങ്കിൽ അതു് വെട്ടിച്ചു് നെടുമങ്ങാട്ടു നിന്നും തിരുനൽവേലിയിലേക്കു് എളുപ്പത്തിൽ പോകാൻ സാധിക്കുന്ന തരത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള: സർ, സിവിൽവർക്ക്സിലേയ്ക്കു നീക്കിവച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്നു കാണിക്കുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. പക്ഷെ ചുരുങ്ങിയ കാലംകൊണ്ടു് ഈ ഡിപ്പാർട്ട്മെന്റിന്റെ വിവിധഭാഗങ്ങളിലെ പ്രവർത്തനവുമായി അടുത്തുപരിചയിക്കുവാൻ ഇടയായിട്ടുള്ള എനിക്കു് പറയുവാനുള്ളതു് ഈ നാട്ടിലെ സാധാരണക്കാരന്റെ ആദായത്തിൽ നിന്നും ഗവണ്മെന്റ് ഈടാക്കി വരുന്ന തുക ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ താന്തോന്നിത്തത്തിനായിട്ടും അവരുടെ ഇഷ്ടക്കാർക്കും ബന്ധുക്കൾക്കും വീതിച്ചുകൊടുക്കുന്നതിനായിട്ടും വിനിയോഗിക്കുകയാണെന്നാണു്. അതിനാൽ ഈ തുക കുറഞ്ഞുപോയതിൽ സങ്കടം തോന്നുന്നില്ല എന്നു പറയുവാനും ഞാൻ മടിക്കുന്നില്ല. ഈ രാജ്യത്തു് അഴിമതി അധികമുള്ള ഡിപ്പാർട്ടുമെന്റ് ഏതെന്നു് ആരോടെങ്കിലും ചോദിക്കുകയാണെങ്കിൽ അതു് പി. ഡബ്ലിയു. ഡി. ആണെന്നു നിസ്സംശയം അവർ ഉത്തരം പറയും. താഴത്തെ അറ്റം മുതൽ മേലത്തെ അറ്റംവരെയുള്ള ഉദ്യോഗസ്ഥന്മാർ യാതൊരുവിധത്തിലുള്ള സന്മാർഗ്ഗബോധവും കൂടാതെയാണു് പെരുമാറിവരുന്നതെന്നുള്ളതു പരമാർത്ഥം മാത്രമാണു്. വാട്ടർ വർക്ക്സിലെ കൺട്രാക്റ്റർമാർ സർക്കാർ മുതലും സർക്കാർ സാമാനങ്ങളും ഉപയോഗിച്ചു് കെട്ടിടങ്ങളും മററും ഉണ്ടാക്കിയിട്ടു് കൺട്രാക്റ്റ് തുക പൊതുമുതലിൽ നിന്നും പററുന്നതായി എനിക്കു് നേരിട്ടറിയാം ഈ തലസ്ഥാനനഗരിക്കു് വളരെ അടുത്തുള്ള 'അരുവിക്കരയിൽ' ഡിപ്പാർട്ട്മെന്റിന്റെവക മുളയും ഓലയും മററു സാധനങ്ങളും ഉപയോഗിച്ചു കെട്ടിടങ്ങൾ നിർമ്മിച്ചശേഷം അതിന്റെ എല്ലാം വില ഉൾപ്പെടുന്ന കൺട്രാക്ടു് തുക ഒപ്പിട്ടു വാങ്ങിയ ഒരു സംഭവം ഈയിടെനടന്നു. അധികൃതസ്ഥാനങ്ങളിൽ ഈ വിവരം അറിയിച്ചിട്ടുണ്ടു്. ആവശ്യമായ നടപടി നടത്തുമെന്നു പ്രതീക്ഷിക്കാമോ? ഇതുപോലുള്ള നൂറുനൂറു ഉദാഹരണങ്ങൾ എനിക്കു കാണിക്കുവാൻ സാധിക്കും. വാട്ടർ വർക്ക്സ് ഡിപ്പാർട്ട്മെന്റിലുള്ളതുപോലുള്ള അഴിമതി മറെറാരു സെക്ഷനിലുമില്ല. ആലപ്പുഴ വാട്ടർവർക്ക്സിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ സംബന്ധിച്ചു് അവിടത്തെ ആളുകളും ജനപ്രതിനിധികളും പല നിവേദനങ്ങളും നടത്തിയിട്ടും അതിനെക്കുറിച്ചു് യാതൊരു അന്വേഷണവും ഇതേവരെ നടത്തിയിട്ടില്ലെന്നു കാണുന്നതു് പരിതാപകരം തന്നെയാണു്. ഈയിടയ്ക്കു് അവിടെയുള്ള ഒന്നുരണ്ടുപേരെ സ്ഥലം മാററിയതായി അറിയുന്നു. മെയിന്റനൻസ് സെക്ഷനിലെ അഴിമതികളെക്കുറിച്ചും പല ആളുകളും സംസാരിച്ചു. ഇതു് ചില ആളുകളുടെ സ്വാതന്ത്ര്യത്തിനു വിട്ടിരിക്കുന്ന ഒരു വകുപ്പാണെന്നാണു് ഞാൻ അറിയുന്നതു്. സർ, ഞങ്ങളുടെ നാട്ടിലും കുറെ റോഡുകളുണ്ടു്. അതിനായി ആണ്ടോടാണ്ടു് മെയിന്റനൻസിനു പണം അനുവദിക്കുന്നുണ്ടെന്നും ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ അവിടെ വന്നു് ഒന്നു പരിശോധിച്ചാലറിയാം ആ റോഡു് വെട്ടിയതിൽ പിന്നീടു് അവിടെ മെയിന്റനൻസിനായി എന്തെങ്കിലും ചെലവാക്കിയിട്ടില്ല എന്നു. സ്ത്രീകളും പുരുഷന്മാരും പിഞ്ചുപൈതങ്ങളും ആ റോഡിൽക്കൂടി ധാരാളമായി സഞ്ചരിക്കാറുണ്ടു്. ആ റോഡു് മഴക്കാലത്തു് പുഞ്ചപ്പാടങ്ങളായിട്ടും മററു കാലങ്ങളിൽ തോടുകളായിട്ടുമാണു് രൂപാന്തരപ്പെട്ടു കിടക്കുക.

[ശ്രീ. കെ. കെ. കുമാരപിള്ള]

പബ്ളിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പറയുമ്പോഠം ആ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടന്നുവരുന്ന ജോലികളുടെ നടത്തിപ്പിനെപ്പററിയാണ ആദ്യമായി പ്രസ്താവിക്കുവാനുള്ളതു്. സാധാരണയായി പബ്ളിക്ക്വർക്സ് ഡിപ്പാർട്ടുമെൻറിൽ നിന്നു നടത്തുന്ന യാതൊരു ജോലികളും മുഴുവനായി ചെയ്തുതീർത്തുകാണാറില്ല. എവിടെയെങ്കിലും ഒരു ജോലി തുടങ്ങിയാൽ അതു പകുതിയിൽവച്ചു നിറുത്തുക, പിന്നെ വേറൊരുജോലി ആരംഭിക്കുക, അതു പകുതിയാകുമ്പോഠം നിറുത്തുക, ഇങ്ങനെ ഓരോ ജോലികളും പകുതി പകുതിയാക്കി നിറുത്തുന്ന ഏപ്പാടാണ പൊതുവെ കണ്ടുവരുന്നതു്. നാട്ടുകാർ അദ്ധ്വാനിച്ചു ചെയ്തുതുടങ്ങുന്ന ജോലികഠംകൂടിയും ഏറെറടുത്തു മുഴുവനാക്കുവാൻ ഡിപ്പാർട്ടുമെൻറ തയാറില്ല. നികുതിയിനത്തിലും മററുമായി ഗവണ്മെൻറിൽ നിന്നു പിരിച്ചെടുക്കുന്ന സംഖ്യയാണ നാട്ടുകാക്കു പ്രയോജനപ്പെടാത്ത ജോലികഠംക്കു വേണ്ടി ചെലവിടുന്നതു്.

ചേർത്തല തോടുവെട്ടിനെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ "വെട്ടിയാൽ തീരാത്ത തോടുകഠം" എന്നു് ഒരു പ്രയോഗം കാണുകയുണ്ടായി. ഈ ഡിപ്പാർട്ടുമെൻറിൻെറ സകല പ്രവൃത്തനവും അത്ഥത്തിൽ ഇതേസ്വഭാവം തന്നെ ഉള്ളവയാണ്.

ഈ രാജ്യത്തു നാട്ടുമ്പുറങ്ങളിൽ കൃഷിക്കാരുടെ സൗകര്യത്തിനുവേണ്ടി ഉപയോഗിച്ചുവരുന്ന അനവധി റോഡുകളുണ്ടു്. ഇതൊന്നും കൊല്ലംതോറുമുള്ള കൺസ്ട്രക്ഷനും മെയിൻറനൻസും ഒന്നുംതന്നെ നടത്താതെ കണ്ടും കുഴിയുമായി കിടക്കുന്നു. വർഷകാലത്തു വെള്ളംകയറി തോടായി രൂപാന്തരപ്പെട്ടു കിടക്കുന്നു. വാസ്തവത്തിൽ അങ്ങനെയുള്ള മിക്ക റോഡുകളും പ്രയോജനശൂന്യമായിട്ടാണ കിടക്കുന്നതു്. ഇതുകൊണ്ടു ഈ രാജ്യത്തെ റോഡുകഠം സംരക്ഷിക്കുന്നതിനു ഗവണ്മെൻറ വളരെ അശ്രദ്ധ കാണിക്കുന്നുണ്ടെന്നു വ്യക്തമാണ്. നാട്ടുമ്പുറങ്ങളിൽ അങ്ങനെയുള്ള റോഡുകളുടെ പ്രാധാന്യം എത്രമാത്രമുണ്ടെന്നുള്ളതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്കു് നല്ലവണ്ണം അറിയാവുന്ന സംഗതിയായതുകൊണ്ടു കൂടുതൽ സമയം അതിനെപ്പററി വിവരിച്ചു് മന്ത്രിയവർകളെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ടെന്നു എനിക്കു തോന്നുന്നില്ല. അദ്ദേഹം ഒരു നാട്ടുംപുറത്തുകാരനാണ്. ഈ രാജ്യത്തിൻെറ പല ഭാഗങ്ങളിലും പ്രത്യേകിച്ചു് നാട്ടുംപുറങ്ങളിൽ ഡിപ്പാർട്ടുമെൻറിൽനിന്നും കൺസ്ട്രക്ഷൻ വർക്സും മെയിൻറനൻസും തുടങ്ങി അവസാനിച്ചിട്ടില്ലാത്ത റോഡുകഠം ഉണ്ടെന്നുള്ളതു് അദ്ദേഹത്തിനറിയാം.

ഇനി ഒരു സംഗതി എനിക്കു പറയാനുള്ളതു് നാട്ടുംപുറങ്ങളിലുള്ള വിദ്യാലയങ്ങളുടെ ഇന്നത്തെ ദയനീയാവസ്ഥയെപ്പററിയാണ്. ആ വിദ്യാലയങ്ങഠം ഓലമേഞ്ഞ പുരകളായതുകൊണ്ടു് കാലാകാലങ്ങളിൽ കെട്ടിമേച്ചിൽ ഇല്ലെങ്കിൽ വർഷകാലത്തു ചോർച്ചകൂടാതെയിരിക്കുവാൻ സാദ്ധ്യമല്ല. മേൽക്കൂരയും മററും മുളകൊണ്ടുണ്ടാക്കിയതാണ്. അതിൻെറ ചുവരുകഠം മിക്കതും കുമ്മായം ഇളകിപ്പൊട്ടി കേടുവന്നവയാണ്. ഇങ്ങനെയുള്ള ചെറിയ ചെറിയ വിദ്യാലയങ്ങളിലാണ് എട്ടും പത്തും വയസ്സു പ്രായമുള്ള ചെറിയ കുട്ടികളെ ഇരുത്തി പഠിപ്പിക്കുന്നതു്. വളരെയ

ധികം കൊച്ചുകുട്ടികൾ ഈ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. കെട്ടിടത്തിന്റെ തറ നോക്കിയാൽ മിക്കതും ഇടിഞ്ഞുപൊളിഞ്ഞുവീണു കുട്ടികളുടെ ആരോഗ്യത്തിനു ഹാനി ഉണ്ടാക്കത്തക്കവിധം അപകടനിലയിലാണു കാണപ്പെടുന്നതു്. ഈ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായ മെയിൻറനൻസോ ഇൻസ്പെക്ഷനൊ ഒന്നും ചെയ്യാറില്ല. ഗവണ്മെൻറിലേയ്ക്കു് ആവശ്യമായ പുതിയ പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനും ആഫീസുകെട്ടിടങ്ങൾ നന്നാക്കുന്നതിനുമാണു് ഡിപ്പാർട്ടുമെൻറ കൂടുതൽ ശ്രദ്ധവച്ചു പ്രവർത്തിക്കുന്നതു്. രാജ്യം നശിച്ചാൽ നശിക്കട്ടെയെന്നാണോ ഇതിന്റെയെല്ലാം അർത്ഥമെന്നു തോന്നിപ്പോകുന്നു. നാട്ടുംപുറങ്ങളിലെ ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന പണം അവക്കു പ്രയോജനപ്പെടത്തക്കവിധത്തിലുംകൂടി വിനിയോഗിക്കേണ്ടതാണെന്നാണു എനിക്കു പറയുവാനുള്ളതു്.

ശ്രീ. പി. സദാശിവൻപിള്ള: ചില പ്രാദേശികാവശ്യങ്ങളെ ഉന്നയിച്ചുകൊണ്ടു ചില കാര്യങ്ങൾ സംസാരിക്കുവാനാണു് ഞാൻ ആഗ്രഹിച്ചിരുന്നതു്. എന്നാൽ ഇവിടെ നടന്ന ചില വിമർശനങ്ങൾ ശ്രവിച്ച ശേഷം ആ കാര്യങ്ങൾ ഉപേക്ഷിച്ചു് മററചില കാര്യങ്ങളെപ്പററി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവണ്മെൻറിന്റെ പല പ്രവർത്തനങ്ങളും രാഷ്ട്രീയചൂഷണത്തിനായി ഉപയോഗിക്കുന്നതുപോലെ ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങളേയും രാഷ്ട്രീയചൂഷണത്തിനുള്ള ഒരായുധമായി ഉപയോഗിച്ചുകണ്ടതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഇവിടത്തെ പബ്ലിക് വക്ക്സ് ഡിപ്പാർട്ടുമെൻറിനു് യാതൊരു പദ്ധതിയുമില്ല, പരിപാടിയുമില്ല എന്നും ജനകീയഗവണ്മെൻറ് ഇവിടെ ആവിർഭവിച്ചതിനുശേഷം അതുവരെ റോഡുകളായിരുന്നതെല്ലാം തോടുകളായിപ്പോയി എന്നും മററുമുള്ള ചില ആരോപണങ്ങൾ കേട്ടുകൊണ്ടു ഞാൻ ഇവിടെ ഇരിക്കുകയായിരുന്നു.

സർ, ഈ ഡിപ്പാർട്ടുമെൻറിൽ ഒരു പദ്ധതിയോ ഒരു പരിപാടിയോ ഉണ്ടോ എന്നു ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അപ്രകാരം അന്വേഷിച്ചുശേഷവും അറിഞ്ഞുകൂടാത്തതാണെങ്കിൽ ഇവിടെയിരിക്കുന്ന ഞങ്ങളുടെ മരാമത്തുമന്ത്രിയോടു ചോദിക്കുക; അദ്ദേഹം പറഞ്ഞുതരും; അടുത്ത പത്തു കൊല്ലത്തിനു ശേഷം ഈ രാജ്യത്തു സംവിധാനം ചെയ്യപ്പെടുന്ന ഗതാഗതമാർഗ്ഗങ്ങളെന്തെല്ലാമെന്നും എവിടെയൊക്കെയാണെന്നും. കഴിഞ്ഞ അഞ്ചു കൊല്ലത്തിനിപ്പുറം ഈ ഡിപ്പാർട്ടുമെൻറ് എത്രത്തോളം പുരോഗമനപരമായ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ടെന്നും മററുമുള്ള വിശദമായ വിവരങ്ങൾ തരുന്നതിനു കഴിവുള്ള എല്ലാ സ്ഥിതിവിവരങ്ങളും അദ്ദേഹത്തിന്റെ പക്കലുണ്ട്. അതിനെപ്പററി നേരിട്ടു് അന്വേഷിച്ചു് അറിയാമായിരുന്നിട്ടും അതെല്ലാം മറച്ചുവച്ചുകൊണ്ടാണു് ഇവിടെ ഇപ്രകാരം പറയുന്നതെങ്കിൽ അതു് നാം ഏറെറടുത്തിട്ടുള്ള കത്തവ്യത്തോടു ചെയ്യുന്ന ഭീമമായ അപരാധമായിരിക്കുമെന്നു ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഈ രാജ്യത്തു് ആകെ എത്ര മൈൽ റോഡുകളുണ്ടെന്നുള്ളതിനെപ്പററി അന്വേഷിച്ചിട്ടുണ്ടോയെന്നു് ഞാൻ ചോദിക്കുന്നു. ഈ സംസ്ഥാനത്തു് കൃഷിക്കുപയോഗപ്പെടുന്ന ൩൯൧൯ ചതുരശ്രമൈലിൽ ഒട്ടാകെ

[ശ്രീ. പി. സദാശിവൻ പിള്ള]

൧൮൩൪ മൈൽ റോഡുകളാണുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. ൧൮൩൪ മൈൽ റോഡിൽ ൨൧൧ മൈൽ നാഷണൽ ഹൈവേയും ൭൩൨ മൈൽ പ്രോവിൻഷ്യൽ ഹൈവേയും ൨൮൦൨ മൈൽ ഡിസ്ട്രിക്റ്റ് റോഡുകളും ൨൨൧ മൈൽ മുനിസിപ്പൽ റോഡുകളുമാണ്. ഇതു കൂടാതെ ഇവിടെ ൩൬൩൯ മൈൽ വില്ലേജ്റോഡുകളും ഉണ്ടെന്നു നാം അറിഞ്ഞിരിക്കണം. ഇങ്ങനെ ഓരോതരം റോഡുകളും പുരോഗമിപ്പിക്കുകയും അതിന്റെ സംരക്ഷണപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുകയും ചെയ്യുന്നതിനു ഇന്നത്തെ ജനകീയഗവമ്മെന്റ് ഏറ്റെടുത്തിരിക്കുന്ന മഹത്തായ ഭാരത്തെപ്പററി നാം ഓരോരുത്തരും ചുമതലബോധത്തോടുകൂടി സ്മരിക്കേണ്ടതാണ്. ഇവിടെ നടന്ന പല വിമർശനങ്ങളും ഞാൻ ശ്രദ്ധിച്ചപ്പോൾ, മുമ്പ് ദിവാൻജിമാരുടെകാലത്തു് നടന്നിട്ടുള്ള പല വിമർശനങ്ങളെപ്പററിയും ഞാൻ അനുസ്മരിച്ചുപോയി. ഈ രാജ്യത്തെ ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത ഒരു ഭരണാധികാരി ഈ ഭരണകൂടം നിയന്ത്രിച്ചുകൊണ്ടിരുന്നപ്പോൾ പ്രതിനിധീകരിക്കുന്നുവെന്നുള്ള ഭാവേന ഇവിടെ വന്നുകൊണ്ടിരുന്ന പ്രതിനിധികൾ ജനങ്ങളുടെ പേരും പറഞ്ഞു് ചില നിവേദനങ്ങളും ആവലാതികളും നടത്തിക്കൊണ്ടിരുന്നു. ഇന്നു ജനകീയഭരണം വന്നതിനുശേഷം ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു നാം ഓരോരുത്തരും ഈ നിയമസഭാഹാളിൽ വന്നിട്ടുള്ളതു് ജനങ്ങളുടെ പേരു പറഞ്ഞു് നിലവിളിക്കുന്നതിനല്ല എന്നും ഈ രാജ്യത്തിന്റെ ഭരണം എങ്ങിനെ നടത്തിക്കൊണ്ടുപോകണമെന്നുള്ള കാര്യത്തെപ്പററി ആലോചിക്കാനാണെന്നും നാം ഓർത്തിരിക്കേണ്ടതാണ്. ആററിങ്ങലെ പ്രസവക്കുട്ടതലുള്ള സ്ത്രീകൾക്ക് റോഡുകൾ അത്യാവശ്യമുണ്ടെങ്കിൽ, ഇരിങ്ങാലക്കുടയിലെ "കാൺഗ്രസ്സായ" റോഡുകൾ യഥാവിധി സംരക്ഷിക്കപ്പെടണമെന്നുണ്ടെങ്കിൽ, ഈ രാജ്യത്തിന്റെ മുതലെടുപ്പ് വർദ്ധിപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും, ആ പദ്ധതിപ്രകാരം ഇവിടത്തെ പ്രവർത്തനങ്ങൾ സംവിധാനം ചെയ്തുകൊണ്ടുപോകുന്നതിനും നാംതന്നെ ശ്രദ്ധിക്കേണ്ടതാണ്. അതാണ് നമ്മുടെ കർത്തവ്യം.

ഒരു കാര്യംകൂടി ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു. ഇന്നിവിടെ സംവിധാനപദ്ധതികളില്ലാതെ അവശേഷിച്ചിരിക്കുന്നതു് പാലംപണികൾ മാത്രമാണ്. ആകെ ഈ സംസ്ഥാനത്തു് പതിനെട്ടോ ഇരുപത്തിയൊന്നോ വൻതരം പാലങ്ങൾ പണിയാനുണ്ട്. ഇത്രയും പാലങ്ങൾ പണി തീക്കുന്നതിന് എത്ര കൊല്ലം വേണ്ടിവരുമെന്നുള്ളതിന് ആലുവാപാലവും കോഴഞ്ചേരിപാലവും പണികൾ തീക്കുന്നതിന് എത്ര കൊല്ലം വേണ്ടിവന്നുവെന്ന് നോക്കിയാൽ കാണാവുന്നതാണ്. ഈ കണക്കിന് ഏതാണ്ട് ൯൩൦ കൊല്ലങ്ങൾകൊണ്ടുമാത്രമെ നമ്മുടെ രാജ്യത്തുള്ള പാലങ്ങളെല്ലാം കെട്ടിത്തീക്കുവാൻ കഴിയുകയുള്ളുവെന്ന് മനസ്സിലാകും. അത്രയും പാലങ്ങൾ ഒരു നിശ്ചിതതീയതിക്കുള്ളിൽ കെട്ടിത്തീക്കുവാൻ ഒരു പുതിയപദ്ധതി ആവിഷ്കരിച്ച് മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. രണ്ടുകൊല്ലങ്ങൾക്കുമുമ്പു പുതിയതായി പണിയുവാൻ പോകുന്ന പാലങ്ങൾക്ക് ഒരു സ്പെഷ്യൽ ടോൾ ഏർപ്പെടുത്തണമെന്നുള്ള കാര്യം ആലോചിക്കുക

യുണ്ടായി. അങ്ങനെ ഏതെങ്കിലും കൃത്യമായ ഒരു നിലയിൽ നാം മുന്നോട്ടു പോകണം. സ്പെഷ്യൽ ടോളിൽനിന്നും പിരിച്ചെടുക്കുന്ന സംഖ്യ മുഴുവനും ഒരു ഫണ്ടായി വച്ചുകൊണ്ടു് ആ സംഖ്യ ചെലവുചെയ്തു് അഞ്ചോ പത്തോ കൊല്ലങ്ങൾക്കുള്ളിൽ ഈ പാലങ്ങളുടെ പണികളെല്ലാം പൂർത്തീകരിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. അതിലേക്കു ഉടനടി വേണ്ടതു് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സ്റ്റാഫിനെ ഏർപ്പെടുത്തുകയാണു്. ഒരു പുതിയ സബ്ഡിവിഷൻതന്നെ ഇതിലേക്കു് രൂപീകരിക്കേണ്ടതാണു്. ആ സബ്ഡിവിഷൻ ഈ കാര്യങ്ങൾ ഏറ്റെടുക്കുന്നതായാൽ നന്നായിരിക്കുമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: സർ, പണ്ടത്തെപ്പോലെതന്നെ ഇന്നും അഴിമതിയും അനീതിയും നിലനിന്നുപോരുന്ന ഏക വകുപ്പാണ് ഈ പബ്ലിക്കവർക്സ് ഡിപ്പാർട്ടുമെൻറ്. കാൺഗ്രസ്സ് ഭരണത്തിൻ കീഴിൽ അഴിമതികൾക്കു ഇന്നും യാതൊരു കുറവുമില്ലെന്നു പലരും പറഞ്ഞുകഴിഞ്ഞു. ഞാൻ അതിനെപ്പററി കൂടുതലായി പറയുവാൻ ആഗ്രഹിക്കുന്നില്ല. ചേർത്തലയിൽ കുറെ റോഡുകൾ ഉണ്ടു്, കൂടുതൽ റോഡുകൾ വേണം എന്നു അവിടത്തെ ജനങ്ങൾ മുറവിളികൂട്ടിയിരുന്നു. ദിവാൻ ഭരണത്തിനു ഇടിവണ്ടി ഓടിച്ചു ജനങ്ങളെ വേട്ടയാടാതെ, മുന്നോട്ടുപോകുവാൻ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ എത്തിയപ്പോൾ അവിടെ കുറെ റോഡുകൾ ഉണ്ടാക്കി. അതിനുശേഷം അധികാരത്തിൽവന്ന കാൺഗ്രസ്സു ഗവണ്മെൻറ് ആ റോഡു് ഇടിവണ്ടിയോടിക്കുന്നതിനുമാത്രം ഉപയോഗിച്ചതല്ലാതെ ആ റോഡുപണികൾ പൂർത്തിയാക്കുന്നതിനൊ പാലങ്ങൾ കെട്ടുന്നതിനോ തുനിഞ്ഞിരുന്നില്ല. ഇപ്പോൾ അവിടെ ചില ജോലികൾ തുടങ്ങിയിട്ടുണ്ടു്. ചേർത്തല—അരൂക്കുററിറോഡു്, ചേർത്തല—കുമ്പളങ്ങിറോഡു്, ആലപ്പുഴ—തണ്ണീർമുക്കംറോഡു് ഈ റോഡുകൾ അവിടെ ആവശ്യമാണു്. ചേർത്തല—കുമ്പളങ്ങി ലൈനിൽ ഓടുന്ന ബസ്സു് അനവധിയാണു്. അവിടെ ഒരു പാലംമാത്രം പണി തീരാനുണ്ടു്. അതു തീരാതെ ആളുകൾക്കു നടന്നുപോകാനും നിവൃത്തിയില്ല. ഇപ്പോൾ ആ വഴി അല്പമൊന്നു രൂപാന്തരപ്പെടുത്തിയിട്ടുണ്ടെങ്കിലും ജനങ്ങൾക്കു സൗകര്യമായ വിധത്തിൽ ഉപയോഗിക്കാൻ നിവൃത്തിയില്ല. രണ്ടും മൂന്നും മൈൽദൂരം ചുററിയാണു ഇപ്പോൾ ആളുകൾ യാത്രചെയ്യുന്നതു്. അവിടെ റോഡുകളെല്ലാം തോടുകളാണു്. ജീവൻ കയ്യിൽ വച്ചുകൊണ്ടുവേണം അവിടെ ബസ്സിൽ സഞ്ചരിക്കുവാൻ. മനുഷ്യർ എപ്പോഴും സഞ്ചരിക്കുന്ന ആലപ്പുഴ—ചേർത്തല റോഡു് ടാർ ഇട്ടു. ചേർത്തലയിൽനിന്നും രണ്ടുമൈൽ ദൂരം റോഡിൽ ടാറിട്ടിട്ടു ഏകദേശം രണ്ടുമാസമേ ആയിട്ടുള്ളു. ഇപ്പോൾ അതു മോശമായിരിക്കുന്നു. ചേർത്തലയിൽനിന്നുള്ള ആ രണ്ടുമൈൽ ദൂരവും റോഡിൽക്കൂടി നടന്നുനോക്കിയാൽ അതു പൂർത്തിയാകണമെങ്കിൽ ഇനിയും രണ്ടുവർഷം വേണമെന്നാണു എനിക്കു തോന്നുന്നതു്. ഇതാണു ഇന്നത്തെ ഗവണ്മെൻറിൻെറ നയം. ഇതിനേക്കാൾ ഭയങ്കരമായ റോഡുകൾ വേറെയും ഉണ്ടു്.

സർ, ൩൨ ൫ കൊല്ലത്തോളമായി ചേർത്തല—ആലപ്പുഴ തോടുവെട്ടാൻ തുടങ്ങിയിട്ടു്. ചേർത്തല—ആലപ്പുഴ തോടു് വെട്ടിത്തീർക്കുന്നതിനു് അവിടത്തെ ജനങ്ങൾ നിവേദനം ചെയ്തിട്ടുണ്ടു്. തോടുവെട്ടിത്തീർക്കാത്തതു

[ശ്രീ. സി. കെ. കുമാരപ്പണിക്കർ]

കൊണ്ടു അവിടെ തോടിന്റെ ഇരുവശങ്ങളിലുമുള്ള നിലങ്ങൾ ഇപ്പോൾ മരുഭൂമിയായി മാറിയിട്ടുണ്ടു്. അവിടെയുള്ള തെങ്ങിൻതോപ്പുകളിൽ നിന്നും യാതൊന്നും കിട്ടാതായിരിക്കുന്നു. അടുത്തദിവസം പ്രധാനമന്ത്രി ചേർത്തലയിൽ വന്നപ്പോൾ നാട്ടുകാർ പറഞ്ഞു അതു് നികത്തിത്തരണമെന്നു്. ഇങ്ങനെ ലക്ഷക്കണക്കിനു രൂപ ചെലവുചെയ്തുണ്ടാക്കിയ ഈ തോടു് വെട്ടിത്തീർക്കാത്തതുകൊണ്ടു നാടു് മുഴുവൻ ഇപ്പോൾ നശിച്ചിട്ടിരിക്കുകയാണു്.. ചേർത്തലത്തോടും വേമ്പനാട്ടുകായലും കൂടി യോജിപ്പിച്ചുകൊണ്ടു മൂന്നും നാലും തോടുകൾ ചേർത്തലയ്ക്കും ആലപ്പുഴയ്ക്കും ഇടയ്ക്കു് ഉണ്ടാക്കണം. ഇവിടെ ഒരു പദ്ധതിയുണ്ടെങ്കിൽ ജനങ്ങൾക്കു ക്ഷേമം ഉണ്ടാകണമെന്നുള്ള ബോദ്ധ്യത്തോടുകൂടിയ ഒരു പദ്ധതിയുണ്ടെങ്കിൽ, പുന്നമട മുതൽ തണ്ണീർമുക്കം വരെ ഒരു ബണ്ടുണ്ടാക്കിയാൽ അതോടുകൂടി പന്ത്രണ്ടു മൈൽ നീളം ഉള്ള ഒന്നാംതരം നിലവും ഉണ്ടാകും. ആ നിലം വിററാൽ തോടിനു് ചെലവാകുന്ന പണം കിട്ടുകയും ചെയ്യും. (ബെൽ)

[4 P. M. മന്ത്രിമാർ ഈ സഭയിൽ പ്രസംഗിച്ചിട്ടുണ്ടു് ചേർത്തലയിലെ ജനങ്ങളുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കവേണ്ടി കുറെ രൂപ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെന്നു്. രണ്ടുദിവസം മുമ്പു് പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ അവിടത്തെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ടു്; ആ ദുരിതാശ്വാസ പദ്ധതികളുടെ എസ്റ്റിമേററ തയാറാക്കിയിട്ടുണ്ടു്. ഇനി അതു കേന്ദ്രഗവണ്മെൻറിനു് പോകണം; കേന്ദ്രഗവണ്മെൻറിന്റെ അനുമതികിട്ടിയാലെ അവിടെ പ്രവർത്തനങ്ങൾ തുടങ്ങുവാൻ നിവൃത്തിയുള്ളു എന്നു പറഞ്ഞു. നമ്മുടെ ബഡ്ജററിൽ ഇന്നു കൊള്ളിച്ചിട്ടുള്ള സംഖ്യ വേണ്ടിവന്നാൽ ൨൪ മണിക്കൂറിനുള്ളിൽ ചെലവുചെയ്യാനുള്ള അധികാരം നമ്മുടെ ഗവണ്മെൻറിനു ഉണ്ടാകണം. ഈ പദ്ധതിയുടെ കാര്യത്തിൽ എന്തെങ്കിലും അവിടെ ചെയ്യുവാൻ കഴിയുമെങ്കിൽ അതു ഉടനെ ചെയ്യണം. ഇന്നു പാസ്സാക്കുന്ന രൂപകൊണ്ടു് നാളെത്തന്നെ അവിടെ പ്രവർത്തിക്കണം. സർ, അവിടത്തെ സ്ഥിതി ഈ സഭ മനസ്സിലാക്കിയിട്ടില്ല. ചേർത്തലയിലെ ആളുകൾ ഇന്നു പട്ടിണിമരണത്തിലേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കുകയാണു്. അവിടത്തെ ജനങ്ങൾ പട്ടിണികിടന്നുമരിക്കുകയാണെങ്കിൽ അതിനു ഉത്തരവാദി ഈ മന്ത്രിസഭയായിരിക്കും എന്നു പ്രസ്താവിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ഡാക്ടർ എം. ശിവരാമൻ നായർ</u> : സർ, ഈ ഡിപ്പാർട്ടുമെൻറ വളരെ അധികം ചിലവുള്ളതും അതിലുമേറെ വിമർശനങ്ങൾക്കു് പാത്രമാകുന്നതുമായ ഒന്നാണു്. ചെങ്ങന്നൂരിനെപ്പററി പറയുകയാണെങ്കിൽ അവിടെയുള്ള പല റോഡുകളുടെയും സർഫസിംഗു് തീരെ മോശമായ നിലയിൽ കിടക്കുകയാണു്. ഗതാഗതയോഗ്യമല്ലാത്ത രീതിയിൽത്തന്നെ പല ഭാഗങ്ങളും മോശമായ നിലയിൽ ആയിട്ടുണ്ടു്.

അവിടെയുള്ള വില്ലേജു റോഡുകളെപ്പററി പറയുകയാണെങ്കിൽ പലതും ഉപയോഗശൂന്യമായിത്തന്നെ കിടക്കുന്നു.

Statistics for 1125 M. E. p. 544. Length of communications maintained in Tiruvalla Taluk by the P. W. D.

Main Road	277 miles	1980 feet.
Village Road	48 ,,	1650 ,,
Irrigation Canal	30 ,,	..

ഏററവും ജനബാഹുല്യമുള്ള ആ താലൂക്കുകളിൽ ഇതു് താരതമ്യേന കുറവാണെന്നുള്ളതോ പോകട്ടെ, ഈ മെയിൻറനൻസ് എന്നു പറയുന്നതു് അധികം ബോദ്ധ്യമായിട്ടുള്ള സംഗതിയുമല്ല. മരിക്കാതെയിരിക്കുക എന്നുള്ളതാണു് ജീവിക്കുക എന്നുള്ളതിന്റെ അർത്ഥമെങ്കിൽ ഈ റോഡുകളുടേയും മററും നിലനിൽപ്പു് എന്നുള്ളതു് മെയിൻറനൻസായി വ്യാഖ്യാനിക്കാം. മെയിൻറനൻസ് എന്നതു് ഉപയോഗപ്രദമായ രീതിയിൽ അവയെ സൂക്ഷിക്കുക എന്നതാണെങ്കിൽ, സർ, അപ്രകാരം ചെയ്യുന്നില്ലെന്നു പറയേണ്ടിവരുന്നതിൽ ഖേദമുണ്ടു്. സർ, ഇപ്രകാരം പല റോഡുകളും എന്റെ നിയോജകമണ്ഡലത്തിലുണ്ടു്. ഉദാഹരണമായി കടമ്പൂർ-പാണ്ടനാട്ടു് റോഡു്, പെണ്ണുക്കര *via* പെരിങ്ങാല-കാരക്കാട്ടു് റോഡു്, ബുധനൂർ-എണ്ണക്കാട്ടു് റോഡു്, പേരിശ്ശേരി *via* ആല-ചെറുവല്ലൂർ റോഡ്, കിഴക്കേനട-പുത്തൻകാവുറോഡു്, കുളനട *via* രാമൻചിറ-കോഴഞ്ചേരിറോഡു്, നെടുമ്പ്രയാർ-കോയിപ്രം റോഡു്, കൊല്ലകടവു്-കുളനടറോഡു്, കുളനട *via* മെഴുവേലി-ആറൻമുള റോഡു് മുതലായ പല റോഡുകളും ഇക്കൂട്ടത്തിൽപ്പെടുന്നുണ്ടു്. ആറാട്ടുപുഴക്കടവു് വളരെ ഗതാഗതമുള്ള ഒരു സ്ഥലമാണു്. ആ കടവിൽ ഒരു ചങ്ങാടം ഉണ്ടായിരുന്നതു് ജീർണ്ണിച്ചു പോയിരിക്കുകയാണു്. വളരെ ആളുകൾ, അനേകം വിദ്യാർത്ഥികൾ ഉൾപ്പെടെ, ഗതാഗതം ചെയ്യുന്ന ആ കടവിൽ എത്രയും വേഗം ഒരു ചങ്ങാടം ഇടുന്നതിനു് നടപടികൾ എടുക്കേണ്ടതാണു്.

സർ, ഞങ്ങളുടെ നാട്ടിൽ ഇടനാട്ടു് എന്നൊരു സ്ഥലമുണ്ടു്. പമ്പാനദിയും അതിന്റെ കൈവഴിയും ചുററിക്കിടക്കുന്ന ഈ സ്ഥലത്തു് വർഷകാലത്തു്, വെള്ളപ്പൊക്കമുള്ള അവസരത്തിൽ, ഒരു രോഗിക്കു വൈദ്യസഹായം ലഭിക്കുന്നതിനുപോലും പ്രയാസമായിരിക്കുകയാണു്. പല കാരണങ്ങൾകൊണ്ടും ആ സ്ഥലത്തേക്കു് ഒരു ലാൻറു് കണക്ഷൻ കൊടുക്കേണ്ടതു് വളരെ ആവശ്യമാണു്. മംഗലം ഇടനാട്ടു് ഇവയുടെ മദ്ധ്യത്തിൽ ഒരു ചെറിയ പാലം പണിതാൽ ഇതു് സാധിക്കുന്നതാണു്. അതുപോലെ തന്നെ മാന്നാറിനും ഒരു ലാൻറു് കണക്ഷൻ ഇട്ടിനായരു് കടവിൽ കൊടുത്തു് ബുധനൂരുമായി ഘടിപ്പിക്കേണ്ടതാണു്. ചെങ്ങന്നൂരിൽ ഒരു മാർക്കററു് കനാൽ, ബോട്ടുജട്ടി മുതലായവ ഉടനടി സ്ഥാപിച്ചു് വ്യാവസായികമായ അഭിവൃദ്ധിക്കു സഹായകമായ എല്ലാ നടപടികളും സത്വരം നടപ്പിലാക്കേണ്ടതാണു്.

പൊതുവായി പറയുകയാണെങ്കിൽ അതാതു കൊല്ലം ഡിപ്പാർട്ടുമെൻറിൽ അനുവദിച്ചിട്ടുള്ള തുകകൾ ലാപ്സാകാതെ മുഴുവൻ തുക ആ കൊല്ലംതന്നെ ചെലവാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. പ്രവത്തനത്തിന്റെ എസ്റ്റിമേററും ഫൈനൽ ബില്ലും പാസാക്കുന്നതു് മേലധികാരിയുടെ (ചീഫ് എൻജിനീയരുടെ) സ്ക്രൂട്ടിനി കഴിഞ്ഞതിനുശേഷം.

[ഡാക്ടർ എം. ശിവരാമൻ നായർ]

മാത്രമായിരിക്കേണ്ടതാണു്. റോഡുകൾ കോൺക്രീററു ചെയ്യുന്ന ഭാഗങ്ങളിൽ രണ്ടുഭാഗത്തും മണ്ണു് ഇടുന്ന പതിവു മാററി അതിനടുത്തു ഒരു റോഡു തീർത്തു അവിടെനിന്നു് മണ്ണെടുത്തിട്ടാൽ ഒരേ ജോലികൊണ്ടു് രണ്ടു ആവശ്യങ്ങൾ നടക്കുന്നതാണു്. പണ്ടു് മി: വൈപ്പൻ ചീഫ് എഞ്ചിനീയർ ആയിരുന്നപ്പോൾ റോഡു് മെററൽ ഇപ്പോൾ ഇടുന്നതു മാതിരി റോഡിൽ കൂട്ടം കൂട്ടമായി ഇടുവാൻ അനുവദിച്ചിരുന്നില്ല. അപകടമുണ്ടാകുന്ന വിധത്തിൽ റോഡിൽ മെററൽ ഇടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണു്.

ഈ ഡിപ്പാർട്ടുമെൻറിലെ പണികൾക്കു വളരെ പണം ആവശ്യമുണ്ടെന്നു് ഞാനും സമ്മതിക്കുന്നുണ്ടു്. നാടു ഒട്ടുക്കു് ആവശ്യമുള്ള പ്രവൎത്തനങ്ങളുടെ ഒരു സർവെ നടത്തി ഒരു പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനത്തിൽ പണി പൂൎത്തിയാകത്തക്ക വിധം പ്ലാൻ ചെയ്തു് അതിനു വേണ്ട ധനം ലോണായി സമ്പാദിച്ചു് നടപ്പിൽ വരുത്തണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഡിപ്പാർട്ടുമെൻറിൽനിന്നും നീക്കിവെക്കാവുന്ന തുക കൊണ്ടും, പ്രത്യേകം ഉണ്ടാക്കുന്ന വലിയ പാലങ്ങൾ മുതലായവയ്ക്കു ടോൾ വച്ചും, ഈ കടം തീൎക്കാവുന്നതാണു്. ഇപ്രകാരം ഭാവനാപൂർണ്ണമായ നയം ഗവൺമെൻറ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, പൊതുമരാമത്തു വകുപ്പിൻെറ പ്രവൎത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലെ വളരെ അധികം വിമർശനങ്ങൾ ഈ സഭയിൽ ഉണ്ടായിരുന്നു. വളരെ വിലയേറിയ നിർദ്ദേശങ്ങളും ഈ സഭയിൽ നിന്നു് നൽകിയിട്ടുണ്ടു്. ഈ വിമർശനങ്ങളിൽ അധികവും ഇന്നു ഈ രാജ്യത്തുള്ള റോഡുകളുടെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ആ കാൎയ്യത്തെപ്പററി ഈ സഭയിൽ ഉന്നയിച്ച വസ്തുത നിഷേധിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്നു നമ്മുടെ രാജ്യത്തുള്ള റോഡുകളുടെ സ്ഥിതിയെപ്പററി എത്രകണ്ടു മോശമായ അഭിപ്രായം പറഞ്ഞാലും അതു അതിശയോക്തിയായിരിക്കയില്ലെന്നു് എനിക്കും അറിയാവുന്ന ഒരു കാൎയ്യമാണു്. എന്നാൽ എന്തുകൊണ്ടാണു് ഈ റോഡുകളുടെ സ്ഥിതി ഇങ്ങനെയായിരിക്കുന്നതെന്നുള്ളതിനെപ്പററി ഒരു അന്വേഷണം നടത്തി അതിനു ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതു് ഗവൺമെൻറിൻെറയും ഈ സഭയുടേയും ചുമതലയാണെന്നുതന്നെ ഞാൻ കരുതുന്നു. അതുകൊണ്ടു് റോഡുകളെ സംബന്ധിച്ചു് അല്പം ചില വസ്തുത ഈ സഭയിൽ നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സഭയിലെ ഒരംഗം ഇവിടെ പ്രസ്താവിച്ചതുപോലെ ഏകദേശം ൧,൫൦൦ മൈലിലധികം റോഡ് ഈ രാജ്യത്തുണ്ടു്. അതിൽ ൩,൧൩൨ മൈൽ റോഡു് ഒന്നാംക്ലാസ്സ് റോഡുകളാണു്. ഒന്നാംക്ലാസ്സ് റോഡിലാണു് വളരെ ഭാരമുള്ള ലോറി ട്രാഫിക്കും ബസ്സു ട്രാഫിക്കും വളരെ അധികം ഉള്ളതു്. ഈ ൩,൧൩൨ മൈൽ ഒന്നാം ക്ലാസ്സ് റോഡിൽ ഇപ്പോഴത്തെ രീതിയിൽ മെററൽ നടത്തുന്നതാണെങ്കിൽ ബസ്സ്ട്രാഫിക്കിനും ലോറിട്രാഫിക്കിനും മതിയാകുമെന്നല്ലാതെ ഒരു വൎഷത്തിലധികം ആ റോഡു് നല്ലനിലയിൽ ഇരിക്കുകയില്ല. ആ വിധത്തിൽ ൧൮ അടി വീതിയിൽ ഒരു മൈൽ റോഡു് മെററൽ ചെയ്യണമെങ്കിൽ ഏഴായിരം രൂപാ വേണ്ടിവരും. ഒരു മൈൽ റോഡിനു ൩ മാസ

ത്തേക്ക് ഏഴായിരംരൂപ വേണമെന്നാണെങ്കിൽ ൩,൭൩൮ മൈൽ റോഡു സംരക്ഷിച്ചുകൊണ്ടുപോകുന്നതിന് ആവശ്യമായ തുക എന്താണെന്നു സഭ അറിയുന്നതു് നന്നായിരിക്കും. ഈ റോഡുകളുടെ മെയിൻറനൻസിന് ൨,൬൪,൦൬൬ രൂപയാണു് വച്ചിരിക്കുന്നതു്.

ഇതുകൂടാതെ ൩,൭൦൦-ൽ ചില്വാനം മൈൽ വില്ലേജുറോഡുകളുണ്ടു്. ഈ വില്ലേജുറോഡുകളിലും വാഹനഗതാഗതം സാമാന്യമായി നല്ലതരത്തിലുണ്ടു്. ബസ്സുകൾ മിക്കവാറും ഈ എല്ലാ റോഡുകളിലും കൂടി പോകുന്നുണ്ടു്. അതുകൊണ്ടു് ആ റോഡുകളും സാമാന്യമായി നല്ലതരത്തിൽ മെൻറയിൻ ചെയ്യേണ്ട പദ്ധതിയും ഈ ഗവണ്മെൻറിനുണ്ടു്. ഈ റോഡുകളെല്ലാം ശരിക്ക് മെൻറയിൻ ചെയ്യണമെങ്കിൽ അതിന് ൫ കോടിയിലധികം രൂപ വേണ്ടിവരും. എന്നാൽ മറ്റൊരു കാര്യംകൂടി സഭയെ അറിയിച്ചുകൊള്ളട്ടെ. ഈ റോഡുകളെല്ലാം ഇന്നു ചെയ്യുന്നപ്രകാരം മെററലിംഗ് ചെയ്യുന്നതുകൊണ്ടു് നമുക്കു് ഭീമമായ ഒരു സംഖ്യ നഷ്ടപ്പെടുമെന്നല്ലാതെ അതുകൊണ്ടു് വലിയ പ്രയോജനം ഒന്നും ഉണ്ടാകയില്ല. ഈ റോഡുകൾ നല്ലനിലയിൽ ഇരിക്കണമെങ്കിൽ ഇവയെല്ലാം കോൺക്രീററുറോഡും ടാർറോഡും ആക്കിത്തീർക്കണം. ടാറോ കോൺക്രീററോ ചെയ്യണമെങ്കിൽ മെററലിംഗിൻെറ ൪൦ ഇരട്ടി സംഖ്യവേണം. അതായതു് മെററലിംഗിന് ൫ കോടി രൂപ വേണമെങ്കിൽ ടാറും, കോൺക്രീററും ചെയ്യുന്നതിന് ൫൦ കോടി രൂപവേണം. ഈ റോഡുകളെല്ലാം അവസാനം ടാറോ കോൺക്രീററോ ഇടേണ്ടതുതന്നെയാണു്. അതിന് ഒരു ഹ്രസ്വകാലപദ്ധതിയാണു് ഈ സഭ അനുവദിക്കുന്നതെങ്കിൽ, അതിനുകഴിവുണ്ടെങ്കിൽ, അതു ചെയ്യണമെന്നുതന്നെയാണു് ഈ ഗവണ്മെൻറിൻേറയും അഭിപ്രായം. കോൺക്രീററിൽ അധികം ചെലവില്ലാത്ത ഷെൽക്രീററിംഗ് ചെയ്തു് ഏതാനും വർഷംകൊണ്ടു് ഈ രാജ്യത്തെ റോഡുകൾ മുഴുവൻ നന്നാക്കണമെന്നാണു് ഈ ഗവണ്മെൻറു് ആഗ്രഹിക്കുന്നതു്. ഈ വർഷത്തിൽ ൨൦൦ മൈൽ റോഡു് ടാറും കോൺക്രീററും ചെയ്യണമെന്നാണു് ഗവണ്മെൻറു് ആഗ്രഹിക്കുന്നതു്. ഈ റോഡുകൾ മുഴുവൻ ടാർക്രീററു ചെയ്യുന്നതിന് വിഷമങ്ങളുണ്ടു്. പണം ഇല്ലായ്മ ഒരു വശത്തും ടാർ കിട്ടുവാനുള്ള വിഷമം മറെറാരുവശത്തും. ടാർ കിട്ടുവാനുള്ള വിഷമം ഇന്നും അവസാനിച്ചിട്ടില്ല.

കഴിഞ്ഞവർഷം റോഡിൽ ടാർ ഇടാൻവേണ്ടി ഒരുതുക നീക്കിവച്ചിട്ടുണ്ടായിരുന്നെങ്കിലും പ്രതീക്ഷിച്ചിരുന്നവിധത്തിൽ ടാർ കിട്ടാത്തതുകൊണ്ടു് അതു് സാധിച്ചില്ല. ഈ വർഷത്തിൽ ടാർ എത്രത്തോളം കിട്ടുന്നതിനുസാധിക്കുമോ അത്രത്തോളം വാങ്ങുന്നതിനായി ഗവണ്മെൻറു് പ്രയത്നിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : ടാർ ഇപ്പോൾ സപ്ലൈ ചെയ്യുന്നതാരാണു് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതു് വെളിയിലുള്ള പെട്രോൾ കമ്പനിയിൽനിന്നുമാണു്.

Shri K. Balakrishna Menon : Is it from India or outside India ?

Shri Kalathil Velayudhan Nair : Outside India.

ടാറിന്റെ ആവശ്യക്കൂടുതലിനെപ്പററി ആ കമ്പനിയെ അറിയിച്ചതിന്റെ ഫലമായി അവിടെനിന്നും ഒരു എൻജിനീയരെ ഇങ്ങോട്ടയയ്ക്കുകയും, റോഡുകൾക്ക് ടാർ ഇടാത്തതുകൊണ്ടുണ്ടായിട്ടുള്ള ശോച്യാവസ്ഥ ബോദ്ധ്യപ്പെടുകയും ചെയ്തതിന്റെ ഫലമായി നമുക്ക് കൂടുതൽ ടാർ സപ്ലൈ ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. പ്രധാനപ്പെട്ട റോഡുകളുടെ പല ഭാഗങ്ങളും ഉറപ്പില്ലാതെ മണ്ണിളകി കിടക്കുന്നതുകൊണ്ട് അവിടെയൊക്കെ കപ്പയോ ചേനയോ മററോ കൃഷി ചെയ്യാൻതോന്നുമെന്ന് ഒരു ബഹുമാനപ്പെട്ട മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ചില റോഡുകളുടെ സ്ഥിതി ശോചനീയമാണെന്ന് സമ്മതിക്കുന്നു. ബസ്സ് ട്രാഫിക്കുള്ള റോഡുകളിൽ നല്ലതുപോലെ മെയിന്റനൻസ് നടത്താൻ മെററലിംഗിന് ഒരു മൈലിന് ഏഴായിരം രൂപവരെ വേണ്ടിവരുമ്പോൾ, നാം ഇവിടെ ചെലവാക്കുന്നത് ഒരു മൈലിന് വെറും മുന്നൂറു രൂപമാത്രമാണ്. ഈ വസ്തുത ധരിച്ചിരുന്നുവെങ്കിൽ ഈ അഭിപ്രായം പുറപ്പെടുവിക്കുകയില്ലായിരുന്നു. റോഡുകളുടെ അനാസ്ഥസ്ഥിതി ഗവണ്മെന്റിന്റെ അശ്രദ്ധകൊണ്ടുണ്ടായിട്ടുള്ളതല്ലെന്ന് ബഹുമാനപ്പെട്ട മെംബറന്മാർ ധരിച്ചിരുന്നാൽ നന്നായിരിക്കും. റോഡുകൾ നന്നാക്കിയാൽതന്നെയും പെട്ടെന്ന് അററകുററപ്പെടുന്നതിന് വേറെയും ചില കാരണങ്ങളുണ്ട്. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഇവിടത്തെപ്പോലെ അധികം റോഡുകളില്ല. ഇവിടത്തെപ്പോലെ ഹെവി ട്രാഫിക്കും അവിടങ്ങളിലില്ല. രണ്ടാമത്തെ കാരണം, നമ്മുടെ സംസ്ഥാനത്തിന്റെ കിഴക്ക് മലയും പടിഞ്ഞാറ് സമുദ്രവും ആയതുകൊണ്ടും ഹെവി മൺസൂൺ നിമിത്തവും മിക്കറോഡുകളും വേഗം മോശമായിപ്പോകുന്നു. റോഡുകൾക്കൂടക്കൂടെ ചീത്തയാകുന്നതിനും നന്നാക്കേണ്ടിവരുന്നതിനും കാരണമിതാണ്. റോഡുകളിൽ ചെറിയ ചെറിയ കലുങ്കുകൾപോലും കെട്ടാൻ ഈ ഗവണ്മെന്റിന് സാധിച്ചില്ലെന്ന് ഒരു ബഹുമാനപ്പെട്ടമെമ്പർ കുററപ്പെടുത്തി. സർ, റോഡുകളിലുള്ള എല്ലാ കലുങ്കുകളും നന്നാക്കുന്നതിനൊ, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതുതായി കെട്ടിക്കൊടുക്കുന്നതിനൊ ഈ ഗവണ്മെന്റിന് സാധിച്ചിട്ടില്ലെന്നുള്ളത് പരമാർത്ഥമാണ്. അതുപോലെതന്നെ പാലങ്ങളെ സംബന്ധിച്ചിടത്തോളം ക്ലിപ്തമായ ഒരു വ്യവസ്ഥയില്ലെന്ന് മി. സദാശിവൻപിള്ള സൂചിപ്പിക്കുകയുണ്ടായി. ഈ വർഷാവസാനത്തിനു മുമ്പ് ധാരാളം കലുങ്കുകളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി രൂപീകരിച്ച് ഈ സഭയുടെ മുൻപിൽ വയ്ക്കുന്നതാണെന്ന് ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ.

ശ്രീ. പി. വി. അവിരാ തരകൻ: പദ്ധതിയനുസരിച്ച് പാലങ്ങളും കലുങ്കുകളും നിർമ്മിക്കുന്നതിനുവേണ്ടി കാൺട്രാക്ട് കൊടുക്കുമൊ?

ശ്രീ. കളത്തിൽ വേലായുധൻനായർ: എന്നെ സംബന്ധിച്ചിടത്തോളമാണെങ്കിൽ കാൺട്രാക്ട് കൊടുക്കുന്നതിൽ എനിക്ക് യാതൊരു വിസമ്മതവുമില്ല. സർ, നമ്മുടെ സംസ്ഥാനത്തെ അതിപ്രധാനമായ മൂന്നു റോഡുകളുടെ അററകുററപ്പണികൾ തീർത്ത് പുതിയ പാലങ്ങളും നിർമ്മിച്ച് ഗതാഗതസൗകര്യം കൂടുതലുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അവയുടെ പ്രവർത്തനങ്ങൾ ഈ വർഷത്തിൽത്തന്നെ ആരംഭിച്ചിട്ടു

ള്ളതു്. കന്യാകുമാരിമുതൽ കൊച്ചിയുടെ വടക്കെഅററംവരെ പോകുന്ന റോഡാണു് അതിൽ ഒന്നു്. ആ റോഡിനെ സംബന്ധിച്ചിടത്തോളം കൂടുതൽ ഗതാഗതസൗകര്യത്തിനുവേണ്ടി ആലുവാ, അരൂർ ഈ സ്ഥലങ്ങളിൽ ഓരോ പാലം നിർമ്മിക്കുന്നതിനു് ഇക്കൊല്ലത്തിൽതന്നെ നടപടി എടുത്തുകഴിഞ്ഞു. രണ്ടാമത്തേതു് ആലുവാ മുതൽ തിരുവനന്തപുരത്തു കൂടി പോകുന്ന മെയിൻസെൻട്രൽ റോഡാണു്. ഈ റോഡിലുള്ള അററകുററപ്പണികൾ തീർക്കുകയും തിരുവല്ലായിലുള്ള പഴയ തോണ്ടുേറപ്പാലം പൊളിച്ചിട്ടു ഒരു പുതിയ പാലം പണിയുകയും ചെയ്യുന്നതിനു് നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. ചെങ്ങന്നൂർ, പത്തനംതിട്ട, റാന്നി, പാലാ ഈ സ്ഥലങ്ങളിൽക്കൂടി ആലുവായിൽ ചെന്നുചേരുന്ന റോഡാണു മൂന്നാമത്തേതു്. ഈ റോഡു് കുമ്പഴ, മണിമല ഈ സ്ഥലങ്ങളിൽ ഓരോ പാലം തീർക്കുന്നതോടുകൂടി ഗതാഗതത്തിനു പററിയ ഒരു റോഡായിത്തീരുന്നതാണു്. അതിലേയ്ക്കുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ഈ റോഡിൽ മൂപ്പിലാക്കൽ പാലം പണിയുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. ഈ വർഷത്തിൽതന്നെ പണി പൂർത്തിയാകുന്നതാണു്. ഇവയ്ക്കോരോന്നിനും പ്രത്യേകം പ്രത്യേകം തുക നീക്കിവച്ചിരിക്കുകയാണു്. സിവിൾവർക്കിനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകകൾ മുഴുവനും ചെലവാക്കുന്നില്ലെന്നും, ആവശ്യത്തിനു മതിയാകുന്ന തുകയിൽ കൂടുതലായി ആണ്ടുതോറും നീക്കിവയ്ക്കുകയാണെന്നും മററും ശ്രീ. നടരാജപിള്ള പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ഈ വക ജോലികൾ നടത്തുന്നതിനായി നീക്കിവച്ചിട്ടുള്ള തുകയുടെ ൭൯ ശതമാനവും ശരിയായ വിധത്തിൽതന്നെ ചെലവായിട്ടുണ്ടെന്നും ബാക്കിയുള്ള ൨൧ ശതമാനം, ആവശ്യമുള്ള ഇരുമ്പുസാമാനങ്ങളും മററും കിട്ടാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു് ചെലവാക്കാൻ സാധിക്കാതെ പോയതെന്നും ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. മാത്രമല്ല, ഈ വർഷത്തിലേയ്ക്കു കൊള്ളിച്ചിട്ടുള്ള തുകയുടെ നൂറുശതമാനമല്ല, നൂററിയൻപതു ശതമാനം ചെലവാക്കാൻ ഗവണ്മെൻറു വിചാരിക്കുന്നുവെന്നും ഈയവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

ശ്രീ. ആർ. കേശവപിള്ള : മലംപ്രദേശങ്ങളിൽ റോഡും പാലവും മററും നിർമ്മിക്കുന്നതിനുള്ള വല്ല പദ്ധതിയുമുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അവയ്ക്കും പദ്ധതിയുണ്ടു്, സർ, കഴിഞ്ഞവർഷം, കൊച്ചിയിലുള്ള മിക്ക റോഡുകളുടേയും മെയിൻറനൻസു നടത്തിയിട്ടില്ലെന്നും, അതിലേയ്ക്കു നീക്കിവച്ചിട്ടുള്ള നിസ്സാര തുകതന്നെ മുഴുവനും ചെലവാക്കിയിട്ടില്ലെന്നും മററും ഒരു മെംബർ പറയുകയുണ്ടായി. മറെറാരു ബഹുമാനപ്പെട്ട മെംബറുടെ പരാതി സിവിൾവർക്കിനുവേണ്ടി അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിലേയ്ക്കു വെറും ൪൦,൦൦൦ രൂപ മാത്രമേ കൊള്ളിച്ചിട്ടുള്ളുവെന്നും, കാൺഗ്രസ്സ് ഗവണ്മെൻറു രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി സിവിൾവർക്കിനെ ഉപയോഗപ്പെടുത്തുന്നുവെന്നുമാണു്. ഇതിനു എനിക്കു പറയാനുള്ള സമാധാനം, കൊച്ചി വിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും ചെലവായ തുകയുടെ കണക്കുകൾ പരിശോധിച്ചാൽ യാതൊരു പ്രത്യേകതയും കാണിച്ചിട്ടില്ലെന്നു ബോദ്ധ്യപ്പെടുമെന്നു മാത്രമാണു്. മെയിൻറനൻസിനെ സംബന്ധിച്ചു മാത്രമല്ല, മറെറല്ലാ കാര്യങ്ങളിലും കൊച്ചിയെന്നോ തിരുവിതാം

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

കുറെന്നൊ ഉള്ള പ്രത്യേകതയില്ലാതെയാണ് ഗവൺമെൻറ പ്രവൎത്തിക്കുന്നതു്. ഈ സഭയിലെ പ്രതിപക്ഷ കക്ഷികളുടെ നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ കഴിഞ്ഞ വൎഷത്തേക്കാൾ കൂടുതൽ തുക ഈ വൎഷത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെന്നുള്ളതു ബഡ്ജററനോക്കിയാൽ കാണാവുന്നതാണു്. ഇക്കാര്യത്തിൽ ഗവൺമെൻറിനെ കുററപ്പെടുത്തുന്ന മെംബറന്മാരുടെ നിയോജകമണ്ഡലങ്ങളിൽ കൂടുതൽ ജോലി നടത്തണമെന്നുള്ള ആശയമാണുള്ളതെങ്കിൽ അതു സ്തുത്യൎഹമാണു്. എന്നാൽ അതൊരാരോപണമായി കൊണ്ടുവരുന്നതു ശരിയല്ല.

സിവിൾവൎക്കസിനെ സംബന്ധിച്ചിടത്തോളം അതിൻെറ എസ്റ്റാബ്ളീഷുമെൻറ ചെലവു് വളരെ കൂടുതലാണെന്നു എൻെറ സ്നേഹിതൻ മി. പി. എസ്സ്. നടരാജപിള്ളയും മറെറാരു ബഹുമാനപ്പെട്ട മെംബറം ഒരാരോപണരൂപത്തിൽ പ്രസ്താവിക്കയുണ്ടായി. മറെറാരു മെംബർ പറയുകയുണ്ടായി, ഈ ഡിപ്പാൎട്ടുമെൻറിൽ ജോലിയില്ലാതെ പല എൻജിനീയറന്മാരും വെറുതെയിരിക്കുന്നുവെന്നു്. സർ, നമ്മുടെ സ്റ്റേററിൽ ഈ വക ജോലികൾക്കുവേണ്ടി ചെലവുചെയ്യുന്ന തുകയും, മറേറതെങ്കിലും സംസ്ഥാനത്തു ഇവയ്ക്കുവേണ്ടി ചെലവിടുന്ന തുകയും തമ്മിൽ ഒരു താരതമ്യപഠനം നടത്തിയിരുന്നുവെങ്കിൽ അവരിൽനിന്നും ഈ പരാതിയുണ്ടാകുകയില്ലായിരുന്നു. ഇൻഡ്യയുടെ മറേറതു ഭാഗത്തേക്കാളും വളരെ തുച്ഛമായ ഒരു സംഖ്യയാണു നമ്മുടെ മരാമത്തുഡിപ്പാൎട്ടുമെൻറിനുവേണ്ടി ചെലവിടുന്നതു്. ഇറിഗേഷൻ, ഡ്രെയിനേജ്ജ് ഈ വക ജോലികളുംകൂടി സിവിൾ ഡിപ്പാൎട്ടുമെൻറാണു നടത്തിക്കൊണ്ടിരിക്കുന്നതു്. മുൻപു് ഇതിനു പ്രത്യേകം ഒരു ഡിപ്പാൎട്ടുമെൻറുണ്ടായിരുന്നു. ആ ചെലവുകളെല്ലാം ചുരുക്കി ഈ ജോലികൾ സിവിൾവൎക്കസിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്. വലിയ വലിയ പദ്ധതികൾക്കുവേണ്ടി വെളിയിൽനിന്നും വലിയ ശമ്പളത്തിൽ ആളുകളെ ഇവിടെ വരുത്തി, ജോലിചെയ്യിക്കുകയാണു എന്നു ഒരു മെംബർ പരാതിപ്പെട്ടു. അതു ശരിയല്ല. വലിയ പദ്ധതികൾ എന്നു പറയുന്ന ചെങ്കുളം, പെരിങ്ങൽക്കുത്തു്, പീച്ചി, പെരുഞ്ചാണി ഇവയുടെ ജോലികൾ നടത്തിക്കൊണ്ടിരിക്കുകയാണു്. എന്നാൽ ഈ ജോലികൾ നടത്തുന്നതു് ഡിപ്പാൎട്ടുമെൻറിലെ എൻജിനീയറന്മാരാണു്. അവർ ഈ കാര്യങ്ങളിൽ ഒട്ടും മോശക്കാരല്ലെന്നു പല ഉദാഹരണങ്ങൾകൊണ്ടു ഗവൺമെൻറിനു അറിയാൻ സാധിച്ചിട്ടുണ്ടു്. ആയതിനാൽ വെളിയിൽ നിന്നും ആളുകളെ കൊണ്ടുവന്നു വൻപിച്ച പദ്ധതികളുടെ മേൽനോട്ടം വഹിപ്പിക്കുന്നുവെന്നുള്ളതും എസ്റ്റാബ്ളീഷ്മെൻറിലേയ്ക്കു കൂടുതൽ തുക ചെലവായിക്കൊണ്ടിരിക്കുന്നുവെന്നും ഉള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണു്. അതേ അവസരത്തിൽ മററുചില ബഹുമാന്യ മെംബറന്മാർ സഭയിൽ നൽകപ്പെട്ട വിലയേറിയ നിൎദ്ദേശങ്ങൾ അതൎഹിക്കുന്ന ഗൗരവത്തോടുകൂടി ഞാൻ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ഇതിൽ കൂടുതലായൊന്നും ഈയവസരത്തിൽ എനിക്കു പറയാനില്ല. ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രാൻറ സഭ പാസ്സാക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: പി. ഡബ്ളിയു. ഡി. വർക്കുഷോപ്പ് ചാക്കയിലേയ്ക്കു മാററുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വർക്കുഷോപ്പ് ചാക്കയിലേക്കു മാററാൻ തീരുമാനിച്ചതനുസരിച്ചു അതിലേക്കുള്ള കെട്ടിടങ്ങളും തയാറായി. എന്നാൽ മററു ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അക്കൌണ്ടന്റ ജനറലും, ഫൈനാൻസ്സെക്രട്ടറിയുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. താമസമെന്യേ ആ കാര്യം നിർവ്വഹിക്കുന്നതായിരിക്കും.

The motions of Shri P. S. Nataraja Pillai Shri K. V. Krishnankutty Warrier and Shri T. K. Krishnan were, by leave, withdrawn.

The motion that a sum of Rs. 1,61,69,200 be sanctioned under Demand XXVII—Civil Works—was put and carried.

The grant was made.

Demand XXXVI—Capital Outlay on Industrial Development.

Shri Panampilli Govinda Menon: I move that an amount of Rs. 71,21,700 be granted to Government under Demand XXXVI-Capital Outlay on Industrial Development.

Shri A. J. John. I second it.

Mr. Speaker: I suggest that Motion No. 3 (standing in the name of Shri C. Achyutha Menon), No. 10 (in the name of Shri P. S. Nataraja Pillai), and No. 16 (in the name of Shrimathi K. R. Gouri) may be moved.

Shri C. Achyutha Menon: Sir, I move to reduce the allotment of Rs. 25,00,000 for Travancore Minerals by Re. 1.

സർ, ഈ ഉപക്ഷേപം ഹാജരാക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം തിരുവിതാംകൂർ മിനറൽസ് കമ്പനിയുടെ നയത്തെ സംബന്ധിച്ചും അതു പോലെ തന്നെ ഈ രാജ്യത്തിലെ വ്യവസായവകുപ്പിന്റെ നയത്തെ പൊതുവിലും സംബന്ധിക്കുന്ന ചില കാര്യങ്ങൾ പറയുകയെന്നുള്ളതാണ്. ഇവിടത്തെ വ്യവസായവകുപ്പിന്റെ വരുമാനം പരിശോധിച്ചാൽ അതു് പ്രത്യക്ഷത്തിൽ നല്ല തുകയുണ്ടെന്നു തോന്നിപ്പോകും. കഴിഞ്ഞയാണ്ടത്തെ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ച് അൻപത്തിഏഴര ലക്ഷം രൂപ അതിൽനിന്നും ആദായം ലഭിച്ചിട്ടുണ്ടെന്നും ൧൯൫൭-൫൮-ൽ ൭൫ ലക്ഷം രൂപ ആദായം പ്രതീക്ഷിക്കുന്നുവെന്നും കാണാവുന്നതാണ്. അങ്ങനെ നോക്കുന്നപക്ഷം നമ്മുടെ വ്യവസായവകുപ്പ് ഒരു നല്ല നിലയിൽ നടക്കുന്നുണ്ടെന്നും അതിൽ കുഴപ്പമൊന്നുമില്ലെന്നും പ്രത്യക്ഷത്തിൽ തോന്നാവുന്നതാണ്. ഈ രാജ്യത്തെ വൻകിട വ്യവസായങ്ങളിൽ, അതായതു് ആറു കോടിയിൽപരം രൂപ മുടക്കിയിട്ടുള്ള വ്യവസായങ്ങളിൽ, ആശാവഹമായ പുരോഗതിയാണു ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നാണു ഇതു് സൂചിപ്പിക്കുന്നതു്. എന്നാൽ ഈ കണക്കിന്റെ ഉള്ളിലേയ്ക്കു കടന്നു നാം പരിശോധിക്കുന്നപക്ഷം ഈ കണക്കുകൾ ശരിയല്ലെന്നും വാസ്തവത്തിൽ, വൻ

[ശ്രീ. സി. അച്യുതമേനോൻ]

പിച്ച നിലയിൽ മുതൽ മുടക്കിയിട്ടുള്ള വ്യവസായസ്ഥാപനങ്ങൾ ശരിയായ നിലയിൽ പ്രവർത്തനം നടത്തുന്നില്ലെന്നും വ്യക്തമായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. സർ, ഈ ൧൦ ലക്ഷം രൂപാ വരവുള്ളതിൽ ഏററവും വലിയ ഒരു ഭാഗം ലഭിക്കുന്നതു് തിരുവിതാംകൂർ മിനറൽസ് കമ്പനിയുടെ ആദായത്തിൽനിന്നുമാണെന്നു കാണാവുന്നതാണ്. കഴിഞ്ഞയാണ്ടിൽ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ചു് മുപ്പതു ലക്ഷം രൂപ ഈ കമ്പനിയിൽനിന്നും വരുമാനം ഉണ്ടായിട്ടുള്ളതായി കാണുന്നുണ്ട്. ൧൧൨൮-ൽ ൪൦ ലക്ഷം രൂപ വരവ് അതിൽനിന്നും പ്രതീക്ഷിക്കുന്നുണ്ട്. ട്രാവൻകൂർ മിനറൽസ്കമ്പനി ഗവമ്മെൻറ ഏറെറടുത്തു നടത്തുന്ന ഒരു സ്ഥാപനമാണ്. ലോഹമണൽ മററ രാജ്യങ്ങളിലേയ്ക്കു വില്ക്കുന്നതിൽനിന്നു കിട്ടുന്ന തുകയ്ക്കു പുറമേ മററ കമ്പനികളിൽനിന്നു റോയൽററി വകയായി കിട്ടുന്ന ൫ ലക്ഷം രൂപയുംകൂടികൂട്ടിയാൽ, ൧൧൨൮-ൽ ൪൫ ലക്ഷം രൂപയും നമുക്കു ലഭിക്കുമെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ കണക്കു വ്യവസായവകുപ്പിന്റെ നയത്തെ സംബന്ധിച്ചുള്ള ഒരു ശരിയായ രൂപം നൽകുന്നതാണ്. ഈ ഡിപ്പാർട്ടുമെൻറിൽനിന്നു പ്രതീക്ഷിക്കുന്ന ൧൦ ലക്ഷം രൂപയിൽ ൪൫ ലക്ഷം രൂപ ഈ ഒരു ഒററ ഇനത്തിൽനിന്നു തന്നെ, അതായതു്, ലോഹമണൽ വില്ക്കുന്നതിൽനിന്നുതന്നെ നമുക്കു ലഭിക്കുന്നു. എന്താണ് ഇതു കാണിക്കുന്നതു്? ഇവിടത്തെ വ്യവസായം പുരോഗമിക്കുന്നുവെന്നാണോ ഇതുകൊണ്ടു നാം അർത്ഥമാക്കേണ്ടതു്? നേരെ മറിച്ചാണ് അനുഭവം. നമ്മുടെ രാജ്യത്തെ മണൽ കോരി വിററ അതിൽനിന്നും ആദായമെടുക്കുക മാത്രമാണ് നാം ഇന്നു ചെയ്യുന്നതു്. അതുകൊണ്ടു് രാജ്യം വ്യാവസായികമായി പുരോഗമിക്കുന്നുവെന്നു പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല. വൻപിച്ച രീതിയിൽ ഗവമ്മെൻറ മുതൽ മുടക്കിയിട്ടുള്ള ഇവിടത്തെ വ്യവസായസ്ഥാപനങ്ങളിൽനിന്നു ശരിയായ ആദായം ലഭിക്കുന്നുണ്ടെന്നു അനുമാനിക്കുവാൻ യാതൊരു വഴിയും കാണുന്നില്ല. ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ ഗവമ്മെൻറിൽനിന്നും ആറേഴുകോടി രൂപ മുതൽ മുടക്കിയിട്ടുള്ള വ്യവസായസ്ഥാപനങ്ങളിൽനിന്നുംനമുക്കു കിട്ടുന്ന വരുമാനം കേവലം അഞ്ചു ലക്ഷം രൂപ മാത്രമാണ്. ആറരക്കോടി രൂപയുടെ പലിശ കണക്കാക്കിയാൽ ഇവയിൽനിന്നും ഒരു ശതമാനം ഡിവിഡൻറപോലും നമുക്കു കിട്ടുന്നതല്ല.

സർ, ഈ സംഗതിയെപ്പററി ഞാൻ എന്റെ ബഡ്ജററ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. നമുക്ക് എഫ്. ഏ. സി. ററി. ട്രാവൻകൂർ റയോൺസ്, ട്രാവൻകൂർ സിമൻറ്സ് എന്നിങ്ങനെ വൻപിച്ച മുതൽ മുടക്കുള്ള വ്യവസായസ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളുടെ ശരിയായ നില എന്താണ്, അവ ശരിയായി പ്രവർത്തിക്കുന്നുണ്ടോ, അവയിൽനിന്നും ഉൽപ്പാദനം ശരിയായി ലഭിക്കുന്നുണ്ടോ, കാര്യമായവിധത്തിൽ ആദായം ലഭിക്കുന്നുണ്ടോ, ഈ വ്യവസായസ്ഥാപനങ്ങളുടെ യഥാർത്ഥ നിലയെന്താണ് എന്നുള്ളതിനെപ്പററി അന്വേഷണം നടത്തുന്നയവസരത്തിൽ ഇവിടത്തെ പല വ്യവസായങ്ങളും ദയനീയമായ നിലയിലാണ് സ്ഥിതിചെയ്യുന്നതെന്നു് നിസ്സംശയം പ്രസ്താവിക്കാവുന്നതാണ്. ഇവ ശരിയായി നടക്കുന്നില്ലെന്ന ആരോപണം ശരിയാണെന്നു് ജൂൺ ൨ ൦-ാംതീയതി

യിലെ മാക്കററ റിപ്പോർട്ട പരിശോധിച്ചാൽ കാണാവുന്നതാണ്. മുൻപൊരു ദിവസം ഇവിടത്തെ വ്യവസായസ്ഥാപനങ്ങളുടെ ഷെയറിൻെറ മാക്കററവിലയെന്താണെന്ന് ഞാൻ ധനകാര്യമന്ത്രിയോട ചോദിച്ചപ്പോൾ അദ്ദേഹം ശരിയായ മറുപടി പറകയുണ്ടായില്ല. എഫ്. എ. സി. ററി-യെ സംബന്ധിച്ച് മറെറാരു ബഹുമാനപ്പെട്ട മെംബർ മറെറാരു അവസരത്തിൽ ചോദിച്ചപ്പോഴും അദ്ദേഹം വ്യക്തമായ മറുപടി നൽകയുണ്ടായില്ല. ഞാൻ മുൻപു പ്രസ്താവിച്ച മാക്കററ റിപ്പോർട്ടനുസരിച്ച് ൧൦ രൂപ മുതൽ മുടക്കുള്ള എഫ്. എ. സി. ററി-യുടെ ഷെയറിനു ൩ രൂപ ൧൪ അണയും, ൫ രൂപാ മുതൽമുടക്കുള്ള ഫോറസ്ററ ഇൻറസ്ട്രീസിനു ൧ രൂപാ ൮ അണയും, ൧൦ രൂപ മുതൽമുടക്കുള്ള സിമൻറ ഫാക്ടറിയുടെ ഷെയറിനു ൫ രൂപ ൧൪ അണയും ൧൦ രൂപാ മുതൽ മുടക്കുള്ള ഒഗേൽ ഗ്ലാസ് ഫാക്ടറിക്ക് ൪ രൂപയും ൧൦ രൂപാ വിലയുള്ള റയാൺസ് ഫാക്ടറിയുടെ ഷെയറിനു ൩ രൂപയുമാണ് വില. ഇവിടത്തെ ഏററവും വലിയ വ്യവസായസ്ഥാപനങ്ങളുടെ നിലയെന്താണെന്ന് ഈ മാക്കററിപ്പോർട്ട വ്യക്തമാക്കുന്നുണ്ട്. ഇതു് നമ്മുടെ വ്യവസായസ്ഥാപനങ്ങളുടെ ശോഭനമായ നിലയെയാണോ കാണിക്കുന്നതു്? ഒരിക്കലുമല്ല. ഈ പരിതഃസ്ഥിതിയിൽ അനവധി കോടി രൂപ ഇനിയും ഇതേ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി മുടക്കുന്നതു് അഭിലഷണീയമാണോ എന്ന് നാം ഈയവസരത്തിൽ ചിന്തിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ ഒരു പ്രത്യേക വ്യവസായസ്ഥാപനത്തെക്കുറിച്ച്—വഞ്ചി ക്ലേ മയിൻസ് ഫാക്ടറിയെ സംബന്ധിച്ച്—ചില കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. അതിൻെറ മുതൽമുടക്ക് കഴിഞ്ഞ മാർച്ച് ൩൧-ാംതീയതിവരെ രണ്ടുലക്ഷത്തിൽപ്പരം രൂപയാണ്. കഴിഞ്ഞ വർഷം ൨൦,൦൦൦ രൂപാ അതിനുവേണ്ടി ചെലവുചെയ്തു. ഈയാണ്ടിൽ ൨൫,൦൦൦ രൂപ നീക്കിവച്ചിരിക്കുന്നതായി കാണുന്നു. അവിടെ യഥാർത്ഥത്തിൽ എന്താണു നടക്കുന്നതെന്നും ഈ വ്യവസായം ആദായകരമാണോ എന്നുള്ളതിനെപ്പററിയും നമുക്കൊരു വിവരവും ഇല്ല. എനിക്ക് ഇതേ സംബന്ധിച്ച പറയുവാനുള്ളതു് വ്യക്തമായ യാതൊരു വിവരങ്ങളും നമുക്കു തരാതെ ഈ വക കാര്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നാണ്. അതുകൊണ്ട് മിക്കവാറും കേട്ടുകേൾവിയേയും മററാളുകൾ തരുന്ന വിവരങ്ങളേയും ആസ്പദമാക്കി മാത്രമേ ഞങ്ങൾക്കു സംസാരിക്കുവാൻ നിവൃത്തിയുള്ളു. ഇതു് തീർച്ചയായും ഗവണ്മെൻറിൻെറ കുററമാണ്. ഈ ഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള ചർച്ചാവസരത്തിൽ ഈ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വ്യക്തമായ റിപ്പോർട്ടു ഗവണ്മെൻറ് ഞങ്ങൾക്കു തരേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അതിനെ ആസ്പദമാക്കി ശരിയായ വിമർശനം നടത്തുവാൻ ഞങ്ങൾക്കു സാധിക്കുമായിരുന്നു. ഈ പ്രത്യേക വ്യവസായത്തെ സംബന്ധിച്ച് സഭയ്ക്ക് ഇതുവരെ യാതൊരു വിവരങ്ങളും നൽകിയിട്ടില്ല. ഈ ഫാക്ടറിയുടെ ആവശ്യത്തിനു വേണ്ടി വരുത്തിയ മെഷീൻസ് തുരുമ്പു പിടിച്ചുപോകുകയാണ് ചെയ്യുന്നതു്. ഇതിനുവേണ്ടി കഴിഞ്ഞവർഷം ൨൦,൦൦൦ രൂപയും ഇക്കൊല്ലം ൨൫,൦൦൦ രൂപയും, ഇങ്ങനെ കൊല്ലംതോറും വമ്പിച്ച തുക ചെലവാക്കുന്നതു് ന്യായമല്ല. ഇതുമാതിരി പ്രവർത്തനം നടത്തുന്ന മററ പല വ്യവസായ സ്ഥാപനങ്ങളും നമുക്കുണ്ട്. എഫ്. എ. സി. ററി-യെ സംബന്ധിച്ച് പല ആക്ഷേപങ്ങളും ഇവിടെ

[ശ്രീ. സി. അച്യുതമേനോൻ.]

പുറപ്പെടുവിക്കുകയുണ്ടായി. അവയെ എല്ലാംപറ്റി സംസാരിക്കുവാൻ തുടങ്ങിയാൽ വളരെ സമയം വേണ്ടിവരും.

അതിനാൽ, ആററക്കോടിയിൽപരം രൂപ മുതൽമുടക്കിയിട്ടുള്ള നമ്മുടെ വ്യവസായ സ്ഥാപനങ്ങൾ ആശാസ്യമായ രീതിയിൽ ആണ് നടക്കുന്നതെന്നും കാര്യമായ വരുമാനം അതിൽനിന്നുണ്ടാകുമെന്നും പ്രതീക്ഷിക്കുവാൻ ന്യായം കാണുന്നില്ല. മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് ഇന്നത്തെ ഗവൺമെൻറിൻെറ വ്യവസായ നയത്തിൽതന്നെ വലിയ പോരായ്മകൾ ഉണ്ടെന്നാണ്. ഈ രാജ്യത്തെ അസംസ്കൃത സാധനങ്ങൾ ഇവിടത്തെ തൊഴിലാളികളുടെ പ്രയത്നശക്തിയും, ഇഞ്ചിനീയറന്മാരുടെയും മററു വിദഗ്ദ്ധന്മാരുടെയും വൈദഗ്ദ്ധ്യവും ഉപയോഗിച്ചു് സംസ്കരിച്ചു പുറത്തയച്ചാൽ, ഈ നാട്ടിലെ തൊഴിലാളികൾക്കു് തൊഴിൽ ഉണ്ടാകും, ധാരാളം സാങ്കേതിക വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുവാൻ നമുക്കു സാധിക്കും, പക്ഷെ അങ്ങനെയുള്ള ഒരു പദ്ധതി നമ്മുടെ ഗവൺമെൻറിനില്ല. ഞാൻ ട്രാവൻകൂർ മിനറൽസ് കമ്പനിയുടെ കാര്യം ഇവിടെ പ്രസ്താവിക്കയുണ്ടായി. അവിടെ എന്താണു നടക്കുന്നതു്? ലോഹമണൽ കോരിയെടുത്തു് അതേ മാതിരിയിൽ വിദേശങ്ങളിലേയ്ക്കു് കയററി അയയ്ക്കുകയാണ് ചെയ്യുന്നതു്. അതു് ഇവിടെ സംസ്കരിച്ചു് പുറത്തേയ്ക്കയച്ചിരുന്നുവെങ്കിൽ ഈ രാജ്യം എത്രമാത്രം പുരോഗമിക്കുമായിരുന്നു. റബ്ബർ ഉൽപ്പാദനത്തിൽ ഒന്നാംകിടയിൽ നിൽക്കുന്ന നമ്മുടെ രാജ്യത്തിൽ ഇതിൻെറ സ്ഥിതി എന്താണ്? അതു് സംസ്കരിക്കാതെ റാ ആയിട്ടു് കയററി അയയ്ക്കുകയാണ് ചെയ്യുന്നതു്. നമുക്കു് ഒരു റബ്ബർഫാക്ടറി ഇവിടെ ഉണ്ടു്. നമ്മുടെ ഗവൺമെൻറ് നല്ല നിലയിൽ നടത്തുന്ന ഒന്നുരണ്ടു വ്യവസായസ്ഥാപനങ്ങളിൽ ഒന്നാണതു്. കൂടുതൽ ശ്രമിച്ചിരുന്നുവെങ്കിൽ അതു കൂടുതൽ അഭിവൃദ്ധിപ്പെടുത്തുവാൻ നമുക്കു് സാധിക്കുമായിരുന്നു ശരിയായ ഒരു ടയർഫാക്ടറിതന്നെ നമുക്കു് ആരംഭിക്കാമായിരുന്നു. അതിനുള്ള ആലോചനകൾ നടക്കുന്നുണ്ടെന്നു പറയുന്നതു കേട്ടു. പക്ഷെ ഇതുവരെയും അതു് പ്രവർത്തനത്തിൽ എത്തിയിട്ടില്ല. അതുപോലെ റയൺസ് ഫാക്ടറി ഇവിടെ സ്ഥാപിച്ചതു് നമ്മുടെ രാജ്യത്തെ മുളയും ഈററയും മററും അതിനുപയോഗിക്കാമെന്നു വിചാരിച്ചായിരുന്നു. പക്ഷെ വിദേശത്തുനിന്നുള്ള പൾപ്പു് കൊണ്ടുവന്നാണ് ആ ഫാക്ടറി ഇപ്പോൾ പ്രവർത്തനം നടത്തുന്നതു്. ഈമാതിരി അനേകം സംഗതികൾ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുണ്ടു്. നമ്മുടെ രാജ്യത്തിൽ ഉണ്ടാകുന്ന ഇഞ്ചിപ്പുൽതൈലത്തിനു് വിദേശങ്ങളിൽ നല്ല വിലയുണ്ടു്. അതിൽനിന്നുണ്ടാകുന്ന തൈലം അതേപടിതന്നെ ഇവിടെ നിന്നും കയററി അയയ്ക്കുകയാണ് നാം ചെയ്യുന്നതു്. 'അയോണാൻ' എന്ന സാധനം ഉണ്ടാക്കുന്നതിനാണ് ഇതു് ഉപയോഗിക്കുന്നതെന്നാണ് എൻെറ അറിവു്. എന്നാൽ ഈ സാധനം ഇവിടെ ഉണ്ടാക്കി വിദേശങ്ങളിലേയ്ക്കു് കയററി അയക്കുവാനുള്ള ഒരു പദ്ധതി നമുക്കില്ല. അതുകൊണ്ടു് നമ്മുടെ വ്യവസായഡിപ്പാർട്ടുമെൻറിൻെറ വ്യവസായനയം അഭികാമ്യമാണെന്നു് അഭിമാനിക്കുവാൻ ഗവൺമെൻറിനു സാദ്ധ്യമല്ല. പണ്ടുണ്ടായിരുന്ന കുറെ വ്യവസായ സ്ഥാപനങ്ങൾ അതേ രീതിയിൽ ഇന്നും നടക്കുന്നു. അവയുടെ ആവശ്യത്തിനു ആണ്ടുതോറും കൂടുതൽ കൂടുതൽ

ളുകകൾ നീക്കിവയ്ക്കുകയും ചെയ്യുന്നു. അതു് നഷ്ടത്തിനാണോ ലാഭത്തിനാണോ പ്രവർത്തനം നടത്തുന്നതെന്നു് ആലോചിക്കപോലും ചെയ്തിട്ടില്ല.

കഴിഞ്ഞ മന്ത്രിസഭ ഇവിടെ ഉണ്ടായിരുന്ന കാലത്തു് ഇൻഡ്യയിലെ ഒരു പ്രമുഖവ്യവസായ പ്രവർത്തകനായ ശ്രീമാൻ കസ്തൂർബായ് ലാൽബായ്; ഈ രാജ്യം സന്ദർശിച്ചു് ഇവിടത്തെ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതിയെപ്പററി അന്വേഷണം നടത്തി ഒരു റിപ്പോർട്ടു ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടിൽ ഗവണ്മെൻറു മുടക്കിയിട്ടുള്ള പണംതന്നെ നഷ്ടപ്പെട്ടുപോകയാണെന്നും, അതിൽ നിന്നും ഒന്നും ഡിവിഡൻറു് കൊടുക്കുവാൻ സാദ്ധ്യമല്ലെന്നും, മുടക്കിയ പണത്തിൻെറ പലിശ ഇനത്തിൽ ഒററപൈസാപോലും കിട്ടുവാൻ മാർഗ്ഗമില്ലെന്നും, അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽ കിടന്നു് ഈ സ്ഥാപനങ്ങളുടെ മാനേജിംഗ് ഏജൻറന്മാർ കഷ്ടപ്പെടുകയാണെന്നും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു് എന്നുള്ള വസ്തുത നാം വിസ്മരിക്കുവാൻ പാടില്ല. അതുകൊണ്ടു് ഇവിടത്തെ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചു് കാര്യമായ ഒരു പരിശോധന നടത്തണമെന്നുള്ള ഒരഭിപ്രായം നാട്ടിൽ അങ്ങോളമിങ്ങോളം പൊങ്ങിവരുന്നുണ്ടു്.

ഈ സ്ഥാപനങ്ങളെ സംബന്ധിച്ചു് ഒരു പുനഃപരിശോധന നടത്തി എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തണമെന്നുള്ളതിനെപ്പററി ആലോചനകൾ നടത്തുവാൻ തയ്യാറാണെന്നു കഴിഞ്ഞ മന്ത്രിസഭയിലെ അംഗമായിരുന്ന ശ്രീമാൻ ടി. കെ. നാരായണപിള്ള അവർകൾ പ്രസ്താവിച്ചിട്ടുള്ളതായി അസംബ്ലി പ്രൊസീഡിംഗ്സിൽ കാണുന്നുണ്ടു്. എന്നാൽ അതു സംബന്ധിച്ചു് ഇതുവരെ യാതൊന്നും ചെയ്യുകയുണ്ടായിട്ടില്ല. വ്യവസായവകുപ്പുമന്ത്രി മുൻപു പ്രസ്താവിച്ചതുപോലെ ഈ രാജ്യത്തെ പുഴകളിൽക്കൂടിയും പാലങ്ങളുടെ അടിയിൽക്കൂടിയും ധാരാളം വെള്ളം ഒഴുകിപ്പോയിട്ടുള്ളതുപോലെ വ്യവസായസംബന്ധമായി ഈ നാട്ടിലെ അനവധി പണം കൊള്ളലാഭക്കാരുടെ കീശയിലേയ്ക്കു ഒഴുകിപ്പോയിട്ടുണ്ടു്. എന്നാൽ വ്യവസായാഭിവൃദ്ധിക്കായി യാതൊന്നും ഇതുവരെ ചെയ്യുവാൻ ഗവണ്മെൻറിനു സാധിച്ചിട്ടില്ല.

Shri P. S. Nataraja Pillai: Sir, I beg to move; To reduce the allotment of Rs. 67,00,000 for Investment of Shares in Commercial Concerns by Re. 1.

Sir, this demand is to invest Rs. 12·50 lakhs in Sri Chitra Mills Ltd., Rs. 15 lakhs in Chalakudi Plywood Industry, Rs. 30 lakhs in Rubber Tyre Factory, Rs. 25,000 for manufacture of sand and lime bricks, Rs. 25,000 in United Electrical Industries, and Rs. 9 lakhs in Indian Rare Earth Ltd. which come to a total of Rs. 67 lakhs. That is the demand before the House and this House is asked to sanction this amount. When the demand was made, no information has been given to this House as to the necessity or the conditions in which these investments are to be made. Certainly, Sir, we have heard of Indian Rare Earth Ltd. That is a Government of India sponsored concern to treat the mineral sand available in Travancore in a factory situated in Travancore. From my point of view, this House can have no objection for that investment and that has to be granted from any point of view.

[Shri P. S. Nataraja Pillai.]

Then, Sir, when you come to Sri Chitra Mills Ltd., its history has not been very assuring for the general public of Travancore by its activities in the past. If I am not mistaken the Sri Chitra Mills referred to here are the same as functioning at Alwaye - I hope it is the same then the first information this House would like to have is whether this Rs. 12 lakhs is a pure loan or is it in the form of shares. If so, what kind of investment is that? Are we advancing a loan on interest to recoup that industry and make it a paying concern, or are we enlarging that industry by investing more of our money to make that factory a more profitable one? Are we joining as partners, or are we playing the role of a banker? These are facts which ought to be placed before this House before it is called to exercise its vote. Unfortunately, our Government do not think that it is necessery to discharge that duty. From my point of view it is a painful affair that when demands of this nature are placed before this House, the necessary materials to exercise judgment on them are not also supplied, either due to the want of proper materials with them or, may I say, Sir, due to the callous indifference to the House—I do not want to go further than that. But at any rate, Sir, I am constrained to say that it is not in the fitness of things in the changed conditions in which we are functioning as a responsible House with power over Finance, to approach this House with a demand like this.

Then Sir, all the remarks which I said about the Sri Chitra Mills Ltd. hold good when the Chalakudy Plywood Industry comes in. To the best of my knowledge we have now two Plywood Industries, one at Punalur and one at Chalakudi. Both of them are Government sponsored factories—I am not sure about it. I find under (a) Investments in Government Commercial Undertakings' the words "Plywood Industries". I am not sure whether the Travancore-Cochin Government has only one Plywood Industry or two.

Shri. Panampilli Govinda Menon: But even then, the plural has to be used.

Shri P. S. Nataraja Pillai: The Chalakudi Plywood Industry is a private company. Then, all the remarks which I made on the question of the Sri Chitra Mills come in for Chalakkudi Plywood Industry too.

Sir, I feel that demands for Rs. 27 lakhs for two private companies are made here and no information is available on that.

Then comes the Rubber Tyre Factory Rs. 30,00,000. I do not know whether it is a private company or whether it is a new company, or whether it is an old company manufacturing rubber tyre in Travancore-Cochin. We have a Rubber Factory owned and conducted by Government. That was a pioneer attempt in Travancore and it has proved itself to be a sucessful commercial concern. We have made

more than our capital investment as profit in that concern and even now it is a running concern. But what we find today is a demand for investment in shares in commercial concerns to the extent of Rs. 30 lakhs; *i. e.* Government are advancing money to a private company or for a commercial concern either by taking shares or advancing the money on loan to start factories in Travancore to manufacture rubber tyre. Sir, when we have a Rubber Factory, is it not more in the fitness of things if the Government will come forward to enlarge that factory and make necessary arrangements to manufacture tyre under the Government-sponsored company? The criticisms offered by my larned friened Mr. Achyutha Menon, have to be borne in mind, because one aspect of it is perfectly valid. Sir, why should State money be utilised for giving an opportunity to make profit to a private company? It must benefit the State as a whole. If it is a State managed concern and if it is an industry which will be of material benefit to our people, then we will have to do it. But if it is only a private concern, motivated by private profit and benefit, where is the necessity to advance the poor ryots' money for that company? I think that is absolutely unreasonable.

(ഡി) നൈററ് അലവൻസ്.
(ഇ) ക്യാൻറീൻ സൗകര്യങ്ങൾ.

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി] (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സൗജന്യവൈദ്യസഹായം ലഭിക്കുന്നുണ്ട്.
(ബി) ശിശുസംരക്ഷണാലയം ഇപ്പോൾ ഇല്ല.
(സി) പ്രൊഡക്ഷൻബോണസ് ലഭിക്കുന്നുണ്ട്.
(ഡി) നൈററ് അലവൻസ് ലഭിക്കുന്നുണ്ട്.
(ഇ) ക്യാൻറീൻ സൗകര്യങ്ങൾ ഇപ്പോൾ ഇല്ല.

ശ്രീ. റ്റി. ശ്രീധരൻ: ക്യാൻറീൻ സൗകര്യം വീണ്ടും അവർക്ക് അനുവദിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രദ്ധിക്കാം.

ലക്ഷ്മി ടെക്സ്റ്റയിൽസ്.

* ൧൦൪. [൩൦] ശ്രീ. റ്റി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരത്തുള്ള കരമന ലക്ഷ്മി ടെക്സ്റ്റയിൽസ് മുന്നറിയിപ്പു കൂടാതെ പൂട്ടിയിട്ടതിൽ ൩൦൦-ൽപരം തൊഴിലാളികൾ തൊഴിലില്ലാതെയായിത്തീർന്നിരിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി: (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

Wheat Ration.

*705. [31] **Shri K. V. Krishnankutty Warrier:** Will the Minister for Finance and Civil Supplies be pleased to state:

(*a*) is it a fact that since compulsory wheat ration was introduced, ration sales have gone down considerably in the ration shops of the State; and

(*b*) have the Government made any gains during this period by conserving surplus grain stock?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) No.

(*b*) In view of the answer to (a) this question does not arise.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാരിയർ: റേഷൻ ഷാപ്പുകാരുടെ കയ്യിൽനിന്നു കിട്ടിയ കണക്കപ്രകാരമാണോ ഈ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറ് നാനാഭാഗങ്ങളിൽനിന്നും ശേഖരിച്ച കണക്കനുസരിച്ചു് ഗവണ്മെൻറിന്റെ കൈവശമുള്ള വസ്തുതയിൽനിന്നു പറയുകയാണ്.

ഓവർലോഡുനിരോധനവും യാത്രക്കൂലി കൂട്ടലും.

*൭൦൬. [൩൨] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

( ) ഓവർലോഡു് കർശനമായി നിയന്ത്രിക്കുകയും യാത്രക്കൂലി കൂട്ടുവാൻ അനുവദിക്കുകയും ചെയ്തതു് ബസ്സിനും ബോട്ടിനും ഒരുപോലെ ബാധകമാണോ;

(ബി) ബോട്ടുസർവീസുകാർ പലയിടത്തും യാത്രക്കൂലിയിൽ അമിതമായ വർദ്ധനവു വരുത്തിയിട്ടുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി: (ശ്രീ. കളത്തിൽ വേലായുധൻ നായർ:)

( ) അല്ല.

(ബി) ഉണ്ടു്. എന്നാൽ ആ വർദ്ധനവു് നിറുത്തിവച്ചിരിക്കുകയാണ്.

ശ്രീ. പി. ഭാസ്കരൻ നായർ: ബസ്സുകൂലി കൂട്ടിയിട്ടും ഓവർലോഡു് ഇപ്പോഴും തുടരുന്നതായി ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെൻറിനു് അതിനെസംബന്ധിച്ചു് പരാതി ലഭിച്ചിട്ടുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ: ബോട്ടു് സർവീസുകാർ എന്നുമുതലാണു് കൂലികൂട്ടിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എന്നുമുതലാണു് കൂലി കൂട്ടിയതു് എന്നു് പറഞ്ഞുകൂടാ.

ശ്രീ. ഓ. സി. നൈനാൻ: ബോട്ടുസർവീസുകാർ കൂലി കൂട്ടിയതിനെ സംബന്ധിച്ചു് വല്ല പരാതിയും ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്. അതിനെ സംബന്ധിച്ചു് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: കഴിഞ്ഞ അസംബ്ലിയിലും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നു് പറഞ്ഞു. അതു് എന്നേയ്ക്കു തീരും?

Mr. Speaker: We can refer the matter to "Daivagna Chooda-mani"

അൺക്ലെയിംഡ് വേജസ്.

* ൧൦൧. [൩൩] ശ്രീ. റ്റി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തെ ഫാക്ടറികളിൽ നിന്നും തൊഴിലാളികൾക്കു് നൽകേണ്ടിയിരുന്നതും എന്നാൽ അവർ സ്വീകരിച്ചിട്ടില്ലാത്തതുമായ ശമ്പളം **unclaimed wages** വകയിൽ ൧൧൨൦—൧൧൨൫ എന്നീ വർഷങ്ങളിൽ ഗവണ്മെന്റിലേയ്ക്കു് എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ ഗവണ്മെന്റു് ആ തുക എന്തിനുവേണ്ടി ചെലവാക്കി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി: (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കശുവണ്ടി വ്യവസായശാലകൾ.

* ൧൦൨. [൩൪] ശ്രീ. റ്റി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ലേബർവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ൨൫൦-ൽ കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്ന എത്ര കശുവണ്ടി വ്യവസായശാലകളുണ്ടു്;

(ബി) ഈ വ്യവസായശാലകളിൽ ലൈസൻസി നേരിട്ടുനടത്തുന്ന വ്യവസായശാലകൾ എത്ര; വാടകയ്ക്കു് എടുത്തുമററുള്ളവർ നടത്തുന്ന വ്യവസായശാലകൾ എത്ര;

(സി) ഈ വ്യവസായശാലകളിൽ കൺറീൻ എത്ര വ്യവസായശാലകളിലുണ്ടു്;

(ഡി) ഫാക്ടറി ആക്ടിന് അനുസരണമായി കൻറീൻ സ്ഥാപിച്ചിട്ടില്ലാത്ത കശുവണ്ടിവ്യവസായശാലാ ഉടമകളുടെ പേരിൽ ഗവൺമെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൪൯.

(ബി) ൪൯. വാടകയ്ക്ക് എടുത്തു നടത്തുന്നവയെപ്പററി അറിവില്ല.

(സി) പത്തെണ്ണത്തിൽ.

(ഡി) ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: എന്തു നടപടിയാണ് ഗവൺമെൻറ് എടുത്തിട്ടുള്ളത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വേണ്ട നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും ഫാക്ടറി ആക്ററ് അനുസരിച്ച് കൻറീൻ ഉടനെ തുടങ്ങണമെന്ന് പറയുകയും ചെയ്തു.

ശ്രീ. ടി. കെ. ദിവാകരൻ: പലരും ഫാക്ടറിയിൽ കൻറീൻ തുടങ്ങുന്നതിന് ലൈസൻസ് എടുത്തതിനുശേഷം സ്വന്തമായി നടത്താതെ മററുപല ആളുകൾക്കും കൊടുത്തിട്ടുള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു പരാതി കിട്ടിയിട്ടില്ല.

Railway.

* 709. [35] **Shri A. Samraj: Will the Minister for Works be pleased to state:**

(a) whether the Government have taken any steps for linking Trivandrum and Tinnevelly by Railway line through Nagercoil and Cape Comorin ; and

(b) if so, what ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) No.

(b) Does not arise.

ஸ்ரீ. ஏ. ஸாம்ராஜ்: இந்தத் திட்டம் எப்போதுமே இந்த சர்க்காரின் கவனத்திற்கு வரப்போகிறதில்லையா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ஸ்ரீ. ஏ. ஸாம்ராஜ்: இதைப் பற்றி ஏதாவது பராதிகள் வந்ததுண்டா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: – നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ: എപ്പോഴാണ് ഈ ലൈൻ തിരുനൽവേലി റെയിൽവേയോടു ചേർക്കാൻ പോകുന്നതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു, നിശ്ചിതമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ലൈനിന്റെ സർവ്വേ സംബന്ധിച്ച ജോലികൾ എല്ലാം പൂർത്തിയായിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ: തെക്കൻ തിരുവിതാംകൂറിൽ സാമ്പത്തികമായി നോക്കിയാൽ ഈ റെയിൽവെ വളരെ അത്യാവശ്യമാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

അടയ്ക്കാത്തോടുകൊണ്ടു കമ്പിളിയുണ്ടാക്കാനുള്ള പദ്ധതി.

*൧൫൦. [൩൩] ശ്രീ. റ്റി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യ മന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) അടയ്ക്കാത്തോടുകൊണ്ടു കമ്പിളിയുണ്ടാക്കാനുള്ള ഒരു പദ്ധതി ഇൻഡ്യാഗവൺമെന്റ് ആസൂത്രണം ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ അതിലേയ്ക്കു ഗവൺമെന്റ് വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജയിലുകളിലെ ഭക്ഷണവും വൈദ്യസഹായവും.

*൧൫൧. [൩൧] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

ജയിലുകളിലെ ഭക്ഷണവും വൈദ്യസഹായവും വളരെ മോശമായ രീതിയിലാണെന്നു പരാതിയുണ്ടോ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): പരാതി ഉണ്ടായിട്ടുണ്ട്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: തടവുകാർക്കു എന്തു റേററിലുള്ള ആഹാരസാധനങ്ങളാണ് കൊടുത്തുവരുന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്: കാലത്തു ഉച്ചയ്ക്കും വൈകിട്ടും മാറിയായി കഞ്ഞിയും ചോറുംകൊടുക്കുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഞാൻ അതല്ല ചോദിച്ചത്. അവർക്കു കൊടുക്കുന്ന ആഹാരപദാർത്ഥങ്ങൾക്കുവേണ്ടി എന്തു ചെലവാകുമെന്നാണു ചോദിച്ചത്.

ശ്രീ. ടി. എം. വർഗ്ഗീസ്: ഒരു തടവുപുള്ളിയുടെ ആഹാരത്തിനുവേണ്ടി ദിവസം ഒന്നിനു എന്തു ചെലവാകുമെന്നുള്ളതിനുള്ള കണക്കു ഇപ്പോൾ എന്റെ കൈവശമില്ല. എന്തെല്ലാം സാധനങ്ങളാണു കൊടുക്കുന്നതെന്നാണെങ്കിൽ, അതു പറയാം. റേററിനെപ്പററിയാണെങ്കിൽ, അല്പം കൂടിയാൽതന്നെയും ആഹാരത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റു കാര്യമായി ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: തടവുകാർക്കു ജയിലിൽകൊടുക്കുന്ന ആഹാരക്കുറവുകൊണ്ടു പലർക്കും എഴുന്നേററു നടക്കാൻകൂടി വയ്യാ എന്നു പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങിനെ ഒരു പരാതിയും കിട്ടിയിട്ടില്ല. എന്നാൽ ഏതാനും കമ്മ്യൂണിസ്ററു തടവുകാരിൽനിന്നും പരാതികൾ ഉണ്ടായിട്ടുണ്ട്. ആ പരാതികൾ അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞിട്ടുമുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: മിക്ക സമയത്തും തടവുകാർക്കു വൈദ്യസഹായം നൽകാറില്ല എന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: വൈദ്യസഹായത്തെ സംബന്ധിച്ചാണെങ്കിൽ വളരെ ശുഷ്കാന്തിയോടുകൂടിയാണ് ജയിൽ അധികാരികൾ അതിൽ പ്രവർത്തിക്കുന്നത്. ഒരു തടവുകാരനു എപ്പോൾ രോഗം പിടിപെടുന്നുവോ, ആ സമയം മുതൽ അയാളെ ശുശ്രൂഷിക്കാൻ ഡാക്ടർ എത്തുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: തടവുകാരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ മൂന്നുവർഷത്തെ കണക്കെടുത്തു നോക്കിയാൽ ഓരോ കൊല്ലവും ഇവർക്കുവേണ്ടി ചെലവാക്കുന്ന തുക കുറഞ്ഞുവരികയാണ് എന്നു കാണാവുന്നതാണ്. അതു സാമാനങ്ങളുടെ വിലക്കുറവുകൊണ്ടോ, അതോ ഭക്ഷണക്കുറവുകൊണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഭക്ഷണത്തെ സംബന്ധിച്ചിടത്തോളം യാതൊരു കുറവും വരുത്തിയിട്ടില്ല. സാമാനങ്ങളുടെ വില ഏറക്കുറവായിവരാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ജയിലിൽ ആഹാരം കുറവും പ്രഹരം കൂടുതലുമാണെന്നറിയാമോ?

Mr. Speaker: That is disallowed.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തടവുകാർക്ക് ആയുർവ്വേദ ചികിത്സയുടെ ആവശ്യം നേരിടുമ്പോൾ നിറവേററിക്കൊടുക്കുന്നില്ലെന്നു പരാതി ഉണ്ടായിട്ടില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: ആയുർവ്വേദ വൈദ്യന്റെ ചികിത്സ ആവശ്യമാണെന്നു ഡാക്ടർ അഭിപ്രായപ്പെടുന്ന അവസരങ്ങളിലെല്ലാം അങ്ങനെ ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. ആർ. കേശവപിള്ള: ജയിലിൽനിന്നും പുറത്തിറങ്ങുന്നവരിൽ മിക്കപേരും വളരെ തടിച്ചുകൊഴുത്തിരിക്കുന്നതായി കാണാറുണ്ട്. അതിന്റെ കാരണമെന്താണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ആഹാരക്കൂടുതലുകൊണ്ടു തടിച്ചുകൊഴുക്കാം. ചിലപ്പോൾ രോഗംകൊണ്ടും അതു സംഭവിക്കാം.

ശ്രീ. സി. അച്യുതമേനോൻ: ഇവർക്കു കൊടുക്കുന്ന കഞ്ഞിക്ക് ഉപയോഗിക്കുന്നതു ഗോതമ്പോ, അരിയോ?

Mr. Speaker: We are entering into minute details of the diet. Those who have gone to the jail would know something about these matters.

Shri C. Achyutha Menon: It is for the purpose of another question that I want to put this question. If the Minister answers this, I shall put that question.

Mr. Speaker: Yes.

ശ്രീ. സി. അച്യുതമേനോൻ: ചിലപ്പോൾ കാലത്തു അവർക്കു കൊടുക്കുന്നതു ഒരുതരം ഗോതമ്പു കുറുക്കൽ കഞ്ഞിയല്ലേ?

Mr. Speaker: You are imparting information.

Shri C. Achyutha Menon: I am in possession of certain information. I want to know whether that is correct.

Mr. Speaker: Yes, the question is whether ഗോതമ്പുകഞ്ഞി is given in the morning. (Laughter).

ശ്രീ ടി. എം. വർഗ്ഗീസ്: ചിലപ്പോൾ ഗോതമ്പുകഞ്ഞിയും കൊടുക്കാറുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: മിക്കപ്പോഴും നെല്ലരി കഞ്ഞിയിൽ വെള്ളം കൂടിപ്പോകുന്നു എന്നു പരാതിയില്ലേ?

ശ്രീ ടി. എം. വർഗ്ഗീസ്: വെള്ളം സ്വല്പം കൂടിപ്പോയെന്നു ഒരു ദിവസം പരാതി ഉണ്ടായിട്ടുണ്ട്. ആ പരാതിയുടെ ഫലമായി മേലാൽ അങ്ങനെ ഉണ്ടാകാതിരിക്കത്തക്കവണ്ണം ജയിലധികാരി ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. സി. അച്ചുതമേനോൻ : ഈ പരാതി പുറപ്പെടുവിച്ച ആളിനെ മററുമറി തടവിനു ശിക്ഷിച്ചിട്ടില്ലേ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ആ കാരണത്തിന്മേൽ ശിക്ഷിച്ചിട്ടില്ല. എന്നാൽ മറെറാരു കാരണത്തിന്മേൽ അയാളെ ശിക്ഷിച്ചിട്ടുണ്ട്.

ശ്രീ. സി. അച്ചുതമേനോൻ : എന്തു കാരണത്തിനാണെന്നു പറയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ജയിൽ വാർഡേഴ്സിനെ അസഭ്യം പറയുകയും മററും ചെയ്തതിനാണു ശിക്ഷിച്ചത്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ജയിലിൽ കൊടുക്കുന്ന ആഹാരങ്ങൾ ആരോഗ്യത്തിനു ഹാനികരമാണോ അല്ലയോ എന്നു പരിശോധിക്കുന്നത് ആരാണ് ?

ശ്രീ. ടി. എം. വർഗ്ഗീസ് : ജയിലധികാരികൾ അവ പരിശോധിക്കുന്നുണ്ട്. ഹെൽത്തിനാവശ്യമുള്ള സാധനങ്ങൾതന്നെ കൊടുക്കണമെന്നു നിർബന്ധവുമുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ജയിലധികാരികൾ എന്നു പറഞ്ഞാൽ ആരാണ് ?

ശ്രീ. ടി. എം. വർഗ്ഗീസ് : ജയിലർ, ഡാക്ടർ, മുതലായവരാണ്.

യുവതിയുടെ മരണം.

❋ ൧൯൨. [൩൭] ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൨ മേയ്മാസം ൩൧-ാംനു രാത്രി കൊല്ലത്തുനിന്നും ആലപ്പുഴയ്ക്കുള്ള സ്വാരജ് മോട്ടോർ ബോട്ടിൽ യാത്രചെയ്തുകൊണ്ടിരുന്ന ഒരു ബ്രാഹ്മണയുവതി സംശയാസ്പദമായി മരണമടഞ്ഞ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ഇക്കാര്യത്തിൽ കരുനാഗപ്പള്ളി മെഡിക്കൽ ആഫീസറുടെയും പോലീസിന്റെയും പേരിൽ ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) മേയ് മാസം ൩൧-ാംനു രാത്രി എന്നു പറഞ്ഞിരിക്കുന്നതു തെററാണ്. ഈ സംഭവം നടന്നതു ൨-൬-൧൯൫൨-ലാണ്.

(ബി) ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ മരണത്തെസംബന്ധിച്ച് ശരിയായ രീതിയിൽ അന്വേഷണം നടത്തിയിട്ടില്ലെന്നു വല്ല പരാതിയും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: ആ വിധത്തിലുള്ള പരാതികളൊന്നും കിട്ടിയിട്ടില്ല.

ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ: അതേപ്പറ്റി ഗവണ്മെൻറു വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: വേണ്ടവിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ: മൃതശരീരം പോസ്റ്റ്മാർട്ടം ചെയ്തതായി ഗവണ്മെൻറിനറിയാമോ:

ശ്രീ. ടി. എം. വർഗ്ഗീസ്: അതും ഗവണ്മെൻറിനറിയാം.

ശ്രീ. സി. അച്ചുതമേനോൻ: ഈ സ്ത്രീ ബോട്ടിൽനിന്നും വീഴാനുണ്ടായ കാരണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: കാരണങ്ങളെപ്പറ്റി അന്വേഷിച്ചിട്ടുണ്ട്. അതിനും പുറമെ ഈ സംഗതിയെപ്പറ്റി ഒരു പരാതി ബഹുമാനപ്പെട്ട മെംബർതന്നെ ഗവണ്മെൻറിലേയ്ക്കു അയച്ചിട്ടുള്ളതും കിട്ടിയിട്ടുണ്ട്. അതു കൊണ്ടും വളരെ നിഷ്ക്കർഷയോടു കൂടി അന്വേഷണം നടത്തിയിട്ടുണ്ടെന്നു വിശ്വസിക്കാം.

ശ്രീ. സി. അച്ചുതമേനോൻ: ഈ സ്ത്രീ യാദൃച്ഛികമായി വെള്ളത്തിൽ വീണതാണോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: യാദൃച്ഛികമായി വെള്ളത്തിൽ വീണു മൃതിയടഞ്ഞെന്നാണറിവു്.

ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററി: യാദൃച്ഛികമായി വെള്ളത്തിൽ വീണു മരിച്ചതാണെന്നു യാത്രക്കാരിൽ ആരുടെയെങ്കിലും മൊഴിവാങ്ങിയിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: യാത്രക്കാരിൽ ചിലരുടെയെങ്കിലും മൊഴി വാങ്ങിയിരിക്കണം. അഥവാ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അതു പിശകാണു്.

ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററി: മരിച്ച സ്ത്രീയെവേറെയൊരു ബോട്ടിൽ കയററി അയച്ചശേഷമാണ കരുനാഗപ്പള്ളി പോലീസുകാർ അവിടെ ചെന്നതെന്നറിയാമോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: അറിഞ്ഞുകൂടാ.

അഞ്ചൽ പോസ്റ്റൽ സംയോജനം.

*൭ ൬൧. [൩൫] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇവിടത്തെ അഞ്ചൽ ഡിപ്പാർട്ടുമെൻറ പോസ്റ്റൽ ഡിപ്പാർട്ടുമെൻറമായി സംയോജിപ്പിച്ചതു് ഏതു വ്യവസ്ഥയിലാണു്;

(ബി) ഈ സംയോജനത്തിൻെറ ഫലമായി സ്റ്റേററ റവന്യൂവിൽ എന്തു നഷ്ടം സംഭവിച്ചിട്ടുണ്ടു്;

(സി) അഞ്ചൽ സേവിംഗ്സ് ബാങ്കും, പോസ്റ്റൽ സേവിംഗ്സ് ബാങ്കും സംയോജിച്ചതിൻെറ ഫലമായി സ്റ്റേററിനുണ്ടായിട്ടുള്ള നഷ്ടം എത്ര;

(ഡി) ഇവിടത്തെ അഞ്ചൽ സിസ്റ്റത്തെപ്പററിയും അഞ്ചൽ സേവിംഗ്സ് ബാങ്ക് സിസ്റ്റത്തെപ്പററിയും കൃഷ്ണമാചാരിക്കമ്മററിയുടെ ശുപാർശകഠം എന്തായിരുന്നു;

(ഇ) പോസ്റ്റൽ അധികൃതന്മാർക്കു വിട്ടുകൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെയും സാധനസാമഗ്രികളുടെയും വില കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) സാമ്പത്തിക സംയോജനകരാറിലെ വ്യവസ്ഥകളനുസരിച്ചു് അഞ്ചൽ ഉഠംപ്പെടെയുള്ള പല കേന്ദ്രങ്ങളും കേന്ദ്രഗവണ്മെൻറ ഏറെറടുത്തു. അഞ്ചലിനെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകളൊന്നുമില്ല.

(ബി) ഈ സംയോജനത്തിൻെറ ഫലമായി കൊല്ലംതോറും നമുക്കു നഷ്ടംവരുന്ന ൪൩൦൦൦ രൂപാ കേന്ദ്രഗവണ്മെൻറിൽ നിന്നും ഗ്രാൻറായി ലഭിക്കുന്നതുകൊണ്ടു സ്റ്റേററിനു നഷ്ടമൊന്നുമില്ല.

(സി) യാതൊരു നഷ്ടവുമില്ല.

(ഡി) അനുബന്ധം നോക്കുക. †

(ഇ) ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അഞ്ചൽ ഡിപ്പാർട്ടുമെൻറു കേന്ദ്രം എടുത്തതുകൊണ്ടു നഷ്ടം ഉണ്ടായിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നഷ്ടം ഉണ്ടായിട്ടില്ല തന്നെ.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മുൻപുണ്ടായിരുന്നഡിപ്പോസിററ അതേനിലയിൽതന്നെ വെച്ചുകൊണ്ടാണോ സംയോജനം നടത്തിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. ടി. കെ. ദിവാകരൻ: അഞ്ചൽ ഡിപ്പാർട്ടുമെൻറ കെട്ടിടങ്ങഠം ഇപ്പോഠം ആരുടെ ചുമതലയിലാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫെഡറൽ ഇൻറിഗ്രേഷൻ അനുസരിച്ചു് സെൻട്രൽ ഗവണ്മെൻറിൻെറ കൈവശമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിനുവേണ്ടി എന്തെങ്കിലും വാടക തരുന്നുണ്ടോ?

† See Appendix VII.

2/141/V

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വാടക കിട്ടുന്നില്ലെങ്കിലും അതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ പലതും ലഭിക്കുന്നുണ്ട്.

SHORT NOTICE QUESTION

ശ്രീ. പി. ഗംഗാധരന്റെ നിരാഹാരവ്രതം.

* എ. ശ്രീ. സി അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിയ്യൂർ സെൻട്രൽ ജയിലിൽ ഒരു തടവുകാരനായ ശ്രീ. പി. ഗംഗാധരൻ ജൂലൈ രണ്ടാംതീയതി മുതൽ നിരാഹാരവ്രതം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്ത് ; അദ്ദേഹം ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം; അവയെ സംബന്ധിച്ച് ഗവണ്മെന്റ് നൽകിയ മറുപടി എന്ത് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) : (എ) ഉണ്ട്.

(ബി) അതിനു കാരണമാക്കിയതായ ചില വിവരങ്ങൾ ശ്രീ. ഗംഗാധരൻ ഉന്നയിക്കുകയും അവയ്ക്കു പരിഹാരമാർഗ്ഗം ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ പരിഹാരമാർഗ്ഗം ആവശ്യപ്പെട്ടിട്ടുള്ളവ എന്താണെന്നു ഈ സഭയുടെ അറിവിലേക്കായി ഞാൻ ഇവിടെ പ്രസ്താവിക്കാം. അദ്ദേഹം ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ ഏതെല്ലാം ഡിപ്പാർട്ടുമെന്റിനു സാധിച്ചുകൊടുക്കാം എന്നുള്ളതിനെപ്പററി ഗവണ്മെന്റ് പ്രത്യേകമായി പര്യാലോചിച്ചു. അവയിൽ ചിലതെല്ലാം സാധിക്കാമെന്നു വിവരം അറിയിക്കുകയും മററു ചിലതു സാധ്യമല്ലെന്നു വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളിൽ പ്രധാനമായവ ഇവയെല്ലാമാണ്:—

എ. തീരപ്രദേശങ്ങളിൽ കയർ ഉൽപ്പന്നങ്ങൾക്ക് കമ്പോളം ഉണ്ടാക്കുവാനും അവിടത്തെ തൊഴിലാളികൾക്കു തൊഴിൽ ഉണ്ടാക്കി കൊടുക്കുവാനും അടിയന്തിര നടപടികൾ എടുക്കുക; അതുപോലെതന്നെ ഉടൻ ഒരു നിവാരണമാർഗ്ഗമായി അവർക്കു സൗജന്യറേഷൻ, സൗജന്യ വിദ്യാഭ്യാസം, സൗജന്യ വൈദ്യസഹായം മുതലായവ കൊടുക്കണം.

ബി. വരുന്ന തിരു-കൊച്ചി അസംബ്ലിയിൽ ഐക്യകേരളപ്രമേയം ഔദ്യോഗികമായി അംഗീകരിച്ച് ആവശ്യമായ നടപടികൾ എടുക്കണം. കൂടാതെ മദ്രാസ് ഗവണ്മെന്റിനെക്കൊണ്ട് അത്തരം നടപടികൾ എടുക്കുവാൻ പ്രേരണ ചെലുത്തണം.

സി. പത്തുമലസംഭവത്തെപ്പററി ഉടൻ ഒരു പരസ്യാന്വേഷണം നടത്തി വേണ്ടതു ചെയ്യണം.

ഇതുകൂടാതെ ൨൫-൩-൫൨-ൽ മി. ഗംഗാധരൻ മററു ചില ആവശ്യങ്ങളും നിറവേററിക്കൊടുക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. തടവുകാർക്കു ആയുർവേദ ചികിത്സയ്ക്കു ആവശ്യമുള്ള സൗകര്യങ്ങൾ ജയിലിൽ ചെയ്തുകൊടുക്കണം. ഭക്ഷണത്തിലുള്ള ന്യൂനതകൾ പരിഹരിക്കണം. കമ്മ്യൂണിസ്ററു പാർട്ടിയിൽ പെട്ട തടവുകാരെയെല്ലാം ഒരു മുറിയിൽ താമസിപ്പിക്കണം. ഇതുകൂടാതെ പത്രങ്ങൾ, മാസികകൾ മുതലായവ വായിക്കുന്ന

തിന കൂടുതൽ സൗകര്യം നൽകണം, എന്നും മററമാണ്. സ്വന്തം ചെലവിൽ കൂടുതൽ പത്രങ്ങളും മാസികകളും വാങ്ങി വായിക്കവാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. ഇതിൽ ആയുർവേദ ചികിത്സ ഒരു തടവുകാരന്റെ ദേഹസ്ഥിതിക്കും രോഗസ്ഥിതിക്കും നല്ലതാണെന്നു അവിടത്തെ മെഡിക്കൽ ആഫീസർ സർട്ടിഫൈ ചെയ്യുന്നപക്ഷം അപ്രകാരം ചെയ്യുന്നതിന അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ, മുമ്പു പത്രങ്ങൾ വളരെ കുറവായിരുന്നുവെന്ന ബോദ്ധ്യമായതോടുകൂടി ൫ ൦ പേർക്ക ഒരു ദിനപത്രം വീതം കൊടുക്കുന്നുണ്ട്. കണ്ണാടികൊടുക്കണമെന്നു ഡാക്ടർ പരിശോധിച്ച് ആവശ്യമാണെന്നു പറയുന്നപക്ഷം അതു കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. ഇതു കൂടാതെ ഉന്നയിച്ചിട്ടുള്ള മററാവശ്യങ്ങൾ പൊതുവേ ഗവണ്മെൻറിനെ ബാധിക്കുന്നതും പല സംഗതികളിലും വളരെ ആലോചിച്ചു ചെയ്യേണ്ടതുമാകയാൽ അവയെപ്പററി പരിഗണിക്കുന്നതുമാണെന്നു ശ്രീ. ഗംഗാധരനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. സി. അച്ചുതമേനോൻ : അദ്ദേഹത്തിന്റെ പേരിലുള്ള കേസുകൾ തീരുമാനിക്കുന്നതിന വളരെ കാലതാമസം നേരിട്ടിട്ടുള്ളതിനാൽ അവ എത്രയും വേഗം തീർക്കുന്നതിന വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ലേ ?

ശ്രീ. ടി. എം. വർഗ്ഗീസ് : അതുമുണ്ട്. അതുകൂടാതെ പുകയിലയും ബീഡിയും കൊടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതുസാദ്ധ്യമല്ലെന്നും കേസ് പെട്ടെന്നു തീർക്കാൻ വേണ്ടതു ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്. അതു സംബന്ധമായ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. അച്ചുതമേനോൻ : ഇപ്പോൾ എത്ര കാലമായി ഈ കേസ് എടുത്തിട്ട് ?

ശ്രീ. ടി. എം. വർഗ്ഗീസ് : അതെപ്പററി പഠിച്ചിട്ടില്ല. ഇനി കാലതാമസം ഉണ്ടാകാതിരിക്കുവാൻ വേണ്ടതു ചെയ്യാം.

ശ്രീ. സി. അച്ചുതമേനോൻ : ഇവിടെ തടവുകാർക്കു പത്രങ്ങൾ കൊടുക്കുന്നുണ്ടെന്നു പറഞ്ഞതല്ലോ. ഗോമതി പത്രമല്ലാതെ മറെറതെങ്കിലും പത്രം കൊടുക്കുന്നുണ്ടോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : പത്രങ്ങൾ കൊടുക്കുന്നുണ്ട്. ഏതുപത്രമാണു കൊടുക്കുന്നതെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ൫ ൦ പേർക്കു ഒരു പത്രമെന്ന നിരക്കിൽ പത്രങ്ങൾ കൊടുക്കുന്നുണ്ട്. പക്ഷെ ഏതു പത്രമാണു കൊടുക്കുന്നതെന്നു നിശ്ചയമില്ല.

WRITTEN ANSWERS

സാമ്പത്തിക സംയോജനം

*൧൨൪. [൪൦] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക സംയോജനത്തെ സംബന്ധിച്ച് കേന്ദ്രഗവണ്മെൻറുമായുണ്ടാക്കിയിട്ടുള്ള കരാറിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]:

(ബി) തിരുവിതാംകൂർ-കൊച്ചി ക്യാബിനററുകളുടെ പരിപൂർണ്ണമായ പിൻതുണ കൃഷ്ണമാചാരി റിപ്പോർട്ടിനുണ്ടായിരുന്നു എന്നു പറഞ്ഞിരിക്കുന്നതു ശരിയാണോ;

(സി) ഈ സാമ്പത്തിക സംയോജനക്കരാറുമൂലം ഈ സ്റ്റേററിനു നഷ്ടം നേരിട്ടിട്ടുണ്ടോ;

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കരാറിന്റെ ഒരു കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്†

(ബി) കൃഷ്ണമാചാരിക്കമ്മററി അംഗങ്ങൾ എല്ലാം പാർട്ട് "ബി" സ്റ്റേററുകളിലെയും മന്ത്രിമാരും ഉദ്യോഗസ്ഥന്മാരുമായി നടത്തിയ ആലോചനകളുടെ വെളിച്ചത്തിൽ അവർക്കു യുക്തമെന്നു തോന്നിയ രീതിയിൽ ഉണ്ടാക്കിയതാണ് ഈ റിപ്പോർട്ട്. അതിന് തിരുവിതാംകൂർ-കൊച്ചി ക്യാബിനററുകളുടെ പരിപൂർണ്ണമായ പിൻതുണ ഉണ്ടായിരുന്നുവോ എന്ന ചോദ്യം ഉദിക്കുന്നതേയില്ല.

(സി) സാമ്പത്തിക സംയോജനം പൊതുവേ സ്റ്റേററിനു ഗുണകരവും അതിന്റെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് പര്യാപ്തവുമാണെന്നു പറയാം. വിശദാംശങ്ങൾ നോക്കുകയാണെങ്കിൽ ഓരോ ഇനത്തിലുമുള്ള വരവു ചിലവുകൾ സ്ഥിരമോ ക്ലിപ്തമോ അല്ലാത്തതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക ലാഭമോ നഷ്ടമോ എന്ന് ഖണ്ഡിതമായി നിശ്ചയിക്കത്തക്ക ഒന്നല്ല.

Railways.

*715. [43] **Shri R. Kesava Pillai:** Will the Minister for Works and Transport be pleased to state the nature of jurisdiction which the State has over Railways?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

Railway is a Central subject under the Constitution (Item 22 in list I). The Civil and Criminal jurisdiction over Railway lands within the State is however vested in the State Government.

Pattanam Kal.

*716. [45] **Shri R. Ponnappa Nadar:** Will the Minister for Public Works be pleased to state:

(*a*) whether Pattanam Kal in Vilavancode taluk has been investigated;

(*b*) if so, what will be the area that will be benefited; and

(*c*) when the above scheme will be started?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Yes.
(*b*) 15,000 acres.
(*c*) the scheme after it is sanctioned will be started.

†See Appendix VIII.

സംഘടനാ വാളണ്ടിയർമാക്ക് ആയുധപരിശീലനം.

✻ ൭൧൭. [൪൯] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരു-കൊച്ചിയിലെ ഏതെങ്കിലും സംഘടനയ്ക്കു് വാളണ്ടിയർമാക്ക് ആയുധപരിശീലനം നൽകാൻ ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതുസംഘടനയ്ക്കു്; എന്നുമുതൽ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്:)

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

കക്കാവാരുന്നതിനു് ലൈസൻസു്.

✻ ൭൧൮. [൫൦] ശ്രീ. സി. ജി. സദാശിവൻ: താഴെകാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വേമ്പനാട്ടുകായലിൽനിന്നു് കക്കാ വാരുന്നതിനുള്ള ലൈസൻസു് കക്കാസഹകരണസംഘത്തിൽ ചേരുന്നവക്കുമാത്രമേ കൊടുക്കാവൂ എന്നു് ഗവണ്മെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): കക്കാസഹകരണ സംഘത്തിൽ ചേരുന്നവക്കുമാത്രമേ വേമ്പനാട്ടുകായലിൽനിന്നും കക്കാ വാരുന്നതിനു് ലൈസൻസു് കൊടുക്കാവൂ എന്നൊരുനിർദ്ദേശം ഗവണ്മെൻറിൽനിന്നും നൽകിയിട്ടില്ല. പക്ഷേ കക്കാ വാരുന്നതിനു് ലൈസൻസു് കൊടുക്കുവാനുള്ള അവകാശം കക്കാ വാരുന്നവരുടെ സഹകരണസംഘത്തെ ഏൽപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടു്. അങ്ങിനെ ഏല്പിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്.

தோட்டத்தொழிலாளர்களுக்கு ரேஷன்.

✻719. [52] ஸ்ரீ. கணபதி: கீழ்காணும் வினவுக்கு தொழில் மந்திரி அவர்கள் விடை பகர்வார்களா: தோட்டத்தொழிலாளர் களுக்கு ரேஷன் அரிசி ராஜ்யத்திலுள்ள மற்றவர்களுக்குக் கிடைப்பதைவிட குறைவாகக் கிடைப்பது ஏன்?

நிதிமந்திரி (ஸ்ரீ. பனம்பிள்ளி கோவிந்தமேனேன்): தோட்டங்களுக்கு அளிக்கும் அளவும் கூட்டுகலப்பும், ஸிவில் ஜனங்களுக்குஜனத்தொகையை அனுசரித்து கொடுப்பதைப்போல் அல்லாமல் ஊக்கரேஜ் அனுசரித்து தோட்டங்களுக்கு பங்கீடு செய்யப்படுகிறது.

പോലീസ് റിസർവ്വ് കാൻറീനുകൾ.

* ൭൨൦. [൫൩] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പോലീസ് വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) സ്റ്റേറ്റിലുള്ള പോലീസ് റിസർവ്വ് ക്യാമ്പുകളോടനുബന്ധിച്ചുള്ള കാൻറീനുകളുടെ ഭരണം സംബന്ധിച്ച് എന്തെങ്കിലും ഏകീകൃത വ്യവസ്ഥയുണ്ടോ;

(ബി) കാൻറീൻ കണക്കുകൾ ആണ്ടുതോറും ആഡിററ് ചെയ്യാറുണ്ടോ;

(സി) കാൻറീനുകളുടെ നടത്തിപ്പിനെ സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥന്മാരിൽ നിന്നും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ആഭ്യന്തരവകുപ്പുമന്ത്രി: (ശ്രീ. ടി. എം. വർഗ്ഗീസ്:)

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

High Court.

* 721. [54] **Shri M. William:** Will the Minister for Home Affairs be pleased to state:

(*a*) whether the High Court has recommended the revision of scale of pay of judicial officers in Travancore area;

(*b*) if so, whether the same has been sanctioned; and

(*c*) if not, what is the reason for the delay?

Minister for Home Affairs (**Shri T. M. Varghese**):

(*a*) Yes.

(*b*) Under consideration of the Government.

Tamilian Officers.

* 722. [55] **Shri M. William:** Will the Minister for Home Affairs be pleased to state:

(*a*) is it a fact that most of the Tamilian officers working in the Police Department are posted in the northern parts of Travancore and Cochin;

(*b*) if so, what is the reason for that;

(*c*) is there any Circular that police officers should not be posted in the District in which their native place is situated; and

(*d*) are there not instances of police officers above the rank of Sub Inspectors working in the Districts in which their native place is situated?

Minister for Home Affairs **(Shri T. M. Varghese):**

(*a*) No.

(*b*) does not arise in view of answer to (a).

(*c*) Yes.

(*d*) Yes.

Factory Act.

*723. [56] **Shri K. Sattanatha Karayalar:** Will the Minister for Finance be pleased to state:

(*a*) is it a fact that some of the factories in the estates are escaping the Factory Act by keeping a large number of workers on the daily workers roll;

(*b*) if so, what action does the Government propose to take?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) No.

(*b*) The question does not arise.

Handloom Industry.

*724. [58] **Shri K. Sattanatha Karayalar:** Will the Minister for Finance and Civil Supplies be pleased to state:

(*a*) what steps have Government taken to protect the handloom industry?

(*b*) has the Government referred this matter to the Central Government; if so what help do they expect?

(*c*) is there any proposal to reduce the price of yarn by giving subsidies?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) 1. In view of the easy stock position increased quantities of yarn are being distributed to weavers.

2. Government have introduced the Exchange Scheme on the recommendation of the Textile Sub-Committee.

3. Steps have been taken by the Cottage Industries Board for implementing a scheme for the development of handloom industry and two persons have been deputed to Madras for training.

(*b*) Yes; Certain suggestions have been made to the Government of India recently; so far no reply has been received. They have already promised to grant a sum of Rs. 19,500 to this Government provided this Government would also contribute an equal amount. This question is now under the consideration of Government.

(*c*) No.

ബോട്ടുകൾ പുറപ്പെടുന്ന സമയം.

* ൧൯൨. [൩൧] ശ്രീ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊച്ചി വിഭാഗത്തിൽ ൩ മാസത്തിലൊരിക്കൽ ബോട്ടുകൾ പുറപ്പെടുന്ന സമയം റിവിഷന് വിധേയമാക്കുക പതിവായിരുന്നില്ലേ;

(ബി) സംയോജനത്തിനുശേഷം അപ്രകാരം ചെയ്തിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ: കളത്തിൽ വേലായുധൻനായർ):

(എ) ഉവ്വ്.

(ബി) ൲൱൨൰-ൽ ഒരു റിവിഷൻ നടത്തിയിട്ടുണ്ട്. അതിന് ശേഷം നടത്തിയിട്ടില്ല.

(സി) കൊച്ചിവിഭാഗത്തിലുള്ള ബോട്ടുടമസ്ഥന്മാർ റിവിഷൻ നടത്തുന്നതിൽ ഭിന്നാഭിപ്രായക്കാരാണ്. കൊച്ചിയും തിരുവിതാംകൂറും ഒന്നായി പരിഗണിച്ച് റിവിഷൻ നടത്തണമെന്ന് ചിലർക്ക് അഭിപ്രായമുണ്ട്. മററു ചിലർ കൊച്ചി വിഭാഗത്തിൽമാത്രം മുമ്പുണ്ടായിരുന്നതുപോലെ റിവിഷൻ നടത്തുന്നതിൽ അവിടത്തെ ബോട്ടുടമസ്ഥന്മാർ എതിരാണ്. ബോട്ടുടമസ്ഥന്മാരുടെ ഇടയിലുള്ള അഭിപ്രായ ഭിന്നതകൊണ്ടാണ് ൲൱൨൰-ന് ശേഷം കൊച്ചി വിഭാഗത്തിൽ റിവിഷൻ ഉണ്ടാകാതിരുന്നത്.

UNSTARRED QUESTIONS

കടത്തുവള്ളം.

൲൩൱. [൲] ശ്രീ. കട്ടപ്പൻകോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ: കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ പകുതിയിൽ പട്ടോളിമാർക്കററിന് സമീപമുള്ള കടത്തു കൂടുതൽ സൌകര്യപ്രദമാക്കത്തക്കവണ്ണം ഒരുവള്ളം കൂടി അനുവദിച്ചുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ൬-൩-൧൰-ൽ നാട്ടുകാരയച്ച അപേക്ഷയിന്മേൽ എന്തുനടപടി നടത്തി?

ഉത്തരം.

൨-൩-൧൰-ൽ (൬-൩-൧൰-ൽ അല്ല) അയച്ചിരുന്ന അപേക്ഷയനുസരിച്ച് പുതിയ കടത്തുവള്ളത്തിന് എസ്റ്റിമേററ് തയ്യാറാക്കുന്നുണ്ട്.

Complaints against Police Sub-Inspector, Nagercoil.

170. [3] **Shri C. Sankar:** Will the Minister for Law and Order be pleased to state:

(a) whether any complaints have been made about the present Police Sub-Inspector of Nagercoil Police Station;

(b) if so, the name of the complainants and the date and details of the complaints;

(c) whether the Government have taken any steps to enquire into the complaints;

(*d*) if so, what steps have been taken and the result thereof; and

(*e*) if not, the reason for the same?

Answer.

(*a*) Yes.

(*b*) (1) Phonocom dated 2-5-52 from Shri Sree V. Das, Secretary, South Travancore Trade Union Federation, Nagercoil complaining that the Sub-Inspector, Kottar assaulted innocent persons gathering at the foot of the Clock Tower, Nagercoil.

(2) A reminder petition dated 3-5-52 from the same person.

(3) Petition dated 5-5-1952 from Shri C. Sankar, M. L. A., Nagercoil, containing the same allegation against the Sub-Inspector.

(*c*) Yes.

(*d*) The complaints were caused to be enquired into and the allegations were found to be false.

(*e*) Does not arise.

കൃഷിസൌകര്യത്തിന് തോട്.

൯൧൯. [൧] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പൊതുമരാമത്തു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി ചേന്നങ്കരി പകുതിയിൽ നാരകത്രകരക്കു ചുററിനും കിടക്കുന്ന കിളിയൻകാവ് കോഴിച്ചാൻ പാടങ്ങളിലെ കൃഷിസൌകര്യവും ഭക്ഷ്യോൽപാദനവും വർദ്ധിപ്പിക്കുന്നതിലേക്കായി പടിഞ്ഞാറു വെളിയനാട് ആററിൽനിന്നും ഈ പാടശേഖരങ്ങളെ വിഭജിച്ച് നാരകത്രയിൽക്കൂടി കിഴക്കുവാലടി വരെ ഒരു തോട് ഭക്ഷ്യവികസന പദ്ധതിയെ പുരസ്കരിച്ച് വെട്ടിക്കണമെന്ന് നാട്ടുകാരുടെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒടുവിലത്തെ നിവേദനം എന്നുകിട്ടി;

(സി) അതിന്മേൽ എന്തുനടപടി നടത്തി;

(ഡി) ഈ ആവശ്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ട് ആറേഴുകൊല്ലമായെന്നുള്ളതു് ശരിയാണോ;

(ഇ) നാട്ടുകാരുടെ ഈ അത്യാവശ്യം ഇതേവരെ നിറവേററാതിരിക്കുന്നതു് എന്തുകൊണ്ടാണ്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ൭-൫-൫൨-ൽ ഒരു ഹർജി കിട്ടി.

(സി) അതിന്മേൽ വേണ്ട നടപടി നടത്തിയിട്ടുണ്ട്.

(ഡി) അല്ല.

(ഇ) എല്ലാ ജോലികളും ഒന്നിച്ചുചെയ്തുതീർക്കാൻ നിർവ്വാഹമില്ല. ആവശ്യങ്ങളുടെ പ്രാധാന്യം മുൻനിറുത്തി പെട്ടെന്ന് ചെയ്തുതീർക്കേണ്ട ജോലികൾ തിരഞ്ഞെടുക്കേണ്ട ചുമതല ഫുഡ് പ്രൊഡക്ഷൻ ബോർഡിനാണ്.

(എഫ്) ഈ വേല ഇതേവരെ ബോർഡിന്റെ അംഗീകൃത ലിസ്റ്റിൽ പെടാത്തതുകൊണ്ടാണ് നിറവേററാത്തത്.

പാലംപണി.

൧൭൨. [൮] **ശ്രീ. ടി. കെ. ദിവാകരൻ:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലവും പെരിനാടുമായി ബന്ധിക്കുന്നതിന് തേവള്ളിക്കടവിൽ ഒരു പാലം പണിയിക്കേണ്ട ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പാലം പണിതുടങ്ങുന്നതിന് ഗവണ്മെന്റിൽനിന്നും എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പാലംപണി എന്നാരംഭിക്കും?

ഉത്തരം

(എ) ഉണ്ട്.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

Waiting Shed at Adoor.

173. [9] **Shri K. Madhavan Unnithan:** Will the Minister for Works and Transport be pleased to state:

(*a*) whether Government have received represenation from the public of Kunnathur praying for the construction of a waiting shed at the bus stop at Adoor;

(*b*) What action has been taken on the same?

Answer.

(*a*) Yes.

(*b*) Steps are being taken to get the required land for constructing the shed.

Road Concreting.

174. [10] **Shri K. Madhavan Unnithan:** Will the Minister for Public Works be pleased to state:

(*a*) has the attention of Government been drawn to the fact that the concreted portion of the M. C. road at Adoor does not reach the traffic conjested junction known as central toll;

(*b*) is there any proposal under consideration to extend the road concreting to either side of the portion already completed?

Answer.

(*a*) Yes.
(*b*) Yes.

പോലീസുദ്യോഗസ്ഥന്മാരുടെ വാഹനങ്ങൾ.

൧൭൫. [൧൧] ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ—കൊച്ചി ഗവണ്മെൻറിൻെറ കീഴിലുള്ള പോലീസുദ്യോഗസ്ഥന്മാക്ക് സഞ്ചരിക്കാൻ നൽകപ്പെട്ടിട്ടുള്ള കാറുകൾ, ജീപ്പുകൾ, ബോട്ടുകൾ, വാനുകൾ, ലാറികൾ ഇവയുടെ എണ്ണം (൧) ൧൯൪൯ ജൂലായ് ൧-ാംതീയതി, (൨) ൧൯൫൦, (൩) ൧൯൫൧ (൪) ൧൯൫൨ ജൂൺ ൧-ാംതീയതി ഈ കാലങ്ങളിൽ എത്ര വീതമായിരുന്നു;

(ബി) മേല്പറഞ്ഞ ഓരോ കാലങ്ങളിലും, അതായത്, (൧) ൧൯൪൯ ജൂലായ് ൧ മുതൽ ഡിസംബർ ൩൧ വരെ, (൨) ൧൯൫൦-ൽ, (൩) ൧൯൫൧-ൽ, (൪) ൧൯൫൨ ജനുവരി ൧ മുതൽ ജൂൺ ൧ വരെ മേല്പടി വാഹനങ്ങൾക്ക് ആകെ ചെലവായിട്ടുള്ള പെട്രോളിൻെറ അളവ് എത്ര വീതമായിരുന്നു?

ഉത്തരം.

(എ)

	കാറുകൾ	ജീപ്പ്	ബോട്ട്	വാൻ	ലാറി
൧൯൪൯-ജൂലായ് ൧-ാം	൨	൧൪	൪	൨൨	൨൪
൧൯൫൦.	൪	൧൩	൪	൩൮	൨൩
൧൯൫൧.	൪	൧൩	൧	൩൮	൨൩
൧൯൫൨.	൪	൧൮	൧	൩൮	൨൩

(ബി)

൧൯൪൯—൭—൧	൧൯൪൯—൧൨—൩൧.	൬൦൯൫ ഗ്യാലൻ
൧൯൫൦ ——————ൽ		൧൨൪൩൯ ,,
൧൯൫൧ ——————ൽ		൨൧൧൪൫ ,,
൧൯൫൨—൧-൧	൧൯൫൨—൬-൧-ൽ	൯൦൧൦ ,,

Transport Buses.

176. [13] **Shri A. Samraj:** Will the Minister for Works and Communications be pleased to state:

(a) how many vehicles are plying in the Transport routes per day in the State; and

(b) the number of companies and the number of buses in lines operated by private companies in the State?

Answer.

(a) 274 including buses and lorries, are scheduled per day.

(b) The number of private companies 260.
The number of private buses 1038.

Tiruvalla-Kozhencherry Road.

177. [14] **Shri O. C. Nainan**: Will the Minister for Works and Transport be pleased to state:

(a) how many private transport buses are running through Thiruvalla-Kozhencherry road;

(b) what are the times allowed to the buses in that road;

(c) what is the longest interval of time between one bus and another in that road;

(d) is the Government effectively checking whether all the buses are starting at the proper time?

Answer.

(a) 7 buses.
(b) The time sheet is placed on the table.*
(c) 50 minutes.
(d) Yes.

Buses.

178. [15] **Shri R. Kesava Pillai**: Will the Minister for Works and Transport be pleased to state:

(a) the total mileage taken for service by buses under the Transport Department;

(b) the buses doing the service;

(3) the total number of mileage given for service to buses of private agencies; and

(d) the number of buses engaged by private agencies to carry on the service?

Answer.

(a) 633·9 Miles.
(b) 245 buses.
(c) 3843½ Miles.
(d) 1187.

Perunchani Dam.

179. [18] **Shri R. Ponnappa Nadar**: Will the Minister for Public Works be pleased to state:

(a) Whether Perunchani Dam has been completed;

(b) If not how long will it take to complete the same.

Answer.

(a) No.

(b) If no unforeseen events happen, the work is expected to be completed by the end of December 1952.

---

* See Appendix IX.

പ്രൈവററ ബസ്സുകൾ.

൯൩൦. [൯൩] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടൌണിലേക്ക് വരികയും ടൌണിൽനിന്നു പുറപ്പെടുകയും ചെയ്യുന്ന പ്രൈവററ് ബസ്സുകൾ എല്ലാം ഒരു സ്റ്റാൻറില്ലാത്തതുമൂലം റോഡിൽതന്നെ കിടക്കേണ്ടിവരുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കോട്ടയത്തു് ഒരു ബസ്സ്സ്റ്റാൻഡു് സ്ഥാപിക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ടു്.
(ബി) ഉണ്ടു്.

ഇലക്ട്രിക്കലൈൻ.

൯൩൧. [൪൯] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടു മന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഈ കൊല്ലം പത്തനംതിട്ട താലൂക്കിൽ എവിടെയെല്ലാം ഇലക്ട്രിക്ക് ലൈൻ നീട്ടാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടു്;

(ബി) ഈ കൊല്ലം നീട്ടാൻ ഉദ്ദേശിക്കുന്ന എല്ലാ ലൈനും ഉൾക്കൊള്ളുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം.

(എ) ഏലംന്തൂർ, ഓമല്ലൂർ, പത്തനംതിട്ട, കുമ്പഴ, വള്ളിക്കോടു്, കൈപ്പട്ടൂർ, എന്നീ സ്ഥലങ്ങളിൽ.
(ബി) മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

പാലങ്ങൾ.

൯൩൨. [൪൪] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:

പുനലൂർ-മണ്ണാറക്കുളഞ്ഞി ലൈനിലുള്ള കുമ്പഴക്കടവിലും റാന്നിക്കടവിലും പാലങ്ങൾ പണിയുന്നതിന് എന്തെങ്കിലും നടപടികൾ നടത്തുന്നുണ്ടോ?

ഉത്തരം.

ഇല്ല.

---

* See Appendix X.

Water Supply Scheme.

183. [23] **Shri N. A. Noor Muhammad:** Will the Minister for Works and Transport be pleased to state:

(a) Whether representation have been received by Government for the introduction of Water Supply Scheme for Cape Comorin; and

(b) Whether any action has been taken in the matter?

Answer.

(a) Yes.

(b) An estimate for detailed investigation of Scheme to extend water Supply from Nagercoil to Cape has been prepared and is under consideration of Government.

Electric line.

184. [25] **Shri E. Krishnan Nair:** Will the Minister for Works and Transport be pleased to state:

(a) whether the Government intended extending the electric line from Kundara to Pangod;

(b) whether the Government have enquired into the advisability of extending the line;

(c) if so what is the result of the enquiry conducted?

Answer.

(a) The matter is under consideration.

(b) This is being enquired into.

(c) Does not arise in view of answer to (b).

എക്സ്പ്രസ്സ് ബോട്ടു സർവീസ്.

൧൮൫. [൩൦] ശ്രീ. രാമകൃഷ്ണൻ: താഴെകാണുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

എറണാകുളം-കോട്ടപ്പുറം ലൈനിൽ എക്സ്പ്രസ്സ് ബോട്ടു സർവീസ് നിറുത്തൽചെയ്യുന്നതിനുള്ള കാരണമെന്ത്?

ഉത്തരം.

എറണാകുളം-കോട്ടപ്പുറം ലൈനിൽ സർവീസ് നടത്തുന്ന അലിസ് ബോട്ടുസർവീസുകാരുടെ അപ്പീൽ ഹർജി കിട്ടിയതുകൊണ്ട്.

VOTING OF DEMANDS FOR GRANTS.
Demand XXXVI—Capital Outlay on Industrial Development—(*contd.*)

[12 NOON]

Shrimathi K. R. Gouri: Sir, I move: To reduce the total allotment of Rs. 71, 21, 700 under Demand XXXVI by Rs 100.

സർ, ഒരു ഭരണകൂടത്തിന്റെ പുരോഗമനസ്വഭാവം മനസ്സിലാക്കുന്നതുതന്നെ ആ ഭരണകൂടത്തിനു ഈ നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടവിധത്തിൽ സാധിച്ചിട്ടുണ്ടോയെന്നും ഇവിടത്തെ ജനങ്ങളുടെ ജീവിതതോതു് ഉയർത്തുന്നതിനു സാധിച്ചിട്ടുണ്ടോ എന്നും നോക്കിയാണു്. തൊഴിലില്ലായ്മ ശാശ്വതമായി പരിഹരിക്കുന്നതിനും ജനങ്ങളുടെ സാമ്പത്തികസ്ഥിതി ഉയർത്തുന്നതിനുംവേണ്ടി പ്രധാനമായി ചെയ്യേണ്ടതു് നാടിനെ വ്യവസായീകരിക്കുകയെന്നുള്ളതാണു്. നമ്മുടെനാട്ടു് പ്രകൃതിവിഭവങ്ങളെക്കൊണ്ടു് അനുഗൃഹീതമാണു്. ഈ നാട്ടിൽ അസംസ്കൃതസാധനങ്ങൾ സുലഭമാണു്. അതുപോലെതന്നെ ജനങ്ങളുടെ, വിശിഷ്യാ തൊഴിലാളികളുടെ, പ്രയത്നശക്തി ഇവിടെ ധാരാളമുണ്ടു്. ഈ സാഹചര്യങ്ങളെല്ലാമുള്ളപ്പോൾ നമ്മുടെ നാട്ടു് വ്യാവസായികമായി ഏററവും അധികം പുരോഗമിക്കുവാനും ജനങ്ങളുടെ സാമ്പത്തികനിലവിനു മററു രാജ്യങ്ങളെ അപേക്ഷിച്ചു് വളരെയധികം ഉയരുവാനും സൌകര്യമുണ്ടു്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽതന്നെ ഒരു കോടി ൯ ലക്ഷം രൂപാ വ്യവസായ സ്ഥാപനങ്ങൾക്കു വേണ്ടി നീക്കിവച്ചിരിക്കുന്നതായി കാണാം. ഈ നാട്ടിൽ ഗവണ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്ന ചില വ്യവസായങ്ങൾ ഉണ്ടു്. അവയുടെ യഥാർത്ഥനില എന്താണെന്നു് സ: അച്യുതമേനോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വ്യക്തമാക്കുകയുണ്ടായി. എനിക്കും അതിനെപ്പററി ചിലതു പ്രസ്താവിക്കുവാനുണ്ടു്. സർ, ഇന്നു നമ്മുടെ നാട്ടിൽ, സ: അച്യുതമേനോൻ പ്രസ്താവിച്ചതുപോലെ ഗവണ്മെൻറു നേരിട്ടു നടത്തുന്ന ഏതെങ്കിലും ഒരു വ്യവസായം നല്ലനിലയിൽ പ്രവർത്തിക്കുന്നുവെന്നു പറയുവാൻ നിവൃത്തിയുണ്ടോ? നമ്മുടെ വ്യവസായ സ്ഥാപനങ്ങളിൽനിന്നും നല്ല വരവുണ്ടെന്നു കാണിക്കുവാൻവേണ്ടി പ്രത്യേകം ചൂണ്ടിക്കാണിച്ചിരിക്കുന്നതു് ട്രാവൻകൂർ മിനറൽസ് കമ്പനിയെയാണു്. അവിടെ യഥാർത്ഥത്തിൽ യാതൊരു വ്യവസായീകരണവുമില്ല. നമ്മുടെ നാട്ടിലെ മണൽ വാരി വിററു് കാശുവാങ്ങുകമാത്രമാണു് അവിടെ ചെയ്യുന്നതു്. ഈ സഭയിൽതന്നെ നമ്മുടെ എഫ്. എ. സി. ററി. യെ സംബന്ധിച്ചു് വലിയ വലിയ പരാതികൾ ഉണ്ടായിട്ടുണ്ടു്. ആ കമ്പനിയുടെ ഡയറക്ടർ ബോർഡിൽ ഫിനാൻഷ്യൽ സെക്രട്ടറി, ചീഫ് സെക്രട്ടറി മുതലായ ഉയർന്ന ചുമതലപ്പെട്ട ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാർ അംഗങ്ങളാണു്. അങ്ങനെയുള്ള ഒരു കമ്പനിയെ സംബന്ധിച്ചു് നാട്ടിൽ വലിയ തെററിദ്ധാരണയാണുള്ളതു്. അവിടത്തെ മാനേജ്മെൻറിന്റെ തൊഴിലാളി നയം തികച്ചും അതൃപ്തികരവും അപലപനീയവുമാണു്. നമ്മുടെ നാട്ടിലെ കൃഷിക്കാർക്കു ആവശ്യമുള്ള അമോണിയം സൽഫേററു് ഉണ്ടാക്കിക്കൊടുക്കേണ്ടതിനു പകരം തൊഴിലാളികളെ കഴി

[ശ്രീമതി കെ. ആർ. ഗൌരി]

യുന്നതു കൂടുതൽ പിരിച്ചുവിടുന്നതിലാണ് അവിടത്തെ മാനേജുമെൻറ് വ്യഗ്രതകാണിക്കുന്നതു്. ഇപ്രകാരം ഈ ഗവണ്മെൻറിൻെറ കീഴിൽ ഉദ്യോഗമുള്ള ചുമതലപ്പെട്ട ചീഫ് സെക്രട്ടറി, ഫിനാൻഷ്യൽ സെക്രട്ടറി മുതലായവർ അംഗങ്ങളായുള്ള ഡയറക്ടേഴ്സ് ബോർഡ് ഭരണം നടത്തുന്ന ഒരു വ്യവസായ സ്ഥാപനത്തിൻെറ സ്ഥിതി എന്താണ്? ഇന്നത്തെ മാനേജുമെൻറ് അപ്രാപ്തമാണെങ്കിൽ അതിനെ മാററുന്നതിൽ കാലതാമസം വരുത്തിക്കൂടാത്തതാണ്. ഈ മാനേജുമെൻറിനെ മാററിയാൽ ആ സ്ഥാപനം അഭിവൃദ്ധിപ്പെടുമെന്നാണ് തൊഴിലാളി വിഭാഗത്തിൻെറ അഭിപ്രായം. ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ അംഗങ്ങളായിരുന്നില്ല, ഈ വ്യവസായം ഏതു നിലയിൽ നിൽക്കുന്നു, ഇതു അഭിവൃദ്ധിപ്പെടുത്തുവാൻ എന്തുചെയ്യണം, തൊഴിലാളികൾക്ക് കൂടുതൽ ജോലി കൊടുക്കുവാൻ സാധിക്കുമോ എന്നുള്ള എല്ലാ വിവരങ്ങളേയും കാണിച്ച് ഒരു Report ഈ സഭയിൽ ഗവണ്മെൻറ് സമപ്പിക്കാത്തതു് ഈ ഗവണ്മെൻറിനോടും ഈ സഭയോടു തന്നെയും ചെയ്യുന്ന അവഹേളനമാണ്. ഈ സ്ഥാപനങ്ങൾക്ക് ഇനിയും ഈ സഭയോടു ആലോചിക്കാതെ വീണ്ടും ധനസഹായം നൽകുകയെന്നുള്ളതു് ഈ നിയമസഭയോട് ചെയ്യുന്ന ഒരു അവഹേളനമായി ഞാൻ കരുതുന്നു. ഈ വ്യവസായത്തിലെ തൊഴിലാളികളുടെ നില അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ടി ഇതുവരെ ഈ ഗവണ്മെൻറ് യാതൊന്നും ചെയ്തിട്ടില്ല. കൃഷിക്കാക്കു ഏററവും കൂടുതൽ ആവശ്യമുള്ള അമോണിയം സൾഫേററിൻെറ ഉല്പാദനം വർദ്ധിപ്പിക്കാൻ ഈ ഗവണ്മെൻറ് ഒന്നും ചെയ്തിട്ടില്ല. പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ തിരിച്ചെടുക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ട് അതിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. കൂടുതൽ തൊഴിലാളികളെക്കൊണ്ട് ജോലിചെയ്യിച്ചാൽ അമ്മോണിയം സൾഫേററ് കൂടുതലുണ്ടാക്കാമെന്നും അങ്ങനെ കുറഞ്ഞ വിലയ്ക്കു ഈ വളം നിർമ്മിക്കുവാൻ സാധിക്കുമെന്നും പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ പറയുന്നു. അതിനും മറുപടിയില്ല. ഇവിടത്തെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉൾക്കൊള്ളുന്ന ഡയറക്ടർ ബോർഡിൻെറ നയം ഇതാണ്. ഇവിടെ മുൻപു നടന്ന പ്രസംഗങ്ങളിൽ വഞ്ചിക്ലേഫാക്ടറിയെ സംബന്ധിച്ച് പലരും പരാമർശിക്കയുണ്ടായി. ഈ ഫാക്ടറി വാങ്ങിയതിനുശേഷം ഇന്നുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതിനുവേണ്ടി വലിയ ഒരു തുക ബഡ്ജററിൽ നീക്കിവച്ചിട്ടുണ്ട്. എന്നാൽ അതു് എന്തിനുവേണ്ടിയാണെന്നു വ്യക്തമാക്കിയിട്ടുമില്ല. അവിടത്തെ വാച്ചറന്മാക്കും ഉദ്യോഗസ്ഥന്മാക്കും ശമ്പളം കൊടുക്കുവാനാണോ ഈ തുക നീക്കിവച്ചിരിക്കുന്നതെന്നു ധനകാര്യമന്ത്രി വ്യക്തമാക്കിയാൽ കൊള്ളാം. ഇപ്രകാരം ഗവണ്മെൻറിൻെറ കീഴിൽ പ്രവർത്തനം നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് നൂറു നൂറു പരാതികൾ പറയുവാനുണ്ട്. ഇവിടത്തെ പ്ലൈവുഡ് ഫാക്ടറിയെ സംബന്ധിച്ച് ഉള്ള ചില വിവരങ്ങൾ ഞങ്ങൾ ജയിലിൽ ആയിരുന്ന കാലത്തു് പത്രത്തിൽ വായിച്ചറിഞ്ഞിട്ടുണ്ട്. ഫോറസ്ററുഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനമാണ് അതു്. മി. ഇട്ടിച്ചെറിയ റേഡിയോ കാബിൻ ഉണ്ടാക്കി വിററവകയിൽ ഗവണ്മെൻറിനു വമ്പിച്ച നഷ്ടം ഉണ്ടായിട്ടുള്ളതായി ഞങ്ങൾക്കറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വ്യവസായം സംബന്ധിച്ച് യാതൊരു സാങ്കേതിക

പരിജ്ഞാനവും ഇല്ലാത്ത department ന്റെ കീഴിലാണ് ഈ ഫാക്ടറി നടത്തുന്നത്. ഈ ഫാക്ടറികൾക്ക് വീണ്ടും പുതിയ ലോണുകൾ കൊടുക്കുകയാണ് ഗവണ്മെന്റിന്റെ ഇന്നത്തെ നയം. അതേ അവസരത്തിൽ ജനങ്ങളുടെ ജീവിതത്തോത് ഉയർത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഗവണ്മെന്റ യാതൊന്നും ചെയ്യുന്നില്ല. സ്വകാര്യ സ്ഥാപനങ്ങൾക്ക പണംകൊടുക്കുന്ന കാര്യത്തിൽ ഞങ്ങൾ എതിരല്ല. പക്ഷെ അതു വ്യക്തികൾക്ക് ലാഭമുണ്ടാക്കുവാൻ വേണ്ടി മാത്രമായിരിക്കരുതെന്നേയുള്ളു. അതു് രാജ്യത്തിന്റെ ഉന്നമനത്തിനുവേണ്ടിമാത്രമേ ഉപയോഗിക്കാവു എന്നാണ് ഞങ്ങളുടെ അഭിപ്രായം. കഴിഞ്ഞ പ്രാവശ്യം ഞാൻ ശ്രീ ചിത്രാ മില്ലിനു ൧൨ ലക്ഷം രൂപ കൊടുത്തതിനെപ്പററി പറകയുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൨ ലക്ഷം രൂപ കൊടുത്തിട്ടില്ല. അതു തെററിദ്ധാരണയാണ്.

ശ്രീമതി കെ. ആർ. ഗൌരി: കൊടുക്കുവാൻ ഉദ്ദേശിക്കുന്നതായി ബഡ്ജററിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ ഫാക്ടറിയിൽ ആകെ ൯൦ തൊഴിലാളികളെയാണ് നിയമിച്ചിട്ടുള്ളതു്. അതിന്റെ മാനേജർ അതിൽ ൩൦ പേരെ എപ്പോഴും പുറത്തു മാററി നിറുത്തിക്കൊണ്ടാണ് ജോലി നടത്തുന്നതു്. ആവശ്യത്തിനു ജോലിയില്ലെന്നു പറഞ്ഞു് എപ്പോഴും ൬൦ ജോലിക്കാരെ പുറത്തു നിറുത്തുകയാണ് അവിടത്തെ പതിവു്. സ്വകാര്യ വ്യക്തികൾക്ക് സ്റ്റേററിന്റെ പണം കൊടുക്കുമ്പോൾ ഇവർ എന്താണ് നാട്ടുകാർക്കുവേണ്ടി ചെയ്യുന്നതെന്ന് പരിശോധിക്കണം. ജനങ്ങളുടെ ഉപദ്രവകാരികൾക്ക് ധനസഹായം ചെയ്യുയെന്നുള്ള നയം ഗവണ്മെന്റ സ്വീകരിക്കരുതു്. ഈ പണം നാട്ടുകാരിൽനന്ന് ഉണ്ടാകുന്ന പണമാണ്.

സർ, കഴിഞ്ഞ പ്രാവശ്യം ഇവിടെ സംസാരിച്ചപ്പോൾ ധനകാര്യ മന്ത്രി ഒരാക്ഷേപമെന്ന നിലയിൽ ചേർത്തല മെമ്പറന്മാർ, ഗവണ്മെന്റ ൫൦൦൦ രൂപാ ചേർത്തലയിലെ കുട്ടികൾക്ക് കഞ്ഞികൊടുക്കുവാൻ വേണ്ടി അനുവദിച്ചിട്ട നന്ദി പറകപോലും ഉണ്ടായിട്ടില്ലെന്നു പറകയുണ്ടായി. സർ, അവിടത്തെ ഏററവും പ്രധാനമായ കയർ വ്യവസായം തകർന്നു നാട്ടുകാർ സുസംഘടിതമായ ഒരു പ്രക്ഷോഭണത്തിലേയ്ക്കു നീങ്ങിയതിന്റെ ശേഷമാണ് ഇവിടത്തെ മന്ത്രിസഭാംഗങ്ങൾ അവിടത്തെ ജനങ്ങളെ കാണുവാൻപോലും സന്നദ്ധത പ്രകടിപ്പിച്ചതു്. അതിനുശേഷമാണ് ബഹുമാനപ്പെട്ട ചീഫ് മന്ത്രി ഞങ്ങളുടെ നാട്ട് സന്ദർശിച്ചതു്.

ഞങ്ങളൊരു മെമ്മോറാണ്ടം കൊടുത്തിരുന്നു. അതിനെപ്പററി ഒരക്ഷരം ഇവിടെ സംസാരിച്ചുകേട്ടില്ല. അതിൽ അക്കമിട്ട് ഇന്നയിന്ന കാര്യങ്ങൾ ചെയ്താൽ മാത്രമേ നാട്ടിലെ വ്യവസായം പുനഃസംഘടിപ്പിക്കാൻ കഴിയൂ എന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ ചേർത്തല നിന്നും അമ്പലപ്പുഴനിന്നും ആറക്കണക്കിന് ജനങ്ങൾ നാടുവിട്ട് പൊയ്ക്കൊണ്ടിരിക്കയാണ്. മാതൃപുത്രബന്ധം പോലും ഇല്ലാതായിത്തീർന്നിരിക്കുന്ന ഒരവസ്ഥയാണ് ഇന്നുള്ളതു്. ഈയിടെ ചേർത്തല ബസ്സ് സ്റ്റാന്റി

[ശ്രീമതി കെ. ആർ. ഗൗരി]

ലുള്ള ഒരു കാപ്പിക്കടയിൽ ഒരു തള്ളയും കുട്ടിയുമായി ചെന്നപ്പോൾ ഒരു ബോണ്ട കടക്കാരൻ കുട്ടിക്കു കൊടുത്തു. കുട്ടി അതു് വായിലിട്ടപ്പോൾ തള്ള അതിനെ തിന്നാൻ സമ്മതിക്കാതെ വായിൽനിന്നു പിടിച്ചുവാങ്ങി തിന്നു എന്നു് അറിയുന്നു. ഈ നിലയിൽ പറയുകയാണെങ്കിൽ ധാരാളം കാര്യങ്ങളുണ്ടു്. അവിടെയുള്ള സ്ത്രീകൾ മാനംവിററു് ജീവിക്കുന്ന ഒരു പരിതഃസ്ഥിതിയാണു് ഇന്നു നിലവിലുള്ളതു്. മേയാത്തവീടുകൾ, ഉടുക്കുവാൻ വസ്ത്രമില്ലാത്ത സ്ത്രീകൾ, വിശപ്പുകൊണ്ടു് കരഞ്ഞു വീഴുന്ന പിഞ്ചുപൈതങ്ങൾ, പകർച്ചവ്യാധികളുടെ സങ്കേതം ഇതാണു് ഇന്നു് ചേർത്തല. അങ്ങനെ ഒരു പരിതഃസ്ഥിതിയുണ്ടായതിനുശേഷമാണു് കയർ വ്യവസായം പുനഃസംഘടിപ്പിക്കണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതു്. ഇപ്പോൾ അവിടെ തോടുവെട്ടുന്നതിനുംമററും ആരംഭിക്കുന്നതായി കേട്ടു. ഈ തോടുവെട്ടുകൊണ്ടു് അവിടെയുള്ള സ്ത്രീകൾക്കു് എന്തുജോലിയാണു് കിട്ടാൻ പോകുന്നതെന്നു് ഞാൻ ചോദിക്കുന്നു. നാട്ടിൻപുറങ്ങളിൽ താമസിക്കുന്ന സ്ത്രീകൾ മണ്ണുചുമക്കാനുംമററും പോയിട്ടില്ല. അതിനാൽ കയർ വ്യവസായം പുനഃസംഘടിപ്പിച്ചു് വിദേശമാർക്കററുകൾ പിടിക്കുന്നതിനുള്ള ചുമതല ഗവണ്മെൻറു് ഏറെറടുക്കേണ്ടതാണു്. കേന്ദ്രഗവണ്മെൻറിനെക്കൊണ്ടു് അതിലേയ്ക്കു് വേണ്ടതു പ്രവർത്തിപ്പിക്കുന്നതിനു് ഈ ഗവണ്മെൻറു് ഒട്ടും അമാന്തിക്കാൻ പാടില്ല. വേണ്ടിവന്നാൽ കേന്ദ്രഗവണ്മെൻറിനെക്കൊണ്ടു് ഇതു സാധിച്ചുകിട്ടുന്നതുവരെ അലട്ടുവാൻ ഡെപ്യൂട്ടേഷനോ, കമ്മററിയോ Delhi-യിൽ താമസിക്കണം. ഈ വ്യവസായത്തെ പുനഃസംഘടിപ്പിച്ചെങ്കിൽ മാത്രമേ ഈ മന്ത്രിസഭയ്ക്കു് നിലനിൽക്കാൻ സാധിക്കയുള്ളൂ. ഇപ്പോഴുള്ള ഈ തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കുന്നതിനു സാധിച്ചില്ലെങ്കിൽ മന്ത്രിസഭയ്ക്കു് ഇവിടെ നിലനിൽക്കാൻ അർഹതയില്ലെന്നു് പറയും. തൊഴിലില്ലായ്മയ്ക്കു് പരിഹാരം കാണുവാൻ സാധിച്ചെങ്കിൽ ആ കരിമ്പാറയിൽ തട്ടിയായിരിക്കും ഈ ഗവണ്മെൻറു് തകരുവാൻ പോകുന്നതു്. [illegible] നടപ്പാക്കിയതിനുശേഷം എന്താണു് വെളിയിലുള്ള സ്ഥിതി എന്നു് നമുക്കു് അറിയാൻ കഴിയുന്നില്ല. നാട്ടിലെ സ്ഥിതികൾ മനസ്സിലാക്കുന്നതിനു് ഗവണ്മെൻറിനു് ഇപ്പോൾ സാധിക്കാതെയാണിരിക്കുന്നതു്. ഈ നാട്ടിലെ ജനങ്ങൾക്കു് ജോലിയുണ്ടാക്കുന്നതിനും അവരുടെ ജീവിതത്തോതു് ഉയർത്തുന്നതിനുംവേണ്ടി കൂടുതൽ സംഖ്യകൾ ഗവണ്മെൻറു മുടക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. അപ്പോൾ പറയുമായിരിക്കും നിങ്ങൾ സംഖ്യ ഉണ്ടാക്കണമെന്നു്. ഈ നാട്ടിൽനിന്നു് ഇന്നു് എത്രയോ രൂപാ പുറംരാജ്യങ്ങളിലേക്കു് ഒഴുകി പോകുന്നുണ്ടു്. കേന്ദ്രത്തിലേയ്ക്കുതന്നെ ധാരാളം രൂപാ പോകുന്നുണ്ടു്. അതുപോകട്ടെ, തോട്ടമുടമകളായ വെള്ളക്കാർ അമിതാദായം എടുക്കുന്നുണ്ടു്; ഈ ലാഭത്തിൽനിന്നു് ഒരു സംഖ്യ ഗവണ്മെൻറു് ഈടാക്കിയാൽ ഭരണഘടനയേയോ, നിലവിലുള്ള നിയമങ്ങളേയോ ബാധിക്കുന്നതല്ല. ഗവണ്മെൻറിന്റെ കീഴിലുള്ള മാനേജ്മെൻറുകൾ ശരിയായ വിധത്തിൽ പ്രവർത്തിച്ചിരുന്നെങ്കിൽ ഈ കമ്പനികളുടെ ഷെയർവാല്യൂതന്നെ കൂടുമായിരുന്നു. അങ്ങനെയാണെങ്കിൽ ആയിരക്കണക്കിനു് ആളുകൾ ഈ കമ്പനികൾക്കു് ലോൺ കൊടുക്കും. ആ നിലയിൽ കമ്പനികളുടെ പ്രവർത്തനം ശരിയായ നിലയിൽ നടത്തുന്നതിനാണു് ഗവണ്മെൻറു് പരിശ്രമിക്കേണ്ടതു്.

ശ്രീ. ആർ. കേശവപിള്ള: സർ, കാര്യമായ വളരെ നിർദ്ദേശങ്ങൾ ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. ഈ നാട്ടിലെ വ്യവസായം പുരോഗമിപ്പിക്കുന്നതിന് ഈ നാട്ടിലെ തൊഴിലാളികളുടെ സഹകരണം കൂടിയില്ലാതെ നമുക്ക് സാദ്ധ്യമല്ല. ഇന്നത്തെ ഒരു വലിയ വ്യവസായമാണ് കയർ വ്യവസായം. അതിപ്പോൾ അധഃപതിച്ചിരിക്കയാണ്. ആ വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിന് പ്രതിപക്ഷത്തുനിന്നും പല നിർദ്ദേശങ്ങളും കൊണ്ടുവന്നിട്ടുണ്ട്. ആ വ്യവസായത്തെ പുനർജ്ജീവിപ്പിച്ച് അതിനു കൂടുതൽ മാർക്കറ്റുകൾ കണ്ടുപിടിക്കേണ്ടതു് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. സിന്ദ്രിഫാക്ടറിയിൽനിന്നും വളം അയയ്ക്കുന്നതിന് ചണം ചാക്കുകൾക്കുപകരം കയർചാക്കുകൾ എത്രമാത്രം ഉപയോഗപ്പെടുത്താമെന്നുള്ളതു് ആലോചിച്ചുനോക്കേണ്ടതാണ്. കയർച്ചാക്കുതന്നെ ഉപയോഗിക്കുകയാണെങ്കിൽ അതും ഈ കയർ വ്യവസായത്തിന് അഭിവൃദ്ധിക്കുള്ള ഒരു മാർഗ്ഗമാണ്.

ഇന്ന് നമ്മുടെ പല വ്യവസായങ്ങളും അധഃപതിച്ച് വലിയ ആദായം കിട്ടാതിരിക്കയാണ്. നമ്മുടെ അയൽ രാജ്യമായ മൈസൂറിന്റെ സ്ഥിതിനോക്കിയാൽ അവർക്ക് വ്യവസായസംബന്ധമായി കിട്ടുന്ന ആദായം ഏകദേശം ൮ കോടിയിൽ ചില്വാനം ആണെന്ന് കാണാം. അതു പോലെതന്നെ ഇലക്ട്രിസിറ്റിയിൽനിന്ന് ഒരുകോടിരൂപാ കിട്ടുന്നുണ്ട്. അങ്ങനെ മൊത്തത്തിൽ ൯ കോടിരൂപാ വ്യവസായത്തിൽ നിന്ന് അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്നു. ആ നിലയിൽ നോക്കിയാൽ നമ്മുടെ വരവ് വർദ്ധിപ്പിക്കണമെങ്കിൽ നമ്മുടെ വ്യവസായത്തെ വർദ്ധിപ്പിക്കാതെ സാദ്ധ്യമല്ലെന്നുകാണാം. എന്റെ അയൽ നിയോജകമണ്ഡലമായ പരവൂരിൽ ചാത്തന്നൂർ എന്നസ്ഥലത്തുള്ള വഞ്ചിക്ലേ ആന്റ് മയിൻസ് ഒരു നല്ല വ്യവസായമാക്കിക്കൊണ്ടുവരുന്നതിന് ഈ ഗവണ്മെന്റ് ശ്രദ്ധിച്ചാൽ സാധിക്കുന്നതാണ്. ഇതിനെപ്പറ്റി ൧൯൫൧-ലെ സെൻസസ് റിപ്പോർട്ടിൽ വളരെ പുകഴ്ത്തി പറഞ്ഞിരിക്കുന്നതായി കാണുന്നു. ആ ഭാഗം സഭയുടെ അറിവിലേക്കായി ഞാൻ ഇവിടെ വായിക്കാം.

"China clay of excellent quality abundant in this district forms the raw material for a flourishing ceramic industry. It produces high class crockery, refractories, insulators, fire bricks, porcelain ware etc."

വളരെ അടുത്തുകിട്ടുന്ന ഈ വിഭവങ്ങളെ ശരിയായി ഉപയോഗിക്കാതിരിക്കുന്നതു് വളരെ കഷ്ടമാണ്. ഈ കമ്പനി സി. പി. രാമസ്വാമി അയ്യർ മുമ്പ് അവിടെ പ്രവർത്തനംനടത്തിക്കൊണ്ടിരുന്ന കമ്പനിക്കാരോട് വിലയ്ക്കു് വാങ്ങിയിട്ടുള്ളതാണ്. സി. പി. രാമസ്വാമി അയ്യർ പോയിട്ട് ഇപ്പോൾ മൂന്നാലു വർഷമായി. ഈ കാലത്തിനുള്ളിൽ നമ്മുടെ ഗവണ്മെന്റിന് അതിനെ ശരിയായി നടത്താൻ സാധിക്കാത്തതു് വളരെ മോശമാണ്. പ്രതിപക്ഷത്തുനിന്നും പറഞ്ഞിട്ടുള്ള പല കാര്യങ്ങളേയും നാം സ്വീകരിച്ച് നടപടി എടുക്കേണ്ടതു് വളരെ അത്യാവശ്യമാണ്. അപ്രകാരം ചെയ്യുകയാണെങ്കിൽ ഈ രാജ്യത്തുള്ള ആളുകൾക്ക് തൊഴിലുണ്ടാകുന്നു എന്നുമാത്രമല്ല വമ്പിച്ച ആദായം ഗവണ്മെന്റിന് കിട്ടുകയും ചെയ്യും. ൯ കോടിയിൽ ചില്വാനം രൂപാ വ്യവസായത്തിന് മുടക്കിയിട്ടുള്ളതിൽനിന്നും നമുക്ക് കിട്ടുന്ന ആദായം വളരെ തുച്ഛമാണെന്ന് ഇവിടെ

[ശ്രീ. ആർ. കേശവപിള്ള]

പറയുകയുണ്ടായി. നമ്മുടെ ഓഹരികളുടെ വില മുമ്പിലത്തേക്കാൾ കുറഞ്ഞുപോയിട്ടുണ്ടെന്നും പറയുകയുണ്ടായി. പ്രതിപക്ഷം പറഞ്ഞതുപോലെ ഇതിലേക്ക് ഒരു കമ്മററി തന്നെ ഉണ്ടാക്കണമെന്നാണെങ്കിൽ ആ പ്രകാരം ചെയ്യേണ്ടതാണ്. അവർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം പല ആരോഗ്യപരമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആ വിഷയത്തിൽ എല്ലാകക്ഷികളും വേണ്ട താല്പര്യം കാണിച്ച് വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ആദായം വർദ്ധിപ്പിക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

പുനലൂർ പേപ്പർമില്ലിനെപ്പററി ഗവണ്മെൻറ് ശരിയായി ശ്രദ്ധിച്ചാൽ കൂടുതൽ മേന്മയുള്ള പേപ്പറുകൾ ഉണ്ടാക്കാൻ കഴിയുമെ എന്ന് നോക്കാമായിരുന്നു. ഈ പേപ്പർ വെളിയിൽ ആവശ്യമുണ്ടോ എന്നറിയാൻ പാടില്ല. ഇപ്പോഴുള്ള പേപ്പറിൻെറ നിറം എന്താണെന്നുപോലും അറിയാൻ പാടില്ലാതാണിരിക്കുന്നത്. ഈ പേപ്പറിൻെറ മേന്മ വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. അങ്ങനെയാണെങ്കിൽ ഇവിടെ ആവശ്യമുള്ളതിൽ കൂടുതൽ ഭാഗവും അവിടെയുണ്ടാക്കുന്ന പേപ്പർകൊണ്ടുതന്നെ നമുക്ക് ഉപയോഗിക്കാൻ കഴിയും. നമ്മുടെ വ്യവസായങ്ങളെ നന്നാക്കേണ്ടതും അതിനു വെളിയിൽ മാർക്കററുകണ്ടുപിടിക്കേണ്ടതും നമ്മുടെ ഗവണ്മെൻറിൻെറ ചുമതലയാണ്. കുണ്ടറ ഒരു സ്റ്റാർച്ചുഫാക്ടറി തുടങ്ങുന്നതായി അറിയുന്നു. ധാരാളം മരച്ചീനി ഇവിടെ ഉണ്ട്. സ്റ്റാർച്ച് ഉല്പാദിപ്പിക്കുകയാണെങ്കിൽ വെളിയിൽ അതിനു ധാരാളം ഡിമാൻറ് ഉണ്ടാകും. അതുമൂലം തൊഴിലാളികൾക്ക് ധാരാളം തൊഴിലുണ്ടാകുന്നതിനും വെളിയിൽനിന്നും നല്ല ഒരു വരവ് രാജ്യത്ത് കിട്ടുന്നതിനും ഇടയാകും. ഇതെല്ലാം ചെയ്ത് വ്യവസായങ്ങളെ വിപുലീകരിച്ച് ഈ രാജ്യത്തെ തൊഴിലാളികൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Shri A. Thanu Pillai: Sir, very large amounts of public money are invested in industries. But we find, Sir, that the returns, so far as the Government ventures are concerned, are by no means satisfactory. How our investments can be made really profitable is a matter that ought to engage our attention. Complaints have been consistently heard for many years that the industries are not paying. From the Government point of view, our investments do not bring in any satisfactory return. Before the Congress Government came into being, people were condemning the policy pursued by the previous administration. But that administration brought into existence a good number of industries. The situation has by no means changed. I know it may be argued that "certain industries were started and Government took shares in them, Government cannot go back and therefore, when further help was found necessary that help has had to be given. But what is it that the Government have done? Of course, we know we have invested a few crores of rupees in the Fertilisers and Chemicals. I do not know, Sir, what exactly is the production. I know three years ago the management of that concern informed the Government that they would be able to turn out the maximum production, within a few months of the

date on which the loan was converted into share-money. I do not know the actual position today. What quantity is being produced by the Fertilisers and Chemicals today, we do not know. I do not think there is any information regarding that. Then, the idea was that daily 150 tons would be produced. If I remember correct, that was the target. Now, whether they have reached that today, *i. e.* 150 tons of Ammonium Sulphate, I do not know. Of course, we converted that loan amount of about a crore of rupees into share-capital, and then, that concern made the Government understand that they would be able to raise all the money required from other sources as well, provided this Government converted that loan into share-money. Whether they have been able to do it, I do not know. How far production has increased, there is no information. Regarding the profit Government are getting also there is no information. So far as I have been able to see, no profit is being realised by Government on that huge investment. Yesterday, I understand, Mr. Nataraja Pillai made a reference to this. This year, we have provided 67 lakhs of rupees for investment of shares in commercial concerns. Of course, I take it that that is by way of purchasing shares and not by loans; because the language used is "Investment of Shares in Commercial Concerns"—Rs. 67 lakhs". The number of concerns have been scheduled here and they are:—

Sri Chitra Mills Ltd.
Chalakudi Plywood Industry
Rubber Tyre Factory
Manufacture of sand and lime bricks
United Electrical Industries
Indian Rare Earth Ltd.

The Indian Rare Earth Ltd. is a concern in respect of which we ought to take a reasonable stand because that concern is to be run by our Government in conjunction with the Government of India, and relates to the manufacture of one of our important raw products. In the Sri Chitra Mills Ltd. we are investing Rs. 12 lakhs in shares. How is that concern faring? Is it really productive? Now, what is the necessity for our investment of 12 lakhs of rupees? Is it beneficial to our State really, or does it benefit only the investors outside the State? Similarly, the Chalakkudi Plywood Industry and the Rubber Tyre Factory. I think the Rubber Tyre Factory is a new concern that is to come into being. My point is this. Sir, we have already invested large amounts and those investments cannot be said to be a success. What guarantee is there that these investments are going to fare better? What are the guarantees that Government have taken? How are they going to secure the money and secure the return for this money? These are points that ought to be answered very satisfactorily by the Government. Further, they do not give us any details in regard to these matters.

[Shri A. Thanu Pillai]

Now, as for other investments also, so far as the Travancore Minerals are concerned, now that is bringing in a large return and our Mineral Companies are contemplated to be brought under Government control. I do not know how those transactions today stand.

Sir, we must again and again repeat the very unsatisfactory way in which information is sought to be supplied to this House by the Government. The budget certainly cannot be expected to give us any material information, and as for the working of the departments, there are no departmental reports, and when they make their demands, the Ministers do not give us any information either. It is a very, very unsatisfactory condition of things. Of course, the general answer may be made. "We want industrialisation. We cannot be positive as to what will happen in future. We must certainly make bold to venture. Otherwise, the country cannot prosper." But if we make bold to venture on everything but to get nothing in return, that is not making bold to venture. I think these matters will elicit a satisfactory answer from the Government benches.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഈ ഗവൺമെന്റിന്റെ വ്യവസായനയത്തെക്കുറിച്ചുള്ള പരാമർശനം ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. ആറരക്കോടി രൂപാ ഗവൺമെന്റുകളുടെ മുടക്കിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെപ്പറ്റി പ്രത്യേകം ചിന്തിക്കേണ്ടിയിരിക്കുന്നു. തിരുവനന്തപുരത്തെ റബ്ബർഫാക്ടറി, കുണ്ടറയിലെ കളിമൺ ഫാക്ടറി, ആലുവായിലെയും പെരുമ്പാവൂരിലെയും വിവിധ ഫാക്ടറികൾ, കോട്ടയത്തെ സിമന്റുഫാക്ടറി മുതലായ സ്ഥാപനങ്ങൾ രാജ്യത്തിന്റെ വ്യവസായപുരോഗതിക്കുവേണ്ടി ബുദ്ധിപൂർവ്വം സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ ഇതെല്ലാം നഷ്ടത്തിലാണെന്നും, പ്രയോജനരഹിതങ്ങളാണെന്നും കേൾക്കുന്നതിൽ വ്യസനിക്കുന്നു. രണ്ടു വ്യാഴവട്ടങ്ങൾക്കിപ്പുറം തിരുവിതാംകൂർ വിഭാഗത്തെ വ്യവസായാഭിവൃദ്ധി നിതരാം ആശാർഹം തന്നെയായിരുന്നു.

വളരെ വളരെ പ്രൈവറ്റ് വ്യവസായസ്ഥാപനങ്ങൾതന്നെ വളർന്നുവന്നിട്ടുണ്ടെന്നു സൂക്ഷിച്ചാലറിയാം. കശുവണ്ടി ഫാക്ടറികളും തീപ്പെട്ടിഫാക്ടറികളും എല്ലാം ഫലപ്രദങ്ങളായി വലുതായിട്ടുള്ളതാണ്. നമ്മുടെ ഫാക്ടറികളിലെ സാധനങ്ങൾ പരദേശികളുടെ അഭിനന്ദനംതന്നെ ആർജ്ജിച്ചിട്ടുള്ളതു് പ്രത്യേകം സ്മരണീയമാണ്.

വ്യവസായവും കൃഷിയും കൊണ്ടല്ലാതെ അഭിവൃദ്ധിനേടി ജനപ്പെരുപ്പമുള്ള ഈ സംസ്ഥാനത്തിനു മുന്നോട്ടു പോകുവാൻ സാധിക്കുന്നതല്ല. അതിനാൽ ഇവിടെ വന്നിട്ടുള്ള വ്യവസായ മാന്ദ്യതകൾ പരിഹരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. കുടിൽവ്യവസായപരിപോഷണത്തിൽ അധികം ശ്രദ്ധിക്കണം. പുതിയ പദ്ധതികൾ ആരംഭിക്കണം. അസംസ്കൃത സാധനങ്ങളെ സംസ്കൃതസാധനങ്ങളായി മാറ്റാവുന്ന കോടി കോടി വ്യവസായസാദ്ധ്യതകൾ ഇവിടെയുണ്ട്. അവ നടപ്പാക്കി

തൊഴിലില്ലായ്മ ഉച്ചാടനം ചെയ്യാൻ ഗവണ്മെൻറ് ഇനിയും അമാന്തിക്കരുത്. ഗവണ്മെൻറ വ്യവസായ സഹായകബിൽ വരുന്നുണ്ടല്ലോ. പ്രസ്തുത ബിൽ കൃത്യവും വേഗം പാസ്സാക്കി അയച്ച് വ്യവസായതല്പരരായ ബഹുജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഗവണ്മെൻറ വ്യവസായനയത്തിൽ കൂടുതൽ ഊർജ്ജസ്വലത കാണിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

Shri M. M. Abdul Khader: Sir, in the short time at my disposal, I would only try to draw the attention of Government and this House to the grossly mismanaged state of affairs of the Fertilisers and Chemicals and the Forest Industries Ltd., at Alwaye. When the F. A. C. T. Company was started, the capital investment originally thought of was not so high as it at present stands. And at such a time when the Government investment was not thought of to such an extent as it stands today, the Managing Agency commission was stipulated at 10 per cent. of the profits. The Finance Minister would certainly shoot out the answer that the agency agreement was entered into during Sir C. P. Ramaswami Ayyar's regime. But the House is aware that subsequent to his own party coming on the saddle, the capital investment of this industry has been increased many-fold and yet there has been no change made in the terms of the managing agency agreement which is very much to the disadvantage of the Government. In fact, in no other free country where the State has invested such a large amount, where the State owns the majority of the shares in the industry, has such managing agency commission been paid to a managing agent, who is not a subject of the State. This is without any parallel in the industrial history of any free country. In 1951, according to the award of the Industrial Tribunal, about 600 employees of this factory were sent out and in 1951 this retrenchment was made on the expectation that in that year the company would make an overall profit over the previous year of more than 6 lakhs of rupees. But the result was that the company in 1951 made a loss of 9 lakhs of rupees. Six hundred labourers and low paid staff of the company have been sent out. There are still flourishing under the shadow of the managing agents, under the shadow of the Seshasayee Bros., highly-paid employees and officers without any qualifications each drawing Rs. 400 and 600 per mensem. It is well for the Finance Minister to enquire into the qualifications of the Chief Superintendent of this factory.

In 1948, it would be found that the production of Ammonium Sulphate was 25,000 tons and Super-Sulphate 12,000 tons. This is according to the brochure published by the Employees' Association, but that has been contradicted by the management. They stated that in 1948 the production was 21,000 tons of Ammonium Sulphate and 5000 tons of Super-Sulphate, and in that year, the company actually made a loss of Rs. 9 lakhs. The figures for 1949, 1950, 1951 and 1952 in this connection would be revealing. In 1949, the total production of Ammonium Sulphate was 25,927 tons, in 1950, 25,738 tons, in 1951 22,000 tons, and in

[Shri M. M. Abdul Khader]

the case of Super-Sulphate in 1949 it was 11,233 tons, in 1950 and 1951 this came down to 6,564 tons.

Thus it would be found that in spite of retrenchment and in spite of Government investing more and more funds in this industry, due to the gross mismanagement of the managing agency, the factory has been making a progressive decline in production. It is also necessary in this context to enquire into the price of Ammonium Sulphate produced in this factory. This, I submit, is very much higher than that produced in the Sindri Fertilisers Factory or that supplied by the I. C. I. What is the reason for this heavy price? Barring over-heavy establishment charges there is the fact that this factory mainly depends upon sulphur that is imported at a higher price, whereas the Sindri factory works on gypsum produced in India itself in places like Rajputana and Trichinopoly. In Egypt also, any amount of gypsum could be had.

Shri A. Thanu Pillai: Are they not—I mean the FACT—getting gypsum from Trichinopoly?

Shri M. M. Abdul Khader: No, Sir, they insist on sulphur imported from a particular country even though sulphur is available from Italy at cheaper rates. And on this ground of scarcity of sulpur and so forth the factory forces lock-outs and lay-outs upon the workers.

I may also, in passing, refer to the other company—the FIT. In this connection, I need only draw the attention of the Minister for Industries to the scheme which I understand, has been submitted by the Conservator of Forests. There, in his report he has stated that if the Forest Department takes over the supply of firewood to the FACT it would be possible for Government to make a clean profit of Rs. 12 1|2 lakhs per annnum which is sufficient to pay the shareholders of the FIT company. If the Minister for Industries cares to implement the scheme adumbrated in the report of the Conservator of Forests, it would save a lot of the tax-payers money. I must also state that it would be better if this Government would institute an Enquiry Commission to enquire into the conditions of the FACT Ltd., if necessary, as Government boldly did in the case of the West Coast Fisheries, they may directly take over this industry in which each man, woman and child of the State has invested more than Rs. 3 of national wealth.

ശ്രീ. പി. ഭാസ്കരൻ നായർ: സർ, ഈ ഗവണ്മെന്റിന്റെ വ്യാവസായികനയം ഇവിടത്തെ ബഹുജനങ്ങളെ സഹായിക്കുന്നതിനെക്കാൾ കൂടുതലായി സ്വകാര്യവ്യക്തികളേയും, സ്വകാര്യകമ്പനികളേയും സഹായിക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. ഈ വ്യാവസായികനയം കൊണ്ട് ഈ നാട്ടിലെ തൊഴിലില്ലായ്മ തെല്ലെങ്കിലും പരിഹരിക്കുന്നതിനു നമുക്കു കഴിയുന്നുണ്ടോ എന്നുള്ളതിനെക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു.

[ശ്രീ. പി. ഭാസ്കരൻനായർ]

ഒരു ബില്ലിൽ സഹായം ലഭിക്കുന്നതിനു അർഹതയുള്ള വ്യവസായങ്ങളുടെ ഇനങ്ങൾ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്. ഒന്ന്, പുതിയതോ അഭിവൃദ്ധിപ്പെട്ടുവരുന്നതോ ആയ വ്യവസായം. രണ്ട്, ഒരു സ്ഥലത്തുള്ള വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടാതിരിക്കുകയോ, അഥവാ വിജയിക്കുമെന്നനുമാനിക്കാൻ ഇടയുണ്ടെന്നു തോന്നുകയോ ചെയ്താൽ ആ സ്ഥലത്തു പുതുതായി സ്ഥാപിക്കുന്ന ഒരു വ്യവസായം.

ചാലക്കുടി പ്ലൈവുഡ് ഇൻഡസ്ട്രീസ് പുതുതായി തുടങ്ങുന്ന ഒന്നല്ല. ശ്രീ ചിത്രാമിൽ തുടങ്ങിയും മുടങ്ങിയും തൊഴിലാളികളെ ദ്രോഹിച്ചും അതൃപ്തികരമായി പ്രവർത്തനം നടത്തുന്നതാണ്. ഈ കമ്പനികളിൽ ഗവണ്മെന്റ വൻതുക ഓഹരിയെടുക്കുന്നതു ആശാസ്യമല്ല. വ്യവസായത്തെ പുരോഗമിപ്പിക്കുന്നതിനും, ലാഭം കിട്ടത്തക്കവണ്ണം പ്രവർത്തനം നടത്തുന്നതിനുമായി തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി പ്രവർത്തിക്കേണ്ടതു അത്യാവശ്യമത്രെ.

കോട്ടയത്തിനടുത്തു ട്രാവൻകൂർ സിമന്റ എന്നപേരിൽ ഒരു കമ്പനിയുണ്ട്. അതിനെസംബന്ധിച്ച വിവരങ്ങൾ ചോദ്യോത്തരവേളയിൽ ധനകാര്യമന്ത്രി ഇവിടെ പറഞ്ഞു. ട്രാവൻകൂർ സിമന്റ കമ്പനിയിൽ ൩൨ ലക്ഷം രൂപയുടെ ഷെയർ ഈ ഗവണ്മെന്റ എടുത്തിട്ടുണ്ട്. ൫.൦ ലക്ഷം കടം കൊടുത്തിട്ടുമുണ്ട്. എന്റെ അറിവു ശരിയാണെങ്കിൽ, അതിൽ അഞ്ചുലക്ഷം രൂപാ യാതൊരു ഈടും ഇല്ലാതെ കൊടുത്തിരിക്കുകയാണ്. ആ കമ്പനിയുടെ നടത്തിപ്പിനെപ്പററി ശരിയായ ഒരു അന്വേഷണം നടത്തേണ്ടതു വളരെ അത്യാവശ്യമാണ്. വേമ്പനാട്ടു കായലിൽ നിന്നും സിമന്റുകമ്പനി കക്കാ വാരുന്നുണ്ട്. വാരുന്നകക്കായുടെ റോയൽട്ടിയായി കമ്പനി ഗവണ്മെന്റിലേക്കു ആണ്ടിനാൽ ൧൫,൦൦൦ രൂപാ നൽകണമെന്നു ആവശ്യപ്പെട്ടിരുന്നതായി ആ കമ്പനിയിലെ രേഖകളിൽനിന്നും കാണുവാൻ കഴിയും. അതിനുശേഷം ൧൯൫൦-ലെ അവരുടെ ബാലൻസ് ഷീററിൽ പറഞ്ഞിട്ടുള്ളതു് ഗവണ്മെന്റിൽ നിന്നും ൨൩,൩൯൦ രൂപാ കക്കായുടെ റോയൽററിയിനത്തിൽ അവകാശപ്പെട്ടുവെന്നും, എന്നാൽ ആ വകയിൽ, ൧൩,൩൪൫ രൂപാ മാത്രമെ കമ്പനി സർക്കാരിലേക്കു കൊടുക്കേണ്ടതായിട്ടുള്ളു എന്നുമാണ്. ആദ്യം ഒരു ടണ്ണിനു ൧൨ അണയായി ഉദ്ദേശിക്കപ്പെട്ടിരുന്നകക്കായുടെ റോയൽററി ഇപ്പോൾ നാലണയായി ചുരുക്കിയിരിക്കുകയാണ്. ഈ നാലണയ്ക്കു കക്കാ കൊടുക്കുന്നതുകൊണ്ടു നമുക്കു ഗണ്യമായ നഷ്ടം നേരിടുന്നു. ഇതു് ഈ രാജ്യത്തെ സമ്പത്തു നശിപ്പിക്കുന്നതിനു തുല്യമാണ്. ലൈംസ്റ്റോൺ, അഥവാ ചുണ്ണാമ്പു മണ്ണ് ഉപയോഗിച്ചു സിമന്റുണ്ടാക്കുന്ന മററുകമ്പനികളിൽ നിന്നു ടണ്ണിനു നാലണയാണ്, മദ്രാസ് ഗവണ്മെന്റും മററും ലൈംസ്റ്റോണിനു റോയൽററി ഈടാക്കിവരുന്നതു്. ലൈംസ്റ്റോണിലുള്ളതിനെക്കാൾ എത്രയോ കൂടുതൽ കാൽസ്യം കണ്ടന്റ കക്കായിലുണ്ട്. ആ സ്ഥിതിക്ക് നാലണയ്ക്കു ഈ കമ്പനിക്കു കക്കാകൊടുക്കുന്നതു വലിയ നഷ്ടമാണ്. ഗവണ്മെന്റ ആധിമുഖ്യത്തിലുള്ള ലൈംഷെൽ കോവാപ്പറേറ്റീവ് സൊസൈററി, കക്കാ ഒരു ടണ്ണിനു് ൧൩൪ രൂപാ വിലവെച്ചാണു വില്പന നടത്തുന്നതു്. വ്യത്യാസം എത്ര ഭീമമാണെന്നു വ്യക്ത

മല്ലേ ? ഇതിൽ വളരെ കുഴപ്പങ്ങളുണ്ട്. കണക്കിൽ കൊള്ളിക്കുന്ന കക്കാ യിൽകൂടുതൽ കമ്പനിക്കാർ വാരുന്നുണ്ട്. ഏത്ര ടൺ കക്കാ വാരിയിട്ടുണ്ടെന്ന കമ്പനി പറയുന്ന കണക്ക അപ്പാടെ ഗവണ്മെൻറ വിശ്വസിക്കുകയാണ്. അതു പരിശോധിച്ചേ മതിയാകൂ. കമ്പനി കണക്കിൽ കൂടുതൽ കക്കാ വാരുന്നുണ്ട്. അതിനുള്ള പണം ഗവണ്മെൻറ വസൂലാക്കുന്നില്ല. ഈ കമ്പനിയിൽ കഴിഞ്ഞ ആറേഴുമാസങ്ങളായി ൧൫൦ തൊഴിലാളികളെ പിരിച്ചുവിട്ടിരിക്കുകയാണ്. ഇങ്ങനെ തൊഴിലില്ലായ്മ വർദ്ധിക്കുന്നതിന കളമൊരുക്കുന്ന സിമൻറ കമ്പനിയിൽ പൊതുമുതലിൽനിന്നും വൻപിച്ചതുക ഷെയറിയായും കടവായ്പയായും ഗവണ്മെൻറ മുടക്കിയിരിക്കുന്നു. കമ്പനിക്ക് ൧൯൫൦-ൽ ൩൬,൦൦൦-ൽ പരം രൂപാ ലാഭമുണ്ടായപ്പോഴും, ൧൯൫൧-ൽ ൨½ ലക്ഷം രൂപാ മിച്ചമുണ്ടായപ്പോഴും തൊഴിലാളികൾക്ക ഒരേതോതിൽ കേവലം 8⅓ ശതമാനം മാത്രമെ ബോണസ്സു നൽകുകയുണ്ടായുള്ളു. എന്നാൽ കമ്പനി മാനേജർക്ക മൂവായിരംരൂപാ പ്രതിമാസ ശമ്പളത്തിന പുറമെ വൻപിച്ച പല വരവിനങ്ങളും ഉണ്ടത്രെ.

അതുപോലെ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസ് എന്നൊരു കമ്പനി കോട്ടയത്തിന സമീപം ചിങ്ങവനത്തുണ്ട്. ഇപ്പോൾ അവിടെ പ്രവർത്തനവുമില്ല, മാനേജുമെൻറുമില്ല. ആ വ്യവസായസ്ഥാപനത്തിൻെറ മുടക്കു മുതലിൽ ൨൫ ശതമാനം സർക്കാർ മുടക്കിയതാണത്രെ. ഇപ്പോൾ രണ്ടരലക്ഷംരൂപാ വിലവരുന്ന ഒരു യന്ത്രം പുതുതായി വാങ്ങിയാൽ മാത്രമെ അതിൻെറ പ്രവർത്തനം തുടർന്നു നടത്തുവാൻ സാധിക്കുകയുള്ളു എന്നു കേൾക്കുന്നു. പ്രസ്തുത ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസ് മാനേജർ, ഒരുലക്ഷം രൂപാ ഗവണ്മെൻറിനോട്ട കടംവാങ്ങുവാൻ അപേക്ഷിച്ചിട്ടുണ്ടത്രെ. ആ ഫാക്ടറിയിൽ കുറെക്കാലമായിട്ട പ്രവർത്തനം ഒന്നും നടക്കുന്നില്ലെന്നാണറിയുന്നത്. ഇതുപോലെ പല കമ്പനികളുടെ പ്രവർത്തനവും വളരെ നഷ്ടത്തിലും മോശമായ രീതിയിലുമാണ നടക്കുന്നത്. ഗവണ്മെൻറ ഷെയർ എടുത്തു പണംമുടക്കിയ കമ്പനികളിൽ ഡയറക്ടർമാരായി ഇവിടത്തെ ഉദ്യോഗസ്ഥന്മാരെയാണ നിയമിച്ചു പോരുന്നത്. ഈ സംസ്ഥാനത്തെ ചീഫ്സെക്രട്ടറിതന്നെ നാലോ അഞ്ചോ കമ്പനികളിൽ ഡയറക്ടരായിപോയാൽ സെക്രട്ടറിയേററിലെ ജോലി നടക്കുമോ ? അതിന സമയം കിട്ടുകയില്ല. അതുകൊണ്ട പൊതുജനങ്ങളോട്ട ഉത്തരവാദിത്വമുള്ള ഒരു കമ്മിററിയെ ഈ നിയമസഭയിൽനിന്നും തിരഞ്ഞെടുത്ത് അവരുടെ നിയന്ത്രണത്തിലാക്കിയാൽ ഈ കമ്പനികളെല്ലാം ശരിയായി നടത്തുവാൻ സാധിക്കും. ഇന്നത്തെ നിലയിൽ സ്വകാര്യവ്യക്തികളെ പ്രോത്സാഹിപ്പിക്കുവാനായി മാത്രം പണം മുടക്കിയിരിക്കുന്നതു ജനങ്ങളോട്ട ഗവണ്മെൻറചെയ്യുന്ന ഒരു ദ്രോഹമാണെന്നാണ് എനിക്ക പറയാനുള്ളത്. ആ നയം നമ്മുടെ നാട്ടിൽ വ്യാവസായികപുരോഗതി കൈവരുത്തുവാൻ പര്യാപ്തമായതല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ് : ഈ രാജ്യത്തെ വ്യാവസായികപുരോഗതികൾക്ക ഗവണ്മെൻറിൽ നിന്നും ചെയ്യുന്ന സഹായസഹകരണങ്ങൾ വളരെ കുറവാണെന്ന പറയുവാൻ ഞാൻ തയാറില്ല. ഈ ബഡ്ജററിൽ തന്നെ ൪൦,൦൦,൦൦൦ രൂപാ ഗവണ്മെൻറ കമ്പനികളിലും ൩൭

[ശ്രീ. എൻ. പി. വർഗ്ഗീസ്]

ലക്ഷം രൂപാ കമേഴ്സ്യൽ കൺസേണുകളിലും ൫ കോടി രൂപാ ഇൻഡസ്ട്രിയൽ കൺസേണുകളിലും ആയി ഷെയറെടുക്കുവാൻ കൊള്ളിച്ചിട്ടുണ്ട്. ഈ സ്റ്റേറ്റിൽ നിന്നു ഷെയർ എടുത്തിട്ടുള്ള വ്യവസായങ്ങളെപ്പററി പല പരാതികളും ഇവിടെ ഉന്നയിച്ചുകേട്ടു. എഫ്. എ. സി. ററി. കമ്പനിയെപ്പററിയും, എഫ്. ഐ. ററി. യെപ്പററിയും ഇവിടെപ്പറഞ്ഞ പരാതികൾ വാസ്തവമാണെന്നാണ് തോന്നുന്നതു്. എഫ്. ഐ. ററി. യെ സംബന്ധിച്ചിടത്തോളം അതു ഏതെങ്കിലും വിധത്തിൽ അവസാനിപ്പിക്കുന്നതായിരിക്കും ഏററവും നല്ലതു്. എഫ്. എ. സി. ററി. യിൽ നിന്നുള്ള ആദായം വളരെ കുറവായതുകൊണ്ടും അതു രാജ്യത്തിനു വളരെ അത്യാവശ്യമായ വ്യവസായങ്ങളായതുകൊണ്ടും അതിനെ ഉദ്ധരിക്കുന്നതിനു വേണ്ട പരിപാടികൾ തയാറാക്കുകയാണു വേണ്ടതു്. മൈസൂറിൽതന്നെ...........

The House rose for lunch at 1 P. M. and met again at 2 P. M. with Mr. speaker in the Chair.

[2 P. M.]

ശ്രീ. എൻ. പി. വർഗ്ഗീസ്: സർ, സർ എം. വിശേശ്വരയ്യായുടെ കാലത്തു് മൈസൂരിൽ ഭദ്രാവതി Iron Works തുടങ്ങിയിട്ടു അടുത്ത ൫൦ കൊല്ലത്തേക്കു അതിൽനിന്നു യാതൊരു ആദായവും കിട്ടിയിരുന്നില്ല. അന്നു അതിനെപ്പററി വലിയ വിമർശനങ്ങളും ആ കമ്പനിയുടെ കാര്യക്ഷമതയെപ്പററി പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ യുദ്ധകാലത്തു് ആ വ്യവസായം വളരെ ആദായകരമായിത്തീരുകയും ഇപ്പോൾ അതു് സ്റ്റേററിനു് വലിയ ആദായമുള്ള ഒരു വ്യവസായമായിത്തീരുകയും ചെയ്തിട്ടുണ്ട്. അതുപോലെ നമ്മുടെ ഗവണ്മെൻറു തുടങ്ങിട്ടുള്ള വ്യവസായസ്ഥാപനങ്ങളിൽനിന്നു ആദായം ഉടനടി കിട്ടുന്നതു കുറെ കുറവു വരുന്നു എന്നുള്ളതുകൊണ്ടു് നാം അതിനെ ആക്ഷേപിക്കുകയല്ലാ വേണ്ടതു്, നാം അതു് സഹിച്ചു് അതിനെ വിപുലീകരിക്കുവാൻ നോക്കുകയാണു് ചെയ്യേണ്ടതു്. അതനുസരിച്ചു് എഫ് എ. സി. ടി. യുടെ ഭരണത്തെപ്പററി വല്ല ആക്ഷേപവുമുണ്ടെങ്കിൽ തന്നെ അതിനു ഗവണ്മെൻറിൽനിന്നു വേണ്ട സഹായം ചെയ്യുകയും ഗവണ്മെൻറിൽനിന്നുവേണ്ട കൺട്രോൾ ചെയ്തു അതു നന്നാക്കുകയുമാണു് വേണ്ടതു്. ഇവിടെയുള്ള കമ്പനികളെപ്പററി ഒരു സംഗതി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവണ്മെൻറിൽനിന്നു ധാരാളം പണം മുടക്കിയിട്ടുള്ള പല കമ്പനികൾ ഇവിടെയുണ്ട്. അതുപോലെ പൊതുജനങ്ങളുടെ പണം വളരെ വ്യവസായങ്ങളിൽ മുടക്കിയിട്ടുണ്ട്. അങ്ങിനെയുള്ള വ്യവസായങ്ങൾ ന്യായമായി നടത്തുന്നുണ്ടോ എന്നും ആ വ്യവസായങ്ങൾ കൊണ്ടു് ഗുണമുണ്ടോ എന്നും നോക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ട്. അതിനു ഗവണ്മെൻറിൽനിന്നു നേരിട്ടു ഒരു കമ്മിററിയേയൊ ഒരു വ്യവസായ വിദഗ്ദ്ധനേയൊ നിയമിച്ചു് അതിനെപ്പററി ഇഫക്റ്റീവായിട്ടുള്ള കൺട്രോൾ ഗവണ്മെൻറു നടത്തണം. ഇപ്പോൾ ഗവണ്മെൻറു മുതൽ മുടക്കീട്ടുള്ള വ്യവസായ സ്ഥാപനങ്ങളിൽ ഗവണ്മെൻറിനെ പ്രതിനിധീകരിക്കുന്നതു് ചീഫ് സിക്രട്ടറിയും ഫൈനാൻസ് സിക്രട്ടറിയും ആണ്. അവർ പ്രതിനിധീകരിക്കുന്നതുകൊണ്ടു് കാര്യമായി നടക്കുന്നു എന്നു

എനിക്കു് ബോദ്ധ്യമില്ല. അവക്കു വളരെ ജോലിയുള്ളതുകൊണ്ടു് അവർ കമ്മററിമീററിംഗിൽ പോകുമെന്നല്ലാതെ അതിനെ കാര്യക്ഷമതയാൽ നടത്താക്കവണ്ണം വേണ്ട ഉപദേശം കൊടുക്കുന്നതിനു അവക്കു സാദ്ധ്യമല്ല. അതുകൊണ്ടു് ഇതിലേക്കു് ഗവണ്മെൻറിൽനിന്നു ഒരു വിദഗ്ദ്ധകമ്മററിയെ നിയമിക്കണം.

പിന്നെ ഒരു സംഗതി എനിക്കു പറയുവാനുള്ളതു് ഈമാതിരി വ്യവസായങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കുമ്പോൾ അതിനെ സംബന്ധിച്ചു് ഒരു പ്ലാനിംഗ് ആവശ്യമാണെന്നാണു്. ഒരു പ്ലാനിംഗ് വേണമെന്നു ഞാൻ പറയുവാൻ കാരണം ഏതേതു വ്യവസായങ്ങളാണു് ഇവിടെ വേണ്ടതു് എന്നും ഏതേതു വ്യവസായങ്ങളാണു് ഏതേതു സ്ഥലത്തു് ഏററവും അഭിവൃദ്ധിപ്പെടുന്നതു് എന്നും മനസ്സിലാക്കി അതെല്ലാം ഉപയോഗപ്രദമാക്കിത്തീർക്കുവാൻ സൌകര്യപ്പെടുത്തുന്നതിനുവേണ്ടിയാണു്. ഒരു വ്യവസായപ്ലാനിംഗ് വേണമെങ്കിൽ അതിനുമുമ്പു് ഒരു വ്യവസായസർവ്വേ നടത്തേണ്ടതു് അത്യാവശ്യമാണു്. അതുകൊണ്ടു് ഈ കാര്യത്തെപ്പററി ഒരു സർവ്വേ നടത്തി, ഒരു പ്ലാനിംഗ് കമ്മിററിയെ ഏർപ്പെടുത്തി പ്ലാൻ ചെയ്തു ഇവിടത്തെ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവണ്മെൻറു് ഉത്സാഹിക്കുകയാണു് വേണ്ടതു്. അതിനു ഒരു സ്റ്റാററിസ്റ്റിക്കൽ ഡിപ്പാർട്ടുമെൻറു ആവശ്യമാണു്. [illegible]-ലെ പ്ലാനിംഗ് കമ്മിഷന്റെ റിപ്പോർട്ടിൽ ഈ സംഗതിയെപ്പററി ഊന്നി പറഞ്ഞിട്ടുണ്ടു്. എല്ലാ രാജ്യങ്ങളിലും ചീഫ്സെക്രട്ടറിയുടെ ആഫീസിനോടു അനുബന്ധിച്ചു് ഒരു സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറു അത്യാവശ്യമാണെന്നു അതിൽ പറഞ്ഞിട്ടുണ്ടു്. നമ്മുടെ രാജ്യത്തു ഇന്നു യൂണിവേഴ്സിററി വകയായി ഒരു സ്റ്റാററിസ്റ്റിക്സ് ബ്രാഞ്ചു് റിസർച്ചു് ഡിപ്പാർട്ടുമെൻറിനോടു ഘടിപ്പിച്ചു് നടത്തുന്നുണ്ടു്. ആ ഡിപ്പാർട്ടുമെൻറു കോസ്ററ് ആഫ് ലീവിംഗ് ഇൻഡക്സ് തയാറാക്കുകയല്ലാതെ ഒന്നും ചെയ്യുന്നില്ല. അതുപോലെ റവന്യൂഡിപ്പാർട്ടുമെൻറിന്റെ കീഴിലും ഒരു സ്റ്റാററിസ്റ്റിക്സ് സെക്ഷനുണ്ടു്. അതു രണ്ടിനേയുംകൂടി കോഓർഡിനേററു ചെയ്തു് ഒരു സ്റ്റാററിസ്റ്റിക്സ് സെൻട്രൽ ബ്യൂറോ ഉണ്ടാക്കേണ്ടതു് വളരെ അത്യാവശ്യമാണു്. ദൌർഭാഗ്യവശാൽ നമ്മുടെ യൂണിവേഴ്സിററിയിലെ റിസർച്ചിനു അധികം പണം യൂണിവേഴ്സിററിക്കു കൊടുക്കുന്നില്ല. യൂണിവേഴ്സിററിയും അതിനുവേണ്ടി പ്രവർത്തിക്കുന്നുണ്ടോ എന്നു സംശയമാണു്. നമ്മുടെ ഇൻഡസ്ട്രീസ് ഡയറക്ടർ വ്യവസായസംബന്ധമായി പരിചയമുള്ള ഒരാളാണെന്നു എനിക്കു തോന്നുന്നില്ല. ഏതായാലും വ്യവസായവിദഗ്ദ്ധനായ ഒരാളെ ഇവിടെ വരുത്തുകയും റിസർച്ചിനുവേണ്ടി ധാരാളം പണം ചെലവുചെയ്യുകയും വേണം. നമ്മുടെ നാട്ടിൽ റാമെററീരിയൽസ് ധാരാളമുണ്ടു്. അതുകൊണ്ടു് ഏതെല്ലാം വ്യവസായങ്ങൾ നടത്തുവാൻ സാധിക്കുമെന്നു് നോക്കണം. അതിനായി അസംസ്കൃതസാധനങ്ങൾ വ്യവസായത്തിനുപയോഗിക്കുന്നതു സംബന്ധിച്ചു് ഒരു റിസർച്ചു് ബ്രാഞ്ചു് ഏർപ്പെടുത്തണം. വ്യവസായങ്ങൾ ആരംഭിച്ചാൽ ആദ്യം നഷ്ടം ഉണ്ടാകുമെങ്കിലും പിന്നീടു് അതിൽനിന്നു ലാഭം ഉണ്ടാകുവാൻ ഇടയുണ്ടാകുന്നതാണു്. ഇവിടെ ഇപ്പോൾ വ്യവസായം സംബന്ധിച്ചു് കുറെ പണം ഗവണ്മെൻറു ചിലവാക്കുന്നുണ്ടെങ്കിലും അതിനെപ്പററി കാര്യമായോ ഗൌരവമായോ ഗവണ്മെൻറു ഒന്നും ചെയ്യുന്നില്ല എന്നുള്ള ആ

[ശ്രീ. എൻ. പി. വർഗ്ഗീസ്]

ക്ഷേപം കുറച്ചു വാസ്തവമാണെന്നാണു് എനിക്കു തോന്നുന്നതു്. ഈ സംഗതിയിൽ ഒരു ഫോർവേർഡ് പോളിസി എടുക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്. നമ്മുടെ വ്യവസായങ്ങൾ പരിഷ്കരിക്കുന്നതു് സ്ട്രക്ചറൽ ആയിട്ടാണോ അതോ ഫങ്ഷണൽ ആയിട്ടാണോ എന്ന അഭിപ്രായവ്യത്യാസം ഉണ്ടാകാം. ഏതായാലും നമുക്കു് വളരെ അധികം വ്യവസായങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞാലേ ഇവിടത്തെ തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാകുകയുള്ളൂ. ഇവിടത്തെ ജനങ്ങളിൽ ൭൦ ശതമാനവും കൃഷിയിലാണു് ജീവിക്കുന്നതു്. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും ൫൦ ശതമാനമെങ്കിലും വ്യവസായംകൊണ്ടു് ജീവിക്കുന്നവരാണു്. ആ നിലയിൽ വ്യവസായീകരണം തൊഴിലില്ലായ്മക്കു നമ്മുടെ പ്രധാന നിവാരണമായി സ്വീകരിക്കുകയും ബഡ്ജററിൽ അതിനു ധാരാളം പണം കൊള്ളിക്കുകയും വേണം. ആദ്യവർഷം അതിനു നഷ്ടമുണ്ടായാലും ഈ സംഗതി ഗവണ്മെൻറു ശ്രദ്ധയോടെ പ്രവർത്തിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഗവണ്മെൻറിൽനിന്നും വ്യവസായത്തിന്റെ കാര്യത്തിൽ മൂലധനം ഇറക്കിചെയ്യുന്ന പ്രവർത്തനങ്ങളെപ്പററിയാണു് ഇന്നലെയും ഇന്നും ഈ സഭയിൽ പ്രധാനമായി വാദപ്രതിവാദം ഉണ്ടായതു്. നമ്മുടെ രാജ്യത്തുള്ള ജനപ്പെരുപ്പം ആലോചിക്കുമ്പോഴും ഈ രാജ്യത്തുള്ള ജനങ്ങൾക്കു് കഴിഞ്ഞുകൂടുവാൻ ഈ രാജ്യത്തു കൃഷികൊണ്ടുമാത്രം മതിയാകയില്ലെന്നുള്ള വസ്തുത ഓർമ്മിക്കുമ്പോഴും ഇവിടെ വളരെ തീവ്രമായ ഒരു വ്യവസായീകരണനയം ആവശ്യമാണെന്നുള്ളതിനെപ്പററി ഈ സഭയുടെ ഒരു ഭാഗത്തുനിന്നും അഭിപ്രായഭേദം ഉണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. ഏകദേശം അങ്ങനെയുള്ള ഒരു നയമാണു് ഒരു ഏഴെട്ടുകൊല്ലങ്ങൾക്കുമുമ്പു് തിരുവിതാംകൂറിലെ ഗവണ്മെൻറു് എടുത്തതു്. അങ്ങിനെ ഒരു നയം സ്വീകരിച്ചതിന്റെ ഫലമായി ഇന്നു് നമ്മുടെ രാജ്യത്തു് ഗവണ്മെൻറിൽനിന്നും നേരിട്ടുനടത്തുന്നതും ഗവണ്മെൻറിന്റെ പലവിധത്തിലുള്ള സഹായത്തോടുകൂടി നടത്തുന്നതുമായ അനേകം വ്യവസായങ്ങളുണ്ടു്. ഈ വ്യവസായങ്ങൾ മിക്കതിനെപ്പററിയും ബഹുമാനപ്പെട്ട സഭാംഗങ്ങളിൽനിന്നു വിമർശനങ്ങൾ കിട്ടുകയുണ്ടായി. ഗവണ്മെൻറു് നേരിട്ടുനടത്തുന്ന ഫാക്ടറി പ്രധാനമായി (എ) സിറാമിക് ഫാക്ടറി, (ബി) ട്രാവൻകൂർ മിനറൽസ്, (സി) ട്രാവൻകൂർ റബ്ബർവർക്ക്സ് (ഡി) ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് എന്നിവയാണു്. ചാത്തന്നൂരുള്ള വഞ്ചിക്ലേമൈൻസ് എന്നുപറയുന്നതു് ആദ്യംതുടങ്ങിയ സിറാമിക് ഫാക്ടറിയുടെ ഒരു ഭാഗമായി പ്രത്യേകം വിഭാവനം ചെയ്തുണ്ടാക്കിയിട്ടുള്ളതാണു്. ഇതിൽ ഏററവും അധികം ആക്ഷേപം ഉണ്ടെന്നു് ബഹുമാനപ്പെട്ട അംഗങ്ങൾക്കു് ബോദ്ധ്യപ്പെട്ടതു് മിനറൽസ് ഇൻഡസ്ട്രീസിനാണു്. അതുകൊണ്ടു് മിനറൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനത്തെപ്പററി രണ്ടുവാക്കു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മിനറൽസ് ഇൻഡസ്ട്രീസ് ആദ്യകാലത്തു് ഒരു സ്വകാര്യകമ്പനി നടത്തിയിരുന്നതായിരുന്നു. അവിടെനിന്നും എടുക്കുന്ന ലോഹമണലിനു് ഒരു ടണ്ണിനു് ഒരു രൂപാവീതം റോയൽററി ഗവണ്മെൻറിനു് കിട്ടത്തക്കവിധത്തിലായിരുന്നു കമ്പനി പ്രവ

ത്തനം ചെയ്തിരുന്നതു്. പക്ഷേ പിന്നീടു് അതിൽ ഒരു വ്യത്യാസം വരുത്തുകയും ഈ കമ്പനികളെല്ലാം ഗവൺമെൻറിൻെറ ഏജൻറുകളായി പ്രവർത്തിക്കുകയാണെന്നുള്ള നിലയിൽ കമ്പനിയും ഗവൺമെൻറും തമ്മിലുണ്ടായിരുന്ന കരാറുകൾ മാററുകയും ഉണ്ടായി. അങ്ങിനെ മാററിയതു് ദിവാൻ സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്താണു്. അങ്ങിനെയുള്ള പ്രവർത്തനംമൂലം ഗവൺമെൻറിനു് വളരെ ഗുണമുണ്ടായിരുന്നു. ഈ കമ്പനിക്കു് ഒരു ടൺ ലോഹമണൽ അവിടെ ഉണ്ടാക്കുന്നതിനു് ടണ്ണിനു് ൧൫ അണ വീതം ബേസിക്കു്കോസ്റ്റു് ഗവൺമെൻറു് അനുവദിച്ചു കൊടുക്കുകയാണു്. അതുപിന്നീടു് ൧൪·൭൭ രൂപായായിട്ടു് വർദ്ധിപ്പിച്ചിട്ടുണ്ടു്. അതുകഴിച്ചു് ബാക്കിയുള്ള ലാഭം ൫൦ ശതമാനം കമ്പനിക്കും ൫൦ ശതമാനം ഗവൺമെൻറും ആയിട്ടു് എടുക്കുകയാണു് ചെയ്യുന്നതു്. അങ്ങനെയുള്ള ൪ കമ്പനികളിൽ ൫ കമ്പനികൾ ഇപ്പോൾ നമ്മുടെ ഗവൺമെൻറുതന്നെ വിലയ്ക്കു വാങ്ങിച്ചുകഴിഞ്ഞു. മററുള്ള കമ്പനികളും ഈ വിധത്തിൽ ഗവൺമെൻറിൻേറതാക്കണം എന്നാണു് ഗവൺമെൻറിൻെറ നയം. ഈ കമ്പനികളുടെ പ്രവർത്തനത്തെപ്പററി ചില ആക്ഷേപങ്ങളുണ്ടായി. അതിൽ ഏററവും പ്രധാനമായ ആക്ഷേപം ഈ മണൽകയററി അയച്ചു് പണം സമ്പാദിക്കുകയെന്നല്ലാതെ ഈ മണൽ ഇവിടെ വ്യവസായങ്ങൾക്കു് ഉപയോഗിച്ചു് നമ്മുടെ രാജ്യത്തു വ്യവസായം പോഷിപ്പിക്കുന്നില്ല എന്നുള്ളതാണു്. ഈ ആക്ഷേപത്തെ പരിഹരിക്കുന്നതിനുവേണ്ടിയാണു് അടുത്തകാലത്തു് ഈ ഗവൺമെൻറു് ഇൻഡ്യൻറെയർ എർത്ത്സ് ലിമിററഡ്, ആലുവായിൽ സ്ഥാപിക്കാൻ നടപടി എടുത്തതു്. ഇൻഡ്യൻ റെയർ എർത്ത്സ് ലിമിററഡ് ഇന്നു് തിരുവിതാംകൂർ കൊച്ചി ഗവൺമെൻറും ഇൻഡ്യാ ഗവൺമെൻറും പങ്കായിനടത്തുന്ന ഒരു വ്യവസായമാണു്. മോണോസൈററു് പ്രോസസ്സു് ചെയ്യുകയാണു് ആ വ്യവസായം. അതു് ആലുവായിലായിരിക്കും സ്ഥാപിക്കുക. അതു് ആലുവായിലാണൊ സ്ഥാപിക്കേണ്ടതു് അതൊ ചവറയിലാണൊ സ്ഥാപിക്കേണ്ടതു് എന്നുള്ളതിനെപ്പററി ദീർഘകാലംവാദ പ്രതിവാദങ്ങൾ ഉണ്ടായി. ഈ ഗവൺമെൻറു് അതു് ആലുവായിൽ സ്ഥാപിക്കേണ്ടതാണെന്നു് വാദിക്കുകയുംഇൻഡ്യാഗവൺമെൻറു് അതു്സമ്മതിച്ചു് അതു് ആലുവായിൽ സ്ഥാപിക്കുവാൻ തീരുമാനിക്കുകയുമാണു് ചെയ്തിട്ടുള്ളതു്. അടുത്തമാസത്തിൽ ഇൻഡ്യൻ പ്രധാനമന്ത്രി ഇൻഡ്യൻ റെയർ എർത്ത്സ് ഉൽഘാടനം ചെയ്യുന്നതിനായി നമ്മുടെ രാജ്യത്തു വരുന്നതാണെന്നു് അറിവു കിട്ടിയിട്ടുണ്ടു്. അതേമാതിരി നമുക്കു സന്ദർഭമായ സാഹചര്യങ്ങളും സൗകര്യങ്ങളും കിട്ടുമെന്നുണ്ടെങ്കിൽ തൃശ്ശിവപേരൂർ മെമ്പർ ശ്രീ. അച്യുതമേനോൻ പറഞ്ഞ ആക്ഷേപങ്ങൾക്കു് വകകൊടുക്കാത്തവിധത്തിൽ ഇവിടെ ഉണ്ടാകുന്ന ലോഹമണൽ വേറെ വ്യവസായങ്ങൾക്കു് ഉപയോഗിക്കത്തക്കവിധത്തിൽ ഇനിയും നമുക്കു് പ്രവർത്തനനിരപോകുവാൻ തടസ്സങ്ങളില്ല. പക്ഷെ അറോമിക്കു് എനർജിയെസംബന്ധിച്ചുള്ള എല്ലാകാര്യങ്ങളും ഇൻഡ്യാ ഗവൺമെൻറിൻെറ അധീനതയിൽ ആകയാൽ ഇൻഡ്യാഗവൺമെൻറുമായി സഹകരിച്ചുമാത്രമേനമുക്കു് ഇതിൽ പ്രവർത്തിക്കുവാൻ സാദ്ധ്യമുള്ളു.

ശ്രീ. ഈ. പി. വർഗ്ഗീസ്: ലോഹമണൽ കമ്പനിയിൽ എത്ര ആളുകളുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നോട്ടീസുകൂടാതെ ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഈ ഗവണ്മെൻറിനു് എന്തു് ഇൻവെസ്റ്റ്മെൻറുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്വകാര്യസ്വത്തായി നടത്തുന്ന രണ്ടുകമ്പനികളിലും ഇൻവെസ്റ്റ്മെൻറു് ഒന്നും ഇല്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: റെയർ എർത്ത്സ് കമ്പനിയിൽ ഈ ഗവണ്മെൻറിനു് എന്തു് ഇൻവെസ്റ്റ്മെൻറുണ്ടു്?.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിൽ നമ്മുടെ ഗവണ്മെൻറു് ൪൯ ശതമാനവും ഇൻഡ്യാഗവണ്മെൻറു് ൫൧ ശതമാനവും ആണു് ഷെയർ എടുത്തിട്ടുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ: ഈ റെയർഎർത്ത്സിൽ മോണോസൈറ്റ് പ്രോസസിംഗ് നടക്കുന്നതെന്നുപറഞ്ഞു. എന്താണു് അതിൻെറ പ്രോസസ്സ് എന്നുപറഞ്ഞാൽകൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ടെക്നിക്കലായിട്ടുള്ള ഡിറ്റെയിൽസ് എനിക്കറിഞ്ഞുകൂടാ. എങ്കിലും ഹൈഡ്രോറോമിക് എനർജി Contents ഉള്ള വേറെ സാധനങ്ങളായി മാററുകയാണു് ചെയ്യുന്നതു്.

അതുപോലെ സെറാമിക്ഫാക്ടറി, റബ്ബർവർക്ക്, പ്ലൈവുഡ് ഇൻഡസ്ട്രീസ് ഇവയെല്ലാം ഗവണ്മെൻറിൽനിന്നും നേരിട്ടുനടത്തുന്ന വ്യവസായങ്ങളാണു്. മററുപലതരം വ്യവസായസ്ഥാപനങ്ങളിലും ഗവണ്മെൻറു് ഷെയർ എടുത്തിട്ടുണ്ടു്. അതിൽ ഏററവും പ്രധാനപ്പെട്ട ഒരു വ്യവസായസ്ഥാപനമാണു്, എഫ്. എ. സി. ററി. ആ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ലാഭമുണ്ടാകുന്നില്ലെന്നുമാത്രമല്ല, ആണ്ടുതോറും വളരെ നഷ്ടമുണ്ടാകുന്നുവെന്നും, അതു മിസ്മാനേജ്മെൻറുകൊണ്ടാണെന്നും ആക്ഷേപങ്ങൾ ഉണ്ടായി. ഇവയിൽ ചിലതൊക്കെ ശരിയായിരിക്കാം; ചിലതു് ശരിയല്ലെന്നുംവരാം. എന്നാൽ ഒരു വ്യവസായം തുടങ്ങിയാൽ ഉടനെ തന്നെ അതിൽനിന്നും ലാഭം കിട്ടിയില്ലെന്നുവരികിൽ ആ വ്യവസായം നിറുത്തണമെന്നും, അതിനു സഹായധനം കൊടുക്കാൻ പാടില്ലെന്നും, കൊടുത്തിട്ടുള്ള സഹായധനം പിൻവലിക്കണമെന്നുംമററും പറയുന്നതു് അത്ര ശരിയാണെന്നു് തോന്നുന്നില്ല. എല്ലാ വ്യവസായങ്ങൾക്കും ബാലാരിഷ്ടതകളുണ്ടു്. ഉദാഹരണമായി പറയുകയാണെങ്കിൽ ഇപ്പോൾ എറണാകുളത്തു വളരെ വിജയപ്രദമായി പ്രവർത്തനം നടത്തുന്ന ടാററാ ഓയിൽകമ്പനി തുടങ്ങിയ കാലം വളരെ നഷ്ടത്തിലാണു് പ്രവർത്തിച്ചുകൊണ്ടിരുന്നതു്. അതിൻെറ ഷെയർവില ആയിരം രൂപയിൽനിന്നു് അൻപതുരൂപവരെയായി കുറഞ്ഞുപോകുകയും ചെയ്തു. അല്പം കഴിഞ്ഞപ്പോൾ അതു് ലാഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. അതിൻെറ ഫലമായിട്ടു് അഭിവൃദ്ധിപ്പെട്ടുവരുന്ന ഇൻഡ്യയിലെ ഒന്നാമത്തെ ഒരു സ്ഥാപനമായി തീർന്നിരിക്കുകയാണു്. അതുകൊണ്ടു് എഫ്. എ. സി. ററി. നഷ്ടത്തിൽ

തന്നെയാണ് ആദ്യം പ്രവൎത്തനം നടത്തിക്കൊണ്ടിരുന്നതെങ്കിലും കാലക്രമത്തിൽ അതു ലാഭകരമായി പ്രവൎത്തിക്കാൻ സാദ്ധ്യതയുണ്ടെന്നു കാണാവുന്നതാണ്. മാത്രമല്ല, ഈ വ്യവസായസ്ഥാപനത്തിൽ ഗവണ്മെൻറിന് വളരെ താല്പൎയ്യമുള്ളതുകൊണ്ട് ഗവണ്മെൻറിൻെറ സതൎക്കശ്രദ്ധ അതിൽ എപ്പോഴും ഉണ്ടായിരിക്കുന്നതുമാണ്. കമ്പനി കാൎയ്യക്ഷമമായി പ്രവൎത്തനം നടത്തുന്നില്ലാ എന്നുള്ള ആക്ഷേപത്തിനു മറുപടിയായി, അതിൻെറ പ്രവൎത്തനം സംബന്ധിച്ച് ഒരു കണക്ക് ഞാൻ ഈ സഭയിൽ വായിക്കാം. ൧൯൪൭-ൽ ൩൩,൩൬൯ ടൺ അമോണിയം സൾഫേററും, ൧൯൪൮-ൽ ൬൧,൧൩൦ ടൺ അമോണിയം സൾഫേററും ഉല്പാദനം ഉണ്ടായിരുന്നു. ൧൯൪൭-ലും ൧൯൪൮-ലും ഇതിൻെറ rated capacity-യിൽ കുറവായിട്ടാണ് ഉല്പാദനം നടത്തിയിട്ടുള്ളതു്. അതിന് കാരണവുമുണ്ട്. മൂലധനത്തിൻെറ കുറവുകൊണ്ട് ഈ ഗവണ്മെൻറിനോടും മദ്രാസുഗവണ്മെൻറിനോടും സഹായത്തിനപേക്ഷിച്ചു. പിറകു്, ജിപ്സം മുതലായ സാധനങ്ങൾ കൊണ്ടുവരാൻ വാഗൺസ് സമയത്തിനു കിട്ടാതെവന്നു. ഇങ്ങനെയുള്ള കാരണങ്ങൾകൊണ്ടാണ് ഉല്പാദനത്തിൽ കുറവുവന്നിട്ടുള്ളതു്. ൧൯൪൯-ൽ ൬൫,൯൬൧ ടൺ അമോണിയം സൾഫേററ് ഉല്പാദിപ്പിച്ചിട്ടുണ്ട്. അന്നും rated capacity-യിൽനിന്നും ഉല്പാദനം കുറയാനുള്ള കാരണങ്ങൾ ഉണ്ടായിരുന്നു. ആ കാരണങ്ങളിൽ ഏററവും പ്രധാനമായതു് ഏപ്രിൽ, മേയ് മാസങ്ങളിൽ ഇതിലേക്കാവശ്യമുള്ള എലക്ട്രിസിററി കട്ട്ഡൗൺ ചെയ്തതാണ്. ൧൯൫൦-ൽ ൬൫,൧൩൮ ടൺ അമോണിയം സൾഫേററാണ് ഉണ്ടാക്കാൻ സാധിച്ചതു്. ആ ആണ്ടിലും പ്രതീക്ഷിച്ചിരുന്നതുപോലെ ഉല്പാദനം നടന്നിട്ടില്ല. അതിനു പ്രധാനമായകാരണം അവിടത്തെ ലേബർ സ്ട്രൈക്കാണ്. മാത്രമല്ല എലക്ട്രിസിററിയും ആവശ്യമുള്ളിടത്തോളം ലഭിച്ചിരുന്നില്ല. ഈ സൾഫേററ് ഉല്പാദിപ്പിക്കുന്നതിന് സൾഫർ ഏററവും അത്യാവശ്യമായ ഒരു ഘടകമാണ്. ഒരു ക്വാർട്ടറിലേക്കു രണ്ടായിരം ടൺ സൾഫർ ആവശ്യമുള്ളപ്പോൾ, ആൾഇൻഡ്യാപൂളിൽനിന്നും കിട്ടിയിട്ടുള്ളതു് ൩൦൦ ടൺ മാത്രമാണ്. അതുകൊണ്ടും ഉല്പാദനത്തിനു കുറവുണ്ടായിട്ടുണ്ട്. ഇപ്പോൾ സൾഫർ മാററി, അതിൻെറ സ്ഥാനത്തു് ജിപ്സം ഉപയോഗിച്ച് അമോണിയം സൾഫേററുണ്ടാക്കുന്നതാണ് ലാഭകരമെന്നു കണ്ടതുകൊണ്ട് ഈ കമ്പനി മേലാൽ ജിപ്സംതന്നെ ഉപയോഗിക്കാൻ നിശ്ചയിച്ചിരിക്കുകയാണ്. ഈ രീതിയിൽ പ്രവൎത്തനം നടത്തുന്നതായാൽ നമുക്കാവശ്യമുള്ള അമോണിയം സൾഫേററുമാത്രമല്ല, അന്യരാജ്യങ്ങളിൽ ധാരാളം കയററിഅയയ്ക്കുന്നതിനും ഉല്പാദിപ്പിക്കാൻ സാധിക്കുന്നതാണ്.

ശ്രീ. എ. താണുപിള്ള: ൧൯൫൦-൫൧-ൽ എത്ര അമോണിയം സൾഫേററാണുല്പാദിപ്പിച്ചിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൦-൫൧-ൽ ൧൮,൪൯൬ ടൺ അമോണിയം സൾഫേററും, ൯,൫൧൧ ടൺ സൂപ്പർ ഫോസ്ഫേററും ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇങ്ങനെനോക്കിയാൽ ഈ കമ്പനിയുടെ പ്രവൎത്തനം അഭിവൃദ്ധിപ്പെട്ടുവരുമെന്ന് പ്രതീക്ഷിക്കാൻ പല ന്യായങ്ങളുമുണ്ട്. അടുത്തതായി ട്രാവൻകൂർ റയൺസ് കമ്പനിയുടെ പ്രവൎത്തനമാണ്. ഈ കമ്പനിയുടെ പ്രവൎത്തനത്തിന് ആവശ്യമായ അസംസ്കൃത

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

സാധനങ്ങൾ നമ്മുടെ സംസ്ഥാനത്തെ വനങ്ങളിൽനിന്നുവേണം ലഭിക്കാൻ. എന്നാൽ മൂലധനത്തിന്റെ കുറവുകൊണ്ടു് ഒരു പ്രവർത്തനമാന്ദ്യം തന്നെ ഉണ്ടായിരിക്കുകയാണു്. മൂലധനക്കുറവുണ്ടായിട്ടുള്ളതു് ഈ സ്ഥാപനത്തിനുമാത്രമല്ല. മറെറാരുസ്ഥാപനം ട്രാവൻകൂർ സിമൻറ്ഫാക്ടറിയാണു്. ഈ ഫാക്ടറിയിൽ വർഷംതോറും അൻപതിനായിരം ടൺ സിമൻറുവരെ ഉല്പാദനം നടത്തിക്കൊണ്ടിരിക്കുന്നു. ഈ കമ്പനിക്കും പറയത്തക്കവണ്ണമുള്ള മൂലധനം ഇല്ലാതാണിരിക്കുന്നതു്. ഇങ്ങനെ മൂലധനത്തിന്റെ കുറവുകൊണ്ടു് പ്രവർത്തനമാന്ദ്യം ഉണ്ടായിട്ടുള്ള സ്ഥാപനങ്ങൾക്കു് ഗവമെൻറിൽനിന്നും ധനസഹായം ചെയ്യേണ്ടതു് ആവശ്യമാണോ അല്ലയോ എന്നു ബഹുമാനപ്പെട്ടമെമ്പറന്മാർതന്നെ ഒന്നു ചിന്തിക്കേണ്ടതാണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ കമ്പനികളിൽനിന്നു് ഗവമെൻറു് ഷെയർ എടുക്കുമ്പോൾ പ്രവർത്തിക്കാൻ തക്കവണ്ണമുള്ള മൂലധനം ഉണ്ടോ എന്നു് നോക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുൻപു നോക്കിയിട്ടില്ലെങ്കിലും, ഇനിമേൽ നോക്കാതെ ഷെയർ എടുക്കുകയില്ല.

വലിയ മൂലധനമില്ലാതെ പ്രവർത്തിക്കുന്ന കമ്പനികളിൽ ഗവമെൻറിനു് ഒരു വലിയ തുക ഷെയർ ഉള്ളതുകൊണ്ടു് അവയുടെ പ്രവർത്തനം മന്ദീഭവിക്കുന്നതു് കമ്പനിയുടെ നിലനില്പിനുതന്നെ ദോഷകരമാണു്. ചിലപ്പോൾ ഈ സ്ഥാപനങ്ങൾ നിന്നുപോകാനും ഇടയുണ്ടു്. യഥാർത്ഥത്തിൽ സഹായധനം അർഹിക്കുന്ന സ്ഥാപനങ്ങൾക്കുവേണ്ടി എന്തെങ്കിലും സഹായം ചെയ്യേണ്ടതാണെന്നുള്ളതു് ഗവമെൻറിനുതന്നെ ബോദ്ധ്യമായിട്ടുണ്ടു്. അതിലേക്കുവേണ്ടി ഒരു ബിൽനിർമ്മിച്ചു് സെലക്ടുകമ്മിററിക്കു് അയച്ചിരിക്കുകയാണു്. താമസംവിനാ ഈ സഭയിൽ അതു് അവതരിപ്പിക്കുന്നതാണു്.

ചില വ്യവസായങ്ങളെ സഹായിക്കാൻവേണ്ടി ബഡ്ജററിൽ പ്രത്യേകതുക കൊള്ളിച്ചിരിക്കുന്നുവെന്നും, ശ്രീചിത്രാമില്ലു് ഇതിനു് ഉദാഹരണമാണെന്നുംമററും ശ്രീമതി ഗൗരി പറയുകയുണ്ടായി. അതുമുഴുവനും ശരിയല്ല. ഇപ്പോൾ ഈ കമ്പനി വെളിയിൽനിന്നും ഗ്രേ ക്ലോത്തുവാങ്ങി ബ്ലീച്ചുചെയ്തു് വിൽക്കുകയാണുചെയ്യുന്നതു്. എന്നാൽ ഈ നയം മാററി മററുകാട്ടൺമില്ലുകൾ പ്രവർത്തിക്കുന്നതുപോലെ നൂലുവാങ്ങി, തുണികൾ ഉണ്ടാക്കി വിൽക്കുന്നതിനാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഈ കാര്യത്തിൽ ഗവമെൻറു് സഹായധനം നൽകാൻതന്നെ നിശ്ചയിച്ചിരിക്കുകയാണു്. ഈ സഹായധനത്തിനുവേണ്ടിയാണു് പണം ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്. റബ്ബർ ടയർഫാക്ടറിയിലെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനുവേണ്ടി Goodrich ടയർകമ്പനിയുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്. അതുപോലെതന്നെ പ്ലൈവുഡ് ഇൻഡസ്ട്രീസിനെ സംബന്ധിച്ചുപറയുകയാണെങ്കിൽ, വളരെ വിജയപ്രദമായിട്ടാണു് അതു നടത്തുന്നതു്. ചാലക്കുടിയിലുള്ള ഒരു പ്ലൈവുഡ് വ്യവസായസ്ഥാപനത്തിനുവേണ്ടി ഗവമെൻറു് സഹായധനം നൽകാൻ നിശ്ചയിച്ചിരിക്കുകയാണു്.

കൂടാതെ ഇഷ്ടികകളുണ്ടാക്കുന്നതിനുള്ള ഒരു കമ്പനിയെപ്പററി ഗവണ്മെന്റിന് അറിവുലഭിച്ചിട്ടുണ്ടു്. ആ കമ്പനിയെ പ്രോത്സാഹിപ്പിക്കണമെന്നു് ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. അതുപോലെതന്നെ യുനൈറെറഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന പേരിൽ കൊല്ലത്തു് വേറൊരു കമ്പനി തുടങ്ങിയിട്ടുണ്ടെന്നുള്ളതു് നമുക്കു് അഭിമാനകരമാണു്. അവിടെ ഇലക്ട്രിക്കമീറേറഴ്സും ട്രാൻസ്ഫോർമേഴ്സും ഉണ്ടാക്കുന്നതാണു്. ഇംഗ്ലണ്ടിലെ ഏററവും വലിയ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു കമ്പനിയുടെ സഹായം ഇതു സംബന്ധിച്ചു് നമുക്കു് ലഭിക്കുന്നതാണു്.

അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് വളരെ ധൈര്യപൂർവമായ ഒരു വ്യവസായനയം ഈ രാജ്യത്തു് വേണമെന്നും അതനുസരിച്ചു് നമ്മുടെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തണമെന്നും ആണു്. അപ്രകാരംചെയ്യുന്നതിനു് ഗവണ്മെന്റിനു് ഉദ്ദേശമുണ്ടു്. എഫ്. ഏ. സി. ററി. യുടെ കാര്യം പറഞ്ഞതുപോലെ ഇതിൽ ചില കാര്യങ്ങളെല്ലാം നോക്കേണ്ടതുണ്ടു് എന്നു ഈ സഭയിലെ ഓരോ അംഗങ്ങൾക്കുമെന്നപോലെ ഗവണ്മെന്റിനും അറിയാം. അതിലെല്ലാം ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതാണു്. ഇത്രമാത്രമേ ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളു.

The cut motion moved by Shri C. Atchutha Menon and Shrimathi K. R. Gouri were withdrawn with leave of the House.

The cut motion moved by Shri P. S. Nataraja Pillai was put and lost.

The question that the Government be granted a sum of Rs. 71,21,700 under demand XXXVI—Capital Outlay on Industrial Development—was put and carried.

The grant was made.

Demand XXV—Industries.

Minister for Finance and Civil Supplies. **(Shri Panampilli Govinda Menon):** I move that a grant of Rs. 48,25,000 be made to Government under Demand XXV—Industries.

Shri A. J. John: I second the motion.

Mr. Speaker: Cut motions No. 6, 12 and 52 will be moved. Motion No. 6 stands in the name of Shri T. S. Ramaswami, Motion No. 12 stands in the name of Shri C. Atchutha Menon and Motion No. 52 stands in the name of Shri P. Bhaskaran Nair.

Shri T. S. Ramaswami: Sir, I move to reduce the allotment of Rs. 39,97,000 for working Expenses by Re. 1.

ஸார், தொழில் துறையிலுள்ள முதலாளி தொழிலாளி என்ற சமூக அமைப்பே நமது நாட்டில் சரியாக இல்லை. நமது நாட்டில் தொழில்களைப் பரப்பவேண்டும். நமது நாடு ஒரு விவசாய நாடு. நமது நாட்டில் விவசாயிகள் அதிகமாக இருக்கிறார்கள். ஆனால் நமது நாடு தொழில்களில் முன்னேற்றமடையவில்லை. இதைப்பற்றி சில டிமாண்டுகள் இங்கு வந்தபோது நமது நாட்டில் தொழில் முன்னே

[Shri T. S. Ramaswami.]

ற்றமடையவில்லை என்று பல நண்பர்கள் பேசினார்கள். ஸர், தற்போது நமது அரசாங்கத்தின் நோக்கத்தைப் பார்த்தால் இந்த நாட்டில் முதலாளி நலத்தைத்தான் உயர்த்துகிறார்களே ஒழிய தொழிலாளிகளின் நலத்தைக் கருதவோ, அல்லது இந்நாடு தொழிலில் முன்னேற்றமடையவோ வேண்டிய யாதொன்றும் செய்வதாகக் காணவில்லை. ஸர், சித்ரா மில்போன்ற பெரிய மில்களுக்கு கிரான்டு கொடுக்கவேண்டும், பெரிய பெரிய முதலாளிக்ளுக்கு பணவுதவி செய்யவேண்டுமென்று இந்த அரசாங்கம் கருதுகிறதேயொழிய வேறு நம் நாட்டில் எங்கெந்த மூல பொருள்களிருக்கின்றன, அவைகளை எப்படி வளர்க்கவேண்டும் என்று ஏதாவது ஒரு திட்டம் வகுத்திருக்கிறதா என்று கேட்டால், ஒன்றுமில்லை. அரசாங்கம் ஏதோ சில தொழிற்சாலைகளை அங்குமிங்கும் நடத்திக்கொண்டிருக்கிறார்களே யொழிய இதற்காக ஒரு திட்டமுமில்லை. அநேக ஆயிரம் ஜனத்துகை கொண்டதும், அநேக மூலப்பொருள்கள் கிடைக்கக்கூடியதுமானதும், வேண்டிய அளவு தொழிலாளர்களும், தொழில் நுணுக்கமுள்ளவர்களுமுள்ள நமது நாட்டில் போதிய தொழிற்சாலைகள் இல்லாவிட்டால் நமக்கு மற்ற நாடுகளைப்போல் முன்னேற முடியாது. நமது நாட்டில் உலோக பொருள்களும் மூலபொருள்களும் ஏராளமிருக்கின்றன. அநேகம் தொழில்களைக் கற்று, பட்டம் பெற்ற வாலிபர்களும் ஏராளமிருக்கிறார்கள். அவர்களுக்கு தொழில் கொடுக்கவும், அவர்களின் அறிவை நம் நாட்டிற்கு பிரயோஜனகரமாகச் செய்து கொள்ளவும் யாதொரு திட்டமுமில்லை.

ஸர், கன்னியாகுமரி முதல் கொச்சிவரையில் நமது நாட்டில் வாலிபர்கள் வேலைக்கு வரத் தயாராயிருக்கிறார்கள். ஆனால் போதிய தொழிற்சாலைகள் இல்லை. அங்கொரு ரப்பர்பாக்டரியும், இங்கொரு களிமண் பாக்டரியும் இருந்தால் போதாது. நமது நாடும் முன்னேறாது. ஸர், நமது நாட்டில் ஏராளம் ரப்பர் கிடைக்கிறது. ஒரு ரப்பர் தொழிற்சாலையும் இருக்கிறது. இந்த தொழிற்சாலை உலகத்திலேயே முதலாவதாக யிருக்கவேண்டியதுபோக, அது கீழ் நோக்கிச்செல்கிறது. இந்தத் தொழிற்சாலையை முன்னுக்குக் கொண்டுவர ஏதாவது ஒரு திட்டமிருக்கிறதா? நான் கூறினேன்—நமது நாட்டில் ஏராளம் மூலபொருள்கள் இருக்கின்றன என்று. இந்த மூலப்பொருள்களை எடுப்பதற்கும் அவைகளை சரியானபடி உபயோகத்தில் கொண்டுவருவதற்கும் பலபாலிடெக்னிக்குகள் வேண்டும். ஏதோ சில தொழிற்சாலைகளை அரசாங்கம் ஏற்றெடுத்து, நடத்தப்படுவதாகக் காணப்படுகிறது. இத்தொழிற்சாலைகளிலுள்ள மேலதிகாரிகள் சர்வாதிகாரிகளாக இருக்கின்றனர். Expert know ledge இல்லாதவர்கள் தான் இவைகளில் இருக்கிறார்கள். இந்த சர்வாதிகாரிகள் இந்நாட்டிலுள்ளவர்களல்ல. ஸர், நம் நாட்டு மக்கள் இவைகளில் ஊக்கம் செலுத்தினால் அவைகள் முன்னுக்கு வரும். ஸர், தற்போது Transport இலாகா நடந்துகொண்டிருக்கிற முறையைப் பார்த்தால்

அங்கு முழு ஊழல்கள் நடக்கின்றன. அதேமாதிரி எத்தனை எத்தனையோ தொழிற்சாலைகளில்ஊழல்கள் நடக்கின்றன. கவர்ன்மெண்ட் 51 சதமானம் பங்கு எடுத்துநடத்தக்கூடிய தொழிற்சாலைகளிலும் பல ஊழல்கள் நடக்கின்றன. இத்தொளிற்சாலை (Shape value) பங்குகளின் விலையோ கீழே போகின்றன. ஸர், நாமும் Transport நடத்துகிறோம் ஹைதராபாத், பம்பாய் முதலிய இடங்களிலும் Transport நடக்கின்றன. அவைகளைப் போய் பாருங்கள். நமது டிரான்ஸ் போர்ட் டிப்பார்ட்மெண்டில் Technical experts கள் உண்டா? ஸர், Experts கள் இருந்தால்தான் வண்டிகள் சரியாக ஓடவும், ஏதாவது ரிப்பேர்கள் வந்தால், அவைகள் உடனடி தீர்க்கவும் படும். எவ்வளவோ ஊழல்கள் நிறைந்த இந்த டிரான்ஸ்போர்ட்டை அரசாங்கம் நடத்துவதைவிட இதை ஒரு Public Corporation ஆக மாற்றுவது நல்லது. இந்த நாட்டிலே காஸ்டிக்சோட பாக்டரியை ஆல்வாயில் ஆரம்பித்திருக்கிறீர்கள். அதற்கு வேண்டிய மூலபொருள் உப்பு. சோடியம் (உப்பு) கொண்டுவரவேண்டிய இடம் 150 மைல்களுக்கு அப்பாலிருக்கிறது.

ஸர், நான் சொல்வது, மூலபொருள் கிடைக்கக்கூடிய இடமாகிய (Capeல்) கன்னியாகுமரியிலேயே இத்தொழிற்சாலையிருந்தால் Indus-(trial development நடக்கும் என்று,. மூலபொருள் தென் திருவிதாங்கூர்கோடியிலும், தொழிற்சாலை வட திருவிதாங்கூரிலும் இருந்தால் தொழிற்சாலை எப்படி முன்னேற்றமடையும். ஸர், தென் திருவிதாங்கூரிலிருந்து பனையிலிருந்து எடுக்ககூடிய நார் அமேரிக்காவுக்கு அனுப்பப்படுகிறது. அதனால் பல சாமான்கள் செய்யப்பட்டு திரும்பி இங்கேயே வருகிறது. இத்தொழிலை இங்கேயே அபிவிருத்தி செய்யகூடாதா? இன்னும் மண்ணிலிருந்து எடுக்கக்கூடிய புரோனியம்—ஏதோ அங்குமிங்குமாக ஒரு ரப்பர் பாக்டரியும், சிராமிக் பாக்டரியும் இருந்துவிட்டால் நமது நாடு முன்னேறி விடமுடியாது. ஒவ்வொரு தொழிற்சாலையையும், மூலபொருள்கள் கிடைக்கக்கூடிய இடத்தில் ஸ்தாபித்து நமது நாட்டு technical expert களையே நியமிக்கவேண்டும். அந்த மாதிரி நடந்த ஒரு திட்டம் வகுக்கக் கேட்டுக்கொள்கிறேன்.

Shri C. Achyutha Menon : Sir, I move to reduce the allotment of Rs. 1,39,700 for Working Expenses by Re. 1

സർ, നമ്മുടെ നാട്ടിൽ കുറഞ്ഞ വിലയ്ക്കു ആയുർവേദ മരുന്നുകൾ നാട്ടുകാർക്കു് കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആരംഭിച്ചിട്ടുള്ള ഒരു ഫാർമസിയാണു് തൃശ്ശിവപേരൂരിലുള്ള ശ്രീകേരളവർമ്മ ആയുർവേദഫാർമസി. കൊച്ചിയിലെ മന്ത്രിയായിരുന്ന ഡാക്ടർ എ. ആർ. മേനവനാണു് ഈ ഫാർമസി തുടങ്ങിയതു്. ആരംഭിച്ച കാലത്തെ പ്രവർത്തനത്തെപ്പറ്റി നാട്ടിൽ നല്ല മതിപ്പുണ്ടായിരുന്നു. ഒരു മര്യാദയായ വിലയ്ക്കു് അവിടെയുണ്ടാക്കുന്ന മരുന്നുകൾ മാർക്കറ്റിൽ വിററഴിക്കയും ചെയ്തിരുന്നു. എന്നാൽ അതിനുവിപരീതമായ ഒരു സ്ഥിതിയാണു് ഇന്നുള്ളതു്. ഇന്നു അവിടത്തെ മരുന്നുകൾക്കു് പ്രായേണ വളരെ വിലക്കൂടുതലാണുള്ളതു്. അതുകൊണ്ടുതന്നെയായിരിക്കാം ഇന്നു ആ ഫാർമസിയിലുണ്ടാക്കുന്ന ഔഷ

[Shri C. Achyutha Menon]

ധങ്ങൾ വളരെ കുറച്ചുമാത്രം വിൽക്കപ്പെടുന്നുള്ളു. മുമ്പ് അനവധി സെയിൽസ് ഡിപ്പോകൾ ആ ഫാർമസിക്കുണ്ടായിരുന്നു. ഇപ്പോൾ അതെല്ലാം നിറുത്തി രണ്ടെണ്ണം മാത്രമാണുള്ളത്. അവിടെയുണ്ടാക്കുന്ന ഔഷധങ്ങൾക്ക് വില കൂടുതലാണെന്നുള്ളതിനു പല ദൃഷ്ടാന്തങ്ങളും കാണാൻ സാധിച്ചിട്ടുണ്ട്. എനിക്കുകിട്ടിയ അറിവുവച്ചുപറയുകയാണെങ്കിൽ അഷ്ടചൂർണ്ണത്തിന് തൊടുപുഴ ധന്വന്തരിവൈദ്യശാലയിൽ റാത്തലിനു ൩ രൂപയും, തിരുവനന്തപുരം ആയുർവേദഫാർമസിയിൽ ൧ രൂപയും വിലയുള്ളപ്പോൾ തൃശ്ശിവപേരൂർ ഫാർമസിയിൽ ൨൩ രൂപാ ൯ അണയാണു വില. ഇത്രയും വിലക്കൂടുതലിനുള്ള കാരണത്തെക്കുറിച്ച് ഈ ബഡ്ജററ് അപ്പൻഡിക്സിലുള്ള വിവരങ്ങൾ നോക്കിയാൽ കാണാൻ സാധിക്കും. അതിൽ ഇതിൻെറ പ്രവർത്തനങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ട്. അപ്പൻഡിക്സിൽ ഈ സ്ഥാപനത്തിൻെറ പ്രൊഡക്ഷൻ കപ്പാസിററി ൨,൭൩,൪൪൪ റാത്തലാണെന്നു കാണാം. അതേസമയത്ത് ൫൨-൫൩ വർഷത്തിലേക്കുള്ള ടാർജററ് ൧൨,൭൪൮ റാത്തൽ മാത്രമാണ്. പ്രൊഡക്ഷൻ കാസ്റ്റ് ഒരു യൂണിററിന് ഒരു രൂപാ പതിമൂന്നണ ഒൻപതു പൈസാ വരുന്നു. തിരുവനന്തപുരത്തെ ആയുർവേദഫാർമസിയുമായി താരതമ്യപ്പെടുത്തിനോക്കിയാൽ വളരെയധികം പ്രൊഡക്ഷൻ കാസ്റ്റ് വരുന്നതായി മനസ്സിലാക്കാൻ കഴിയും. തിരുവനന്തപുരം ആയുർവേദ ഫാർമസിയിലെ പ്രൊഡക്ഷൻ കപ്പാസിററി ൨,൮൦,൦൦൦ റാത്തലാണ്. ടാർജററ് ൭,൪൦,൦൦൦ റാത്തൽ വരുന്നു. പ്രൊഡക്ഷൻ കാസ്റ്റ് യൂണിറെറാന്നിന് ൭൦ അണ ൮ പൈ മാത്രമേയുള്ളൂ. ഈ കണക്കുകളിൽ നിന്നും തൃശിവപേരൂർ ഫാർമസിയിലെ മരുന്നുകൾക്കു വില കൂടുന്നതിനുള്ള കാരണമെന്തെന്നു മനസ്സിലാക്കാം. പ്രൊഡക്ഷൻ കാസ്റ്റ് തൃശ്ശിവപേരൂർ ഫാർമസിയിൽ ൭ രൂപാ ൭൩. ണ. ൯ പൈ. വരുമ്പോൾ തിരുവനന്തപുരം ഫാർമസിയിൽ ൭൦ അണ ൮ പൈ. മാത്രമേ വരുന്നുള്ളൂ. ഇതിനുള്ള കാരണങ്ങൾ എന്താണെന്നുള്ളതിനെപ്പററി ഗൗരവമായി ചിന്തിക്കേണ്ടതാണ്. അതുപോലെതന്നെ തൃശ്ശിവപേരൂർ ഫാർമസിയിലെ പ്രൊഡക്ഷൻ കപ്പാസിററിയുടെ മൂന്നിലൊന്നുമാത്രമേ ടാർജററായി കാണുന്നുള്ളൂ. തിരുവനന്തപുരം ഫാർമസിയിൽ ഏകദേശം പകുതിയോളം ടാർജററായി കാണുന്നുണ്ട്. വെറും ൭൦ അണ ൮ പൈ. മാത്രം ഉല്പാദനച്ചിലവെന്നുള്ള അടിസ്ഥാനത്തിൽ ഔഷധങ്ങൾ നിർമ്മിക്കാൻ കഴിയുമെങ്കിൽ ൭ രൂപാ ൭൩ അണ ൯ പൈ. ചിലവുചെയ്തു ഔഷധങ്ങൾ നിർമ്മിക്കുന്നതിൻെറ ന്യായീകരണം എന്താണെന്നാണ് ഞാൻ ചോദിക്കുന്നത്. ഇതിൽ നിന്നെല്ലാം തൃശിവപേരൂർ ഫാർമസിയുടെ നടത്തിപ്പിൽ വളരെയധികം അഴിമതികളോ കുഴപ്പങ്ങളോ ഉണ്ടെന്നു വ്യക്തമാണ്. ഇതു സംബന്ധിച്ചു നാട്ടിൽവളരെയധികം ആക്ഷേപങ്ങൾ കേൾക്കുന്നുണ്ട്. ഈ നിയമസഭയിലെ അംഗങ്ങളുടെ ഇടയിൽതന്നെ അവിടെ നടക്കുന്ന അഴിമതികളെപ്പററി പ്രതിപാദിക്കുന്ന ഒരു പാംഫ്ലററ് വിതരണം ചെയ്തിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള ആക്ഷേപങ്ങൾ വളരെ ഭയങ്കരമാണ്. ആ ആക്ഷേപങ്ങളെല്ലാം ശരിയാണോ എന്ന് അധികൃതമായി എനിക്കു പറയാൻ നിവൃത്തിയില്ല. ഏതായാലും ആ പാംഫ്ലററ് ഗവണ്മെൻറിൻെറ ദൃഷ്ടി

യിൽ പെട്ടിട്ടില്ലെങ്കിൽ അതു ദൃഷ്ടിയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ആ ഫാർമസിയിലെ നടത്തിപ്പിനെപ്പററി വളരെ കാര്യമായി പരിശോധിക്കേണ്ടിയിരിക്കുന്നു. വമ്പിച്ച ഒരു ഉല്പാദനച്ചെലവ് അവിടെ വരുന്നതിനുള്ള ചില സംഗതികൾ ഞാൻ സഭയെ അറിയിക്കണമെന്നു വിചാരിക്കുന്നു. അവിടെ ഔഷധങ്ങൾ പാകം ചെയ്യുന്നതിനു മേൽനോട്ടം വഹിച്ചിരുന്നതു പഴക്കവും തഴക്കവും സിദ്ധിച്ച ഒരു വൈദ്യനായിരുന്നു. ഇപ്പോൾ ഒരു സൂപ്രണ്ടാണ് അതൊക്കെ നോക്കുന്നതു്. അദ്ദേഹത്തിനു വൈദ്യവുമായി യാതൊരു ബന്ധവുമില്ല. ഔഷധങ്ങൾ പാകം ചെയ്യുന്നതിനുവേണ്ടി അങ്ങാടിയിൽ നിന്ന് ചില പച്ചമരുന്നുകളും മററും വാങ്ങുന്ന ഒരു സമ്പ്രദായമുണ്ടു്. മുൻപ് അങ്ങനെയുള്ള മരുന്നു വാങ്ങുന്നതിന് അതുമായി പരിചയം സിദ്ധിച്ച ഒരു കമ്മററിതന്നെയുണ്ടായിരുന്നു. ഓരോ സാധനങ്ങൾക്കും ടെൻറർ വച്ച് കൊടുക്കേണ്ടതിൽ കൂടുതലാണോ വില എന്നു പരിശോധിക്കുന്നതിനും അതുപോലെതന്നെ കൊണ്ടുവരുന്ന ഔഷധങ്ങൾ യഥാർത്ഥ ഔഷധങ്ങൾതന്നെയാണോ എന്നു പരിശോധിക്കുന്നതിനുംമററും വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മററി ഉണ്ടായിരുന്നു. ഈ സൂപ്രണ്ടു വന്നതിനുശേഷം ആ കമ്മിററി ഇല്ലെന്നാണറിയുന്നതു്. ടെൻറർ സമ്പ്രദായം മാററി അദ്ദേഹം നേരിട്ടുതന്നെ ഔഷധങ്ങൾ വാങ്ങുന്നതായും അറിയുന്നുണ്ടു്. ഇതിൽ എത്രത്തോളം വാസ്തവമുണ്ടെന്നുള്ളതിനെപ്പററി അധികൃതമായി പറയാൻ എനിക്കു നിവൃത്തിയില്ല. ഏതായാലും അവിടെ എന്തോ സാരമായ തകരാറുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ ഉദ്ദേശം നാട്ടുകാർക്ക് അവരുടെ കഴിവനുസരിച്ച് വാങ്ങാൻകഴിയുന്ന ഏററവും നല്ല ആയുർവേദ ഔഷധങ്ങൾ നിർമ്മിച്ചു വിൽക്കണമെന്നുള്ളതാണ്. അതിനു തിരുവനന്തപുരം ആയുർവേദഫാർമസി മാത്രം മതിയെന്നുണ്ടെങ്കിൽ അതുമാത്രം മതി എന്നാണ് ഞാൻ പറയുന്നതു്. തൃശ്ശിവപേരൂർ ഫാർമസിയിൽ ഔഷധങ്ങൾ പാകം ചെയ്യുന്നതിനു പണ്ടത്തെ ഏർപ്പാടെല്ലാം വിട്ട് കൈകൊണ്ടു് തൊടാതെ പാകം ചെയ്യുന്നതിനുള്ള നല്ല മിഷ്യനറികൾ ഉണ്ടു്. അതിനാൽ ന്യായമായ വിധത്തിൽ കുറഞ്ഞ വിലയ്ക്കു മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് ഏർപ്പാടുചെയ്യേണ്ടതാണ്.

ശ്രീ. എ. താണുപിള്ള: ഈ ഫാർമസിയുടെ മുൻകൊല്ലത്തെ ചെലവും ഇപ്പോഴത്തെ ചെലവും സംബന്ധിച്ചന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അതു ഞാൻ പഠിച്ചിട്ടില്ല. പുതിയ സൂപ്രണ്ടു വന്നതിനുശേഷം നടപ്പിൽവരുത്തിയ ഒരു പരിഷ്കാരം, അവിടെയുണ്ടായിരുന്ന തൊഴിലാളികളെ മാററിയിട്ട് വെറും ക്യാഷ്വൽ ലേബറേഴ്സിനെ ഉപയോഗിക്കുന്നതാണ്. പ്രഥമ ദൃഷ്ടിയിൽ അതു സർക്കാരിനു ലാഭമുണ്ടാക്കാനാണെന്നു തോന്നിയേക്കാം. എന്നാൽ ഔഷധങ്ങൾ നല്ല നിലയിൽചെയ്യുന്നതിന് അതിൽ പരിചയവും പഴക്കവും സിദ്ധിച്ച ആളുകൾക്കേ കഴികയുള്ളൂ. ചെലവു ചുരുക്കാനാണെങ്കിലും ആ നടപടി ഒട്ടും ആശാസ്യമല്ലെന്നാണ് എനിക്കു പറയാനുള്ളതു്. ഇതു സംബന്ധിച്ച് അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്കു വളരെ ആക്ഷേപങ്ങളുണ്ടു്. ആവക പണിയിൽ പ്രത്യേകം നിയമിച്ചിട്ടുള്ള ആളുകളെ സ്ഥിരം സർവീസിൽ എടുക്കുന്നതിനെപ്പററി ആലോചിച്ചാൽ കൊള്ളാം.

[ശ്രീ. സി. അച്യുത മേനോൻ]

മെന്ന് എനിക്ക അപേക്ഷയുണ്ട്. ഇങ്ങനെയുള്ള കാര്യത്തിൽ ചെലവു ചുരുക്കുന്നത് തീർച്ചയായും ആശാസ്യമല്ല. ഈ സ്ഥാപനത്തെ സംബന്ധിച്ച പറയാൻ മാത്രമാണ ഞാൻ ഉപക്ഷേപം അവതരിപ്പിച്ചത്. ഒരു കാര്യത്തെപ്പററിക്കൂടി പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചു കൊള്ളാം.

ഈ സ്ഥാപനങ്ങളിലെല്ലാംതന്നെയുള്ള തൊഴിലാളികളെ സംരക്ഷിക്കേണ്ടതു ഗവണ്മെൻറിൻെറ പ്രത്യേക ചുമതലയാണ്. ഈ സ്ഥാപനത്തെ സംബന്ധിച്ചുമാത്രമല്ല ഞാൻ പറയുന്നത്. ഗവണ്മെൻറ് ഏറെറടുത്തിട്ടുള്ളതും ഗവണ്മെൻറ ധനസഹായം ചെയ്യുന്നതുമായ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയാണ് ഞാൻ സംസാരിക്കുന്നത്. ഗവണ്മെൻറ് ഏറെറടുത്തു നടത്തുന്ന വ്യവസായങ്ങളേയും അതുപോലെതന്നെ സ്വകാര്യവ്യക്തികൾ നടത്തുന്ന വ്യവസായങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിന് ഗവണ്മെൻറ് ഒരു വലിയ തുക ചെലവാക്കുന്നുണ്ടെന്നു നമുക്കറിയാം. ധനകാര്യമന്ത്രി പറയുകയുണ്ടായി ഈ രാജ്യത്തെ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തെ അസംസ്കൃതസാധനങ്ങൾ സംസ്കരിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതിനും ആവശ്യമായ ഒരു പദ്ധതിയാണതെന്ന്. അതിൽ ഞങ്ങൾക്ക് ആക്ഷേപമില്ല, പക്ഷെ നികുതിദായകൻെറ പണം ഈ വക കാര്യങ്ങൾക്ക് ചെലവാക്കുമ്പോൾ അതിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സ്ഥിതി സുരക്ഷിതമാക്കുന്നതിനും അവരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുകയോ അവരെ പിരിച്ചുവിടുകയോ ചെയ്യുമ്പോൾ അങ്ങനെ ചെയ്യാൻ പാടില്ലാ എന്നു പറയുന്നതിനും ഉള്ള ചില വ്യവസ്ഥകൾകൂടി ഉണ്ടാക്കേണ്ടതാണ്. അങ്ങനെയുള്ള വകുപ്പുകൾ ഉൾപ്പെടുത്തിയില്ലെങ്കിൽതന്നെയും ഈമാതിരി വിഷമങ്ങൾ തൊഴിലാളികൾക്ക് ഉണ്ടാകാതിരിക്കത്തക്കവണ്ണം വേണ്ടതു ഗവണ്മെൻറ ചെയ്യണമെന്നാണ് എനിക്ക അവസാനമായി പറയാനുള്ളത്.

Shri P. Bhaskaran Nair : Sir, I move "to reduce the total allotment of Rs. 74, 65, 200 Demand XXV by Rs. 100"

സർ, ഇവിടെ ഗവണ്മെൻറ മൂലധനം മുടക്കി നേരിട്ടു നടത്തുന്ന വ്യവസായങ്ങളുടെ അസംതൃപ്തികരമായ നടത്തിപ്പിനെപ്പററി പറയാനാണ് ഉദ്ദേശിക്കുന്നത്. കുറച്ചു ദിവസങ്ങൾക്ക മുമ്പ് എൻെറ ഒരു ചോദ്യത്തിനു മറുപടിയായി വ്യവസായവകുപ്പു മന്ത്രി പറയുകയുണ്ടായി, പുനലൂർ പ്ലൈവുഡ് ഫാക്ടറിക്ക് ഒരു ലക്ഷം രൂപയോളം വിലയുള്ള ഒരു ഡ്രൈയിംഗ് ചെയിംബർ വാങ്ങിയതു് ഇറക്ക്റ്റ ചെയ്യുന്നതിന് നാലഞ്ചു കൊല്ലം പിടിച്ചു എന്ന്. നാലഞ്ചു കൊല്ലം ഇതിലേക്കുവേണ്ടി വന്നതു് ആ ഫാക്ടറിയുടെ നടത്തിപ്പിൽ എത്രമാത്രം അലസ മനോഭാവം കാണിക്കുന്നുണ്ടെന്നുള്ളതിനുള്ള പ്രത്യക്ഷമായ തെളിവാണ്. ഡ്രൈയിംഗ് ചേമ്പറുണ്ടെങ്കിൽ ആ വ്യവസായത്തിൽ ഉല്പാദനം വളരെയധികം വർദ്ധിക്കും. വെയിലിൻെറ ചൂടോ കാലാവസ്ഥയോ ആശ്രയിക്കാതെ ഡ്രൈയിംഗ്. ചേമ്പറുണ്ടെങ്കിൽ പ്ലൈവുഡ് ഉല്പാദനം നടത്താൻ കഴിയും. മാത്രമല്ല, സാധാരണ ഗതിയിൽ ഉണ്ടാക്കുന്നതിനെക്കാൾ നാലഞ്ചിരട്ടി

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ആ വക സാധന സാമഗ്രികൾ പുറത്തു് കേവലം നിരുപയോഗമായ രീതിയിൽ നാലഞ്ചു കൊല്ലക്കാലം ഇട്ടിരുന്നുവെന്നുള്ളതു് ഈ വ്യവസായം നടത്തുന്ന ആളുകളുടെ ഉത്തരവാദരഹിതമായ മനോഭാവത്തിന്റെ ശരിയായ തെളിവാണ്. പ്ലൈവുഡ്് ഇൻഡസ്ട്രീസിന്റെ മേൽനോട്ടം വഹിക്കുന്നതു് വ്യാവസായികമായി പ്രത്യേകവൈദഗ്ദ്ധ്യമൊന്നും നേടിയിട്ടില്ലാത്ത ഫാറസ്റ്റ് കൺസർവേറററാണെന്നും ഗവണ്മെന്റ ഭാഗത്തുനിന്നും സമ്മതിക്കയുണ്ടായി.

അതിനു കാരണമായിപറഞ്ഞതു് ഈ വ്യവസായത്തിനു ആവശ്യമുള്ള തടി മുഴവൻ സപ്ലൈചെയ്യുന്നതു് ഫാറസ്റ്റ് കൺസർവേററർ ആണെന്നാണ്. അങ്ങനെയാണെങ്കിൽ തടി സപ്ലൈചെയ്യുന്ന ആനയെ ഇതിന്റെ മേൽനോട്ടം വഹിക്കുവാൻ ഏല്പ്പെടുത്തുന്നതായിരിക്കും നല്ലതു്! നേരിട്ടു തടികൊടുക്കുന്ന ആനയെ ഡയറക്ടരാക്കുക; വിശേഷ വൈദഗ്ദ്ധ്യമൊന്നുമില്ലാത്ത കൺസർവേറററെ നിയോഗിക്കുന്നതിനേക്കാൾ അതാണുഭേദം! ഞാൻ പറയുന്നതു് ഏതെങ്കിലും വ്യവസായം ഗവണ്മെന്റ നടത്തുകയാണെങ്കിൽ ആ വ്യവസായത്തിൽ പ്രത്യേക വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ആളിനെ അതിന്റെ മേൽനോട്ടം വഹിക്കുന്നതിനു് നിയമിക്കണമെന്നാണ്. അങ്ങനെയുള്ള ഒരാളിന്റെ ഉത്തരവാദിത്വത്തിലായിരിക്കണം അതു നടത്തുന്നതു്. ഈ പുനലൂർ പ്ലൈവുഡ്് ഫാക്ടറിതന്നെ ഏതോ ഒരു കമ്പനിക്കു് വേണ്ടി റേഡിയോ ക്യാബിനററു് ഉണ്ടാക്കുവാൻ കൺട്രാക്ടു് എടുത്തിരുന്നു. ഗവമ്മെന്റ നാലഞ്ചു ലക്ഷം രൂപാ ഇതിൽ കളഞ്ഞുവെന്നാണ് എന്റെ അറിവു്. കമ്പനിക്കു് സപ്ലൈചെയ്ത പല ക്യാബിനററ സെററുകളും അവർ റിജക്ട് ചെയ്യുകയും അവ ഫാക്ടറിയിൽ ചിതലിനു ആഹാരമായി തീരുകയും ചെയ്തിട്ടുണ്ടെന്നാണ് കേൾക്കുന്നതു്.

ഇതുപോലെ തന്നെയാണു സിറാമിക് ഫാക്ടറിയുടെ കാര്യവും. ഏകദേശം ൨ ലക്ഷത്തിൽ കവിഞ്ഞ ഒരു തുക സിറാമിക് ഫാക്ടറിയോടു ബന്ധമുള്ള വഞ്ചിക്ലേ മൈൻസ് എന്ന വ്യവസായ സംരംഭത്തിന്റെ പേരിൽ ഗവണ്മെന്റ ചിലവാക്കിയിട്ടുണ്ടെന്നു കാണുന്നു. ഈ ആവശ്യത്തിലേക്കു് ചാത്തന്നൂരിൽ കുറെ കെട്ടിടങ്ങളും ഗവണ്മെന്റ പണികഴിപ്പിച്ചിട്ടുണ്ട്. ആ കെട്ടിടങ്ങൾ ഇപ്പോൾ ചില കച്ചേരികൾ നടത്തുവാൻ ഉപയോഗിക്കുന്നതിനു് ആലോചനയുള്ളതായിട്ടാണ് അറിയുന്നതു്. ഈ അടുത്ത കാലത്തു് ജപ്പാനിൽനിന്നും വന്ന ഒരു വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടതു് തെക്കെ ഇൻഡ്യയിൽവച്ചു് കളിമൺ വ്യവസായത്തിനു ഉപയുക്തമായ ഏററവും നല്ല കളിമൺ ഇവിടെയാണ് ഉള്ളതെന്നത്രെ. ഈ കളിമൺ ശരിയായ തരത്തിൽ ഉപയോഗിക്കുകയാണെങ്കിൽ അതിൽനിന്നും വലിയ പ്രയോജനം ഉണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അഞ്ചൂറോളം ആളുകൾക്കു് തൊഴിലും നൽകാം. അതുകൊണ്ടു് ഇതിൽ ശരിയായ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഒരാളുടെ മേൽനോട്ടത്തിൽ വഞ്ചിക്ലേ മൈൻസ് പ്രവൎത്തനം നടത്തുന്നതു് നന്നായിരിക്കും. തിരുവനന്തപുരത്തുള്ള റബ്ബർഫാക്ടറിയെ സംബന്ധിച്ചും അല്പം ചിലതു് പറയുവാനുണ്ട്. ഈ റബ്ബർ ഫാക്ടറി ദിവാൻഭരണകാലത്തു് ഇവിടെ സ്ഥാപിച്ചതാണ്. ആദ്യം കുറെക്കാലം ഇതു് ഗവണ്മെന്റിന്റെ നേരി

[Shri P. Bhaskaran Nair]

ട്ടുള്ള മേൽനോട്ടത്തിൽ തന്നെ പ്രവർത്തിച്ചുകൊണ്ടിരുന്നു. അതു കഴിഞ്ഞു ബാംബെയിലെ ഒരു വ്യവസായിയെ വിളിച്ചു വരുത്തി അദ്ദേഹത്തിന് പാട്ടമായി ഈ ഫാക്ടറി വിട്ടുകൊടുത്തു. കുറച്ചു നാൾ ഇവിടെ നടത്തിയതിൽ ലാഭമാണോ നഷ്ടമാണോ ഉണ്ടായതു് എന്നു് അറിയാൻ കഴിയുന്നില്ല. ഇപ്പോൾ വീണ്ടും, ഗവണ്മെൻറു ഇതു ഏറെറടുത്തു നടത്തുകയാണു്. കോട്ടയത്തു് ഒരു സ്വകാര്യ വ്യക്തിയുടെ ഉടമയിൽ ഒരു റബ്ബർ ഫാക്ടറി പ്രവർത്തിക്കുന്നുണ്ടു്. ഗവണ്മെൻറു ഫാക്ടറിയെപ്പോലെയുള്ള വലിയ മുതൽ മുടക്കൊന്നും അതിനില്ലെങ്കിലും വളരെ ലാഭകരമായ വിധത്തിൽ അതു പ്രവർത്തിക്കുന്നുണ്ടെന്നാണു് അറിയുന്നതു്. ശരിയായ രീതിയിൽ ഗവണ്മെൻറ് റബ്ബർ ഫാക്ടറി നടത്തിക്കൊണ്ടുപോകുകയാണെങ്കിൽ നമ്മുടെ ഫാക്ടറിയിൽനിന്നും കൂടുതൽ വരുമാനം കിട്ടുന്നതിനുള്ള സാദ്ധ്യതകളുണ്ടു്. ഇപ്പോൾ ഒരു റബ്ബർ ടയർ ഫാക്ടറിയിൽ ഓഹരി എടുക്കാൻ വേണ്ടി ൫൦ ലക്ഷം രൂപാ മുടക്കുന്നതിന് ഈക്കൊല്ലം ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ടു്. ഇന്നു ഇവിടെ നിലവിലുള്ള റബ്ബർ ഫാക്ടറി തന്നെ ഒന്നുകൂടി വികസിപ്പിച്ചു് റബ്ബർ ടയർ നിർമ്മാണം ഈ ഫാക്ടറിയിൽ തന്നെ നടത്തുന്നതിനു സാദ്ധ്യത ഇല്ലാതില്ല. ഈ ആവശ്യത്തിനുള്ള ഉപകരണങ്ങളും മററും ഇവിടെ ഒട്ടുമുക്കാലുമുണ്ടു്. വിദേശത്തുനിന്നുള്ള മൂലധനം കൂടാതെ, നമ്മുടെ ഗവണ്മെൻറു വെറും പങ്കാളിമാത്രമായിട്ടല്ലാതെ, നമ്മുടെ സ്വന്തമായി ഒരു ഫാക്ടറി ഉണ്ടാക്കുന്നതല്ലേ നല്ലതു്.

ഗവണ്മെൻറു തന്നെ നേരിട്ടു നടത്തുന്ന ഫാക്ടറികളിൽപോലും തൊഴിലാളികളുടെ താല്പര്യം തീരെ ശ്രദ്ധിക്കുന്നില്ലെന്നാണു് കാണുന്നതു്. അങ്ങനെയാണെങ്കിൽ സ്വകാര്യ ഉടമസ്ഥന്മാരുടെ ഉത്തരവാദിത്വത്തിൽ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ താല്പര്യങ്ങൾ എങ്ങനെയാണു് സംരക്ഷിക്കപ്പെടുക? അതിനാൽ, തൊഴിലാളി താല്പര്യങ്ങൾക്കു് വേണ്ടത്ര പരിരക്ഷ നൽകി, നമ്മുടെ വ്യവസായങ്ങൾ കൂടുതൽ പ്ലാനിങ്ങോടുകൂടി ഓരോന്നിലും പ്രത്യേകം വൈദഗ്ദ്ധ്യമുള്ള ആളുകളുടെ ഉത്തരവാദിത്വത്തിൽ നടത്തിയില്ലെങ്കിൽ അതു് രാജ്യക്ഷേമത്തിന് ഉതകുകയില്ലെന്നാണു് എൻെറ വിശ്വാസം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ധനകാര്യമന്ത്രിയുടെ ഇതിനു മുമ്പുള്ള വിശദീകരണം കഴിഞ്ഞതിൽ പിന്നീടു ഇവിടത്തെ വ്യാവസായിക നയത്തെപ്പററി വലിയ വിമർശനങ്ങൾക്കു് കാരണം ഇല്ലെന്നു് വിചാരിക്കാവുന്നതാണു്. എങ്കിലും ഇതു് അദ്ദേഹത്തിൻെറ ഒരു Pious wish ആണെന്നാണു് നമുക്കു് മനസ്സിലാക്കേണ്ടതു്. ഇതു് സംബന്ധിച്ചു് എന്താണുചെയ്യാൻ പോകുന്നതെന്നു് സൂക്ഷ്മമായി പരിശോധിക്കുന്നതിനും അതിലേക്കു് ഒരഭിപ്രായപ്രകടനം നടത്തുന്നതിനുമാണു് ഞാൻ ഇവിടെ ഇപ്പോൾ നിൽക്കുന്നതു്. ഇവിടെ വ്യവസായങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ൧൧൨൭ ഒടുവിൽവരെ, ഇതുവരെയുള്ള കണക്കുകൾ വച്ചുകൊണ്ടു നോക്കുകയാണെങ്കിൽ ൩൫൦ ലക്ഷത്തിൽ ചില്വാനം രൂപാ അനേകം വ്യവസായങ്ങളിലായി ഈ ഗവണ്മെൻറ് ഷെയർ എടുത്തിട്ടുള്ളതായി കാണാം. ഇന്നു് ൩൯ ലക്ഷത്തിൽ ചില്വാനം രൂപാ

ഗവണ്മെൻറ സ്വന്തമായി നടത്തുന്ന ചില വ്യവസായങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. അതുകൂടാതെ ലോൺ ഇനത്തിൽ ൧൫ ലക്ഷം രൂപാ കൊടുത്തിട്ടുണ്ട്. ഇതു തിരുവിതാംകൂറിലെ സ്ഥിതിയാണ്. കൊച്ചിയിലാണെങ്കിൽ ഗവണ്മെൻറ സ്വന്തമായി നടത്തുന്ന വ്യവസായങ്ങൾക്കായി ഒരു ലക്ഷത്തിൽ ചില്വാനം രൂപാ ചെലവു ചെയ്തിട്ടുണ്ട്. ലോണായി ൨൦ ലക്ഷം രൂപാ കൊടുത്തിട്ടുണ്ടെന്നാണ് അറിയുന്നത്. ഏതായാലും ആകെപ്പാടെ നോക്കുന്നപക്ഷം ൫൪൯·൩൨ ലക്ഷം രൂപാ തിരുവിതാംകൂറും ൨൨-ൽ ചില്വാനം ലക്ഷം രൂപാ കൊച്ചീഗവണ്മെൻറും മുതൽ മുടക്കിയിട്ടുണ്ട്. അതിൽപിന്നീട് തിരുവിതാംകൂറിൽ തന്നെ കുറെ പുതിയ കമ്പനികളിൽ ഗവണ്മെൻറ ഷെയർ എടുത്തിട്ടുള്ളതായി കാണാവുന്നതാണ്. ആകപ്പാടെ നോക്കുകയാണെങ്കിൽ ആറരകോടിയോളം രൂപാ ഗവണ്മെൻറ വ്യവസായങ്ങളിൽ മുടക്കിയിട്ടുള്ളതായി കാണാവുന്നതാണ്. ഇതു നോക്കുന്നപക്ഷം ഇന്നലെ ഹൗസിൽ പ്രസ്താവിച്ചതുപോലെ മിനറൽസ്, പോഴ്സ്‌ലെയിൻ, റബ്ബർ ഫാക്ടറി ഇവയിൽ നിന്നല്ലാതെ മററു യാതൊന്നിൽനിന്നും ഗവണ്മെൻറിന് കാര്യമായി ഒന്നും കിട്ടുന്നില്ലെന്നും മററുള്ള വ്യവസായങ്ങൾ പൊതുമുതൽ കുറേശ്ശയായി തിന്നുകൊണ്ടിരിക്കുന്നതായും കാണാം. അതുകൊണ്ടു് ഇവിടത്തെ വ്യവസായഷെയറുകളിൽ വലിയ വിലയിടിവുണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. ഇതിനെപ്പററി കൂടുതലായി സ്പർശിക്കണമെന്നു വിചാരിക്കുന്നില്ല. ഗവണ്മെൻറ് ഈ വ്യവസായ സ്ഥാപനങ്ങളിൽ എടുത്തിരുന്ന ഷെയറുകൾക്ക് മുൻപു ഉണ്ടായിരുന്ന വിലയിൽ എട്ടിലൊന്നും പത്തിലൊന്നും വിലയാണ് ഇപ്പോൾ ഉള്ളതു്. ഇതൊക്കെ കാണിക്കുന്നതു് നമ്മുടെ വ്യവസായ സ്ഥാപനങ്ങൾ തുലോം പരാജയത്തിലാണെന്നാണ്. ഇതിൽ റബ്ബർ ഫാക്ടറിയെ ഒഴിവാക്കാവുന്നതാണ്. കാരണം യുദ്ധകാലത്തു് ഇതിൽനിന്നും നല്ല ലാഭം കിട്ടിയിട്ടുണ്ടെന്നാണ് എൻെറ അറിവു്. ഇങ്ങനെ പോകുന്നതായാൽ നമ്മുടെ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചു് ജനങ്ങൾക്കുള്ള വിശ്വാസം കുറയുവാനാണ് എളുപ്പം. വ്യവസായങ്ങളിൽ കൂടുതൽ ഇൻവെസ്റ്റ്ചെയ്യാൻ അവർ തയാറാകുകയില്ല. ഈ പരിതഃസ്ഥിതി നമുക്കു വളരെ ദോഷകരമായിരിക്കും. തിരുവിതാംകൂറിൽ ഇന്നു് ആകെ ൩൦ ലക്ഷം ഭൂമിയാണുള്ളതു്. ഒരാൾക്കു് ഒരേക്കർ വച്ചു ൩൦ ലക്ഷം ജനങ്ങൾക്കു് വീതിച്ചു നോക്കിയാലും ബാക്കി ൪൦ ലക്ഷത്തോളം ആളുകൾക്കു് ശരിയായ ആദായ മാർഗ്ഗം ഉണ്ടാക്കുന്നതിനു് വ്യവസായീകരണം കൊണ്ടല്ലാതെ സാധ്യമല്ല. അതുകൊണ്ടു് അതിൽ നാം കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നു പറയാതെ തരമില്ല. ഇന്നു് വിദ്യാഭ്യാസത്തിലായാലും വ്യാവസായിക നയത്തിലായാലും ഗവണ്മെൻറിനു് ഉൽക്കണ്ഠയോ ശ്രദ്ധയോ ഉള്ള മനോഭാവം കാണുന്നില്ലെന്നു പറയാതെ തരമില്ല. അതിനാൽ ഈ കാര്യങ്ങളിൽ ഗവണ്മെൻറ് കൂടുതൽ ശ്രദ്ധിക്കുന്നതു് നന്നായിരിക്കും. ഇതു് വൻകിട വ്യവസായങ്ങളെ സംബന്ധിച്ചു മാത്രമല്ല, ചെറിയ വ്യവസായങ്ങളായാലും ശരി, കുടിൽ വ്യവസായങ്ങളായാലും ശരി എല്ലാററിലും ഗവണ്മെൻറ് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഇന്നു് കാട്ടേജ് ഇൻഡസ്ട്രീസിനുവേണ്ടി ഗവണ്മെൻറ് ഒരു ബോർഡുണ്ടാക്കിയിട്ടുണ്ട്. അതിനു് പല പദ്ധതികളും ഗവണ്മെൻറിൻെറ മുമ്പിലുണ്ടെന്നു പറയുന്നുവെങ്കിലും അതനുസരിച്ചു് ഗവണ്മെൻറ് ഒന്നും ചെയ്യുന്നതായി കാണുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൫ ലക്ഷം രൂപാ അതിനായി സപ്ലിമെൻററി ഗ്രാൻറിൽ കൊള്ളിച്ചിട്ടുണ്ടു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതു് ശുഭോദർക്കമാണ്. അങ്ങനെ ആ ബോർഡു ചെയ്തിട്ടുള്ള ശുപാർശകൾ നടപ്പിൽ വരുത്താനാണ് ഗവണ്മെൻറ് ശ്രമിക്കേണ്ടതു്. ബോർഡിൻെറ റിപ്പോർട്ടനുസരിച്ച്, മുള, പുല്ല്, ലോഹങ്ങൾ, കൈത, ദന്തം, നാരുകൾ, പനയോല മുതലായ സാധനങ്ങൾ കൊണ്ടുള്ള വ്യവസായങ്ങൾ ശരിയായവിധത്തിൽ നടത്തുകയാണെങ്കിൽ വിദേശങ്ങളിലും ഇവയ്ക്ക് വിപണികൾ കണ്ടുപിടിക്കാവുന്നതാണ്. ഇവയ്ക്ക് സെയിൽസ് ഡിപ്പോകൾ ഏർപ്പെടുത്തി കോവാപ്പറേറീവ് അടിസ്ഥാനത്തിൽ വിദേശങ്ങളിൽ വില്പന നടത്താവുന്നതാണ്. ഈ കുടിൽ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം കുടിൽവ്യവസായത്തിൽ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള ജപ്പാനിൽ നിന്നോ സ്വീഡനിൽ നിന്നോ സ്വിററ്സർലൻറിൽ നിന്നോ വിദഗ്ദ്ധന്മാരെ വരുത്തി ഈ വ്യവസായങ്ങൾ മുമ്പോട്ടു കൊണ്ടുപോയില്ലെങ്കിൽ തൊഴിലില്ലായ്മ വർദ്ധിക്കുകയും അതിൽ നിന്നുണ്ടാകുന്ന അത്യാഹിതങ്ങളെ നമുക്ക് നേരിടേണ്ടിവരികയും ചെയ്യുമെന്നാണ് എൻെറ അഭിപ്രായം. വേറൊരു കാര്യം പറയുവാനുള്ളതു് മി: വക്കീസ് പറഞ്ഞതുപോലെ വെളിയിൽ നിന്നും ഒരു വിദഗ്ദ്ധനെ വരുത്തി ഇവിടെയുള്ള വൻകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ശരിയായ അന്വേഷണം നടത്തി അതിൻെറ അഭിവൃദ്ധിക്കു വേണ്ട മാറ്റങ്ങൾ ആരായണമെന്നാണ്. അങ്ങനെ അന്വേഷിച്ച് ശരിയായ വിദഗ്ദ്ധന്മാരെ വിളിച്ചു വരുത്തി അവക്ക് അതിനെ സംബന്ധിച്ചുള്ള അധികാരങ്ങൾ നൽകി അവരുടെ പ്ലാനനുസരിച്ച് ഇവിടത്തെ വ്യവസായങ്ങൾ നടത്തുകയാണെങ്കിൽ ഈ കാര്യത്തിൽ അഭിവൃദ്ധിയുണ്ടാകുമെന്നാണ് എൻെറ വിശ്വാസം.

ആ രീതിയിൽ ഈ രാജ്യത്തെ വൻകിട വ്യവസായങ്ങളേയും ചെറുതരം വ്യവസായങ്ങളേയും അഭിവൃദ്ധിപ്പെടുത്തേണ്ടതു് ഒരു അടിയന്തിര കർത്തവ്യമായിരിക്കുന്നു. അല്ലാത്തപക്ഷം ഇന്നത്തെ രീതിയിൽ വ്യവസായങ്ങളെല്ലാം നടത്തി നടത്തി ഒടുവിൽ ആറോ ഏഴോ കോടി രൂപ നഷ്ടംവരാവുന്നവിധത്തിൽ കലാശിക്കാനാണ് എളുപ്പമുള്ളതു്. അതുകൊണ്ടു് ഇൻഡ്യയിൽനിന്നോ, അമേരിക്കയിൽനിന്നോ, റഷ്യയിൽനിന്നോ, ജപ്പാനിൽ നിന്നോ ആയാലും, എത്രതന്നെ ശമ്പളം കൊടുക്കേണ്ടിവന്നാലും തരക്കേടില്ല, നല്ലകാര്യശേഷിയും സ്വഭാവശുദ്ധിയും ഒക്കെയുള്ള ഒരാളെ കൊണ്ടുവരണം. ആ വിദഗ്ദ്ധൻെറ അന്വേഷണത്തിലും മേൽനോട്ടത്തിലും ഇങ്ങിനെയുള്ള വ്യവസായങ്ങളെ പുരോഗമിപ്പിക്കണം. കോവാപ്പറേറീവ് അടിസ്ഥാനത്തിൽത്തന്നെ ഇതെല്ലാം നടപ്പിൽ വരുത്തണം. വ്യവസായങ്ങൾക്ക് കടം കൊടുക്കുന്നതിലും വളരെ സൂക്ഷിച്ചുപെരുമാറണം. ശരിയായി നാം മുന്നോട്ടുപോയില്ലെങ്കിൽ കാര്യങ്ങളെല്ലാം വലിയ തകരാറിലാകും. അതുവളരെ നേരത്തെ സൂക്ഷിക്കണം എന്നുമാത്രം ഇപ്പോൾ അറിയിച്ചുകൊള്ളട്ടെ.

Shri J. T. Moraes: Sir, I should also like to say few words on this subject, first with regard to the weaving industry. I am glad that Government have decided to give their attention to the hand-loom industry and have sent two persons to be trained. The Minister for Industries admitted at a discussion that there is some slight snag about the supply of yarn to the weavers of hand-loom industry. I think that it is not the real trouble. The trouble is about the position in marketing hand-loom products. It is not peculiar to the Travancore-Cochin State. The same thing obtains in Madras, and as a matter of fact, the hand-loom industry is more expensive and more organised in Madras, and there, the difficulty is more. This is something which could not be immediately solved. I feel that this could be solved with the help of the Central Government alone. I am sure that this Government will do everything possible to help those who are engaged in this industry, to compete successfully with the mill products. Perhaps success lies in making hand-loom weavers change the kind of materials which they now weave. If we induce them to produce for foreign markets and not to weave large quantities of the same kind of materials that they are weaving now, then perhaps we may be able to succeed. For instance, there is a demand for such kind of cloth as 'lungies' and other materials in the neighbouring States like Burma and Malaya. If it is possible to induce our weavers to weave such kind of cloth and see that they are marketed in such foreign countries—it is only a suggestion—the hand-loom industry may perhaps be developed thereby.

Then, another thing about which I have to speak is about the fishing industry. The hon. Member for Trivandrum the other day observed that in producing more food, we must concentrate our attention upon such things as eggs, poultry and other things. Fish is a very important article of food. It is a pity that we are not giving this industry sufficient attention. Ours is a maritime State and we have got very rich fishing grounds. As a matter of fact, when I look into the budget, I find very little has been provided for developing fisheries. While the Government of India are very keen upon those things, somehow I feel that our Government do not bestow the attention which must be bestowed upon this industry. This is not an industry peculiar to India. It is an industry which is worldwide industry. There is a lot of experience available. This industry has been successfully developed in countries like Japan, America, and England and other countries of Europe. And it is possible for us to get experienced men from those countries and to draw up a scheme for developing fisheries. I tried hard to find whether we have got a scheme for developing fishing, but somehow I have not been able to find any scheme. But in the amounts budgeted I find a sum of money provided for developing fish farms. In this connection I place for the information of Government that there is a natural fish farm in the lake of Ashtamudi. That is a fresh water lake. There are a lot of fishermen who live by fishing in this lake. But

[Shri J. T. Moraes.]

recently the amount of fish available in this lake has gone down and the reason is, at least it is so stated, that a sand bank has formed at the Neendakara Bar and the fish from the sea which comes into the Lake at a certain season are not able now to come into that Lake. This matter has been brought to the attention of the Government some months back and I understood that the then Minister agreed that that bank should be removed. But up to now, no efforts have been made to remove that sand bank. It should be a great service for getting fresh water fish in that area and also to give more employment to the fishermen who live there, if that sand bank is removed.

Then another matter about which I would like to mention is about the Palm Gur Industry which is very important industry in South Travancore and which is being handled in an irresponsible fashion. With proper organisation we will be able to get all the sugar we need in this State and also something for export. The expert opinion is that the Palm Gur Industry can be organised on a cottage industry basis in such a way as to produce white sugar. Now, the Industry is producing dirty sugar. But if properly organised, if a small machinery is installed, say in selected villages, it would be possible to produce directly white sugar from palm gur. It should be a first class cottage industry and would not bring the evil of concentration of labour in factories, but at the same time it will encourage the industry and give us the amount of sugar that we need and give us something for export. I request Government to bestow their attenion upon this matter also.

Sir, I do not want to add anything more.

ശ്രീ. ആർ. ഗംഗാധരൻ: സർ, ഗവണ്മെന്റിന്റെ കുടിൽവ്യവസായനയത്തെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. കയററുവ്യവസായത്തെയും നെയ്ത്തുവ്യവസായത്തെയും സംബന്ധിച്ചാണ് ഞാൻ സംസാരിക്കുന്നതു്. കയററു വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന വളരെ അധികം ആളുകൾക്ക് ആ വ്യവസായസ്തംഭനംമൂലം ദുരിതങ്ങളുണ്ടായിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടെന്നു ഇവിടെ നടന്ന പ്രസംഗങ്ങളിൽനിന്നും ഗ്രഹിക്കുവാൻ കഴിയുന്നതാണ്. എന്നാൽ ആ സ്തംഭനം പരിഹരിക്കുന്നതിന് ഗവണ്മെൻറ് ഇതിനകം എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോയെന്നാണ് എനിക്ക് ചോദിക്കുവാനുള്ളതു്. അതിനുവേണ്ടി യാതൊന്നുംതന്നെ ഈ ഗവണ്മെൻറ് ചെയ്തിട്ടില്ല. ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതുകൊണ്ടോ, ആലോചിക്കാമെന്നു പറയുന്നതുകൊണ്ടോ ഈ കുഴപ്പങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതല്ല. ഒരുപുതിയ ഉദ്യോഗനിയമനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുവാൻ ഈ അവസരം ഉപയോഗിച്ചു എന്നുള്ളതിൽകവിഞ്ഞു് ഇതുകൊണ്ടു് യാതൊരുപ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ലെന്ന് ഈ വ്യവസായസ്തംഭനം പരിഹരിക്കുമെന്നും പറഞ്ഞു നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ കാര്യം എ

ത്തനാക്കിയാൽ നമുക്കു വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നതാണു്. ആലോചിക്കാം, ആലോചിക്കാമെന്നുപറഞ്ഞു നീട്ടിക്കൊണ്ടുപോകുന്നതു കൊണ്ടു പ്രശ്നത്തിനു് പരിഹാരമുണ്ടാകുന്നതല്ല. ഈ ഗവണ്മെൻറു് കഴിഞ്ഞ ബഡ്ജററു വർഷത്തിൽ കയർസ്തംഭനം പരിഹരിക്കുന്നതിനു് ൫൦ൾ ലക്ഷം രൂപയാണു് ബഡ്ജററിൽ കൊള്ളിച്ചിരുന്നതു്. ഇപ്പോൾ അതു് ൧൦,൦൦൦-ൽ ചില്വാനം രൂപയാക്കി കുറച്ചിരിക്കുകയാണു്. ഈ വ്യവസായസ്തംഭനം പരിഹരിക്കുന്നതിനു് ഏതുരൂപത്തിലാണു് ഈ ബഡ്ജററുവർഷത്തിൽ പ്രവർത്തിക്കുവാൻ പോകുന്നതെന്നുഇതിൽനിന്നും ഊഹിക്കുവാൻ സാധിക്കുന്നതാണു്. കഴിഞ്ഞ ബഡ്ജററുവർഷത്തിൽ ൩൪ ലക്ഷം രൂപയുടെ ഒരു പദ്ധതി ഈ ഗവണ്മെൻറു് ആവിഷ്കരിച്ചതായി വ്യവസായവകുപ്പുമന്ത്രി പറഞ്ഞിരുന്നു. അതിൽ പകുതിസംഖ്യ ഇൻഡ്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടെന്നുംപറഞ്ഞു. എന്നാൽ അങ്ങിനെ അതു നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ൬൨ ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിക്കുമായിരുന്നു. ഈ ബഡ്ജററിൽ അതു് കൊള്ളിച്ചിട്ടില്ല. ഇതിൽനിന്നു് വ്യക്തമാകുന്നതു് ആ പദ്ധതി ഗവണ്മെൻറു ഉപേക്ഷിച്ചിരിക്കുന്നുഎന്നാണു്. ഇങ്ങിനെ നോക്കുമ്പോൾ ഈ വ്യവസായസ്തംഭനത്തെ സംബന്ധിച്ചു യാതൊന്നുംതന്നെ ചെയ്യുവാൻ ഈ ബഡ്ജററുവർഷത്തിൽ തീരുമാനിച്ചിട്ടില്ല എന്നു് മനസ്സിലാക്കുവാൻ കഴിയും. കയർവ്യവസായസ്തംഭന പരിഹാരത്തിനു ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടതാണെന്നു നമ്മുടെ വ്യവസായവകുപ്പുമന്ത്രി പറയാറുണ്ടു്. അതിനെ സംബന്ധിച്ചു് ഒരു കയർബോർഡു് ഇവിടെ ഉണ്ടാക്കണമെന്നുള്ള അഭിപ്രായം ഞാൻ പ്രകടിപ്പിച്ചപ്പോൾ അതു് ഇൻഡ്യാഗവണ്മെൻറിന്റെ നിയന്ത്രണത്തിലുള്ള ഒരു കാര്യമാണു് എന്നുപറഞ്ഞു് ഗവണ്മെൻറു് ഒഴിയുകയാണു് ചെയ്തിട്ടുള്ളതു്. എന്നാൽ ഈ സംസ്ഥാനത്തെ സംബന്ധിച്ചു് ഇവിടെ ഒരു കയർബോർഡു് ഉണ്ടാക്കി പ്രവർത്തിക്കുന്നതിനു് ഇവിടത്തെ എക്സിക്യൂട്ടീവു് അധികാരം ഉപയോഗിക്കാവുന്നതാണു്. കയർവ്യവസായം ഈ സംസ്ഥാനത്താണു് വളരെ കൂടുതലായി നടന്നുവരുന്നതു്. അതുകൊണ്ടു് ഇൻഡ്യാഗവണ്മെൻറു് ഒരു കയർബോർഡു് രൂപീകരിക്കുവാനുള്ള സൗകര്യം തരാതിരിക്കുന്നിടത്തോളം കാലം ഇവിടെ ഏററവും അത്യാവശ്യമായ ഒരു കയർബോർഡു് ഇവിടത്തെ എക്സിക്യൂട്ടീവിന്റെ അധികാരം ഉപയോഗിച്ചു് രൂപീകരിക്കേണ്ടതാണു്. ഇങ്ങനെ ഒരു കയർബോർഡു് ഉണ്ടാക്കുന്നതിൽനിന്നു് ഒഴിയുക എന്നുള്ളതാണു് വ്യവസായമന്ത്രിയുടെ പ്രസംഗത്തിൽനിന്നു് എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. കയർവ്യവസായസ്തംഭനപരിഹാരത്തിനു് വിദേശവിപണികൾ കണ്ടുപിടിക്കുകയാണു് വേണ്ടതെന്നും, അതു ചെയ്യേണ്ടതു് ഇൻഡ്യാഗവണ്മെൻറാണെന്നു് അദ്ദേഹം ഇവിടെ പ്രസംഗിക്കുകയുണ്ടായി. വിദേശ വിപണികൾ കണ്ടുപിടിച്ചാൽ കൂടുതൽകയറു് ചെലവാകും എന്നുള്ളതു് പരമാർത്ഥമാണു്. ഈ വ്യവസായസ്തംഭനമുണ്ടായിരിക്കുന്നതു് വിദേശവിപണികൾ ഉണ്ടാകാത്തതുകൊണ്ടല്ല. സ്തംഭനത്തിനുള്ള കാരണം എന്തുകൊണ്ടാണെന്നു് വ്യവസായവകുപ്പുമന്ത്രി മനസ്സിലാക്കിയിരുന്നെങ്കിൽ ഒരുപക്ഷെ ഇങ്ങിനെ ഒരഭിപ്രായം അദ്ദേഹം പറഞ്ഞിട്ടില്ലെന്നു് വന്നേയ്ക്കാമായിരുന്നു. ചരക്കിനുവില കുറഞ്ഞിരിക്കുക, അഡ്വാൻസുകൊടുക്കുവാൻ ആരും ഇല്ലാതിരിക്കുക, എന്നുള്ള പരിതഃസ്ഥിതിയിൽ നിന്നാണു് ഈ സ്തംഭനം ഉണ്ടായിരിക്കുന്നതു്. ചരക്കാണെങ്കിൽ മുമ്പു് ചെലവായപോലെ ഇപ്പോഴും ചെലവാകുന്നുണ്ടു്. എന്നാൽ

[ശ്രീ. ആർ. ഗംഗാധരൻ]

അഡ്വാൻസുകൊടുക്കുന്നതിന് ആരും ഇല്ലാതിരിക്കുകയാണ് ചെയ്യുന്നത്. അതിനാണ് പരിഹാരമുണ്ടാകേണ്ടത്. അതിനു പരിഹാരമുണ്ടാകണമെന്നുപറയുമ്പോൾ ഇൻഡ്യാഗവണ്മെന്റ വിദേശവിപണികൾ കണ്ടുപിടിക്കണമെന്നുപറഞ്ഞു് അതിൽനിന്ന് ഒഴിയുവാൻ ശ്രമിക്കുകയാണ് വ്യവസായവകുപ്പുമന്ത്രി ചെയ്യുന്നത്.

ഇനി വേറെ ഒന്നുപറയുവാനുള്ളത് വെയർഹൌസ് ആക്റ്റിനെ സംബന്ധിച്ചാണ്. ഈ വെയർഹൌസ് ആക്റ്റ് ഇപ്പോൾ നിലവിലുണ്ടോ എന്ന് ഞാൻ ചോദിക്കുന്നു. സർ സി. പി. രാമസ്വാമിഅയ്യരുടെ കാലത്ത് ഒരു വെയർഹൌസ് ആക്റ്റ് പാസാക്കിയിട്ടുണ്ട്. അത് അന്ന് കുറച്ചൊക്കെ പ്രയോഗത്തിൽ വരുത്തുകയും ചെയ്തിരുന്നു. വാസ്തവത്തിൽ അങ്ങിനെ ഒരു ആക്റ്റ് ഇന്ന് ഇവിടെ പ്രയോഗത്തിലില്ല. ഞാൻ ഇതിനെപ്പറ്റി ചോദിച്ച ചോദ്യത്തിന് ഈ ആക്റ്റ് ഇവിടെ നടപ്പിലിരിക്കുന്നുവെന്നാണ് മന്ത്രി ഉത്തരം പറഞ്ഞത്. വെയർഹൌസ് ആക്റ്റ ആൾഇൻഡ്യാബേസിസ്സിലുള്ളതായിരിക്കണമെങ്കിൽ അങ്ങിനെയുള്ള ഒരു ആക്റ്റ് പാസ്സാക്കുവാൻ വേണ്ട നടപടികൾ എടുക്കേണ്ടത് ഗവണ്മെൻറിന്റെ കടമയാണ്.

ഇനി ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുവാനുള്ളത് നെയ്ത്തിനെ സംബന്ധിച്ചാണ്. നമ്മുടെ രാജ്യത്ത് ഏകദേശം ൪ ലക്ഷത്തോളം തൊഴിലാളികൾ നെയ്ത്തുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. ആ വ്യവസായത്തിന് ഇപ്പോൾ വന്നിട്ടുള്ള കുഴപ്പംനാടൻചരക്കിന്ന് ചെലവില്ലാ എന്നുള്ളതാണ്. നാടൻചരക്കിനു ചിലവില്ലാതെ വന്നത് മിൽത്തുണിക്ക് വിലകുറഞ്ഞതുകൊണ്ടാണ്.. ഏതായിരുന്നാലും ഈ വ്യവസായത്തിന് ചില സംരക്ഷണകൾ ചെയ്യേണ്ടത് ഏററവും അത്യാവശ്യമായിത്തീന്നിരിക്കുന്നു. മദ്രാസ് ഗവണ്മെന്റ് സഹകരണസംഘങ്ങൾ മുഖേന ചില സഹായങ്ങൾ നെയ്ത്തുകാൎക്ക് ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മദ്രാസ്ഗവണ്മെന്റ് നെയ്ത്തുകാരുടെ കാൎയ്യത്തിന് എന്തുചെയ്തു എന്നാണ്പറയുന്നത്?

ശ്രീ. ആർ. ഗംഗാധരൻ: മദ്രാസ്ഗവണ്മെന്റ് സഹകരണസംഘത്തിന് ഗ്രാൻറുകൊടുത്തിട്ടുണ്ട്. കുറച്ചുകാലങ്ങൾക്കുമുമ്പ് വസ്ത്രങ്ങൾക്ക് ക്ഷാമമുണ്ടായിരുന്ന അവസരത്തിലും വസ്ത്രങ്ങൾക്ക് വില കയറിയപ്പോഴും മദ്രാസിലെ സഹകരണസംഘംവക ഡിപ്പോകൾ ഈ സംസ്ഥാനത്തെ ചില പ്രധാനപട്ടണങ്ങളിൽ തുറക്കുകയും കുറഞ്ഞവിലയ്ക്കു നാടൻ തുണി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സഹകരണസംഘങ്ങൾക്ക് മദ്രാസ്ഗവണ്മെന്റ് കൊടുത്ത ധനസഹായം കൊണ്ടാണ് ഇങ്ങിനെ ചെയ്യുവാൻ സാധിച്ചത്. ഇപ്പോൾതന്നെ ഒരുകോടിയോളം രൂപ ഈ വ്യവസായത്തിന്റെ പുരോഗതിക്കുവേണ്ടി ചെലവാക്കുവാൻ മദ്രാസ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ ഇവിടേയും സഹകരണസംഘങ്ങൾ സ്ഥാപിച്ച് അതിനു സഹായധനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഏകദേശം ൭ ൪ ലക്ഷത്തോളം ജനങ്ങൾ കയർവ്യവസായസ്തംഭനംകൊണ്ടും നെയ്ത്തുവ്യവസായസ്തംഭനംകൊണ്ടും വളരെ ദുരി

തം അനുഭവിക്കുന്നുണ്ട്. ഇതിനെസംബന്ധിച്ചുപറയുന്ന അപേക്ഷകളിലെല്ലാം വ്യവസായവകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട് ഇങ്ങിനെ ഗുരുതരമായ ഒരു പരിതഃസ്ഥിതി ഇവിടെ ഉണ്ടായിട്ടുണ്ട് എന്ന്. എന്നാൽ ഇതിനകം സ്തംഭനപരിഹാരത്തിനായി യാതൊന്നുംതന്നെ ഈ ഗവണ്മെൻറ് ചെയ്തിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. ഞാൻ ചിറയിൻകീഴ് താലൂക്ക കയർ വർക്കേഴ്സ് യൂണിയൻേറയും ചിറയിൻകീഴ്താലൂക്ക കൈത്തറിനെയ്ത്തുതൊഴിലാളി യൂണിയൻേറയും പ്രസിഡൻറാണ്. എനിക്കറിയാം ചിറയിൻകീഴ് താലൂക്കിൽ വ്യവസായസ്തംഭനംമൂലം എന്തെല്ലാം ദുരിതങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്നും അതിനെപ്പററി ഞാൻ ഇവിടെ പ്രസംഗിക്കുമ്പോൾ ഞാൻ വികാരഭരിതനാകുന്നവെങ്കിൽ പട്ടിണിയിലും പരാധീനതയിലും ആണ്ടു കിടന്ന് എരിപൊരികൊള്ളുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ തീക്ഷ്ണങ്ങളായ വികാരങ്ങളുടെ ഒരുശതമാനത്തെപോലും ഞാൻ പ്രതിനിധീകരിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. ഗവണ്മെൻറ് മനസ്സിലാക്കണം ഈ അസംബ്ലിയിലെ സംഖ്യാബലം കണ്ടുകൊണ്ട് ഈ രാജ്യത്ത് എന്തും ചെയ്യാമെന്നാണ് ഭാവമെങ്കിൽ അതു് ആപൽക്കരമാണ് എന്ന്. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു.

ശ്രീ. കെ. കരുണാകരൻ: സർ, കൃത്രിമമായ കെട്ടിക്കിടപ്പിൻെറ പേരിൽ വ്യവസായസ്തംഭനം സൃഷ്ടിച്ച്, വ്യവസായശാലകൾ ഭാഗികമായും ചിലതു മുഴവനമായും പൂട്ടിയിടുകയും, തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്യുക എന്നുള്ളതു ഇന്ന നിത്യസംഭവങ്ങളായി കഴിഞ്ഞിട്ടുണ്ട്. ഗവണ്മെൻറാകട്ടെ, സ്ഥിതിഗതികളുടെ യഥാർത്ഥം മനസിലാക്കാൻ മുതിരാതെ, പലപ്പോഴും ഒരു നിസ്സഹായാവസ്ഥയാണ് അവലംബിച്ചിട്ടുള്ളതു്. ഈ നില തുടരുകയാണെങ്കിൽ, രാജ്യം ഒരു ഭയങ്കര തൊഴിൽ കുഴപ്പത്തിലേയ്ക്കാണു നീങ്ങാൻ പോകുന്നതെന്നു ഗവണ്മെൻറിനെ ഞാൻ താക്കീതു ചെയ്തുകൊള്ളട്ടെ. വ്യവസായസ്ഥാപനങ്ങൾ പൂട്ടിയിടുന്നതും, തൊഴിലാളികളെ പിരിച്ചുവിടുന്നതും ഗവണ്മെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദംകൂടാതെ ചെയ്യരുതെന്നു നിയമംമൂലം ശാസിക്കേണ്ടതാണ്. ഗവണ്മെൻറാകട്ടെ ഈ വക കാര്യങ്ങളിൽ ഒരു തീരുമാനമെടുക്കുന്നതു് മുതലാളി തൊഴിലാളി വിഭാഗങ്ങളുടെ പ്രതിനിധികളും സാങ്കേതിക വിദഗ്ദ്ധന്മാരും അടങ്ങിയ ഒരു ബോർഡിൻെറ ഉപദേശം അനുസരിച്ചായിരിക്കണം പ്രവർത്തിക്കുന്നതും. ഈ വക കാര്യങ്ങളിൽ നിയമനിർമ്മാണം നടത്തുന്നതിനു് ഇൻഡ്യാഗവണ്മെൻറിൻെറ അനുവാദം വേണമെന്നുള്ള പരമാർത്ഥം ഞാൻ വിസ്മരിക്കുന്നില്ല. ഈ ഗവണ്മെൻറ ഉടനെ കേന്ദ്രത്തെ സമീപിച്ച് അനുവാദം വാങ്ങേണ്ടതാണ്. നിയമം ഉണ്ടാക്കുന്നതുകൊണ്ടുമാത്രം പ്രയോജനമില്ല. അതു് കർശനമായി നടപ്പിലാക്കുകയും വേണം. ഇന്നു നിലവിലുള്ള നിയമങ്ങൾ തന്നെ ശരിയായി നടപ്പിലാക്കുന്നില്ലെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. മെറേർണിററി ബെനിഫിററ ആക്ട് എന്നൊരു നിയമം ഇവിടെയുണ്ട്. അതനുസരിച്ചു വനജാ ടെക്സ്റ്റയിൽസിലെ ഒരു സ്ത്രീ തൊഴിലാളി പ്രസവാവധിക്കപേക്ഷിച്ചപ്പോൾ ആ സ്ത്രീയെ ജോലിയിൽനിന്നും ഒഴിവാക്കുകയാണുണ്ടായതു്. ഇതിനെ സംബന്ധിച്ച് ലേബർ ഡിപ്പാർട്ടുമെൻറിൽ ആക്ഷേപം ബോധിപ്പിച്ചെങ്കിലും ഒരു നടപടിയും നടത്തിയിട്ടില്ല. സീതാറാം മില്ലിൽ ഒന്നില

[ശ്രീ. കെ. കരുണാകരൻ]

ധികം അവാർഡുകളുണ്ടായി. നാലും അഞ്ചും കൊല്ലമായിട്ടും അവാർഡുകൾ ഇന്നും മുഴുവനായി നടപ്പിലാക്കിയിട്ടില്ല. അവാർഡു നടപ്പിലാക്കുവാൻ ഒരു പണിമുടക്കു തന്നെ നടത്തി. ഒടുവിൽ ഗവണ്മെന്റു ഇടപെട്ടു ഒത്തുതീർപ്പുണ്ടാക്കി. അതും നടപ്പിലാക്കിയില്ല. ഈ നില തുടരുകയാണെങ്കിൽ എന്താണു് തൊഴിലാളികളുടെ രക്ഷ? സർ, ലേബർ ഡിപ്പാർട്ടുമെന്റു ഈ വക കാര്യങ്ങളിൽ പരാജയപ്പെട്ടിരിക്കുകയാണു്. അവർക്കു് വേണ്ടിടത്തോളം അധികാരമില്ല. ഇന്നത്തെ നില വച്ചുകൊണ്ടു് നോക്കുകയാണെങ്കിൽ ലേബർ കമ്മീഷണരേയും, അസിസ്റ്റന്റു ലേബർ കമ്മീഷണരേയും കഴിച്ചാൽ ലേബർ ഡിപ്പാർട്ടുമെന്റിലെ മററു് ഉദ്യോഗസ്ഥന്മാർക്കു് യാതൊരധികാരവുമില്ല. ലേബർ ആഫീസർക്കു് ഒരു ഫാക്ടറിയിൽ പ്രവേശിക്കുവാനും മുതലാളി തൊഴിലാളി പ്രതിനിധികളുമായി കൂടിയാലോചിക്കുവാനും സാധിക്കുന്നതു് മുതലാളിയുടെ ദയാദാക്ഷിണ്യംകൊണ്ടാണു്. ലേബർ കമ്മീഷണരൊ, അസിസ്റ്റന്റു ലേബർ കമ്മീഷണരൊ തന്നെ എന്തെങ്കിലും ഒത്തുതീർപ്പു വ്യവസ്ഥ ഉണ്ടാക്കിയാൽ, പലപ്പോഴും മുതലാളിമാർ ആ വ്യവസ്ഥ എഴുതിയ കടലാസിലെ മഷി ഉണങ്ങുന്നതിനു മുമ്പു് അവ നിഷേധിക്കും. ഇങ്ങനെ നിയമം ലംഘിച്ചുകൊണ്ടിരിക്കുന്ന മുതലാളിമാരുടെ നേരെ കർശനമായ നടപടി നടത്താതിരിക്കുകമൂലം ലേബർ ഡിപ്പാർട്ടുമെന്റിന്റെ അന്തസ്സുപോലും നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രി ഒരിക്കൽ പറയുകയുണ്ടായി, മുതലാളിമാരെ പ്രാസിക്യൂട്ടുചെയ്യുവാൻ ഈ ഗവണ്മെന്റിനു ഭയമുണ്ടായിട്ടല്ല, നേരെമറിച്ചു് കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോകാനുള്ള ആഗ്രഹംകൊണ്ടാണെന്നും, പ്രോസിക്യൂഷൻകൊണ്ടു മാത്രം തൊഴിലാളികൾക്കു വ്യവസ്ഥയനുസരിച്ചുള്ള ആനുകൂല്യം കിട്ടുകയില്ലെന്നും, തൊഴിലാളികൾക്കു കൂടുതൽ ആനുകൂല്യം കിട്ടുകയാണു് മുതലാളിയെ പ്രോസിക്യൂട്ടുചെയ്യുന്നതിനേക്കാൾ കൂടുതൽ ആവശ്യമെന്നും. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ആത്മാർത്ഥതയെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷെ, തൊഴിലാളികൾക്കു ഗുണമുണ്ടാകാൻവേണ്ടി എന്ന പേരിൽ മുതലാളി നിയമലംഘനം നടത്തുന്നതു് തൊഴിലാളി ഇഷ്ടപ്പെടുന്നില്ല. മുതലാളിമാർക്കു നിയമം ലംഘിക്കുവാനുള്ള വാസന അനുദിനം കൂടിവരികയാണു്. ഇങ്ങനെയുള്ള മുതലാളിമാരെ നിലയ്ക്കുനിറുത്താൻ, കർശനമായി ശിക്ഷണ നടപടി നടത്താൻ ഗവണ്മെന്റു ഉടനെ മുതിരണമെന്നും, അതിൽ തൊഴിലാളി എന്തു ത്യാഗം സഹിച്ചും ഗവണ്മെന്റിന്റെകൂടെ ഉണ്ടാകുമെന്നും ഞാൻ അറിയിച്ചുകൊള്ളട്ടെ. ഇതിലേയ്ക്കായി കഴിയുന്നതും വേഗം ലേബർ ഡിപ്പാർട്ടുമെന്റു ഒരു മേജർ ഡിപ്പാർട്ടുമെന്റായി ഉയർത്തി അവർക്കു കൂടുതൽ അധികാരവും ശമ്പളവും കൊടുക്കണം. മറെറാരുകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു് തൊഴിലില്ലാവേതനത്തെപ്പററിയാണു്. തൊഴിലാളിയുടെ കുററംകൊണ്ടല്ലാതെ ജോലിയില്ലാതാകുന്ന കാലങ്ങളിൽ തൊഴിലില്ലാവേതനം കൊടുപ്പിക്കുന്നതിനു നിയമപ്രകാരം വ്യവസ്ഥചെയ്യണം. നിയമം കൂടാതെ തന്നെ ചില വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലില്ലാ വേതനം കൊടുപ്പിക്കുവാൻ ഇന്നത്തെ ബഹുമാനപ്പെട്ട തൊഴിൽകാര്യ മന്ത്രിക്കു സാധിച്ചിട്ടുണ്ടെന്നുള്ള കാര്യത്തിൽ ഞാൻ അദ്ദേഹത്തെ ആത്മാർത്ഥമായി

അഭിനന്ദിക്കുന്നു. തൊഴിലാളി രംഗത്തിൽ പല പല പുതിയ ആശയങ്ങളും നടപ്പിലാക്കിയിട്ടുള്ള, കഴിവും തന്റേടവും ആത്മാർത്ഥതയുമുള്ള ഒരു തൊഴിൽകാര്യമന്ത്രി നമുക്കുണ്ടെന്നുള്ള ചാരിതാർത്ഥ്യവും ഞങ്ങൾക്കുണ്ട്.

മിനിമം വേജസ്സ് ഏർപ്പെടുത്തുന്നതുകൊണ്ടുമാത്രം തൊഴിലാളികൾക്ക് ജീവിക്കുവാൻ മതിയായ കൂലികിട്ടുന്നില്ല. ഫെയർവേജസ്സ് നടപ്പിലാക്കുവാൻ ആവശ്യമായ നടപടി ഉടനെ സ്വീകരിക്കണം. എന്നാൽ മാത്രമെ ഓരോ തൊഴിലാളിക്കും മര്യാദയായി ജീവിക്കുവാനും, സമാധാനപരമായ അന്തരീക്ഷത്തിൽ രാജ്യത്തിനുവേണ്ടി ഉല്പാദനം വർദ്ധിപ്പിക്കുവാനും സാദ്ധ്യമാകൂ. ഇതിന്റെ പോരായ്മമൂലമാണ് ചില രാഷ്ട്രീയ കക്ഷികൾക്ക് അവരുടെ രാഷ്ട്രീയ നേതൃത്വവും സ്വാർത്ഥവും പുലർത്തുവാൻ തൊഴിലാളികളെ കരുക്കളാക്കുവാൻ സാധിക്കുന്നത്. മറ്റൊരു പ്രധാനകാര്യം പ്രോഫിററ ഷെയറിംഗാണ്. തൊഴിലാളിയും മുതലാളിയും തൊഴിൽശാലയിലെ തുല്യപങ്കാളികളാണെന്ന തത്വം ലോകം അംഗീകരിച്ചു കഴിഞ്ഞതാണ്. ഈ അടിസ്ഥാനത്തിൽ ലാഭം തുല്യമായി പങ്കിടുവാനുള്ള വ്യവസ്ഥ ഉടനെ ഏർപ്പെടുത്തണം. മോട്ടോർ തൊഴിലാളികളുടെ കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ പതിയേണ്ടതായ ചില പ്രത്യേക കാര്യങ്ങളുണ്ട്. മറ്റെല്ലാ തൊഴിലാളികൾക്കും ദിവസം ൮ മണിക്കൂർ ജോലി എന്ന വ്യവസ്ഥയുള്ളപ്പോൾ മോട്ടോർ തൊഴിലാളികൾമാത്രം പത്തും, പന്ത്രണ്ടും, പതിന്നാലും മണിക്കൂർ ജോലി ചെയ്യേണ്ടതായിവരുന്നുണ്ട്. ഇതു തടയണം. അതുപോലെ അവകാശാവധി തുടങ്ങിയ മററ ആനുകൂല്യങ്ങളും അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ആയതു ഉടനെ അനുവദിക്കണം.

തൊഴിൽ കുഴപ്പത്തിൽ പോലീസ് ഇടപെടുന്നുവെന്ന ആക്ഷേപം എതിർപക്ഷം പുറപ്പെടുവിക്കയുണ്ടായി. തൊഴിലാളികളെ രാഷ്ട്രീയാവശ്യത്തിലേയ്ക്കായി ഉപയോഗിക്കുന്നതിനു അക്രമം അഴിച്ചുവിടുമ്പോൾ പോലീസ് ഇടപെടുന്നതു് തടയാൻ സാദ്ധ്യമല്ലെന്നുള്ളതു ശരിയാണ്. അല്ലാത്ത പരിതഃസ്ഥിതിയിൽ പോലീസ് നിഷ്പക്ഷത പാലിക്കണം. ഈ വക എല്ലാ കാര്യങ്ങളിലും അടിയന്തിര ശ്രദ്ധ പതിപ്പിക്കണമെന്നും അങ്ങനെ ചെയ്യുമെന്നും പ്രത്യാശിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

Shri. A. Samraj : Sir, I move ;
to reduce Rs. 39,97,000 for working expenses by Re. 1

நாம் எல்லோரும் இங்கு ஜனநாயகப் பிரதிநிதிகளாகக்கூடியிருக்கிறோம். ஆனால் நான் இந்த பட்ஜெட்டைப் பார்த்த மட்டில் புனிதமாக ஒன்றையும் காணவில்லை. எல்லாம் பழைய பழைய டொகத்தான் இருக்கிறது. நமது நாட்டில் எல்லோரும் வித்தியாசமில்லாது வாழவேண்டும். எல்லோரும் இந்தியராக, மனிதன் மனித உரிமையோடு வாழவேண்டும் என்று அன்று முதல் இன்று வரை நாம் எல்

[Shri A. Samraj]

லோரும் கூக்குரலிடுகிறோம். எனக்கு ஞாபகமிருக்கிறது, இன்று நமது சபாநாயகராக இருக்கும் கனம் கே. பி. நீலகண்டபிள்ளை அவர்கள் உத்தேசம் 26 ஆண்டுகளுக்கு முன்னமேயே சுசீந்திரம் சத்தியாக்கிரகம் நடக்கிற சமயம் "நாம் எல்லோரும் இனிமேல் ஜாதியை ஒருபுறம் மாற்றி வைக்கவேண்டும்; ஆனால் மாத்திரமே நாம் நமது நாட்டில் சுபிக்ஷமாக வாழ முடியும்; இல்லையேல் அவதிக்குள்ளாவோம்" என்றும், "மனிதன், மனித உரிமையோடு எல்லா ரஸ்தாக்களிலும் எல்லா குளங்களிலும் கோவில்களிலும் சமமான அந்தஸ்துடன் போக வேண்டும். அப்போதுதான் நாம் ஒரு இனத்தினராவோம். பின்னால் தொழிலாளர் என்ற ஒரே வர்க்கமாகத்தீருவோம். பின்னர் தொழிலாளியும் முதலாளியும் என்ற ஒரே ஒரு சங்கடம் தான் நம்மில் ஏற்பட்டு வரும். அதுவும் சீக்கிரம் மாறிவிடக்கூடியதே" என்றுசொன்னார், அதே போல் இன்று நாம் எல்லோரும் இந்தியாவில் சுவாதீனராக இருக்கிறோம். ஆனால் சுபிக்ஷமாய் வாழ முடியாத நிலையில் தான் இருக்கிறோம். காரணமென்ன? அன்று, மஹாத்மா காந்தியடிகளைப் பின்பற்றி நடந்த காங்கிரஸ் வாதிகள் காங்கிரஸ் அரசாங்கபீடத்தில் ஏறினதும் ஒரு மாற்றமும் காண்பிக்கவில்லை. தேசஅபிவிருத்திக்காக உத்தியோகஸ்தர்களைப் பார்த்தால் எந்த டிப்பார்ட்மென்டைப் பார்த்தாலும் சரி, 'அந்த அந்த டிப்பார்ட்மென்ட் தலைமைஅதிகாரி ஏதேது ஜாதியோ அந்த அந்த ஜாதிக்காரனுக்கு, இல்லாவிட்டால் தன் குடும்பம், தன் சிநேகிதனது ஆள், அதுவுமில்லாவிட்டால் லஞ்சம் கொடுத்தவர்களுக்கு மாத்திரம் சலுகை காட்டுகிறார்கள். வேறு ஒன்றையும் காணமுடியவில்லை. நானும் காங்கிரஸில் பலகாலம் Dr. M. E. நாயுடு Shri G. ராமச்சந்திரன், Shri ராஜா ஆகியவர்களுடன் உழைத்தவன் தான்; ஆனால் காங்கிரஸ் போர்வையைப் போட்டுக்கொண்டு நயவஞ்சத்தோடும், கள்ளத்தனத்தோடும், சுயநலமிகளாக இருந்து ஏழைகளுக்கு, பாமரர்களுக்கு, விவசாயிகளுக்கு, தொழிலாளிகளுக்கு, வீடில்லாதவர்களுக்கு, பூமியில்லாதவர்களுக்கு இந்த நாட்டில் வறுமையிலாழ்ந்து கஷ்டப்படுகிறவர்களுக்கு ஒருவிதமான உதவியும் செய்ய ஆசையற்றவர்களாயிருப்பதைக் கண்டுதான் இன்று நான் சோஷியலிஸ்ட் கட்சி சார்பில் இங்கு ஓர் மெம்பராக நின்று பேசுகிறேன். கஷ்டத்திலிருக்கும் ஏழை மக்களுக்கு தொழில் கொடுப்பதற்கு, அவர்கள் சுபிக்ஷமாக வாழ்வதற்கு இந்த பட்ஜெட்டில் ஏதாவது புதுமையான மாற்றங்கள் மாற்றப்பட்டிருக்கிறதா? ஏதாவது புனருத்தாரண வேலைகளுக்காக தொகை ஒதுக்கப்பட்டிருக்கிறதா? இல்லை. இல்லவே இல்லை. மஹாத்மா காந்திக்கு நூல் நூற்றல், நெய்தல், காகிதங்கள் செய்தல், பாய் நெய்தல் போன்ற பல குடிசைத் தொழில்களை செய்யவேண்டும், அதற்காக கிராமந்தோறும் சென்று எல்லோரும் உழைக்கவேண்டும் என்றார். ஆனால் அவருடைய உபதேசத்தை கையிலேந்திக்கொண்டு காங்கிரஸ் பெயரைச் சொல்லி கதர்போர்வையை போர்த்திக்கொண்டு இன்று அரசியல் பீடத்தில் ஏறி என்ன செய்தார்கள். முதலில் காந்திய

டிகள் சொன்ன மந்திரமான நூல் நூற்றல், காகிதத்தொழில் இவைகளைத்தான் கை வைத்தார்கள். இதுதானா குருபக்தி? இதுதானா குடிசைத்தொழில் பெருக்குதல்? இன்னும் என் அனுபவத்தில் ஒரு உதாரணம் கூறுகிறேன். ஸர் ஸி. பி. காலத்தில் குடிசைத்தொழில்களில் ஒன்றாகிய பேப்பர் செய்யும் தொழிலை நாடெங்கும் பரத்த வேண்டும் என்ற திட்டத்தை அனுசரித்து எனக்கு அத்தொழிலைப்படிக்கும் சௌகரியத்தையும் தந்து, படித்துவிட்டு நான் வந்த பிறகு, திருவனந்தபுரத்திலேயே உத்தேசம் 2 லட்சம் ரூபாய் வரை செலவு செய்தும், பேப்பர் பாக்டரி ஒன்றை சர்க்கார் ஆரம்பித்தது. அது உத்தேசம் 6 வருஷ காலமாய் நல்லவிதமாக ஜோலி செய்தது. நஷ்டம் இல்லை. லாபம் கூடுதலில்லாவிட்டாலும் நூறுபேருக்கதிகமான நமது நாட்டிலுள்ள ஏழைகளுக்கு வறுமை நீங்கி வாழ ஓர் பிழைப்பாக இருந்தது. இதில் கைவைத்தது, ஜனநாயக சர்க்காராகிய நமது முந்திய காங்கிரஸ் சர்க்கார். அன்றிருந்த டி. கெ. நாராயணபிள்ளை தான் இதற்குக் காரணம். அவரிடம் இதை self supporting basisல் நடத்தலாம், சர்க்கார் செலவு செய்த தொகையைத் திரும்பி நான் தந்துவிடுகிறேன்; ஏழைகள் பலர் இதால் பிழைக்கிறார்கள்; அவர்களை பட்டினிக்காளாக்காதீர் என்றதற்கு, அவர், காங்கிரஸ்காரர், பழைய காரியங்கள் எல்லாம் இருக்கட்டும். இப்போது அது சாத்தியமல்ல என்றார். மந்திரிகளே, போய் பாருங்கள், வாட்டர் ஒர்க்ஸ் காம்பவுண்டிலிருக்கும் கட்டடங்களைத் திறந்து, அங்கு எத்தனை எத்தனை ஆயிரம் ரூபாய் சாமான்கள் நஷ்டமடைகிறது. எவ்வளவு chemicals எத்தனை machines சும்மா கிடக்கிறது என்று. இதெல்லாம் நஷ்டமா? இல்லையா? இந்தப்படி காங்கிரஸ்மந்திரிசபை நடந்து வருகிறது. நேற்று நடந்தது போகட்டும். இன்று நடப்பதென்ன? இந்த பட்ஜெட்டில் ஏழைகளின் தொழிலில்லாமையைப்போக்குவ தற்கு இந்த ஜனநாயகசர்க்கார் ஏதாவது புனருத்தாரணம் கொண்டு வந்திருக்கிறதா? இல்லை. இங்கு மந்திரி இருந்துகொண்டு பட்ஜெட்டு வரட்டும் என்று எழுதுகிறார் செக்ரட்டரிக்கு. செக்ரட்டரி அந்தந்த டிப்பார்ட்மென்றுக்கு அனுப்புகிறார். அங்கு, கிளார்க்கு தோன்றினது போல் பழைய ஜோலியாக பத்து வருஷத்திற்கு முன்னுள்ள பட்ஜெட் காப்பி ஒன்றை திரும்பத் திரும்பவும் எழுதி டிப்பார்ட் மென்று முகாந்திரம் வருகிறது. பழைய institutions தான் திரும்பவும் செலவு கொடுக்கபடுகிறது. மந்திரிகள் சபையில் கொண்டு வருகிறார்கள். பட்ஜெட்டைப் பாஸாக்க நாம் எல்லோரும் கையை உயர்த்துகிறோம். பாஸாகிறது. நடக்கிறதென்ன—ஏழைகளுக்கு, தொழிலாளிகளுக்கு பாமரர்களுக்கு பிழைக்க மார்க்கமில்லை. இவைகளைச்செய்வதற்கு கமிட்டிகள் உண்டா? கிடையாது. ஆகவே இனிமேலாவது காங்கிரஸ் போர்வையில் ஏமாற்றாமல் ஜனங்கள் சுபிக்ஷமாக வாழ வகை தேட வேண்டுகிறேன். இனிமேலும் ஏமாற்றமாட்டார்கள் என்று நம்புகிறேன். ஆகவே இந்த பட்ஜெட்டில் பாஸாக்கப்படுகிற தொகைகளை lapse ஆக்காமல் தொழிலாளிகளுக்கு பிரயோஜனகரமாகத் திரும்படி நடத்தவும் கேட்டுக்கொள்கிறேன்.

ஸ்ரீ. என். ஏ. நூர்முஹம்மது: ஸர், எனது தோழர் ஸ்ரீ. டி. எஸ். ராமஸ்வாமிபிள்ளை அவர்களைத்தொடர்ந்து தென்-திருவிதாங்கூரிலுள்ள தொழில் நிலைமைப் பற்றி ஒரு சில வார்த்தைகள் கூற விரும்புகிறேன். தென்-திருவிதாங்கூரில் மூன்று தொழில் சாலைகள் இருந்தன. Distillery நாகர்கோவிலிலிருந்து மாற்றப்பட்டது. தக்கலையிலுள்ள பஞ்சாரைக்கம்பெனி மூடப்பட்டது. மணவாளக்குறிச்சியிலுள்ள மணல் கம்பெனிகள் மூடப்பட்டிருக்கின்றன. இப்பொழுது டி. எம். ஸி. வேலை துவக்கியிருக்கிறது. ஆனால் அங்கு ஒரு ஷிப்ட்தான் வேலை செய்கிறது, நாலு ஷிப்ட் வேலை செய்ய சௌகரியம் இருக்கிறது. அவ்விதம் வேலை செய்வதானால் பல நூற்றுக்கணக்கான மக்களுக்கு வேலை கொடுக்க முடியும். அதைச்செய்ய அரசாங்கம் முற்படாதது வருந்தத்தக்கதாகும். மணவாளக்குறிச்சியில் இன்னுமொரு கம்பெனி உண்டு. அது Hopkin and Williams Ltd. மணவாளக்குறிச்சியில் Zircon இல்மினைட், மானசைட் ஆகிய மணல்கள் கிடைக்கும். Zircon யையும் இல்மினைட்டையும் விட்டுவிட்டாலும், மாணஸைட்டின் காரியத்தில் அரசாங்கம் அக்கரை செலுத்த வேண்டும். மாணஸைட்டிலிருந்து thorium உண்டாக்கப்படுகிறது. thorium த்திலிருத்து atomic energy உற்பத்திசெய்யப்படுகிறது. இந்த முக்கியத்துவம் வாய்ந்த மாணஸைட்டுக்கு டன்னுக்கு 100 பவுன் விலை கிடைக்கிறது. இப்பொழுது மணவாளக்குறிச்சியில் ஒரு லட்சம் டன் மாணஸைட் இருப்பதாகக் கணக்கெடுக்கப்படுகிறது. ஆகவே ஒரு லட்சம் டன்னுக்கு ஒரு கோடி பவுன் கிடைக்கும். அதாவது 13 கோடி ரூபாய் கிடைக்கும். இவ்வளவு பெரிய தொகை விலை பெறும் மாணஸைட்டை ஒன்றும் செய்யாது அரசாங்கம் குவித்துவைத்து காத்திருக்கிறார்கள். மத்திய அரசாங்கம் மானஸைட்டை வெளியே அனுப்பக்கூடாது என்று சட்டம் இட்டு இருக்கிறார்கள். இந்தச் சட்டம் நமது சமஸ்தானத்துக்கும் இந்திய தேசத்திற்கும் ஹானிகரமானது என்று சொல்லாமலிருக்க முடியாது. இந்தியாவுக்கு, இந்த மணலைப் பொறுத்தவரையில் ஒரு monopoly இருக்கிறது என்று சொல்லிக்கொள்கிறோம். ஆனால் இந்தியாவிலிருந்து இந்த மணல் கிடைக்காத காரணத்தினால் Hopkin and Williams Co. யும், Ceylon அரசாங்கமும் Ceylon-ல் இந்த மணல் கிடைக்குமா என்று பரிசோதித்துப் பார்த்து அங்கு இப்பொழுது கண்டுபிடித்திருக்கிறார்கள். இன்னும் வேறு தேசங்களிலும் மாணஸைட் இருப்பதாகக் கேள்வி. இவைகளெல்லாம் கண்டுபிடிக்கப்பட்டால், நம் மணலுக்கு விலையில்லாது போய் விடும். நாமும் உபயோகிக்காமல், உபயோகிப்பவர்களுக்கும் விலைக்குக்கொடுக்காமல் 13 கோடி ரூபாய் விலை பெறும் மாணஸைட் மணலை மண்ணோடுமண்ணாக வைத்திருக்கும் நமது அரசாங்கத்தின் போக்கை யாரும் கண்டிக்காமல் இருக்க முடியாது. நமது சமஸ்தானத்தில் எத்தனை எத்தனையோ ஆக்கவேலைகள் செய்யவேண்டியதிருக்கின்றன. பணம் இல்லாத காரணத்தினால் அவைகளை நிறைவேற்ற முடியாத நிலையிலிருக்கிறோம். ஆகவே நமது அரசாங்கம் மத்திய அரசாங்கத்தோடு

போரிட்டு இந்த மணலை வெளிநாடுகளுக்கு அனுப்ப உடனடி ஏற்பாடு செய்யவேண்டும். நமது அரசாங்கத்தின் போக்கு நாட்டுக்கு நலந்தருவதல்ல என்று நம் நாட்டவரல்ல, Newyork ல் உள்ள Dupond and Coy., உடைய Directors கூட கூறுகிறார்கள். மணல் ஏற்றுமதி ஏனைய Mining Industry யைப்போலல்ல. ஏனைய Industry யில் கிடைக்கும் சாதனம் தீர்ந்துபோகும். ஆனால் இந்த மணலைப் பொறுத்தவரையில் எடுக்க எடுக்க குறையாது. கடல் மணல் கொழித்துக் கொண்டே இருக்கிறது. ஆகவே பொன்கொழிக்கும் இந்த மணலை நாட்டின் தொழில் அபிவிருத்திக்கு வேண்டிய பணம் சேகரிக்கும் நோக்கத்தோடு அன்னிய நாட்டுக்கு விற்று, அந்த முதல் கொண்டு நமது தொழிலைப்பெருக்க நமது அரசாங்கம் முற்படவேண்டும். அதற்காக நமது அரசாங்கம் மத்திய அரசாங்கத்தோடு போரிட்டு வேண்டுவன உடனேயே செய்யக் கோருகிறேன். நமது நாட்டுக் கடலோரங்களில் மீன்பிடித்தொழிலில் ஈடுபட்டிருக்கும் தொழிலாளர்களின் கஷ்ட நிலைமையைப் போல் வேறு எங்கும் பார்க்க முடியாது. நமது நாட்டில் நல்ல மீன்கள் ஏராளமாகக் கிடைக்கிறது. கன்னியாகுமரியில் Cape Hotel–க்கோ, Guest House-க்கோ போகாதவர்கள் இந்தச்சபையில் இருக்கமாட்டார்கள். அங்கு கிடைக்கும் மீனினுடைய ருசியை நினைத்தால் அங்கு மீண்டும் போகவேண்டுமென்று தோன்றுமலிருக்க முடியாது. நமது கடலில் தாராளமாக மீன்கள் உண்டு. அதைப்பிடித்து நம் மக்களுக்குக் கிடைக்கச் செய்யவேண்டும். இதற்காக England-க்கோ America-வுக்கோ செல்ல வேண்டியதில்லை. Japan ல் இருந்து அநேகம் நிபுணர்களை இந்தியா வருத்தி இருப்பதாகக் கேள்வி. அதிலிருந்து யாரையேனும் வருத்தி Deep-sea fishing தொழிலை அபிவிருத்தி செய்வது மிகவும் அவசியமாகும். மீன் பிடித்தொழிலை அபிவிருத்தி செய்வதோடு அன்று பிடித்த மீனை எந்த விலையானாலும் அன்றே விற்று நஷ்டப்படாது சௌகரியமாக விற்று லாபம் சம்பாதிக்கக் கூடிய வழியில் cold storage ஏற்படுத்துவது மிகவும் அவசியமேயாகும். ஒரு நாள் பிடித்த மீன் அன்று விற்கப்படாமலிருந்தால் அது நொந்து விடும். பின்னர் அதை கருவாடாக்க வேண்டும். ஆனால் தகுந்த cold storage முறையை நடைமுறைக்குக் கொண்டு வந்தால் ஒரு மாதம் வரை பச்சமீனாகவே வைப்பதற்கு முடியும். அதனால் பொது மக்களுக்கும், மீன்பிடித் தொழிலில் ஈடுபட்டிருக்கும் தொழிலாளிகளுக்கும் பெரிய பிரயோஜனம் உண்டாகும் என்று கூறத்தேவையில்லை. இதோடு கூட Marketing–க்கும் வேண்டிய சௌகரியம் செய்வதும் அவசியமாகும். நமது சமஸ்தானத்தில் கன்னியாகுமரி, பூவார், குளச்சல் முதலிய இடங்களில் fish-curing yards திறக்கப்பட்டிருக்கின்றன. அங்கு உத்தியோகஸ்தர்களும் நியமிக்கப்பட்டிருக்கிறார்கள். ஒரு மாதத்திற்கு முன் கன்னியாகுமரியில் வைத்து Chief Secretary அவர்களை சந்தித்துப் பேசிக்கொண்டிருந்தேன். அப்போது கன்னியாகுமரியில் உள்ள fish-curing yard-ல் உள்ள உத்தியோகஸ்தர் வந்தார். தங்களுக்கு வேலை என்ன என்று கேட்டபோது தனக்கு ஒருவேலையும் இல்லை என்றும் தனக்கு சமயம் போவதே கஷ்டமாக

[ஸ்ரீ. என். எ. நூர்முஹம்மது]

இருக்கிறது என்றும் கூறினார். இதுபோல நமது சமஸ்தானத்தில் ஒரு fish curing yard அல்ல; உத்தேசம் 12 yard கள் இருப்பதாக க்கேள்வி. யாதொரு வேலையும் இல்லாமல் உத்தியோகஸ்தர்களை நிய மித்து, பொது மக்களுக்கு பிரயோஜனமில்லாத fish curing yard களை பல்லாயிரக்கணக்கில் செலவு செய்து கட்டி நடத்துவதென்றால், அது பணத்திற்குத் திண்டாடும் சமஸ்தானத்திற்கு ஏற்றதா என்று இந்த சபை அங்கத்தினர்களோடு யோசிக்க வேண்டிக்கொள்கிறேன்.

தென் திருவிதாங்கூரிலுள்ள pottery அல்லது பானை அல்லது மண் பாத்திர உற்பத்தியைப் பற்றி ஒரு வார்த்தை. தென் திருவி தாங்கூரில் நல்ல களிமண் கிடைக்கிறது. கோட்டாறில் செய்யப் படும் பானைகளுக்கு திருவனந்தபுரம், கொல்லம் முதலிய இடங்களில் நல்ல செலவு இருக்கிறது. மேற்கே கிடைக்கும் பானைகள் அவ்வளவு நல்லதல்ல என்றும், நீடித்த காலம் உபயோகிக்க முடியவில்லை என்றும், ஆகவே தான் கோட்டாற்று மண் பாத்திரங்களுக்கு அவ்வ ளவு கிராக்கி என்றும் மேற்கே உள்ள வியாபாரிகளே கூறுகிறார்கள். நாகர்கோவிலுக்கு ப்போவதென்றால் வழியிலே எத்தனை எத்தனையோ லாறிகள் மேற்கே பானைகள் கொண்டுவருவதைப் பார்க்க முடியும். ஆனால் இந்த குடிசைக்கைத்தொழில் மிகவும் மோசமான நிலையில் இருக்கிறது. அதை நல்ல ரீதியில் புனரமைப்பதற்கு வேண்டி Co-operative Society களை ஏற்படுத்தி பணவசதியும், போக்குவர த்துவசதியும் செய்வதென்றால் தென் திருவிதாங்கூரிலுள்ள பெரு வாரியான மக்களுக்கு பெரும் பயன் உண்டாகும் என்பதற்கு ஐயமில்லை. இதோடு கூட tile factory-கள் தொடங்குவதற்கும் உள்ள வசதிகள் இல்லாமலில்லை. இதற்கு வேண்டிய ஆக்கவேலை களில் நம் அரசாங்கம் முனைவது மிகவும் அவசியம் என்று வற்புறு த்திக்கொள்கிறேன்.

மதுவிலக்கு அமுலுக்குக்கொண்டு வந்ததோடு ஆயிரக்கணக்கான பனைமரத் தொழிலாளர்களுக்கு வேலை இல்லாது ஆகிவிட்டது. அவர்களது நிலைமையை நினைத்தால் நெஞ்சுருகும் என்று கூறுவது மிகையாகாது. கருப்புக்கட்டி உற்பத்தியில் ஈடுபடக்கூடியவர்கள் பரம்பரையான பழைய முறைகளையே கையாளுகிறார்கள். அவர்க ளுக்கு நவீனமுறைகளைப்போதித்து, அவரது கைத்தொழில் முன் னேறுவதற்கான எல்லா ஏற்பாடுகளும் உடனடியாக செய்தாக வேண்டும்.

ஸர், நாம் ஒரு Cottage Industries Enquiry Committee என்ற ஒரு கமிட்டியை ஏற்படுத்தினோம். பலகாலம் நீடித்த உழை ப்பின் காரணமாக ஒரு report-யை அந்த கமிட்டி சமர்ப்பித்திருக்கி றது. அதனை நாட்டு மக்களுக்கு பலன் தரும் முறையில் அமுல் நடத்த வேண்டும். Sargent என்ற பெரியார் தான் எழுதிய கல்வி சம்பந்த மான ஒரு report-ல் இந்தியர்களைப் பற்றிக் கூறும்போது கூறுகிறார்,

"இந்தியர்களுக்கு ஒரு சுகக்கேடு உண்டு. எதை எடுத்தாலும் ஒரு கமிட்டியை ஏற்படுத்துவது; ஒரு report-யை தயாரிப்பது. பின்னர் அதனை அமுல் நடத்தாது அலமாரியில் வைத்துப் பூட்டிவைப்பது; அந்த report-யை பூச்சிகளுக்கும், புழுக்களுக்கும் இரையாக்குவது" பல்லாயிரக்கணக்கான பணம் செலவு செய்து தயாரித்த இந்த் report-யை வெறும் பூச்சிகளுக்கும், புழுக்களுக்கும் இரையாக்காது வறுமையில் குமுளிவிட்டு வாடிவதங்கும் பல்லாயிரக்கணக்கான மக்களுக்கு ஒரு வேளை உணவேனும் அளிக்கும் முறையில் இந்த report அமுல் நடத்தப்படுமென்றால் இதுதான் நமது அரசாங்கம் நம் நாட்டு மக்களுக்குச் செய்யும் பெரும் சேவையாகும். அவ்விதம் செய்ய நம் அரசாங்கம் தயங்காது என்று கருதுகிறேன்.

Shri. A. Thanu Pillai : I want a suggestion to be made before this House. We find from the budget that an amount of one crore and 81 lakhs of rupees is to be spent this year on account of industries. That is leaving out the amount covered by the Supplementary Demand. Under 'Capital Outlay on Industrial Development' an amount of Rs. 1,07,00,000 is provided. Under Demand No. XXV-Industries, Rs. 74,65,000 odd, Sir, I ask on whose advice do they spend all these money? Have they got an Industries Adviser or Industrial Board to advise on these matters? Sir the fact is that out of this, Rs. 1,81,00,000 an amount of only 5 lakhs comes under the jurisdiction of the Industries Director. All the other amounts are spent directly by Government without any advice or recommendation from any officer, any adviser or any agency. Is it not an anomalous state of affairs, I ask.

Sir, in the Demand that we disposed of, we find for loans, an amount of 67 lakhs of rupees provided. Of course the hon. Minister may say a board is to be constituted. The hon. Minister told us that already 12½ lakhs is to be loaned to Sri Chitra Mills. That is decided. The history of Travancore Industrial policy is as follows. Formerly there was an Industries Department dealing with all matters connected with industries. During Sir C. P. Ramaswamy Iyer's time he made a deviation. He started many industries. All those big industries were taken outside the purview of the Director and he had only to look after the cottage industries and schools, and the like. Large amounts were invested and somehow they were handled by the Government themselves, directly. But there was a very experienced officer of the State to give advice. I may mention his name. Sri K. P. P. Menon was appointed as Liaison officer. He is experienced in scientific works. He was then the Chief Electrical Engineer. So he was entrusted with the duty of going into the applications connected with industrial matters, making recommendations to Government. He retired from service here and went over to the Government of India service. He was succeeded by Mr. Kumara Das. He was also a chemist and a minerologist. He put in many years of service. It was

[Shri A. Thanu Pillai]

on their recommendations that these big loans and industrial undertakings were made. I ask, who is here to advise Government now? If some industrial concern makes an application it straightaway applies to Government, *i. e.*, to the clerk, the Secretary and to the Minister. Formerly those things were done under the advice of competent persons. But now they are doing these things without any advice. The Industries Director has only to deal with 5 lakhs out of 181 lakhs. Can we allow this state of affairs to continue? After all the Secretary and the Minister are the only persons to deal with such big enterprises. Who are they? Then why do we have a Director of Public Instruction, a Chief Engineer, a Surgeon General? Similarly we want a competent officer for industries also. He must be a man well qualified. He should have the requisite knowledge of science, of how things are done in an industry etc. Such a competent officer we want. We should put a stop to this kind of dealing on large finances. That is the suggestion that I have to place before the House.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള ഡിമാൻഡിൽ പല വിഷയങ്ങളെപ്പററിയും ബഹുമാനപ്പെട്ട മെംബറന്മാർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ശ്രീ. രാമസ്വാമി പലകാര്യങ്ങളും പറഞ്ഞകൂട്ടത്തിൽ ഗവണ്മെൻറിൻെറ വ്യവസായങ്ങൾ ഒരു പബ്ലിക്ക് കാർപ്പറേഷനെ ഏല്പിക്കുന്നതു് കുറേക്കൂടി പ്രയോജനകരമായിരിക്കുമെന്നു പറയുകയുണ്ടായി. ഞാൻ അക്കാര്യത്തെപ്പററി ഒരു വാദപ്രതിവാദത്തിൽ പ്രവേശിക്കാൻ ഒരുമ്പെടുന്നില്ല. ഈ പബ്ലിക്ക് കാർപ്പറേഷൻ കാര്യം പൊന്തിവന്നതു് അടുത്തകാലത്തു് ബ്രിട്ടനിൽ ലേബർ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷമാണു്. ബ്രിട്ടനിൽ അനേകം വ്യവസായങ്ങൾ സ്വകാര്യഉടമകൾ നടത്തിയിരുന്നു. സ്വകാര്യഉടമകൾ, അങ്ങനെ നടത്തുന്നതു തെററാണെന്നും അതു് സ്റ്റേററിൻെറ വകയാക്കണമെന്നുമുള്ള അഭിപ്രായം ലേബർ പാർട്ടിക്കുണ്ടായിരുന്നു. എന്നാൽ സ്റ്റേററിൻെറ വകയാക്കി ഒരു ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറിൻെറ ആധിമുഖ്യത്തിൽ നടത്തുന്നതിനെക്കാൾ നല്ലതു് മിക്കവാറും ഒരു Compromise എന്ന നിലയിൽ നിലവിലുണ്ടായിരുന്ന ഒരു മാർഗ്ഗത്തിൽ നിന്നു തീരെ വിട്ടുമാറി പോകാതിരിക്കുന്നതിനു പബ്ലിക്ക് കാർപ്പറേഷൻ ബ്രിട്ടനിൽ കൊണ്ടുവന്നു എന്നാണു ഞാൻ അറിയുന്നതു്. അതു പരിപൂർണ്ണമായ വിജയമാണോ എന്നുള്ളതിനെപ്പററി വളരെ അധികം വാദപ്രതിവാദങ്ങൾ ഉണ്ടു്. ഞാൻ അതു തെററാണെന്നു പറയുകയല്ല ചെയ്യുന്നതു്. അതു ഫണ്ടമെൻറലായി വേണമെന്ന ഇൻഡ്യയിൽ വളരെക്കാലമായി റയിൽവേ ഒരു നാഷണൽ പ്രോപ്പർട്ടിയായിട്ടുണ്ടിരിക്കുന്നതു്. അതിൻെറ മാനേജുമെൻറ് ഒരു മിനിസ്ട്രിയാണു്. ഏതായാലും ബഹുമാനപ്പെട്ട മെംബർ പറഞ്ഞ അഭിപ്രായം ഓർമ്മയിൽ വയ്ക്കാം.

കാസ്റ്റിക്ക് സോഡാ പ്ലാൻറ്, സോഡിയം ക്ലോറൈഡ് ഉണ്ടാക്കുന്ന സ്ഥലത്തുനിന്നും വളരെ ദൂരെ കൊണ്ടുപോയി സ്ഥാപിച്ചിരിക്കുന്നതു വളരെ അബദ്ധമാണെന്നു്. അദ്ദേഹം പറയുകയുണ്ടായി. നേരേമറിച്ചു്

സോഡിയം ക്ലോറൈഡ് ഉണ്ടാക്കുന്ന സ്ഥലത്തു കാസ്ററിക്ക് സോഡാ പ്ലാൻറ് വച്ചിരുന്നുവെങ്കിൽ അതിലുണ്ടാകുന്ന ബൈപ്രോഡക്ട്കൾ വളരെ ദൂരെ കൊണ്ടുപോകേണ്ടിവരുമായിരുന്നു. ആ ബൈപ്രോഡക്ടുകൾ Consume ചെയ്യുന്നതു പെരുമ്പാവൂരുള്ള റയൺസും, എഫ്. എ. സി. ററിയുമാണ്. അതുകൊണ്ടാണ് ആലുവായിൽ അതു സ്ഥാപിക്കാൻ തീരുമാനിച്ചതു്.

ബഹുമാനപ്പെട്ട മെംബർ ശ്രീ. അച്യുതമേനോൻ ശ്രീ കേരളവർമ്മ ആയുർവ്വേദഫാർമസിയെപ്പററി പറയുകയുണ്ടായി. അതിനൊരു മറുപടി പറയുന്നതിനു തൽക്കാലം എൻെറ കൈവശം വിവരങ്ങളില്ല. അതു മെഡിക്കൽ ഡിബേററ് വരുമ്പോൾ മറുപടി പറയാമെന്നുള്ളതാണ്.

ശ്രീ. എ. താണുപിള്ള : ആ ഫാർമസിയിലെ സൂപ്രണ്ടിന് വൈദ്യവുമായി ബന്ധമില്ലെന്നു പറഞ്ഞതു ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ. അതൊരു കമേർഷ്യൽ കൺസേൺ ആണ്. അതിനെപ്പററിയുള്ള വിവരങ്ങൾ മെഡിക്കൽ ഡിമാൻറിന് മറുപടി പറയുമ്പോൾ നൽകാൻ ശ്രമിക്കാം.

ശ്രീ. ഭാസ്കരൻനായരുടെ പ്രസംഗത്തിനു മുമ്പു പറഞ്ഞതിൽ കൂടുതലായി എനിക്കൊന്നും പറയാനില്ല.

ബഹുമാനപ്പെട്ട മാവേലിക്കര മെംബർ ശ്രീ. ചെല്ലപ്പൻപിള്ള കുടിൽവ്യവസായങ്ങളെപ്പററി പറയുകയുണ്ടായി. ശ്രീ. സാംരാജും, ശ്രീ. നൂർമഹമ്മദുംകൂടി അതേകാര്യത്തെപ്പററി ഇവിടെ പറഞ്ഞു. കുടിൽവ്യവസായത്തിനുവേണ്ടി ൧൭ ലക്ഷം രൂപാ സപ്ലിമെൻററി ഡിമാൻറായി ആവശ്യപ്പെടുന്നുണ്ട്. സപ്ലിമെൻററി ഡിമാൻഡും ഒറിജിനൽ ഡിമാൻഡും കൂടിയുള്ളതാണു ശരിയായ ബഡ്ജററ്. കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കുന്നതിനു കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിൻെറ അഭിപ്രായങ്ങളും ഉപദേശകളും കൂടി മനസ്സിൽ വച്ചുകൊണ്ടു പ്രവർത്തിക്കണമെന്നു വിചാരിച്ചാണ് ഈ സംഖ്യ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു്.

ശ്രീ. മൊറയീസ് മത്സ്യവ്യവസായത്തെപ്പററിയും ചക്കര വ്യവസായത്തെപ്പററിയും പ്രസ്താവിക്കയുണ്ടായി. മത്സ്യവ്യവസായത്തെപ്പററി ഫിഷറീസിൻെറകാര്യം വരുമ്പോൾ പറയുന്നതായിരിക്കും നല്ലതു്. ഒന്നു നോക്കുമ്പോൾ എല്ലാം ഇൻഡസ്ട്രീസ് ആണ്. ചക്കരവ്യവസായത്തെ പോഷിപ്പിക്കുന്നതിനു കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിന് വ്യക്തമായ ഒരു പരിപാടിയുണ്ട്. ആ പരിപാടിയനുസരിച്ചു കുടിൽവ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനാണു സംഖ്യ കൊള്ളിച്ചിട്ടുള്ളതു്.

ചിറയിൻകീഴ് മെംബർ ശ്രീ. ഗംഗാധരൻെറ പ്രസംഗത്തിനു എനിക്ക് ഇപ്പോൾ ഒന്നും പറയാനില്ല. അദ്ദേഹം മുൻപു പറഞ്ഞിട്ടുള്ളതു് ആവർത്തിക്കയാണു ചെയ്തിട്ടുള്ളതു്. മറുപടി പറയുമ്പോൾ ഞാനും മുമ്പു പറഞ്ഞിട്ടുള്ളതു് ആവർത്തിക്കേണ്ടതായി വരും. അങ്ങനെ ആവർത്തിക്കേണ്ട ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

വിയ്യൂർ മെംബർ ശ്രീ. കരുണാകരൻ രണ്ടു കാര്യങ്ങൾ ഇവിടെ പറഞ്ഞതിനെക്കുറിച്ചു സ്പർശിക്കേണ്ടതുണ്ട്. ഒന്നാമതായി പറഞ്ഞതു മാനേ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ജിംഗ് ഏജൻസിക്കാര്യമാണ്, മറെറാന്ന സീതാറാംമിൽ കാര്യവുമാണ്. പത്തുപതിനഞ്ചു കൊല്ലങ്ങൾക്കമുമ്പ് ശ്രീ. എൻ. എൻ. സക്കാർ അഭിപ്രായപ്പെട്ടതനുസരിച്ച് കേന്ദ്രനിയമസഭയിൽ മാനേജിംഗ് ഏജൻസിയുടെ കാലാവധിയും മററും സാരമായി നിയന്ത്രിക്കുന്നതിന്ന് ഇൻഡ്യൻ കമ്പനീസ് ആക്ട് ഭേദഗതിചെയ്യുകയുണ്ടായി. ആ ഭേദഗതികൊണ്ടു വേണ്ടിടത്തോളം കാര്യമുണ്ടായോ എന്നുള്ളതു സംശയമാണ്. മാനേജിംഗ് ഏജൻസി വരുന്നതുകൊണ്ടു് ഇപ്പോൾ ഏതൊരു കമ്പനിയുടെ ബാലൻസ് ഷീറെറടുത്തു നോക്കിയാലും ഉൽപ്പാദനം എത്ര മോശമായാലും കമ്പനികൾ എത്ര തകരാറിലായാലും മാനേജിംഗ് ഏജൻസികൾക്ക പ്രതിഫലം കിട്ടുന്നുണ്ടു് എന്നു കാണാം. നമ്മുടെ പല വ്യവസായങ്ങളുടേയും മാനേജിംഗ് ഏജൻസികൾക്ക് ലാഭമാണുള്ളതു്. പിന്നെ അടുത്തതായി കിട്ടുന്നതു തൊഴിലാളികൾക്കുള്ള കൂലിയാണ്. മാനേജിംഗ് ഏജൻസികളുടെ പ്രതിഫലവും തൊഴിലാളികളുടെ കൂലിയും കഴിഞ്ഞാൽ പിന്നെ പാവപ്പെട്ട ഷെയറെടുത്തിട്ടുള്ള ആളുകളാണ കഷ്ടത്തിലാകുന്നതു്. നിർഭാഗ്യവശാൽ ഇന്നത്തെ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൻെറ സ്ഥിതി ഇപ്പറഞ്ഞ മൂന്നാമത്തെ കൂട്ടത്തിലാണ്. ഷെയർ ഹോൾഡേഴ്സിൽ ഡയറക്ടരാകാൻ ഭാഗ്യമുള്ള ആളുകൾക്ക് ബോർഡുമീററിങ്ങിനുള്ള സിററിംഗ് ഫീ കിട്ടുന്നതുകൊണ്ടു മുതൽമുടക്കിൻെറ പലിശ കിട്ടി എന്നു വരും. ഇങ്ങനെ ഇന്നത്തെ ബിസിനസ് ആർഗനൈസേഷനിൽ ഒരു കുററം കാണുന്നുണ്ടു്. കുററങ്ങളില്ലാതെ എങ്ങനെ സംഘടിപ്പാൻ കഴിയുമെന്നു തീർച്ചയായും ആലോചിക്കാം. ഞാൻ ഇത്രയും പറഞ്ഞതു ഏതെങ്കിലും ഒരു മാനേജിംഗ് ഏജൻസിയെ ഉള്ളിൽ വച്ചുകൊണ്ടല്ല. സാമാന്യതത്വം പറഞ്ഞു എന്നേയുള്ളു. സീതാറാം മില്ലിനെ സംബന്ധിച്ച് പല ഷെയർ ഹോൾഡേഴ്സും ആവശ്യപ്പെട്ടതനുസരിച്ച് വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ശ്രീ. താണുപിള്ള ചില കാര്യങ്ങൾ ഇവിടെ ഉന്നയിക്കയുണ്ടായി. അതിന് മറുപടിയായി എനിക്ക പറയാനുള്ളതു് ഇവിടെ ഒരു ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറും ഒരു ഇൻഡസ്ട്രീസ് ഡയറക്ടരും ഉണ്ടെന്നാണ്. ആ ഇൻഡസ്ട്രീസ് ഡയറക്ടർ വളരെയധികം സാങ്കേതികപരിജ്ഞാനം സിദ്ധിച്ചിട്ടുള്ള ഒരാളാണ്. അദ്ദേഹത്തിന് ഈ ജോലി നിർവഹിക്കുന്നതിനുള്ള പ്രാപ്തിയും ഉണ്ടു്. അദ്ദേഹത്തിൻെറ ഉപദേശംകൂടി സ്വീകരിച്ചാണ് ആ വക കാര്യങ്ങൾ പ്രവർത്തിക്കുന്നതു്. ഇപ്പോഴത്തെ ഡയറക്ടർ ശ്രീ. പി. വി. നായരാണ്. ഡയറക്ടർബോർഡിൽ ചിലതിൽ ഫിനാൻഷ്യൽ സെക്രട്ടറിയും ചിലതിൽ ചീഫ് സെക്രട്ടറിയും ഗവണ്മെൻറിനെ പ്രതിനിധീകരിച്ചിട്ടുണ്ടു്. ഏതെങ്കിലും ഒരു വ്യവസായസ്ഥാപനം കടം കിട്ടാനായി അപേക്ഷിച്ചാൽ ഉടനെ ഒരു ഗുമസ്ഥൻ അതിന്മേലെഴുതി സിക്രട്ടറിമുഖാന്തിരം കൊടുക്കാൻ പറയുമെന്ന് സ്വല്പം അതിശയോക്തിയോടുകൂടിയാണെങ്കിലും ശ്രീ. താണുപിള്ള പറഞ്ഞതു് ശരിയല്ല.

ശ്രീ. എ. താണുപിള്ള: എന്നു ഞാൻ പറഞ്ഞില്ല. സെക്രട്ടറിയെററമാത്രം അതു ഡീൽ ചെയ്യുന്നു എന്നാണ് പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല. വ്യവസായത്തിൻെറ ഗുണത്തേയും ഗവണ്മെൻറ നിക്ഷേപിക്കുന്ന പണത്തിൻെറ

സുരക്ഷിതത്വത്തെയും ഇൻഡസ്ട്രിയൽ ഡയറക്ടറോടും, സെക്രട്ടറിയേററിനോടും ആലോചിച്ചല്ലാതെ ചെയ്യുന്ന പതിവില്ല.

ശ്രീ. എ. താണുപിള്ള : ഇൻഡസ്ട്രി സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിനോട് ആലോചിച്ചാണോ ചെയ്യുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ തന്നെയാണ്. പ്രത്യേകമായി മാററിവയ്ക്കപ്പെട്ട വിഷയം ഒന്നുമില്ല.

ഈ ബഡ്ജററിൽ കുറെ സംഖ്യകൾ കൊള്ളിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതൊക്കെ ഇതിനു മുമ്പു തീരുമാനങ്ങൾ ചെയ്തിട്ടുള്ള കാര്യങ്ങൾക്കാണ്. ഈ വക കാര്യങ്ങളിൽ ഗവണ്മെൻറിനു് നാട്ടുകാരുടേയും ഗവണ്മെൻറിൻേറയും പണം രക്ഷിക്കുന്നതിനും വ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനും അങ്ങനെ വ്യവസായം പോഷിപ്പിച്ചു് നാട്ടിലെ സമൃദ്ധിയെ നിലനിറുത്തുന്നതിനും തികഞ്ഞ ശ്രദ്ധയും വ്യഗ്രതയും ഉണ്ടെന്നു് ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. ചരിത്രപരമായ ചില കാരണങ്ങൾ കൊണ്ടു നമ്മുടെ ചില വ്യവസായങ്ങളിൽ ചിലതു് വേണ്ടിടത്തോളം ഫലങ്ങൾ നൽകിയിട്ടില്ലെങ്കിൽതന്നെ അതുമാത്രമുള്ളിൽ വച്ചുകൊണ്ടു് ഗവണ്മെൻറിൻെറ വ്യവസായ നയത്തെയോ വ്യവസായ ഡിപ്പാർട്ടുമെൻറിനേയോ ആക്ഷേപിക്കുന്നതു ശരിയായിരിക്കയില്ല. അതു ഗവണ്മെൻറിനു ഖേദം ഉളവാക്കുന്ന ഒരു കാര്യമായിരിക്കും. വലിയ വലിയ വ്യവസായങ്ങൾ നടത്തുന്ന വ്യവസായത്തലവന്മാർക്കുകൂടി ചില സന്ദർഭങ്ങളിൽ വലിയ പ്രമാദങ്ങൾ സംഭവിക്കുന്നതായി കാണുന്നുണ്ടു്. അങ്ങനെയിരിക്കമ്പോൾ ഈ രാജ്യത്തു എട്ടുപത്തുകൊല്ലങ്ങൾക്കു മുമ്പു യുദ്ധംനടന്നുകൊണ്ടിരുന്ന സമയത്തു സാധനങ്ങൾക്കും മററും വലിയ വിലയുണ്ടായിരുന്ന ഒരു കാലത്താണു് ഇവിടെ അനേകം കമ്പനികൾ സ്ഥാപിച്ചതു്. അതിൽ മിക്കതും ഓവർ ക്യാപ്പിററലൈസ്ഡ് ആയിരുന്നു. ഈ വ്യവസായം ഗവണ്മെൻറ സ്ഥാപിച്ചതു് എല്ലാവിധത്തിലുള്ള ഗുണത്തെയും ദോഷത്തെയും ഗവണ്മെൻറ് ഏറെറടുത്തുകൊണ്ടാണു്. വളരെ ഗൗരവതരമായ ഭാരവും ചുമതലയുമാണ ഗവണ്മെൻറിനുള്ളതു്. അതിനാൽ പൊതുജനപ്രതിനിധികളുടെ വിമർശനങ്ങൾ ഈ വ്യവസായങ്ങൾക്കു് ഇടിവു തട്ടാതെ നോക്കിയും, വ്യവസായങ്ങളുടെ നിലനില്പിനു് ഹാനികരമല്ലാത്ത വിധത്തിലും വ്യവസായത്തലവന്മാർ ശരിയായി പ്രവർത്തിക്കുന്നതിനുവേണ്ടിയും ആയിരിക്കണമെന്നു് എനിക്കു് അഭിപ്രായമുണ്ടു്. അങ്ങനെയായാൽമാത്രമേ വ്യവസായങ്ങളെപ്പററി ഈ നാട്ടിലും പുറത്തുമുള്ള ജനങ്ങൾക്കു് വിശ്വാസം ഉണ്ടാകുന്നതിനും വ്യവസായങ്ങൾക്കു കൂടുതൽ വിജയമുണ്ടാകുന്നതിനും ഇടവരികയുള്ളു.

ശ്രീ. എ. താണുപിള്ള : പ്ലൈവുഡ് ഇൻഡസ്ട്രീസ്, സിറാമിക്ക് ഇൻഡസ്ട്രീസ് എന്നീസ്ഥാപനങ്ങൾ എഴുത്തുകുത്തുകൾ നടത്തുന്നതു് ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറ മുഖേനയാണോ അതോ നേരിട്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടുതരത്തിലും ഉണ്ടാകും. ഇവിടത്തെ വ്യവസായങ്ങൾ എങ്ങനെയാണ റീഓർഗനൈസ് ചെയ്യേണ്ടതെന്നു ഗവണ്മെൻറു ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. എ. താണുപിള്ള : ഈ ഫാക്ടറികൾ പരിശോധിക്കുന്നതിനു ഡയറക്ടർക്കു് അധികാരമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നാണു് വിശ്വാസം. ഏതായാലും അതു് റൂൾസ് നോക്കാതെ തീർച്ച പറയുവാൻ സാധിക്കുകയില്ല. ഇന്നലെ ബഹുമാനപ്പെട്ട തൃശ്ശൂർ മെംബർ പറഞ്ഞതുപോലെ കഴിഞ്ഞ കൊല്ലം ഈ വ്യവസായങ്ങളുടെ നടത്തിപ്പിനെപ്പററി അന്വേഷിക്കുന്നതിനു് വിദഗ്ദ്ധനായ ഒരാളെ നിയമിക്കുകയും അദ്ദേഹത്തിന്റെ റിപ്പോർട്ടു കൈവശംവച്ചുകൊണ്ടു് ഏതു വിധത്തിലാണു് ഇതു് ആർഗനൈസ് ചെയ്യേണ്ടതെന്നുള്ളതിനെപ്പററി ഗവണ്മെൻറു് ഗാഢമായി പര്യാലോചിച്ചുകൊണ്ടിരിക്കുകയും ആണു്. കൂടുതലായി ഒന്നും എനിക്കു് ഇപ്പോൾ പറയുവാനില്ല.

The cut motions of Shri T..S. Ramaswami, Shri C. Achyutha Menon and Shri P. Bhaskaran Nair were withdrawn with the leave of the House.

The question that Government be granted a sum of Rs. 48,25,000 under Demand XXV—Industries was put and carried.

The grant was made.

DEMAND XIX—MEDICAL.

Minister for Medicine and Public Health **(Shri V. Madhavan)** Sir, I beg to move for a grant of Rs. 58,82,100 under Demand XIX —Medical Department.

Shri K. Kochukuttan: I second it.

Mr. Speaker: Cut Motions No. 10,35 & 69 may be taken up Motion No. 10 stands in the name of Shri R. Gangadharan Motion No. 35 stands in the name of Dr. N. S. Pillai and Motion No. 69 stands in the name of Shri P. Govinda Pillai.

Shri. R. Gangadharan: Sir, I move:

To reduce the allotment of Rs. 2,15,400 for Medical Establishment by Rs. 10.

സർ, മെഡിക്കൽ ഡിപ്പാർട്ടുമെൻറു് പൊതുജനങ്ങളുടെ ആരോഗ്യപരമായ നിലനിൽപ്പിനു് ഏററവും അത്യാവശ്യമായിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറാണു്. അത്രത്തോളം പ്രാധാന്യമർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണെങ്കിലും ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് വളരെ അധികം പരാതികളുണ്ടായിട്ടുണ്ടു്. പരാതികൾ ദിവസംതോറും വർദ്ധിച്ചുകൊണ്ടുവരികയുമാണു് ചെയ്യുന്നതു്. ഈ കാൺഗ്രസ് മന്ത്രിസഭ വന്നതിനുശേഷം ആശുപത്രികളിൽ മരുന്നുഇല്ലെന്നും മററും ഉള്ള പരാതികൾ വളരെയധികം ഉണ്ടാകുന്നു. ആശുപത്രികളിൽചെന്നാൽ ചിലമരുന്നുകൾ കിട്ടുന്നില്ലെന്നു് ജനങ്ങളുടെ പരാതിയും തുക ഉണ്ടായിരുന്നിട്ടും അതുപയോഗിച്ചു് ഡിപ്പാർട്ടുമെൻറ മരുന്നു വാങ്ങിക്കുന്നില്ലെന്നും ഡാക്ടർമാരുടെ പരാതിയും ഉണ്ടാകാറുണ്ടു്. ആശുപത്രികൾ രോഗികളെ ചികിത്സിക്കുന്നതിനുള്ള സ്ഥാപനങ്ങളാണെങ്കിൽ അവിടെ വെറും സാധാരണ

